PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY.

DATA ENTERED

FIRST SESSION—1953.

Monday, the 16th March 1953.

Vol. VIII OFFICIAL REPORT. No. 15

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 16th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

LPL STOCK VERIFIED 1995

ORAL ANSWERS.

കാളനൈസേഷൻ പദ്ധതി.

*നമ്പ്. [ഏ] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കാളനൈസേഷൻ പദ്ധതിപ്രകാരം ഫസ്റ്റിനു— ഇ ര—ൽ പുതുതായി ഏതെല്ലാം സ്ഥലങ്ങളിൽ പ്രവർത്തനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്;

(ബി) പുതിയ പ്രവർത്തനകേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പുതുവെട്ടിമുറി, അഴൂർ, കല്ലാർ, അഞ്ചൽ, മുട്ടപ്പള്ളി, പനയ്ക്കവയൽ, പള്ളിക്കൽ, വെങ്ങോല, വാഴാനി എന്നീ സ്ഥലങ്ങൾ.

(ബി) കൃഷിക്കും താമസത്തിനും ഉപയുക്തമായി ഒരു ഏക്കറെങ്കിലും സൗകര്യമായ കിട്ടുന്ന സ്ഥലങ്ങളാണ് പുതിയ പ്രവർത്തനകേന്ദ്രങ്ങളായി തെരഞ്ഞെടുക്കുന്നതിലുള്ള മുഖ്യമായ മാനദണ്ഡം.

ശ്രീ. ആർ. ഗംഗാധരൻ : അഴൂർ എന്ന സ്ഥലത്തു് ഏതു പകുതിയിലാണു കാളനി സ്ഥാപിക്കാൻ പോകുന്നതെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനി സ്ഥാപിക്കാൻ പോകുന്നതു് അഴൂറിലാണു്. ഏതു പകുതിയിലാണെന്നുള്ളതു നിശ്ചയമില്ല.

ശ്രീ. ആർ. ഗംഗാധരൻ : എന്നാണു് ഈ കാളനിയുടെ പ്രവത്തനം ആരംഭിക്കാൻ പോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഫസ്റ്റ്നു—ത്ര ര—ൽ കാളനികളുടെ പ്രവത്തനങ്ങൾ ആരംഭിക്കുന്ന കൂട്ടത്തിൽ അവിടേയും ആരംഭിക്കുന്നതാണു്.

ശ്രീ. ആർ. ഗംഗാധരൻ : ഈ കാളനികളിൽ ഷെഡ്യൂൾ കാസ്റ്റിൽ ഉള്ളവക്കു് പ്രവേശനം അനുവദിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനൈസേഷൻ സെററിൽമെൻറ് സ്കീമനുസരിച്ചു് അർഹതയുള്ളവക്കാണു് ഈ കാളനികൾ അനുവദിക്കുന്നതു്. അല്ലാതെ മററുള്ളവക്കല്ല.

ശ്രീ. ആർ. ഗംഗാധരൻ : ഷെഡ്യൂൾകാസ്റ്റിൽപ്പെട്ടിട്ടുള്ള വീടില്ലാത്തവരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷകൾ ധാരാളം കിട്ടിയിട്ടുണ്ടു്. പക്ഷെ അർഹതയുള്ളവക്കു മാത്രമെ കാളനികളിൽ പ്രവേശനം അനുവദിക്കുകയുള്ളു.

ശ്രീ. കൊച്ചുകുഞ്ഞു് : അർഹതയുള്ളവർ എന്നു പറഞ്ഞാൽ എന്തോന്നാണു മനസ്സിലാക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനിയിൽ പ്രവേശനം അനുവദിക്കുന്നതു് സാധാരണയായി വീടില്ലാത്തവരേയും അതേസമയം കൃഷിചെയ്യാൻ കായബലം ഉള്ളവരേയും മററുമാണു്.

ശ്രീ. കൊച്ചുകുഞ്ഞു് : ഈ പറഞ്ഞ കാര്യങ്ങളെല്ലാം ഉള്ളതായ പട്ടികജാതിക്കാക്കു് കാളനിയിൽ പ്രവേശനം അനുവദിച്ചുകൂടെ?

ശ്രീ. കൊച്ചുകുട്ടൻ : പട്ടികജാതിക്കാക്കു് കൊടുക്കേണ്ട എന്നു് ഞാൻ പറഞ്ഞില്ല. കൊടുക്കത്തക്കതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടാൽ അവക്കും കൊടുക്കുന്നതായിരിക്കും.

ശ്രീ. കെ. കെ. അയ്യപ്പൻ : പട്ടികജാതിക്കാക്കും ഈ സ്ഥലങ്ങളിൽ പ്രവേശിക്കാൻ അർഹതയുണ്ടെന്നു് ഇതുവരെ ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അവക്കു പ്രത്യേകമായും കാളനി ഉണ്ടാക്കിക്കൊടുക്കുന്നു. പട്ടികജാതിക്കാക്കെന്നു മാത്രമല്ല, ഞാൻ മുമ്പു പറഞ്ഞ തരത്തിലുള്ള എല്ലാവക്കും നിവൃത്തിയുള്ളിടത്തോളം കുത്തകപ്പാട്ടവ്യവസ്ഥയിൽ ധാരാളം സ്ഥലങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. പി. സി. ആതിച്ചൻ : കാളനൈസേഷൻവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ കൊടുക്കേണ്ടയെന്നു തീരുമാനം ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനികൾ ഉണ്ടാക്കാൻ ഉചിതമായ സ്ഥലങ്ങൾ വേണ്ടെന്നുവച്ചിട്ടില്ല.

ശ്രീ. പി. സി. ആതിച്ചൻ : ഹരിജനങ്ങൾക്കുവേണ്ടി കാളനികൾ ഉണ്ടാക്കാൻ വ്യവസ്ഥ ചെയ്ത സ്ഥലം പിന്നീട് വേണ്ടെന്നുവച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹരിജനങ്ങൾക്കുവേണ്ടി കാളനികൾക്കായി എവിടെയാണ് സ്ഥലം കൊടുക്കാമെന്നു പറഞ്ഞിരുന്നതും ഒടുവിൽ എന്നാണതു വേണ്ടെന്നുവെച്ചതും എന്നും മററും വിശദമായി ചോദിച്ചാൽ പറയാം.

ശ്രീ. പി. സി. ആതിച്ചൻ : ഹരിജനങ്ങൾക്കുവേണ്ടി കോന്നിയിൽ കുറെ സ്ഥലം കാളനി ഉണ്ടാക്കാനായിട്ടു ഗവണ്മെൻറ് അനുവദിച്ചിട്ടുണ്ടായിരുന്നു. ഒടുവിൽ അതു വേണ്ടെന്ന് വയ്ക്കുകയാണു ചെയ്തത്. ആ കാര്യം അറിയാമോയെന്നാണ് ചോദിച്ചത്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയൊരു തീരുമാനം ഉണ്ടായതായിട്ട് അറിവില്ല.

ശ്രീ. എ. താണുപിള്ള : കാളനൈസേഷൻ പദ്ധതിപ്രകാരം സ്ഥലം കൊടുക്കുന്നതു് കൃഷിചെയ്യുന്നതിനു പ്രാപ്തിയുള്ളവർക്കായിരിക്കണമെന്നു പറഞ്ഞു. പ്രാപ്തി അല്ലെങ്കിൽ കഴിവ് എന്നതു് ധനശേഷിയോ, അല്ലെങ്കിൽ കായബലമോ അതുമല്ലെങ്കിൽ കൃഷി ചെയ്യാനുള്ള പരിചയമൊ ഏതാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരീരശേഷിയും കൃഷി ചെയ്യാനുള്ള പരിചയവുമാണ് പ്രാപ്തിയെന്നു പറയുന്നതു്.

ശ്രീ. എ. താണുപിള്ള : ശരീരശേഷിയും കൃഷികാര്യാദികളിൽ പരിചയവും ഉണ്ടായിരുന്നാൽ മതിയോ ; പണശേഷി വേണ്ടേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കാളനൈസേഷൻ പദ്ധതിയനുസരിച്ചു സഹകരണസംഘാടിസ്ഥാനത്തിൽ പ്രവർത്തിക്കാനുള്ള വ്യവസ്ഥയുണ്ട്. പണമില്ലാത്തവർ സംഘടിച്ച് ഒരു സഹകരണസംഘം രൂപീകരിച്ചു ധനസഹായം വേണമെന്ന് ഗവണ്മെൻറിനോടപേക്ഷിച്ചാൽ ഗവണ്മെൻറ് ആ കാര്യത്തെപ്പററി ആലോചിക്കുന്നതായിരിക്കും.

ശ്രീ. എ. താണുപിള്ള : സഹകരണാടിസ്ഥാനത്തിൽ മാത്രമെ പണം കൊടുക്കുകയുള്ളോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അത്രയേ ഉള്ളൂ.

ശ്രീ. കെ. ജെ. തോമസ് : മുട്ടപ്പള്ളി, പനയ്ക്കവയൽ എന്നീ സ്ഥലങ്ങളിൽനിന്നും എത്ര ഏക്കർ സ്ഥലമാണ് എടുത്തിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൩ ൪ ൦ ഏക്കർ സ്ഥലം എടുത്തിട്ടുണ്ട്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : കാളനികൾ ഉണ്ടാക്കാൻ വേണ്ടി നാട്ടുകാരിൽ ആരെങ്കിലും സ്ഥലം തന്നാൽ വാങ്ങിക്കാൻ തയാറാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തരുന്നപക്ഷം അങ്ങിനെ വാങ്ങിക്കാൻ തയാറാണ്.

ശ്രീ. എം. വി. ചെറിയാൻ : മുൻപറഞ്ഞ സ്ഥലങ്ങളിൽ റിസർവ്വ് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുൻപറഞ്ഞ സ്ഥലങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നത് മിക്കവാറും റിസർവ്വുഭൂമികളാണ്.

ശ്രീ. ആർ. കേശവപിള്ള : ജാതി അടിസ്ഥാനത്തിൽ ഭൂമി പതിച്ചു കൊടുക്കുന്ന വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ പ്രത്യേകം ഒരു വ്യവസ്ഥയില്ല.

ശ്രീ. ആർ. കേശവപിള്ള : അങ്ങിനെ ജാതിയടിസ്ഥാനത്തിൽ ഭൂമി പതിച്ചുകിട്ടണമെന്നു അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷകൾ പലതരത്തിലും കിട്ടിയിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള : കൊട്ടാരക്കര താലൂക്കിൽനിന്നും ജാതി അടിസ്ഥാനത്തിൽ ഭൂമി പതിച്ചു കിട്ടണമെന്നു അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനേയും കിട്ടിയിരിക്കും.

ശ്രീ. എ. അച്യുതൻ : കൃഷിചെയ്യാൻ കഴിവുള്ള ഒരു വ്യക്തിക്ക് എത്ര ഏക്കർ സ്ഥലമാണു കൊടുക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൩ മുതൽ ൪ ഏക്കർവരെ കൊടുക്കുന്നതായിരിക്കും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : സ്ഥലം പതിച്ചു കിട്ടണമെന്നു ഏതെങ്കിലും ധനവാന്മാരിൽനിന്നും അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷകൾ കിട്ടിയിട്ടില്ല.

Wages of sweepers.

*389. [2] **Shri T. S. Ramaswami :** Will the Minister for Medicine and Public Health be pleased to state :

(*a*) whether any alteration of the monthly wages of sweepers were made by the Public Health Department during the financial year 1952-53 ; and

(*b*) if so, what ?

Minister for Medicine and Public Health (**Shri V. Madhavan**) **:** This question has been answered once, Sir.

Shri T. S. Ramaswami : Was there any reduction in the volume of work done by these sweepers ?

Shri V. Madhavan : No reduction.

Mr. Speaker : All these questions were put once.

Shri T. S. Ramaswami : There is another question on that point, Sir. Was there any complaint that sanitation has been affected on account of this alteration ?

Shri V. Madhavan : No complaint has been received by Government that sanitation has been affected on account of this reduction.

Shri T. S. Ramaswami : If the volume of work is reduced naturally it will affect sanitation.

Mr. Speaker : That is a question of inference.

Shri T. S. Ramaswami : May I know the amount of money saved by this reduction ?

Shri V. Madhavan : There is another question on that subject today. I will come to that later.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ നടപടികൾ പുനഃപരിശോധനചെയ്യാൻ ആരംഭിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : പുനഃപരിശോധന ചെയ്യാൻ ആരംഭിച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു് നടപ്പിലാക്കിയിട്ടുള്ളതു് ഡിപ്പാർട്ടുമെൻറധികൃതരുമായി ആലോചിച്ചതിനുശേഷമാണോ ?

ശ്രീ. വി. മാധവൻ : ഡിപ്പാർട്ടുമെൻറ മേലധികാരികളുമായി ആലോചിച്ചതിനുശേഷമാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെയാണെങ്കിൽ തൂപ്പുകാരുടെ മാസശമ്പളത്തെപ്പററി പബ്ലിക്കു് ഹെൽത്തു ഡയറക്ടർ അഭിപ്രായപ്പെട്ടതു് എന്താണെന്നു് പറയാൻ ദയവുണ്ടാകുമോ ?

Mr. Speaker : The Public Health Department staff are not the only staff affected by this order. Ever so many questions could be put on the subject.

ശ്രീ. എൻ. രാജഗോപാലൻ നായർ : സർ, പബ്ലിക്കു് ഹെൽത്തു ഡിപ്പാർട്ടുമെൻറ അധികൃതന്റെ അഭിപ്രായം എന്തായിരുന്നുവെന്നാണെനിക്കറിയേണ്ടതു്. (ഉത്തരമില്ല.)

ശ്രീ. എ. താണുപിള്ള : തൂപ്പുകാരുടെ ശമ്പളം കുറവു ചെയ്തതിൽ വന്നിട്ടുള്ള നഷ്ടം പരിഹരിക്കാൻ എന്താണു മാർഗ്ഗമെന്നു ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ഒരു ദിവസത്തിൽ അവർക്കു് ജോലിയുള്ള സമയം വളരെ തുച്ഛമാണു്. അതുകൊണ്ടു് ജോലിയില്ലാത്ത സമയ അവർക്കു് മററുവിധത്തിൽ നഷ്ടം പരിഹരിക്കാൻ ഉള്ള അവസരം കിട്ടുന്നു.

ശ്രീ. എ. താണുപിള്ള : പിരിച്ചുവിട്ടിട്ടുള്ള തൂപ്പുകാരിൽ എല്ലാവർക്കും കയറിക്കിടക്കാൻ ഭൂമിയുണ്ടോയെന്നന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ഭൂമിയുള്ളവരും കാണും ഇല്ലാത്തവരും കാണും.

ശ്രീ. എം. വി. ചെറിയാൻ : ശമ്പളക്കുറവുകൊണ്ടാണ് പട്ടണങ്ങളിൽ ശുചീകരണം ശരിയാകുന്നില്ലെന്നു പറയുന്നതുകേട്ടു. ശമ്പളം കുറയ്ക്കുന്നതിനു മുമ്പും പട്ടണങ്ങളിൽ ശുചീകരണം ശരിയായ വിധത്തിൽ നടത്തിയില്ലെന്നറിയാമോ ?

ശ്രീ. വി. മാധവൻ : പട്ടണശുചീകരണത്തെ സംബന്ധിച്ചിടത്തോളം മുനിസിപ്പാലിററികളാണ് നേതൃത്വം വഹിക്കുന്നതു്. ഗവണ്മെൻറല്ല.

ശ്രീ. എം. വി. ചെറിയാൻ : മാർക്കററുകളിലെ ശുചീകരണം ശരിയായവിധം നിർവഹിക്കുന്നില്ലെന്നു പരാതികൾ കിട്ടിയിട്ടില്ലേ ?

ശ്രീ. വി. മാധവൻ : മാർക്കററുകളിലുള്ള കാര്യത്തെപ്പററിയാണെങ്കിൽ പരാതികൾ കിട്ടിയിരിക്കും.

ശ്രീ. എ. കുഞ്ഞൻ നാടാർ : തൂപ്പുജോലി പബ്ലിക്ക് ഹെൽത്തിലെ മററു ജീവനക്കാരെ ഏൽപ്പിക്കാൻ സാധിക്കുകയില്ലേ ?

ശ്രീ. വി. മാധവൻ : മററു ജീവനക്കാരെ ഏൽപ്പിക്കാനുള്ള ജോലിയല്ല അതു്.

ശ്രീ. സി. ജി. സദാശിവൻ : തൂപ്പുകാരുടെ ശമ്പളം കുറയ്ക്കുന്നതു വ്യയനിയന്ത്രണത്തിൻെറ പേരിലാണെന്നു പറഞ്ഞു. അങ്ങനെയാണെങ്കിൽ വ്യയനിയന്ത്രണത്തിൻെറ പേരിൽ എല്ലാവരുടെ ശമ്പളവും കുറയ്ക്കാൻ ആലോചനയുണ്ടോ ?

Mr. Speaker : It is a general question affecting the policy of Government in regard to all Departments.

ശ്രീ. കൊച്ചുകുഞ്ഞു് : ഇവർ ഒരു ദിവസം എത്ര മണിക്കൂർ വീതമാണ് ജോലി ചെയ്യേണ്ടതു് ?

ശ്രീ. വി. മാധവൻ : രണ്ടു മണിക്കൂർ. ഇവർക്ക് രണ്ടു മണിക്കൂർ ജോലിയേ ഉള്ളു.

ശ്രീ. എൻ. പി. വർഗ്ഗീസ് : ശമ്പളം കുറയ്ക്കപ്പെട്ടിട്ടുള്ള തൂപ്പുകാരുടെ കുട്ടികൾക്ക് ഫീസു സൗജന്യം നൽകുന്നതിന് വല്ല വ്യവസ്ഥയും ഉണ്ടോ ?

ശ്രീ. വി. മാധവൻ : അങ്ങനെ വ്യവസ്ഥ ചെയ്തിട്ടില്ല.

ശ്രീ. പരീതു റാവുത്തർ : തൂപ്പു തൊഴിലാളികളെപ്പോലെ കുറഞ്ഞ ശമ്പളം വാങ്ങുന്ന മററു കണ്ടിജൻസിക്കാരുടെ ശമ്പളംകൂടി കുറയ്ക്കുന്ന കാര്യം ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ ? (ഉത്തരമില്ല.)

Mr. Speaker : Contingency service in every Department is affected by this order. That has already been answered. Next question, Mr. Ramaswami.

Emoluments to European Sisters.

*390. [3] **Shri T. S. Ramaswami :** Will the Minister for Public Health and Medicine be pleased to state :

(*a*) whether any alteration was made to the emoluments of the European Sisters serving in the Government Hospitals under the Medical Department ;

(*b*) if so, what ; and

(*c*) who ?

Minister for Medicine and Public Health **(Shri V. Madhavan) :**

(*a*) Yes.

(*b*) The honorarium given to the European sisters has been changed as follows :

1. Matron	..	Rs. 175 p.m.
2. Head Sister	..	Rs. 150 p.m.
3. Nursing Sister	..	Rs. 125 p.m.

They are not eligible for any pension on retirement.

(*c*) The revision was sanctioned in view of the increased cost of living. The honoraria now sanctioned are just sufficient to enable the European Sisters to maintain the standards of life to which they are used.

Shri T. S. Ramaswami : What was their former pay ?

Shri V. Madhavan : A European Head Sister was paid Rs. 60 and a European Nursing Sister was paid Rs. 50.

Shri T. S. Ramaswami : Are they recruited by the Public Service Commission or by the Government ?

Shri V. Madhavan : That is not a pensionable service, and so, they might not have been recruited by the Public Service Commission.

Shri T. S. Ramaswami : May I know whether they are overned by the Travancore Service Rules ?

Shri V. Madhavan : That must apply to them because they are now in the Department.

Shri T. S. Ramaswami : May I know whether they were recruited by the Government ?

Shri V. Madhavan : Yes.

Shri T. S. Ramaswami : The answer given by the Minister was that there was an enhancement of more than 200 per cent in their emoluments. May I know whether any reasons of economy, finance, etc., were applied to their case ?

Shri V. Madhavan : I have already said that, as the standard of living has increased, the honoraria now sanctioned are just sufficient to enable the European sisters to maintain the standard of life to which they are used.

Shri T. S. Ramaswami : May I know whether the same considerations weigh with the Government with regard to the sweepers in the Public Health Department, and if not, why ?

Shri V. Madhavan : That question has been fully discussed and the reasons why their pay has been revised have been given.

ശ്രീ. എൻ. രാജഗോപാലൻ നായർ : എത്രകൊല്ലം മുമ്പായിരുന്നു അവക്ക് ഈ നിരക്ക് കൊടുത്തു തുടങ്ങിയതു് ?

ശ്രീ. വി. മാധവൻ : എപ്പോഴാണെന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതിനുമുമ്പു് ഇവക്ക് നിരക്ക് ഉണ്ടായിരുന്നില്ല എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. വി. മാധവൻ : അവർക്കു കൊടുത്തുവരുന്നതു് നിരക്കു തന്നെയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : എന്നു മുതൽക്കാണു് നിരക്കു കൊടുത്തുവരുന്നതു് ?

ശ്രീ. വി. മാധവൻ : റിക്കാർഡുകൊണ്ടു കാണുന്നതു് ഇപ്പോൾ അവക്ക് നിരക്കു കൊടുത്തുവരുന്നുണ്ടു് എന്നാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു് മുമ്പുണ്ടായിരുന്നതിൽനിന്നു ൨൦൦ ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണോ ഗവണ്മെൻറിന്റെ അഭിപ്രായം ?

ശ്രീ. വി. മാധവൻ : ഇതു് ഇക്കൊല്ലത്തിൽ കൊടുത്തുതുടങ്ങിയതല്ല, കുറെ കൊല്ലങ്ങളായി കൊടുത്തുവരികയാണു്.

Shri N. Rajagopalan Nair : "The Standard of life to which they are used" എന്നു പറഞ്ഞതു്—

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഇന്നത്തെ സ്റ്റാൻറേഡ് അനുസരിച്ചു് അവരുടെ സേവനത്തിനു ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നു ഗവണ്മെൻറിനു തോന്നിയതുകൊണ്ടു് കൊടുത്തുവരികയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു പൊതുവെ എല്ലാപേക്കും ബാധകമാക്കിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : പൊതുവെ എല്ലാപേക്കും നൽകുന്നില്ല. ഇവരുടെ ശമ്പളം വർദ്ധിപ്പിക്കേണ്ടതാണെന്നുള്ള നിലയിൽ വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു് പൊതുവെ എല്ലാവക്കും കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല അങ്ങിനെ ചെയ്യുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : മററുള്ളവരുടെ സേവനവും ഇവരുടെ സേവനവും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കുറച്ചൊക്കെ വ്യത്യാസമുണ്ട്.

ശ്രീ. പി. വി. അവിരാ തരകൻ : ആകെ എത്ര യൂറോപ്യൻ സിസ്റ്റേഴ്സ് ഉണ്ട് ?

ശ്രീ. എ. ജെ. ജാൺ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല

ശ്രീ. പി. വി. അവിരാ തരകൻ : എല്ലാ ആശുപത്രികളിലും യൂറോപ്യൻ സിസ്റ്റേഴ്സ് ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എല്ലാ പ്രധാന ആശുപത്രികളിലും ഉണ്ട്

ശ്രീ. എൻ. പി. വർഗ്ഗീസ് : അവർക്ക് ഈ ആണറേറിയം അല്ലാതെ വേറെ എന്തെങ്കിലും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

Shri. A. A. D. Luiz : Is the hon. Member, Shri Ramaswami, aware of the fact that most of these European sisters are—

Mr. Speaker : You are pntting the question to Shri Ramaswami ? (Laughter.)

Shri. A. A. D. Luiz : That qnestion, for the time being, happens to relate to the question he has put. Is the Member aware that most of these European sisters are foreign qualified nurses ?

Shri. A. J. John : Yes.

ശ്രീ. എ. താണുപിള്ള : അവർക്ക് ഗവണ്മെൻറിൽനിന്നു കൊടുക്കുന്ന അലവൻസല്ലാതെ വേറെ വല്ല തുകയും കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി : യൂറോപ്യൻ സിസ്റ്റേഴ്സിൽ ആംഗ്ലോ ഇൻഡ്യൻസ് ഉണ്ടോ ? (ചിരി)

Mr. Speaker : Anglo-Indians are not Europeans.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഗവണ്മെൻറ് സർവ്വീസിൽ ഇരിക്കുന്നവർക്ക് ശമ്പളം നിശ്ചയിക്കുന്നതു അവരുടെ അവകാശത്തെ അടിസ്ഥാനമാക്കിയോ, ജോലിയെ അടിസ്ഥാനമാക്കിയോ ?

ശ്രീ. എ. ജെ. ജാൺ : രണ്ടു വിധത്തിലും ഉണ്ട്. അവരുടെ സർവ്വീസു ആവശ്യമാണെന്നു വരുമ്പോൾ ഗവണ്മെൻറ് അതനുസരിച്ചും പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. ഓ. സി. നൈനാൻ : ഈ യൂറോപ്യൻ സിസ്റ്റേഴ്സ് പ്രതിഫലം വാങ്ങി സേവനം ചെയ്യുന്നവരാണോ അതോ ത്യാഗം അനുസരിച്ചു വന്നിട്ടുള്ള വരാണോ ?

ശ്രീ. എ. ജെ. ജാൺ : ത്യാഗം അനുസരിച്ചു വന്നിട്ടുള്ളവരാണെന്നാണ് ഗവണ്മെൻറിന്റെ അഭിപ്രായം.

ശ്രീ. ഓ. സി. നൈനാൻ : ഇവർ ഇവിടെ മാത്രമേ ഉള്ളോ മദ്രാസിലും മററും ഉണ്ടോ ?

ശ്രീ. എ ജെ. ജാൺ : പല സ്റ്റേററുകളിലും ഉണ്ട്.

Shri M. Gopalan Nair : When was this enhancement made ?

ശ്രീ. എ. ജെ. ജാൺ : കഴിഞ്ഞ കൊല്ലമോ അതിനു മുമ്പോ ആണ്

Shri M. Gopalan Nair : May I take it that the Government were coerced to increase the emoluments of the nurses ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറിനെ ഭയപ്പെടുത്തത്തക്ക ചുററുപാടുകളൊന്നും അവക്കില്ല.

ശ്രീ. ആർ. കേശവപിള്ള : കഴിഞ്ഞ കൊല്ലത്തേക്കാൾ അവരുടെ എണ്ണം കൂടിയിട്ടുണ്ടോ കുറഞ്ഞിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കുറഞ്ഞു വരുന്നുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : സാധാരണ നേഴ്സുമാരുടെ ജോലി തന്നെയാണോ ഇവക്കുള്ളത് ?

Mr. Speaker : You must go and see how they work. (Laughter.) I am not joking. Seventy five per cent. of these supplementary questions would not have been put had those who put those questions known something about the work of these European sisters.

ശ്രീമതി കെ. ആർ. ഗൌരി : അവരുടെ ജോലിതന്നെ ഈ നാട്ടുകാരായ നേഴ്സുമാർ നടത്തത്തക്കവിധത്തിൽ ഗവണ്മെൻറ് വല്ല നടപടിയും എടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എടുക്കുന്നില്ല. എടുക്കാൻ ഉദ്ദേശിക്കുന്നുമില്ല.

ശ്രീമതി കെ. ആർ. ഗൗരി : നമ്മുടെ നാട്ടിലെ ആളുകൾതന്നെ ജോലിയില്ലാതിരിക്കുമ്പോൾ പുറത്തുനിന്നു ആളുകളെകൊണ്ടുവന്ന് ജോലി കൊടുക്കുവാനാണോ ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നത് ?

ശ്രീ. എ. ജെ. ജാൺ : ഈവക ജോലികൾക്ക് അവർ തന്നെ വേണം.

ശ്രീ. ആർ. ഗംഗാധരൻ : ത്യാഗം ചെയ്യുന്നതിനായിട്ടാണ് അവർ വന്നിട്ടുള്ളതെന്നു പറഞ്ഞിട്ട് അവക്ക് ശമ്പളം കൂട്ടിക്കൊടുക്കുന്നതിന്റെ ഉദ്ദേശമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അവർക്കും ആഹാരം കഴിക്കുകയും മററു ചെലവുകൾ നടത്തുകയും ചെയ്യണം. അതിനുവേണ്ടിയുള്ള ചെലവുകൾക്കു മാത്രമല്ല അവരുടെ കഷ്ടപ്പാടുകളുംകൂടി കണക്കാക്കിയാണ് അലവൻസ് കൂട്ടിയിരിക്കുന്നത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഇവിടത്തെ നാട്ടുകാരായ നേഴ്സുമാർക്കും സിസ്റ്റേഴ്സിനും എന്തെങ്കിലും കൂടുതൽ കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അവർക്ക് ശമ്പളത്തിനും പുറമെ ഡിയർനസ് അലവൻസു കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ ജാൺ : ഇല്ല എന്നാണു തോന്നുന്നത്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മററു നേഴ്സുമാരുടെ ജോലിക്കൂടി ഇവർ നോക്കിക്കൊള്ളുമെന്ന് ഉദ്ദേശിച്ചാണോ അവരുടെ ശമ്പളം കൂട്ടാത്തത് ?

ശ്രീ. എ. ജെ. ജാൺ : മററു നേഴ്സുകളുടെ ശമ്പളവും കൂട്ടിയിട്ടുണ്ട്.

Shri E. P. Varghese : Are these European sisters found to be comparatively more efficient ?

Shri A. J. John : That is the opinion of the Government and that is the reason why their pay was enhanced.

മുനിസിപ്പൽ തിരഞ്ഞെടുപ്പ്.

* നമ്പർ [൪] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിൽ വോട്ടറന്മാരുടെ വിരലിൽ ചായം പുരട്ടുന്ന നടപടി സ്വീകരിച്ചിരുന്നോ ?

(ബി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ?

തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) മുനിസിപ്പൽ തിരഞ്ഞെടുപ്പു ചട്ടങ്ങളിൽ വോട്ടർമാരുടെ വിരലിൽ മഷി അടയാളമിടുന്നതിനു വ്യവസ്ഥയില്ലാത്തതുകൊണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ് : ഇങ്ങിനെ ഒരു വ്യവസ്ഥ ഉണ്ടാകുന്നതു നല്ലതാണെന്നു ഗവണ്മെൻറിനു തോന്നുന്നുണ്ടോ ?

ശ്രീ കെ. കൊച്ചുകുട്ടൻ : മുനിസിപ്പൽ ഇലക്ഷൻ കഴിഞ്ഞു പഞ്ചായത്തു് ഇലക്ഷനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഈ വ്യവസ്ഥ പ്രയോജനമുള്ളതാണെന്നു തോന്നുന്നില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ് : പഞ്ചായത്ത് ഇലക്ഷനിൽ കള്ളവോട്ട് നടക്കുകയില്ലെന്നാണോ വിചാരിക്കുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പാർലിമെൻറ് ഇലക്ഷനും അസംബ്ളി ഇലക്ഷനും വേണ്ടിയാണ് ഈ വ്യവസ്ഥ ഉണ്ടായിരുന്നത്. ഈ മഷി ഏ ദിവസത്തേക്കെങ്കിലുമായി പോകാതെ നിൽക്കുകയുള്ളു. പഞ്ചായത്ത് തിരഞ്ഞെടുപ്പാണെങ്കിൽ രണ്ടുമാസം നീണ്ടു നിൽക്കുന്നതാണ്. അസംബ്ളി നിയോജകമണ്ഡലം വളരെ വിപുലമായതായിരുന്നതിനാൽ ഒരു സ്ഥലത്തുള്ള ആളുകൾക്ക് മറ്റൊരു ദിക്കിൽപോയി വോട്ട് ചെയ്യുന്നതിനു സൌകര്യമുണ്ട്. ചെറിയ ചെറിയ വാർഡുകളായി തിരിച്ചാണ് പഞ്ചായത്ത് ഇലക്ഷൻ നടത്തുന്നത്. അതുകൊണ്ട് ഒരു സ്ഥലത്തുള്ളവർ മറ്റൊരു സ്ഥലത്തുപോയി വോട്ട് ചെയ്താൽ അതു എളുപ്പത്തിൽ കണ്ടുപിടിക്കാൻ സാധിക്കുന്നതാണ്. അതുകൊണ്ട് ഇതിലേക്ക് വളരെ പണം ചിലവു ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. റൂൾ അനുസരിച്ച് നോക്കുകയാണെങ്കിലും പഞ്ചായത്ത് ഇലക്ഷനു ഇതു ആവശ്യമില്ല.

ശ്രീ. എ. താണുപിള്ള : റൂളനുസരിച്ച് പഞ്ചായത്ത് ഇലക്ഷനു ഇതു ആവശ്യമില്ല എന്നു പറഞ്ഞു. ഈ റൂൾ ഉണ്ടാക്കിയതു് ആരാണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറാണ്.

ശ്രീ. എ. താണുപിള്ള : ചെറിയ ചെറിയ പോളിംഗ് ഏരിയായിൽതന്നെയല്ലേ അസംബ്ളിക്കും, പാർലിമെൻറിനും ഉള്ള ഇലക്ഷൻ നടന്നതു്. ൧ ൦ ൦-ം, ൨ ൦ ൦-ം, പേർ വോട്ട് ചെയ്യുന്നതു് ചെറിയ ഒരു പോളിംഗ് ബൂത്തിലാണ്.

ശ്രീ. കെ. കൊച്ചുകുട്ടൻ : അസംബ്ളി ഇലക്ഷനിലേയും മുനിസിപ്പാലിറ്റി ഇലക്ഷനിലേയും പഞ്ചായത്ത് ഇലക്ഷനിലേയും വാർഡുകൾ നോക്കിയാൽ അസംബ്ളി നിയോജകമണ്ഡലവും പാർലിമെൻറി നിയോജകമണ്ഡലവും വളരെ വിപുലമായിരിക്കും.

ശ്രീ. എ. താണുപിള്ള : വാർഡുകൾ ചെറുതായിരുന്നാലും വലുതായിരുന്നാലും ഓരോ പോളിംഗ് ബൂത്തിലും വോട്ടുചെയ്യുന്ന ആളുകളുടെ എണ്ണത്തിൽ ഒരു വ്യത്യാസവുമില്ല. കള്ളവോട്ട് ഉണ്ടാകാതിരിക്കുന്നതിന് പഞ്ചായത്ത് ഇലക്ഷനിലും, ഈ മഷിയുടെ ഏർപ്പാട് നടപ്പിൽ വരുത്തുന്നു. കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്ത് വാർഡുകൾ വളരെ ചെറുതായതുകൊണ്ട് അതതു വാർഡുകളിൽ ഉള്ള ആളുകളെ ഇലക്ഷനു് നിൽക്കുന്ന ആളുകൾക്കും അവരുടെ ഏജൻറന്മാർക്കും അറിയാൻ സാധിക്കും. അതുകൊണ്ട് കള്ളവോട്ട് ചെയ്യുവാൻ അത്ര എളുപ്പമല്ല. അസംബ്ളി നിയോജകമണ്ഡലത്തിൽ ഉള്ള എല്ലാവരേയും കണ്ടു മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ആ നിലക്കു നോക്കിയാലും ഇതു് ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള : ഒരാൾ വോട്ട് ചെയ്യാൻ വരുമ്പോൾ അയാൾ കള്ളവോട്ട് ചെയ്യുവാൻ വരികയാണെന്നു അയാളെ അറിയുന്ന അവിടെയുള്ള ആരെങ്കിലും പറഞ്ഞാൽ പ്രിസൈഡിംഗ് ആഫീസർ അയാളെ വോട്ടുചെയ്യാതെ അയയ്ക്കുന്നതിനു് സമ്മതിക്കുകയില്ലെന്നു് അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിന് ചില വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. എ. താണുപിള്ള : അങ്ങനെയുള്ള ആളുകളെ വോട്ടുചെയ്യിപ്പിക്കാതിരിക്കണമെങ്കിൽ ചലഞ്ച് ചെയ്യണം, അതിനുള്ള പണവും കൊണ്ടുപോകണം എന്നാണോ പറയുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഏ ദിവസം കഴിഞ്ഞാൽ ഈ മഷി മാഞ്ഞുപോകും. രണ്ടുമാസമായിട്ടാണ് ഈ പഞ്ചായത്ത് ഇലക്ഷൻ നടക്കുവാൻ പോകുന്നത്. ആ സ്ഥിതിക്കു മഷിയുടെ ഏർപ്പാടു പ്രായോഗികമാണെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള : ഇതിൽ അപ്രായോഗികത ഒന്നും ഇല്ല ഈ കാര്യത്തിൽ ഗവണ്മെൻറ് ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. എം. ഗോപാലൻ നായർ : പഞ്ചായത്ത് ഇലക്ഷനു ഈ മഷി ഉപയോഗിക്കുന്നതിനെപ്പററി ശ്രീ. സുകുമാർസെനുമായി ഗവണ്മെൻറ് ആലോചിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എം. ഗോപാലൻ നായർ : ഇവിടത്തെ ഇലക്ഷൻ ഏജന്റ് പൊർട്ടായ അദ്ദേഹം ഈ മഷിയുടെ കാര്യത്തിൽ അഭിപ്രായപ്പെട്ടിട്ടുള്ളത് എന്താണെന്നു ഗവണ്മെൻറിനു അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ : പഞ്ചായത്തു ഇലക്ഷനു ഈ മഷി ഏർപ്പെടുത്തുന്നതിനു ഗവണ്മെൻറിനു എന്താണ് ഇത്ര വൈമുഖ്യത്തിനു കാരണം ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മഷി ഏർപ്പെടുത്താതിരുന്നാൽ കുറെ രൂപ സേവ് ചെയ്യാം.

ശ്രീ. സി. അച്ചുതമേനോൻ : എത്ര രൂപാ സേവ് ചെയ്യാം.

ശ്രീ. കെ. കൊച്ചുകുട്ടൻ : നാലയ്യായിരം രൂപായോളം സേവ് ചെയ്യാം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ മഷി മായ്ക്കുന്നതിനു എന്തെല്ലാം വേണമെന്നു അറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് സ്നേഹിതന്മാരോട് ചോദിച്ചാൽ അറിയാം. എനിക്കു നിശ്ചയമില്ല.

ശ്രീ. പരീതു് റാവുത്തർ : കള്ളവോട്ടു തടയാൻ മറെറന്തെങ്കിലും നടപടി ഗവണ്മെൻറ് എടുത്തിട്ടുണ്ടോ ?

(ഉത്തരം ഇല്ല.)

ശ്രീ. പ്രാക്കുളം ഭാസി : കഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ മഷി ഇട്ടതു് ചില്ലർ മാററുകയുണ്ടായി എന്നു് ഗവണ്മെൻറിനു് ബോദ്ധ്യമായതുകൊണ്ടാണോ പഞ്ചായത്തു് ഇലക്ഷനിൽ മഷിവേണ്ടാ എന്നു തീരുമാനിച്ചതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ബോദ്ധ്യമായതുകൊണ്ടല്ല.

എൻ. ജി. ഓ. മാർക്കുള്ള ഭവനനിർമ്മാണം.

* 52 [8] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

സംസ്ഥാനത്തെ എൻ. ജി. ഓ. മാരുടെ സൌകര്യത്തിനായി ഒരു ഭവനനിർമ്മാണ പദ്ധതി തുടങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയാണു് ; എത്ര ഭവനങ്ങൾ പണിതീർന്നു ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി ശ്രീ. കളത്തിൽ വേലായുധൻ നായർ) : ഉണ്ടു്. തിരുവനന്തപുരം, എറണാകുളം, ആലുവാ, കോട്ടയം മട്ടാഞ്ചേരി, ആലപ്പുഴ, തൃശ്ശൂർ, കൊല്ലം, നാഗർകോവിൽ, തിരുവനന്തപുരത്തു് ഭവനങ്ങളുടെ പണി പൂർത്തിയാകാറായി.

ശ്രീ. കെ. കുട്ടപ്പൻ: എൻ. ജി. ഓ. മാർക്കു് തിരുവനന്തപുരത്തു പണിതിട്ടുള്ള വീടുകൾ വിട്ടുകൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

ശ്രീ. കെ. കുട്ടപ്പൻ : അതു് എന്നേയ്ക്കു വിട്ടുകൊടുക്കും ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അവിടെ ഇപ്പോൾ ഇലക്ട്രിസിററി കണക്ഷനും വാട്ടർ കണക്ഷനും കൊടുക്കുകയാണു് . അതു് കഴിഞ്ഞിട്ടേ കൊടുക്കുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. കെ. കുട്ടപ്പൻ : ഈ വീടുകൾക്കു എന്തു വാടകയാണു് ഗവണ്മെൻറു ഈടാക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു്.

ശ്രീ. കളത്തിൽ വേലായുധൻനായർ : എ. ക്ലാസിൽപെട്ട വീടുകൾക്കു 10 രൂപായും ബി. ക്ലാസിൽപെട്ട വീടുകൾക്കു 12 രൂപായും സി. ക്ലാസ് വീടുകൾക്കു് 10 രൂപായും വാടക നിശ്ചയിക്കാമെന്നാണു് ഗവണ്മെൻറു വിചാരിക്കുന്നതു്.

ശ്രീ. എം. ഗോപാലൻ നായർ : സെൻട്രൽ കോവാപ്പറേററീവു് ബാങ്കിൽനിന്നു് എൻ. ജി. ഓ. മാർക്കു് വീടുണ്ടാക്കി കൊടുക്കുന്നതിനു് ഒരു സ്ക്കീം ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ഒരു സ്ക്കീം ഉണ്ടോ എന്നു അന്വേഷിച്ചു് പറയാം.

ശ്രീ. എം. ഗോപാലൻനായർ : എൻ. ജി. ഓ. മാരുടെ ആവശ്യത്തിനായി ഒരു ഭവന നിർമ്മാണപദ്ധതി സെൻട്രൽ കോവാപ്പറേററീവു്ബാങ്കു് ഗവണ്മെൻറിലേയ്ക്കു സമർപ്പിച്ചതായും, അതിനു് 5 ലക്ഷം രൂപാ അവർഗ്രാൻറു ചോദിച്ചതായും ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവനന്തപുരത്തു് ഒരു വീടുകൾ പണിതുവരുന്നു എന്നു പറഞ്ഞുവല്ലോ. ഈ ഭവനനിർമ്മാണം ഡിപ്പാർട്ട്മെൻറിൻെറ ചുമതലയിൽ നേരിട്ടു നടത്തുകയാണോ അതോ കൺട്രാക്ടു് കൊടുത്തു നടത്തുകയാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കാൺട്രാക്ടു് കൊടുത്തു നടത്തുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഏതെങ്കിലും സൊസൈററികൾ ഈ ഭവന നിർമ്മാണജോലി ഏറെറടുത്തു നടത്താമെന്നു അപേക്ഷിച്ചിരുന്നോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതെങ്കിലും സൊസൈററികൾ ഈ ഭവന നിർമ്മാണത്തിനു അപേക്ഷിച്ചിട്ടുണ്ടോ എന്നു് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : തിരുവനന്തപുരത്തു് തുടങ്ങിയിട്ടുള്ള ഒരു വീടുകളുടെ പണിപൂർത്തിയാകുമ്പോൾ മററു സ്ഥലങ്ങളിൽ വീടുപണി തുടങ്ങുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : മററുള്ള ദിക്കുകളിൽ അടുത്തു് തന്നെ തുടങ്ങാമെന്നാണു് ഗവണ്മെൻറു തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. അമ്പാട്ടു് ഈച്ചരമേനോൻ : ഇതിനിടയ്ക്കു ഈ വീടുകൾക്കു് അപേക്ഷ കിട്ടിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : പലരും വീടുകൾക്കു് അപേക്ഷിച്ചിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പണി തീർന്നിട്ടുള്ള ഈ വീടുകളിൽ ഓരോന്നിലും ഉദ്ദേശം എത്ര ആളുകൾക്കു് താമസിക്കുവാൻ സാധിക്കും ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഓരോ കുടുംബത്തിലുമുള്ള ആളുകൾക്കു താമസിക്കാം.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അഞ്ചു മക്കൾക്കും ഒരു ഭാര്യക്കും ഭർത്താവിനും താമസിക്കുവാനുള്ള സൌകര്യം ഈ വീടുകൾക്കുണ്ടോ.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അവർക്കു താമസിക്കുവാനുള്ള സൌകര്യം ഉണ്ടാകും.

ശ്രീ. എ. കുഞ്ഞൻനാടാർ : ഗവണ്മെൻറു ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന വാടക ഈ വീടുകൾക്കു ചിലവായ സംഖ്യയുടെ എത്ര ശതമാനമാണു്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : അവിടെ ഇലക്ട്രിക്ക കണക്ഷനും വാട്ടർ കണക്ഷനും കൊടുത്തുകഴിഞ്ഞിട്ടില്ല. അതു കഴിഞ്ഞാലേ അതിനു ആകെ ചെലവായിട്ടുള്ള സംഖ്യ ഇത്രയെന്നു കണക്കാക്കുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇത്രസംഖ്യവീതം ഓരോരാന്നിനു ചെലവാകും എന്നുള്ളതിന് ഗവണ്മെൻറിന് ഒരു കണക്കുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന് കണക്കുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ആ സംഖ്യയുടെ എത്രശതമാനം വരും വാടക ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: എത്രശതമാനമാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആതിച്ചൻ : ഭവനനിർമ്മാണ പദ്ധതിയുടെ പ്രവർത്തനത്തിന് പ്രത്യേകമായിട്ടു ഒരു ഇഞ്ചിനീയറിംഗ് സ്റ്റാഫ് ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ ആർ. കേശവപിള്ള : തിരുവനന്തപുരത്തു നിർമ്മിച്ചിട്ടുള്ള ഓരോ കെട്ടിടത്തിനും എത്ര സംഖ്യവീതം ചെലവായിട്ടുണ്ട് ?

ശ്രീ കളത്തിൽ വേലായുധൻ നായർ : എ ക്ലാസ് വീടുകൾക്ക് ന്നു ൪ ൦ ൦ രൂപാവീതവും ബി ക്ലാസ് വീടുകൾക്കു ൪ ൦ ൪ ൦ രൂപാവീതവും സി. ക്ലാസ് വീടുകൾക്ക് ന്നു ൪ ന്നു ൦ രൂപാവീതവും ചെലവു കൊള്ളിച്ചിട്ടുണ്ട്. സി ക്ലാസ് വീടുകൾ രണ്ടു യൂണിററുകളുള്ള കെട്ടിടമാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: തിരുവനന്തപുരത്തുള്ള എൻ. ജി. ഒ. മാർക്ക് എല്ലാവർക്കുംകൂടി എത്ര വീടുവേണമെന്ന് ഗവണ്മെൻറ് ഒരു കണക്കെടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ പണിതിട്ടുള്ള വീട് പോരാ. എത്ര വീടു വേണം എന്നുള്ളതിന് ഒരു കണക്കെടുത്തിട്ടില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇപ്പോൾ പണിതിട്ടുള്ള വീടുകൾ ഒരു ഡിപ്പാർട്ടുമെൻറിന് ഒരു വീട് എന്ന കണക്കിനു കൊടുക്കുവാൻ കഴിയുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൧൨ കെട്ടിടങ്ങൾ ഇപ്പോൾ തീർന്നിട്ടുണ്ട്. അത്രയും ഡിപ്പാർട്ടുമെൻറുകൾ ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഒരു ഡിപ്പാർട്ടുമെൻറിലുള്ളവർക്ക് കൂടുതൽ വീടുകൾ കൊടുത്താൽ മററു ഡിപ്പാർട്ടുമെൻറിനു കൊടുക്കുവാൻ കഴിയുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഈ വീടുകൾ ഡിപ്പാർട്ടുമെൻറു അനുസരിച്ച് പ്രീതിച്ചു കൊടുക്കണമോ അല്ലെങ്കിൽ എൻ. ജി. ഒ മാരിൽ അത്യാവശ്യമുള്ളവർക്കു കൊടുക്കണമോ എന്നാണ് ഗവണ്മെൻറു ചിന്തിച്ചു കൊണ്ടിരിക്കുന്നതു്.

Arrears of tax to local bodies

* 393. [6] **Shri K. Sattanatha Karayalar:** Will the Minister for Local Self Government be pleased to state :

(*a*) whether there are any arrears of tax to the various municipalities and to the Trivandrum Corporation ; and

(*b*) if so, what are the amounts that are due to them ?

Minister for Local Self Government **(Shri K. Kochukuttan) ;**

(*a*) Yes,

(*b*) A statement showing the arrears due to each of the local bodies at the end of the financial year 1950 to 51 is placed on the table. †

Shri K. Sattanatha Karayalar : May I know the dues to the Trivandrum Corporation ?

Shri K. Kochukuttan : Rs. 10,36,460—15—3.

Shri K. Sattanatha Karayalar : May I know the reasons for such arrears ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കളക്ഷൻ ശരിയായി നടക്കായ്കകൊണ്ടും ആളുകൾ കൊടുക്കായ്കകൊണ്ടും മററുപല കാരണങ്ങൾ കൊണ്ടുമാണ് ഇത്രയും അരിയേഴ്സ് ഉണ്ടായിട്ടുള്ളത്. ഇപ്പോൾ ചുളുരെ അരിയേഴ്സ് അടച്ചു കഴിഞ്ഞിട്ടുണ്ട്.

Shri K. Sattanatha Karayalar : May I know how many years arrears will that be ? For one year or a number of years ?

Shri K. Kochukuttan : The arrears accumulating for a few years till the end of 1950-51 is so much.

Shri A. Thanu Pillai : Am I to understand that it is up to the end of March 1951 ?

Shri K. Kochukuttan : Yes.

Shri P. S. Nataraja Pillai : May I know whether there are arrears which the Government have to pay to the Corporation ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഉണ്ട്. അതിനെപററി ഗവൺമെൻറും കാർപ്പേറേഷനും തമ്മിൽ ആലോചന നടത്തിക്കൊണ്ടിരിക്കുകയാണ്.

Shri P. S. Nataraja Pillai: May I know the annual amount that is due from Government to the Corporation ?

Shri K. Kochukuttan : I claim notice.

Shri P. S. Nataraja Pillai : Was not the amount settled by negotiation ?

---

†Please see Appendix I.

Shri K. Kochukuttan : It is not finally settled.

Shri P. S. Nataraja Pillai : How many years' amount is due to the Corporation from Government ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മൂന്നുനാലു് കൊല്ലത്തേതു് ഉണ്ടാകുമെന്നാണു് തോന്നുന്നതു്.

Shri P. S. Nataraja Pillai : Will it be wrong when I say that the dues will be somewhere near 8 lakhs ?

Shri K. Kochukuttan : I claim notice.

ശ്രീ. എ. താണുപിള്ള : ഫ്രീ ഫ്രീ-ലേക്കുള്ള അരിയേഴ്സിന്റെ ലിസ്റ്റുപോലും തിരുവനന്തപുരം കാർപ്പറേഷനിൽ തയ്യാറായിട്ടില്ലെന്നാണോ ഞങ്ങൾ മനസ്സിലാക്കേണ്ടതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ആഡിറ്റുചെയ്തു് ഫിഗർ ശരിയാക്കിയിട്ടില്ല.

ശ്രീ. എ. താണുപിള്ള : ഗവണ്മെന്റിന്റെ തുക കൂടാതെകണ്ടു് അരിയേഴ്സ് എത്രയുണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. ഗോപാലൻനായർ : ഓരോ ആണ്ടിലും വന്നിട്ടുള്ള അരിയേഴ്സിന്റെ ഒരു സ്റ്റേറ്റുമെന്റു തരുവാൻ സാധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് ഇപ്പോൾ സാദ്ധ്യമല്ല.

ആയുർവ്വേദാശുപത്രികളും ഡിസ്പെൻസറികളും.

*നമ്പർ ൪. [൧] ശ്രീ. കാമ്പിശ്ശേരി കരുണാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദാശുപത്രികളും ആയുർവ്വേദ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതു സംബന്ധിച്ചു് ഗവണ്മെന്റിനു് എന്തെങ്കിലും ഒരു സ്കീം ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ, എന്തു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടു്.

(ബി) തിരുവനന്തപുരത്തു് ഒരു ജനറൽ ആശുപത്രിയും ഡിസ്ട്രിക്റ്റു് കേന്ദ്രങ്ങളിൽ ഡിസ്ട്രിക്റ്റു ആശുപത്രികളും, ഓരോ താലൂക്കിൽ ഓരോ താലൂക്കു ആശുപത്രിയും, വില്ലേജ് അടിസ്ഥാനത്തിൽ ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനു് പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി ഒരു സ്കീം തയാറാക്കിയിട്ടുണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള : ആയുർവ്വേദാശുപത്രികളിൽ ആവശ്യമുള്ള മരുന്ന് എവിടെ നിന്നാണ് സപ്ലൈ ചെയ്യുന്നത് ?

ശ്രീ. വി. മാധവൻ : ആയുർവ്വേദാശുപത്രികളിൽ മരുന്നു സപ്ലൈ ചെയ്യുന്നതു രണ്ടുമൂന്നു തരത്തിലാണ്. കൊച്ചിയിലുള്ള ആശുപത്രികളിൽ മരുന്നു സപ്ലൈ ചെയ്യുന്നതിന് തൃശിവപേരൂർ ഒരു എസ്. കെ. വി. ഫാർമസി ഉണ്ട്. തിരുതാംകൂർവിഭാഗത്ത് തിരുവനന്തപുരത്തുള്ള ആശുപത്രിയിൽ വേണ്ട മരുന്നു സപ്ലൈ ചെയ്യുന്നതിന് അവിടെ ഒരു ഫാർമസി ഉണ്ട്. മററു ഡിസ്പെൻസറികളിൽ ആവശ്യമുള്ള മരുന്നു അതാതു ഡിസ്പെൻസറികളിൽതന്നെ ഉണ്ടാക്കി എടുക്കുകയാണ്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : തിരുവനന്തപുരത്തുള്ള ആയുർവ്വേദഫാർമസിയിൽനിന്നു തിരുവിതാംകൂർ വിഭാഗത്തുള്ള ഡിസ്പെൻസറികളിലേയ്ക്ക് ആവശ്യമുള്ള മരുന്നു സപ്ലൈ ചെയ്യുവാൻ സാദ്ധ്യതയില്ലാത്തതുകൊണ്ടാണോ അതാതു ഡിസ്പെൻസറികളിൽ മരുന്നുണ്ടാക്കുവാൻ ഏർപ്പാടുചെയ്തിരിക്കുന്നത് ?

ശ്രീ. വി. മാധവൻ : തിരുവനന്തപുരത്തുള്ള ഫാർമസിയിൽ മരുന്നുണ്ടാക്കുന്നത് ആയുർവ്വേദകാളേജിലുള്ള വിദ്യാർത്ഥികളെക്കൂടി ഉദ്ദേശിച്ചാണ്. അരിഷ്ടങ്ങളും മററും എങ്ങിനെയാണ് ഉണ്ടാക്കുന്നത് എന്നുള്ളതു് ആയുർവ്വേദകാളേജുവിദ്യാർത്ഥികളെ കാണിച്ചുകൊടുക്കുന്നതിനും ആയുർവ്വേദാശുപത്രിയിൽ ചികിത്സയ്ക്കുവേണ്ടി സപ്ലൈ ചെയ്യുന്നതിനുമാണ് അവിടെ മരുന്നുണ്ടാക്കുന്നത്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : വില്ലേജ് അടിസ്ഥാനത്തിൽ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിനു വില്ലേജുകളിൽ ഇപ്പോൾ ഗ്രാൻവൈദ്യന്മാർ നടത്തിവരുന്ന ഡിസ്പെൻസറികൾ എല്ലാം ഡിപ്പാർട്ടുമെൻറിലേയ്ക്കു എടുക്കുവാനാണോ തീരുമാനിച്ചിരിക്കുന്നത് ?

ശ്രീ. വി. മാധവൻ : അങ്ങനെ ഒരു തീരുമാനം ഉണ്ടായിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : ഈ സ്കീം എത്ര കൊല്ലം കൊണ്ടു പൂർത്തിയാക്കാമെന്നാണു വിചാരിക്കുന്നത് ?

ശ്രീ. വി. മാധവൻ : എത്ര കൊല്ലംകൊണ്ട് സ്കീം പൂർത്തിയാക്കുമെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : ഒരു കൊല്ലത്തിൽ ഇത്ര ആശുപത്രികളോ, ഇത്ര ഡിസ്പെൻസറികളോ സ്ഥാപിക്കണമെന്നു ഒരു സ്കീം ഉണ്ടോ ?

ശ്രീ. വി. മാധവൻ : സാമ്പത്തികമായ കഴിവിനെ ആസ്പദമാക്കി ഓരോന്നും സ്ഥാപിക്കുമെന്നല്ലാതെ അതിലേക്കു പ്രത്യേകം സ്കീം ഒന്നുമില്ല.

ശ്രീ. ഏ. കുഞ്ഞൻനാടാർ : ആശുപത്രികൾ ടൗണിലാണോ വില്ലേജുകളിലാണോ സ്ഥാപിക്കാൻ പോകുന്നത് ?

ശ്രീ. വി. മാധവൻ : വില്ലേജുകളിലും ടൗണുകളിലും സ്ഥാപിക്കുന്നുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ടൗണുകളിൽ ഈ ആശുപത്രികൾ ഇല്ലെങ്കിലും മെഡിക്കൽ എയിഡ് കിട്ടുമെന്നു ഗവണ്മെൻറിനറിയാമോ ?

Mr. Speaker : That is a matter of opinion. Next question, please.

യാചകരുടെ എണ്ണം.

* ൩൯ ൫. [ക ൦] ശ്രീ. എം. പി. വറുഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഈ സംസ്ഥാനത്തു യാചകരുടെ കണക്കെടുത്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അപ്രകാരം ഒരു കണക്കെടുക്കുവാൻ ഗവണ്മെൻറിൽ നിന്നും ഉദ്ദേശിക്കുന്നുണ്ടോ :

(സി) ഈ രാജ്യത്തു് എവിടെയെല്ലാം യാചകകേന്ദ്രങ്ങൾ ഉണ്ടു് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(സി) കോട്ടയം. (ക) മുണ്ടകപ്പാടം അഗതിമന്ദിരം.

ഖ. മുട്ടമ്പലം ബെഗർ റിലീഫ് സെൻറർ.

ഗ. കേരളാ ക്രൈസ്തവാശ്രമം.

ഘ. സെൻറ് വിൻസൻറ് അഗതിമന്ദിരം.

കൊല്ലം.

ക. കൊല്ലം.

ഖ. ആലപ്പുഴ.

തിരുവനന്തപുരം.

ക. ശ്രീചിത്രാ അനാഥമന്ദിരം

ഖ. വഞ്ചിപൂവർഫണ്ട്.

ഗ. കൊഞ്ചിറവിള കണ്ണിപ്പുര.

ഘ. ശ്രീ അവിട്ടംതിരുനാൾ മെമ്മോറിയൽ ഡെസ്റ്റിറ്റ്യൂട്ട് ഹോം, നാഗർകോവിൽ (ഇനിസിപ്പാലിറ്റിയുടെ നേതൃത്വത്തിൽ)

ങ. രാമവർമ്മപുരം.

ന. പൊന്തരുണി

Motor Stands.

* 396 (11) **Shri O. C. Ninan :** Will the Minister for Local Self Government be pleased to state in what all Municipalities motor stands are provided by the Municipalities ?

Minister for Local Self Government (**Shri K. Kochukuttan**) :

The following Municipalities have provided motor stands :

(1) Kuzhithurai.
(2) Shencottah.
(3) Ernakulam.
(4) Mattancherri.
(5) Trichur.
(6) Irinjalakuda.
(7) Chittur-Tattamangalam.
(8) Kunnamkulam.

ശ്രീ. ഓ. സി. നൈനാൻ : തിരുവല്ലാ മുനിസിപ്പാലിററിയിൽ നിന്നും മോട്ടാർ സ്റ്റാൻറ സ്ഥാപിക്കുന്നതിലേക്ക് സ്ഥലം പൊന്നുംവിലക്ക എടുത്തുകൊടുക്കണമെന്ന ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ഓ. സി. നൈനാൻ : അതനുസരിച്ചു എന്തു നടപടി നടത്തിയെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആവശ്യമായ നടപടി എടുത്തുവരുന്നു. മുനിസിപ്പാലിററി ചൂണ്ടിക്കാണിച്ചസ്ഥലം എടുക്കാൻ കഴിയുമോ എന്ന് റവന്യൂബോർഡിനോട് ചോദിച്ചു. എടുക്കുന്നതിന് മററു തടസ്സമൊന്നുമില്ല എന്ന് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ട്. സ്ഥലം പ്രയോജനപ്പെടുന്നതോ എന്ന് Transport ഡയറക്ടരോട് ചോദിച്ചിരിക്കയാണ്. ആ റിപ്പോർട്ട് കിട്ടിയാൽ മേൽ നടപടി എടുക്കുന്നതുമാണ്.

ബി. സി. ജി. കുത്തിവയ്പ്പ്.

* നമ്പർ ൧. [൧൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തിൽ ആകെ ൧൯൫൦ മുതൽ എത്രപേർക്ക് ബി. സി. ജി. കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്;

(ബി) ബി. സി. ജി. കുത്തിവയ്പ്പ് ക്ഷയരോഗത്തിനുള്ള ചികിത്സയാണോ അതോ ക്ഷയരോഗം തടയുന്നതിനുള്ള ഉപാധിയാണോ;

(സി) ബി. സി. ജി. കുത്തിവയ്പ്പ് ഫലപ്രദമാണോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ൧൯൫൩ ജനുവരിമാസംമുതൽ ൧൯൫൪ ജനുവരി മാസം അവസാനംവരെ ൫,൦൪,൭൭൩ പേർക്ക് ട്യൂബർകുലിൻ പരിശോധനയും ൧,൭൩,൪,൪൯൭ പേക്ക് ബി. സി. ജി. കുത്തിവയ്പും നടത്തിയിരിക്കുന്നു.

(ബി) ബി. സി. ജി. കുത്തിവയ്പ്പ് ക്ഷയരോഗം തടയുവാനുള്ള ഒരു ഉപാധിയാണ്.

(സി) അതേ.

ശ്രീ. എ. താണുപിള്ള : ൫ ലക്ഷത്തിൽ ശിഷ്ടംപേരെ പരിശോധിച്ചതിൽ എത്രപേക്ക് രോഗമുള്ളതായി കണ്ടുവെന്നുള്ളതിനു ഒരു കണക്കുണ്ടോ ?

ശ്രീ. വി. മാധവൻ : ഒരു ലക്ഷത്തിനുമുകളിൽ ആളുകളെ കുത്തിവയ്ക്കേണ്ടിവന്നു. ക്ഷയരോഗാണുക്കൾ ബാധിക്കാത്തവരെയാണു കുത്തിവയ്ക്കുന്നത്. കുത്തിവയ്പു കഴിഞ്ഞ ആളുകളെയും വല്ലപ്പോഴും ഈ അണുക്കൾ ബാധിച്ചു വെന്നുവരാം.

ശ്രീ. എ. താണുപിള്ള : എങ്കിലും അണുക്കൾ ഉണ്ടെന്നു കാണുന്നവരിൽ ഏകദേശം എത്രശതമാനം രോഗികൾ കാണുമെന്നു കണക്കുണ്ടോ ?

ശ്രീ. വി. മാധവൻ : രോഗാണുക്കളുടെ ശതമാനം വർദ്ധിച്ചിരിക്കുന്ന ആളുകളെ ക്ഷയരോഗം ബാധിച്ചുവെന്നുവരാം.

ശ്രീ. എ. താണുപിള്ള : ഈ പരിശോധനനടത്തിയപ്പോൾ എത്രപേരെ ചികിത്സക്കായി അയച്ചിട്ടുണ്ട് ?

ശ്രീ. വി. മാധവൻ : ക്ഷയരോഗമുണ്ടെന്നു പരിശോധിച്ചു ബോദ്ധ്യപ്പെട്ടവരെയെല്ലാം നമ്മുടെ ററി. ബി. ആശുപത്രിയിലും മററും ചികിത്സയ്ക്കു അയച്ചിരിക്കും.

ശ്രീ. സി. അച്യുതമേനോൻ : ഒരു ലക്ഷംപേരെ കുത്തിവച്ചതിൽ എത്രപേക്ക് രോഗമുണ്ടായിട്ടുണ്ട് ?

ശ്രീ. വി. മാധവൻ : ആ കണക്കു എടുത്തിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ : അപ്രകാരം ഒരു കണക്കുകൂടി ഉണ്ടെങ്കിൽ അല്ലേ കുത്തിവയ്പു എത്രത്തോളം ഫലപ്രദമാണെന്നു അറിയാൻ കഴിയുകയുള്ളൂ ?

ശ്രീ. വി. മാധവൻ : വേണ്ടതാണ്. കുത്തിവയ്പ്പ്പ്രസ്ഥാനം അടുത്ത കാലത്താണു തുടങ്ങിയതു്.

Harijan Uplift.

* 398 [13] **Shri N. Ganapathi :** Will the Minister for Harijans be pleased to state what action this Government have taken so that Harijans are not evicted from the lands occupied by them in Vandanmed and neighbouring places ?

Minister for Revenue **(Shri A. Chidambaranatha Nadar)** : Government have recently ordered that Harijan occupants of porambokes need be evicted only if the lands are urgently required for public purposes and that even in cases where they have to be so evicted, they should be fixed up suitably in deserving cases, if alternative sites are available.

Allotted Blocks given to Landless People.

* 399 [14] **Shri P. V. Avira Tharakan** : Will the Minister for Revenue be pleased to state :

(*a*) whether a memorandum has been received in 1952 by the Government requesting to survey the allotted blocks in Pallivasal and Papadi pakuthies in Devikulam Taluk, given to some of the Landless People in Shertalai Taluk ; and

(*b*) if so, what steps the Government have taken ?

Minister for Revenue **(Shri A. Chidambaranatha Nadar)** :

(*a*) Yes.

(*b*) The survey of a portion of the area has already been completed. The survey of the remaining area will be resumed soon.

ഭവനനിർമ്മാണം.

* ൪൦൧. [൧൩] ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതിക്കാർക്ക് കഴിഞ്ഞതകൊല്ലം ഗവണ്മെൻറിൽനിന്നും എവിടെയെല്ലാം എത്ര വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): പട്ടികജാതിക്കാർക്ക് ൧൯൫൩-ൽ വീടുകൾ വച്ചുകൊടുത്തിട്ടില്ല.

ശ്രീ. സി. സി. അയ്യപ്പൻ : പട്ടികജാതിക്കാർക്ക് വീടുകൾ വച്ചുകൊടുക്കാൻ എന്തെങ്കിലും പദ്ധതികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉവ്വ്. വീടുകൾ വച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയുണ്ട്.

ശ്രീ സി. സി. അയ്യപ്പൻ : ആ പദ്ധതിപ്രകാരം എന്താണ് വീടുവച്ചുകൊടുക്കാൻ സാധിക്കാതെവന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൧൯൫൩-ൽ സാധിച്ചിട്ടില്ലെന്നുമാത്രമെ പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള കാലങ്ങളിൽ വീടുവച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ആതിച്ചൻ : ൧൯൫൩-ൽ വീടുവച്ചു കൊടുക്കാതെയിരിക്കാൻ കാരണമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്നത്തെ പദ്ധതിയനുസരിച്ചു വീടു വയ്ക്കാൻ സന്നദ്ധതയുള്ളവർക്കു ൧൫൦ രൂപാ ഗ്രാൻറു കൊടുക്കാമെന്നാണു വ്യവസ്ഥയുണ്ടായിരുന്നതു്. ൧൫൦ രൂപയിൽ കൂടുതൽ വരുന്ന ചെലവു അവരവർതന്നെ ചെയ്യണം. അതനുസരിച്ചു ആരും വീടു വയ്ക്കുന്നതിനു സന്നദ്ധതയുള്ളവരായി മുന്നോട്ടുവന്നില്ല.

ശ്രീ. പി. സി. ആതിച്ചൻ : ൫൧–൫൯-ലേക്കു ഭ : നനിർമ്മാണത്തിനു രൂപ നീക്കിവച്ചിട്ടുണ്ടോ ?

Mr. Speaker : That is a different question. Order, order. Next question.

ഹരിജൻ വിദ്യാർത്ഥികൾ

* ൯൦൧. [൧൩൭] ശ്രീ. സി. സി. അയ്യപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഗവണ്മെൻറു കമ്മേഴ്സ്യൽ ഇൻസ്റ്റിററ്യൂട്ടിൽ ഇക്കൊല്ലം ചേർന്നു പഠിച്ചിരുന്ന ഹരിജൻ വിദ്യാർത്ഥികളിൽ ആരെങ്കിലും പഠിപ്പു നിറുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) പഠിപ്പു നിറുത്താൻ കാരണമെന്തു് ;

(സി) ഇപ്പോൾ അവിടെ എത്ര ഹരിജൻ വിദ്യാർത്ഥികൾ പഠിക്കുന്നു;

(ഡി) എത്രപേർക്കു് സ്റ്റൈപ്പൻറു് അനുവദിച്ചിട്ടുണ്ടു്?

Minister for Local Self Government (**Shri K. Kochukuttan**) : (*a*), (*b*), (*c*) & (*d*) Information is being collected.

SHORT NOTICE QUESTIONS

മസൂരിരോഗം.

൨. [൨] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ ആററിപ്ര പഞ്ചായത്തിലുള്ള കുളത്തൂർ, ആററിങ്ങൽ, കല്ലിങ്ങൽ എന്നിവടങ്ങളിൽ ഏതാനും ദിവസങ്ങളായി കൂട്ടത്തോടെ മസൂരിരോഗം പടർന്നുപിടിച്ചിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ രോഗം ഇനിയും പടർന്നുപിടിക്കാതിരിക്കാൻ ഗവണ്മെൻറു് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) മസൂരി പടർന്നുപിടിച്ചിട്ടില്ല. എന്നാൽ ചിക്കൻപോക്സ് ഉണ്ടായിട്ടുണ്ടു്.

(ബി) ൧൦-ാം ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സിനെ തടയുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ചിക്കൻപാക്സിനു പ്രത്യേകമെഷർ ഒന്നും എടുക്കാനില്ല. മസൂരിവരാതിരിക്കാൻ ആ പ്രദേശത്തുള്ള വളരെയധികം ആളുകൾക്ക് കുത്തിവയ്പ് നടത്തിയിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സ് പിടിപെട്ടിട്ടുള്ളവർ അവിടെ ആകെ എത്രപേരുണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. വി. മാധവൻ : പബ്ളിക്ഹെൽത്തു ഡിപ്പാർട്ടുമെൻറിൻെറ അന്വേഷണത്തിൽ നിന്നും ൨൫ പേരെ ആ രോഗം ബാധിച്ചിട്ടുണ്ടെന്നാണ് അറിയുന്നതു്.

ശ്രീ. വി. ശ്രീധരൻ : ചിക്കൻപാക്സും സ്മാൾപാക്സും തമ്മിൽ എങ്ങനെയാണ് തിരിച്ചറിയുന്നതു് ?

ശ്രീ. വി. മാധവൻ : അതു തിരിച്ചറിയുന്നതിന് പബ്ളിക് ഹെൽത്തു ഡിപ്പാർട്ടുമെൻറുകാർക്ക് കഴിയും.

ശ്രീമതി കെ. ആർ. ഗൗരി : നിവാരണ നടപടികൾ ഫലപ്രദമായി നടത്താത്തതുകൊണ്ട് പബ്ളിക്പരീക്ഷക്കു എഴുതേണ്ട കുട്ടികൾ പോലും വീട്ടിൽ പോയിട്ടുള്ളതായി അറിയാമോ?

ശ്രീ. വി. മാധവൻ : അതിനെപ്പററി അറിവില്ല. സുഖക്കേടുണ്ടായാൽ വീട്ടിൽ പോകേണ്ടിവരും.

ശ്രീമതി കെ. ആർ. ഗൗരി : തിരുവനന്തപുരം സിററിയിൽ സ്കൂൾ കുട്ടികൾ താമസിക്കുന്ന സ്ഥലത്തു ഈ രോഗം പടർന്നുപിടിക്കാതിരിക്കാൻ എന്തെങ്കിലും നടപടി നടത്തുമോ?

ശ്രീ. വി. മാധവൻ : അതിനുള്ള നടപടികൾ നേരത്തെതന്നെ എടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള : ഈ സിററിയിൽ ഒരു ഹെൽത്തു ആഫീസറെ ഇനിയെങ്കിലും വേഗം നിയമിക്കുമോ?

ശ്രീ. വി. മാധവൻ : നിയമിക്കാം.

കോൾക്കൃഷിക്കു വെള്ളം

൩. (൩) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീച്ചി അണക്കെട്ടിൽനിന്നും തൃശ്ശിവപേരൂർ താലൂക്കിലെ കോൾക്കൃഷിക്കു വെള്ളം എത്തിച്ചുകൊടുക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് അങ്ങനെ എത്തിച്ചുകൊടുക്കുന്നതു് ;

(സി) കോൾനിലങ്ങളിൽ പല സ്ഥലങ്ങളിലും കൃഷിക്കു വെള്ളം കിട്ടുന്നില്ലെന്ന പരാതി ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തു നടപടിയെടുത്തു?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ)

(എ) ഉണ്ട്.

(ബി) തൃശ്ശിവപേരൂർ താലൂക്കിലുള്ള കോൾനിലങ്ങൾക്ക് മുഴുവൻ.

(സി) ഉണ്ട്.

(ഡി) ഇടയ്ക്കുള്ള ചില ബണ്ടുകളുടെ തടസ്സംകൊണ്ടു ചില സ്ഥലങ്ങളിൽ വെള്ളം എത്തിയിരുന്നില്ല. എന്നാൽ കളക്ടർ, പ്രോജക്ററ എൻജിനീയർ, എക്സിക്യൂട്ടീവ്എൻജിനീയർ എന്നിവർ സ്ഥലത്തുപോയി എല്ലാ തടസ്സങ്ങളും നീക്കുകയും തൽഫലമായി വെള്ളം ഇപ്പോൾ കോൾനിലങ്ങളിൽ എല്ലാംതന്നെ എത്തുകയും ചെയ്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : തുറന്നുവിട്ടിട്ടുള്ള വെള്ളം വഴിക്കു തടഞ്ഞു മററു ചിലർ കൊണ്ടുപോകുന്നതായി പരാതിയുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ആ തടസ്സങ്ങളെല്ലാം ഇപ്പോൾ മാററിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കരുവന്നൂർ, ഇല്ലിക്കൽ എന്നീ സ്ഥലങ്ങളിൽ വെള്ളം നിറഞ്ഞുകിടക്കുമ്പോൾ അതിനപ്പുറമുള്ള സ്ഥലങ്ങളിൽ വെള്ളം ഇല്ലെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വെള്ളംപോകുന്ന വഴിയ്ക്കു അനേകം ബണ്ടുകൾ ഉണ്ട്. താൽപര്യമുള്ള കൃഷിക്കാർ വെള്ളം ഇടയ്ക്കു വച്ച് അവരുടെയാവശ്യത്തിനു കൊണ്ടുപോകുന്നുണ്ട്. എന്നാൽ കഴിഞ്ഞ ഏപ്രിൽ ൩-ാം നു-ക്കു ശേഷം വെള്ളം എല്ലാസ്ഥലത്തും കിട്ടുന്നുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇതിൽ ചില കുംഭകോണങ്ങൾ ഉള്ളതായി ആക്ഷേപം ഉണ്ടായിട്ടുള്ളത് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കുംഭകോണവും തഞ്ചാവൂരും ഒന്നും ഉള്ളതായി അറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : തൽപരകക്ഷികൾ സ്വാധീനം ചെലുത്തുന്നതുകൊണ്ടാണു ചില സ്ഥലത്തു വെള്ളം കിട്ടാതെവരുന്നതെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അവരവരുടെ നിലങ്ങളിൽ വെള്ളം കിട്ടാൻ ശ്രമിക്കുന്നതു ഒരു കുംഭകോണമാണെന്നു എനിക്കു തോന്നുന്നില്ല.

കോൾക്കൃഷിക്ക് വെള്ളം.

൪. (൪) ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി അണയിൽ നിന്നുള്ള വെള്ളം, തൃശ്ശൂർ താലൂക്കിലെ കോൾക്കൃഷിക്ക് നൽകാൻ ഏർപ്പാടുചെയ്യുകയുണ്ടായോ;

(ബി) വെള്ളം വഴിക്കുവച്ചു തടഞ്ഞ് തിരിച്ച് പലടത്തേയ്ക്കും കൊണ്ടുപോകുന്നതുമൂലം കോൾക്കൃഷിക്ക് വെള്ളം കിട്ടുന്നില്ലെന്നും കൃഷി ഉണങ്ങിയെന്നും വല്ല പരാതിയും ഗവണ്മെൻറിലേക്ക് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആ തടസ്സം നീക്കി വെള്ളം കൃഷിക്ക് കിട്ടാറാക്കാൻ എന്തു നടപടിയെടുത്തു?

Minister for Works and Transport (**Shri Kalathil Velayudhan Nair**): Sir, the answer is the same as the previous one.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൯-ാം നു- ക്കുശേഷം കൃഷിക്കാർക്ക് വെള്ളം കിട്ടുന്നുണ്ടെന്നുള്ള അറിവ് ഗവണ്മെൻറിനു ആരിൽനിന്നുമാണ് കിട്ടിയതെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഡിസ്ട്രിക്ട് കളക്ടറിൽ നിന്നും, എക്സിക്യൂട്ടീവ് ഇൻജിനീയരിൽ നിന്നും, പ്രാജക്ട് ഇൻജിനീയരിൽ നിന്നുമാണ് കിട്ടീട്ടുള്ളത്.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാംനു- യിലെ എക്സ്പ്രസ് പത്രത്തിൽ വെള്ളം കിട്ടുന്നില്ലെന്നും ഉടൻ വെള്ളം കിട്ടിയില്ലെങ്കിൽ....

Mr. Speaker: Has the Member got any other direct information? Do not depend upon the 'Express' paper. He may put that question without referring to the 'Express' paper.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാം നു- തന്നെ കൃഷിക്കാർക്ക് വെള്ളം കിട്ടുന്നില്ലെന്നുള്ള ആക്ഷേപം ഉണ്ടായിട്ടുണ്ട്.

Mr. Speaker: Yes, put the question. The point is that on newspaper report I cannot allow a question to be put.

ശ്രീ. കെ. പി. പ്രഭാകരൻ: ൧൪-ാംനു-വരെ കൃഷിക്കാർക്ക് വെള്ളം കിട്ടിയില്ലെന്നുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൃഷിക്കാർക്ക് ആവശ്യമുള്ളിടത്തോളം വെള്ളം കിട്ടിയിട്ടുണ്ടോയെന്ന് പറയാൻ നിവൃത്തിയില്ല. കോൾനിലങ്ങൾക്കു വെള്ളം കിട്ടുന്നില്ലെന്നുള്ള ആക്ഷേപം ഈ സഭയിലെ പല മെംബർമാരും എന്നെ അറിയിക്കുകയുണ്ടായി. അതനുസരിച്ചു വേണ്ട നടപടി ഉടൻതന്നെ നടത്തുകയുണ്ടായി. പ— ദിവസംകൊണ്ടു

ആവശ്യമുള്ള വെള്ളം മുഴുവൻ ലഭിക്കുമെന്നും കോൾകൃഷി വെള്ളത്തിന്റെ കുറവുമൂലം ദോഷപ്പെടാൻ പോകുന്നില്ലെന്നും ഗവണ്മെന്റിനു ബോദ്ധ്യമായിട്ടുണ്ട്.

ശ്രീ കെ. പി. പ്രഭാകരൻ: വെള്ളം തുറന്നുവിട്ടിട്ട് എത്ര ദിവസമായെന്നു പറയാമോ?

ശ്രീ. കുളത്തിൽ വേലായുധൻ നായർ: വെള്ളം തുറന്നുവിട്ടിട്ട് കുറെ ദിവസമായി. തടസ്സങ്ങളെല്ലാം മാറിയിട്ടു പത്തു പതിനൊന്നു ദിവസമായിട്ടുണ്ട്.

Mr. Speaker: Order, order, please. The time for interpellations is over.

UNSTARRED QUESTIONS.

മിഡ്‌വൈഫിന്റെ നിയമനം.

൨൧൬. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമാതുറ ഒരു മിഡ്‌വൈഫിനെ നിയമിച്ചുകിട്ടുണ്ടെന്നുകാണിച്ചു സ്ഥലത്തെ പൊതുജനങ്ങളുടെ ഒരു അപേക്ഷകിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തിയിട്ടുണ്ട്?

ഉത്തരം.

(എ) ഉണ്ട്.

(ബി) അടുത്ത വെട്ടുറവർഷത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന മിഡ്‌വൈഫറി കേന്ദ്രങ്ങളുടെ കൂട്ടത്തിൽ പെരുമാതുറകൂടി ഉൾപ്പെടുത്തുന്നകാര്യം ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

Nagercoil Government Hospital.

216. [2] **Shri A. Samraj**: Will the Minister for Medicine be pleased to state:

(*a*) whether any steps have been taken by the Government for improving the Nagercoil Government Hospital into a first grade hospital;

(*b*) if so, what steps; and

(*c*) if not, why not?

Answer.

(*a*) Hospitals have not been classified into grades.

(*b*) & (*c*) Do not arise.

Encroachment of Forests.

217. [3] **Shri A. Samraj :** Will the Minister for Revenue be pleased to state :

(*a*) the nature and extent of encroachments in the Forest Reserve in the whole of the State in general and in Vandenmedu and Aiyyappancoil in particular ; and

(*b*) what steps the Government have taken for evicting large scale encroachment ?

Answer.

(*a*) Encroachments were mostly done by lessees who were given lands under the G. M. F. Scheme. The exact area can be ascertained only after a survey. The approximate area under encroachment in the State is about 17,000 acres including 15,000 acres unauthorisedly encroached upon in Vandenmedu and Aiyyappancoil.

(*b*) Orders have been issued to institute suitable action for evicting encroachers.

അത്രക്കുറവി ചവുക്കത്തൊഴിലാളികൾ.

൨൧൭. [൪] ശ്രീ. സി. ജി. സദാശിവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംയോജനം മൂലം ചവുക്കകൾ നിറുത്തിയപ്പോൾ അത്രക്കുറവി ചവുക്കയിൽ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു ;

(ബി) ഈ തൊഴിലാളികളെ എന്നാണ് ജോലിക്ക് നിയമിച്ചത് ;

(സി) ഇവരുടെ കൂലിയായി ചരക്കുടമസ്ഥരിൽനിന്നും പിരിച്ചെടുക്കുന്ന തുക അന്നന്ന് അവർക്കു വീതിച്ചുകൊടുക്കുന്ന സമ്പ്രദായം നിർത്തിയതു എന്നു മുതൽക്കാണ് ;

(ഡി) തൊഴിലാളികൾ നൽകിയ നിവേദനത്തിന്റെ ഫലമായി അവരിൽനിന്നും പിടിച്ചുവച്ച തുക എണ്ണി തിട്ടപ്പെടുത്തുകയുണ്ടായിട്ടില്ലേ ;

(ഈ) പിടിച്ചുവയ്ക്കപ്പെടുന്ന കൂലി അവരെ ഭജാലിയിൽനിന്നും പിരിച്ചുവിടുമ്പോൾ തിരിച്ചുകൊടുത്തുകൊള്ളാമെന്നു വ്യവസ്ഥയ്ക്കു വിപരീതമായി ഇതേവരെ അതു് അവർക്കു് തിരിച്ചുകൊടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണു് ?

ഉത്തരം.

(എ) ൪ വ.

(ബി) ഈ തൊഴിലാളികളെ നിയമിച്ചതു വളരെ വർഷങ്ങൾക്കു മുമ്പു് പല അവസരങ്ങളിലായിട്ടാണു്. ഇവരുടെ നിയമനം എന്നാണു് നടന്നതു് എന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

(സി) ഈ സമ്പ്രദായം നിറുത്തിയതു് എന്നു മുതൽക്കാണെന്നു അറിയുന്നതിനുള്ള യാതൊരു രേഖയുമില്ല.

(ഡി) ചരക്കുടമസ്ഥരിൽനിന്നും പിടിച്ചുവച്ചതുക എണ്ണി തിട്ടപ്പെടുത്തണമെന്നു് കാണിച്ചു് തൊഴിലാളികളിൽനിന്നും യാതൊരു നിവേദനവും ലഭിച്ചിട്ടില്ല.

(ഈ) ചരക്കുടമസ്ഥരിൽനിന്നും പിടിച്ചുവയ്ക്കപ്പെടുന്ന കൂലി ഭജാലിയിൽനിന്നും പിരിച്ചുവിടുമ്പോൾ തൊഴിലാളികൾക്കു് തിരിച്ചുകൊടുത്തുകൊള്ളുമെന്നു് യാതൊരു വ്യവസ്ഥയും ഉണ്ടാക്കിയിട്ടില്ല.

ആശുപത്രികൾ.

൨൧൯. [ഒ] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ

(എ) ൧൯൪൮-൪൯ വർഷത്തിൽ സംസ്ഥാനത്തു് എത്ര ആശുപത്രികൾ പുതുതായി സ്ഥാപിച്ചിട്ടുണ്ടു് ;

(ബി) ആശുപത്രികളിൽ രോഗികൾക്കു് കിടക്കുന്നതിനുള്ള കിടക്കകളുടെ അഭാവം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ൧൯൪൮-൪൯-ൽ പുതുതായി എത്ര കിടക്കകൾ കൂടുതലായി പണിയിച്ചിട്ടുണ്ടു് ;

(ഡി) ൧൯൪൮-൪൯ വർഷത്തിൽ ചികിത്സാഫീസിനത്തിൽ എത്ര രൂപ വരവുണ്ടു് ?

ഉത്തരം.

(എ) ൪.

(ബി) ഉണ്ടു്.

(സി) ൪ ൪.

(ഡി) കണക്കുകൾ തിട്ടപ്പെടുത്തുന്നേയുള്ളു.

എംപ്ലോയ്മെൻറ് എക്സ്ചേൻജ്.

൨൨൦. [ന] ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലും റീ സെററിൽമെൻറ് ആൻറ് എമ്പ്ലോയിമെൻറ് എക്സ്ചേഞ്ചിൻെറ പ്രവർത്തനങ്ങൾ എന്തെല്ലാം ;

(ബി) ഈ സംസ്ഥാനത്തിൽ അഭ്യസ്തവിദ്യരും എന്നാൽ തൊഴിലില്ലാതെ ഇരിക്കുന്നവരുമായിട്ടുള്ളവർക്ക് ഈ എക്സ്ചേഞ്ചുകൾ മുഖേന എന്തെങ്കിലും തൊഴിൽ സമ്പാദിക്കുവാൻ കഴിയുന്നുണ്ടോ ;

(സി) ൧൯൩൦-൩൧, ൧൯൩൧-൩൨, ൧൯൩൨-൩൩ ഈ വർഷങ്ങളിൽ തിരുവിതാംകൂർ-കൊച്ചിയിൽ എംപ്ലായിമെൻറ് മുഖേന ജോലിസമ്പാദിച്ചിട്ടുള്ളവരുടെ ഒരു കണക്ക് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം.

(എ) തൊഴിൽ അന്വേഷിച്ചുനടക്കുന്നവർക്ക് തൊഴിൽ ലഭിക്കുന്നതിന് വേണ്ട സഹായസഹകരണങ്ങൾ നൽകുകയും തൊഴിലാളികളെ ആവശ്യമുള്ള മുതലാളിമാർക്കും മററു സ്ഥാപനങ്ങൾക്കും അയച്ചുകൊടുത്തു സഹായിക്കുകയും ആണ് എംപ്ലൊയിമെൻറ് എക്സ്ചേഞ്ചുകളുടെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ഉണ്ട്.

(സി) ൧൯൩൦-൩൧. ൧൯൩൧-൩൨. ൧൯൩൨-൩൩.
൪൦൯ ൯൯൧ ൨൨൭൩

പിന്നോക്കസമുദായോദ്ധാരണത്തിനായി നീക്കിവച്ചിട്ടുള്ള തുക.

൨൨൧. [൭] ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ നാലുകൊല്ലക്കാലത്തിൽ പിന്നോക്കസമുദായോദ്ധാരണത്തിനായി ഓരോ കൊല്ലവും എത്ര തുകവീതം നീക്കിവച്ചിരുന്നു;

(ബി) ഇതിൽ ഓരോകൊല്ലവും ലാപ്സായിപ്പോയ തുകയെത്ര? ഇങ്ങനെ ലാപ്സാവാൻ കാരണമെന്തു് ?

(സി) ഇതിനെന്തെങ്കിലും പരിഹാരമുണ്ടോ ?

ഉത്തരം.

(എ)

കൊല്ലം	നീക്കിവച്ചതുക
൧൯൪൭—൪൮	൪൫൭൯൯൯ രൂപ.
൧൯൪൮—൪൯	൪൭൪൯൭
൧൯൪൯—൫൦	൧൫൧൯൯൦൦
൧൯൫൦—൫൧	൧൫൯൦൭൦൦

(ബി)	(കൊല്ലം)	(ലാപ്സ്സായതുക)
	൧൯൯൨—൯൩	൫൧൪൩൩ രൂപ
	൧൯൯൩—൫൦	൯൩൨൩൧
	൧൯൫൦—൫൧	൩൦൧൫൦൪
	൧൯൫൧—൫൨	൩൨൧൯൪൩

ലാപ്സായിട്ടുള്ളതു് പ്രധാനമായും മരാമത്തുപണിക്കു് നീക്കിവച്ചിട്ടുള്ള തുകയിൽനിന്നാണു്. റവന്യൂ, മരാമത്തു് മുതലായ ഡിപ്പാർട്ടുമെൻറുമായി എഴുത്തുകുത്തുകൾ നടത്തേണ്ടിയിരുന്നതിനാൽ പ്രസ്തുത തുക വിനിയോഗിക്കുന്നതിനു കാലതാമസം നേരിട്ടു.

(സി) ഇപ്രകാരം അനുവദിച്ച സംഖ്യ ലാപ്സായിപ്പോകാതെ വിനിയോഗിക്കുന്നതിനു ആവശ്യമായ നടപടികൾ ഗവണ്മെൻറ് എടുത്തുവരുന്നു.

Denatured Spirit.

222 [8] **Shri C. Sankar:** Will the Minister for Excise be pleased to state:

(*a*) the quantity of essences and other alcoholic preparations containing not less than 33⅓% of alcohol, sold during 1950, 1951 and 1952 respectively in Trivandrum District only;

(*b*) the quantity of denatured spirit sold during 1950, 1951 and 1952 respectively in Trivandrum District only; and

(*c*) the total quantity of denatured spirit sold in the Trivandrum District only during the last quarter of 1952?

Answer.

(*a*) The quantity of essences and other alcoholic preparations containing not less than 33⅓ per cent of alcohol, sold in the Trivandrum District during 1950 - 1520 gallons.

1951 - 3464 gallons.

1952 - 7390 gallons.

(*b*) The quantity of denatured spirit sold in the Trivandrum District during 1950-3620 gallons.

1951 - 2683 gallons.

1952 - 3683 gallons.

(*c*) The total quantity of denatured spirit sold in the Trivandrum District during the last quarter of 1952 is 1153 gallons.

Vellayani Lake.

223 [9] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state:

(*a*) whether there were allegations of unjust distribution of lands leased out in the Vellayani lake;

(*b*) whether the Government have made any enquiry into those allegations;

(*c*) if so, what is the result of that enquiry; and

(*d*) did the Government rectify the wrongs?

Answer.

(*a*) Yes.

(*b*) Yes.

(*c*) and (*d*) The matter is under examination.

ഒററിക്കടിയാൻ സംഘം.

൨൨൪. [൨൦] ശ്രീ. കെ. കെ: കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ 'ഒററിക്കടിയാൻ സംഘം' എന്ന ഒരു സംഘടന ഭൂമിയിലുള്ള അവകാശത്തെ സംബന്ധിച്ച് ചീഫ് മിനിസ്റ്ററുടെ പടിക്കൽ നടത്തിയ സത്യാഗ്രഹം ഒത്തുതീർപ്പുകളുടെ ഫലമായിട്ടാണോ തീർന്നത് ;

(ബി) എന്താണ് ഒത്തുതീർപ്പു വ്യവസ്ഥകൾ ?

ഉത്തരം.

(എ) യാതൊരു ഒത്തുതീർപ്പും ഉണ്ടായിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ആയുർവ്വേദഡിസ്പെൻസറി.

൨൨൫. [൨൧] ശ്രീ. ആർ. സുശീതൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മുഹമ്മയിലെ ആയുർവ്വേദഡിസ്പെൻസറിയിൽ ചികിത്സാസൗകര്യങ്ങളും, മരുന്നും കൂടുതലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നാട്ടുകാരുടെ നിവേദനം മെഡിക്കൽ മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ ?

ഉത്തരം.

മുഹമ്മയിലെ ആയുർവ്വേദാശുപത്രിയിൽ മരുന്നു കൂടുതലായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു് നാട്ടുകാരുടെ ഒരു നിവേദനം കിട്ടിയിട്ടുണ്ടു്. അടുത്ത കൊല്ലത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനെപ്പററി ആലോചിക്കുന്നതാണു്.

Inspection By The Survey Superintendent.

226 [13] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(*a*) What all taluks have been inspected by the Survey Superintendent in 1952;

(*b*) has he found out the arrears in survey work in each taluk;

(*c*) has he made any report about the work of the Revenue Supervisors to Government.

(*d*) what is the oldest application brought to his notice at the time of inspection.

(*e*) what is the number of applications pending in the Thiruvalla taluk in 1952.

Answer.

(*a*) 1. Thovala
2. Agastheeswaram
3. Kalkulam
4. Vilavancode
5. Neyyattinkara
6. Trivandrum
7. Nedumangad
8. Chirayinkil
9. Quilon
10. Kottarakara
11. Pathanapuram
12. Shencottah
13. Pathanamthitta
14. Shertallai
15 Karthigapally
16 Thiruvalla
17 Kottayam
18 Changanacherry
19 Meenachil

20. Kunnathunad
21. Vaikom
22. Moovattupuzha
23. Thodupuzha

(*b*) Yes.

(*c*) No. However, notes of inspection of the Survey Superintendent are being submitted to the Board of Revenue and the Board is sending quarterly reviews of such notes to Government.

(*d*) 13 applications of Shertallai Taluk and 1 application of the Thovala Taluk (of these 6 applications of the Shertallai Taluk have since been disposed of), relating to the year 1119.

(*e*) 121.

അഴിമതിക്കുററം.

൨൨൧. [ക്ഷ] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) പിന്നോക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിലുള്ള അഗ്രിക്കൾച്ചറൽ ഇൻസ്പെക്ടറെ അഴിമതിക്കുററങ്ങൾക്കായോ മററു കാരണങ്ങൾക്കായോ സസ്പെൻഡു് ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തു്;

(സി) അതിനെപ്പററിയുള്ള അന്വേഷണഫലമെന്തായി?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഗവണ്മെൻറു പണം ദുർവ്വിനിയോഗിച്ചതിനു്.

(സി) ഗവണ്മെൻറിന്റെ ആലോചനയിലിരിക്കയാണു്.

ഒളവക്കാട്ടു പയൽ സ്കൂൾ.

൨൨൨. [ക്ഷ] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) മാവേലിക്കര താലൂക്കിൽ പാലമേൽ പകുതിയിൽ ഒളവക്കാട്ടു എന്ന സ്ഥലത്തുള്ള പയൽസ്കൂൾ പന്തളം തെക്കേക്കര പകുതിയിൽ പെരുമ്പുളിയ്ക്കൽ മുറിയിൽ പറന്തൽ എന്ന സ്ഥലത്തുള്ള ഒരു സ്കൂൾ കെട്ടിടത്തിലേയ്ക്കു മാററുവാൻ ഗവണ്മെൻറു് ഉത്തരവു് പുറപ്പെടുവിച്ചതിനു ശേഷം പ്രസ്തുത ഉത്തരവു് റദ്ദു്ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആദ്യത്തെ ഉത്തരവു് റദ്ദു്ചെയ്യാൻ കാരണമെന്താണു്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഒമ്പതക്കാട്ട് പയൽ സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞതാണ് പ്രസ്തുത സ്ക്കൂൾ മാററുന്നതിനു ആദ്യം ഉത്തരവു പുറപ്പെടുവിക്കുവാനുണ്ടായ പ്രധാനകാരണം. എന്നാൽ പിന്നീട് വിദ്യാർത്ഥികളുടെ എണ്ണം വളരെ വർദ്ധിച്ചതുകൊണ്ട് ആദ്യത്തെ ഉത്തരവ് റദ്ദ് ചെയ്തു.

Grants to Hospitals.

229 [20] **Shri O. C. Ninan:** Will the Minister for Medicine and Public Health be pleased to state:

(*a*) what are the hospitals for which grant has been given by the Government in 1951 and 1952;

(*b*) what is the amount of grant given to each hospital;

(*c*) what is the sort of control the Government has over the hospitals for which grant is given?

(*d*) will the Government consider the question of enhancing the grant and having greater control; and

(*e*) how many of such hospitals are leper hospitals?

Answer

(*a*) & (*b*) A statement furnishing the information is laid on the table *

(*c*) The Officers deputed by Government are empowered to inspect the grant-in aid institutions at any time to assess quality of work etc in the same way as Government institutions are inspected. Government reserve the right to stop grant-in-aid to an institution without assigning any reason. The Medical practitioners in Cochin area have to execute agreements for getting grants.

(*d*) This may be considered according to necessity.

(*e*) 1. C. P. Memorial Leper Asylum, Neyyoor;

2. Salvation Army Leper Colony, Puthencruz;

3. Leper Clinic, Velur; and

4. Leper Clinic, Palangi.

* Please see Appendix II.

മുനിസിപ്പാലിററികൾ.

൨൩൦. [൨ ക] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ·

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര മുനിസിപ്പാലിററികൾ ഉണ്ട്; ഇതിൽ മേജർ എത്ര; മൈനർ എത്ര;

(ബി) ആകെ ഈ മുനിസിപ്പാലിററികളിലായി എത്ര മുനിസിപ്പൽ തൊഴിലാളികളുണ്ട്;

(സി) ഇതിൽ തോട്ടികൾ എത്ര; തൂപ്പുകാർ എത്ര; മററുള്ളവരെത്ര; ഈ തൊഴിൽക്കാരിൽ ഓരോ വിഭാഗത്തിൽ സ്ഥിരജോലിക്കാരെത്ര; ടെമ്പററി എത്ര; ഫുൾടൈം എത്ര; പാർട്ട്ടൈം എത്ര?

ഉത്തരം.

(എ) ആകെ ൨൩ മുനിസിപ്പാലിററികൾ. അതിൽ ൭ എണ്ണം മേജറും ബാക്കിയുള്ളവ മൈനറും ആണ്.

(ബി) ൨൦൭൭:

(സി) തോട്ടികൾ ൭൪൩.
തൂപ്പുകാർ ൭൩൦.
മററുള്ളവർ ൩൪൫.

മേൽപ്പറഞ്ഞവരിൽ ൫൩൫ പേർ സ്ഥിരം ജോലിയുള്ളവരും, ൪൩൩ പേർ ടെമ്പററി ജോലിയുള്ളവരും ൫൩൨ പേർ ഫുൾടൈം ജോലിക്കാരും, ൪൪൫ പേർ പാർട്ടുടൈം ജോലിക്കാരും ആണ്.

ആശുപത്രി.

൨൩൧. [൨൩] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൪൭-൪൮-ൽ പറവൂർ ആശുപത്രിയിൽ ഓരോമാസവും ശരാശരി ഇൻപേഷ്യൻറ്സും, ഒപ്പേഷ്യൻറ്സും എത്രയായിരുന്നു; ൧൯൪൭-൪൮-ൽ ഈ കണക്ക് എത്രയായിരുന്നു;

(ബി) ൧൯൪൭-൪൮-ൽ പറവൂർ ആശുപത്രിയിൽ ഒരു മാസം ശരാശരി എത്ര രൂപ മരുന്നിനുവേണ്ടി ചെലവായിട്ടുണ്ട്: ൧൯൪൭-൪൮ൽ എത്ര;

(സി) നിർധനരായ രോഗികളുടെ പക്കൽ മരുന്നു വെളിയിലുള്ള കെമിസ്ററുകളുടെ പക്കൽനിന്നും വാങ്ങിക്കേണ്ടുള്ള ചിററുകൊടുക്കുന്ന സമ്പ്രദായം അവിടെ ഉണ്ടോ;

(ഡി) ആശുപത്രിവകയായി 'ഒരു പൂവർഫണ്ട്' മുൻകാലങ്ങളിലുണ്ടായിരുന്നോ; ഇന്ന് അതു നിലവിലുണ്ടോ;

(ഇ) ടി ആശുപത്രിയിൽ ഫൻ ഉ-ഗ്ന-ൽ എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്?

ഉത്തരം.

(എ) ഫൻ ഉ-ഗ്ന-ൽ:—

ഫ. ഇൻപേഷ്യൻറ്സ് വ ഫ ഫ. ഫ.

വ. ഔട്ടുപേഷ്യൻറ്സ് ഫ്ന ര ാ ര. ാ വ.

ഫൻ ഉ ഫ-ഉ വ-ൽ:—

ഫ. ഇൻപേഷ്യൻറ്സ് വ ാ ാ. ഉ.

വ. ഔട്ടുപേഷ്യൻറ്സ് ഫ ര്ന ഫ ാ. ന്ന.

(ബി) ഫൻ ഉ ഫ-ഉ വ-ൽ ഫ ഫ വ ഉ ശ്രപ.

ഫൻ ഉ വ-ഉ ന-ൽ ഫ വ ാ ാ ശ്രപ.

(സി) ഇല്ല.

(ഡി) ഉണ്ടായിരുന്നു. ഉണ്ട്.

(ഇ) ന്യവ.

മുനിസിപ്പൽ ടൗൺ.

വ്ന്വ. [വ'ര] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ മുനിസിപ്പൽ ടൗണിൽ ആകെ ജനസംഖ്യ എത്ര;

(ബി) ടി ടൗണിൽ ഉപയോഗയോഗ്യമായ എത്ര പബ്ലിക്കുകക്കൂസുകളും, മൂത്രപ്പുരകളും, പബ്ലിക്ക് കിണറുകളും ഉണ്ട്?

ഉത്തരം.

(എ) ഫവ്യ വ ര ഫ.

(ബി) രണ്ടു കക്കൂസ്സും, നാലു് മൂത്രപ്പുരയും, ആറ് കിണറും ഉണ്ട്.

Dispensary.

233 (25) **Shri K. M. Chandy:** Will the Minister for Medicine and Public Health be pleased to State:

(*a*) whether the Government have sanctioned the raising of the dispensary at Kuruvilangad into a hospital;

(*b*) whether the Government have accepted the offer of the public of Kuruvilangad to make available the necessary site and construct the required building;

(*c*) whether the public have requested the Government to supply the necessary plan for the hospital building;

(*d*) whether the Government have supplied them the plan asked for; and

(*e*) if not, why it has been delayed ?

Answer.

(*a*) No

(*b*) An offer to put up wards has been accepted by Government.

(*c*) The people have requested for the plan to put up the wards.

(*d*) No

(*e*) The plan is being prepared and will be sent to the people as early as possible.

தீபஸ்தம்பம்

234. (26) ஸ்ரீ. எஸ். ஜி. தேவியப்பன் : கீழ்காணும் வினவுக்கு ரெவன்யூ மந்திரி அவர்கள் விடை பகர்வர்களாக :

தேவிகுளம் தாலுக்கில் வட்டவடை கிராமத்து கோவிலுக்கு தீபஸ்தம்பத்திற்க்கு கேட்ட மரத்துக்கு மனு எழுதி சுமார் ஆறுமாத காலமாகியும் யாதொரு பதிலும் தெரியாத காரணமென்ன ?

விடை

மனுதார்களுக்கு மரம் என்ன விலை நிரக்குக்கு விற்கப்பெட வேண்டுமென்று அரசாங்கம் முடிவாக தீர்மானிக்காததால்.

Voting of Demands for Grants

Demand XV—Police.

12 NOON].

Mr. Speaker: We will now proceed to Voting of Demands for grants Minister for Home Affairs.

Minister for Home Affairs **(Shri T. M. Varghese):** Sir, I move for a grant of Rs. 94,19,000 under Demand XV—Police.

Chief Minister **(Shri A. J. John):** I second the motion.

Shri P. Bhaskaran Nair: Sir, I move: to reduce the allotment of Rs. 18,800 for pay of Officers by Re. 1.

I have two more cut motions. Can I move them now, Sir?

Mr. Speaker: The position is this. Last time I was going through the list of cut motions and selecting certain motions and placing those motions before the House, so that everybody in a general way can take part in the discussion and the whole departmental policy may be reviewed. Some hon. Members do not, I think, agree with that method. Now, the only alternative is this. The Police Department contains 5 sub-heads. According to the rules of procedure, every motion coming under a particular sub-head will be called; and what I have to suggest to the Members is that unless all these cut motions are withdrawn and you go to the total cut, the general policy of the department could not be discussed. Now, for example, here is a cut on subhead (*a*) to reduce the allotment of Rs. 18,800 for Officers. That includes the pay of the Inspector General of Police, Deputy Inspector General of Police and the Superintendent attached to the Head Quarters. Therefore, in moving that motion, the hon. mover has to confine himself to the work of these 3 persons without going to the wider policy of the Department.

ശ്രീ. പി. രാമസ്വാമിനായർ : സർ, വിദ്യാഭ്യാസത്തിലും, സംസ്കാരത്തിലും ഇൻഡ്യയിലെ ഏററവും മുന്നണിയിൽ നിൽക്കുന്ന ഈ സംസ്ഥാനത്തെ പോലീസു ഡിപ്പാർട്ടുമെൻറ് ചെലവത്തിൽ ഇവിടെ അഭിമാനാർഹമായ രീതിയിലല്ല പ്രവർത്തിക്കുന്നതെന്നുള്ള വിവരം അറിയിക്കാനായിട്ടാണ്, ഈ ഡിപ്പാർട്ടുമെൻറിൻെറ തലക്കലുള്ള ഉദ്യോഗസ്ഥന്മാരുടെ ശമ്പളം വെട്ടിക്കുറയ്ക്കണമെന്നുള്ള ഈ ഉപക്ഷേപം ഞാൻ ഇവിടെ ഹാജരാക്കിയിരിക്കുന്നത്. ഈ ഡിപ്പാർട്ടുമെൻറ് ജനങ്ങളുടെ ധനവും മാനവും സംരക്ഷിക്കാനുള്ളതാണ്. രാജ്യത്തെ നിയമസമാധാനം പാലിക്കുന്ന ചുമതലയും പോലീസിനുണ്ട്. ഇന്നു ജനങ്ങളുടെ ജീവനും ധനവും മാനവും വളരെ അപകടത്തിൽപെട്ടിരിക്കുകയാണെന്നു നിത്യാനുഭവത്തിൽനിന്നും അറിയാവുന്നതാണ്. ഇതിനെല്ലാം പോലീസു കൂട്ടു നിൽക്കുന്നുണ്ടെന്നു കേൾക്കുന്നതു നമ്മുടെ രാജ്യത്തിനും പോലീസുഡിപ്പാർട്ടുമെൻറിനും ഒരു തീരാക്കളങ്കമാണ്. ദിവാൻ ഭരണകാലത്തു പോലീസുകാർ കാട്ടിക്കൂട്ടിയിട്ടുള്ള അക്രമങ്ങളെപ്പററി പറഞ്ഞാൽ, അന്നു സ്വേച്ഛാഭരണമാണു നടന്നതെന്നും, അതുകൊണ്ടു എന്തും നടക്കുമെന്നും സമാധാനം പറയാം. എന്നാൽ ഇപ്പോൾ ജനകീയ ഭരണമാണു നടക്കുന്നത്. ജനകീയഭരണം നടപ്പിൽ വന്നശേഷവുംകൂടി പോലീസുകാർ യാതൊരു നിയന്ത്രണവുമില്ലാത്ത രീതിയിൽ ജനങ്ങളെ മർദ്ദിച്ചുകൊണ്ടിരിക്കുകയാണ്. എൻെറ നിയോജകമണ്ഡലത്തിൽ ഈ അടുത്തകാലത്തു നടന്ന ഒരു സംഭവത്തെപ്പററി ഞാൻ ഇൻസ്പെക്ടർ ജനറലിനെ നേരിട്ടുകണ്ടു സംസാരിച്ചു. പോലീസു വകുപ്പുമന്ത്രിയേയും കണ്ടു വിവരം ധരിപ്പിച്ചു. എങ്കിലും, കേവലം കരനേപഷണംപോലും ഈ സംഗതിയെപ്പററി നടത്തിയില്ല. ഡിപ്പാർട്ടുമെൻറിൽനിന്നും താഴ്ന്ന തരത്തിലുള്ള ഉദ്യോഗസ്ഥന്മാരെ

വിട്ട് അന്വേഷണം നടത്തുന്ന രീതികൊണ്ടും ഇന്നു ജനങ്ങൾ പൊറുതി മുട്ടിയിരിക്കുകയാണ്. സാധുക്കളായ തൊഴിലാളികൾ, അവർ ചെയ്ത ജോലിയുടെ കൂലി ചോദിച്ചാൽ, അവിടെ ഉടൻ പോലീസു ഓടിയെത്തും. ഇവിടെ ലേബർ ഡിപ്പാർട്ടുമെൻറുണ്ട്. തൊഴിൽത്തർക്കങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടുന്നതിനു മുൻപുതന്നെ പോലീസുകാരിയുമായി എത്തും. ഈയിടെ കോട്ടയത്തു പരിപ്പിൽ തൊള്ളായിരം കായൽ എന്ന പാടത്തിൽ ഒരു തൊഴിൽത്തർക്കമുണ്ടായി. പറിച്ചുനടീൽ സമയത്താണ് ഈ തൊഴിൽക്കുഴപ്പമുണ്ടായതു്. പോലീസുകാർ കുറെ ആളുകളെ തടഞ്ഞുവച്ചു. തൊഴിലാളികളിൽ കൂടുതലും സ്ത്രീകളായിരുന്നു; പന്ത്ര സ്ത്രീകളും ഏ പുരുഷന്മാരും. വിവരം അറിഞ്ഞ ഞാൻ ഈ തൊഴിൽത്തർക്കത്തെപ്പററി രമ്യമായ ഒരു തീർപ്പുണ്ടാക്കാനായി അവിടെ ചെന്നു. തൊഴിൽത്തർക്കം ഏററവും രമ്യമായി തീർക്കാനുള്ള എല്ലാ സാഹചര്യങ്ങളും അവിടെ ഉണ്ടായിരുന്നു. എങ്കിലും അവിടെ നടന്ന സംഭവങ്ങളെപ്പററി യാതൊരന്വേഷണവും നടത്താതെ, തടഞ്ഞുവച്ചിരിക്കുന്ന തൊഴിലാളികളുടെ നേരെ, ഒരു വിദേശസൈന്യം ആക്രമിക്കുന്ന രീതിയിൽ നിസ്സഹായരായ തൊഴിലാളികളെ ചവിട്ടുകയും, അടിക്കുകയും, ഇടിക്കുകയും മററുമാണ് ആ കൃഷിക്കാരന്റെ ബോട്ടിൽ ഒരു സംഘം റിസർവ്വ് പോലീസുമായി അവിടെ ആ സമയം വന്നെത്തിയ കോട്ടയം സർക്കിൾ ഇൻസ്പെക്ടരും കസ്ബാ സബ്ഇൻസ്പെക്ടരുംകൂടി ചെയ്തതു്.

ശ്രീ. കെ. എം. കോര : അവിടെയുണ്ടായ തൊഴിൽത്തർക്കം എന്താണെന്നു പറയാമോ?

ശ്രീ. പി. ഭാസ്കരൻ നായർ : ഞാൻ അവരുടെ സമീപത്തേയ്ക്ക് ഓടി അണഞ്ഞു; ആ മർദ്ദനം തടയുന്നതിനുവേണ്ടി. എന്നാൽ തോക്കുധാരികളായ നാലഞ്ചു പോലീസുകാർ ഇൻസ്പെക്ടരുടെ ആജ്ഞയനുസരിച്ച് എന്നെ മുന്നോട്ടു വിടാതെ തടഞ്ഞു. ഇങ്ങനെ അക്രമം നടത്തുന്നതെന്തിനാണെന്നു ചോദിച്ചപ്പോൾ 'ഇതു നഗ്നമായ മർദ്ദനംതന്നെ' എന്നു ആ സർക്കിൾ ഇൻസ്പെക്ടർ എന്നോടു പറഞ്ഞു. ഈ വിവരം ഞാൻ ഉടൻ തന്നെ ഇൻസ്പെക്ടർ ജനറലിനെ അറിയിച്ചു. മന്ത്രിയേയും ഫോൺവഴി അറിയിച്ചു. അതിനെ സംബന്ധിച്ചു കഴിഞ്ഞ ഡിസംബർ ൧൨-ാംനു- എനിക്കു ഒരു മറുപടി കിട്ടി. അതായതു ഇക്കാര്യം ഗവണ്മെൻറിന്റെ അന്വേഷണത്തിലിരിക്കുകയാണെന്ന്. അന്വേഷണം എന്തായി എന്നു ഇതേവരെ എനിക്കറിഞ്ഞുകൂടാ. "It is engaging the attention of Government" എന്ന് അങ്ങു് എഴുതി അയച്ചാൽ അതുമാത്രം മതിയെന്നാണോ?

ശ്രീ. ടി. എം. ജേക്കബ് : ആ തൊഴിൽത്തർക്കം എന്തിനെപ്പററിയാണെന്നു പറഞ്ഞാൽ അതിനെപ്പററി അന്വേഷിച്ചു പറയാൻ സാധിക്കും.

ശ്രീ. പി. ഭാസ്കരൻ നായർ : കോട്ടയം പരിപ്പുകരയിൽ തൊള്ളായിരം കായൽ എന്ന പാടശേഖരത്തിലെ പറിച്ചുനടീൽ സംബന്ധിച്ചുണ്ടായതാണ്. പറിച്ചു നടീലിന് ഒരാളിന് മൂന്നിടങ്ങഴി നെല്ല് കൂലി

ശ്രീ. പി. ഭാസ്കരൻ നായർ.]

കൊടുത്തുകൊണ്ടിരുന്നു. അവിടെ ഈ കൂലി കൊടുക്കാൻ നിവൃത്തിയില്ലെന്നു നിലം ഉടമസ്ഥൻ ശാഠ്യം പിടിച്ചതിനെ തുടർന്നാണു തൊഴിൽ തർക്കം ഉണ്ടായതു്.

കോട്ടയം കസ്ബാ സ്റ്റേഷനിൽ സബ് ഇൻസ്പെക്ടരായിരുന്ന ഒരു ചെറപ്പക്കാരനെപ്പററി പല പരാതികളും ഉന്നയിക്കപ്പെട്ടിട്ടുണ്ടു്. അയാളുടെ കൺമുൻപിൽ ചെല്ലുന്നവർ വാദിയായാലും പ്രതിയായാലും ശരി, അവരോടു കേൾക്കാൻ പാടില്ലാത്ത തെറി തന്നെ പറയും. ഒരു സർക്കസ്സു് വിദഗ്ദ്ധനെപ്പോലെ കാൽ മടക്കി ചിലരുടെ കരണത്തു് അടിക്കുക എന്ന ഹീനകൃത്യവും അയാൾ ചെയ്തുപോന്നു. ഇതിനെപ്പററി ഗവണ്മെൻറിൽ നേരിട്ടു നിവേദനങ്ങൾ നടത്തി. അതിനു ഒരു പരിഹാരമെന്നോണം അദ്ദേഹത്തെ അവിടെനിന്നും ഒന്നു സ്ഥലം മാററിയെന്നു മാത്രം. അല്ലാതെ ഇങ്ങനെയുള്ള മർദ്ദനങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി യാതൊന്നും ഗവണ്മെൻറു ചെയ്തു കാണുന്നില്ല. ഈ ഉദ്യോഗസ്ഥനുതന്നെ ഒരു താക്കീതുപോലും നൽകിയിട്ടില്ല. പല സ്ഥലത്തും മാറി മാറി ഇപ്പോൾ ഈ ഉദ്യോഗസ്ഥൻ പറവൂർ ചെന്നെത്തിയിട്ടുണ്ടു്. ഈ ഒരാഴ്ചയ്ക്കുള്ളിൽതന്നെ ഈ സബ്ഇൻസ്പെക്ടരെപ്പററി പല പരാതികളും ഇവിടെ വന്നുകൊണ്ടിരിക്കുന്നുണ്ടു്.

എസ്റ്റേററുകളിലാണെങ്കിൽ, നിസ്സഹായരായ തൊഴിലാളികളെ പോലീസു മർദ്ദിച്ചുകൊണ്ടിരിക്കുകയാണു്. കഴിഞ്ഞമാസം ൧൮-ാംതീയതി ചെറവള്ളിത്തോട്ടത്തിലുണ്ടായതായി, ഈ സഭയിൽ അടിയന്തിര പ്രമേയാവതരണത്തിനു നിദാനമായ ആ സംഭവത്തെ തുടർന്നു അവിടെ ഒരു പോലീസു സൈന്യം പാളയമടിച്ചു കിടക്കുകയാണു ചെയ്യുന്നതു്. അന്നത്തെ സംഭവത്തിനുശേഷം, അവിടെ യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ല. കപ്പുക്കയം എസ്റ്റേററിലും, ൩ ൫-ാംമൈലിലുള്ള എസ്റ്റേററിലും നിരന്തരമായി പോലീസുകാർ ക്യാമ്പടിച്ചുകിടക്കുകയാണു്. അവർ അവിടെ നടത്തുന്ന അക്രമങ്ങൾക്കു കണക്കില്ല. അർദ്ധരാത്രിയിൽ ഓരോ വീട്ടിലും ചെന്നു് വാതിൽ തുറക്കാൻ വിളിക്കുകയും, തുറന്നില്ലെങ്കിൽ അസഭ്യങ്ങൾ പറയുകയും, അഥവാ തുറക്കുന്നപക്ഷം അവിടെയുള്ളവരെ ഉപദ്രവിക്കുകയും, നീചമായ പല പെരുമാററങ്ങൾക്കു് അവരെ വിധേയരാക്കുകയും ചെയ്യുന്നുണ്ടു്. ഈ കഴിഞ്ഞ ൧൮-ാംതീയതി ചെറവള്ളി എസ്റ്റേററിൽ ഒരു കങ്കാണി ഒരു തൊഴിലാളിയെ കുത്തി കൊലപ്പെടുത്തി. ൧൮-ാംതീയതിക്കുശേഷം അവിടെ യാതൊരനിഷ്ടസംഭവങ്ങളും ഉണ്ടായിട്ടില്ല. അതുമുതൽ റിസർവ്വു് പോലീസു് അവിടെ ക്യാമ്പുചെയ്തു വരുന്നു. അതിൻെറ പ്രത്യേക ആവശ്യമൊന്നും അവിടെയില്ല. ഈ പോലീസുക്യാമ്പു എന്തിനു് അവിടെ ഉണ്ടായി എന്നു ആർക്കും നിശ്ചയമില്ല. തോട്ടം മാനേജ്മെൻറിൻെറ ആവശ്യപ്രകാരമാണോ അവിടെ പോലീസു ക്യാമ്പുചെയ്യുന്നതെന്നു ഞാൻ അന്വേഷിച്ചു. അവരുടെ ആവശ്യപ്രകാരമല്ലെന്നു മനസ്സിലായി. അവരുടെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി തൊഴിലാളികൾ സംഘടിച്ചു് പ്രവർത്തിക്കുമ്പോൾ നിയമസമാധാനം പാലിക്കേണ്ട പോലീസു് മുതലാളിമാരുടെ ഭാഗത്തു ചേർന്നു നിന്നുകൊണ്ടു തൊഴിലാളികളുടെ പ്രവർത്തനങ്ങൾക്കു വിഘാതമായി പ്രവർത്തിക്കുന്നതും, അവരെ മർദ്ദിക്കുന്നതും ഈ മാതിരി തോന്ന്യാസങ്ങൾ കാണിക്കുന്നതും ജനാധിപത്യമര്യാദയനുസരിച്ചു് തുടർന്നുകൊണ്ടു പോകുവാൻ പാടില്ല, അതു തെററാണു്.

കോട്ടയം ലാക്കപ്പിൽ തക്കല ലാക്കപ്പിലുണ്ടായതുപോലെ ക്ഷുരകന്മാരെ പലപ്പോഴും നടത്തുന്നുണ്ട്. പോലീസ് സ്റ്റേഷനുകളിലേയ്ക്കു സ്റ്റേഷനറി നൽകുമ്പോൾ ഇനി നല്ല ക്ഷുരകത്തികളുംകൂടി കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. നിർബന്ധപൂർവ്വമായ ശിരോമുണ്ഡനം പല സ്ഥലങ്ങളിലും നടത്തുന്നുണ്ട്. സാധാരണ സെൻട്രൽജയിലിൽചെന്നാലുടൻ തലമുടി വടിച്ചു കളയുന്ന ഒരു ഏർപ്പാടുണ്ട്. അവിടെ പോലും മുസ്ലീങ്ങൾക്ക് അവരുടെ മീശ വടിക്കാതിരിക്കാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ കോട്ടയം ലാക്കപ്പിൽ പ്രത്യേകിച്ചും കോട്ടയം കസ്ബാസ്റ്റേഷനിൽ അവിടത്തെ സബ്ഇൻസ്പെക്ടർ മുസ്ലീങ്ങൾക്കു അനുവദിച്ചിട്ടുള്ള ആ മീശവക്കാനുള്ള അവകാശംപോലും സമ്മതിച്ചിട്ടില്ല. അടുത്ത ഒരു ദിവസം ഒരു മുസ്ലീം തടവുകാരനെ, ഒരു കള്ളക്കേസ്സിൽ പ്രതിയാക്കിയ ഒരു രാഷ്ട്രീയ തടവുകാരനെ സ്റ്റേഷനിൽവച്ചു അയാളുടെ തലവടിക്കുകയും മീശ വടിപ്പിക്കുകയും ചെയ്യുകയുണ്ടായി.

കോട്ടയത്തു് രണ്ടാഴ്ചക്കുമുൻപ് ഒരാൾക്ക് സെഷൻസ് കോടതിയിൽ നിന്നും ശിക്ഷനൽകി, എന്നാൽ അന്നുതന്നെ അയാൾക്കു ജാമ്യം അനുവദിക്കുകയുണ്ടായി. ശിക്ഷിച്ചു ഉടനെതന്നെ അയാളെ പോലീസ്സ്റ്റേഷനിലേക്കു കൊണ്ടുപോയി. അരമണിക്കൂറിനകം ജാമ്യം അനുവദിപ്പിച്ചു ജാമ്യക്കാരും വക്കീലുമായി സ്റ്റേഷനിൽചെന്ന അവസരത്തിൽ പ്രതി കേശവക്കുറുപ്പെന്നയാൾ തീരെ അവശനായി എഴുന്നേൽക്കാൻപോലും നിവൃത്തിയില്ലാതെ കിടക്കുന്നതായി കാണുകയുണ്ടായി. അയാൾക്കു എഴുന്നേററുനില്ക്കാൻ നിവൃത്തിയില്ലാതാകത്തക്കവിധം പൈശാചികമായി അയാളെ മർദ്ദിച്ചു. കിടക്കുന്നതുകണ്ടു പോലീസുകാർ ബലം പ്രയോഗിച്ചു് അയാളുടെ വായിൽ കള്ളു ഒഴിച്ചുകൊടുത്തു. എന്നിട്ട്, എഴുന്നേററുനില്ക്കാൻ നിവൃത്തിയില്ലാതെ അയാൾ മദ്യപിച്ചു് ബോധം കെട്ടു കിടക്കുകയാണെന്നു അവർ പറയുകയുണ്ടായി. ഈ വിധത്തിൽ യാതൊരു രക്ഷയുമില്ലാതെ, ജീവനോ, ധനത്തിനോ, അഭിമാനത്തിനോ സംരക്ഷണമില്ലാത്ത ഒരു നിലയാണു ഇന്നുണ്ടായിരിക്കുന്നതു്. ഇങ്ങനെയുള്ള പോലീസുകാരുടെ മർദ്ദനഭരണത്തെ പോലീസ് ഡിപ്പാർട്ടുമെൻറു ശരിയായി നിയന്ത്രിക്കേണ്ടതാണ്.

ഇതുമാത്രമല്ല, ഇത്രവലിയ വ്യയം ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി ഈ കൊച്ചു രാജ്യത്തു നടത്തിക്കൊണ്ടുപോകേണ്ടതായിട്ടുണ്ടോ? ഇതിനു തക്കവണ്ണമുള്ള ആവശ്യം ഇവിടെയുണ്ടോ എന്നു് നാം ആലോചിക്കേണ്ടതാണ്. ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കുള്ള ചെലവു ആണ്ടുതോറും വർദ്ധിച്ചു വർദ്ധിച്ചു വരികയാണ്. പോലീസുഡിപ്പാർട്ടുമെൻറിനുവേണ്ടി ഗവണ്മെൻറ് വളരെയേറെ തുകകൾ ഇപ്പോൾ ചിലവാക്കിക്കൊണ്ടിരിക്കയാണ്. കഴിഞ്ഞവർഷം വ്യ ഫ ലക്ഷത്തിൽപ്പരം രൂപ നീക്കിവച്ചിരുന്നതു ഇപ്പോൾ ന്ദ ര ലക്ഷം ആയിട്ടുണ്ട്.

Mr. Speaker: You are going to the general policy of the Department.

ശ്രീ. പി. മാസ്കരൻ നായർ : എനിക്കു അവസാനമായി പ്രത്യേകം ഓർമ്മിക്കാനുള്ളതു ഗവണ്മെൻറും മന്ത്രിസഭയും ഇതു കണ്ടില്ല, കേട്ടില്ല എന്നുള്ള ഒരു മട്ടിലാണു ഇവിടെ സംഭവങ്ങൾ നടക്കുന്നതു്. ഈ സംപ്രദായം നിർ

[ശ്രീ. പി. ഭാസ്കരൻ നായർ]

ത്തണം. കീഴദ്യോഗസ്ഥന്മാരെ മുറക്കു ശരിയായി നിയന്ത്രിക്കണം. ഇന്നു ജനങ്ങളെ പോലീസുകാർ അങ്ങേ അററം മർദ്ദിക്കുകയും തൊഴിലാളി പ്രവർത്തനങ്ങളെ വിഘാതപ്പെടുത്തുകയും, ട്രേഡ്യൂണിയൻ പ്രവർത്തനങ്ങൾക്കു പ്രതിബന്ധങ്ങൾ വരുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽ നിന്നും കീഴദ്യോഗസ്ഥന്മാരെ തടയേണ്ടതാണ്.

അതുപോലെതന്നെ സാംസ്കാരികകാര്യങ്ങളിലും, അതായതു്, നാടകം നടത്തുന്നതിലും മററുമുള്ള കാര്യങ്ങളിൽ ഈ കീഴദ്യോഗസ്ഥന്മാർ ഇടപെട്ടു ആളുകളുടെ ഒപ്പുശേഖരണം നടത്തുകയും, നാടകം നടത്തിയാൽ മാനം ഇടിഞ്ഞു വീഴുമെന്നും കടൽവന്നു മൂടുമെന്നും പറഞ്ഞു് അതു് നിരോധിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്തുവരുന്നു. നാടകം സാധാരണ ടിക്കററവച്ചും കൊട്ടകയിൽ വച്ചുമാണല്ലോ നടത്തുന്നതു്. അവിടെ ആരെങ്കിലും അക്രമം പ്രവർത്തിക്കുകയാണെങ്കിൽ ആ അക്രമത്തെ തടയുന്നതിനല്ലേ അവർക്കു ശമ്പളം കൊടുക്കുന്നതു്? അതിനു പകരം അവിടെ നിയമസമാധാനലംഘനമുണ്ടാകുമെന്നു പറഞ്ഞു പോലീസു ഉദ്യോഗസ്ഥന്മാർ അതു നിരോധിക്കണമെന്നു പറഞ്ഞു നടക്കുന്നു. ഈമാതിരി പ്രവർത്തനങ്ങളിൽനിന്നു ഈ ചിററുദ്യോഗസ്ഥന്മാരെ ശരിയായി നിയന്ത്രിക്കണം. ഇതുപോലുള്ള പോലീസുമർദ്ദനങ്ങളെപ്പററിയാണ് എനിക്കു പ്രത്യേകമായി പറയാനുള്ളതു്. ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: ഞാനീ ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു ഇവിടത്തെ പോലീസ്സ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലയേപ്പററിയും,

Mr Speaker: I would request the members to remember one fact. The mover of a motion can speak for 10 minutes and those who speak in support 5 minutes. Please see that time is not exceeded.

ശ്രീ. എം. വി. ചെറിയാൻ: സർ, ഈ രാജ്യത്തു് സമാധാനം പാലിക്കുന്നതിനും ജീവനും വസ്തുവകകൾക്കും സുരക്ഷിതത്വം ഉണ്ടാകുന്നതിനും പോലീസ് സൈന്യം അത്യാവശ്യമാണെന്നുള്ള അഭിപ്രായത്തെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഇവിടെ പോലീസ്ഡിപ്പാർട്ടുമെൻറിൽ ശമ്പളങ്ങളും ഉദ്യോഗസ്ഥന്മാരും വർദ്ധിപ്പിക്കുന്നതിലും അവർക്കു വേണ്ടി വാഹനസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും അവർക്കു് താമസസൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിലും മേലുദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നതിൽ അവരെ അനുമോദിക്കണം. ഇവിടെ പറയുകയുണ്ടായി— പല സ്ഥലങ്ങളിലും സമാധാനലംഘനമുണ്ടാകുന്നതിൽ പോലീസ് ഇടപെടുന്നു എന്നും ഇവിടത്തെ പോലീസിനെക്കൊണ്ടു രാജ്യരക്ഷ സാദ്ധ്യമല്ല എന്നും—സർ, ഞാൻ ചോദിക്കുകയാണ് ഈ രാജ്യത്തു അസമാധാനങ്ങളുണ്ടോ എന്നു്. സമാധാനലംഘനമുണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് ഇടപെട്ടു് സമാധാനം പാലിക്കാതെ നിവൃത്തിയില്ല. സർ; ഈ രാജ്യത്തു പോലീസിനെ ജനങ്ങൾക്കു വലിയ പേടിയാണെന്നും അവരെക്കൊണ്ടു ജനങ്ങൾക്കു ജീവിക്കുന്നതിനു സാദ്ധ്യമല്ലെന്നും പറഞ്ഞു കേട്ടു. എന്നാൽ ഇവിടെ പോലീസിനെ ഭയപ്പെടുന്നവർ കള്ളന്മാരും കൊള്ളക്കാരുമാണെന്നു ഞാൻ വിശ്വസിക്കുന്നു.

സർ, പശ്ചിമമല സംഭവത്തെപ്പററി പ്രതിപക്ഷത്തിരിക്കുന്ന ബഹുമാനപ്പെട്ട സ്നേഹിതന്മാർ പരാമർശിക്കയുണ്ടായി. അവിടെ സമാധാനലംഘനമുണ്ടായി എന്നുള്ളതു വളരെ ശരിയാണ്. പശ്ചിമമലയിൽ പോലീസുകാർ കൊടികുത്തി ഭരണം നടത്തി എന്നുള്ളതിനെ സംബന്ധിച്ച് ഈ സഭയിൽതന്നെ പലപ്രാവശ്യം വാദപ്രതിവാദമുണ്ടായി. അങ്ങിനെ ഒരു പരിതഃസ്ഥിതിയുണ്ടായതിന്റെ ഫലമായി അവക്ക് വേറെ രീതിയിൽ സേവനം നടത്താൻതന്നെ വിഷമമായിരുന്നു. അന്നു പശ്ചിമമലയിൽ സമാധാനം പാലിക്കുന്നതിനു പോലീസിന്റെ ഇടപെടൽ വളരെ ആവശ്യമായിരുന്നു. എന്നാൽ അതു ചിലകൂട്ടക്ക് അവരുടെ ഉദ്ദേശസാദ്ധ്യത്തിനു വിഘാതമായിത്തീർന്നതുകൊണ്ടു അവർ അതിനെ വിമർശിക്കയുണ്ടായി. ഇന്നു ഈ രാജ്യത്തു സമാധാനം പാലിക്കേണ്ടതു പോലീസിന്റെ ചുമതലയാണ്. ആ രാവണന്മാരെ അതായതു പശ്ചിമമലയിൽ സമാധാനലംഘനമുണ്ടാക്കിയ ആ പശ്ചിമമല രാവണന്മാരെ ഓടിക്കേണ്ടതു ഇവിടുത്തെ പോലീസ് ഡിപ്പാർട്ടുമെൻറിന്റെ കടമയാണ്. അതേസമയത്തുതന്നെ അവർ ജനങ്ങളുടെ സമാധാനത്തെ സംരക്ഷിക്കേണ്ടവരുമാണ്. ഈ വിഷയത്തെപ്പററി പിന്നെയും പിന്നെയും ചർച്ചിതചർച്ചണം ചെയ്യുന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണുചെയ്യുന്നത്.

സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള കുത്താട്ടുകുളത്തും ഇതുപോലെയുള്ള സംഭവങ്ങൾ പല പ്രാവശ്യവും ഉണ്ടായിട്ടുണ്ട്. അവിടെ പാവപ്പെട്ട ഒരു പോലീസ് കാൻസ്റ്റബിളിനെ വധിക്കയുണ്ടായി. അതു ആരു്, ആക്കുവേണ്ടി എന്താവശ്യത്തിനുചെയ്തു? ഈ രാജ്യത്തു സമാധാനലംഘനം ഉണ്ടാകാതിരിക്കാൻ കഴിവുള്ളവണ്ണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പോലീസിനെ ആക്ഷേപിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടർ ഇതിനെ അനുകൂലിക്കുകയാണു ചെയ്തതു്. അതുപോലെ ഇക്കൂട്ടർക്ക് ഒരു പക്ഷെ പ്രത്യേകമായ പല രാഷ്ട്രീയോദ്ദേശങ്ങളുമുണ്ടായിരിക്കാം. അവക്ക് അവരുടെ പ്രത്യേകലക്ഷ്യങ്ങൾ സാധിക്കുന്നതിനുവേണ്ടി അതായതു മാർക്സിന്റെ തത്വങ്ങൾ സാധിതപ്രായമാക്കുന്നതിനുവേണ്ടി കുരുതിക്കൂട്ടി ചില പ്രവർത്തികൾ ചെയ്യുന്നതാണ്. എന്നാൽ അതിനു് പാവപ്പെട്ട പോലീസുകാരനെ കുത്തിയതെന്തിനാണ്? ഈ മാതിരി കൂട്ടുകുളത്തുമാത്രമല്ല. മററു സ്ഥലങ്ങളിലും കൊലയും കൊള്ളയും നടത്തിയിട്ടുള്ള അക്രമികൾക്ക് പലും പുഞ്ചിരിയും പോലീസുകാർ കൊടുക്കണമെന്നാണോ പറയുന്നതു്? ഈ മാതിരി അക്രമങ്ങളെ നേരിടേണ്ടതു ഈ പോലീസിന്റെ ചുമതലയാണെന്നു ഞാൻ വിശ്വസിക്കുന്നു. ഈമാതിരി അക്രമങ്ങൾ അഴിച്ചുവിട്ടുകഴിഞ്ഞതിനുശേഷം സമാധാനമായി ജീവിക്കുന്ന ആളുകളുടെ ഭവനങ്ങളിൽ അക്രമികൾ ഒളിവിൽ ഇരിക്കുന്നുണ്ടെന്നു ഇക്കൂട്ടർ ധൈര്യമായി പോലീസുകാർക്ക് അറിവുകൊടുക്കുകയും തൻമൂലം സമാധാനകാംക്ഷികളായ ജനങ്ങൾക്ക് ഉപദ്രവങ്ങൾക്കിടയാവുകയും ചെയ്യുന്നു. ഇങ്ങനെ ഈ കൂട്ടർ തന്നെയാണ് നാട്ടിൽ സമാധാനലംഘനത്തിനു ബീജാവാപം ചെയ്യുന്നതു് എന്നും ഞാൻ അറിയിച്ചുകൊള്ളുന്നു.

അതുപോലെതന്നെ അവിടെയുള്ള മറെറാരു സ്ഥലമായ ഇടയാററിൽ ഈ കൂട്ടർ സമാധാനത്തിനുവേണ്ടിയാണോ ഒരു വീട്ടിൽ വാക്ക

[ശ്രീ. എം. വി. ചെറിയാൻ]

ത്തിയും വെട്ടുകത്തിയുമായി ചെന്നു ആ ഗൃഹനാഥന്റെ പുരയ്ക്കു തീവയ്ക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും അവരുടെ ആടുമാടുകളെപ്പോലും അരിഞ്ഞു വീഴ്ത്തുകയും ചെയ്തു? ആ പ്രതികളെ അറസ്റ്റുചെയ്തു എന്നാണോ പറയുന്നതു? ഈമാതിരി അക്രമങ്ങൾ ഈ രാജ്യത്തിനുണ്ടാകാതിരിക്കുന്നതിനും സമാധാനം കൈവരുത്തുന്നതിനും തീർച്ചയായും ഇവിടെ പോലീസ് സൈന്യത്തെ ഊർജ്ജിതപ്പെടുത്തുകതന്നെവേണമെന്നു എനിക്കു ഖണ്ഡിതമായ അഭിപ്രായമുണ്ടു്.

ശ്രീ. എൻ. ഏ. നൂർമുഹമതു: ஸர், நாகர்கோவில் நகரத்தில் கூடுதலாக ஒரு போலீஸ் ஸ்டேஷன் ஸ்தாபிப்பதின் அவசியத்தைப் பற்றிக் கூற விரும்புகிறேன். நாகர்கோவிலில் 85,000-க்கு மேல் ஜனத்தொகை உண்டு. இந்த ஜனத்தொகை டௌண் விஸ்தரிப்பினால் ஏற்பட்டதாகும். நகரம் விஸ்தரிக்கப்பட்டாலும் நகரப் போலீஸின் ஆள்பலம் கூட்டப்படவில்லை. நாகர்கோவிலில் இருக்கும் கோட்டாறு போலீஸ் ஸ்டேஷனில் 1952-ல் 219 காக்னைசபிள் கேஸ்களும் 661-பெற்றி கேஸ்களும் பதிவு செய்யப்பட்டிருக்கின்றன. 1952-ல் 7500-க்கு மேல்ப்பட்ட ப்ராஸஸ்கள் அந்த ஸ்டேஷனில் கிடைத்திருக்கின்றன. இதற்கு மேல் நூற்றுக்கணக்கான அர்ஜிகள் வந்துகொண்டிருக்கின்றன. இத்தகைய ஜோலிகள் உள்ள ஒரு நகரில் ஒரு ஸ்டேஷன்கொண்டு போதாது என்று நான் கூறவேண்டியதில்லை.

நாகர்கோவில் நகரில் எவ்வளவோ களவுகள் நடந்துகொண்டிருக்கின்றன. நான் தாமசிக்கும் ராமவர்மபுரத்தில் என் வீட்டின் சமீபத்திலும் ஒரு பெரிய களவு நடந்தது. இத்தகைய களவுகள் இதுவரையிலும் கண்டுபிடிக்கப்படவில்லை. நாகர்கோவிலில் ஒரு அனுபவம் முதிர்ந்த ஏ. எஸ். பி. யும், ஸர்கிள் இன்ஸ்பெக்டரும் உண்டு. ஆனால் அவர்களால் தகுந்த போலீஸ் படை இல்லாதவரையில், ஒன்றும் செய்துகொள்ள முடியாது. ஆகவே தான் நாகர்கோவிலில் கூடுதலாக ஒரு போலீஸ் ஸ்டேஷன் வேண்டுமென்று வலியுறுத்துகிறேன்.

கொல்லம், ஆலப்புழை, எர்ணாகுளம் முதலிய நகரங்களில் இரண்டு போலீஸ் ஸ்டேஷன்கள் வீதம் உண்டு. இரண்டு லக்ஷம் ஜனத்தொகை உள்ள திருவனந்தபுரம் நகரத்தில் நான்கு போலீஸ் ஸ்டேஷன்கள் உண்டு. இந்த நகரங்களில் எல்லாம் இரண்டு வீதம் ஸ்டேஷன்கள் இருப்பதால் எங்கள்நகருக்கும் இரண்டு ஸ்டேஷன்கள் வேண்டுமென்று கூறவில்லை. ஆனால் அங்கு மக்களுடைய சொத்துக்கும், உடமைக்கும் தகுந்த பாதுகாப்பு கொடுக்கவேண்டுமென்ற நோக்கத்தோடு நாகர்கோவிலில் கூடுதலாக ஒரு போலீஸ் ஸ்டேஷன் வேண்டுமென்று வலியுறுத்துகிறேன். இப்பொழுது கோட்டாற்றில் ஒரு ஸ்டேஷன் உண்டு. நாகர்கோவில் பாகத்தில் ஒரு போலீஸ் ஸ்டேஷன் நிறுவவேண்டும். இந்தக் காரியத்தில் போலீஸ் மந்திரியும், ஐ. ஜி. யும் தகுந்த நடபடி எடுக்க வேண்டுகிறேன்.

Mr. Speaker: Again I have to bring to the notice of the hon. Members occupying my right side that the purpose for which discussion on cut-motions is allowed is primarily for giving an opportunity to the members to criticise the policy of the Government so far as the particular grant and the Department are concerned. The parliamentary convention is that opposition Members must be given preference to move cut-motions. The hon. Members please bear this in mind.

ശ്രീ. പരീതുറാവുത്തർ: സർ, പോലീസു ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് അൽപ്പസ്വൽപ്പം അതൃപ്തികൾ നാട്ടിൽ ഉണ്ടായിട്ടുണ്ടെങ്കിലും പൊതുവെ പറയുന്നപക്ഷം, അതായതു്, മാനംമര്യാദയായിട്ട് ജീവിതം നയിക്കുന്നവർക്ക് സമാധാനത്തോടുകൂടി കഴിയുന്നതിനുള്ള ഒരു പശ്ചാത്തലം നമ്മുടെ പോലീസ് സൃഷ്ടിച്ചിട്ടുണ്ടെന്നു പറയാതിരിക്കാൻ തരമില്ല. അക്രമികളായും ചട്ടമ്പികളായും കള്ളംകടിച്ച് ആരോടും പോരാടുന്നതിനു യാതൊരു കൂസലുമില്ലാതെ ഇറങ്ങിപ്പുറപ്പെടുന്ന ആളുകളെ നിശ്ചയമായിട്ടും അടിച്ചമർത്തിയിട്ടുണ്ടെങ്കിൽ അതിൽ പോലീസിനെ കുററപ്പെടുത്താനില്ല. സത്യസന്ധതയോടും ന്യായദീക്ഷയോടും കൂടി സേവനമനുഷ്ഠിക്കുന്ന ഒരു പോലീസുദ്യോഗസ്ഥന്റെ പേരിൽ ഇവിടത്തെ പ്രതിപക്ഷങ്ങളിൽ ചിലർ ഇല്ലാത്ത ആരോപണങ്ങളെല്ലാം എഴുതിപ്പിടിപ്പിച്ച് പെററീഷൻ കൊടുക്കുകയുണ്ടായി. അതുമാത്രമല്ല, അദ്ദേഹത്തെ കഠിനമായി ശിക്ഷിക്കണമെന്നും സ്ഥലം മാററണമെന്നും മററും ശുപാർശകളും ചെയ്തിട്ടുള്ളതായി എനിക്കറിവു കിട്ടിയിരിക്കുന്നു.

Mr. Speaker: I may also invite the attention of hon. Members to this fact. Of course, certain incidents have been mentioned by hon. Members. Now you are going to give some other incidents. If hon. Members indulge in making such speeches, supporting and opposing indivdual officers, they are likely to prejudice one or other in the department.

ശ്രീ. പരീതുറാവുത്തർ: സർ, എന്റെ അറിവിൽപെട്ട ചില പരമാർത്ഥങ്ങളെയാണു ഞാൻ പറയണമെന്നു വിചാരിക്കുന്നതു്.

Mr. Speaker: The truth is one thing. But it should not be prejudicial to some party or other. You may say it in a general way.

ശ്രീ. പരീതുറാവുത്തർ: സർ, ഈ അടുത്ത കാലത്തു ആറന്മുള പോലീസു ഇൻസ്പെക്ടർ ആ നാട്ടിലുള്ള ചില അക്രമികളുടെ അനീതിപരമായ പെരുമാററത്തെ തടയാൻ ശ്രമിച്ചു. അങ്ങനെ ശ്രമിച്ചതിന്റെ ഫലമായി അതിൽനിന്നും പല പ്രത്യാഘാതങ്ങളും ഉണ്ടാകാൻ ഇടയായി. കൈക്കൂലിയൊ അഴിമതിയൊ വഞ്ചനയൊ ഒന്നുമില്ലാത്ത ഈ ഉദ്യോഗസ്ഥൻ ഈ അക്രമികളുടെ പേരിൽ നിയമപരമായ നടപടികൾ കൊണ്ടാണു് അവരെ അമർത്തിയതു്. ഇതുപോലെ പല അക്രമികളേയും അമർച്ച ചെയ്തിട്ടുണ്ടു്. ഇതരം അക്രമികളെ ഇളക്കിവിട്ടു

[ശ്രീ. പരിതുറാവുത്തർ]

അക്രമം പ്രവർത്തിക്കുന്നതിൽ ഒരുകൂട്ടം ആളുകൾക്ക് വളരെ താൽപ്പര്യമുള്ളതുകൊണ്ടാണ് ഈ വിധ സംഭവങ്ങൾ കൂടുതലും ഉണ്ടാകുന്നത്. ഈ ഇൻസ്പെക്ടരുടെ പേരിൽ കള്ള ഹർജികളും മററും അയയ്ക്കുകയും അദ്ദേഹം അവിടെ നിന്നും സ്ഥലംമാററാനായിട്ടു വേണ്ടവിധം ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അതേസമയം അദ്ദേഹത്തിനു പ്രമോഷനൊന്നും കൊടുത്തില്ലെങ്കിലും അവിടെ നിന്നും സ്ഥലംമാററാൻ പാടില്ലെന്നു വിചാരിക്കുന്ന മറെറാരു ജനതതിയും ആറന്മുളയുണ്ട്. അസംബ്ലി ഇവിടെ സമ്മേളിക്കുന്നതുകൊണ്ട് ചട്ടമ്പിമാരെ പ്രേരിപ്പിക്കാൻ നാട്ടിൽ ആളുകളില്ല. അതുകൊണ്ട് ശല്യങ്ങൾക്ക് കുറെ കുറവുണ്ട്. ഈ അസംബ്ലി സമ്മേളനം കഴിയുമ്പോൾ ചട്ടമ്പിശല്യം പിന്നെയും അവിടങ്ങളിൽ തലപൊക്കിക്കൂടെന്നും. സർ, എനിക്കു മറെറാരു സംഗതികൂടി ഈ സഭയെ അറിയിക്കുവാനുണ്ട്.

മി. സ്പീക്കർ : അധികം സമയമില്ല. ബഹുമാനപ്പെട്ട മെംബർക്കു പറയാനുള്ളത് പെട്ടെന്നു പറഞ്ഞുതീർക്കേണ്ടതാണ്.

ശ്രീ. പരിതുറാവുത്തർ : സർ, പട്ടണങ്ങളിൽ അഗ്നിബാധ ഉണ്ടാകുന്ന അവസരം അതിനെ ശമിപ്പിക്കുന്നതിനുവേണ്ടി ഒരു വിഭാഗം പോലീസുകാർ കൺട്രോൾമെൻറ് പോലീസു ഇൻസ്പെക്ടരുടെ നേതൃത്വത്തിൽ ജോലിചെയ്യുന്നുണ്ട്. രാത്രിയും പകലും ഇവർ സ്ഥലം വിടാതെതന്നെ കാത്തുകെട്ടികിടന്നു ജോലിചെയ്യുകയാണ്. ഇൻസ്പെക്ടരാണ് ഇവരെക്കൊണ്ട് ഭംഗിയായി ജോലി നിർവഹിപ്പിക്കുന്നത്. പല സമയങ്ങളിലും ഉണ്ടായിട്ടുള്ള അഗ്നിബാധയെ ഈ കൂട്ടർ ശമിപ്പിക്കുകയും വലിയ നഷ്ടങ്ങളിൽ നിന്നും ഉടമസ്ഥന്മാരെ രക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഇത്ര കൃത്യമായിട്ടു ജോലി ചെയ്യിപ്പിക്കുന്നതു ഇൻസ്പെക്ടരുടെ സാമർത്ഥ്യം കൊണ്ടാണ്. ഇൻസ്പെക്ടർക്ക് അദ്ദേഹത്തിൻെറ അധികാരാതിർത്തിയിൽ ഉള്ള ജോലികൾക്കു പുറമെ കോർട്ടു ഡ്യൂട്ടിയും, അതിനുംപുറമെയാണ് ഈവക ചുമതലയും ഉള്ളത്. എന്നാൽ രണ്ടുരക്കൊല്ലങ്ങൾക്കുമുമ്പ് വരെ അദ്ദേഹത്തിനു ജോലിക്കൂടുതലിൻെറ ഫലമായിട്ടു അലവൻസ് എന്ന നിലയിൽ പതിനഞ്ചുരൂപ കൊടുത്തുകൊണ്ടിരുന്നു. അതു നിറുത്തലാക്കിട്ടു ഇപ്പോൾ രണ്ടുവർഷം കഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിൻെറ ജോലിയ്ക്ക് യാതൊരു കുറവും ഇന്നും സംഭവിച്ചിട്ടില്ല. ജോലിക്കൂടുതലിനെ ആസ്പദമാക്കി ഈമാതിരി ഉദ്യോഗസ്ഥന്മാർക്ക് പ്രോൽസാഹനം നൽകേണ്ടതു് ഗവണ്മെൻറിൻെറ കടമയാണെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. നീതിപരിപാലനത്തിൽ ബദ്ധശ്രദ്ധരായിരിക്കുന്ന ഇത്തരം ഉദ്യോഗസ്ഥന്മാർക്ക് അവർ അർഹിക്കുന്ന ഒരു അലവൻസുകൂടി കൊടുക്കുന്നതു് കാര്യക്ഷമതയ്ക്ക് ഉത്തേജനം കൊടുക്കുകയാണെന്നുള്ളതിനു സംശയമില്ല.

മറെറാരു സംഗതി എനിക്കു പറയാനുള്ളതു് ഇവിടത്തെ റിസർവ് പോലീസിനെ സംബന്ധിച്ചാണ്. ഇവർക്ക് താമസത്തിനുള്ള സ്ഥലസൗകര്യം റിസർവ്ക്യാമ്പിനടുത്തുതന്നെ ഉണ്ടാക്കിക്കൊടുക്കേണ്ടതാണ്, മിക്കവാറും ക്യാമ്പിനു പുറത്തുതന്നെ താമസിക്കുന്നതുകൊണ്ട് വളരെ അസൗകര്യങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. രാജ്യത്തു നീതി പരിപാലനത്തിനുവേണ്ടി വളരെ ശ്രദ്ധയോടും താൽപ്പര്യത്തോടും പ്രവർത്തിക്കുന്ന

ഈ കൂട്ടക്ക് അവരർഹിക്കുന്ന പ്രോൽസാഹനങ്ങൾ ലഭിക്കാത്തതിൽ സർ, എനിക്ക് അതിയായ ഖേദമുണ്ട്. നാട്ടിൽ അപ്പോഴപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന അനീതികളേയും അക്രമങ്ങളേയും അടിച്ചമർത്തി ജനങ്ങൾക്ക് സ്വൈരമായും ശാന്തിയോടുകൂടിയും ജീവിക്കുന്നതിനു സാധിക്കത്തക്കവണ്ണമുള്ള ഒരു പരിതസ്ഥിതി ഉണ്ടാകണമെങ്കിൽ, അങ്ങനെ ഉണ്ടാകണമെന്നു ഗവണ്മെൻറ് യഥാർത്ഥത്തിൽ വിചാരിക്കുന്നുവെങ്കിൽ, നമ്മുടെ പോലീസിനെ പ്രോത്സാഹിപ്പിച്ചുസുശക്തമാക്കണം. ഞാൻ മുമ്പു പറഞ്ഞ സംഗതികളെല്ലാം ഗവണ്മെൻറ് സദയം വീക്ഷിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker: Order, order, please. Now the House will realise that so far only a cut motion under 'Superintendence' could be discussed. If the House is agreeable I will go to Cut Motion No. 15 standing in the name of Shri R. Gangadharan, which is a Motion for reduction of total allotment. There you can discuss the whole policy and direction of the Department. May I resort to this suggestion?

The House agreed.

Mr. Speaker: Mr. Gangadharan will move Cut Motion No. 15.

Shri. R. Gangadharan : Sir, I move:

To reduce the allotment of Rs 5,33,600 for Superintendence by Re 1.

സർ, ഗവണ്മെൻറ് നടപടികളെ സംബന്ധിച്ചു പ്രതിപക്ഷത്തിനിന്നും നിരൂപണങ്ങൾ ഉണ്ടാകുമ്പോൾ ആ നിരൂപണങ്ങൾ നിരൂപണങ്ങൾക്കുവേണ്ടി മാത്രമാണെന്നു കാൺഗ്രസ് ബഞ്ചുകളിൽനിന്നു ഒരു സമാധാനം സാധാരണ ഉണ്ടാകാറുണ്ട്. എന്നാൽ വസ്തുതകളുടേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ ഉണ്ടാകുന്ന നിരൂപണങ്ങൾക്ക് ഈ സമാധാനം ഒരിക്കലും പര്യാപ്തമായിരിക്കുന്നതല്ല. ഞങ്ങളുടെ നിരൂപണങ്ങൾകൊണ്ട് യാതൊരു പ്രയോജനവുമില്ലെന്നും നേരെമറിച്ച് അവ എത്രത്തോളം ന്യായമുള്ളതായിരുന്നാലും, വിപരീത ഫലങ്ങളാണുണ്ടാകാറുള്ളതെന്നും, ഞങ്ങൾക്ക് അനുഭവപ്പെട്ടിട്ടുണ്ട്. വളരെ അനീതിയും അക്രമവും കാണിച്ച ഒരു പോലീസു ഇൻസ്പെക്ടരുടെ പേരിൽ ഞങ്ങൾ നാലഞ്ചു ഐക്യമുന്നണി എം. എൽ. എമാർ ചേർന്നു പരാതി പറയുകയുണ്ടായി. അതിൻെറ ഫലമായി അയാളുടെ പേരിൽ യാതൊരു നടപടികളും എടുത്തിട്ടില്ലെന്നു മാത്രമല്ല, അയാൾക്ക് പ്രോത്സാഹനങ്ങൾ നൽകുകയുമാണു ചെയ്തത്. ഈയിടെ ഒരു ഇൻസ്പെക്ടർ പറയുകയാണ് "എനിക്ക് ഈ സ്റ്റേഷനിൽനിന്നു പോകാൻ വളരെ ആഗ്രഹമുണ്ട്.

[ശ്രീ. ആർ. ഗംഗാധരൻ]

എന്നാൽ ഐക്യമുന്നണി എം. എൽ. എമാർ എന്റെ പേരിൽ നടത്തിയ പരാതി നിമിത്തം, ഗവണ്മെന്റ് എന്നെ ഇവിടെനിന്നും സ്ഥലം മാററാതെ വച്ചിരിക്കുകയാണെന്ന്." ഞങ്ങളുടെ നേരെയുള്ള ഗവണ്മെന്റിന്റെ മനോഭാവം ഇതാണ്. എന്നാലും ഞങ്ങൾക്ക് ഗവണ്മെന്റിനെ വിമർശിക്കേണ്ടതാവശ്യമുണ്ട്. ഫലമുണ്ടാകുമെന്നുള്ള പ്രതീക്ഷയില്ല. അഴിമതികളും കൊള്ളരുതായ്മകളും തുറന്നുകാണണമെന്നുള്ളതുകൊണ്ട് ബഹുജനങ്ങൾ എപ്പോഴും ഞങ്ങളുടെ കാര്യത്തായിരിക്കുകയും ചെയ്യും.

എനിക്കു പോലീസിന്റെ പേരിൽ രണ്ടു ആരോപണങ്ങളുണ്ടുള്ളത്. ഒന്ന് പോലീസിന്റെ കാര്യക്ഷമതയില്ലായ്മ. മറേറതു് പോലീസുനടപടികളിൽ കാണുന്ന അനീതിയും അക്രമവും. പോലീസിന്റെ ചുമതല ജനങ്ങളുടെ ജീവനും സമാധാനവും സംരക്ഷിക്കുകയും ചെയ്യുകയെന്നുള്ളതാണ്. ഈ വിഷയത്തിൽ നമ്മുടെ പോലീസ് തികച്ചും പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയാതെ തരമില്ല. ഇവിടെ ജീവനും ധനവും സുരക്ഷിതമല്ലാത്ത ഒരു സാഹചര്യം ഉണ്ടായിരിക്കുകയാണ്. മോഷണങ്ങളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടാണു വരുന്നതു്. ജനസംഖ്യയുടെ വർദ്ധനവ് ഇതിനൊരു കാരണമായി പറയാമെങ്കിലും, രാജ്യത്തിന്റെ ആരോഗ്യകരമായ നിലയ്ക്കിതു് ഒരിക്കലും അനുയോജ്യമല്ല. കഴിഞ്ഞ ഏതാനും മാസങ്ങൾക്കു മുമ്പ്, ഈ സംസ്ഥാനത്തിന്റെ തലസ്ഥാനവും, സുശക്തമായ എല്ലാ പോലീസു പ്രവർത്തനങ്ങളുമുള്ള ഈ തിരുവനന്തപുരം പട്ടണത്തിലുള്ള മ്യൂസിയത്തിൽനിന്നും, വിലപിടിപ്പുള്ള കുറച്ചധികം സാധനങ്ങൾ മോഷണം പോകുകയുണ്ടായി. ഇതുവരെ അതു് തെളിവിൽ വന്നിട്ടില്ല. അതുപോലെ പല മോഷണങ്ങളും തെളിവിൽ വരാതെ കിടപ്പുണ്ട്. പോലീസ് ചാർജ് ചെയ്യുന്ന കേസുകളിൽ ചിലതെല്ലാംതന്നെ യാഥാർത്ഥ്യങ്ങളിൽനിന്നും വിഭിന്നമായ നിലകളിലാണ്. ഒരു മോഷണം തെളിയാതെവന്നാൽ ആ സ്ഥലത്തു് തൊഴിലില്ലാതെ നടക്കുന്ന ആരെയെങ്കിലും അറസ്റ്റു ചെയ്തു് അവന്റെ പേരിൽ കേസെടുക്കുകയാണു ചെയ്യുന്നതു്. തൊഴിലില്ലാതെ വന്നതു് തൊഴിൽ കിട്ടാത്തതുകൊണ്ടായിരിക്കാം. ഇങ്ങനെ അറസ്റ്റു ചെയ്യപ്പെടുന്ന ആളുകൾ കേസു വാദിക്കാൻ തക്ക ധനശേഷിയുള്ളവരായിരിക്കുകയില്ല. ഇവർ എതിർവാദം നടത്താതെ കുററം ഏററു ശിക്ഷിക്കപ്പെടുകയാണു ചെയ്തുവരുന്നതു്. ഇനി വേറൊരു സംഗതികൂടിയുണ്ട്. ആ സ്റ്റേഷൻ അതിർത്തിയിൽ തെളിവില്ലാതെ കിടക്കുന്ന എല്ലാ മോഷണങ്ങളും ആ ആളുകൾക്കായി ഭാഗിച്ചു് അവരുടെ പേരിൽ കേസുകൾ ചാർജ് ചെയ്യുകയാണ്. കുററക്കാരെ കണ്ടുപിടിക്കാനുള്ള പോലീസിന്റെ കഴിവുകേടിനു നിരപരാധികളായ സാധുജനങ്ങൾ അനുഭവിക്കേണ്ടതായിട്ടാണു വന്നുകൂടിയിരിക്കുന്നതു്. പോലീസ് ചാർജു ചെയ്യുന്ന കേസുകളിൽ ഭൂരിഭാഗവും ശിക്ഷയിൽ വരാതെ പോകുകയാണ്. ചാർജിനുള്ള ന്യൂനതകളാണു ഇതിനുള്ള കാരണം. പോലീസിന്റെ അവിവേകവും, അജ്ഞതയുടെ ഫലമായും ഇങ്ങനെ സംഭവിക്കുന്നുണ്ട്. ഇതെല്ലാം പോലീസിന്റെ കാര്യക്ഷമതയില്ലായ്മയെയാണു വെളിവാക്കുന്നതു്.

പല കൊലപാതകങ്ങളും പോലീസ് റഫർ ചെയ്യുകഴിഞ്ഞിട്ടുണ്ട്. ചിറയിൻകീഴ്താലൂക്കിൽ ഏതാനും മാസങ്ങൾക്കുള്ളിൽ നടന്ന പല കൊലപാതകങ്ങളും ഇന്നു തെളിവില്ലാതെ കിടക്കുകയാണ്. ഒന്നരണ്ടു വർഷങ്ങൾക്കുമുമ്പ് വക്കത്തു ഒരു കൊലപാതകം നടന്നു. പോലീസ അതു് റഫർ ചെയ്യുകയാണു ചെയ്തതു്. നഗരൂർ എന്ന സ്ഥലത്തു് ഒരാളെ അടിച്ചുകൊന്നു കിണററിൽ കെട്ടിത്താഴ്ത്തി. അതും തെളിവില്ലാതെ പോയി. പരവൂർ ഒരു യുവതിയെ വെട്ടിക്കൊന്നു് ആററിൽ ഇട്ടിരുന്നു. അതും തെളിഞ്ഞിട്ടില്ല. അഞ്ചുതെങ്ങിൽ ഒരു ക്രിസ്ത്യൻ യുവതി കടപ്പുറത്തു് പാടുകൾ ഏററു മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു. ഈ സ്ത്രീ മരിക്കുന്നതിനു ഏതാനും ദിവസങ്ങൾക്കുമുമ്പുതന്നെ ചിലർക്കുടി ദേഹോപദ്രവം ഏൽപ്പിച്ചുവെന്നും, അവർതന്നെ ജീവാപായപ്പെടുത്താൻ ഇടയുണ്ടെന്നും വക്കല പോലീസിൽ ഒരു ഹർജി കൊടുത്തിരുന്നു. അതിന്മേൽ യാതൊരു അന്വേഷണവും നടന്നിട്ടില്ല. ഇങ്ങനെയിരിക്കെ ആണ് ആ സ്ത്രീ പരുക്കേററു മരിക്കാൻ ഇടവന്നതു്. ആ സ്ത്രീയുടെ ഹർജിയിൽ പറഞ്ഞിരുന്ന ആളുകൾ ഇന്നും യഥേഷ്ടം വിഹരിക്കുകയാണ്. കൊലപാതകം തെളിവില്ലാത്ത ഒരവസ്ഥയിലേയ്ക്കു് നീങ്ങിക്കൊണ്ടുമിരിക്കുന്നു. ഇതാണ്, സർ, ഇവിടത്തെ പോലീസിൻെറ കാര്യക്ഷമത. ശബരിമലക്ഷേത്രം വെന്തു നശിച്ചിട്ട് മൂന്നു വർഷങ്ങൾക്കുമേലായി. ഇതുവരെ കുററക്കാരെ കണ്ടുപിടിക്കാൻ നമ്മുടെ പോലീസിനു കഴിഞ്ഞിട്ടില്ല. ഇപ്പോഴും അന്വേഷണം നടന്നുവരുന്നുപോലും. ശബരിമലക്ഷേത്രം ഈ സംസ്ഥാനത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളുടേയും ആരാധനകേന്ദ്രമാണ്. അങ്ങനെയുള്ള ഒരു ക്ഷേത്രം ചുട്ടുനശിപ്പിക്കുകയും, ബിംബം അടിച്ചുടയ്ക്കുകയും ചെയ്തവരെ കണ്ടുപിടിക്കാൻ ഈ കഴിഞ്ഞ മൂന്നു വർഷത്തിനകം ഇവിടെത്തെ പോലീസിനു് സാധിച്ചിട്ടില്ലെന്നുള്ളതിൽനിന്നു് ഇവിടത്തെ പോലീസിൻെറ കാര്യക്ഷമതയില്ലായ്മയ്ക്കു മറവദാഹരണങ്ങൾ ആവശ്യമില്ല.

അടുത്തതായി പോലീസിൻെറ അനീതിയേയും അക്രമത്തേയും സംബന്ധിച്ചാണ് എനിക്ക് സംസാരിക്കേണ്ടതു്. അനീതിയും അക്രമവും ഉണ്ടാകുന്നതു് പ്രധാനമായി നാലു കാര്യങ്ങളെ ആശ്രയിച്ചാണ്; കൈക്കൂലി, ശുപാർശ, സ്വജനപക്ഷപാതം, സ്വാഭാവികമായ ദുർവ്വാസന.

കൈക്കൂലിയെ സാബന്ധിച്ചാണെങ്കിൽ ഇവിടെയുള്ള മിക്ക ബഹുമാനപ്പെട്ട മെമ്പറന്മാർക്കും നേരിട്ടോ, അല്ലാതേയോ, അതു് അനുഭവപ്പെട്ടിരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നതു്. ചെറുന്നിയൂർ ഉള്ള ഒരു പട്ടികജാതിക്കാരനിൽനിന്നും ഇരുന്നൂറു രൂപാ കൈക്കൂലി ആവശ്യപ്പെട്ടതിൽ കൊടുക്കാത്ത കാരണത്താൽ വക്കല പോലീസ് ഇൻസ്പെക്ടർ അയാളെ പിടിച്ചുകൊണ്ടുപോയി ലാക്കപ്പിൽവച്ച് മർദ്ദിക്കുകയുണ്ടായി. ഇങ്ങനെ എത്രയോ കൈക്കൂലിക്കാര്യങ്ങൾ ഈ രാജ്യത്തു നടക്കുന്നുണ്ട്. ഒരു പാവപ്പെട്ടവൻ ഒരു ഹർജിയുമായി പോലീസ് സ്റ്റേഷനിൽ ചെന്നാൽ എതുകക്ഷി സ്വാധീനമുള്ളവനാണെങ്കിൽ ഹർജിക്കാരനെ മർദ്ദനവും അയാൾ പ്രതിയാകുന്ന സാഹചര്യവുമാണ് ഇന്നുള്ളതു്. സ്വന്തം ജാതക്കാരോടു് മുമത കാണിക്കുന്ന പതിവും ഇവിടെ വിരളമല്ല. പോലീസിൻെറ സ്വാഭാവികമായ ദുർവ്വാസനകളുടേയും ഫലം അനുഭവിക്കേണ്ടതു

[ശ്രീ ആർ. ഗംഗാധരൻ]

ഇന്ന് പൊതുജനങ്ങളായിത്തീർന്നിരിക്കുന്നു. പോലീസ് ഇൻസ്പെക്ടരെ കണ്ടാൽ എഴുന്നേററില്ലെങ്കിൽ പ്രഹരമാണ്. സ്ത്രീകളുടെ നേരെയുള്ള അപമര്യാദകൾക്ക് ഒട്ടും കുറവില്ല. ഇങ്ങനെ നോക്കിയാൽ നമ്മുടെ പോലീസ് സകലവിധത്തിലും അധഃപതിച്ചിരിക്കുന്നുവെന്ന് കാണാൻ യാതൊരു പ്രയാസവുമില്ല.

പോലീസിനെ കുററം പറഞ്ഞിട്ട് കാര്യമില്ല. കാൺഗ്രസ്സ് സർക്കാരിൻെറ അറിവോടും അനുമതിയോടുംകൂടിയാണ്. അതിന് കാരണമുണ്ട്. ഇടതുപക്ഷ രാഷ്ട്രീയകക്ഷികളെ അന്യായമായ വിധത്തിൽ അടിച്ചമർത്തേണ്ടതു് കാൺഗ്രസ്സ് സർക്കാരിൻെറ ഒരാവശ്യമാണ്. അതിന് പോലീസിനെ ഉപയോഗിക്കേണ്ടിയിരിക്കുന്നു. അങ്ങിനെ ഉപയോഗിക്കണമെങ്കിൽ അവരുടെ മററുപ്രകാരത്തിലുള്ള അനീതികളേയും, അക്രമങ്ങളേയും, അനുകൂലിക്കാതിരിക്കാൻ സാധിക്കുകയില്ല. എന്നാൽ ഒരു ഗവണ്മെൻറ് കാൺഗ്രസ്സ് ബഞ്ചുകളിൽ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരും ആലോചിക്കേണ്ടതുണ്ട്. ഈ സംസ്ഥാനം വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഏററവും ഉയർന്നുനില്ക്കുന്ന ഒരു സംസ്ഥാനമാണ്. ഇടതുപക്ഷ രാഷ്ട്രീയകക്ഷികളെ അമർച്ച വരുത്തണമെന്നുള്ള ഉദ്ദേശം സാധിതപ്രായമാക്കുന്നതിനുവേണ്ടി പോലീസിനെ അഴിച്ചുവിടുന്നതു് രാജ്യത്തിൻെറ അന്തസ്സിനും ആരോഗ്യകരമായ അവസ്ഥയ്ക്കും അനുയോജ്യമല്ല: അക്രമങ്ങളെ അക്രമങ്ങൾകൊണ്ട് ചെറുക്കേണ്ടതു് ആവശ്യംതന്നെയാണ്. ചില ഘട്ടങ്ങളിൽ പോലീസിന് ലാത്തിയും, തോക്കും എടുക്കേണ്ടതായി വരും എന്നുള്ളതിനെ ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ സാധുക്കൾ, നിരപരാധികൾ, രാഷ്ട്രീയ എതിർകക്ഷികൾ പോലീസിൻെറ തോന്ന്യാസങ്ങൾക്ക് വിധേയരായിത്തീരണമെന്നുള്ള പരിതസ്ഥിതി ആശാസ്യകരമല്ല. അതു് ആരേയും ഒരിടത്തും എതിർക്കുന്നതുമല്ല. ഒരു കാര്യം കാൺഗ്രസ്സ്സർക്കാർ ഓർക്കേണ്ടതുണ്ട്. ഈ രാജ്യത്തു് ഇതു് വിലപ്പോകാൻ പോകുന്നില്ല. ഇവിടത്തെ ബഹുജനങ്ങൾ ഇതിലും ഭയങ്കരമായ മർദ്ദനസംവിധാനങ്ങളെ ചെറുത്തു തോല്പിച്ചിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: സർ, സഖാവു ഗംഗാധരൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപക്ഷേപത്തെ ഞാൻ ശക്തിയായി പിൻതാങ്ങുന്നു. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിനുശേഷം പോലീസു വകുപ്പിനെ സംബന്ധിച്ചുള്ള ചില സംഗതികൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്ന ഉദ്ദേശത്തോടുകൂടിയാണു ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നതു്. രാജ്യത്തു നിയമവും സമാധാനവും പരിപാലിക്കാനും, നാട്ടുകാരുടെ ധനത്തേയും ജീവനെയും മാനത്തേയും സംരക്ഷിക്കാനും വേണ്ടിയാണു പോലീസിനെ വെച്ചുരിക്കുന്നതെന്നു പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഈ ചുരുങ്ങിയ കാലത്തിനിടയ്ക്കു എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതായ ചില അനുഭവങ്ങൾ വച്ചുകൊണ്ടു പറയുകയാണങ്കിൽ, പോലീസിൻെറ സിംഹഭാഗം പെരുമാററങ്ങളും പ്രഖ്യാപിത സിദ്ധാന്തങ്ങളെ സമൂലം സംഹരിക്കുന്നമട്ടിലുള്ളവയായിരുന്നു. കുത്തിയതോട്ടിൽ ഒരു പോലീസു ഇൻസ്പെക്ടരുണ്ട്. അവിടെ ഒരു കർഷകത്തൊഴിലാളി പണമുടക്കുണ്ടായി. അതിൻെറ വിവരങ്ങളെപ്പററി അന്വേഷിക്കുവാനായി ഇൻസ്പെക്ടർ അവിടെപോകുകയും വിവരം അന്വേഷിക്കുകയും ചെയ്തു

എന്നാൽ പണിമുടക്കുനടത്തിയ കർഷകതൊഴിലാളികളുടെ സങ്കട ിനു യാതൊരു പരിഹാരവുമുണ്ടാക്കാതെ കേസു ചാർജ്ജു ചെയ്യുകയാണുണ്ടായതു്. അതു കഴിഞ്ഞു് ആ സ്ഥലത്തുള്ള അധികംപേരും ആ പോലീസു ഇൻസ്പെക്ടരുടെ നടപടിയിൽ പരാതിക്കാരായിരുന്നു, അഥവാ ആരെങ്കിലും കേസുമായി ചെന്നാൽ, അദ്ദേഹം അവരോടു പറയുന്നതു്, എനിക്കിനി പെൻഷനാകുവാൻ ഒന്നുരണ്ടുകൊല്ലമേയുള്ളു, അതുകൊണ്ടു എനിക്കു ചെയ്യാവുന്നതു ദ്രോഹം ഞാൻ ചെയ്യുമെന്നാണു്. കായംകുളം പോലീസ് ഇൻസ്പെക്ടർ വ്യക്തമായ തെളിവില്ലാതെ രാഷ്ട്രീയ പ്രതിയോഗികൾ എന്നുപറഞ്ഞു് നിരവധി കേസ്സുകൾ ൧൦൭ാം വകുപ്പിനു ചാർജ്ജുചെയ്തിരിക്കുന്നു. തൊഴിലാളി പ്രവർത്തികളെ മർദ്ദിക്കുകയും ചെയ്യുന്നതായി പരാതികേൾക്കുന്നുണ്ടു്. ഈ കാരണത്താൽ ന്യായമായ ആവശ്യങ്ങൾ സാധിച്ചുകിട്ടാൻപോലും കായംകുളത്തു് സമാധാനം പാലിക്കേണ്ട ആ ഉദ്യോഗസ്ഥനെ സമീപിക്കാൻ ആളുകൾക്കു ഭയമാണു്. ഏതെങ്കിലും തൊഴിൽത്തർക്കംസംബന്ധിച്ചു കേസുണ്ടായാൽ, തൊഴിലാളികൾക്കനുകൂലമായ ഒരു തീർപ്പുണ്ടാക്കാൻ കഴിയാത്തവിധം അതിനു വിഘാതമായിട്ടുള്ള ഒരു നടപടിയായിട്ടാണു് അങ്ങനെയുള്ളവരെ അറസ്റ്റുചെയ്യുന്നതിൽ ഈ രാജ്യത്തെ പോലീസു കൈക്കൊണ്ടിരിക്കുന്നതു്.

സർ, നാലാംക്ലാസിലെ കുട്ടികൾക്കുവേണ്ടി എഴുതിയിട്ടുള്ള പുസ്തകത്തിൽ രാജ്യഭരണപരമായ നിയമസംഹിതകളുടെ ചില പ്രാഥമിക പാഠങ്ങൾ ചേർത്തിരിക്കുന്നതു കാണാം. മജിസ്ട്രേട്ടിന്റെ ആർഡറോടുകൂടി കുററക്കാരെ അറസ്റ്റുചെയ്യുകയാണു് പോലീസിന്റെ ജോലി എന്നു പറഞ്ഞിരിക്കുന്നു. എന്നാൽ ഇവിടെ നടക്കുന്നതു നേരെമറിച്ചാണു്. എന്നാൽ നിയമസമാധാനപാലകന്മാർ ഇവിടെ എത്രമാത്രം നിയമം അനുസരിക്കുന്നുണ്ടെന്നു പരിശോധിച്ചാൽ വളരെ വിചിത്രമാണു്. ഒരാളെ അറസ്റ്റുചെയ്താൽ നിശ്ചിതസമയത്തിനുള്ളിൽ—ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ—മജിസ്ട്രേട്ടിന്റെ മുൻപിൽ ഹാജരാക്കി കേസു ചാർജ്ജുചെയ്യണമെന്നു നിയമത്തിനു വിപരീതമായിട്ടാണു ഇന്നു പോലീസുകാർ പ്രവർത്തിക്കുന്നതു്. ശരിയായ റിക്കാർഡുകൾ സൂക്ഷിക്കാതെ അവർ പുള്ളികളെ അകാരണമായി തടവിൽ വയ്ക്കുകയും, മർദ്ദിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഈ അനുഭവങ്ങൾ സാധാരണയായി തീർന്നിരിക്കുകയാണു്. യാതൊരു കുററവും ചെയ്തിട്ടില്ലെങ്കിലും പോലീസിന്റെ നോട്ടത്തിൽ, 'കുററക്കാരനെന്നു കണ്ടാലറിയാം' എന്ന ന്യായേന നിരപരാധികളായ പലരും ശിക്ഷയ്ക്കും ക്രൂരമായ മർദ്ദനത്തിനും വിധേയരാകുന്നുണ്ടു്. യഥാർത്ഥത്തിൽ കുററംചെയ്തിട്ടുള്ളവരെ കണ്ടുപിടിക്കാനുള്ള കഴിവില്ലാതെയോ, ഉദ്ദേശമില്ലാതെയൊ സാധുക്കളായ തൊഴിലാളികളെ അറസ്റ്റുചെയ്തു പോലീസുസ്റ്റേഷനിൽകൊണ്ടുപോയി മർദ്ദിക്കുന്നതും, ശിക്ഷിക്കുന്നതും പോലീസിന്റെ കാര്യക്ഷമതയ്ക്കും സൽപേരിനും ചേർന്നതാണോ എന്നു ഞാൻ ചോദിക്കുന്നു.

അന്തിക്കാട്ടു ഈയിടെ ഒരു കേസു ൧൦൭-ാം വകുപ്പുംപ്രകാരം ചാർജ്ജു ചെയ്തിട്ടുണ്ടു്. അതുപോലെതന്നെ മററുപലടത്തും ൧൦൭-ാം വകുപ്പുകൾ ഊർജ്ജിതമായി പ്രയോഗിച്ചുവരുന്നുണ്ടു്. ക്രിമിനൽനടപടി

[ശ്രീ. ആർ. സുഗതൻ]

നടപ്പിയ സർ സി. പി. യുടെ കാലത്തുപോലും ഇല്ലാതിരുന്ന മർദ്ദന നയങ്ങളും നടപടിക്രമങ്ങളുമാണ ഇന്നത്തെ കാൺഗ്രസു ഗവണ്മെൻറു നടത്തിക്കൊണ്ടിരിക്കുന്നത്. അന്ന് സർ സി. പി യുടെ ഭരണത്തെ അപലപിക്കുകയും, അതിനെ ചെറുക്കാൻ ഞങ്ങൾക്കു പ്രേരണ നൽകുകയും ചെയ്ത ശ്രീ. ടി. എം. വർഗ്ഗീസാണ ഇന്നു പോലീസുമന്ത്രിയായിരുന്നു കൊണ്ടു കാൺഗ്രസിനെ എതിർക്കുന്നവരെന്ന കാരണത്താൽ നിരപരാധികളായ തൊഴിലാളികളോടു ഇങ്ങനെ നിയമരഹിതവും നിർദ്ദയവുമായ മർദ്ദനനടപടികൾ നടത്തുന്ന പോലീസിനെ നിയന്ത്രിക്കുന്നത്. സർ, കാൺഗ്രസുകാരനായാലും, പി. എസ്. പി. യായാലും, കമ്മ്യൂണിസ്റ്റുകാരനായാലും നിയമം എല്ലാവരെയും ഒന്നുപോലെ ബാധിക്കണമെന്നേ ഞങ്ങൾക്കഭിപ്രായമുള്ളു. നേരേമറിച്ച് ഇന്നു പോലീസിൻെറ ദൃഷ്ടിയിൽ അക്രമത്തിനും അനീതിക്കും, ചെയ്തിട്ടില്ലാത്ത കുററങ്ങൾക്കും വിധേയരാകാൻ കമ്മ്യൂണിസ്റ്റോ, ഐക്യമുന്നണിയോ ആയിരിക്കണമെന്നേയുള്ളു. സർ, ഇവിടുത്തെ പോലീസിൻെറ മർദ്ദനനടപടികളോടു പതിനാറുകൊല്ലം പഴകിയവനാണ ഞാൻ. ഈ നാട്ടിലെ പ്രധാന പൗരനായ ശ്രീ. കെ. പി. നീലകണ്ഠപിള്ളയുടെ കൈ കോൺഗ്രസ്സ് കാലത്ത് പോലീസ് തല്ലിഒടിച്ചു; അന്നു ഞാൻ അദ്ദേഹത്തിൻെറ കൂടെ ആശുപത്രിയിൽ പോയിരുന്നു. ഇവിടുത്തെ പോലീസു നല്ലവരാണ്. മേലധികാരികളുടെ ആജ്ഞാകാരികൾമാത്രമാണവർ. നമ്പ്യാരാശാൻ പറയുംപോലെ 'കൊല്ലും ഭൂപനു തിന്നും സചിവൻ' എന്ന മട്ടിലാണ ഇവിടുത്തെ പോലീസുകാർ. മേലാവുപറയുന്നതെല്ലാം അവർ ചെയ്യുന്നുവെന്നേയുള്ളു.

സർ സി. പി. യുടെ കാലത്തു പോലീസുകാർ പലരെയും വെടിവച്ചിട്ടുണ്ട്, ലാത്തിച്ചാർജ്ജു നടത്തിയിട്ടുണ്ട്, അറസ്റ്റുചെയ്തു ലാക്കപ്പിൽ കൊണ്ടുപോയി മർദ്ദിച്ചിട്ടുണ്ട്. പക്ഷെ ഇന്നാകട്ടെ ജനകീയഭരണത്തിൻെറ നേട്ടങ്ങളെപ്പററി അഭിമാനിക്കുന്ന മന്ത്രിമാരുടെ ഭരണമായപ്പോൾ പോലീസു തൊഴിലാളികളെ വഴിനീളെ മർദ്ദിച്ചുകൊണ്ടു ലാക്കപ്പുകളിലേക്കു പോകുന്ന കാഴ്ച ആരെയും ചിന്തിപ്പിക്കുന്നതാണ്. സർ ഇതാണോ നാട്ടുകാരുടെ ഇടയിൽ നീതിയും സമാധാനവും പരിപാലിക്കുന്നതിനു ഒരു പരിഷ്ക്കൃതഗവണ്മെൻറു സ്വീകരിക്കേണ്ട സംസ്കാരമെന്നു ഞാൻ ചോദിക്കുന്നു. നാട്ടുകാർക്കു മാനമായി ജീവിക്കാനുള്ള നിലയിൽ നിയമം നടത്തുവാനുള്ള സംസ്കാരവും പെരുമാററവും പോലീസിനു ഇനിയും വന്നിട്ടില്ലെങ്കിൽ ഐക്യമുന്നണിക്കാർക്കുമാത്രമല്ല, നാട്ടുകാർക്കെല്ലാംതന്നെ ഇങ്ങനെയുള്ള പോലീസിനെ വച്ചുകൊണ്ടു ഇവിടെ ഭരണം നടത്തണമെന്ന അഭിപ്രായമില്ലതന്നെ. ആകപ്പാടെ നോക്കിയാൽ എണ്ണം അഴിമതിയും കൈക്കൂലിയും തന്നെ. "ഇന്ന് പോലീസ് വാങ്ങുന്ന ഹർജികളിൽ ഐക്യമുന്നണിക്കാരനും കമ്മ്യൂണിസ്റ്റും" എന്നു കാരണം കാണിച്ചിരിക്കും; "കോൺഗ്രസ്സ് കാലത്തെ ഹർജിയിൽ "വിദ്ധ്വംസകനും സ്റ്റേറുകോൺഗ്രസ്സുകാരനും ആകുന്നു എന്നു പറയും. ഇത്തരത്തിലുള്ള ഒരു ഭരണം നിലനിറുത്തിക്കൊണ്ടുപോകണമെന്ന അഭിപ്രായം ഞങ്ങൾക്കില്ല. അതുകൊണ്ടു ഈ രാജ്യത്തെ പോലീസിൻെറ പ്രവർത്തനം ന്യായമായി നടക്കത്തക്ക ഒരു പരിതസ്ഥിതി സൃഷ്ടിക്കുവാനും, അതുവഴി നാട്ടുകാരുടെ ഇടയിൽ സമാധാനം പുലർത്തുവാനുമാണ നോക്കേണ്ടത്. അല്ലാതെ

പാവപ്പെട്ടവരുടെ നേരേ തോക്കെടുത്തു കാണിച്ചു അവരെ ഭയപ്പെടുത്തിയും, അന്യായമായി മർദ്ദിച്ചും എങ്ങനെയെങ്കിലും ശമ്പളം വാങ്ങണമെന്നുമാത്രം വിചാരിക്കുന്ന പോലീസുഭരണം നമ്മുടെ രാജ്യത്തു ആവശ്യമില്ല.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

2 P. M.

Mr. Speaker: Mr. Nataraja Pillai, do you wish to speak on motion No. 25.

Shri P. S. Nataraja Pillai: Yes, Sir. When I speak on the motion under "Superintendence," one thing I have to say is, this is the controlling authority of the Police Department as far as that department is concerned. I find the demand for District Police has increased by somewhere nearly 60 per cent in the course of the last 4 years but the superintendence has not proportionately increased in efficiency. That is not a matter for congratulation. But I will confine myself to the superintendence that is being done by the controlling agency. The one great defect which we find in the controlling agency is in regard to the investigation of crime and the result produced. As revealed by the Administration Report of the Department, it is unsatisfactory, nay blameworthy. We have not yet got the report on the Police Administration for 1950-51, though the other Departments have supplied their reports. The latest available report for the Police Department is of the year 1949-50. If I am correct, the Police Department has not published their Administration Report for 1950-51. If we look into the latest available report, we see for offences against the State a certain number of persons have been arrested. For the purpose of keeping tranquillity and peace, the number of persons tried was 803, but the number convicted was 114. Such is the kind of investigation, and the effectiveness with which they do the investigation is seen in the result. Sir, after having registered cases against 803 persons, when the Police charged them before the Magistracy, the result was only 114 persons were convicted and the rest acquitted. Such is the efficiency of the Department as far as investigation of crime and the work of controlling are concerned. I am making these remarks because of the recent happenings in different parts of the country. The kind of police protection that is afforded to the people of the country is very defective. There were open murders in a number of municipalities which have not been so far investigated or the offenders brought to book. There have occurred prominent thefts not only from private institutions but also from

[Shri. P. S. Nataraja Pillai]

Government offices as well which have not been traced nor the offenders were brought to book. There were other kinds of major crimes like sacrilege and destruction of religious institutions, which have not been detected by the Police. But investigation officers are being provided every year and funds allowed on that score. Though the department is in receipt of confidential reports on these matters, still such great crimes are still in an undetected stage. That is the kind of efficiency with which this Department is functioning and this Department nearly claims a crore of rupees for expenditure inclusive of controlling activity, for which 5.33 lakhs is set apart. I ask, are not the people of this country entitled to get better results from the money Government are spending on the Police Department? The one undesirable activity which this Department has recently manifested is—I am compelled to say to that extent—a kind of obsession to the working of political parties. I base my statement on the facts as revealed by statistics furnished by the Department itself. The persons arrested for rioting, for unlawful assembly, that is, class 1 offences against the State, public tranquillity, safety and justice, were 1,806. Even after one year's investigation the Police were able to send for trial only 667 persons. Even out of that, the conviction was only 80 in number. We know more or less the sections under which such charges are framed, 1,806 persons were arrested and the Police sent up for trial just one third of that number, namely, 667 and the wonder of it is, only 80 persons were convicted. This shows that the Police have developed an undesirable propensity to interfere in the political activities of the country which I think Sir, in the long run, may tend to create a state of fascism in the administration of the country. Such a development in the police administration is certainly dangerous to the general public at large. That, I think, is one of the fundamental mistakes of the controlling agency of the department. That is the primary charge which I would like to place against this branch of the service. I would request the House also to ponder on this aspect of the matter and not deal with individual investigations and high-handedness, here and there, but on the attitude of mind of the department towards the public activities and their undesirable propensity to meddle in the political activities of the country. I think it is high time this House registered its voice against such activity of the Police Department. In this context I would like to know whether we are to discuss separately this aspect of the matter as it arises in each branch of the Department or as a whole.

Mr. Speaker: If there is a specific cut on a sub head, I will give preference to that. There are groups under a, b, c, d, e, and

so on. This specific cut refers to the want of superintendence in the Police Department. Remarks may be confined to that matter now.

Shri P. S. Nataraja Pillai: There is a separate budget for the District Superintendent of Police. This is only about superintendence in general and so I will confine my remarks only to that.

I refer to the policy and the attitude of the controlling agency and shall deal with other matters when the next appropriate time comes. I would therefore reiterate what I said on this matter. I for one do see a change of attitude in the police department in the matter of interfering with political activities. That is what is revealed by the statistics available at present. There should be a change of attitude. They are to protect life and property of every citizen. They are not here to canalize public opinion nor to correct public opinion. It is none of their duty. The duty of the Police is to give protection for life and property to all alike. In that discharge of duty the Police must be unfettered and given the fullest liberty and support. But when once they enter prohibited fields to canalize or correct public opinion and to interfere with public activities which are legitimate, as long as those activities do not go against security of State, they must be called to halt. They are doing a grave misconduct. I find this tendency on the part of the Police in recent years. I speak that from personal knowledge and through reports as well. I warn them, for such kind of control against public activities is dangerous, and I request the House to take note of this fact and to think what it would mean if such behaviour is not controlled properly at the very outset.

ശ്രീ. സി. കെ. കുമാരപ്പണിക്കർ: സർ, ഈ രാജ്യത്ത് ക്രമസമാധാനം പാലിക്കുന്നതിനു വേണ്ടിയാണ് പോലിസ് ഡിപ്പാർട്ടുമെൻറ് ഉള്ളത്. ആലപ്പുഴയിൽ പണ്ടും ഉത്സവങ്ങൾ നടക്കാറുള്ളതും ഈ രാജ്യത്തിൻെറ നാനാഭാഗത്തുനിന്നും പലരും ആ ഉത്സവങ്ങളിൽ സംബന്ധിക്കാറുള്ളതുമാണ്. ഇവിടെയിരിക്കുന്ന പല മെമ്പർമാരും മന്ത്രിമാരും ആ അവസരങ്ങളിൽ അവിടെ വരാറുണ്ട്. എന്നാൽ ഇന്നു അവിടെ ഉത്സവങ്ങളിൽ ആളുകൾ സംബന്ധിക്കുന്നതിനു ഇവിടത്തെ പോലീസുകാർ സമ്മതിക്കുന്നില്ല എന്നു പറയുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിൽ ഇപ്പോൾ ഉത്സവം നടന്നുവരുന്ന കാലമാണ്. ഉത്സവകാലങ്ങളിലെല്ലാം കാൺഗ്രസ്കാർ അവിടങ്ങളിൽ വന്നു പ്രസംഗിക്കാറുണ്ട്. കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിനുശേഷം ഈ ഉത്സവം നടക്കുന്നസ്ഥലങ്ങളിലെല്ലാം കാൺഗ്രസ്കാർ പരാജയപ്പെടുകയാൽ അങ്ങിനേയുള്ള ഉത്സവസ്ഥലങ്ങളിലെല്ലാം പോലീസു ഗുണ്ടാകളെ അഴിച്ചുവിട്ടു ബഹളം ഉണ്ടാക്കുന്നതിനു കോൺഗ്രസുകാർ പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്, കഴിഞ്ഞ ഒരവസരത്തിൽ

[ശ്രീ. സി. കെ. കുമാരപ്പണിക്കർ]

ആലപ്പുഴ ഒരു ക്ഷേത്രത്തിൽ ഉത്സവം നടന്നുകൊണ്ടിരുന്നപ്പോൾ ഉണ്ടായ സംഭവത്തെപ്പററി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഉത്സവംകാണാൻ കൂടിയിരുന്ന രണ്ടുമൂവ്വായിരം ആളുകളെ അവിടെ നിന്നു അടിച്ചോടിക്കുവാൻ ചില ഗുണ്ടാകൾക്ക് സാധിച്ചുവെന്നും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ പ്രമാണികൾ ആരാണ്? കഴിഞ്ഞ ഒരു കൊല്ലത്തിനകം ൨ ൦-ൽ അധികം ഹർജികൾ അവരുടെ പേരിൽ ഫയൽ ചെയ്തിട്ടുണ്ട്. ഇങ്ങനെ അക്രമികളായ ഒരുകൂട്ടം ആളുകളാണ് ക്രമസമാധാനത്തിന്റെ പേരിൽ ആളുകളെ അടിച്ചോടിക്കുവാൻ നിയുക്തരായിട്ടുള്ളത്. തണ്ണീർമുക്കത്ത് ഒരു സ്ത്രീ മാത്രം താമസിച്ചിരുന്ന പുര ഈ ഗുണ്ടാകൾ തീവച്ചുകളഞ്ഞു. നാട്ടുകാർ ഈ സംഭവം അറിഞ്ഞ് അവിടെ കൂടുകയും ഡിപ്പാർട്ടുമെൻറിൽ പരാതിപ്പെടുകയും ചെയ്തതനുസരിച്ച് പോലീസ് ഇൻസ്പെക്ടർ സ്ഥലത്തുവന്ന് അന്വേഷിച്ച് തെളിവു ശേഖരിക്കുകയും ചെയ്തു. ഈ സംഭവംകണ്ട പല ആളുകളും അതിനെ സംബന്ധിച്ച് പോലീസ് ഇൻസ്പെക്ടരുടെ അടുത്തു മൊഴികൊടുക്കുകയുണ്ടായി. എന്നാൽ ഇന്ന് ആലപ്പുഴ ഇൻസ്പെക്ടർ സ്ഥലത്തു വന്ന അവസരത്തിൽ മൊഴികൊടുത്തിട്ടുള്ള ആളുകളെ പോലീസ് ഗുണ്ടാകൾ വന്ന് മർദ്ദിക്കുകയാണ് ചെയ്യുന്നത്. പോലീസിൽ മൊഴികൊടുത്തിട്ടുള്ള ആളുകൾക്ക് സമാധാനമായി അവിടെ ജീവിക്കുവാൻ നിവൃത്തിയില്ലാ ഒരു സ്ഥിതിയാണ് ഇന്നവിടെ വന്നുചേർന്നിരിക്കുന്നത്. ഇന്ന് രാഷ്ട്രീയപ്രതിയോഗികളെ അടിച്ചൊതുക്കുന്നതിനാണ് പോലീസുകാർ അവരുടെ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നത്. പോലീസുകാരുടെ പ്രവൃത്തനംമൂലം ഇന്ന് ട്രെയിഡ്യൂണിയൻപ്രവർത്തനം അസാദ്ധ്യമായിരിക്കുന്നു. ട്രെയിഡ്യൂണിയന്റെ അടിസ്ഥാനത്തിൽ തൊഴിലാളികൾ പണിമുടക്കുമ്പോൾ അതിൽപോലീസ് ഇടപെടുകയും തൊഴിലാളികളെ അന്യായമായി മർദ്ദിക്കുകയും ചെയ്യുന്നു. രണ്ടുമൂന്നു കള്ളുഷാപ്പുകളിലെ തൊഴിലാളികൾ അവർക്ക് കിട്ടുവാനുള്ള കൂലിബാക്കിയ്ക്കുവേണ്ടി ഒരു പ്രക്ഷോഭണം ആരംഭിച്ചു. ഈ ഷാപ്പുകൾ ഈ മാസം ൩൧-ാം തീയതിയോടുകൂടി അവസാനിക്കുന്നതാണ്. ഈ ൩൧-ാം തീയതിക്കുമുമ്പ് അവിടത്തെ തൊഴിലാളികൾക്കു കിട്ടുവാനുള്ള കൂലി ബാക്കികിട്ടിയില്ലെങ്കിൽ അവർ വെറുതെ പോകേണ്ടിവരും. അതുകൊണ്ട് ഷാപ്പുകൾ നിവൃത്തുന്നതിനുമുമ്പ് തൊഴിലാളികൾക്കു കിട്ടുവാനുള്ള കൂലിബാക്കികിട്ടുന്നതിനുവേണ്ടി അവർ ഒരു പ്രക്ഷോഭണം ആരംഭിച്ചു. ആ പ്രക്ഷോഭണം പരാജയപ്പെടുത്തുന്നതിനുവേണ്ടി പോലീസുകാർ ഇടപെടുകയും അവർ പണിപ്പെട്ട് ഒപ്പുശേഖരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉത്സവസ്ഥലങ്ങളിലും ട്രെയിഡ്യൂണിയൻ പ്രസ്ഥാനങ്ങളിലും പോലീസ് അന്യായമായി ഇടപെട്ട് പ്രവൃത്തിച്ചുകൊണ്ടിരിക്കുന്നു.

തുറവൂരിൽ ഒരു തിരുമല ദേവസ്വംഉണ്ട്. ആ തിരുമലദേവസ്വവും അവിടെയുള്ള കുറെ തൊഴിലാളികളുമായി ചില അഭിപ്രായവ്യത്യാസം ഉണ്ടായി. ബഹുമാനപ്പെട്ട തുറവൂർമെംബർ സഖാവ് ഗൗരിയുടെ നിയോജകമണ്ഡലത്തിൽ പെട്ട ഒരു സ്ഥലമാണ് അത്. സഖാവ് ഗൗരി അവിടെ ചെന്ന് തൊഴിലാളികളും ദേവസ്വവും തമ്മിലുള്ള തർക്കം ഒരു

മദ്ധ്യസ്ഥതയിൽ കൊണ്ടുവന്നു. സഖാവ് ഗൗരിയുടെ മുമ്പിൽവച്ച് കുത്തിയതോട്ട് ഇൻസ്പെക്ടർ തൊഴിലാളിപ്രവത്തനങ്ങൾക്ക വിധേയരായ തൊഴിലാളികളെ കഠിനമായി മർദ്ദിച്ചു. ഇതാണോ ഇവിടത്തെ പോലീസിൻെറ ക്രമസമാധാനം പാലിക്കുന്നതിനുള്ള മാതൃക എന്നു ഞാൻ ചോദിക്കുന്നു. ദിവാൻ ഭരണകാലത്തു് ധാരാളം തൊഴിൽ തക്കങ്ങളിൽ പോലീസു ഇടപെടാറുണ്ടു്. ഒത്തുതീർപ്പുണ്ടാകുന്നതോടുകൂടി അതു സംബന്ധമായി ഉണ്ടായിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കുകയും ചെയ്യും. എന്നാൽ സഖാവ് ഗൗരിയുടെ മുമ്പിൽവച്ച് തൊഴിലാളികളെ ദേഹോപദ്രവം ചെയ്തു അറസ്റ്റു ചെയ്തു ആ കേസ് ഇന്നും നിലവിലിരിക്കുകയാണ്. സർ, ഇതു് അവിടെ മാത്രമല്ല, നാടിൻെറ ഏതു ഭാഗത്തുനോക്കിയാലും പോലീസിൻെറ ഈ മാതരി പ്രവർത്തികൾ കാണാവുന്നതാണ്. ഇന്നു് ട്രെയിഡ്യൂണിയൻ പ്രവർത്തനം എവിടെയെല്ലാം നടക്കുന്നുണ്ടോ അവിടെയെല്ലാം ട്രെയിഡ്യൂണിയൻ പ്രവത്തനത്തെ പരാജയപ്പെടുത്തുന്നതിനു് പോലീസു് കരുതിക്കൂട്ടി ചെയ്യുന്ന പ്രവത്തിയാണിതു്. ഈ രാജ്യത്തെ അക്രമികളുടെ ഭാഗത്താണ് ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെൻറ ചേർന്നുപ്രവത്തിക്കുന്നതെന്നു് വ്യക്തമാക്കുവാനാണ് ഞാൻ ഇതു് പറഞ്ഞതു്. പോലീസുകാരുടെ കലയെപ്പററിയും സാഹിത്യത്തെപ്പററിയും അറിവുള്ള മന്ത്രിമാർ ഇവിടെയുണ്ടു്. ബഹുമാനപ്പെട്ട സ്പീക്കർക്കും അതിനെപ്പറി അറിവുണ്ടു്. എന്നാൽ കലയേയും സാഹിത്യത്തെയും പോലീസിനെ ഏല്പിച്ചാണു നിയന്ത്രിക്കുവാൻ ഉദ്ദേശിക്കുന്നതു്. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം അഭിനയിക്കുവാൻ അനുവദിക്കണമൊ വേണ്ടയൊ എന്നു തീരുമാനിക്കുന്നതിനുള്ള ചുമതല പോലീസിനെ ഏല്പിച്ചിരിക്കുകയാണ്. ഇതുപോലൊരു കലാകൊലപാതകം വേറെയുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്. ഇതിൻെറ എല്ലാം അത്ഥം ജനങ്ങളെ പോലീസിൻെറ മുമ്പിൽ വലിച്ചു എറിഞ്ഞിരിക്കുകയാണെന്നാണ്. റോമാസാമ്രാജ്യത്തെ ഒരുകഥ ഞാൻ കേട്ടിട്ടുണ്ടു്. വിശന്നുകിടക്കുന്ന ഒരു സിംഹത്തിൻെറ മുമ്പിൽ ഒരു മനുഷ്യനെ ഇട്ടുകൊടുത്തിട്ടു മററുള്ളവർ ആ കാഴ്ചകണ്ടു രസിക്കും. അതുപോലെ പോലീസിൻെറ മുമ്പിൽ മനുഷ്യരെ എറിഞ്ഞിട്ടു ഗവണ്മെൻറ രസിക്കുകയാണ് ചെയ്യുന്നതു്. ധീരനായ സർ. സി. പി. യുടെ കാലത്തു പുന്നപ്ര-വയലാർ ചരിത്രം സൃഷ്ടിച്ച ജനത ഇതു് അങ്ങനെ നോക്കിയിരിക്കയില്ല, അതാണ് അവസാനമായി എനിക്കു പറയുവാനുള്ളതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സർ, പോലീസ് ഡിപ്പാർട്ടുമെൻറിൻെറ പ്രവത്തനത്തെപ്പററി ഇവിടെ ധാരാളം വിമർശനങ്ങൾ നടന്നു കഴിഞ്ഞു. പ്രതിപക്ഷത്തുനിന്നും ഉണ്ടായിട്ടുള്ള വിമർശനങ്ങളിൽ ചില പ്രത്യേകതതന്നെ എനിക്കു കാണാൻ കഴിഞ്ഞു. രണ്ടു മൂന്നു ബഡ്ജററു യോഗങ്ങളിൽ പോലീസ് ഡിമാൻറിനെപ്പററി ചർച്ചകൾ നടന്നിട്ടുള്ള അവസരങ്ങളിൽ ഉണ്ടാകാറുള്ള വിധത്തിലല്ല ഇന്നു ചർച്ചകൾ നടന്നിട്ടുള്ളതു്. ചില ബഹുമാന്യ മെംബറന്മാർ പോലീസ് ഡിപ്പാർട്ടുമെൻറ് വളരെ കാര്യക്ഷമതയില്ലാതെ പ്രവത്തിക്കുന്നുവെന്നു് പ്രസ്താവിക്കുകയുണ്ടായി. ഈ നാട്ടിലെ ജനങ്ങളുടെ സ്വത്തിനും ജീവനും രക്ഷയില്ലാത്ത ഒരവസ്ഥയാണു ഇവിടെ അനുഭവപ്പെട്ടിരിക്കുന്നതെന്നു പ്രതിപക്ഷത്തുള്ള എൻെറ ചില സ്നേഹിതന്മാർ അഭിപ്രായപ്പെടുകയുണ്ടായി. ബഹുമാന്യ

[ശ്രീ. ജോസഫ് വാഴച്ചിള്ളി]

സ്നേഹിതൻ ശ്രീ. ആർ. ഗംഗാധരൻ പറയുകയുണ്ടായി ഈ നാട്ടിലുള്ള കളവു കേസ്സുകൾ തെളിയിക്കുന്നതിനു പോലീസ്സുകാക്കു് ജാഗ്രതയില്ലാതായിരിക്കുന്നുവെന്നു്. അതുപോലെതന്നെ കൊലക്കേസ്സുകൾ തെളിയിക്കുന്നതിനും റൗഡികളെ അമർച്ചവരുത്തുന്നതിനും പോലീസ്സുകാർ ജാഗ്രത കാണിക്കുന്നില്ലെന്നു അദ്ദേഹം ഉദാഹരണസഹിതം പ്രസ്താവിക്കയുണ്ടായി. വളരെക്കാലമായി അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും ഇപ്രകാരമുള്ള ചാർജ്ജുകൾ പോലീസിന്റെ നേരെ കൊണ്ടുവന്നിട്ടില്ല. അവർ അന്നു പറഞ്ഞിരുന്നതു് നാട്ടിൽ പോലീസ്സുകാർ മർദ്ദനം അഴിച്ചുവിട്ടിരിക്കുന്നുവെന്നാണു്. ഇപ്പോൾ പറയുന്നതു് നാട്ടിലുള്ള ഗുണ്ടാകളെ അടിച്ചമർത്താൻ പോലീസ്സുകാർ മുന്നോട്ടു വരുന്നില്ല, കേസ്സുകൾ തെളിയിക്കുന്നില്ല, അവർ ജാഗ്രത കാണിക്കുന്നില്ല എന്നൊക്കെയാണു്. എന്താണു അവരുടെ അഭിപ്രായത്തിനു് ഇപ്പോൾ ഒരു മാററം വന്നതെന്നു ഏറ്റ ആലോചിച്ചിട്ടും എനിക്കു മനസ്സിലാകാതെയാണിരിക്കുന്നതു്. ഈയിടെയായി ശ്രീ. ഗംഗാധരനും അദ്ദേഹത്തിന്റെ സ്നേഹിതന്മാരും തുടർച്ചയായി ഈ അസംബ്ലിയിൽതന്നെ പറയുന്നു ഈ നാട്ടിൽ ഗുണ്ടായിസം നടക്കുന്നുവെന്നു്. എന്താണു ഇവർ ഉദ്ദേശിക്കുന്ന ഗുണ്ടായിസം? അവരുടെ താല്പര്യങ്ങൾക്കു് എതിരായി ആരെങ്കിലും ഏതെങ്കിലും വിധത്തിൽ സമാധാനപരമായി എന്തെങ്കിലും പ്രവർത്തിച്ചാൽ അതെല്ലാം ഗുണ്ടായിസമായിത്തീരും. ഇപ്രകാരമുള്ള ഗുണ്ടായിസത്തെ അടിച്ചമർത്തുന്നതിനു് പോലീസ്സുകാർ മുന്നോട്ടു വരുന്നില്ലെന്നാണു അവർ പറയുന്നതു്. എന്തായാലും ഈയവസരത്തിൽ എന്റെ ചില സ്നേഹിതന്മാർ അവരുടെ മനസ്സിൽ ഗുണ്ടാകളായി കാണുന്നവരെ ഞാൻ അഭിനന്ദിക്കുകയാണു ചെയ്യുന്നതു്. എന്നാൽ പോലീസ് കാര്യക്ഷമമല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വസ്തുത ഞാനും ഈയവസരത്തിൽ സമ്മതിക്കുന്നുണ്ടു്. അക്കാര്യത്തിൽ പോലീസ് ഡിപ്പാർട്ടുമെന്റു് ചാർജ്ജുവഹിക്കുന്ന മന്ത്രി ശ്രീമതി പ്രദർശിപ്പിച്ചു് ആ നില ഭേദപ്പെടുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. മററൊരു കാര്യംകൂടി ഈ അവസരത്തിൽ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെന്റിലേക്കു് കൊടുക്കേണ്ടതായിട്ടുള്ള സ്റ്റേഷനറി സാധനങ്ങൾ ശരിയായി സമയാസമയത്തു് കൊടുക്കാതിരിക്കുന്നതുകൊണ്ടു് പൊതുജനങ്ങൾ ബുദ്ധിമുട്ടു അനുഭവിക്കേണ്ടിവരുന്നുവെന്നുള്ളതാണു്. ഈ അസംബ്ലിയിൽതന്നെ ഒന്നുരണ്ടു ചോദ്യങ്ങൾക്കു് ഉത്തരമായി കിട്ടിയ അറിവു വച്ചുകൊണ്ടു് നോക്കിയാൽ പോലീസുകാക്കു കൊടുക്കേണ്ടതായ സ്റ്റേഷനറിസാമാനങ്ങൾ മുഴുവനും കൊടുക്കുന്നുണ്ടോയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. അല്ലം കടലാസ്സും പെൻസിലും കൊടുക്കുന്ന കാര്യത്തിൽ ലുബ്ധു കാണിക്കുന്നതുകൊണ്ടു് ഗവണ്മെന്റിനു് യാതൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. ആ വക കാര്യങ്ങളിൽ എല്ലാം ഗവണ്മെന്റു കൈയ്യയച്ചു ചിലവു ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സാധനങ്ങളെല്ലാം കൊടുക്കാതെയിരുന്നാൽ കക്ഷികളെയാണു പോലീസുകാർ വല്ലാതെ വിഷമിപ്പിക്കുന്നതു്. അതുകൊണ്ടു് ഗവണ്മെന്റിന്റെ ശ്രദ്ധ അക്കാര്യത്തിൽ ഞാൻ പ്രത്യേകമായി ക്ഷണിച്ചുകൊള്ളുന്നു.

പ്രാദേശികമായിട്ടുള്ള ഒരു കാര്യത്തെപ്പററികൂടി രണ്ടുവാക്കു ഈ അവസരത്തിൽ പറയണമെന്നു ഞാനാഗ്രഹിക്കുന്നു, തിരുവിതാംകൂറിന്റെ

വടക്കുഭാഗത്തുള്ള ഒരു പകുതിയാണു പുത്തൻചിറ. പഴയ തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗമായ പുത്തൻചിറ പോലീസ് സ്റ്റേഷൻ വളരെ അകലെയുള്ള മുനമ്പത്താണു സ്ഥിതിചെയ്യുന്നതു്. അതുകൊണ്ടു അവിടെയുള്ള ആളുകൾക്ക് പോലീസിൽ ഒരു പരാതി കൊടുക്കണമെന്നുണ്ടെങ്കിൽ ഒന്നുരണ്ടുദിവസം നടക്കേണ്ടിവരും. യാത്രയ്ക്കുള്ള സൗകര്യക്കുറവാണു അതിനുള്ള കാരണം. പുത്തൻചിറ പകുതിയെ അടുത്ത സ്ഥലമായ മാളയിലുള്ള പോലീസ്സ്റ്റേഷന്റെ അതിർത്തിയിൽ ഉൾപ്പെടുത്തണമെന്നു ഒന്നുരണ്ടു കൊല്ലങ്ങൾക്കു മുമ്പുതന്നെ ഒരു അപേക്ഷ കൊടുത്തിട്ടുണ്ടായിരുന്നു. പക്ഷെ, ഇന്നും മുമ്പിലത്തെ സ്ഥിതി തന്നെയാണുള്ളതു്. ആ കാര്യത്തിൽ പെട്ടെന്നുതന്നെ ഒരു നിവാരണം ഉണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു ഞാൻ ഡിമാൻറിനെ അനുകൂലിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സഖാവു് ഗംഗാധരൻ അവതരിപ്പിച്ച കട്ടുമോഷനെ ഞാൻ അനുകൂലിക്കുന്നു. അതോടൊപ്പംതന്നെ ഈ അടുത്ത കാലത്തു് ചേർത്തലയിൽ നടന്ന ചില കാര്യങ്ങൾ സംക്ഷിപ്തമായി ഇവിടെ പറയണമെന്നും ഞാൻ ആഗ്രഹിക്കുന്നുണ്ടു്. സഖാവു് കുമാരപ്പണിക്കർ ഒരു കൊയ്ത്തു സംബന്ധിച്ചുള്ള പോലീസ് കയ്യേറ്റം ഇവിടെ പറഞ്ഞുകഴിഞ്ഞു. കഴിഞ്ഞ ഏലക്ഷൻ നടന്നശേഷം അവിടെ രാഷ്ട്രീയഛായയുള്ള കേസ്സുകൾ ഉണ്ടാക്കുന്നതിനുവേണ്ടി കുത്തിയതോടു പോലീസ് ഇൻസ്പെക്ടരേയും, പോലീസിനെയും ഗവണ്മെൻറു ഉപയോഗിക്കുന്നതായിട്ടാണു കാണുന്നതു്. ആലിബാബായും നാൽപ്പതു കള്ളന്മാരും എന്നതുപോലെ നേരംവെളുക്കുമ്പോൾ ഇൻസ്പെക്ടർ പറഞ്ഞുവിട്ടു് കേസ്സുകൾ ഉണ്ടാക്കുകയും കേസ്സുകളുണ്ടാക്കിയാൽ പണം കൊടുക്കുന്ന ആളിനു് കേസ്സില്ലാതെ പോരുവാൻ സാധിക്കുകയും അങ്ങനെ തീരുന്നില്ലെന്നു കണ്ടാൽ കൂടുതൽ ആളുകളെ ചേർത്തു കേസ്സുചാർജ്ജു ചെയ്യുകയുമായിരിക്കും അടുത്തപടിയായി ചെയ്യുന്നതു്. തൊഴിലില്ലായ്മ മൂലം ഗവണ്മെൻറിന്റെ സഹായമാവശ്യപ്പെട്ടുകൊണ്ടു് ബുദ്ധിമുട്ടി ജീവിയ്ക്കുവാൻ നിവൃത്തിയില്ലാത്ത നാട്ടുകാരെ പോലീസ് വെറുതെ വിടുന്നില്ല. ഇപ്പോൾ കാൺഗ്രസ്സുകാരെപ്പോലും വിടുന്നില്ലെന്നാണു കാണുന്നതു്. ഈ അടുത്തകാലത്തു് അവത്തുങ്കൽ പള്ളിയിൽ പോകുന്നതിനായി വന്ന ചിലർ വെയിലായതുകൊണ്ടു എ.സ്. എൻ. ഡി. പി. ആഫീസിന്റെ വരാന്തയിൽ ഇരുന്നു. ആ വഴിയെ കള്ളുകുടിച്ചുകൊണ്ടുപോയ പോലീസുകാരെ കണ്ടു് അവിടെയിരുന്നവർ ചിരിക്കുന്നതിനിടയായി. ഉടൻതന്നെ അവരെ പിടിച്ചു് കേസ്സ് ചാർജ്ജുചെയ്യുന്നതിനുള്ള സംരംഭം പോലീസ് നടത്തുകയുണ്ടായി. സ്റ്റേഷനിൽ പിടിച്ചുകൊണ്ടുപോയ അവരെ ഇറക്കുന്നതിനു ആ നാട്ടിലെ പത്തുരണ്ടായിരം ആളുകൾ പോലീസ്സ്റ്റേഷനിൽ പോകേണ്ടിവന്നു. അത്രയും ആളുകൾ അവിടെ കൂടിയതിനുശേഷമാണു് നിരപരാധികളായ ആ വഴിയാത്രക്കാരെ സ്റ്റേഷനിൽനിന്നും പുറത്തു വിടുകയുണ്ടായതു്. ഈ സ്റ്റേഷനിലെ പോലീസിനെപ്പററിയും, പോലീസിൻസ്പെക്ടരെപ്പററിയും വളരെക്കാലമായി പരാതിപ്പെടുവാൻ തുടങ്ങിയിട്ടു്. അതുപോലെയുള്ള രണ്ടു മൂന്നു പരാതികൾ ഈ അസംബ്ലി കൂടിയതിനുശേഷവും വന്നിട്ടുണ്ടു്. പലപ്പോഴും പരാതികൾ മന്ത്രിക്കും, ഐ. ജി—ക്കും കൊടുക്കുന്നുണ്ടു്. പക്ഷെ, അതിലൊന്നിലും യാതൊരു

[ശ്രീമതി കെ. ആർ. ഗൗരി]

നടപടിയും ഉണ്ടായിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലത്തു നാട്ടുകാർ എല്ലാവരുംചേർന്നു പ്രതിഷേധപ്രകടനം നടത്തിയപ്പോൾ ഒരു ഡി. എസ്. പി. വന്നു. അദ്ദേഹം കാര്യങ്ങളെല്ലാം ശരിയാക്കിത്തരാമെന്നു പറഞ്ഞു. ഇൻസ്പെക്ടർക്ക് പെൻഷൻ ആകുന്നതിന് ഒന്നു രണ്ടുകൊല്ലം മാത്രമേയുള്ളൂ. അതിനിടയ്ക്കു കൂടുതൽജനങ്ങളെ അടിയ്ക്കുകയും, കൂടുതൽ കേസ്സുകൾ ഉണ്ടാക്കുകയും ചെയ്യണം. ആ അടിസ്ഥാനത്തിൽ മാത്രമേ അദ്ദേഹത്തിനു കയറ്റം കിട്ടുകയുള്ളുവെന്നു ഒരു ധാരണ അദ്ദേഹത്തിന് ഗവണ്മെൻറിൻെറ നടപടിയിൽനിന്നും ബോദ്ധ്യംവന്നിരിക്കുകയാണ്. ചേർത്തല മാത്രമല്ല, മററു സ്ഥലങ്ങളിൽ നടക്കുന്ന കാര്യങ്ങളിൽനിന്നും അദ്ദേഹം അപ്രകാരം വിചാരിക്കുന്നതിന് അടിസ്ഥാനമുള്ളതായി കരുതേണ്ടിയിരിക്കുന്നു. വളരെക്കൂടുതൽ അടി നടത്തുന്നവർക്കും, വളരെക്കൂടുതൽ കേസ്സുകൾ ഉണ്ടാക്കുന്നവർക്കുമാണു പ്രമോഷൻ കിട്ടുന്നതായി കാണുന്നതു്. സ്റ്റേഷനിൽ കൊണ്ടുപോയി അടിച്ചാൽ കേസ്സുകൊടുക്കാമെന്നും മററും ഹൈക്കോടതിയിൽ റൂളിംഗ് ഉണ്ടായിട്ടുണ്ട്. ഏത്രപേർക്കു അതിനു സാധിക്കുമെന്നു നാം ആലോചിക്കേണ്ടതാണ്. സാധാരണക്കാരെ സംബന്ധിച്ചിടത്തോളം ആ നിയമം അവർക്ക് ഒരു ഗുണവുമുണ്ടാക്കുന്നില്ല. ഇത്തരമുള്ള പെരുമാററം അവസാനിപ്പിക്കുന്നതിന് ഒരു പഞ്ചവത്സര പദ്ധതിയൊന്നും ആവശ്യമുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. അടി നിറുത്തണമെന്നു ആഗ്രഹമുള്ളപക്ഷം ഒരൊററദിവസംകൊണ്ടുതന്നെ അതു അവസാനിപ്പിക്കാൻ സാധിക്കുന്നതാണ്. സർ സി. പി. ഇവിടെനിന്നും പോയപ്പോൾ പോലീസുകാർ വിരണ്ടിരുന്ന ഒരു കാലമായിരുന്നു. അതായതു് കാൺഗ്രസ്സ് അധികാരത്തിൽവന്നാൽ ഞങ്ങളെയെല്ലാം മാററുമോ, ഞങ്ങളോടു കഴിഞ്ഞകാലസംഭവങ്ങൾക്കു പ്രതികാരനടപടികൾ എടുക്കുമോ എന്നെല്ലാം അവർ ഭയന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷെ, അധികാരത്തിൽവന്ന കാൺഗ്രസ്സ് മന്ത്രിമാർ അവരോടു പറഞ്ഞതു കഴിഞ്ഞ ഗവണ്മെൻറിനെ ഏപ്രകാരംസേവിച്ചോ അപ്രകാരം തന്നെ ഈ ഗവണ്മെൻറിനെയും സേവിക്കണമെന്നാണ്. അതിൻെറ അർത്ഥം മുൻഗവണ്മെൻറിൻെറ നയം തന്നെയാണ് ഈ ഗവണ്മെൻറിൻെറയും നയം ആയിരിക്കുമെന്നാണല്ലൊ. രാഷ്ട്രീയപ്രവർത്തകന്മാരെയെല്ലാം അടിച്ചുമർത്തിക്കഴിഞ്ഞു. ഇപ്പോൾ കാൺഗ്രസ്സുകാരെയും പിടികൂടിയിരിക്കുകയാണ്. ഈ നയം വളരെവേഗം അവസാനിപ്പിക്കണമെന്നാണു എനിക്കു പറയാനുള്ളതു്. ഞങ്ങൾക്കു വളരെ വളരെ പരാതികളുണ്ട്. ആ പരാതികളെല്ലാം ഐ. ജി. യുടെയും മന്ത്രിയുടെയും മുമ്പിൽ കാണും. അവിടെ സ്ത്രീകളെ കിടന്നുറങ്ങാൻപോലും സമ്മതിക്കുന്നില്ലായെന്നുകാണിച്ച് ആക്ഷേപങ്ങളുണ്ടായിട്ടുണ്ട്. ഈ നയം വേഗംതന്നെ അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : സർ, ഫ ഗ ര-ാം വകുപ്പ് ഈ സഭയിലുള്ള എല്ലാവർക്കും പരിചിതമായ ഒരു വകുപ്പാണല്ലൊ. ഇപ്പോൾ ഫ ൦ ൭ എന്നൊരു വകുപ്പു പ്രവർത്തനം നടത്തുന്നതു സർവസാധാരണമായിരിക്കുന്നു. ഈ വകുപ്പു ക്രിമിനൽ കോടിൽ സമാധാനപാലനത്തെ അടിസ്ഥാനമാക്കി കൊള്ളിച്ചിട്ടുള്ളതാണ്. ഈ രാജ്യത്തു സമാധാനം വേണമെന്നുള്ളതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല.

പക്ഷെ, ഒരു ചോദ്യമുണ്ട്. ആരുടെ സമാധാനവും, ആരുടെ സുരക്ഷിതത്വവും ആണെന്നുള്ളതിന്നു ഒരു ഉത്തരം കിട്ടേണ്ടിയിരിക്കുന്നു. ഈ സമാധാനപരിപാലനത്തിന്റെ പേരിൽ ഇന്ന് ഇവിടെ പോലീസുകാർ ചെയ്യുന്ന നടപടികളെപ്പററി നമുക്കു പരിശോധിക്കാം. ൧൦൬-ാം വകുപ്പിൻപ്രകാരം പോലീസുകാർ നടത്തുക്കു അനേകം രാഷ്ട്രീയ പ്രവർത്തകന്മാരുടെപേരിൽ കേസെടുക്കുന്നുണ്ട്. തൊഴിലാളി പ്രവർത്തകരുടെ പേരിലും സെക്ഷൻ ൧൦൬ അനുസരിച്ചാണു കേസുഎടുത്തുവരുന്നതു്. ഇവിടെ ഇന്നു ഭരണത്തിലിരിക്കുന്ന കക്ഷി ജനങ്ങളിൽനിന്നു അകന്നുകഴിഞ്ഞിരിക്കുന്നു. ജനങ്ങളെ മർദ്ദിച്ചുമാത്രമെ അവക്കു ഭരിക്കാൻ ഒക്കുകയുള്ളു എന്നൊരു നിലയാണു കാണുന്നതു്. ഈ ൧൦൬-ാം വകുപ്പിന്റെ പ്രവർത്തനം എങ്ങനെയാണെന്നു നോക്കേണ്ടതുണ്ട്. സർ, എന്റെ സ്വന്ത അനുഭവംതന്നെ എനിക്കു ഇവിടെ പറയാൻ കഴിയും. ൧൯൪൯-ൽ പൂമംഗലത്തു ഉപതിരഞ്ഞെടുപ്പിൽ ഒരു നിയമസഭാസ്ഥാനാർത്ഥിയായി ഞാൻ നിൽക്കുമെന്നുള്ള സംശയത്തിൽ എന്റെ പേരിൽ ൧൦൬-ാം വകുപ്പനുസരിച്ച് ഒരു കേസ് എടുക്കുകയുണ്ടായി. അതായതു്, ഞാൻ ആരോടൊ വോട്ടു തരുമോയെന്നു ചോദിച്ചതായും വോട്ടു തരികയില്ലെന്നു പറഞ്ഞപ്പോൾ ഞാൻ കുഴത്തുവെട്ടുമെന്നു പറഞ്ഞതായും കാണിച്ചാണു എന്റെപേരിൽ കേസ് ചാർജ്ജുചെയ്തതു്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ : കുഴത്തുവെട്ടുമെന്നു മെംബർ പറഞ്ഞുവെന്നാണോ ആരോപണം ?

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അതാണു ചാർജ്ജ്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻനായർ : അങ്ങനെ മെംബർ പറഞ്ഞോ എന്നാണു ചോദിക്കുന്നതു് ?

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ഉത്തരം കോടതിയിൽ പറഞ്ഞിട്ടുണ്ട്. പക്ഷെ, കുഴത്തു വെട്ടുമെന്നു പറഞ്ഞെങ്കിൽകൂടി അനേകമാളുകളെ ജനങ്ങൾ തെരഞ്ഞെടുക്കുകയുണ്ടായി. മൂന്നുകൊല്ലംവരെ ആ കേസ് നിലനിൽക്കുകയുണ്ടായി. ഒരു സെക്യൂറിററി കേസിനു ഒരു കൊല്ലത്തെ ജാമ്യംമാത്രമെ ആവശ്യമുള്ളു. എന്നാൽ ഒരു സെക്യൂറിററി കേസ് മൂന്നുകൊല്ലമാണ് നിലവിൽ നിന്നതു്. എന്റെ പേരിലുള്ള ഒരു കേസ് ഒടുവിൽ കോടതിയിൽനിന്നും തള്ളിക്കളയുകയാണുണ്ടായതു്. പക്ഷെ ഈ കേസിൽ മറെറാരു പ്രതിയായ സഖാവ് പി. കെ. ചാത്തൻ മാസ്റ്ററെ സംബന്ധിച്ചു പോലീസുകാർതന്നെ കേസ് പിൻവലിക്കേണ്ടതാണെന്നു പറഞ്ഞു് ഗവണ്മെൻറിനോട് അഭിപ്രായം ചോദിക്കുകയുണ്ടായി. എങ്കിലും ഈ പോലീസ്മന്ത്രിയുടെ ഉത്തരവിൻപ്രകാരം കേസ് പിന്നെയും തുടർന്നുവന്നു. ൧൯൪൯-ലുള്ള ഒരു സെക്യൂരിട്ടി കേസ് ൧൯൫൫-ലും തുടരുകയാണെങ്കിൽ എന്താണു ഇതിന്റെ അർത്ഥം ? ഒരു ജന്മിക്കു വേണമെങ്കിൽ കുടിയാന്റെപേരിൽ ഒരു കളവുകേസുകൊടുത്തു കുടിഇറക്കാം. അല്ലെങ്കിൽ ജന്മിയെ തല്ലാൻചെന്നുവെന്നോ, പറമ്പിൽ നിന്നും നാളികേരം അടർത്തുവെന്നോ പറഞ്ഞു ക്രിമിനൽ കേസെടുക്കാം. അവസാനം പോലീസ് ജന്മിക്കുവേണ്ടി ഇടപെട്ടു ൧൦൬-ാം വകുപ്പിൽ കേസു ചാർജ്ജു ചെയ്യുകയായി. കുടിയിറക്കുന്നതിനുവേണ്ടി ൧൦൬-ാം

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ]

വകുപ്പോടുകൂടി മററു ചാർജ്ജുകളും ഉൾപ്പെടുത്തി പോലീസുകാർ മർദ്ദകരായ ജന്മിമാർക്കുവേണ്ടി പരസ്യമായി കേസെടുക്കുന്ന ഇടപാടുകൾ കുറച്ചൊന്നുമല്ല.

ഈ രാജ്യത്തെ തൊഴിലാളികൾക്കു സംഘടിക്കാൻ അവകാശമുണ്ടെന്നു ഭരണഘടന പറയുന്നു. അവരുടെ ഡിമാൻറു ഉന്നയിക്കാനും അവകാശമുണ്ട്. ഒരു ട്രേഡുയൂണിയനായി സംഘടിച്ചു പ്രവർത്തിക്കാനും പണിമുടക്കാനും നിയമദൃഷ്ട്യാ സ്വാതന്ത്ര്യമുണ്ട്. പക്ഷെ പോലീസുകാർ തൊഴിലാളി പണിമുടക്കിനുപോയാൽ അവിടെയും ൧൪൭-ാം വകുപ്പു പ്രയോഗിക്കും. സമാധാനലംഘനത്തിൻെറ യാതൊരു തെളിവുമില്ലാതിരുന്ന അവസരത്തിൽ ഇവിടെ അന്തിക്കാട്ടെ ചെത്തുതൊഴിലാളികളിൽ മുപ്പതോളം പേരെ ഈ ഗവണ്മെൻറു ൧൪൭-ാം വകുപ്പനുസരിച്ചു ചാർജ്ജുചെയ്തു കേസെടുക്കുകയുണ്ടായി. പ്രവർത്തിക്കാൻ കഴിവുള്ള പല തൊഴിലാളികളെയും അറസ്റ്റുചെയ്തുകൊണ്ടാണു അവിടെ സമാധാനപാലനം നടപ്പാക്കിയതു്. അവിടെ സമാധാനലംഘനം ഉണ്ടാകാതെ പോലീസുകാരുടെ ശ്രമംകൊണ്ടാണെന്നു തെളിയിക്കാനായിരുന്നു ഗവണ്മെൻറു ശ്രമിച്ചതു്. ന്യായമായ പണിമുടക്കു സമരത്തെ മട്ടിച്ചൊതുക്കാൻ ഒരുമ്പെട്ടതിനുപുറമേ ഈ പണിമുടക്കിനെ തുടർന്നു പല കള്ളക്കേസുകളും അവിടെ പോലീസുകാർ ൧൪൭-ാംവകുപ്പും മററു വകുപ്പുകളും ചേർത്തു ചാർജ്ജു ചെയ്തിട്ടുണ്ടെന്നു മന്ത്രിയോടു എനിക്കു പറയുവാൻ സാധിക്കും. കള്ളു കൺട്രാക്ടർമാരുടെ സമാധാനമാണു് അവിടെ പോലീസ് പാലിച്ചതു്. ഞാൻ ഈ വിഷയത്തിലേക്കു കൂടുതൽ കടക്കുന്നില്ല.

സർ, ഈ വെറുക്കപ്പെട്ട ൧൪൭-ാം വകുപ്പുപ്രകാരം പല കേസുകളും നാട്ടിൽ നടന്നുകൊണ്ടിരിക്കുകയാണു്. ഈ ൧൪൭-ാം വകുപ്പു എന്തിനാണെന്നു നോക്കിയാൽ, കാൺഗ്രസ്സ് ഭരണത്തിൻ കീഴിൽ വീർപ്പുമുട്ടുന്ന ജനങ്ങൾ അവരുടെ മോചനത്തിനായി സംഘടിച്ചു നിൽക്കുകയാണെങ്കിൽ അതിനെ എതിരിടുവാനായിട്ടാണു്. എവിടെയെവിടെയെല്ലാം തൊഴിലാളികൾ സംഘടിച്ചിട്ടുണ്ടോ, അവിടെയെല്ലാം ഗവണ്മെൻറു പോലീസുകാരെ അയച്ചു്, ഈ ഗവണ്മെൻറിനു് ചേരുന്ന രീതിയിൽതന്നെ, അനേകം അനേകം കള്ള കേസുകൾ പല വകുപ്പുകളനുസരിച്ചു് ചാർജ്ജു ചെയ്തിട്ടുള്ളതുകാണാൻ സാധിക്കും. ഈ രാജ്യത്തു സമാധാനം വേണം. അതായതു, ജന്മിമാർക്കും, വൻകിട മുതലാളിമാർക്കും സമാധാനം ഉണ്ടായിരിക്കണം; കരിഞ്ചന്തക്കാർക്കു സമാധാനം ഉണ്ടായിരിക്കണം; കൈക്കൂലിക്കാർക്കു സമാധാനമുണ്ടായിരിക്കണം. ഇതാണു പോലീസിൻെറ സമാധാനപരിപാലനം. സാധാരണ ജനങ്ങൾക്കു സ്വൈരമായി ജീവിക്കാനുള്ള ഒരു പരിതഃസ്ഥിതി സംരക്ഷിക്കുന്നതിനു ഗവണ്മെൻറു വേണ്ടതു ചെയ്യണം. ഈ ൧൪൭-ാം വകുപ്പു സാധാരണ ജനങ്ങളുടെ പല മൗലികാവകാശങ്ങളെയും നിരോധിച്ചിട്ടുണ്ടു്. സാധാരണക്കാരുടെ താൽപര്യങ്ങൾക്കെതിരായി പെരുമാറുന്ന ഈ ഗവണ്മെൻറിനു് അധികം കാലം നിലനിൽക്കാൻ സാദ്ധ്യമല്ല എന്നും ഈ ഭരണം രാജ്യത്തിനു ദോഷമാണെന്നും മന്ത്രിമാർ മനസ്സിലാക്കണമെന്നുമാത്രമാണു് എനിക്കു പറയുവാനുള്ളതു്.

ശ്രീ. ജെ. രാഘവൻപിള്ള : സർ, ഈ ഭേദഗതിയെ പിൻതാങ്ങിക്കൊണ്ടു, ഇന്നു നമുക്കു ഒരു പോലീസുമന്ത്രി ഇവിടെ ഇല്ലെന്നുള്ളതാണ് എനിക്കു പറയാനുള്ളത്. പോലീസുമന്ത്രിയുടെ സ്ഥാനത്തു ഒരു വക്കീലാണ് ഇരിക്കുന്നതു്. പോലീസിന്റെ എല്ലാ തെററുകളെയും ന്യായീകരിക്കുന്നതിനുവേണ്ടിയുള്ള ഒരു പോലീസുവക്കീലാണു നമ്മുടെ പോലീസുമന്ത്രിയുടെ സ്ഥാനത്തിരിക്കുന്നതു്. വളരെക്കാലം മുൻപുതന്നെ അദ്ദേഹം ഇവിടത്തെ ഒരു വലിയ വക്കീലായിരുന്നു. നാട്ടിൻപുറങ്ങളിൽ ഇപ്പോഴും ഒരു പറച്ചിലുണ്ടു്, 'മല്ലന്നും ആയിരം രൂപയുമുണ്ടെങ്കിൽ ആരെയും കൊല്ലാ'മെന്നു്. അതുപോലെ ശ്രീ. ടി. എം. വർഗ്ഗീസ് പോലീസുമന്ത്രിയാണെങ്കിൽ, എന്നൊരു ധാരണ മുതലാളിമാരുടെ ഇടയിൽ ഇപ്പോഴുണ്ടു്.

സർ, ൯ ൪, ൧൯, ൦ ൦ ൦ രൂപ ചെലവു വരുന്ന ഒരു ഡിമാൻറാണു ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഇതിൽ പതിനെണ്ണായിരത്തിൽശിഷ്ടം രൂപ ഡിപ്പാർട്ടുമെൻറിലെ ൨ ൫ ൦ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു വേണ്ടിയാണു്. ഇതു് ആകെയുള്ള ഉദ്യോഗസ്ഥന്മാരുടെ മൂന്നു ശതമാനമാണു്. ഇവിടെ വലിയ വിപ്ലവങ്ങളും പരാതികളും ഉണ്ടായിട്ടുള്ള ഒരു നിയമനമാണു് പാലസ് ഗാർഡിലെ ഉദ്യോഗസ്ഥന്മാരുടെ നിയമനം. അതിലേയ്ക്കുവേണ്ടി ഏഴുലക്ഷത്തി എൺപത്താറായിരത്തി നാന്നൂറുരൂപ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. കാൺഗ്രസ്സു് മന്ത്രിമാരുടെയും, ഏക്സ് കാൺഗ്രസ്സു സെക്രട്ടറിമാരുടെയും ബന്ധുക്കൾക്കുവേണ്ടിയാണു ഈ തുക ചെലവാക്കുന്നതു്. ഒരു വലിയ തുക രാജപ്രമുഖനുവേണ്ടി ചെലവാക്കുന്ന തുകയാണു്. അതായതു രഥം, പല്ലക്കു്, മുതലായവ സംരക്ഷിക്കാൻ കൊള്ളിച്ചിരിക്കുന്ന തുകയാണു്. കൂടാതെ കാളയേയും കുതിരയേയും സംരക്ഷിക്കുന്നതിനും പൊതുജനങ്ങളിൽനിന്നും പിരിച്ചെടുക്കുന്ന പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. ഈ കാളയ്ക്കും കുതിരയ്ക്കും വേണ്ടി ചെലവാക്കുന്ന പണം പോലീസുകാർക്കു വേണ്ടി ചെലവാക്കിയാൽ കൊള്ളാമായിരുന്നു. കാൺഗ്രസ്സുകാർക്കു ഈയിടെ കാളയോടും കുതിരയോടും കൂടുതൽ പ്രേമം കാണുന്നുണ്ടു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ആനയോടും ഉണ്ടു്.

Mr. Speaker : Kindly don't interrupt the member he is losing the trend of his speech.

ശ്രീ. ജെ. രാഘവൻപിള്ള : ഇതു കൃഷി ഡിപ്പാർട്ടുമെൻറിലേക്കാണെങ്കിൽ ശരിയായിരിക്കുമായിരുന്നു.

സർ, ഇതൊരു പോലീസ് സ്റ്റേററാണെന്നു് പറയുന്നതിനു് പല കാരണങ്ങളുമുണ്ടു്. ഈ രാജ്യത്തിലെ സംസ്കാരത്തിന്റെ അധികാരികൾ പോലീസുകാരാണു്. ഇവിടെ ഒരു നാടകം നടത്തണമെങ്കിലും പോലീസിന്റെ അനുമതി വാങ്ങിക്കണം. സ്കൂളുകളിൽ എന്തെങ്കിലും വിശേഷങ്ങൾ ഉണ്ടായാലും പോലീസുകാർ വേണം. തൊഴിൽകുഴപ്പങ്ങൾ ഉണ്ടായാലും പോലീസുവേണം. ഇങ്ങനെ എന്തുണ്ടായാലും പോലീസുകാർ കൂടിയേ കഴിയൂ. സാധാരണജനങ്ങളുടെ ദൈനംദിന ജീവിതം നിയന്ത്രിക്കുന്നതുതന്നെ ഇന്നു പോലീസാണു്. അതുകൊണ്ടാണു ഇതൊരു പോ

[ശ്രീ. ജെ. രാഘവൻപിള്ള]

പോലീസ്സ്റ്റേറാണെന്നു പറയുന്നതു്. പോലീസുകാരുടെ അക്രമംകൊണ്ടു ഇന്നു സ്വൈരമായും സമാധാനമായും ജീവിക്കാൻപോലും സാദ്ധ്യമല്ലാതാകിക്കുകയാണു്.

മിനിഞ്ഞാന്നു ഇളമണ്ണൂർ എന്ന സ്ഥലത്തു ഒരു തൊഴിലാളിമീററിംഗുണ്ടായിരുന്നു. ആ മീററിംഗിൽ സംബന്ധിക്കാൻപോയ സഖാവു ശാരദയേയും, തെങ്ങമം ബാലകൃഷ്ണനേയും അവിടെക്കൂടിയിരുന്ന ഒരുകൂട്ടം ആളുകൾ കൈയേററം ചെയ്തു. അവിടേയും പോലീസുകാർ ചെന്നു. കമ്മ്യൂണിസ്ററ് വിരുദ്ധമുന്നണിക്കാരും, ഗുണ്ടാകളും ചേർന്നു കൈയേററം നടത്തിയപ്പോൾ പോലീസുകാരും അവിടെ എത്തി അതു കണ്ടുകൊണ്ടു നിൽക്കുകയായിരുന്നു. അവർക്കു പോലീസുകാർ ചൂട്ടുപിടിച്ചുകൊടുക്കുകയാണു ചെയ്യുന്നതു്.

ഇപ്പോൾ പുതിയതായി ഒരു പതിനായിരം രൂപകൂടി പോലീസ് ബഡ്ജററിൽ കൊള്ളിച്ചിരിക്കുകാണു്. അതു സീക്രററ് സർവ്വീസ് ഫണ്ടായിട്ടാണു ചേർത്തിരിക്കുന്നതു്. ആ വകുപ്പു രഹസ്യങ്ങൾ മനസ്സിലാക്കാനുള്ള വകുപ്പായിരിക്കും. അല്ലാതെ ഇതെന്താവശ്യത്തിനാണെന്നു മനസ്സിലാകുന്നില്ല. എന്തു രഹസ്യങ്ങളാണെന്നും മററും അറിവില്ല. രാഷ്ട്രീയമായിട്ടുള്ള രഹസ്യങ്ങളായിരിക്കും. ഇതിന്റെ ആവശ്യമെന്താണു്? ഇത്രയും തുക ഈ സീക്രററ് സർവീസിനുവേണ്ടി കൊടുക്കേണ്ട ആവശ്യമെന്താണു്. യാതൊരാവശ്യവുമില്ല. ഇതു കാൺഗ്രസ്സുകാരുടെ ഭയംകൊണ്ടുമാത്രമാണു അവരുടെ സർക്കാർ നിലനിന്നു പോകണമെങ്കിൽ മററു രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനമെന്തെല്ലാമെന്നു അറിഞ്ഞു് അതുപോലെ പ്രവർത്തിക്കാൻവേണ്ടിയാണു്. അല്ലാതെ പൊതുജനാഭിപ്രായമറിഞ്ഞു അതിനനുസരണമായി പ്രവർത്തിക്കണമെന്നുള്ളതല്ല. ഈയിടെ കമ്മ്യൂണിസ്ററുകാരും അവരുടെ അനുഭാവികളും ചേർന്നു ഒരു നാടകം നടത്തി. എന്നാൽ അതു് അറിഞ്ഞുകൊണ്ടു് കാൺഗ്രസ്സുകാരും ഇപ്പോൾ നാടകമഭിനയിക്കുന്നുണ്ടു്. പക്ഷെ അതു വെളിയിൽ എടുക്കാനുള്ള ഭയംകൊണ്ടു അടച്ചുപൂട്ടിയിരിക്കുകയാണു്. ഇങ്ങനെ മററു രാഷ്ട്രീയപാർട്ടിയുടെ രഹസ്യങ്ങൾ മനസ്സിലാക്കി അതുപോലെ പ്രവർത്തിക്കുന്നതിനാണു പോലീസിനെ നിയോഗിച്ചിരിക്കുന്നതു്. സർ, എനിക്കിതിൽ കൂടുതലായി ഒന്നും പറയണമെന്നില്ല.

ശ്രീ. കെ. ജെ. തോമസ് : ശ്രീ. ഗംഗാധരൻ ഇവിടെ മൂവു ചെയ്തിട്ടുള്ള ഉപക്ഷേപത്തെ ഞാൻ ശക്തിയായി അനുകൂലിക്കുകയാണു്. വളരെ വേദനയോടുകൂടിയാണു ഞാൻ അങ്ങിനെ ചെയ്യുന്നതു്. ഇന്നു നാട്ടിൻപുറങ്ങളിലും ഗ്രാമപ്രദേശങ്ങളിലും നടക്കുന്ന അക്രമങ്ങളും അനീതിയും കണ്ടിട്ടുള്ള പ്രതിഷേധംകൊണ്ടാണു ഞാനിങ്ങനെ ചെയ്യുന്നതു്. അതിനുള്ള ഉത്തരവാദിത്വം മുഴുവൻ പോലീസുകാർക്കാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇന്നിവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും പറഞ്ഞതുപോലെനാട്ടിൻപുറങ്ങളിലെ സാധുക്കൾക്കും ഇടത്തരക്കാർക്കും കൂലിക്കാർക്കും അവരുടെ മാനത്തിനും ജീവനും രക്ഷയില്ലെന്നായിത്തീർന്നിട്ടുണ്ടു്. ഇതിനു മതിയായ തെളിവുകൾ ഉള്ളതുകൊണ്ടാണു് ഞാൻ ഇങ്ങനെ പറയുന്നതു്.

സർ, എന്റെ നിയോജകമണ്ഡലത്തെപ്പററി മാത്രമേ ഞാൻ പ്രസ്താവിക്കാനൊരുങ്ങുന്നുള്ളു. കഴിഞ്ഞ ഏലക്ഷൻ കഴിഞ്ഞതിനുശേഷം അവിടെ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ മുഖ്യമന്ത്രിയുടെയും മററു പോലീസുദ്യോഗസ്ഥന്മാരുടേയും ശ്രദ്ധയിൽ ഞാൻ അപ്പഴപ്പോൾ പെടുത്തിയിട്ടുണ്ട്. നിർഭാഗ്യവശാൽ അവിടെയുള്ള ആളുകൾ അധികവും ഇവിടെ ഒരു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളമാതിരിയിൽ മാന്യന്മാരല്ല. മാന്യന്മാരെല്ലാം കാൺഗ്രസ്സിലോ, എൻ. എസ്സ്. എസ്സിലോ അംഗങ്ങളായിരിക്കും എന്ന്, ഇവിടത്തെ ഒരു മന്ത്രി പറയുകയുണ്ടായല്ലോ. അങ്ങിനെ ബഹുമാന്യന്മാരായി ജീവിക്കാത്തതുകൊണ്ട് അവരുടെ ജീവനും മാനവും സംരക്ഷിക്കാൻ ഇന്നു നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നതു്.

ഇതിനുമുമ്പ് അവിടെ ഉണ്ടായിട്ടുള്ള സംഗതികളെല്ലാം ഞാൻ അധികാരികളെ അറിയിച്ചിട്ടുണ്ട്. അതിൽ പലതിനും ചില ചില്ലറ പരിഹാരങ്ങളുമുണ്ടായിട്ടുണ്ട്. സർ, ഇന്നലെ എനിക്ക് എന്റെ ഒരു സ്നേഹിതനിൽനിന്നും കിട്ടിയ ഒരു കത്താണിതു്. രണ്ടു ദിവസം മുമ്പ് ഒരു മുതലാളിയുടെ മകനും ഒരു ഇടത്തരക്കാരനും തമ്മിൽ ഒരു വാഗ്വാദമുണ്ടായി. അതിന്റെ ഫലമായി ആ ഇടത്തരക്കാരനെ മുതലാളി പോലീസുകാരെക്കൊണ്ടു പിടിപ്പിക്കാൻ ശ്രമിക്കയാണ്. ഇവിടെ ഒരംഗം പറഞ്ഞതുപോലെ ഫ ാ ഗ്—ാംവകുപ്പനുസരിച്ച് കേസെടുപ്പിക്കുന്നതിലേക്കു അനേകം കള്ളഹർജികൾ പോലീസിൽ കൊടുപ്പിച്ചിരിക്കുന്നു. പോലീസുകാർ അയാളെ പിടിക്കുന്നതിനുവേണ്ടി അന്വേഷിച്ചു നടക്കുന്നു. അയാൾ ഇപ്പോൾ ഒളിവിൽ ഇരിക്കയാണ്. ഇതുപോലെ പല സംഭവങ്ങളും അവിടെ ഉണ്ടായിട്ടുണ്ട്. ഈ ഒരു മുതലാളിതന്നെ ഉൾപ്പെട്ട മറെറാരു ചെറിയ സംഭവമുണ്ടായി. മുതലാളിയുടെ കൂലിക്കാരനും ഒരു ചായക്കടക്കാരനും തമ്മിൽ ഒരു കശപിശയുണ്ടായി. അതു സംബന്ധിച്ച് പോലീസുകാരെക്കൊണ്ടു് കടക്കാരനെ പിടിച്ചു മർദ്ദിപ്പിച്ചു. അതുകൊണ്ടും ആ മുതലാളി തൃപ്തിപ്പെട്ടില്ല. പിന്നീടു അവിടത്തെ പോലീസിന്റെ അകമ്പടിയോടുകൂടി ആ പാവപ്പെട്ടവനെ മുതലാളിയുടെ വീട്ടിൽ കൊണ്ടുചെന്നു സമാധാനം പറയിച്ചു സർ.

ഇനിയും ഒരു കൊലപാതകത്തിന്റെ കാര്യം ഞാൻ പറയാം. കുറച്ചു ദിവസങ്ങൾക്കു മുമ്പ് ഏരുമേലിക്കടുത്തു് കണ്ണിമല എന്ന സ്ഥലത്തു ഒരു തോട്ടിൽ ഒരു പ്രേതം കാണുകയുണ്ടായി. അതു ഒരു കൊലപാതകമായിരുന്നു സർ. ഇതേപ്പററി ആദ്യം അന്വേഷിക്കാൻപോയ ഹെഡ്കാൺസ്ററബിൾതന്നെ ഇക്കാര്യം ഈ സഭയിലെ ഒരു കാൺഗ്രസ്സ് എം. എൽ. എ-യോടു് പറയുകയുണ്ടായി. മാത്രമല്ല അതു പോസ്ററുമാർട്ടം നടത്തിയ ഡാക്ടർതന്നെ അതു പരസ്യമായി പ്രസ്താവിച്ചതായറിയാം. എന്നാൽ ആ കൊലപാതകം ഇന്നു് ചില അജ്ഞാതഹസ്തങ്ങളുടെ സ്വാധീനശക്തികൊണ്ടു ഒരു അപകടമരണമായി തീർന്നിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ആ കാൺഗ്രസ്സ് എം. എൽ. എ. ആരാണെന്നു പറയാമോ?

Mr. Speaker : Order, Order. We don't want to hear the name.

ശ്രീ. കെ. ജെ. തോമസ് : ചില പ്രബല ഹസ്തങ്ങളുടെ സ്വാധീനത്തോടുകൂടി ഇന്നത് ഒരു അപകടമരണമാണെന്നു വരുത്തുന്നതിനുള്ള നടപടി നടത്തിക്കൊണ്ടിരിക്കയാണ്. പോലീസുകാർ അവിടെ തോട്ടിൽ ചെന്നു തപ്പി ഒരൊട്ടൽകുറ്റി പറിച്ചുകൊണ്ടുപോയതായി അറിയാം.

മി. സ്പീക്കർ : അതു സബ്ജുഡീസ് അല്ലേ?

ശ്രീ. കെ. ജെ. തോമസ് : സബ്ജുഡീസ് ആയില്ല സർ. പോലീസ് റഫർ എഴുതി തള്ളാൻ പോകയാണ്.

Mr. Speaker : The case is under investigation. When the Police has taken the F. I. R. and investigation has been started, it is *sub judice*.

ശ്രീ. കെ. ജെ. തോമസ് : കൂടുതൽ പറയുന്നില്ല. ഏതായാലും ചില പ്രബല ഹസ്തങ്ങളുടെ സ്വാധീനംകൊണ്ടു അതു അപകടമരണമായി തീരാൻ പോകുകയാണ്. അതിനുള്ള ഉത്തരവാദികൾ വെറും പോലീസുകാരല്ല. വാസ്തവത്തിൽ നമ്മുടെ നാട്ടിലെ പോലീസുകാർ കാര്യക്ഷമതയിൽ മററു രാജ്യങ്ങളിലെ പോലീസിനെ അപേക്ഷിച്ചു മെച്ചമാണ്. ഇന്നു അവരുടെ അന്തസ്സും സ്റ്റാററസും പരിപാലിച്ചുകൊണ്ടുപോകുന്നതിനു അവർ വളരെ വിഷമിക്കുന്നുണ്ട്. അതിനുള്ള ശമ്പളം അവർക്കു ലഭിക്കുന്നില്ല.

സർ, മുണ്ടക്കയത്തെ സബ്ബ് ഇൻസ്പെക്ടരെ അവിടെനിന്നും സ്ഥലം മാററുകയുണ്ടായി. പകരം ചാർജ്ജെടുക്കാനുള്ള ഇൻസ്പെക്ടർ അവിടെ ചെല്ലുകയുംചെയ്തു. എന്നാൽ ആ ഇൻസ്പെക്ടരെ അവിടെനിന്നും മാററാതിരിക്കുവാൻവേണ്ടി ചില മുതലാളിമാർ പോലീസുമന്ത്രിയെ സമീപിച്ചു അതിലേക്കൊരാർഡർ വാങ്ങിച്ചുകൊണ്ടുപോയി ആ സ്ഥലംമാററം നടപ്പിലാക്കാതെയിരുന്നു സാർ. അതുകൊണ്ട് ഞാൻ പറയുന്നതു ഇതിനെല്ലാം പ്രധാന ഉത്തരവാദി ഈ പോലീസു മന്ത്രിയാണെന്നാണ്. അവിടത്തെ മുതലാളിമാരോടു ഈ പോലീസുമന്ത്രിക്കു ചില കടപ്പാടുകൾ ഉണ്ട്. അതു വെച്ചുകൊണ്ടു അവർ പരസ്യമായി പലതും കാട്ടിക്കൂട്ടുകയാണ്. അതവർ പറഞ്ഞുകൊണ്ടു നടക്കുന്നതായും എനിക്കറിയാം. അതുകൊണ്ടു ഞാൻ പോലീസുമന്ത്രിയോടാവശ്യപ്പെടുന്നു, ഈമാതിരിയുള്ള പെരുമാററം നിറുത്താൻ അങ്ങേയ്ക്കു കഴിവില്ലെങ്കിൽ, അനീതികളെ അടിച്ചമർത്തുവാൻ അങ്ങേയ്ക്കു സാധ്യമല്ലെങ്കിൽ, കാൺഗ്രസ്സിന്റെ നിലനില്പിനെ ഓർത്തെങ്കിലും രാജിവച്ച് സ്വസ്ഥമായി വിശ്രമം കൊള്ളുക എന്ന്.

Mr. Speaker : Mr. Balakrishna Menon, do you want to speak?

Shri K. Balakrishna Menon : I don't think, Sir, that I can make any useful contribution to the discussion and so I don't wish to speak. Thank you, Sir.

ശ്രീ. എ. കുഞ്ഞൻ നാടാർ : സർ, ഇവിടത്തെ പോലീസ് ഡിപ്പാർട്ടുമെന്റിനെക്കൊണ്ടു നാട്ടിൻപുറത്തുള്ള സാധുജനങ്ങൾക്കു യാതൊരുപ്രയോജനവുമില്ല എന്ന ഒരു പരിതഃസ്ഥിതിയിൽ നാം എത്തിച്ചേർന്നിരിക്കുകയാണ്. ഇന്നു നാട്ടിൻപുറത്തു ധാരാളം നടക്കുന്ന തേങ്ങാ മോഷണവും വാഴക്കുല

മോഷണവും മററും ഞങ്ങൾ എല്ലാവരും മോഷണമല്ലെന്നു പരിഗണിച്ചു തുടങ്ങിയിട്ടുണ്ട്. അതു മോഷ്ടാവിന്റെ ഒരു അവകാശമായി തീർന്നിട്ടുണ്ട്. മാന്യവും മര്യാദയുമുള്ളവർ ഇന്നു പോലീസിന്റെ അടുത്തു പോകുകയില്ല. പോകാത്തതു് ഭയംകൊണ്ടുമാത്രമാണ്. പോലീസ് ഇന്ന് കൈക്കൂലിക്കാരും കൊള്ളക്കാരുമായി തീർന്നിരിക്കുകയാണ്. അടുത്ത കാലത്തു എനിക്കൊരു സംഭവം അറിയുവാനിടയായി. ഒരു പ്രാസ്റ്റിററ്യൂട്ട് അദ്ദേഹം പറയുകയുണ്ടായി ഈ പ്രദേശത്തുള്ള വേശ്യകൾക്കു വളരെയധികം വിഷമങ്ങൾ ഉണ്ടായി. അതേസംബന്ധിച്ചു എ. എസ്. പി. യുടെ അടുത്തു നാട്ടുകാർ പരാതി പറഞ്ഞതിൽ അദ്ദേഹം പറഞ്ഞു എനിക്കതിൽ ഒന്നും ചെയ്യാൻ നിവൃത്തിയില്ലാ. ഇന്ന് അവിടെ ഒരു പോലീസുകാരൻകൂടി എപ്പോഴും ഉണ്ടായിരിക്കും അതാരെന്ന് അന്വേഷിച്ചുകൊണ്ടുചെന്നാൽ അതു ചെയ്യും എന്നു പറഞ്ഞു. അതായതു് ഇന്നത്തെ കൊള്ളരുതായ്മകൾക്കെല്ലാം പോലീസുകാർ കൂട്ടുനിൽക്കുകയാണെന്നാണു പറയുന്നതു്.

ഇന്ന് പോലീസിന് കാര്യക്ഷമതയില്ലാതെ വരുന്നതിനു പ്രധാനമായി രണ്ടു കാരണങ്ങളാണുള്ളതു്. ഇന്നു ജനങ്ങൾക്കു "General defiance of law" അതായതു നിയമം നിഷേധിക്കുന്നതിനുള്ള ഒരു ആസക്തി വളരെ അധികം വർദ്ധിച്ചിട്ടുള്ളതാണു പ്രധാനമായ ഒരു കാരണം. അതിനുള്ള പ്രധാന കാരണം ചില രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനമാണെന്നു പറയാൻ ഞാൻ മടിക്കുന്നില്ല.

Shri P. S. Nataraja Pillai : May I know whether the Member himself has defied law?

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ തന്നെ പല പ്രാവശ്യവും "ഡിഫൈ" ചെയ്തിട്ടുണ്ട്. അടുത്ത കാലത്തു ഒരു പാക്കററടി കേസിൽ ഞാനും പ്രതിയായി. പാക്കററടിക്കേസിൽ എന്നെപ്പോലെയുള്ളവർ പ്രതിയാകണമെങ്കിൽ പോലീസ് എത്രമാത്രം അധഃപതിച്ചു എന്നുള്ളതു ഞാൻ പറയാതെന്നെ മനസ്സിലാക്കാവുന്നതാണ്.

രണ്ടാമതെനിക്കു പറയാനുള്ളതു് പോലീസ് സൈന്യത്തിനകത്തു തന്നെ അച്ചടക്കരാഹിത്യം വളരെ അധികം വളർന്നിട്ടുണ്ടെന്നാണ്. ഇന്നു ഓരോ പോലീസ് സ്റ്റേഷനിൽ പോയി നോക്കിയാലും എ. എസ്. പി. പറയുന്നതു സർക്കിൾ ഇൻസ്പെക്ടർ കേൾക്കുകയില്ല. സർക്കിൾ ഇൻസ്പെക്ടർ പറയുന്നതു സബ്ബ് ഇൻസ്പെക്ടർ കേൾക്കുകയില്ല, സബ്ബ്ഇൻസ്പെക്ടർ പറയുന്നതു ഹെഡ്കാൺസ്റ്റബിൾ കേൾക്കുകയില്ല, ഹെഡ്കാൺസ്റ്റബിൾ പറയുന്നതു കാൺസ്റ്റബിൾ കേൾക്കുകയില്ല. ഇങ്ങനെയുള്ള വിഷമങ്ങൾനിറഞ്ഞ ഒരു പരിതഃസ്ഥിതിയാണിന്നുണ്ടായിരിക്കുന്നതു്. ഒരു കേസുംകൊണ്ടു് ഒരു കക്ഷി പോയാൽ ഇൻസ്പെക്ടർ ഒരു പോലീസുകാരന് ഓർഡർ ഇട്ടുകൊടുക്കും. അയാൾ പോലീസുകാരന് കഴിവുള്ളതു ചെയ്യുകയും ചെയ്യും കാര്യം നടക്കുകയുമില്ല. ഒടുവിൽ ഇൻസ്പെക്ടരോടു പരാതി പറയുകയാണെങ്കിൽ അയാൾക്കു വല്ലതും കൊടുത്തു ശരിപ്പെടുത്തിക്കൊള്ളണമെന്നു പറയും. ഇങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയാണ് ഇന്നു നാട്ടിൽ ഉണ്ടായിട്ടുള്ളതു്. അച്ചടക്കരാഹിത്യത്തെ പ്പററി പറയുമ്പോൾ ഗൺ ഉ ഫ— ഉ ഫ—ലെ പോലീസ് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് നോക്കിയാൽതന്നെ അതു കാണാവുന്നതാണ്. അതായതു്, ബ്ലാക്കുമാർക്കു

[ശ്രീ. എ. കുഞ്ഞൻ നാടാർ.]

ഫൈൻ, തരംതാഴ്ത്തൽ മുതലായ ശിക്ഷകളുടെ കണക്കു നോക്കിയാൽ അതു ആകെയുള്ള പോലീസ് സൈന്യത്തിന്റെ ൫ ൫ · വ ൭ ശതമാനമായിരുന്നു. ഇത്രയധികം അച്ചടക്കരാഹിത്യവും അഴിമതിയുമാണ് ഈ പോലീസ് ഡിപ്പാർട്ടുമെൻറിലുള്ളതെന്നാണെനിക്കു പറയാനുള്ളതു്.

ഈ ൧൯൫൧–൫൨ വർഷത്തിൽ ൧൩ കള്ളനോട്ടുകേസുകൾ ഉണ്ടായിട്ടുണ്ടു്. ജനകീയഭരണം വന്നതിനുശേഷമാണ് ഇതു ഇത്ര അധികം വർദ്ധിച്ചിട്ടുള്ളതു്. ഇതുവരെ തെക്കൻതിരുവിതാംകൂറിൽ കള്ളനോട്ടു കേസുകൾ കുറവായിരുന്നു. ഇന്നു് അവിടേയും അതു് സർവ്വത്ര പ്രചാരത്തിലായിട്ടുണ്ടു്. കള്ളനോട്ടു കേസുകൾ പിടിച്ചിട്ടു് അവയെ ശിക്ഷയിൽ കൊണ്ടുവരുന്നതിനു പകരം ശിക്ഷയില്ലാതാക്കുകയാണു പോലീസുകാർ ചെയ്യുന്ന പതിവു്. ഈ രാജ്യത്തു ഇത്രയധികം കള്ളനോട്ടുകേസുകൾ ഉണ്ടായിട്ടുള്ളതു എത്രത്തോളം രാജ്യത്തെ ബാധിക്കുമെന്നുള്ളതു ഈ ഗവണ്മെൻറ് വേണ്ടത്ര അറിയുന്നില്ല എന്നുള്ളതാണ് എനിക്കു തോന്നുന്നതു്.

3. P. M.

അതുപോലെതന്നെ ചാരായം പിടിപ്പുകേസ്സും. ഈ സിററിയിൽ വളരെ അധികം ചാരായവും സാമഗ്രികളും ഏതാനും മാസങ്ങൾക്കു മുമ്പു് ഒരു സർക്കിൾ ഇൻസ്പെക്ടർ കണ്ടുപിടിക്കുകയുണ്ടായി. അവിടെ നാൾതോറുമിയും പേരേടും വച്ചാണ് പാറവർവു നടത്തിക്കൊണ്ടിരുന്നതു്. പോലീസ് ഹെഡ്കാൺസ്റ്റബിൾമാരും കാൺസ്റ്റബിൾമാരുമാണു ഈ പാറവരവുകാരിൽ ഉൾപ്പെട്ടതു്. ഈ രജിസ്റ്റർ ഐ. ജി. ക്കു അയച്ചുകൊടുത്തതായും ഇതു കണ്ടുപിടിച്ച സർക്കിൾ ഇൻസ്പെക്ടരെ തരംതാഴ്ത്തുകയും ചെയ്തതായിട്ടാണറിവു്. ഇങ്ങനെയുള്ള ഒരു പോലീസ് സേനയെ വച്ചുകൊണ്ടിരുന്നാൽ അവരെക്കൊണ്ടു് നാട്ടുകാർക്ക് വളരെ ഒന്നും ഗുണം ഉണ്ടാകുമെന്നു തോന്നുന്നില്ല.

സർ, എനിക്കു നാഗർകോവിൽ പോലീസുകാരുടെ ചെയ്തികളെ പററിയാണ് ഇനി പറയാനുള്ളതു്. അവിടെ അടുത്തകാലത്തു ഉറങ്ങിക്കിടന്നിരുന്ന ഒരു പോസ്റ്റാഫീസ് പാക്കറെ പോസ്റ്റാഫീസിൽവച്ചു നിർദ്ദയമായി വെട്ടി കൊല്ലുകയുണ്ടായി. വളരെ മാനം മര്യാദയോടുകൂടി ജീവിച്ചുപോന്നിരുന്ന ഈ വ്യക്തിയെ ഇത്ര നിഷ്ഠുരമായ വിധത്തിൽ കൊന്നതിന് അവിടുത്തെ പോലീസ് യാതൊരു നടപടിയും നടത്തിയില്ല. ഇതുവരെ അതിനു എന്തെങ്കിലും തെളിവുണ്ടാക്കാൻ സാധിച്ചുമില്ല. നാഗർകോവിലിനെപ്പോലെ, ഇത്ര തെരക്കുള്ള ഒരു സ്ഥലത്തു്, ജനങ്ങൾ അഹോരാത്രം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ഒരു സ്ഥലത്തു നടന്ന ഈ കൊലപാതകത്തെപ്പററി പോലീസുകാർക്കു യാതൊരു വിവരവും ഇല്ലെന്നു പറയുന്നതു—

Shri T. M. Varghese: Does the hon. Member know that the case is under investigation ?

ശ്രീ. എ. കുഞ്ഞൻനാടാർ : ഇതുവരെ കേസു ചാർജ്ജു ചെയ്തിട്ടില്ല. ഇത്രയും കാലമായിട്ടും കേസു ചാർജ്ജു ചെയ്തിട്ടില്ലെന്നുള്ളതുതന്നെ അവിടത്തെ പോലീസിന്റെ അമാന്തത്തെ കാണിക്കുന്നുണ്ട്. സർ, അവിടെ നടത്തുന്ന ഇൻവെസ്റ്റിഗേഷന്റെ രീതി എന്താണെന്നുകൂടി ഞാൻ പറയാം.

Mr. Speaker : That means you are going beyond the purview of the motion.

ശ്രീ. എ. കുഞ്ഞൻ നാടാർ : എന്നാൽ ഞാൻ അതിലേക്കു കടക്കുന്നില്ല.

അവിടെ ഒരു ദിവസം പത്തും പതിനഞ്ചും മോഷണങ്ങളല്ല നടക്കുന്നതു്. സഖാവു രാമസ്വാമിയുടെ സ്ഥലത്തു്, മോഷണത്തിന്റെ ഉപദ്രവം സഹിക്കാവയ്യാതെ ജനങ്ങൾതന്നെ സംഘടിച്ചു് അതിനെ നേരിടുവാൻ രാത്രി ചുററിസഞ്ചരിക്കുകയാണു് ജനലുകൾക്കടുത്തു്, മണ്ണെണ്ണപാട്ടവിട്ടും. കള്ളന്മാർവന്നു് ജനൽ തുറക്കുമ്പോൾ മണ്ണെണ്ണപാട്ട തുഴപ്പിണ്ണ ശബ്ദം ഉണ്ടാക്കും. ഇവിടെ പോലീസ് ഡിസനയുടെ അച്ചടക്കരാഹിത്യം കൊണ്ടാണു് ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടാകുന്നതു്. ഇതിലേക്കു വേണ്ടതു ചെയ്യണമെന്നും കുറെകൂടി ശ്രദ്ധിക്കണമെന്നും ഞാൻ അഭിപ്രായപ്പെടുന്നു.

ശ്രീ. ഈ. കൃഷ്ണൻനായർ : സർ, ൯ ൪ ലക്ഷം രൂപയാണു് ഇവിടത്തെ പോലീസുസേനക്കുവേണ്ടി ഇത്രവണത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ.

Mr. Speaker : Mr. Krishnan Nair, are you speaking on the policy ?

Shri E. Krishnan Nair : I am supporting the Cut Motion. അതുകൊണ്ടു് ഈ സംസ്ഥാനത്തിൽ ആളൊന്നുക്കു ഒരു രൂപാ വീതം ഈ ഡിപ്പാർട്ടുമെൻറിലേക്കു ചെലവാകുന്നുണ്ടെന്നു കാണാം. കഴിഞ്ഞ വർഷത്തേക്കാൾ ൧൩ ലക്ഷം രൂപയാണു് ഇക്കൊല്ലത്തെ ബഡ്ജററിൽ കൂടുതലായി കൊള്ളിച്ചിരിക്കുന്നതു്. സമാധാനകാംക്ഷികളായ സാധാരണജനങ്ങളുടെ അവസ്ഥക്കു യാതൊരു കുഴപ്പവും വരാതെ സൂക്ഷിക്കുവാൻ വേണ്ടിയാണു് ഇവിടത്തെ പോലീസിനെ ഇത്രയധികം വർദ്ധിപ്പിച്ചതും ഡിപ്പാർട്ടുമെൻറിലേക്കു് കൂടുതലായി തുക ചെലവാക്കുന്നതെന്നും ഞാൻ വിചാരിക്കുന്നു.

എനിക്കു് എന്റെ നിയോജകമണ്ഡലമായ കൊട്ടാരക്കരയെപ്പററി ഒന്നു രണ്ടു വാക്കുകൾ പറയാനുണ്ടു്. അവിടെ ഒരു യുവാവിനെ പോലീസുസ്റ്റേഷനിൽവച്ചു് നിർദ്ദയമായി മർദ്ദിച്ചുകൊന്നു എന്നു പറയപ്പെടുന്ന കൊലപാതകത്തെപ്പററി വലിയ പരാതികൾ ഉണ്ടാകുകയും അതിനെപ്പററി അന്വേഷിക്കുവാൻ പ്രത്യേകം ഒരു കമ്മിററിയെ നിയമിക്കുകയും ആ കമ്മററി ഒരു റിപ്പോർട്ടു് സമർപ്പിക്കുകയും ചെയ്തതായി അറിയാം. എന്നാൽ ആ കമ്മിററി നടത്തിയ അന്വേഷണത്തിന്റെ ഫലം എന്താണെന്നു് ആർക്കും അറിയാൻ കഴിയുന്നില്ല. കൂടാതെ ആ താലൂക്കിന്റെ രണ്ടു ഭാഗങ്ങളിലായിട്ടു സംശയാസ്പദങ്ങളായ രണ്ടു മരണങ്ങൾ ഉണ്ടായിട്ടുണ്ടു്. മുമ്പു് എന്റെ മാന്യസ്നേഹിതൻ പ്രസ്താവിച്ചു

[ശ്രീ. ഇ. കൃഷ്ണൻ നായർ.]

ആ മരണങ്ങളെ സംബന്ധിച്ച് പോലീസ് ഇടപെട്ട് വേണ്ട അന്വേഷണങ്ങൾ ഇതുവരെ നടത്തിയിട്ടില്ല. നേരെമറിച്ച് പോലീസു ഉദ്യോഗസ്ഥന്മാർ ഡാക്ടറുമായി ചേർന്ന് നല്ലൊരു തുക കൈക്കൂലി വാങ്ങിയതിന്റെ ഫലമായി ആ കേസുകൾ റഫർചെയ്തു എന്നാണ് എന്റെ അറിവ്. ഇതുകൂടാതെ സാധാരണജനങ്ങൾ വഴക്കുകൾ ഉണ്ടാകുമ്പോൾ കേസുകൾ കൊടുക്കുകയും കോടതികളെ ആശ്രയിക്കുകയും ചെയ്യുമെങ്കിലും അതിനെ തുടർന്നു പല ഹർജികൾ അയക്കുകകൂടി പതിവുണ്ട്. അതിനെപ്പററി അന്വേഷണങ്ങൾ നടത്തുന്നതു് ഒരു പ്രത്യേക രീതിയിലാണ്. പരസ്യമായി അന്വേഷണത്തിന് ആരും പോകാറ് പതിവില്ല. സ്റ്റേഷൻ ഡ്യൂട്ടിയിൽ ഇരിക്കുന്ന കാൺസ്റ്റബിൾമാരെ ഒഴിച്ചു വാദിക്കുവരുന്നവരുടെ പക്കൽ ഇരുന്നിൽവരുന്ന ഹർജികൾ കൊടുത്തയ്ക്കാറുണ്ട്. അവർ പരാതി അയച്ചവരുടെ പക്കൽനിന്നുതന്നെ കൈക്കൂലി വാങ്ങാൻ ശ്രമിക്കുന്നു. ഇവരെക്കൊണ്ടുള്ള ഉപദ്രവവും ക്ലേശവും ഓർത്തു ഇവർ ആവശ്യപ്പെടുന്ന തുകയെങ്ങനെയെങ്കിലും കടംവാങ്ങി ആളുകൾ കൊടുത്തുപോകുന്നു.

സർ, ഇവിടത്തെ പോലീസ് സേനയുടെ ഇടയിൽ ഇത്രത്തോളം കൈക്കൂലിയും അഴിമതിയും കാണുന്നതിന് ഞാൻ കാണുന്ന ഒരു കാരണം അവർക്ക് സമാധാനപരമായി ജീവിക്കുവാൻ ഉള്ള യാതൊരു പരിതഃസ്ഥിതിയും ഇല്ലാത്ത ഒരു സ്ഥിതിയാണ് ഈ നാട്ടിന്റെ നാനാഭാഗങ്ങളിലും നിലവിലിരിക്കുന്നതു് എന്നുള്ളതാണ്. അക്രമത്തിനും അനീതിക്കും കൊള്ളക്കും കൈക്കൂലിക്കും കൂട്ടുനിൽക്കുന്നതിനുള്ള കാരണം എന്താണെന്നു ഈ ബഡ്ജററെനോക്കിയാൽതന്നെ പ്രത്യക്ഷമായി കാണാൻ കഴിയും. ബഡ്ജററിൽ ഒന്നു കണ്ണോടിച്ചപ്പോൾ എനിക്ക് പ്രധാനമായി കാണാൻ കഴിഞ്ഞതു് അവിടെ പെർമെനൻറ് സബ് ഇൻസ്പെക്ടർമാർ ൯൯ ഉള്ളപ്പോൾ ടെമ്പററിയായി ൧൩൩ പേർ ഉള്ളതായിട്ടാണ്. ൧൦.൦ ൧൫.൦ കൊല്ലത്തെ സർവീസുള്ളവർ ഇക്കൂട്ടരിൽ ഉണ്ട്. ഇവർക്ക് അവരുടെ സബ്സ്റ്റാൻഷ്യൽ പേയുടെ ഒരുഭാഗംമാത്രം പെൻഷനായി കിട്ടിയേക്കാം. ഹെഡ്കൺസ്റ്റബിൾമാരെയാണ് സബ്ഇൻസ്പെക്ടർമാരായി ടെമ്പററിയായി നിയമിക്കുന്നതു്. അവർക്കിപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളംകൊണ്ട് ഇന്നത്തെ പരിതഃസ്ഥിതിയിൽ ജീവിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ട് എങ്ങനെയെങ്കിലും ഈ ടെമ്പററി പോസ്ററുകിട്ടിയിരിക്കുന്ന സന്ദർഭം വേണ്ടപോലെ ഉപയോഗിച്ച് ധനം സമ്പാദിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ അവർ ആരായുകയും അവ വേണ്ടപോലെ ഉപയോഗിക്കുകയും ചെയ്യും. അതിനാൽ ഈ ടെമ്പററി സബ്ഇൻസ്പെക്ടർമാരെ എത്രയും വേഗത്തിൽ സ്ഥിരപ്പെടുത്തി അവർക്കു ജീവിക്കുവാനുള്ള ശമ്പളം കൊടുക്കുന്നപക്ഷം ഈ ഡിപ്പാർട്ടുമെൻറിലുള്ള കൈക്കൂലിക്കും അഴിമതിക്കും വളരെ ഒക്കെ ശമനം വരുന്നതാണ്. സർ, ഇതു് ഇൻസ്പെക്ടർമാരെമാത്രം ബന്ധിക്കുന്ന കാര്യമല്ല. ജീവിതത്തെ നിലനിറുത്തുവാൻ പര്യാപ്തമായ ശമ്പളം ആ ഡിപ്പാർട്ടുമെൻറിലുള്ള എല്ലാ ജീവനക്കാർക്കും നൽകേണ്ടതാണ്. അല്ലാത്തപക്ഷം നമ്മുടെ സമാധാനകാംക്ഷികളായ സാമാന്യജനങ്ങൾക്ക് പോലീസുസേനയെക്കൊണ്ട് യാതൊരു ഉപയോഗവും ലഭിക്കാതെവരും. ഇക്കാര്യത്തിൽ ഗവണ്മെൻറ് സത്വരം ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു.

Mr. Speaker : Does the Minister want to speak on the Motion ? You can reply to the discussions that have so far taken place.

Shri. T. M. Varghese: Yes.

ഇവിടെ അവതരിപ്പിക്കപ്പെട്ട ഖണ്ഡനോപക്ഷേപങ്ങൾ പലതെങ്കിലും അവയിൽ ഉന്നയിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ പ്രധാനമായി മൂന്നാണ്. അവയ്ക്കു പ്രത്യേകമായും സമഗ്രമായും സമാധാനം പറയാൻ ശ്രമിക്കാം.

ഏററവും പ്രധാനമായി പുറപ്പെടുവിച്ച ആക്ഷേപം പോലീസ്ഭരണത്തിലുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന വൈകല്യങ്ങളെപ്പററിയാണ്. ആദ്യമായി ബഹുമാനപ്പെട്ട കോട്ടയം മെംബർ ഒന്നുരണ്ടു ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. പൊലീസ് അധികാരികൾ കാണിക്കുന്നതായി വിവരിക്കുന്ന അക്രമങ്ങളെപ്പററി പൊതുവായ വിമർശനങ്ങൾ നടത്തിക്കൊണ്ട് അദ്ദേഹം കോട്ടയത്തു നടന്ന ഒരു പറിച്ചുനടീലിനെ സംബന്ധിച്ച് പൊലീസ് ഉദ്യോഗസ്ഥന്മാർ കൃത്യസ്ഥലത്തുചെന്നു വളരെ ന്യായരഹിതമായി പെരുമാറി എന്നു പ്രസ്താവിച്ചു. ഇതിനെ സംബന്ധിച്ചു പല ഹർജികളും ഗവണ്മെൻറിനു ലഭിച്ചു. അതിനെ തുടർന്ന് അന്വേഷണങ്ങൾ നടത്തുകയും ചെയ്തു. അതിന്റെ ഫലമായി ഗവണ്മെൻറിനു ലഭിച്ചിട്ടുള്ള വിവരങ്ങൾ—അവിടെ നടന്ന സംഭവങ്ങൾ ബഹുമാനപ്പെട്ട കോട്ടയം മെംബർ വളരെ അക്രമപരമായ നടപടികളായി ഈ സഭമുമ്പാകെ ചിത്രീകരിച്ച് കേട്ടതുകൊണ്ട്—പ്രസ്താവിക്കേണ്ടതു ആവശ്യമാണെന്നു തോന്നുന്നു. പറിച്ചുനടീൽസ്ഥലത്തു നടക്കുന്ന ജോലികളെപ്പററിയുള്ള ഏകദേശമായ വിവരമെങ്കിലും ബഹുമാനപ്പെട്ട മെംബറന്മാർക്ക് എല്ലാവർക്കും ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. നിലത്തിന്റെ എല്ലാ ഭാഗത്തും ഒന്നുപോലെ പറിച്ചുനടീൽ നടത്തുകയില്ല. ജോലിയുടെ സ്ഥിതിയനുസരിച്ച് അതിലേക്ക് ആവശ്യമുള്ള വേലക്കാരെ നിലത്തിന്റെ ഉടമസ്ഥന്മാർ ഏർപ്പെടുത്തുക പതിവാണ്. ആവശ്യത്തിലധികം വേലക്കാർ നിലത്തിൽ ഇറങ്ങിയാൽ ജോലിക്കു തടസ്സവും ഉടമസ്ഥന്മാർക്ക് നഷ്ടവുമാണ് ഫലം. ആ സ്ഥലത്തിന്റെ വിസ്തീർണ്ണം അനുസരിച്ചും ജോലിയുടെ സ്വഭാവം അനുസരിച്ചും എത്ര വേലക്കാർ വേണമെന്നു നിശ്ചയിക്കുവാനുള്ള അധികാരവും അവകാശവും നിലത്തിന്റെ ഉടമസ്ഥന്മാരിൽ നിക്ഷിപ്തമായിരുന്നില്ലെങ്കിൽ കാര്യമായ ജോലിനടത്തിപ്പ് അസാദ്ധ്യമാകും. വിവാദസംഭവത്തിനു ആസ്പദമായ നിലത്തിന്റെ സ്വഭാവം നോക്കിയാൽ ഒരു ഫ ാ ാ ആളുകളിൽ കൂടുതൽ ആ നിലത്തിൽ ഇറങ്ങി ജോലി ചെയ്യേണ്ട ആവശ്യം ഉണ്ടായിരുന്നില്ല എന്നാണ് അറിവായിട്ടുള്ളത്. ആവശ്യമുള്ളതിൽ വളരെ അധികം ആളുകൾ സ്ഥലത്തുചെല്ലുകയും ഉടമസ്ഥന്റെ അഭിപ്രായം കൂടാതെയും എത്രപ്പിനെ അവഗണിച്ചും നിലത്തിൽ ഇറങ്ങുകയും ചെയ്തു. കൂടുതൽ ആളുകൾ ജോലിക്ക് ഇറങ്ങിയാൽ പറിച്ചുനടീൽ വേണ്ടപോലെ നടക്കുകയില്ല എന്നുമാത്രമല്ല ഉള്ളനടിച്ചിൽ ചവുട്ടി നാശപ്പെടുത്തുന്നതിന് സംഗതിയാവുകയും ചെയ്യും. ഇതൊന്നും കണക്കാക്കാതെ ജോലിക്ക് ഇറങ്ങേണ്ടതും ജോലിചെയ്യേണ്ടതും തങ്ങളുടെ മുലികാവകാശത്തിൽ പെട്ടതാണെന്നുള്ള നിലയിൽ കുറെ അധികംപേർ നിലത്തിൽ ഇറങ്ങുകയാണ് ഉണ്ടായത്. പലവിധത്തിൽ

പറഞ്ഞുനോക്കിയിട്ടും അവർ പിൻമാറുന്ന മട്ട് കാണ്ടില്ല. ഗത്യന്തരമില്ലാതെ വന്നപ്പോൾ വിവരം പൊലീസുകാരെ അറിയിച്ചു. അതനുസരിച്ച് പൊലീസുകാർ സ്ഥലത്തുപോയി എന്നുള്ളതും ശരിയാണ്. അതു ഒരപരാധമാണെന്നു ഞാൻ വിചാരിക്കുന്നില്ല. എത്ര സാഹസപ്പെട്ടു പറഞ്ഞിട്ടും കേറിപ്പോകുന്നില്ലെന്നു കാണുകയും അവരെക്കൊണ്ടുള്ള ഉപദ്രവം വഹിക്കാനും സഹിക്കാനും നിവൃത്തിയില്ലാതെ വരികയും ചെയ്തതിന്റെ ഫലമായിട്ടാണ് പൊലീസുകാരെ ആശ്രയിച്ചതു്. അവർ വന്നു. അനാവശ്യമായി അനധികൃതമായി ഇറങ്ങിയ ആളുകളോട് കേറിപ്പോകാൻ പറഞ്ഞു, നിഷ്ക്കർഷയായി ആവശ്യപ്പെട്ടു. വളരെ ചുരുക്കം കയറിപ്പോയി. ബാക്കിയുള്ളവർ അസ്വസ്ഥരായി അവിടെ നിന്നു. അവരിൽ സ്ത്രീകളും പുരുഷന്മാരും ഉണ്ട്. അവർ കുറെനേരം അങ്ങിനെ അവിടെ നിന്നു. മനഃപൂർവ്വമായി നടിച്ചിലും മററും ചവുട്ടിത്തേച്ചുകളയുന്നതിൽ അവരിൽ പലരും ഏർപ്പെട്ടുകൊണ്ടിരുന്നു.

ഇതു കാണുന്നതിനു വന്നുകൂടിയ ആളുകളിൽ കുറേപ്പേരും അവിടെ നടന്നുകൊണ്ടിരുന്ന ദ്രോഹകൃത്യങ്ങളിൽ കുറെ ഒക്കെ പങ്കെടുത്തുകൊണ്ടിരുന്നു. ഇതാണ് അവിടെ നടന്ന യഥാർത്ഥസംഭവങ്ങൾ. ഈ അക്രമപ്രവർത്തനങ്ങളെ തടയുന്നതിനുവേണ്ടി മാത്രമാണ് പോലീസുകാർ ഇടപെട്ടതു്. അനീതിപരമായ ഈ പ്രവൃത്തികളെ ഒരു തൊഴിൽത്തക്കമെന്നു നാമകരണംചെയ്യുന്നതു എങ്ങിനെ ആണെന്നു മനസിലാകുന്നില്ല.

ശ്രീ. പി. ഗോപാലൻനായർ : ബഹുമാനപ്പെട്ട മന്ത്രിയുടെ നേരിട്ടുള്ള അന്വേഷണത്തിന്റെ ഫലമായിട്ടാണോ ഇപ്രകാരം പറയുന്നതു്, അതോ പരാതിപ്പെട്ട എം. എൽ. എ. യോട് വേണ്ടതായ തെളിവു ഹാജരാക്കാൻ ആവശ്യപ്പെട്ടതിനു ശേഷമാണോ ഇതു പറയുന്നതു് ?

ശ്രീ. ടി. എം. വർഗ്ഗീസ് : മന്ത്രി നേരിട്ടു സ്ഥലത്തുപോയി അന്വേഷിച്ചില്ല. തീർച്ചയും വിശ്വാസയോഗ്യമാണെന്നു മന്ത്രിക്ക് ബോദ്ധ്യപ്പെട്ട വിവരങ്ങൾ ലഭിച്ചതിൽ നിന്നും അവിടെ നടന്ന സംഭവങ്ങളുടെ യഥാർത്ഥസ്ഥിതി മന്ത്രിക്ക് മനസ്സിലായി. കൂടുതൽ തെളിവു ശേഖരിക്കുകയോ സ്ഥലപരിശോധനയും മററും നടത്തുകയോ ചെയ്യണമെന്നു തോന്നിയില്ല. അന്വേഷണഫലം അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ എടുത്തിട്ടുണ്ട്. അപ്പോഴപ്പോൾ കൃഷിനിലങ്ങളിൽ നടത്തേണ്ട കൃഷിജോലിക്ക് ആ ജോലിയുടെ സ്ഥിതിയനുസരിച്ച് എത്ര ആളുകൾ ജോലിക്കു വേണമെന്നു നിശ്ചയിക്കുന്നതു് ജോലിക്കാരല്ല, നിലമുടമസ്ഥനായിരിക്കണമെന്നുള്ളതിനെപ്പററി സംശയത്തിനു വകയുണ്ടെന്നു തോന്നുന്നില്ല. അതിനു വിപരീതമായി നിലത്തിലിറങ്ങി അക്രമപ്രവർത്തനങ്ങൾ നടത്തുന്നതായി പൊലീസിനോടു പരാതിപ്പെട്ടാൽ അവർ ഇടപെടരുതെന്നാണോ മെംബർ പറയുന്നതു്. അങ്ങനെയുള്ള സന്ദർഭത്തിൽ പൊലീസു പ്രവേശിച്ച് സമാധാനപാലനം നടത്തിയതിനു് അവരെ അഭിനന്ദിക്കുകയും അങ്ങിനെ ചെയ്യാതിരുന്നെങ്കിൽ അതൊരു കൃത്യവിലോപമായി അവരെപ്പററി കരുതുകയും ചെയ്യേണ്ടതാണ്. ഇങ്ങനെയുള്ള അകൃത്യങ്ങൾക്കു ഏതെങ്കിലും പ്രോത്സാഹനമോ പ്രേരണയോ തൊഴിലാളികൾക്ക് ആരെങ്കിലും കൊടുത്താൽ അതു തൊഴിലാളികളുടെ നന്മയെക്കരുതിയാണോ എന്നു നോക്കേണ്ടതാണ്,

ശ്രീ. പി. ഭാസ്കരൻനായർ : ഈ അഭിപ്രായം വാദത്തിനുവേണ്ടി സമ്മതിച്ചാൽ തന്നെയും വെറുതെ അവിടെ ഇരുന്ന ആളുകളെ പരസ്യമായി മർദ്ദിക്കുന്നതിനു എന്തെങ്കിലും നിയമം നടപ്പിലുണ്ടോ?

Mr. Speaker : Because the hon. Member is involved in this matter, is it not better that he does not put questions ?

Shri. P. Bhaskaran Nair : No, I am not involved.

ശ്രീ. ടി. എം. വർഗ്ഗീസ് : ഇല്ല. വെറുതെ ഇരുന്നവരെമർദ്ദിച്ചെങ്കിൽ അതു ഒരിക്കലും ശരിയല്ല.

ശ്രീ. പി. ഭാസ്കരൻ നായർ: ശരിയല്ലെങ്കിൽ അവരെ ഉപദ്രവിച്ചതു് ഏതു നിയമം അനുസരിച്ചാണു്.

Mr. Speaker : Order, order. Such questions will not lead us anywhere because these are facts which cannot be settled here.

ശ്രീ. പി. ഭാസ്കരൻ നായർ: വെറുതെ അവിടെ ഇരുന്ന ആളുകളെയാണു് തല്ലിയതു്.

ശ്രീ. ടി. എം. വർഗ്ഗീസ് : വെറുതെയിരുന്ന ആളുകളെ തല്ലിയെങ്കിൽ അതു ഒരിക്കലും ശരിയല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ബഹുമാനപ്പെട്ട കോട്ടയം മെംബറും ഞാനും തമ്മിൽ ആ കാര്യത്തിൽ അഭിപ്രായ ഐക്യമാണുള്ളതു്. വെറുതെ ഇരുന്നവരെ കേറി തല്ലിയെങ്കിൽ അതു പരസ്യമായിട്ടല്ല, രഹസ്യമായിട്ടായാലും കുററകരമാണു്: ബഹളസ്ഥലത്തു കൂട്ടം കൂടി നിൽക്കുന്നവരോടു സ്ഥലംവിട്ടുപോകുവാൻ നല്ലവാക്കു പറഞ്ഞാൽ പോകണം. പോയില്ലെങ്കിൽ പിടിച്ചുമാറേറണ്ടിവരും. എന്നിട്ടും പോയില്ലെങ്കിൽ ബഹളം ഒഴിക്കുവാൻ ബലം പ്രയോഗിക്കേണ്ടിവന്നേക്കാം. ഒടുവിൽ അറസ്ററുചെയ്യേക്കാം. ഇങ്ങനെയാണു് നടപടികളുടെ പോക്കു്. അതുകൊണ്ടു് എനിക്കു് ബഹുമാനപ്പെട്ട മെംബറിന്റെ അറിവിനായി ഒന്നുരണ്ടു കാര്യങ്ങൾ പറയേണ്ടതുണ്ടു്. നാട്ടിലുള്ള തൊഴിലാളികൾക്കു് തൊഴിലുവേണം. അവരുടെ തൊഴിലിനു ന്യായമായ കൂലികിട്ടണം. ചിലപ്പോഴെല്ലാം ചില്ലറ തൊഴിൽ തക്കങ്ങളുണ്ടാകും. തക്കങ്ങൾ ന്യായമായി തീർക്കാനുള്ള പല വഴികളുമുണ്ടു്. ആ വഴികളിൽ കൂടി തൊഴിൽ തക്കം തീർക്കാൻ ഉത്സാഹിക്കണം. വല്ല സ്ഥലത്തും ഒരു തൊഴിൽതക്കം ഉണ്ടാകുകയും അതു പെട്ടെന്നു അവസാനിക്കുന്ന ലക്ഷണം ഇല്ലാതിരിക്കുകയും തൻമൂലം നാട്ടിൽ സമാധാനലംഘനത്തിനു ഇടയാകുകയും ചെയ്യുമ്പോൾ പൊലീസുകാർ ഒരു പക്ഷെ ഇടപെടേണ്ടിവന്നു എന്നുവരാം. വെറും ഒരു തൊഴിൽതക്കം മാത്രമേ ഉള്ളുവെങ്കിൽ അതിൽ പൊലീസുകാർ ഇടപെടേണ്ടതില്ല. അതു അവരുടെ അധികാരത്തിൽ പെട്ടതല്ല, എന്നാൽ ഇവിടെ നടന്നതു ഒരു തൊഴിൽ തക്കമല്ല. തൊഴിലാളികൾ ഉൾപ്പെടുന്ന തക്കങ്ങളും ബഹളങ്ങളുമെല്ലാം തൊഴിൽ തക്കങ്ങളാണെന്നു പറയുന്നതു് സർവത്ര തെററാണു്. തൊഴിൽതക്കമെന്ന ഭാവേന അഞ്ചുറോ അറുനൂറോ ആളുകൾ ബഹളമുണ്ടാക്കാൻ ഒരുമിച്ചു കൂടി എന്നു വരാം. എതുപക്ഷത്തു ഉണ്ടായിരിക്കുന്നതു അഞ്ചോ ആറോ

ആളുകൾ മാത്രമായിരിക്കും. ഇങ്ങനെയുള്ള അവസരങ്ങളിൽ അവരുടെ ജീവൻറെയും വസ്തുവകകളുടേയും രക്ഷയെകരുതി പൊലീസുസഹായം ആവശ്യപ്പെട്ടാൽ അതു നിഷേധിക്കുന്നതു യഥാർത്ഥത്തിൽ കുററകരമാണ്. പൊലീസുകാർ ഇടപെടുന്നതിന് അത്യാവശ്യമായിവരുന്ന സാഹചര്യങ്ങൾ മനഃപൂർവ്വം സൃഷ്ടിക്കാതിരിക്കുകയാണ് വേണ്ടതു്. പൊലീസുകാർ ഇടപെടേണ്ടതായ ഒരു അവസ്ഥ ഉണ്ടാകാതിരിക്കുകയും പൊലീസുകാർ ഇടപെടുകയും ചെയ്യുമ്പോൾ ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെയും മന്ത്രിമാരെയും മററും കുററം പറഞ്ഞതുകൊണ്ട് ഒരുവിശേഷവുമില്ല.

ശ്രീ. ടി. വി. തോമസ് : പൊലീസുകാർ ഈ കാര്യത്തിൽ ഇടപെട്ടതു തെററാണെന്നുള്ളതിലേയ്ക്കു് തെളിവു തരികയാണെങ്കിൽ എന്തെങ്കിലും നടപടി കൈക്കൊള്ളാൻ തയ്യാറാണോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇതു് ഒരു "ഹൈപ്പോതെററിക്കൽ ക്വസ്റ്റ്യനാണ്"

ശ്രീ. ടി. വി. തോമസ് : ബഹുമാനപ്പെട്ട മന്ത്രിതന്നെ "ഹൈപ്പോതെററിക്ക"ലായിട്ടാണ് മിക്കവാറും സംസാരിക്കാറുള്ളതു്. അതായതു് "അങ്ങിനെയാണെങ്കിൽ, ഇങ്ങനെവരുമെങ്കിൽ" ഇങ്ങനെയല്ലെ പറയുന്നതു്?

Mr Speaker : I am just telling the House—when a certain set of facts were placed by the hon. Member on this side of the House, the Minister must meet those sets of facts by a different sets of facts, if they are facts. If hon. Members assert that they are not facts, and the Minister asserts that they are facts, is this the forum where they could be settled finally ? You have been heard, and now he has to be heard. Then, decide it by the vote. That is the parliamentary procedure.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : സർ, ഒരു "Point of order" പല വസ്തുതകളുടേയും യഥാർത്ഥ്യങ്ങളെ മറയ്ക്കുന്നതായിട്ടുള്ള ഒരു സ്റ്റേറ്റുമെൻറ് ബഹുമാനപ്പെട്ട മന്ത്രി പുറപ്പെടുവിച്ചാൽ അതിലേക്കു എന്തു നടപടിയാണ് എടുക്കേണ്ടതു് ?

Mr. Speaker : With regard to these matters now under discussion, the court is the final authority.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഇവിടെ ഉന്നയിച്ച പല സമാധാനങ്ങളും—

Mr. Speaker : I am unable to make it more clear, Mr. Karunakaran. How can the Speaker make clear an incident which took place some time ago in one corner of Travancore and which is in dispute in this House? How can I give a ruling?

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ അസംബ്ലി പ്രൊസീഡിംഗ്സിനകത്തു വന്നിട്ടുള്ള ഒരു സംഗതിക്കു എതിരായിട്ടു മന്ത്രി ഉത്തരം പറഞ്ഞാൽ എന്തു നടപടികളാണെടുക്കേണ്ടതു എന്നാണു എനിക്കറിയാനുള്ളതു്.

Mr. Speaker : That itself is an assertion. I repeat, that itself is an assertion. Nobody can say one way or the other. The Minister will proceed.

ശ്രീ. ടി. എം. വർഗ്ഗീസ് : എനിക്കു പറയാനുള്ളതു മുഴുവൻ പറയുന്നതിനുതന്നെ സമയമില്ലാതാണിരിക്കുന്നതു്. സർ, ബഹുമാനപ്പെട്ട കോട്ടയം മെംബർ തന്നെ പറയുകയുണ്ടായി, പറിച്ചു നടീൽ ജോലിക്കു കൂലികൊടുക്കുന്നതു ഒരാൾക്കു ൧ ഇടങ്ങഴി നെല്ലാണെന്നു്. ൪൦ പേർ ചെയ്യേണ്ട ജോലി ചെയ്യാൻ ൧൦൦ പേർ ഇറങ്ങിയാൽ ഈ ൧ ഇടങ്ങഴി നെല്ലുവീതം ൧൦൦ പേർക്കും കൊടുക്കണമെന്നാണല്ലോ പറയുന്നതു്. ഓരോ ജോലിക്കും ഓരോ തരത്തിലുള്ള കൂലിയാണല്ലോ കൊടുക്കേണ്ടതു്. ജോലിക്കാരുടെ എണ്ണവും മൊത്തത്തിൽ വേണ്ടിവരുന്ന കൂലിച്ചെലവും നിശ്ചയിക്കുന്നതു ഉടമസ്ഥനല്ല ജോലിക്കാരാണു എന്നു വന്നാൽ കൃഷിജോലി നടക്കുന്നതല്ല. പിന്നീടു അദ്ദേഹം മറ്റൊരു പരാതി ഇവിടെ ഉന്നയിച്ചു. അതായതു ചെറുവള്ളി എസ്റ്റേറ്റിലെ ഒരു തൊഴിലാളിക്കു ദേഹോപദ്രവം ഏൽപ്പിച്ചതിന്റെ ഫലമായിട്ടു ഒരു കേസ് ഉത്ഭവിച്ചിട്ടുണ്ടെന്നും ഇതുവരെ അതിനെപ്പററി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ലെന്നും മററും. ഈ കേസ് ഇപ്പോൾ അന്വേഷണത്തിൽ ഇരിക്കുകയാണു്. അതുകൊണ്ടു് അതേപ്പററി കൂടുതൽ വിവരങ്ങൾ ഇപ്പോൾ പറയാൻ നിവൃത്തിയില്ല. പല മെമ്പറന്മാരും പോലീസു നടപടികളെ സംബന്ധിച്ചു് പ്രത്യക്ഷമായിട്ടും പരോക്ഷമായിട്ടും ആരോപണങ്ങൾ പുറപ്പെടുവിക്കയുണ്ടായി. ബഹുമാനപ്പെട്ട കൽക്കുളം മെമ്പർ ആ സ്ഥലത്തു ഒരു പോലീസ് സ്റ്റേഷന്റെ കൂടുതൽ ആവശ്യകതയെ ചൂണ്ടിക്കാണിച്ചു. കൂടുതൽ പോലീസുസ്റ്റേഷൻ ഉണ്ടായിരുന്നാൽ മോഷണക്കേസുകൾക്കു് സാരമായ കുറവുകൾ സംഭവിക്കുമെന്നും മററും അദ്ദേഹം സൂചിപ്പിച്ചു. കൂടുതൽ പോലീസ് സ്റ്റേഷൻ ഉണ്ടാക്കുന്ന കാര്യത്തെപ്പററി ഗവണ്മെൻറ് ചിന്തിക്കുന്നതാണു്. ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ ക്രമക്കേടുകളെപ്പററി ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ പുറപ്പെടുവിച്ചിട്ടുള്ള ആക്ഷേപങ്ങളെപ്പററി എനിക്കു് പൊതുവേ പറയാനുള്ളതു് ആ പ്രസ്താവനകൾ അർഹിക്കുന്ന ഗൗരവത്തോടുകൂടിതന്നെ ഗവണ്മെൻറു കണക്കാക്കുമെന്നും അവയെപ്പററി തെളിവു കിട്ടുന്നതനുസരിച്ചു് അതാതു ഉദ്യോഗസ്ഥന്മാരോടു പെരുമാറുന്നതാണെന്നുമാണു്. ബഹുമാനപ്പെട്ട ചിറയിൻകീഴ് മെമ്പർ പോലീസുഇൻസ്പെക്ടരെപ്പററി പുറപ്പെടുവിച്ചിട്ടുള്ള ആരോപണങ്ങളെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തി. ആരോപണങ്ങൾ അടിസ്ഥാനരഹിതങ്ങളാണെന്നാണു് കണ്ടതു്. ആ പോലീസ് ഇൻസ്പെക്ടർ പറയുന്നതുപോലും "എനിക്കു് ഈ സ്ഥലത്തുനിന്നും ഏതെങ്കിലും വിധത്തിൽ പോയാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടു്. പക്ഷെ സാധിക്കുന്നില്ല" എന്നൊക്കെ, ഒരു പക്ഷെ ഇൻസ്പെക്ടക്കു് ഒരു സ്ഥലം മാററം വേണ

മെന്ന് ആഗ്രഹമുണ്ടായിരിക്കും. അതു ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടില്ല. വീണ്ടും ബഹുമാനപ്പെട്ട മെമ്പർ, ചിറയിൻകീഴ് നടന്നതായി പറയുന്ന ഒരു മർഡർ കേസിനെപ്പററിയും ശബരിമലകേസിനെപ്പററിയും നടത്തിയ വിമർശനങ്ങൾക്കിടയിൽ ഈ മാതിരി സംഭവങ്ങൾ ഉണ്ടായതിനെപ്പററി ശരിയായ രീതിയിൽ അന്വേഷണം നടത്തിയിട്ടില്ലെന്നും അങ്ങിനെ നടത്തിയിരുന്നുവെങ്കിൽ ഇതിനുമുമ്പ് ഈ കേസുകൾക്ക് വേണ്ടതായ തെളിവ് ശേഖരിക്കാമായിരുന്നു എന്നും, ഇതുവരെ തെളിവു ശേഖരിക്കാൻ സാധിക്കാത്തതു് പൊലീസുകാരുടേയും മേലുദ്യോഗസ്ഥന്മാരുടേയും കാര്യക്ഷമത കുറവു കൊണ്ടാണെന്നും മററും പ്രസ്താവിക്കുകയുണ്ടായി. ഈ വക അന്വേഷണത്തിന് നിയോഗിക്കപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാർ തെളിവുകൾ ശേഖരിച്ചു വരികയാണ്. കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അവയെപ്പററി കൂടുതൽ അറിവു ലഭിച്ചിട്ടുണ്ടെങ്കിൽ അതു ഗവണ്മെൻറിനെ അറിയിക്കാവുന്നതാണ്. അന്വേഷണത്തിനു ഉപയോഗയോഗ്യമാണെന്നു കണ്ടാൽ ആ അറിവു സ്വീകരിച്ച് ഉപയോഗപ്പെടുത്തുന്നതാണ്. സത്യം കണ്ടുപിടിക്കണമെന്നുള്ള ലക്ഷ്യം വച്ചുകൊണ്ടുള്ള അന്വേഷണമാണെങ്കിൽ ചിലപ്പോൾ താമസം നേരിട്ടു എന്നുവരാം, ചിലപ്പോൾ ശരിയായ തെളിവു കിട്ടിയില്ലെന്നു തന്നേയും വരാം. അന്വേഷണത്തെ സംബന്ധിച്ച് ഇങ്ങനെയുള്ള പ്രതിബന്ധങ്ങളും കാലതാമസവും സംഭവിച്ചതിനുശേഷവും ഒടുവിൽ സത്യം വെളിപ്പെട്ടതായ കേസുകളും ഉണ്ടായിട്ടുണ്ട്. ഇവിടേയും അന്യസ്ഥലങ്ങളിലും അങ്ങിനെ സംഭവിച്ചിട്ടുണ്ട്. ഡിററക്ഷനെ സംബന്ധിച്ചുണ്ടെങ്കിൽ മററു പല സ്ഥലങ്ങളേയും അപേക്ഷിച്ച് താരതമ്യേന നമ്മുടെ പോലീസ് ഒട്ടും പിന്നിലല്ല എന്നു പറയുന്നതിനു എനിക്ക് സന്തോഷമുണ്ട്.

മററു പല രാജ്യങ്ങളേയും അപേക്ഷിച്ച് നമ്മുടെ രാജ്യത്തെ പൊലീസിന് കേസുകളുടെ സത്യസ്ഥിതി കണ്ടുപിടിച്ച് തെളിവിൽ വരുത്തുന്നതിനുള്ള പാടവം കുറവല്ലെന്നുള്ള വസ്തുത, സ്ഥിതി വിവരകണക്കുകൾ കൊണ്ടുതന്നെ കാണാവുന്നതാണ്. ബഹുമാനപ്പെട്ട ആലപ്പുഴ മെമ്പർ വേറെയും ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറഞ്ഞ ഒരു സംഗതിയെ സംബന്ധിച്ച് ഒരു ഹർജ്ജി കിട്ടിയിട്ടുണ്ട്. അതിനെപ്പററി വേണ്ട അന്വേഷണം നടന്നുവരുന്നുണ്ട്. മേൽ നടപടിക്ക് വിഷയമാക്കേണ്ടതാണെന്നു അന്വേഷണത്തിൽ വെളിപ്പെട്ടാൽ അങ്ങിനെ നടക്കുകതന്നെ ചെയ്യും. നിയമാനുസരണമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും അഴിമതിക്കും അക്രമത്തിനും വിധേയമാകയും ചെയ്യുന്ന ഉദ്യോഗസ്ഥന്റെ മേൽ കർശനമായ നടപടികൾ നടക്കുന്നതായിരിക്കും. നേരേ മറിച്ച് അഴിമതി ചെയ്തിട്ടുണ്ടെന്നു പറഞ്ഞുകൊണ്ടു വരുന്ന പരാതികളെ മാത്രം അടിസ്ഥാനപ്പെടുത്തി നടപടി നടത്തണമെന്നു പറയുന്നതു ശരിയല്ല, സാദ്ധ്യമല്ല. ഒരു പരാതി കിട്ടിയാൽ ആരാണ്, ആരെയാണ്, എപ്പോഴാണ്, എവിടെയാണ്, എന്തൊക്കെ അക്രമങ്ങളാണ് നടത്തിയതായി പറയുന്നതു്, അങ്ങിനെ നടക്കാൻ കാരണം, പറയാൻ കാരണം ഇതൊക്കെ അന്വേഷിക്കാതെ ഒന്നും ചെയ്യുവാൻ നിവൃത്തിയില്ല. ഇങ്ങനെയുള്ള പരാതികൾ ചിലപ്പോൾ എന്തെങ്കിലും ഒരു പ്രത്യേക കാര്യ

സാദ്ധ്യതിനുവേണ്ടി അകാരണമായി. അയച്ചു കാണാറുണ്ട്. പരാതി വരണം ശിക്ഷിച്ചുതീരണം എന്നുള്ളതാണ് പ്രമാണമെങ്കിൽ അതു ശരിയല്ല.

ശ്രീമതി കെ. ആർ. ഗൗരി : ഇതെല്ലാം അന്വേഷിച്ചശേഷമേ നടപടി നടത്തുകയുള്ളൂ എന്നു പറയുന്നതിന്റെ അർത്ഥം സത്യമായി കൊണ്ടുവരുന്ന പരാതികളായിരുന്നാൽ കൂടിയും ഉടനെ നടപടി നടത്തുവാൻ സാദ്ധ്യമല്ല എന്നാണോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അന്വേഷണത്തിൽ തെളിയുന്ന കുററകൃത്യങ്ങളെ നടപടികൾക്ക് വിധേയമാക്കും. അന്വേഷണംകൊണ്ടാണു സത്യാസത്യങ്ങൾ സാധാരണ തെളിപ്പെടുന്നതു്. ഒരു പൊലീസു ഉദ്യോഗസ്ഥന്റെമേൽ കുററം കണ്ടാൽ ശിക്ഷിക്കണമെന്നുള്ളതുപോലെതന്നെയോ അതിൽ കൂടുതലായോ പ്രധാന്യം അർഹിക്കുന്ന ഒരു പ്രമാണമാണ് അന്വേഷിച്ച് സത്യമറിയാതെ ശിക്ഷിക്കരുതു് എന്നുള്ളതു്. എല്ലാ താലൂക്കുകളിലും ഒട്ടുവളരെ പൊലീസുകാരുണ്ട്, സബ്ബ് ഇൻസ്പെക്ടർമാരുണ്ട്, സർക്കിൾ ഇൻസ്പെക്ടറന്മാരുണ്ട്, ഏ. ഏ.സ്. പി ഉണ്ട്. ചില സ്ഥലങ്ങളിൽ തൊഴിൽ തർക്കമെന്നുള്ളഭാവത്തിൽ തൊഴിലാളികൾ സംഘം ചേർന്ന് അക്രമങ്ങൾക്ക് ഒരുമ്പെടുകയും പൊലീസുകാർ സ്ഥലത്തെത്തി അക്രമങ്ങളെ തടയുകയും കൂടുതൽ അനിഷ്ടസംഭവങ്ങൾക്ക് കാരണമാകാതെ സമാധാനം പാലിക്കയും ചെയ്തിട്ടുണ്ട്. ഇങ്ങനെ നടന്ന പല സംഭവങ്ങളിൽ ഒന്നിനെ സ്പർശിച്ചെങ്കിലും ഏതിർപക്ഷത്തിനിന്നും ഒരു നല്ല വാക്കുപോലും പൊലീസിനെപ്പററി പറയാതിരുന്നതിൽ സാധാരണഗതിയിൽ അത്ഭുതപ്പെടാമെങ്കിലും എനിക്ക് അതിൽ അത്ഭുതം ഒട്ടുമില്ല.

ശ്രീ. ടി. വി. തോമസ് : ഏതെങ്കിലും അക്രമം ചെയ്തിട്ടുള്ള ഒരു ഇൻസ്പെക്ടരുടെ കാര്യത്തിലെങ്കിലും നടപടി എടുത്തിട്ടുള്ളതിനെപ്പററി ബഹുമാനപ്പെട്ട മന്ത്രിക്ക് പറയുവാൻ സാധിക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : അക്രമം ചെയ്തിട്ടുള്ള ഏതെങ്കിലും ഒരു ഇൻസ്പെക്ടരുടെ കാര്യം ചൂണ്ടിക്കാണിച്ചാൽ അതേപ്പററി എന്തുചെയ്തു എന്നു പറയാം.

ശ്രീ. ടി. വി. തോമസ് : അങ്ങിനെയുള്ള ഒരു ഇൻസ്പെക്ടരെങ്കിലും ഉണ്ടെന്നു മന്ത്രി അവർകൾക്ക് പറയുവാൻ സാധിക്കുമോ? എന്തെങ്കിലും ഉണ്ടെങ്കിൽ വളച്ചുതിരിച്ച് പറയാതെ നേരെ പറയണം.

ശ്രീ. ടി. എം. വർഗ്ഗീസ് : വളച്ചും തിരിച്ചും കാണുന്നതു് നോട്ടത്തിന്റെ കുററമാണ്. അതിനു ഞാനെന്തുചെയ്യും. കുററം ചെയ്തിട്ടുള്ളതായ, തക്കതായ തെളിവുകിട്ടുന്നപക്ഷം വേണ്ട നടപടികൾ നിഷ്കർഷയായി നടത്തുന്നതിനും ശിക്ഷാർഹന്മാരാണെന്നു കാണുകിൽ ശിക്ഷിക്കുന്നതിനും ഗവണ്മെന്റു തീർച്ചയായും ഒരുക്കമാണെന്നുള്ള വിവരം ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. (ഹീയർ, ഹീയർ)

പൊലീസ് ഉദ്യോഗസ്ഥന്മാർ ന്യായമായി പ്രവർത്തിക്കേണ്ടവരാണ്. അവരുടെ ചുമതലകൾ ഏററവും ചുമതലയേറിയതാണ്. കക്ഷിപിടിക്കാതെയും ന്യായബോധത്തോടും സത്യത്തോടും വിശ്വസ്തതയോടുംകൂടി

പ്രവർത്തിക്കേണ്ടവരാണ് അവർ. അവരുടെ ജോലികൾ അവരുടെ സ്ഥാനത്തിനു അനുയോജ്യമായ ഗൗരവത്തോടും നിഷ്പക്ഷമായും നടത്തുന്നതിനുള്ള കടമ അവർക്കുണ്ട്. അതുകൊണ്ട് ഈ ഗവണ്മെൻറ് ഒരിക്കലും ഒരു കാരണവശാലും ഒരു പക്ഷം പിടിച്ചുകൊണ്ട് പക്ഷപാതമനഃസ്ഥിതിയോടുകൂടി യാതൊന്നും ചെയ്യാറില്ലെന്നും അങ്ങിനെ ചെയ്യുന്നതു് ന്യായമായിട്ടുള്ളതല്ലെന്ന ബോദ്ധ്യത്തോടുകൂടിത്തന്നെയാണ് പ്രവർത്തിക്കുന്നതെന്നും ഞാൻ ഈ സഭയിൽ ഒന്നുകൂടി ഉറപ്പിച്ചു പറഞ്ഞുകൊള്ളട്ടെ. പൊലീസ് ഉദ്യോഗസ്ഥന്മാർ കുററം ചെയ്താൽ അവരെ ശിക്ഷിക്കാതെ മൗനം ദീക്ഷിക്കണമെന്നുള്ള മനഃസ്ഥിതിയല്ല ഗവണ്മെൻറിനുള്ളതു്. ജനകീയ ഗവണ്മെൻറ്—അതിനെ നിയന്ത്രിക്കുന്ന ഭരണാധികാരികൾ ആരായിരുന്നാലും—ചില പൊതുതത്വങ്ങൾ അടിസ്ഥാനമാക്കിയേ ഭരണം നടത്തുവാൻ സാദ്ധ്യമാകുകയുള്ളു. സമാധാനപരിപാലനത്തിനുള്ള വ്യവസ്ഥകളും നടപടികളും എപ്പോഴും ഊർജ്ജിതമായിരിക്കണം. അതിനു വിപരീതമായുള്ള പ്രവർത്തനങ്ങളെ ശക്തിയായി തടയേണ്ടതാണ്. ആരുടേയും—കക്ഷികളുടേതായാലും വ്യക്തികളുടേതായാലും—ഇഷ്ടാനിഷ്ടങ്ങൾ നോക്കാൻ അതിൽ സാദ്ധ്യമല്ലാതെ വരും. അകാരണമായ അനിഷ്ടത്തിൽനിന്നും ഉത്ഭവിക്കുന്ന അടിസ്ഥാനരഹിതങ്ങളും ഉത്തമവിശ്വാസത്തോടുകൂടിയുമായ ആരോപണങ്ങളെ അവഗണിക്കുകയും, എന്നാൽ ന്യായവും സൃഷ്ടിപരവുമായ വിമർശനങ്ങളെ എപ്പോഴും സ്വാഗതം ചെയ്യുകയും ചെയ്യേണ്ടതു് ഗവണ്മെൻറിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണ്. രാജ്യത്തിന്റെ പൊതുവേയുള്ള അഭിവൃദ്ധി സുരക്ഷിതമാകണം, നിഷ്പക്ഷമായ നിലയിൽ നീതിയും ന്യായവും നാട്ടിൽ എല്ലാവർക്കും ലഭിക്കണം, കൃഷിയും വ്യവസായവും ക്രമമായി അഭിവൃദ്ധിപ്പെടണം. ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലർ ഭീഷണി അന്തർഭവിക്കുന്ന ഭാഷയിലും സ്വരത്തിലും വയലാർ പുന്നപ്ര സംഭവങ്ങളെപ്പററി പറയുകയുണ്ടായി. ഈ ഭീഷണികളെ അവ അർഹിക്കുന്ന അവജ്ഞയോടുകൂടി ഗവണ്മെൻറ് അവഗണിക്കുകയും ന്യായവും നീതിയും നടത്തുന്നതിനും സമാധാനം പാലിക്കുന്നതിനും ഗവണ്മെൻറ് സർവ്വശക്തിയോടും ആത്മാർത്ഥതയോടുംകൂടി വേണ്ടതെല്ലാം ചെയ്യുമെന്ന് ഈ സഭയെ അറിയിക്കയും കക്ഷിഭേദങ്ങൾ ഒന്നും കൂടാതെ രാജ്യരക്ഷയ്ക്കും അഭിവൃദ്ധിക്കുംവേണ്ടി യോജിച്ച് പ്രവർത്തിക്കുന്നതിന് നമുക്ക് ധാരാളമായുള്ള സന്ദർഭങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് എല്ലാവരേയും ആഹ്വാനം ചെയ്യുകയും ചെയ്തുകൊള്ളുന്നു.

ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മെമ്പർ പറഞ്ഞു അവിടെ മുതലാളികൾ ധാരാളം ഉണ്ട്. ആ മുതലാളികളോടു ചില കടപ്പാടുകളും കെട്ടുപാടുകളുമുള്ള ഒരു മന്ത്രിയാണു പൊലീസുമന്ത്രിയെന്നും മററും. ആ പൊലീസുമന്ത്രിയെ ഒഴിക്കാത്തപക്ഷം മുതലാളിമാർമൂലം നാട്ടിൽ ഇനിയും അക്രമങ്ങൾ ഉണ്ടാകാൻ ഇടയുണ്ടെന്നും അദ്ദേഹം പറഞ്ഞു. കാഞ്ഞിരപ്പള്ളി മുതലാളികളുമായി മന്ത്രിക്കുള്ള കെട്ടുപാടുകളും കടപ്പാടുകളും അവഗണിച്ചു പ്രവർത്തിക്കുവാൻ മന്ത്രിക്കു സാധിക്കുകയില്ലെന്നും അതുകൊണ്ടു മന്ത്രിയായിരിക്കുന്ന ആൾ ആ സ്ഥാനത്തുനിന്നും മാറുന്നതാണു നല്ലതെന്നും അദ്ദേഹം മുമ്പു ചിലപ്പോൾ പറയാറുള്ളതുപോലെ ഇന്നും പറയുകയുണ്ടായി. മന്ത്രിയോടുള്ള താല്പര്യംകൊണ്ടും മെമ്പറുടെ സ്വന്ത

ത്തുള്ള മററു മുതലാളിമാരുമായി ഉണ്ടായിട്ടുള്ള ഏതോ അഭിപ്രായ വ്യത്യാസംകൊണ്ടുമായിരിക്കും മെമ്പർ ഇങ്ങനെ അഭിപ്രായം പുറപ്പെടുവിച്ചതെന്നു വിചാരിക്കുന്നു. മെമ്പറുടെ സ്ഥലത്തു മെമ്പറുടെ വീട്ടുകാർ ഉൾപ്പെടെ അവിടെയുള്ള മുതലാളിമാരിൽ പലരുമായി എനിക്കു ദീർഘകാലമായി അടുത്തു പരിചയമുണ്ട്. എന്നാൽ ആരുമായിട്ടും എനിക്കു യാതൊരു വിധമായ കെട്ടുപാടും കടപ്പാടും ഉണ്ടായിട്ടില്ലെന്നുള്ള വസ്തുത മെമ്പർക്കു നേരിട്ടു അറിവുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു.

Shri T. V. Thomas : Sir, on a point of order. ഇവിടെ അവതരിപ്പിച്ച 'cut motion' നു് മറുപടിയായി മന്ത്രി ഞങ്ങളുടെ സമയം നഷ്ടപ്പെടുത്തിക്കൊണ്ടു്, പ്രസംഗിക്കുന്നതിൽ യാതൊരു കഴമ്പും ഇല്ലെന്നു പറയേണ്ടി വന്നതിൽ ഖേദിക്കുന്നു. അങ്ങനെ യാതൊരു കഴമ്പും ഇല്ലാത്ത പ്രസംഗം ചെയ്യുവാൻ അദ്ദേഹത്തെ അനുവദിക്കുന്നതു് ശരിയാണോ ?

Mr. Speaker : With due respect to the Leader of the Opposition, I would ask, is it right on your part to say so? If the speech is unsubstantial I am to decide it. When hon. Members start discussion on a controversial subject, we must be able to carry on the debate accepting the principle of cut and thrust. That is the essence of debate. The hon. Minister is answering a personal question raised by that Member . I have absolutely no doubt on that.

I will put a time-limit, because any number of speeches may be made on this side of the House. If you don't expect any reply, I will ask the Government Member to sit down and keep quiet. As I said the other day, we must develop healthy conventions. You may make a dozen points. If those points are not explained and an authoritative statement is not made before the House, what is the use of the debate here ?

ശ്രീ. ടി. വി. തോമസ് : അതിനു് അഞ്ചുമണിയോടുകൂടി ഇനിയും സൗകര്യം കിട്ടുമല്ലോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇവിടെ ഒട്ടാകെ ഏതു പ്രസംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾക്കു അനുകൂലമായും പ്രതികൂലമായും നടന്നു. ഇതേവരെ നടന്ന വിമർശനങ്ങളെ അടിസ്ഥാനമാക്കി പറയുവാനുള്ളതു പറയണമെന്നു സ്പീക്കർ പറഞ്ഞതനുസരിച്ചു ഞാൻ പ്രസംഗിക്കുവെ കാഞ്ഞിരപ്പള്ളി മെംബറുടെ വിമർശനങ്ങൾക്കു മറുപടി പറയുക ഉണ്ടായി.

ശ്രീ. കെ. ജെ. തോമസ് : അവിടെയുള്ള ആളുകൾക്കു് സ്വൈരമായി ജീവിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുമോ ?

ശ്രീ. ടി. എം. വർഗ്ഗീസ് : സ്വൈരജീവിതത്തിനു അനുകൂലമായ സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നുള്ളതാണല്ലോ ഗവൺമെൻറിന്റെ ചുമതല. ഇതിൽ കൂടുതലായിട്ടൊന്നും പറയണമെന്നു വിചാരിക്കുന്നില്ല.

(*Shri K. J. Thomas*: *stood up.*)

Mr. Speaker : Order, order please . Let him conclude his speech.

ശ്രീ. ടി. എം. വർഗ്ഗീസ് : ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചിട്ടുള്ള മെംബറന്മാർ അതു് പിൻവലിക്കുകയോ അല്ലെങ്കിൽ അതിനെ ഈ സഭ തള്ളിക്കളകയോ ചെയ്തു് ഈ ഡിമാൻറ പാസാക്കണമെന്നു അപേക്ഷിക്കുന്നു.

Mr. Speaker : In the circumstances, Mr. Bhaskaran Nair, do you want to press that motion (No. 4)?

Shri P. Bhaskaran Nair : No, Sir.

The motion was by leave withdrawn.

Mr. Speaker : Mr. Gangadharan, do you want to press your motion (No. 15) —"To reduce the allotment of Rs. 5,33,600 for Superintendence by Re. 1"?

Shri R. Gangadharan : I press the motion, Sir.

The motion was put and lost.

Shri R. Gangadharan : I demand a poll, Sir.

Mr. Speaker : It is too late. When the result is evident, why do you want a poll and court defeat openly?

Now, we come to District Executive Officers. I am just throwing out a suggestion for the acceptance of the hon. Members. You may proceed according to the rules. If you go to the District Executive Forces, there are 3 substantial motions of Shri P. S. Nataraja Pillai. Are you going to move all the 3 motions? If you move all of them, we may not reach the total cut motions at all.

Shri P. S. Nataraja Pillai : There are two or three motions in my name. I will move only one motion. That is, motion No. 60, to reduce the allotment of Rs. 48,43,400 by Rs. 2,27,700.

Mr. Speaker : I think that is acceptable to the House. Mr. Nataraja Pillai has tabled some substantial motions. I will call upon him to move motion No. 60.

Shri P. S. Nataraja Pillai : Sir, I move:

To reduce the allotment of Rs. 48,43,400 for District Executive Force by Rs. 2,27,700.

Sir, in moving that motion, I regret I have to make an observation. Sir, in spite of your earnest effort to establish healthy conventions and even throwing out suggestions and adjusting the debates of this House to give chances to the Treasury Benches to lay out

healthy conventions, I was really disappointed today when the demand for Police was moved by the hon. Minister, that he was not kind enough to explain the incidence or implications of the Budget he was presenting to this House.

Mr. Speaker : That has not been the practice in this House.

Shri P. S. Nataraja Pillai : That is a new practice which would have helped us and that practice would have been welcome to us. Let us have such healthy practices. When a demand is moved, it should be explained in this House, especially under the present system when we have not got any Finance Committee to go into the Budget—we have got only a Public Accounts Committee and an Estimates Committee, not a Finance Committee.

Shri A. J. John : As far as Government are concerned, Government have no objection to accept that suggestion.

Mr. Speaker : Even the other day there was an attempt on my part. But that was not approved by the House.

Shri C. Achyutha Menon : Sir, It was I who raised a point of order. What I objected to was that opportunity to speak was given for more members from the Congress party than from other parties. I had no objection to the Minister's speech.

Mr. Speaker : Can any Member honestly say that I was giving preference to any party?

Shri P. S. Nataraja Pillai : It need not be understood that any Member on this side is unwilling to receive any information which the Treasury Benches will be pleased to place before the House.

Now, Sir, I refer to Appendix IV of the Explanatory Memorandum—Part II—Schemes provided for in the Budget for 1953-54. On page 29 of that Appendix, there is a provision of Rs. 2,27,000 for the appointment of additional staff. What I want to state is if the hon. Minister in charge had explained why this additional staff has become necessary, why at the present moment the situation in the country is such that the Police Force has to be increased and what is the number that is sought to be increased, and if any of those facts were placed before the House, the discussion could have been more to the point. As it is, I have no information available from the published records. In the Administration report for 1950-51 that has been published by this Department, the total strength of the constabulary is 4382. From the Budget provision for 1953-54 as I was able to calculate, it comes to 8502. So, it is an increase of nearly 3476 according to the budget. So, in the course of four years, the personnel of the constabulary has increased by 3400 persons.

Shri N. P. Varghese : That is inclusive of the Palace Guards, I suppose.

Shri P. S. Nataraja Pillai : Certainly Palace Guards also. But there is a provision of Rs. 56,500 for appointment of additional staff under Special Police.

So, Sir, the strength of the Constabulary has increased. What necessitated this increase is a matter which we are not aware of. There is absolutely no situation in the country of which we are aware of, to necessitate such an increase in the Police Force. Then, take another aspect of it. Take the Police Budget for the District Police. In 1948-49 it was 57.20 lakhs. Now, in 1953-54, we are estimating it at Rs. 83.831 lakhs. So, in the course of 3 years we have increased the expenditure by 28 lakhs and the increase is about 50 per cent. Is it justifiable in the existing conditions in the country, is the question which I would like to ask. After all, there is no disturbance in the country; there is no abnormal crisis in the country. Ordinary people in the country do not believe or realise that they are living in a disturbed place where life and property are insecure. On the other hand, the challenge thrown out is that the public peace is disturbed by the Police staff. Police are unnecessarily interfering in the normal activities of the people is the allegation before us. How far it is true, I do not want to examine now. At any rate, I have no hesitation in asserting that we were in normal times during the last 4 years. But the strength of the constabulary has increased by 50 യ per cent.

ശ്രീ എൻ. പി. വർഗ്ഗീസ് : പോലീസ്സ്റ്റേഷൻ പൊളിച്ചതും മററും നാർമ്മൽ ടൈമിലാണോ ?

Shri P. S. Nataraja Pillai : Is it after 1950, No. That is what I said. During 1949-50, where were we? We are in normal times. There was at the time in 1948-49, I concede, when power was transferred to the shoulders of the representatives of the people, some disturbance in the country.

Shri O. C. Ninan : Is the Member aware that the traffic has increased very much and Police force is required for the purpose of regulating the traffic?

Shri P. S. Nataraja Pillai : I understand that, Sir. I would request my friend, the hon. Member for Kallooppara to contribute to the debate by giving the number. That will be useful and pertinent. What I say is, I was unable to account for the number. What I say is that the strength of the constabulary has increased. We know the genesis of the Special Police, i. e. the Palace Guards,

The Palace Guards was not a portion of the normal Police Force of this country. It was maintained at a time when we had Maharajas in this country, when we had the Crown over us as the symbol of this State.

4 P. M.]

To keep up the dignity, prestige and the necessities of the Palace and the Crown we had a palace guard, a semi military force. Whether that force ought to have been integrated with the Indian military or not, is a question which I do not want to go into now. When we have the Rajpramukh on the analogy of the Governor, whether there should be a special police for the Rajpramukh is a question for consideration. In the present set up, where is the necessity for a special police ? After having added them on to the regular police force to do the normal police duties why label it as special police. It was answered on the floor of this House that the Palace Guard formed part of the police force. What is the meaning underlying this classification ? I can understand a special police being trained to do a particular duty or kept up as reserve to meet some emergency. But why should you have 700 men under a separate category with separate office as a parallel to the normal police force ? This is a thing which I cannot understand. At any rate, this provision which the Government are asking for year after year to meet the increased expenditure of the constabulary is unjustifiable, unnecessary and unwanted. The conditions that exist in the country do not justify it.

Shri N. P. Varghese : What should be the number of police in proportion to the population ?

Shri P. S. Nataraja Pillai : My hon. friend, the Member for Muvattupuzha will realise that the equation will depend upon the density of the population and the area. One hundred insubordinate people in an area of 100 sq. miles may require more police. On the other hand, one police officer will be able to control 10,000 peaceful people in a sq. mile. So, to equate on the total number of people will not be correct. People in Travancore are peace loving. We know our duties. Especially in Travancore people are law-abiding, intelligent, educated and they have got a civic sense of duty. That being the case, why should there be an increase in the strength of the police?

Shri N. P. Varghese : Will a thousand policemen be sufficient for a million of the population?

Shri P. S. Nataraja Pillai : I have not studied the question on that basis. To compare the law-abiding, highly cultured people of Travancore, who have developed a civic sense, with those of Assam, Rajasthan or the hill tribes of Naga Hills is not at all fair.

Shri N. P. Varghese : Is the member aware that we have no military to meet any emergency?

Shri P. S. Nataraja Pillai : We are an integral part of the Union of India. The Union Government is responsible to protect the State from not only external aggression but also to maintain the internal peace of the country. We are contributing to the upkeep of the Union Force. If there is aggression or disorder, then the Military is available to us. Therefore, we need not go to the analogy of the old Independent Travancore, when we thought of maintaining our military force with machine-gun and all that. Now, we have to maintain only a normal police force. If that be the case, I do not understand why there has been this increase of nearly 50 per cent. in the police force during the last four years. I think it is unjustifiable. I have only to say that the Government must at least now, before getting the sanction of this House, re-examine the question from every point of view and if they can come to the conclusion that the additional provision can be deleted, I honestly and seriously suggest that they must be prepared to accept the cut I propose in the Demand and see that no additional appointment is made. True there are many unemployed in the country. I myself have said that there are many educated unemployed, and that the only source of employment is Government Service. This patronage should not be availed of for the appointment of constables and head constables increasing thereby the expenditure unnecessarily. If the amount provided for is meant for people in permanent service, my suggestion is that the Police force, like the Military, be asked to help the agricultural population of the country in the community project areas. There is absolutely no work for the police personnel in the ordinary maintenance of peace in the country. The ordinary police itself are not so very few as to entitle the Government to ask for an additional number. Therefore, with all the earnestness which I can command, I suggest two alternatives to Government. Government may either accept the cut motion under Demand for Rs. 1 lakh or if the appointments have already been made and if the persons have alreaby been recruited, to set apart a force to help and alleviate the ordinary people in the economic activity which the Government propose to do under the Five Year Plan. With these words I place my cut motion for the consideration of the House.

Shri Nedumangad R. Kesavan Nair : What should the policeman be asked to do?

Shri P. S. Nataraja Pillai : Just as what Jawaharlal Nehru did by taking up the basket and putting the soil over the railway line.

Shri T. M. Varghese : I submit that the hon. Member for Trivandrum has not correctly mentioned the need for the various items under this Demand. Some of the hon. Members put some questions to the hon. Member with regard to the comparative strength and expenditure in relation to other States, Particularly at the present juncture, for maintaining peace and keeping law and order and for protecting the people and to see that their rights are safeguarded as may be directed by the Government, a strong police force is absolutely necessary. There is no doubt about that. Probably, there might have been a time when we could have intended upon other forces but these are no more available to us now. Therefore, the question is whether for the purpose of maintaining peace and law and order and for protecting the rights of individuals or communities and of the country as a whole is it not necessary that we should have such a large police force? I think it is necessary and it will become patent if we make a comparison of the strength of the police force of this State with other States or Provinces in India. The police may be asked to do cultivation or a thousand other things. But the question is whether we want them to carry out their normal duties. A comparison of the proportionate expenditure on population and the number of police force whether Constabulary or higher ranks of this State with those of other countries in India, in the Provinces or the Centre, will reveal that it is lower here. Therefore there is absolutely no need why we should question the correctness of this entry or make it appear that we are wasting money for police who may be directed for doing other things. I think it is an expenditure which we have to incur for the purpose of making it possible to live in a manner that will make us feel that we are safe, that justice will be administered, that law will be respected and therefore there will be order in the country. That is why this amount has been asked for.

ശ്രീ. എൻ. പി. വർഗീസ്: ഒരുലക്ഷത്തി എഴുപത്തായിരം രൂപാ വെഹിക്കിൾസിനായി പ്രൊവൈഡുചെയ്തിട്ടുണ്ട്. അതുകൊണ്ട് എല്ലാ സ്ഥലത്തും വെഹിക്കിൾ കൊടുക്കാൻ കഴിയുമോ ?

ശ്രീ. ടി. എം വർഗീസ്: എല്ലാ സ്ഥലത്തും കൊടുക്കാൻ കഴിയുകയില്ല. ഇരുപത്താറു സർക്കിളുകളിലും കൊടുക്കണമെന്നാണു ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ ആറു ജീപ്പും, രണ്ടു വാനും വരുന്നുണ്ട്.

Mr. Speaker : Does the member press his motion?

Shri P. S. Nataraja Pillai : I regret I have to press it.

The motion was put and lost.

Mr. Speaker : May I now go to the 'total cut'? Is the House agreeable to that?

The House agreed.

Shri T. K. Divakaran: Sir, I beg to move: to reduce the total allotment of Rs. 94,19,000 under Demand XV by Rs. 10.

സർ, ഈ രാജ്യത്തു ജനകീയഭരണം ആരംഭിച്ചതിനുശേഷം ഒരു കാലത്തും ഉണ്ടായിട്ടില്ലാത്തരീതിയിൽ പോലീസിന്റെ അഴിമതികൾ നാട്ടിന്റെ നാനാഭാഗത്തും ഉണ്ടാകുന്നതായി പരാതികൾ കാണുന്നുണ്ട്. കഴിഞ്ഞ ഒരു കൊല്ലത്തിനിടയിലുള്ള പത്രറിപ്പോർട്ടുകൾ എടുത്തുനോക്കിയാൽ ഒരു ദിവസമെങ്കിലും പോലീസിന്റെ അഴിമതിയെപ്പററി റിപ്പോർട്ടുകൾ ഇല്ലാതിരിക്കുന്ന ദിവസം കാണുകയില്ല. ജനാധിപത്യഭരണത്തിൻകീഴിൽ പോലീസിന്റെ പെരുമാററത്തെ ആശ്രയിച്ചാണു ജനാധിപത്യഭരണത്തെപ്പററി ജനങ്ങളുടെ ഇടയിൽ ഒരഭിപ്രായം ഉണ്ടാകേണ്ടതു്. ഉണ്ണിയെക്കണ്ടപ്പോൾ അറിയാം ഊരിലെ പഞ്ഞം; എന്ന മാതിരി പോലീസു ജനങ്ങളോടു എങ്ങനെ പെരുമാറുന്നോ അതിനെ അടിസ്ഥാനമാക്കിയാണു പൊതുജനങ്ങൾ ജനാധിപത്യത്തെപ്പററി വിധിയെഴുതുന്നതു്. ഇന്നലെ പ്രതിപക്ഷ നേതാവു ബഡ്ജററിനെപ്പററി സംസാരിച്ചപ്പോൾ ധനകാര്യമന്ത്രി പറയുകയുണ്ടായി ചിലവുകളെപ്പററി നോക്കുമ്പോൾ മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു തിരുവിതാംകൂർ-കൊച്ചിയിൽ പോലീസിനു കുറഞ്ഞ ചിലവാണു ചെയ്യുന്നതെന്നു്. ഈ നാട്ടിൽ പോലീസിന്റെ ഏററവും കുറഞ്ഞ ശമ്പളം കൂട്ടേണ്ട ഒരു ആവശ്യകതയെയാണു് അതു തെളിയിക്കുന്നതു്. മററു സംസ്ഥാനങ്ങളെ അപേക്ഷിച്ചു ഇവിടെ ശമ്പളം കുറവാണു്. എന്നാൽ അതിനെ അവഗണിക്കുന്ന അർത്ഥത്തിലല്ല പോലീസു ബഡ്ജററിനെപ്പററി പ്രതിപക്ഷനേതാവു് സംസാരിക്കയുണ്ടായതു്. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിനുശേഷം ഇന്നുവരെ ഉണ്ടായിട്ടുള്ള നിലവാരം വച്ചുകൊണ്ടു നോക്കിയാൽ കഴിഞ്ഞതിനെക്കാൾ ഭേദപ്പെട്ട ഒരു പെരുമാററം പോലീസിൽനിന്നു ഈ നാട്ടിലെ ജനങ്ങൾക്കു അനുഭവപ്പെട്ടിട്ടില്ലെന്നു കാണാവുന്നതാണു്. പ്രത്യേകിച്ചും പ്രതിപക്ഷത്തിൽപ്പെട്ട പല ആളുകൾക്കും വിപരീതമായ അനുഭവമാണുണ്ടായിട്ടുള്ളതെന്നും കാണാം. ഈ സഭയിൽ രാജപ്രമുഖന്റെ പ്രസംഗത്തെ വിമർശിച്ചുകൊണ്ടു പ്രതിപക്ഷനേതാവു് ആലപ്പുഴയുള്ള ഒരു ഇൻസ്പെക്ടരുടെ കാര്യം സംസാരിക്കുകയുണ്ടായി. അതിനുശേഷം, ആ പ്രസംഗത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു തന്നെ അവിടത്തെ ഇൻസ്പെക്ടർ നാട്ടുകാരെ മർദ്ദിക്കുകയുണ്ടായി എന്നു പ്രതിപക്ഷനേതാവു ഈ സഭയിൽ സംസാരിക്കുകയുണ്ടായി. ഇതേ അനുഭവംതന്നെ കൊല്ലത്തു ഞങ്ങൾക്കും ഉണ്ടായിട്ടുണ്ടു്. അവിടെ ഇരിക്കുന്ന മി. രാമനാഥന്റെ പേരിൽ ഏതാനും പരാതികൾ ഉന്നയിച്ചിട്ടുള്ള കാരണത്തിൻപേരിൽ തൊഴിലാളി സഖാക്കളെ ലാക്കപ്പിൽവച്ചു് മർദ്ദിക്കുകയുണ്ടായി. എറിയുന്നകല്ലിനെ കടിക്കുന്ന നായ്ക്കളെ ശരിയായി നിർത്താൻ കഴിയാത്തതു ലജ്ജാവഹമാണു്. പ്രതിപക്ഷ നേതാവെന്ന ഉന്നതസ്ഥാനത്തെ മാനിക്കാൻ തയ്യാറാണെങ്കിൽ അദ്ദേഹം പറഞ്ഞ ആ ആരോപണങ്ങളിന്മേൽ എന്തു നടപടി എടുത്തു എന്നറിയാൻ ഞാനാഗ്രഹിക്കുന്നു. വേറെയും ആരോപണങ്ങൾ വളരെയുണ്ടു്. പ്രതിപക്ഷത്തുനിന്നും ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനെതിരായി പറഞ്ഞാൽ ആ ഉദ്യോഗസ്ഥനു ഒരു പ്രമോഷൻ കിട്ടുന്നതിനു സഹായകമായിത്തീരുമെന്നു

പോലീസുദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു ധാരണ കടന്നുകൂടിയിട്ടുണ്ട്. ഈ അടുത്ത കാലത്തുതന്നെ വളരെ അധികം മർദ്ദനങ്ങൾ നടത്താത്ത ഒരു പോലീസ് ഇൻസ്പെക്ടർ എന്നോടുതന്നെ പറയുകയുണ്ടായി, ഞാനും നിങ്ങളെയെല്ലാം അടിക്കാൻ പോകുകയാണെന്ന്; എങ്കിൽമാത്രമെ ഞാനും ഒരു ഇൻസ്പെക്ടരായി സർവ്വീസിൽ ഇരിക്കുന്നുവെന്ന് ഗവണ്മെൻറും ജനങ്ങളും അറിയുകയുള്ളുവെന്ന്. അങ്ങനെയാണെങ്കിലെ എനിക്കും പ്രമോഷൻ കിട്ടാൻ അർഹതയുണ്ടാകയുള്ളു എന്നും അദ്ദേഹം പറയുകയുണ്ടായി. ഏതെങ്കിലും ഒരു ഉദ്യോഗസ്ഥനു എതിരായി സംസാരിക്കാൻ വിചാരിക്കുമ്പോൾ പ്രധാനമായി എനിക്കു തോന്നുന്നതു് ഇതാണ്. മാത്രമല്ല, ഏതെങ്കിലും ഒരു പോലീസുദ്യോഗസ്ഥൻെറ അഴിമതിയെപ്പററി പറഞ്ഞാൽ അതിന് സാധാരണക്കാരനായ ഒരു നാണ മർദ്ദനം അനുഭവിക്കേണ്ടിവരുന്നതു്. പ്രതിപക്ഷനേതാവിന് ഒരു പോലീസു ഇൻസ്പെക്ടരിൽനിന്നും ഉണ്ടായ അനുഭവത്തിൻെറ വെളിച്ചത്തിൽ ഈ നാട്ടിലെ ജനാധിപത്യം എന്താണെന്നുള്ളതിനെപ്പററി വളരെയധികം സംസാരിക്കണമെന്നു വിചാരിക്കുന്നില്ല. പോലീസിൽനിന്നും ഈ മാതിരിയുള്ള പെരുമാററം ഞങ്ങൾക്കുണ്ടായിട്ടുള്ളതു് ഈ ഗവണ്മെൻറിൻെറ പ്രതിപക്ഷത്തോടുള്ള മനോഭാവത്തെയാണു സൂചിപ്പിക്കുന്നതു്. ഇവിടെ പ്രതിപക്ഷത്തെ യാതൊരു കാര്യത്തിലും സഹകരിപ്പിക്കുന്നില്ല. പ്രധാനപ്പെട്ട പല കാര്യങ്ങളും ഇവിടെ പ്രതിപക്ഷത്തെ സഹകരിപ്പിക്കാതെതന്നെ നടത്തുന്നുണ്ട്. കമ്മ്യൂണിററി പ്രോജക്ററ്, ചേത്തല ദുരിതനിവാരണ നടപടികൾ എന്നിവയിൽനിന്നെല്ലാം ഒഴിച്ചുനിറുത്തിയിരിക്കുന്നതുകൊണ്ടാണ് മററുള്ളവരുടെ ഇടയിലും പ്രതിപക്ഷത്തിനു പരിഗണനയില്ലാതെ വന്നിരിക്കുന്നതു്.

മുൻപു ഒരുകാലത്തും ഇല്ലാതിരുന്നമാതിരി ഇപ്പോൾ ഗവണ്മെൻറും പോലീസും തൊഴിൽ കാര്യങ്ങളിൽ ഇടപെടുന്നുണ്ടെന്നുള്ളതു ഒരു വാസ്തവമാണ്. ബഹുമാനപ്പെട്ട പോലീസു മിനിസ്റ്ററോടു ഒരു കാര്യം വളരെ വിനയത്തോടുകൂടി ഞാൻ അറിയിക്കുകയാണ്. ഈ നാട്ടിലെ മുതലാളിമാരുടെയും, ജന്മിമാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് "ഞങ്ങളുടെ വർഗ്ഗീസു സാർ" ഉണ്ടെന്നു ഈ നാട്ടിൽ അങ്ങോളമിങ്ങോളം ഒരു ധാരണ പരന്നുകഴിഞ്ഞിരിക്കുന്നു. ആ ഒരു പിൻബലത്തിൽ തൊഴിൽകാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കു തയ്യാറാകാതെ തൊഴിലാളികളെ ഒരു സമരത്തിലേയ്ക്കു വലിച്ചിഴച്ച് സമരം പൊളിക്കാമെന്നു തെററായോ ശരിയായോ മുതലാളിമാർ ധരിച്ചിരിക്കുന്നു. അതുപോലെ തന്നെ, പണിമുടക്കുണ്ടാകുന്ന രംഗങ്ങളിൽ പണിമുടക്കിയവരേയും അല്ലാത്തവരേയും തൊഴിലുകളിൽ പ്രവേശിപ്പിക്കുന്നതിന് പോലീസു ശ്രമം നടത്തുന്നുണ്ട്. ഇതൊന്നും കഴിഞ്ഞുകാലത്തു ഈ രാജ്യത്തു ഉണ്ടായിട്ടില്ലാത്ത പ്രത്യേകതകളാണ്. ഐ. എൻ. ടി. യു. സി. പ്രവർത്തനങ്ങളേയും പോലീസു പ്രത്യേകമായി ശ്രദ്ധിച്ച് പല ഒത്താശകളും ചെയ്തു വരുന്നതായി അറിയുന്നുണ്ട്.

കഴിഞ്ഞതവണ ലാക്കപ്പു പരിഷ്കരണത്തിനു ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണെന്നു ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഒരു വാഗ്ദാനം നൽകിയിട്ടുണ്ട്. ആ വാഗ്ദാനം ഇതുവരെ നിറവേററി

[ശ്രീ. ടി. കെ. ദിവാകരൻ.]

യിട്ടില്ല. കഴിഞ്ഞകാലത്തുണ്ടായിരുന്ന അവസ്ഥതന്നെയാണ ഇപ്പോഴും ലാക്കപ്പുകളിൽ തുടരുന്നതു്. ലാക്കപ്പുകളിലുള്ള പ്രതികൾക്കു ശരിയായി ആഹാരം കിട്ടുന്നില്ലെന്നുള്ള പരാതി ഇപ്പോഴുമുണ്ടു്. ദിവസമൊന്നുക്കു ഒന്നേകാൽ രൂപ കൊടുക്കുന്നുണ്ടെങ്കിലും, അതിനുള്ള ആഹാരം പുള്ളികൾക്കു കിട്ടുന്നില്ല. ചോറുകൊടുക്കുന്ന കൺട്രാക്ടർമാരിൽനിന്നും ഇൻസ്പെക്ടർമാരും ഹെഡ്കാൺസ്റ്റബിൾമാരും അതിലൊരംശം പററുന്നതു കൊണ്ടാണു് പുള്ളികൾക്കു ആഹാരം ശരിയായി കിട്ടാതിരിക്കുന്നതു്.

അടുത്തായി ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണു് എനിക്കു പറയാനുള്ളതു്. ഇതിൻെറ മേലധികാരിയായി ഒരു വലിയ പോലീസുദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്. ഏററവും കൂടുതൽ കറപ്ഷൻ നടക്കുന്നതായ ഡിപ്പാർട്ടുമെൻറാണു് പോലീസുഡിപ്പാർട്ടുമെൻറ്. കള്ളനെ കാവൽക്കാരനാക്കുന്നതുപോലെയാണു് പോലീസു ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെ ഒരാളെ ഈ ഡിപ്പാർട്ടുമെൻറുമേലധികാരിയായി നിയമിച്ചിരിക്കുന്നതു്. ഇതിലേയ്ക്കു് പ്രത്യേകം പരിശീലനമുള്ള ഒരു ഉദ്യോഗസ്ഥനെ നിയമിച്ചു ആൻറി കറപ്ഷൻ ഡിപ്പാർട്ടുമെൻറു പരിഷ്കരിക്കണം.

പൊതുജനങ്ങളോടു പെരുമാറേണ്ട രീതി പഠിപ്പിക്കുന്നതിനു് പോലീസുകാർക്കു് ആഴ്ചതോറും കാററിക്കിസവും കവാത്തും പഠിക്കുന്നപോലെ ഒരു പ്രത്യേക ക്ലാസ്സു് നടത്തുന്നതു് നന്നായിരിക്കുമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഒരു ജനാധിപത്യഭരണ വ്യവസ്ഥയിൽ—മാറിയ പരിതഃസ്ഥിതിക്കനുസരണമായി പോലീസുകാർ, പൊതുജനങ്ങളോടു് പെരുമാറാനുള്ള രീതി പഠിക്കേണ്ട ആവശ്യമുണ്ടു്. അതിലേയ്ക്കു മന്ത്രിമാരും പോലീസു ഡിപ്പാർട്ടുമെൻറു മേലധികാരികളുംകൂടി ആലോചിച്ചു വേണ്ട പരിഹാരമുണ്ടാക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇനി നമ്മുടെ പോലീസു ഡിപ്പാർട്ടുമെൻറിൻെറ ഇൻവെസ്റ്റിഗേഷൻ രീതിയെപ്പററിയും അൽപ്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഇവർ പല കേസ്സുകളും ന്യായമായ രീതിയിൽ അന്വേഷണം നടത്തിക്കാണുന്നില്ല എന്നുള്ള സംഗതി എല്ലാവർക്കും അറിവുള്ളതാണു്. ഇതിലേയ്ക്കു ഉദാഹരണമായി ഇവിടെ ഇപ്പോൾ ഉണ്ടായിട്ടുള്ള കള്ളനോട്ടു കേസ്സുകളുടെ എണ്ണം നോക്കിയാൽ അറിയാം. ആ കാര്യത്തിൽനിന്നും തന്നെ ഇൻവെസ്റ്റിഗേഷൻ കാര്യത്തിൽ നമ്മുടെ പോലീസു എത്രമാത്രം അധഃപതിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കാം. ലക്ഷക്കണക്കിനുള്ള കള്ളനോട്ടുകൾ തിരുവനന്തപുരത്തും പുറത്തും പ്രചരണം നടത്തിയതിനുശേഷം മാത്രമേ അതു കണ്ടുപിടിക്കാൻ നമ്മുടെ പോലീസിനു കഴിവുണ്ടായുള്ളു. ഇന്നു രാജ്യത്തിൽ അങ്ങോളം ഇങ്ങോളം മോഷണങ്ങൾ നടക്കുന്നുണ്ടു്. കഴിഞ്ഞകാലങ്ങളിൽ ഉണ്ടായിട്ടില്ലാത്ത രീതിയിൽ മോഷണങ്ങൾ നടന്നുവരുന്നു. ഇന്നലെ രാത്രി, ഇതിനടുത്തുവച്ചു്, ഈ സഭയുടെ നൂറുവാര അകലെവച്ചു് ഒരു മോഷണം നടന്നിരിക്കുന്നു. കൊലപാതകവും മുൻകാലങ്ങളെ അപേക്ഷിച്ചു വളരെ വർദ്ധിച്ചിരിക്കുന്നു. അതുപോലെ തന്നെ സംശയാസ്പദങ്ങളായ മരണങ്ങളും വളരെ കൂടുതലായി കാണുന്നുണ്ടു്. അങ്ങിനെയുള്ള കാര്യങ്ങളിൽ വേണ്ടപ്പെട്ടവരെ സ്വാധീനപ്പെടുത്തിയാൽ മതി. കേസ്സു് ഇല്ലാതെയാക്കുവാൻ എന്നു ഒരു ധാരണ പലരുടെയും

ണ്ടായിട്ടുണ്ട്. ഇതിന് അനേകം ഉദാഹരണങ്ങൾ എനിക്കറിയാം. ഗൺ ഹൗസ്–ൽ ഹരിപ്പാട്ടു താമസിക്കുന്ന സമുദായത്തിൽപ്പെട്ട ഒരു യുവതിയെ അവിടെയുള്ള ചിലർകൂടി മാനഭംഗം ചെയ്തു എന്നൊരു കേസ്സ് ഉണ്ടായിട്ടുണ്ട്. ഈ കേസ്സിലെ പ്രതികളെ പിടിക്കാൻ ഇതേവരെ പോലീസിനു കഴിവുണ്ടായിട്ടില്ല. ഇതിനെപ്പററി പല പരാതികളും ഇൻസ്പെക്ടർ ജനറലിനും പോലീസുവകുപ്പുമന്ത്രിക്കും അയച്ചിട്ടുണ്ട്. ഈ വിവരം ഞാൻതന്നെ പോലീസുവകുപ്പുമന്ത്രിയെ നേരിട്ടു അറിയിച്ചു, ഇതുവരെയായിട്ടും ഈ കേസ്സിലെ പ്രതികളെ പിടിക്കാൻ കഴിഞ്ഞിട്ടില്ല. പ്രതികളിൽ പല ആളുകളും വലിയ ഗ്രൂപ്പാർശകളും ആയി കൊല്ലത്തു നടക്കുന്നതായി കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ പോലീസുവകുപ്പുമന്ത്രിയുടെ വീട് കൊല്ലത്താണ്. എന്റെ സ്വദേശവും കൊല്ലത്താണ്. ഈ ഗ്രൂപ്പാർശയുടെ കാര്യത്തിനുവേണ്ടി ഹരിപ്പാട്ടുകേസ്സിലെ പ്രതികൾ പോലീസുവകുപ്പുമന്ത്രിയെ സമീപിച്ചിട്ടില്ലാ എന്നു പറയുവാൻ ഈശ്വരവിശ്വാസമുള്ള മന്ത്രിയെ, യേശുക്രിസ്തുവിന്റെ പേരിൽ ഈ സഭയിൽ പറയുവാൻ ഞാൻ വെല്ലുവിളിക്കുന്നു. പല സിവിൽ കേസ്സുകളിലും പോലീസു ഇടപെടുന്നുണ്ടെന്നുള്ള കാര്യവും ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. കൊട്ടാരക്കര ചെറിയവെളിയനെല്ലൂരിൽ ഒരു സിവിൽ കേസിലെ കക്ഷി എതിർ കക്ഷിക്ക് അയ്യായിരം രൂപ കൊടുത്തു ആ കേസ്സു രജിയാക്കാൻ പുനലൂർ സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞതിനെ അനുസരിക്കാത്തതുകൊണ്ട് ആ കക്ഷി പല ക്രിമിനൽ കേസ്സുകളിലും പ്രതിയായി അനേകം രൂപ നഷ്ടം സഹിക്കേണ്ടതായും വന്നിരിക്കുന്നു. അതിനെപ്പററി ഇൻസ്പെക്ടർ ജനറലിനോട് നാലു പ്രാവശ്യം ഒരു അഡ്വക്കേറ്റു മുഖാന്തിരം പരാതിപ്പെട്ടതായും അറിയാം. എന്നാൽ ഇതെപ്പററി അന്വേഷിക്കാൻ ആ സർക്കിൾ ഇൻസ്പെക്ടരെ തന്നെയാണ് ചുമതലപ്പെടുത്തിയതു്. ഈ മാതിരി കാര്യങ്ങൾക്ക് സാധാരണക്കാർക്ക് ന്യായമായ പരിഹാരം പോലീസിൽനിന്നു ലഭിക്കുമോ എന്നു എനിക്കു സംശയമാണ്. സാധാരണമായി പരാതിയുംകൊണ്ടു പോലീസു സ്റ്റേഷനിൽ ചെന്നാൽ യാതൊരു പരിഹാരവും ഉണ്ടാകുന്നില്ല. പീരുമേട്ടു താലൂക്കിൽ ഏകദേശം പതിനായിരം രൂപയുടെ സ്വത്തുക്കൾ നഷ്ടപ്പെടുന്നതിൻ ഇടവന്നിട്ടുള്ള ഒരു കേസുണ്ടായിട്ടു്. ഇതുവരെ അതിനു യാതൊരു പരിഹാരവും ഉണ്ടായിട്ടില്ല. ഈ കേസിലെ കക്ഷി വ–ൻ–ഗ്ലൻ ഇ–ൽ ആണ് ആദ്യം പീരുമേട്ടു് സ്റ്റേഷനിൽ പരാതിപ്പെട്ടതു്. വളരെ നാളായിട്ടു് അതിന്മേൽ യാതൊരു നടിപടിയും നടത്തിക്കാണാത്തതിനാൽ വീണ്ടും അതിനെപ്പററി പരാതിപ്പെട്ടതിന്റെ ഫലമായി ഡി. എസ്സ്. പി. യുടെ നിർദ്ദേശപ്രകാരം അതിലെ എഫ്. ഐ. ആർ. എടുത്തതു് വ–ന്ദ–ഗ്ലൻ ഇ–ലാണ്. ഇപ്രകാരമുള്ള വലിയ കേസുകൾക്കും, തീവയ്പ്, കൊലപാതകം മുതലായ കേസുകൾക്കും മേലധികാരികളുടെ നിർദ്ദേശം കിട്ടിയാൽ മാത്രമേ നടപടികളാരംഭിക്കുകയുള്ളു എന്നു വരുന്നതു് വലിയ കഷ്ടമാണ്.

ശ്രീ. എസ്സ്. ജി. ദേവിയപ്പൻ : ഈ കേസു നടന്നതു് പീരുമേട്ടിൽ ഏതു ഭാഗത്താണ് ?

ശ്രീ. ടി. കെ. ദിവാകരൻ : പീരുമേട്ടു താലൂക്കിൽ പെരിയാർ പകുതിയിൽ വിളാടിപുതുവലിൽ താമസം, എടച്ചേരിക്കുന്നിൽ ദേവസ്വ

[ശ്രീ. ടി. കെ. ദിവാകരൻ.]

മറ്റിയ കൊടുത്ത പരാതിയാണ്. ഈമാതിരി കേസുകൾ ഉണ്ടാകുന്ന അവസരത്തിൽ കേസെടുക്കാത്ത ഉദാഹരണങ്ങൾ ഈ രാജ്യത്തു അനവധിയുണ്ട്. പ്രതിപക്ഷത്തിലുള്ളവർ ഇടപെടുന്ന കേസുകളിൽ കാണിക്കുന്ന ക്രമക്കേടുകളും കൃത്രിമങ്ങളും ധാരാളമാണ്. തൊഴിൽ തക്കങ്ങളിൽ ഉണ്ടായിരിക്കുന്ന കേസ്സുകൾ പരിശോധിച്ചാൽ ഇതറിയാൻ കഴിയും. സർ, പ്രതിപക്ഷകക്ഷിയിലെ ഒരു മെംബർ, സഖാവ് പി. ഭാസ്കരൻ നായർ അദ്ദേഹത്തിന് നേരിട്ടനുഭവപ്പെട്ട ഒരു സംഭവം ഇവിടെ വിവരിക്കുകയുണ്ടായി. കോട്ടയം സർക്കിൾ ഇൻസ്പെക്ടർ അദ്ദേഹത്തോട് പെരുമാറിയ രീതി, ഏററവും ധിക്കാരപരമായിരുന്നു. ഒരു വരവരച്ചു കാണിച്ചിട്ട് 'ഈ അതിത്തിവിട്ടു കടക്കരുത്' എന്നു ഒരു സർക്കിൾ ഇൻസ്പെക്ടർ ഈ നിയമസഭയിലെ ഒരു അംഗത്തോട്, വിശേഷിച്ചു പ്രതിപക്ഷത്തിലെ ഒരംഗത്തോട് പറയത്തക്ക ധാർഷ്ട്യം ഒരു പോലീസുദ്യോഗസ്ഥനുണ്ടായി. അതിനു സമാധാനം പറയേണ്ട ചുമതല മന്ത്രിക്കുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇതിനൊരു മറുപടി, വ്യക്തമായ ഒരു മറുപടി—മയിലെണ്ണപുരട്ടിയ ഭാഷയിലുള്ളതല്ലാത്ത ഒരു മറുപടി—ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ഞാൻ പ്രതീക്ഷിക്കുന്നു.

അതുപോലെതന്നെയാണ് സാർ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ആരോപണങ്ങൾക്കും ശരിയായ മറുപടി പറയണം. അന്യായം കാണിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ പേരിൽ ശക്തിയായ നടപടികൾ അധികാരത്തിലിരിക്കുന്ന ഗവണ്മെൻറും മേലധികാരികളും എടുക്കുമെന്നു കണ്ടിരുന്നാൽ ഈ ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ ഇല്ലാതാക്കാൻ കഴിയുന്നതാണ്.

ഈ രാജ്യത്ത് പോലീസിന്റെ മൊറയിൽ നില നില്ക്കണമെങ്കിൽ അധികാരത്തിലിരിക്കുന്ന ഗവണ്മെൻറ് അവരുടെ അഴിമതികൾക്കും അക്രമങ്ങൾക്കും കൂട്ടു നിൽക്കുന്നതുകൊണ്ടുമാത്രമേ സാധിക്കുകയുള്ളുവെന്നു ധാരണ മന്ത്രിക്കാണെന്നുതോന്നുന്നു. ജനങ്ങളുടെ മനോവീര്യം നില നിത്തുകയാണാവശ്യം. അതിലേയ്ക്ക് പോലീസിന്റെ അഴിമതികളെപ്പററി സർവ്വത്രികമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ശബ്ദങ്ങൾക്കു ഒരു പരിഹാരമുണ്ടാക്കേണ്ടതാണ്. അപ്പോൾ ജനങ്ങൾക്ക് അവരുടെ മേലുള്ള ഭയവും വിശ്വാസമില്ലായ്മയും ഇല്ലാതാക്കാൻ കഴിയുന്നതാണ്. അതിലേയ്ക്കു ശക്തിയായ നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമെന്നു വിശ്വസിക്കുന്നു.

കഴിഞ്ഞ നിയമസഭയിൽ ചെയ്ത ഒരു വാഗ്ദാനം ബഹുമാനപ്പെട്ട പോലീസുമന്ത്രി ഇതുവരെ നിറവേററിയിട്ടില്ല എന്നു സൂചിപ്പിക്കാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. കൊല്ലത്ത് ഇൻസ്പെക്ടർ രാമനാഥന്റെ പേരിൽ ഞാൻ അയച്ചിട്ടുള്ള പരാതിയെപ്പററി എന്നോടു നേരിട്ടു, ഗവണ്മെൻറ് വേണ്ടതു ചെയ്യുന്നതാണെന്നു ഈ സഭ മുൻപാകെ കഴിഞ്ഞ തവണ പോലീസുമന്ത്രി പറയുകയുണ്ടായി. പക്ഷെ ഇതുവരെയും തുടരന്വേഷണവും നടത്തുകയോ എന്റെ പരാതിക്കു പരിഹാരമുണ്ടാക്കുകയോ ചെയ്തിട്ടില്ലാ. ഈ കാര്യത്തെ സംബന്ധിച്ചും ന്യായമായ ഒരു മറുപടി പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. രാമകൃഷ്ണൻ : സഖാവ് ദിവാകരന്റെ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ട് രണ്ടുവാക്കു പറയാൻ ഒരവസരം കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു. പോലീസു ഡിപ്പാർട്ടുമെൻറിലെ അഴിമതികളെപ്പററി വിമർശനം ചെയ്യുന്നതുകൊണ്ട് വലിയ പ്രയോജനമൊന്നുമില്ല എന്നുള്ളതു നമ്മുടെ ആഭ്യന്തരമന്ത്രിയുടെ മറുപടിയിൽനിന്നും വിശദമായി. എങ്കിലും നമ്മുടെ നാട്ടിലെ ജനങ്ങളുടെ വ്യാമോഹം ഇന്നും നാം വസ്തുതകൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ ചില ഗുണങ്ങൾ ഉണ്ടാകുമെന്നാണ്. പഴയ ദിവാൻ ഭരണകാലത്തും പല അഴിമതികൾ നടന്നിട്ടുണ്ട്. ഇന്നു ഷഷ്ഠി ബഞ്ചുകളിൽ ഇരിക്കുന്ന മന്ത്രിമാരിൽ ധനകാര്യമന്ത്രിയുടെ മുതുകിൽ കിട്ടിയിട്ടുള്ള പാടു നോക്കിയാൽ അതു് വ്യക്തമാകും.

ശ്രീ. നെടുമങ്ങാട്ടു ആർ. കേശവൻ നായർ: ഏതുകൊല്ലത്തിനുമുമ്പാണ് അടി കിട്ടിയതു്?

ശ്രീ. രാമകൃഷ്ണൻ : ദിവാൻ ഭരണകാലത്താണ്. രാജേന്ദ്രമൈതാനത്തുണ്ടായ സംഭവവും അദ്ദേഹം മറന്നുകാണുകയില്ല. ഞാൻ ചില പഴയ കാലസംഭവങ്ങളെപ്പററി ഓർമ്മിച്ചുപോകുകയാണ്. അതേ സംബന്ധിച്ചുണ്ടായ അടിയന്തിരപ്രമേയവേളയിൽ മന്ത്രിയായിരുന്ന ശ്രീ. ടി. കെ. നായർ പറഞ്ഞ ചില വാചകങ്ങൾ അതായതു്, ലാത്തിചാർജ്ജ് രണ്ട് ഔൺസ് കൊടുക്കാൻ പറഞ്ഞാൽ പോലീസുകാർ നാലു് ഔൺസുപയോഗിച്ചുപോകുമെന്നാണ്. അന്ന് അനേകം പേരുടെ തല തല്ലിപ്പൊട്ടിക്കുകയുണ്ടായി. അന്നു ജനങ്ങൾക്കുണ്ടായിരുന്ന മാതിരിയുള്ള ഒരു ധാരണയാണ് ഇന്നു ജനങ്ങളിൽ പോലീസിനെപ്പററി ഉണ്ടായിരിക്കുന്നതു്. അന്നു ദിവാൻഭരണമായിരുന്നു. എന്നാൽ ഇന്ന് ഉത്തരവാദഭരണം കിട്ടിയിട്ടും അതിന്റെ പേരിൽ നിരുത്തരവാദപരമായ മർദ്ദനമുറകൾ വർദ്ധിച്ചു വർദ്ധിച്ചുവരുകയാണ്. ഇന്ന് ഗവണ്മെൻറിന് ഒരു ധാരണയുണ്ട്. പോലീസും പട്ടാളവും കൈവശമുണ്ടെങ്കിൽ ഏതൊരു കാര്യവും സാധിക്കാമെന്ന്. ഈയൊരു ധാരണയുടെ ഫലമാണെന്നു തോന്നുന്നു ഇന്നു ഇവിടെ നടക്കുന്ന മർദ്ദനം. പക്ഷെ അതിനുള്ള മറുപടിയും ജനങ്ങൾതന്നെ പറയുന്നതാണ്. പഴയ കാലങ്ങളും അനുഭവങ്ങളുമെല്ലാം ഇന്ന് മറന്നുപോയിട്ടുണ്ടെങ്കിൽ അതു് ഒന്നുകൂടി ഓർമ്മിച്ചാൽ കൊള്ളാം. ഇന്ന് കക്ഷിഭേദംകൂടാതെയാണ് ചില ആളുകൾക്കുവേണ്ടി കാൺഗ്രസ്സ് ഏതൊ ഐക്യമുന്നണിയെന്നോ മറേറതെങ്കിലും പാർട്ടിയിൽപ്പെട്ടവരെന്നോ ഉള്ള ഭേദം കൂടാതെ ജനങ്ങളെ മർദ്ദിച്ചുവരുന്നതു്. പെരുമ്പാവൂർവച്ച് ഒരാളെ ഒരു കാൺഗ്രസ്സുകാരനെതന്നെ മർദ്ദിച്ചു കൊലപ്പെടുത്തി. എറണാകുളത്തും അതുപോലെ കാൺഗ്രസ്സിൽപ്പെട്ട ഒരാളെത്തന്നെയാണ് പോലീസു മർദ്ദിച്ചതു്. ഇങ്ങനെ രാജ്യത്തിന്റെ ഓരോ ഭാഗത്തും മർദ്ദനം നടന്നുകൊണ്ടിരിക്കുന്നു.

ഇന്ന് ഏതെങ്കിലും കാരണത്തിന്മേൽ ഒരാളെ ലാക്കപ്പിൽ കൊണ്ടുപോയാൽ അയാളുടെമേൽ സർവവിധത്തിലുള്ള മർദ്ദനങ്ങളും പ്രയോഗിക്കുന്നു. ദാരിദ്ര്യം ഒരു കുററംതന്നെ. ഏതെങ്കിലും ഒരു മോഷണം ഉണ്ടായാൽ അതു് പാവപ്പെട്ടവരായിരിക്കും ചെയ്തിരിക്കുന്നതു എന്നുള്ള ധാരണയിൽ അവരെ ലാക്കപ്പുകളിൽ കൊണ്ടുപോയി സർവവിധ മർദ്ദന

[ശ്രീ. രാമകൃഷ്ണൻ.]

ങ്ങളും അയാളിൽ പ്രയോഗിക്കുന്നു. ചിലപ്പോൾ അയാൾ തല്ല കൊണ്ടു സഹിക്കവയ്യാതെ കുററം സമ്മതിച്ചു എന്നുവരാം. വാസ്തവത്തിൽ അയാൾ അതു ചെയ്തുകാണുകയില്ല. ഇതുപോലെയുള്ള സംഭവങ്ങൾ തടയേണ്ടതു് ഗവണ്മെൻറിൻെറ കടമയാണു്. അതു് നമ്മുടെ ഗവണ്മെൻറ് ശ്രദ്ധിക്കണമെന്നാണെനിക്കു് പറയാനുള്ളതു്.

ഈ അവസരത്തിൽ ഒരു കാര്യംകൂടി എനിക്കു പറയാനുള്ളതു് പണ്ടു് ഒരു നമ്പൂതിരി ആദ്യമായി തീവണ്ടിയിൽ കയറി യാത്ര ചെയ്യുപ്പോൾ ഉണ്ടായ അനുഭവത്തെ വിവരിച്ചുകൊണ്ടുള്ളതാണു്. ആ നമ്പൂതിരി ആദ്യമായി രണ്ടാംക്ലാസ്സിൽ യാത്ര ചെയ്തുകൊണ്ടിരിക്കവെ വണ്ടിയിൽ തുപ്പുകയുണ്ടായി. ഇതു കണ്ടു് അടുത്തിരുന്ന സഹയാത്രക്കാരൻ നമ്പൂതിരിക്കു് ഒരു പ്രഹരം കൊടുത്തു. നമ്പൂതിരി മടങ്ങിവന്നപ്പോൾ യാത്ര എങ്ങനെയിരുന്നു' എന്നു ചോദിച്ചതിനു് യാത്ര നന്നായിരുന്നു പക്ഷെ ഇടയ്ക്കുള്ള അനുഭവംമാത്രം അത്ര സുഖമല്ലയെന്നു പറഞ്ഞു. അതു പോലെ ജനാധിപത്യഭരണത്തിൽ ഈ അനുഭവം അത്ര നല്ലതല്ല. ജനാധിപത്യം നല്ലതാണു്. ഇടയ്ക്കുള്ള മർദ്ദനമാണു് സഹിക്കവയ്യാത്തതു്. ഈവക മർദ്ദനങ്ങളെല്ലാം നിറുത്തണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ നിറുത്തുന്നു.

ശ്രീ. കെ. കുട്ടപ്പൻ : സഖാവു ടി. കെ. ദിവാകരൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ അനുകൂലിച്ചുകൊണ്ടു് ഈ സഭയുടെ ശ്രദ്ധയിൽ ഏതാനും കാര്യങ്ങൾ കൊണ്ടുവരാനാണു് ഞാൻ ആഗ്രഹിക്കുന്നതു്. കഴിഞ്ഞ ബഡ്ജററ് സമ്മേളനത്തിൽ ഇതുപോലെയുള്ള സന്ദർഭത്തിൽ ഈ സഭയുടെ ശ്രദ്ധയിലും പോലീസുമന്ത്രിയുടെ ശ്രദ്ധയിലും ഞാൻ ഒരു കേസിൻെറ സംഗതി കൊണ്ടുവരുകയുണ്ടായി. ആ കേസിനെ സംബന്ധിച്ചുതന്നെ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ടു് സഖാവു ശ്രീ. ടി. കെ. ദിവാകരനും സംസാരിച്ചു. അതായതു് കാത്തികപ്പള്ളിയിൽ നടന്ന ബലാൽസംഗകേസിനെ സംബന്ധിച്ചാണു് ഞാൻ പറഞ്ഞതു്. ഈ സെക്ഷനിൽത്തന്നെ ഒരു ചോദ്യത്തിനുത്തരമായി എനിക്കു കിട്ടിയ മറുപടി ആ കേസു സംബന്ധിച്ചന്വേഷണം നടത്തിയെന്നും പ്രതികൾ ഈ രാജ്യത്തില്ലയെന്നുമാണു്. ഇതു ശരിയാണോ, സഖാവു് ദിവാകരൻ പറഞ്ഞതു പോലെ ആത്മാർത്ഥതയോടുകൂടി, സത്യസന്ധതയോടുകൂടി പോലീസുമന്ത്രി ഇതിനൊരു മറുപടി പറയണമെന്നു ഞാൻ ആവശ്യപ്പെടുന്നു.

പോലീസുമന്ത്രിക്കു്, ആയിരംതെങ്ങു ബോട്ടുജെട്ടിക്കടുത്തു് ഒരു മൈൽ സ്ഥലം വിജന പ്രദേശമാണെന്നു് അറിയാം. അവിടെ പല സംഭവങ്ങളും ഉണ്ടാകുന്നുണ്ടു്. രാത്രികാലങ്ങളിൽ ബോട്ടുജട്ടിയിൽനിന്നും കിഴക്കോട്ടു വരുന്ന യാത്രക്കാരെ ആ വിജന പ്രദേശത്തുവച്ചു് അക്രമികൾ പല അക്രമങ്ങളും ചെയ്യുന്നുണ്ടു്. അസമയത്തു അക്രമികൾ അതിലെ പോകുന്ന ആളുകളെ ചാക്കിട്ടു പിടിക്കുകയും അതായതു്, തലയിൽക്കൂടി ചാക്കിട്ടു മൂടി പിടിച്ചുനിറുത്തി ഉപദ്രവിച്ചു കൈയിലുള്ള പണവും സാധനങ്ങളും അപഹരിച്ചതിനുശേഷം കൊലപ്പെടുത്തിയിട്ടുള്ളതായുള്ള സംഗതികൾ പല പ്രാവശ്യവും എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. ഈ ഒരു വർഷക്കാലത്തിനകം ഇങ്ങനെ സംശയാസ്പദമായി മൂന്നു കൊലപാതകം അവിടെ നടന്ന

തായി അറിയാൻ കഴിഞ്ഞു. ഈ മൂന്നു സംഭവങ്ങൾ സംബന്ധിച്ചു അന്വേഷണം നടത്തി അക്രമികളെ പിടിക്കുന്നതിനൊ, ഈ സംഭവങ്ങൾ വെളിച്ചത്തു കൊണ്ടുവരുന്നതിനൊ ഉൗർജ്ജിതമായ നടപടികൾ യാതൊന്നും നടത്തിയിട്ടില്ലയെന്നുള്ളതു് ആ സ്ഥലത്തു പരക്കെ അറിവുള്ള സംഗതിയാണു്. അതുപോലെതന്നെ രണ്ടു ദിവസത്തിനുമുമ്പു ട്രാൻസ്പോർട്ടു ചെക്കിംഗ് ഇൻസ്പെക്ടർ മാധവപ്പണിക്കർ ലാസ്റ്ററബസ്സ് ചെക്കു ചെയ്തുകഴിഞ്ഞതിനുശേഷം കീരിക്കാട്ടുവഴി പോകുന്ന അവസരത്തിൽ ഇതുപോലെ ഒരു സംഭവമുണ്ടായി. എന്നാൽ അദ്ദേഹം ഉച്ചത്തിൽ കിടന്നു വിളിച്ചതുകൊണ്ടു് രക്ഷപ്പെടുകയുണ്ടായി എന്നു എനിക്കു നേരിട്ടു ഇന്നലെ അറിയാൻ കഴിഞ്ഞിട്ടുണ്ടു്. അദ്ദേഹത്തിന്റെ അനുഭവം ഒരു പ്രസ്താവന മൂലം പത്രങ്ങളിൽക്കൂടി പൊതുജനങ്ങളെ അറിയിച്ചിട്ടുണ്ടു്. ട്രാൻസ്പോർട്ടു ഉദ്യോഗസ്ഥന്മാരേയും പോലീസിനേയും വിവരങ്ങൾ അറിയിച്ചിട്ടും ഉണ്ടു്. ഇവിടത്തെ പോലീസ് ആത്മാഭിമാനവും അന്തസ്സുള്ളവരും നല്ല തറവാടിത്വം ഉള്ളവരുമാണെന്നു പറഞ്ഞ പോലീസുമന്ത്രി പൌരന്മാർക്കു് മാനമായി ജീവിക്കത്തക്കവണ്ണവും മാനമായി യാത്ര ചെയ്യത്തക്കവണ്ണവുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണമെന്നും ഈ വക കാര്യങ്ങൾ ശരിയായി മനസ്സിലാക്കണമെന്നുമാണു് എനിക്കു പറയുവാനുള്ളതു്.

മറ്റൊരു കാര്യം കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ പോലീസിനെപ്പററി സംസാരിച്ചയവസരത്തിൽ കായംകുളത്തെ സബ്ബ് ഇൻസ്പെക്ടരുടെ കൊള്ളരുതായ്മകളെപ്പററി പരാതി പറയുകയുണ്ടായി. ഭാഗ്യവശാലൊ, നിർഭാഗ്യവശാലൊ ആ സബ്ബ് ഇൻസ്പെക്ടരെ അവിടെനിന്നും സ്ഥലംമാററുകയുണ്ടായി. ആ സബ്ബ് ഇൻസ്പെക്ടർ കെട്ടിച്ചമച്ചുണ്ടാക്കിയ കള്ളക്കേസുകളിൽ ഈ സഭയിലെ അംഗങ്ങൾ ഇന്നും പ്രതികളാണു്. എന്താണു ഞങ്ങൾ ചെയ്തിട്ടുള്ള കൃത്യങ്ങൾ? ഈ സഭയിലെ അംഗങ്ങളായ സഖാവു് പ്രാക്കുളം ഭാസിയും ഞാനും പി. എസ്. പി. യിലെ പല അംഗങ്ങളും ഇന്നു പ്രതികളാണു്. ഞങ്ങൾ കായാകുളം പേട്ട മൈതാനത്തു പ്രസംഗിച്ചു എന്നുള്ളതിനാണു് പോലീസ് കേസു ചാർജ്ജു് ചെയ്തിട്ടുള്ളതു്, എന്നു് പോലീസിനും ഗവണ്മെൻറിനുതന്നെയും അറിയാം. എന്നാൽ കേസു വിസ്തരിച്ചു് ഞങ്ങൾ ശിക്ഷാർഹരാണെങ്കിൽ ശിക്ഷിക്കണം. അല്ലാതെ ഞങ്ങളെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതെന്തിനാണു്. നിയമ സമാധാനവും ക്രമസമാധാനവും പാലിക്കേണ്ട പോലീസു ഇങ്ങനെയാണു് ജനങ്ങളോടു പെരുമാറുന്നതു്.

ശ്രീ. ടി. എം. വറുഗീസ് : ഏതു കോടതിയെ സംബന്ധിച്ചാണു് ബഹുമാനപ്പെട്ട മെംബർ പ്രസ്താവിച്ചതു്?

ശ്രീ. കെ. കുട്ടപ്പൻ : കായംകുളം മജിസ്ട്രേട്ടുകോടതിയെ സംബന്ധിച്ചാണു് ഞാൻ പറഞ്ഞതു്. ഇങ്ങനെ പോലീസു ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനംകൊണ്ടു് ഇവിടെ നിയമ സമാധാനം പാലിക്കുന്നതിനും നീതി ലഭിക്കുന്നതിനും നിവൃത്തിയില്ലാതെ വന്നിരിക്കുകയാണു്. സർ, ഈ രാജ്യത്തു് ഏതു രാഷ്ട്രീയകക്ഷിക്കും രാഷ്ട്രീയമില്ലാത്ത കക്ഷിക്കും യോഗം നടത്തുന്നതിനും പ്രസംഗിക്കുന്നതിനും അവകാശം കിട്ടിയിട്ടുള്ളതാണു്. എന്നാൽ ഇന്നു കക്ഷിഭേദമില്ലാതെ കാൺഗ്രസ് കക്ഷികളുടേയും ഇടതുപക്ഷക്കാരുടേയും യോഗങ്ങൾ നടത്താൻ സാദ്ധ്യ

[ശ്രീ. കെ. കുട്ടപ്പൻ.]

മല്ലാത്ത ഒരു പരിതഃസ്ഥിതി ഉണ്ടായിരിക്കുകയാണ്. ഏതു പാർട്ടിയോഗം ചേർന്നാലും അതിൽ കൂക്കുവിളിയും അക്രമവും നടത്തുകയും യോഗം അലങ്കോലപ്പെടുത്തുകയും ചെയ്യുന്നു.

കഴിഞ്ഞ ദിവസം ഇളമണ്ണൂർ ഒരു തോട്ടം തൊഴിലാളി യോഗത്തിൽ ഇത്തരത്തിലുള്ള അക്രമികൾ ലഹള ഉണ്ടാക്കുകയും അതിന്റെ ഫലമായി വൃദ്ധ വയസ്സോളം പ്രായം വരുന്ന ഒരു ബ്രാഹ്മണൻ ശ്രീ. പരശുരാമയ്യർ അക്രമത്തിനു വിധേയനായിത്തീർന്നു എന്നും എനിക്ക് അറിവു കിട്ടിയിട്ടുണ്ട്. ആ യോഗത്തിൽ ഉപയോഗിച്ചിരുന്ന മൈക്കിന്റെ പല സാധനങ്ങളും അവർ എടുത്തുകൊണ്ടു പോകുകയും നാശപ്പെടുത്തുകയും ചെയ്തതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയപാർട്ടിയുടെ യോഗത്തിലെന്നല്ല, ഏതു യോഗത്തിലായാലും ഇത്തരം അക്രമങ്ങളും മദ്യപാനികളുടെ ശല്യങ്ങളും അമർച്ച ചെയ്യേണ്ടതു് രാജ്യത്തിന്റെ നിലനിൽപ്പിനും സമാധാനത്തിനും ആവശ്യമാണ്. ഈ വക കാര്യങ്ങൾ ബഹുമാനപ്പെട്ട ഗവണ്മെന്റും ബഹുമാനപ്പെട്ട മന്ത്രിയും ശ്രദ്ധിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എന്റെ സംസാരം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ്: ബഹുമാനപ്പെട്ട കൊല്ലം മെംബറുടെ അറിവിൽപ്പെട്ട ഒന്നുരണ്ടു സംഭവങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയും അതിലേയ്ക്കു് വ്യക്തമായ മറുപടികൾ കിട്ടണമെന്നു് ശക്തിയായി ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നതനുസരിച്ച് വ്യക്തമായ മറുപടികൾ തന്നെ കൊടുക്കാമെന്നു വിചാരിക്കുന്നു എന്നാൽ മെംബറുടെ ആവശ്യമനുസരിച്ച് മറുപടികൾ വേണ്ടിടത്തോളം വ്യക്തമാണോ എന്നു് മെമ്പർതന്നെ തീരുമാനിച്ചുകൊള്ളേണ്ടതാണ്.

കൊല്ലം ഇൻസ്പെക്ടർ ശ്രീ. രാമനാഥൻ അവിടെ ഒരാളിനെ ദേഹോപദ്രവം ഏൽപ്പിച്ചുഎന്നും അതേപ്പററിയുള്ള പരാതിയിന്മേൽ ഗവണ്മെന്റ് വേണ്ട അന്വേഷണമോ നടപടിയോ നടത്തിയില്ലെന്നുമാണ് കൊല്ലംമെംബറുടെ ഒരു ആരോപണം. ഈ പരാതിയെപ്പററി വേണ്ട അന്വേഷണങ്ങൾ നടത്തുകയും പരാതി അടിസ്ഥാനരഹിതമെന്നു് അന്വേഷണത്തിൽ വെളിപ്പെടുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള പരാതികൾ വന്നാൽ അതേപ്പററി അന്വേഷണം നടത്താൻ അവകാശവും അധികാരവും ഉള്ളവരെക്കൊണ്ടു് അന്വേഷിപ്പിച്ച് അവരിൽനിന്നും കിട്ടാവുന്ന അറിവു് ഉപയോഗപ്പെടുത്തി ഒരു നിഗമനത്തിൽ എത്തിച്ചേരുവാനേ സാദ്ധ്യമാകയുള്ളൂ. മന്ത്രിതന്നെ നേരിട്ടു നടത്താത്തതൊന്നും അന്വേഷണമല്ലെന്നു മെംബർ പറയുമെന്നു തോന്നുന്നില്ല. പരാതികളിൽ ചേർത്തിരിക്കുന്ന പ്രസ്താവനകളെല്ലാം വേദവാക്യമെന്ന വിധത്തിൽ അവയെ അക്ഷരംപ്രതി സ്വീകരിച്ചും വിശ്വസിച്ചും അന്വേഷണം കൂടാതെ തീരുമാനത്തിലെത്തുവാനും സാദ്ധ്യമല്ല. മെംബർ ദൈവഭയത്തിന്റേയും, മനസ്സാക്ഷിയുടേയും, യേശുക്രിസ്തുവിന്റേയും ഒക്കെ കാര്യം പറഞ്ഞുകേട്ടതിൽ എനിക്കും സന്തോഷമുണ്ട്. മനസ്സാക്ഷി എല്ലാവർക്കും ഉണ്ടെങ്കിലും അതുമായുള്ള ബന്ധം എല്ലാവരും പാലിക്കാത്തതുകൊണ്ടാണ് ഈ കുഴപ്പങ്ങൾക്കു് കാരണമാകുന്നതെന്നു് മെംബറും സമ്മതിക്കുമെങ്കിൽ അതിനോടു ഞാനും യോജിക്കുന്നു.

ഏതായാലും കാത്തികപ്പള്ളിയിൽ നടന്നതായി പറയുന്ന കേസ്സിനെപ്പററി എനിക്ക് യാതൊരു വിവരവും ഇല്ല. അവിടെ ഉണ്ടായതായി പറയുന്ന മരണം എങ്ങിനെയാണ് സംഭവിച്ചതെന്നും അറിഞ്ഞുകൂടാ. നോട്ടീസ്സ് കിട്ടിയിരുന്നുവെങ്കിൽ അന്വേഷിച്ച് വിവരം സഭയെ അറിയിക്കാമായിരുന്നു. കേസ്സിൽനിന്നും ഒഴിവാക്കിക്കിട്ടാൻ എന്നെ സമീപിച്ചതായി മെമ്പറിനു കിട്ടിയതായിപ്പറയുന്ന അറിവ് ഒന്നു വിശദമാക്കി പറയുവാനുള്ള ചുമതല മെമ്പക്കുണ്ട്. മെമ്പറെ എനിക്ക് നേരിട്ട് ദീർഘകാലത്തെ പരിചയം ഉണ്ട്. മനഃപൂർവ്വം വ്യാജമായ ഒരു ആരോപണം എന്നിൽ ചുമത്താൻ മെമ്പർ തുനിയുമെന്ന് വിചാരിപ്പാൻ ന്യായമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഞാൻ 'മർഡർ' കേസ്സിനെപ്പററിയല്ല പറഞ്ഞതു്. കാത്തികപ്പള്ളിയിലെ ബലാൽസംഗക്കേസ്സിനെപ്പററിയാണ്.

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ശ്രീ. കുട്ടപ്പൻ കോയിക്കലിന്റെ പ്രസ്താവനയിൽ സൂചിപ്പിച്ചതു ആ കേസ്സിനെപ്പററി ആയിരിക്കാം. കേസ്സിന്റെ സ്വഭാവം എന്തായാലും ആ കേസ്സിൽനിന്നും എന്റെ സഹായത്തോടുകൂടി ഒഴിവാകാൻ ശ്രമിച്ചതു ആരാണെന്നും എങ്ങിനെയാണെന്നും മററുമുള്ള വിവരങ്ങൾ മെമ്പർക്ക് അറിയാമെങ്കിൽ പറയേണ്ടതാണ്. മെമ്പറുടെ പ്രസ്താവനയിൽ അതു അസ്പഷ്ടമായി സൂചിപ്പിച്ച സ്ഥിതിക്ക് ഈ സഭയോടും, മെമ്പറോടുതന്നെയും, എനിക്കോടും മെമ്പക്കുള്ള ചുമതലയും സാധാരണ നീതിയുമനുസരിച്ച് മെമ്പർ ആ വിവരങ്ങൾ വെളിപ്പെടുത്തേണ്ടതായിരുന്നു. ഈ സംഗതിയിൽ യാതൊരു പരമാർത്ഥമോ അടിസ്ഥാനമോ ഇല്ലാത്ത സ്ഥിതിക്ക് ഇതൊന്നുകിൽ ഒരു വാസ്തവവിരുദ്ധമോ അല്ലെങ്കിൽ തെററിദ്ധാരണയിൽ നിന്നു ഉത്ഭവിച്ചതോ ആയ ഒരു പ്രസ്താവനയായിട്ടേ ഞാൻ കരുതുന്നുള്ളൂ. ശ്രീ. രാമനാഥനെ ഉൾപ്പെടുത്തിയും മററും മെമ്പർ ചെയ്തിട്ടുള്ള പ്രസ്താവനകളും ഈ നിലയ്ക്കുള്ളതായിരിക്കാമെന്ന് വിചാരിക്കുന്നതിൽ തെററില്ലല്ലോ.

ഒരു കുററം ചെയ്തതായി ഇൻസ്പെക്ടറെപ്പററിയൊ മററു ആരെയെങ്കിലും പററിയോ പരാതി ഉണ്ടായാൽ സ്വീകാര്യയോഗ്യമായ തെളിവിനെ അടിസ്ഥാനമാക്കി മാത്രമേ നടപടി നടത്താവൂ എന്നുള്ളതു് സാധാരണ നീതി മാത്രമാണ്. ഈ നയമാണ് ഗവൺമെൻറു സ്വീകരിച്ചിരിക്കുന്നതും, മേലാൽ സ്വീകരിപ്പാൻ നിശ്ചയിച്ചിരിക്കുന്നതും.

ശ്രീ. ടി.കെ. ദിവാകരൻ : ഈ മാതിരിയുള്ള കാര്യങ്ങളിൽ പരാതി പറയുന്ന ആളുകളോട് തെളിവുകൾ ആവശ്യപ്പെട്ടുകൂടേ?

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ആവശ്യപ്പെടാം, സന്ദർഭം അനുസരിച്ച് ആവശ്യപ്പെടാതെയുമിരിക്കാം. ആവശ്യപ്പെടാതെതന്നെ പരാതിപ്പെടുന്നവർക്ക് തെളിവുകൾ ഹാജരാക്കാം. അധികാരികൾക്ക് മററു വിധത്തിൽ തെളിവുകൾ ശേഖരിക്കയും ചെയ്യാം. പോലീസ് ഡിപ്പാർട്ടുമെൻറിലാണെങ്കിൽ എന്തെങ്കിലും ഒരു പരാതി ലഭിച്ചാലുടനെ അതു ഐ. ജി. ക്ക് അയയ്ക്കും. ഐ. ജി. ആ പരാതി ഡി. എസ്സ്. പി., എ. എസ്സ്. പി. തുടങ്ങിയ ഉദ്യോഗസ്ഥന്മാർക്കയച്ച് അന്വേഷണം

നടത്തിക്കയും അതിന്മേൽ റിപ്പോർട്ട് ഗവണ്മെൻറിലേയ്ക്ക് അയയ്ക്കുകയും ചെയ്യും. ഏറെക്കുറെ സാധാരണഗതിയിൽ ആ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി ഗവണ്മെൻറ് നടപടി നടത്തുകയാണ് പതിവ്.

ശ്രീ. ടി. വി. തോമസ്സ്: കുററംചെയ്താൽ വിളിച്ചു ചോദിക്കുകയില്ല, അഥവാ വിളിച്ചുചോദിച്ചാൽ അവർ കുററം സമ്മതിക്കുകയുമില്ല. ഞങ്ങൾ പറഞ്ഞാൽ വിശ്വസിക്കയില്ല, മന്ത്രിക്ക് പോയി അന്വേഷിക്കുവാൻ സമയവുമില്ല. പിന്നെ എന്തുചെയ്യണമെന്നാണ് പറയുന്നത്?

ശ്രീ. ടി. എം. വർഗ്ഗീസ്സ്: പിന്നെ വേണ്ടതെല്ലാം ന്യായവുനീതിയും അനുസരിച്ചു ചെയ്യുമെന്നാണ് പറയുന്നത്. എന്നാൽ എല്ലാവർക്കും അതു ഇഷ്ടപ്പെട്ടില്ലെന്നു വരാം. സാധാരണ രീതിയിൽ ഈമാതിരിയുള്ള പരാതികളെ സംബന്ധിച്ച് അന്വേഷണം നടത്തി ആരോപണം ശരിയാണെന്നു കണ്ടാൽ അതിന്മേൽ ഗവണ്മെൻറ് നടപടികൾ നടത്തും.

ശ്രീമാൻ കുട്ടപ്പനും ആ കേസിനെപ്പററി പറഞ്ഞു.

Shri N. Rajagopalan Nair : Sir, You have been informing the House that the points raised by us will be met by the Treasury Benches. But there is no use in discussing and debating the Demand in the face of the answers given by the Treasury Benches. There is no use in getting such answers. Therefore, I suggest you will be pleased to have a vote taken, and then let us off. These answers are of no use. It will serve no purpose. Our points are not at all met by the Treasury Benches.

Mr. Speaker : That is one point of view.

ശ്രീ. എൻ. രാജഗോപാലൻ നായർ: മയിലെണ്ണ പുരട്ടിയതു് പോലെ സംസാരിക്കരുതെന്ന് പ്രത്യേകം പറഞ്ഞിട്ടുണ്ട്.

Mr. Speaker : It may be some phraseology used by some hon. Member, but I think the points are being met.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, മയിലെണ്ണ പുരട്ടിയതു എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം എന്താണ്?

Mr. Speaker: When a matter has been ignored and voted down, why is it given undue importance, I do not know.

ശ്രീ. ടി. എം. വർഗ്ഗീസ്സ്: അടുത്തകാലത്ത് കീരിക്കാട്ടുവച്ച് ഇതുപോലെ ചില സംഭവങ്ങൾ ഉണ്ടായി എന്നു പറഞ്ഞു. അതിനെപ്പററിയുള്ള വിവരങ്ങൾ അന്വേഷിച്ചിട്ടില്ല. അങ്ങനെ ഒരു സംഭവം നടന്നതായി അറിവില്ല. എന്തെങ്കിലും പരാതികൾ കിട്ടുന്നപക്ഷം അന്വേഷിച്ചുനിവർത്തിയുള്ള പരിഹാരം ഉണ്ടാക്കാവുന്നതാണ്. കായംകുളം കേസ്സിനെ അടിസ്ഥാനപ്പെടുത്തിയും ഇവിടെ ചിലതു പറഞ്ഞു. ആ സംഭവങ്ങളെ അടിസ്ഥാനമാക്കി ആലപ്പുഴയിൽ കേസ്സുകൾ നടന്നതായി

അറിയാം. അതിൽ ഉൾപ്പെട്ട പ്രതികളെയും ലാക്കപ്പിൽ ഇട്ടിരുന്ന ആളുകളേയും വിട്ടയയ്ക്കുകയും പിഴ ഒടുക്കിയ ആളുകൾക്ക് പിഴ തിരിച്ചു കൊടുക്കുകയും ചെയ്തു എന്നാണ് എന്റെ അറിവ്. ഇപ്പോൾ പറയുന്ന കേസ്സ് ഏതാണെന്നു വെളിവാകുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി : പച്ചത്തൊണ്ടുവ്യവസായികളുടെ മേൽ എടുത്ത കേസ്സിനെപ്പററിയാണ് ഇപ്പോൾ മന്ത്രി പ്രസ്താവിച്ചത്. അതിനുശേഷം പേട്ട മൈതാനത്തുവച്ചു യോഗം കൂടിയതിന്മേൽ ഒരു കേസ്സെടുത്തിട്ടുണ്ട്.

ശ്രീ. ടി. എം. വർഗ്ഗീസ് : അതിനെപ്പററി അന്വേഷിക്കാം.

Shri P. K. Krishna Menon : On a point of order. ഒരു കേസ്സിന്റെ കാര്യം പറഞ്ഞിട്ട് മെമ്പറന്മാരും മന്ത്രിയും തമ്മിൽ അങ്ങോട്ടും ഇങ്ങോട്ടും കുററപത്രം കൊടുത്തുകൊണ്ടിരിക്കുന്ന രീതി ശരിയാണോ?

Mr. Speaker: I have been telling the hon. Members that any purpose will not be served by such questions.

ശ്രീ. ടി. എം. വർഗ്ഗീസ് : അനാവശ്യമായ കേസ്സുകൾ എടുത്തിട്ടുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. ഏതെങ്കിലും തരത്തിൽ ഗവണ്മെൻറിന് അതിനെപ്പററി അറിവു ലഭിക്കുന്ന പക്ഷം ആ വക കാര്യങ്ങൾ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്. പുറപ്പെടുവിച്ചതായികേട്ട വിമർശനങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ വാഗ്ദാനം ചെയ്യുന്നതിനോ ഡിമാൻറിനെ എതിർക്കുന്നതിനോ പര്യാപ്തമാണെന്നു തോന്നുന്നില്ല. അതിനാൽ ഈ ഡിമാൻറ് പാസ്സാക്കണമെന്നപേക്ഷിക്കുന്നു.

The cut motion was put and lost.

The question that the Government be granted a sum of Rs. 94,19,000 under Demand XV—Police—was put and carried.

The grant was made.

Mr. Speaker : The House will now rise and meet again at 11 o'clock tomorrow.

The Assembly adjourned at 5 P. M. to meet again at 11 A. M. on Tuesday, the 17th March, 1953.

APPENDIX I

[(*Please see answer to question No.* *393 (6)]

Statement showing the arrears due to each of the Local Bodies at the end of the financial year 1950-51.

	Name of institution.	*Arrears at the end of 1950-51*			*Amount of arrears written off* 1950-51			*Amount of arrears written off* 1951-52		
		Rs.	*A.*	*P.*	*Rs.*	*A.*	*P.*	*Rs.*	*A.*	*P.*
1.	Alleppey ..	1,50,379	0	0	Nil			6,554	0	0
2.	Quilon ..	1,52,426	0	0	343	0	0	Nil		
3.	Nagercoil ..	53,873	0	0	1,593	0	0	3,628	4	11
4.	Kottayam ..	1,45,522	0	0	Nil			399	7	3
5.	Parur ..	8,782	0	0	Nil			Nil		
6.	Changanacherry .	7,926	0	0	Nil			149	9	10
7.	Shencottah ..	29,756	0	0	49	7	0	83	2	11
8.	Kuzhithurai ..	18,718	0	0	5	3	4	56	6	11
9.	Padmanabhapuram	25,858	0	0	1	3	1	68	14	8
10.	Neyyattinkara	14,082	0	0	9	7	5	58	4	5
11.	Kayamkulam ..	23,246	0	0	1,444	15	2	Nil		
12.	Thiruvalla ..	8,860	0	0	22	9	0	Nil		
13.	Alwaye ..	48,890	0	0	Nil			115	8	1
14.	Vaikom ..	11,934	0	0	81	12	0	4	10	1
15.	Colachel ..	10,654	0	0	Nil			D.C.B. not furnished		
16.	Attingal ..	15,958	0	0	Nil			114	8	8
17.	Mavelikara ..	18,468	0	0	Nil			Nil		
18.	Palai ..	Nil			..			..		
19.	Trichur ..	42,402	0	0	833	4	10	1,147	14	7
20.	Ernakulam ..	1,24,860	0	0	2,646	1	2	2,794	8	7
21.	Mattancheri ..	2,15,951	0	0	669	12	3	Nil		
22.	Kunnamkulam ..	16,936	0	0	26	2	3	482	3	11
23.	Irinjalakkuda ..	67,295	0	0	6	0	0	439	2	2
24.	Chittur-Tattamangalam ..	32,870	0	0	6	5	2	398	7	0
25.	Trivandrum Corporation ..	10,36,460	15	3	3,22	5	5	2,538	7	9

APPENDIX II

[*Please see answer to question No.*229 (20)]

List of Medical institutions for which grant has been given by Government in 1951 and 1952.

TRAVANCORE.

Sl. No.	*Name of institution*	*Amount of grant Given per mensem*
		Rs.
1.	Grant-in-aid L.M.S. Hospital, Neyyoor	300
2.	Do. Marthandom	50
3.	Do. Attingal	30
4.	Grant-in-aid Rama Row Hospital, Nedungolam	35
5.	Do. Catherine Booth Hospital, Vadassery	100
6.	Do. Salvation Army Branch Hospital, Aramboly	25
7.	Do. St. Joseph's Hospital, Manjummel	74
8.	Do. Dispensary, Granby	100
9.	Do. ,, Chittavurrai	100
10.	Do. ,, Periakannal	100
11.	Do. ,, Munnar	100
12.	Do. ,, Ponmudi	100
13.	Do. ,, Kuruppampady	30
14.	Do. ,, Kalthuruthy	100
15.	Do. Rural Dispensary, Vechur	30
16.	Do. Sree Ramakrishna Asrama Charitable Hospital, Sasthamangalam	100
17.	Do. Maternity Welfare Centre, Melkavu	20
18.	,, C.P. Memorial Leper Asylum, Neyyoor	1,700
19.	Do. Salvation Army Leper Hospital, Puthencrus	1,700
20.	Do. Little Flower Hospital, Angamali	50

Note.—Grant-in-aid dispensaries at Vechur and Karuppampady are being given annual money grants of Rs. 300 each for purchase of medicines in addition to the monthly grants of Rs. 30 each. Of the above 20 institutions grant-in-aid Hospital at Marthandom was closed on 10 th December 1951, and since then no grant was given.

COCHIN.

1.	Grant-in-aid Dispensary,	Ollur	..	108
2.	Do.	Elanad	..	108
3.	Do.	Varandarappilly	..	108
4.	Do.	Velur	..	165
5.	Do.	Chennamangalam	..	108
6.	Do.	Malayattur	..	108
7.	Do.	Desamangalam	..	108
8.	Do.	Tattamangalam	..	108
9.	Do.	Palangi	..	123
10.	Do.	Chelakara	..	108
11.	Do.	Kallattinkara	..	108
12.	Do.	Kumbalam	..	108
13.	Do.	Trikkar	..	40
14.	Do.	Pattikad	..	65
15.	Do.	Thiruvilwamala	..	108
16.	Do.	Cheruthuruthy	..	108
17.	Do.	Vadavucode	..	108

Note.—In addition to the monthly grant sanctioned to each institution as shown above, an annual grant of Rs. 1,000 each is being given for medicines and Rs. 5 each for service labels. Of the above 17 institutions grant-in-aid dispensary at Kumbalam was closed on 15th march 1951 and since then no grant was given.

PROCEEDINGS OF

THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

First Session—1953.

Tuesday, the 17th March, 1953.

Vol. VIII OFFICIAL REPORT No. 16

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Tuesday, the 17th March, 1953, with Mr Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

കൈത്തറി തുണികൾ.

* ൪൦൨. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറിനെയ്ത്തു തുണികൾക്ക് വിദേശവിപണികൾ കണ്ടുപിടിക്കാൻ നിയോഗിക്കപ്പെട്ടിരുന്ന ഉദ്യോഗസ്ഥൻ തിരിച്ചു വന്നോ ;

(ബി) അദ്ദേഹത്തിന്റെ യാത്രയ്ക്ക് എത്ര രൂപ ചിലവായി ;

(സി) വിദേശവിപണികൾ കണ്ടുപിടിക്കാനുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം പുരോഗമിച്ചിട്ടുണ്ട് ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) കൈത്തറി തുണികൾക്ക് വിദേശവിപണികൾ കണ്ടുപിടിക്കാനായി ഈ സ്റ്റേററിൽനിന്നും ഒരു ഉദ്യോഗസ്ഥനേയും അയച്ചിട്ടില്ല. (ബി, സി,) ഈ പ്രശ്നങ്ങൾ ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ : വിദേശവിപണികൾ കണ്ടുപിടിക്കുന്നതിനായി കഴിഞ്ഞ ജനുവരിയിൽ ഒരു എൻ. പി. സി. നായരെ ബോംബെ, കൽക്കട്ടാ, ബാംഗ്ളൂർ മുതലായ സ്ഥലങ്ങളിലേയ്ക്ക് അയയ്ക്കുകയും വിമാനമാർഗ്ഗം അദ്ദേഹം തിരിയെ വന്നതായും മററും പേപ്പറിൽ കണ്ട വാർത്ത ശരിയാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പേപ്പറിൽ കണ്ട വാർത്ത ശരിയല്ല.

Mr. Speaker : That is all based on newspaper report. You may put the question independently of that.

ശ്രീ. ടി. കെ. ദിവാകരൻ : ഇതിലേക്കുവേണ്ടി കോവപ്പ ററിവു ഡിപ്പാർട്ടുമെൻറിൽ നിന്നും ആരെയെങ്കിലും അയച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : മുമ്പ് ഒരു ഇൻസ്പെക്ടറെ മദ്രാസിൽ അയച്ചതു് വിപണികൾ കണ്ടുപിടിക്കുന്നതിനുംമററുമല്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിപണികൾ കണ്ടുപിടിക്കുന്നതിനുവേണ്ടിയല്ല, കൈത്തറിനെയ്ത്തിൻെറ വിവിധവശങ്ങളെപ്പററി പഠിക്കുന്നതിനാണയച്ചിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ : വിപണികൾ കണ്ടുപിടിക്കാൻ ഏതെങ്കിലും ഉദ്യോഗസ്ഥനെ പുറരാജ്യങ്ങളിലേക്ക് അയയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

Houses for Industrial Workers.

*403 [3] **Shri K. Bhanu :** Will the Minister for labour be pleased to state:

(*a*) whether there is any scheme for constructing additional houses for industrial workers; and

(*b*) if so, the estimated cost of each construction and the monthly instalment payable by an industrial worker?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) Yes, there is a scheme for constructing additional houses for Industrial Workers.

(*b*) Rs. 2700 for each tenement in single storied buildings and Rs. 4000 for each tenement in multi-storied buildings. It is proposed that a rent of Rs. 10 per mensem for a single-storied tenement and Rs. 17-8-0 per mensem for each multi storied tenement will have to be levied. I must also state these figures are provisional.

Shri K. Bhanu : Has that any connection with the colonisation scheme?

Shri Panampilli Govinda Menon : That is a separate scheme.

Shri K. Bhanu : May I know how many buildings have been constructed?

Shri Panampilli Govinda Menon : Under the scheme no house has been constructed yet. The matter is pending before the Government of India. Under the scheme, the Government of India will give us some grant and also a loan in that behalf. They are now awaiting the proposals of this Government.

ശ്രീ. എ. താണുപിള്ള : ടെനമെൻറ് എന്നു പറയുന്നതു് എത്ര കുടുംബങ്ങൾക്കു താമസിക്കാൻ സൗകര്യമുള്ളതാണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു കുടുംബത്തിനുമാത്രം താമസിക്കാനു സൗകര്യമുള്ള ഒരു പീടാണു്.

ശ്രീ. ടി. കെ. ദിവാകരൻ : ഫ്ലാൻ ഇവ-ഇനു-ലേക്കു വല്ല ഗ്രാൻറും അനുവദിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആകെ ഫ 0 ലക്ഷം രൂപ ഈ സ്കീമിലേക്കുവേണ്ടി ഉപയോഗിക്കാൻ കിട്ടിയിട്ടുണ്ടു്. അതു ഇന്ന ആണ്ടത്തേക്കു എന്നു പ്രത്യേകം വ്യവസ്ഥയൊന്നുമില്ല.

ശ്രീ. പി. വി. അവിരാതരകൻ : എത്രെല്ലാം സെൻററുകളിലേക്കാണു് ഈ തുക ചിലവാക്കാൻ ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഭൂമി അനുവദിച്ചുകൊടുത്തിട്ടുള്ള സെൻററുകളിൽ എല്ലാം.

ശ്രീ. പി. വി. അവിരാതരകൻ : ആലപ്പുഴയിൽ ചിലവാക്കാൻ ഉദ്ദേശിക്കുന്നോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : ഇതിലേക്കു മൊത്തം എത്ര രൂപ ചെലവാക്കാനാണു് ഉദ്ദേശിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫ 0 ലക്ഷം രൂപയാണു്.

ശ്രീ. എ. കെ. ചെല്ലയ്യാ : എല്ലാ തൊഴിലാളികൾക്കും ഈ നന്മ അനുഭവിക്കാൻ ഇടയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രിയൽ വർക്കേഴ്സ് എന്ന പദത്തിൽ ഉൾക്കൊള്ളുന്ന എല്ലാ തൊഴിലാളികൾക്കും ഇതിൽ ഗുണമുണ്ടാകും.

ശ്രീ. ഗണപതി : വ്യവസായത്തിൽ ഉൾപ്പെട്ടിരിക്കുന്ന എല്ലാ തൊഴിലാളികളും ഇതിൽ ഉൾപ്പെടുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇൻഡസ്ട്രിയൽ വർക്കേഴ്സിന്റെ കൂട്ടത്തിൽ ഉൾപ്പെടുമെങ്കിൽ അവർക്കും ഈ ഗുണം കിട്ടും.

ശ്രീ. ഗണപതി : തോട്ടംതൊഴിലാളികൾ ഈ പദ്ധതിയിൽ ഉൾപ്പെടുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ഒ. സി. നൈനാൻ : തിരികെ തവണകളിലായി അടയ്ക്കാനുള്ള തുകക്കു പലിശയില്ലെ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ഒ. സി. നൈനാൻ : എന്തു പലിശ നിരക്കാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : തെക്കൻ തിരുവിതാംകൂറിലെ ഇൻഡസ്ട്രിയൽ വർക്കേഴ്സിനെ ഈ സ്ക്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഈ വീടുകളിൽ താമസിക്കുന്നവർ അതിന്റെ വിലയല്ലെ ഇൻസ്റ്റാൾമെൻറായി കൊടുക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വിലയല്ല. കെട്ടിടത്തിനു വേണ്ടി ചിലവായ തുകയാണ്.

ക്ഷീരവ്യവസായം.

* ൪൦൪. [൪] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിലേക്ക് ഇൻഡ്യാഗവണ്മെൻറിൽനിന്ന് ഇവിടത്തെ ഗവണ്മെൻറ് മുഖാന്തിരം വല്ല പ്രോക്കും ഗ്രാൻറ് കൊടുക്കുന്നുണ്ടോ ;

(ബി) ആർക്കാണു കൊടുക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഗ്രാൻറ് കൊടുക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

Paddy cultivation.

*405. [5] **Shri K. Bhanu:** Will the Minister for Agriculture be pleased to state:

(*a*) whether the Government propose to introduce Japanese method of paddy cultivation in our State; and

(*b*) if so, in which place will this method be introduced?

Chief Minister (**Shri A. J. John**):

(*a*) Yes, it will be tried here in the first instance.

(*b*) It will be tried in Government farms at Nagercoil, Alwaye and Trichur and in the fields of cultivators who come forward for undertaking a trial cultivation.

Shri K. Bhanu : Does the Government think it will be successful in all parts of the State ?

Shri A. J. John : Government hope so.

ശ്രീ. കെ. ഭാനു : നെൽക്കൃഷിയെ സംബന്ധിച്ചിടത്തോളം ജപ്പാൻ മെത്തേഡ് അനുസരിച്ച് കൃഷി ചെയ്യുന്നതിനുവേണ്ടി പരിശീലനത്തിനായി ആരെയെങ്കിലും വെളിയിലേയ്ക്കയച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ആരെയും അയച്ചിട്ടില്ല.

ശ്രീ. കെ. ഭാനു : ഈ വക കൃഷികൾ നടത്തുന്നതിനെപ്പററിയുള്ള അറിവ് സമ്പാദിക്കുന്നതു് പിന്നെ എങ്ങിനെയാണ്?

ശ്രീ. എ. ജെ. ജാൺ : പുതിയതരം കൃഷി നടപ്പാക്കണമെന്നു ഇൻഡ്യാഗവണ്മെൻറിനു ഉദ്ദേശമുണ്ട്. അതനുസരിച്ച് അവിടെനിന്നും കുറെ ആളുകൾ ഇവിടെവന്നു കൃഷി ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു ഇതേപ്പററി നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഈ പദ്ധതിയനുസരിച്ചു ചെയ്യുന്നതിനുവേണ്ടി വല്ല പ്രത്യേക സ്ഥലങ്ങളും തെരഞ്ഞെടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : നാഗർകോവിൽ, ആലുവാ, ട്രിച്ചൂർ മുതലായ സ്ഥലങ്ങളിൽ പ്രത്യേക സ്ഥലം തെരഞ്ഞെടുത്തിട്ടുണ്ട്. ആ സ്ഥലങ്ങളിലെ നിലം ഉടമസ്ഥന്മാർ ഈ പുതിയതരം കൃഷി പരീക്ഷിക്കുന്നതിനു തയാറാകുന്നുവെങ്കിൽ അവർക്ക് വേണ്ട ഉത്തേജനം ചെയ്തുകൊടുക്കുന്നതാണ്.

ശ്രീ. ഒ. സി. നൈനാൻ : ഈ കൃഷിസമ്പ്രദായം പരിശീലിപ്പിക്കുന്നതിനുവേണ്ടി ഇൻഡ്യാഗവണ്മെൻറിൽനിന്നും കുറെ ആളുകളെ വരുത്തിയതായിട്ടു പേപ്പറിൽ കാണുന്നു; ആ കാര്യത്തിൽ ഈ ഗവണ്മെൻറുകൂടി ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ : ശ്രമിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പുതിയതരം കൃഷി ഇവിടെ നടപ്പാക്കണമെന്നു ഇൻഡ്യാഗവണ്മെൻറു നിർദ്ദേശിച്ചതാണോ അതോ, ഈ ഗവണ്മെൻറു ആവശ്യപ്പെട്ടതാണോ?

ശ്രീ. എ. ജെ. ജാൻ: ഈ അടുത്തകാലത്തു ബാംബേയിൽ ഈ കൃഷിയെപ്പററി ഒരു പരീക്ഷണം നടത്തുകയുണ്ടായി. ആ പരീക്ഷണം വിജയപ്രദമായി കലാശിച്ചു എന്നറിഞ്ഞതുകൊണ്ടു് ഇവിടെയും ഒന്നു പരീക്ഷിച്ചു നോക്കുന്നതിനുവേണ്ടി എഴുതി അയയ്ക്കുകയും അതനുസരിച്ചു അവിടെനിന്നും ഏതാനുംപേർ ഇവിടെ വരികയുമാണുണ്ടായതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ കൃഷിയെപ്പററി അവർ എന്താണു് പഠിച്ചതു്?

ശ്രീ. എ. ജെ. ജാൻ: ഒരു പറ നിലത്തിൽ വിതയ്ക്കാനുള്ളവിത്തു് എത്രയാണെന്നും, പഠിച്ചു നടീലിനെ സംബന്ധിച്ചിടത്തോളം ഓരോ കുടിനും എത്ര ഇഞ്ചു് അകലം ഉണ്ടായിരിക്കണമെന്നും, ഒരു പറ നിലത്തിനു എത്ര വളമാണു ചേർക്കേണ്ടതെന്നും എന്തു തരത്തിലുള്ള വളമാണെന്നും മററുമാണു്. നാം സാധാരണയായി ഉപയോഗിക്കുന്ന വിത്തിൻെറ മൂന്നിലൊരു ഭാഗം വിത്തുകൊണ്ടു് ഈ കൃഷി നിർവ്വഹിക്കാം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ വിത്തു ഉപയോഗിക്കുന്നതു നമ്മുടെ പുഞ്ചനിലങ്ങളിലോ അതോ മററു നിലങ്ങളിലോ?

ശ്രീ. എ. ജെ. ജാൻ: എല്ലാ നിലങ്ങളിലും നല്ലതുപോലെ വളം ചേർത്തു ഉപയോഗിക്കണമെന്നാണു അറിയുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ വിത്തു എവിടെനിന്നുമാണു കിട്ടിയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൻ: ബോംബേയിൽ ഇതു പരീക്ഷിച്ചുനോക്കിയ സ്ഥലത്തുനിന്നും കിട്ടിയ വിത്താണു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ബോംബേയിൽനിന്നും കിട്ടിയതാണോ അതോ, ജപ്പാനിൽനിന്നും ബോംബേവഴി ഇവിടെ വന്നതാണോ?

ശ്രീ. എ. ജെ. ജാൻ: ബോംബേയിൽ കൃഷിചെയ്ത വിത്താണു ഇവിടെ കൊണ്ടുവന്നിരിക്കുന്നതു്. ഈ വിത്തു നമ്മുടെ മണ്ണിനു് യോജിച്ചതാണോ എന്നു പരീക്ഷിക്കേണ്ടതായിട്ടുണ്ടു്.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ഇതിനുവേണ്ടി സ്റ്റോററിൽനിന്നും വല്ല ചിലവും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: പരീക്ഷണങ്ങൾക്കു വേണ്ടിവരുന്ന ചിലവു് നിർവ്വഹിക്കേണ്ടിവരും.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ഇതിനകം ഇവിടെ പരീക്ഷണങ്ങൾ വല്ലതും നടത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇതുവരെ പരീക്ഷിച്ചിട്ടില്ല.

ശ്രീ. എ. താണുപിള്ള: ബോംബെയിലെ കൃഷിക്കാർ കൂടുതൽ എത്ര ഏക്കർ സ്ഥലത്തു ഈ പുതിയതരം കൃഷി ചെയ്തിട്ടുണ്ടെന്നു അന്വേഷിച്ചറിഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇല്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ വിത്തു വിതച്ചാൽ എത്ര ദിവസംകൊണ്ടു കൊയ്യാമെന്നു കണക്കെടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: കൊയ്യാറാകുമ്പോൾ വിളവെടുക്കാം.

Community Projects.

*406. [6] **Shri K. Bhanu:** Will the Chief Minister be pleased to state whether the Community Projects at Neyyattinkara and Chalakudi are working satisfactorily ?

Chief Minister **(Shri A. J. John):** Yes, they are working satisfactorily.

ശ്രീ. നെഹറുവിന്റെ സന്ദർശനം.

*൪൦൬ [൬] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൫൯ ഡിസംബറിൽ നടന്ന ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. ജവഹർലാലിന്റെ സന്ദർശനം പ്രമാണിച്ച് ഈ സ്റ്റേററിൽനിന്നും ആകെ എന്തു തുക ചെലവായിട്ടുണ്ട്;

(ബി) അതിൽ സെക്യൂരിററി നടപടികൾ, വിനോദങ്ങൾ യാത്ര തുടങ്ങിയവയ്ക്കു ഇനം തിരിച്ചു കണക്കുകൾ തയ്യാറാക്കിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര വീതം?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) കണക്കുകൾ പൂർത്തിയായിട്ടില്ല, പോലീസ് കഴിച്ചിട്ട് ബാക്കിയുള്ള ചിലവ് ൧൫,൦൦൦ രൂപ വരുമെന്നു പ്രതീക്ഷിക്കുന്നു.

(ബി) ഇനം തിരിച്ചുള്ള കണക്കുകൾ തയ്യാറാക്കിവരുന്നുണ്ട്. തയ്യാറായിക്കഴിഞ്ഞ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

(൧) മെഡിക്കൽ ഡിപ്പാർട്ടുമെന്റ് ൧൫ ൦ രൂ.

(൨) പബ്ലിക്ക് ഹെൽത്തു ഡിപ്പാർട്ടുമെന്റ് ൪൭ ൭ രൂ. ൧൨ അ.

(൩) ഏലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റ് ൨൫൩൫ രൂ. ൨ അ.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ശ്രീ. നെഹറു ഇവിടം സന്ദർശിച്ചതു് ഇൻഡ്യൻ പ്രധാനമന്ത്രിയെന്ന നിലയ്ക്കോ അതോ, കാൺഗ്രസ് പ്രസിഡൻറ് എന്ന നിലയ്ക്കോ?

ശ്രീ. എ. ജെ. ജാൻ: ഇൻഡ്യൻ പ്രധാനമന്ത്രിയെന്ന നിലയിലാണ്.

കാർഡിനൽ ഗിൽറായിയുടെ സന്ദർശനം.

* ൪൦൨. [വ്] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ;

(എ) കാർഡിനൽ ഗിൽറായി കഴിഞ്ഞ ഡിസംബറിൽ ഈ സ്റ്റേററ സന്ദർശിച്ചപ്പോൾ അദ്ദേഹത്തെ സംസ്ഥാനാതിഥിയായി സ്വീകരിച്ചിരുന്നുവോ;

(ബി) അദ്ദേഹം സംസ്ഥാനാതിഥിയായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ സ്വീകരണം സംബന്ധിച്ച ഈ സ്റ്റേററിന് ആകെ എത്ര രൂപ ചിലവായിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) കാർഡിനൽ ഗിൽറായിയെ സംസ്ഥാനാതിഥിയായി സ്വീകരിച്ചിരുന്നു.

(ബി) അതിനുവേണ്ടി ചിലവായിട്ടുള്ള കണക്കുകളുടെ ലിസ്റ്റ് മുഴുവനും ഇവിടെ കിട്ടിയിട്ടില്ല. എന്നാൽ ഇവിടെ കിട്ടിയ കണക്കനുസരിച്ച് ൩ ൦ ൦-ൽ ശിഷ്ടം രൂപ ചിലവായിട്ടുണ്ടെന്നു കാണുന്നു. അദ്ദേഹത്തിന്റെ സ്വീകരണം സംബന്ധിച്ചുള്ള ചിലവു മുഴുവനും വഹിക്കുന്നതു ഇൻഡ്യാഗവണ്മെൻറാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അദ്ദേഹത്തെ അതിഥിയായി സ്വീകരിക്കുവാനുള്ള പരിഗണനകൾ എന്തെല്ലാമാണ്.

ശ്രീ. എ. ജെ. ജാൻ: അദ്ദേഹം റോമിലെ രാജാവായ മാർപാപ്പായുടെ പ്രതിനിധിയായിട്ടാണു സന്ദർശനം നടത്തിയതു്. ഇൻഡ്യാഗവണ്മെൻറിന് റോമിൽ Diplomatic relations ഉണ്ട്. അദ്ദേഹത്തെ പോകുന്ന സ്ഥലങ്ങളിലെല്ലാം അതിഥിയായിട്ടു സ്വീകരിക്കുന്നുണ്ട്. അതുകൊണ്ട് ഇവിടെയും സ്വീകരിച്ചു എന്നേ ഉള്ളൂ. എന്നാൽ ചിലവുമുഴുവനും ഇൻഡ്യാഗവണ്മെൻറുതന്നെ നിർവ്വഹിക്കുന്നതാണ്.

കൈത്തറിത്തുണികൾ.

* ൪൦൩. [൩] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട്, മെഡിക്കൽ, എക്സൈസ് എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ആവശ്യത്തിനായി ഗവണ്മെൻറിന് പ്രതിവർഷം എത്ര വാരത്തുണി ആവശ്യമുണ്ട്;

(ബി) ഇതിൽ കൈത്തറി നെയ്ത്തുകാർ ഉൽപ്പാദിപ്പിക്കുന്ന തുണികൾ ഗവണ്മെൻറ് എടുക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രതിവർഷം എത്ര വാര?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ട്രാൻസ്പോർട്ട്, മെഡിക്കൽ, എക്സൈസ് എന്നീ ഡിപ്പാർട്ട്മെൻറുകളിലെ ആവശ്യങ്ങൾക്കായി ഗവണ്മെൻറിന് പ്രതിവർഷം വ്യ, ൦ ൦ ൦-ൽ ചില്ലാനം വാര തുണിയുടെ ആവശ്യമുണ്ട്.

(ബി) അതിൽ കൈത്തറിനെയ്ത്തു തുണികളും എടുക്കുന്നുണ്ട്.

(സി) ഉദ്ദേശം ൨൨, ൪ ൧൫ വാര.

ശ്രീ. വി. ശ്രീധരൻ: ഈ തുണികൾ ഗവണ്മെൻറിൽനിന്നും നേരിട്ടു കൊടുക്കുന്നതോ; ഏജൻസിമുഖേന കൊടുക്കുന്നതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഏതുവിധത്തിലാണു കൊടുത്തുവരുന്നതെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്: വ്യ, ൦ ൦ ൦-ൽ ചില്ലാനം വാര തുണി ആവശ്യമുള്ളപ്പോൾ ൨൨, ൦ ൦ ൦-ൽ ചില്ലാനം വാര വാങ്ങിയാൽ മതി എന്നു കണക്കാക്കിയതെങ്ങനെയാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇപ്പോൾ അത്രമാത്രമേ ആവശ്യമുള്ളു. കൂടുതൽ ആവശ്യമുണ്ടെന്നു കണ്ടാൽ അതനുസരിച്ചു കൂടുതൽ എടുക്കും.

ശ്രീ. ആർ. സുഗതൻ: വിലകുറഞ്ഞ തുണികൾ ഈ ആവശ്യത്തിനു് എടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കൈത്തറിനെയ്ത്തുതുണികൾ എടുക്കും.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഖദർ തുണികൾ എടുക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഖദർ തുണികളും എടുത്തിരുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ്: എത്ര വാര വീതമാണ് ഒരാൾക്കു കൊടുക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: നോട്ടീസു വേണം.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: കൈത്തറിനെയ്ത്തു കാക്കിത്തുണികൾ എടുക്കുന്നുണ്ടോ?

(ഉത്തരമില്ല)

കൃഷിനാശങ്ങൾ.

* ൪ ൧൦. [൧൦] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിൻെറ പല ഭാഗങ്ങളിലും വറൾച്ചയുടെ ഫലമായി കൃഷിനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരം താലൂക്കിൽ ഈ വരൾച്ച ഏററവും കൂടുതലായി ബാധിച്ചിട്ടുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് കർഷകർക്ക് ആശ്വാസപ്രദമായ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്തും വരൾച്ച ബാധിച്ചിട്ടുള്ളതായി അറിവു ലഭിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരത്ത് ജലവിതരണകേന്ദ്രത്തിൽനിന്നും നിലങ്ങൾക്കു വെള്ളം വിട്ടുകൊടുത്തിട്ടുണ്ട്. കൂടാതെ അടുത്തുള്ള ജലാശയങ്ങളിൽനിന്നു വെള്ളം പമ്പുചെയ്യുന്നതിനു ഗവണ്മെൻറിൽനിന്നും പമ്പുസെററുകൾ കൊടുത്തിട്ടുണ്ട്.

ശ്രീ. വി. ശ്രീധരൻ: തിരുവനന്തപുരം താലൂക്കിൽ പമ്പുസെററു കൊടുത്തിട്ടില്ലെന്ന് ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ: കൊടുത്തിട്ടില്ലെന്നു പരാതിയുണ്ടായതായി അറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ചിറയിൻകീഴ് താലൂക്കിൽ കൃഷിക്കു ജലസേചനസൗകര്യം ലഭിക്കുവാൻ തക്കവണ്ണം പമ്പുസെററുകൾ കൊടുക്കാൻ എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ: അവിടെയുള്ള കൃഷിക്കാർക്ക് എന്തെല്ലാം സൗകര്യങ്ങൾ വേണമെന്നുള്ളതിനെപ്പററി അന്വേഷണം നടത്തുന്നുണ്ട്. അതിനുശേഷം വേണ്ട നടപടികൾ എടുക്കുന്നതാണ്.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: പാട്ടബാക്കിയുടെ പേരിൽ അവരോടു നീതി പിരിച്ചെടുക്കുന്നതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൻ: അറിഞ്ഞുകൂടാ.

ശ്രീ. എ. കെ. ചെല്ലയ്യ: പമ്പുസെററ് എത്രെല്ലാം താലൂക്കുകളിൽ കൊടുത്തിട്ടുണ്ട് ; അതു വാടകയ്ക്കു കൊടുക്കുന്നതോ, സൗജന്യമായി കൊടുക്കുന്നതോ ?

ശ്രീ. എ. ജെ. ജാൻ: വാടകയ്ക്കു കൊടുത്തിട്ടുള്ളതാണ്. സൗജന്യമായി കൊടുക്കുന്നതുമുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യ: തെക്കൻതിരുവിതാംകൂറിൽ ഒരൊററ എണ്ണമെങ്കിലും സൗജന്യമായി കൊടുത്തിട്ടുണ്ടോ എന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൻ: അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല. തെക്കൻതിരുവിതാംകൂറിൽ പമ്പുസെററു കൊടുത്തിട്ടുണ്ടെന്നാണ് എൻെറ ഓർമ്മ. അത്യാവശ്യമാണ്, വാടകയ്ക്കു തരണമെന്നു ചോദിച്ചാൽ കൊടുത്തിട്ടുണ്ട്. വാടക തരാൻ നിവൃത്തിയില്ലാത്തവർക്കു അത്യാവശ്യമാണെന്നു കണ്ടിട്ട് സൗജന്യമായും കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: പമ്പുസെററ കൊടുക്കുന്നതു് എല്ലാവക്കും ഒന്നുപോലെ ഉപയോഗിക്കുവാൻ സാധിക്കാതെ വരുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. സി. അച്യുത മേനോൻ: ഗവണ്മെൻറിൻെറ കൈവശം ഈ ആവശ്യത്തിനു് എത്ര പമ്പുസെററുകളുണ്ടു്?

ശ്രീ. എ. ജെ. ജാൺ: എത്രയുണ്ടെന്നു ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. സി. അച്യുത മേനോൻ: എത്ര പമ്പുസെററുകൾ വക്കിംഗ് ആർഡറിൽ ഉണ്ടു്?

ശ്രീ. എ. ജെ. ജാൺ: എല്ലാം വക്കിംഗ് ആർഡറിൽ ആയിരിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. സി. അച്യുത മേനോൻ: തിരുവനന്തപുരം താലൂക്കിൽനിന്നു ഒരു പമ്പുസെററ് വേണമെന്നാവശ്യപ്പെട്ടുകൊണ്ടുണ്ടായ നിവേദനത്തിനു മറുപടിയായി "അതു പത്ര ആഫീസിലെഴുതിയാൽ മതി" എന്നു് മറുപടി അയച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അധികാരികളുടെ അടുക്കൽ ആവശ്യപ്പെടണമെന്നാണു മറുപടി അയച്ചിട്ടുള്ളതു്.

ശ്രീ. സി. അച്യുത മേനോൻ: അങ്ങനെ ആവശ്യപ്പെട്ടുകൊണ്ടു് നിവേദനം സമർപ്പിച്ചവരോടു മുഖ്യമന്ത്രി "പത്രത്തിലെഴുതുക" എന്നു മറുപടി പറയുകയുണ്ടായോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പറയാറുപതിവില്ല.

ശ്രീ. സി. അച്യുത മേനോൻ: പതിവില്ലായിരിക്കാം; ചെറുവിക്കൽ എന്ന സ്ഥലത്തുനിന്നു വന്നവരോടു് അങ്ങനെ മറുപടി പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ജോലി ആരംഭിച്ചു് പമ്പുസെററ വേണമെന്നു് ആവശ്യപ്പെട്ടാൽ കൃഷിയുടെ ആവശ്യത്തിനു് ഉപയോഗിക്കേണ്ട അവസരം കഴിഞ്ഞതിനുശേഷമേ ഗവണ്മെൻറിൽനിന്നും അതു കിട്ടാറുള്ളു.

ശ്രീ. എ. ജെ. ജാൺ: വേറെ സ്ഥലങ്ങളിൽ പമ്പുസെററ് ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവിടെനിന്നും കൊണ്ടുവരുവാൻ നിവൃത്തിയില്ലാതെവരും.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ആ ബുദ്ധിമുട്ടു് പരിഹരിക്കുവാൻ ഗവണ്മെൻറ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോഴുള്ള പമ്പുസെററുകളല്ലാതെ വേറെ ഇല്ല. കൂടുതൽ പമ്പുസെററുകൾ വരുത്തുവാൻ ഗവണ്മെൻറ് ഉത്സാഹിക്കുന്നുണ്ടു്.

മജിസ്ട്രേട്ടുമാരുടെ റിക്രൂട്ടിംഗ്.

* ൪൧൧. [൧൧] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

൧൯൫൩-നു ശേഷം മജിസ്ട്രേട്ടുമാരായി പരിശീലനത്തിനും നിയമനത്തിനുമായി എത്ര പേരെ റിക്രൂട്ട് ചെയ്തു; എത്ര പേർ അപേക്ഷകരുണ്ടായിരുന്നു; പട്ടികജാതിക്കാരിൽ ആരെങ്കിലും അപേക്ഷകരായിരുന്നോ; അവരിൽ എത്രപേരെ നിയമിച്ചു?

ആഭ്യന്തരകാര്യവകുപ്പു മന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്): ൧൯൫൩-൫൪-ലെ ഗസറ്റ് പരസ്യമനുസരിച്ച് ൧൯൫൩-ൽ ൨൦ പേരെ റിക്രൂട്ട് ചെയ്തു. ൧൯൨ അപേക്ഷകർ ഉണ്ടായിരുന്നു. പട്ടികജാതിക്കാരിൽ നിന്ന് നാലുപേർ അപേക്ഷിച്ചിരുന്നു. അവർക്കാർക്കും നിശ്ചിതയോഗ്യതകൾ ഇല്ലാതിരുന്നതുകൊണ്ട് അവരെ ഇൻറർവ്യൂന് ക്ഷണിച്ചിരുന്നില്ല.

ശ്രീ. കെ. കുട്ടപ്പൻ: നിശ്ചിതയോഗ്യതകൾ എന്തെല്ലാമാണെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: സർവ്വീസ്റൂൾസിൽ പറഞ്ഞിട്ടുള്ള യോഗ്യതകൾ തന്നെയാണ്. ൧൭ ഗ്രൂപ്പാ ശമ്പളമുള്ളവരായിരുന്നിരിക്കണം.

ശ്രീ. കെ. കുട്ടപ്പൻ: ൧൭ ഗ്രൂപ്പാ ശമ്പളം കിട്ടാത്തവരാണ് പട്ടികജാതിക്കാർ എന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: നിശ്ചിതയോഗ്യതയെന്തെന്ന ചോദ്യത്തിനാണ് ഞാൻ ഉത്തരം പറഞ്ഞത്.

ശ്രീ. കെ. കുട്ടപ്പൻ.: പട്ടികജാതിക്കാരെയെല്ലാം ഒന്നിച്ചുചേർത്തതിനുശേഷം അവർക്കുള്ള നിയമനങ്ങളുടെ ന്യായമായ ഓഹരി കിട്ടാതെ വരുന്നുണ്ടെന്ന് ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഒരു പ്രത്യേക ചോദ്യം ചോദിച്ചാൽ അതിനെപ്പററിയുള്ള വിവരങ്ങൾ അന്വേഷിച്ചു മറുപടി പറയാം.

ശ്രീ. കെ. കുട്ടപ്പൻ: മുമ്പ് കൊച്ചി ഗവൺമെൻറ് പട്ടികജാതിക്കാർക്ക് ചെയ്തിരുന്ന രീതിയെ പരിഗണിച്ചെങ്കിലും ഇവിടെ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ഒരു ആവശ്യം വന്നാൽ അതിനെപ്പററി ആലോചിച്ച് ചെയ്യാവുന്നതാണ്.

Noon feeding.

* 412 [12] **Shri K. Sattanatha Karayalar :** Will the Minister for Education be pleased to state :

(*a*) whether noon feeding is given in all primary schools where compulsory education is in force ; and

(*b*) if not, what are the areas which are not included and why ?

Chief Minister (**Shri A. J. John**):

(*a*) No.

(*b*) Noon feeding is not being conducted in Kuzhuthurai, Nedumangad, Shencottah and Parur Districts of the compulsory area.

Shri K. Sattanatha Karayalar: May I know why that is not being done ?

Shri A. J. John: Due to paucity of funds.

Shri K. Sattanatha Karayalar : May I know who is in charge of the scheme ?

Shri A. J. John : The Director of Public Instruction is the ultimate authority in this matter. The Assistant Inspector of schools in the respective area is the local authority for each area.

ശ്രീ. എ. കെ. ചെല്ലയ്യ : ഉച്ചഭക്ഷണം കൊടുക്കുന്നതു് അരിയോ ഗോതമ്പോ ?

ശ്രീ. എ. ജെ. ജോൺ : അതു രണ്ടും കാണും.

ശ്രീ. എ. കെ. ചെല്ലയ്യ : ധാരാളം നെല്ല് പ്രൊക്യൂയർ ചെയ്യുന്ന തോവാള, നാഞ്ചിനാട്, കുൽക്കളം, മുതലായ സ്ഥലങ്ങളിൽ നെല്ല് ധാരാളം ഉള്ളപ്പോൾ ഗോതമ്പാണ് അവിടെ ഉച്ചഭക്ഷണം കൊടുക്കുന്നതെന്നു് പരാതിയുണ്ടോ?

ശ്രീ. എ. ജെ. ജോൺ : ഗോതമ്പായിരിക്കാം, അരിയായിട്ടുകൊടുക്കുവാൻ കഴിയുമെങ്കിൽ അങ്ങനെ ചെയ്യാൻ ഗവണ്മെന്റ് ഉൽസാഹിക്കാം.

ശ്രീ. കെ. കെ. അയ്യപ്പൻ : ഇപ്പോൾ ഗോതമ്പു ചേർത്തു കൊടുക്കുന്ന ഉച്ചഭക്ഷണത്തിന് ഒരു കുട്ടിക്ക് എന്തു വിലവരും?

ശ്രീ. എ. ജെ. ജോൺ : രണ്ടണയോളം വരും.

ശ്രീ. കെ. കെ. അയ്യപ്പൻ : അരിയും ഗോതമ്പും കൂടാതെ ചെറുപയർ കൊടുക്കുന്നുണ്ടെന്നു് അറിയാമോ ?

ശ്രീ. എ. ജെ. ജോൺ : അറിഞ്ഞുകൂടാ. അങ്ങനെയാണെങ്കിൽ അതു് കുറെക്കൂടി നല്ലതാണ്.

ശ്രീ. സി. ചങ്കറ് : ഒരു കുഴന്തൈക്കു കഞ്ചിക്കാക എവ്വളവു അരിശി കൊടുക്കപ്പടുകിറതു എന്റു ചൊല്ലമുടിയുമാ?

ശ്രീ. എ. ജെ. ജോൺ : ഏതാണ്ടു് കുഞ്ഞുങ്ങൾക്കു വേണ്ട അരി കൊടുക്കുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഇങ്ങനെ കഞ്ഞിയുണ്ടാക്കണമെന്നും അതു സ്കൂൾ കുട്ടികൾക്കു കൊടുക്കണമെന്നും നിർബന്ധമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെ നിർബന്ധമില്ല.

ശ്രീ പ്രാക്കുളം ഭാസി : ചില സ്കൂളുകളിൽ കുട്ടികളോട് കഞ്ഞിക്കു പാത്രം കൊണ്ടുവരണമെന്ന് നിർബന്ധിക്കാറുണ്ടോ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെയില്ല.

Shri M. William : May I enquire whether noon feeding is conducted anywhere in the Vilavancode schools?

Shri A. J. John : I have given the names of places where that is taking place.

Shri M. William: Are the Government aware that Vilavancode is one place where such a thing is essential for the people there?

Shri A. J. John : After taking statistics in the matter I will consider.

Shri M. William : Will the Government be pleased to introduce noon feeding in all the taluks of the State ?

Shri A. J. John : I have already stated that. On account of financial difficulties it could not be taken up. I do not think it is possible to extend it to all the places. However, Government will try their best in this matter.

Shri R. Kesava Pillai : Sir, may I know.....

Mr. Speaker : Next question, please.

Sanskrit College

* 413. [13] **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) whether the Government have received any recommendation from the University regarding the continuation or otherwise of the Sanskrit College ; and

(*b*) if so, what is the recommendation ?

Chief Minister **(Shri A. J. John) :**

(*a*) No.

(*b*) Does not arise.

Land Reforms Bill.

* 414. [14] **Shri A. Samraj:** Will the Minister for Finance and Civil Supplies be pleased to state:

(*a*) whether the Government have prepared any Land Reforms Bill; and

(*b*) when do they propose to introduce this?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) The necessary Bill is being prepared.

(*b*) It will be introduced at an early date.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ ബിൽ പ്രിപ്പയർ ചെയ്യുന്നതു് ഏതെങ്കിലും സ്റ്റാററിസ്റ്റിക്സിനെ അടിസ്ഥാനപ്പെടുത്തിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ കാര്യങ്ങളും മനസ്സിൽ വച്ചുകൊണ്ടാണു് അതു് പ്രിപ്പയർ ചെയ്യുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഏതെങ്കിലും സ്റ്റാററിസ്റ്റിക്സ് ഗവണ്മെൻറിന്റെ കൈവശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതൊക്കെയുണ്ടു്.

ശ്രീ. എ. താണുപിള്ള : കഴിയുന്നതും നേരത്തെ എന്നു പറഞ്ഞിരിക്കുന്നതു് അതു് എപ്പോഴാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് എപ്പോഴാണെന്നു പറയാൻ സാദ്ധ്യമല്ല. അതുകൊണ്ടാണു് കഴിയുന്നതും നേരത്തെ എന്നു പറഞ്ഞിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : കഴിയുന്നതുംനേരത്തെ എന്നു പറഞ്ഞാൽ അതു മൂന്നു മാസമോ, ആറുമാസമോ അല്ലെങ്കിൽ ആറു വർഷമോ, ആകാം. ഈ ഗവണ്മെൻറു നേരത്തെ എന്നു പറഞ്ഞാൽ നടന്നുകാണുന്നതു് അങ്ങനെയാണു്, അതുകൊണ്ടാണു് അതു് എപ്പോഴേയ്ക്കു് ആകും എന്നു ചോദിക്കുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആറുമാസം എന്നുള്ളതു് ഏർലി ഡേറു് ആകുകയില്ല.

ശ്രീ. എ. താണുപിള്ള : മൂന്നുമാസമെന്നോ, ആറുമാസമെന്നോ ഉദ്ദേശിച്ചായിട്ടു് ഒരു സമയം പറയാൻ സാധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ പറയാൻ തരമില്ലാത്തതുകൊണ്ടാണു് ഏർലിഡേറു് എന്നു പറഞ്ഞതു്.

Shri T. S. Ramaswami : What are the reasons for this delay?

Shri Panampilli Govinda Menon : The chief reason is that the Bill is not ready.

Shri T. S. Ramaswami : This has been engaging the attention of Government for the last 3 or 4 years. May I know the reasons why?

Shri Panampilli Govinda Menon : Government have been waiting for the final report of the Planning Commission on this matter and that report was available only a few weeks ago.

ശ്രീ. സി. സി. അച്ചുപ്പൻ : ലാൻറ് റിഫാംസിന് എതിരായി ആരെങ്കിലും ഗവണ്മെൻറിലേയ്ക്ക് നിവേദനം ചെയ്തിട്ടുണ്ടോ ?

Shri Panampilli Govinda Menon : There are some who hold divergent views on this matter and they expressed their views rather freely.

Shri E. P. Varghese : Will it be the policy of Government to implement the recommendations of the Five Year Plan particularly with regard to land reforms?

Shri Panampilli Govinda Menon : Generally.

കക്കാ വില്പന.

* ൪൧൭. [൧൫] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കുട്ടനാടൻ പ്രദേശങ്ങളിൽ ചില വലിയ ഭൂഉടമകൾ കക്കാ വാരിക്കൂട്ടി രഹസ്യമായി വില്പന നടത്തുന്നതായി ഗവണ്മെൻറിനറിയാമൊ ;

(ബി) ഇതു സംബന്ധിച്ചെന്തെങ്കിലും കക്കാ സഹകരണസംഘത്തിൽനിന്നും ഗവണ്മെൻറിന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) ഈ നിയമവിരുദ്ധമായ കക്കാ സംഭരണത്തേയും വില്പനയേയും പ്രതിരോധിക്കുവാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഇല്ല.

(ബി) പരാതി ലഭിച്ചിട്ടുണ്ട്.

(സി) പരാതി അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. സി. ജി. സദാശിവൻ : സഹകരണസംഘത്തിൽനിന്നും പരാതികൾ കിട്ടിയിട്ട് എത്ര നാളായി?

ശ്രീ. കെ. കൊച്ചുകുട്ടൻ : കുറേനാളായി.

ശ്രീ. സി. ജി. സദാശിവൻ : കക്കാ വാരുന്ന സ്ഥലങ്ങൾ സ്റ്റോറേജ് പ്രാപ്പർട്ടിയായിട്ട് ഡിക്ലയർ ചെയ്തിട്ടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്റ്റോറേജ് പ്രാപ്പർട്ടിയായിട്ട് ഡിക്ലയർ ചെയ്തിട്ടില്ല.

ശ്രീ. സി. ജി. സദാശിവൻ : ചില പ്രദേശങ്ങളിൽനിന്നും കക്കാ വാരുന്നു എന്ന് ആ പരാതിയിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇന്നയിന്ന പ്രദേശങ്ങളിൽനിന്നും വരുന്നു എന്ന് പറഞ്ഞിട്ടില്ല. വസ്തു ഉടമസ്ഥന്മാരുടെ വക നിലങ്ങളിൽ തന്നെ കക്കാ ഉണ്ടാകും. അതു വാരുന്നതിൽ ചട്ടമനുസരിച്ച് അവർ തെററുകാരല്ല.

ശ്രീ. സി. ജി. സദാശിവൻ: കക്കാ വാരുന്നതിനുള്ള കുത്തകാവകാശം ഈ കക്കാസഹകരണസംഘങ്ങൾക്ക് കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കക്കാ വാരുന്നതിനുള്ള അവകാശം അതിന് കുത്തക എടുത്തിട്ടുള്ള ആളുകൾക്കേ ഉള്ളു.

ശ്രീ. സി. ജി. സദാശിവൻ: വില്ലന നടത്തുവാനുള്ള അവകാശമോ.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതും ആ സഹകരണസംഘങ്ങൾക്കാണ്?

ശ്രീ. സി. ജി. സദാശിവൻ: കുളവായി വാരുന്നതുകൊണ്ട് സഹകരണസംഘങ്ങൾക്ക് ബുദ്ധിമുട്ടുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ടെന്നറിയാം.

ശ്രീ. സി. ജി. സദാശിവൻ: ആ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കാനുള്ള നടപടിയെടുക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നടപടി എടുക്കാം. ചില വിവരങ്ങൾ കൂടി കിട്ടാനുണ്ട്, അതു കിട്ടിയാലുടൻ നടപടിയെടുക്കുന്നതാണ്.

ശ്രീ. സി. ജി. സദാശിവൻ: വിവരങ്ങൾ ശേഖരിക്കുന്നതു് ഇനിയും നീട്ടിക്കൊണ്ടു പോകാതെ ഉടനടി തീരുമാനമുണ്ടാക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിയുന്ന വേഗത്തിൽ തീരുമാനമുണ്ടാക്കുവാൻ ഗവണ്മെൻറിനു സാദ്ധ്യമാകുമെന്നാണ് വിശ്വസിക്കുന്നതു്.

ശ്രീ. കെ. എം. കോര: നിലമുടമസ്ഥന്മാരുടെ നിലങ്ങളിൽനിന്നും കക്കാ വാരുന്നതിനുള്ള അവകാശം ആർക്കാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: നിലമുടമസ്ഥന്മാർക്കു തന്നെയാണ്.

Weavers.

*416 (16) **Shri C. Sankar :** Will the Minister for Industries and Commerce be pleased to State :

(*a*) whether our Government have made any representations to the Central Government requesting to reserve the production of certain varieties of cloth to the handlooms only as a means to solve the widespread unemployment among the weavers of the State;

(*b*) whether the Government have taken any other steps so far to provide sufficient work to the unemployed weavers; and

(*c*) if so, the details of the steps so taken ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) Government have not made any representations to the Central Government requesting to reserve the production of certain categories of cloth to the handlooms.

(*b*) Government have sanctioned a scheme submitted by the Cottage Industries Board for the development of the handloom industry. When the scheme is implemented it is hoped that the weavers will get more work.

(*c*) Specified goods made by weavers will be pooled in their primary societies, and the primaries will sell the goods directly, or through the depots and agencies of the Central Societies, opened and maintained throughout the State, with the grant Government gives to the Central Societies. As more and more goods are sold, weavers will get more and more work.

Shri C. Sankar : May I know whether the Government are aware that the Madras Government has got a resolution passed in their Legislature requesting the Central Government to reserve the production of certain categories of cloth to the handlooms?

Shri Panampilli Govinda Menon : Government have come across such a resolution.

Shri C. Sankar : Will our Government move such a resolution in this House during this session?

Shri Panampilli Govinda Menon : No, because this Government is aware that the Central Government is seized of that subject and have, therefore; appointed a Cotton Textile Enquiry Committee, and a decision on this matter by the Government of India will be made only after the report of that Committee is received.

Shri C. Sankar : May I know whether our Government have implemented any of the recommendations of the Cottage Industries Board?

Shri Panampilli Govinda Menon : They are being implemented.

Shri C. Sankar : May I know what recommendations have been implemented till now?

Shri Panampilli Govinda Menon : That is a general question. Many of the recommendations have been implemented. Others are being implemented. No recommendation is left unimplemented.

Shri C. Sankar : May I know whether the Cottage Industries Board has recommended that the two Central Societies should be given financial assistance in order to enable them to purchase the stocks held by the Primary Societies?

Shri Panampilli Govinda Menon : The Finance Minister that is myself, happens to be the Chairman of that Board. That recommendation also is being implemented.

Shri C. Sankar : May I know whether Government have any intention of giving loans to these Societies.

Shri Panampilli Govinda Menon : For that, certain details have to be finalised. It is at that stage now.

Shri C. Sankar : May I know how long it is that the Cottage Industries Board has submitted their recommendation?

Shri Panampilli Govinda Menon : The matter is now with the societies concerned. The matter will be expedited.

Shri C. Sankar : Are the Government aware that the Reserve Bank has advanced Rs. 50 lakhs to the Madras Provincial Co-operative Society at an interest of 3½ per cent on the recommendation of the Madras Government?

Shri Panampilli Govinda Menon : Such loans will be available to any apex Co-operative Society which may be formed in our State, and, therefore, steps are being taken for the constitution of an apex society here. Discussions have taken place with the Reserve Bank to that end.

Shri C. Sankar : May I know whether Government have approved the recommendation of the Cottage Industries Board that the import and distribution of yarn all over our State should be entrusted to the Central Societies of our State from 1-1-1953?

Shri Panampilli Govinda Menon : That is engaging the attention of Government.

Shri C. Sankar : The recommendation is that it should be from 1-1-1953. It is now March 1953. May I know the reason why Government have not implemented that recommendation?

Shri Panampilli Govinda Menon : Some time is necessary to switch over from one established system to another system.

Shri C. Sankar : Have Government sent instructions to these societies regarding this recommendation?

Shri Panampilli Govinda Menon : No instructions need be sent. Even today, in the Cochin area, the monopoly in the matter of distribution of textile yarn is with the Marketing Society which is a Co-operative Society in Trichur.

Shri C. Sankar : But the position in Travancore is different.

Shri Panampilli Govinda Menon : In Travancore, a portion of the yarn is given to the Central Society here. But some time is deemed necessary to switch over to the other system.

Shri C. Sankar : May I know whether the Government propose to exempt the handloom products from the levy of sales tax?

Shri Panampilli Govinda Menon : That is a different question. But I think handloom products are having exemption from sales tax.

Shri C. Sankar : Does the Minister know that at present sales tax at the rate of 3 pies in the rupee - single point-is levied on handloom products?

Shri Panampilli Govinda Menon : That is so. But that does not stand in the way of the prosperity of the handloom industry.

Shri C. Sankar : May I know whether the Cottage Industries Board has not recommended that the handloom products should be exempted from sales tax.

Shri Panampilli Govinda Menon : Not that I know of.

Shri C. Sankar : May I know whether they have recommended that the sales tax should be reduced to the level existing in the Madras State?

Shri Panampilli Govinda Menon : I do not remember it.

Manuscript Library.

* 417 (17) **Shri C. Sankar :** Will the Chief Minister be pleased to state:

(*a*) the total number of volumes in each section of Tamil, Malayalam and Sanskrit languages in the Manuscript Library of the University College; and

(*b*) the number of attenders provided for in each section?

Chief Minister (**Shri A. J. John**):

(*a*) The total number of volumes is :

Malayalam.....4400
Sanskrit.....22,000
Tamil.....3,500

(*b*) There is one attender in each of the 3 sections, namely, Sanskrit, Malayalam and Tamil sections.

Shri C. Sanker : May I know the number of Pandits provided for each section?

Shri A. J. John : I have not enquired into the number of Pandits. If a separate question is put, I shall supply the information.

Shri C. Sankar : As a supplementary question, may I know the number of Pandits provided for each section?

Shri A. J. John : I want notice.

Shri A. Thanu Pillai : Are these numbers given of the manuscripts in the difierent languages or the books including the manuscripts and other printed books in the different languages? 22,000 is the number for Sanskrit. Is it 22,000 Sanskrit manuscipts?

Shri A. J. John : The total number of volumes given include both manuscripts and books.

Shri A. Thanu Pillai : Are figures available for any published manuscripts?

Shri A. J. John : No.

ശ്രീ. കെ. ചെല്ലയ്യാ : തമിഴ് സെക്ഷനിൽ അററൻററർ ഇല്ലേ?

ശ്രീ. എ. ജെ. ജാൺ : തമിഴ് സെക്ഷനിലുള്ള അററൻററായിരിക്കും മാൻസ്ക്രിപ്ററ് സെക്ഷനിൽ ഉള്ളത്.

ശ്രീ. എ. കെ. ചെല്ലയ്യാ : മലയാളത്തിനും സംസ്കൃതത്തിനും ഉള്ളതു പോലെ തമിഴിന് പ്രത്യേകം അററൻററർ ഇല്ലെന്നാണോ മനസ്സിലാക്കേണ്ടത്.

ശ്രീ. എ. ജെ. ജാൺ : മലയാളത്തിനും, സംസ്കൃതത്തിനും പ്രത്യേകം അററൻററർമാർ ഉണ്ട്. പിന്നെ ഒരു അററൻററർ ഉള്ളത് തമിഴിനായിരിക്കും.

ശ്രീ. എ. കെ. ചെല്ലയ്യാ : തമിഴിൻെറ നേരേ ഇങ്ങനെ ഒരു പക്ഷപാതനയം എടുക്കാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ : തമിഴിൻെറ നേരെ ഒരു പക്ഷപാതനയം ഗവണ്മെൻറ് എടുത്തിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : തമിഴ് സെക്ഷനിൽ അററൻററെ വയ്ക്കുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ : ആവശ്യമുണ്ടെങ്കിൽ അതിനെപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : തിരുവിതാംകൂർ യൂണിവേഴ്സിററി സ്ഥാപിക്കുന്നതിനു മുമ്പ് മാൻസ്ക്രിപ്ററ് ലൈബ്രറി ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജാൺ : യൂണിവേഴ്സിററി സ്ഥാപിക്കുന്നതിനുമുമ്പ മാൻസ്ക്രിപ്ററ് ലൈബ്രറി ഉണ്ടായിരുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : മാൻസ്ക്രിപ്ററ് ലൈബ്രറി സ്ഥാപിച്ചതിനുശേഷം ഇന്നേവരെ ശേഖരിച്ചിട്ടുള്ള കൈ എഴുത്തു പുസ്തകങ്ങളെല്ലാം ഗവേഷണത്തിന്റെ ഫലമായിട്ട് വാങ്ങിയിട്ടുള്ള പുസ്തകങ്ങളാണോ?

ശ്രീ. എ. ജെ. ജാൺ : ഗവേഷണത്തിന്റെ ഫലമായിട്ട് വാങ്ങിയിട്ടുള്ള പുസ്തകങ്ങളല്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : ഈ കൈ എഴുത്തു പുസ്തകങ്ങളിൽ എത്രയെണ്ണം അച്ചടിച്ചിട്ടുണ്ടെന്ന് പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതിന്റെ നമ്പർ എന്റെ കൈവശം ഇല്ല.

ശ്രീ. കെ. ജെ. തോമസ് : ഈ ലൈബ്രറി ആണ്ടിൽ എത്ര പേർ ഉപയോഗിക്കുന്നുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഏതിന് ഉപയോഗിക്കുന്നുണ്ടെന്നാണ് ചോദിക്കുന്നത്?

ശ്രീ. കെ. ജെ. തോമസ് : റീഡിംഗിനും റഫറൻസിനുമായിട്ട് എത്ര ആൾ ആണ്ടിൽ ഈ ലൈബ്രറി ഉപയോഗിക്കുന്നുണ്ട്?

ശ്രീ. എ. ജെ. ജാൺ : കുറെ ആളുകൾ അത് ഉപയോഗിക്കുന്നുണ്ട്. അതിന്റെ കണക്ക് ഇപ്പോൾ എന്റെ കൈവശമില്ല.

Shri A. A. D. Luiz : Are there any restrictions in the use of these manuscripts?

ശ്രീ. എ. ജെ. ജാൺ : ഇല്ലെന്നാണ് തോന്നുന്നത്.

ശ്രീ. എ. താണുപിള്ള : അവിടെയുള്ള ഉദ്യോഗസ്ഥന്മാർക്കല്ലാതെ പുറമേയുള്ള പണ്ഡിതന്മാർക്ക് ഈ ലൈബ്രറി ഉപയോഗിക്കുവാൻ അനുവാദം കൊടുക്കാറുണ്ടോ?

ശ്രീ. എ. ജെ. ജാൺ : പുറമേയുള്ളവർക്ക് അനുവാദം കൊടുക്കാറുണ്ടെന്നാണ് തോന്നുന്നത്.

സർവ്വകലാശാലാ കമ്മീഷൻ.

* ൪ ൧൯൫. [൧൯൫] ശ്രീ. എം. പി. വർഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരു-കൊച്ചി സർവ്വകലാശാലയിലെ അദ്ധ്യയനരീതിയേയും സ്റ്റാൻഡേർഡിനേയും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ഗവണ്മെൻറിൽനിന്നും ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്മീഷനംഗങ്ങൾ ആരെല്ലാം;

(സി) കമ്മീഷൻ അതിൻെറ എതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സർവ്വകലാശാല സ്വീകരിക്കാൻ പോകുന്നത് എന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഇല്ല.

(ബി), (സി), & (ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. പി. വർക്കീസ്: ഈ ആവശ്യത്തിന് ഒരു കമ്മീഷനെ നിയമിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. എം. പി. വർക്കീസ്: അതിൻെറ ആവശ്യം ഇല്ലെന്നാണോ ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്?

ശ്രീ. എ. ജെ. ജാൻ: ഇൻഡ്യാ ഗവണ്മെൻറിൽനിന്ന് അതിന് ഒരു കമ്മീഷനെ നിയമിച്ചിട്ടുണ്ട്. അടുത്തുതന്നെ എല്ലാ രാജ്യങ്ങളിലേയും യൂണിവേഴ്സിറ്റികളുടെ വൈസ്ചാൻസലർമാരെ വിളിച്ചുകൂട്ടി ഈ കാര്യത്തിന് ഒരു കാൻഫറൻസ് നടത്തുവാൻ പോകുന്നുണ്ട്.

ശ്രീ. ഏ. സാമ്പാജ്; തിരു-കൊച്ചി യുണിവർസിറ്റിയെ കേരളാ യുണിവർസിറ്റി ആക്കവേണ്ടുമെന്നു ഏതാവതു മൂവ് ഉണ്ടോ?

ശ്രീ. എ. ജെ. ജാൻ: അതിനെപ്പററി ഗവണ്മെൻറിലേക്ക് ഇതേവരെ റിപ്പോർട്ട് ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർവ്വകലാശാല പരിഷ്കരണ കമ്മിററി എന്ന പേരിൽ ഒരു കമ്മിററിയുണ്ടെന്നാണ് അറിയുന്നത്. ആ കമ്മിററി ഈ ജോലികൾ ചെയ്യുന്നില്ലെങ്കിൽ മറെറന്താണ് ചെയ്യുന്നതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൻ: യൂണിവേഴ്സിറ്റി ആക്ട് എന്നൊന്നു ഇപ്പോൾ നിലവിലുണ്ട്. അതിൽ എന്തെല്ലാം ഭേദഗതികൾ വരുത്തണമെന്നു ആലോചിക്കുന്നതിനുവേണ്ടിയാണ് University Act Revision കമ്മിററിയെ നിയമിച്ചിരിക്കുന്നത്.

ചകിരി വ്യവസായം.

*ചോദ്യം. [ചോദ്യം] ശ്രീ. പി. വി. അനിരാതരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

[ശ്രീ പി. വി. അവിരാ തരകൻ.]

(എ) സംസ്ഥാനത്തെ ചകരിവ്യവസായത്തെ ബ്രോക്കറന്മാരുടെ പിടിയിൽനിന്നും മോചിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) ഈ വ്യവസായം സഹകരണാടിസ്ഥാനത്തിൽ നടപ്പിൽ വരുത്തുന്നതിന് എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്ത് ;

(ഡി) ഇല്ലെങ്കിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്യുന്നതിനു ഉദ്ദേശമുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ എന്ത്, എങ്ങനെ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ആയതിലേക്കു കയർവ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ പുനസംഘടിപ്പിച്ചു വരികയാണ്.

(ബി) ഉണ്ട്.

(സി) പദ്ധതിപ്രകാരം അഞ്ചുവർഷംകൊണ്ടു ൧൨൦ പ്രാഥമിക കയർസഹകരണസംഘങ്ങളും ൨ കേന്ദ്രകയർ മാർക്കറ്റിംഗ് സഹകരണസംഘങ്ങളും ഏതാനും തൊണ്ടുവ്യവസായ സഹകരണസംഘങ്ങളും സംഘടിപ്പിക്കണം. പ്രാഥമികവും കേന്ദ്രവും സംഘങ്ങൾക്കു ധനസഹായവും നൽകണം. അഞ്ചു വർഷത്തേക്കുമുള്ള മൊത്തം ചിലവ് ൩൩.൩൩ ലക്ഷം രൂപയാണ്. ഈ തുക കേന്ദ്രഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും സമമായി ചിലവാക്കണം.

(ഡിയും, ഈയും) ബി യുടെ ഉത്തരംകൊണ്ടു ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

തെങ്ങുരോഗം.

* ൪൨൦. [൨൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിൽ തെങ്ങുരോഗം സാർവ്വത്രികമായി തീർന്നിട്ടുള്ളതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഈ രോഗത്തെ തടയുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഫലമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) : (എ) ചില സ്ഥലങ്ങളിൽ തെങ്ങുരോഗം ഉണ്ട്.

(ബി) ഉണ്ട്. ഗവണ്മെൻറ് ഒരു നാളികേരപ്രചരണ ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ട്. സ്പ്രേയിംഗ്, ശരിയായവിധമുള്ള കൃഷി, (പച്ചിലവളം ഉൾപ്പെടെയുള്ള) വളമിടീൽ, മുതലായി രോഗനിവാരണത്തിനു സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ചു നാളികേരപ്രച

രണോദ്യോഗസ്ഥൻ ഊർജ്ജിതമായ പ്രചരണജോലി ചെയ്തുവരുന്നു. രോഗം ബാധിച്ചിട്ടുള്ള വൃക്ഷങ്ങളിൽ സ്പ്രേയിംഗ് നടത്തുന്നതിനു ഇൻഡ്യൻ നാളികേര കമ്മററിയും ഊർജിതമായ പ്രചരണവേല നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ഈ രോഗം ഭേദമാക്കുന്നതിനു് വളരെ പ്രയാസമുണ്ടു്. ഇൻഡ്യ ഒട്ടാകെയുള്ള പ്രശസ്തശാസ്ത്രജ്ഞന്മാർ കഴിഞ്ഞ ൪ ൫ കൊല്ലക്കാലമായിട്ടു നിരന്തരമായി ഗവേഷണം നടത്തിയിട്ടും പ്രസ്തുത രോഗത്തിന്റെ ശരിയായ കാരണമോ, ഫലപ്രദമായ ഔഷധമോ കണ്ടുപിടിക്കുന്നതിനു സാധിച്ചിട്ടില്ല. ഡിപ്പാർട്ടുമെൻറിൽനിന്നും നൽകിവരുന്ന നിർദ്ദേശങ്ങളും ഔഷധങ്ങളും രോഗത്തിന്റെ പരിപൂർണ്ണശമനത്തിനു് ഉതകിയിട്ടില്ല. അതുകൊണ്ടു തൽക്കാലശമനം മാത്രമെ സാധിച്ചിട്ടുള്ളു. വിദഗ്ദ്ധശാസ്ത്രജ്ഞന്മാർ തെങ്ങുരോഗത്തിന്റെ മൂലകാരണം കണ്ടുപിടിക്കുന്നതിനു മുമ്പായി ടി രോഗത്തിന്റെ പൂർണ്ണശമനം സാദ്ധ്യമല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഈ രോഗം കൊല്ലം ചെല്ലും തോറും വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ശരിയായ വളമിട്ടാൽ രോഗം കുറയുമെന്നാണു ഗവണ്മെൻറിന്റെ ഇപ്പോഴുള്ള അറിവു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഈ രോഗം ഒരു കീടം മുഖേനയാണു പ്രചരിക്കുന്നതെന്നും, ആ കീടത്തിനെ തിന്നുന്നതിനു ഒരു തരം പുഴുവിനെ ഇറക്കുമതി ചെയ്യുന്നുണ്ടെന്നും, ആ പുഴു ഈ കീടത്തിനെ തിന്നുന്നതോടൊപ്പം തെങ്ങിന്റെ മണ്ടയേയും തിന്നുന്നതുകൊണ്ടാണു് ഈ രോഗം സാർവ്വത്രികമായി പടർന്നുപിടിക്കുന്നതെന്നും കേൾക്കുന്നതു് ശരിയാണോ ?

ശ്രീ. എ. ജെ. ജാൺ : പുഴുവിനെ ഇറക്കുമതി ചെയ്യുന്നതുകൊണ്ടാണു് രോഗം വരുന്നതെന്നാണോ പറയുന്നതു് ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : മദ്ധ്യതിരുവിതാംകൂറിലെ കൃഷിക്കാരുടെയിടയിൽ അങ്ങനെയൊരു സംസാരം ഉണ്ടു്.

ശ്രീ. എ. ജെ. ജാൺ : അതു അടിസ്ഥാനരഹിതമാണെന്നു വളരെ മിതമായ ഭാഷയിൽ പറഞ്ഞുകൊള്ളുന്നു.

ശ്രീ. എ. താണുപിള്ള : രോഗാന്വേഷണകേന്ദ്രത്തിനു അകലത്തു നിൽക്കുന്ന വൃക്ഷങ്ങൾക്കു് കൂടുതൽ രോഗം ബാധിച്ചുകാണുന്നതിനു വല്ല പ്രത്യേകകാരണവുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : രോഗം കൂടുതലായി അവിടെ കണ്ടതുകൊണ്ടാണു അവിടത്തന്നെ ഒരു ഗവേഷണകേന്ദ്രം സ്ഥാപിച്ചതു്.

ശ്രീ. കെ. അയ്യപ്പൻ : ഈ പരീക്ഷണങ്ങൾ ഏതെല്ലാം കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ടു്?

ശ്രീ. എ. ജെ. ജാൺ : തിരുവിതാംകൂർ-കൊച്ചിയിൽ പല ഭാഗങ്ങളിലും നടത്തിയിട്ടുണ്ട്.

Shri A. A. D. Luiz : May I know the cost of spraying per tree ?

ശ്രീ. എ. ജെ. ജാൺ : അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഈ രോഗം പരക്കെ വർദ്ധിക്കുന്നതിനു എന്തെങ്കിലും നിവാരണമാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതാണു ഞാൻ പറഞ്ഞതു്. പലവിധത്തിലുള്ള ഗവേഷണങ്ങൾ നടത്തിയിട്ടും എഫക്ററിവായി ഒന്നും കണ്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഏതോ മരുന്നു സ്പ്രേ ചെയ്യുന്നതു ഗവണ്മെൻറിന്റെ സൗജന്യമല്ലേണോ ?

ശ്രീ. എ. ജെ. ജാൺ : കോക്കനട്ട് കമ്മിററിയിൽനിന്നും അതിലേക്കു വേണ്ടതെല്ലാം സൗജന്യമായി കിട്ടുന്നുണ്ടെന്നാണു് തോന്നുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഈ രോഗം വ്യാപിപ്പിക്കുന്നതു് ചേരിൽക്കൂടിയാണോ മരത്തിൽ കൂടിയാണോ എന്നുള്ളതിനു എന്തെങ്കിലും വിദഗ്ദ്ധാഭിപ്രായം കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി പല അന്വേഷണങ്ങളും നടത്തിയിട്ടുണ്ടു്. വിദഗ്ദ്ധാഭിപ്രായം ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. ഈ. കൃഷ്ണൻ നായർ : മദ്ധ്യതിരുവിതാംകൂറിൽ ഏതെല്ലാം സ്ഥലങ്ങളിൽ സ്പ്രേയിംഗു നടത്തിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : കൊച്ചിറയാണു ഇതിന്റെ സെൻട്രൽ സ്റ്റേഷൻ. അതിനടുത്തുള്ള പ്രദേശങ്ങളിലും തിരുവിതാംകൂറിൽ പല ഭാഗങ്ങളിലും സ്പ്രേയിംഗു നടത്തിയിട്ടുണ്ടെന്നാണു ഗവണ്മെൻറിന്റെ അറിവു്.

ശ്രീ. ഈ. കൃഷ്ണൻ നായർ : സ്പ്രേയിംഗു് നടത്തിയതുമൂലം എന്തു ഫലമാണു കിട്ടിയിട്ടുള്ളതെന്നുള്ളതിനെപ്പററി ഗവണ്മെൻറു അന്വേഷിച്ചിട്ടുണ്ടോ ?

Mr. Speaker: The hon. Minister has already stated in his answer that there is not much effect created by spraying.

ശ്രീ. കെ. പി. ഭാസ്കരൻ : രോഗം പിടിപെട്ടിട്ടുള്ള തെങ്ങുകൾ മുറിച്ചു കളയുന്നതാണു് ഏററവും പററിയമാർഗ്ഗമെന്നു ഉപദേശിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ അങ്ങനെ ഉപദേശിക്കുന്നില്ല. മുമ്പു അങ്ങനെ ഉപദേശിച്ചിട്ടുണ്ടായെന്നു് അറിയുന്നുമില്ല.

ശ്രീ. പി. വി. അവിരാ തരകൻ : നാളികേരക്കമ്മിററിയിലേയ്ക്കു് ഗവണ്മെൻറിൽനിന്നും നാമിനേററു ചെയ്തിട്ടുള്ളവരിൽ ഗ്രോഴ്സിനെ പ്രതിനിധീകരിക്കുന്നതിനു് ആരെങ്കിലുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കമ്മിററിയിലുള്ള ശ്രീ. ബി. എം. പീററർ ഗ്രോഴ്സിൻെറ പ്രതിനിധിയാണെന്നാണു് തോന്നുന്നതു്.

Shri A. A. D. Luiz : May I know whether the Government will be pleased to bring in some expert advice even from outside the State if that is found necessary ?

Shri A. J. John : Even now so many experts are engaged in the work.

ശ്രീ. ടി. കെ. ദിവാകരൻ : തെങ്ങുരോഗനിവാരണ ിനു് നമ്മുടെ കൃഷിഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും പ്രത്യേക നടപടികൾ എടു ിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സ്പ്രേയിംഗ് നടത്തുന്നതിനെപ്പററി പ്രചരണം നടത്തുന്നതിനു ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. ററി. കെ. ദിവാകരൻ : തെങ്ങുരോഗം വ്യാപിപ്പിക്കുന്നതിനെപ്പററിയോ, എവിടെയെല്ലാം ഉണ്ടെന്നുള്ളതിനെപ്പററിയോ ഒരു സ്ററാററിസ്റ്റിക്സ് ഗവണ്മെൻറിൻെറ പക്കലുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതു് കൃഷിഡിപ്പാർട്ടുമെൻറിൻെറ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി : ഇവിടെയുള്ള പ്ലാൻറ് പാത്തോളജിസ്റ്റിനു് ശമ്പളം കൊടുക്കുന്നതു് കേന്ദ്രത്തിൽനിന്നാണോ ഇവ ഗവണ്മെൻറിൽ നിന്നാണോ ?

ശ്രീ. എ. ജെ. ജാൺ : കേരളസർക്കാരു് കമ്മിററിയിൽനിന്നാണു് കൊടുക്കുന്നതു്.

Community Projects.

*421. [21] **Shri T. S. Ramaswami** : Will the Chief Minister be pleased to state :

(a) the amount spent and the items on which spent in the Community Project areas in the State till date ; and

(b) whether a draft budget of the different projects will be placed on the table ?

Chief Minister (**Shri A. J. John**) :

(a) Rs. 91,210-3-up to 31-1-1953. A statement showing the items on which this amount was spent is placed on the table. †

(b) Yes. The budget of the first two blocks as approved by the Government of India is placed on the table.

Shri T. S. Ramaswami : May I know whether any item has been allotted for the improvement of the Palm Gur industry?

ശ്രീ. എ. ജെ. ജാൺ : ഇൻഡസ്ട്രിയൽ സൈഡ് സംബന്ധിച്ചുള്ള തെല്ലും തയ്യാറാക്കി വരുന്നതേയുള്ളൂ.

ശ്രീ. എ. താണു പിള്ള : കമ്മ്യൂണിറ്റി പ്രോജക്റ്റ് ഉദ്യോഗസ്ഥന്മാരുടെ ശുപാർശകൾക്ക് അംഗീകാരമോ മറുപടിയോ കിട്ടുന്നതിന് വളരെ താമസം നേരിടുന്നുവെന്നുള്ള പരാതി ശരിയാണോ ?

ശ്രീ. എ. ജെ. ജാൺ : ആദ്യകാലത്തു കുറെ താമസം നേരിട്ടിരുന്നു. അതായത് ബഡ്ജറ്റ് ഇൻഡ്യാ ഗവണ്മെൻറിൽ അയച്ചു അവർക്കുടി അംഗീകരിക്കേണ്ടിവന്നു. അതുകൊണ്ട് കുറെക്കാലത്തേയ്ക്കു താമസം നേരിട്ടിരുന്നു. ഇപ്പോൾ യാതൊരു താമസവുമില്ലാതെ സംഗതികൾ നടക്കുന്നുണ്ട്.

ശ്രീ. എ. താണു പിള്ള : അതിൻെറ കൺട്രോളിംഗ് ആഫീസറായി വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് മേറെ പിടിപ്പത് ജോലിയുള്ളതുകൊണ്ടാണ് താമസം വരുന്നതെന്നു കേൾക്കുന്നത് ശരിയാണോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ അതിനെല്ലാം പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ : പാംഗ്രർ ഇൻഡസ്ട്രി ഡവലപ്പു ചെയ്യുന്നതിന് കമ്മ്യൂണിറ്റി പ്രോജക്റ്റ് ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എനിക്ക് നിശ്ചയമില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : കമ്മ്യൂണിറ്റി പ്രോജക്റ്റിൽനിന്നും ഗവണ്മെൻറിനോട് അതിലേയ്ക്കു ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ചു് അതിനു മറുപടി പറയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ : കമ്മ്യൂണിറ്റി പ്രോജക്റ്റിൻെറ പ്രവർത്തനങ്ങളെ ചില വ്യക്തികൾ തടസ്സപ്പെടുത്തുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ആരും തടസ്സപ്പെടുത്തുന്നില്ല. ഏതെങ്കിലും വ്യക്തികൾ തടഞ്ഞാൽതന്നെയും അതു് വകവയ്ക്കാതെതന്നെ മുമ്പോട്ടു പൊയ്ക്കൊള്ളും.

ശ്രീ. ആർ. കേശവപിള്ള : ഇൻഡ്യാഗവണ്മെൻറിൽനിന്നും നാളതുവരെ കമ്മ്യൂണിറ്റി പ്രോജക്റ്റിലേയ്ക്കു് എന്തുതുക കിട്ടിയിട്ടുണ്ട്.

ശ്രീ. എ. ജെ. ജാൺ : പതിനഞ്ചുലക്ഷം രൂപ.

---

† Please see Appendix I.

Rice Mill Enquiry Committee.

*422. [22] **Shri M. V. Cheriyan :** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the Rice Mill Enquiry Committee has submitted their report;

(*b*) if so, what action have the Government taken since; and

(*c*) the total amount received from the applicants for rice mills as license fee?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) Yes.

(*b*) Their report is under the consideration of Government.

(*c*) Rs. 2,49,800.

Shri C. Sankar : When was the recommendations of the Committee presented to the Government?

Shri Panampilli Govinda Menon : A few days ago.

Shri C. Sankar : What stands in the way of the Government coming to a decision on the implementation of the recommendations?

Shri Panampilli Govinda Menon : This Legislature. (*Laughter*)

Shri C. Sankar : May I know whether the Government would take action to implement the recommendations of the Committee and publish their decision after this session of the Legislature is over?

Shri Panampilli Govinda Menon : It is being expedited.

ശ്രീ. എ. താണു പിള്ള : അപ്ലിക്കേഷൻ വന്നതു കമ്മിററി നിയമിച്ചതിനു ശേഷമാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അല്ല. മുമ്പാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ മോററി : ലൈസൻസ് ഫീസ് തന്നിട്ടുള്ളതു ആവശ്യപ്പെട്ടിട്ടും തിരിയെ കൊടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആവശ്യപ്പെട്ടിട്ടു തിരിയെ കൊടുക്കാതിരുന്നിട്ടില്ല. ആവശ്യപ്പെട്ടാൽ തിരിയെകൊടുക്കാം.

ശ്രീ. എ. കുഞ്ഞൻ നാടാർ : പണ പിന്ന പലിശയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. ഗണപതി : ആരെങ്കിലും പലിശ ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആരും ആവശ്യപ്പെട്ടിട്ടുള്ളതായി അറിവില്ല.

കളിമൺ ഫാക്ടറി.

* ൪൨൩. [൨൩] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുണ്ടറ കളിമൺ ഫാക്ടറിയിൽ ഇപ്പോൾ എന്തു വിലയുള്ള സ്റ്റാക്ക് ഇരിപ്പുണ്ട് ;

(ബി) ഈ സ്റ്റാക്ക് വിററഴിയുന്നതിന് എന്തു വ്യവസ്ഥയാണുള്ളത് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉദ്ദേശം ൩ ലക്ഷം രൂപ വിലവരുന്ന സ്റ്റാക്ക് ഇരിപ്പുണ്ട്.

(ബി) സ്റ്റോററിലെ മൊത്തവ്യാപാരികൾക്കാണ് ഇതു വിററഴിച്ചു കൊണ്ടിരിക്കുന്നത്. ഏജൻസി അടിസ്ഥാനത്തിലേൽ വിൽപ്പന നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. ഇപ്പോൾ വിററഴിക്കുന്ന സാധനങ്ങൾക്ക് അനുവദിച്ചിട്ടുള്ള കമ്മീഷൻ ഇപ്രകാരമാകുന്നു:

(1) $6\frac{1}{4}$% for purchases over Rs. 1,000 and up to Rs. 3,000 at a time ;

(2) 10% for purchases over Rs. 3,000 and up to Rs. 10,000 at a time ; and

(3) 15% on purchases above Rs. 10,000 at a time or monthly purchases exceeding Rs. 10,000.

WRITTEN ANSWERS

Enhancement of pension.

*424. [24] **Shri O. C. Ninan:** Will the Minister for Finance be pleased to state:

(*a*) whether it is a fact that the pensioners in Travancore are under a disability compared to the pensioners in Cochin;

(*b*) whether the Government has received any memorial to increase their pension; and

(*c*) whether any orders have been passed by the Government in he matter?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) No.

(*b*) Representations have been received from certain Pensioners' Associations of the State (Travancore area) for the enhancement of the dearness allowance of Travancore pensioners to the Cochin rates.

(*c*) Orders have been passed to the effect that the proposal cannot be considered at this stage.

കയർ വ്യവസായ സംഘങ്ങൾ.

* ൪൯൩. [൯൩] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായ സംഘങ്ങൾ ഇനിയും പുതുതായി ഏർപ്പെടുത്താൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏത് ഇനം-ഒരു ലേയ്ക്ക് ഏത്ര ; ഏതിടങ്ങളെല്ലാം ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) മുപ്പതോളം സംഘങ്ങൾ. ഇപ്പോൾ സംഘങ്ങൾ ഇല്ലാത്തതും സംഘങ്ങൾക്ക് പ്രവർത്തനത്തിന് കൂടുതൽ സാദ്ധ്യതയുള്ളതുമായ സ്ഥലങ്ങളിൽ.

കയർ വ്യവസായ സംഘങ്ങൾക്കുള്ള വായ്പയും ഗ്രാൻറും.

* ൪൯൪. [൯൪] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ പ്രവർത്തനം നടത്തിവരുന്ന കയർ വ്യവസായ സംഘങ്ങൾക്ക് ഗവണ്മെന്റ് നൽകാമെന്നേററിരുന്ന വായ്പയും രണ്ടാം ഗഡു ഗ്രാൻറും നൽകുകയുണ്ടായോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗ്രാൻറ് നൽകാൻ ഉത്തരവയച്ചു കഴിഞ്ഞു. വായ്പയെ സംബന്ധിച്ചിടത്തോളം ചില വ്യവസ്ഥകൾ കേന്ദ്ര ഗവണ്മെൻറുകൂടി അംഗീകരിക്കേണ്ടതുണ്ട്. അവരുടെ അംഗീകാരം ലഭിച്ചാലുടൻ തന്നെ വായ്പയും നൽകുന്നതാണ്.

(ബി) എയുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

Secondary Education Commission.

*427. [28] **Shri E. Kr shnan Nair :** Will the Chief Minister be pleased to state :

(*a*) the names of individuals and organisations that were invited to interview the Secondary Education Commission when they visited the State;

(*b*) who invited them; and

(*c*) how and on what basis was the selection of invitees made?

Chief Minister **(Shri A. J. John):**

(*a*) A list is placed on the table. †

(*b*) The Director of Public Instruction under instruction from the Chairman of the Secondary Education Commission.

(*c*) Educationists, active workers in the field of Education, individuals who were associated with or are interested in educational activities of the State, and also a few individuals who sought interviews.

Teachers' Organisation.

*428. [29] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) how many recognised teachers' organisations there are now in the State;

(*b*) on what basis was sanction accorded to all these organisations; and

(*c*) whether the Government are still willing to sanction any more organisations of teachers to function in the State?

Chief Minister **(Shri A. J. John):**

(*a*) Eight.

(*b*) Representative character and usefulness.

(*c*) Government will consider each case on merits.

Transfer of teachers.

*429. [30] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

† Please see Appendix II.

(*a*) whether it is the policy of the Government that transfer of teachers is not permitted during the middle of a school year; and

(*b*) what are the reasons underlying such an order?

Chief Minister **(Shri A. J. John):**

(*a*) That is the general policy.

(*b*) To avoid dislocation of work in schools by change of personnel in the teaching staff.

മത്സ്യംവളത്തൽ.

* ൪൩൦. [൩൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യംവളത്തൽ സംബന്ധിച്ച് ഗവണ്മെൻറ് ആവിഷ്ക്കരിക്കുന്ന പദ്ധതി ഏതെല്ലാം പ്രദേശങ്ങളിൽ ഉടനടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു;

(ബി) ഇവയ്ക്ക് വെളിയിൽനിന്ന് മത്സ്യക്കുഞ്ഞുങ്ങളെ വരുത്തുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ നമ്മുടെ ആറുകളിലും മററു ജലാശയങ്ങളിലും ഡൈനാമിററർ മുതലായ മാരകായുധങ്ങൾ ഉപയോഗിച്ച് മത്സ്യത്തെ ഉൻമൂലനാശംചെയ്യുന്നത് തടയുവാൻ ശ്രമിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) തൃശ്ശൂർ, മുകുന്ദപുരം, പറവൂർ, ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി, തിരുവല്ലാ, കരുനാഗപ്പള്ളി മുതലായ താലൂക്കുകളിലെ കുളങ്ങളിലും, പെരിയാർ, പമ്പ മുതലായ നദികളിലും മത്സ്യം വളത്തൽ പദ്ധതി ഉടനെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഉണ്ട്.

(സി) ഡൈനാമിററർ മുതലായ മാരകായുധങ്ങൾ ഉപയോഗിച്ച് മീൻപിടിക്കുന്നത് നിലവിലിരിക്കുന്ന നിയമത്തിനു വിരുദ്ധമാണ്. അങ്ങനെ ഉപയോഗിക്കുന്നവരുടെമേൽ നിയമപ്രകാരം നടപടി എടുക്കുന്നുണ്ട്.

സംസ്കൃതകാളേജ്.

* ൪൩൧. [൩൪] ശ്രീ. പി. എസ്. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സംസ്കൃതകോളേജ് യൂണിവേഴ്സിററി കാളേജിൽ ലയിപ്പിക്കണമെന്നു യൂണിവേഴ്സിററിയിൽനിന്നും വന്ന നിർദ്ദേശങ്ങളും ലഭിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ലയിപ്പിക്കാൻ പാടില്ലാ എന്ന് നിവേദനങ്ങൾ ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ ഗവൺമെൻറ് എന്തു തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) തീരുമാനം തല്ക്കാലം ആവശ്യമില്ല.

അദ്ധ്യാപകന്മാർ.

* 898. [നമ്പർ 8] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ പ്രദേശത്തിലെ പ്രൈമറി സ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവൺമെൻറ് സ്കൂൾ അദ്ധ്യാപകരോടൊപ്പം ശമ്പളം നൽകുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഒരേതരം ജോലിചെയ്യുന്ന ഇവർക്ക് രണ്ടുമാതിരി ശമ്പളനിരക്കേർപ്പെടുത്തിയതു ഏതു തത്വത്തിൻ അടിസ്ഥാനപ്പെടുത്തിയാണ് ;

(സി) പ്രൈമറി പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ക്ഷാമബത്ത നൽകുന്നുണ്ടോ ;

(ഡി) മററുരാജ്യങ്ങളിൽ ചെയ്തുവരുന്നതുപോലെ അദ്ധ്യാപകന്മാരുടെ മക്കൾക്കു സൌജന്യ വിദ്യാഭ്യാസം നൽകാൻ ഗവൺമെൻറ് തയ്യാറാകുമോ ;

(ഇ) പ്രൈമറി പ്രൈമറിസ്കൂൾ അദ്ധ്യാപികമാർക്ക് പ്രസവകാലവേതനമെങ്കിലും അനുവദിക്കുന്നതിന് ഗവൺമെൻറിന് സമ്മതമുണ്ടാകുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) പ്രൈമറി പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കാനുള്ളചുമതലമാനേജർക്കാണ്. അവർക്ക് ശമ്പളം നേരിട്ടുഗവൺമെൻറിൽ നിന്നു കൊടുക്കണമെന്ന പ്രശ്നം ഇതുവരെ ഉണ്ടായിട്ടില്ല.

(ബി) രണ്ടുമാതിരി ശമ്പളനിരക്കേർപ്പെടുത്തിട്ടില്ല.

(സി) ഗവൺമെൻറിൽനിന്നും നൽകുന്നില്ല.

(ഡി) നോൺഗസററഡ് ഉദ്യോഗസ്ഥന്മാരുടെ കുട്ടികൾക്ക് ഗവണ്മെൻറിൽനിന്നും അനുവദിക്കുന്ന സൗജന്യം നാൺഗസററഡ് അദ്ധ്യാപകരുടെ കുട്ടികൾക്കും കിട്ടുന്നതാണ്.

(ഇ) ഈ കാര്യം ആലോചിക്കുന്നതാണ്.

കമ്മ്യൂണിററിപ്രോജക്ട്.

* ൪൩൩. [൩൭] ശ്രീ. എം. സി. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് പുതുതായി രണ്ടു കമ്മ്യൂണിററിപ്രോജക്ററുകേന്ദ്രങ്ങൾ സ്ഥാപിക്കാൻ ആലോചനയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എവിടെയൊക്കെ ആയിരിക്കണമെന്നു തീർച്ചപ്പെടുത്തിയോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ)യും, (ബി)യും കമ്മ്യൂണിററിപ്രോജക്ട് സംബന്ധിച്ചു ഒന്നോ രണ്ടോ പുതിയ ബ്ലോക്കുകൾകൂടി തുടങ്ങണമെന്ന് ആലോചനയുണ്ട്. എത്ര ബ്ലോക്കുകൾ വേണമെന്നോ അവ എവിടെ ആയിരിക്കണമെന്നോ തീരുമാനിച്ചിട്ടില്ല.

Tea Estates.

*434. [38] **Shri Ganapathi:** Will the Minister for Finance be pleased to state :

(*a*) whether any Tea Estate has been closed within our Steta ;

(*b*) if so, how many ;

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) Not in recent years.

(*b*) Does not arise in view of the answer to part (a).

അദ്ധ്യാപകരുടെ ശമ്പളം.

* ൪൩൬. [൪൩] ശ്രീ. പി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസുസംയോജന നിയമമുണ്ട് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ സർക്കാർ പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും എത്ര രൂപാവീതമായിരുന്നു ;

(ബി) ഇപ്പോഴത്തെ ശമ്പളസ്കെയിലും അലവൻസും എത്ര;

(സി) സർവ്വീസ് സംയോജന നിയമമുണ്ട് പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളവും അലവൻസും എത്ര ;

(ഡി) പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് ഗവണ്മെൻറിൽ നിന്നും എപ്പോഴെങ്കിലും അലവൻസു നൽകിയിട്ടുണ്ടോ ;

(ഇ) പ്രൈവറ്റ് സെക്കൻററിസ്കൂൾ അദ്ധ്യാപകർക്ക് അലവൻസ് നൽകുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) തിരുവിതാംകൂർ വിഭാഗം—ശമ്പളം—അടിസ്ഥാനശമ്പളം ൨ ൪ രൂപ അലവൻസ് ൨൨ രൂപ.

കൊച്ചിവിഭാഗം ശമ്പളം—൩൦-൧-൫൦-൨-൬൦ രൂ. അലവൻസ് ൫൪ രൂപ വരെ ൨൭ രൂപയും, ൫൫ രൂപ മുതൽ ൩൩ രൂപയും.

(ബി) തിരുവിതാംകൂറും-കൊച്ചിയും വിഭാഗം ശമ്പളം ൩൦-൧-൫൦-൨-൬൦ രൂപ അലവൻസ് ൫൪ രൂപ വരെ ൨൭ രൂപ ൫൫ രൂപ മുതൽ ൩൩ രൂപ.

(സി) കൊച്ചിവിഭാഗം—ശമ്പളം ൩൦-൧-൫൦-൨-൬൦ രൂപ എന്നതസ്തിക. ഇതിൽ വ്യത്യാസം ശതമാനം ഗ്രാൻറായി ഗവണ്മെൻറിൽ നിന്നും മാനേജക്ക് കൊടുക്കും. അലവൻസ് ൩൯ രൂപ വരെ ൨൦ രൂപയും ൫൦ രൂപ മുതൽ ൨൨൯ രൂപയും. ഈ അലവൻസ് മുഴുവനും ഗ്രാൻറായി ഗവണ്മെൻറിൽനിന്നും കൊടുക്കും.

തിരുവിതാംകൂർ വിഭാഗം—ഹെഡ്മാസ്റ്റർക്ക് ൨൬ രൂപ ശമ്പളം. അദ്ധ്യാപകർക്ക് ൧൬ രൂപ ശമ്പളം. ഹെഡ്മാസ്റ്റർമാർക്ക് ൧൨ രൂപ ശമ്പളത്തിലും മുഴുവൻതുകയായ ൧൫ രൂപ അലവൻസായും കൊടുത്തിരുന്നു. അദ്ധ്യാപകർക്ക് ൧൬ രൂപ ശമ്പളത്തിലും മുഴുവൻതുകയായ ൧൨ രൂപ അലവൻസായും കൊടുത്തിരുന്നു.

(ഡി) കൊച്ചിവിഭാഗത്തിലെ അദ്ധ്യാപകർക്ക് പുതിയ ശമ്പള പരിഷ്ക്കാരം വരെ മുകളിൽ പറഞ്ഞിട്ടുള്ള തോതിൽ കൊടുത്തിരുന്നു. ൧-൭-൫൧ മുതൽ നിയമിതരായവർക്ക് അലവൻസ് കൊടുക്കുന്നില്ല. തിരുവിതാംകൂറിലെ ഹെഡ്മാസ്റ്റർമാർക്കും അദ്ധ്യാപകർക്കും മുകളിൽ പറഞ്ഞിട്ടുള്ളപ്രകാരം അലവൻസ് കൊടുത്തുവന്നിരുന്നു.

(ഇ) ഉണ്ട്.

സംസ്കൃതകാളേജ്.

* ൫൩൩. [൫൫] ശ്രീ. കെ. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിനൽകുമോ :

(എ) ഈ സംസ്ഥാനത്തു എത്ര സംസ്കൃതസ്കൂളുകളുണ്ട് ;

(ബി) ഇവിടെ ഒരു സംസ്കൃതകാളേജുണ്ടോ ; അതു് യൂണിവേഴ്സിറ്റിയുടെ കീഴിലാണോ ;

(സി) പ്രസ്തുത കാളേജ് നിറുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൫ ൭ സംസ്കൃതസ്കൂളുകളുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത കാളേജ് യൂണിവേഴ്സിറ്റിയുടെ കീഴിലാണ്.

(സി) പ്രസ്തുത കാമ്പേജ് നിറയ്ക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

UNSTARRED QUESTIONS.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.

൨൯൪. [ക] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നു എത്ര രൂപ ചിറയിൻകീഴ് താലൂക്കിലേയ്ക്കു അനുവദിച്ചിട്ടുണ്ട്;

(ബി) ഈ താലൂക്കിൽ എത്ര സ്കൂളുകളിലെ വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം നൽകിവരുന്നു;

(സി) പ്രസ്തുത വിദ്യാർത്ഥികളുടെ ആകെ എണ്ണമെത്ര?

ഉത്തരം.

(എ) പതിനായിരം രൂപ.

(ബി) ൧൭ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക്.

(സി) ൨ ഗൺ വിദ്യാർത്ഥികൾ.

സംസ്ഥാനാതിഥികൾ.

൨൯൫. [ഖ] ശ്രീ. ചെങ്ങാരപ്പിള്ളി വി. നാരായണൻ പോററി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൺ ഹൗസ്–ൽ ഈ സ്റ്റേററിൽ എത്ര ആളുകളെ സംസ്ഥാനാതിഥികളായി സ്വീകരിച്ചിട്ടുണ്ട്;

(ബി) അവരുടെ പേരുവിവരവും, ഔദ്യോഗികസ്ഥാനങ്ങൾ ഉണ്ടെങ്കിൽ അവയും, അവരെ സ്റ്റേറാതിഥികളായി സ്വീകരിക്കാൻ പ്രേരിപ്പിച്ചവരുടെ സ്ഥാനങ്ങളുടെ ഉന്നതിയും വിവരിച്ച് ഒരു സ്റ്റേററമെൻറ് മേശപ്പുറത്തു വയ്ക്കുമോ;

(സി) ഇവരെ സ്വീകരിക്കുകയും സൽക്കരിക്കുകയും ചെയ്ത ഇനത്തിൽ ഗൺ ഹൗസ്–ൽ ഗവണ്മെൻറിനു ആകെ എത്ര തുക ചെലവായി;

(ഡി) ഇവരുടെ സഞ്ചാരം, സൽക്കാരം, ഭക്ഷണം ആദിയായ ചെലവുകൾക്കായി മേൽക്കാണിച്ച തുകയിൽ നിന്നും ആകെ എത്ര രൂപാ പ്രൈവേററ് ഏജൻസികൾക്ക് നൽകിയിട്ടുണ്ട്;

(ഇ) അങ്ങനെ കോൺട്രിബ്യൂഷൻ ലഭിച്ച പ്രൈവേററ് ഏജൻസികൾ ഉണ്ടെങ്കിൽ അവരുടെ പേരുവിവരം ഈ സഭയെ അറിയിക്കുമോ?

ഉത്തരം.

(എ) ന ഫ പാർട്ടികളെ സ്വീകരിച്ചിട്ടുണ്ട്. ഇതിനുംപുറമെ രണ്ടു സംഘം അതിഥികളേയും കൂടി സർക്കാരതിഥിളായി സ്വീകരിച്ചു. എന്നാൽ അവരുടെ ചെലവ് ഇൻഡ്യാഗവണ്മെൻറ് വഹിക്കുന്നതാണ്.

(ബി) പേരുവിവരവും, ഔദ്യോഗികനിലയും കാണിച്ചുള്ള ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(സി)	ക.	ണ.	സ.
	ഫ വ്യന ഇ ഠ	ന	ഠ
(ഡി)	ക.	ണ.	സ.
	ര ഫൻന	ഫ ഫ	ഠ

(ഇ) പേരുവിവരം അടങ്ങിയ ഒരു സ്റ്റേറ്റുമെൻറ് മേശപ്പുറത്തു വച്ചിട്ടുണ്ട്.†

സർക്കാർവക നെൽക്കൃഷി സ്ഥലങ്ങൾ.

238. [4] ശ്രീ. കെ. കുട്ടപ്പൻ; താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർവക എത്ര നെൽക്കൃഷിസ്ഥലങ്ങൾ ഉണ്ടെന്നും, അവ എവിടെയെല്ലാമാണെന്നും പറയുമോ;

(ബി) കുന്നത്തൂർ താലൂക്കിൽ സർക്കാർ നെൽക്കൃഷി സ്ഥലത്തുനിന്നും വിത്ത് സൗജന്യവിലയ്ക്ക് ഫൻ ഇവ്-ൽ വിൽപ്പനനടത്തിയോ; നടത്തിയെങ്കിൽ എത്ര പറ; വില എന്ത്?

ഉത്തരം.

(എ) താഴെ വിവരിക്കുന്ന അഞ്ച് (ഇ) സർക്കാർവക നെൽക്കൃഷി സ്ഥലങ്ങൾ ഉണ്ട്.

(ഫ) പാഡിഫാറം, നാഗർകോവിൽ.

(വ) പാഡി ബ്രീഡിംഗ് സ്റ്റേഷൻ, മങ്കൊമ്പ്.

(ന) ടി അട്ടർ.

(ര) പാഡിഫാറം, ആലുവാ.

(ഇ) ഗവണ്മെൻറ് സെൻട്രൽ ഫാറം, കല്ലുക്കര.

(ബി) കുന്നത്തൂർ താലൂക്കിലുള്ള സർക്കാർവക നെൽക്കൃഷിസ്ഥലത്തുനിന്നും (ഗവണ്മെൻറ് ഫാറത്തിൽനിന്നും) സൗജന്യവിലയ്ക്ക് ഫൻ ഇവ്-ൽ വിത്തു വിതരണം ചെയ്തിട്ടില്ല.

Manuscript Library.

238 [4] **Shri K. Sattanatha Karayalar:** Will the Minister for Education be pleased to state:

† Please see Appendix III.

(*a*) how many manuscripts there are in the Manuscripts Library;

(*b*) of these how many are Sanskrit, Malayalam and Tamil; and

(*c*) how many manuscripts have been edited and published so far in these three languages?

Answer.

(*a*) There are about 29 900 manuscripts in the University Manuscripts Libr ry.

(*b*) of th se 22,000 manuscripts are in Sanskrit 4,400 in Malayalam and 3,500 in Tamil.

(*c*) 183 manuscripts in Sanskrit and 82 in Malayalam have been edited and pub ished.

അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ.

൨൩൯. [൪] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അത്തുതെങ്ങ് ബോയിസ് ബോർഡ് പ്രൈമറിസ്കൂളിലെ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ എന്ത് ;

(ബി) സംസ്ഥാനത്തെ മറ്റേതെങ്കിലും ഗവണ്മെന്റ് പ്രൈമറി സ്കൂളിൽ ഈ സ്കെയിൽ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ വ്യത്യാസം തുടർന്നുപോകാൻ കാരണമെന്ത് ?

ഉത്തരം.

(എ) ഹെഡ്മാസ്റ്റർ ശ്രീ. ൪ ൦ – ൧ – ൩ ൫ – ൨ – ൭ ൫.
ഒന്നാംഅസിസ്റ്റൻഷ് ടി
മററദ്ധ്യാപകർ പുതുതായി നിയമിക്കപ്പെടുന്നവർ
ശ്രീ. ൩ ൦ – ൧ – ൪ ൦ – ൨ – ൫ ൦.

(ബി) ഇല്ല.

(സി) ടി സ്കൂൾ ഗവണ്മെൻറിൽ നിന്നും ഏറെറടുത്ത അവസരത്തിൽ അവിടെയുണ്ടായിരുന്നവർക്ക് ആ സ്കൂളിൽ നിലവിലുണ്ടായിരുന്ന ശമ്പളസ്കെയിൽ കൂടുതലാണെങ്കിൽ അതുതന്നെ തുടർന്ന് കൊടുത്തു വരുന്നു.

പുതിയസ്കൂളുകൾ.

ചോ. [൧] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ൧൯൫൦-൫൧-ൽ പുതുതായി അനുവദിച്ച പ്രൈമറി മിഡിൽ, ഹൈസ്കൂളുകൾ എത്ര;

(ബി) ഓരോ താലൂക്കിലും അനുവദിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണമെത്ര?

ഉത്തരം.

(എ) സ്വന്തവർഷം ൧൯൫൦-൫൧-ൽ പുതുതായി ൪൭ പ്രൈമറിസ്കൂളുകളും ൪൦ മിഡിൽ സ്കൂളുകളും, ൩൨ ഹൈസ്കൂളുകളും അനുവദിച്ചു.

(ബി) താഴെ കൊടുത്തിരിക്കുന്നു:

	താലൂക്കുകൾ	പ്രൈമറി സ്കൂളുകൾ	മിഡിൽ സ്കൂളുകൾ	ഹൈ സ്കൂളുകൾ
൧.	അഗസ്തീശ്വരം	,,	൧	൨
൨.	കൽക്കുളം	,,	൨	,,
൩.	വിളവംകോട്	,,	൧	,,
൪.	നെയ്യാറ്റിൻകര	,,	,,	൩
൫.	തിരുവനന്തപുരം	൧	൨	൧
൬.	നെടുമങ്ങാട്	൧	൧	൧
൭.	ചിറയിൻകീഴ്	൧	,,	,,
൮.	കൊട്ടാരക്കര	൪	൨	,,
൯.	കുന്നത്തൂർ	൨	൨	,,
൧൦.	പത്തനാപുരം	൧	൩	൧
൧൧.	കൊല്ലം	,,	൧	൧
൧൨.	കരുനാഗപ്പള്ളി	,,	൧	,,
൧൩.	കാർത്തികപ്പള്ളി	,,	,,	൧
൧൪.	പത്തനംതിട്ട	൨	൪	൪
൧൫.	മാവേലിക്കര	൧	,,	൨
൧൬.	അമ്പലപ്പുഴ	൧	,,	൧
൧൭.	ചേർത്തല	൧	,,	൧
൧൮.	തിരുവല്ലാ	൧	,,	൩
൧൯.	ചങ്ങനാശേരി	൨	൫	൨
൨൦.	പീരുമേട്	൧	൧	൧
൨൧.	കോട്ടയം	൨	,,	൧
൨൨.	മീനച്ചിൽ	൧	൨	൨
൨൩.	വൈക്കം	,,	൨	൨
൨൪.	മൂവാറ്റുപുഴ	൩	,,	,,
൨൫.	തൊടുപുഴ	൨	,,	,,
൨൬.	കുന്നത്തുനാട്	൧	൧	൧

൨൯.	തൊടുപുഴ	൩	൨	,,
൨൨.	പറവൂർ	൩	൨	൧
൨൩.	തലപ്പിള്ളി	൩	൧	൧
൩൦.	തൃശ്ശൂർ	൨	൧	൨
൩൧.	മുകുന്ദപുരം	൩	൧	൧
൩൨.	കൊച്ചികണയന്നൂർ	൨	൧	൧
൩൩.	ചിറ്റൂർ	,,	൦	൧

കാളേജുകൾ.

൨൪൨. [൯] ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ സംസ്ഥാനത്തു ആകെയുള്ള കാളേജുകളുടെ എണ്ണം എത്ര;

(ബി) ഈ കാളേജുകളിൽ വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികളുടെ മൊത്തം എണ്ണം എത്ര;

(സി) ഇതിൽ വിദ്യാർത്ഥികൾ എത്ര; വിദ്യാർത്ഥിനികൾ എത്ര?

ഉത്തരം.

(എ) ൪൩ കാളേജുകൾ.

(ബി) ൨൭൩൪൯.

(സി) ൨൨൦൦൬ വിദ്യാർത്ഥികൾ ൫൩൪൨ വിദ്യാർത്ഥിനികൾ

Complaints against Police.

242 (9) **Shri P. V. Avira Tharakan:** Will the Minister for Home Affairs be pleased to state:

(*a*) whether it is a fact that one Mr. Kochuraman was beaten by the Police at Anthicadu at the premises of the Police Station;

(*b*) whether a petition was received by the Inspector General of Police about this ; and

(*c*) if so, what steps have been taken?

Answer

(*a*) Till enquiry is completed this cannot be answered.

(*b*) A petition was received by the Inspector General of Police on 16-1-53. from one Kochuraman, Anthikad, alleging that he was assaulted by two Police constables of Anthikad Station.

(*c*) The complaint is under enquiry by the District Superintendent of Police, Trichur.

ലിഫ്റ്റ് ഇറിഗേഷൻ

244 [12] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി കുണയന്നൂർ താലൂക്കിൽ വെള്ളാരപ്പിള്ളി വില്ലേജിൽ കൃഷിക്കു ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തിയിട്ട് എത്ര കൊല്ലമായി;

(ബി) ഒരേക്കർ നിലത്തിന് ഇപ്പോൾ എത്ര ഉറപ്പിക നിർവാരം പിരിക്കുന്നുണ്ട്;

(സി) ഫൻർവ്വ-ൽ ഏക്കറിന് നിർവാരം എത്ര ഉറപ്പിക പിരിച്ചിരുന്നു?

ഉത്തരം

(എ) അഞ്ചുകൊല്ലം.

(ബി) പൂവൊന്നിന് ഒ ത്ര രൂപാ വീതം.

(സി) മുണ്ടകൻ കൃഷിക്ക് പത്തും, പുഞ്ചകൃഷിക്ക് ഏ ഴ-ം രൂപാ വീതം പിരിച്ചിരുന്നു.

Paddy cultivation.

244 (12) **Shri T. S. Ramaswami:** Will the Minister for Finance be pleased to state:

(*a*) the area under paddy cultivation and the amount of paddy procured during the last four years in the taluks of Chirayinkil, Trichur, Chittur, Kottayam and Mavelikkara; and

(*b*) the rate of levy in these taluks?

Answer

(*a*) & (*b*) The answer is furnished in the Statement appended. †

Police to Direct Traffic.

245 (14) **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(*a*) how many Police are generally posted for traffic control in the Thiruvalla town;

† Please see appendix IV.

(*b*) at what all points these police are posted;

(*c*) are these police looking into the fact of bus owners and lorry owners keeping them in the M. C. road day and night without anybody in it; and

(*d*) will the Police be directed to take action with reference to the same?

Answer

(*a*) Two Police Constables.

(*b*) S. C. S. Junction.

(*c*) Buses and lorries are not permitted to be garaged on the road side. Buses are parked on road side near the starting point for p ssengers to board the bus.

(*d*) Police have been instructed to prevent buses and lorries being garaged on roadside.

വിദ്യാർത്ഥി മർദ്ദനം

ചോ. ൪൯. [൧൭൭] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൭൨ ഡിസംബർ ൨൩-ാം കളമശ്ശേരി പോളിടെക്നിക്ക് സ്കൂളിലെ വിദ്യാർത്ഥികളെ കമ്യൂണിസ്റ്റ് വിരുദ്ധമുന്നണിക്കാർ കുത്തി മുറിപ്പെടുത്തിയതിനെപ്പററി വിദ്യാർത്ഥികളുടെ ഒരു നിവേദനം ചീഫ്മിനിസ്റ്റർക്ക് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടപ്പള്ളി സ്റ്റേഷനിൽ നിന്ന് ക്രൈം നമ്പർ ൫൪/൧൯൭൨ ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വേണ്ട അന്വേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

സംസ്കൃതകാളേജിൽ നിന്നും വിജയികളായവരുടെ എണ്ണം

ചോ. ൫൧. [൧൭൮] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവനന്തപുരം സംസ്കൃത കാളേജിൽ നിന്നും ൧൯-ൽ എത്രപേർ ഡിഗ്രികോഴ്സുകൾക്കു പരീക്ഷയ്ക്കു ചേർന്നിരുന്നു.

(ബി) അവരിൽ എത്രപേർ വിജയികളായിത്തീർന്നു.;

(സി) അവർ സമ്പാദിച്ച ഡിഗ്രികൾ യഥാക്രമം എന്തെല്ലാമായിരുന്നു.

ഉത്തരം

(എ) ഇരുപത്തിഏഴ്

(ബി) ഏഴ്

(സി) ബി. എ. ഡിഗ്രി

സെക്രട്ടേറിയററ് സർവ്വീസിലെ പട്ടികജാതിക്കാർ

൨൪൭. [൧൭] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പട്ടികജാതി വിഭാഗങ്ങളിൽനിന്നും എത്രപേർ ഇപ്പോൾ ഗവണ്മെൻറ സെക്രട്ടേറിയററ് സർവ്വീസിൽ ഉണ്ട് ;

(ബി) അവരിൽ ക്ലാർക്കുസർവ്വീസുകാർ ആരെല്ലാമാണ് ;

(സി) ഇവരുടെ പരീക്ഷായോഗ്യത എന്തെല്ലാം?

ഉത്തരം

(എ) പതിനാറ്

(ബി), (സി)

൧. പി. കെ. കുഞ്ഞൻ എം. എ, ശാസ്ത്രി ടെസ്ററ്, അക്കൌണ്ട് ടെസ്ററ്. (സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെൻറിൽ മററു ജോലിയിൽ ഇരിക്കുന്നു).

൨. ററി. വി. കേശവൻ. ഇ. എസ്. എൽ. സി. അക്കൌണ്ട് ടെസ്ററ് (മററുജോലിയിൽ രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ).

൩. വി. സുബ്രഹ്മണ്യം. ബി.എ. അക്കൌണ്ട് ടെസ്ററ്.

൪. ആർ. ഗോപാലപ്പണിക്കർ. അക്കൌണ്ട് ടെസ്ററ്

൫. വി. കെ. കുട്ടൻ ബി. എ.

൬. ടി. ഐ. താതി. സ്കൂൾഫയിനൽ, സിവിൽ അക്കൗണ്ട് റവന്യൂ ടെസ്ററ്

൭. കെ. ഗോപാലൻ. ബി. എ.

ഫിഷറി വിദ്യാലയങ്ങൾ

൨൪൮. [൧൮] ശ്രീ. രാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറി വിദ്യാലയങ്ങൾ തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര;

(ബി) ഫിഷറിമിഡിൽ സ്കൂളുകൾ എത്ര;

(സി) ൧൯൫൦-നുശേഷം സ്ഥാപിച്ച ഫിഷറിസ്കൂളുകൾ എത്ര?

ഉത്തരം

(എ) എട്ട്

(ബി) രണ്ട്

(സി) ഫൻ ര ഗ്രേഡ്ശേഷം ഫിഷറി സ്കൂളുകൾ സ്ഥാപിച്ചിട്ടില്ല.

തടങ്കൽ

൨൪൦. [൨൨] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര കാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പല്ലികുട്ടിൽ കൃഷ്ണനെഴുത്തച്ഛൻ എന്നൊരാളെ തൃശ്ശൂർ (രാമവർമ്മപുരം) റിസർവ്വ് ക്യാമ്പിലെ ഒരു കോൺസ്. പി. മി. മർദ്ദിച്ചു നിയമവിരുദ്ധ തടങ്കലിൽ വെച്ചതായി ഒരു പരാതി ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിനെപ്പററി അന്വേഷണം നടത്തി നടപടി എടുക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഫിഷറി ഡയറക്ടർ

൨൪൧. [൨൪] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെപറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറി ഡയറക്ടരായി ഇടക്കനിയമിച്ച മി. ഗോപിനാഥപിള്ളയ്ക്ക് ഫിഷറി സംബന്ധിച്ച് എന്തെങ്കിലും പ്രത്യേക ഡിഗ്രികളോ, യോഗ്യതകളോ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവ എന്തെല്ലാം;

(സി) മി. ഗോപിനാഥപിള്ളയുടെ നിയമനം നടക്കുമ്പോൾ മററാരുടെയെങ്കിലും ന്യായമായ അർഹതയെ നിഷേധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണമെന്ത്;

(ഇ) മുൻപ് ഫിഷറി ഡയറക്ടരായിരുന്ന മാന്യനെ മാററുന്നതിനും, പകരം നിയമിക്കുന്നതിനും ഉണ്ടായ കാരണങ്ങൾ എന്ത്?

ഉത്തരം

(എ) ഉണ്ട്

(ബി) മി. ഗോപിനാഥപിള്ള ഒരു M. Sc., (Zoology) ബിരുദധാരിയാണ്. അദ്ദേഹത്തിന് ഫിഷറി സംബന്ധിച്ച് ൫ മാസക്കാലം മലയായിലും, ൩ മാസക്കാലം ലിവർപൂളിലെ Marine Boiology station ലും പരിശീലനം സിദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ ഏട്ടുകൊല്ല നിനിടക്ക്

മത്സ്യവ്യവസായം സംബന്ധിച്ച് പല ഗവേഷണങ്ങളും നടത്തിയിട്ടുള്ളതും, പല ലേഖനങ്ങളും, പുസ്തകങ്ങളും മി. പിള്ള പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഫിഷറി ഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടറായും, ന്യൂ മാസക്കാലം സൂപ്രണ്ടിൻെറ ചാർജ്ജായും ജോലിനോക്കിയിട്ടുണ്ട്. Research Assistant, Marine Biologist തുന്നിനിലകളിൽ അദ്ദേഹത്തിന് ഫ്ര കൊല്ലത്തോളം University യുടെ കീഴിലും സർവ്വീസുണ്ട്.

(സി) ഇല്ല

(ഡി) ഉദിക്കുന്നില്ല

(ഇ) ഗവണ്മെൻറ് നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന മത്സ്യവിക സനപദ്ധതികളുടെ ഏകീകരണത്തിനും, പ്രവർത്തനത്തിനും ഈ വിഷയംസംബന്ധിച്ച് കൂടുതൽ സാങ്കേതികപരിജ്ഞാനം ഉള്ള ഒരാളിൻെറ സേവനം ആവശ്യമാണെന്നു കണ്ടതു കൊണ്ടാണ് ഗവണ്മെൻറ് ഇപ്രകാരം ചെയ്തിട്ടുള്ളത്.

ഗവണ്മെൻറിനു ഓഹരിയുള്ള കമ്പനികൾ

൨൫൨. [൨൫] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ പ്രവർത്തനം നടത്തുന്ന കമ്പിനികളിൽ ഓഹരി ഇനത്തിലും കടമായും ഗവണ്മെൻറ് ൧൯൫൨ അവസാനംവരെ എന്തു സംഖ്യകൂടി മുടക്കിയിട്ടുണ്ട്;

(ബി) ൧൯൫൨-൫൩-ൽ ഏതെല്ലാം കമ്പിനികളിൽനിന്നും എന്തു ശതമാനം വീതം ആദായംകിട്ടിയിട്ടുണ്ട്?

ഉത്തരം

(എ) തിരുവിതാംകൂർ-കൊച്ചിയിൽ പ്രവർത്തനം നടത്തുന്ന ൨൩ കമ്പിനികളിലായി, ഗവണ്മെൻറ് ൪൨ വ്യ, ൯ ൪, ന്യ ൦൩-൧ ൧-വ്യ- രൂപാ ഓഹരി ഇനത്തിലും ൨ ൧ ൪, ൧൯, ൫ ൭വ്യ—൩—൭ കടമായുംമുടക്കിയിട്ടുണ്ട്.

(ബി) ൧൯൫൨—൫൩ വർഷത്തിൽ ഇതുവരെ ഗവണ്മെൻറിന് ൯ കമ്പനികളിൽനിന്നും ഡിവിഡൻറുവകയായി തുകകൾ കിട്ടിയിട്ടുണ്ട്. ഡിവിഡൻറ്കളുടെ ശതമാനം മുതലായവ അനുബന്ധത്തിലുണ്ട്.*

Pumps.

253 (26) **Shri M. William:** Will the Chief Minister be pleased to state:

(*a*) how many pumps are kept by the Agricultural Department in the southern division;

(*b*) how many of them are in working condition;

* Please see Appendix V.

(c) how many applications were made by the ryots for pumps in 1952;

(d) how many pumps were given on hire to the ryots in the southern division; and

(e) will the Government be pleased to keep at least in future half a dozen pumps in Vilavancode Section and quarter dozen in Kalkulam section?

Answer

(a) 22

(b) 11

(c) 57

(d) 9 pumpsets were issued on hire to about 25 parties, by turns.

(e) A reasonable number of pumpsets is kept at the offices of the Agricultural Inspectors of Vilavancode and Kalkulam. The pumpsets are however to be moved to different taluks in the Trivandrum Division as and when required to meet the local situation.

12 NOON

The Holdings (Stay of Execution Proceedings) Act (Amendment) Bill.

Mr. Speaker: The time for interpellation is over. We will go on with legislative business.

Shri Panampilli Govinda Menon: Sir, I present the report of the Select Committee on the Holdings (Stay of Execution proceedings Act (Amendment) Bill. May I in this connection make a request? The presentation of the report has been made. The existing Act expires on the 24th March this year. I therefore request the Chair to allot time for consideration and passing of the Bill some day before the 24th March. I would suggest that time may be allotted on the 20th or 21st of March, if necessary, after 5 P. M.

Mr. Speaker: Is it agreeable to the House? The Act expires on the 24th of this month. Therefore it is incumbent that this Bil is passed before that date. May I allot 20th March for consideratior of the Bill after 5 o' clock?

The House agreed to the suggestion.

Mr. Speaker: Then we will proceed with the further consideration of the Bill on the 20th and, if necessary, on the 21st also, after 5 o' clock after the regular financial business is over.

Voting of Demands for Grants (*Contd.*)
Demand II - Land Revenue

Mr. Speaker: We will now proceed with the voting of Demands for Grants—Land Revenue.

The hon. Minister in Charge will move the Demand.

Minister for Revenue (**Shri A. Chidambaranatha Nadar**): Sir, I move for a grant of Rs. 21,54,000 under Demand II - Land Revenue.

Shri A. J. John: I second the motion.

Mr. Speaker: Let a substantial cut under (b) be moved. first. That stands in the name of Mr. Krishnankutty Warrier. He will move that motion first.

Shri K. V. Krishnankutty Warrier: Sir, I move to omit the allotment of Rs. 15,000 for contingencies—supply of paddy to palace.

സർ, ഈ ലാൻഡ് റവന്യൂ ഡിമാൻറിന് ഒന്നാമത്തെ ഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതിന് അവസരം ലഭിച്ചതിൽ ഞാൻ സന്തോഷിക്കുന്നു.

സർ, ഈ ഖണ്ഡനോപക്ഷേപത്തെപ്പററി ഇവിടെ ചർച്ച നടത്തുമ്പോൾ ഈ ഗവണ്മെൻറിൻെറ ഭൂനയത്തെപ്പററി ഗൗരവമേറിയ ഒരു ചർച്ച നടത്തേണ്ടതായിട്ടുണ്ട്.

Mr. Speaker: You Cannot discuss the policy in general of the Land Revenue Department, on this cut motion.

Shri K. V. Krishnankutty Warrier: I am not discussing the general policy. ഭൂനയത്തെപ്പററി പൊതുവെ ഒരു ചർച്ച ഇവിടെ നടക്കുന്നതിനു എൻെറ ഈ ഉപക്ഷേപം ഒരു മുഖവുരമാത്രമായിരിക്കും എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ബഡ്ജററിൽ,

Supply of paddy to palace	Rs.	15,000
Expenditure in connection with Amirtari	,,	2,500

എന്നും, അതിൻെറ ചുവട്ടിൽ,

Transport charges of Amirtari	,,	3,000

എന്നും കാണുന്നു. ഇതിൽനിന്നും ഞാൻ മനസ്സിലാക്കുന്നതു് അല്ലെങ്കിൽ മനസ്സിലാക്കിയിട്ടുള്ളതു്, ശരിയല്ലെങ്കിൽ റവന്യൂമന്ത്രി എന്നെ കറക്റ്റ

ചെയ്യുമെന്നു ഞാൻവിശ്വസിക്കുന്നു. രാജകുടുംബത്തിലെയ്ക്കു ആവശ്യമുള്ള നെല്ല് മുഴുവനും സംഭരിച്ചുകൊടുക്കാനുള്ള ചുമതല ഗവണ്മെൻറ് ഏറ്റെടുത്തിരിക്കുന്നു എന്നാണ്. ൧൫,൦൦൦ രൂപ രാജകുടുംബത്തിലെ ആവശ്യത്തിനു നെല്ല് വാങ്ങിക്കൊടുക്കുന്നതിനായിട്ട് ഗവണ്മെൻറ് ചെലവാക്കുന്നു; അതു കൂടാതെ അത് അവിടെ എത്തിച്ചുകൊടുക്കുന്നതിനായി വേറെയും ആറായിരം രൂപയോളം ചെലവുചെയ്യുന്നു. ഈ രാജ്യത്തു രാജഭരണം അവസാനിച്ചു എന്നും, അവസാനിപ്പിച്ചു എന്നും ചിലർ പറയുന്നുണ്ട്. പക്ഷെ ഇന്നു രാജകുടുംബത്തിലെ ആവശ്യത്തിനു നെല്ല് വാങ്ങിച്ചു എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി ഇത്ര വളരെ പണം ഗവണ്മെൻറ് എന്തിനു ചെലവാക്കുന്നു എന്നു മനസ്സിലാകുന്നില്ല. ഈ ൧൫,൦൦൦ രൂപയ്ക്കു അമ്പതരി രാജകുടുംബത്തിലെയ്ക്കു വാങ്ങിക്കുന്ന കണക്കു നോക്കിയാൽ ശരാശരി ഒരു ദിവസം പത്തുപറ അരി പാലസിലേയ്ക്കു ചെലവുണ്ടെന്നാണു കാണുന്നതു്. ഇവിടെ സാധാരണ ഒരാളിനു നാലര ഔൺസ് അരിയാണ് റേഷനായി ഒരു ദിവസത്തേയ്ക്ക് അനുവദിച്ചിരുന്നതു്. അരി റേഷൻ ഇപ്പോൾ ൩ ഔൺസുവരെ കുറയ്ക്കുകയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. ഈ നിലയ്ക്ക് രാജകുടുംബത്തിലെ ആവശ്യത്തിനു ദിവസം പത്തുപറ അരി എന്നു കാണുമ്പോൾ എന്തു വ്യവസ്ഥയിലാണ് നാം ഇങ്ങനെ ചെലവുചെയ്യുന്നതു് എന്നു ആലോചിക്കേണ്ടിയിരിക്കുന്നു. വ്യക്തിപരമായി യാതൊന്നും ഞാൻ പറയുന്നില്ല. ഒരു വ്യവസ്ഥയെപ്പററി പറയുകയാണ്. രാജവാഴ്ചയെപ്പററി പറയുമ്പോൾ ക്ഷോഭിക്കാൻ ഇടയുള്ള കാൺഗ്രസ്സുകാർ എന്തും പറഞ്ഞുകൊള്ളട്ടെ. ഒരു നാടുവാഴിത്തജന്മിത്വവ്യവസ്ഥയാണ് ഇന്ന് ഇവിടെയുള്ളതെന്നുള്ളകാര്യം സ്പഷ്ടമാണ്. ഈ വ്യവസ്ഥയുടെ മൂർത്തീകരണരൂപമായ ഒന്നാമത്തെ ആളാണ് ഇവിടത്തെ രാജപ്രമുഖൻ. ഈ വ്യവസ്ഥ ഉറപ്പിക്കാൻവേണ്ടി ദിവസം പത്തുപറ അരിവീതം കൊട്ടാരത്തിലെ ആവശ്യത്തിനു കൊടുക്കണം, അതു് അവിടെ സപരിവാരം എത്തിച്ചുകൊടുക്കണം, അതു ഗവണ്മെൻറ ചെലവിലും ഗവണ്മെൻറിൻെറ ചുമതലയിലും വഹിക്കണം എന്നുള്ള സംഗതി ഈ സഭയിലുള്ള എല്ലാ അംഗങ്ങളും ശരിക്കു മനസ്സിലാക്കണം എന്നാണ് എൻെറ അപേക്ഷ. രാജപ്രമുഖൻെറ മാതൃക ജനങ്ങൾക്കു ഒരു മാതൃകാപാഠമായിരിക്കണം. പക്ഷെ ദിവസേന പത്തുപറ അരി വാങ്ങിക്കുന്ന മാതൃക ജനങ്ങൾ ആഗ്രഹിക്കാത്തതാണ് എന്നു എനിക്കു പറയുവാനുണ്ട്.

കുറച്ചുകൊല്ലംമുമ്പു കൊച്ചിയിലെ രാജകുടുംബാംഗങ്ങൾക്കു ഓരോരുത്തർക്കും ഒരു മാസത്തേക്കു മൂന്നുചാക്ക് അരിവീതമാണ് നീക്കിവയ്ക്കാറുള്ളതു എന്നു ഞാൻ അനുസ്മരിപ്പിക്കുന്നു. അവിടെ ഏകദേശം മുന്നൂറ് അംഗങ്ങളോളം ഇത്രിനെയുണ്ടായിരുന്നു. ഈ തിരുവിതാംകൂർ രാജകുടുംബത്തിലാണെങ്കിൽ വളരെ കുറച്ചു അംഗങ്ങൾ മാത്രമെയുള്ളൂ. ഇവിടെ ഒരു കുടുംബത്തിന് പത്തുപറ അരി ഒരു ദിവസത്തെ ആവശ്യത്തിനുവേണ്ടി നീക്കിവച്ചിട്ടുണ്ട് എന്ന കാര്യം ജനകീയമാതൃകയ്ക്ക് ലജ്ജാവഹമാണെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഇവിടെയുള്ള ജന്മിമാരുടെ കൈയിൽനിന്നും പിരിച്ചെടുക്കാവുന്ന നെല്ല് മുഴുവനും സംഭരിച്ചു വിതരണം നടത്താൻ വേണമെങ്കിൽ നമുക്കു സാധിക്കും. പക്ഷെ ഗവണ്മെൻറ് ഇന്നു ഇതിനു ഒരുമ്പെടുന്നില്ല. ജന്മിമാർക്കു സ്വതന്ത്രസ്വാതന്ത്ര്യമാണ് ഇന്നു

[ശ്രീ. കെ. ടി. കൃഷ്ണൻകുട്ടി വാര്യർ.]

ഇവിടെ ഗവണ്മെൻറ നൽകിയിരിക്കുന്നതു്. അവർക്ക് ധാരാളം പണം ഉണ്ടു്. ബാംകുനിക്ഷേപങ്ങളുണ്ടു്. പുതു ഭക്ഷണവും അവർക്കു വാങ്ങി ഭക്ഷിക്കാം. പാലുവാങ്ങിക്കാൻ പണമുണ്ടു്; പഞ്ചസാര വാങ്ങികഴിക്കാൻ പണമുണ്ടു്; തേനും നെയ്യും വാങ്ങികഴിക്കാൻ പണമുണ്ടു്, ഇതിലേയ്ക്കു അവർക്കു വേണ്ട സൗകര്യങ്ങളുമുണ്ടു്. അവരുടെ ആവശ്യങ്ങൾക്കു സഹായിക്കാനായി ധാരാളം ഉദ്യോഗസ്ഥന്മാർ ഉണ്ടു്. ഇങ്ങനെ പല അനുകൂലസാഹചര്യങ്ങളും അവർക്കുണ്ടു്. പക്ഷെ റേഷൻ കിട്ടുന്ന അരിമാത്രം വാങ്ങിച്ചു് ആഹാരം കഴിക്കുന്ന സാധാരണക്കാരായ ജനങ്ങളാണു് ഈ ഐക്യകേരളത്തിലെ പക്ഷം ജനങ്ങളും. അവരുടെ ആഹാരകാര്യത്തിനു് ഒരു പരിഹാരം കണ്ടുപിടിക്കണം. അവർ കയ്യിലുള്ള പണംകൊണ്ടു റേഷൻകിട്ടുന്ന അരി മാത്രം വാങ്ങിക്കുന്നവരാണു്. മററു സാധനങ്ങൾ വാങ്ങിക്കുന്നതിനു് റേഷനരിപോലും വാങ്ങാനാകാതെ അവർക്കു പണത്തിനു പുഴികാണുന്നില്ല. ജന്മിമാരുടെ പക്കലായിൽ നെല്ലും അരിയും സംഭരിച്ചു ഇഷ്ടമുള്ള വിലയ്ക്കു വിൽക്കാൻ സമ്മതിക്കാതെ ആ നെല്ലു മുഴുവനും സർക്കാരിലേയ്ക്കു സംഭരിക്കുന്ന നയം ഇവിടെ അത്യാവശ്യമാണു്. ജന്മിമാർ റേഷൻപ്രകാരമുള്ള അരി വാങ്ങികഴിഞ്ഞുകൊള്ളട്ടെ. പക്ഷെ, ഇന്നധികാരത്തിലിരിക്കുന്ന കാൺഗ്രസ്സു് ഗവണ്മെൻറിൻെറ കീഴിൽ നാം പുരോഗമനപരമായ എന്തെങ്കിലും പ്രതീക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

സർ, ഞാൻ ഇവിടെ ഈ ഉപക്ഷേപം ഹാജരാക്കിക്കൊണ്ടു ഇവിടുത്തെ രാജപ്രമുഖൻെറ കുടുംബത്തിലേയ്ക്കു ഒരു ദിവസം പുഴുക്കലരി അരിവീതം ഗവണ്മെൻറ ചെലവിൽ നൽകുന്നതു് ഭരണഘടനയിൽ Status of equality എന്നു പറഞ്ഞിരിക്കുന്നതിനു വിപരീതമാണു് എന്നുകൂടി വ്യക്തമാക്കുവാനാഗ്രഹിക്കുന്നു. നോക്കണം ഇവരുടെ അടിമമനോഭാവം, ഇൻഡ്യയിലെ റിപ്പബ്ലിക്കൻ ഭരണഘടനയിൻകീഴിൽ ചിലർ ഇവിടെ രാജാവിനോടുള്ള ഭക്തിബഹുമാനങ്ങൾ കാണിക്കുന്നതുകണ്ടാൽ, രാജാവിൻെറ പുറകിൽ വാളുംപിടിച്ചു് മന്ത്രിമാർ അകമ്പടിസേവിച്ചു പോകുന്നതുകണ്ടാൽ ഇവർ പൂവിട്ടാരാധിക്കുന്നതു പഴകി ജീർണ്ണിച്ച ഒരു വ്യവസ്ഥയെയാണെന്നു കാണാം.

Shri A. A. D. Luiz : Sir, I rise to a point of order. Is it proper to refer to His Highness the Rajpramukh in this House?

Mr. Speaker: Probably the member is under the impression that the whole rice is eaten by the Rajpramukh.

ശ്രീ. കെ. ടി. കൃഷ്ണൻകുട്ടി വാര്യർ : അല്ല; സർ, രാജപ്രമുഖനോ കുടുംബാംഗങ്ങളോ ഗണപതിമാരാണെന്നു ഞാനിവിടെ പറഞ്ഞിട്ടില്ല. രാജപ്രമുഖൻെറ ഫാമിലിയെസംബന്ധിച്ചു ഗവണ്മെൻറ കാണിക്കുന്ന നാടുവാഴിത്തഭക്തിയെ ചൂണ്ടിക്കാണിക്കുവാനാണു് ഞാൻ ഇതു ഇവിടെ പറഞ്ഞതു്. "അമ്മാതിരി ഉപഹാരങ്ങൾ ഇതു കൊടുക്കാരുടെ കൈയിൽ ഏൽപ്പിച്ചുകൊടുക്കുന്നതിനുള്ള ചുമതല കാൺഗ്രസ്സു് ഗവണ്മെൻറ ഏറെറടുത്തിരിക്കുന്നതിനെപ്പററിയാണു ഞാൻ സൂചിപ്പിച്ചതു്. ജനങ്ങൾക്കു ആവശ്യമുള്ള റേഷൻ ശരിയായി നൽകാൻ കഴിയാത്ത ഈ കാലഘട്ടത്തിൽ ജനങ്ങൾ ആഹാരത്തിനുവേണ്ടി വളരെ വിഷമിക്കുന്ന ഇക്കാലത്തു് ഈ അമ്മാതിര

വ്യവസ്ഥ ജനങ്ങൾക്ക് ഇഷ്ടമില്ലാ ഒന്നാണ്, [illegible] കാര്യം സമയത്തെ ദൃഷ്ടിയിൽപ്പെടുത്തിക്കൊള്ളുന്നു. രാജപ്രമുഖന് [illegible] ശ്രീമൂലം ട്രസ്റ്റിയുടെ [illegible] സംബന്ധിച്ചും രാജകുടുംബത്തിന്റെ ട്രസ്റ്റുകളെ സംബന്ധിച്ചും ഈ സഭയിൽ ചർച്ചകൾ നടക്കുമെന്നും [illegible] നിശ്ചയം. ഈ അഭിപ്രായങ്ങളോടുകൂടി ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Shri Panampilli Govinda Menon : Sir, I wish to make a statement on one portion of what the hon. Member for Irinjalakuda said. He is under a wrong impression if he thinks that anybody in the State gets any ration from the Food Department more than at the rate at which any other man gets it. No one in the State is getting anything more than 6 ounces of rice per head per day. The provision in the Budget referred to by the member refers to some other matter and, I am sure, the Minister in charge will explain it.

Shri P. S. Nataraja Pillai: Was there any expenditure incurred on this item during 1951-52?

Shri Panampilli Govinda Menon: Not that I know of. The hon. Member referred to some additional quota given to certain people. It is all wrong. There is no such system.

ശ്രീ. കെ. സി. കുഞ്ഞൻകുട്ടി നായർ : സർ, ഞാൻ [illegible] പറഞ്ഞിട്ടുള്ളതു്.

Mr. Speaker: You made some statement about some jenmies. I will ask those gentlemen who have sent cut motions under the title "Land Revenue Collections", to move their motions along with this. Thereby the whole of the sub-head (b) may be discussed together. Is it agreeable? This is only a specific cut. I will call upon Mr. P. S. Nataraja Pillai to move cut motion No. 3, in the list.

(The House signified its assent.)

Shri P. S. Nataraja Pillai: I move

"To reduce the allotment of Rs. 7,61,500 for pay of Establishment" by Re. 1..

Shri O. C. Ninan: On a point of information. Can persons who have sent cut-motions on these general cuts also speak on this?

Mr. Speaker: Yes; the other day I put it to the hon. Members, but nobody came forward to speak. Mr. Nataraja Pillai.

Shri P. S. Nataraja Pillai: This sub-head covers the charges on account of land revenue collections. The first point which I would like to place before the House is about the application of the Land Conservancy Act. It is a fundamental duty of this Department not only to collect revenue but also to enforce the Land Conservancy Act to see

[Shri P. S. Nataraja Pillai.]

that the Government lands are disposed of and are administered according to the laws laid down in the country. We know that land is a fixed asset and is the most important potent source of wealth in this country. Taken along with that, when you consider the density of population, there is bound to be a race or a hunger for land in our country. The conception now accepted by the State is, land not owned by the private individuals by a process accepted by Government, lands other than these - are in possession of and owned by the State as State lands. In that category, we get the unregistered waste, the reserved forest areas and the unregistered poramboke lands which are in the possession of Government and available with Government for disposal according to the laws that prevail in the country.

Shri E. P. Varghese : Are these found out by the Revenue Inspectors ?

Shri P. S. Nataraja Pillai : That is exactly the duty of the Revenue Inspectors. They have to inspect the registered land, and if he finds out that the unregistered land is in possession of that holder, then, the Revenue Inspector has the duty of taking action under the Land Conservancy Act. Then it becomes the duty on him to see to the application of that law. I understand my friend Mr. E. P. Varghese why he raised the question. It is to ascertain whether this will form part of the Revenue Inspector's duty.

One peculiar feature we find today in this country is that poramboke and waste lands are now under unauthorised occupation. This is not a statement made from the non-official side, but from the Treasury Benches as well. Time and again, there have been statements that large tracts of land both in the North, Central and South Travancore have been unauthorisedly occupied by trespassers and more than once, the Treasury Benches came before this House for amounts to have temporary survey staff to demarcate lands and to remove the encroachments. More than that, for specific questions from this side, Government have conceded that more than 13,000 acres of kanipattu lands in and about Neyyattinkara, and more than 60,000 acres in Peermade and Devicolam are under unauthorised occupation. My purpose in bringing this matter for discussion in this House is to know what the policy that is laid down by this Government is, and to know what is the policy which the Government pursues to remove this unauthorised occupation. If I remember correctly, the party in power who run the administration, some few years ago raised the slogan of asking people from the low lands to go to the highlands and occupy them without proper

and adequate arrangement. They never demarcated the land nor did they allocate nor did they enter into terms of agreement under the kuthakapattom rules nor did they register the lands in the name of the people who went over to the hills and began cultivation. It was with the active connivance of the party in power which runs the administration that this unauthorised occupation has come in. That is my reading of the situation. Government themselves and the party in power began to effect the transgression of law by aiding the people to occupy Government lands unauthorisedly. We find today in Nemom and Ottasekharamangalam and Kunnathukal pakuthies of the Neyyattinkara taluk, large areas of kanipattam lands are being occupied by persons without any authority, and permanent improvements have also been made. What is the position now ? What is the Government doing ? I remember one day my hon. friend the Minister for Revenue was saying in this House, whether one is a millionaire or a pauper, Government looks at them with the same impartiality and the hand of law will be mercilessly placed on both with equal effect. But, Sir, we find people with some influence occupying the lands continuously and cultivating and taking profit from them, and setting at naught the orders of the local Tahsildar, the orders of the Collector and getting stay orders to continue in possession. From my personal knowledge, I may say, Sir, that I have seen houses being put up costing Rs. 10,000 or so on poramboke lands and which, in spite of the earnest efforts of the local authorities, still continue in the trespasser's possession. Not only that. Trespassers are cultivating acres of paddy lands, trespassed upon from poramboke lands and continuing to be in possession of them, in spite of the earnest efforts of the Tahsildars and Collectors. How does it occur ? Are the Government sincere in their profession that they are not going to allow unauthorised occupation of poramboke lands ? If that be true, and if they are honest in their professions, what steps do they propose to take ? Putting it in the other aspect, I make a suggestion which I am not bound, nor entitled to give, but as a citizen of the State, I feel that the time has come when the Government and the Members in this House should take note of this aspect and solve the question once and for all. Lands should be handed over to really deserving persons. There must be a test before that. They should not allow to accumulate lands in the hands of a few rich magnates. We must distribute lands on the basis of Co-opervative cultivation to poor landless people, and the actual tillers of the soil. A scheme may be devised and an agency may be instituted to go into the question and allot lands on kuthakapattom rules with specific condition for cultivation and enforce the law without looking at personalities. Sir, I am tempted to make these remarks because

[Shri P. S. Nataraja Pillai.]

I know the local Tahsildar and the local Collector applied to Government not once but more than three or four times to send up a police party in the kanipattu area to prevent encroachments. Once, under the Land Conservancy Act, the trespassers were ousted by the revenue authorities. As soon as the authorities returned, the people entered upon the lands and occupied the lands. To prevent that, the local Tahsildar and the Collector reiterated not once, but more than half a dozen times, to Government to post a police party to prevent the people from getting into these lands after eviction. But Government do not care to do it. What does that indicate ? It indicates only this,—that Government are not sincere or honest in their professions or intentions. I really implore them to take note of the effect of abetting violations of law. Then it is not this law alone people are tempted to violate. Other laws will also be violated, and it will become a habit. That being so, I earnestly plead that Government should devise an agency which will go into the whole question of this encroachment and Government should authorise that agency to evict unauthorised occupation and at the same time settle the land on fair principles to deserving persons for cultivation. That is the aspect which I have to point out to the House.

The other matter refers to the collection, and the application of the revenue recovery laws. That law is primarily intended to recover the revenue due to the State. Should that law now be utilised for recovering revenue from other lands for others ? Now, Sir, in the past, before the Constitution came into force, the Government had various relationships with the landlords and tenants. Now, that is gone. In the eye of the law, today, there is no privileged class. There is no ground, no agency, through which any party could claim privileges that are equal to the State. I say these things here, because the revenue recovery regulations are being applied for realising the dues from Sripadom lands too. If I understand it properly, the terms of the covenant make it very clear, Sir, that before 1st September, 1949, the Ruler of Travancore has to make it definite by submitting a list of all the private properties that are held by him as his private and personal properties. If that has not been done, the Ruler of Travancore, as a citizen, today can only have those properties that have been listed as private properties. Now, Sripadom property was considered as a kind of crown lands. And the laws of the State were applied to those lands. Now, if I understand correctly, the enfranchisement process is being adopted

by the Sripadom servants. Lands have been in the possession of private citizens for hundreds of years—for generations. Now, enfranchisement proceedings are being started by the Department on behalf of the Sripadom lands. Will it be legal, will it be right ? What is the relationship of the Sripadom owners with Sripadom tenants ? Is it private contract ? Is it the relationship of the landlord and tenant that exists there also ? Does the State come in between the landlord and the tenant, and should this State lend its support of the law to recover the dues for the landlord from the tenant ? These are all problems that have to be considered.

Mr. Speaker : Are they crown lands now or private property?

Shri P. S. Nataraja Pillai : The Government do not say that. I was trying to get the information, to the best of my capacity, from the Government, as to the definite position they are taking upon this matter.

Mr. Speaker : What would the hon. Member like it to be ? Does the hon. Member agree that it should be private property ?

Shri P. S. Nataraja Pillai : No ; in Article XV of the Covenant, it is definitely stated, a specific provision, that the Ruler of Travancore, before the 1st September 1949, should submit a list of private properties claimed as private properties by the Ruler, as apart from State properties, and that list must be approved by the Government of India and if there is a difference of opinion between the Government of India and the State Government, an arbitrator should be appointed and his decision will be final and binding on all the parties. I have put it in my own words, the Article, but it gives the substance of that provision, under the Covenant.

Mr. Speaker : Therefore, Sripadom lands are now private properties ?

Shri P. S. Nataraja Pillai : It has not been declared by the Government of India and accepted by this Government as private properties. It is not private property. We can accept the position that it is private property if the Ruler has claimed it as private property before 1st September 1949, and if the Government of India has accepted it and this Government has consented to it. If it is private property, it is private law that will apply.

Mr. Speaker : Is it your view that if it is private property, the authorities should be prevented from enfranchising the land ?

Shri P. S. Nataraja Pillai : It is not the question of enfranchising only. The tenant is the owner there. He can be ousted

[Shri P. S. Nataraja Pillai]

by the landlord only by the civil process of law. It is a matter of civil right, to be settled by the tenant and the landlord relations. It is not that Government have a right over that land and they cannot exercise the Government's reserve powers to settle the relationship between the landlord and the tenant. That is my point. It must be construed as a civil process. It is a civil right. It is the tenant and landlord relationship, and the ordinary course of civil law must prevail. The Government have no other right. On the other hand, if it is Government land, the whole aspect changes. The Government can take up the responsibility by themselves. I do not know what position that the Government take in that matter. The Government have not published the list of private properties of the Ruler. But, in spite of asking for the information on this point (Speaker's bell), the Government have not so far agreed to publish the information.

The next item which I would like to dwell upon is about the kandukrishi lands. The land revenue collection agency is collecting paddy or levying taxation in kind on these lands. Kandukrishi lands, though crown lands, have been transferred by a Royal Proclamation just before July 1949—or so, I think it was in May. So, it is Government land today, with all the incidence of Government land. When we take into consideration that in 1082 the Government abolished taxation in kind on all the Government lands, how can this Government collect taxation in kind now ? That is an illegal exaction. It is absolutely wrong. The Government have no right, and the authorities should not have taken the liberty to set at naught, according to Travancoreans, one of the most beneficial measures ever enacted in Travancore, and the Government should not have defied that order and then directed the revenue authorities to realise the revenue in kind. That is wrong.

Shri N. P. Varghese : Is not procurement of paddy an indirect taxation in kind ?

Shri P. S. Nataraja Pillai : I am surprised at my friend Mr. N. P. Varghese, when he equates procurement with land tax. I need not answer his question.

The kandukrishi lands are Government lands, and therefore, it is an illegal and unwarranted exaction without any legal right. The Government ought not to realize revenue or tax in kind on those lands.

Next, I take the basic tax. According to the basic tax proclamation in this country, the Government are not entitled to realize

any other levy from lands except the basic tax. The argument is advanced here that the Government have undertaken to pay and to get the right as Government land—an actual payment to A, B or C. That does not count. It is an agreement which the Government have entered into. It was crown land.

Mr. Speaker : Are kandukrishi lands now settled ?

Shri P. S. Nataraja Pillai : Kandukrishi lands are in the possession of patta holders.

Mr. Speaker : Are they now paying the land revenue tax ?

Shri P. S. Nataraja Pillai : The dues are being collected by Government. That is the position.

Mr. Speaker : If they are not paying any tax to the Government, is it the view of the hon. Member that those lands were surrendered to the Government, and that the existing leases should not be continued by the Government ?

Shri P. S. Nataraja Pillai : I agree, but there is difference. When we go to the question of kandukrishi land, in the details of the kandukrishi land records, you find the kandukrishi patta-holders are holding pattas on pattom tenure. The incidence itself is different. When you take note of the fact that kandukrishi patta lands are acquired by Government, the patta-holders get compensation. Then there is the kandukrishi thanathu land, where the tenant has only a leasehold. His right is not equivalent to the kandukrishi pattam patta-holder. As far as thanathu lands are concerned, perhaps there will be a necessity for settlement. It is for the Government to do it, or bring it under the kuthakapattom rules. It cannot be on the basis of the old rules. I for one will earnestly plead that these incongruities in land revenue administration may be removed at the earliest possible date and under the name or symbol of crown, shelter should not be taken by the Government benches.

Shri A. Chidambaranatha Nadar : According to the Member, since the kandukrishi lands were surrendered by His Highness the Maharaja of Travancore to Government, they belong to the persons who were in occupation. Is that the position ?

Shri P. S. Nataraja Pillai : Occupation according to the law.

Shri A. Chidambaranatha Nadar : May I point out to the hon. Member that the last section of the Kandukrishi Proclamation reads thus : "The rules that governed the kandukrishi lands previous to the surrender of those lands to Sircar by His Highness will govern till finalization is arrived at."

Shri P. S. Nataraja Pillai : Exactly. But the finalization should not hang fire. My hon. friend Mr. Chidambaranatha Nadar,

[Shri P. S. Nataraja Pillai.]

the Revenue Minister, is quoting the position obtaining before 1949 We are in 1953. Finalization should not be allowed to hang fire and the matter must be settled. Assurances of Government in this regard should not be impeded, and professions must be followed by actions.

Shri E. Gopalakrishna Menon : Sir, I move: to reduce the allotment of Rs. 16, 26, 400 for Charges on account of Land Revenue Colle ctions by Re. 1.

സർ, ഈ ഖണ്ഡനാപേക്ഷപം ഞാൻ അവതരിപ്പിക്കുന്നതു് പ്രധാനമായി ഇക്കൊല്ലം വിളവുണക്ക സംഭവിച്ച ദ്രുമികളെ, പ്രത്യേകിച്ചും ചിറവൂർ താലൂക്കിലുള്ള ദ്രുമികളെ നിലം നികുതിയിൽനിന്നും ഒഴിവാക്കുന്നതിനു വേണ്ടിയാണു്. ഇക്കൊല്ലം സാർവത്രികമായി വിളവുണക്ക സംഭവിച്ചു ഒരു കൊല്ലമാണെന്നു് ഇടെ നടന്ന പല വാദപ്രതിവാദങ്ങളിൽ നിന്നും നമുക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്. പ്രത്യേകിച്ചും തെക്കൻ തിരുവിതാംകൂറിലും ഉള്ള പ്രദേശങ്ങളിൽ ഈ ഉണക്ക കൂടുതലായി ബാധിച്ചിട്ടുണ്ടു്. തിരുവനന്തപുരത്തും, മദ്ധ്യ തിരുവിതാംകൂറിലും, തൃശ്ശൂരിലും മററും ഉണക്ക സംഭവിച്ചിട്ടുണ്ടെങ്കിലും ഈ രണ്ടു സ്ഥലങ്ങളിലാണു് കൂടുതലായി ബാധിച്ചിട്ടുള്ളതു്. ചിറവൂർ താലൂക്കിൽ നെന്മാറയിലും അതിന്റെ ചുററുപാടുകളിലുമുള്ള സ്ഥലങ്ങളിലും മകരവിളവു് കൊയ്യാൻതന്നെ കഴിഞ്ഞിട്ടില്ല. അഥവാ കൊയ്ത്തു നടന്നിട്ടുണ്ടെങ്കിൽ കിട്ടിയതുകൊണ്ടു് കൊയ്ത്തിന്റെ ചെലവുപോലും വഹിക്കുവാൻ കൃഷിക്കാർക്കു് കഴിഞ്ഞിട്ടില്ല.

ഇങ്ങനെ ഉണക്ക സംഭവിച്ചതു് പ്രകൃതിയുടെ ശാപം കൊണ്ടാണു്, അതിനു് ആരു വിചാരിച്ചാലും രക്ഷയില്ല, എന്നെല്ലാം പറയുന്നവർ ഉണ്ടായിരിക്കും. പക്ഷെ അതപ്പടെ അംഗീകരിക്കുവാൻ സാദ്ധ്യമല്ല. ഗവണ്മെൻറു് വേണ്ടത്ര ശ്രദ്ധയോടുകൂടി കാര്യക്ഷമമായ വിധത്തിൽ ഈ ഉണക്കിനെ അഭിമുഖീകരിക്കുവാനുള്ള നടപടി എടുത്തിരുന്നു എങ്കിൽ ഈ ഉണക്കമൂലം ഉണ്ടായിട്ടുള്ള കൃഷിനാശം കുറെ ഒക്കെ പരിഹരിക്കാൻ കഴിയുമായിരുന്നു. സർ, നമ്മുടെ നാട്ടിലെ ജനങ്ങൾക്കു് ആഹാരത്തിനുള്ള ലക്ഷക്കണക്കിനു പറ നെല്ലു് നഷ്ടപ്പെട്ടുകയും പതിനായിരക്കണക്കിനു കൃഷിക്കാരെ പാപ്പരാക്കുകയും ചെയ്ത ഈ വിളവുനാശത്തിൽ ഗവണ്മെൻറിനു ഒരിക്കലും ഒഴിഞ്ഞുമാറാൻ കഴിയാത്ത ഉത്തരവാദിത്വമുണ്ടെന്നാണു ഞാൻ ശക്തിയായി വാദിക്കുന്നതു്. ഗവണ്മെൻറു് വേണ്ട വിധത്തിൽ വേണ്ട സമയത്തു ശ്രദ്ധിച്ചിരുന്നുവെങ്കിൽ വിളവിനു ഇത്ര ഏറെ നഷ്ടവും ജനങ്ങൾക്കു് ഇത്ര ഏറെ കഷ്ടതയും വരാതിരിക്കത്തക്ക ഒരു പരിതസ്ഥിതി ഉണ്ടാക്കാൻ കഴിയുമായിരുന്നു. പല സ്ഥലത്തുനിന്നും നെല്ലിനു കതിരു വരുന്ന അവസരത്തിൽ, അതു ഉണങ്ങിക്കരിയുന്നതുകണ്ടു സഹിക്കവയ്യാതെ ഒട്ടനവധി കൃഷിക്കാർ നിവേദനങ്ങളുമായി ഗവണ്മെൻറിനെ സമീപിച്ചു് ജലസേചനത്തിനു ഒരു എഞ്ചിൻ അനുവദിച്ചു തരണമെന്നും, ഒരു ചിറ തുറന്നുതരണമെന്നും, മററും ആവശ്യപ്പെട്ട അവസരത്തിൽ അവരോടു ഒരു നല്ലവാക്കുപോലും പറയാതെ, അനുഭാവശൂന്യമായി പെരുമാറുകയാണു് മന്ത്രിമാർ ചെയ്തിട്ടുള്ളതു്. ഉണക്ക മൂലം കൃഷി നാശംവന്ന കൃഷിക്കാർ ഗവണ്മെൻറിനെ സമീപിച്ചു് പമ്പുകൾ അയച്ചുതരണമെന്നാവശ്യ

പ്പെട്ടപ്പോൾ നിങ്ങൾ പത്രത്തിലെഴുതിയിരുന്നല്ലോ, അതുകൊണ്ട് പത്രത്തിലെഴുതിയാൽ മതി, പമ്പ് കിട്ടിക്കൊള്ളും, എന്ന്, മറുപടി പറഞ്ഞയക്കുകയാണ് മുഖ്യമന്ത്രി ചെയ്തത്, എന്നു ചേർക്കുകയുണ്ടായി.

ചിറവൂർ താലൂക്കിൽ ഉണക്കുണ്ടായ അവസരത്തിൽ കൃഷിക്കാർ വളരെ മുറവിളി കൂട്ടിയതിനുശേഷം നമ്മുടെ മന്ത്രിമാർ, മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും, അവിടെപ്പോയി. പക്ഷെ മന്ത്രിമാരെക്കാണാൻ അവിടുത്തെ കൃഷിക്കാർ നിവേദനങ്ങളുമായി റെസ്റ്റഹൗസിൽ ചെന്നപ്പോൾ മന്ത്രിമാർ അവരെ കാണാൻ കൂട്ടാക്കാതെ കടന്നു കളയുകയാണു ചെയ്തത്. തിരുവനന്തപുരത്തു ആക്രമണം ഉണ്ടാകാൻ ബാധിച്ച് നിലനിൽക്കുകരിഞ്ഞു കിടന്ന അവസരത്തിലാണ് രാജപ്രമുഖൻ ആററിങ്ങലേയ്ക്ക് അരിയിട്ടു വാഴ്ചയ്ക്കു എഴുന്നള്ളിയത്. സർ, അന്നു തിരുവനന്തപുരം മുതൽ ആററിങ്ങൽ വരെയുള്ള പ്രധാനപ്പെട്ട റോഡ് മുഴുവൻ പി. ഡബ്ളിയു. ഡി. വകുപ്പിലോറികളിൽ ടബ്ബുകൾ നിറയെ വെള്ളം കൊണ്ടുവന്നു നിറയ്ക്കുകയുണ്ടായി. പാവപ്പെട്ട കൃഷിക്കാരന്റെ വിളവും ഗതിയോടെപ്പം അവന്റെ ഏകവും ഉത്കണ്ഠിക്കൊണ്ടിരുന്ന അവസരത്തിൽ അന്നു നാട്ടിൽ വെള്ളം എത്തിച്ചുകൊടുക്കാൻ യാതൊരു നടപടിയും എടുക്കാതെ ഈ മന്ത്രിസഭ രാജപ്രമുഖന്റെ യാത്രയ്ക്കുവേണ്ടി റോഡുകൾ നീളെ വെള്ളം ഒഴുക്കുകയായിരുന്നു. ഈ ദേശത്തുള്ളവർക്ക് ബന്ധമില്ലാത്ത പരസഹസ്രം കൃഷിക്കാരുടെ ഉററ ബന്ധുക്കളും അവരുടെ കൂടെ പൊറുക്കുന്നവരും അവരുടെ രക്ഷയ്ക്കുവേണ്ടി ഊണും ഉറക്കവുമില്ലാതെ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നവരുമായ നമ്മുടെ ധനകാര്യമന്ത്രിയുടേയും കൂട്ടരുടേയും സേവന തൽപ്പരതയുടെ സാമ്പിളുകളാണിത്. പണ്ട് സമരത്തിന്റെ നടുവിൽ കുതിര പരുക്കേററ വീണ അവസരത്തിൽ ഒരു രാജാവ് 'ഒരു കുതിര, ഒരു കുതിര, ഒരു കുതിരയ്ക്കുവേണ്ടി ഒരു രാജ്യം,' എന്നു വിളിച്ചു നിലവിളിച്ചു. ചരിത്രത്തിൽ പറഞ്ഞിരിക്കുന്നതുപോലെ ഈ നാട്ടിലെ അദ്ധ്വാനിക്കുന്ന കർഷകൻ, കുറച്ചുവെള്ളം, ഒരു പമ്പ്, ഈ രാജ്യം ഞങ്ങൾ രക്ഷിക്കാം എന്നു വിളിച്ചു നിലവിളിച്ചപ്പോൾ അവർക്കു സഹായം ചെയ്യാൻ ചുമതലപ്പെട്ടവർ കുററകരമായ വിധം മൗനം അവലംബിക്കുകയാണുണ്ടായത്.

സർ, ഈ വിളവുകൾക്കുമൂലം ഉണ്ടായിട്ടുള്ള ചിറവർ താലൂക്കിലെ കൃഷിക്കാരുടെ അവശതകളെ സംബന്ധിച്ചാണ് ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഉന്നിപ്പറയാൻ ആഗ്രഹിക്കുന്നത്. ചിറവർതാലൂക്കിലെ ഭൂവുടമസമ്പ്രദായം തിരുവിതാംകൂർ—കൊച്ചിയുടെ മററുഭാഗങ്ങളിൽനിന്നും ഒട്ടേറെ വ്യത്യസ്തമായതാണെന്ന് ആദ്യംതന്നെ ഞാൻ വ്യക്തമാക്കിക്കൊള്ളുന്നു. അവിടത്തെ കൃഷി ചെയ്യാവുന്ന ഭൂമി മുഴുവൻ തന്നെയെന്നു പറയാം പോരട്ടെ, അങ്ങരാ [illegible] മേനോടിയാർമാർ സർ. സി. വി. അനന്തകൃഷ്ണയ്യർ, അമ്പാട്ട് ഇങ്ങനെയുള്ള പരദേശ പന്ത്രണ്ടോ ജന്മികളുടെ സ്വത്താണ്. ഭൂമിയിൽ നേരിട്ടു കൃഷി ചെയ്യുന്നതെല്ലാം തന്നെ പാവപ്പെട്ട വെറുംപാട്ട കുടിയാന്മാരാണ്. ഈ വിളവുകൾക്കു അദ്ധ്വാനിക്കുന്ന ഈ കർഷകരെ മുഴുവൻ പരിപൂർണ്ണമായി പാപ്പരാക്കിയിരിക്കുന്നു. അവരുടെ കുടുംബങ്ങൾ മുഴുപ്പട്ടിണിയിലാണ്. എന്നാൽ 'പുര കത്തുമ്പോൾ വാഴ വെട്ടുന്നു' എന്നു പറഞ്ഞതുപോലെ, ഈ സന്ദർഭ

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

നോക്കി ജന്മികൾ കണ്ണിൽ ചോരയില്ലാതെ ഈ കരിഞ്ഞുപോയ മകരവിളയിലെ പാട്ടം വസൂലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണ്. പാട്ടബാക്കിയുടെ പേരിൽ ഉടൻജപ്തിക്കു വിധി സമ്പാദിച്ചുകൊണ്ട് പാവപ്പെട്ട കൃഷിക്കാരുടെ കന്നുകാലികൾ വരെയുള്ള എല്ലാ ജംഗമസ്വത്തുക്കളും ജപ്തിചെയ്തു കൊണ്ടിരിക്കുകയാണ്. ഈ നടപടികൾ നിർത്തിവച്ചു കിട്ടുന്നതിനുവേണ്ടി ഇതിനകം എത്രയോ നിവേദനങ്ങൾ കൃഷിക്കാർ അധികാരപ്പെട്ടവരുടെ അടുക്കൽ നടത്തുകയുണ്ടായി. ചിറവൂർനിന്നു കൃഷിക്കാരുടെ ഒരു ജാഥ അമ്പതിലധികംനാഴികകാൽ നടയായി നടന്നു ചിറവൂർ ചെന്ന് കളക്ടരുടെ അടുക്കൽ നിവേദനം സമർപ്പിക്കുകയുണ്ടായിട്ടുണ്ട്. കഴിഞ്ഞ നിയമസഭാസമ്മേളനത്തിൽ ഞാൻതന്നെ ഇതു സംബന്ധിച്ചു ഒരു നിവേദനം മുഖ്യമന്ത്രിക്ക് നേരിട്ടു സമർപ്പിക്കുകയുണ്ടായി. പക്ഷേ, യാതൊരു പ്രയോജനവും ഇതുകൊണ്ടൊന്നും ഉണ്ടായിട്ടില്ലെന്നതാണ് ദയനീയമായ പരമാർത്ഥം. മുഖ്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഇതു സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കളക്ടരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന്. സർ, ഇവരുടെ ഈ റിപ്പോർട്ടു കിട്ടുമ്പോഴേയ്ക്കും കൃഷിക്കാർ വല്ലവരും നാട്ടിലുണ്ടാകുമോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഭൂനികുതി ഇളവു ചെയ്യണമെന്ന് അവിടത്തെ കൃഷിക്കാർ ആവശ്യപ്പെടുന്നതു് കൊച്ചി വെറംപാട്ട കുടിയാൻ നിയമമനുസരിച്ച് ഏതെങ്കിലും ഭൂമിയുടെ നികുതി ഇളവു ചെയ്താൽ ആ തോതിൽ പാട്ടവും ഇളവു ചെയ്യുന്നമെന്നു വ്യവസ്ഥയുള്ളതുകൊണ്ടാണ് കൊച്ചിയിൽ ദിവാൻഭരണകാലത്തു ഉണ്ടാക്കപ്പെട്ട നിയമത്തിൽപ്പോലും കൃഷിക്കാർക്ക് ആശ്വാസം നൽകുന്നതിനു ഇങ്ങനെയൊരു വ്യവസ്ഥ കൊള്ളിച്ചിട്ടുണ്ട്. സർ, ഇതു പറയുമ്പോൾ പണ്ടു കൊച്ചിയിൽ ദിവാൻ ഭരണത്തിൻ കീഴിൽ ഇതുപോലെയുള്ള ഒരു കൃഷിനാശം സംഭവിച്ചു അവസരത്തിൽ ഗവണ്മെൻറ് എടുത്ത ചില നടപടികളെപ്പററി ഞാൻ ഓർക്കുകയാണ്. ൧൯൩൯-ൽ തൃശ്ശൂർ താലൂക്കിലെ കോൾകൃഷി മുഴുവൻ വെള്ളം മുങ്ങി നശിച്ചുപോവുകയുണ്ടായി. ഒരു മണി നെല്ലുപോലും കൊയ്തെടുക്കാൻ കഴിയാതെ കൃഷിക്കാരാകമാനം ഭയങ്കര നഷ്ടത്തിനു വിധേയരായി. അന്ന് ആശ്വാസ നടപടികൾക്കുവേണ്ടി കൃഷിക്കാർ അവരുടെ സംഘടന മുഖേന നടത്തിയ പ്രക്ഷോഭണത്തിൻേറയും നിവേദനത്തിൻേറയും ഫലമായി ഗവണ്മെൻറ് ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടി. കൃഷിക്കാരുടേയും ജന്മികളുടേയും ഗവണ്മെൻറിൻേറയും പ്രതിനിധികൾ ആ സമ്മേളനത്തിൽ പങ്കെടുത്തു.

ആ സമ്മേളനത്തിൽ കൃഷിക്കാർക്കുവേണ്ടി പങ്കെടുത്ത ഒരാളായിരുന്നു ഞാൻ. ആ കൊല്ലത്തെ കോൾ നിലങ്ങളുടെ നികുതിയും പാട്ടവും പരിപൂർണ്ണമായും റദ്ദു ചെയ്യുന്നതിനും അടുത്ത കൃഷിക്ക് ആവശ്യമായ വിത്ത് ഗവണ്മെൻറിൽനിന്നു ശേഖരിച്ച് കൃഷിക്കാർക്കു കൊടുക്കുന്നതിനും ആ സമ്മേളനം തീരുമാനിക്കുകയും ഗവണ്മെൻറ് അതു സ്വീകരിച്ച് നടപ്പിൽ വരുത്തുകയും ചെയ്തു. സർ, വെള്ളക്കാരനായ ഒരു ദിവാൻെറ കീഴിൽ കൃഷിക്കാർക്കു ലഭിച്ച ആനുകൂല്യം പോലും ഈ കാൺഗ്രസ്സ് ഭരണത്തിൻകീഴിൽ അവർക്കു കിട്ടാതായിരിക്കുന്നു എന്നുള്ളതാണ്, ഇന്നത്തെ നഗ്നമായ യാഥാർത്ഥ്യം.

ചിറവൂർ താലൂക്കിൽ വളരെ ഗൗരവതരമായ ഒരു സ്ഥിതിയാണ് ഇന്നുണ്ടായിരിക്കുന്നത്. ഈ ജപ്തി നടപടികൾമൂലം കൃഷിക്കാരുടെ ഭൂമിതന്നെ ജന്മിക്ക് ഒഴിഞ്ഞുകൊടുക്കാൻ നിർബന്ധിതരായി നിന്നിട്ടുണ്ട്. ജപ്തി സംഖ്യ കെട്ടിവെച്ച് കേസു നടത്താനുള്ള ശേഷി അതിൽ അധികം പേർക്കും ഇല്ല. ഈ ജപ്തി നടപടികൾ ഒന്നു സ്റ്റേ ചെയ്തു കിട്ടുന്നതിനു വേണ്ടി രണ്ടു ദിവസത്തിനുമുമ്പ് കൃഷിക്കാരുടെ ഒരു നിവേദകസംഘം ചിറവൂർ തഹശീൽദാരെ സമീപിച്ചപ്പോൾ പോലീസ് അവരുടെ മേൽ ചാടിവീണ് അവരെ കൂട്ടത്തോടെ അറസ്റ്റു ചെയ്തുകൊണ്ടുപോവുകയാണ് ചെയ്തത് എന്നു എനിക്കറിയാൻ കഴിഞ്ഞിരിക്കുന്നു. സർ, ഇനിയും മനുഷ്യരൂപമുള്ള രാക്ഷസീയമായ ഒരു നടപടി നടത്താൻ സാദ്ധ്യമാണോ എന്നു ഞാൻ ചോദിക്കുന്നു. ഉണക്ക തടയുന്നതിനുവേണ്ടി, അൽപ്പം വെള്ളത്തിനുവേണ്ടി അധികാരപ്പെട്ടവരുടെ പടിക്കലെല്ലാം അവർ മുട്ടിയെങ്കിലും യാതൊരു പ്രയോജനവും ഉണ്ടായില്ല. അവസാനം എല്ലാം നശിച്ചു. അപ്പോൾ ഒഴിപ്പിക്കൽ നടപടികളും, ജപ്തികളും. അതിനൊരു പരിഹാരമുണ്ടാക്കി കിട്ടുന്നതിനുവേണ്ടി അവർ എത്രയോ നിവേദനങ്ങൾ നടത്തി. അതിനു യാതൊരു ഫലവുമുണ്ടായില്ല. ഇപ്പോൾ ഇതാ നിവേദനം നടത്തിയവരെ പോലീസുമന്ത്രിയുടെ ആളുകൾ ലാക്കപ്പിലാക്കുകയും ചെയ്തിരിക്കുന്നു. നാട്ടുകാരുടെ ഒരൊററ പ്രശ്നത്തിനെങ്കിലും ന്യായമായ പരിഹാരം ഉണ്ടാക്കാൻതയ്യാറില്ലാതെ ഈ കാൺഗ്രസ്സ് മന്ത്രിസഭ എല്ലാററിനും പോലീസിനെ അവലംബിക്കുകയെന്നതു് ഒരു നയമായി സ്വീകരിച്ചിരിക്കുകയാണ്. തൊഴിൽ കുഴപ്പമായാലും വേണ്ടില്ല, കൃഷിക്കാരുടെ പ്രശ്നമായാലും വേണ്ടില്ല, എല്ലാററിനും ഈ ഗവണ്മെൻറിനുള്ള ഏകപരിഹാരം പോലീസാണ്.

സർ, ഇന്നു ചിറവൂർ ലാക്കപ്പിൽ നീതി ലഭിക്കാതെ കിടക്കുന്ന ആ പാവപ്പെട്ട കർഷകർ കാൺഗ്രസ്സ് സർക്കാർ ഈ രാജ്യത്തെ സമ്പൽസമൃദ്ധമാക്കാൻ വേണ്ടിയെന്നു കൊട്ടിഘോഷിച്ചുകൊണ്ടു നടപ്പാക്കാൻപോകുന്ന പീച്ചിയുടേയും, ചാലക്കുടിയുടേയും, വാഴാനിയുടേയും, പെരുഞ്ഞാണിയുടേയും എല്ലാം നേരെയുള്ള ചോദ്യചിഹ്നങ്ങളാണ്. നിസ്സാരമായ കുറ്റത്തിൽപ്പോലും കൃഷിക്കാരോടു നീതി ചെയ്യാൻ കൂട്ടാക്കാത്ത ഇവരുടെ ഈ പദ്ധതികൾ ആരേയും വ്യാമോഹിപ്പിക്കാൻ പോകുന്നില്ല.

ഇന്നലെ പോലീസുമന്ത്രി ഈ സഭയിൽ പ്രസ്താവിക്കുകയുണ്ടായി കഴിയുന്നത്ര കാര്യങ്ങളിൽ നമുക്കു സഹകരിച്ചുപോകുകയാണു നല്ലതെന്ന്. അദ്ദേഹം പിന്നീട് കുറച്ചുകൂടി കഴിഞ്ഞു പറഞ്ഞു, കാര്യങ്ങൾ ഇതേ മാതിരി മേലിലും ഇവിടെ നടക്കുമെന്ന്. നാട്ടുകാർക്കു നന്മചെയ്യുന്ന കാര്യത്തിൽ സഹകരിച്ചു പ്രവർത്തിക്കാൻ ഞങ്ങൾ തയാറാണ്. പക്ഷെ, ഇങ്ങനെയാണോ സഹകരണത്തിനുള്ള ഹസ്തം നീട്ടേണ്ടതു് എന്നു ഞാൻ ചോദിക്കുന്നു. ഞങ്ങളാരും ഇവിടെ കുഴപ്പത്തിനുവേണ്ടി കുഴപ്പം സൃഷ്ടിക്കാൻ ആഗ്രഹിക്കുന്നവരല്ല. പക്ഷെ, ഒരു കാര്യം ഞാൻ പോലീസുമന്ത്രിയെ അറിയിക്കാൻ ആഗ്രഹിക്കുന്നു. കാര്യങ്ങൾ ഇങ്ങനെതന്നെ മേലിലും നടക്കുമെന്ന് അദ്ദേഹം ഭീഷണി കലർന്ന സ്വരത്തിൽ പറയുന്നുവെങ്കിലും അങ്ങനെ നടക്കാൻ പോകുന്നില്ലെന്നും ലോകചരിത്രത്തി

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

ലെങ്കിലും തന്നെ നടന്നിട്ടില്ലെന്നും ഞാൻ ഉറപ്പിച്ചു പറയുന്നു. പോലീസ് മന്ത്രിയുടെ ഈ ഭാഷ ജനങ്ങൾക്കെതിരായ എല്ലാ ഭരണാധികാരികളും ഉപയോഗിച്ചിട്ടുള്ളതാണ്. പക്ഷെ ചരിത്രത്തിന്റെ മുന്നോട്ടുള്ള ഗതി അവരുടെ ഒന്നും ഇഷ്ടത്തേയും ആഗ്രഹത്തേയും മാനിച്ചിട്ടില്ല. റഷ്യയിൽ സാർ ചക്രവർത്തിയുടെ സിംഹാസനം കടപുഴകിയതും ചൈനയിൽ മർദ്ദകനായ ചിയാങ്കൈഷക്കിന്റെ ഭരണം തകർന്നതും അവരുടെ ആഗ്രഹം അനുസരിച്ചായിരുന്നില്ല. അവരുടെ ആഗ്രഹത്തിനും ഇഷ്ടത്തിനും എതിരായി ജനങ്ങളുടെ മുന്നേററംകൊണ്ടാണ് അവ സംഭവിച്ചത്. അതുപോലെ ജനദ്രോഹപരമായ നടപടികൾ നിരന്തരം കൈക്കൊള്ളുന്ന ഈ കാൺഗ്രസ്സ് ഭരണം ബഹുമാനപ്പെട്ട പോലീസുമന്ത്രി ശ്രീ. ടി. വി. വർഗ്ഗീസ് ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും അദ്ദേഹത്തിന്റെയും സഹമന്ത്രിമാരുടെയും ഇഷ്ടത്തിനും അഭിലാഷത്തിനും എതിരായിത്തന്നെ ഇന്നാട്ടിലെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ മുന്നേററത്തിന്റെ മുമ്പിൽ വീഴുകതന്നെ ചെയ്യും.

ശ്രീ. സി. ജി. സദാശിവൻ : സർ, നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയുടെ ഏററവും കൂടിയ ഒരു വിഭാഗക്കാരുടെ നിത്യസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വകുപ്പിനെ സംബന്ധിച്ചാണ് ഇപ്പോൾ ചർച്ച നടക്കുന്നത്. ഫസ്റ്റ് ഫൈവ്-ഇയർ പ്ലാൻ റവന്യൂ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നമ്മുടെ സംസ്ഥാനത്തു് നൂറു ലക്ഷം ഏക്കർ സ്ഥലം കൃഷിഭൂമിയുണ്ടെന്നും അവയിൽ ൨൦ ലക്ഷത്തോളം പട്ടാദാരന്മാരുണ്ടെന്നും കാണുന്നു. പട്ടാദാരന്മാരെ സംബന്ധിച്ചു മാത്രമാണെങ്കിൽ റവന്യൂവകയിൽ ഒരു പട്ടാദാരനിൽനിന്നും ഒരാണ്ടേക്ക് മൂന്നേമുക്കാൽ രൂപയും മൊത്തം ജനസംഖ്യ അനുസരിച്ചു നോക്കുകയാണെങ്കിൽ ഒരാളിൽനിന്നും ഒരാണ്ടേക്കു് ശരാശരി ൧൨ അണ. ൧ പൈസയും വരവുണ്ടെന്നും റിപ്പോർട്ടിൽ കാണുന്നു. നികുതിഭാരം വർദ്ധിച്ചിരിക്കുന്നു എന്നുള്ള പൊതുജനങ്ങളുടെ ഒച്ചപ്പാടു നിലനിൽക്കെ സർ സി. പി. യുടെ കാലത്തു് ഒരു സെൻറ് ഭൂമിക്കു ര കാശ് ആയിരുന്നു കരം കുറവു ചെയ്യുകയാണുണ്ടായതു്. അന്നു കാൺഗ്രസ്സുകാർ പ്രസംഗിച്ചതു് ഞങ്ങൾ അധികാരത്തിൽ വന്നാലുടൻ തന്നെ കണ്ണല്ലാത്തതെല്ലാം പൊന്നാക്കിത്തരാമെന്നായിരുന്നു. അൽപ്പം കഴിഞ്ഞപ്പോൾ കാൺഗ്രസ്സുകാർ അധികാരത്തിൽ വരുകയുണ്ടായി. കാൺഗ്രസ്സുകാർ ഭരണം കയ്യേററ ഉടനെ ഒരു സെൻറിന് ര കാശ് എന്നുള്ള വ്യവസ്ഥ മാററിയിട്ട് നൂറു പൈസയാക്കി വർദ്ധിപ്പിക്കുകയാണു ചെയ്തതു്. അതായതു്, മുമ്പുണ്ടായിരുന്ന കരത്തിന്റെ ഇരട്ടിയാക്കി വർദ്ധിപ്പിച്ചു. ഇതു് കാൺഗ്രസ്സ് ഭരണത്തിന്റെ ഒരു മേന്മയാണെന്നു പറഞ്ഞുകൊണ്ടു് ഞാൻ ഇടെറിയുന്നു. ആഹാരപ്രശ്നം ഏററവും ഗൗരവമായ ഒരു നിലയെ പ്രാപിച്ചിരിക്കുന്ന ഈ അവസരത്തിൽ സംസ്ഥാനത്തുള്ള തരിശുഭൂമികളെ വെറുതെ കൈവശം വച്ചുകൊണ്ടിരിക്കാൻ സമ്മതിക്കാതെ ഭൂമിയില്ലാത്തവനും കൃഷിചെയ്യാൻ ശേഷിയുള്ളവനുമായ പാവപ്പെട്ടവന് കൊടുക്കാത്തതിലാണ് ഏറ്റവും ഖേദമുള്ളതു്. ജന്മി മുതലാളിത്ത സംപ്രദായം അവസാനിപ്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല പറയുന്നതു്. അതവസാനിപ്പിക്കാതെ തന്നെ ധാരാളം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്നവരിൽനിന്നു് കുറെ ഭാഗം ഭൂമിയില്ലാത്തവന് കൊടുപ്പി

ക്കുന്നതിനുവേണ്ടി യാതൊരു വ്യവസ്ഥയും ഗവണ്മെന്റ് ഇതുവരെ അംഗീകരിച്ചു കാണുന്നില്ല. സംസ്ഥാനത്ത് ധനാഢ്യന്മാരായ പല വ്യക്തികളും അനവധി ഏക്കർ സ്ഥലം കൈവശം വെച്ചുകൊണ്ടിരിക്കുകയാണെന്നുള്ള വിവരം എത്രയോ തവണ ഈ അസംബ്ലിയിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നിട്ടും ഗവണ്മെന്റ് ഈ കാര്യങ്ങളിൽ കാര്യമായ ശ്രദ്ധ പതിച്ചു കാണുന്നില്ല. അതു എന്തുകൊണ്ടാണെന്നു ഞാൻ ചോദിക്കുന്നു.

Mr. Speaker : I did not want to interfere when the Member was speaking. I do not find any relevancy in what he is saying to the motion under discussion. The subject refers to revenue collection. You can say how that agency is to be worked and so on.

ശ്രീ. സി. ജി. സദാശിവൻ : സർ, നമ്മുടെ സംസ്ഥാനത്തെ കുടിപ്പാട്ടവ്യവസ്ഥയിൽ ധാരാളം സ്ഥലങ്ങൾ പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ളതിലേക്ക് പല രേഖകളും ഗവണ്മെന്റിനു കാണിക്കാൻ സാധിക്കും. പതിച്ചുകൊടുത്തിട്ടുള്ളതു് യഥാർത്ഥവുമായിരിക്കും. എന്നാൽ ഇപ്രകാരം പതിച്ചുകൊടുക്കുന്ന സമ്പ്രദായത്തിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെപ്പററി കൊട്ടാരക്കര, കുന്നത്തൂർ ഈ താലൂക്കുകളിൽനിന്നും അനവധി പരാതികൾ ഉണ്ടായിട്ടുണ്ട്. പതിച്ചുകൊടുക്കുന്ന സ്ഥലങ്ങളിലെ കരം നിശ്ചയിക്കുന്നതിനും മററും പ്രവർത്തകന്മാർക്ക് അപ്പോഴപ്പോൾ കൈക്കൂലി കൊടുത്തില്ലെങ്കിൽ കൂടുതൽ കരം സാധുക്കളിൽനിന്നും ഈടാക്കിക്കൊണ്ടുപോകുന്നതായിട്ടു എനിക്കറിയാം. അപ്പോഴപ്പോൾ വളർന്നു വരുന്ന ചെറിയ വൃക്ഷങ്ങൾക്കുവേണ്ടിയും പാറകളിൽനിന്നും വൃക്ഷക്കരമിന്റെ പേരിൽ സംഖ്യ ഈടാക്കിക്കൊണ്ടിരുന്നുണ്ട്. ഭൂമി പതിച്ചുകൊടുത്തിട്ടുള്ളവരിൽ ഒരു നല്ല വിഭാഗക്കാർക്ക് സ്വന്തമായി ഭൂമിയും ധാരാളം ഉള്ളതായി എനിക്കറിയാം. സ്വന്ത ഭൂമിയുള്ളവർക്ക് വീണ്ടെയും ഭൂമി പതിച്ചുകൊടുക്കുന്നതിനെപ്പററി പരാതികൾ ഉണ്ടായിട്ടുള്ളതും വളരെ ശക്തിയായ തരത്തിൽ നിവേദനം നടത്തിട്ടുള്ളതും ആകുന്നു. പക്ഷെ, ഈ കാര്യങ്ങളൊന്നും ഗവണ്മെന്റ് കാര്യമായി ഗണിക്കുന്നേ ഇല്ല. ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽതന്നെ പല വലിയ ജന്മിമാർക്കും വലിയ ഭൂസ്വത്തുടമസ്ഥന്മാർക്കുമാണ് ഇപ്പോഴും സ്ഥലം കുടിപ്പാട്ടത്തിനു പതിച്ചു കൊടുത്തുകൊണ്ടിരിക്കുന്നത്. അന്ത്രപ്പേരന്മാർക്കും കുടിയേലാററക്കാരല്ലന്മാർക്കും മററും ഭൂമി വളരെ പതിച്ചുകൊടുത്തിട്ടുണ്ട്. കടപ്പുറത്തുള്ള മത്സ്യത്തൊഴിലാളികൾക്കു സ്ഥലം കൊടുക്കുന്നില്ല. അവരുടെ വലകൾ ഉണക്കാൻപോലും സൗകര്യം നൽകാറില്ല. നിലയിൽ പല ജന്മിമാരും ഭൂസ്വത്തുടമസ്ഥന്മാരും അനധികൃതമായി ഗവണ്മെന്റു സ്ഥലം കയ്യേററം ചെയ്തിരിക്കയാണ്. അതേ അവസരത്തിൽ അനേകം ഭൂമിയില്ലാത്ത കർഷകർ അലഞ്ഞുതിരിയുകയും ചെയ്യുന്നു. ഇപ്രകാരം അലഞ്ഞുതിരിയുന്ന കർഷകർക്കു ഭൂമി പതിച്ചു കിട്ടണമെന്ന് പല തവണയും ഗവണ്മെന്റിനോട് അപേക്ഷിച്ചിട്ടുണ്ട്. നെയ്യാററിൻകര താലൂക്കിൽനിന്നും ഇങ്ങനെയുള്ള അപേക്ഷകൾ പല അവസരങ്ങളിലും ഗവണ്മെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ഗവണ്മെന്റിന്റെ പഴയ രീതിയിലുള്ള കാര്യപരിപാടിയിൽനിന്നും അല്പംപോലും വ്യതിചലിച്ചു പ്രവർത്തിച്ചിട്ടില്ല. ഫ്രീഡം-ൽ കാൺഗ്രസ്സ് ഗവണ്മെന്റിൽനിന്നും ഭൂമി

[ശ്രീ. സി. ജി. സദാശിവൻ]

പതിച്ചു കൊടുക്കുന്നതിനു നിയുക്തമായ ഒരു കമ്മിററിയിൽ ശ്രീ. ജെ. സി. കുമരപ്പാ സമർപ്പിച്ച റിപ്പോർട്ടിൻെറ ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

> "Besides in our country where the main problem is to find full employment for the man power in agriculture it would be sheer injustice to maintain a class in agriculture whose primary occupation is non-agriculture"

കുടികപ്പാട്ടത്തിനു ഭൂമി പതിച്ചുകൊടുക്കുന്നതു് ഒരു കാരണവശാലും കൃഷിചെയ്യാതെ വെറുതെ ഇടാൻ അനുവദിച്ചുകൂടാത്തതും, പതിച്ചുകൊടുക്കുന്നതു ഭൂമിയില്ലാത്തവനും അതേ സമയം കൃഷിചെയ്യാൻ പരിചയമുള്ളവനും ആയിരിക്കേണ്ടതുമാണെന്നുമാത്രമേ ഈ ഖണ്ഡനോപക്ഷേപത്തെ സംബന്ധിച്ചു എനിക്കു പറയുവാനുള്ളു. ഗവണ്മെൻറ് ഇനി മേലാലെങ്കിലും ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

The House rose for lunch at 1 P. M. and reassembled at 2 P. M. with Mr. Speaker in the Chair.

Mr. Speaker : Any Member who has sent cut motions up to No. 36 can speak.

[2 P. M.]

ശ്രീ. എ. കുഞ്ഞൻനാടാർ: എനിക്കു് പ്രധാനമായി പറയുവാനുള്ളതു് കണ്ടുകൃഷിയെപ്പററിയാണു്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ അളേഹത്തിൻെറ പ്രസംഗത്തിൽ കണ്ടുകൃഷിയെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ ഈ സഭയിൽ നൽകുകയുണ്ടായി. കണ്ടുകൃഷിയെപ്പററി ഗവണ്മെൻറ് പെരുമാറിവരുന്ന നില ഏററവും ലജ്ജാകരമാണു്. കണ്ടുകൃഷി ഇനത്തിൽനിന്നു് ആറുലക്ഷത്തി എൺപതനായിരം രൂപയാണു് ഗവണ്മെൻറ് പിരിച്ചെടുക്കുന്നതു്. അതായതു് ശരാശരി ഏക്കറിനു് നൂറു രൂപയാണു് കണ്ടുകൃഷിയിനത്തിൽ ഒരു കുടിയാൻ ഗവണ്മെൻറിലേക്കു് കൊടുക്കുന്നതു്. മററിനത്തിലുള്ള മുപ്പത്തിയൊന്നു ലക്ഷം ഏക്കർ വസ്തുവിൽനിന്നും ആകെ ഗവണ്മെൻറിനു കിട്ടുന്ന ആദായം ഈ നൂറു, ൦ൻ, ൦ ൦ ൦ ഉൾപ്പെടെ ൭൫, ൦ ൦, ൦ ൦ ൦ രൂപയാണു്.

ശ്രീ. പി. എസ്. നടരാജപിള്ള : കണ്ടുകൃഷി ഉൾപ്പെടെയാണോ ഈ തുക കിട്ടുന്നതു്?

ശ്രീ. എ. കുഞ്ഞൻനാടാർ : കണ്ടുകൃഷിയും ലാൻറ് റവന്യൂവുംകൂടിയാണു് ഈ ൭൫, ൦ ൦, ൦ ൦ ൦ രൂപ അതിൻെറ ശരാശരി നോക്കിയാൽ ഏക്കറൊന്നിനു ൨ക. ൧ണ. വരും. എന്നാൽ കണ്ടുകൃഷിയിനത്തിലും നൂറു രൂപയാണു് ശരാശരി നൽകുന്നതു്. മുമ്പു് കണ്ടുകൃഷി വസ്തുക്കൾക്കു് ലാൻറ് ടാക്സ് ഇല്ലായിരുന്നു. അപ്പോൾ കണ്ടുകൃഷിവസ്തുക്കൾ മഹാരാജാവിൻെറ വകയോ, രാജപ്രമുഖൻെറ വകയോ അതോ ഇതുരണ്ടുംകൂടിയോ, ഏതിനത്തിലാണു് ചേർക്കേണ്ടതെന്നുള്ളതിനെപ്പററി സംശയമുണ്ടായിരുന്നു.

മററവസ്തുക്കളെപ്പോലെതന്നെ കണ്ടുകൃഷിവസ്തുക്കളും ഗവണ്മെൻറവകുപ്പുകളാണ് എന്നു ലാൻഡു മന്ത്രി ഈ സഭയിൽ പറയുകയുണ്ടായി. ഒരു സെമിന്ദാരുടെ നിലയിൽ ഗവണ്മെൻറ പെരുമാറുന്നതു് ശരിയല്ല. മഹാരാജാവിന് ഈ കണ്ടുകൃഷിവസ്തുക്കൾ ഗവണ്മെൻറിലേക്ക് വിട്ടുകൊടുത്തതിന് ൨,൦൦,൦൦൦ രൂപയാണ് നൽകുന്നതു്. ൧൯,൦൦൦ ഏക്കർ സ്ഥലത്തുനിന്ന് ഒരാണ്ടിൽ പിരിച്ചുവരുന്നതു് ൯,൭൫,൦൦൦ രൂപയാണ്. ഏററവും ചുരുങ്ങിയ പട്ടാദാരാരിൽ നിന്നുംകൂടി ഗവണ്മെൻറിലേക്ക് ഇത്രയും വൻപിച്ച തുക ആണ്ടുതോറും ലാഭമായി കിട്ടിക്കൊണ്ടിരിക്കുകയാണ്. ഗവണ്മെൻറിൻെറ ഭൂനയം നടപ്പിൽ വരുമ്പോൾ കണ്ടുകൃഷി നിറുത്തലാക്കണം എന്നുള്ളതാണു പറയാനുള്ളതു്. അതു ശരിയല്ല. ഈ നില ഇനിയും തുടൎന്നുകൊണ്ടുപോകുവാൻ സാദ്ധ്യമാകുമോ എന്നുള്ളതു് കാണേണ്ടിയേണ്ടതാണ്. ഭൂനയപരിഷ്കാരം വരുന്നതുവരെ കണ്ടുകൃഷി അങ്ങനെതന്നെ കാത്തുകൊണ്ടിരിക്കേണ്ട യാതൊരാവശ്യവുമില്ല. ഗവണ്മെൻറിന് അതു് ഏതു നിമിഷവും നിൎത്തൽചെയ്യാവുന്നതാണ്. ലാൻഡു ടാക്സുവിൽ സെലക്ററകമ്മിററിയുടെ പരിധിയിൽ ഈ കണ്ടുകൃഷിയും കൂടി ഉൾപ്പെടുത്തണം എന്നാണ് ഞാനിനി പറയുവാനുള്ളതു്. കണ്ടുകൃഷിഭൂമികൾ എന്ന ഏർപ്പെടു് ഗവണ്മെൻറിന് യാതൊരു നിയമവുംകൂടാതെ തന്നെ ഒരു ആർഡർകൊണ്ടുമാത്രം ഉടനടി നിൎത്തലാക്കുവാൻ സാധിക്കുന്ന സംഗതിയാണ്. ഒരു കണ്ടുകൃഷിവസ്തു കൈവശമുള്ള ഒരു കുടിയാനോ അല്ലെങ്കിൽ വസ്തു ഉടമസ്ഥനോ അതിൽനിന്നും മരം മുറിക്കുവാൻ പാടില്ല, തെങ്ങിൽനിന്നും കാലൊട്ടി വീടുമേയാൻ പാടില്ല, ആ വസ്തുവിൽ ഒരു കെട്ടിടം വയ്ക്കുവാൻ പാടില്ല, എന്നൊക്കെ വ്യവസ്ഥകൾ ഉണ്ട്. അങ്ങനെ ചെയ്താൽ റവന്യൂ അധികാരികൾ കേസെടുത്തു വസ്തു അനുഭവക്കാരുടെ കയ്യിൽ നിന്നും വലിയ തുക ഫയിനായി വസൂലാക്കിവരുന്നുണ്ട്. ആ വിഷമങ്ങൾ ഇല്ലാതാക്കുവാൻ വേണ്ടി മെമ്മോറാണ്ടം അയച്ചിട്ടുകൂടി അതിന് യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. അതുകൊണ്ട് കണ്ടുകൃഷി ഉടനടി നിൎത്തലാക്കുവാൻ ഗവണ്മെൻറ വേണ്ട നടപടി എടുക്കേണ്ടതാണ്.

രണ്ടാമതെനിക്കു പറയുവാനുള്ളതു് ഇവിടത്തെ സപ്ലൈ ഡിപ്പാർട്ടുമെൻറിനെക്കുറിച്ചാണ്.

Mr. Speaker : You can talk on it when we come to that head. Please conclude your speech. The time also is over.

ശ്രീ. എ. കുഞ്ഞൻനാടാർ : അതിനെ സംബന്ധിച്ച് പിന്നീടു സംസാരിക്കുവാൻ സ്പീക്കർ അവർകൾ അനുവദിച്ചതുകൊണ്ട് ഞാൻെറ അവസാനിപ്പിക്കുന്നു.

Mr. Speaker : I have not committed in any way.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബഡ്ജററിൽ ഈ തുക ഉൾക്കൊള്ളിച്ചിരിക്കുന്നതു് എന്തിനുവേണ്ടിയാണെന്നും, ഏതു കാര്യത്തിനു വേണ്ടിയാണെന്നും വ്യക്തമായിട്ടില്ല. പക്ഷെ, അതിൽനിന്നും ഒരു കാര്യം വ്യക്തമാണ്. Supply of paddy to palace—ന് ഇ൧ ൨൫,൦൦൦ രൂപ

[ശ്രീമതി കെ. ആർ. ഗൗരി :]

നീക്കിവച്ചിട്ടുണ്ട്. ഇതിനുപുറമേ [illegible] ഇന [illegible]യായി [illegible]— [illegible]ൽ [illegible] രൂപ കൂട്ടിവച്ചിട്ടുണ്ട്. [illegible]—കൊച്ചി മഹാരാജാക്കന്മാർ സ്ഥാനത്തൊഴി [illegible] തിരുവിതാംകൂർ—കൊച്ചി രാജപ്രമുഖന് [illegible], 0 0, 0 0 0 രൂ[illegible]നൻറിലെ നിശ്ചയപ്രകാരം നീക്കിവച്ചിട്ടുണ്ട്. ഇതിനെ സംബന്ധിച്ച് ആർട്ടിക്കിൾ [illegible] (2)-ൽ വ്യക്തമായി പറയുന്നുണ്ട്.

"The Ruler of each Covenanting State shall be entitled to receive annually from the revenue of the United State for his privy purse the amounts specified against that Covenanting State in this schedule."

[illegible] (2)-ൽ [illegible]യുന്നത് ഇങ്ങനെയാണ്.

(2) "The said amount is intended to cover all the expenses of the Ruler including expenses on residences and ceremonies and shall neither be increased nor reduced for any reason whatsoever."

ആർട്ടിക്കിൾ [illegible]പ്രകാരം രാജകുടുംബത്തിലെ, രാജപ്രമുഖന്റെ താമസത്തിനും മററു ceremonies-നുംകൂടിയാണ് ഈ സംഖ്യ നീക്കിവച്ചിരിക്കുന്നത്. ഇതിനേക്കാൾ ഒരു [illegible] പോലും രാജപ്രമുഖന്റെ ആവശ്യത്തിന് കൂട്ടുവാൻ [illegible]ടില്ല [illegible]ന്ന് കവനൻറിൽ വ്യവസ്ഥയുണ്ട്. രാജകുടുംബത്തിലെ ആവശ്യ[illegible]നായി [illegible]റെ [illegible]ലക്ഷം രൂ[illegible]കൂടി നീക്കിവച്ചിട്ടുണ്ട്. കവനൻറിൽ പതിനെട്ടുലക്ഷം ഉറപ്പി[illegible] മാത്രം [illegible]ടുക്കാൻ [illegible]ളിച്ചിരിക്കുകയും, അതേ അവസരത്തിൽ ഈ [illegible]ഡ്ഡററിൽ കഴിഞ്ഞ [illegible]ല്ലതേക്കാൾ [illegible]ട്ടാരച്ചെലവിനായി [illegible], 0 0 0 രൂപ കൂടുതലായി [illegible]ളിച്ചിരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ആ വിഷയത്തെപ്പററി സംസാരിക്കുമ്പോൾ [illegible]ടുങ്ങല്ലൂർ [illegible]കോവിലകത്തെ [illegible] കൂടുതൽ രൂപ അനുവദിക്കുവാൻ ഈ നിയമസഭയിൽതന്നെ ഇതിനുമുൻപ് വാദപ്രതിവാദം ഉണ്ടായതായി ഞാൻ ഓർക്കുന്നു. ആ കഴിഞ്ഞതിനു ശേഷവും ഇപ്പോൾ പുതിയതായി ഈവിധത്തിൽ സംഖ്യ കൊണ്ടുവന്നിരിക്കുന്നത് കഷ്ടമാണ്. പഞ്ചവത്സരപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത് സാമ്പത്തിക സമീകരണമാണെന്നു പറയുന്നു. ഉള്ള സാലത്തുതന്നെ കുന്നുകൂന്നായി കൂട്ടുകയും, ഇല്ലാത്തവരിൽനിന്ന് കൂടുതൽ പിരിക്കുകയും ചെയ്താൽ വേഗം സാമ്പത്തികസമീകരണമുണ്ടാകും. സാധാരണ നമ്മുടെ പ്രധാന ആഹാരമായ മരച്ചീനി വാങ്ങിച്ചു കഴിയുന്നതിന് ഇന്നു സാധാരണക്കാരന് നിവൃത്തിയില്ലാതായി തീർന്നിരിക്കുകയാണ്. മരച്ചീനിയുടെ വില ഇന്നു 5¾ ചക്രംവരെ ഉയർന്നിരിക്കുകയാണ്. മരച്ചീനിയുടെ വില്പനയ്ക്കു ന്യായവിലഷാപ്പുകൾ തുറക്കണമെന്നുപറഞ്ഞു് ജനങ്ങൾ മുറവിളി കൂട്ടുകയാണ്. ഈ കാര്യത്തിൽ ഗവണ്മെൻറിനു [illegible]ണമില്ല, ഗവണ്മെൻറു സ്വീകരിച്ചിരിക്കുന്ന നയം ആക്ഷേപാർഹമാണെന്നു പറയാതെ നിവൃത്തിയില്ല. ഈ കോൺഗ്രസ്സ് ഗവണ്മെൻറ് [illegible]തിനുമാത്രമായി ഭരിക്കുന്നതെന്നു ചോദിച്ചാൽ രാജകുടുംബത്തിന് കൂടുതൽ കൂടുതൽ സുഖസൗകര്യങ്ങൾ നൽകുന്നതിനുവേണ്ടിയും, [illegible]ല്ലംതോറും [illegible]നൻറിൽ പറഞ്ഞിരിക്കുന്നതിനെതിരായിട്ടുതന്നെ കുറേ രൂപ കൂട്ടിക്കൊടുക്കുന്നതിനുവേണ്ടിയുമാ

ണെന്നു പറയാതെ നിവൃത്തി ഇല്ല. ഇതു പറയുമ്പോൾ ഗവണ്മെന്റിന്റെ നയത്തെപ്പററി പറയുന്നതിക്കാൻ നിവൃത്തി ഇല്ല. ഇത്ര കൂട്ടിക്കൊടുക്കുന്നതു കുടിയേററക്കാരിക്കും ഗവണ്മെന്റിലേക്ക് ഇട്ടുകൊടുക്കുന്നതിനുവേണ്ടിയാണ് എന്നു പറയുമെന്നിരിക്കാം. എന്നാൽ, ഈ കുടിയേററക്കാരിക്കും വാസ്തവത്തിൽ രാജപ്രമുഖന്റെതല്ല. അതു ഗവണ്മെന്റിന്റേതാണ്. ഫർസൻ സെററ്ലമെന്റിനുശേഷം അതായതു കുടിയേററം വന്നതിനുശേഷം, രാജപ്രമുഖന്റെ ഭൂമിക്ക് വിലകൂട്ടി ഒരു കണക്ക് ഏർപ്പെടുത്തണമെന്നു പറഞ്ഞിട്ടുണ്ട്. എന്നാൽ ആ കണക്ക് ഇതുവരെ സമർപ്പിച്ചിട്ടില്ല. ഈ ഭൂമി രാജപ്രമുഖന്റെതാണോ, അതോ ഗവണ്മെന്റിന്റെതാണോ എന്നു വ്യക്തമായി തെളിയിക്കുവാൻ ഇപ്പോൾ പ്രയാസമെന്നുമില്ല. അതുകൊണ്ട് ഒരേക്കറിക്കൊല്ലം ചെല്ലുന്തോറും ഓരോ ആളിലേയ്ക്കു കൊടുക്കേണ്ട സംഖ്യ കൂട്ടേണ്ട ആവശ്യമില്ല. ഇക്കൊല്ലം ൩,൦൦൦ രൂപ കൂട്ടിയിരിക്കുകയാണ്. ഇങ്ങനെ കൂട്ടിക്കൊടുക്കേണ്ട ആവശ്യമില്ല. രാജപ്രമുഖൻ പതിനെട്ടുലക്ഷം ഉറുപ്പിക കൊടുക്കുന്നുണ്ട്. മൂന്നു ലക്ഷം ഉറുപ്പിക രാജകുടുംബത്തിനും കൊടുക്കുന്നുണ്ട്. രാജപ്രമുഖനും രാജകുടുംബാംഗങ്ങളും അനേകായിരം ഏക്കർ ഭൂമി ശ്രീപത്മമായിട്ടും, അല്ലാതെയും കൈവശം വച്ചു അനുഭവിച്ചുവരികയാണ്. ഇങ്ങനെ സ്വജീവിതമായ വിധത്തിൽ കഴിഞ്ഞുകൂടുന്നതിനുള്ള പണവും ഭൂമിയും അവർക്കുണ്ടായിരിക്കെ, വീണ്ടും ഗവണ്മെന്റിൽനിന്നും ഇങ്ങനെ കൂടുതൽ സംഖ്യ അനുഭവിക്കുന്നതു ശരിയല്ലെന്നും, അതിനാൽ ഗവണ്മെന്റിന്റെ ഇന്നത്തെ നില ഉപേക്ഷിക്കണമെന്നും, ബഡ്ജററിൽ ആയിനത്തിൽ കൊള്ളിച്ചിരിക്കുന്ന തുക വെട്ടിക്കുറയ്ക്കണമെന്നും, ഈ സഭയിലെ അംഗങ്ങൾ അതിനെ അനുകൂലിക്കരുതെന്നും ഞാനഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ശ്രീധരൻ: സർ, ഈ രാജ്യത്തു ഇന്നു നിലവിലുള്ള ഭൂനികുതിസമ്പ്രദായത്തിൽ അടിസ്ഥാനനികുതി ഒഴിച്ചേയുള്ള മറെറല്ലാ നികുതിസമ്പ്രദായങ്ങളും അവസാനിപ്പിക്കണമെന്നു ആവശ്യപ്പെടുന്നതിനു വേണ്ടിയാണ് ഞാൻ ഈ അവസരം വിനിയോഗിക്കുന്നതു്. അനേകനൂററാണ്ടുകളായി നിലനിന്നുപോരുന്ന ജന്മിനാടുവാഴിത്ത സ്വഭാവത്തോടു കൂടിയ നികുതിസമ്പ്രദായങ്ങളുടെ തകർച്ചയാവാം ഒരുതരത്തിലും, സാമ്രാജ്യശക്തികളുടെ കടന്നുകയറ്റത്തിന്റെ ഫലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവിനാലും നമ്മുടെ നാട്ടിലെ കർഷകർ ദൈനംദിനം അധഃപതിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തു് കൃഷിക്കാർക്ക് അനുകൂലമായ നടപടികൾ ഒന്നുമെടുക്കാതിരിക്കുന്ന ഈ ഗവണ്മെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു എന്നാണ് എനിക്കാദ്യമായി പറയുവാനുള്ളതു്. സർ, ഇവിടെ അടിസ്ഥാനനികുതിക്കു പുറമേയുള്ള മറെറല്ലാനികുതിസമ്പ്രദായങ്ങളും അവസാനിപ്പിക്കണമെന്നു കഴിഞ്ഞ ബഡ്ജററ് സമ്മേളനകാലത്തു് പാർട്ടിവ്യത്യാസംകൂടാതെ ഈ സഭയുടെ എല്ലാ ഭാഗത്തിനും ഒന്നുപോലെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അങ്ങനെ ആവശ്യപ്പെട്ടിട്ടുകൂടി ഇതുപോലെ മറ്റു നികുതിസമ്പ്രദായം അവസാനിപ്പിക്കുന്നതിനു ഗവണ്മെന്റ് ഒരുമ്പെട്ടി ഒന്നും പ്രവർത്തിച്ചിട്ടില്ലെന്നു കാണുവാൻ കഴിയും. ഫ്രഫസ്-ൽ സർ സി. പി. രാമസ്വാമി അയ്യർ ദിവാൻജിയായിരുന്ന കാലത്താണ് ഓദ്യമാനി ഇവിടെ ഭൂമിക്ക്

[ശ്രീ. വി. ശ്രീധരൻ :]

ടാക്സ് നടപ്പിൽ വരുത്തിയതു്. സർ സി. പി. രാമസ്വാമി അയ്യരെ സംബന്ധിച്ചു പറയുകയാണെങ്കിൽ അദ്ദേഹം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഏജന്റായിരുന്നു. അദ്ദേഹം ഇവിടെ നിലനിന്നിരുന്ന പണ്ടാരവക, കണ്ടുകൃഷി, ശ്രീപാദം, ഇടവക മുതലായ വസ്തുക്കളെ ഈ അടിസ്ഥാനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടായിരുന്നു. ബ്രിട്ടീഷ് സാമ്രാജ്യം ഇവിടെ നിലനിന്നുപോന്നതിന്റെ അടിസ്ഥാനം അവരുടെ ഒരു വിശ്വസ്തനായ സർ സി. പി. തകർക്കുകയില്ലെന്നു വ്യക്തം.

എന്നാൽ കോൺഗ്രസ്സ് അധികാരത്തിൽ വന്നിരിക്കുന്ന ഈ കാലത്തെങ്കിലും കൃഷിക്കാർക്ക് ആശ്വാസം നൽകുന്ന ഒരു നടപടിയെന്നനിലയിൽ വ്യത്യസ്തമായ ഈ നികുതി സംപ്രദായങ്ങൾ അവസാനിപ്പിക്കും എന്ന ഒരു ധാരണ കൃഷിക്കാർക്കുണ്ടായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വ്യത്യസ്തമായ ഈ നികുതി സംപ്രദായം അവസാനിപ്പിക്കുന്നതിനുള്ള യാതൊരു നടപടിയും ഈ കോൺഗ്രസ്സ് ഗവണ്മെന്റ് ഇതേവരെ സ്വീകരിച്ചിട്ടില്ല എന്നുള്ളതു് വളരെ പരിതാപകരമാണ്. മുമ്പ് സർ. സി. പി. ബേസിക് ടാക്സ് പ്രൊക്ളമേഷൻ നടപ്പിൽവരുത്തിയപ്പോൾ വളരെ അധികം ഭൂമികൾ ബേസിക് ടാക്സിന്റെ പരിധിയിൽനിന്നു ഒഴിവാക്കിയിരുന്നു. ആ ഭൂമികൾ ബേസിക് ടാക്സിൽനിന്നു ഒഴിവാക്കുന്നതിന് സർ. സി. പി. രാമസ്വാമി അയ്യർ ചില കാരണങ്ങൾ പറഞ്ഞിരുന്നു. ശ്രീപണ്ടാരവക വസ്തുക്കൾ എല്ലാം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ വകയാണെന്നും കണ്ടുകൃഷി വസ്തുക്കൾ മഹാരാജാവിന്റെ സ്വന്തം വസ്തുക്കളാണെന്നും, ശ്രീപാദംവക വസ്തുക്കൾ മഹാരാജാവിന്റെ കുടുംബം വക വസ്തുക്കളാണെന്നും ഇടവക വസ്തുക്കളെല്ലാം പണ്ട് ഏതോ രാജ്യം ഭരിച്ചിരുന്ന ആളുകളുടെ അവകാശികളുടെ വസ്തുക്കളാണെന്നും അതുകൊണ്ടാണ് ആ വസ്തുക്കളെയെല്ലാം അടിസ്ഥാന നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുന്നതെന്നും പറഞ്ഞിരുന്നു. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ കാര്യങ്ങൾ നടത്തുന്നതിന് ഗവണ്മെന്റിൽനിന്നും ഒരു ലക്ഷം രൂപയും അതുപോലെ ഒരു ലക്ഷം രൂപ ദേവസ്വംഫണ്ടിൽനിന്നു കൊടുക്കുന്നതിനും രാജപ്രമുഖന് വേറെ ഒരു ലക്ഷത്തോളം രൂപ കൊടുക്കുന്നതിനും വ്യവസ്ഥയുണ്ടായിരിക്കെ, അതുപോലെ ഇടവകയ്ക്ക്, അവരുടെ വസ്തുക്കളിൽനിന്ന് കൂടുതൽ വരുമാനം കിട്ടുന്നതിന് സാദ്ധ്യതയുണ്ടായിരിക്കെ, അതായതു് ശ്രീപണ്ടാരവക, ശ്രീപാദം, കണ്ടുകൃഷി, ഇടവക ഈ വസ്തുക്കളെ അടിസ്ഥാനനികുതി ചുമത്താതെ എന്തുകൊണ്ടാണ് ഈ കൃഷിക്കാരുടെ പക്കൽനിന്നും ഇത്രയും ഭാരിച്ച നികുതി പിരിയ്ക്കുന്നതെന്ന് എനിക്കു മനസ്സിലാകുന്നില്ല. വലിയ വലിയ വസ്തുഉടമകളെ നികുതിയിൽനിന്നും ഒഴിവാക്കിക്കൊണ്ടും സാധാരണക്കാരായ കൃഷിക്കാർക്കുമാത്രം നികുതി ചുമത്തിക്കൊണ്ടും ആണ് ഇവിടെ അടിസ്ഥാന നികുതിസംപ്രദായം ഏർപ്പെടുത്തിട്ടുള്ളതു്. ഈ അടിസ്ഥാനനികുതി ഏർപ്പെടുത്തിയിട്ടുള്ളതും എന്നാൽ അടിസ്ഥാനനികുതിയ്ക്കു പുറമെ ജന്മിക്കരംകൂടി കൊടുക്കേണ്ടിവരുന്ന വളരെയധികം ഭൂമികൾ ഇവിടെയുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റുതന്നെ പരിശോധിക്കുകയാണെങ്കിൽ ജന്മിക്കരം ഇനത്തിൽ ൭0,000-ൽ പരം രൂപാ ഗവണ്മെന്റിന് വരവുള്ളതായി കാണുന്നുണ്ട്, ജന്മിക്കരം പിരിക്കുന്നതിനുള്ള സ്റ്റാഫിന്റെ ചെല

വിലയ്ക്കു് നമ്പ, ൦ ൦ ൦ രൂപ ചിലവാക്കാവാൻ പോകുന്നതായി കാണുന്നു. ജന്മിക്കരം ഇനത്തിൽ വാർഷിക ലക്ഷത്തിൽ ചിലവാകുന്ന രൂപ ഈ രാജ്യത്തു് നിന്നു പിരിക്കുന്നുണ്ടു്. അതിൽ ൭ ൦,൦ ൦ ൦ രൂപ ഗവണ്മെൻറിലയ്ക്കു എടുക്കുകയും ബാക്കിയുള്ള തുക ഈ രാജ്യക്കാരുമായി യാതൊരു ബന്ധവുമില്ലാത്ത ജന്മികൾക്കു് ഗവണ്മെൻറു കൊടുക്കുകയും പിരിക്കുകയും ചെയ്യുന്നു എന്നുള്ളതാണു് പരമാർത്ഥം. അതായതു് ജന്മികൾക്കു് നികുതികൊടുക്കേണ്ടവരായ കൃഷിക്കാരിൽനിന്നാണു് നികുതി ഗവണ്മെൻറു് ഈടാക്കി ജന്മികൾക്കു കൊടുക്കുന്ന, അതായതു് ജന്മികളുടെ ഏജൻസി പണിയാണു് ഈ ഗവണ്മെൻറു് ചെയ്തു വരുന്നതു്. ഇടനിലയിലിരിക്കുന്ന വ്യത്യസ്തരായ നികുതി സംബന്ധമായും മറ്റുമുള്ള നടപടി ഗവണ്മെൻറു സ്വീകരിക്കണമെന്നു് ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണു് ഞാൻ ഈ അവസരം ഉപയോഗിക്കുന്നതു്.

ഈ അവസരത്തിൽ മറെറാരു കാര്യംകൂടി സഭയുടെ ശ്രദ്ധയിൽ പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതു് ഉരെ നിസ്സാരമായ ഒരു കാര്യമായി അധികാരത്തിൽ ഇരിക്കുന്ന ഗവണ്മെൻറിനു തോന്നുമെങ്കിലും നാട്ടുകാർക്കു് അതു് വലിയൊരു കാര്യമാണു്. അതായതു് ഈ നാട്ടിൽ നടക്കുന്ന മാർക്കറ്റുകളിൽ ഇന്നു നടമാടിക്കൊണ്ടിരിക്കുന്ന അന്യായവും അക്രമവും ആയ ഫീസു പിരിവിനെപ്പററിയാണു് എനിക്കു പറയുവാനുള്ളതു്. കഴിഞ്ഞ നിയമസഭാകാലത്തു് ഇതിനെപ്പററി പല ചോദ്യങ്ങളും ചോദിച്ചു അവസരത്തിൽ ബഹുമാനപ്പെട്ട രാജ്യമന്ത്രി മാർക്കറ്റുകളിൽ ഫീസു് പിരിവിനുള്ള ബോർഡ് വച്ചിട്ടില്ലെങ്കിൽ അതു് വയ്ക്കാമെന്നും ബോർഡിൽ പറയുന്ന ഫീസേ പിരിക്കുകയുള്ളു എന്നും അതിനെക്കാൾ കൂടുതൽ ഫീസു് ഏതെങ്കിലും മാർക്കറ്റിൽ പിരിക്കുകയാണെങ്കിൽ അവരുടെ മേൽ കർശനമായ നടപടി എടുക്കാമെന്നും പറഞ്ഞു മാർക്കറ്റുകളിൽ നടമാടിക്കൊണ്ടിരിക്കുന്ന അന്യായവും അക്രമവും എത്രയാണെന്നുള്ളതിനു് ഒരു ഉദാഹരണം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ വിചാരിക്കുന്നു. ആര്യനാട്ടു് നിയോജകമണ്ഡലത്തിൽപെട്ട കാട്ടാക്കട മാർക്കറ്റിലെ അന്യായവും അക്രമവുമായ ഫീസു പിരിവിനെപ്പററി എത്രയോ പ്രാവശ്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടു്. അന്യായമായും അക്രമമായും ആ ചന്തയിൽ നടക്കുന്ന ഫീസു് പിരിവു് നിറുത്തൽ ചെയ്യുന്നതിനെപ്പററി ഗവണ്മെൻറിന്റെ അടുത്തു് പരാതിപ്പെട്ടുകൊണ്ടിരുന്ന പ്രവർത്തകന്മാരിൽ ഒരാളായിരുന്നു സഖാവു് ബാലകൃഷ്ണൻ നായർ. കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പുകാലത്തു് ആര്യനാട്ടു് നിയോജകമണ്ഡലത്തിൽ ഐക്യമുന്നണി സ്ഥാനാർത്ഥിയായിനിന്നു് മത്സരിച്ചു അദ്ദേഹത്തിനു് അലാട്ടുചെയ്തിരുന്ന ഇലക്ഷൻ ചിഹ്നം മാററാതിരുന്നെങ്കിൽ അദ്ദേഹം നിശ്ചയമായും ജയിക്കുമായിരുന്നു. ഈ ചന്തയിലെ അന്യായമായ ഫീസുപിരിവുകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി പ്രവർത്തനം ചെയ്തുകൊണ്ടിരുന്ന സഖാവു് ബാലകൃഷ്ണൻ നായരുടെ മേൽ അവിടത്തെ പോലീസുകാർ പല കുററങ്ങളും ചുമത്തി കേസു് ചാർജ്ജു് ചെയ്തുവിവരം നമുക്കെല്ലാവർക്കും അറിയാവുന്നതാണു്. അദ്ദേഹത്തെ അറസ്റ്റുചെയ്തു ലാക്കപ്പിൽഇടുകയും മർദ്ദിക്കുകയും ചെയ്തതിനുപുറമേ ഈ മാർക്കറ്റിൽ നടക്കുന്ന അനീതികൾക്കു എതിരായി പ്രവർത്തിച്ചുകൊണ്ടിരുന്ന പലരുടെയും മേൽ കേസു എടുക്കുകയും ചെയ്തിട്ടുണ്ടു്. അവരുടെമേൽമാത്രമല്ല,

[ശ്രീ. വി. ശ്രീധരൻ]

അവരുടെ സ്വന്തക്കാരായ ചില ആളുകളുടെ പേരിലും കേസെടുക്കുന്നതിന് അവിടെ പോലീസുകാർ ശ്രമിച്ചിട്ടുണ്ട്. സഖാവ് ബാലകൃഷ്ണൻ നായരുടെ സ്വന്തം വസ്തുവകയായ പിതാവിന്റെ പേരിൽ മോഷണക്കുറ്റം ചുമത്തി കേസെടുത്തിട്ടുണ്ട്. എന്തായിരുന്നാലും ഈമാതിരിയുള്ള അന്യായമായ പിരിവ് അവസാനിപ്പിക്കുന്ന കാര്യത്തിൽ ഗവണ്മെന്റ് അങ്ങേയറ്റം ശ്രദ്ധപതിപ്പിക്കണമെന്നും അതിന് കാര്യമായ നടപടികൾ ഉടനെ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. ജെ. തോമസ് : സർ, അനധികൃതമായ വസ്തു കയ്യേറ്റം എന്നു വ്യവഹരിക്കപ്പെട്ടു പോരുന്ന ഗവണ്മെന്റ് വക പുറമ്പോക്കു സ്ഥലങ്ങളിലുള്ള പ്രവേശനം സംബന്ധിച്ച് ഈ ഗവണ്മെന്റിന് സുസ്ഥിരമായ ഒരു നയം ഇല്ലാ എന്നുള്ളതിനെപ്പററി പറയുവാനാണ് ഞാൻ ഈ അവസരം ഉപയോഗിക്കുന്നത്. ഈ പുറമ്പോക്കു ഭൂമികളിൽ കൈയ്യേറിട്ടുള്ളവരെല്ലാം വാസ്തവത്തിൽ നമ്മുടെ ഗവണ്മെന്റ് അധികൃതന്മാരുടെ അറിവോടും അനുവാദത്തോടും കൂടിയാണ് അതു് ചെയ്തിട്ടുള്ളതു് എന്നുള്ള വിവരം പരസ്യമായ ഒരു രഹസ്യമാണ്. ഇങ്ങനെ പുറമ്പോക്കു സ്ഥലങ്ങൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവരെ അവിടെനിന്നു ഒഴിവാക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവണ്മെന്റിന് ഒരു വേവറിംഗ് ആററിററ്യൂഡ് ആണ് ഉള്ളതു്. അതിനെ സംബന്ധിച്ച് ഒരു സുസ്ഥിരമായ നയം ഈ ഗവണ്മെന്റിനില്ല. ഇങ്ങനെ അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരെയെല്ലാം അവിടെനിന്ന് ഇറക്കിവിടുന്നതാണെന്ന് ഗവണ്മെന്റ് ഒരിക്കൽ പറഞ്ഞു. പിന്നെ ഒരിക്കൽ ൫ ഏക്കറിൽ കുറഞ്ഞ ഭൂമി കൈവശപ്പെടുത്തിട്ടുള്ളവരേയും സ്വന്തം ഭൂമിയില്ലാത്തവരേയും അവിടെനിന്നു ഇറക്കിവിടുന്നതല്ലെന്നു പറകയുണ്ടായി. ഇതിന്റെ ഫലമായി ഒരുകൂട്ടം പാവപ്പെട്ട ആളുകൾ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. വണ്ടൻമേട്ടിലും, അയ്യപ്പൻ കോവിലിലും ഏററവും പാവപ്പെട്ടവരായ കുറെ ആളുകൾ കുറെ സ്ഥലം കൈവശം വച്ച് കൃഷിചെയ്തു ഉപജീവനം ചെയ്തു പാർത്തുവരുന്നുണ്ടെന്നുള്ള വസ്തുത നമുക്കെല്ലാവർക്കും അറിയാം. പുറമ്പോക്കിൽ പ്രവേശിച്ച് ഭൂമി കൈവശം വച്ചിരിക്കുന്നവരെ എല്ലാം ഇറക്കിവിടുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രഖ്യാപിക്കുകയും അതിനു വേണ്ടി കുറെ റിസർവ്വ് പോലീസിനെ ആ ഭാഗങ്ങളിൽ നിയോഗിക്കുകയും ചെയ്തിരുന്നു. എന്നാൽ ഈ ഭൂമി കൈവശം വച്ചിരിക്കുന്നവരുടെ യഥാർത്ഥ സ്ഥിതിഗതികൾ ഗവണ്മെന്റ് മനസ്സിലാക്കിയതിന്റെ ഫലമായി പിന്നീട് ഗവണ്മെന്റിന്റെ ആ നയം ഒന്നു മയപ്പെടുത്തുകയുണ്ടായി. അതായതു് ൫ ഏക്കറിൽ കുറഞ്ഞ ഭൂമിയുള്ളവരേയും സ്വന്തം പേരിൽ ഭൂമിയില്ലാത്തവരേയും അവിടെനിന്നു ഇറക്കിവിടുന്നതല്ലെന്നും അതിനുവേണ്ടി ഒരു സർവ്വേ നടത്തുന്നതാണെന്നും ഗവണ്മെന്റ് പ്രസ്താവിച്ചു. അവരോട് ഗവണ്മെന്റ് ആവശ്യപ്പെട്ടിട്ടുള്ളതു് ൧൯൫൩ ഡിസംബർ ൩൧-ാം തീയതി കഴിഞ്ഞാൽ ഈ ഭൂമികളിൽ യാതൊന്നും കൃഷി ചെയ്തു പോകരുതെന്നാണ്. ഈ ഉത്തരവിന്റെ ഫലമായി ഇപ്പോൾ അവിടെ താമസിക്കുന്ന ആളുകൾ വളരെ കഷ്ടപ്പാടുകൾ സഹിക്കേണ്ടി വരുന്നുണ്ട്. നിത്യവൃത്തി കഴിച്ചുകൂട്ടുവാൻ വേണ്ടിയാണ് അവർ അവിടെ പ്രവേശി

ച്ചിട്ടുള്ളതു്. ഇതു് ഫസ്റ്റിനു മാർച്ചു മാസമാണു്. ഈ മൂന്നു മാസമായിട്ടു അവിടെ കൃഷി നടത്തുവാൻ പാടില്ലെന്നു ഗവണ്മെൻറു പറഞ്ഞതിന്റെ ഫലമായി അവർക്കു് നിത്യവൃത്തിക്കുപോലും കഴിവില്ലാതെയാണു് വന്നിരിക്കുന്നതു്. തെക്കൻ തിരുവിതാംകൂറിൽ ഉണക്കകൊണ്ടു് നെല്ലു് കരിഞ്ഞുപോയി എന്നും പറഞ്ഞു് വളരെ ആളുകൾ അവിടെ വന്നു് അവിടെയുണ്ടായിരുന്ന നെല്ലെല്ലാം കൊണ്ടുപോന്നു. തിരുവനന്തപുരത്തുനിന്നു വളരെ കച്ചവടക്കാർ അയ്യപ്പൻകോവിലിൽനിന്നു് നെല്ലു് ധാരാളം കൊണ്ടുപോന്നിട്ടുണ്ടു്. അതുകൊണ്ടു് അവിടെയുള്ള ആളുകൾക്കു് നിത്യവൃത്തിക്കുപോലും ഉള്ള നെല്ലു് അവിടെയില്ലാതായി തീർന്നിട്ടുണ്ടു്. ഇപ്പോൾ കുപ്പുപോലും കൃഷി ചെയ്യാൻ അനുവദിക്കുന്നില്ല. അവിടെ വലിയ തോതിൽ ഭൂമി കൈവശം വച്ചിട്ടുള്ളവരെ ഇറക്കിവിടരുതെന്നല്ലം ഞാൻ പറയുന്നതു്. അവിടെയുള്ള പാവപ്പെട്ട ആളുകൾ കഷ്ടപ്പെടുവാനിടയാക്കരുതു് എന്നാണു് എനിക്കു് പറയാനുള്ളതു്. അവിടെയുള്ള പാവങ്ങൾക്കു് ഈ പ്രാവശ്യം കൃഷി ചെയ്യാനുള്ള അനുവാദം ഉടനെ കൊടുക്കണം എന്നാണു് ഞാൻ ഗവണ്മെൻറിനോടു് ആവശ്യപ്പെടുന്നതു്. മലനാടുകളിൽ കൃഷിചെയ്യുന്നതിനു് ചില സമയങ്ങൾ ഉണ്ടു്. ഉടനെ തന്നെ അവർക്കു് അവിടെ കൃഷി ചെയ്യുന്നതിനുള്ള അനുവാദം നൽകിയില്ലെങ്കിൽ പിന്നെ ഇക്കൊല്ലം അവിടെ ഒന്നും ചെയ്യുവാൻ സാദ്ധ്യമല്ല. ഈ കാര്യം ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ പെടുത്തിക്കൊള്ളുന്നു. ഒന്നുകിൽ അവിടെ ഭൂമി കൈവശംവച്ചിട്ടുള്ളവരെ ഉടനെ ഇറക്കിവിടുക അല്ലെങ്കിൽ അവിടെയുള്ള പാവപ്പെട്ട ആളുകൾക്കു് കൃഷി ചെയ്യുവാൻ അവകാശം കൊടുക്കുക. അവിടെ കൃഷി ചെയ്യുന്നതിനുള്ള അവകാശം താൽക്കാലികമായിട്ടെങ്കിലും അവർക്കു് നൽകണമെന്നു് ഞാൻ ഗവണ്മെൻറിനോടു് അപേക്ഷിക്കുന്നു. അവിടെ പല കുംഭകോണങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നുണ്ടു്. സർവ്വേ നടത്തുന്ന പാർട്ടി അവിടെ പല അക്രമങ്ങളും ചെയ്യുന്നുണ്ടു്. വാസ്തവത്തിൽ അവിടെ പ്രവേശിച്ചു പാവപ്പെട്ട ആളുകളെ ഇറക്കി വിടുകയും തൽസ്ഥാനത്തു് പണം വാങ്ങിക്കൊണ്ടു് അന്യരെ പ്രവേശിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഈ കാര്യത്തിനു് ആവശ്യമായ പ്രതിവിധി ഗവണ്മെൻറു് ഉടനെ ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

ശ്രീ. ഒ. സി. നൈനാൻ : സർ, കരംപിരിവിനെ സംബന്ധിച്ചു ചില ക്രമക്കേടുകൾ ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി ഈ അവസരം വിനിയോഗിക്കണമെന്നാണു് ഞാൻ വിചാരിക്കുന്നതു്. വിശേഷിച്ചും എന്റെ നിയോജകമണ്ഡലമായ കല്ലൂപ്പാറ എന്ന സ്ഥലത്തു് കരംപിരിവിനെ സംബന്ധിച്ചു് ദീർഘനാളായി നടന്നുകൊണ്ടിരിക്കുന്ന അഴിമതിയും, ക്രമക്കേടുകളും ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. കരംപിരിക്കുന്നതിനാവശ്യമായിരിക്കുന്ന റിക്കാർഡുകളും മററു രേഖകളും ക്രമമായ നിലയിൽ സൂക്ഷിച്ചിട്ടില്ലാതെ ഒരു ഗവണ്മെൻറിനും കരം പിരിക്കുവാൻ സാദ്ധ്യമല്ല. എന്നാൽ കല്ലൂപ്പാറയെ സംബന്ധിച്ചിടത്തോളം കരംപിരിച്ചു വരുന്നതു് ഇടപ്പള്ളി ചിഫും അവരുടെ ഉദ്യോഗസ്ഥന്മാരുമാണു്. അവർ കരംപിരിക്കുന്നതിനുള്ള റിക്കാർഡുകൾ ക്രമമായും ന്യായമായും സൂക്ഷിച്ചുവരുന്നില്ല. പകുതി ഉദ്യോഗസ്ഥന്മാർ കരംപിരിക്കുന്നറിക്കാർഡുകൾ ശരിയായി സൂക്ഷിക്കുന്നുണ്ടോ എന്നു് പരിശോധിക്കുന്ന

[ശ്രീ. ഒ. സി. നൈനാൻ]

തിന് സാധാരണയായി തഹസിൽദാർക്ക് അധികാരമുണ്ട്. എന്നാൽ ഇടയ്ക്കെങ്കിൽ ഈ റിക്കാർഡുകൾ പരിശോധിക്കുന്നില്ല. ഈ റിക്കാർഡുകൾ വളരെ നാളായി റവന്യൂ ഡിപ്പാർട്ടുമെൻറിൽനിന്നും പരിശോധിച്ചിട്ട്. ഈ ക്രമക്കേടുകളെ സംബന്ധിച്ച് റവന്യൂക്കാരുടെ അടുത്തു ചൂണ്ടിക്കാണിച്ചിട്ട് അവർക്ക് അതു് പരിശോധിക്കുന്നതിന് യാതൊരു അധികാരവും ഇല്ലെന്നു പറഞ്ഞു് ഒഴിയുകയാണ് ചെയ്യുന്നതു്. ഫാനുവ്-ലെ 8-ാം ആക്റ്റിന പ്രകാരം ഈ റിക്കാർഡുകൾ പരിശോധിക്കുന്നതിന് ഗവണ്മെൻറിനു പരിപൂർണ്ണമായ അധികാരവും അവകാശവും ഉണ്ട്. ആ അധികാരവും അവകാശവും ഗവണ്മെൻറ് വിനിയോഗിച്ച് അവിടെ താമസിക്കുന്ന ആളുകൾക്ക് നീതിയും ന്യായവും കിട്ടുവാൻ ഗവണ്മെൻറ് ഒന്നും ചെയ്യുന്നില്ല. ഇടവക ഉദ്യോഗസ്ഥന്മാർ കരംപിരിവിനുള്ള റിക്കാർഡുകൾ ശരിയായി സൂക്ഷിക്കാതെ പല ക്രമക്കേടുകളും കാണിക്കുന്നതുകൊണ്ട് ജനങ്ങൾക്ക് കുറെ കൂടുതൽ കഷ്ടപ്പാട് ഉണ്ടാകുന്നു എന്നല്ലാതെ അതുകൊണ്ട് ഇടപ്പള്ളി ചീഫിന് ഒരു ആദായവും മററു പ്രയോജനവും ഇല്ല. സാധാരണ ഗതിയിൽ അദ്ദേഹത്തിന് കിട്ടേണ്ട തുകയിൽ വളരെ കുറച്ചേ അദ്ദേഹത്തിന് കിട്ടുന്നുള്ളൂ. അതിൻെറ കാരണം ഈ കരംപിരിക്കുന്ന ആളുകൾ വളരെ നാളായി ഭൂഷ്പരിചയം ഉള്ള ആളുകളാണ്. അവരുടെ ഈ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന് ഗവണ്മെൻറിൽനിന്നുതന്നെ മുൻകൈ എടുത്ത് പ്രവർത്തിച്ചു അവരെ മാററി വേറെ ആളെ ആ സ്ഥാനത്തു നിയമിക്കാതെ സാദ്ധ്യമല്ല. റവന്യൂ റിക്കാർഡുകളും അതനുസരിച്ചുള്ള രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതു് വളരെ ആവശ്യമാണ്. ചട്ടപ്രകാരംതന്നെ അതു് വേണ്ടതാണ്. എന്നാൽ ഈ സ്ഥലത്തെ സംബന്ധിച്ചിടത്തോളം ഒരുവിധത്തിലും നീതീകരിക്കത്തക്കവിധത്തിലല്ല അവർ കരംപിരിവിനുള്ള റിക്കാർഡുകൾ സൂക്ഷിച്ചു കാണുന്നതു്. അപ്പഴപ്പോൾ ഉണ്ടാകുന്ന കൈമാററങ്ങൾ രജിസ്റ്റർ ചെയ്യുന്നില്ല. പതിരുപത്തു് കൊല്ലമായി വസ്തുവിൻെറ കരംകൊടുത്തിട്ടില്ല; എന്നു പറഞ്ഞ് കരക്കുടിശ്ശികയ്ക്കു വേണ്ടി വസ്തുക്കൾ കൃത്രിമമായും രഹസ്യമായും ലേലത്തിൽ വയ്ക്കുകയും പകുതി ഉദ്യോഗസ്ഥന്മാർ തന്നെ അവരുടെ സ്വന്തത്തിൽപ്പെട്ടവരുടെ പേരിൽ വസ്തു ലേലത്തിൽ പിടിച്ചതായി രേഖകൾ ചമച്ചു ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുകയും നഷ്ടം വരുത്തുകയും ചെയ്യുന്നു. ഈ സംഗതി ഗവണ്മെൻറ് ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷെ അതിന് യാതൊരു പരിഹാരവും ഗവണ്മെൻറ് ചെയ്തുകാണുന്നില്ല.

ഈ സംഗതി പലപ്പോഴും ഗവണ്മെൻറ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ട് യാതൊരു പ്രയോജനവുമുണ്ടായില്ല. ഇടപ്പള്ളി ചീഫിൻെറ ഈ അധികാരം മാററി, ഗവണ്മെൻറ് മററു സ്ഥലങ്ങളിൽ നടത്തിവരുന്നതുപോലെ ഉദ്യോഗസ്ഥന്മാരെ നിയമിച്ചു കരം പിരിവും, മററു രേഖകളും ശരിപ്പെടുത്തിയാലല്ലാതെ ഇതിനു യാതൊരു പരിഹാരവും ഉണ്ടാകുകയില്ലെന്നാണ് എനിക്കു പറയാനുള്ളതു്. എന്നാൽ ഗവണ്മെൻറ് അങ്ങനെ ചെയ്യുന്നതിനു ചില മുടന്തൻ ന്യായങ്ങൾ പറഞ്ഞു സമയം നീട്ടിക്കൊണ്ടുപോകുകയാണ് ചെയ്യുന്നതു്. അവിടെ താമസിക്കുന്ന ആളുകൾക്കു വളരെ കഷ്ടപ്പാടുണ്ടാക്കുന്നതും, ഇടപ്പള്ളി ചീഫിനു യാതൊരു ഗുണവുമുണ്ടാകാത്തതുമായ ഈ നില തുടരുന്നതു ശരിയല്ലെന്നാണു എനിക്കു പറയാനുള്ളതു്. നേരെമറിച്ചു കൈക്കൂലിയിലും മററും

ഞണ്ടു കിടക്കുന്ന ഉദ്യോഗസ്ഥന്മാർക്കു കൂടുതൽ കൈക്കൂലി വാങ്ങുന്നതിനുള്ള ഒരു സൗകര്യമാണു ഇപ്പോഴുള്ള അവസ്ഥമൂലം ഉണ്ടായിരിക്കുന്നതു്. അതിനാൽ എത്രയും വേഗം ഇടപ്പള്ളി ചീഫിനെ അധികാരത്തിൽനിന്നു മാററി ഒരു പെൻഷൻ കൊടുത്തു വിടുകയാണെങ്കിൽ അതൊരു വലിയ പുണ്യമായിരിക്കും. ഇപ്പോഴാണെങ്കിൽ മഴയുണ്ടായതുകൊണ്ടു ഏലക്ട്രിസിററിയും മററും കിട്ടാതെ കഷ്ടപ്പെടുന്ന ഒരവസരമാണു്. ഞാൻ മുമ്പു പറഞ്ഞ കാര്യം ചെയ്യുകയാണെങ്കിൽ മഴയെങ്കിലും ധാരാളം നാട്ടിലുണ്ടാകും. അത്രത്തോളം സങ്കടമാണു അവിടെ അധിവസിക്കുന്ന ജനങ്ങൾ അനുഭവിക്കുന്നതു്. എന്നു മാത്രമല്ല, ഇപ്പോഴുള്ള റിക്കാർഡുകളിൽ തന്നെയും ഗവണ്മെൻറു ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടം ഇല്ലാത്തതിനാൽ വളരെയധികം ക്രമക്കേടുകളും, തെററുകളും, തിരുത്തുകളുമെല്ലാം നടന്നിട്ടുണ്ടു്. അങ്ങനെയുള്ള ഉദാഹരണങ്ങൾ അനവധിയുണ്ടു്. അടുത്തു തന്നെ ഇങ്ങനെയൊരു ക്രമക്കേടു കോടതിമുമ്പാകെ വരികയും അതു കോടതിക്കു ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുണ്ടു്. ഒരു തണ്ടപ്പേരുകാരൻെറ പേരു തോമ്മാ തോമ്മാ എന്നായിരുന്നു. ഗോവിന്ദൻകുട്ടി ഒരു തോമ്മാ തൊമ്മിയെന്നു ആക്കിയാൽ ഗുണം കിട്ടുമെന്നു വിചാരിച്ചു പകുതി ഉദ്യോഗസ്ഥന്മാരെ ഗ്രൂപ്പർശചെയ്തു 'മ' യെന്നുള്ളതു 'മി' യെന്നാക്കി. 'തോ' യെന്നുള്ളതു തിരുത്താൻ സാധിച്ചില്ല. അപ്പോൾ തോമ്മാ തോമ്മാ എന്നുള്ളതു തോമ്മാ തൊമ്മി എന്നായി. സാധാരണയായി തൊമ്മിയെന്നപേരു് ഈ രാജ്യത്തു് ഇല്ലെന്നു എല്ലാവർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് ആ തിരുത്തുമൂലം ഉദ്ദേശിച്ച ഫലം സിദ്ധിച്ചില്ല. ഇത്രത്തിരിയുള്ള പ്രത്യക്ഷമായ കൃത്രിമങ്ങൾ നടക്കുന്ന ഒരു സ്ഥലമാണു് അവിടമെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്ങനെയുള്ള സ്ഥലത്തു ഈ ഉദ്യോഗസ്ഥന്മാരെ വച്ചുകൊണ്ടിരിക്കുന്നതു രാജ്യത്തിൻെറ സൽപ്പേരിനും അഭിവൃദ്ധിക്കും ഒരിക്കലും യോജിച്ചതല്ലെന്നു ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. കരം പിരിക്കുന്ന നടപടിയിലും വളരെയധികം ദുഷ്യങ്ങൾ ഉള്ളതായി കാണാൻ കഴിയും. മററു ചില മെമ്പറന്മാർ ഇവിടെ ചൂണ്ടിക്കാണിച്ചു വളരെ അപരിഷ്കൃതമായ നെൽകരം ഏർപ്പെടുത്തു് ഇന്നും അവിടെ നിലവിലിരിക്കുന്നുണ്ടു്. ഈ നെൽകരം ഏർപ്പെടുത്തു വളരെ അപരിഷ്കൃതമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. അതു പിരിക്കുന്നതിൽ കാണിക്കുന്ന പ്രയോഗം വളരെ കഠിനതരമാണു്. ഒരു പറ നെല്ലിനു മൂന്നും മൂന്നരയും നാലും രൂപാ പകുതി ഉദ്യോഗസ്ഥന്മാർ വാങ്ങിവരുന്നതായി ചൂണ്ടിക്കാണിക്കാൻ കഴിയും. അതിനു തെളിവു നൽകുന്നതിനും പ്രയാസമുണ്ടാകുകയില്ല. നെല്ലിനു നിരക്കുവില വച്ചിരുന്ന കാലത്തു അതനുസരിച്ചു അഞ്ചൽ ഡിപ്പാർട്ടുമെൻറു മുഖേന പണം അയച്ചു കൊടുത്താൽ വാങ്ങുന്നതിനു ഉദ്യോഗസ്ഥന്മാർക്കു് ചുമതലയുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ അതിനു നിവൃത്തിയില്ല. കൊണ്ടുകൊടുത്താൽ ന്യായമായ തരത്തിൽ വാങ്ങുകയുമില്ല. കരം കുടിശ്ശികയാണെന്നു പറഞ്ഞു ആരുടെയെങ്കിലും പേരിൽ വസ്തു തട്ടിയെടുക്കുന്നതിനുള്ള വിദ്യയാണു നടക്കുന്നതു്. ഇതിനെല്ലാം കഴിയുന്നതും വേഗം ഒരു നിവാരണമുണ്ടാക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി : മെമ്പർക്കു കല്ലുപ്പാറ മാത്രം ഏക്കർ സ്ഥലമുണ്ടെന്നു പറയാമോ?

ശ്രീ. ഒ. സി. നൈനാൻ : സുഷ്ഠുവായ കാര്യങ്ങൾ ഇപ്പോൾ എന്റെ കൈവശമില്ല. ആ കാര്യത്തിനു ഇവിടെ പ്രസക്തിയും ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : ഉദ്ദേശമെങ്കിലും പറയാമോ?

ശ്രീ. ഒ. സി. നൈനാൻ : പ്രത്യേക ജിജ്ഞാസ ഉണ്ടെങ്കിൽ ഉദ്ദേശം പറഞ്ഞേക്കാം. പക്ഷേ പരിശോധിച്ചു ഏകദേശ സ്ഥലം കാണണം.

ശ്രീ. ജോസഫ് വാഴപ്പിള്ളി : സർ, ഒരു കാര്യം ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാനാണ് ഞാനാഗ്രഹിക്കുന്നത്. കണ്ടുകൃഷിയെ സംബന്ധിച്ച് പല മാന്യമാനപ്പെട്ട മെംബറന്മാരും ഇവിടെ സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിലേക്കു കടന്നു നോക്കുമ്പോൾ കണ്ടുകൃഷിയിൽനിന്നും ഗവണ്മെൻറിനു നാലുലക്ഷത്തിൽ ചില്വാനം രൂപാ കിട്ടുന്നതായി കാണാൻ കഴിയും. ബഹുമാനപ്പെട്ട മെംബർ ശ്രീ. കുഞ്ഞൻനാടാരുടെ ശ്രദ്ധയെ ബഡ്ജറ്റിന്റെ പ്രസ്തുത പേജിലേക്കു ക്ഷണിച്ചുകൊള്ളുന്നു. കണ്ടുകൃഷിയിൽനിന്നും കിട്ടുന്ന ആദായം 8 ലക്ഷത്തിൽ ചില്വാനം രൂപയാണെന്നു വ്യക്തമായി എടുത്തു പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇരുലക്ഷത്തിഎൺപതിനായിരം രൂപയെന്നു മന്ത്രി ഒരു ചോദ്യത്തിനുത്തരം നൽകിയിട്ടുള്ളതായറിയാമോ?

Mr. Speaker : It is better to go by the Budget, now.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഇതിൽനിന്നും രണ്ടുലക്ഷം രൂപയാണു രാജപ്രമുഖനു വിട്ടുകൊടുത്തിട്ടുള്ളതെന്നു ഒരു ചോദ്യത്തിനുത്തരമായി അറിവു നൽകിയിട്ടുണ്ട്. ഈ ഭൂമികൾ രാജപ്രമുഖന്റെ സ്വകാര്യ സ്വത്തായിരുന്നു. തിരുവിതാംകൂർ മഹാരാജാവു ഈ ഭൂമിയിൽനിന്നു നികുതി, പാട്ടം മുതലായ എല്ലാ ആദായവും എടുത്തു കൊണ്ടാണിരുന്നതു്. അങ്ങനെ അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്ന സംഖ്യയായിരുന്നു ഈ നാലുലക്ഷത്തിൽ ചില്വാനം രൂപാ. ആ ഭൂമി മുഴുവൻ ഇപ്പോൾ ഗവണ്മെൻറിനു് കിട്ടിയിരിക്കുകയാണ്. എന്നാൽ അതിനു പ്രതിഫലമായി രണ്ടുലക്ഷം രൂപയാണു രാജപ്രമുഖനു കൊടുത്തുവരുന്നതു്. ഇങ്ങനെയുള്ള ഈ കണ്ടുകൃഷി ഭൂമിയിൽനിന്നും ബേസിക് ടാക്സു് മാത്രമെ വസൂലാക്കാൻ പാടുള്ളൂവെന്നു ഒരഭിപ്രായഗതി ഇവിടെനിന്നും കേൾക്കുന്നതിനിടയായി. വാസ്തവത്തിൽ ഇതു ഏത്ര കണ്ടു സ്വീകാര്യമാണെന്നു എനിക്കു നിശ്ചയമില്ല. ഈ ഭൂമിയിൽനിന്നും എടുക്കുന്ന ആദായം രണ്ടുതരത്തിലുള്ളതായി കാണാൻ കഴിയും. ഭൂമി ഒരാൾക്കു പാട്ടം കൊടുക്കുകയാണെങ്കിൽ, ആ ഭൂമിയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ ഒരു വീതം പാട്ടക്കാരൻ ജന്മിക്കുകൊടുക്കേണ്ട ചുമതലയുണ്ട്. ഇന്നു ഭൂമിയുടെ ഈ ജന്മാവകാശം ഗവണ്മെൻറ് ഏറ്റെടുത്തിരിക്കുകയാണ്. ആ നിലയിൽ ആ ഭൂമിയിൽനിന്നും ബേസിക് ടാക്സു മാത്രമല്ല ഗവണ്മെൻറിനു വസൂൽ ചെയ്യാനുള്ള അവകാശമായി വരുന്നതു്. ബേസിക് ടാക്സിനു പുറമെ ഈ ഭൂമിയിൽനിന്നും കിട്ടുന്ന ആദായത്തിന്റെ ഒരു വീതത്തിനുകൂടി ഗവണ്മെൻറിനു അവകാശമുണ്ട്. ആ നിലയിൽ ഈ ഭൂമിയിൽനിന്നു ബേസിക് ടാക്സു മാത്രം പിരിച്ചു ഭൂമിയിൽനിന്നും കിട്ടുന്ന മററു ആദായങ്ങൾ മുഴുവൻ കൃഷി

ക്കാൾക്ക് വിട്ടുകൊടുക്കുന്നതു ശരിയാണോ എന്നുള്ളതിനെപ്പററി എനിക്കു രക്ഷിയായ സംശയമുണ്ട്. കൃഷിക്കാർ ഗവണ്മെൻറിലേയ്ക്കു കൊടുത്തു കൊണ്ടിരിക്കുന്ന ആദായത്തിൻെറ മേൽക്കൂട്ടിച്ചേർത്തു വച്ചുകൊണ്ടു ഒരു കാമ്പൻസേഷൻ ഗവണ്മെൻറിന് കിട്ടേണ്ട അവസ്ഥയുണ്ട്. അതു കിട്ടിയാൽ മാത്രമേ ബേസിക് ടാക്സുമാത്രം പിരിച്ചാൽ തീരുകയുള്ളു ഒരു നില വരുന്നുള്ളതെന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ടു കണ്ടുകൃഷി ഭൂമിയിൽനിന്നും ബേസിക് ടാക്സു മാത്രമേ പിരിക്കാൻ പാടുള്ളുവെന്നും മററുള്ള നികുതികളെല്ലാം ഇളവുചെയ്തുകൊടുക്കണമെന്നുമുള്ള അഭിപ്രായഗതിയോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ല. നാലുലക്ഷം രൂപയോളം കരം കിട്ടുന്നതിനുപകരം വെറും ബേസിക് ടാക്സുമാത്രം പിരിച്ചു ബാക്കിയുള്ളതു മുഴുവൻ കൃഷിക്കാർക്കു വിട്ടുകൊടുക്കുന്നതു ശരിയാണോയെന്നുള്ളതു നല്ലതുപോലെ ചിന്തിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്.

ബഹുമാനപ്പെട്ട ഇരിങ്ങാലക്കുടമെംബറും തുലാപ്പുഴ മെംബറും പ്രസ്താവിച്ച കാര്യങ്ങളെപ്പററിയും രണ്ടുവാക്കു ഞാൻ ഇവിടെ പറയണമെന്നു വിചാരിക്കുന്നു. അതു സംബന്ധിച്ചു് ഈ ബഡ്ജററിലുള്ള ചില വിവരങ്ങൾ വച്ചുകൊണ്ടു ചിന്തിക്കുമ്പോൾ എനിക്കു തോന്നുന്ന കാര്യങ്ങൾ ഇതാണ്. കണ്ടുകൃഷി ഭൂമികളിൽനിന്നു നാലുലക്ഷത്തിൽ ചിലപാതം രൂപാ കിട്ടേണ്ടിയിരിക്കുന്ന രാജപ്രമുഖനു ഇപ്പോൾ ഗവണ്മെൻറിൽനിന്നും രണ്ടു ലക്ഷംരൂപാ മാത്രമെ കൊടുത്തുവരുന്നുള്ളു. ബാക്കിയുള്ള രണ്ടുലക്ഷത്തിൽ ചിലപാതം രൂപയ്ക്കും രാജപ്രമുഖനു അവകാശമുണ്ടെന്നാണു എൻെറ അഭിപ്രായം. അദ്ദേഹത്തിനുവേണ്ടി ബഡ്ജററിൽ ഇരുപതിനായിരം രൂപയോളം മാത്രമെ ആണ്ടുതോറും കൊടുക്കുന്നതായി കാണിച്ചിട്ടുള്ളു. ആ ഇനങ്ങളിലാണു അമ്പുതരി തുടങ്ങിയ ഇനങ്ങൾ കാണിച്ചിട്ടുള്ളതെന്നു എനിക്കു തോന്നുന്നു. ഒരുപക്ഷെ ആ വകയിൻെറ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടാകും. എന്നാൽ കൊടുക്കാനുള്ള സംഖ്യ ആകാണെങ്കിലും കൊടുക്കാതിരിക്കാൻ നിവൃത്തിയില്ല ആരുടേയെങ്കിലും സ്വത്തുക്കൾ ഗവണ്മെൻറ് എടുക്കുകയാണെങ്കിൽ ശരിയായിട്ടുള്ള കാമ്പൻസേഷൻ കൊടുക്കണമെന്നുള്ളതാണ് ഇന്നത്തെ വ്യവസ്ഥ.

ശ്രീ. സി. അച്യുതമേനോൻ : രണ്ടു ലക്ഷംരൂപ കൊടുത്താൽ പോരാ കൂടുതൽ കൊടുക്കണമെന്നാണോ ബഹുമാനപ്പെട്ട മെംബർ പറയുന്നതു് ?

ശ്രീ. ജോസഫ് വാഴച്ചിള്ളി : നാലുലക്ഷത്തിൽ ചിലപാതം രൂപയാണു അദ്ദേഹത്തിനു കിട്ടിക്കൊണ്ടിരുന്നതു്. ആ ഭൂമി അദ്ദേഹത്തിൻെറ സ്വകാര്യസ്വത്തുമാണ്. അതിനാൽ ബാക്കിയുള്ള സംഖ്യക്കും അദ്ദേഹത്തിനു നിയമപ്രകാരം അവകാശമുണ്ടെന്നാണ് ഞാൻ പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : കാണ്ടുകൃഷിഭൂമി രാജപ്രമുഖൻെറ വകയാണെന്നുള്ളതിനു റിക്കാർഡു വല്ലതുമുണ്ടോ ?

ശ്രീ. ജോസഫ് വാഴച്ചിള്ളി : മസ്റ്ററമാനുവലിൽ അതു വ്യക്തമായി പറഞ്ഞിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൌരി : കവനൻറെ ഉണ്ടായതിനുശേഷം അങ്ങനെ വല്ല റിക്കാർഡുമുണ്ടോ എന്നാണു ചോദ്യം.

ശ്രീ. ജോസഫ് വാഴപ്പിള്ളി : സ്റ്റേറമാനുവലിലും ബേസിക് ടാക്സ് സംബന്ധിച്ച നിയമം വന്നപ്പോഴും ഈവക ഭൂമികൾ.... ....

ശ്രീ. എ. ജെ. ജോൺ : കാണ്ടുകൃഷി വസ്തുക്കൾ ഗവണ്മെൻറിലേക്ക് വിട്ടുകിട്ടിയതിന് രണ്ടുലക്ഷംരൂപയാണ് കൊടുക്കുന്നതെന്നു ഞാൻ പറഞ്ഞതു ശരിയല്ല. മൂന്നുലക്ഷംരൂപയാണ് കൊടുക്കുന്നതു്. ഇതുകൂടി ചേർത്താണ് ഏവ ലക്ഷംരൂപ പ്രിവിപേഴ്സായി വച്ചിട്ടുള്ളതു്. അതു ഈ ഗവണ്മെൻറല്ല കൊടുക്കുന്നതു്. ഇൻഡ്യാഗവണ്മെൻറാണ്. ഇവിടെ [illegible] ഗ്രൂപ്പ് തയ്യാറാക്കിയപ്പോൾ ഇത്ര കൂടി കണക്കാക്കിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇപ്പോൾ പറഞ്ഞ മൂന്നു ലക്ഷം എന്നുള്ളതു അവസാനമായി കരുതാമോ ?

ശ്രീ. എ. ജെ. ജോൺ : തെറ്റാണെങ്കിൽ ഇനിയും തിരുത്താം.

Shri. P. S. Nataraja Pillai : I would like to have some information. Is this sum of 18 lakhs exclusive of the three lakhs mentioned now?

Shri A. J. John : No.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ പറഞ്ഞ കാര്യം വച്ചുകൊണ്ടുനോക്കുമ്പോൾ ഞാൻ കൊണ്ടുവന്ന വാദഗതിക്കു കുറേക്കൂടി ശക്തികൂടുകയാണു ചെയ്യുന്നതു്.

Shri P. S. Nataraja Pillai : I would like to put a question. Are the Kandukrishi lands now Government lands or private lands?

Shri Joseph Vazhappilly : They are Government lands.

ആ നിലയിൽ ഈ കണ്ടുകൃഷിഭൂമിസംബന്ധിച്ച് വലിയ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുമെന്നു എനിക്കു തോന്നുന്നില്ല.

മറെറാരു കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നതു പുറമ്പോക്കുഭൂമിയുടെ കാര്യമാണ്. ഞാൻ ഉദ്ദേശിക്കുന്നതു വില്ലേജ് പുറമ്പോക്കു ഭൂമികളേയാണ്. ആ പുറമ്പോക്കു ഭൂമികൾ വളരെയധികം വസ്തുക്കളുള്ള ആളുകൾതന്നെ കൈവശംവച്ചുകൊണ്ടിരിക്കുകയാണു ചെയ്യുന്നതു്. അങ്ങനെയുള്ള ആളുകളെ ആ സ്ഥലങ്ങളിൽ നിന്നും ഒഴിപ്പിച്ചു പാർപ്പിടം ഇല്ലാത്ത ആളുകൾക്കു താമസിക്കുന്നതിനുവേണ്ടി കൊടുക്കേണ്ടതാണ്. കുടിവച്ചു താമസിക്കാൻ സൗകര്യമുള്ള അത്തരം പുറമ്പോക്കുഭൂമികളെ സംബന്ധിച്ചുള്ള വിവരം പരസ്യപ്പെടുത്തുന്നതു നന്നായിരിക്കുമെന്നു എനിക്കൊരഭിപ്രായമുണ്ട്. ഇത്രയും കാര്യങ്ങൾ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു ഞാൻ ഡിമാൻറിനെ അനുകൂലിച്ചുകൊള്ളുന്നു.

ശ്രീ. വാഴക്കുന്നി പുളിക്കൽ : സർ, ഈ ഖണ്ഡനാ ക്ഷേപ്പിനെപ്പററി ഇവിടെ സംസാരിക്കുന്നതു് സംയോജനം കഴിഞ്ഞതിട്ടു് ഇത്രയുംകാലമായിട്ടും, തിരു വിതാംകൂർ വിഭാഗത്തിലും കൊച്ചി വിഭാഗത്തിലും രണ്ടുതരത്തിൽ നികുതി പിരിച്ചുവരുന്നതിനെ ഈ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ വേണ്ടിയാണു്. കൊച്ചി വിഭാഗത്തു്, ഇതേ വരെ ഈ സഭയിൽനടന്ന വാദഗതികളിലോ, തർക്കങ്ങളിലോ ഉൾപ്പെടാത്തതായതു് കണ്ടുകൃഷിയോ, എടവകയോ, വണ്ടാരവകയോ ഒന്നും അല്ലാത്തതായ ഗവണ്മെൻറു ഭൂമിയാണു് കൊച്ചിയിൽ ഭൂരിഭാഗവും. തിരുവിതാംകൂർ വിഭാഗത്തു അടിസ്ഥാനനികുതി ചുമത്തി ഈടാക്കിവരുമ്പോൾ കൊച്ചിയിൽ അരിന്റെ അളവും ഏഴും ഇരട്ടി വരുന്ന നികുതിയാണു ഈ സർക്കാർഭൂമികൾക്കു ചുമത്തിപ്പോരുന്നതു്. സംയോജനം വന്നതിനു മുന്നു മൂന്നരകൊല്ലത്തിനുശേഷവും, ആ വിടത്തെ സ്ഥിതി ഇതുതന്നെ. ഇതു സംയോജനമാണോ, വിഭജനമാണോ എന്നുള്ള സംശയം ഇതുവരെ തീർന്നിട്ടില്ല. സർവ്വീസ് സംയോജനത്തെപ്പററി പല കാലാവധികളുള്ളതു സഭയുടെ അകത്തും പുറത്തും കേൾക്കുന്നുണ്ടു്. അതു് ചുരുക്കം ചില ഉദ്യോഗസ്ഥന്മാരുടെ മുറവിളിയുടെ ഫലമായിട്ടാണു്. ഇതുവരെ ആ സംയോജനവും പൂർത്തിയായിട്ടില്ല. എന്നാൽ പാരസഹസ്രം വരുന്ന സാധുകർഷകരുടെ നികുതിയെസംബന്ധിച്ചുള്ള സംയോജനകാര്യത്തിൽ അല്ലെങ്കിൽ ഏകീകരണകാര്യത്തിൽ ഗവണ്മെൻറു അനാസ്ഥ പ്രകടിപ്പിച്ചു കാണുന്നതുകൊണ്ടാണു് ഞാൻ ഇതിനെപ്പററി പറയുന്നതു്. തിരുവിതാംകൂർ വിഭാഗവും കൊച്ചി വിഭാഗവും രണ്ടാക്കി രണ്ടുവിധത്തിലുള്ള നികുതിയും ഈടാക്കി വരുന്നതു ശരിയല്ല. രണ്ടു വിഭാഗത്തിലുള്ള നിരക്കുകൾക്കു ഒരു ഐക്യരൂപ്യം വരുത്തണം.

ശ്രീ. കുഞ്ഞുണ്ണിത്തമ്പാൻ : കൊച്ചി വിഭാഗത്തു അഗ്രികൾച്ചറൽ ഇൻകംടാക്സ് ഉണ്ടോ ?

ശ്രീ. വാഴക്കുന്നി പുളിക്കൽ : മെമ്പർ ചോദിച്ചതാണോ? അഗ്രികൾച്ചറൽ ഇൻകംടാക്സ് എല്ലാ സ്ഥലത്തുമുണ്ടു്. അതിനെപ്പററിയല്ല ഞാൻ ഇവിടെ പറയാൻ ഉദ്ദേശിക്കുന്നതു്. കൊച്ചി വിഭാഗത്തു് ഒരു ഏകത്വസ്വരീതിയിൽ ഭൂനികുതി ചുമത്തിയിട്ടുണ്ടെന്നുള്ളകാര്യമാണു ഞാൻ ഇവിടെ പറഞ്ഞതു്.

ഒരു ലാൻഡു ടാക്സു ബിൽ ഇവിടെ അവതരിപ്പിക്കുന്നുണ്ടെന്നു് വിസ്തരിച്ചുകൊണ്ടല്ല ഞാനിത്രയും പറയുന്നതു്. ആ ബില്ല അവതരിപ്പിച്ചു വളരെമുമ്പു് സെലക്ട് കമ്മിററിക്കയച്ചിട്ടും, പതിനുപതു വകുപ്പു മാത്രം വരുന്ന ആ ചെറിയ ബില്ലിനെ റിപ്പോർട്ടുസഹിതം ഈ സെഷനിൽ തന്നെ ഹാജരാക്കി പാസ്സാക്കാനുള്ള മനഃസ്ഥിതി ഈ ഗവണ്മെൻറിനുണ്ടായിട്ടില്ല. ഈ നികുതികാര്യത്തിൽ കൊച്ചിവിഭാഗത്തുള്ളവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരവസ്ഥ ചില്ലറയല്ല. ഇവിടെ ശ്രീപണ്ടാരവകകണ്ടുകൃഷി മുതലായ വസ്തുക്കൾക്കു് മുൻപുണ്ടായിരുന്ന നികുതികളെല്ലാം കുറച്ചു് ബേസിക് ടാക്സാക്കണമെന്നു് എനിക്കു മുമ്പു പ്രസംഗിച്ച പലരും ഊന്നിപ്പറയുമ്പോൾ ചെറും സർക്കാർ ഭൂമിക്കു കൂടുതൽ കരം പിരിക്കുന്നതു ശരിയാണോ എന്നാണു ഞാൻ ചോദിക്കുന്നതു് ? ലാൻഡുവാല്യു ഇനത്തിൽ പിരിവു കുറഞ്ഞുപോകുമെന്നു കണക്കാക്കിയതുകൊണ്ടാണോ എന്നു ഞാൻ സംശയിക്കുന്നു. ബേസിക്കു ടാക്സ് കൊച്ചിയിൽ കൂടി ഏർപ്പെടുത്തുന്നപക്ഷം രണ്ടുലക്ഷത്തിൽകൂടുതൽ വരുന്ന തുക കുറച്ചുമാത്രമേ

[ശ്രീ. വാസുണ്ണി പളിക്കൽ]

കൊച്ചിയിലെ കർഷകർക്കെടുക്കാനിവരിച്ചയുള്ളു. ഏതായാലും കേവലം ഒരു മര്യാദയുടെ അടിസ്ഥാനത്തിലെങ്കിലും ഈ രണ്ടുതരത്തിലുള്ള നികുതി പിരിവു നിർത്തണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അപ്രകാരം ഉടനെ കൊച്ചിയിലെ കൃഷിക്കാരേയും ഈ അനീതിയിൽനിന്നു രക്ഷിക്കണമെന്നാണു എന്റെ ഈ സഭയോടുള്ള അപേക്ഷ. ഇത്രയും പ്രസ്താവിച്ചുകൊണ്ട് എന്റെ ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, കണ്ടുകൃഷിഭൂമികൾ കവനൻറ് ഗ്രാന്റസരിച്ചു ഗവണ്മെന്റു ഏറ്റെടുത്തിരിക്കുന്ന അവസരത്തിൽ അതു സംബന്ധിച്ചു മുമ്പ് കണ്ടുകൃഷി ഡിപ്പാർട്ടുമെൻറിലുണ്ടായിരുന്ന ചില ഉദ്യോഗസ്ഥന്മാർക്കു നേരിട്ടിട്ടുള്ള ചില വിഷമതകളെപ്പററി പറയുവാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. ആ സമയത്തു നെല്ല ട്രാൻസ്പോർട്ടു ചെയ്തതിൽ മററും അനേകം ഉദ്യോഗസ്ഥന്മാർക്കു ഗവണ്മെൻറിൽനിന്നും പണം ലഭിക്കാനുണ്ടെന്നു കാണുന്നു. ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു.

Mr. Speaker: What has it to do with the Department of Agriculture?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : ഇതു കണ്ടുകൃഷിയിൽപ്പെട്ട ഫ്രീക്സ്പെൻഡിച്ചുറാണ്. അതുപോലെ കണ്ടുകൃഷിഡിപ്പാർട്ടുമെൻറിലുള്ള കണ്ടിജൻസി ജീവനക്കാർക്കും കാമ്പൻസേഷൻ കൊടുത്തിട്ടില്ല എന്നും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽകൊണ്ടുവന്നുകൊള്ളുന്നു.

ശ്രീ പത്മനാഭസ്വാമിക്ഷേത്രംവക, പണ്ടാരവക, മണിയംകരം ഈവക ഭൂമികളെസംബന്ധിച്ചു ഗവണ്മെൻറ് അന്വേഷണംനടത്തി ബേസിക്നികുതി ഏർപ്പെടുത്തുന്നതിന് നടപടി കൂടുന്നിരിക്കെ, കണ്ടുകൃഷിവസ്തുക്കളെ സംബന്ധിച്ചും ഉടനെ ഒരു നടപടിയെടുക്കേണ്ടതാണ്. കൊച്ചിവിഭാഗത്തിലെ ഭൂവുടമസ്ഥന്മാരുടേയും അഭിപ്രായം അപ്രകാരം ഉടൻ പരിഹരിക്കണമെന്നാണു അഭിപ്രായമുണ്ടു്. കണ്ടുകൃഷിവക വസ്തുക്കൾ ഗവണ്മെൻറിന്റെ സ്വന്തമാണ്. ഈ വസ്തുക്കൾ ധാരാളമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകളുടെ പക്കൽനിന്നും എടുത്തു് താമസിക്കുന്നതിനുപോലും ഭൂമിയില്ലാതെ വിഷമിക്കുന്ന സാധുക്കൾക്ക് കുറ്റിക്കുപ്പാട്ടു വ്യവസ്ഥയിലൊ മററു വല്ല വ്യവസ്ഥകളിന്മേലോ കൊടുക്കുന്നതു നന്നായിരിക്കുമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഉപക്ഷേപം ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்): ஸர்

3 P. M. *திலவரி இலாகா சம்பந்தமாக கொண்டுவரப்பட்ட 21 லக்ஷந்தி ஐம்பத்திநாலாயிரம் ரூபாய் என்ற கோரிக்கையை எதிர்த்துக்கொண்டுவரப்பட்டிருக்கும் வெட்டுப் பிரேரணைகளைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்லலாமென்று நினைக்கின்றேன். இரிஞ்ஞாலக்குடை மெம்பர் ஸ்ரீமான் கிருஷ்ணன்குட்டி வாரியர் அவர்களாலும், துறவூர் ஸ்ரீமதி கௌரி அவர்களாலும், ராஜப்பிரமுகருடைய குடும்பத்தாருக்குக் கொடுக்கக்கூடிய அரிசியானது தகுதியற்ற முறையில் கொடுக்கப்படுகிறது என்பது ஒரு புகார் இங்கு கிளப்பப்பட்டது. கழிந்த சில காலங்களாக இங்கு ராஜாவாகவிருந்த அவர்களுக்கும், அவரது குடும்*

பத்திற்கும் கழிந்த காலங்களில் கொடுத்ததைப்போல் இன்று ஜனதாக சர்க்கார் வந்த பின்னரும் அங்ஙனம் கொடுப்பது சரியல்ல என்பது அவர்களுடைய அபிப்பிராயம். ஆனால் கண்டுகிருஷ்ண ப்ரக்ஸாமென்ன் அடுப்படையில் 19,000 ஏக்கர்களுக்கு அதிகமான நிலங்களை, சுமார் அரை லட்சம் ரூபாய்க்கு அதிகமான வருமானம் வரக்கூடிய அந்த நிலங்களை, ராஜ குடும்பத்தார் சர்க்காருக்கு ஏற்பித்த பின்னர் அதன் காரணமாக, முதன் மந்திரி அவர்கள் சொன்னது போல், 3 லட்சம் ரூபாயும், 4111 பறை அரிசியும் இன்று சர்க்காரால் ராஜகுடும்பத்திற்கு கொடுக்கப்பட்டு வருகிறது. அதிலிருந்து என்ன தெரிவாகிறது என்று கேட்டால், ராஜ குடும்பத்திற்கு இன்று சர்க்காரிலிருந்து யாதொரு பிரதியுபகாரமும் இல்லாத முறையில் அரிசி கொடுக்கப்படுவதில்லை என்பதை நான் இச் சபையிலுள்ள அங்கத்தினர்களின் கவனத்திற்கு கொண்டுவருவதற்கு ஆசைப்படுகிறேன். இரண்டாவதாக, திருவனந்தபுரம் மெம்பர் ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்கள் இன்று சர்க்கார் புறம்போக்குகளில் சர்க்கார் உத்தியோகஸ்தர்களுடைய பலக் குறைவால் அல்லது மற்ற காரணங்களால் இன்று இந்நாட்டிலுள்ள புறம்போக்குகளில் சர்க்காரின் உத்தரவாதம் இல்லாமல் எத்தனையோ பேர்கள் ஏறியிருக்கிறார்கள் என்றதொரு புகாரை இச்சபையின் முன் சமர்ப்பித்தார்கள். கழிந்த காலங்களில் ஆகாரசாதனங்களின் விலை உயர்ந்ததின் காரணமாக நம் நாட்டிலுள்ள சர்க்கார் புறம்போக்குகளை சில நபர்கள், ஆக்கிரமிக்காமலில்லை. அங்ஙனம் அவர்கள் ஆக்கிரமித்த நிலங்களின் தொகை, 34,861 ஏக்கர்களாகும். இன்று அவர்களை அச்சர்க்கார் புறம்போக்குகளிலிருந்து இறக்கவேண்டுமென்ற ஏக நோக்கம் காரணமாக 33,412 ஏக்கராவுக்குமேல் நடபடிக்கைகள் நடந்துகொண்டிருக்கிறது. அவை கூடிய சீக்கிரம் நடைமுறையில் வரும் என்பதற்கு யாதொரு விதமான சந்தேகமும் கிடையாது. இன்று சர்க்கார் புறம்போக்குகளில் சர்க்காரின் உத்தரவாதம் இல்லாமல் எத்தனையோ பேர்கள் அப் புறம்போக்குகளில் ஏறுவதற்கு மந்திரிகளில் சிலர் காரணமாக இருக்கிறார்கள் என்று ஸ்ரீமான் பி. எஸ். நடராஜபிள்ளை அவர்கள் சொன்னார்கள். அவர்கள் சொன்னது, அடிப்படையற்றது என்றும், அதில் யாதொரு விதமான உண்மையுமில்லை என்றும் அவர்களுக்கு நான் தெரிவித்துக் கொள்ள ஆசைப்படுகிறேன். ஸர், இன்று இந்த சட்டநிர்மாண சபையில் நான் இதற்கு முன் ஒரு சந்தர்ப்பத்தில், பாவப்பட்டவனென்றோ, பணக்காரனென்றோ பாராமல், ஜாதி, மதம் ஒன்றும் பார்க்காமல், சர்க்கார் புறம்போக்குகளில் சட்டரீதிக்கு எதிராக குடியேறியிருக்கிறவர்கள், அங்கிருந்து இறக்கப்படுவார்கள் என்று சொன்னதில் யாதொரு விதமான மாற்றமும் இன்றும் ஏற்படவில்லை. இந்த சர்க்கார் அமுலில் இருக்கும்வரையில் சட்டத்திற்கு முறண்பட்ட ரீதியில் யாராவது சர்க்கார் புறம்போக்குகளில் ஏறுவார்களேயானால், சட்டரீதியான முறையில் அவர்கள் இன்றும் இறக்கப்படுவார்கள் என்பதற்கு யாதொரு வித சம்சயமும் கிடையாது.

ஸ்ரீ. ஐ. ஏ. ஜேம்ஸ்: கொல்லம் மைதானம் ஆக்ரமிக்கப்பட்டு வரை இதுபோலை ஐறக்கமோ?

6	Vijayamohini Mills Ltd.	1,000 ,,	1,00,000	0	0	5,000	0	0	5%
7	Travancore Cements Ltd.	1,60,000 ,,	16,00,000	0	0	80,000	0	0	5%
8	Travancore Sugars & Chemicals Ltd.	21,500 Pref.	2,36,500	0	0	10,750	0	0	5% dividend on 21,500 preferential shares.
		21305 Ord.	2,66,312	8	0				
9	Indian Rare Earths Ltd.	45% of the issued capital	36,00,000	0	0	1,01,250	0	0	Information on percentage of dividend not received from the Comptroller.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Wednesday, the 18th March 1953.

Vol. VIII. *OFFICIAL REPORT* No. 17

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Wednesday the 18th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

വില്ലേജ് പഞ്ചായത്തുജീവനക്കാർ.

*ര൩. ൬. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് പഞ്ചായത്ത് തോട്ടികളുടെയും തൂപ്പുകാരുടെയും ശമ്പളത്തിലോ അലവൻസിലോ എന്തെങ്കിലും കുറവുകൾ വരുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) വില്ലേജ് പഞ്ചായത്തു തോട്ടികളുടെയും തൂപ്പുകാരുടെയും ശമ്പളത്തിലോ, അലവൻസിലോ യാതൊരു കുറവും വരുത്തിയിട്ടില്ല.

(ബി) എയുടെ ഉത്തരത്തിൽനിന്നും ഈ ചോദ്യം ഉദിക്കുന്നില്ല.

City Bus Service Schemes

*438. [2] **Shri K. Bhanu :** Will the Minister for Transport be pleased to state :

(*a*) the amount of profit, if any, that was derived by the Government by its City Bus Service Schemes ; and

(*b*) whether the Government propose to extend the scheme to the mofussil ; and if not why not ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) No separate accounts are maintained for city services. The net profit of all the departmental services as per the Balance Sheet is inclusive of the City Services.

(*b*) This has already been done. The Department has already extended its services to various mofussil places such as:-

Pravachambalam	Srikaryam
Peyad	Mannamthala
Thaliyal	Manvila-Kulathur
Vattiyoorkavu	Ullur
Nettayam	Veli
Peroorkada	Bhimapalli
Karakulam	Vellayani
Kudappanakunnu	

Shri K. Bhanu : May I know how many buses are run in the city ?

Shri Kalathil Velayudhan Nair : About 40 buses.

Shri K. Bhanu : What is the interval between each service ?

Shri Kalathil Velayudhan Nair : It is different in different lines. There is no fixed interval in every line.

Shri K. Bhanu : When does the first bus start from East Fort?

Shri Kalathil Velayudhan Nair : It is there in the notice board.

Shri K. Bhanu : What is the average seating capacity in each bus ?

Shri Kalathil Velayudhan Nair : There are different kinds of buses. The minimum is 32 seats and the maximum 48.

Shri K. Bhanu : What is the standing accommodation provided in each bus ?

Shri Kalathil Velayudhan Nair : 50 per cent.

ശ്രീ. കെ. കെ. കുമാരപിള്ള : സിററി സർവ്വീസിൽ ഇരിക്കുന്നതിന് ഓവർലോഡു കൂടാതെ സുഖമായിട്ടുപോകുവാനുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇപ്പോഴത്തെ അഭിപ്രായം മറിച്ചാണ്. ദൂരെ ദിക്കിലേയ്ക്കുള്ള സർവ്വീസുകളിൽ ആദ്യമായി ഓവർലോഡ് കുറയ്ക്കണമെന്നാണ് വിചാരിക്കുന്നത്. അടുത്തുള്ള യാത്ര ആയതുകൊണ്ട് സിററി സർവ്വീസിൽ ഓവർലോഡ് അല്പസ്വല്പം ഉണ്ടെങ്കിലും വലിയ ദൂഷ്യമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : സിററി സർവീസിലെ ഓവർലോഡു കൊണ്ടു യാത്രക്കാർക്ക് വളരെ അസൗകര്യമുണ്ടെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പക്ഷെ യാത്രക്കാർ പറയുന്നത് അങ്ങനെയല്ല. രണ്ടും മൂന്നും മണിക്കൂർനേരം ബസ്സിൽ ഇരുന്നു യാത്രചെയ്യുമ്പോൾ ഓവർലോഡു വരാതിരിക്കുവാനാണ് ആദ്യമായി നോക്കേണ്ടതെന്നു അവർ പറയുന്നു.

ശ്രീ. ഇ. കൃഷ്ണൻ നായർ : സിററിയിൽനിന്നും എത്ര മൈൽ ദൂരം വരെയാണ് സിററി സർവ്വീസു ഓടിക്കുന്നത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധാരണയായി ഏഴു മൈൽ ദൂരം വരെ.

ബസ്സുകൾ വാങ്ങുന്നതിന് അഡ്വാൻസ് കൊടുത്ത രൂപ.

* 8 (a). [a] ശ്രീ. പ്രാക്കുളം മാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) Comer ബസ്സ് വാങ്ങുന്നതിന് ഗവണ്മെൻറിൽനിന്നു അഡ്വാൻസ് കൊടുത്തിരുന്നോ ;

(ബി) എത്ര രൂപയാണ് അഡ്വാൻസായിട്ടു കൊടുത്തത് ;

(സി) എത്ര വണ്ടികൾക്കായിട്ടാണ് അഡ്വാൻസ് കൊടുത്തിരുന്നത് ;

(ഡി) ആ വണ്ടികൾ എല്ലാം കിട്ടിയോ ;

(ഇ) ഇല്ലെങ്കിൽ എത്ര കിട്ടി ;

(എഫ്) ഒരു Comer Diesel ബസ്സിന് ഗവണ്മെൻറിൽ നിന്നു കൊടുത്ത വില എന്താണ് ;

(ജി) കമ്പനിക്കാർ എത്ര ശതമാനം കമ്മിഷൻ ഇനത്തിൽ വകവച്ചു തന്നു ;

(എച്ച്) ഗവണ്മെൻറ് ഇതിനു മുമ്പിൽ വാങ്ങിയിരുന്ന Austin Diesel ബസ്സിനു വില എന്തായിരുന്നു ?

പൊതുമരാമത്തുംഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉവ്വ്.

(ബി) ൨,൯ ൪,൩ ൫ ൬ ഗ്രൂപ.

(സി) ൬ ൫.

(ഡി) ഉവ്വ്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) ൨ ൬,൭൨൨ ൩ ഗ്രൂപ.

(ജി) ൬ ൩ ശതമാനം.

(എച്ച്) ൨ ൦,൩ ൬൭ ഗ്രൂപ ൬൨ അണ.

ശ്രീ. പ്രാക്കുളം ഭാസി : പലതരം ബസ്സുകൾ വാങ്ങിക്കരുതെന്ന് കോളിൻസു കമ്മിററി റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ആസ്റ്റിൻ ബസ്സും, കോമർ ഡീസൽ ബസ്സും തമ്മിൽ എന്താണ് വ്യത്യാസം ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ആസ്റ്റിൻ ബസ്സ് ഹെവി ഡ്യൂട്ടി വെഹിക്കിൾ ആണ്.

ശ്രീ. പ്രാക്കുളം ഭാസി : ഈ രണ്ടു ബസ്സുകൾ തമ്മിൽ വിലയ്ക്കു വ്യത്യാസമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൨ ൬,൭൨൨ ൩ ഗ്രൂപയുടെയും, ൨ ൦,൩ ൬ ൭ ഗ്രൂപയുടെയും വ്യത്യാസമുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ വിലവ്യത്യാസത്തിന് അനുരൂപമായ ഗുണവ്യത്യാസം ഈ ബസ്സുകൾക്കുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ട്. ആസ്റ്റിൻ ബസ്സ് അഞ്ചുകൊല്ലം ലൈൻ സർവ്വീസിൽ ഓടുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. മററത് അതിൽ കൂടുതൽ ഓടും.

ശ്രീ. പ്രാക്കുളം ഭാസി : ഇൻറർ നാഷണൽ ബസ്സിന് എത്ര ശതമാനം കമ്മീഷൻ കിട്ടും ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കാമർ ഡീസൽ ബസ്സിന് കമ്മീഷൻ കിട്ടിയപ്പോഴല്ല, ഇൻറർ നാഷനൽ ബസ്സിന് കിട്ടിയത്. അതുകൊണ്ട് എത്ര ശതമാനമാണ് കിട്ടിയതെന്ന് അറിഞ്ഞുകൂടാ.

ശ്രീ. പ്രാക്കുളം ഭാസി : ഇതിനെക്കാൾ കൂടുതലാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഒരുപക്ഷേ ആയിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : കാമർ ഡീസൽ ബസ്സിൻെറ ഇവിടുത്തെ ഏജൻറ് മിസ്റ്റർ എ. വി. ജോർജ്ജാണെന്ന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അറിയാം.

ശ്രീ. പ്രാക്കുളം ഭാസി : മിസ്റ്റർ ജാർജ്ജിനെ സഹായിക്കാനാണ് ഗവണ്മെൻറ് ഈ ബസ്സുകളെടുത്തതെന്ന ഒരു സംസാരമുള്ളതായി അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതെങ്കിലും തരത്തിൽ ഗവണ്മെൻറിനെ കുററപ്പെടുത്തണമെന്നാഗ്രഹിക്കുന്നവർ ഇങ്ങനെയും നടക്കുന്നുണ്ടായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : കോളിൻസ് റിപ്പോർട്ടിൽ പലതരം ബസ്സുകൾ വാങ്ങിക്കരുതെന്ന് പറഞ്ഞിരിക്കെ, ഈ ബസ്സുകൾ മാററുന്നതിനു ഏതെങ്കിലും സൗജന്യം വേണ്ടപ്പെട്ടവർക്ക് ചെയ്യുന്നതിനുവേണ്ടിയാണെന്നു വിചാരിക്കുന്നതിൽ തെററെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതു് സ്റ്റാൻറർഡൈസ് ചെയ്ത ഏതെങ്കിലും രണ്ടു തരം ബസ്സുകൾ വാങ്ങിക്കണമെന്നാണ്. ആ നിലയ്ക്കു ഹെവി ഡ്യൂട്ടി വെഹിക്കൾ ആയ കോമർ ഡീസൽ ബസ്സ് വാങ്ങിക്കാനാണ് ഗവണ്മെൻറ് തീരുമാനിച്ചതു്.

ശ്രീ. പ്രാക്കുളം ഭാസി : ലണ്ടനിൽനിന്നും വേറെ ഏതെങ്കിലും ബസ്സുകൾ വാങ്ങിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻഡ്യയുടെ വിവിധ ഭാഗങ്ങളിൽ സർവ്വീസിലിരിക്കുന്ന എല്ലാ ബസ്സുകളും വാങ്ങി പരിശോധിച്ചു നോക്കണമെന്ന് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : ഫോർഡ് ബസ്സുകൾ സ്റ്റാൻറർഡൈസ് ചെയ്യണമെന്നു കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സ്റ്റാൻറർഡൈസ് ചെയ്ത ഏതെങ്കിലും രണ്ടു തരം ബസ്സുകൾ സ്വീകരിക്കണമെന്നേ കോളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളൂ. ഇൻററിം പീരിയഡിലേയ്ക്കു് പരീക്ഷണാർത്ഥം ഈ ബസ്സുകൾ വാങ്ങിച്ചിരിക്കുകയാണ്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : കോളിൻസ് റിപ്പോർട്ടിൽ ഡാഷ് ഏരിയായിൽനിന്നും ഒരു വണ്ടിയും, സ്റ്റർലിംഗ് എഞ്ചിയായിൽനിന്നും ഒരു വണ്ടിയും മാത്രമെ സ്റ്റാൻറർഡൈസ് ചെയ്യാവൂ എന്നു ശുപാർശ ചെയ്തിട്ടില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ശുപാർശ ചെയ്തിട്ടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : അതെന്തുകൊണ്ട് ബോർഡ് അങ്ങനെ ശുപാർശ ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കഴിഞ്ഞ ബോർഡിൽ അങ്ങനെ ശുപാർശ ചെയ്തിട്ടില്ല. അതിനു മുൻപുള്ള ബോർഡിൽ ഇൻറർനാഷനൽ ബസ്സുകൾ വരുത്തുന്നതിലേയ്ക്കു് ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ എന്നു ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : മുമ്പുള്ള ബോർഡിൽ നിന്നും ഉണ്ടായ ശുപാർശ അനുസരിച്ചല്ലേ ഇൻറർനാഷണൽ ബസ്സുകൾ വാങ്ങിയതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് അതിനുമുമ്പുള്ള ബോർഡിൻെറ ശുപാർശ അനുസരിച്ചാണു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : ഒരു ഇൻറർനാഷണൽ ബസ്സിൻെറ വില എന്താണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : കാമർ ഡീസൽ ബസ്സുകൾ ഇവിടെ വരുത്തിയിട്ടുള്ളതു് എക്സ്പെരിമെൻറലായിട്ടാണോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇൻറർനാഷണൽ ഡെപ്യൂട്ടേഷൻ ഉള്ള ബസ്സുകളാണു് കാമർഡീസൽ ബസ്സുകൾ. അതുകൊണ്ടു് നാലു ബസ്സുകൾ കൂടെ വരുത്തി. അത്രത്തോളം എക്സ്പെരിമെൻറലായിട്ടാണെന്നു പറയുന്നതിൽ തെററില്ല.

Shri A. A. D. Luiz : Is this Collin's Report binding on the Government ?

Shri Kalathil Velayudhan Nair : No report is binding on the Government.

ശ്രീ. ഓ. സി. നൈനാൻ : കാമർ ഡീസൽ ബസ്സുകൾ ഉപയോഗിച്ചു നോക്കീട്ടു എങ്ങനെയിരിക്കുന്നു എന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു വരുത്തിയിട്ടു് ഏതാനും മാസങ്ങളെ ആയുള്ളൂ. അതുകൊണ്ടു് നിശ്ചയമായി പറയാറായിട്ടില്ല. മററു ബസ്സുകളെക്കൂടി വരുത്തി പരിശോധിച്ചു നോക്കിയതിനു ശേഷമേ ഇതിനെപ്പററി ഒരഭിപ്രായം പറയാൻ നിവൃത്തിയുള്ളൂ.

ഓവർലോഡ്.

* ൪൪൦. [൪] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ടു ബസ്സിൽ എത്ര ശതമാനം ആളുകളെ ഓവർലോഡായി കൊണ്ടുപോകാൻ അനുവദിച്ചിട്ടുണ്ടു് ;

(ബി) ട്രാൻസ്പോർട്ടു വകുപ്പിൽനിന്നും കഴിഞ്ഞ ആണ്ടിൽ കിട്ടിയ അററാദായം എന്തു് ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഇപ്പോൾ ൪൦ ശതമാനം.

(ബി) ഫ്രൻ ൪ ഫ്— ൪൨ ലേയ്ക്കു് ഫ ൧,൩ ൪, ൪൩ ൦ രൂപ.

ശ്രീ. ആർ. ഗംഗാധരൻ : ൫ ൦ ശതമാനം എന്നു പറഞ്ഞ ആ വ്യവസ്ഥ അനുസരിച്ചുതന്നെയാണോ ഇപ്പോഴും ഓവർലോഡ് കയററുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാമാന്യമായിട്ടു അങ്ങനെയാണു്.

ശ്രീ. ആർ. ഗംഗാധരൻ : വളരെ അധികം ദൂരമുള്ള സ്ഥലങ്ങളിലേയ്ക്കു പോകുന്ന ബസ്സുകളിലും ഈ കണക്കിൽ ഓവർലോഡു കയററാറുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ അതു് കുറെ കുറച്ചിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : ഇപ്പോഴും അമിതമായ ഓവർലോഡു് ഉണ്ടെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മെംബർ വിശ്വസിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ സാധാരണ ഉണ്ടാകയില്ല. അമിതമായ ഓവർലോഡു് ഉണ്ടെങ്കിൽ അതു് അസാധാരണ സംഭവമായിരിക്കും.

ശ്രീ. ആർ. ഗംഗാധരൻ : തിരുവനന്തപുരം ബസ്സു് സ്റ്റാൻറിൽ നിന്നുതന്നെ ഈ വ്യവസ്ഥയ്ക്കു് വിപരീതമായിട്ടാണു് ആളുകളെ കയററുന്നതെന്നു് ഞാൻ പറഞ്ഞാൽ അതു് ശരിയാണെന്നു് മനസ്സിലാക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പറഞ്ഞാൽ മനസ്സിലാക്കാം. പക്ഷെ സാധാരണ അങ്ങനെ ചെയ്യാറില്ല. വഴിയിൽവച്ചാണു് കൂടുതൽ ആളുകളെ കയററുന്നതു്. ഉത്സവകാലത്തോ മററോ കൂടുതൽ ആളുകളെ കയററി എന്നു വരാം.

ശ്രീ. ആർ. ഗംഗാധരൻ : സാധാരണ സമയത്തും കൂടുതൽ ആളുകളെ കയററുന്നുണ്ടെന്നറിയാമോ ?

Mr. Speaker : The Minister has already said that generally it is not being done and that there are exceptional cases.

ശ്രീ. ആർ. ഗംഗാധരൻ : എല്ലാവർക്കും അറിയാം, സർ, ഇതു് ശരിയല്ലെന്നു്. എന്തായിരുന്നാലും ഈ ഓവർലോഡു് നിവൃത്തിവരാനായി ശ്രമിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കഴിഞ്ഞ ആണ്ടോളം ഒരു ബസ്സിലെ ശരാശരി യാത്രക്കാരുടെ എണ്ണം ൫൫ ൦ ആയിരുന്നു. ഇത്തവണ അതു് ൫ ൦ ൫ ആയി കുറഞ്ഞിട്ടുണ്ടു്. ഇതു് ഓവർലോഡു് നിവൃത്തിക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ടു കുറഞ്ഞതാണു്.

ശ്രീ. ആർ. ഗംഗാധരൻ : അടുത്ത വർഷത്തിൽ ബസ്സുകളുടെ എണ്ണം കൂട്ടുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : ഓവർലോഡിനെപ്പററി പരാതി ഉണ്ടാകാത്തവിധം സൂക്ഷിക്കുവാൻ ശ്രമിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ വലിയ പരാതി ഉണ്ടാകാറില്ല.

ശ്രീ. കെ. ഭാനു : ട്രാൻസ്പോർട്ട് ബസ്സ് സർവ്വീസിൽനിന്നും കിട്ടുന്ന ആദായം മുഴുവനും ബസ്സുകൾ വാങ്ങിക്കാൻവേണ്ടി ഉപയോഗിച്ചുകൂടെ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ബസ്സുകളിൽനിന്നും കിട്ടുന്ന ആദായം മുഴുവനും എടുത്തു ബസ്സുകൾ വാങ്ങിക്കണമെന്ന ഗവൺമെന്റ് വിചാരിക്കുന്നില്ല. വേറെയും പല ചെലവുകൾ ഉണ്ട്.

ശ്രീ. കെ. ഭാനു : യാത്രക്കാരുടെ സൗകര്യത്തെ ആസ്പദമാക്കി കൂടുതൽ ബസ്സുകൾ തുടങ്ങുന്നത് ഉപയോഗപ്രദമല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : യാത്രക്കാരുടെ സൗകര്യത്തെ ഉദ്ദേശിച്ച് നിലത്തിയുള്ളിടത്തോളം കൂടുതൽ ബസ്സുകൾ വരുത്തിയിട്ടുണ്ട്.

ശ്രീ കെ. ഭാനു : ഫൻ ൫ – ൫ ൪ ലേയ്ക്ക് എത്ര ബസ്സുകൾ കൂടുതൽ വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൂടുതലായി ൫ ൦ ബസ്സുകൾ വരുത്തണമെന്നുദ്ദേശിക്കുന്നു.

ശ്രീ കെ. ഭാനു : ൫ ൦ ബസ്സുകൾ വരുന്നതുകൊണ്ട് ഓവർലോഡ് ഇല്ലാതാക്കാൻ സാധിക്കുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ചിലപ്പോൾ സാദ്ധ്യമല്ലെന്നു വരും. എന്നാലും മിക്കവാറും ഓവർലോഡു കൂടാതെ സാധിക്കാമെന്നാണ് തോന്നുന്നത്.

ശ്രീ. കെ. ഭാനു : ഓവർലോഡ് നിർദ്ദേഷമില്ലാതാകണമെങ്കിൽ എത്ര ബസ്സുകൾ കൂടുതൽ വാങ്ങിച്ചാൽ സാധിക്കുമെന്നുള്ളതിലേയ്ക്കു കണക്കുകൾ വല്ലതും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിലേയ്ക്ക് പ്രത്യേകം കണക്കുകൾ ഒന്നുമില്ല.

Shri P. S. Nataraja Pillai : If overload is eliminated, what is the percentage of the profit that is likely to go down ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഓവർലോഡ് കുറയ്ക്കാനുള്ള ചർച്ചയാണ് ഇപ്പോൾ ഉള്ളത്. ഓവർലോഡ് നിർദ്ദേഷം മാറുന്നതുകൊണ്ട് എന്തു ലാഭമുണ്ട്, അല്ലെങ്കിൽ നഷ്ടമുണ്ട് എന്നുള്ളതിലേയ്ക്ക് ഇതുവരെ കണക്കെടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : വർക്കിംഗ് എക്സ്പെൻസസ് ഇന്നത്തെ നിലയിൽതന്നെ ഇരിക്കുകയും ഓവർലോഡ് എലിമിനേറ്റ് ചെയ്യുകയും ചെയ്താൽ ഫലമെന്തായിരിക്കുമെന്നറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ട്രാൻസ്പോർട്ട് സർവ്വീസ് നഷ്ടത്തിൽ കലാശിക്കും.

ശ്രീ. എ. താണു പിള്ള : പതിനേഴുലക്ഷം രൂപ ആദായം കിട്ടിയ കൊല്ലം എത്ര ശതമാനം ഓവർലോഡുണ്ടായിരുന്നു ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏ ഒ ശതമാനം ശരാശരി ഓവർലോഡുണ്ടായിരുന്നു.

ശ്രീ. എ. താണു പിള്ള : ഇപ്പോൾ നൂറ (ഏ ൦ ൦) ശതമാനമായി കുറഞ്ഞതിൽ ഡിപ്പാർട്ടുമെന്റിന് ലാഭമോ നഷ്ടമോ എത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കണക്കെടുത്തിട്ടില്ല.

ശ്രീ. കെ. ശങ്കർ : ഈ അടുത്ത കാലത്തു കായംകുളത്ത് ഒരു ബസ്സ് അപകടമുണ്ടായത് ഓവർലോഡ് നിമിത്തമായിരുന്നോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഓവർലോഡു നിമിത്തമല്ലായിരുന്നു. ബ്രേക്കിന്റെ ടയർ പൊട്ടിപ്പോയതുകൊണ്ടാണ്.

ശ്രീ. ഓ. സി. നൈനാൻ : ഈ ഡിപ്പാർട്ടുമെന്റിലേയ്ക്കു ഇൻഷൂറൻസ് പ്രീമിയത്തിന്റെ പ്രപ്പോർഷൻ വല്ലതും കുറച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ട്.

ശ്രീ. ഓ. സി. നൈനാൻ : ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ൪ ശതമാനം കുറച്ചിട്ടുണ്ട്.

ശ്രീ. ഓ. സി. നൈനാൻ : ഡിപ്രീസിയേഷൻ തള്ളിയാണോ ഈ ൪ ശതമാനമെന്നു പറഞ്ഞത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതെ.

ശ്രീ. ഓ. സി. നൈനാൻ : ഡിപ്രീസിയേഷനുവേണ്ടി എത്ര തുകയാണ് നിശ്ചയിച്ചിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിന്റെ കണക്കിപ്പോൾ എന്റെ കൈവശമില്ല

Shri C. Sankar : Does the same rule apply to private buses?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏ ൦ ശതമാനം ഓവർലോഡു അനുവദിച്ചിട്ടുണ്ട്.

Shri C. Sankar: May I know the reason for the discrimination shown?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഒന്ന് സ്റ്റേറ്റിൽനിന്നും നടത്തുന്നതു്. മറ്റേതു് പ്രൈവേറ്റ് ബസ്സുകൾ നടത്തുന്നതു്.

Shri. C. Sankar: Has the state right to infringe the rule?

Shri Kalathil Velayudhan Nair: The rule says that it can be done.

ശ്രീ. എ. കുഞ്ഞൻ നാടാർ : പ്രൈവററ സർവ്വീസുകൾക്ക് ഓവർ ലോഡ് നിമിത്തം ഉണ്ടാകുന്ന ലാഭത്തെപ്പററി വല്ല കണക്കും എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പ്രൈവററ ബസ്സുകളിൽ ലാഭമുണ്ടാകത്തക്കവണ്ണം ഓവർലോഡ് കയററുന്നുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഓവർലോഡു കയററാതെ പ്രൈവററ് ബസ്സുടമസ്ഥന്മാർ ബസ്സ് ഓട്ടിക്കുകയാണെങ്കിൽ മന്ത്രിയുടെ സ്റ്റേററ്മെൻറിൻപ്രകാരം അവർക്കു നഷ്ടമല്ലേ ഉണ്ടാകുന്നതു് ?

Mr. Speaker : Now we are at the State Transport Service and their working expenses.

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഞാൻ പറഞ്ഞതു്. ബഹുമാനപ്പെട്ട മെംബർ നല്ലവണ്ണം ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറിലെ വർക്കിംഗ് എക്സ്പെൻസസ് ഇപ്പോഴത്തെ നിലയിൽ തുടരുകയും അതേ സമയം ഓവർലോഡു് നിറുത്തുകയും ചെയ്താൽ എന്താണ് ഫലം എന്നാണ് ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ചോദിച്ചതു്. ഫലം നഷ്ടമാകുമെന്നാണു ഞാൻ പറഞ്ഞതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഓവർലോഡു് നിർദ്ദേശം ഇല്ലാതാക്കുന്നതുകൊണ്ടു് ഗവണ്മെൻറിന് ഒട്ടും ലാഭം കിട്ടുകയില്ലെന്നാണോ പറയുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വർക്കിംഗ് എക്സ്പെൻസസ്സ് കുറയുന്നില്ലെങ്കിൽ വലിയ ലാഭമൊന്നും കിട്ടാനില്ല.

Construction of Bridges

*441. [5] **Shri K. Bhanu :** Will the Minister for Works and Transport be pleased to state:

(*a*) how many major bridges will have to be constructed in our State under the National Highway Scheme ;

(*b*) where are they to be constructed ;

(*c*) what is the total outlay that has been made ; and

(*d*) has the construction of any bridge been embarked upon ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) One.

(*b*) Across the right arm of the Periyar river at Alwaye.

(*c*) Approximately Rs. 7,000 for investigation work.

(*d*) No.

Shri K. Bhanu : Was any preliminary survey conducted ?

Shri Kalathil Velayudhan Nair : Yes.

Shri K. Bhanu : What is the amount that has been spent for this preliminary survey ?

Shri Kalathil Velayudhan Nair : Rs. 7,000.

Shri K. Bhanu : Who is the person who conducted this survey ?

Shri Kalathil Velayudhan Nair : It is done by the P.W.D.

Shri A.A.D. Luiz : Has the Government any hand in building these new bridges ?

Shri Kalathil Velayudhan Nair : Yes.

Shri P. S. Nataraja Pillai : Who has the right to enforce the construction of new bridges ?

Shri Kalathil Velayudhan Nair : It is a hypothetical question and I don't want to answer that.

Shri P. S. Nataraja Pillai : Is this a new bridge ?

Mr. Speaker : Does Mr. Nataraja Pillai persist in putting such questions in the view of the Minister's reply ?

Shri P. S. Nataraja Pillai : No, Sir.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എം. സി. റോഡിലുള്ള പാലങ്ങളെല്ലാം നാഷണൽ ഹൈവെ സ്കീമിൽ ഉൾപ്പെടുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ചെങ്ങന്നൂരിൽനിന്നും പാണ്ടനാട്ടിലൂടെ പോകുന്ന റോഡ് നാഷണൽ ഹൈവേയുടെ കൂട്ടത്തിൽ ഉൾപ്പെടുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉൾപ്പെടുകയില്ല.

ശ്രീ. ആർ. കേശവപിള്ള : നാഷണൽ ഹൈവേ റോഡ് എന്നു പറയുന്നതു് ഈ രാജ്യത്തുള്ള എത്തെല്ലാം റോഡുകളെ സംബന്ധിച്ചാണ് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഈ ചോദ്യത്തിനുത്തരം ഞാൻ പല്ത്തവണയും ഈ സഭയിൽ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ : കൊല്ലകടവു പാലം നാഷണൽ ഹൈവേസ്കീമിൽ ഉൾപ്പെടുമോ

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉൾപ്പെടുകയില്ല.

മന്ത്രിരോഗം.

* ൪൪൨. [ ] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

സംസ്ഥാനത്ത് ചില താലൂക്കുകളിൽ വർദ്ധിച്ചുവരുന്ന മന്തുരോഗ നിവാരണത്തിനായി സർക്കാരിൽനിന്നും വല്ലതും ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്നു പറയുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. ജി. മാധവൻ) : ചേർത്തല, അമ്പലപ്പുഴ, കാർത്തികപ്പള്ളി എന്നീ താലൂക്കുകളിൽനിന്നും പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിലും, തിരുവനന്തപുരം, ആലപ്പുഴ, മട്ടാഞ്ചേരി, എറണാകുളം ഈ പട്ടണങ്ങളിലും മന്തുരോഗ നിയന്ത്രണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. വിവിധ നിവാരണ സമ്പ്രദായങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്. ചേർത്തലയിലും അമ്പലപ്പുഴയിലും വെള്ളത്തിനു മീതെയുള്ള pistia എന്ന പായൽ മാററുകയും കാർത്തികപ്പള്ളിയിൽ ഉള്ള വീടുകളിൽ ഡി. ഡി. ടി. തളിക്കുകയും ചെയ്തുവരുന്നു. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, മട്ടാഞ്ചേരി എന്നീ സ്ഥലങ്ങളിലെ മന്തുരോഗ നിവാരണ നടപടികൾ, കൊതുകുശല്യം സംബന്ധിച്ച് ഇവിടങ്ങളിൽ സ്വീകരിച്ചിട്ടുള്ള പൊതുനിവാരണ നടപടികളുടെ സ്വഭാവമുള്ളതാണ്. ഇവയ്ക്കു പുറമെ പരീക്ഷണാർത്ഥം ചേർത്തലയിലും ഹരിപ്പാട്ടും മന്തുരോഗികൾക്ക് Hetrazan കൊണ്ടുള്ള ചികിത്സയും നടത്തിവരുന്നു. മന്തുരോഗ നിവാരണം സംബന്ധിച്ച് രാജ്യവ്യാപകമായ ഒരു പദ്ധതി ഇപ്പോൾ ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

ശ്രീ. കെ. കുട്ടപ്പൻ : ഈ നിവാരണമാർഗ്ഗങ്ങൾ ഇപ്പോഴും തുടർന്നു വരുന്നുണ്ടോ ?

ശ്രീ. വി. മാധവൻ : ഉണ്ട്.

ശ്രീ. കെ. കുട്ടപ്പൻ : കാർത്തികപ്പള്ളിതാലൂക്കിൽ ഹെൽത്തു ഡിപ്പാർട്ട്മെൻറിൽനിന്നും ഇങ്ങനെയുള്ള നിവാരണ മാർഗ്ഗങ്ങൾ തുടങ്ങിയതു് എന്നാണെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : തീയതി നിശ്ചയമില്ല.

ശ്രീ. പി. വി. അവുതാ തരകൻ : ഈ നിവാരണ നടപടികൾ കൊണ്ട് എത്ര ശതമാനം മന്തുരോഗം കുറഞ്ഞിട്ടുണ്ടെന്നു പറയാമോ ?

Mr. Speaker : Is it the percentage with reference to the number of persons or the size ?

(ഉത്തരമില്ല.)

ശ്രീമതി കെ. ആർ. ഗൌരി : ചേർത്തല മുതലായ സ്ഥലങ്ങളിലെ പായൽ വാരുന്നതിനുള്ള സ്റ്റാഫിന്റെ എണ്ണം കുറച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : പായൽ കുറഞ്ഞുവരുന്നതോടെ സ്റ്റാഫിന്റെ എണ്ണവും കുറയും.

ശ്രീമതി കെ. ആർ. ഗൌരി : പായൽ കൂടിയതുകൊണ്ടാണ് മന്തുരോഗികൾ കൂടുന്നതെന്നറിയാമോ ?

ശ്രീ. വി. മാധവൻ : അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൌരി : ഈ അടുത്ത കാലത്ത് മന്ത്രിമാരുടെ ഒരു സെൻസസ്സെടുത്തിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അടുത്തകാലത്തു് സെൻസസ്സ് എടുത്തിട്ടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻനായർ: മന്ത്രിമാരിൽ കൂടുതൽ ഉള്ളതു്—

ശ്രീമതി കെ. ആർ. ഗൌരി : സർ, എന്റെ ചോദ്യം തീർന്നിട്ടില്ല. മന്ത്രിമാരുടെ സെൻസസ്സ് എടുത്തിട്ടില്ലെങ്കിൽ ദയവു ചെയ്തു് താമസം കൂടാതെ സെൻസസ്സ് എടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. വി. മാധവൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. കെ. കുമാരപിള്ള : മന്ത്രിമാരുടെ നിവാരണശമ്പളം ഏതു ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽപ്പെട്ടതാണു്?

ശ്രീ. വി. മാധവൻ : പബ്ലിക് ഹെൽത്തു ഡിപ്പാർട്ടുമെൻറിന്റെ ചുമതലയിൽപ്പെട്ടതാണു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : മന്ത്രിമാരും മന്ത്രികളും കൂടുതലുള്ളതു് തിരുവനന്തപുരത്താണോ അതോ ചേർത്തലയിലാണോ ?

ശ്രീ. വി. മാധവൻ : എവിടെയാണെന്നുള്ളതിനെപ്പററി കണക്കെടുത്തിട്ടില്ല.

ശ്രീ. ഇ. പി. വർഗീസ് : എറണാകുളത്തു് ഈ നിവാരണമാർഗ്ഗം തുടരുന്നതുകൊണ്ടു് കൊതുകിന്റെ ശല്യം കൂടുകയാണോ, അതോ കുറയുകയാണോ ?

ശ്രീ. വി. മാധവൻ : കുറയുകയാണു ചെയ്യുന്നതു്.

ശ്രീ. ഇ. പി. വർഗീസ് : എറണാകുളത്തു് ഇപ്പോൾ കൊതുകിന്റെ ശല്യം കൂടുതലാണെന്നു പറഞ്ഞാൽ വിശ്വസിച്ചുകൊണ്ടു് ഒരു അന്വേഷണം നടത്തുമോ ?

ശ്രീ. വി. മാധവൻ : അന്വേഷണം നടത്താം.

ശ്രീ. ടി. കെ. ദിവാകരൻ : നിവാരണ നടപടിക്കുവേണ്ടി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക അതായതു്, കഴിഞ്ഞയാണ്ടിൽ കൊള്ളിച്ചിട്ടുള്ള തുകയിൽ കുറെ മാസം ലാപ്സായിട്ടില്ലേ ?

ശ്രീ. വി. മാധവൻ : ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീ. സി. ശങ്കർ : 'മന്ത്രി' എന്നു പറയുന്നതു് തമിഴിൽ കുരങ്ങു് എന്നാണു് അർത്ഥം. (ചിരി)

ശ്രീ. എ. കെ. ചെല്ലയ്യാ : ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ താലൂക്കുകളിലല്ലാതെ സംസ്ഥാനത്തിന്റെ മിക്ക ഭാഗത്തും മന്ത്രിമാരുണ്ടെന്നറിയാമോ ?

ശ്രീ. വി. മാധവൻ : ഇല്ലെന്നു പറയുന്നില്ല.

ശ്രീ. എ. കെ ചെല്ലയ്യാ : അങ്ങിനെയുള്ള സ്ഥലങ്ങളിലെ രോഗശമനത്തിനുവേണ്ടി വല്ല പ്രതിവിധിയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. വി. മാധവൻ : പ്രതിവിധി ചെയ്യുന്നുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യാ : ഏതു പ്രതിവിധിയാണ് ചെയ്യുന്നതു്?

Mr. Speaker : That has been answered.

ശ്രീ. എ. കെ. ചെല്ലയ്യാ : ഇരണിയലിൽ ഈ രോഗം ഉണ്ടെന്നറിയാമൊ ?

ശ്രീ. വി. മാധവൻ : ബഹുമാനപ്പെട്ട മെംബർ പറയുന്നപക്ഷം വിശ്വസിക്കാം.

Collection of arrears of Government dues of salt.

*443. [7] **Shri A. Samraj :** Will the Minister for Medicine and Public Health be pleased to state :

(*a*) what steps the Government have taken for the collection of arrears of Government dues of salt from salt factory owners ; and

(*b*) the amount of arrears ?

Minister for Medicine and Public Health (**Shri V. Madhavan**) **:**

(*a*) Necessary steps are being taken for the collection of arrears of Government dues of salt from salt factory owners ;

(*b*) 7,66,634 maunds of salt up to the end of 1127.

ஸ்ரீ. ஏ. ஸாம்ராஜ் ; இதுவரையில் இந்த அரியேர்ஸ் எவ்வளவு என்று சொல்லலாமா?

ശ്രീ. വി. മാധവൻ: അതിനുശേഷം എത്രയുണ്ടെന്ന് കണക്കെടുത്തിട്ടില്ല. ൧൯൨൭ അവസാനംവരെയുള്ള കണക്കാണ് ൭,൬൬,൬൩൪ മൗണ്ട്.

ஸ்ரீ. ஏ. ஸாம்ராஜ் ; இந்த உப்பளங்கள் யாரைச் சேர்ந்தவை-நமது அரசாங்கத்திற்கா அல்லது மத்திய அரசாங்கத்திற்கா?

ശ്രീ. വി. മാധവൻ: സാൾട്ട് നിർമ്മാണത്തിനുള്ള അവകാശം ഇപ്പോൾ ഇൻഡ്യാഗവണ്മെന്റിനാണ്. എന്നാൽ, ആ സ്ഥലം നമ്മുടെ സ്റ്റേറ്റുവകയാണ്. ആ സ്ഥലം പാട്ടത്തിനാണു കൊടുത്തിരിക്കുന്നതു്. അതിന്റെ പാട്ടം നമ്മുടെ സ്റ്റേറ്റിനു കിട്ടും.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഇൻഡ്യാഗവണ്മെന്റിന് ഈ അവകാശം കൊടുക്കുന്നതിനുമുമ്പ് അരിയേഴ്സ് ഈടാക്കിയിരുന്നതു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റല്ലേ ?

ശ്രീ. വി മാധവൻ: അതേ.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: സാൾട്ട് ഫാക്ടറി ഇൻഡ്യാഗവണ്മെന്റ് ഏറ്റെടുത്തതിനുശേഷം അതിന്റെ അരിയേഴ്സ് ഈ ഗവണ്മെന്റിന് കിട്ടുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ: ഇൻഡ്യാഗവണ്മെൻറ് ഏറ്റെടുക്കുന്നതിനു മുമ്പുള്ളതും അതിനുശേഷമുള്ളതും ഈ ഗവണ്മെൻറിനാണു കിട്ടുന്നതു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: സാർട്ടിഫിക്കറ്റ് ഏടുത്തിട്ടുള്ള കമ്പനികളുടെ പക്കൽനിന്നല്ലേ ഈ ഗവണ്മെൻറ് സാർട്ടിഫിക്കറ്റ് വിലയ്ക്കു വാങ്ങുന്നതു് ?

ശ്രീ. എ. ജെ. ജാൻ: ആയിരിക്കും.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: അപ്പോൾ മറ്റു ആളുകൾ വിൽക്കുന്നതായ വിലയിൽ കുറവായ വിലയ്ക്കു് അവർ ഗവണ്മെൻറിലേയ്ക്കു് ഉപ്പു തരാറുണ്ടല്ലേ ?

ശ്രീ. എ. ജെ. ജാൻ: ഉപ്പിൻെറ വില ഇന്നതാണെന്നു് ഏഗ്രിമെൻറിൽ ചേർത്തിട്ടുണ്ടു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഇൻഡ്യാഗവണ്മെൻറിനു് ഇതിൻെറ ആവശ്യം കൊടുത്തതിനുശേഷം പാട്ടക്കുടിശ്ശിക ഈടാക്കിവരുന്നതു് ഈ ഗവണ്മെൻറല്ലേ ?

ശ്രീ. എ. ജെ. ജാൻ: പാട്ടക്കുടിശ്ശിക ഈ ഗവണ്മെൻറിനു കിട്ടുവാനുള്ളതാണു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ആ കുടിശ്ശിക ഈടാക്കുവാൻ തിരുവിതാംകൂർ—കൊച്ചി ഗവണ്മെൻറ് എന്തെല്ലാം നടപടിയാണു് നടത്തിയിട്ടുള്ളതു് ?

ശ്രീ. എ. ജെ. ജാൻ: ലൈസൻസ് ഏടുത്തിട്ടുള്ളവരുടെ പേരിൽ യാതൊരു നടപടിയും ഏടുത്തിട്ടില്ല. സംഖ്യ ആവശ്യപ്പെട്ടിട്ടുണ്ടു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: അങ്ങനെ നമുക്കു കിട്ടേണ്ടുന്നതായ പണം ഈടാക്കുവാൻവേണ്ടി നടപടികൾ ഏടുക്കുന്നതു് ഒരു അനിശ്ചിതകാലത്തേയ്ക്കു് മാററി വച്ചിരിക്കുകയാണോ ?

ശ്രീ. എ. ജെ. ജാൻ: അല്ല. നിശ്ചിതമായ കാലത്തിനുള്ളിൽ ഈടാക്കുവാനുള്ള ഉദ്ദേശമാണു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഇനി എന്നാണു് കാൻഫറൻസ് വിളിച്ചുകൂട്ടുവാൻ പോകുന്നതു് ?

ശ്രീ. എ. ജെ. ജാൻ: അറിഞ്ഞുകൂടാ.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഇത്ര കൊല്ലം കഴിയുമ്പോൾ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടണം എന്നു് ഒരു വ്യവസ്ഥയുണ്ടായിരുന്നില്ലേ ?

ശ്രീ. എ. ജെ. ജാൻ: വ്യവസ്ഥ ഉള്ളതായി അറിവില്ല.

Shri P. S. Nataraja Pillai: May I know whether this Government has got the right of cancelling the license and resuming the land

Shri A. J. John: Yes; it has got the right.

Shri P. S. Nataraja Pillai : If the licensee persisted in default cannot this Government enforce the law and cancel the license ?

Shri A. J. John : Government has got that right but if it is enforced the land may be left uncultivated or may be left unused.

Shri P. S. Nataraja Pillai : Am I understand that the position is that they will allow the land to be used by the licensee even if he refuses to pay ?

Shri A. J. John : That is not the intention of the Government.

Shri P. S. Nataraja Pillai : Has this Government got an assurance from the Central Government that they will favourably consider the case of Travancore-Cochin and get the money from the licensees ?

Shri A. J. John : They have promised. They have also asked the Government to discuss the question and try to realise the amount.

Shri T. S. Ramaswami : May I know which Government gives license for this manufacture ?

Shri A. J. John : The Central Excise authorities, I think.

Shri T. S. Ramaswami : Has the State Government got the right to cancel the license ?

Shri A. J. John : They can say that they will not allow the lessees to produce salt in their land.

Shri T. S. Ramaswami : May I know whether the lands containing these factories belong to the Government or are there private lands also ?

Shri A. J. John : There are private lands also—that is my information.

Shri T. S. Ramaswami : May I know whether these dues are from the salt factory owners who own the private lands also ?

Shri A. J. John : I am not quite sure about the terms.

ശ്രീ. എ. കുഞ്ഞൻ നാടാർ: സാൾട്ട് മാനുഫാക്ചറിംഗിന് ലൈസൻസ് കൊടുക്കുന്നതിൽ ഗവണ്മെൻറിൻെറ നേരിട്ടുള്ള നിയന്ത്രണമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ: സെൻട്രൽ ഗവണ്മെൻറ് കൊടുക്കുന്ന ലൈസൻസിന്ന് നിയന്ത്രണം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: കൃഷിനിലങ്ങൾ സാൾട്ട് ഫാക്ടറിയായിട്ട് രൂപാന്തരപ്പെടുത്തിയിട്ടുണ്ടെന്ന് ഗവണ്മെൻറിനു തോന്നുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിന് അതിനെപ്പററി അറിവില്ല.

ശ്രീ. എൻ. പി. ഫ്രാൻസിസ്: ഇങ്ങനെ അരിയേഴ്സ് വന്നിട്ട് എത്ര കൊല്ലമായി?

ശ്രീ. എ. ജെ. ജാൺ. അടുത്ത രണ്ടുമൂന്നു കൊല്ലത്തെ അരിയേഴ്സേ ഉള്ളു. അതിനെ സംബന്ധിച്ച് ഇൻഡ്യാഗവണ്മെൻറിൻെറ അടുക്കൽ ഞാനും ധനകാര്യമന്ത്രിയും ചർച്ച നടത്തിയിട്ടുണ്ട്.

ശ്രീ. എൻ. പി. ഫ്രാൻസിസ്: ഇതിൽക്കൂടുതൽ അരിയേഴ്സ് തരുവാനുള്ള ഏജൻറിൻെറ പേരുപറയുമോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

Scheduled Castes College Students

*444. [8] **Shri A. Samraj :** Will the Minister for Local Self Government be pleased to state :

(*a*) the number of scheduled castes college students in the State who are given financial aid by the Government during 1952-53; and

(*b*) the number of students thus aided from the taluks of Thovala, Agasteeswaram, Kalkulam and Vilavancode ?

Chief Minister (**Shri A. J. John**) :

(*a*) the number of scheduled caste college students: 447— (both in Government and private colleges together).

(*b*) Thovala 6, Agasteeswaram 9, Kalkulam 1, Vilavancode 3.

ஸ்ரீ. ஏ. ஸாம்ராஜ் ; பிரைவேட் மானேஜ்மெண்டில் இருக்கும் காலேஜ்களில் படிக்கிற மாணவர்களுக்கு இதுவரையில் ஸ்டைபண்டு கொடுக்கப்படாமல் அவர்கள் கஷ்டப்படுகிறார்கள் என்பது தெரியவருமா ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുണ്ടെന്നു തോന്നുന്നില്ല.

ஸ்ரீ. ஏ. ஸாம்ராஜ் : இதைப்பற்றி கவர்மெண்ட்டார் அனுவேஷிக்கலாமா?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പി. ചാക്കോ: ഷെഡ്യൂൾഡ്കാസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ആ വിദ്യാർത്ഥികളെ ഷെഡ്യൂൾഡ്കാസ്റ്റിൽ ഉൾപ്പെടുത്തുവാനായിട്ടുള്ള ചില മാർഗ്ഗങ്ങൾ കണ്ടുപിടിച്ചുവരുന്നതായി ഗവണ്മെൻറിന് അറിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയൊരറിവ് ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ അതിനെപ്പററിയുള്ള വിവരങ്ങൾ ഗവണ്മെൻറിനെ അറിയിച്ചാൽ നടപടിയെടുക്കാം.

ശ്രീ. പി. ചാക്കോ: ഷെഡ്യൂൾഡ്കാസ്റ്റിൽ പെട്ടവർക്ക് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ചില ആനുകൂല്യങ്ങൾ ലഭിക്കുന്നതായി ഗവണ്മെൻറിന് അറിയാമോ ?

(ഉത്തരമില്ല)

ശ്രീ. സി. സി. അയ്യപ്പൻ: ഈ ആനുകൂല്യങ്ങൾ ഇ.ഡ—ഇ.ന വർഷത്തിൽ കൊടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: കൊടുത്തിട്ടുണ്ടോ എന്ന് അറിഞ്ഞുകൂടാ.

ശ്രീ. സി. സി അയ്യപ്പൻ: എറണാകുളം ലാക്കാളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഇ.ഡ—ഇ.ന വർഷത്തിൽ സ്റ്റൈപ്പൻറിന് അപേക്ഷിച്ചിട്ട് കൊടുക്കാതെയിരുന്നിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിന് അറിവില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിവിഭാഗത്തിൽപ്പെട്ട കാടൻ ജാതിയിൽനിന്നും—മലയരയൻ—ഏതെങ്കിലും വിദ്യാർത്ഥികൾ ലാക്കാളേജിൽ പഠിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: ലാക്കാളേജിൽ ഇൻറർമീഡിയററിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് സ്റ്റൈപ്പൻറ് അനുവദിച്ചിട്ടില്ലെന്ന് ഗവണ്മെൻറിന് അറിയാമോ ?

(ഉത്തരമില്ല)

State Transport Department.

*445. [9] **Shri C. Sankar :** Will the Minister for State Transport be pleased to state :

(*a*) the number of employees newly recruited in the State Transport Department during 1952 ; and

(*b*) whether all of them were recruited on the advice of the Public Service Commission ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) 144.

(*b*) Yes.

Shri C. Sankar : Were all of them recruited only on the advice of the Public Service Commission ?

Shri Kalathil Velayudhan Nair : Yes.

Shri C. Sankar : May I know the reason why the Government have created a tradition of appointing police officers as Directors of Transport ?

Shri Kalathil Velayudhan Nair : There is no tradition. The best officer suited for the purpose is being appointed by the Government.

Shri C. Sankar : The Director of Transport ?

Mr. Speaker : The Director is not recruited by the Public Service Commission. Any other question about the 144 persons recruited by the Public Service Commission may be put.

Shri Nedumangad R. Kesavan Nair : Shall we take it that the drivers are also recruited by the Public Service Commission?

Shri Kalathil Velayudhan Nair : Yes.

ശ്രീ. ഇ. കൃഷ്ണൻനായർ : ചില പരീക്ഷയും നടത്തിയതിനുശേഷമാണോ റിക്രൂട്ടുചെയ്തത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പബ്ളിക് സർവ്വീസ് കമ്മീഷൻ പരീക്ഷ നടത്തിയതിന് ശേഷമാണോ റിക്രൂട്ട് ചെയ്തത് എന്ന നിശ്ചയമില്ല.

Shri E. Krishnan Nair : May I know whether recruitment is made after any test ?

Mr. Speaker : The Public Service Commission recruits all sorts of persons. You put a definite question whether there is any test prescribed for drivers and conductors.

ശ്രീ. എ. കെ. ചെല്ലയ്യാ : ൧൪൪ ആളുകളിൽ ഡെയിലി വേജസിൽ ആരെങ്കിലും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഡെയിലി വേജസുകാരെ പബ്ളിക്ക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്യുന്നില്ല.

Mr. Speaker : These are permanent servants of the department recruited by the Public Service Commission. There is no question of daily wages there.

ശ്രീ. പരിയാരം കൃഷ്ണൻ : മൊത്തം എത്രപേർ ഇതിന് അപേക്ഷിച്ചിട്ടുണ്ട് എന്നു പറയാമോ ?

Mr. Speaker : The Public Service Commission may be consulted.

Shri E. P. Varghese : May I know whether there is any examination for conductors ?

Shri Kalathil Velayudhan Nair : Not to my knowledge.

Shri E. P. Varghese : Is any minimun qualification prescribed for conductors ?

Shri Kalathil Velayudhan Nair : Yes, Sir. School Final is the minimum qualification prescribed for conductors.

ശ്രീ. ജെ. രാഘവൻപിള്ള : സ്ക്രീനിംഗ് പാസ്സാകാത്ത ആളുകളെ കണ്ടക്ടർമാരായി എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകളെ എടുത്തിട്ടുണ്ടാവാം. പിന്നോക്കസമുദായത്തിൽപ്പെട്ട ആളുകൾക്ക് എക്സംഷൻ കൊടുത്തിട്ടുണ്ട്.

ശ്രീ. ജെ. രാഘവൻപിള്ള : സ്ക്രീനിംഗ് പരീക്ഷയ്ക്ക് എഴുതിയാൽ മതിയെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സ്ക്രീനിംഗ് പരീക്ഷയ്ക്ക് എഴുതിയാൽ മതി.

ശ്രീ. ജെ. രാഘവൻപിള്ള : എസ്. എസ്. എൽ.സി. പാസ്സായിട്ടുള്ള ആളുകൾക്ക് മുൻഗണന കൊടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : പബ്ളിക്ക്സർവ്വീസ് കമ്മിഷൻ അവർക്ക് മുൻഗണന കൊടുത്തിട്ടുണ്ടോ എന്ന് അറിയുവാൻ പാടില്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ : തലസ്ഥാന നഗരത്തിൽനിന്നു മാത്രമേ കണ്ടക്ടർമാരെ തിരഞ്ഞെടുക്കാറുള്ളോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രാജ്യത്തിന്റെ എല്ലാ ഭാഗത്തുനിന്നും ആളുകളെ തിരഞ്ഞെടുക്കാറുണ്ട്. അടുത്ത അവസരത്തിൽ എറണാകുളത്തുവച്ച് തിരഞ്ഞെടുപ്പ് നടത്തുകയുണ്ടായിട്ടുണ്ട്.

Sea Erosion.

* 446 [10] **Shri P. V. Avira Tharakan :** Will the Minister for works be pleased to state :

(*a*) the measures taken by the Government to prevent the sea erosion in the year 1952 at Chellanam (Cochin District) and at Pallithode (Quilon District); and

(*b*) if taken, when do the Government expect to complete the works ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) Maintenance repairs for the existing groynes were carried out in 1952.

(*b*) Does not arise in view of the answer to part (*a*).

ശ്രീ. പി. വി. അവിരാതരകൻ : ഇക്കാര്യം അതായത് ഗ്രാൻ ഇൻ-ഐഡ്-ൽ എത്ര രൂപാ അവിടെ ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: 8 ലക്ഷം രൂപാ ചെലവാകുമെന്നാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. പി. വി. അവിരാതരകൻ: അതിന് പ്രത്യേക ഒരു ബഡ്ജററിൽ കൊള്ളിച്ചിട്ടില്ലല്ലോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന്റെ എസ്റ്റിമേററ് ഹൈനൽ ആകാതിരുന്നതുകൊണ്ടാണ് കൊള്ളിക്കാതിരുന്നത്.

ശ്രീ. പി. വി. അവിരാതരകൻ: എത്ര ഏക്കർ ഭൂമി അവിടെ നഷ്ടമപ്പെട്ടിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിന് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ പറയാം.

Leepuram Bay.

*447 [11] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(*a*) when was the investigation of the Leepuram Bay in South Travancore made ?

(*b*) who conducted the enquiry ; and

(*c*) whether a report of the enquiry will be placed on the table ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) A preliminary investigation of the Leepuram Port was made in 1925-26.

(*b*) Captain Leveritt, the then Principal Port Officer.

(*c*) Such investigation reports are not generally made public.

Shri T. S. Ramaswami : What was the recommendation of Captain Leveritt ?

Shri Kalathil Velayudhan Nair : He was not in favour of reopening the Port.

ശ്രീ. എ. കുഞ്ഞൻനാടാർ: മൈനർപോർട്ട്സ് ഡവലപ്പ് ചെയ്യുന്നതിന് ഈ ഗവണ്മെൻറിനോ, ഇൻഡ്യാ ഗവണ്മെൻറിനോ വല്ല സ്കീമും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സെൻട്രൽ ഗവണ്മെൻറിന് സ്കീം ഉണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ ഗവണ്മെൻറിന്റെ കീഴിലുള്ള എത്ര മൈനർ പോർട്ട്സ് ഡവലപ്പ് ചെയ്യുന്നതിന് അതിൽപ്പെടുത്തിയിട്ടുണ്ട് ?

Mr. Speaker : All those were answered on a previous occasion before this House, and a list was also given here. Probably, Mr. Nadar remembers that.

ശ്രീ. എ. കുഞ്ഞൻനാടാർ : വിജയപുരം ഹാർബർ ഇൻഡ്യാ ഗവണ്മെൻറിന്റെ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : ഒരുകാലത്ത് അതു് വളരെ നല്ല നിലയിൽ ഫംക്ഷൻ ചെയ്തിരുന്ന ഒരു ഹാർബർ ആയിരുന്നുവെന്നു് ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അറിയാം.

ശ്രീ. എ. കുഞ്ഞൻനാടാർ : തിരുവിതാംകൂർ ഗവണ്മെൻറ് അതു് ഒരു പോർട്ടായിട്ട് ഉപയോഗിച്ചിരുന്നു എന്നു് ഗവണ്മെൻറിനു് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് പോർട്ടായിട്ട് ഉപയോഗിച്ചു കാണും.

Shri C. Sankar : Has any reason been stated by the person who investigated, for not reopening the Port ?

Shri Kalathil Velayudhan Nair : Sufficient reasons have been given.

Shri C. Sankar : May I know the reasons ?

Mr. Speaker : That cannot be published.

ശ്രീ. എ. കെ. ചെല്ലയ്യാ : വിജയപുരം ഹാർബർ ക്ലോസു ചെയ്യുവാൻ വല്ല പ്രത്യേക കാരണവും ഉണ്ടോ ?

ശ്രീ കളത്തിൽ വേലായുധൻ നായർ: അതിനു് പ്രത്യേക കാരണമൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ക്ലോസ്സ്ചെയ്യാൻ പറഞ്ഞതു് ക്ലോസ്സു ചെയ്തു. വർദ്ധിപ്പിക്കണം എന്നു പറഞ്ഞിട്ടുള്ളതു് വർദ്ധിപ്പിക്കുന്നതിനു നടപടി എടുത്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് നടപടി നടത്തിയിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലം പോർട്ടിന്റെ കാര്യത്തിൽ എന്തു നടപടി എടുത്തു ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

Transport Department.

* 448 [12] **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(*a*) is it a fact that the maximum profit they get in their industrial undertakings is from the Transport Department ; and

(*b*) the percentage of their profits in the Transport Department *vis a vis* their investment ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) No.

(*b*) The question is vague.

What is the information that is wanted?

Shri T. S. Ramaswami : The percentage of profit in relation to the capital invested.

Shri Kalathil Velayudhan Nair : In 1950-51 it is 22 per cent.

Shri E. P. Varghese : Is there any industrial investment from which we are getting more than 22 per cent ?

Shri Kalathil Velayudhan Nair : S. R. V. A. Pharmacy, Trichur, 73 per cent and the Travancore Rubber Works 24.9 per cent.

Budget of the Devaswom Board.

* 449 [13] **Shri T. S. Ramaswami :** Will the Minister for Local Self Government be pleased to state :

(*a*) are the Government consulted before the preparation of the annual budget of the Devaswom Board; and

(*b*) if not, are the Government supplied with their budget before or after the preparation of the Budget ?

Minister for Local Self Government (**Shri K. Kochukuttan**) :

(*a*) No.

(*b*) No.

Shri P. S. Nataraja Pillai : In view of the fact that this House happens to be the electorate for constituting the Board, is it not necessary to place its budget before this House ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇലക്ററേറ്റ് ഈ ഹൗസല്ല. അതിൽ ഒരു മെംബറെ തിരഞ്ഞെടുക്കാനുള്ള അധികാരം ഈ ഹൗസിലുള്ള ഹിന്ദുമെംബറന്മാർക്ക് ഉണ്ട് എന്നേ ഉള്ളൂ.

ശ്രീ. പി. എസ്. നടരാജപിള്ള : മന്ത്രിസഭ ഒരാളെ തെരഞ്ഞെടുക്കുന്നുണ്ടല്ലോ ? മന്ത്രിമാർ ഈ സഭയിലെ ആളുകളല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മന്ത്രിമാർ ഒരാളെ തെരഞ്ഞെടുക്കുന്നുണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : അപ്പോൾ ഈ അസംബ്ലിയിൽ ഉള്ള ആളുകളല്ലേ അവരെ തിരഞ്ഞെടുക്കുന്നത് ?

Mr. Speaker : Order, order, please. What is exactly the point, The hon. Member is aware of the provisions relating to the Devaswom Board.

Shri P. S. Nataraja Pillai : Yes, I know that. But is it not necessary that at least the Budget and the Administration Report be made public and made available to the Members of this House ? Since a few Members happen to be on the Board, they have a right to get it.

Mr. Speaker : I appreciate and understand all those things. But should the Budget proposals be made available to the Members or should the Budget be made available for discussion.

Shri P. S. Nataraja Pillai : No, Sir, not for discussion.

Mr. Speaker : It is a simple question whether it is to be published and made available to the Members.

Shri P. S. Nataraja Pillai : May I know whether the Budget can be made available to the Members of this House ?

Shri K. Kochukuttan : Government have no control over the Devaswom Budget.

Shri P. S. Nataraja Pillai : Is there any objection for the Government in informing the Board about the expression of opinion by the Members of this House ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ നിയമസഭ പാസ്സാക്കിയ ഒരു ആക്ററനുസരിച്ച് അങ്ങിനെ ഒരു നിയന്ത്രണം അവരുടെ മേൽ ചുമത്തുന്നതിനു ഗവണ്മെൻറിനു അധികാരമില്ല.

ശ്രീ. പി. എസ്. നടരാജപിള്ള : ഈ ആഗ്രഹം ഇവിടെ പ്രകടിപ്പിച്ചതു് അവരെ അറിയിക്കുന്നതിനു ഗവണ്മെൻറിനു തടസ്സമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനു തടസ്സമില്ല. രണ്ടു മെംബർക്കും അവരോടു പറയാവുന്നതാണ്.

ശ്രീ. നെട്ടുമങ്ങാട്ട് ആർ. കേശവൻനായർ : ദേവസ്വംബോർഡിൻെറ ധനസംബന്ധമായ ചെയ്തികളെ സംബന്ധിച്ച് യാതൊന്നും ഈ ഗവണ്മെൻറിനെ അറിയിക്കുന്നില്ലെന്നാണോ പറയുന്നതു് ?

Mr. Speaker : There are provisions in the Act under which Mr. Kesavan Nair may take steps.

ശ്രീ. നെട്ടുമങ്ങാട്ട് ആർ. കേശവൻനായർ : ബോർഡിൻെറ ധനസംബന്ധമായ ചെയ്തികളെ സംബന്ധിച്ച് എന്തെങ്കിലും ഗവണ്മെൻറിനെ അറിയിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹിന്ദു റിലീജിയസ് ഇൻസ്റ്റിററ്യൂഷൻ ആക്ററ് അനുസരിച്ച് അങ്ങനെ ചെയ്യേണ്ട ആവശ്യംഇല്ല.

ശ്രീ. ടി. ടി. മാത്യുസ്സാഹിബ് : [illegible] ഇല്ല ?

ശ്രീ. കെ. കൊച്ചുകുട്ടൻ : [illegible] അധികാരമില്ല

Starting time of buses.

*450 [14] **Shri O. C. Ninan** : Will the Minister for Works and Transport be pleased to state :

(*a*) is there any rule that buses by private owners can be brought to the starting point only a few minutes before the time of starting ;

(*b*) what is the rule with reference to the same ;

(*c*) who is responsible to observe that these provisions are complied with ?

(*d*) are buses allowed to be kept in the road day and night ;

(*e*) are lorries allowed to be kept in road day and night causing obstruction to the traffic ;

(*f*) who is responsible to look after these things ; and

(*g*) why is it that action is not taken by officers for the breaches of these rules ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) There is no specific rule in the Motor Vehicles Rules regarding the detention of buses at starting points.

(*b*) The officers in charge of the control of traffic have prescribed certain rules in accordance with the number of buses starting from a point. A bus can be brought to the starting point either 10 minutes before its starting time or after one bus has left the starting point in which case the period of stay may not exceed 30 minutes.

(*c*) The Head Constable or Constable in charge of the checking station at the Bus Stands.

(*d*) No.

(*e*) No.

(*f*) The local Police.

(*g*) Action is taken by the Police whenever such offences are detected.

ശ്രീ. ഒ. സി. നൈനാൻ : തിരുവല്ലാ ബസ്സ്റ്റാൻറിൽ ഈ വിധം ശരിയായി പാലിക്കുന്നില്ലെന്ന് ഗവണ്മെൻറിന് പരാതി ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ഒരു പരാതി ലഭിച്ചിട്ടുണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഒ. സി. നൈനാൻ : അതിനെസംബന്ധിച്ച് വേണ്ട നടപടി ഉടനെ നടത്തുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉടനെതന്നെ അതിനെ സംബന്ധിച്ച് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : പ്രൈവറ്റ്ബസിന് സ്റ്റാൻഡ് ഉണ്ടാക്കുവാൻ ഗവണ്മെൻറിന് വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിന് ഗവണ്മെൻറിന് പദ്ധതിയില്ല. ചില മുനിസിപ്പലിറ്റിക്ക് അങ്ങനെയുള്ള പദ്ധതിയുണ്ട്.

Shri C. Sankar : With reference to (*d*), are the transport buses allowed to be detained on public roads ?

Mr. Speaker : The answer was ' No. '

Shri C. Sankar : Is the Minister aware that transport buses are kept on the public roads in Trivandrum City and Nagercoil ?

Shri Kalathil Velayudhan Nair : Transport buses are not kept on the road.

Shri C. Sankar : Is the Minister aware that at Minakshipuram the transport buses are kept on the public road every night.

Shri Kalathil Velayudhan Nair : With regard to Meenakshipuram I have no information.

ശ്രീ. ടി. എ. മജീദ് : തിരുവനന്തപുരം റയിൽവേസ്റ്റേഷന് അടുത്തുള്ള റോഡിൽ ബസ്സുകളിട്ടിരിക്കുന്നതായി ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : റോഡിൽ അല്ലാ ബസ് ഇട്ടിരിക്കുന്നത്. റയിൽവേസ്റ്റേഷൻെറ അടുത്ത് മാറിയിട്ടിരിക്കുകയാണ്.

റൂൾ എലക്ട്രിഫിക്കേഷൻ സ്കീം.

* ൪൭൧. [൧൭] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ജലഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റൂറൽ ഇലക്ട്രിഫിക്കേഷൻ സ്കീം അനുസരിച്ച് ഏതു ഗ്രാമങ്ങളിൽ ഈ സാമ്പത്തികവർഷത്തിൽ ഇലക്ട്രിസിറ്റി വിതരണം നടത്തി ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : 18 ഗ്രാമങ്ങളിൽ.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ സ്കീം തയ്യാറാക്കിയതു് ഏതു വർഷത്തിലാണെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതു വർഷമാണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : ഈസ്കീമിൽ ഇത്ര ഗ്രാമങ്ങളിൽ ഇത്ര വൈദ്യുതി ഇലക്ട്രിഫൈ ചെയ്യണം എന്ന് വ്യവസ്ഥയുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെ ഒരു വ്യവസ്ഥ ഇല്ല. എല്ലാ ഗ്രാമങ്ങളിലും ഇലക്ട്രിഫൈ ചെയ്യുന്നതിനുള്ള ഒരു സ്കീമാണിതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആദ്യം ഇന്നയിന്ന ഗ്രാമങ്ങൾ ഇലക്ട്രിഫൈ ചെയ്യണമെന്നു് നിശ്ചയിക്കുന്നതാരാണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് ഇലക്ട്രിക്കൽ ചീഫ് ഇഞ്ചിനീയരാണു്.

ശ്രീ. എ. ചെല്ലയ്യാ : ഈ 18 ഗ്രാമങ്ങളിൽ തെക്കൻതിരുവിതാംകൂറിലെ ഏതെങ്കിലും ഒരു സ്ഥലത്തിന്റെ പേരു് പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കുളച്ചൽ.

കുഴൽക്കിണർ.

* 918. [ഫ്രസ്] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിൽ കുഴൽക്കിണറുകൾ കുഴിക്കുന്നതിനുള്ള നടപടികൾ ഏതു നിലയിലിരിക്കുന്നു?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : കുട്ടനാട്ടിൽ പരീക്ഷണാർത്ഥം കുമരകത്തും കൈനകരിയിലും ഓരോ കുഴൽക്കിണറുകൾ കുഴിപ്പിക്കുന്നതിന് അനുവദിച്ചിട്ടുണ്ടു്. അവ പ്രയോറിട്ടി ലിസ്റ്റിൽ 1 ഉം, 2 ഉം ആണു്. ആദ്യത്തെ കിണറുകളുടെ പണി തീർന്നാലുടൻ ഇവിടെ ജോലി ആരംഭിക്കുന്നതാണു്.

ശ്രീ. കെ. കെ. കുമാരപിള്ള : ൻ കിണറുകൾ അനുവദിച്ചിട്ടുള്ളതിൽ ആദ്യം പണി തുടങ്ങുന്നതു് ഏതിടത്തെയാണു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിനാണ് പ്രയാറിട്ടി നിശ്ചയിച്ചിരിക്കുന്നത്.

ശ്രീ. കെ. ഇ. കുമാരപിള്ള : ഈ പ്രയാറിട്ടി എന്നു നിശ്ചയിച്ചതാണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഫസ്റ്റ് ഇ. ഡി. ആക്ടിൽ ഉള്ള ലിസ്റ്റിൽ ആണ്.

WRITTEN ANSWERS.

V. R. D. Report.

*453. [18] **Shri O. C. Ninan:** Will the Minister for Works and Transport be pleased to state :

(*a*) has the Government received representation that the list of roads attached to the V. R. D. Report is incomplete ;

(*b*) has the Government added any road to the list subsequently ;

(*c*) what are these roads and when they were included ;

(*d*) will the Government consider the question of correcting the omission in it by calling for a report from all the Executive Divisions ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) Yes.

(*b*) No.

(*c*) Does not arise in view of answer to (*b*).

(*d*) Yes. Insructions have been given to the Chief Engineer, P. W. D.

ഗ്രാൻറുകൾ.

* ൪൫൪. [ഫസ്റ്റ്] ശ്രീ. ററി. ററി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ്രാൻറിൻ എയിഡ്, ഏൻകപയറികമ്മിററി അഭിപ്രായപ്പെടുകയും അംഗീകരിക്കുകയും അഡ്വൈസറികമ്മിററി ചെയ്തപ്രകാരം പിന്നാക്കസമുദായ ഡിപ്പാർട്ടുമെൻറിൽനിന്നും ഏതെങ്കിലും സ്ഥാപനങ്ങൾക്ക് ഗ്രാൻറ് നൽകപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) ക. ഹരിജൻസേവാസംഘം, നാഗർകോവിൽ.

ഖ. സിററിസ്റ്റാവഞ്ചേഴ്സ് യൂണിയൻ, തിരുവനന്തപുരം.

ഗ. വിദ്യാർത്ഥികളുടെ ഇൻഡസ്ട്രീസ്, ഗാന്ധിനഗർ.

ഘ. ഗുണയർഗ്ഗാർഹനേജ്, പള്ളിക്കൽ.

Kanakam Boat enquiry.

*455. [21] **Shri O. C. Ninan :** Will the Minister for Works and Transport be pleased to state :

(*a*) when did the Government get the Kanakam Boat Enquiry Committee Report ;

(*b*) did the Committee find any Officer or Officers guilty ;

(*c*) what action has been taken by Government in the matter ; and

(*d*) have they made any constructive recommendations ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) The report was received on 3rd October 1952.

(*b*) Yes.

(*c*) Explanations have been called for from the officers concerned, in the first instance.

(*d*) Yes. They are under consideration of Government.

ട്രാൻസ്പോർട്ടുതൊഴിലാളികളുടെ കാര്യം.

* ദ്ദ. [൨൩] ശ്രീ. ആർ. സുധൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാൻസ്പോർട്ട് തൊഴിലാളികളെ പെൻഷണബിൾ ആക്കാമെന്ന് ട്രാൻസ്പോർട്ട് തൊഴിലാളിയൂണിയൻ പ്രതിനിധികളോട് ചെയ്തുകരാർ ഇതുവരെ നടപ്പിലാക്കാതിരിക്കാൻ കാരണമെന്തു്?

(ബി) ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ഇടയിൽ ഡ്രൈവർമാർ, കണ്ടക്ടർമാർ, ഇവരുടെ എണ്ണമെത്ര ?

(സി) ട്രാൻസ്പോർട്ട് ബസ്സിലെ പോർട്ടർമാർക്ക് രസീതുമുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ കളത്തിൽ വേലായുധൻ നായർ) :

(എ) കരാർ ഒന്നും ചെയ്തിട്ടില്ല.

(ബി) ഡ്രൈവർമാർ (വ്യ. ൭) കണ്ടക്ടർമാർ—(൭ ൩ ൧)

(സി) ഡിപ്പാർട്ടുമെന്റ് ശമ്പളമില്ല—ക്ഷണപ്പെടുത്തിയിട്ടുള്ള പോർട്ടറേജ് അവരുടെ സേവനം ആവശ്യപ്പെടുന്ന യാത്രക്കാരിൽ നിന്നും ലഭിക്കുന്നതാണ്.

കൊപ്രാമാക്കറിംഗ് സൊസൈററി.

* ൪൭൧. [൨൪] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ഏതെല്ലാം സ്ഥലങ്ങളിൽ കൊപ്രാമാക്കറിംഗ് സൊസൈററികളുണ്ട് ;

(ബി) വൈക്കത്തെ കൊപ്രാമാക്കറിംഗ് സൊസൈററി സ്ഥാപിച്ചിട്ട് എത്ര വർഷമായി;

(സി) ഈ സൊസൈററിയുടെ പ്രവർത്തനം ലാഭമോ നഷ്ടമോ;

(ഡി) ഈ സംഘത്തിനു കേന്ദ്രത്തിൽനിന്നും സംസ്ഥാനഗവണ്മെൻറിൽനിന്നും ഇതുവരെ എന്തു തുക സഹായമായി നൽകിയിട്ടുണ്ട്;

(ഈ) ഈ വിധത്തിൽ സഹായങ്ങൾ നൽകിയിട്ടുള്ള മറെറ സൊസൈററികൾ ഉണ്ടോ ? ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(എഫ്) ഈ സംഘത്തിന്റെ പ്രവർത്തനം ലാഭമാണെങ്കിൽ അതിന്റെ തുക എത്ര ;

(ജി.) നഷ്ടമാണെങ്കിൽ ആ തുക എത്ര ;

(എച്ച്) സംഘത്തിന്റെ പ്രധാനഉദ്യോഗിക ഭാരവാഹികൾ ആരെല്ലാം ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ കെ. കൊച്ചുകുട്ടൻ) :

(എ) വൈക്കത്തു് ഒരു കൊപ്രാമാക്കറിംഗ് സൊസൈററിയുണ്ട്.

(ബി) ഏഴ് വർഷം

(സി) നഷ്ടം

(ഡി) കേന്ദ്രനാളികേരക്കമ്മിററിയിൽനിന്നും ൧൨൪ രൂപയും, സംസ്ഥാനഗവണ്മെൻറിൽനിന്നും ൧൨൪ രൂപയും നൽകിയിട്ടുണ്ട്.

(ഈ) ഉണ്ട്, ഞാറക്കൽ നാളികേര മാർക്കിററിംഗ് സൊസൈററി.

(എഫ്) സി യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) സൊസൈററിയുടെ കണക്കുകൾ ആഡിററുചെയ്തുകൊണ്ടിരിക്കുകയാണ്. അതു് പൂർത്തിയായതിനുശേഷമേ സംഖ്യനിർണ്ണയിക്കുവാൻ സാധിക്കൂ.

(എച്ച്) ശ്രീ. കെ. വി. പുന്നൻ മാനേജർ—സെക്രട്ടറി (Inspector of Co-operative Societies now retired)

ബോട്ട് ചാർജ്ജ്.

* 8 ദിവ്. [ഒ ദി] ശ്രീ. ആർ. സുഗതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

ആലപ്പുഴ-എറണാകുളംലൈനിലും കോട്ടയം-ആലപ്പുഴ ലൈനിലും ബോട്ട് ചാർജ്ജ് യഥാക്രമം രണ്ടും, ഒന്നും ആണാവിതം ഈയിടെ വർദ്ധിപ്പിക്കാൻ ഗവണ്മെന്റ് ആലോചിച്ചിട്ടുണ്ടോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധനായർ) : ഉണ്ട്.

സഹകരണസംഘങ്ങൾ.

* 8 ദിവ്. [ഒ ദ] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ സഹകരണസംഘങ്ങളിൽ അംഗമായിട്ടുള്ളവർക്കെല്ലാം സംഘങ്ങളിലെ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അർഹതയുണ്ടോ ;

(ബി) ഏതൊരു സാധാരണ അംഗത്തിനും സൊസൈറ്റികളുടെ ഔദ്യോഗികസ്ഥാനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ അനുവദിച്ചുകൊണ്ടുള്ള ചട്ടങ്ങൾ നിർമ്മിക്കണമെന്നു ഗവണ്മെന്റിന് ഉദ്ദേശമുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

பஞ்சாயத்து.

* 460 [30] ஸ்ரீ. கணபதி: கீழ் காணும் வினாக்களுக்கு பிரதேச சுயாட்சி மந்திரி அவர்கள் விடை பகர்வார்களாக:

(எ) தேவிகுளம் தாலூகாவில் ஏன் பஞ்சாயத்து ஸ்தாபிக்கவில்லை;

(பி) அப்படி ஏற்படுத்தாமலிருப்பதற்கு பிரத்தியேக காரணம் என்ன;

(ஸி) முக்கியமாய் (கன்ஸஷன்) ஏரியாவில் பஞ்சாயத்து ஏன் ஏற்படுத்தவில்லை;

(டி) தகுந்த காரணம் கூற முடியுமா?

Minister for Local Self-Government (**Shri K. Kochukuttan**) :

(a) Six Panchayats have been constituted in the Devicolam Taluk.

(b) (c) & (d) In the concession area there is no Panchayat, because in that area the Kannan Devan Hills Produce Company is providing most of the amenities which Panchayat is expected to provide and so there is not enough scope for the effective functioning of a panchayat in the area.

അടയ്ക്കാ.

* ൪൩൧. [൩൧] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടയ്ക്കായുടെ വിൽപ്പന ക്രമീകരിക്കുന്നതിനു മാർക്കററിംഗ് സൊസൈററികൾ സ്ഥാപിക്കുന്നതിനു ഗവണ്മെൻറ് ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ ഏതു് ?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

ഒരു ആർഗനൈസറുടെ പ്രത്യേകമേൽനോട്ടത്തിൽ ആലപ്പുഴ ഹോൾസെയിൽ സഹകരണസംഘം മുഖാന്തിരം അടയ്ക്കാ വിൽക്കുന്നതിനു ഒരു പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടു്. ഈ പദ്ധതി മൂന്നു വർഷങ്ങൾക്കാണു്. അതിൻെറ ചെലവു് സംസ്ഥാനഗവണ്മെൻറും കേന്ദ്രഅടയ്ക്കാകമ്മിററിയും ൫ : ൫ എന്ന ക്രമത്തിൽ വഹിക്കുന്നതായിരിക്കും. കേന്ദ്രഅടയ്ക്കാ കമ്മിററി ഇപ്പോൾ ഇതിനു അയച്ച പദ്ധതി അംഗീകരിക്കുകയും ഇൻഡ്യാഗവണ്മെൻറിൻെറ അനുവാദത്തിനായി എടുക്കുകയും ചെയ്തിട്ടുണ്ടു്.

UNSTARRED QUESTIONS

പബ്ലിക്ക് കക്കൂസുകൾ.

൨൫൫. [൨] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ-കുഴിത്തുറ കടപ്പുറത്തു് മലമൂത്രവിസർജ്ജനത്തിനു് സൗകര്യമില്ലാതെ അവിടത്തെ ആളുകൾ ബുദ്ധിമുട്ടുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉടനടി പബ്ലിക്ക് കക്കൂസുകൾ തീരപ്രദേശങ്ങളിൽ ഉണ്ടാക്കുന്നതിനുവേണ്ട സത്വരനടപടികൾ നടത്തുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) നടപടികൾ ഉത്തേജിതത്തിലിരിക്കുന്നു.

Minor Irrigation Project.

255 [2] **Shri A. Samraj :** Will the Minister for Works and Transport be pleased to state :

(*a*) whether the Government have investigated the possibilities of minor irrigation projects like Mambazhathar Anai, Poigaiyar etc. ; and

(*b*) if so, when was the investigation conducted and the details of the investigation.

Answer.

(*a*) Yes.

(*b*) Mambazhathar Anai in 1938. Poigai Reservoir in 1935. Details of investigation are contained in the report. Report as such is not made available to the public.

ആശുപത്രിയുടെ ആവശ്യം.

൨൪൩. [൩] ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മൂവാറ്റുപുഴ താലൂക്കിൽ നേര്യമംഗലം എന്ന സ്ഥലത്തു ഒരു ആശുപത്രി സ്ഥാപിക്കുന്നതിന് ഗവണ്മെന്റിൽനിന്നും അനുവദിച്ചിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഏതുകൊല്ലത്തിലാണ് ;

(സി) ഇപ്പോൾ ഗവണ്മെന്റിൽനിന്നും അനുവാദം നിഷേധിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്ത് ?

ഉത്തരം.

(എ) അനുവദിച്ചിരുന്നു.

(ബി) ൧൯൩൮-ൽ.

(സി) ഉണ്ട്.

(ഡി) നേര്യമംഗലത്ത് ഒരു ആശുപത്രിയുടെ ആവശ്യമില്ലെന്ന് ബോദ്ധ്യംവന്നതിനാൽ.

പിന്നാക്കവർഗ്ഗോദ്ധാരണം.

൨൪൪. [൪] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കഴിഞ്ഞ ബഡ്ജറ്റ് വർഷത്തിൽ പിന്നാക്കവർഗ്ഗോദ്ധാരണത്തിനുവേണ്ടി അനുവദിച്ചിരുന്നതിൽ ഇതേവരെ എത്ര രൂപ ചിലവായി ;

(ബി) വിദ്യാഭ്യാസചെലവിനു ആകെ എത്ര രൂപയായിരുന്നു ?

ഉത്തരം.

(എ) ൧൯൩൯ ജൂലൈവരെ ൧൧ ലക്ഷം-൪-൦ ഉറുപ്പിക ചെലവായി.

(ബി) ൩,൪൮,൮൩൩-൩-൦ രൂപ.

(സി) ൩൮൮൮- ൧൩-൦ രൂപ.

Complaint against Medical Officer.

258 (6) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state :

(*a*) whether any complaint has been received against the present medical officer in the Kottarakara dispensary;

(*b*) whether any action has been taken in the matter;

(*c*) and if so, what is the result?

Answer.

(*a*) Yes.

(*b*) Yes.

(*c*) The Medical Officer has been ordered to be transferred Soon after schools close this year.

Dispensaries and Grant-in-aid Vaidyasalas.

259 (7) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state:

(*a*) How many Government Dispensaries and Grant-in-aid Vaidyasalas there are in the Kottarakara Taluk; and

(*b*) the names of places where they are situated?

Answer.

(*a*) There are 2 Government Allopathic Dispensaries and 8 Grant-in-aid Vaidyasalas in the Kottarakara Taluk.

(*b*) The two Government Allopathic Dispensaries are situated at Kadakkal and Kottarakara.

Grant-in-aid Vaidyasalas are situated in the following places:—

1. Ezhucone.
2. Kadakkal.
3. Ummannoor.
4. Chithara.
5. Velinellur.
6. Kottarakara.
7. Mannady.
8. Pangode-Puthur.

Insanitary condition of the Public Market.

260 (8) **Shri E. Krishnan Nair :** Will the Minister for Medicine and Public Health be pleased to state:

(*a*) whether the Government have received any representation regarding the insanitary condition of the Public market in the Kottarakara town; and..

(*b*) what steps the Government have taken in the matter?

Answer.

(*a*) Yes.

(*b*) Steps are being taken to abate the nuisance causing the insanitary condition.

ആശുപത്രി.

ചന്ത്ര. [ ] ശ്രീ. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ അയ്യമ്പിള്ളി സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കുവന്നിട്ടുള്ള രോഗികളുടെ എണ്ണം എത്ര;

(ബി) കഴിഞ്ഞ നാലുമാസത്തിൽ ഒട്ട്പേക്ഷ്യൻസ് ഇൻപേഷ്യൻസ് എന്നിവരുടെ ഓരോ ആശുപത്രിയിലെ എണ്ണം;

(സി) ഓരോന്നിലും ഡോക്ടേഴ്സിന്റെയും നേഴ്സിന്റെയും എണ്ണമെത്ര?

ഉത്തരം.

(എ) ചന്ത്ര.

ഞാറയ്ക്കൽ ദിവസേന ...
അയ്യമ്പിള്ളി ...
ചന്ത്ര.
ഞാറയ്ക്കൽ ...
അയ്യമ്പിള്ളി ...

(ബി) ഞാറയ്ക്കൽ ഇൻപേഷ്യൻസ് ...
അയ്യമ്പിള്ളി ,, ...
ഞാറയ്ക്കൽ ഒട്ട്പേഷ്യൻസ് ...
അയ്യമ്പിള്ളി ,, ...

(സി) ഞാറയ്ക്കൽ അയ്യമ്പിള്ളി
ഡോക്ടേഴ്സ് ...
നേഴ്സ് ...

കണിയാംതോട്.

൨൯൫. [൧൨] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കൃഷിക്കും ഗതാഗതത്തിനും ആവശ്യമായ വൈക്കത്തെ കണിയാംതോട് മിക്കവാറും ഇപ്പോൾ നികന്നുപോയിട്ടുള്ളതു ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ തോടുവെട്ടിത്തീർക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നാണതിന്റെ പണി ആരംഭിക്കുവാനുദ്ദേശം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉദ്ദേശിക്കുന്നുണ്ട്.

(സി) ഫണ്ടുണ്ടാകുന്നപക്ഷം ഈ ജോലി ഫൻഡ്വർക്ക് ചെയ്യുന്നതാണ്.

(ഡി) ഉദിക്കുന്നില്ല.

പള്ളിപ്പുറം—കടുത്തുരുത്തി റോഡ്.

൨൯൬. [൧൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വൈക്കം വടക്കെമുറി പകുതിയിലെ നേരെക്കടവിൽനിന്നു കിഴക്കോട്ട് ഇറവേലിക്കുന്നുവഴി കടുത്തുരുത്തിയിലേയ്ക്കുള്ള പള്ളിപ്പുറം-കടുത്തുരുത്തി റോഡിന്റെ പണി ഈ വർഷത്തിലെങ്കിലും ആരംഭിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ റോഡിന്റെ ആവശ്യകത ഗവണ്മെൻറ് ശ്രദ്ധയിൽ പെട്ടിട്ട് എത്ര വർഷങ്ങളായി?

ഉത്തരം.

(എ) ഫൻഡ്വർക്ക് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഏകദേശം ൧൦ വർഷങ്ങളായി.

DISPOSED OF ADJOURNMENT MOTIONS.

12 Noon]

Mr. Speaker : Order, order. Question time is over.

Shri Ganapathi : Sir, a point of order. I would like to know what has happened to my adjournment motion.

Mr. Speaker : This is no point of order. I have received two adjournment motions and they have been duly disposed of.

VOTING ON DEMANDS FOR GRANTS (Contd)

DEMAND XVIII—EDUCATION.

Mr. Speaker : Now we will proceed with the Voting on Demands for Grants.

Chief Minister **(Shri A. J. John):** Sir, I move for a grant of Rs. 3,81,08,000 under Demand XVIII—Education.

Mr. Speaker : We shall first take motion No. 3 of Mr. Rajagopalan Nair.

Shri N. Rajagopalan Nair : Sir, I move:

To reduce the allotment of Rs. 25,00,000 for Block Grant to The Travancore University by Re. 1

സർ, വളരെക്കാലംമുമ്പു മുതൽതന്നെ തിരുവിതാംകൂറും കൊച്ചിയും വിദ്യാഭ്യാസകാര്യത്തിൽ ഇൻഡ്യയിലെ മററുഭാഗങ്ങളെ അപേക്ഷിച്ചിട്ടോളം വളരെ മുന്നണിയിൽ നിൽക്കുന്ന രാജ്യങ്ങളാണ്. വിദ്യാഭ്യാസത്തിന്റെ ശതമാനം നമ്മുടെ ഈ രാജ്യങ്ങളിൽ വളരെ ഏറെ കൂടുതലുമാണ്. നമ്മുടെ വിദ്യാഭ്യാസത്തിന്റെ പ്രത്യേകതയെപ്പററിയോ, അതുമൂലം വിദ്യാർത്ഥികൾക്കുണ്ടാകുന്ന ഗുണഗണങ്ങളെപ്പററിയോ ചിന്തിച്ചിട്ടില്ല നമ്മുടെ നാട്ടുകാർ കുട്ടികളെ വിദ്യാഭ്യാസംചെയ്യുന്നതിന് അയച്ചുവരുന്നതു്. എങ്ങനെയായാലും ഇന്നു വിദ്യാഭ്യാസംമൂലം കിട്ടുന്ന കഴിവുകൾ തങ്ങളുടെ കുഞ്ഞുങ്ങൾക്കു സമ്പാദിച്ചുകൊടുക്കുന്ന കാര്യത്തിൽ നമ്മുടെ നാട്ടുകാർ വളരെയേറെ ഔത്സുക്യം കാണിക്കുന്നുണ്ട്. അതിന്റെ പ്രതിഫലമാണു ഉയർന്ന വിദ്യാഭ്യാസ ശതമാനത്തെ കാണിക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. നമുക്കു ഇവിടെ ഒരു സർവകലാശാലയുണ്ട്. അതിന്റെ ലക്ഷ്യങ്ങൾ എന്താണെന്നുള്ളതിനെപ്പററി ആരായുകയും, അതു എങ്ങനെ നടപ്പിലാക്കണമെന്നുള്ളതിനെപ്പററി ചിന്തിക്കുകയും ചെയ്യണമെന്നുള്ളതാണു എന്റെ ഉദ്ദേശം. നമ്മുടെ യൂണിവേഴ്സിററി ഞ്ഞിലെ പ്രിയാംബിളിൽതന്നെ യൂണിവേഴ്സിററിയുടെ ഉദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അങ്ങയുടെ അനുമതിയോടുകൂടി പ്രസക്തമായ മൂന്നാമത്തെ പാരഗ്രാഫ് ഞാനിവിടെ വായിക്കണമെന്നു വിചാരിക്കുന്നു.

[ശ്രീ. എ;ൻ. രാജഗോപാലൻ നായർ.]

"And whereas it is further desirable in the interests of the cultural and educational advancement of all classes of our subjects, to provide for the conservation and promotion of Kerala Art and Culture"

ഇതാണ് ഏററവും പ്രധാനപ്പെട്ട സംഗതി.

".....And promotion of Kerala art and culture." ഇതു സഭ പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ ഇവിടെ ഒരു സർവ്വകലാശാല സ്ഥാപിച്ചതിൻെറ ഉദ്ദേശം എന്തൊക്കെയാണെന്നു ആക്ടിൽതന്നെ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇന്നു നമ്മുടെ സർവകലാശാലയിൽ എന്താണു നടക്കുന്നതെന്നു നാം അറിയേണ്ടിയിരിക്കുന്നു. കേരളത്തിലെ കലയും മലയാളക്കരയിലെ സംസ്കാരവും പ്രോത്സാഹിപ്പിക്കുന്നതിനായി കുറച്ചുകാലം മുമ്പു ഇവിടെ സ്ഥാപിച്ച സർവ്വകലാശാലയിൽ മലയാളം അറിയാവുന്ന ഒരേ ഒരു വൈസ ചാൻസലറാണു ആകെക്കൂടി ഉണ്ടായിരുന്നതു്. ഈ യൂണിവേഴ്സിററി ആരംഭിച്ച കാലത്തു ഇതിൻെറ വൈസ ചാൻസലറായിരുന്നതു ദിവാൻ സർ സി. പി. രാമസ്വാമി അയ്യരായിരുന്നു. അതിനുശേഷം എച്ച്. സി. പാപ്പ്‌വത്തായിരുന്നു. അദ്ദേഹത്തിൻെറ കാലശേഷം മലയാളം അറിയാവുന്ന ശ്രീമാൻ നന്ദൻമേനവൻ വളരെ ചുരുങ്ങിയ ഒരുകാലം വൈസ്ചാൻസലറായി ഇരുന്നിരുന്നു. ഇന്നു ഈ യൂണിവേഴ്സിററിയുടെ സാരഥ്യം വഹിക്കുന്നതു സർ, ആക്കോട്ടു രാമസ്വാമിമുതലിയാരാണ്. ഈ വൈസ്ചാൻസലരെപ്പററി പറയുന്നതിനു മുമ്പുതന്നെ ഈ മലയാളക്കരയിൽ നമ്മുടെ സർവ്വകലാശാലാ വൈസ്ചാൻസലറായി ഇരിക്കാൻ തക്കവണ്ണം യോഗ്യതയുള്ള ഒരുത്തരും ഇല്ലെയെന്നുള്ളതിനെപററി ബഹുമാനപ്പെട്ട മെംബറന്മാർ പര്യാലോചിക്കേണ്ടതാണ്. നമ്മുടെ കേരളത്തിൽ വിദ്യാഭ്യാസവിദഗ്ദ്ധന്മാരും വിദ്യാഭ്യാസ ധുരന്ധരന്മാരുമായ ആളുകൾ ഇല്ലെയെന്നു നാം ആലോചിക്കേണ്ടതാണ്. ഉണ്ട്. നമ്മുടെ നാട്ടുകാരുണ്ട്. ആ നിലയിൽ മലയാളസംസ്കാരം എന്തെന്നു അറിയാവുന്ന ആളുകളുടെ മേൽനോട്ടത്തിൽ സർവ്വകലാശാല പ്രവർത്തനം നടത്തുന്നതിനു പകരം മററാരാളെയാണു അതിലേയ്ക്കു ചുമതലപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇവിടത്തെ തമിഴരെ സംബന്ധിച്ചിടത്തോളം എന്തുചെയ്യണമെന്നാണു മെംബറുടെ അഭിപ്രായം?

ശ്രീ. എൻ. രാജഗോപാലൻനായർ: തമിഴർ തമിഴ് പഠിക്കണം. അതോടൊപ്പം കഴിയുമെങ്കിൽ മലയാളവും പഠിക്കണം. മലയാളികൾ തമിഴും പഠിക്കാൻ ശ്രമിക്കണം. മലയാളകലയെ പ്രോത്സാഹിപ്പിക്കാനുള്ള അവസരം നൽകിയിരിക്കുന്നസർ ആക്കോട്ടു രാമസ്വാമി മുതലിയാർ ആരാണെന്നും നാം അറിയേണ്ടതുണ്ട്. കഴിഞ്ഞകൊല്ലം ഈ നിയമസഭയിൽ പ്രസ്താവിച്ചിട്ടുള്ള ഒരു കാര്യമാണതു്. മൈസൂരിൽ സ്വാതന്ത്ര്യസമരം നടന്നിരുന്നകാലത്തു അവിടെയുള്ള ആളുകളെ കഴുതക്കാലിൽ കെട്ടി കവിണ്ണിക്കൊണ്ടു അടിക്കേണ്ടതാണെന്നു അദ്ദേഹം പറഞ്ഞിട്ടുള്ളതു ഞാനിവിടെ ഇപ്പോൾ പ്രസ്താവിക്കുന്നില്ല.

Mr. Speaker : What cannot be done directly, the hon. Member is attempting to do indirectly, which I will have to prevent.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഫൻ ഡ്വ്-ൽ വെല്ലൂർ ജയിലിൽ കാൺഗ്രസ്സിന്റെ സന്നദ്ധഭടന്മാരും, സമരയോദ്ധാക്കളും കിടന്നിരുന്ന കാലത്ത്—

Mr. Speaker : I will give the hon. Member this advice. He can say that a man of this place, a more competent man, be appointed. But do not bring forward personal criticisms.

ശ്രീ. എൻ. രാജഗോപാലൻനായർ : ഫൻ ഡ്വ്-ൽ വെല്ലൂർ ജയിലിൽ ഇൻഡ്യൻ എക്സ്പ്രസ്സും ഹിന്ദുവും വളരെ പുരോഗമനപരമായ പത്രങ്ങളാണെന്നു പറഞ്ഞു രാഷ്ട്രീയതടവുകാരെ കൊടുക്കാതിരുന്ന കാലത്തു ബ്രിട്ടീഷ് ഗവണ്മെന്റ് എല്ലാ തടവുകാരും ഒരു പത്രം വായിച്ചുകൊള്ളണമെന്നു പ്രസ്താവിച്ചിട്ടുണ്ട്. അതാണു 'ടൈംസ്' പത്രം. അതുമായി സർ ആർക്കാട്ടു രാമസ്വാമിമുതലിയാർക്കുള്ള ബന്ധം സാമ്രാജ്യസേവനം അദ്ദേഹം എന്നുമുതൽ ആരംഭിച്ചതാണ് എന്നു തെളിയിക്കും. നമ്മുടെ സർവകലാശാലയുടെ സ്ഥാനം അദ്ദേഹം വഹിക്കുന്നതുകൊണ്ടു അദ്ദേഹം ഒരു ഫാസിസ്റ്റ് ഫാക്ടറിയായി മാറുകയാണു ചെയ്യുന്നതു്. അധികം ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കണമെന്നു ഞാനാഗ്രഹിക്കുന്നില്ല. മലയാളം സാഹിത്യത്തിനും, കവിതയ്ക്കും അഭിമാനിക്കത്തക്കവണ്ണം നേട്ടം നൽകിയിട്ടുള്ള ശ്രീ. ഒ. എൻ. വി. കുറുപ്പിനു മലയാളം എം. എ-യ്ക്കു് പ്രവേശനം നിരോധിച്ചതു ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള ഒരു കാര്യമാണു്. അതുപോലെതന്നെ ഇംഗ്ലീഷിനും സെക്കൻഡ് ലാംഗ്വേജിനും ഹസ്റ്റക്കാരനുള്ള ശ്രീ. വി. എസ്. കൃഷ്ണനെ എം. എ. ക്ലാസിൽ അഡ്മിറ്റു ചെയ്യാതെയിരുന്ന കാര്യവും ഇവിടെ പറഞ്ഞിട്ടുള്ളതാണു്. നമ്മുടെ യൂണിവേഴ്സിറ്റിയുടെ കീഴിൽ അനേകം കാളേജുകളുണ്ടു്. സർ, അതിലൊന്നാണു ചങ്ങനാശ്ശേരി കാളേജും. ആ കാളേജിൽ എ. ഡി. രാജൻ എന്നൊരു വിദ്യാർത്ഥി ഇന്റർമീഡിയറ്റു ക്ലാസ്സിൽ പഠിച്ചിരുന്നു. ഒരു ദിവസം അവിടത്തെ പ്രിൻസിപ്പാൾ അദ്ദേഹം വിദ്യാർത്ഥിയായ രാജനെ വിളിച്ചു അല്പം ചില ചോദ്യങ്ങൾ ചോദിച്ചു വിവരം ഇവിടെ അറിയിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. അതു ഏറ്റവും പ്രധാനപ്പെട്ട ഒരു സംഭവമായതുകൊണ്ടു ബഹുമാനപ്പെട്ട മെംബറന്മാർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നു എനിക്കൊരു അപേക്ഷയുണ്ടു്. ആദ്യമായി പ്രിൻസിപ്പാൾ രാജനോടു ചോദിച്ചതു ഇങ്ങനെയാണു്. കുഞ്ഞിന്റെ വീടു എവിടെയാണു്? ആലപ്പുഴയാണെന്നു രാജൻ അതിനുത്തരം പറഞ്ഞു. പ്രിൻസിപ്പാളിൽനിന്നും ഉണ്ടായ അടുത്ത ചോദ്യം 'വയലാറിനു അടുത്താണോ' എന്നായിരുന്നു. ആണെന്നു രാജൻ ഉത്തരം കൊടുത്തപ്പോൾ അടുത്തതായി ചോദിച്ചതു 'വെടിയുടെ രബ്ബും വല്ലതും കേട്ടിട്ടുണ്ടോ'യെന്നായിരുന്നു. അതിനു 'കേട്ടിട്ടുണ്ടു്, വലിയ വെടിയാണു കേട്ടതു്' എന്നു രാജൻ ഉത്തരവും നൽകി.

ശ്രീ. ഗണപതി : ഇവിടെ ഒരു ഡ്രാമം ആക്റ്റു ചെയ്യുകയാണോ?

ശ്രീ. എൻ. രാജഗോപാലൻനായർ : ഇതു കണ്ടെങ്കിലും കുറെ വിവരങ്ങൾ ബഹുമാനപ്പെട്ട മെംബറന്മാർ പഠിക്കുമല്ലോ.

അടുത്തതായി പ്രിൻസിപ്പാളിൽനിന്നും ഉണ്ടായ ചോദ്യം 'കഥയെഴുതുമോ കുഞ്ഞേ'യെന്നായിരുന്നു. കഥയെഴുതുമെന്നു പറഞ്ഞാൽ പ്രിൻസിപ്പാളച്ചേഹത്തിനു ഇഷ്ടമായിരിക്കുമെന്നു വിചാരിച്ചു മൂന്നുനാലു കഥ എഴുതിട്ടുണ്ടെന്നു രാജൻ പറഞ്ഞു. ഈ ചോദ്യോത്തരങ്ങളുടെ ഫലമായി ഉണ്ടായതു എന്താണെന്നുവച്ചാൽ ആ തവണ ആ വിദ്യാർത്ഥിയെ പബ്ലിക് പരീക്ഷയ്ക്കു എഴുതാൻ അനുവദിച്ചില്ലായെന്നുള്ളതാണ്. ആരുടെയും അനുവാദം കൂടാതെ എഴുതാവുന്ന സെപ്ററംബർ പരീക്ഷക്കെഴുതി ഒന്നാമത്തെ ചാൻസിൽതന്നെ ആ കുട്ടി പാസ്സാകുകയും ചെയ്തു. ബി എ.—യ്ക്കു ആലപ്പുഴ എസ്. ഡി. കാളേജിൽ ചേരാമെന്നു വിചാരിച്ചു അവിടെ ചെന്നപ്പോഴാണു പരമപാതകനും മഹാ അക്രമിയുമായ ഒരു വിദ്യാർത്ഥി ആലപ്പുഴ കാളേജിലേയ്ക്കു ടി. സി. വാങ്ങിയിട്ടുണ്ടെന്നു ആലപ്പുഴകാളേജിൽ എഴുതി അയച്ചിട്ടുള്ളതായി അറിയുന്നതു്. ഇന്നതെ ദുഷിച്ചുനാറിയ വ്യവസ്ഥിതിക്കുവേണ്ടി ഇന്നതെ ഭരണാധികാരികളുടെ ചൊൽപ്പടിക്കു നിന്നുകൊണ്ടു് ഓരോ കാളേജുകളിലുമുള്ള പ്രിൻസിപ്പാളന്മാർ അമേരിക്കൻ സ്റ്റൈക്കളേക്കാൾ കഷ്ടമായി അന്യോന്യം വിദ്യാർത്ഥികളെപ്പററി സ്റ്റൈവക്ക് നടത്തുന്ന കാലമാണിതു്.

ശ്രീ. ഓ. സി. നൈനാൻ : കാളേജു പ്രിൻസിപ്പാളന്മാർക്ക് അവരുടെ കാളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ സ്വഭാവത്തെപ്പററി അന്വേഷിക്കേണ്ട ചുമതലയില്ലേ?

ശ്രീ. എൻ. രാജഗോപാലൻനായർ : നിശ്ചയമായും ഉണ്ടു്. അവരുടെ സംസ്കാരത്തിന്റെ വളർച്ചയെപ്പററി അന്വേഷിക്കുകതന്നെ വേണം.

ശ്രീ. ഓ. സി നൈനാൻ : ഒരു കാളേജിൽ പഠിക്കുന്നതിനു ഏതെങ്കിലും വിദ്യാർത്ഥിക്കു യോഗ്യതയില്ലെന്നുകണ്ടാൽ അതു മററു കാളേജുകളിൽ അറിയിക്കേണ്ട ചുമതലയില്ലേ?

ശ്രീ. എൻ. രാജഗോപാലൻനായർ : ഉണ്ടു്. യോഗ്യതയെപ്പററിയാണു തർക്കം.

അങ്ങനെ വിദ്യാർത്ഥികൾക്കു എതിരായിട്ടു നമ്മുടെ യൂണിവേഴ്സിററി അധികൃതരും, കാളേജു് അധികൃതരും ഇന്നു നടത്തുന്ന കയ്യേററങ്ങൾ അനവധിയാണ്. ഞാൻ കഴിഞ്ഞതവണ സൂചിപ്പിച്ചതുപോലെ വിജയശതമാനം ര ഒ ഉണ്ടായിരുന്നതു ഒ ഒ ആയി കുറഞ്ഞു് ഇരിക്കുകയാണു ചെയ്തുന്നതു്. സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ കുറഞ്ഞുവരുന്നുവെന്നുള്ള കാര്യവും ഞാൻ മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുകൊള്ളുന്നു. ഫ ഇ ഠ-ക്കാളം വിദ്യാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുള്ള ഒ കേസുകൾ ഇന്നു നടക്കുന്നുണ്ടു്. വെറും നിസ്സാരമായ ഒരു കഥ ഞാൻ പറയാം. പണ്ഡിററു ജവഹരിലാൽ നെഹ്റുവാണു ഇൻഡ്യ ഭരിക്കുന്നതു്. റഷ്യൻ വിപ്ലവം നടന്നകാലത്തു് ജനിച്ചതിൽ നീ ഭാഗ്യവതിയാണു മകളെ എന്നു പുത്രിക്കെഴുതിയ പണ്ഡിത ജവഹർലാൽ നെഹ്റുവാണു ഇൻഡ്യയെ ഇപ്പോൾ ഭരിക്കുന്നതു്. ഇവിടെ തിരുവന

ന്തപുരത്തു ജവഹരിലാൽ നെഹ്റുവിന്റെയും, ഗാന്ധിജിയുടെയും പേരിൽ ആണയിട്ടുകൊണ്ടു ഭരിക്കുന്ന മന്ത്രിമാരുടെ മൂക്കിന്റെ താഴെതന്നെ ഒരു കാളേജുണ്ട്. അതായതു് മാർ ഇവാനിയോസ് കാളേജ്. മദ്രാസ് സംസ്ഥാനത്തെ ആസ്ഥാന കവിയായിരുന്ന ഗവണ്മെന്റിൽനിന്നും ൧൦൦൦ രൂപ വേതനം പററുന്ന ആളും ഏററവും വലിയ ഒരു കവിയുമായ വള്ളത്തോളിനെക്കൊണ്ടു ആ കാളേജിൽ ഒന്നു പ്രസംഗിപ്പിക്കണമെന്നു അവിടെയുള്ള വിദ്യാർത്ഥികൾ ആഗ്രഹിച്ചു. അദ്ദേഹം റഷ്യയിൽ പോയിട്ടുള്ള ആളാണെന്നൊരു തസ്സുടവും അതിനുണ്ടായി. അടുത്തതായി ജെ. സി. കുമരപ്പയെ ക്ഷണിക്കണമെന്നു പറഞ്ഞു.

ശ്രീ. എ. എ. ഡി. ലൂയിസ് : ബഹുമാനപ്പെട്ട മെംബർക്കു ഈ വിവരങ്ങൾ എങ്ങനെയാണു അറിവുകിട്ടിയതു്?

ശ്രീ. എൻ. രാജഗോപാലൻനായർ : എങ്ങനെയായാലും എനിക്കു ഇതെല്ലാം അറിവുണ്ട്.

ശ്രീ. കുമരപ്പയാണെങ്കിൽ ചൈനയിൽപോയ ആളാണ്. അടുത്ത രാജ്യത്തെ ആസ്ഥാനകവിയേയും കാൺഗ്രസ്സുകാരനായ ജെ. സി. കുമരപ്പയേയും ഭയപ്പെടുന്ന ഒരന്തരീക്ഷമാണു ഇന്നു നമ്മുടെ കാളേജുകളിലുള്ളതു്. വിദ്യാർത്ഥികളുടെ നിയമാനുസൃതമായ സംഘടനകളെപ്പോലും നിരോധിച്ചിരിക്കയാണ് ചെയ്യുന്നതു്. ആ കാര്യങ്ങളെപ്പററി ഞാനിപ്പോൾ ഒന്നും പറയുന്നില്ല. നമ്മുടെ വിദ്യാർത്ഥികൾക്കും കലയ്ക്കും സംസ്കാരത്തിനും എതിരായി എന്തിനാണു ഇങ്ങനെ കാളേജുകൾ നടത്തുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. ഇന്നയിന്ന പുസ്തകങ്ങളേ വായിക്കാവൂ, വായനശാലകളിൽ ഇന്നയിന്ന പുസ്തകങ്ങളേ വാങ്ങി വയ്ക്കാവൂ, ഇന്നയിന്നതേ എഴുതാവൂ എന്നെല്ലാമാണു ഇപ്പോഴുള്ള നിബന്ധനകൾ. തലച്ചോറിനു പൂട്ടു പിണിയുന്ന പെരുംകൊള്ളന്മാർ ഭരിക്കുന്ന നാട്ടിൽ ഇങ്ങനേ നടക്കുകയുള്ളൂ. വിദ്യാർത്ഥികളുടെ ന്യായമായ ആവശ്യങ്ങളെയെല്ലാം അടിച്ചമർത്തി ഇവിടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ പിൻതിരിപ്പൻ ആക്കി സ്വസ്ഥമായി ഇവിടെയിരിക്കാമെന്നു വിചാരിക്കുന്നതു ഒരു ഭയങ്കര ജലപ്രവാഹത്തെ പഴമുറംകൊണ്ടു തടുക്കാമെന്നു വിചാരിക്കുന്നതുപോലെയാണ്. ഇതു കാണുമ്പോൾ ഹാ! കഷ്ടം എന്നല്ലാതെ മറെറാന്നും പറയാൻ എനിക്കു തോന്നുന്നില്ല. മലകളെ; നിങ്ങൾ ഞങ്ങളെ മൂടുവിൻ! എന്നു പറഞ്ഞാൽ മലകൾ വരികയില്ല. മലയിൽനിന്നു ഇപ്പോൾ ഒരു കാററു അടിച്ചു തുടങ്ങിയിട്ടുണ്ട്. അതു നിങ്ങൾക്കെതിരാണ്. പർവ്വതങ്ങളേ! നിങ്ങൾ ഞങ്ങളെ തുണയ്ക്കുവിൻ! എന്നു വിളിച്ചാൽ പർവ്വതങ്ങൾ ഇവരെ തുണക്കുകയില്ല. കുഴികളെ നിങ്ങൾ ഞങ്ങളെ വിഴുങ്ങുവിൻ! എന്നു ഇവർ വിളിക്കും. കുഴികൾ ഇവരെ വിഴുങ്ങും. അവസാനമായി ഏഴുനേററമില്ലാതെ നിങ്ങളുടെ കുഴികളിൽതന്നെ വിഴുങ്ങപ്പെടും. ഞാൻ നിറുത്തുന്നു.

Mr. Speaker : There is a cut motion on the total amount of Rs. 27,14,000 relating to the University. The House will have the whole University open for discussion. Now, Mr. Ravindran will move his motion, that is, cut motion No. 12.

Shri P. Ravindran : Sir, I move :

To reduce the allotment of Rs. 27,14,000 for Grants to Universities by Rs. 100.

സർ, യൂനിവേഴ്സിററി വിദ്യാഭ്യാസത്തെ സ്പർശിച്ചുകൊണ്ട് സഖാവ് രാജഗോപാലൻനായർ വളരെ ശക്തിയായ ഭാഷയിൽ ഇവിടെ സംസാരിക്കുകയുണ്ടായി. അദ്ദേഹം സ്പർശിച്ചിട്ടുള്ള വിഷയങ്ങൾ വിട്ട്, തിരുവിതാംകൂർ യൂനിവേഴ്സിററിയുടെ കീഴിൽ വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസത്തിന് എങ്ങനെ പ്രോത്സാഹനം കിട്ടുന്നുവെന്നു പറയുവാനാണ് ഞാൻ ഈ ഉപക്ഷേപം കൊണ്ടുദ്ദേശിക്കുന്നത്.

സർ, യൂനിവേഴ്സിററി ആക്ടിന്റെ പ്രിയാംബിളിൽ പറഞ്ഞിട്ടുണ്ട്, സാങ്കേതിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും കൂടിയാണ് ഇവിടെ യൂനിവേഴ്സിററി സ്ഥാപിച്ചിട്ടുള്ളതെന്ന്. സാങ്കേതിക വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി, ഈ നാട്ടിൽ സാങ്കേതിക വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി, ആണ് ഈ യൂനിവേഴ്സിററി സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. എങ്കിലും ഇന്നു സാങ്കേതിക വിദ്യാഭ്യാസത്തിനു എന്തു പ്രോൽസാഹനമാണു ലഭിക്കുന്നതെന്ന് ശ്രദ്ധിച്ചുനോക്കിയാൽ മനസ്സിലാക്കാൻ കഴിയും. ഇന്ന് പഴയ വിദ്യാഭ്യാസ രീതിതന്നെ, അതായത് മുൻപ് ഇംഗ്ലീഷുകാർ നടത്തിക്കൊണ്ടുവന്നിരുന്ന രീതി തന്നെ, അവിച്ഛിന്നം തുടർന്നുകൊണ്ടുപോവുകയാണെന്നുള്ളത് ദുഃഖകരമായ ഒരു സത്യമാണ്. ആണ്ടുതോറുംസഹസ്രക്കണക്കിനു ബിരുദധാരികളെ കാളേജുകളിൽനിന്നും പുറത്തയച്ചു കൊണ്ടിരിക്കുകയാണ്. പറയത്തക്കയാതൊരു വ്യത്യാസവും പഴയഇംഗ്ലീഷു വിദ്യാഭ്യാസ രീതിയിൽനിന്നും നടപ്പിൽ വരുത്തിയിട്ടില്ല എന്നുള്ള കാര്യമാണ് ഈ സഭയുടെ ദൃഷ്ടിയിൽ എനിക്കു കൊണ്ടുവരുവാനുള്ളത്. യൂണിവേഴ്സിററിയുടെ ഫൻ ഇ ൦— ഇ ഫ-ലെ ഭരണറിപ്പോർട്ടു പരിശോധിച്ചു നോക്കിയാൽ നമുക്കു ചില സംഗതികൾ മനസ്സിലാക്കാൻ കഴിയും. എല്ലാ കാളേജുകളിലും കൂടി ഫൻ ര ൻ—ഇ ൦-ൽ, ഫവനവ്യവ വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ വ്യനര പേക്കാണു സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചത്. ഫൻ ഇ ൦— ഇ ഫ-ൽ, ഫന്ന ഇവവ വിദ്യാർത്ഥികൾ ഉണ്ടായിരുന്നതിൽ ഫൻ പേക്കു മാത്രമാണ് സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളത്. യൂണിവേഴ്സിററിയിലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നുള്ള കണക്കുകളാണിത്. ഫൻ ര ൻ—ഇ ൦-ൽ വ്യനര പേക്കു സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിരിക്കെ, ഫൻ ഇ ൦— ഇ ഫ-ൽ അതു ന്ന ഫൻ ആയി കുറഞ്ഞു. ഇതു നോക്കിയാൽ ആണ്ടുതോറും സാങ്കേതിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളും പ്രോൽസാഹനവും കുറഞ്ഞു കുറഞ്ഞു വരികയാണ് എന്നു കാണാം.

ഈയിടെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു ഭാഗമായ ചാത്തന്നൂർവച്ച് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു പ്രസംഗംചെയ്തു. അദ്ദേഹം പ്രസംഗിക്കുകയുണ്ടായി, നമ്മുടെ നാട്ടിൽ സാങ്കേതിക വിദ്യാഭ്യാസമുള്ള ധാരാളം ആളുകൾ വേണ്ടിയിരിക്കുന്നു എന്ന്. നമുക്ക് ഡാക്ടർമാർ വേണം, എഞ്ചിനീയറന്മാർ വേണം, അതിനുവേണ്ടി സാങ്കേതിക വിദ്യാഭ്യാസത്തിനു കഴിയുന്നത്ര പ്രോൽസാഹനം ഇവിടെ വേണം, വിദ്യാർത്ഥികൾ വഴി തെററിപ്പോകരുത് എന്നും മററും അദ്ദേഹം പറഞ്ഞു. ആ പ്രസംഗത്തിന്റെ അലകൾ അവിടത്തെ അന്തരീക്ഷത്തിൽ അങ്ങനെ തങ്ങി

നിൽക്കുന്നുണ്ട്. അതേസമയം യൂണിവേഴ്സിറ്റിയുടെ കീഴിൽ നടക്കുന്നതു എന്താണെന്നു നമുക്കു നോക്കാം. എനിക്കു തോന്നുന്നതു് ഇവിടെ സാങ്കേതിക വിദ്യാഭ്യാസം അഭിവൃദ്ധിപ്പെടുത്തുന്നതിന്, നമുക്കാവശ്യമുള്ള എൻജിനീയർമാർ—ഡാക്ടർമാർ മുതലായ സാങ്കേതിക വിദഗ്ദ്ധന്മാരെ ലഭിക്കുന്നതിന് ഇവിടെ ഒരു മെഡിക്കൽ കാളേജു തുടങ്ങിയിട്ടുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല—പര്യാപ്തമായ, വ്യക്തമായ ഒരു പരിപാടി ഇല്ലാ എന്നാണ്. സാങ്കേതിക വിദ്യാഭ്യാസത്തിനു വേണ്ടത്ര പ്രോൽസാഹനം ഈ മന്ത്രിസഭയുടേയും യൂണിവേഴ്സിറ്റിയുടേയും കീഴിൽ ലഭിക്കുന്നില്ലെന്നാണു എനിക്കു തോന്നുന്നതു്.

മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു്, അഭ്യസ്ത വിദ്യരായ ആളുകളുടെ തൊഴിലില്ലായ്മയെപ്പറ്റിയാണ്. തൊഴിൽ ശൂന്യരായ അഭ്യസ്ത വിദ്യരുടെ എണ്ണം അനുദിനം സംഭ്രമജനകമായ വിധം വർദ്ധിച്ചു വരുന്നുണ്ടെന്നു കാണാം. ഇങ്ങനെ നാൾക്കുനാൾ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ എണ്ണം വർദ്ധിച്ചു വരുന്നതു അപകടമാണെന്നു കണ്ടു് ഗവണ്മെൻറു ചില നടപടികൾ അതിനെ തടയാൻ ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. അതിന് ചില ആയുധങ്ങൾ പ്രയോഗിച്ചുതുടങ്ങിയിട്ടുണ്ട്. ഒന്നാമത്തെ ആയുധം ഡിറ്റൻഷൻ സംപ്രദായമാണ്. കാളേജുകളിൽ പഠിക്കുന്നതിൽ വളരെ നല്ല പ്രോഗ്രസ്സുള്ള വിദ്യാർത്ഥികളെ രാഷ്ട്രീയമായ കാരണങ്ങളും മററും പറഞ്ഞു ഡിറ്റെയിൻ ചെയ്യുന്നതെന്നുള്ള കഥ, ഇവിടെ ഈ സഭയിൽതന്നെ ചർച്ചയ്ക്കു വന്നിട്ടുള്ളതാണ്. കൂടാതെ വിജയ ശതമാനം ആണ്ടുതോറും കുറയ്ക്കുക എന്നുള്ളതാണ് മറ്റൊരു കാര്യം. ഫൻ ൪൯-ൽ ഇൻറർമീഡിയററിന്റെ വിജയ ശതമാനം ൪൩ ആയിരുന്നതു് ഫൻ ൯൦-ൽ ൨൨ ശതമാനമായി കുറഞ്ഞിട്ടുണ്ട്. ബിരുദധാരികളുടെ എണ്ണം വെട്ടി കുറയ്ക്കാനുള്ള ഒരു വിദ്യയാണു ഇതെന്നു് എനിക്കു തോന്നുന്നു. രാഷ്ട്രീയ കക്ഷികളുടെ പ്രചാരണായുധമായി വിദ്യാർത്ഥികൾ മാറിയിട്ടുണ്ടെന്നും വിദ്യാഭ്യാസകാര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നില്ലെന്നും മററും ആണു സ്റ്റാൻഡേർഡു കുറയാൻ കാരണമായി പറയുന്നതു്. പക്ഷെ, അല്പം ശാന്തമായി ആലോചിച്ചാൽ, വിദ്യാർത്ഥികളോടുള്ള പക അല്പം മാററി വച്ചിട്ടു നോക്കിയാൽ, നമുക്കു ഇതിനുള്ള ശരിയായ കാരണം മനസ്സിലാക്കാൻ സാധിക്കും. ൧൯൪൨-ൽ വിദ്യാർത്ഥികൾ ഇവിടെ സമരം നടത്തി. ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ അവർ പങ്കെടുത്തു. അന്നു് കാൺഗ്രസു നേതാക്കന്മാർ വിദ്യാർത്ഥികളെ സമരത്തിനു ആഹ്വാനം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളെ അനുഗ്രഹിക്കയും ആശ്ലേഷിക്കുകയും ചെയ്തിട്ടുണ്ട്. അക്കാലത്തെങ്ങും അവരുടെ സ്റ്റാൻറർഡ് കുറഞ്ഞിട്ടുള്ളതായി പറഞ്ഞു കേട്ടിട്ടില്ല. എന്നാൽ ഇന്നു്, വിദ്യാർത്ഥികൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നതുകൊണ്ടാണു അവരുടെ സ്റ്റാൻറർഡ്, കുറയുന്നതെന്നു ഒരു വാദം ഉന്നയിക്കുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. സ്റ്റാൻറർഡ് കുറയുവാനുള്ള കാരണമെന്താണെന്നു നമുക്കു ഒന്നു പരിശോധിച്ചുനോക്കാം. പ്രധാനമായ ഒരു കാരണം സെക്കൻറററി സ്കൂളുകളിലെ ബോധന ഭാഷ മലയാളമാക്കിയതാണ്. ഹൈസ്കൂളിൽ എല്ലാ ടെക്നിക്കു വിഷയങ്ങളും മലയാളത്തിൽ പഠിച്ചതിനുശേഷം, കാളേജിൽ ചേരുമ്പോൾ അതെല്ലാം ഇംഗ്ലീഷിൽ പഠിക്കേണ്ടിയിരിക്കുന്നു. അതു വിദ്യാർത്ഥികൾക്കു വളരെ പ്രയാസം നേരി

[ശ്രീ. പി. രവീന്ദ്രൻ]

ടുന്ന ഒരു സംഗതിയാണ്. ഇംഗ്ലീഷിൽ നല്ല സ്റ്റാൻഡേർഡില്ലാത്ത വിദ്യാർത്ഥികൾക്കു കാളേജിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ മനസ്സിലാക്കുന്നതിനു വിഷമമാണെന്ന് വിദ്യാർത്ഥികളും, അവരെ പഠിപ്പിക്കുന്നതിന് വിഷമമാണെന്ന് അദ്ധ്യാപകന്മാരും ഒരേസമയത്തു് പറയുന്നുണ്ട്.

Shri A. A. D. Luiz : Is it the opinion of the hon. Member that the standard of English in the High schools and Secondary Schools must be improved ?

ശ്രീ. പി. രവീന്ദ്രൻ : സെക്കൻഡറി സ്കൂളുകളിലും സ്റ്റാൻഡേർഡു ഇംപ്രൂവു ചെയ്യണമെന്നു എനിക്കഭിപ്രായമുണ്ട്. കാളേജുകളിൽ പഠിപ്പിക്കുന്നതിന് വേണ്ടത്ര സ്റ്റാഫ് ഇല്ലെന്നുള്ളതാണ് സ്റ്റാൻഡേർഡ് കുറയാനുള്ള മറ്റൊരു കാര്യം. ഇതു എല്ലാ കാളേജുകളിലും, പ്രത്യേകിച്ച് പ്രൈവറ്റു കാളേജുകളിലും കണ്ടുവരുന്നതാണ്. ഉദാഹരണമായി എം. ജി. കാളേജിൽ ജൂനിയർ ഇൻറർ, എഫ്. ബാച്ചിൽ ഇംഗ്ലീഷു പഠിപ്പിക്കാൻ ഒരു കൊല്ലത്തിനിടയിൽ അഞ്ചു ലക്ചറന്മാരെ മാറ്റി മാറ്റി നിയമിച്ചിട്ടുള്ളതായി എനിക്കറിയാം. ഇങ്ങനെ ചെയ്യുന്നതും വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡു കുറയുന്നതിനു കാരണമാണ്. പ്രൈവറ്റു കാളേജുകളിലെ അദ്ധ്യാപകന്മാർക്കു ശരിയായ ശമ്പളം നൽകുന്നില്ല. ഇതിനെ സംബന്ധിച്ച് ഈ നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽ ഞാൻ ഒരു ചോദ്യം അയച്ചിരുന്നതിന് എനിക്കു കിട്ടിയ മറുപടി "Government had no occasion to consider it" എന്നാണ്. ൧൯ ൫൨ ജൂണിൽ സെനറ്റു മീറ്റിംഗ് കൂടിയപ്പോൾ പ്രൈവറ്റു കാളേജുകളിലെ റ്റീച്ചിംഗ് സ്റ്റാഫിൻെറ ശമ്പളംകൂട്ടുന്ന കാര്യത്തെപ്പററിയുള്ള ഒരു പ്രമേയം ചർച്ചാ വിഷയമായി. ആ പ്രമേയം സംസാരിച്ചു തീർക്കുകയുണ്ടായി. അതിന് യാതൊരു ഫലവുമുണ്ടായില്ല. വീണ്ടും ൧൯൫൩ മാർച്ചിൽ ഈ പ്രശ്നം സെനറ്റിൽ ചർച്ചയ്ക്കുവന്നു. അന്നു പറഞ്ഞതു പ്രൈവറ്റു കാളേജുകളിലെ സ്റ്റാഫിൻെറ സ്റ്റാററിസ്റ്റിക്സു ശേഖരിക്കാൻ പോകുന്നു, അതു കിട്ടിയതിനുശേഷമെ ഈ കാര്യം പര്യാലോചിക്കാൻ സാധിക്കുകയുള്ളു എന്നാണ്. സർ, വേണമെങ്കിൽ ഒററദിവസംകൊണ്ടു് ആവശ്യമുള്ള സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാവുന്നതേയുള്ളു.

മിക്ക കാളേജുകളിലും ലാബറട്ടറികളും, ലൈബ്രറികളും സൗകര്യമായില്ലെന്നുള്ളതാണ് മറ്റൊരു സംഗതി. അതിൻെറ ചില കണക്കുകൾ ഞാൻ ഇവിടെ ഉദ്ധരിക്കാം. ൧൯ ൫൧ൽ, യൂണിവേഴ്സിററി കാളേജിൽ ൧ ൪ ൧൨ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. അവിടത്തെ ലൈബ്രറിയിൽ ൩൨,൨ ൧ പുസ്തകങ്ങൾ ഉണ്ടായിരുന്നു. ശ്രീ നാരായണകാളേജിൽ, ൧ ൫ ൨ ൭ വിദ്യാർത്ഥികളും, അവിടത്തെ ലൈബ്രറിയിൽ ൫ ൦ ൨ ൭ പുസ്തകങ്ങളും, മഹാത്മാഗാന്ധി കാളേജിൽ, ൧൪ ൫ ൨ വിദ്യാർത്ഥികളും, ലൈബ്രറിയിൽ ൨൨ ൪ ൯ പുസ്തകങ്ങളും ഉണ്ടായിരുന്നതായിട്ടാണു ഈ കണക്കുകൾ കാണുന്നതു്. ഈ കണക്കിൽനിന്നും പ്രൈവറ്റു കാളേജുകളിൽ ആവശ്യത്തിനുള്ള പുസ്തകങ്ങൾ ഇല്ലെന്നു കാണാൻ കഴിയും. ഈ കാരണങ്ങളാലാണ് വിദ്യാർത്ഥികളുടെ സ്റ്റാൻഡേർഡു കുറയുന്നതു്. അല്ലാതെ

രാഷ്ട്രീയ പ്രവർത്തനത്തിൽ വിദ്യാർത്ഥികൾ ഇടപെടുന്നതുകൊണ്ടല്ല. വിദ്യാർത്ഥികളുടെ ന്യായമായ അവകാശങ്ങൾ സാധിച്ചു കൊടുക്കണമെന്നാണ് ഇന്നാട്ടിലെ ജനങ്ങൾ ആവശ്യപ്പെടുന്നത്-

ശ്രീ. പി. സദാശിവൻപിള്ള : സർ, ഒരന്വേഷണമായി ഈ ഗവർമ്മെൻറിനു യാതൊരു കാര്യവുമില്ലാത്ത പ്രൈവറ്റ് കാളേജുകളുടെ കാര്യം ഈ സഭയിൽ പരാമർശിക്കാമോ?

Mr. Speaker : That has to be viewed from another aspect. All these colleges are supported by Government grants, therefore, matters relating to these colleges, can be discussed.

ശ്രീ. പി. രവീന്ദ്രൻ : സർ, ഞാൻ പ്രസംഗം അവസാനിപ്പിക്കുകയാണ്. വിദ്യാർത്ഥികളുടെ അവകാശങ്ങൾ സാധിച്ചുകൊടുക്കുന്നതിന് യൂണിവേഴ്സിറ്റിയെ പ്രേരിപ്പിക്കാൻ ഗവർമ്മെൻറിനു കടപ്പാടുണ്ടെന്നുള്ളതു നാം വിസ്മരിക്കാൻ പാടില്ലാത്തതാണ്. രണ്ടു ദിവസം മുമ്പ് യൂണിവേഴ്സിറ്റി ഹോസ്റ്റലിൽനിന്നും രണ്ടു അദ്ധ്യാപകന്മാരെ വിദ്യാർത്ഥികളുടെ അവകാശസമരത്തിൽ സഹരാപം പ്രകടിപ്പിച്ചു കാരണത്താൽ പുറത്താക്കുകയുണ്ടായി എന്നുള്ള വസ്തുതയും ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഇന്നു വിദ്യാർത്ഥികളുടെ ന്യായമായ അവകാശവാദങ്ങൾ ചവുട്ടി മെതിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആ നയം മാറേണമെന്നുള്ളതാണ് എനിക്കു പറയുവാനുള്ളത്. സർ, ഞാൻ എന്റെ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Speaker : I would now ask Mr. Ramakrishnan to move his cut motion No. 27 so that the question of relevancy may not be again raised by points of orders.

Shri Ramakrishnan : Sir, I move : To reduce the allotment of Rs. 36, 45, 445 for University by Re. 1.

സർ, ഒരുപക്ഷെ രാഷ്ട്രമായി കെട്ടിപ്പടുക്കുക എന്നുള്ള ലക്ഷ്യത്തോടുകൂടി ഭരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളെപ്പററി പ്രത്യേകം പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. എന്നാൽ ഇന്നു ലക്ഷക്കണക്കിനു ഉറുപ്പിക ചെലവുചെയ്തു ഒരു സർവകലാശാലയും കാളേജുകളും നടത്തിവരുന്നു. അവയിൽ വിദ്യാഭ്യാസത്തിനായി വിദ്യാർത്ഥികൾക്കു എത്രത്തോളം സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നുണ്ട് എന്നുള്ള സംഗതി പരിശോധിക്കുമ്പോൾ അതു ഏററവും പരിതാപകരമാണെന്നു പറയാതെ നിവൃത്തിയില്ല. വിദ്യാർത്ഥികളുടെ താമസസൗകര്യങ്ങളെപ്പററിത്തന്നെ പല പരാതികൾ ഉണ്ടായിട്ടുണ്ട്. പല കാര്യങ്ങളിലും ജനങ്ങൾക്ക് ഗുണമുണ്ടാകുന്നുണ്ടോ എന്നുള്ള ഗണനയില്ലാതെതന്നെ ഉറുപ്പിക ചെലവഴിച്ചു കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ വിദ്യാർത്ഥികളെ പണിപ്പെട്ടു ഉന്നതവിദ്യാഭ്യാസത്തിനു അയയ്ക്കുമ്പോൾ ആ വിദ്യാർത്ഥികളോടു വാടക കൂടുതൽ മേടിക്കാതെതന്നെ അവരെ വിദ്യാഭ്യാസം ചെയ്യുന്നതിനു സഹായിക്കേണ്ട ചുമതല ഈ ഗവണ്മെൻറിനുണ്ടെന്നുള്ളതു ഈ അവസരത്തിൽ ഗവണ്മെൻറിനെ ഓർമ്മപ്പെടുത്തുന്നു.

[ശ്രീ. രാമകൃഷ്ണൻ]

ഒന്നാമത്തെ ഇവിടെ ആർട്ട്സ് കാളേജുകളാണ് അധികമായി സ്ഥാപിച്ചുകാണുന്നത്. പണ്ടൊരിക്കൽ ശ്രീമൂലം അസംബ്ലിയിൽ ഇവിടെ ആദ്യമായി ജിറാഫിനെകൊണ്ടുവന്ന വളത്തിയപ്പോൾ ഇവിടത്തെ ഒരു സമുദായത്തിന്റെ സാമുദായിക പ്രാതിനിദ്ധ്യമനുസരിച്ച് ആ സമുദായത്തിനും അതിനെ ആശ്ലേഷിപ്പെട്ടതായി കേട്ടിട്ടുണ്ട്. അതുപോലെ ഇന്ന എസ്സ്. എൻ. ഡി. പി. യോഗത്തിനും, എൻ. എസ്സ്. എസ്സിനും, ക്രിസ്ത്യീയ സമുദായങ്ങൾക്കും മററും മതത്തിന്റെ അടിസ്ഥാനത്തിൽ കാളേജുകൾ സ്ഥാപിച്ചു വരുന്നുണ്ട്. നമ്മുടെ രാജ്യം ഒരു മതേതരരാഷ്ട്രമാണെന്നും അതിൽ വർഗ്ഗീയതയ്ക്കു യാതൊരു സ്ഥാനവുമില്ലെന്നും സ്ഥാനത്തും അസ്ഥാനത്തും ഘോഷിക്കുന്നവർ ഈ കാളേജുനിർമ്മാണത്തിൽ ഇത്ര തിരയവുകാണിക്കുന്നതു ഒരുപക്ഷെ വേറെ ചിലകാര്യങ്ങളുടെ രക്ഷക്കും വേണ്ടിയായിരിക്കും അങ്ങിനെ രാഷ്ട്രീയലക്ഷ്യങ്ങളോടുകൂടിയാണ് ഈ വർഗ്ഗീയമായ പ്രൈവററ് കാളേജുകൾക്കു ഗ്രാൻറുകൊടുക്കുന്നതെന്നാണെനിക്കു തോന്നുന്നത്.

ശ്രീ. പി. മാധവൻനമ്പ്യാതിരി: ഒരു വർഗ്ഗക്കാർമാത്രം പഠിക്കുന്ന കാളേജുകൾ ഈ രാജ്യത്തുണ്ടോ?

ശ്രീ. രാമകൃഷ്ണൻ: അക്കാര്യം മെമ്പർക്കും അറിവുള്ളതാണല്ലോ. പക്ഷെ ഒരു പ്രത്യേക ഭാഗത്തിലാണ് അവിടെ വിദ്യാഭ്യാസം നടത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മെംബർ അതു ഒരു പക്ഷെ മറന്നുപോയിരിക്കാം.

ശ്രീ. കുഞ്ഞിതൊമ്മൻ: മെംബർ ഏതു കാളേജിലാണ് പഠിച്ചത്?

ശ്രീ. രാമകൃഷ്ണൻ: പണ്ഡിററ് ജവഹർലാൽ എഴുതിയിട്ടുള്ള ഒരു ബുക്കുപോലും മതേതരീയമാണെന്നും അതു ക്ലാസിൽ ടെക്സ്ററ് ബുക്കാക്കാൻ പാടില്ലെന്നും പറഞ്ഞ ഒരു ജനവിഭാഗം ഇവിടെയുണ്ട്. ഇന്ന ഇവിടെ സ്വയംഭരണം അനുവദിച്ചിട്ടുണ്ട്. അതു നടക്കുന്നു എന്നും പറയുന്നു. അപ്പോൾ അങ്ങിനെ ചെയ്യുന്നതു ന്യായമാണോ എന്നു നാം ആലോചിക്കേണ്ടതാണ്. കാൺഗ്രസ്സിന്റെ പ്രസിഡന്റാണ് പണ്ഡിററ് ജവഹരിലാൽ നെഹ്ററു. അദ്ദേഹം എഴുതിയ ഒരു പുസ്തകം ഇന്ന ഒരു വിഭാഗക്കാർ സ്വീകരിക്കുന്നതിന്നു തയാറില്ല. അങ്ങനെയുള്ള കാൺഗ്രസുകാർക്കാണ് ഇന്ന സമുദായത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം പ്രത്യേകം കാളേജുകൾ അനുവദിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള പരിതഃസ്ഥിതിയിൽ ഇവിടത്തെ സംസ്ക്കാരം വളരാൻ പോകുന്നില്ല എന്നുള്ള വാസ്തവം മറച്ചുവയ്ക്കേണ്ടതല്ല.

തിരുവനന്തപുരത്തു നടത്തുന്ന ഗവണ്മെൻറ് ഹോസ്റ്റലിൽ നിന്നും അവിടത്തെ അഴിമതികളെ സംബന്ധിച്ച വിവരങ്ങൾ ഈ അവസരത്തിൽ ഈ സഭയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ മെസ്സിൽ ജോലിനോക്കുന്ന ഒരാളെ വാർഡന്റെ കാർ ഡ്രൈവറായി നിയമിച്ചിരിക്കയാണ്. ഒരു പോലീസുദ്യോഗസ്ഥനായിരുന്ന അസിസ്റ്റൻറ് വാർഡന്റെ പാചകനാണ് മെസ്സിലെ ഒരു ബോയി. ഇവർക്കു രണ്ടുപക്ഷം മെസ്സിൽ ഭക്ഷണവും അവിടത്തെ കണക്കിൽ ശമ്പളവും കൊടുക്കുന്നു. ഇവരുടെ ചെലവുകളും വിദ്യാർത്ഥികളുടെ ചെലവിൽ ചേർത്തു വരുത്തുന്നതുകൊണ്ടു അവർ സഹിക്കേണ്ടിവരുന്നു.

ഈ അവസരത്തിൽ ഒരു കാര്യം കൂടി എനിക്കു പറയുവാനുള്ളതു ൻ്ന ലക്ഷത്തോളം വരുന്ന ജനസംഖ്യയുള്ള ഈ രാജ്യത്തു ഉന്നതവിദ്യാഭ്യാസത്തിനു സൗകര്യം ലഭിക്കുന്നതു പതിനായിരമോ പതിനേഴായിരമോ വിദ്യാർത്ഥികൾക്കു മാത്രമാണ്. അതേ സമയത്തു ആകെ ജനസംഖ്യയുടെ ൻ്ന പത്തിരട്ടി അഞ്ചു ശതമാനത്തിന്റെ ഉന്നതവിദ്യാഭ്യാസത്തെപ്പററി നമ്മുടെ ഭരണകർത്താക്കൾ ശ്രദ്ധിക്കുന്നില്ല. സർ, രാധാകൃഷ്ണന്റെ യൂണിവേഴ്സിററിയെ സംബന്ധിച്ചുള്ള റിപ്പോർട്ടിൽ ഇതു സംബന്ധിച്ചു ഏടുത്തു പറഞ്ഞിട്ടുണ്ട്. സ്കാൻറിനേവിയൻ രാജ്യത്തിൽ പ്രത്യേകിച്ചു ഡെന്മാർക്കിൽ സഹകരണ പ്രസ്ഥാനങ്ങൾ മുഖേന ഇതു പോലുള്ള സാംസ്കാരിക പദ്ധതികൾ വികസിച്ചിട്ടുള്ളതു എല്ലാവരും സമ്മതിച്ചിട്ടുള്ള കാര്യമാണ്. അവിടെ പീപ്പിൾസ് യൂണിവേഴ്സിററിയും പീപ്പിൾസ് കോളേജുകളും ആരംഭിച്ചിട്ടു ഏകദേശം ഒരു നൂററാണ്ടു ആയിരിക്കും എന്നു തോന്നുന്നു. പക്ഷെ ഭാരതത്തിൽ അതു സംബന്ധിച്ചു ഇപ്പോൾ ആലോചിച്ചു തുടങ്ങിയതേയുള്ളൂ. അവിടെയുള്ള ജനങ്ങളിൽ ഏകദേശം മൂന്നിലൊന്നുഭാഗം പീപ്പിൾസ് കോളേജുകളിൽ ചേർന്നു പഠിച്ചുവരുന്നുണ്ട്. ഈ കോളേജുകളിൽ നിന്നുള്ള ഗുണം പരോക്ഷമായി ബാക്കിയുള്ള മൂന്നിലൊന്നു ഭാഗത്തിനും ലഭിക്കുന്നുണ്ട്. അതുകൊണ്ടു നിക്കിയവസരത്തിൽ ഗവർണ്മെൻറിനെ അറിയിക്കാനുള്ളതു നമ്മുടെ ഗ്രാമീണർക്കു ഉന്നതവിദ്യാഭ്യാസവും സാമൂഹ്യവിദ്യാഭ്യാസവും ഉണ്ടാക്കുന്നതിനു ഡെന്മാർക്കിലെ പീപ്പിൾസ് കോളേജിന്റെ മാതൃകയിൽ ഉള്ള സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ്.

(Shri R. Kesava Pillai rose to speak.)

Mr. Speaker : Have you sent a motion, Mr. Kesava Pillai?

Shri R. Kesava Pillai : Yes, Sir..

Mr. Speaker : Which is the motion?

Shri R. Kesava Pillai : Motion No. 6.

Mr. Speaker : Yes. You can speak.

ശ്രീ ആർ. കേശവപിള്ള : സർ, ഇപ്പിടെ സർ ആർക്കോട്ടു രാമസ്വാമി മുതലിയാരെ യൂണിവേഴ്സിററി വൈസ്ചാൻസലറാക്കിയതിൽ പ്രതിപക്ഷകക്ഷിയിൽപെട്ട ഒരാൾ ചില പ്രതിഷേധങ്ങൾ നടത്തിയതു കേൾക്കുന്നതിനു ഇടയായി. സർ ആർക്കോട്ടു രാമസ്വാമി മുതലിയാരെപ്പോലെ ഒരു മഹാനെ ഇവിടത്തെ വൈസ്ചാൻസലറായി കിട്ടാൻ സാധിച്ചതു ഒരു വലിയ നേട്ടമായിട്ടാണു നാം കരുതുന്നതു്. അദ്ദേഹം അഖിലലോക പ്രശസ്തിയുള്ള ഒരാളാണ്. യു. എൻ. ഓ. യിൽ പല സമിതികളിലും പ്രസിഡൻറായിട്ടുണ്ട്. അദ്ദേഹം ഇൻഡ്യയിൽ എക്സിക്യൂട്ടീവ് കൗൺസിലിൽ അംഗമായിരുന്നു. മൈസൂർ സ്റ്റേററിൽ ദിവാൻജിയായിരുന്നു. അങ്ങിനെ പല വലിയസ്ഥാനങ്ങളും വഹിച്ചിട്ടുള്ള ഒരു മാന്യപുരുഷനാണു അദ്ദേഹം. അദ്ദേഹത്തെപ്പോലെ ഒരു വൈസ്ചാൻസലറെ കിട്ടിയതുകൊണ്ടു് ഈ യൂണിവേഴ്സിററിക്കു സകലവിധത്തിലും പ്രയോജനം സിദ്ധിച്ചിട്ടുണ്ടു് എന്നാണു ഞാൻ അറിഞ്ഞിട്ടുള്ളതു്. സർ ആർക്കോട്ടു രാമസ്വാമി മുതലിയാരെ തിരുവിതാംകൂർ

[ശ്രീ. ആർ. കേശവപിള്ള]

യൂണിവേഴ്സിറ്റിയിൽ വൈസ്ചാൻസലർ ആക്കിയതു ആരും പ്രതിഷേധിക്കാതിരുന്നതു ഈ രാജ്യം അത്ര സംസ്ക്കാരമുള്ളതുകൊണ്ടുമാത്രമാണ്. ഇതുപോലെതന്നെ സി. ആർ. റെഡ്ഡി മൈസൂർ യൂണിവേഴ്സിറ്റിയിലും വൈസ്ചാൻസലറായിരുന്നു. അദ്ദേഹം ഒരു ആന്ധ്രാക്കാരനായിരുന്നു. മൈസൂർ കന്നഡ ഭാഷ സംസാരിക്കുന്ന രാജ്യമാണ്. എന്നിട്ടുകൂടി സി. ആർ. റെഡ്ഡി അവിടെ വൈസ്ചാൻസലറായി നിയമിച്ചതിൽ ആരും പ്രതിഷേധിച്ചില്ല. ഇങ്ങനെ വെറും പ്രാദേശികമായിട്ടുള്ള പ്രതിഷേധങ്ങൾ വച്ചുകൊണ്ടിരുന്നാൽ നമ്മുടെ രാജ്യം പുരോഗമിക്കാൻ പോകുന്നില്ല. രണ്ടാമതായി വിദ്യാർത്ഥികളെ സി. ഐ. ഡി. കൾവലയംചെയ്യുന്നു എന്നും ഒരു കാളേജിൽനിന്നും സർട്ടിഫിക്കററു വാങ്ങി മററു കാളേജുകളിൽ ചേരുന്നതിനു ചെല്ലുന്ന വിദ്യാർത്ഥികളെ കാളേജുകളിൽ പ്രവേശിപ്പിക്കുന്നില്ല എന്നും പറയുന്നതുകേട്ടു. സർ, ഇന്നു കുട്ടികളെ ചേർക്കുന്നകാര്യത്തിൽ ചില അനുഭവങ്ങൾ എനിക്കുമുണ്ട്. കഴിഞ്ഞയാണ്ടിൽ കൊട്ടാരക്കര സുരേന്ദ്രൻ .....

Mr. Speaker : Is he dead or alive?

Shri R. Kesava Pillai : He is alive.

Mr. Speaker : I am putting it in a general way. A professor or principal may be good or bad. But the particular professor or principal is not given any chance to reply to the charges made against him here.

Shri R. Kesava Pillai: What I want to state here is that the particular student was expelled from a certain college on the ground—

Mr. Speaker: Leave him alone. The University is not going to be affected either way because of this one particular student.

ശ്രീ. ആർ. കേശവപിള്ള : രണ്ടാമതെനിക്കു പറയാനുള്ളതു ഇന്നു ഈ കാളേജുകളിൽ പരിശീലനം കഴിഞ്ഞു പുറത്തുവരുന്നവർക്കു തൊഴിലില്ലായ്മ ധാരാളമായി ഉണ്ടായിട്ടുണ്ട്. ഈ യൂണിവേഴ്സിറ്റിയിൽ ഫസ്റ്റ് ഗ്രേഡ് ഫസ്റ്റ് വ്യ പുരുഷന്മാരും ൪,൦൧൦ സ്ത്രീകളും പഠിക്കുന്നുണ്ടായിരുന്നു എന്നു കാണുന്നു. ഇതിൽ സാങ്കേതികകാളേജുകളിൽ പഠനം നടത്തിയിട്ടുള്ള ആളുകൾ താരതമ്യേന കുറവായിരിക്കാനാണു എളുപ്പമുള്ളതു്. ഈ പരിതസ്ഥിതിയിൽ തൊഴിലില്ലായ്മ കൂടുതൽ വർദ്ധിക്കാനാണെളുപ്പം. അതുകൊണ്ടു ഈ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി കൂടുതൽ സാങ്കേതിക പഠനം നടത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണമെന്നുള്ളതാണു എന്റെ വിനീതമായ അപേക്ഷ.

ഇന്നത്തെ മെഡിക്കൽ കാളേജു എടുക്കുകയാണെങ്കിൽ അവിടെ കഴിഞ്ഞതവണ ൩൦ വിദ്യാർത്ഥികൾക്കു മാത്രമേ പ്രവേശനമുണ്ടായിരുന്നുള്ളു. ഫസ്റ്റ് ഗ്രേഡ്-ൽ ൨൦ വിദ്യാർത്ഥികൾക്കു പ്രവേശനമുണ്ടായിരുന്നു. ഈ കാളേജിനുവേണ്ടി ഒരു കോടി രൂപയോളം ചെലവാക്കിയതനുസരിച്ചു അഡ്മിഷൻ വർദ്ധിപ്പിക്കണമെന്നല്ല ഞാൻ പറയുന്നതു്.

നിവൃത്തിയുള്ളിടത്തോളം ഈ കാളേജിൽ കുട്ടികളെ കൂടുതലായി പ്രവേശിപ്പിക്കണം. മദ്രാസ്, വിശാഖപട്ടണം ഇവിടങ്ങളിലെ മെഡിക്കൽ കാളേജുകളിൽ ഇതിൽ വളരെക്കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നുണ്ടെന്നാണ് എന്റെ അറിവ്. ഈ വക കുട്ടികളെമാത്രമേ പ്രവേശിപ്പിക്കാൻ സാധിക്കുകയുള്ളു എങ്കിൽ അവിടെ ഷിഫ്റ്റസിസ്റ്റം അനുസരിച്ചു ക്ലാസ്സുകൾ നടത്തിയാൽ എന്താണ്. ശ്രീ. ലക്ഷ്മണസ്വാമി മുതലിയാർ തന്നെ ഷിഫ്റ്റ സംപ്രദായത്തെപ്പററി വിപരീതാഭിപ്രായമാണു പറഞ്ഞിട്ടുള്ളത്. എന്നാൽ കേന്ദ്രത്തിൽ ചില വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതു അതു തെററല്ല എന്നാണ്. ഇന്നു ഡാക്ടറന്മാരെ നാനാസ്ഥാനങ്ങളിലും ആവശ്യമായി തീർന്നിട്ടുണ്ട്. ബർമ്മയിൽ നിന്നുതന്നെ ഇൻഡ്യയിലേക്കു പല അപേക്ഷകൾ വന്നിട്ടുണ്ട് ബർമ്മായിലേക്കു ഡാക്ടറന്മാരെ അയച്ചുകൊടുക്കണമെന്ന്. ഇങ്ങനെ ഡാക്ടറന്മാരുടെ ആവശ്യം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ നാം അതിനെ ശരിയാക്കാതിരിക്കുന്നതെന്താണ്. നമ്മുടെ മെഡിക്കൽ കാളേജിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിനു കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. അല്ലെങ്കിൽ എറണാകുളത്തു ഒരു മെഡിക്കൽകാളേജുകൂടി ഉണ്ടാക്കണം. ഈ തിരുവിതാംകൂർ-കൊച്ചിയിൽ എറണാകുളത്തുകൂടി ഒരു മെഡിക്കൽകാളേജു സ്ഥാപിക്കുന്നതു നന്നായിരിക്കും.

രണ്ടാമതായി എനിക്കു പറയാനുള്ളതു എൻജിനീയറിംഗു കാളേജിനെപ്പററിയാണ്. എൻജിനീയറിംഗ് കാളേജിൽ കഴിഞ്ഞ വർഷം 600 വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചു എന്നാണെന്റെ അറിവ്. ഇന്നു ൻ്ന ലക്ഷം ജനസംഖ്യയുള്ള മൈസൂർസ്റ്റേററിൽ നാലു എൻജിനീയറിംഗു കാളേജുകൾ ഉണ്ട്. ബാംഗ്ളൂരിൽ രണ്ട്, മൈസൂരിൽ ഒന്ന് മററ് ഒരു സ്ഥലത്തു ഒന്ന്, ഇങ്ങനെ നാലെണ്ണമാണ്. മൈസൂറിൽ ജനസംഖ്യ കുറവായ സ്ഥലത്തു നാലു കാളേജുള്ളസ്ഥിതിക്കു ഇവിടെ അതിൽ പകുതിയായ രണ്ടു കാളേജെങ്കിലും വേണ്ടതല്ലേ. ഇപ്പോൾ ഗുണ്ടൂർ ഒരു ഡിപ്ലോമാകാളേജുണ്ട്. അതും ഒരു എൻജിനീയറിംഗ് കാളേജാക്കാൻ പാടുള്ളതല്ലേ. അതൊരു എൻജിനീയറിംഗ് കാളേജായി ഉയർത്തണം. നമുക്കു സാങ്കേതികമായ പരീക്ഷകൾ വളരെ ആവശ്യമുള്ള കാലമാണിതു്. കമ്മ്യൂണിററിപ്രോജക്ടുകളും ഇവിടെ വിജയപ്രദമാക്കുന്നതിനു അതുവളരെ സഹായിക്കും. ഈ അവസരം നാം പാഴാക്കാതെ സാങ്കേതികകാളേജുകൾ കൂടുതൽ സ്ഥാപിച്ചു് നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു യൂണിവേഴ്സിററിയെ പ്രേരിപ്പിക്കുന്നതിനു ഗവണ്മെൻറു ശ്രമിക്കണം.

ഇന്നു നാം ആ വിധത്തിലുള്ള ശ്രമം വളരെ കുറച്ചുവച്ചിരിക്കയാണ്. ഈ വിധത്തിലല്ലാതെ മുമ്പോട്ടു പോകാൻ സാധിക്കുകയില്ല. ഇവിടെ ബി. കാം. കോഴ്സ് യൂണിവേഴ്സിററി കാളേജിൽ മാത്രമേ നടക്കുന്നുള്ളു എന്നാണെന്റെ അറിവ്. അവിടെ എല്ലാവർക്കും പ്രവേശിക്കുന്നതിനു സൗകര്യമില്ല ധാരാളം അപേക്ഷകരുണ്ട്. ഈ കോഴ്സ് മററുള്ള കാളേജുകളിൽക്കൂടി ഏർപ്പെടുത്തുന്നതിനു യൂണിവേഴ്സിററിയെ പ്രേരിപ്പിക്കണം.

ശ്രീ. വാസുദേവൻപിള്ള : ഈ രാജ്യത്തു രണ്ടുമൂന്നു കാളേജുകളിൽ ബി. കാം. കോഴ്സ് പഠിപ്പിക്കുന്നുണ്ടെന്നറിയാമോ ?

Shri R. Kesava Pillai : I thank the hon. Member for the nformation.

ഇന്നെല്ലാവർക്കും ഉദ്യോഗം കിട്ടണമെന്നുള്ള ഒരാവേശം കാണുന്നുണ്ട്. ഇതു് ആരോഗ്യകരമായ ഒരു നിലയല്ല. ഇന്നത്തെ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റിയിൽ പ്രവേശിച്ചാൽ ദേഹാധ്വാനം ചെയ്യാൻ പ്രായേണ വിമുഖരായിത്തീർന്നിരിക്കുന്നു. ഇനി യൂണിവേഴ്സിറ്റി കോളേജുകൾതന്നെ കൂട്ടികൾക്കു ഒരു നിശ്ചിത കാലാവധിക്കുള്ളിൽ ഒരു സോഷ്യൽസർവ്വീസ് എർപ്പെടുത്തണമെന്നുള്ള ബലമായ അഭിപ്രായമുണ്ട്. അതു നമ്മുടെ യൂണിവേഴ്സിറ്റിയിൽക്കൂടി എർപ്പെടുത്തുന്നതിനുള്ള പ്രോഗ്രാം തയാറാക്കുന്നതിനു ഈ ഗവണ്മെൻറു വേണ്ട കൽപ്പനകൾ കൊടുക്കുമെന്നു വിശ്വസിക്കുന്നു.

Shri P. S. Nataraja Pillai : Sir, as far as the University education is concerned, or the constitution of the University itself is concerned, I think it is a fact now recognized and accepted by Government themselves, that the constitution and administration of the universities stand in need of some reform. Government have conceded that point and recognized the necessity for that and have already constituted a committee to revise the University Act. In that connection, Sir, I for one hold the view that universities as academic bodies should be autonomous and that full liberty of action should be given to them. But at the same time, to maintain that academic atmosphere and to have that liberty of action, they must disassociate themselves from the agency work which they are now doing in conducting the Government colleges. As long as our University is not a residential, teaching university, as constituted now,—it is only an examining university laying down the rules for the conduct of examinations, prescribing the syllabuses and purely confining itself to the academic side of it,—I think it will be better for the universities not to undertake the responsibility to control and manage the Government colleges as agents of Government. But at the same time, for the university to be effective and be really useful to the country, it must have post-graduate studies and research branches under the direct control of the University. Facilities for post-graduate studies and a research institute must be directly controlled by the University with a staff which is capable of directing research. One deplorable fact in our Travancore University has been so far, thisthat is, their activities on the side of research, have been very poor; not only that; they are not creditable. Therefore, I for one view that it is the duty of the University to concentrate its attention on the side of research branch and towards post-graduate studies. Even in the research side, it is not pure research on scientific or fundamental research. Research on the humanistic studies, on historical subjects, or research based

on history and literature and economics is also necessary. On this side too,unless there is an efficient co-ordinating director or professor who will be able to give adequate directions to the research students, the University will not be able to produce good results. For that, there must be a Director of Research not only for the scientific branch but also for the other 'humanities' branch. With these Directors on the research branches, the University may conduct post-graduate courses under its direct management and it will then be very useful.

In this connection, Sir, I would also refer to the research publications of the University. I am not quite sure whether this branch—Publication Branch—is attached to the University College or is under the University direct. Whatever that may be, this publication branch ought to go with the University and the oriental research and the publications thereunder must be done directly by the University and adequate facilities and adequate provision in the budget should also be made for that work. My friend who moved the motion laid emphasis on Kerala culture and all that. Sir, even for that, it is the research branch that should be strengthened. It is not merely a Malayalam-knowing or a Tamil-knowing or Andhra-knowing man.....

Shri E. P. Varghese : What is this Andhra-knowing man?

Shri P. S. Nataraja Pillai : Telugu-knowing man-it is not a man knowing the language who will be able to revitalise the culture of a country. It is the all-round equipment of the man who controls the University that is wanted for it. Therefore, I think as a preliminary step, the publication of research on oriental studies and the publication branch as a whole may be strengthened and sufficient funds must be allocated for that.

Then, in maintaining the standard and discipline, the University has a primary responsibility. It must be amenable to public opinion as well. We are having a University and the University institutions with its controlling bodies such as the senate, syndicate and their various faculties are there. They must be amenable to public opinion. In my view, the Act now proposed may be so amended as to give opportunities for responsible public opinion on educational matters to be reflected in the several University bodies. Provision must be so made as to afford opportunities for this. It should not be an exclusive body, confined to appointing authorities, rather, employers and employees. One of the criticisms and charges now levelled against the University is that the senate or the syndicate is after all a combination of employers and employees where, very often, the opinion of the employer prevails. Inde-

[Shri P. S. Nataraja Pillai]

pendent opinion must be afforded the opportunity of expressing itself and putting forward its views on educational matters. Therefore, some radical changes will have to be made in the constitution of the senate and syndicate and the other bodies which control the University. That is an aspect which the Government and the University committee should remember before they finalise the revision of the present Act.

Shri N. P. Varghese : Are you suggesting that Government should have more control ?

Shri P. S. Nataraja Pillai : I am not for the Government as such directing the University. I am for an autonomous University body. But at the same time, I feel that the direction of the Government becomes inevitable as long as the University continues as an agent of the Government by running the Government Colleges. The University should dissociate itself from that work. Running the colleges must be the duty of the Government under the Director of Public Instruction. It is only post-graduate studies and research institutions that must be controlled by the University. In matters of University education and the proper field of University activities, the Government may express their opinion but it will not be a controlling factor, say with regard to an opinion that may be reflected in the University body by responsible public men from outside the Government.

Shri L. M. Pylee : May I ask the hon. Member as to how the senate is constituted on the basis of employer and employee?

Shri P. S. Nataraja Pillai : This is the prevailing opinion in the country. I am not fully aware of the present constitution of the University. But I am told, Sir, that there is the control of the University in respect of the University College and other colleges managed by the University and the private colleges, with a view to avoiding clash.

Shri L. M. Pylee : Is the hon. Member aware that there are many members in the senate who are employees?

Shri P. S. Nataraja Pillai : May be. I am not casting any reflection on any member of the senate the present senate or the previous one, but the prevailing opinion in the country is that.

Shri L. M. Pylee : May I assure the hon. Member that the senate, as he said, based on an employer-employee relationship, is not correct?

Shri P. S. Nataraja Pillai : May be. I do not think, however, that it is wholly correct. Since my friend has interrupted me—a man who is responsible enough and who is expected to know educational matters better than myself—I may go to the extent of saying that when particular propositions come up before the senate, the view of the executive is very often endorsed. The executive may be right, but the people think that simply because the executive puts up a particular proposition, it is accepted.

Mr. Speaker : The hon. Member may continue for some time after lunch. The House will now rise and meet again after lunch.

The House rose for lunch at 1.0 p. m. and reassembled at 2.0 p.m. with Mr. Speaker in the Chair.

[2 p. m.]

Shri P. S. Nataraja Pillai (*contd.*): Sir I was saying that the University should not undertake the responsibility of running the Government Colleges as Government's agent. Sir, even now the University has not taken up nor has been saddled with the responsibility of running all the Government Colleges. For example, the professional colleges are run by Government themselves—the Medical College, the Engineering College, and so on. I know there is a certain necessity also for that. The Medical College cannot be run efficiently without a hospital. In the same manner it may not be possible to run the Engineering College without a very good workshop or something like that.

Shri A. J. John : I may inform the hon. Member that the Engineering College is under the University.

Shri P. S. Nataraja Pillai : If I understand correctly, there are certain Arts Colleges run by Government, for example, the Arts Colleges run by the former Cochin Government directly. I say every Government institution must be run either directly by Government under the Director of Public Instruction or by the University. If all the colleges are to be under the control of the University, necessarily every college run and financed by our Government must be under the control of the University. What I want to say is this. When on the grants which are set apart for the University they are managing the colleges on behalf of the Government, certainly, Government will have the necessity to have a control over them. I will go to the extent of questioning their right in academic matters. But there may be a necessity for Government to control. That being so, the University will have to be under the control of Government. But at the same time, I may say that in

[Shri P. S. Nataraja Pillai] :

academic matters, there must be absolute autonomy and non-interference from anybody. I will go to the extent of saying that a research institute of its own should be established. In the Act when amended, a fixed University grant may be made a charge on the consolidated fund absolutely without any interference from Government. The minimum grant to the University may be made a charge on the consolidated fund of the State by a statutory provision and further provision for the development of the University will naturally be looked for from private endowments... That, I think, will make that body very effective and we will be guaranteeing it the autonomy which we wish such a body should have. That kind of arrangement will be more advantageous and more in the interests of higher education.

Then, coming to the question of the individual or the type of individual who is to control University activities, I should like to say that it is a matter of personal opinion. I for one, think, even in spite of the ardent nationalism which every one possesses, it will be necessary at times to request the services of international men if they are available to run educational institutions. So, Sir, it is the equipment, character and capacity that counts. If we get persons of such reputation, character and capacity, I think there is absolutely nothing wrong in putting them in charge of the University. Further, Sir, the question of cultural development of particular races or languages in the country too need not necessarily depend upon the mother-tongue, nor should it be confined to the members of a race or locality. In cultural development, any man may be interested. Take the case of the Malayalam language. The first dictionary was compiled by a European. Take the Dravidian languages. The first correlated grammar for Dravidian languages was written by that famous revered Bishop Caldwel. Nobody will forget that name. So, Sir, it does not depend upon the race or mother tongue of a particular scholar. I say that the present incumbent is a man of whom it cannot be said that he does not possess the required qualifications to fill that place with dignity nor be of service to the country. On the other hand, I do believe that he has the reputation of being one of the very few Indians who has had international reputation and commands respect in foreign countries.

I would like once more to emphasise the necessity to strengthen the research branch of the University. The science and the research branches should be co-ordinated by putting in charge even at a very high cost efficient Directors who will be able to direct research work in those branches.

With these words, I support the motion.

ശ്രീ. എം. കെ. മൊയ്തീൻ : സർ, ഈ ഗവണ്മെൻറ് ആർട്ട്സ് കോളേജുകൾക്കുവേണ്ടി ആവശ്യപ്പെട്ടിൽക്കവിഞ്ഞ പ്രോത്സാഹനം നൽകുകയും അതേ സമയത്തു സാങ്കേതിക വിദ്യാലയങ്ങൾക്കു അർഹിക്കുന്ന പ്രോത്സാഹനം കൊടുക്കാതെയുമാണിരിക്കുന്നത്. ഇപ്പോൾ തന്നെ തിരുവിതാംകൂർ-കൊച്ചിയിൽ ആവശ്യത്തിൽ കവിഞ്ഞു് കോളേജുകൾ ഉണ്ടായിരിക്കുകയാണ്. ഇൻഡ്യയിൽ മാത്രമല്ല, ലോകത്തു് ഏതു ഭാഗത്തേക്കാളും വിദ്യാർത്ഥികൾ നമ്മുടെ സംസ്ഥാനത്താണ് കൂടുതൽ ഉള്ളതെന്നു തോന്നുന്നു. അറിയാവുന്നതാണ്. അപ്രകാരം ആണ്ടുതോറും കോളേജു വിദ്യാർത്ഥികളെ വർദ്ധിപ്പിക്കുന്നതു് ഒരു പിഴിപിഴച്ച പുരോഗമനമാണ്. നമ്മുടെ സംസ്ഥാനത്തു് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിവുള്ള അനവധി യുവാക്കന്മാരെ കോളേജുകളിൽ പ്രവേശിപ്പിച്ചു് അവരുടെ കായശക്തിയും, മാനസികശക്തിയും ഇല്ലാതാക്കിത്തീർക്കുകയാണ്. കോളേജുകളിൽ നിന്നും പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ മടിയന്മാരായി, ശരീരംകൊണ്ടു് ജോലിചെയ്യാൻ കെൽപ്പില്ലാത്തവരായി തീരുന്നു. ഈ നിലയാണ് നമ്മുടെ ഗവണ്മെൻറ് തുടർന്നു വരുന്നതു്. കൃഷി, വാണിജ്യം മുതലായ കാര്യങ്ങൾക്ക് വേണ്ടത്ര പരിശീലനം കൊടുത്തു നാട്ടിനു അത്യന്തം ഉപയോഗപ്രദമാക്കുകയാണു വേണ്ടതു്. യുവാക്കന്മാർക്ക് ആവശ്യമുള്ള സ്കൂൾവിദ്യാഭ്യാസം കൊടുത്തു കഴിഞ്ഞതാൽ സാങ്കേതികമായ വിദ്യാഭ്യാസം പരിശീലിപ്പിച്ചു് നമ്മുടെ സാമ്പത്തികനിലയെ ഉയർത്താൻ കഴിവുള്ള പല തുറകളിലേക്കും അവരെ പ്രവേശിപ്പിക്കണം. എന്നാൽ, നമ്മുടെ സംസ്ഥാനം അല്ലെങ്കിൽ ഗവണ്മെൻറ് നേരെ മറിച്ചാണു ചെയ്യുന്നതു്. ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിനെപ്പററിയുള്ള മുറവിളി ഒരു വശത്തു്, മൈനംദിനം വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ മറുവശത്തു്. ഇങ്ങനെയിരിക്കെ കോളേജു വിദ്യാഭ്യാസത്തിനുവേണ്ടി, നാട്ടിൽ പല സ്ഥലങ്ങളിലും കോളേജു സ്ഥാപിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് ഒത്താശ ചെയ്യുന്നു. രാജ്യത്തു ക്ഷാമമില്ലാതാകണമെങ്കിൽ രാജ്യം സാമ്പത്തികമായി പുരോഗമിക്കണം, രാജ്യം പുരോഗമിക്കണമെങ്കിൽ കുടിമേഴ്സ്യലായിട്ടുള്ള സ്ഥാപനങ്ങൾ വർദ്ധിക്കണം. രാജ്യം കുടിമേഴ്സ്യൽ ആകുന്നതോറും നമ്മുടെ സാമ്പത്തികനില ഉയരുമെന്നുള്ളതു് നിശ്ചയമാണ്. നമ്മുടെ സംസ്ഥാനത്തോടു വളരെ ചെറിയ സംസ്ഥാനങ്ങൾപോലും വാണിജ്യപരമായ കാര്യങ്ങളിൽ വളരെ പുരോഗതിയിലെത്തിച്ചേർന്നിട്ടുണ്ട്. നമുക്ക് എന്നാണു ഈ സംപ്രദായത്തിൽ ഒരു പുരോഗമനം ലഭിക്കാൻ പോകുന്നതെന്നു എനിക്ക് മനസ്സിലാകുന്നില്ല, സർ. പലവിധ അസംസ്കൃത സാധനങ്ങളും നമ്മുടെ നാട്ടിൽ സുലഭമാണ്. ഈ സാധനങ്ങൾകൊണ്ടു് പലതരത്തിലുള്ള വ്യവസായങ്ങളും നടത്താൻ സാധിക്കും. പക്ഷെ, അങ്ങനെ വ്യവസായം നടത്തുന്നതിനുള്ള ഒരു പരിതഃസ്ഥിതിയാണ് സൃഷ്ടിക്കാതിരിക്കുന്നതു്. രാജ്യം വ്യാവസായികവും കാർഷികവുമായി പുരോഗമിക്കുന്നതുകൊണ്ടു്, നമ്മുടെ സാമ്പത്തികനിലയ്ക്കു സാരമായ അഭിവൃദ്ധിയുണ്ടാകുമെന്നുള്ളതു് പാശ്ചാത്യരാജ്യങ്ങളുടെ നിലപാടിനെ കണ്ടു മനസ്സിലാക്കാൻ സാധിക്കുന്നതാണ്. നിശ്ചയമായും നാം പാശ്ചാത്യരാജ്യങ്ങളെ കണ്ടു പഠിക്കേണ്ടതാണ്. ഇംഗ്ലണ്ടിലാണെങ്കിൽ ആവശ്യമുള്ള സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞാലുടൻ തന്നെ വിദ്യാർത്ഥികളെ സാങ്കേതിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നു. മാത്രമല്ല, അപ്രകാരം സാങ്കേതിക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്ന വിദ്യാർത്ഥികൾ അവരവരുടെ ഇച്ഛിക്കുന്നതനുസരണമായ പന്ഥാവു് അവലംബി

[ശ്രീ. എം. കെ. മത്തായി.]

ക്കുന്നു. സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയായാലുടൻ അവർ വെളിയിൽ വന്നു് പലവിധ തൊഴിലുകളിലും പ്രവേശിക്കുകയാണു ചെയ്യുന്നതു്. ഇങ്ങനെ പ്രവേശിക്കാനുള്ള സഹകര്യം ഇംഗ്ലണ്ടിൽ ഗവണ്മെൻറു മുഖേന ചെയ്തുകൊടുക്കുന്നു ഇവിടെയാകട്ടെ, ഈവക കാര്യങ്ങൾക്കു് സഹകര്യമില്ലെന്നു മാത്രമല്ല, ടെക്ക്നിക്കലായിട്ടുള്ള വിദ്യാലയങ്ങൾ തന്നെ വളരെ വിരളമാണു്. ആറിൽക്കൂടുതൽ വിദ്യാർത്ഥികൾക്കു് പ്രവേശനം കൊടുക്കാനുള്ള സാങ്കേതികവിദ്യാലയങ്ങൾ തന്നെ ഇല്ല. അഥവാ ഉള്ള വിദ്യാലയങ്ങളിൽ നിന്നും പരിശീലനം കഴിഞ്ഞു പുറത്തുവന്നിട്ടുള്ള പക്കുതന്നെ ശരിയായ പ്രോത്സാഹനം കൊടുക്കുന്നുമില്ല. ഈ നില മാറണം. ആയിരക്കണക്കിനുള്ള വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനുള്ള വിദ്യാലയങ്ങൾ സംസ്ഥാനത്തു് ധാരാളമായി ഉണ്ടാകണം. ഉണ്ടായാൽമാത്രം പോരാ, സ്കൂൾവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന വിദ്യാർത്ഥികളെ നിർബന്ധവ്യവസ്ഥയിൽ സാങ്കേതികവിദ്യാഭ്യാസം പഠിപ്പിക്കാൻ ഏർപ്പാടുചെയ്യണം. ഇങ്ങനെ വരുമ്പോൾ ആർട്ട്സ്കാളേജിൽ പോകാനുദ്ദേശിക്കുന്ന പല വിദ്യാർത്ഥികളും സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടി തയാറാകും. ഇന്നത്തെ ആർട്ട്സ്കാളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ബിരുദങ്ങളും കൊണ്ടു പുറത്തുവന്നാൽതന്നെ അവരിൽ ഒരു ചെറിയ ശതമാനത്തിനു മാത്രമെ, ഗവണ്മെൻറ് സർവ്വീസിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളു. അപൂർവ്വം ചിലർ വക്കീലന്മാരായിട്ടും മററും തീരിഞ്ഞുപോകും. എന്നാലും, ആണ്ടുതോറും വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ബിരുദധാരികൾ ജോലിയില്ലാതെ അലഞ്ഞുതിരിയുകയാണു്. നിവൃത്തിയില്ലാത്തപക്ഷത്തിലെത്തുമ്പോൾ വളരെ നൈരാശ്യത്തോടുകൂടി ഇക്കൂട്ടർ കാറൽമാർക്സിനെ അഭയം പ്രാപിക്കും. അങ്ങനെ അഭയംപ്രാപിച്ചതിനുശേഷം നാട്ടിൽ വരുത്തിക്കൂട്ടുന്ന അസ്വസ്ഥതകൾ എന്തെല്ലാമാണെന്നു് ഞാൻ പറയണമെന്നു് വിചാരിക്കുന്നില്ല. അഭ്യസ്തവിദ്യരായ ഒരു വലിയ ജനതതിയെ തൊഴിലില്ലാതെ അലഞ്ഞുനടക്കാൻ ഒരു പരിഷ്കൃതഗവണ്മെൻറും അനുവദിച്ചുകൂടാത്തതാണു്.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, ഈ നാട്ടിൽ സമുദായനീതിയുടെ മാനദണ്ഡത്തിൽ ചില സമുദായവാദികൾ വിദ്യാഭ്യാസത്തിൻെറ പേരിൽ മുതലെടുക്കുന്നതിനെപ്പററിയാണു്. വിശേഷിച്ചും രാഷ്ട്രീയരംഗത്തു സ്വാധീനം ചെലുത്താൻ സാധിക്കുന്ന വ്യക്തികളാണെന്നു് മുഖ്യമന്ത്രിക്കു മനസ്സിലായാൽ അവർക്കു് എത്ര പള്ളിക്കൂടങ്ങൾ കൊടുക്കുന്നതിനും ഗ്രാൻറുകൊടുക്കുന്നതിനും ചീഫ്മന്ത്രി മടിക്കുകയില്ല. കഴിഞ്ഞകൊല്ലം ഇപ്രകാരം ചില വ്യക്തികൾക്കു് ഗ്രാൻറു കൊടുത്തിട്ടുള്ളതായി എനിക്കറിയാം.

ശ്രീ. എം. വി. ചെറിയാൻ : സർ സി. പി. യുടെ കാലത്തു് രാഷ്ട്രീയ രംഗത്തു് സ്വാധീനമുള്ളവർക്കു് സഹായങ്ങൾ ചെയ്തിട്ടുള്ളതായി അറിയാമോ ?

ശ്രീ. എം. കെ. മത്തായി : സർ സി. പി. അവരെ സഹായിച്ചിട്ടുണ്ടെങ്കിലും മററു കാര്യങ്ങളിൽ അദ്ദേഹം കൊടുക്കുന്ന വാഗ്ദാനങ്ങൾ നിറവേററാതിരുന്നിട്ടില്ല.. എന്നാൽ നമ്മുടെ ചീഫ്മന്ത്രി നേരെമറിച്ചാണു്. ഒരു പള്ളിക്കൂടം വേണമെന്നു് ഒരു സംഘം ആളുകൾ നിവേദന

ങ്ങളുമായി അദ്ദേഹത്തെ സമീപിച്ചപ്പോൾ "ഞാൻ വിദ്യാഭ്യാസമന്ത്രിയും ധനകാര്യമന്ത്രിയുംകൂടി ആയതുകൊണ്ട് ഈ പള്ളിക്കൂടത്തിനുവേണ്ടി സകല ഒത്താശകളും ചെയ്യാം" എന്ന് വാഗ്ദാനം ചെയ്തിരുന്നു. അത്രതന്നെ.

സർ, എനിക്കവസാനമായി പറയാനുള്ളത് ഒരു കാളേജിനോ, ഒരു സ്കൂളിനോ കൊടുക്കുന്ന പരിഗണന എല്ലാ കാളേജുകൾക്കും എല്ലാ സ്കൂളുകൾക്കും കൊടുക്കേണ്ടതാണെന്നാണ്. നമ്മുടെ സംസ്ഥാനത്ത് വിദ്യാഭ്യാസത്തിന്റെ പേരിൽ മതപ്രചരണം നടത്തുന്ന ഒരു സർക്കാർ ഉണ്ട്. ഇതിനും പുറമെ, എസ്. സി. എം. എന്ന പേരിൽ ഒരു സംഘം ആളുകളും ഉണ്ട്. ഇവരുടെ എല്ലാം പ്രവൃത്തി വിദ്യാർത്ഥികൾക്ക് ജാതിമതചിന്തകൾ കുത്തിവെയ്ക്കുകയാണ്. എസ്. സി. എം. സംഘടന അദ്ധ്യാപകവിദ്യരായ അനവധി ചെറുപ്പക്കാരെ മതപരമായ വിദ്യാഭ്യാസം പരിശീലിപ്പിക്കുകയാണ്. ഇപ്രകാരം മതത്തിന്റെയും ജാതിയുടേയും നിലനിൽപ്പിനുവേണ്ടി വിദ്യാഭ്യാസത്തിനെ ആയുധമാക്കി മുതലെടുക്കുന്ന കുറെ ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവരെ വളർത്തിക്കൊണ്ടുവരുന്നതുതന്നെ രാജ്യത്തിന് ആപൽക്കരമാണെന്നുള്ള വസ്തുതകൂടി ഈ അവസരത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഈ ഉപക്ഷേപത്തിന് പിൻതാങ്ങിക്കൊണ്ട് തിരുവിതാംകൂർ സർവ്വകലാശാലയുടെ നയത്തെപ്പററി ഒന്നു രണ്ടു കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കണമെന്നാണ് ഞാനുദ്ദേശിക്കുന്നത്. തിരുവിതാംകൂർ യൂണിവേഴ്സിററി ആക്ററപ്രകാരം പ്രവർത്തിക്കുന്ന ഇവിടത്തെ സർവ്വകലാശാലയെപ്പററി സംസാരിക്കുമ്പോൾ, നമ്മുടെ ഗവണ്മെൻറിൽ നിന്നും ഗ്രാൻറ് നൽകിവരുന്ന ഒരു സ്ഥാപനമായ സർവ്വകലാശാലയെപ്പററി സംസാരിക്കുമ്പോൾ, തീർച്ചയായും, പ്രൈവററ കാളേജുകളുടെയ്യെടെ നമ്മുടെ സർവ്വകലാശാലയുടെ വിവിധഘടകങ്ങളെക്കുറിച്ചും എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചും പറയേണ്ട അവകാശം നമുക്കുണ്ട്. പ്രൈവററകോളേജുകളുടെ വികടപ്രവർത്തനങ്ങളെ വിമർശിക്കുമ്പോൾ വെകിളിപിടിച്ച ചിലർ ഗോഗ്വാവിളിക്കുന്നത് നമുക്കു മനസ്സിലാക്കുവാൻ കഴിയും. വിദ്യാഭ്യാസം മൽസ്യക്കച്ചവടവും തടിക്കച്ചവടവും പോലെയുള്ള ഒന്നാണെന്നു വിചാരിക്കുന്ന രാഷ്ട്രീയ മല്ലന്മാർ ഈ രാജ്യത്തുണ്ട്. വിദ്യാഭ്യാസത്തെ രാഷ്ട്രീയവടം വലിക്കും വർഗ്ഗീയ പ്രവർത്തനത്തിനും വേണ്ടിമാത്രമാണ് അവർ ഉപയോഗിക്കുന്നത്. എന്താണിന്നത്തെ നില? തിരുവിതാംകൂർ-കൊച്ചിയിലെ വിദ്യാഭ്യാസം ഏററവും കുഴഞ്ഞു മറിഞ്ഞ ഒരു പ്രശ്നമായിത്തീർന്നിട്ടുണ്ട്. ഈ രാജ്യത്ത് വിദ്യാഭ്യാസമുള്ളവരിലും തൊഴിലില്ലായ്മ ധാരാളം വർദ്ധിച്ചിട്ടുണ്ട്. അവർ സമദുരിതരായി കാണപ്പെടുന്നു. അദ്ധ്യാപകർ അസംതൃപ്തരാണ്. വിദ്യാഭ്യാസവിദഗ്ധന്മാർ തുമ്പും വാലും കാണാതെ മിഴിച്ചു നിൽക്കുകയാണ്. മാതാപിതാക്കളും തഥൈവ. എവിടെയും കുഴപ്പം, എല്ലായിടത്തും അസംതൃപ്തി, എന്താണിതിനു കാരണം? ഈ കാരണം കണ്ടുപിടിക്കാൻ മുകൾപ്പരപ്പിൽ തട്ടിനടന്നാൽ പോരാ. ഉള്ളിലേയ്ക്കു ചുഴിഞ്ഞിറങ്ങണം. അതിനു ഇന്നത്തെ ഭരണാധികാരികൾ തയ്യാറാകുന്നില്ലെന്നുള്ളതാണ് പരമാർത്ഥം. മാത്രമല്ല, ഈ കേട്ടുപിണഞ്ഞ പ്രശ്നത്തിന് നമ്മുടെ മാവിലയ മുഴുവൻ നിർഗ്ഗായകമായി ബാധിക്കുന്ന ഈ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

പ്രശ്നത്തിനു, അതർഹിക്കുന്ന ഗൗരവം നൽകുന്നതിനു പകരം അവർ മുഖ്യ സ്വഭാവത്തിലിരുന്നു് അസംബന്ധങ്ങൾ എഴുന്നെള്ളിക്കുകയാണു്. അവരുടെ കുറുകരമായ അനാസ്ഥയുടേയും ദയനീയമായ അജ്ഞതയുടേയും ഒരു സാമ്പിൾ നോക്കുക. ഈ മന്ത്രിസഭയിൽപ്പെട്ട ഒരാൾ, വോട്ടുകിട്ടാൻ വേണ്ടി വിലകുറഞ്ഞ, അന്തസ്സുകെട്ട, ഒരു പ്രചരണം ചുവരയിൽ വച്ചു നടത്തി. വിദ്യാർത്ഥിഫെഡറേഷൻകാർ യുവതികളായ അദ്ധ്യാപികമാരോടു് ശൃംഗരിക്കുവാൻ വിദ്യാർത്ഥികളെ ഉപദേശിച്ചുവെന്നു്. ശാന്തം പാപം. സർ, വോട്ടുകിട്ടാൻ വേണ്ടിയായാൽപോലും ഒരു വ്യക്തി അതും മന്ത്രിസഭയിൽപ്പെട്ട ഉത്തരവാദിത്വസ്ഥാനത്തിലിരിക്കുന്ന ഒരു വ്യക്തി, ഇത്ര അധഃപതിക്കാമോ?

Mr. Speaker: These are matters which took place outside the House.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതെ, സർ, ഗൗരവമുള്ള കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇക്കൂട്ടർ കാണിക്കുന്ന ലാഘവവും, അവരുടെ കുറുകരമായ കൃത്യവിലോപവും ഉദാഹരിക്കുകയാണു് ഞാൻ ചെയ്തതു്. അതു ക്ഷമിക്കണം. സർ, സർവ്വകലാശാലയെപ്പററി പറയുമ്പോൾ ആദ്യമായി നമുക്കു് അതിന്റെ തലവനായ വൈസ്ചാൻസലറുടെ കാര്യംതന്നെ എടുക്കുക. മലയാളഭാഷയുടെയും കേരളകലയുടെയും ഉന്നമനത്തിനു വേണ്ടി സ്ഥാപിച്ച തിരുവിതാംകൂർ സർവ്വകലാശാലയുടെ വൈസ്ചാൻസലറായി ഒരു തമിഴൻ വന്നതിനെ പലരും ആക്ഷേപിച്ചു. അതിനു മറുപടി പറയുന്നതിനുപകരം മുതലിയാർ സർവ്വലോക പ്രശസ്തനാണെന്നു പറഞ്ഞു് ചടയമംഗലം മെമ്പറെപ്പോലുള്ളവർ ഒഴിഞ്ഞുമാറുകയാണു്. വാദത്തിനുവേണ്ടി മുതലിയാർ പ്രശസ്തനെന്നുതന്നെ കരുതുക. എന്നാൽ പ്രശസ്തിമാത്രമാണോ വൈസ്ചാൻസലർ സ്ഥാനത്തിനുള്ള മാനദണ്ഡം? ഒരു വിദ്യാകേന്ദ്രത്തിന്റെ തലവനു് വെറും അഖിലലോകപ്രശസ്തിയേക്കാൾ ആവശ്യം വിദ്യാഭ്യാസകാര്യത്തിലുള്ള തഴക്കവും പരിചയവുമാണു്. മുതലിയാരെ ചിലർ സി. ആർ. റെഡ്ഡിയോടും രാധാകൃഷ്ണനോടും താരതമ്യപ്പെടുത്തുന്നതു് കേട്ടപ്പോൾ ചിരിവന്നുപോയി. ഡോക്ടർ റെഡ്ഡിയും ഡോ: രാധാകൃഷ്ണനും വിദ്യാഭ്യാസരംഗത്തു ചെയ്തിട്ടുള്ള സേവനങ്ങളുടെ മുമ്പിൽ ഈ മുതലിയാർക്കു എന്തു സ്ഥാനമാണുള്ളതു്? മൈസൂരിലെ ദിവാനായിരുന്നപ്പോൾ ആ സ്ഥാനം ഉപയോഗിച്ചുകൊണ്ടു് ഇവ സാമ്രാജ്യദാസൻ പിന്നാംവാതിലിലൂടെ എന്തെങ്കിലും വിദ്യാലയാധികാരസ്ഥാനങ്ങളിലിരുന്നിട്ടുണ്ടോ എന്നു തീർച്ചയില്ല. അല്ലാതെ ഒരു വിദ്യാസ്ഥാപനവുമായിട്ടും മുതലിയാർക്കു ബന്ധമില്ലായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ കച്ചവടനിവേദകസംഘങ്ങളിലും, വിദേശസ്തുതി പാടുന്ന ശത്രുപ്രചരണങ്ങളിലും അതുപോലെ സംസ്കാരവും വിദ്യാഭ്യാസവുമായി യാതൊരു ബന്ധവുമില്ലാത്ത തുറകളിലാണു് ചിലവായിട്ടുള്ളതു്. വിദ്യാഭ്യാസരംഗത്തിൽ ഒരധികപ്പററം ഇഴച്ചുകെട്ടുമാണു് മുതലിയാർ. മറെറാന്നു് ഒരു വിദ്യാകേന്ദ്രത്തിന്റെ തലവൻ, ആദർശനിഷ്ഠയിലും ജീവിതശുദ്ധിയിലും വിജ്ഞാനതൃഷ്ണയിലും നിലയെടുപ്പുള്ള ഒരു വ്യക്തിയായിരിക്കണം. വളരുന്ന തലമുറയിലെ ആദർശശാലികളായ

യുവാക്കന്മാർക്ക് അദ്ദേഹം ഒരു മാതൃകാപുരുഷനായിരിക്കണം. എന്നാൽ മാത്രമേ യുവലോകത്തിന്റെ ബഹുമതിയും സ്നേഹവും അദ്ദേഹത്തിനു ലഭിക്കൂ. സർ, ആർക്കോട്ടു രാമസ്വാമി മുതലിയാരെ ഈ തരത്തിൽപ്പെടുത്താൻ കഴിയുമോ എന്നാലോചിക്കുക. ആദർശശൂന്യനും സ്വാർത്ഥജഡിലനും ആയ മുതലിയാരുടെ ജീവിതം ദേശാഭിമാനികളായ നമ്മുടെ വിദ്യാർത്ഥികളിൽ വെറുപ്പും പുച്ഛവുമാണുണ്ടാക്കുന്നതു് എങ്കിൽ നാം അദ്ദേഹത്തെ അഭിമാനിക്കാനാണ് പറയുന്നതു്.

അടുത്തതായി നമ്മുടെ സർവ്വകലാശാല ആക്ടിനെക്കുറിച്ചു സംസാരിക്കാം. നമ്മുടെ ആക്ട് ഒരു ജനാധിപത്യരീതിക്കു യോജിച്ചതല്ല. സ്വേച്ഛാധിപത്യപരമാണ്. ഉദാഹരിക്കാം. സാധാരണ എല്ലാ സർവ്വകലാശാലകളിലും എക്സിക്യൂട്ടീവും ലജിസ്ലേറ്റീവും ബോഡിയും കൂടാതെ മറ്റൊരു ഘടനയുണ്ട്. അക്കാഡമിക്ക് കൗൺസിൽ, വിദ്യാഭ്യാസത്തിലെ പാഠപദ്ധതി, തുടങ്ങിയ കാര്യങ്ങളിൽ അക്കാഡമിക്ക് കൗൺസിലിന് എക്സിക്യൂട്ടീവിനോട് സമാന്തരമായ അധികാരമാണുള്ളതു്. അതായതു് വിദ്യാഭ്യാസകാര്യങ്ങളിൽ, അധികാരികളേക്കാൾ കൂടുതൽ അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം അധികാരികളോളമെങ്കിലും നിയന്ത്രണവും സ്വാധീനവും ചെലുത്താൻ പ്രൊഫസർന്മാർക്കു മാത്രം സാധിക്കുവാനുള്ള സംഘടന നമ്മുടെ ഫാക്കൽട്ടികൾക്ക് ഈ കൃത്യം നിർവ്വഹിക്കുവാൻ സാദ്ധ്യമില്ല. കാരണം അവർക്ക് ഉപദേശാധികാരം മാത്രമേയുള്ളൂ. മാത്രമല്ല, ഫാക്കൽട്ടികളുടെ പ്രവർത്തനം തമ്മിൽ ബന്ധപ്പെടുത്താനും പൊതുനയങ്ങൾ രൂപീകരിക്കാനും ഫാക്കൽട്ടികളുടെ പോലും ഒരു കേന്ദ്രസംഘടനയില്ല. അതുകാരണം വിദ്യാഭ്യാസനയരൂപീകരണത്തിൽ, യഥാർത്ഥ വിദ്യാഭ്യാസപ്രവർത്തകരുടെ ശബ്ദം അടിച്ചമർത്തപ്പെടുകയും അധികാരികളുടെ സ്വേച്ഛാധികാരത്തിന് ഇടപെടാൻ സൗകര്യം ഉണ്ടാകുകയും ചെയ്യുന്നു.

ശ്രീ. എ. തങ്ങൾപിള്ള : യൂണിവേഴ്സിറ്റി ആക്ടനുസരിച്ച് ഇന്ന് സ്വേച്ഛാധികാരം എന്തുബന്ധിച്ചാണ് നടത്തുവാൻ കൂടുതൽ അധികാരമുള്ളതായി ബഹുമാനപ്പെട്ട മെംബർ പറയുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : അതുതന്നെയാണ് ഞാൻ വിശദീകരിച്ചതു്. അക്കാഡമിക്ക് കൗൺസിലിന്റെ അഭാവം നമ്മുടെ അദ്ധ്യാപകന്മാരും മററു വിദ്യാവിചക്ഷണന്മാരും കൈകാര്യം ചെയ്യേണ്ട രംഗം അതിനെപ്പററി ഒന്നും അറിഞ്ഞുകൂടാത്തവരുടെ കയ്യിൽ സ്ഥിതി ചെയ്യുവാൻ കാരണമായിരിക്കുന്നു. ഇതു് ജനാധിപത്യപരമല്ല. പല പാശ്ചാത്യ സർവ്വകലാശാലകളിലും ഞാൻ പരിശോധിച്ചു നാലഞ്ചു് ഇൻഡ്യൻ സർവ്വകലാശാലയിലും ഈ ഏർപ്പാടുണ്ട്. അതു് ഇവിടെ വേണ്ടതാണ്, അതു ജനാധിപത്യപരമായ ഒന്നായിരിക്കുമെന്നു മാത്രമല്ല, ഇന്നത്തെ തകരാറുകൾ തീർക്കുവാൻ വിദ്യാഭ്യാസത്തെക്കുറിച്ചുപഠിയാൻ അധികാരമുള്ള അദ്ധ്യാപകന്മാർക്ക് യൂണിവേഴ്സിറ്റി നടത്തിപ്പിൽ കാര്യമായ പങ്ക് വഹിക്കുവാൻ സാധിക്കുകയും ചെയ്യും. മറ്റൊന്ന് ഗവർണ്ണർ ഇ-ൽ പ്രസിദ്ധീകരിച്ച തിരുവിതാംകൂർ യൂണിവേഴ്സിറ്റി കമ്മിറ്റിയുടെ റിപ്പോർട്ടിൽ നമ്പർ ഇ-ാമത്തെ നിർദ്ദേശത്തിൽ ഒരു സ്റ്റഡൻസ് പ്രൊസീഡിംഗ്സ് ബോഡി വേണമെന്നു പ്രസ്താവിച്ചി

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ട്ടുണ്ട്. പരീക്ഷ വേണ്ടെന്നു വയ്ക്കുവാനോ, അദ്ധ്യാപകന്മാരെ തിരഞ്ഞെടുക്കുവാനോ അല്ല ഈ ബോഡി, വിദ്യാർത്ഥികളുടെ ആവശ്യങ്ങളും പരാതികളും പറയാൻ അവർ തിരഞ്ഞെടുക്കുന്ന ഒരു ബോഡിയാണിത്. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ വിദ്യാർത്ഥികളല്ല, അവരുടെ മാതാപിതാക്കന്മാർ മാത്രമാണ് പറയേണ്ടതു് എന്നു പറയാറുള്ള മി. ജാൻ ഇതേക്കുറിച്ചു പറയാനർഹതയുള്ളവരുടെ അഭിപ്രായം വായിക്കുന്നതു കൊള്ളാം. ഇവിടെ ഒരു സർവ്വകലാശാലായൂണിയനുണ്ട്. സ്ഥാനത്തും അസ്ഥാനത്തും അതിന്റെ പ്രവർത്തനങ്ങളിൽ കൈകടത്തുകയും അതിന്റെ സ്വതന്ത്രമായ വളർച്ചയെ നിയന്ത്രിക്കുകയും ചെയ്യുക എന്നതു് അധികാരികളുടെ ഒരു പതിവായി തീർന്നിരിക്കുന്നു. പാർലമെന്റിലെ പ്രതിപക്ഷത്തിന്റെ ഡെപ്യൂട്ടി നേതാവായ പ്രൊഫസർ ഹീരൻമുക്കർജിയെ വരുത്തുവാൻ വിദ്യാർത്ഥികളാഗ്രഹിച്ചപ്പോൾ അധികാരികൾ യൂണിയൻഫണ്ടിൽ നിന്നു പണം കൊടുക്കുവാൻ വിസമ്മതിച്ചു. അങ്ങനെ ഒരു പ്രശ്നത്തിലേക്ക് പങ്കെടുക്കുവാൻ സാധിച്ചില്ല. ഡാക്ടർ രാധാകൃഷ്ണന്റെ റിപ്പോർട്ടിൽ സംശയാതീതമായ രീതിയിൽ പറയുന്നുണ്ട്, യൂണിവേഴ്സിററി യൂണിയൻ, വിദ്യാർത്ഥികൾക്കു വേണ്ടി വിദ്യാർത്ഥികൾ മാത്രം യാതൊരു പുറം പ്രേരണകളും,സ്വാധീനശക്തികളും ഇല്ലാതെ നടത്തേണ്ട സ്ഥാപനമാണ് എന്ന്. ഈ നിർദ്ദേശത്തെ ചവിട്ടിത്തേച്ചുകൊണ്ടാണ് നമ്മുടെ യൂണിവേഴ്സിററി യൂണിയനിൽ അധികാരികൾ അനാവശ്യമായി ഇടപെടുന്നതു്.

സർ, നമ്മുടെ സർവ്വകലാശാല ജീവിതത്തെ അങ്ങേയററം വികലപ്പെടുത്തുന്ന മറെറാരു ഘടകം കത്തോലിക്കാ പുരോഹിത്യ മേധാവിത്വമാണ്. പിന്തിരിപ്പന്മാരായ കത്തോലിക്കാ പുരോഹിതന്മാർ പഴയ അന്ധകാരയുഗത്തിലേക്കു നമ്മേ വലിച്ചിഴയ്ക്കാൻ ശ്രമിക്കുന്ന അന്ധവിശ്വാസികളാണ്. ഇവരുടെ ചരിത്രം നമുക്കറിയാവുന്നതാണ്. ക്രി—ാംശതകത്തിൽ ഭൂമി ഉരുണ്ടതാണെന്നും അതു് സൂര്യനെക്കാൾ ചെറുതാണെന്നും പ്രഖ്യാപിച്ച മഹാനായ ഗലീലിയോയെ കർത്തൃനാളന്മാർ കൂടി ഏഴു ദിവസത്തിലൊരിക്കൽ ഏഴു സങ്കീർത്തനം പാടണമെന്നു പറഞ്ഞു് ഏഴുകൊല്ലത്തേയ്ക്കു ജയിലിലിട്ടു. കഴിഞ്ഞ ശതകത്തിൽ പരിണാമവാദം ബൈബിളിലെ ഉൽപ്പത്തിപുസ്തകത്തിലെ സൃഷ്ടിക്രമവുമായി യോജിക്കുന്നില്ലെന്നു പറഞ്ഞു് ഡാർവ്വിനെതിരായി ചന്ദ്രഹാസം ഇളക്കി. ശാസ്ത്രത്തെയും വിജ്ഞാനത്തെയും മഹറോൻ ചൊല്ലുന്ന ഇടയന്മാരുടെ-കയ്യിൽ വിദ്യാഭ്യാസം സുരക്ഷിതമല്ല. ഇൻഡ്യയിൽ കത്തോലിക്കർ വിദ്യാഭ്യാസത്തിനു വേണ്ടി വലിയ സേവനങ്ങൾ നടത്തിയിട്ടുണ്ടെന്നു കത്തോലിക്കരും അവരുടെ സ്തുതിപാഠകരും പറയാറുണ്ട്. ഞാനതു നിഷേധിക്കുന്നു. അവരുടെ വിദ്യാഭ്യാസപ്രവർത്തനം സങ്കുചിതമായ സ്വന്തോദ്ദേശത്താൽ പ്രേരിതമായിരുന്നു. ഒരു വിദേശശക്തിക്കു വേണ്ടിയുള്ള പ്രചാരണവും മതപരിവർത്തനവുമായിരുന്നു മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനത്തിന്റെ ഉദ്ദേശം. പാശ്ചാത്യരായ അക്രമികൾ ഇൻഡ്യൻ വൻകരയിലിറങ്ങിയതു് ഒരു കയ്യിൽ വാളും മറുകയ്യിൽ ബൈബിളുമായിട്ടാണ്. അവരുടെ ഭരണത്തിന്റെയും ആക്രമണത്തിന്റെയും അവിഭാജ്യഘടകമായിരുന്ന മതപ്രചാരണം പട്ടാളക്കാർ വാളുകൊണ്ടും തോക്കുകൊണ്ടും വെട്ടിത്തുറ

പ്പിക്കാൻ പുറകെ വിദ്യാഭ്യാസത്തിന്റെ മറവിൽ മതപ്രചരണവുമായി ക്രിസ്ത്യൻ മിഷനറിമാർ ഇറങ്ങി. നിഷ്പക്ഷമതിയായ ഡാക്ടർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ കുലങ്കഷമായ പഠനത്തിൽ നിന്നും എടുത്തിട്ടുള്ള തീരുമാനം നോക്കുക. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ഇപ്രകാരം പേജിൽ പറയുന്നു.

"Even when they took up educational work they paid more attention in the beginning to the study of modern Indian languages than to English. When they started English schools (one of the pioneers being Dr. Alexander Duff in 1830) it was mainly to have an opportunity of preaching the gospel to the upper classes of society. By 1840 these mission workers had almost universally come to accept the view that English education would lead to the spread of Christianity ; and so institutions for the teaching of English and western knowledge were started in all parts of the country."

ഇന്ത്യയിലെ ക്രിസ്ത്യൻ വിദ്യാഭ്യാസത്തിന്റെ ആരംഭപ്രവർത്തകരിൽ പ്രമാണിയായ ഡാക്ടർ അലക്സാണ്ടർ ഡഫ് കൂടി ഇതുതന്നെ പറയുന്നതു നോക്കുക.

"One great object was to convey, as largely as possible, a knowledge of our ordinary improved literature and science to the young persons, but another, and a more vital object was.....to convey a thorough knowledge of Christianity with its evidences and doctrines" Quoted in University Commission's Report P. 14.)

ഇംഗ്ലീഷ് പഠനം കൊള്ളാമെന്ന് അലക്സാണ്ടർ ഡഫിന് അഭിപ്രായമുണ്ടെങ്കിലും ക്രിസ്ത്യാനിറ്റിയുടെ പ്രചരണമാണ് അതിൽ ഏററവും പ്രധാനമായി മുന്നിട്ടു നിൽക്കുന്നതെന്ന് അദ്ദേഹം സമ്മതിക്കുന്നുണ്ട്.

ശ്രീ. ഇ. പി. വർഗ്ഗീസ്: അദ്ദേഹം കത്തോലിക്കനാണോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അദ്ദേഹം കത്തോലിക്കനല്ല. പക്ഷെ വിദ്യാഭ്യാസപ്രവർത്തകനായിരുന്ന ക്രിസ്ത്യൻമിഷനറിയാണ്. ഇതിൽ നിന്നെല്ലാം സിദ്ധിക്കുന്നതു്, പുരോഹിതമേധാവിത്വം, പ്രത്യേകിച്ചും കത്തോലിക്കരുടെതു് നമ്മുടെ ശാസ്ത്രത്തിനും നമ്മുടെ പുരോഗതിക്കും നമ്മുടെ സംസ്കാരത്തിനും എതിരായിട്ടുള്ളതാണ്. ലോകം ഉരുണ്ടതാണെന്നും, ഭൂമി സൂര്യനെക്കാൾ ചെറുതാണെന്നും പറഞ്ഞതിന്ന് ഗലീലിയോവെ ജയിലിലേക്ക് അയച്ചവർ ശാസ്ത്രത്തെയും വിജ്ഞാനത്തെയും കുറിച്ച് എന്തു് പഠിച്ചുകാണും? സൂര്യനെക്കാൾ വലിയ ഒരു ഗോളമാണ് ഭൂമി എന്നും ഭൂമി പരന്നതാണെന്നും അവർ പ്രചരിപ്പിച്ചുകൊള്ളട്ടെ. എനിക്ക് അതിൽ യാതൊരു വിരോധവും ഇല്ല. എന്നാൽ ഇളംപ്രായത്തിലുള്ള നമ്മുടെ യുവതി യുവാക്കന്മാരെ ഇവർക്കടിയറവയ്ക്കുന്നതിന് സർവ്വകലാശാല കൂട്ടുനിൽക്കുന്നതെന്തിന്? നാമതിന്നു സമ്മതം മൂളുന്നതെന്തിന്?

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

കത്തോലിക്കാ ഏർപ്പാടുകളെ വിമർശിക്കുന്നതോടൊപ്പം നായന്മാരുടെ മാർപ്പാപ്പയായ ശ്രീ. മന്നത്തു പത്മനാഭന്റെ കാളേജുകളെപ്പററിയും എനിക്കു ചിലതു വിമർശിക്കുവാനുണ്ടു്. "Imitation is the best form of praise" എന്നു പറഞ്ഞതുപോലെ അദ്ദേഹം കത്തോലിക്കരെ അനുകരിക്കാൻ സാഹസപ്പെട്ടതായാണു്. കത്തോലിക്കാ കാളേജുകളുടെ പ്രവർത്തനത്തേക്കാൾ വളരെ കഷ്ടമായ രീതിയിലാണു് എൻ. എസ്. എസ്. കാളേജുകളുടെ പ്രവർത്തനം ഇന്നു നടക്കുന്നതു്. കത്തോലിക്കാ കാളേജിൽ അബദ്ധങ്ങളിലെങ്കിലും വ്യാകരണപ്പിശകുകളാതെ എഴുതാനറിയാവുന്നവർ കാണും. ഞാൻ ഒരു കത്തോലിക്കാ കാളേജിൽ പഠിച്ച ആളാണു്. എന്നാൽ എൻ. എസ്. എസ്. കാളേജിനെ സംബന്ധിച്ചു് പറയുകയാണെങ്കിൽ വളരെ അധഃപതിച്ച നിലയിലുള്ള അദ്ധ്യയനരീതിയാണു് അവിടെയുള്ളതു്. അവിടെയുള്ള അദ്ധ്യാപകന്മാർക്കു് ജോലിസ്ഥിരതയില്ല. പരീക്ഷ പാസ്സായിക്കഴിഞ്ഞാൽ ഒരു ജോലി കിട്ടുന്നതുവരെ തൽക്കാലം ഒരു ജോലി നോക്കുന്നതിനു വേണ്ടിയാണു് എൻ. എസ്. എസ്. കാളേജിലും ശ്രീ. നാരായണകാളേജിലും ഇന്നു് അദ്ധ്യാപകന്മാർ ജോലി നോക്കുന്നതു്. പഠിപ്പിക്കാൻ യോഗ്യതയുള്ളവനാണോ എന്നല്ല, അല്ലുമ്പോളതിനു് ചൊല്ലടിക്കു് നില്ക്കുന്നവനാണോ എന്നാണവർ നോക്കുന്നതു്.

നമ്മുടെ സർവ്വകലാശാല വിദ്യാഭ്യാസത്തിന്റെ വലിയൊരുഭാഗം വിദ്യാഭ്യാസേതരമായ താല്പര്യങ്ങൾക്കുവേണ്ടി, രാഷ്ട്രീയവും വർഗ്ഗീയവുമായ അധികാര വടംവലികൾക്കും മതപ്രചരണത്തിനും വേണ്ടി ഉപയോഗിക്കുന്ന ഏജൻസികളിൽനിന്നും മോചനം നേടണം. ഇവിടത്തെ സാങ്കേതിക വിദ്യാഭ്യാസത്തെപ്പററി പറയുമ്പോൾ ഒരു ഒററ ദിവസം കൊണ്ടുതന്നെ ഈ നാട്ടിലെ സാങ്കേതികവിദ്യാഭ്യാസം പരിപൂർണ്ണമായി വികസിപ്പിക്കുവാൻ സാധിക്കയില്ലെന്നു എനിക്കറിയാം. ഇവിടെ സാങ്കേതികവിദ്യാഭ്യാസം വർദ്ധിപ്പിക്കുന്നില്ലെന്നു മാത്രമല്ല ഉള്ളതുതന്നെ ശരിയായി നടത്തുന്നുമില്ല കുറച്ചുകളയുന്നുണ്ടുതാനും. ഇവിടെയുള്ളസാങ്കേതികവിദ്യാഭ്യാസംതന്നെ കൊല്ലംതോറും പുരോഗമിക്കുന്നുണ്ടോ എന്നും അതു് ശരിയായിട്ടു് നടത്തുന്നുണ്ടോ എന്നും നമുക്കു നോക്കാം. ഇവിടെ സാങ്കേതിക വിദ്യാഭ്യാസത്തെക്കുറിച്ചുള്ള മൂന്നു കൊല്ലത്തെ കണക്കു് ഞാൻ ഇവിടെ എടുത്തുകാണിക്കാം. അതായതു് ഫസ്റ്റ്-യർ; ഫസ്റ്റ്-ഇയർ; ഫസ്റ്റ് ഇയർ-ഇഫ എന്നീ മൂന്നുകൊല്ലങ്ങളിലെ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പുരോഗതി എങ്ങനെ ഇരിക്കുന്നു എന്നു നോക്കാം. ഇഞ്ചിനീയറിംഗ് കാളേജിൽ ആദ്യത്തെ വർഷം ഫസ്റ്റ്-ം പിന്നത്തെ വർഷം ഫസ്റ്റ്-ം അവസാനം ഫസ്റ്റ്-ം പേരേയാണു് അഡ്മിററു ചെയ്തതു്. ടെക്സ്ററയിൽ ടെക്നോളജിക്കൽ ഇൻസ്ററിററ്യൂട്ടിൽ ആദ്യകൊല്ലം ൩൫ പേരെ എടുത്തിട്ടുണ്ടായിരുന്നു. പിന്നത്തെ കൊല്ലത്തിൽ ൨൫ പേരെ എടുത്തിട്ടുണ്ടായിരുന്നു. അവസാന കൊല്ലത്തിൽ ൨൦ പേരേ എടുത്തുള്ളു. എം. എസ്. സി റിസർച്ചു് ഇൻസ്ററിററ്യൂട്ടിൽ ഫസ്റ്റ്-യർ-ൽ ൯ പേരേയും, ഫസ്റ്റ്-ഇയർ-ൽ ൮ പേരേയും, ഫസ്റ്റ് ഇയർ-ഇഫ-ൽ ൫൨ പേരേയും എടുത്തു. ഷാർട്ടു ഹാൻഡും ടൈപ്പ്റൈററിംഗും ഡിപ്ലോമ കോഴ്സിനു് ഫസ്റ്റ്-യർ-ൽ

ഫ 0 പേരേയും, ഫൻ ര്ൻ-ദ്ദ 0-ൽ ഫ ൭ പേരേയും, ഫൻദ്ദ 0-ദ്ദ ഫ-ൽ ഫ ര് പേരേയും എടുത്തിരുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സാങ്കേതിക വിദ്യാഭ്യാസത്തിന് കൊല്ലംതോറും ആളുകൾ കുറഞ്ഞുവരുന്നതു്? സാങ്കേതികവിദ്യാഭ്യാസം ഇവിടെ പുരോഗമിപ്പിക്കുവാൻ ഗവണ്മെൻറിന് ആഗ്രഹമില്ലാത്തതുകൊണ്ടോ അല്ലെങ്കിൽ സാങ്കേതിക വിദ്യാഭ്യാസം പുരോഗമിപ്പിക്കുന്നതിന് ഗവണ്മെൻറ് പരിശ്രമിക്കാത്തതുകൊണ്ടാണ്, ഇങ്ങനെ കൊല്ലംതോറും ആളുകൾ സാങ്കേതിക വിദ്യാഭ്യാസത്തിന് കുറഞ്ഞുവരുന്നതു്. ആലുവാ പാളി ടെക്ക്നിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ജൂണിൽ തുറക്കുമെന്നു് ഗവണ്മെൻറ് ആദ്യം പറഞ്ഞു. പിന്നീട് ആഗസ്റ്റിൽ തുറക്കുമെന്നു പറഞ്ഞു. അവസാനം സെപ്തംബറിൽ തുറന്നപ്പോൾ അവിടെ ശരിക്കു പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ലക്ച്ചറേഴ്സ് വന്നിട്ടില്ല. എൻജിനീയറിങ്ങ്കോളേജിൽവിദ്യാർത്ഥികൾ എക്സ്കർഷൻ നടത്തുന്നതിന്മുമ്പ് കൊടുത്തിരുന്ന അലവൻസ് പിൻവലിച്ചു. പിന്നെ അവിടെയുള്ളവർക്ക് അപ്രൻറിസ് കോഴ്സ് കൊടുക്കണമെന്നുണ്ട്. അപ്രൻറിസിന് സൗകര്യം കൊടുക്കുന്നതു് സർക്കാരിൻെറ ചുമതലയല്ലെന്നു വന്നിരിക്കുന്നു. അവിടെയുള്ള ഫാക്ടറികളിൽ പലർക്കും അപ്രൻറിസ് കോഴ്സ് കിട്ടുവാൻ ഇന്നു [illegible] ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അവർക്ക് അപ്രൻറിസ്കോഴ്സിന് [illegible] സൗകര്യം ചെയ്തുകൊടുക്കുവാൻ ഗവണ്മെൻറ് വിചാരിച്ചാൽ വളരെ എളുപ്പമുണ്ട്. നമ്മുടെ സർക്കാർവകതന്നെ പല ഫാക്ടറികളുമുണ്ട്. അപ്രൻറിസ് കോഴ്സിനുള്ള സൗകര്യം ഗവണ്മെൻറ് ചെയ്തുകൊടുക്കുന്നുമില്ല, അപ്രൻറിസ് കോഴ്സ് വേണമെന്നു് ഗവണ്മെൻറ് നിഷ്കർഷിക്കുന്നുമുണ്ട്. ഇങ്ങനെ നോക്കുകയാണെങ്കിൽ ഈ രാജ്യത്തെ സാങ്കേതിക വിദ്യാഭ്യാസം അധഃപതനത്തിലേയ്ക്കും തകരാറിലേയ്ക്കും നീങ്ങിക്കൊണ്ടിരിക്കുകയാണെന്നുകാണാം. ഇവിടെ തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണമെന്താണ്? സാങ്കേതിക വിദ്യാഭ്യാസത്തിന് ആവശ്യമായ പ്രോൽസാഹനങ്ങൾ കൊടുക്കാത്തതുകൊണ്ടും സാങ്കേതികവിദ്യാഭ്യാസം ആവശ്യമായവിധത്തിൽ പുരോഗമിക്കാത്തതുകൊണ്ടുമാണ് പ്രധാനമായി ഇവിടെ തൊഴിലില്ലായ്മ വർദ്ധിക്കുവാൻ കാരണം മാത്രമല്ല, സർ, സാങ്കേതികമായ വിദ്യാഭ്യാസത്തിൻെറ കുറവ് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയെ ആകെ അധഃപതിപ്പിക്കുകയാണ്, നമ്മുടെ വിദ്യാഭ്യാസത്തിൻ തത്വവും പ്രയോഗവും തമ്മിലുള്ള ഈ അന്തരവും വൈരുദ്ധ്യവും വിനാശകരമാണ്. സുപ്രസിദ്ധ വിദ്യാഭ്യാസ പ്രവർത്തകനും സാംസ്കാരികനും ഗ്രന്ഥകാരനുമായ ലാൻസ്ലട്ട് ഹോഗ്ബൻ പറയുന്നതു് കേൾക്കുക.

> "Great formative periods in the record of science have occurred when scientific investigators have been interested in the social uses to which their discoveries are put. If there is any lesson to be learnt from the history of modern science it is this. Professional exaltation of theory to the detriment of practice is the hall mark of cultural decay."

സാംസ്കാരികമായ അധഃപതനം നമ്മുടെ വിദ്യാഭ്യാസത്തിൽ ഇന്നുകണ്ടുകൂടിയിരിക്കുകയാണ്. അതിന് എന്തുപരിഹാരമാണ് ഗവണ്മെൻറ് ചെയ്യുവാൻ ഉദ്ദേശിക്കുന്നതു്? സാങ്കേതികമായ വിദ്യാഭ്യാസ

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ത്തിന്റെനില ഇങ്ങിനെ ഇരിക്കുമ്പോൾ മററു വിദ്യാശാഖകൾ തകൻ്ന വരികയാണ്. ഇന്നു നമ്മുടെ സർവ്വകലാശാലകളിലെ വിദ്യാഭ്യാസത്തിന്റെ സ്റ്റാൻഡാർഡ് നോക്കുകയാണെങ്കിൽ അതു് കൊല്ലംതോറും കുറഞ്ഞു വരുന്നതായിട്ടാണ് കാണുന്നതു്. വിജയ ശതമാനം ആണ്ടുതോറും കുറഞ്ഞു വരികയാണ്. ഫൻ്ർൻ മാർച്ചിൽ ഇൻ്ടർമീഡിയേററ് പരീക്ഷയിൽ ൪൫·൩ ശതമാനം കുട്ടികൾ ജയിച്ചു. ഫൻ്ർൻ സെപ്ററംബറിൽ അതു് ൪൩·൪ ശതമാനമായിരുന്നു. ഫൻ്ൽ ൪൦ മാർച്ചിൽ ൩൪·൪ ശതമാനം കുട്ടികളാണ് ജയിച്ചതു്. ഫൻ്ൽ ൪൦ സെപ്ററംബറിൽ അതു് ൩൨·൫ ശതമാനം ആയിരുന്നു. ഫൻ്ൽ൫൫ മാർച്ചിൽ ൩൫·൨ ശതമാനം ആണ് വിജയികളായതു്. എന്താണിങ്ങനെ സംഭവിക്കാൻ കാരണം? ഇന്ന് സ്റ്റാൻഡാർഡ് കുറഞ്ഞു എന്നൊരു മുറവിളി കേൾക്കുന്നുണ്ട്. എന്താണ് ഈ സ്റ്റാൻഡാർഡ് എന്നുവച്ചാൽ അർത്ഥം? എന്ന് ആരുംതന്നെ പറഞ്ഞുകേൾക്കുന്നില്ല. രണ്ടുമൂന്നു വർഷത്തെ പരീക്ഷാഫലങ്ങൾ സൂക്ഷ്മമായി പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞതു്, പരാജിതരിൽ ൭൫%-ൽ കൂടുതൽ ഇംഗ്ലീഷിനാണ് പൊട്ടിയതു് എന്നാണ്. അപ്പോൾ സ്റ്റാൻഡാർഡ് എന്നു പറയുന്നതിനർത്ഥം ഇംഗ്ലീഷറിയുക എന്നാണോ? നമ്മുടെ വിദ്യാഭ്യാസത്തെ മുഴുവൻ തന്നെ ഒരു പ്രത്യേകഭാഷാ, അതും ഒരു വിദേശഭാഷ പഠിക്കുക എന്നതാക്കി ചുരുക്കിഎന്നാണോ ധരിക്കേണ്ടതു്? ആ അധഃപ്പതനത്തിനുള്ള ശരിയായ കാരണം എന്താണെന്നു കണ്ടുപിടിക്കുന്നതിനു പകരം വിദ്യാർത്ഥികൾക്ക് ഡിസിപ്ലിൻ ഇല്ലാ എന്നു പറഞ്ഞു തടിതപ്പുകയാണ് അധികൃതർ ചെയ്യുന്നതു്. ഡിസിപ്ലിൻ ഉണ്ടാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പത്തനംതിട്ട മെമ്പർ ശ്രീ. വാസുദേവൻ പിള്ളയും മററും നമ്മുടെ സർവ്വകലാശാലകളിൽ ഇൻഡിസിപ്ലിൻ വരുവാനുള്ള കാരണം എന്താണെന്നു അന്വേഷിക്കുന്നതു് അവർക്കും നമ്മുടെ കുഞ്ഞുകുട്ടികൾക്കും കൊള്ളാമെന്നാണ് എനിക്കു പറയുവാനുള്ളതു്. എനിക്ക് ഈ കാര്യത്തിൽ പാണ്ഡിത്യം ഉള്ളതുകൊണ്ടല്ല ഞാൻ ഇതു് പറയുന്നതു്. ഈ കാര്യത്തിൽ നിങ്ങൾക്ക് കൂടുതൽ പാണ്ഡിത്യം ഉണ്ടെന്നു ഞാൻ സമ്മതിക്കുന്നു. നിങ്ങളുടെ പാണ്ഡിത്യത്തിന്റെ മുമ്പിൽ വളരെ എളിമയോടുകൂടി ഞാൻ പറയുകയാണ്. ഡാക്ടർ രാധാകൃഷ്ണൻ സർവ്വകലാശാലകളിൽ ഡിസിപ്ലിൻ ഇല്ലാതാകുന്നതിനെപ്പററി പറഞ്ഞിട്ടുള്ള ഒരു ഭാഗം ഞാൻ ഇവിടെ വായിക്കാം.

> "The sources of indiscipline are many, but among the most general though indirect causes often cited by our witnesses were meagre finances and consequent lack of amenities required for healthy college life."

വേണ്ടത്ര സൗകര്യങ്ങൾ കാളേജുകളിൽ ഇല്ലാത്തതുകൊണ്ടാണ് ഇൻഡിസിപ്ലിൻ കാളേജുകളിൽ ഉണ്ടാകുവാൻ കാരണമെന്നു് ഡാക്ടർ രാധാകൃഷ്ണൻ പറയുന്നു. ഇവിടെത്തെ കാളേജുകളിൽ ഇൻഡിസിപ്ലിൻ ഉണ്ടാകുന്നതു് അതിന്റെ പിന്നിൽ കമ്മ്യൂണിസ്ററുകാർ പ്രവർത്തിക്കുന്നതുകൊണ്ടാണ്, അവരുടെ പ്രേരണയുടെ ഫലമായിട്ടാണ്, എന്നുള്ള

അദ്ധ്യാപകരിൽ പലരും പ്രസംഗിച്ചുനടക്കാറുണ്ട്. അദ്ധ്യാപകരില്ലാത്ത ക്ലാസ്സ് മുറികളും ഉപകരണങ്ങളില്ലാത്ത ലാബറട്ടറികളും പുസ്തകങ്ങളില്ലാത്ത ലൈബ്രറികളും ഹോസ്റ്റലില്ലാ.. കാളേജുകളുമാണ് അച്ചടക്കരാഹിത്യത്തിനു കാരണം ഇവിടെ ഇൻഡിസിപ്ലിൻ ഇല്ലാതാകണമെന്നുണ്ടെങ്കിൽ ഇവിടത്തെ ഇന്നത്തെ കലാശാല വിദ്യാഭ്യാസത്തിൽ ഒരു സമൂലപരിവർത്തനം വരുത്താതെ സാദ്ധ്യമല്ല. അതിനുവേണ്ടി നിങ്ങൾ ശ്രമിക്കണം. നമ്മുടെ വിദ്യാഭ്യാസത്തിലെ മറ്റൊരു ദുർബലമായ കണ്ണി ഇവിടത്തെ എക്സാമിനേഷൻ സിസ്റ്റമാണ്. ഇന്നത്തെ എക്സാമിനേഷൻ സിസ്റ്റം ഇൻഡ്യയ്ക്ക് ഒട്ടാകെയുള്ള ഒരു ശാപമാണെന്ന് ഡാക്ടർ രാധാകൃഷ്ണൻ പറയുന്നു. ഇന്നത്തെ എക്സാമിനേഷൻ സിസ്റ്റത്തിലുള്ള ദോഷം വർദ്ധിപ്പിക്കുവാനാണ് ഗവണ്മെൻറു നോക്കുന്നതു്. അതാണ് ഡിറ്റൻഷൻ സമ്പ്രദായം. പരീക്ഷ സമ്പ്രദായത്തിലുള്ള തകരാറുകൾ തീർക്കുന്നതിനു പകരം പരീക്ഷകളുടെ എണ്ണം വർദ്ധിപ്പിച്ച്, ആണ്ടിൽ രണ്ടുമൂന്നു തവണയായി കടിച്ചു ചവച്ചു കരിമ്പിൻ ചണ്ടിപോലെ വിദ്യാർത്ഥികളെ പുറത്തുള്ളുന്ന ഡിറ്റൻഷൻ സമ്പ്രദായം വിപുലമാക്കുകയാണിന്നത്തെ നയമെന്നു കാണുന്നു. എക്സാമിനേഷൻ സിസ്റ്റത്തിലുള്ള തകരാറുകൾ പരിഹരിക്കുവാൻ നോക്കാതെ കാലത്തോളം ഈ കുഴപ്പങ്ങൾക്ക് ഒരു പരിഹാരവും ഉണ്ടാക്കുവാൻ സാദ്ധ്യമല്ല. ഇതിനെപ്പററി സുപ്രസിദ്ധ വിദ്യാഭ്യാസ വിചക്ഷണനായ ആക്സ്ഫോർഡിലെ എ. ഡി. ലിൻറ്സേ പറഞ്ഞിട്ടുള്ള അഭിപ്രായം ഞാൻ ഇവിടെ വായിക്കാം.

> "We have recent years constructed a ladder from the primary school to the University, but the conditions under which the boys of poor parents have to climb that ladder are long and excessive pre-occupation with examinations and nothing but examinations,. and almost enforced neglect of the other sides of education, the training of body and character."

ഇങ്ങനെ നമ്മുടെ പരീക്ഷകൾ നമ്മുടെ വിദ്യാലയങ്ങളെ മുഴുവൻ തകരാറിലാക്കിക്കൊണ്ടു് നമ്മുടെ വിദ്യാഭ്യാസത്തെ പരിപൂർണ്ണമായി അടിപ്പെടുത്തിയിരിക്കുകയാണ്. ഇന്നുനമ്മുടെ വിദ്യാർത്ഥികൾ പാസാകുന്നതു് കാളേജിൽ പഠിച്ചിട്ടില്ല, ട്യൂട്ടോറിയൽ കാളേജിൽ പഠിച്ചിട്ടാണ് അവർ ഇന്നു പാസാകുന്നതു്. ഇന്റർ മീഡിയേറ്റ് പരീക്ഷയിൽ അധികം ആളുകളും തോററതു് ഏതുവിഷയത്തിന്നാണ്. ഒന്നു ശതമാനം ആളുകളും ഇംഗ്ലീഷിലാണ് തോററതു്. ഇങ്ങനെ അശാസ്ത്രീയമായ പരീക്ഷയിൽ കുടുക്കി അനേകം വിദ്യാർത്ഥികളെ തോല്പിച്ചു് അവർക്കു ധനനഷ്ടവും സമയനഷ്ടവും ഉണ്ടാക്കിയതുകൊണ്ടു് സ്റ്റാൻഡാർഡ് കൂടുന്നുണ്ടോ? ഇല്ല. ഇവിടെ തോററ മിക്ക വിദ്യാർത്ഥികളും മററു വിഷമം കുറഞ്ഞ കോഴ്സുകൾ അന്വേഷിച്ചു പോയി പിൻവാതിലിൽ കൂടി വീണ്ടുവരികയാണ്. നമ്മുടെവിദ്യാർത്ഥികളിൽ ഒരു ഉരെ അധികം ആളുകൾ രാജപ്പട്ടാണ യൂണിവേഴ്സിറ്റിയുടെ ഇൻറർവിന് ചേരുകയാണ്. അവിടെക്ലാസ്സിൽ അറൻഡു ചെയ്യേണ്ടകാര്യമില്ല മിക്കവാറും ഒരു വർഷംകൊണ്ടു പഠിക്കാവുന്ന പാഠങ്ങൾ എങ്ങിനെയും വശമാക്കി പരീക്ഷക്കിരുന്നാൽമതി. ഈ വർഷം തന്നെ ആയിരത്തിൽപരം വിദ്യാർത്ഥികൾ ഇവിടെനിന്ന് രാജപ്പട്ടാണപരീക്ഷക്കുപോയി

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

ഇവിടത്തെ കാളേജിൽ തോററുകഴിഞ്ഞാൽ അവർ അവിടെപോയി ഇൻറർ പാസായാൽ ഇവിടെ ബി എക്ക് ചേരാൻ വിരോധമില്ല. ഇൻറർമീഡിയററു ക്ലാസിൽ അററൻറു ചെയ്യണമെന്നുള്ളതുതന്നെ ആവശ്യമാണോ എന്നാലോചിക്കണം. എൻെറ ഓർമ്മ ശരിയാണെങ്കിൽ U. P. യിലും ഇൻററിന് ക്ലാസിൽപോകണ്ട. അതുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസ രീതിയിൽ ഒരു സമൂലപരിവർത്തനം വരുത്തേണ്ടതു് ഏററവും അത്യാവശ്യമായി തീർന്നിരിക്കുകയാണ്. അങ്ങനെ ഒരു സമൂലപരിവർത്തനം വരുത്തുവാൻ നോക്കുന്നതിനുപകരം അർത്ഥമില്ലാതെ വെറുതെ ഇരിക്കുന്ന ആളുകളെ ആക്ഷേപിക്കുന്നതു കൊണ്ടും മററു രാഷ്ട്രീയ പാർട്ടികളുടെ മേൽ ദോഷാരോപണങ്ങൾ ചെലുത്തുന്നതുകൊണ്ടും യാതൊരു ഫലവുമുണ്ടാകുകയില്ല.

Mr. Speaker: : If we close the discussion on University Education, we can pass later on to primary and secondary education and I will see that some cut on total allotment is moved on which hon. Members can speak on general educational policy to any extent they like. If the House is agreeable, this discussion can be closed now.

(The House agreed to the suggestion.)

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): സർ, യൂണിവേഴ്സിററിക്കു വേണ്ടിയുള്ള ഒരു ലക്ഷം രൂപയുടെ ബ്ലാക്ക് ഗ്രാൻറിനെപ്പററി പത്തനാപുരം മെംബർ ചില സംഗതികളെല്ലാം ഇവിടെ പ്രസ്താവിക്കയുണ്ടായി. അദ്ദേഹത്തിൻെറ ചില അഭിപ്രായങ്ങളോടു ബഹുമാനപ്പെട്ട പെരുമ്പാവൂർ മെമ്പറും യോജിച്ചുകണ്ടു. അതായതു്, ഇപ്പോഴുള്ള യൂണിവേഴ്സിററി വൈസ് ചാൻസലറുടെ നിയമനം ഒട്ടുംതന്നെ ശരിയല്ലെന്നായിരുന്നു ആ ബഹുമാനപ്പെട്ട മെമ്പറന്മാർ അഭിപ്രായപ്പെട്ടതു്. ഒരു വൈസ് ചാൻസലറായിരിക്കുന്നതിനുള്ള യോഗ്യതകൾ ഒന്നും ഇപ്പോഴത്തെ വൈസ് ചാൻസലക്കു ഇല്ലെന്നാണ് ബഹുമാനപ്പെട്ട പെരുമ്പാവൂർ മെമ്പർ പ്രസ്താവിച്ചതു്. അതു സംബന്ധമായി ബഹുമാനപ്പെട്ട ചടയമംഗലം മെമ്പറും ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറും പറഞ്ഞതിൽ കൂടുതലായി ഒന്നുംതന്നെ പ്രസ്താവിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ഒരു വാക്കു അതിനെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല. സർ. രാമസ്വാമി മുതലിയാർ ഇലാകം മുഴുവൻ കേൾവി കേട്ടിട്ടുള്ള ഒരാളാണ്. അദ്ദേഹം യു. എൻ. ഒ. യിൽ പല കമ്മിററികളുടെയും ചെയർമാനായി ഇരുന്നിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിനു വിദ്യാഭ്യാസവിഷയത്തിൽ വളരെ പഴക്കവും പ്രാവീണ്യവും സിദ്ധിച്ചിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല. ആ സ്ഥിതിക്കു അദ്ദേഹത്തിനെ തിരുവിതാംകൂർ സർവ്വകലാശാലയിലെ വൈസ്ചാൻസലറായി കിട്ടിയതു ഒരു ഭാഗ്യമായി കരുതണമെന്നാണ് എനിക്കു പറയാനുള്ളതു്.

ചില പ്രൈവററുകാളേജുകളിൽ നടക്കുന്ന സംഗതികളെ പരാമർശിച്ചും ബഹുമാനപ്പെട്ട പത്തനാപുരം മെമ്പർ ഇവിടെ ചിലതെല്ലാം പ്രസ്താവിക്കയുണ്ടായി. അതായതു ചങ്ങനാശ്ശേരി കാളേജിലെ പ്രിൻസിപ്പാൾ ഒരു കുട്ടിയെ ഏതോ ചില കാരണങ്ങൾ പറഞ്ഞു കാളേജിൽ

ചേർത്തില്ലെന്നും, ആ കുട്ടി ആലപ്പുഴയുള്ള എസ്സ്. എൻ. കാളേജിൽ ചേരുന്നതിനു ചെന്നപ്പോൾ ആ കുട്ടിയെപ്പററി ചില വിവരമെല്ലാം ചങ്ങനാശ്ശേരി കാളേജു പ്രിൻസിപ്പാൽ എസ്. എൻ. കാളേജിലേക്കു എഴുതി അയച്ചിരുന്നുവെന്നുമാണു പ്രധാനമായി അദ്ദേഹം കൊണ്ടുവന്നിട്ടുള്ള ചാർജ്ജ്. ഒരു കാളേജിൽ ആയിരവും രണ്ടായിരവുംവരെ വിദ്യാർത്ഥികളെ വച്ച് ശരിയായ ശിക്ഷണബോധത്തോടുകൂടി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടുമൂന്നുപേർ കമ്മ്യൂണിസ്ററു സഖാക്കളുടെ പ്രേരണകൊണ്ടു ബാക്കിയുള്ള കുട്ടികൾക്കുകൂടി വിഷബീജം കലർത്തുന്നതിനെ തടയുന്നുവെങ്കിൽ അങ്ങനെയുള്ള ഒരു പ്രിൻസിപ്പാളിനെ അനുമോദിക്കയാണു വേണ്ടതു്. ആ പ്രിൻസിപ്പാൾ അങ്ങനെ പ്രവർത്തിച്ചിട്ടുണ്ടോ എന്നുള്ളതിനെപ്പററി എനിക്കറിവില്ല. ഏതായാലും ബഹുമാനപ്പെട്ട പത്തനാപുരം മെംബർ പറഞ്ഞതിനെ അടിസ്ഥാനപ്പെടുത്തി ഞാൻ അദ്ദേഹത്തെ അനുമോദിച്ചുകൊള്ളുന്നു. അദ്ദേഹത്തിനു് യാതൊരു ബന്ധവുമില്ലാത്ത എസ്. ഡി കാളേജിലേക്കു എഴുതിഅയച്ചിട്ടുണ്ടെങ്കിൽ അതു അദ്ദേഹത്തിൻെറ ധർമ്മബോധത്തെയാണു് വെളിപ്പെടുത്തുന്നതു്. എസ്. ഡി. കാളേജിൽ ചെന്നു അവിടെയുള്ള കുട്ടികളെ കൂടി ഡിസിപ്ലിൻ ഇല്ലാത്തവരാക്കാതിരിക്കാനാണു അദ്ദേഹം ആ എഴുത്തുമൂലം ഉദ്ദേശിച്ചിട്ടുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : വിഷബീജം കലർത്തുമെന്നു പറഞ്ഞു. വല്ല രോഗത്തിൻെറയും വിഷബീജമാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : സാധാരണ കമ്മ്യൂണിസ്ററുകൾ കൂത്തി വയ്ക്കുന്ന വിഷബീജം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഞങ്ങൾ ഡാക്ടർമാരല്ല. പിന്നെയെങ്ങനെയാണു ഞങ്ങൾ വിഷബീജം കുത്തിവയ്ക്കുന്നതു്?

Mr. Speaker: That is all said in common language. You can understand it.

Shri N. Raghava Kurup: It don't understand i, Sir.

ശ്രീ. എ. ജെ. ജാൺ : ഇതൊന്നും ഇവിടെ അനുവദിക്കാൻ സാദ്ധ്യമല്ലെന്നും, ഒരു ജലപ്രവാഹത്തെ ഒരു ചെറിയ മുറംകൊണ്ടു തടയാൻ ശ്രമിക്കുന്നതു വ്യർത്ഥമാണെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഫസ്ററ് മുതൽ കാളേജുകളിലും, സ്കൂളുകളിലും, ഡിസിപ്ലിൻ ഇല്ലാതാക്കുന്നതിലേക്കു കമ്മ്യൂണിസ്ററു സഖാക്കൾ വളരെ ശ്രമങ്ങൾ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അവർ കുറെ സ്ഥലങ്ങളിൽ കുറെയെല്ലാം വിജയിക്കുകയും ചെയ്തു. അപ്രകാരം മുമ്പോട്ടുപോയി സാധുക്കളും നിരപരാധികളുമായ വിദ്യാർത്ഥികളെ അവരുടെ ആയുധമാക്കി തീർക്കാമെന്നു അവർ വ്യാമോഹിച്ചിരുന്നു. കഴിഞ്ഞതവണ വിദ്യാഭ്യാസബഡ്ജററു അവതരിപ്പിച്ചിരുന്നപ്പോൾ ഞാൻ ഇതിനെപ്പററി അസംബ്ലിയിൽ പ്രസ്താവിച്ചിട്ടുള്ളതാണു്. കമ്മ്യൂണിസ്ററുകളുടെ ആയുധമായി തീരുന്നതു വളരെ ആപത്താണെന്നു വിദ്യാർത്ഥികൾ മനസ്സിലാക്കിയതിൻെറ ഫലമായി തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള സ്കൂളുകളിലും കാളേജുകളിലും ഡിസിപ്ളിൻ അനുസരിച്ചു അദ്ധ്യയനം നടത്താൻ സാധിക്കുന്നുണ്ടെന്നുള്ള വിവരം വളരെ

[ശ്രീ. എ. ജെ. ജാൺ.]

സന്തോഷത്തോടുകൂടി ഞാനിവിടെ അറിയിച്ചുകൊള്ളുന്നു. അവർ ഉദ്ദേശിച്ചിരുന്ന പ്ലാൻ അനുസരിച്ചു കാര്യങ്ങൾ മുമ്പോട്ടുപോകാതെ വിദ്യാർത്ഥികൾ അച്ചടക്കത്തോടുകൂടി അദ്ധ്യയനം നടത്തുന്നതു കണ്ടപ്പോൾ അദ്ദേഹത്തിനു സഹിക്കവയ്യാത്ത നിരാശയുണ്ടായതിന്റെ ഫലമായിട്ടാണു അദ്ദേഹം ഗവണ്മെൻറിനെ ശപിക്കുന്നതിനു ഇടയായിട്ടുള്ളതു്. സാധാരണ ഗതിയിൽ നല്ല സംഗതികളെ കാണുമ്പോൾ അതിനെ ശപിക്കുകയും ചീത്ത സംഗതിയെ കാണുമ്പോൾ അതിനെ സ്തുതിക്കുകയും ചെയ്യുന്ന ഒരു പാരമ്പര്യം കമ്മ്യൂണിസ്റ്റുകൾക്കുള്ളതായി ഞാൻ കണ്ടിട്ടുണ്ടു്. മാതാപിതാക്കന്മാർ വളരെ കഷ്ടപ്പെട്ടും പ്രയത്നിച്ചും പണം ചെലവാക്കി കുട്ടികളെ പഠിപ്പിക്കുന്നതു അവർക്കും, അവരുടെ കുടുംബത്തിനും, ഗുണമുണ്ടാകണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. അതനുസരിച്ചു വിദ്യാർത്ഥികൾ നേർവഴിക്കു തിരിഞ്ഞതിൽ കമ്മ്യൂണിസ്റ്റു സഖാക്കൾക്കു നിരാശയുണ്ടാകുന്നതു സ്വാഭാവികമാണു്. അതിൽ ഞാനൊരു അതിശയവും കാണുന്നില്ലെന്നുള്ള വിവരം ഇവിടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു. കമ്മ്യൂണിസ്റ്റുകൾ എത്ര ഉച്ചത്തിൽ പ്രസംഗിച്ചാലും തിരുവിതാംകൂർ–കൊച്ചിയിലുള്ള സ്കൂളുകളിലും കാളേജുകളിലും ഡിസിപ്ളിൻ പരിപാലിക്കണമെന്നാണു ഗവണ്മെൻറു ഉദ്ദേശിക്കുന്നതു്. അപ്രകാരം ഡിസിപ്ളിൻ പരിപാലിക്കുകയും ചെയ്യും.

സാധാരണ ഗതിയിൽനിന്നും കുറെ വ്യത്യസ്തമായി പരവൂർ മെമ്പർ ശ്രീ. രവീന്ദ്രൻ ചില നല്ല കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അതായതു് സെക്കൻഡറി സ്കൂളുകളിൽ മലയാളഭാഷ അദ്ധ്യയനഭാഷയായി സ്വീകരിച്ചിരിക്കുന്നതുകൊണ്ടും, ചില കാളേജുകളിൽ പ്രഫസന്മാരും ലക്ചറന്മാരും ശരിയായി ഇല്ലാത്തതുകൊണ്ടും, ഉള്ളിടത്തുതന്നെ ശരിയായ ശമ്പളം കൊടുക്കാത്തതുകൊണ്ടും, ചിലടത്തു ലൈബ്രറിയും ലാബറട്ടറിയും ഇല്ലാത്തതുകൊണ്ടുമാണു അദ്ധ്യയനരീതി അത്രത്തോളം നന്നാകാത്തതെന്നു അദ്ദേഹം പറഞ്ഞതിനോടു ഞാനും കുറെയൊക്കെ യോജിക്കുന്നുണ്ടു്. ഇക്കാരണങ്ങൾ കൊണ്ടാണു കാളേജുകളിലെ വിജയശതമാനം കുറയുന്നതിനു കാരണമായിട്ടുള്ളതെന്നും, അദ്ദേഹം പ്രസ്താവിക്കയുണ്ടായി. എന്നാൽ കാളേജു നടത്തിപ്പു സംബന്ധിച്ചു ഗവണ്മെൻറിനു പറയത്തക്ക യാതൊരു അധികാരവുമില്ലെന്നു ഞാൻ ആദ്യമായി അറിയിച്ചുകൊള്ളുന്നു. ഈ കാളേജുകൾക്കു ഗവണ്മെൻറിൽനിന്നും പറയത്തക്ക യാതൊരു ധനസഹായവും ചെയ്യുന്നില്ല. പുതുതായി കാളേജുകൾ ഉണ്ടാക്കുമ്പോൾ ചില സഹായങ്ങൾ ഗവണ്മെൻറു ചെയ്തുകൊടുത്തിട്ടുണ്ടെന്നല്ലാതെ മററു സഹായങ്ങളൊന്നും നൽകുന്നില്ല. അദ്ധ്യയനരീതിയെപ്പററിയോ, കാളേജുകൾ നടത്തുന്നതിനെപ്പററിയോ ഗവണ്മെൻറിനു ഒന്നും തന്നെ ചെയ്യാൻ സാദ്ധ്യമല്ല.

ഞാറക്കൽ മെമ്പർ ശ്രീ. രാമകൃഷ്ണൻ യൂണിവേഴ്സിററി ഹോസ്റ്റൽ ഫീസ് വർദ്ധിപ്പിച്ചതിനെ സംബന്ധിച്ചു ഇവിടെ പ്രസ്താവിക്കയുണ്ടായി. ഈ സെഷനിൽതന്നെ രണ്ടുമൂന്നു പ്രാവശ്യം ഞാൻ അതു സംബന്ധിച്ചുള്ള വിവരം പറഞ്ഞിട്ടുള്ളതാണു്. ൧൯൫–൫൬ വർഷം മദ്ധ്യത്തിൽ ഹോസ്റ്റൽ ഫീസ് യൂണിവേഴ്സിററിയിൽനിന്നും കൂട്ടുകയുണ്ടായി. അതു സംബന്ധിച്ചു കുട്ടികളും രക്ഷകന്മാരുമായി നേരത്തെ നോട്ടീസു തരാതെ

കൂട്ടിയ ഫീസ് കുറയ്ക്കണമെന്നു ആവശ്യപ്പെടുകയും ആ സംഗതിയെപ്പററി സെനററും സിൻഡിക്കേററും ആലോചിച്ചശേഷം വർഷത്തിന്റെ ഇടയ്ക്കു വച്ചു ഫീസു കൂട്ടുന്നതു ശരിയല്ലെന്നുകണ്ടു കൂടുതൽ വാങ്ങിയ ഫീസ് തിരിച്ചു കൊടുക്കുകയുമുണ്ടായി. എന്നാൽ ഇപ്പോൾ അദ്ധ്യയനവർഷത്തിനു രണ്ടു മൂന്നു മാസങ്ങൾക്കുമുമ്പുതന്നെ ഫീസു ഇന്നതാണെന്നു പരസ്യം ചെയ്യുകയും ആ ഫീസ് തന്നുകൊള്ളാമെന്നു വിദ്യാർത്ഥികളും രക്ഷകന്മാരും എഴുതി വയ്ക്കുകയും ചെയ്തതിനുശേഷമാണു വിദ്യാർത്ഥികളെ ഹോസ്റ്റലിൽ പ്രവേശിപ്പിച്ചിട്ടുള്ളതു്. ഇതിൽ എന്തു അനീതിയാണു യൂണിവേഴ്സിററി പ്രവർത്തിച്ചിട്ടുള്ളതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഫീസു കൂട്ടിയതു ആറു രൂപായെന്നുള്ളതു ഏഴുരൂപയാക്കിയതാണു്. യൂണിവേഴ്സിററി ഹോസ്റ്റൽ നടത്തുന്നതിലേക്കു ഏകദേശം നാല്പതിനായിരം രൂപയ്ക്കു താഴെയുള്ള ചെലവു വരുന്നുണ്ടു്. ആ ചിലവു കുറെ കുറയ്ക്കണമെന്നു വിചാരിച്ചു സ്വല്പമായ വിധത്തിൽ ഹോസ്റ്റൽഫീസു കൂട്ടിയതിനെ എങ്ങനെയാണു ആക്ഷേപിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഹോസ്റ്റൽ ഫീസ് കൂട്ടിയെന്ന കാരണമുണ്ടാക്കി യൂണിവേഴ്സിററി കോളേജിലും മററും ഒരു കുഴപ്പമുണ്ടാക്കാമെന്നു ചില കമ്യൂണിസിററു സഖാക്കൾ വിചാരിച്ചു. അതിലേക്കു ചില പ്രേരണകളും അവർ ചെലുത്തിനോക്കി. അതിന്റെ റിങ്ങ് ലീഡറന്മാരായ 20 കുട്ടികളെ ഹോസ്റ്റലിൽനിന്നു വെളിക്കിറക്കുകയും ചെയ്തു. ഇപ്പോൾ ശാന്തമായി ഹോസ്റ്റൽ നടക്കുന്നുണ്ടു്. ഇനിയും വല്ല കുഴപ്പവും ഉണ്ടാക്കുന്നതിനു മാർഗ്ഗമുണ്ടോയെന്നു നോക്കുന്നതിനാണു ഇവിടെ ഇതു ഇപ്പോൾ പ്രസ്താവിച്ചിട്ടുള്ളതെന്നു ഞാൻ വിചാരിക്കുന്നു.

ഇപ്പോഴുള്ള യൂണിവേഴ്സിററി ആക്ടിൽ ചില ഭേദഗതികൾ വരുത്തേണ്ടതു് ഇന്നതെന്ന സ്ഥിതിഗതികളിൽ ആവശ്യമാണെന്നു കണ്ടതു കൊണ്ടാണു ഒരു യൂണിവേഴ്സിററി ആക്ട് റിവിഷൻ കമ്മിററി നിയമിച്ചിട്ടുള്ളതു്. ആ കമ്മിററിക്കു ഇപ്പോഴുള്ള ആക്ടിലെ എല്ലാ കാര്യങ്ങളും പരിശോധിച്ചു ആവശ്യമുള്ള ഭേദഗതികൾ റെക്കമെൻറു ചെയ്യുന്നതിനു പരിപൂർണ്ണമായ അധികാരമുണ്ടായിരിക്കുന്നതാണു്. യൂണിവേഴ്സിററി അദ്ധ്യയനത്തെ സംബന്ധിച്ചും എന്തെങ്കിലും ഭേദഗതികൾ വരുത്തണമെന്നുണ്ടെങ്കിൽ അതും റെക്കമെൻറു ചെയ്യുന്നതിനു ആ കമ്മിററിക്കു അധികാരമുണ്ടായിരിക്കുന്നതാണു്. ഇൻഡ്യയിലുള്ള യൂണിവേഴ്സിററികൾക്കു എല്ലാംതന്നെ ഇപ്പോഴത്തെ അദ്ധ്യയനരീതി മാററണമെന്നു അഭിപ്രായമുണ്ടെന്നു ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞതു വളരെ ശരിയാണു്. അതു ഇൻഡ്യാഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടതിന്റെ ഫലമായിട്ടാണു് ഒരു യൂണിവേഴ്സിററി കമ്മിഷനെ നിയമിക്കയും അതു സംബന്ധിച്ചു് ഒരു ബിൽ ഏതാനും മാസങ്ങൾക്കുമുമ്പു പാർലമെൻറിൽ അവതരിപ്പിക്കുകയും ചെയ്തതു്. എന്നാൽ വൈസ് ചാൻസലറന്മാർ എല്ലാവരുംകൂടി ആലോചിച്ചതിന്റെശേഷം ആ ബിൽ ഭേദഗതി വരുത്തണമെന്നു് ആവശ്യപ്പെട്ടതിന്റെ ഫലമായി ആ ബിൽ മുമ്പോട്ടുനീങ്ങിയിട്ടില്ല. ഏതെല്ലാം വിധത്തിലുള്ള പരിഷ്കാരങ്ങളാണു് കാളേജുവിദ്യാഭ്യാസത്തിൽ വരുത്തേണ്ടതു് എന്നുള്ളതിനെപ്പററി ഏപ്രിൽ മാസം 27-ാം തീയതിയോ മററോ ഇൻഡ്യയിലുള്ള വൈസ്ചാൻസലറന്മാരേയും വിദ്യാഭ്യാസ മന്ത്രിമാരേയും വിളിച്ചുവരുത്തി ഒരു ആലോചനായോഗം നടത്തണമെന്നു ഇൻഡ്യാഗവണ്മെൻറു തീരുമാനിച്ചിരിക്കയാണു്,

[ശ്രീ. എ. ജെ. ജാൻ.]

ഇപ്പോഴത്തെപോലെയുള്ള അക്കാഡമി വിദ്യാഭ്യാസം മതിയോയെന്നും സ്കൂളുകളിലും കാളേജുകളിലും സാങ്കേതിക പരിശീലനം നൽകണമോയെന്നുമുള്ള എല്ലാ സംഗതികളെപ്പററിയും ആ കാൺഫറൻസിൽ ആലോചിക്കുമെന്നാണ് തോന്നുന്നത്. അതിനാൽ ഇക്കാര്യത്തെപ്പററി കൂടുതലായി എനിക്കൊന്നും പറയാനില്ല.]

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ എക്സിക്യൂട്ടീവ്, യൂണിവേഴ്സിററിയുടെ അധികാരപരിധിയിൽ പ്രവേശിക്കുന്നു എന്നു പറഞ്ഞതു ശരിയല്ലെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. യൂണിവേഴ്സിററി ആക്ടനുസരിച്ച് ചില സംഗതികൾ യൂണിവേഴ്സിററിക്കു തനിച്ചു ചെയ്യാൻ സാദ്ധ്യമല്ല. അതിനെപ്പററി ഗവണ്മെൻറിനോടുകൂടി ആലോചിക്കണം. അങ്ങനെ ഗവണ്മെൻറുമായി ആലോചിക്കേണ്ട കാര്യങ്ങൾ ഗവണ്മെൻറിൽ അയച്ചിട്ടുള്ളതിനാൽ ഗവണ്മെൻറിന്റെ അഭിപ്രായം രേഖപ്പെടുത്തുക മാത്രം ചെയ്തിട്ടുള്ളൂ. ഓരോ കൊല്ലവും തുകകൾ അനുവദിക്കുന്നതുസംബന്ധിച്ചു അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകരുതെന്നു കരുതി യൂണിവേഴ്സിററിക്കു ൨ ൫ ലക്ഷം രൂപയുടെ ഒരു ബ്ലാക്ക് ഗ്രാൻറ് കൊടുക്കുകയാണു ചെയ്യുന്നത്. ഗവണ്മെൻറ് യൂണിവേഴ്സിററിയുടെ യാതൊരു അധികാരങ്ങളിലും ഇടപെടുന്നില്ല.

ശ്രീ. എ. ഗോപാലപിള്ള : ഏപ്രിൽ ൧ ൧-ാം തീയതിയോ ൧൨-ാം തീയതിയോ ഒരു കാൺഫറൻസ് ഡൽഹിയിൽ വച്ചിട്ടുണ്ടെന്നു പറഞ്ഞല്ലോ. അതിനുമുമ്പ് സെക്കൻററി എഡ്യൂക്കേഷൻ കമ്മിററിയുടെ റിപ്പോർട്ടു വരുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അതിനുമുമ്പ് വരുമെന്നാണു തോന്നുന്നത്. അവരുടെ അന്വേഷണങ്ങളെല്ലാം കഴിഞ്ഞിരിക്കയാണ്; ഈ കാൺഫറൻസ് ഒരു മാസത്തിനുമുമ്പ് വച്ചിരുന്നതാണ്. ഇപ്പോൾ മാററിവച്ചിരിക്കുകയാണ്.

ഈ യൂണിവേഴ്സിററിയുടെ കീഴിൽ ചില കാളേജുകൾ ഉണ്ട്. കൊച്ചിയിലുള്ള മൂന്നു കാളേജുകൾ ഗവണ്മെൻറിന്റെ കീഴിലാണ്. ഈ കാളേജുകൾ, ഒന്നുകിൽ യൂണിവേഴ്സിററിയുടെ കീഴിലാക്കണമെന്നും, അല്ലാത്തപക്ഷം എല്ലാ കാളേജുകളും ഗവണ്മെൻറിലേക്കു ഏടുക്കണമെന്നും അദ്ദേഹം പറകയുണ്ടായി. അതു സംബന്ധിച്ചു ഗവണ്മെൻറ് ഒരു തീരുമാനവും ഇതുവരെ എടുത്തിട്ടില്ല. അക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുകയാണ്. മററൊന്നു അദ്ദേഹം പറഞ്ഞതു യൂണിവേഴ്സിററിക്കു കൊടുക്കുന്ന ഗ്രാൻറ് കൺസാളിഡേററഡ് ഫണ്ടിൽ ചാർജ്ജുചെയ്യണമെന്നാണ്. ഭരണഘടനയിലെ ൨൨-ാം വകുപ്പിനു വിധേയമായി ഒരു ബിൽ പാസാക്കിയാൽ അങ്ങനെ ചെയ്യാൻ കഴിയും. അതിന്റെ ഫലം ഇപ്പോഴത്തെ ബ്ലോക്ക് ഗ്രാൻറുകൊണ്ടുതന്നെ ഉണ്ടാകുന്നുണ്ടെന്നാണു എനിക്കു പറയുവാനുള്ളത്.

3 P. M.

ബഹുമാനപ്പെട്ട കുന്നത്തുനാടു മെംബർ സാങ്കേതികവിദ്യാലയങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനുള്ള പ്രോത്സാഹനം നൽകണമെന്നു പ്രസ്താവിക്കുകയുണ്ടായി, അതുസംബന്ധിച്ചു ഖണ്ഡിതമായ ഒരഭിപ്രായം പറയാൻ

നിവൃത്തിയില്ല. ഇൻഡ്യയിൽ സാവ്വത്രികമായി ഏതു നയമാണ് സ്വീകരിക്കുന്നതെന്നുനോക്കി അതനുസരിച്ചു പ്രവൃത്തിക്കാനാണുദ്ദേശിക്കുന്നതു്. സാങ്കേതിക വിദ്യാലയങ്ങൾ വേണമെന്നു പറയുന്നതിനോടു മിക്കവാറും ഗവണ്മെൻറു യോജിക്കുകയാണു ചെയ്യുന്നതു്. കാളേജുകൾക്കു ഗ്രാൻറു കൊടുക്കുന്നതിനെ സംബന്ധിച്ചും അദ്ദേഹം സംസാരിക്കയുണ്ടായി. അഞ്ചാറുകൊല്ലം മുൻപുമുതൽ പുതുതായി കാളേജുകൾ തുടങ്ങിയാൽ, അതു തൃപ്തികരമായ നിലയിൽ നടന്നുകൊണ്ടു പോകുന്നതിലേക്കു അഞ്ചു ലക്ഷം രൂപ ബാങ്കിലോ ട്രഷറിയിലോ ഡിപ്പോസിറ്റുചെയ്യണമെന്നു ഗവണ്മെൻറു ഒരു തീരുമാനം ചെയ്യുകയുണ്ടായി. പുതിയതായി തുടങ്ങുന്ന കാളേജുകൾക്കു്, കെട്ടിടം കെട്ടുക മുതലായ കാര്യങ്ങൾക്കായി പലയിനങ്ങളിലുമുള്ള ചെലവുകൾ ഉള്ളതുകൊണ്ടു്, അഞ്ചുലക്ഷം രൂപ കെട്ടിവയ്ക്കാൻ സാദ്ധ്യമല്ലാ എന്നു പറഞ്ഞതുകൊണ്ടു്, കാളേജുകൾക്കു് ഈ അഞ്ചുലക്ഷം കൊടുക്കണമെന്നും എന്നാൽ രൂപ വാങ്ങി ഉപയോഗിക്കാൻ സാധ്യമല്ലാ എന്നും, ആ രൂപയുടെ പലിശ വാങ്ങി ചെലവു ചെയ്യണമെന്നും ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടു്. മൂന്നോ നാലോ കാളേജുകൾക്കു് ഇതിനു മുൻപു കൊടുത്തിട്ടുണ്ടു്. പിന്നീടു്, മേലാൽ തുടങ്ങുന്ന കാളേജുകൾക്കു് ഈ അഞ്ചു ലക്ഷം രൂപ കൊടുക്കുന്നതല്ലെന്നും, നേരത്തെയുള്ള കാളേജുകൾക്കു് മാത്രം കൊടുത്താൽ മതിയെന്നും തീരുമാനിച്ചു. കഴിഞ്ഞ കൊല്ലത്തിലും ഇക്കൊല്ലത്തിലും, പുതിയ കെട്ടിടങ്ങൾക്കുവേണ്ടി കുറെ രൂപ ആറോ ഏഴോ കാളേജുകൾക്കു് കൊടുത്തിട്ടുണ്ടു്. കൂടാതെ, ഗവണ്മെൻറു വാക്കു ശരിയായി പാലിക്കുന്നില്ല എന്നും അദ്ദേഹം ഇവിടെ പറയുകയുണ്ടായി. കുന്നത്തുനാടു് ഒരു ഹൈസ്കൂൾ കൊടുക്കാമെന്നു പറഞ്ഞിരുന്നു; അതു് പാലിച്ചിട്ടില്ല എന്നാണു് അദ്ദേഹം പറഞ്ഞതു്. ഹൈസ്കൂളുകൾ വേണമെന്നു് ആവശ്യപ്പെടുമ്പോൾ, എഡ്യുക്കേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും ഡിവിഷൻ ഇൻസ്പെക്ടരൊ, ഡയറക്ടരൊ പോയി അന്വേഷണം നടത്തിയതിനുശേഷം റിപ്പോർട്ടു അയക്കും. ഹൈസ്കൂൾ അനുവദിക്കേണ്ടസ്ഥലങ്ങളിൽ അനുവദിക്കും, അല്ലാത്ത സ്ഥലങ്ങളിൽ അനുവദിക്കുകയില്ലാ എന്നാണു എനിക്കു പറയുവാനുള്ളതു്. പെരുമ്പാവൂർ മെംബർ പല അതാറിട്ടികളും ഉദ്ധരിച്ചു ഇവിടെ ഒരു കേസു വാദിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ആരോപണങ്ങൾക്കെല്ലാം ഞാൻ മറുപടി പറയണമെന്നു തൽക്കാലം വിചാരിക്കുന്നില്ല. ഇത്ര വലിയ ഒരുതുക അലവൻസു കൊടുത്തു് ഒരു വൈസ്ചാൻസലറെ ഇവിടെ നിയമിക്കേണ്ട ആവശ്യമെന്താണെന്നു് അദ്ദേഹം ചോദിച്ചു. ഗവണ്മെൻറിൻെറ നടപടികളെപ്പററി ഈ സഭയിൽ ആരോപണങ്ങൾ ഉന്നയിക്കുമ്പോൾ, അവയിൽ വല്ലതും യാഥാർത്ഥ്യമുണ്ടോ എന്നു അന്വേഷിക്കേണ്ടതു ബഹുമാനപ്പെട്ട മെംബറന്മാരുടെ കടമയാണു്. അങ്ങനെ ചെയ്യാത്തതുകൊണ്ടാണു് ഈ വിധത്തിൽ ഒരു വൈസ്ചാൻസലറെ അന്യനാട്ടിൽനിന്നും വരുത്തി ഇത്ര വലിയ ശമ്പളംകൊടുക്കുന്നതു എന്തിനാണെന്നു അദ്ദേഹം ചോദിച്ചതു്.

ശ്രീ. ജെ. രാഘവൻ പിള്ള: ശമ്പളമായിട്ടല്ലെങ്കിൽ ആണറേറിയമായിട്ടു കൊടുക്കുകയാണോ?

ശ്രീ. എ. ജെ. ജാൺ : ശബളവും ആണറേറിയവും ഒന്നും കൊടുക്കുന്നില്ല.

മറെറാന്നു്, പെരുമ്പാവൂർ മെംബർ, ഇവിടെ കത്തോലിക്കാ കാളേജുകളോടും സ്കൂളുകളോടും വളരെ ആനുകൂല്യങ്ങൾ കാണിക്കുന്നുണ്ടെന്നു് പറയുകയുണ്ടായി. അദ്ദേഹത്തിനു് കത്തോലിക്കാ കാളേജുകളോടു പ്രത്യേക വിരോധമുള്ളതായി തോന്നുന്നു. ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും പ്രശസ്തമായ രീതിയിൽ കത്തോലിക്കർ കാളേജുകൾ നടത്തുന്നുണ്ടു്. എന്നാണു് എന്റെ അറിവു്. പെരുമ്പാവൂർ മെംബറുടെ അഭിപ്രായം അനുസരിച്ചു് അവർ ഈ സംരംഭത്തിൽനിന്നും പിൻവാങ്ങുമെന്നു തോന്നുന്നില്ല.

ശ്രീ. എ. താണുപിള്ള : റഷ്യയിൽ കത്തോലിക്കർ കാളേജുകൾ നടത്തുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അവിടെ നടത്തുന്നുണ്ടോ എന്നറിവില്ല. അവിടെ പെരുമ്പാവൂർ മെംബറുടെ കൂട്ടുകാരാണുള്ളതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : മുഖ്യമന്ത്രി കത്തോലിക്കരുടെ വക്താവാണോ ?

ശ്രീ. എ. ജെ. ജാൺ : കത്തോലിക്കരുടെ മാത്രമല്ല, തിരുവിതാംകൂർ കൊച്ചിയിലെ എല്ലാജനങ്ങളുടേയും വക്താവായിട്ടാണു ഇവിടെ നിൽക്കുന്നതു്. പെരുമ്പാവൂർ മെംബറുടെ ഈ അഭിപ്രായം പോപ്പുതിരുമേനിയെ അറിയിച്ചാൽകൊള്ളാമെന്നു ഞാൻ ആദ്യം വിചാരിച്ചു. ഇപ്പോൾ അതു വേണ്ടെന്നുവച്ചിരിക്കുകയാണു്.

ഇൻഡ്യയിലെ ഉയർന്നനിലയിലുള്ള രാഷ്ട്രീയനേതാക്കന്മാരും മററു പല ഉന്നതവ്യക്തികളും, കത്തോലിക്കർ വിദ്യാഭ്യാസപരമായി ചെയ്തിട്ടുള്ള സേവനങ്ങളെ വളരെ അധികം പ്രശംസിച്ചിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെംബർ അറിഞ്ഞിട്ടില്ലെന്നുതോന്നുന്നു. ഇന്നു പണ്ഡിത ജവഹർലാൽനെഹ്റു, മുതലായ പലയാളുകളും ക്രസ്ത്യാനികൾ വിദ്യാഭ്യാസസംബന്ധമായി ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററി അഭിനന്ദിക്കുന്നുണ്ടെന്നുള്ളവിവരം ഞാൻ പെരുമ്പാവൂർ മെംബറെ അറിയിച്ചുകൊള്ളുന്നു.

സർ, ഇതിൽ കൂടുതലായി ഒന്നുംതന്നെ യൂണിവേഴ്സിററിയെപ്പററി പറയുന്നതിനു് ഞാനാഗ്രഹിക്കുന്നില്ല.

The motions moved by Shri N. Rajagopalan Nair and Shri P. Ravindran were, by leave, withdrawn.

The motion moved by Shri Ramakrishnan was put and lost.

Mr. Speaker : Some of the hon. Members wanted to speak generally on the educational policy including secondary and primary education. Therefore, I call upon the hon. Member for Chavara to move his motion, No. 160 in the list.

Shri Prakkulam Bhasi : Sir, I move:

To reduce the total allotment of Rs. 3,81,08,000 under Demand XVIII by Rs. 5.

സർ, ഇവിടെ ധനകാര്യമന്ത്രി ഈ വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടു പ്രസംഗിച്ച സന്ദർഭത്തിൽ സംസ്ഥാനത്തെ വിദ്യാഭ്യാസത്തെക്കുറിച്ചു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഇപ്രകാരം പറയുകയുണ്ടായി:

"In the sphere of education, our State stands foremost in India. Out of the children in the age-group of 6 to 11 in the State, 98·8 per cent are actually attending schools. From Rs. 237·89 lakhs in 1948-49, the expenditure on education has progressively increased to Rs. 381·08 lakhs in 1953-54, which is more than 22 per cent. of the total revenues of the State."

സാധാരണയായി, നമ്മുടെ ധനകാര്യമന്ത്രി പറയാറുള്ളതുപോലെ തന്നെയാണ ഈ പ്രസംഗത്തിലും പറഞ്ഞിരിക്കുന്നതെന്നു ഞാൻ കരുതുന്നു. ഇതു ശരിയാണോ എന്നാണ് ഈ സഭയിലെ മെംബറന്മാർ ആലോചിക്കേണ്ടതു്. ഈ സംസ്ഥാനത്തിന്റെ വരവിന്റെ ൨൨ ശതമാനം ആണ് എഡ്യുക്കേഷനുവേണ്ടി കൊള്ളിച്ചിട്ടുള്ളതെന്നു അദ്ദേഹം സമ്മതിച്ചിട്ടുണ്ട്. എഡ്യുക്കേഷനുവേണ്ടി കോടികണക്കിനു പണം കൊള്ളിച്ചിട്ട് അതു ചെലവാക്കാതെ ഇരിക്കുന്നതായി കാണാം. ൧൯൫൪-൫൫-ൽ സംസ്ഥാനത്തിന്റെ വരവിൽ ൨൫ ശതമാനമായിരുന്നു ചിലവഴിക്കാൻ ഉദ്ദേശിച്ചിരുന്നതു്. പക്ഷെ ൪൧ ലക്ഷത്തിൽ ചിലപ്രാവശ്യം രൂപ അതിൽ ചിലവാക്കിയിട്ടില്ലെന്ന് Administration Report-ൽ നിന്ന് കാണാം. ൧൯൪൯-൫൦-ൽ വരവ് ൪൦·൩൯ ആയിരുന്നെങ്കിൽ, ൧൯൫൩-൫൪-ൽ ഉദ്ദേശിക്കുന്ന വരവ് ൩൮൧·൦൦ Explanatory Memorandum on Budget 1953-54 Page ൩൨-ൽ പറയുന്ന ഭാഗം "Explanation of Variations. Enhanced receipts are expected from the sale of text-books this year and the next. Examination fees and the fees from Government Arts Colleges and schools are also expected to be higher in 1953-54. Hence the increase in the Revised and Budget Estimates." ഇങ്ങനെയാണ്.

ഇതിൽ ടെക്സ്റ്റ്ബുക്കു കച്ചവടത്തെപ്പററി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം. സർ, ഇപ്പോൾ ഇവിടെ ഏതു കാര്യത്തെപ്പററി പറഞ്ഞാലും, അതു പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നോ, ഉൾപ്പെടുത്തുമെന്നോ പറയുക ഒരു പതിവായിട്ടുണ്ട്. എന്നാൽ വിദ്യാഭ്യാസത്തെപ്പററിയും ഈ പഞ്ചവത്സരപദ്ധതിയിൽ ഇപ്രകാരം പറഞ്ഞുകാണുന്നു. (പക്ഷെ ഈ ബഡ്ജറ്റ് പഞ്ചവത്സരപദ്ധതിക്കനുസരിച്ചല്ലാ രൂപീകരിച്ചിരിക്കുന്നതു്).

"The Five Year Plan provides about Rs. 156 crores—Rs. 39 crores at the Centre and Rs. 117 crores in the States for educational development over the five-year period."

[ശ്രീ. പ്രാക്കുളം ഭാസി]

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ വിദ്യാഭ്യാസം വളരെ കാലംമുൻപുതന്നെ വളരെ പുരോഗമിച്ചിട്ടുണ്ടായിരുന്നു. കാൺഗ്രസ്സ് ഗവണ്മെൻറിൻെറ ഭരണവിശേഷംകൊണ്ടുണ്ടായ പുരോഗമനമല്ലാ അതു്. തിരുവിതാംകൂറും കൊച്ചിയും, മഹാരാജാക്കന്മാർ ഭരിച്ചിരുന്ന കാലത്തുതന്നെ വിദ്യാഭ്യാസവിഷയത്തിൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ മുന്നണിയിലായിരുന്നു. അന്നു് ഇൻഡ്യയിലെ പ്രധാനപ്പെട്ട രണ്ടു രാജ്യങ്ങളെന്നനിലയിൽ തിരുവിതാംകൂറും കൊച്ചിയും പ്രശസ്തിനേടിയിരുന്നു. ഈ മന്ത്രിസഭ ഭരണംതുടങ്ങിയതിനുശേഷം, എന്തെങ്കിലും പുരോഗമനം ഉണ്ടായിട്ടുണ്ടോ എന്നാണു ആലോചിക്കേണ്ടതു്. ഇപ്പോഴത്തെ നില പൊതുവെ നോക്കുകയാണെങ്കിൽ

"The present educational system also suffers from a number of defects.....An undue emphasis on academic training has retarded the development of a practical sense and resourcefulness among many students and the absence of adequate facilities for technical and vocational education results in much larger number of them going in for general education than is justified by the requirements of the country or their own aptitudes." ഇതാണു് ഇന്നത്തെ സ്ഥിതി.

ഫൻ ൪ ഫ–൪൨-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പറയുന്നതു് കഴിഞ്ഞ വർഷം ൪ ൦ ലക്ഷം രൂപയോളം ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നാണു്. ഈയാണ്ടത്തെ ബഡ്ജററിൽ മൂന്നുകോടിയിൽ ചില്വാനം രൂപ കൊള്ളിച്ചിട്ടുണ്ടെങ്കിലും അതിൽനിന്നു ഒരു ൫൦ ലക്ഷമെങ്കിലും ചെലവാക്കാതെ മിച്ചമെടുക്കണമെന്നു് ധനകാര്യമന്ത്രി കരുതിയിട്ടുണ്ടായിരിക്കണം എന്നാണു് എനിക്കു് തോന്നുന്നതു്. ഇന്നത്തെ വിദ്യാഭ്യാസത്തിൻെറ അധഃപതനത്തിനു് വിദ്യാഭ്യാസാധികൃതന്മാരെ കുററപ്പെടുത്തിയതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഇന്നത്തെ വിദ്യാഭ്യാസസംപ്രദായത്തിനുതന്നെ ഒരു സമൂലപരിവർത്തനം ആവശ്യമാണെന്നുള്ളതും ഇൻഡ്യയിലെ വിദ്യാഭ്യാസവിചക്ഷണന്മാരെല്ലാം പറഞ്ഞിട്ടുള്ളതാണു്.

പ്രാഥമിക വിദ്യാഭ്യാസത്തെപ്പററി പറയുകയാണെങ്കിൽ നിർബന്ധിതവും, സാർവ്വത്രികമാക്കുവാനുള്ളതും ആയ ഒരുപദ്ധതി ഫൻ ൪൩-ഫൻ ൪ ൧–ൽ തന്നെ ഇവിടെ നടപ്പിലാക്കിയിരുന്നു. അതു് ദിവാൻ ഭരണകാലത്തു് ആയിരുന്നു. കാൺഗ്രസ്സുകാർ അതു മറന്നിരിക്കും. ഫൻ ൪ ൧ മുതൽ ഫ൦ വർഷത്തിനകം തിരുവിതാംകൂർ രാജ്യത്തു് അതു ഒരു വർഷത്തിൽ മൂന്നു താലൂക്കുകൾ വീതം നടപ്പിലാക്കണമെന്നുമായിരുന്നു. അങ്ങിനെ ൯ താലൂക്കുകളിൽ നടപ്പിലാക്കി. പിന്നീടു പണത്തിൻെറ കുറവിൻെറപേരിൽ ആ പദ്ധതി കാൺഗ്രസ്സ് ഗവണ്മെൻറു കുഴിച്ചുമൂടി പ്രൈമറി എഡ്യൂക്കേഷൻ നിർബന്ധിതവും സാർവ്വത്രികവും ആക്കാത്തതിനെക്കുറിച്ചു് ഫെബ്രുവരി ഫ൧-ാംനു- പാറശ്ശാല സ്കൂൾ വാർഷികയോഗത്തിൽ ഇന്നത്തെ ധനകാര്യമന്ത്രിയും മുൻവിദ്യാഭ്യാസമന്ത്രിയും ആയ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു്, അതു് ഒരു

ആവശ്യമാണെന്നാണ്. പ്രായപൂർത്തിവോട്ടവകാശം നടപ്പിൽ വന്നിട്ടുള്ള ഈ രാജ്യത്തു ഇന്ന് അധികാരത്തിലിരിക്കുന്നവർ അതിനെ കഴിച്ചു മൂടിയിരിക്കുന്നതു് ജനങ്ങളോടു ചെയ്യുന്ന ഒരു ദ്രോഹമാണെന്നാണ് എനിക്കു പറയാനുള്ളതു്. ൧൯൩൧-൩൨-ൽ ഒൻപതു താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ൧൯൩൧-൩൨ വർഷത്തിൽ ചിറ്റൂർ താലൂക്കിലും ചെങ്കോട്ട താലൂക്കിലും മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളതു്. അപ്പോൾ കഴിഞ്ഞ കൊല്ലത്തിൽ അതിനുവേണ്ടി ബഡ്ജററിൽ പണം കൊള്ളിച്ചിട്ടുണ്ടെങ്കിലും യാതൊന്നും ചെലവാക്കിയിട്ടില്ല. പ്രൈമറി എഡ്യുക്കേഷൻ എന്ന ഇനത്തിൽ ബഡ്ജററിൽ ൧൯൩൧-൩൨ാം പുറത്തു ൧൯൩൧-൩൨-ലേക്കു ൯൩൦൦൦൦ രൂപാ Abolition of shift system and appointment of teachers എന്ന ഇനത്തിൽ കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇക്കൊല്ലംഒന്നുമില്ല.

Introduction of Compulsory Primary Education ൧൯൩൧-൩൨-ൽ ൯൩,൨൦,൨൯൯ രൂപായും ൧൯൩൨-൩൩-ൽ Budget estimate-ൽ ൪൨,൩൧,൧൦൦ രൂപായും കൊള്ളിച്ചിട്ടുണ്ട്. ഇക്കൊല്ലവും ഈ തുകകൾ ചിലവാക്കുമോ? എന്തോ?

"The Scheme of Compulsory Education was introduced in two more Taluks, viz., Chittur and Shencottah. The double shift system was continued throughout the year in the Travancore area." ഇങ്ങനെയാണ് Administration റിപ്പോർട്ടിൽക്കാണുന്നതു്. കാൺഗ്രസ്സ് ഭരണം തുടങ്ങിയതിന് ശേഷമുള്ള പുരോഗതി ഇതു് മാത്രമാണ്. ൧൯൩൯-൪൦-ലെ Budget-ൽ

A.	University	Rs.	36,45,400
B.	Secondary	Rs.	1,14,01,300
C.	Primary	Rs.	1,82,18,900
D.	Special	Rs.	5,05,200
E.	General Direction, Inspection, Scholarships, Miscellaneous.	Rs.	43,37,200
	ആകെ	Rs.	3,81,80,000

രൂപായാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതു്. Miscellaneous വകുപ്പിൽ Social Education-നും, Basic Education-നും പണം കൊള്ളിച്ചിട്ടുണ്ട്.

പ്രൈമറി എഡ്യുക്കേഷനുവേണ്ടി ൧൯൩൧-൩൨-ൽ കൊള്ളിച്ചിരിക്കുന്ന ൯,൪൦,൦൦൦ രൂപ ചെലവുചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇങ്ങനെയുള്ള ഒരു ബഡ്ജററ് ആണ് ഈ സഭയിൽ അവതരിച്ചിരിക്കുന്നതു്. കാൺഗ്രസ്സുകാരായാലും പ്രതിപക്ഷങ്ങളായാലും ശരി ഇതു പാസ്സാക്കരുതെന്നാണ് എനിക്കു പറയാനുള്ളതു്. എനിക്കു വളരെ ഏറെ പറയാനുണ്ട്. പക്ഷെ അതിനൊന്നും സമയമില്ല. അടുത്തതായി എനിക്കു പറയാനുള്ളതു വീണ്ടും കമ്പൽസറി പ്രൈമറി വിദ്യാഭ്യാസത്തെപ്പററിയാണ്. ഇൻഡ്യൻ ഭരണഘടനതന്നെ പറയുന്നുണ്ട്.

[ശ്രീ. പ്രാക്കുളം ഭാസി]

"Within ten years of its commencement free and compulsory Education should be provided for all children up to the age of 14."

ഇതിനുമുമ്പു വളരെനേരം തന്നെ കിരാതനെന്നു സഭയുടെ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും പറഞ്ഞിട്ടുള്ള സർ. സി. പി. ഇവിടെ നടപ്പിലാക്കിയതാണ് ഈ പദ്ധതി. എന്നാൽ അതിൽതന്നെ ഈ കാൺഗ്രസ്സ് സർക്കാർ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല. ഈവക കാര്യങ്ങൾ ഞങ്ങൾക്കു വിമർശിക്കുന്നതിനു അവകാശവും ആവശ്യവുമുണ്ട്. അതുപോലെതന്നെ പ്രൈമറി വിദ്യാഭ്യാസംകൊണ്ടു നാം ഉദ്ദേശിക്കുന്നതു്—

"Primary Education aims mainly at liquidating illiteracy..... Uninfluenced by other considerations; a boy out of the primary school when he becomes an adult should be able to exercise his vote for his own benefit and the benefit of his country."

തീർച്ചയായും പ്രൈമറിവിദ്യാഭ്യാസം കഴിഞ്ഞുവരുന്ന ഏതൊരാളും ഇന്നത്തെ വോട്ടിങ്ങിന്റെ രീതിയനുസരിച്ചു ഏതു പാർട്ടിക്കാണ് വോട്ടു ചെയ്യേണ്ടതെന്നെങ്കിലും മനസ്സിലാക്കേണ്ടതു ആവശ്യമാണ്. അതിനു ഈ പ്രൈമറി എഡ്യുക്കേഷൻ നിർബന്ധിതവും സാർവത്രികവും ആക്കേണ്ടതു ഏററവും ആവശ്യമാണ്.

ഇന്നു സെക്കൻണ്ടറിവിദ്യാഭ്യാസപരിഷ്കരണത്തിനു ഒരു കമ്മീഷനെ ഏർപ്പെടുത്തിയിരിക്കയാണ്. അവർ 'ക്വസ്റ്റ്യണയർ' അയച്ചു മറുപടി ശേഖരിച്ചു കൊണ്ടിരിക്കയാണ്. എന്നാൽ അതിനു ഒന്നുരണ്ടു നിർദ്ദേശങ്ങൾ എനിക്കു സമർപ്പിക്കാനുണ്ട്. ഞാൻ വലിയ ഒരു വിദ്യാഭ്യാസവിചക്ഷണൻ ഒന്നുമല്ലെങ്കിലും ഈ സെക്കൻണ്ടറി എഡ്യുക്കേഷനെ സംബന്ധിച്ചു ചിന്തിക്കുമ്പോൾ അതു രണ്ടു ഭാഗമാക്കണമെന്നുള്ളതാണ് എനിക്കു പറയുവാനുള്ളതു്. അതനുസരിച്ചു് ഒരു മൂന്നുകൊല്ലം പഠിച്ചുകഴിഞ്ഞാൽ അയാൾക്കു ഒരു ജോലിയുണ്ടാക്കി കൊടുക്കുക എന്നൊരു വ്യവസ്ഥയുണ്ടാക്കുക. അതായതു് സ്ഥലത്തുള്ള കൈത്തൊഴിലുകൾ കുറെയെല്ലാംകൂടി ആ സ്കൂളിൽ പഠിപ്പിക്കുക.

രണ്ടുരൂപ അപഹരിയ്ക്കുന്നതു്. അതുകൊണ്ടു് മുൻപുണ്ടായിരുന്ന അഞ്ചുരൂപ തന്നെ കൊടുക്കുന്നതിനുള്ള സന്മനസ്സു മുഖ്യമന്ത്രിയ്ക്കുണ്ടാകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. താഴ്ന്ന ഗ്രേഡിലുള്ള അദ്ധ്യാപകന്മാർക്കു ൧൦ര്.നു മുൻപു ൧ര രൂപയാണു് ശമ്പളം വച്ചിരുന്നതു്. ഇന്നു് അതു ൩൦—൬൦ ക. എന്നാക്കി ഉയർത്തിയിട്ടുണ്ടു്. മുൻപു മിഡിൽസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളസ്കെയിൽ ൨൫—൫൦, ൩൦—൬൦ എന്ന തരത്തിലായിരുന്നു. മുൻപു ൧ര രൂപ ശമ്പളം വാങ്ങിച്ചുകൊണ്ടിരുന്ന ആൾക്കു ൩൦-൬൦ സ്കെയിൽ അനുവദിച്ചിട്ടുണ്ടു്. അതിൽ കൂടുതലും കൊടുക്കുന്നതു നല്ലതുതന്നെ. അതേ സമയത്തു ഉയർന്ന ഗ്രേഡിൽ ഇരുന്ന മിഡിൽസ്കൂൾ അദ്ധ്യാപന്മാർക്കു് ഇന്നും കിട്ടുന്നതു ൩൦-൩൦ കയാണു്. അതു തീർച്ചയായും അത്ര ആശാസ്യമായ ഒന്നാണെന്നു് എനിക്കു തോന്നുന്നില്ല. അതിനാൽ തിരുവനന്തപുരം മെംബർ പറഞ്ഞതുപോലെ ൩൦-൩൦ കയെന്നും ൪ ൫-൭ ൫ ക.യെന്നും രണ്ടു് സ്കെയിൽ ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നും, അ കാരം ഒരു വർദ്ധനവു് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ സ്കെയിൽ ൩൦—൧—൪൦-൨—൫൦ എന്നുള്ളതു് ൩൦—൨—൫൦ എന്നാക്കണമെന്നും അപേക്ഷയുണ്ടു്. ഇങ്ങനെ പറയുമ്പോൾ ഉത്തരവാദിത്വമില്ലാതെ സംസാരിക്കുന്നുവെന്നു ആരും വിചാരിച്ചേയ്ക്കരുതു്. ശമ്പളം വർദ്ധിപ്പിക്കുന്നതിനു കൂടുതൽ പണം വേണമെന്നുള്ളതിൽ പക്ഷാന്തരമില്ല. അദ്ധ്യാപകന്മാരുടെ പ്രശ്നം വളരെ കഴിഞ്ഞ ഒരു പ്രശ്നമാണെന്നുള്ളതും ശരിയാണു്. ആ സ്ഥിതിക്കു് ഇങ്ങനെ ശമ്പളം വർദ്ധിപ്പിക്കുന്നതിനു് ഫണ്ടു് എവിടെ നിന്നെന്നു വിദ്യാഭ്യാസ മന്ത്രി ചോദിച്ചേക്കാം. അതു ശരിയായ ഒരു ചോദ്യമാണു്. അദ്ധ്യാപകന്മാർക്കു ൧ ൫-൧൦൦ ക. ശമ്പളം കൊടുക്കുന്ന കാര്യത്തിലും, മന്ത്രിസഭയിലുള്ള ഒരു തർക്കം അതൃപ്തിയുണ്ടാകുമെന്നു് എനിക്കു തോന്നുന്നില്ല. അവർക്കും അതു് ഇഷ്ടമായിരിക്കാനെ ഇടയുള്ളു. പക്ഷെ, അതിനുള്ള വരവു് സ്റ്റേററിനു് ഉണ്ടായിരിക്കണം. സംതൃപ്തരായ അദ്ധ്യാപകന്മാരില്ലെങ്കിൽ നാളത്തെ ഭാവി ശോചനീയമായിരിക്കുമെന്നു പറഞ്ഞാൽ, അതിൽ ഒരതിശയോക്തിയും ഉണ്ടെന്നു തോന്നുന്നില്ല. അദ്ധ്യാപകന്മാർ കീറിയ മുണ്ടും, കീറിയ ഉടുപ്പും, കീറിയ കുടയുമായി പള്ളിക്കൂടത്തിൽ ചെന്നാൽ എങ്ങനെയാണു് കുട്ടികൾ ബഹുമാനിക്കുക? ആ അദ്ധ്യാപകനെ കുട്ടികൾ പരിഹസിക്കുകയെ ഉള്ളു. അങ്ങനെയുള്ള അദ്ധ്യാപകർ പറയുന്നതനുസരിച്ചു കുട്ടികൾ പ്രവർത്തിക്കുകയുമില്ല. അദ്ധ്യാപകൻ സാമാന്യമായ നിലയിൽ ആഹാരം കഴിച്ചിട്ടുള്ളവനും, വസ്ത്രധാരണം ചെയ്തിട്ടുള്ളവനുമായിരിക്കണം. എങ്കിൽ മാത്രമെ വിദ്യാർത്ഥികൾ അദ്ധ്യാപകനെ ബഹുമാനിക്കുകയുള്ളു. അങ്ങനെ അദ്ധ്യാപകന്മാർ സംതൃപ്തരായിത്തീരണമെങ്കിൽ, അതിനു തക്ക ശമ്പളം അവർക്കു കൊടുക്കണമാണു്. വേണ്ടി വന്നാൽ ഒരു എഡ്യുക്കേഷൻ സെസ്സു് ഏർപ്പെടുത്തിയാലും തരക്കേടില്ലെന്നാണു് എനിക്കു പറയാനുള്ളതു്. മൈസൂർ മുതലായ സംസ്ഥാനങ്ങളിൽ അപ്രകാരമുള്ള നികുതി ഏർപ്പെടുത്തിയിട്ടുണ്ടു്. കരത്തിനെ ആശ്രയമാക്കി ഇത്ര രൂപ കൊടുക്കുന്ന ആളുകൾ ഇത്ര നികുതിക്കൂടി ചേർത്തു് ഇത്ര രൂപ കൊടുക്കണമെന്നു ഒരേർപ്പാടു വയ്ക്കുകയാണെങ്കിൽ ഒരു നല്ല തുക കിട്ടുമെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു് ആ കാര്യത്തെപ്പററി ഗവണ്മെൻറു കാര്യമായി ചിന്തിക്കണമെന്നും, വേണ്ടിവന്നാൽ അങ്ങനെയൊരു

നീക്കതി ഏർപ്പെടുത്തിയെങ്കിലും അദ്ധ്യാപകന്മാരുടെ ശമ്പളം ഉടനടി വർദ്ധിപ്പിക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

മറ്റൊന്ന്, ബഹുമാനപ്പെട്ട നെടുമങ്ങാട്ടു മെംബർ പറഞ്ഞ കാര്യമാണ്. പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ൩൦ രൂപ ശമ്പളം മാത്രമെയുള്ളു. ഡിയർനസ് അലവൻസ് ഇല്ല. ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ൩൦-൫൦ ക. ഉണ്ട്. തുല്യജോലിക്കു തുല്യശമ്പളം എന്നുള്ളതു കേവലം ഒരു മുദ്രാവാക്യമാത്രമാണ്. അതനുസരിച്ച് അവരുടെ ശമ്പളം ഒന്നു പരിഷ്കരിക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. താണുപിള്ള : പ്രൈവറ്റ്സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു മാനേജ്മെൻറ് ശമ്പളം കൂട്ടികൊടുക്കുന്നെങ്കിൽ ഗവണ്മെൻറിനു വല്ല തടസ്സവുമുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അങ്ങനെ കൂട്ടികൊടുക്കുന്നെങ്കിൽ അതു വളരെ നല്ല കാര്യമാണ്. പക്ഷെ, അങ്ങനെ കൊടുക്കുന്നില്ലെന്നേയുള്ളു.

മറ്റൊന്ന്, ഇപ്പോൾ ൩൦-൫൦, ൩൦-൩൦ എന്നുള്ള സ്കെയിലുകൾ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കും, മിഡിൽസ്കൂൾ അദ്ധ്യാപകന്മാർക്കും കൊടുത്തിട്ടുണ്ടെങ്കിലും അവരുടെ മുഴുവൻ സർവ്വീസും വകവച്ച് ഇൻക്രിമെൻറ് കൊടുത്തിട്ടില്ലെന്നുള്ളതാണ്. പ്രൈവറ്റ് സെക്കൻററിസ്കൂളിലെ അദ്ധ്യാപകന്മാർക്ക് മുൻസർവീസ് പരിഗണിച്ച് ഇൻക്രിമെൻറ് കൊടുത്തിട്ടുണ്ട്. ഒരു തത്വം ഒരു കൂട്ടരെ സംബന്ധിച്ച് അംഗീകരിച്ചാൽ, ആ തത്വം മറ്റ് ഒരുകൂട്ടരുടെ കാര്യത്തിലും അംഗീകരിക്കേണ്ടതാണ്. അദ്ധ്യാപകന്മാർക്കുള്ള മുഴുവൻ സർവ്വീസും വകവച്ച് ഇൻക്രിമെൻറ് കൊടുക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ പറയാനുള്ളത്.

വേറൊന്ന് ആക്ററിംഗ് അദ്ധ്യാപകന്മാരുടെ കാര്യമാണ്. ഇന്ന് വിദ്യാഭ്യാസഡിപ്പാർട്ടുമെൻറിൽ ആക്ററിംഗ് അദ്ധ്യാപകന്മാർ വളരെയുണ്ട്. അവരെ ആരെയും സ്ഥിരപ്പെടുത്തിയിട്ടില്ല. ഡിപ്പാർട്ടുമെൻറിലാണെങ്കിൽ ധാരാളം വേക്കൻസികളുമുണ്ട്. മിക്ക സ്കൂളുകളിലും ആവശ്യത്തിനുള്ള അദ്ധ്യാപകന്മാർ ഇല്ലാതിരിക്കുകയാണു ചെയ്യുന്നത്. നെടുമങ്ങാട്ട് താലൂക്കിലുള്ള പല സ്കൂളുകളിലും അദ്ധ്യാപകന്മാർ ആവശ്യത്തിനില്ല. എനിക്ക് ഗവണ്മെൻറിനോടു അപേക്ഷിക്കുവാനുള്ളതു ഈ ആക്ററിംഗ് അദ്ധ്യാപകന്മാരെയെല്ലാം ഉടൻതന്നെ സ്ഥിരപ്പെടുത്തണമെന്നാണ്. അതുപോലെതന്നെ, വേക്കൻസികളിലെല്ലാം ഉടനടി അദ്ധ്യാപകന്മാരെ നിയമിക്കയും ചെയ്യണം. മറ്റൊരു കാര്യം കൂടി എനിക്ക് ഗവണ്മെൻറിനെ അറിയിക്കാനുണ്ട്. അദ്ധ്യാപകന്മാരെ വളരെ ദൂര സ്ഥലങ്ങളിലേയ്ക്കു സ്ഥലംമാററിവരുന്നുണ്ട്. നിവൃത്തിയുള്ളിടത്തോളം സ്വന്ത സ്ഥലത്തുതന്നെ അവരെ നിയമിക്കണം. അതിനു നിവൃത്തിയില്ലെന്നു കാണുന്നപക്ഷം, ഏററവും അടുത്ത സ്ഥലങ്ങളിൽ നിയമിക്കണം. ഒരു സംഗതിവശാലും അദ്ധ്യാപകന്മാരെ അന്യ സ്ഥലങ്ങളിൽ സ്ഥലംമാററരുതെന്ന് എനിക്കപേക്ഷയുണ്ട്. സ്വന്ത സ്ഥലത്താണെങ്കിൽ സ്വന്തമായി ഒരു കുടിലെങ്കിലും കിടക്കാൻ കാണുമെന്നുള്ളതുകൊണ്ട് ഈ

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള.]

തുച്ഛശമ്പളം വാങ്ങി, അവർ അങ്ങനെയും ജീവിച്ചുകൊള്ളും. അങ്ങനെയുള്ളവരെ അന്യ സ്ഥലങ്ങളിൽ അയച്ചാൽ വളരെ കഷ്ടപ്പെടുമെന്നുള്ളതു ഞ്ഞാവക്കും അറിയാവുന്നതാണ്. മാത്രമല്ല, ദാരിദ്ര്യം കൂടുതൽ അനുഭവിക്കുന്ന ഈ അദ്ധ്യാപകന്മാക്ക് സന്താനങ്ങളും കൂടുതൽ കാണും. സന്താനങ്ങൾ കൂടുതൽ ഉണ്ടാകുന്നതു് ദാരിദ്ര്യം കൂടുതൽ അനുഭവിക്കുന്നവക്കാണെന്നാണ് ഡാക്ടർമാരുടെ അഭിപ്രായം. അങ്ങിനെ ധാരാളം സന്താനങ്ങളുള്ള അദ്ധ്യാപകനെ ദൂരസ്ഥലത്തു് സ്ഥലംമാററിയാൽ അവർ പട്ടിണി കിടന്നു. പരവശരാകുമെന്നുള്ളതു് നിർവ്വിവാദമാണ്. ഇതെല്ലാം പരിഗണിച്ചു് നിവൃത്തിയുള്ളിടത്തോളം സ്വന്തസ്ഥലത്തുതന്നെ അവരെ നിയമിക്കേണ്ടതാണ്.

സാധാരണയായി സ്ഥലംമാററം മദ്ധ്യവേനൽകാലങ്ങളിലും അഡ്ജസ്ററുമെൻറു സ്കൂൾവർഷത്തിൻെറ മദ്ധ്യത്തിലുമാണ് ചെയ്യാറുള്ളതു്. അങ്ങിനെയാകുമ്പോൾ അദ്ധ്യാപകന്മാരെ അവക്ക് സൌകര്യമുള്ള സ്ഥലങ്ങളിൽ പോസ്ററു ചെയ്യാൻ കഴിയാതെവരും. അതിനാൽ അഡ്ജസ്ററുമെൻറും സ്ഥലമാററവും ഒരേ അവസരത്തിൽ നടത്തേണ്ടതാണ്. അങ്ങിനെയായാൽ തൃപ്തികരമായ രീതിയിൽ പ്രവർത്തിയ്ക്കാൻ കഴിയുന്നതാണ്. നാളെത്തെ പൌരന്മാരായ ഇന്നത്തെ പിഞ്ചു പൈതങ്ങളെ നേരായ രീതിയിൽ അദ്ധ്യയനം ചെയ്യിക്കാൻ കടമപ്പെട്ടവരും ഉൽകൃഷ്ടമായ അദ്ധ്യാപകവൃത്തി നടത്തുന്നവരുമായ ഇന്നത്തെ പാവപ്പെട്ട അദ്ധ്യാപകന്മാരുടെ കാര്യത്തിൽ ഗവണ്മെൻറു കൂടുതൽ ശ്രദ്ധയും താല്പര്യവും കാണിക്കണമെന്നുള്ള അപേക്ഷയോടു സമയം ചുരുക്കുന്നു. അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : സർ, ഈ ഡിമാൻറിനെ അനുകൂലിച്ചുകൊണ്ടും പ്രതികൂലിച്ചുകൊണ്ടും ബഹുമാനപ്പെട്ട പല മെംബറന്മാരും പല കാര്യങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അവയ്ക്കെല്ലാററിനും മറുപടി പറയുവാനുള്ള സമയം ഇല്ലാതെ വന്നതിൽ ഖേദിക്കുന്നു. പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾക്ക് മാത്രം സമാധാനം പറയാം.

ഇതുസംബന്ധിച്ചുള്ള ചർച്ചാവേളയിൽ ഇവിടെ പ്രധാനമായി ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യം അദ്ധ്യാപകന്മാക്ക് കൊടുത്തുവരുന്ന ശമ്പളക്കുറവിനെപ്പററിയാണ്. അവരുടെ ശമ്പളം സാരമായ വിധത്തിൽ വർദ്ധിപ്പിക്കണമെന്നു് പല മെംബറന്മാരും അഭിപ്രായപ്പെടുകയുണ്ടായി. അദ്ധ്യാപകന്മാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ചു് ഫൻ ഇറ ഇലെ ഫ ഠ—ാംനു ഒരു ഗവണ്മെൻറു് പ്രൊസീഡിംഗ്സ് പാസ്സാക്കി, അതിൻെറ ഫലമായി ഫ ഠ— ൪'ഠ ലക്ഷം രൂപയോളം കൂടുതൽ ഗവണ്മെൻറിനു ചെലവു വന്നിട്ടുണ്ട്. അടുത്ത വർഷത്തേക്കുള്ള ബഡ്ജററിൽ വിദ്യാഭ്യാസച്ചെലവിനായിട്ടുള്ള നവ്വറ ലക്ഷം രൂപായ്ക്കുപുറമെ സ്കൂളുകൾ നന്നാക്കുന്നതിനും മററുമായി ൻ ലക്ഷം രൂപയുംകൂടി കൊള്ളിച്ചിട്ടുണ്ട്. മൊത്തത്തിൽ നൽ ഠ ലക്ഷത്തിൽപരം രൂപയാണു വിദ്യാഭ്യാസച്ചെലവിലേക്കായി ബഡ്ജററു് ചെയ്തിരിക്കുന്നതു്. ഈ രാജ്യത്തെ സാമ്പത്തികസ്ഥിതിക്കും ഇപ്പോഴത്തെ പരിതഃസ്ഥിതിക്കും ഇതിൽക്കൂടുതലായ ഒരു തുക വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കാൻ സാധിക്കുമോയെന്നു്

ബഹുമാനപ്പെട്ട മെംബറന്മാർതന്നെ ആലോചിക്കേണ്ടതാണ്. ഇ വ ണ്ണം ബഡ്ജറ്റ് ഒരു കമ്മി ബഡ്ജറ്റാണെന്നു എല്ലാവർക്കും അറിയാം. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഹസ്റ്റ്ഗ്രേഡിലും, സെക്കൻറ് ഗ്രേഡിലും, തേഡ്ഗ്രേഡിലും ഇരിക്കുന്ന അദ്ധ്യാപകന്മാരുടെ പ്രമോഷനെപ്പററി സംസാരിച്ചു. ശരിയായ വിധത്തിൽ പ്രമോഷൻ ലഭിക്കാത്തതുകൊണ്ടു് അദ്ധ്യാപകന്മാർക്ക് കുറെയൊക്കെ അസംതൃപ്തിയുണ്ടാകാം. പല സ്കൂളുകളിലും അദ്ധ്യാപകന്മാരില്ലാതിരുന്നതുകൊണ്ടു് പ്രൈവററ സ്കൂളുകളിലിരുന്ന അദ്ധ്യാപകന്മാരെയും മററുള്ള ചിലരെപ്പേരേയും നിയമിച്ചു. അങ്ങനെ നിയമിച്ചപ്പോൾ കുറെയധികം അദ്ധ്യാപകന്മാർക്ക് ൪0 രൂപാ സ്ഥിര ശമ്പളമായും കുറെയധികം പേർക്ക് ൪0-൫00 രൂപാവരെ ശമ്പളമായും ആണ് കൊടുത്തതു്. കുറെ കഴിഞ്ഞു് എല്ലാവർക്കും ഒരേ നിരക്കിൽ ൪0-൫00 രൂപാ സ്കെയിൽ അനുവദിച്ചു. ഗ്രേഡുവോററ് അദ്ധ്യാപകന്മാർ ൫-ാംഗ്രേഡിൽ ൫൩൨-ം ൨-ാം ഗ്രേഡിൽ ൨൩൨-ം ൩-ാംഗ്രേഡിൽ ൫൨൩൩-ം ആണുള്ളതു്. ഇവർക്ക് ശരിയായ രീതിയിൽ പ്രമോഷൻ കൊടുക്കുവാൻ ഇന്നത്തെ സാമ്പത്തികസ്ഥിതി അനുവദിക്കുന്നില്ലെന്നുമാത്രമാണ് എനിക്ക് മൊഴിയിൽ പറയുവാനുള്ളതു്. ൫:൨:൩ എന്ന ക്രമത്തിൽ പ്രമോഷൻ കൊടുക്കണമെന്നുള്ള അഭിപ്രായത്തെ ന്യായീകരിക്കുവുന്നതാണെങ്കിലും ഗവണ്മെൻറിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതി അതിനെ അനുവദിക്കുന്നില്ലെന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളതു്.

ശ്രീ. എ. തണ്ണിപ്പിള്ള : ഇപ്പോൾ ൪0 രൂപാ ശമ്പളത്തിൽ നിയമിക്കപ്പെടുന്ന അദ്ധ്യാപകന്മാർ ഏത്ര കൊല്ലത്തെ സർവ്വീസിനുശേഷമാണ് മുകളിലത്തെ ഗ്രേഡിലേക്ക് പ്രമോഷൻ ചെയ്യപ്പെടാൻ ഇടയുള്ളതെന്നു വല്ല കണക്കും എടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ ഒരു പ്രത്യേക കണക്കെടുത്തിട്ടില്ല. ഇതിൽ കുറെ അദ്ധ്യാപകന്മാർക്ക് ൫൭൫-൨൨൪ രൂപാ സ്കെയിലിലേക്ക് പ്രമോഷൻ ചെയ്യപ്പെടാൻ ഇടയുണ്ടെന്നുമാത്രം പറയാം. ഇപ്പോൾ ഉള്ള സ്ഥാനങ്ങൾ മതിയായി എന്നു ഗവണ്മെൻറിനഭിപ്രായമില്ല. പക്ഷെ, ഇതിൽക്കൂടുതൽ കൊടുക്കുവാൻ നിവൃത്തിയില്ല. അത്രയ്ക്കുള്ള കഴിവുമാത്രമെ ഗവണ്മെൻറിനുള്ളു. അല്ലെങ്കിൽ നെയ്യാററിൻകര മെംബർ പറഞ്ഞതുപോലെ എഡ്യുക്കേഷനൽ സെസ്സോ മറെറാ ഏർപ്പെടുത്തേണ്ടിവരും.

ശ്രീ. എ. തണ്ണിപ്പിള്ള : ഇവരുടെ ജോലി ഒരേ രീതിയിലാക്കിയിട്ടു ഇത്രകൊല്ലത്തെ സർവ്വീസു കഴിയുമ്പോൾ ൫ ൪ ൦ രൂപയോ ൫ ൭ ൦ രൂപയോ ശമ്പളം കിട്ടത്തക്കവണ്ണം വ്യവസ്ഥ ചെയ്യുകൂടേ ?

ശ്രീ. എ. ജെ. ജാൻ : അതിനും വളരെ പ്രയാസമുണ്ട്. ഗവണ്മെൻറ് സ്കൂളിലെ അദ്ധ്യാപകന്മാരുടെ സ്ഥിതിയെപ്പററി ഞാൻ പറഞ്ഞു കഴിഞ്ഞു. അവർക്ക് കൂടുതൽ കൊടുത്താൽ കൊള്ളാമെന്നു് ഗവണ്മെൻറിനാഗ്രഹമുണ്ടെങ്കിലും ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിക്ക് കൂടുതൽ കൊടുക്കുവാൻ നിവൃത്തിയില്ല.

[ശ്രീ. എ. ജെ. ജാൺ.]

അടുത്തതായി അണ്ടർഗ്രാഡുവേറ്റ് ടീച്ചേഴ്സിനെപ്പററിയാണു പറഞ്ഞതു്. അവർ ആകെ നൂറ്റമ്പതു പേർ ഉണ്ടു്. അവരിൽ അധികം പേരും പ്രൈവേറ്റ് സ്കൂളിൽനിന്നും എടുത്തവരാണു്. അവർക്കു ഇപ്പോൾ കൊടുത്തുവരുന്ന നൂ ൦-൩൦ രൂപ ശമ്പള സ്കെയിൽ പോരാ എന്നു ഇവിടെ പലരും പറയുകയുണ്ടായി. ഇതിലേക്കു അവർ കൊണ്ടുവന്ന വാദമുഖങ്ങൾ മുഴുവനും ശരിയല്ല. ചിലർക്കു് അൻപതു രൂപയും കൊടുത്തുവരുന്നുണ്ടു്. ഇവരിലാരെയും നിർബന്ധമായി ഗവർമ്മെൻറിലേക്കു് എടുത്തിട്ടുള്ളതല്ല. അവരുടെ ശമ്പളം ഇന്നതാണെന്നു അറിഞ്ഞതിനു ശേഷം സമ്മതമുള്ളവരെ മാത്രമാണു് നിയമിച്ചിട്ടുള്ളതു്. ൨൫-൨൫ രൂപ ശമ്പളക്രമത്തിലും നൂ ൦ രൂപ ശമ്പളത്തിലും, നൂ ൦-നൂ-൩൦ രൂപാ ശമ്പളക്രമത്തിലുമാണു് ഇവിടെ അദ്ധ്യാപകന്മാരെ നിയമിച്ചിട്ടുണ്ടു്. കൊച്ചിയിൽ നൂ ൦-൬൫ രൂപ ശമ്പളക്രമമാണുള്ളതു്. ഈ വ്യത്യാസം നീക്കുന്നതിനായി എല്ലാവർക്കും നൂ ൦-നൂ-൩൦ എന്ന ശമ്പളക്രമം അനുവദിച്ചിട്ടുണ്ടു്. എന്നാൽ നൂ ൦-൬൫ സ്കെയിലിൽ സ്ഥിര ലാവണത്തിലുള്ള കൊച്ചിയിലെ അദ്ധ്യാപകന്മാർക്കു ആ സ്കെയിൽ കിട്ടുന്നതാണു്. ഗവർമ്മെൻറിൻെറ ഇന്നത്തെ സാമ്പത്തികസ്ഥിതി എല്ലാം നോക്കിയാണു് ഇതനുവദിച്ചിട്ടുള്ളതു്. ഇന്നുള്ള അണ്ടർഗ്രാഡുവേറ്റ് ടീച്ചേഴ്സിനെല്ലാം പത്തു രൂപ കൂടി ശമ്പളക്കൂടുതൽ കൊടുക്കണമെങ്കിൽ, അതിനുമാത്രം ഉദ്ദേശം മൂന്നരലക്ഷം രൂപ കൂടി വേണ്ടിവരും.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻ നായർ : ഗവർമ്മെൻറു നടത്തിയ ശമ്പള പരിഷ്ക്കരണത്തിൽ ചില അദ്ധ്യാപകന്മാരുടെ ശമ്പളം കുറയ്ക്കുകയല്ലേ ചെയ്തതു് ?

ശ്രീ. എ. ജെ. ജാൺ : അല്ല, ഇതിനെ സംബന്ധിച്ചുള്ള പ്രൊസീഡിംഗ്സ് ഞാൻ വായിക്കാം:

"There are teachers on Rs. 22-28, Rs. 30 and Rs. 30-3-60 in the Middle school in Travancore. The Middle School scale in Cochin is Rs. 30-75. To remove the disparity, all the Middle School teachers of Travancore, including those on Rs. 22-28, Rs. 30, and Rs. 30-60 will be given the scale of Rs. 30-3-60."

ശ്രീ. എ. താണുപിള്ള : എടുത്തിട്ടുള്ള അദ്ധ്യാപകന്മാരുടെ സർവ്വീസു കണക്കാക്കി അൻപതു ശതമാനമൊ ഇരുപത്തഞ്ചു ശതമാനമൊ ഇംക്രിമെൻറ് അനുവദിച്ചു കൊടുക്കുന്നതിൽ എന്താണു് ആക്ഷേപം ?

ശ്രീ. എ. ജെ. ജാൺ : അതിലും കുഴപ്പമുണ്ടു്. ഇപ്പോൾ ഇവർക്കു ഇങ്ങനെ സർവ്വീസു കണക്കാക്കി ഇംക്രിമെൻറു കൊടുത്താൽ അതിനെത്തുടർന്നു മററുപല കാര്യങ്ങളും ഉൽഭവിക്കും, അതു ഗവർമ്മെൻറിനു ചെലവു കൂട്ടുന്ന ഏർപ്പാടുകളാണു്. കഴിവുള്ളിടത്തോളം ഇവർക്കു ശമ്പളക്കൂടുതൽ നൽകാവുന്ന വഴികൾ ഗവർമ്മെൻറു് ആരാഞ്ഞുകൊണ്ടിരിക്കുകയാണു്. കൊല്ലംതോറും കൂടുതൽ കൂടുതൽ തുക അനുവദിക്കുന്നുണ്ടു്. ഗവർമ്മെൻറു പ്രൈമറി സ്കൂളുകളിൽ ൧൫, ൯ ൪൯ അദ്ധ്യാപകന്മാരും, മിഡിൽസ്കൂളുകളിൽ ൯, ൩ ൩ ൦ അദ്ധ്യാപകന്മാരുമുണ്ടു്. ഇവർക്കെല്ലാം ഒരു രൂപ വച്ചു് ശമ്പള

കൂടുതൽ കൊടുക്കണമെങ്കിൽ മൂന്നുലക്ഷം രൂപ വേണ്ടിവരും. ഇങ്ങനെയുള്ള പ്രയാസങ്ങളെല്ലാം കണ്ടുകൊണ്ടാണ് ഗവർമ്മെന്റ് ഇന്നത്തെ വ്യവസ്ഥ ചെയ്തിരിക്കുന്നത്. ബഹുമാനപ്പെട്ട മെംബറന്മാരുടെ അഭിപ്രായങ്ങളോടു യോജിപ്പുണ്ടെങ്കിലും തൽക്കാലം ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നതിനേ നിവൃത്തിയുള്ളു. അല്ലെങ്കിൽ വേറെ എന്തെങ്കിലും വരവിനങ്ങൾ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ട് പത്തു മാസമെ ആയിട്ടുള്ളു. അതിലേക്കു നാൽപ്പതു ലക്ഷത്തോളം രൂപ കൂടുതൽ ചെലവാക്കുന്നുമുണ്ട്. ഇതിൽ കൂടുതൽ ഇപ്പോൾ ഒന്നിനും നിവൃത്തിയില്ല.

ശ്രീ. പി. ചാക്കോ അധ:കൃത ക്രിസ്ത്യാനികൾക്കു എയിഡഡ് സ്കൂളുകളിൽ ഫീസ് സൗജന്യം ലഭിക്കുന്നില്ലാ എന്നു പറയുകയുണ്ടായി. അതു ശരിയല്ലാ. പിന്നോക്കസമുദായ വർഗ്ഗത്തിൽപ്പെട്ട ഒരാളല്ലെങ്കിൽ ഫീസ് സൗജന്യം ലഭിക്കുകയില്ല.

ശ്രീ. ആർ. കേശവൻ നായർ പ്രൈമറി പള്ളിക്കൂടങ്ങളിലെ തുപ്പുകാർക്കും മററും ഒന്നും കൊടുക്കുന്നില്ലെന്നു പറഞ്ഞു. അതും ശരിയല്ല. പ്രതിമാസം ഏകദേശം രൂപാവീതം കണ്ടിൻജൻസി വകയ്ക്കു അവർക്കു കൊടുത്തുവരുന്നുണ്ട്.

ടെക്സ്ററ് ബുക്കുകളെ സംബന്ധിച്ചു ഒന്നുരണ്ടു മെംബറന്മാർ അഭിപ്രായം പറയുകയുണ്ടായി. ഇക്കൊല്ലം ടെക്സ്ററ് ബുക്കുകൾ മുഴുവൻ ഗവർമ്മെന്റു തന്നെ പബ്ളിഷു ചെയ്യാൻ പോകുകയാണ്. അല്ലാതെ, ആരെക്കൊണ്ടും പബ്ളിഷു ചെയ്യിക്കുന്നില്ല. അതിലേക്കു ഇക്കൊല്ലം വിദഗ്ദ്ധന്മാരടങ്ങിയ ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും അതിൻ്റെ നടപടികൾ നടത്തുകയും ചെയ്യുന്നുണ്ട്. സബ്ജക്ററു സംബന്ധിച്ചുള്ള ടെക്സ്ററ് ബുക്കുകളിൽ പലതും ഗവർമ്മെന്റുതന്നെ പബ്ളിഷുചെയ്യാൻ വിചാരിക്കുകയാണ്. നാൺഡിറെറയിൽഡ് പുസ്തകങ്ങൾ പല്ലവനോക്കി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. എ. തങ്കപ്പിള്ള : ടെക്സ്ററുബുക്കുകളിൽ മഹാത്മാഗാന്ധിയെ കൽക്കട്ടായിൽവച്ചു വധിക്കപ്പെട്ടു എന്നതുപോലെയുള്ള തെററുകൾ വരാതിരിക്കാൻ സൂക്ഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുള്ള തെററുകൾ വരികയില്ല. ശ്രീ. ജി. ചന്ദ്രശേഖരപിള്ള സ്കൂൾ കെട്ടിടങ്ങൾ നന്നാക്കുന്നില്ലെന്നു പരാതിപ്പെട്ടു. ഇക്കൊല്ലം അതിലേക്കു എട്ടുലക്ഷം രൂപാ നീക്കിവച്ചിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായി നന്നാക്കേണ്ട സ്കൂളുകൾ മിക്കവാറും മുഴുവനും നന്നാക്കുവാൻ കഴിയുമെന്നു ഗവർമ്മെന്റു വിചാരിക്കുന്നു.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പ്രൈവററു സ്കൂളുകൾ നന്നാക്കുന്നതിനെ സംബന്ധിച്ച് അഭിപ്രായം പറപ്പെടുവിക്കുകയുണ്ടായി. ഇതു അദ്ദേഹത്തിൻെറ ഇപ്പോഴുള്ള അഭിപ്രായമല്ല. ഇതു സംബന്ധിച്ചു എനിക്കു കൂടുതലായി ഒന്നും പറയാനില്ല. പ്ലാനിംഗ് കമ്മിററി റിപ്പോർട്ടിൽ ഇതേപ്പററി ഒരു പാരഗ്രാഫിൽ ഇങ്ങനെ പറയുന്നു;

[ശ്രീ. ജി. ചന്ദ്രശേഖരപിള്ള.]

"Role of private agencies :

"Private agencies have always an important role to play in a democracy. In India where till recently they have had the major share of responsibility for welfare activities, they occupy a special place. Private agencies are generally able to manage things more cheaply than the Government for they are able to appeal more effectively to the idealism of workers and are comparatively free from red tape. In view of these considerations and the fact that mobilisation of the efforts of the entire nation is necessary to meet the situation in regard to education, for which private agencies are especially fitted, it should be a priority task in the plan to help private agencies to develop their capacity fully and function effectively. Both the Central and State Governments have schemes for helping private agencies."

ഇതിൽനിന്നും, പ്രൈവറ്റ് സ്കൂളുകൾ നടത്താനുള്ള അവകാശം നമുക്കുണ്ടെന്നു കാണാവുന്നതാണ്.

Mr. Speaker : Do you press your motion, Mr. Bhasi ?

Shri Prakulam Bhasi : Yes.

The motion was put and lost.

The question that the Government be granted a sum of Rs. 3,81,08,000 under Demand XVIII—Education—was put and carried.

The grant was made.

Mr. Speaker : The House will now adjourn and meet again to-morrow at 11 O'clock.

The Assembly adjourned at 5 p.m. to meet again at 11 A.M. on Thursday, the 19th March 1953.

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION - 1953.

Wednesday, the 19th March, 1953.

Vol. VIII. OFFICIAL REPORT No. 18

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Wednesday, the 19th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഗവണ്മെൻറ് ഹോസ്റ്റൽ.

* ൪൩൨. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവണ്മെൻറ് ഹോസ്റ്റലിൽ നിന്നും എത്ര പേരെ വിദ്യാർത്ഥികളെ ഇടയിടെ ബഹിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്ത് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഈ ചോദ്യം ഇതിനുമുമ്പ് ആൻസർ ചെയ്തതാണ്.

(എ) ഉണ്ട്.

(ബി) ഹോസ്റ്റലിൽ താമസക്കാരായ വിദ്യാർത്ഥികൾ വാടകയും മററും കൊടുക്കാതിരിക്കുന്നതിനുവേണ്ടി പ്രചാരണം നടത്തി. ഹോസ്റ്റലിലെ അന്തരീക്ഷം ദൂഷിപ്പിക്കുന്നതിനായി പ്രത്യക്ഷമായും പരോക്ഷമായും ഏതാനുംപേർ പ്രവർത്തനം നടത്തിവരുന്നു എന്നു ബോദ്ധ്യപ്പെട്ടതിനാൽ ൨൦ പേരെ ഹോസ്റ്റലിൽനിന്നും ബഹിഷ്ക്കരിച്ചിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : എത്ര സ്റ്റുഡൻസിനെയാണ് എക്സ്പെൽ ചെയ്തിട്ടുള്ളത് ?

മി. സ്പീക്കർ : ൨൦ പേരെ.

ശ്രീ. ആർ. ഗംഗാധരൻ : ഇതു ഹോസ്റ്റൽ വാർഡിന്റെ നിർദ്ദേശമനുസരിച്ചാണോ ?

ശ്രീ. എ. ജെ. ജാൺ : ആയിരിക്കണം.

ശ്രീ. ആർ. ഗംഗാധരൻ : ഹോസ്റ്റൽ വാർഡൻ ഒരു ഹെഡ്കാൺസ്റ്റബിൾ ആയിരുന്ന ആളാണോ ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി അന്വേഷിച്ചിട്ടില്ല. വാർഡനാണെന്നു മാത്രമറിയാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഏതെങ്കിലും വിദ്യാർത്ഥികൾ വാടക കൊടുക്കാതെയിരുന്നിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കൊടുക്കാതെയിരുന്നതായി അറിവില്ലാ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ പുറത്താക്കിയവർ അവിടെ പ്രേരണ ചെലുത്തി എന്നു എങ്ങിനെ മനസ്സിലായി ?

ശ്രീ. എ. ജെ. ജാൺ : അതു അന്വേഷണത്തിൽ മനസ്സിലായി.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഹോസ്റ്റലിലെ വാർഡൻ ഹെഡ്കാൺസ്റ്റബിളാണോ? കാളേജിലെ ലക്ചററോ, പ്രൊഫസറോ അല്ലേ സാധാരണ വാർഡന്മാരായി നിയമിക്കപ്പെടാറുള്ളതു് ?

ശ്രീ. എ. ജെ. ജാൺ : സാധാരണ വാർഡന്മാരാക്കുന്നതു ലക്ചറന്മാരും പ്രൊഫസറന്മാരുമാണു്. അദ്ദേഹവും പ്രൊഫസറോ ലക്ചററോ ആകുന്നതിനുമുമ്പു് ഹെഡ്കാൺസ്റ്റബിളായിരുന്നോ എന്നറിഞ്ഞുകൂടാ.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഈ ആണ്ടിൽ വാടക കുടിശിഖ വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററിയുള്ള വിശദവിവരങ്ങൾ എന്റെ കൈവശമില്ല.

ശ്രീമതി കെ. ആർ. ഗൗരി : അക്കൂട്ടത്തിൽ രണ്ടു ട്യൂട്ടേഴ്സിനെ കൂടി പുറത്താക്കിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സ്റ്റുഡൻസിനെ വെളിയിലാക്കിയിട്ടുണ്ടെന്നാണു് റിപ്പോർട്ടു കിട്ടിയിരിക്കുന്നതു്. ട്യൂട്ടേഴ്സ് അവിടെ താമസിക്കുന്നതു എനിക്കറിഞ്ഞുകൂടാ.

ശ്രീമതി കെ. ആർ. ഗൗരി : അവിടെനിന്നു പുറത്താക്കിയ രണ്ടു ട്യൂട്ടേഴ്സിനു ഐ. എ. എസ്സിനു ചേരുന്നതിനു കാൺഡക്ട് സർട്ടിഫിക്കററു കൊടുത്തിട്ടില്ലെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങിനെ കുഴപ്പമുണ്ടാക്കുന്നവർക്കു കാൺഡക്ട് സർട്ടിഫിക്കററു കൊടുക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൗരി : അവർ എന്തു കുഴപ്പമാണു അവിടെ കാണിച്ചിരിക്കുന്നതു് ?

Mr. Speaker : We are going away from the main question.

ശ്രീ. എ. ജെ. ജാൺ : ഹോസ്റ്റലിലെ അന്തരീക്ഷം ദുഷിപ്പിക്കുന്നതിനു പ്രത്യക്ഷമായും പരോക്ഷമായും ഈ ൨ ൦ പേർ പ്രവർത്തിച്ചു, അവരുടെ കൂട്ടത്തിൽ ട്യൂട്ടേഴ്സുമുണ്ടെങ്കിൽ അവരേയും പുറത്താക്കിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അക്കൂട്ടത്തിൽ ഹരിജനങ്ങൾ വല്ലവരുമുണ്ടോ ?

ശ്രീ എ. ജെ. ജാൺ : അതിന്റെ വിശദവിവരങ്ങൾ എന്റെ കൈവശമില്ല.

Projects under the Five Year Plan.

*463. [2] **Shri K. Bhanu :** Will the Chief Minister be pleased to state what are the projects proposed to be started in our State under the Five Year Plan ?

Chief Minister (**Shri A. J. John**) : A list is placed on the Table.†

Shri K. Bhanu : May I know whether any new industry will be taken up in the coming year ?

Mr. Speaker : All these questions were answered more than a dozen times in this House. Now industrialization is not taken up as a part of the Five Year Plan. That part of the Five Year Plan has to be considered and settled.

Appointments made by Government.

*464. [3] **Shri K. Bhanu :** Will the Chief Minister be pleased to state the number of appointments made by the Government after the Constitution came into force without consulting the Public Service Commission or against the recommendations made by them stating the reasons for making such appointments ?

Chief Minister (**Shri A. J. John**) : Reports from the Public Service Commission and the Memorandum prepared by the Government thereon containing particulars of appointments made by Government after the Constitution came into force till 31st March 1951 without consulting the Public Service Commission or against the recommendations made by them together with the reasons for making such appointments have been placed before the Legislature. The information required in respect of the period after 31st March 1951 is being gathered and will be placed before the Assembly in due course.

Shri K. Bhanu : As directed in Article 320 of the Constitution, may I know when this report will be available for discussion in this House ?

† Please see Appendix I.

Shri A. J. John : That will depend upon the time taken to prepare the report.

Shri K. Bhanu : May I know why there is so much delay ?

Shri A. J. John : For each and every appointment made, the history of service and such other things will have to be considered and enquired into.

Shri K. Bhanu : May I take it that there is so much difference and discrepancies in making appointments by Government or the Public Service Commission ?

Shri A. J. John : There is no discrepancy at all. The whole matter will be plaacd before the Assembly.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : പബ്ളിക്ക് സർവ്വീസ് കമ്മിഷൻ റഗ്യുലേഷൻ ഉണ്ടാക്കുന്നതിനു മുമ്പ് ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിലേക്ക് എടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : നിയമിക്കുന്നതിനുള്ള അധികാരം ഗവണ്മെൻറിന് ഉണ്ടായിരുന്നു. അങ്ങനെ ചെയ്തിട്ടുള്ളതു ശരിയാണോ എന്നുള്ളതിൽ പല സംശയങ്ങളുമുണ്ടായിരുന്നു. ആ സംശയങ്ങൾ നീക്കുന്നതിനും വേണ്ടിയാണ് ഈ റഗ്യുലേഷൻ ഉണ്ടാക്കിയിട്ടുള്ളത്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : അവക്കു രണ്ടാമതും ആ അധികാരം വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ചില നിയമനങ്ങൾ ഗവണ്മെൻറു ചെയ്തിട്ടുണ്ട്. അതിൻെറ കാരണങ്ങൾ എല്ലാം കാണിച്ചു ഒരു സ്റ്റേറുമെൻറ് അസംബ്ളിയിൽ വച്ചിട്ടുണ്ട്. അതിനുശേഷമുള്ള സ്റ്റേറുമെൻറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

Shri P. S. Nataraja Pillai : May I know whether the Government at least received the report from the Public Service Commission by the end of 1952 ?

ശ്രീ. എ. ജെ. ജാൺ : ഒരു മാസത്തിൽ കൂടുതലായിട്ടില്ല.

പുനലൂർ പേപ്പർമില്ലിൽനിന്നു പേപ്പർ കൊണ്ടുവരുന്ന വാഹനം.

* ൪൩൭. [൪] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷങ്ങളിൽ പുനലൂർ പേപ്പർമില്ലിൽനിന്നും പേപ്പർ കൊണ്ടുവരുന്നതിനു വാഹനങ്ങൾ എത്ര പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്

(ബി) പേപ്പർ സ്റ്റാക്കില്ലാത്തതുമൂലം വാഹനങ്ങൾ മടങ്ങിവന്നിട്ടുണ്ടോ ;

(സി) പേപ്പർ സ്റ്റാക്ക സംബന്ധിച്ച് മുൻകൂട്ടി എന്തെങ്കിലും വിവരങ്ങൾ ഗവൺമെൻറിനു ലഭിക്കാറുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജോൺ) : (എ) ഏറെ പ്രാവശ്യം.

(ബി) ഇല്ല.

(സി) ഉണ്ട്.

അധ:കൃത വിദ്യാർത്ഥികൾ.

* 8 ന്ന ന്ന. [6] ശ്രീ. കെ. സദാനന്ദൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധ:കൃത സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തിൻെറ നാനാഭാഗത്തും പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനു കഴിഞ്ഞവർഷം ഗവണ്മെൻറിൽനിന്നും എന്തു തുക അനുവദിച്ചു ;

(ബി) മുൻ കൊല്ലങ്ങളിൽ ഈ പുസ്തകവിതരണം എങ്ങിനെ നടത്തിയിരുന്നു;

(സി) ഇതിലേയ്ക്ക് സ്റ്റേറ്റ് ട്രാൻസ്പോർട്ടു വക ബസ്സ് ഉപയോഗിച്ചിട്ടുണ്ടോ ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : പ്രൈമറിക്ലാസ്സുകളിൽ മാത്രമാണ് പുസ്തകം പുസ്തകമായി കൊടുക്കുന്നത്. ഫസ്റ്റ് ഫോറം മുതൽ ഫൈനൽ ഫോറം, ഫൈനൽ ഗ്രൂപ്പായുള്ള പുസ്തകങ്ങൾ അനുവദിച്ചിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലുള്ള ഇൻസ്പെക്ടിംഗ് ഉദ്യോഗസ്ഥന്മാർ മുഖാന്തിരമാണ് വിതരണം നടത്തുന്നത്.

(സി) ഇല്ല.

ശ്രീ. സി. അയ്യപ്പൻ : പ്രൈമറിക്ലാസ്സുകളിൽ മാത്രം പുസ്തകം കൊടുക്കുന്നതിനുള്ള കാരണമെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രൈമറിക്ലാസ്സുകളിൽ വിതരണം ചെയ്യുന്ന പുസ്തകങ്ങൾ എല്ലാം ഈ ഗവണ്മെൻറ് അച്ചടിപ്പിച്ചു വിതരണം ചെയ്യുന്നതാണ്.

ശ്രീ. പി. ചാക്കോ : വിദ്യാലയങ്ങളിൽ അതാതു സ്കൂൾ വർഷത്തിൽതന്നെ പുസ്തകങ്ങൾ കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്കൂൾ തുറന്ന് ഒന്നരണ്ടു മാസത്തിനകം കൊടുക്കാറുണ്ട്.

ശ്രീ. പി. ചാക്കോ : ഒന്നരരണ്ടു മാസത്തിനകം പുസ്തകം കൊടുക്കാത്തതുകൊണ്ടു അവർ സ്വന്തമായി പുസ്തകങ്ങൾ വാങ്ങിക്കുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. പി. ചാക്കോ : അങ്ങിനെ വല്ല പരാതികളും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. സി. സി. അയ്യപ്പൻ : ആറുമാസമായിട്ടും പുസ്തകം കിട്ടാത്ത സ്കൂളുകൾ ഉണ്ടെന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില സ്കൂളുകളിൽ അൽപം താമസിച്ചു എന്നുവരാം. ഏതാണ്ട് ൪,൦൦൦ സ്കൂളുകളിൽ ൫൦,൦൦൦-ത്തിന് മേൽ കുട്ടികൾക്ക് ഇങ്ങനെ പുസ്തകം വിതരണം ചെയ്യേണ്ടിയിരിക്കുന്നതുകൊണ്ട് അൽപം ചില താമസം വന്നേക്കാം. അങ്ങിനെയുള്ള താമസം കഴിയുന്നതും പരിഹരിച്ചു വരുന്നുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ : അതുമൂലം കുട്ടികൾക്കും രക്ഷകർത്താക്കന്മാർക്കും ബുദ്ധിമുട്ടുകൾ ഉണ്ടെന്നെറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില സ്ഥലങ്ങളിൽ ബുദ്ധിമുട്ടുകൾ ഉണ്ടെന്നു ഗവണ്മെൻറിനറിയാം. അതിനു വേണ്ടിടത്തോളം ഇൻസ്ട്രക്ഷൻസ് ഗവണ്മെൻറ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. സി. ആതിച്ചൻ : അസംബ്ലിമെമ്പറന്മാർ ഈ അസംബ്ലിയിൽ അതേ സംബന്ധിച്ചു പ്രസ്താവിച്ചതു പരാതി ആകുകയില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതെല്ലാം കരുതിയാണു വേണ്ട ഇൻസ്ട്രക്ഷൻ കൊടുത്തുകഴിഞ്ഞിട്ടുണ്ടെന്നു പറഞ്ഞതു്.

ശ്രീ. പി. സി. ആതിച്ചൻ : പുസ്തകങ്ങൾ താമസിച്ചുകിട്ടുന്നതുകൊണ്ട് എല്ലാ കുട്ടികൾക്കും ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം ഈ അസംബ്ലിയിൽത്തന്നെ പല പ്രാവശ്യവും പരാതി പറഞ്ഞിട്ടില്ലേ ?

Mr. Speaker: Will it serve any purpose ? With this Budget Session, the school year ends.

ശ്രീ. പി. സി. ആതിച്ചൻ : സർ, ഒരു കുട്ടിക്കല്ല, എല്ലാ കുട്ടികൾക്കും വിഷമമുണ്ട്.

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ കുട്ടികൾക്കും വിഷമമുണ്ടെന്നു പറയുന്നതു ശരിയല്ല. അപൂർവ്വം ചില സ്കൂളുകളിൽ പുസ്തകം കിട്ടുന്നതിനു താമസം ഉണ്ടായിട്ടുണ്ടാകാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : പ്രൈമറിസ്കൂളുകളിൽ എല്ലാ പുസ്തകങ്ങളും സൗജന്യമായി കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാ പുസ്തകങ്ങളും സൗജന്യമായി കൊടുക്കുന്നുണ്ട്.

G. M. F. Schemes.

*467. [6] **Shri Prakkulam Bhasi :** Will the Chief Minister be pleased to state :

(*a*) the number of minor G.M.F. Schemes in Quilon Sub-Division ;

(*b*) the amount spent for G.M.F. Schemes in 1951-52 in Quilon Sub-Division ;

(*c*) the amount that was allowed to be lapsed in 1951-52 in Quilon Sub Division ; and

(*d*) the number of schemes which are yet to be completed among those included in the list A.E. ?

Chief Minister (**Shri A. J. John**) :

(*a*) 104 schemes.

(*b*) Rs. 82,890.

(*c*) The amount that lapsed in 51-52 is Rs. 2,830 out of a grant of Rs. 85,720 allotted.

(*d*) 59.

ശ്രീ. പ്രാക്കുളം ഭാസി : കരുനാഗപ്പള്ളി താലൂക്കിൽ എന്തെങ്കിലും പ്രവർത്തനം നടത്തിയിട്ടുള്ളതായറിയാമോ? "ഇതുകൊണ്ടു ദിക്കുന്നില്ല എന്നു പറഞ്ഞു"

ശ്രീ. എ. ജെ. ജാൺ : എന്നു ഞാൻ പറഞ്ഞില്ല. കൊല്ലം സബ് ഡിവിഷനിലെ സംഗതിയാണ് ചോദിച്ചിരിക്കുന്നത്. ൧൦൪ വർക്കുകളാണ് അവിടെ എടുത്തിരിക്കുന്നത്. അതിലേക്കു അനുവദിച്ചിട്ടുള്ളതിൽ വളരെ ചെറിയ തുക ചെലവാക്കി. ഇതു ഐറ്റംസ് തീരാനുണ്ട്.

ശ്രീ പ്രാക്കുളം ഭാസി : ചെയ്തു തീർക്കാനുള്ള ഐറ്റംസിന്റെ ലിസ്റ്റുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഓരോ കൊല്ലത്തിലും വർക്കുകളുടെ ലിസ്റ്റ് തയാറാക്കുകയാണ്. അതു വർക്കുകളുടെ പ്രാധാന്യമനുസരിച്ചായിരിക്കും.

ശ്രീ. പ്രാക്കുളം ഭാസി : ഈ തുകകൾ ലാപ്സ് ആകാതിരിക്കാൻ നടപടി നടത്തുമോ ?

ശ്രീ. എ. ജെ. ജാൺ : തുകകൾ ലാപ്സ് ഒന്നുമായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : കരുനാഗപ്പള്ളിയിൽ ഈ സ്കീം അനുസരിച്ചു വർക്കുകൾ നടത്താതിരിക്കുന്നതുകൊണ്ട് അവിടെ കൃഷിക്കു ദോഷം സംഭവിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ഓരോരാ സബ്ഡിവിഷനിലേയ്ക്കും പണം അനുവദിച്ചിരിക്കുന്നതനുസരിച്ച് ചിലവാക്കുന്നതാണ്.

ശ്രീ. പ്രാക്കുളം ഭാസി : കരുനാഗപ്പള്ളിത്താലൂക്കിൽ വെള്ളനാക്കുളം എന്ന ഒരു കുളം കുഴിക്കാത്തതുകൊണ്ട് അവിടെ കൃഷിക്കു നാശം വന്നിട്ടുണ്ടെന്ന് ഗവണ്മെൻറിനോടു പറഞ്ഞാൽ അതു വിശ്വസിക്കാമോ ?

ശ്രീ. എ. ജെ. ജാൺ : വിശ്വസിക്കാം. ശരിയായിട്ടു വിശ്വസിക്കാം.

ശ്രീ. ചങ്ങാരപ്പള്ളി, പി. നാരായണൻപോററി : ഈ ജി. എം. എഫ്. സ്കീംസ് പഞ്ചവൽസരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : മൈനർ ഇറിഗേഷൻ എന്ന സ്കീം ചേർത്തിട്ടുണ്ട്.

കുടികിടപ്പുകാർ.

* ൯൭൩. [൧] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സംസ്ഥാനത്തുള്ള കുടികിടപ്പുകാരുടെ സെൻസസ് എടുക്കുന്ന ജോലി ഗവണ്മെൻറ് ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആകെ എത്ര കുടികിടപ്പുകാരുണ്ട്;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു പൂർത്തിയാക്കാനാണുദ്ദേശിക്കുന്നതു്?

Minister for Revenue & Forests (**Shri A. Chidambaranatha Nadar**):

(a) No census was taken.

(b) The total number according to a rough estimate available is 61, 507.

(c) In view of the answers to (a) and (b), answer to (c) does not arise.

ശ്രീ. വി. ശ്രീധരൻ : വളരെ അധികം കുടികിടപ്പുകാരെ അതിൽ ചേർത്തിട്ടില്ല എന്നുള്ളതറിയാമോ ?

Shri A. Chidambaranatha Nadar: May be.

ശ്രീ. വി. ശ്രീധരൻ : അടകുടി കിടക്കുന്നവരിൽ എത്രപേർ ഭൂമിയില്ലാത്തവരായി ഉണ്ട് ?

Shri A. Chidambaranatha Nadar : Out of the 62,930—61,507 people are landless.

ശ്രീ. സി. ജി. സദാശിവൻ : ആപ്ലിക്കേഷൻ തരാത്തവർ ആയി ഈ രാജ്യത്തു വളരെ അധികംപേരുണ്ടെന്നറിയാമോ ?

Shri A. Chidambaranatha Nadar : Yes.

ശ്രീ. സി. ജി. സദാശിവൻ: അവരുടെ പേരുകൾകൂടി രജിസ്റ്റർചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുമോ ?

Shri A. Chidambaranatha Nadar : I have already said that it is engaging the attention of Government.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഇങ്ങനെ അടകുടി കിടക്കുന്നവരുടെ ജാതിതിരിച്ചുള്ള കണക്കെടുത്തിട്ടുണ്ടോ ?

Shri A. Chidambaranatha Nadar : I am not in a position to say that. But I can say that there is a District-war statement.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഇവരിൽ അധികവും അധഃകൃതരിൽപ്പെട്ടവരാണെന്നറിയാമോ ?

Mr. Speaker : What is the use of asking such questions ? That information is not available.

ശ്രീ. പി. ചാക്കോ: പേർ ഇങ്ങനെ രജിസ്റ്റർ ചെയ്യുന്നതിന്റെ ഉദ്ദേശമെന്താണ് ?

Shri A. Chidambaranatha Nadar: The purpose will be manifold.

ശ്രീ. പി. ചാക്കോ: രജിസ്റ്റർ സൂക്ഷിക്കുന്നതിനു ഗവണ്മെന്റിനെ പ്രേരിപ്പിച്ചതു് ഇങ്ങിനെ കിടക്കുന്നവരെ അവിടെ നിന്നും ഇറക്കുവാൻ വേണ്ടിയാണോ ?

Mr. Speaker: They should not be evicted. That is the purpose for which it was prepared.

ശ്രീ. പി. ചാക്കോ: ഇപ്പോൾ അങ്ങനെയാണോ, സർ, കണ്ടുവരുന്നതു് ?

Shri A. A. D. Luiz: Are all the 61 thousand, landless people?

Shri A. Chidambaranatha Nadar: Yes.

ശ്രീ. പ്രാക്കുളം ഭാസി: കുടികിടപ്പുകാരിൽ ആംഗ്ലോഇൻഡ്യൻ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടോ ?

Shri A. Chidambaranatha Nadar: There may be some.

Agricultural Farms.

*469. [8] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(*a*) the number, the place and type of agricultural farms run by the department ;

(*b*) which are the farms that are growing food crops, garden crops and commercial crops respectively ; and

(*c*) what are the profits from each of these in the years 1950, 1951 and 1952 ?

Chief Minister (**Shri A.J. John**) :

(*a*) (1) Government Fruit and Vegetable Farm, Nelliampathi, Experimental Station.

(2) Government Central Farm, Ollukkara, Experimental and Demonstration Farm.

(3) Cocoanut Station, Vyttila, Cochin Experimental Station.

(4) Agricultural Farm, Perurkada, Experimental Farm.

(5) Paddy Farm, Nagercoil, Experimental and Demonstration Station.

(6) Fruit Farm, Cape Comorin, Experimental and Demonstration Farm.

(7) Vegetable Farm, Shencottah, Experimental Station.

(8) Agricultural Farm, Puliyara.

(9) Paddy Breeding Station, Moncompu, Experimental Station.

(10) Paddy Breeding Station, Adoor, Experimental Station.

(11) Cocoanut Station, Oachira, Experimental Station.

(12) Sericultural Station, Kottiyam, Experimental Station.

(13) Paddy Farm, Alwaye, Experimental Station.

(*b*) Food crops are grown in—

(1) Government Central Farm, Ollukkara.

(2) Experimental Farm, Perurkada.

(3) Paddy Farm, Nagercoil.

(4) Experimental Farm, Puliyara.

(5) Paddy Breeding Station, Moncompu.

(6) ,, Adoor.

(7) Paddy Farm, Alwaye.

Garden crops are grown in—

(1) Government Fruit and Vegetable Farm, Nelliampathi.

(2) The Government Cocoanut Station, Vyttila.

(3) Fruit Farm, Cape Comorin and

(4) The Cocoanut Station, Oachira and also by

(1) Government Central Farm, Ollukkara.

(2) The experimental Farm, Perurkada and

(3) The Experimental Farm, Puliyara.

Commercial crops are grown in—

(1) The Government Fruit and Vegetable Farm, Nelliampathi.

(2) Sericultural Station, Kottiyam.
(3) Central Farm, Ollukkara.

(c) The following farms show profits. They are:-

		1949-50 Rs.	1950-51 Rs.	1951-52 Rs.
1.	Paddy Farm, Nagercoil ..	174	270	323
2.	Cocoanut Station, Vyttila	9,495	15,421	13,511
3.	Do. Oachira ..	730	789	932

Shri K. Sattanatha Karayalar : May I know the works that are done in experimental farms ?

Shri A. J. John : Different varieties of paddy are grown there.

Shri K. Sattanatha Karayalar : May I know the kind of experiment that is being done in these experimental farms ?

Shri A. J. John : In most of these stations no experiment is practically done.

Shri K. Sattanatha Karayalar : May I know what experiment is done at Puliyara experimental station ?

Shri A. J. John : Food crops are grown at Puliyara.

Shri K. Sattanatha Karayalar : Are the Government aware that only cultivation is carried on in this farm ?

Shri A. J. John : I accept the opinion of the hon. Member.

Shri P. S. Nataraja Pillai : May I know the total amount of loss incurred on all these farms ?

Shri A. J. John : The loss incurred in respect of each farm is as follows :-

		1949-50 Rs.	1950-51 Rs.	1951-52 Rs.
1.	Experimental Farm, Perurkada ..	1,255	1,117	2,832
2.	Experimental Farm, Puliyara ..	1,218	1,236	837
3.	Paddy Breeding Station, Moncompu ..	1,736	1,242	1,935
4.	,, Adoor ..	930	420	1,143
5.	Government Fruit & Vegetable Farm, Nelliampathies ..	(Capital outlay scheme—The plantations have not come to the bearing stage)		

[Shri A. J. John].

6.	Fruit Farm, Cape Comorin ..	2,088	1,979	2,189
7.	Vegetable Farm, Shencottah ..	..	321	420
8.	Sericultural Station, Kottiyam ..	5,240	8,347	7,635
9.	Paddy Farm, Alwaye (Started in 1951-52) ..	..	..	3,315

Shri P. S. Nataraja Pillai : May I know whether the Farm at Nelliampathies is working at a profit ?

Shri A. J. John : Plantations have not come to the bearing stage.

Shri P. S. Nataraja Pillai : Is there any contingency expenditure for this farm ?

Shri A. J. John : Yes.

Shri P. S. Nataraja Pillai : What about the farm at Alwaye?

Shri A. J. John : In 1951-52 the loss comes to Rs. 3,315.

Shri P. S. Nataraja Pillai : May I know whether the Government are in receipt of the report of the experiments done in each of these farms ?

Shri A. J. John : I do not think.

Shri P. S. Nataraja Pillai : May I know the kind of cultivation carried on in the farms at Perurkada and Nelliampathies ?

Shri A. J. John : I don't know exactly. It is explained in the report of the Department.

ശ്രീ. കെ. ജെ. തോമസ് : വെജിററബിൾ സീഡ്സ് ഏതെങ്കിലും ഷാപ്പുകളിൽ വില്പനയ്ക്കു വച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : പല ഷാപ്പുകളിലും കാണും.

ശ്രീ. കെ. ജെ. തോമസ് : അവിടെ നിന്നും വാങ്ങുന്ന വിത്തുകൾ മുളയ്ക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പി. വി. അവിരാതരകൻ : കാച്ചിറയിലുള്ള ഫാമിൽ എത്ര ഏക്കർ സ്ഥലത്തു ഇപ്പോൾ തെങ്ങു കൃഷി നടത്തുന്നുണ്ട് ?

ശ്രീ. എ. ജെ ജോൺ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കൊട്ടിയത്തുള്ള സെറികൾച്ചറൽ സ്റ്റേഷനിൽ നിന്ന് എന്തു നഷ്ടം ഉണ്ടായി എന്നു പറയാമോ?

Shri A. J. John : In the Sericultural Station, Kottiyam, there is a loss of Rs. 5,240 in 1949-50, Rs. 8,347 in 1950-51, and Rs.7,635 in 1951-52.

ശ്രീ. എ. കെ. ചെല്ലയ്യ : കന്യാകുമാരിയിലുള്ള ഫ്ര്ട്ടുഫാമിൽ എന്തെല്ലാം കൃഷികൾ നടത്തുന്നുണ്ട് ?

ശ്രീ. എ. ജെ. ജാൺ : അവിടെ മാവുണ്ട്, മുന്തിരിയുണ്ട്, മററു പല വൃക്ഷങ്ങളും ഉണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യ : ഈ മാവും മുന്തിരിയും എല്ലാം അവിടെ മുമ്പും ഉണ്ടായിരുന്നതല്ലേ ?

ശ്രീ. എ. ജെ ജാൺ : മുമ്പ് അവിടെ ഉണ്ടായിരുന്നോ എന്നു നിശ്ചയമില്ല. അഥവാ ഉണ്ടായിരുന്നെങ്കിൽതന്നെ ഇപ്പോൾ അതു് എക്സ് പെരിമെൻറലായിട്ട് പരിഷ്കരിച്ചു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. എ. കെ. ചെല്ലയ്യ : അവിടെ നടത്തിക്കൊണ്ടിരിക്കുന്ന എക്സ്പെരിമെൻറ് എന്താണ് ?

ശ്രീ. എ. ജെ. ജാൺ : കാകനി വൃക്ഷങ്ങൾ നടുക, വളർത്തുക, അവയെ എങ്ങനെ പോഷിപ്പിക്കാമെന്നു പരീക്ഷിക്കുക, മുതലായവയാണ്.

ശ്രീ. എ. കെ. ചെല്ലയ്യ : സർ, അവിടെ യാതൊന്നും നടക്കുന്നില്ല എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അവിടെ പലസംഗതികളും നടക്കുന്നുണ്ട്.

ശ്രീ. ടി. എസ്. രാമസ്വാമി : നാഗർകോവിൽ പാഡീഫാമിൽ എത്ര ഏക്കർ സ്ഥലത്തു നെൽകൃഷി നടത്തുന്നുണ്ട് ?

ശ്രീ. എ. ജെ. ജാൺ : എത്ര ഏക്കർ സ്ഥലത്തു നടത്തുന്നുണ്ടെന്നു നിശ്ചയമില്ല.

ശ്രീ. ടി. എസ്. രാമസ്വാമി : ഒന്നു ഏക്കർ സ്ഥലത്തല്ലേ കൃഷിചെയ്യുന്നതു് ?

Mr. Speaker: May be. Why do you go into the history of all these things?

ശ്രീ. ടി. എസ്. രാമസ്വാമി : ഇരുപത്താറ് ഏക്കർ സ്ഥലത്തു അവിടെ കൃഷിചെയ്യുന്ന നിലയ്ക്കു് നഷ്ടം രൂപയാണ് അവിടെനിന്നും ലാഭം കിട്ടിയതെന്നു പറയുന്നതു ശരിയാണോ ?

Mr: Speaker: That is a healthy sign. All the other farms suffer loss.

ശ്രീ. പ്രാക്കുളം ഭാസി : ഈ ഫാമുകളെല്ലാം നഷ്ടത്തിൽ കലാശിക്കുന്നതുകൊണ്ട് ഇതെല്ലാം നിറുത്തലാക്കുന്നതിനെപ്പററി ഗവൺമെൻറ് കാര്യമായി ആലോചിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററിയും ആലോചിക്കാം. പക്ഷെ ലാഭത്തേയോ നഷ്ടത്തേയോ ഉദ്ദേശിച്ചുമാത്രമല്ല. ഈ ഫാമുകൾ സ്ഥാപിച്ചിട്ടുള്ളത്. റിസർച്ചു ജോലികൾക്കും ഡെമാൺസ്ട്രേഷൻ ജോലികൾക്കും ഈ ഫാമുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. അല്പം നഷ്ടം വന്നാലും ഈ വക കാര്യങ്ങൾ നടത്തിക്കൊണ്ടു പോകേണ്ടതായിട്ടുണ്ട്.

Subsidies for wells.

* 470. [9] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(*a*) the number of wells for which subsidies were given in the past three years ;

(*b*) how many are yet to receive the sanctioned amount ; and

(*c*) what are the reasons for the delay ?

Chief Minister **(Shri A. J. John) :**

(*a*) 1949-50 7 wells.
50-51 ..22 ,,
51-52 ..45 ,,
52-53 ..23 wells till 3rd February 1953 and 5 wells after 3rd February 1953.

(*b*) The five wells referred to above have not received the sanctioned amount.

(*c*) The parties have not executed the necessary agreement so far.

Shri K. Sattanatha Karayalar : Are the Government aware that most of the sanctioned amounts have not been received ?

Shri A. J. John : No. If the hon. Member will give instances I shall take necessary steps.

Integration of Services.

* 471. [10] **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) are the integration measures completed in all the Departments ; and

(*b*) if not, why not ?

Chief Minister **(Shri A. J. John) :** This question was answered two or three times before.

ஸ்ரீ எ. சாம்ராஜ் : இந்தக் கமிட்டி வேலை செய்யத் தொடங்கியாய் விட்டது ;

ശ്രീ. എ. ജെ. ജാൻ : ഇപ്പോൾതന്നെ ഫർഡിപ്പാർട്ടുമെൻറിലെ ഇൻറിഗ്രേഷൻ തീർന്നിട്ടുണ്ട്. ബാക്കിയുള്ളതു് നടന്നുകൊണ്ടിരിക്കുകയാണ്. കഴിയുന്നതും വേഗത്തിൽ അതും തീർക്കുവാൻ ശ്രമിക്കും.

ஸ்ரீ எ. சாம்ராஜ் : அதில், மெம்பர்கள் யார், யார் என்று சொல்லலாமா ;

ശ്രീ. എ. ജെ. ജാൻ : അങ്ങനെ ഒരു കമ്മററിയില്ല. ക്യാബിനററുകൂടി ഇതിൻെറ നടത്തിപ്പിലേയ്ക്കു പ്രത്യേകം രണ്ടു മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നേയുള്ളൂ.

Shri P. S. Nataraja Pillai: Am I to understand that apart from the Cabinet Committee, there is no other committee to effect integration or submit proposals?

Shri A. J. John: No other Committee.

ശ്രീ. എ. താണുപിള്ള : മൂന്നു ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു കമ്മററിയെ നിയമിച്ചിരിക്കുന്നതു് സിവിൾലിസ്ററ് തയ്യാറാക്കാൻ വേണ്ടിമാത്രമാണോ ?

ശ്രീ എ. ജെ. ജാൻ : സിവിൾലിസ്ററ് തയ്യാറാക്കാനും കൂടിയാണ്.

ശ്രീ. എ. താണുപിള്ള : സംയോജനംസംബന്ധിച്ച് സിവിൾലിസ്ററ് തയ്യാറാക്കാൻ ഉള്ള ജോലി ഈ കമ്മററിയാണോ നിർവ്വഹിക്കുന്നതു് എന്നാണു ഞാൻ ചോദിച്ചതു്.

ശ്രീ. എ. ജെ. ജാൻ : ഈ കമ്മിററിയാണു ആ ജോലിയും കൂടെ നിർവ്വഹിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ഓരോ ഗ്രേഡിലും വരുന്ന ആഫീസററന്മാർ ആരൊക്കെ ആയിരിക്കുമെന്നു നിശ്ചയിക്കുന്നതു ഈ കമ്മിററിമാത്രമാണോ അതോ ഗവണ്മെൻറും കൂടി ഉണ്ടോ ?

ശ്രീ. എ. ജെ. ജാൻ : കമ്മിററി ലിസ്ററ് തയ്യാറാക്കും. ഗവണ്മെൻറ് അതു ഫയിനലാക്കും.

ശ്രീ. പ്രാക്കുളം ഭാസി : സിവിൾലിസ്ററ് തയ്യാറാക്കുന്നതിനും കൂടിയാണ് എന്നു പറഞ്ഞു. അപ്പോൾ വേറെ എന്തോ ജോലികൂടി ഉണ്ടെന്നു ധ്വനിക്കുന്നുണ്ട്. അങ്ങനെയാണെങ്കിൽ അതെന്തെല്ലാം ജോലികളാണ് ?

ശ്രീ. എ. ജെ. ജാൻ : സിവിൾലിസ്ററ് തയ്യാറാക്കുന്നതോടുകൂടി ഓരോ വ്യക്തിയുടേയും ലെംഗ്ത് ആഫ് സർവ്വീസ്, ക്വാളിഫിക്കേഷൻസ്, സീനിയോറിററി മുതലായവ കൂടി കമ്മിററിക്കാരുടെ ജോലിയിൽ ഉൾപ്പെടുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ പുതിയ കമ്മിററിയുടെ കാലാവധി ൩ മാസം ആണെന്നു പറയുന്നു. അതിൽ കൂടുതൽ നീണ്ടുപോകാനിടവരുമോ ?

ശ്രീ. എ. ജെ. ജാൻ : ഇടവരുമെന്നു തോന്നുന്നില്ല. ആ കാലത്തിനകം ഇവരുടെ ജോലി തീരുമെന്നാണു പ്രതീക്ഷിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഒരു പക്ഷെ ജോലി പൂർത്തിയായില്ലെങ്കിൽ തുടരാൻ അനുവദിക്കുമോ അതോ ഇല്ലയോ ?

ശ്രീ. എ. ജെ. ജാൻ : ജോലി പൂർത്തിയാകാതെ വരുകയില്ല. ൩ മാസത്തിനകം ജോലി പൂർത്തിയാകണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ടി. എ. മജീദ് : സിവിൾലിസ്റ്റ് തയ്യാറാക്കുന്നതിനെ സംബന്ധിച്ചു് എന്തെങ്കിലും പരാതി ഏതെങ്കിലും വ്യക്തിക്കു് ഉണ്ടായിരുന്നാൽ അതിനെപ്പററി സങ്കടം ബോധിപ്പിക്കുന്നതു് കമ്മിററിമുമ്പാകെയോ അതോ ഗവണ്മെൻറിനോടാണോ ?

ശ്രീ. എ. ജെ. ജാൻ : പരാതിയുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതു് ഗവണ്മെൻറിനോടാണു്.

Issue of passports.

*472. [11] **Shri P. V. Avira Tharakan :** Will the Minister for Home Affairs be pleased to state :

(*a*) whether it is a fact that an application for a passport by Mr. Govinda Pillai who is in the Nagercoil T. B. Hospital was rejected; and

(*b*) if so, what are the reasons ?

Minister for Home Affairs **(Shri T. M. Varghese) :**

(*a*) & (*b*) "Passports" being a central subject, this Government is not in a position to give a reply to this question.

ശ്രീ. പി. വി. അവിരാത്തരകൻ : പാസ്പോർട്ടിൻെറ കാര്യത്തെ സംബന്ധിച്ചിടത്തോളം അവസാനതീരുമാനം കൈക്കൊള്ളുന്നതു് ഈ ഗവണ്മെൻറാണോ ? അതോ കേന്ദ്രഗവണ്മെൻറാണോ.

ശ്രീ. ടി. എം. വർഗ്ഗീസ് : അവസാനതീരുമാനത്തിൻെറ അതോറിററി കേന്ദ്രഗവണ്മെൻറാണു്.

ശ്രീ. പി. വി. അവിരാത്തരകൻ : പാസ്പോർട്ടു കൊടുക്കത്തക്കതാണോ; അതോ അല്ലയോ എന്നു നിശ്ചയിക്കാൻ നമ്മുടെ സ്റ്റേററിൽ അധികാരമുള്ള ഉദ്യോഗസ്ഥനില്ലേ ?

ശ്രീ. ടി. എം. വർഗ്ഗീസ് : നമ്മുടെ സ്റ്റേററിൽ ഈ കാര്യത്തെപ്പററി അന്വേഷിക്കുന്നതു് ചീഫ്സെക്രട്ടറി എന്ന ഉദ്യോഗസ്ഥനാണു്. അദ്ദേഹം കൊടുക്കത്തക്കതാണോ അല്ലയോ എന്നു അന്വേഷിച്ചറിയിപ്പാർട്ടു ചെയ്യും.

ശ്രീ. പി. വി. അവിരാഗ്രരകൻ : ശ്രീ. ഗോവിന്ദപ്പിള്ള ഒരു രോഗിയായതുകൊണ്ട് അദ്ദേഹത്തിനു ഈ കാര്യത്തിൽ ആനുകൂല്യം ചെയ്തു കൊടുക്കാനുതാണോ ?

ശ്രീ. ടി. എം. വറുഗീസ് : പാസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഈ ഗവണ്മെൻറിനു നേരിട്ടധികാരമൊന്നും ഇല്ലെന്നു പറഞ്ഞു കഴിഞ്ഞു. ഗോവിന്ദപ്പിള്ള രോഗിയാണോ അല്ലയോ എന്നുള്ള പ്രശ്നം പാസ്പോർട്ടിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്നില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : രോഗിയായ ഇദ്ദേഹത്തിനു വിദേശത്തുപോകാൻ യോഗ്യതയില്ലെന്നു വല്ല രേഖയും കേന്ദ്രഗവണ്മെൻറു ഉണ്ടാക്കിയിട്ടുണ്ടോ ?

ശ്രീ. ടി. എം. വറുഗീസ് : ഈ ഗവണ്മെൻറിനു ആ കാര്യത്തെപ്പററി നിശ്ചയമില്ല.

ശ്രീ. ടി. എ. മജീദ് : സാധാരണയായി പാസ്പോർട്ടിനു അപേക്ഷകൾ വന്നാൽ അന്വേഷണം നടത്തുന്നതു് ഈ ഗവണ്മെൻറോ, അതോ സെൻട്രൽ ഗവണ്മെൻറോ ?

ശ്രീ. ടി. എം. വറുഗീസ് : രണ്ടു ഗവണ്മെൻറുകളും അന്വേഷണം നടത്തുന്നുണ്ട്.

ശ്രീ. ടി. എ. മജീദ് : ഈ ഗവണ്മെൻറിൽ പാസ്പോർട്ടിനെപ്പററി അന്വേഷണം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ് ?

ശ്രീ. ടി. എം. വറുഗീസ് : ഈ ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം അതിലേക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ചീഫ്സെക്രട്ടറിയാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ചീഫ്സെക്രട്ടറി അന്വേഷണം നടത്തുന്നതു് പോലീസുഡിപ്പാർട്ടുമെൻറു മുഖേനയോ, അതോ—

ശ്രീ. ടി. എം. വറുഗീസ് : ചീഫ്സെക്രട്ടറി സെൻട്രൽ ഗവണ്മെൻറിൻെറ ഒരു ഏജൻറ് എന്ന നിലയിലാണ് ഈ കാര്യത്തെ സംബന്ധിച്ച് അന്വേഷണം നടത്തുന്നതു്. അതു. പോലീസ് ഡിപ്പാർട്ടുമെൻറു മുഖേനയും ആകാം. അല്ലെങ്കിൽ മററു ഏജൻസികൾ വഴിയും ആകാം.

ശ്രീ. ടി. കെ. ദിവാകരൻ : ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിൻെറ് ഫലം എന്താണെന്നു അറിയാനുള്ള അധികാരം ഈ ഗവണ്മെൻറിനില്ലേ ?

ശ്രീ. എം. വർഗ്ഗീസ് : സെൻട്രൽ ഗവണ്മെൻറിൻെറ ഏജൻറെന്ന നിലയിൽ പലതും പ്രവർത്തിക്കുന്നുണ്ട്. ആ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും മററും അന്വേഷിക്കേണ്ട കാര്യം ഈ ഗവണ്മെൻറിനില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ആരെങ്കിലും പാസ്പോർട്ടിനപേക്ഷിച്ചാൽ അവസ്ഥവേണ്ടി യാതൊരു നടപടിയും എടുക്കാനുള്ള അവകാശം ഈ ഗവണ്മെൻറിനില്ലെന്നാണോ ധരിക്കേണ്ടതു് ?

ശ്രീ. ടി. എം. വറുഗീസ്: അപേക്ഷകരെപ്പററി അന്വേഷിക്കാനുള്ള അവകാശം ഈ ഗവണ്മെൻറിനുമുണ്ട്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അന്വേഷിക്കാൻ അവകാശമുണ്ടെങ്കിൽ പാസ്പോർട്ടുകൊടുക്കണമെന്നു ശുപാർശചെയ്യാനും ഈ ഗവണ്മെൻറിനവകാശമില്ലേ?

ശ്രീ. ടി. എം. വറുഗീസ്: ഇല്ല.

ശ്രീ. സി. അച്യുതമേനോൻ: ചീഫ് സെക്രട്ടറിയുടെ അന്വേഷണം എന്താണെന്നു ഈ സഭയെ അറിയിക്കാനുള്ള ചുമതല ഈ ഗവണ്മെൻറിനില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: ഔദ്യോഗികമായിട്ടു പറയുകയാണെങ്കിൽ ഈ കാര്യത്തെപ്പററി ചീഫ്സെക്രട്ടറിയുടെ അന്വേഷണം, അല്ലെങ്കിൽ അന്വേഷണത്തിൻെറ ഫലം എന്താണ് എന്നു് ഉള്ളതിലേക്ക് ഒരറിവ് ഈ സഭയിൽ തരുന്നതിന് ഈ ഗവണ്മെൻറിനു സാദ്ധ്യമല്ല. അനൗദ്യോഗികമായിട്ടാണെങ്കിൽ ചീഫ്സെക്രട്ടറിയുടെ അന്വേഷണങ്ങളെപ്പററി ചോദിക്കുകയും പറയുകയും ചെയ്യാം.

ശ്രീ. എ. താണുപിള്ള: പാസ്പോർട്ടുകൊടുത്തതിനെസംബന്ധിച്ച് അപേക്ഷകരെപ്പററി അന്വേഷണം നടത്താൻ ഇവിടത്തെ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരെ അല്ലേ ചുമതലപ്പെടുത്തിയിരിക്കുന്നതു്?

ശ്രീ. ടി. എം. വറുഗീസ്: ഇവിടത്തെ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാരെ ഇതിലേക്ക് ചുമതലപ്പെടുത്തിയിരിക്കുകയാണെന്നു നിശ്ചിതമായി പറയാൻ നിവൃത്തിയില്ല. സെൻട്രൽ ഗവണ്മെൻറിൻെറ ഇൻറലിജൻസ് ഡിപ്പാർട്ടുമെൻറിൽ നിന്നും കുറെ ഉദ്യോഗസ്ഥന്മാർ ഇവിടെ ഉണ്ടെന്നു സഭയ്ക്കു അറിവുള്ളതാണല്ലോ. അവർ ആവശ്യപ്പെടുന്നതായാൽ അവസരോചിതം അവരെ സഹായിക്കുന്നതിനുള്ള ചുമതല മാത്രമെ ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഇവിടത്തെ സി. ഐ. ഡി. ഉദ്യോഗസ്ഥന്മാർക്ക് ഉള്ളൂ.

Mr. Speaker : The majority of these question arise because the hon. Members do not know the state of affairs. The very application for passports contains several columns most of which require certificates from the local first class magistrate, the local police inspector or the local proverthicar. Therefore, necessary information has to be given according to the requirements of the application.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: പാസ്പോർട്ട് കൊടുക്കത്തക്കതാണെന്നു നമ്മുടെ ഗവണ്മെൻറിനു തോന്നുകയാണെങ്കിൽ ആ അഭിപ്രായം ചീഫ് സെക്രട്ടറി വകവെയ്ക്കുകയില്ലേ ?

Speaker : From the series of answers, is it not clear that the Minister has nothing to do with it?

ശ്രീ. പ്രാക്കുളം ഭാസി : നമ്മുടെ ഗവണ്മെൻറിന് അധികാരം ഇല്ലെങ്കിലും ഗോവിന്ദപ്പിള്ളയുടെ കാര്യത്തിനുവേണ്ടി എന്തെങ്കിലും ആനുകൂല്യം ചെയ്യാൻ എന്തെങ്കിലും വഴിയുണ്ടോ എന്നു പര്യാലോചിക്കാൻ മയവുണ്ടാകുമോ?

Speaker : That question may be asked even outside the House. (*Laughter*).

ശ്രീ. പ്രാക്കുളം ഭാസി : സർ, ഞാൻ ചോദിച്ചതു ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രിക്കു വല്ല സാദ്ധ്യതയും ഉണ്ടോ എന്നാണ്. (ഉത്തരമില്ല)

Speaker : Next question, please.

Acceded Schools

*473. [12] **Shri M. V. Cheriyan :** Will the Chief Minister be pleased to state :

(*a*) whether Government still insist upon remitting security amounts for acceded schools ;

(*b*) have the Government any definite scheme for the utilization of such amounts already remitted into the treasuries ; and

(*c*) was there any requisition from the Managements to return such amounts so as to be utilized for the fulfilment of the conditions imposed on schools and what are the steps taken on the same ?

Chief Minister **(Shri A. J. John):**

(*a*) Since the introduction of the private secondary school scheme, no security amount has been demanded from schools which have acceded to the scheme. The matter is, however, under consideration.

(*b*) The security amount is intended to ensure that the schools fulfil the conditions imposed on them at the time of their starting and for their proper conduct. No separate scheme is necessary for the utilization of such amounts.

(*c*) Yes, but the requests were not allowed, because the security amount is a guarantee for the proper conduct of the school.

ശ്രീ. എം. വി. ചെറിയാൻ : വിദ്യാലയങ്ങളുടെ അഭിവൃദ്ധിക്കു വേണ്ടി ഈ തുക വിട്ടുകൊടുക്കുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ?

ശ്രീ. എ. ജെ. ജാൻ : വിദ്യാലയങ്ങൾ അഭിവൃദ്ധിയിൽ വരണമെന്നുള്ള ഉദ്ദേശം കൊണ്ടാണു സെക്യൂറിറ്റി എന്ന പേരിൽ ഒരു തുക വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതു്.

ശ്രീ. എം. വി. ചെറിയാൻ : സെക്യൂറിററി ഇനത്തിൽ എത്ര ലക്ഷം രൂപാ ഇപ്പോൾ ഗവണ്മെൻറിൻെറ കൈവശമുണ്ടെന്നു പറയാൻ സാധിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : തുകയെന്താണെന്നും ഏതെല്ലാം വിദ്യാലയങ്ങളാണു സെക്യൂറിററിവെച്ചിട്ടുള്ളതെന്നും മററും ഉള്ളതിലേക്കു ലിസ്ററുണ്ട്. എന്നാൽ ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടില്ല.

ശ്രീ. എം. വി. ചെറിയാൻ : ഓരോരോതരം വിദ്യാലയങ്ങൾക്കും എത്ര രൂപാ വീതം കെട്ടിവക്കണമെന്നുള്ളതിലേക്ക് വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്. പ്രൈവററു സെക്കൻററി സ്കൂളുകൾ ൧൨ കൊല്ലം കൊണ്ടു ൩ ൦ ൦ ൦ രൂപാ കെട്ടിവെയ്ക്കണം. മിഡിൽസ്കൂൾ ൧ ൦ കൊല്ലംകൊണ്ടു ൧ ൦ ൦ ൦ രൂപ കെട്ടിവയ്ക്കണം.

ശ്രീ. എം. വി. ചെറിയാൻ : ൩ ൦ ൦ ൦ രൂപാ കെട്ടിവെയ്ക്കണമെന്നു നിർബന്ധമുള്ള സ്കൂളുകളിലെ ചില മാനേജർന്മാർ ൧ ൦ ൦ ൦ രൂപാ കെട്ടിവക്കുകയും മററു ചില മാനേജർന്മാർ ൧ ൦ ൦ ൦ രൂപ കെട്ടിവയ്ക്കുന്നതിനു പകരം ൭ ൦ ൦ രൂപ കെട്ടിവയ്ക്കുന്നതും മററും ചെയ്യുന്നതു് ഗവണ്മെൻറിൻെറ അനുവാദത്തോടുകൂടിയാണോ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറിൽ നിന്നും അങ്ങനെ പ്രത്യേക അനുവാദം കൊടുത്തിട്ടില്ല. ഓരോ ഇനത്തിൽപ്പെട്ട സ്കൂൾ മാനേജർന്മാരും വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സെക്യൂറിററികൾ മുഴുവൻ കെട്ടിവെയ്ക്കേണ്ടതാണു്.

ശ്രീ. എ. താണുപിള്ള : സെക്യൂറിററി കെട്ടിവെയ്ക്കുന്നതു് അദ്ധ്യാപകന്മാരുടെ ശമ്പളത്തെ സംബന്ധിച്ചുള്ള ഉറപ്പിനുവേണ്ടിയാണോ ?

ശ്രീ. എ. ജെ. ജാൺ : വിദ്യാലയങ്ങളുടെ നിലനിൽപ്പിനും ഭംഗിയായ നടത്തിപ്പിനും ആ കൂട്ടത്തിൽ ശമ്പളത്തിനും വേണ്ടിയാണു ഈ തുക കെട്ടിവെയ്ക്കണമെന്നു ഗവണ്മെൻറിൽ നിന്നും നിർബന്ധിച്ചിരിക്കുന്നതു്.

Basic School.

*474. [13] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) the date of appointment of the staff of the Basic School, Cherpu ;

(*b*) the present pay scales ;

(*c*) whether graduate teachers of the other schools with the same service are getting the same pay scale ; and

(*d*) the reason for the distinction?

Chief Minister (**Shri A. J. John**) :

(*a*) The Headmaster was appointed on 17th December 1949. Among the Assistants, one was appointed on 8th February 1950 and the others on 29th November 1950.

(*b*) The scale of Headmaster is Rs. 175-10-225. The scale of Assistants is Rs. 125-10-175.

(*c*) No.

(*d*) Because of the special nature of the work in the basic training institution.

കുടിയിറക്ക്.

*൯൭ ൩. [൧൯] ശ്രീ. എം. സി. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കോട്ടയം ടൗണിൽ ചേരമർഗ്രാമം എന്നറിയപ്പെടുന്ന സ്ഥലത്തു താമസിച്ചിരുന്ന ഏതാനും ചേരമർ ക്രിസ്ത്യാൻസിനെ അവിടെ നിന്നും ഇറക്കിവിടുകയുണ്ടായോ ;

(ബി) അവരുടെ പക്കൽ നിന്നും നിരോധനക്കരം, പിഴ മുതലായ ഇനത്തിൽ ഈടാക്കുവാനുള്ള സംഖ്യ ഇളവുചെയ്തുകൊടുക്കണമെന്നു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(സി) അവരുടെ സാമ്പത്തികസ്ഥിതിയെപ്പററി അന്വേഷിച്ചോ;

(ഡി) അവരിൽ നിന്നും ഈടാക്കുവാനുള്ള സംഖ്യ കൊടുക്കുന്നതിനു നിവൃത്തിയുള്ളവരല്ല അവരെന്നു ഗവണ്മെൻറിനു ബോദ്ധ്യമായോ;

(ഇ) അവരിൽ നിന്നും ഈടാക്കുവാനുള്ള സംഖ്യ ഇളവുചെയ്തു കൊടുത്തോ;

(എഫ്) ഇല്ലെങ്കിൽ അതിനു പ്രത്യേകമായി വല്ല കാരണവുമുണ്ടോ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Yes ; some Cheramar Christians were evicted.

(*b*) Yes.

(*c*) & (*d*) An enquiry is being conducted and it is not complete.

(*e*) The amount that is due from them is not written off.

(*f*) The enquiry is not complete. The question whether the amount should be remitted or not can be decided only after the completion of the enquiry.

ശ്രീ. എം. സി. മാത്യു: ഇറക്കിവിടപ്പെട്ട ചേരമർക്രിസ്ത്യാനികളിൽനിന്നും, കുടുംബ ഗവണ്മെൻറിലേക്കു കരം ഇനത്തിൽ കിട്ടാനുണ്ടെന്നു പറയാമോ?

Shri A. Chidambaranatha Nadar : I am not in a position to give an answer now.

ശ്രീ. പി. ചാക്കോ: എത്ര വർഷങ്ങളായി അവർ ആ സ്ഥലത്തു താമസിക്കുന്നു എന്നു പറയാമോ ?

Shri A. Chidambaranatha Nadar : I want notice.

ശ്രീ. പി. ചാക്കോ: എന്തു കാരണത്താലാണ് അവരെ അവിടെ നിന്നും ഇറക്കിവിട്ടത് ?

Shri A. Chidambaranatha Nadar : I cannot now give the circumstances under which the Cheramar Christians were evicted.

ശ്രീ. പി. ചാക്കോ: ഇറക്കിവിടപ്പെട്ടവർക്ക് പാർക്കാൻ വേറെ വല്ല സ്ഥലവും കൊടുത്തതിനുശേഷമാണോ, ഇറക്കിവിട്ടത് ?

Shri A. Chidambaranatha Nadar : I want notice.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കഴിഞ്ഞ ഒരവസരത്തിൽ ഇവർക്കു താമസിക്കാൻ സ്ഥലം കൊടുക്കാമെന്ന് ഗവണ്മെന്റു നൽകിയിട്ടുള്ള മറുപടിയിന്മേൽ എന്തു നടപടികൾ എടുത്തിട്ടുണ്ട് ?

Shri A. Chidambaranatha Nadar : I want notice.

Lecturers in the Women's College.

*476 (15) **Shri E. P. Varghese :** Will the Minister for Education be pleased to state :

(*a*) whether only 6 of the 44 III Grade Lecturers in the Women's College, Trivandrum, have been confirmed ;

(*b*) what is the minimum number of III Grade Lecturers required in that College ; and

(*c*) the years of service put in by the unconfirmed III Grade Lecturers ?

Chief Minister (**Shri A. J. John**) :

(*a*) 18 out of 38 posts of III Grade Lecturers in the Women's College, Trivandrum, have been confirmed.

(*b*) The minimum number of III Grade Lecturers is now fixed as 38.

(*c*) The information is given in the statement attached.†

Shri E. P. Varghese : What is the maximum number of years of service of the unconfirmed among these ?

Shri A. J. John : Including the service in the Education Department, 18 years in the case of one, 9 years in the case of the second, and then 6 years, 5 years, 3, 2 and 1 year.

---

†Please see Appendix II.

Shri E. P. Varghese : What is the reason why the person with 18 years of service was not confirmed ?

Shri A. J. John : The post against which she is appointed has not been confirmed. She has only 6½ years of service in the University.

Shri A. Thanu Pillai : What is the longest period of unconfirmed service ?

Shri A. J. John : Seven years.

Shri A. Thanu Pillai : So it is only in the University service that she has not been confirmed. She has a permanent lien in the Education Department.

Shri A. J. John : Yes.

Shri A. Thanu Pillai : What is the difficulty in confirming these lecturers when the places are permanently sanctioned ?

Shri A. J. John : All the posts are not permanent. Only 18 posts are permanent.

Shri A. Thanu Pillai : How many places are considered necessary as permanent places ?

Shri A. J. John : The minimum number of posts of III Grade Lecturers is fixed at 38.

Shri A. Thanu Pillai : Then what is the difficluty of confirming these 38 places ?

Shri A. J. John : That depends upon the recommendations of the University.

ശ്രീ. ആർ. കേശവപിള്ള: അപ്പോൾ കൺഫർമേഷൻ കൊടുക്കാനുള്ളതുകൊണ്ട് ,അവരുടെ ഇൻക്രിമെൻറ തടഞ്ഞിട്ടുള്ളതായി ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : അതു നിശ്ചയമില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഇന്നത്തെ അൺസ്റ്റാർഡ് ക്വസ്റ്റ്യൻസിലെ ഒന്നാമത്തെ ചോദ്യവും സ്റ്റാർഡ് ക്വസ്റ്റ്യൻസിലെ പതിനാലാമത്തെ ചോദ്യവും ഒരേ തരത്തിൽ ഉള്ളവയാണ്. ഈ രണ്ടു ചോദ്യങ്ങളിൽ ഒന്ന് അൺസ്റ്റാർഡ് ആക്കാനും മറെറാന്ന് സ്റ്റാർഡാക്കാനും ഉള്ള കാരണം എന്താണെന്നറിഞ്ഞാൽ കൊള്ളാം. അറിഞ്ഞാൽ അതനുസരിച്ചു മേലാൽ ചോദ്യങ്ങൾ അയയ്ക്കാൻ സാധിക്കും.

Mr. Speaker : If the Member goes through the questions he might find out some difference. If he has any doubt he may go to the Speaker in the Chamber and have his doubt cleared.

Snake Boat Race.

*477 (16) **Shri Chengarapally P. Narayanan Potti** : Will the Chief Minister be pleased to state :

(*a*) how many persons were sent from this State to take part in the Snake boat race conducted in New Delhi in connection with the Republic Day Celebrations this year ;

(*b*) what is the total expenditure incurred by this State for the construction, conveyance and the reassembling of this boat in New Delhi ;

(*c*) what is the total expenditure incurred by this State for the journey to and from and the camping at New Delhi of the crew sent from here to man the boat ;

(*d*) has the Central Government contributed the whole or any part of the expenditure incurred in connection with this; and

(*e*) if so, how much ?

Chief Minister (**Shri A. J. John**) :

(*a*) 19 persons (including 15 singers, one mechanic, one cook and two officers) were sent in connection with the snake boat tableau (not snake boat race).

(*b*) Rs. 3480.

(*c*) Rs. 2750.

(*d*) and (*e*) Arrangements regarding accommodation etc., at Delhi were made by the Central Government. They sanctioned a D. A. of Rs. 4 per day for each member of the contingents for the days of halt in Delhi. They have also sanctioned concessions at half rate in respect of railway fare and luggage.

Shri Chengarapally P. Narayanan Potti : Have our Government taken part in the Republic Day Celebrations in the previous years ?

നമ്മുടെ ഗവണ്മെൻറിൽനിന്നും കഴിഞ്ഞ കൊല്ലം വരെ അവിടെ നടത്തിയ റിപ്പബ്ളിക്കൻ ഡെ സെലിബ്രേഷനിൽ പങ്കെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഇതു് ആദ്യത്തെ പ്രാവശ്യമാണോ പങ്കെടുക്കുന്നതു് ?

ശ്രീ. എ. ജെ. ജാൺ : അതെ.

Shri A. Thanu Pillai : Was this Snake Boat performance on water or on land ?

Shri A. J. John : On land.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഇവിടെ നിന്നു പോയവർക്ക് എന്തെങ്കിലും പാരിതോഷികം അവിടെ നിന്നു കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : പാരിതോഷികം ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ : അടുത്തകാലത്തു നമ്മുടെ ദേശീയ വിനോദകലയായി രണ്ടു കെട്ടുവള്ളം അല്ലെങ്കിൽ രണ്ടു കെട്ടു കുതിരകൾ ഡെൽഹിക്കു കൊടുത്തയയ്ക്കുവാൻ ദയവുണ്ടാകുമോ ?

ശ്രീ. എ. ജെ. ജാൻ : ഡെൽഹിയിൽ കുതിരകളുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഈ ബോട്ട്റേസിൽ നമ്മുടെ മന്ത്രിമാരിൽ ആരെങ്കിലും സംബന്ധിച്ചിരുന്നോ ?

ശ്രീ. എ. ജെ. ജാൻ : ഇല്ല.

ശ്രീ. പ്രാക്കുളം ഭാസി : നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രി അതിൽ പങ്കെടുത്തതായിട്ടു പടത്തിൽ കണ്ടല്ലോ :

ശ്രീ. എ. ജെ. ജാൻ : തലേദിവസം ട്രാൻസ്പോർട്ടുമന്ത്രി ഡെൽഹിയിലുണ്ടായിരുന്നു. അദ്ദേഹം ഉണ്ടായിരുന്ന അവസരത്തിൽ എടുത്ത പടമായതുകൊണ്ടായിരിക്കാം പടത്തിൽ അദ്ദേഹത്തെ കണ്ടതു്.

ശ്രീ. ടി. കെ. ദിവാകരൻ : സാധാരണ വള്ളംകളിയിൽ വള്ളത്തിന്റെ തലയ്ക്കൽ മററാളുകളെയാണ് ഇരുത്തുന്നതെന്നു അറിയാമോ ?

ശ്രീ. എ. ജെ. ജാൻ : നല്ല പരിചയമുള്ളവരെയാണ് ഇരുത്തുന്നതു്.

സാൻസ്ക്രിററ് മഹോപാദ്ധ്യായ ബിരുദധാരികൾ.

* ൪൭൭. [൧൭] ശ്രീ. ടി. ടി. കേശവൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ചീഫ്മിനിസ്റ്റർ സദയം മറുപടി നൽകുമോ:

(എ) സാൻസ്ക്രിററ് മഹോപാദ്ധ്യായ ബി. എ. ഡിഗ്രി ബിരുദധാരികളെ പബ്ലിക്ക് സർവീസ് പരിഗണനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്നുമുതലായിരുന്നു;

(സി) അവരിൽ നിയമനം നൽകപ്പെട്ടവർ ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) : സംസ്കൃത മഹോപാദ്ധ്യായ ബി. എ. ഡിഗ്രി അടുത്ത കാലത്താണ് ഏർപ്പെടുത്തിയിട്ടുള്ളതു്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലുള്ള നിയമനങ്ങളിൽ ഈ ബിരുദധാരികളെ മററു ബിരുദധാരികളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. ഈ ബിരുദധാരികളെ പ്രത്യേകം ഒരു വിഭാഗമായി പബ്ളിക്ക് സർവീസ് കമ്മീഷന്റെ നിയമനത്തിൽ ഗണിക്കപ്പെട്ടിട്ടില്ലായിരുന്നു.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ഈ മഹോപാദ്ധ്യായ ബി. എ. ഡിഗ്രി ഹോൾഡേഴ്സിനെ ക്ലാർക്കന്മാരായി നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല.

പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ.

* ര എൻ. [ഫ്ര] ശ്രീ. കുട്ടപ്പൻ കോയിക്കൽ : താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർ സർക്കാർ സർവ്വീസിലാകുമ്പോൾ, അവരുടെ മുൻസർവ്വീസുകൂടി പരിഗണിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഇല്ല. അതു നിയമം അനുവദിക്കുന്നില്ല,

Accidents by fire works.

*480 [19] **Shri O. C. Ninan :** Will the Minister for Home Affairs be pleased to state :

(*a*) is the Government aware that serious accidents and loss of life to several persons are caused by fire works ;

(*b*) how many accidents due to fire works have come to the notice of Government in 1952 and 1953 ; and

(*c*) will the Government be pleased to take action to stop these fire works ?

Minister for Home Affairs **(Shri T. M. Varghese) :**

(*a*) Yes.

(*b*) 1952 6

1953 3.

(*c*) Licenses for fire works etc., are issued under the Indian Explosives Act, and the rules made thereunder. "Explosives" is a Central subject. The Department of Explosives under the Chief Inspector of Explosives in India is responsible for the administration of this subject in the State. The District Magistrates in the State are issuing certain licenses under the Explosives Rules in exercise of the powers conferred on them as District authorities under the rules. There are sufficient provisions in the rules to safeguard the interest and safety of the public. So there is no necessity for any further provisions in that matter.

ശ്രീ. ഒ. സി. നൈനാൻ : കൂടുതൽ അപകടങ്ങൾ കാണുന്നതുകൊണ്ടു ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുവാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു ഗവണ്മെന്റു നിർദ്ദേശം കൊടുക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ് : കൂടുതൽ ശ്രദ്ധിക്കണമെന്നു നിർദ്ദേശം കൊടുത്തിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ : എത്രത്തോളം ആളുകൾ ഇതിൽ പ്രവേശിച്ചിട്ടുണ്ട് ഈ ആറുപേരോ മൂന്നുപേരോ മരിച്ചിട്ടുള്ളതു്?

ശ്രീ. ടി. എം. വർഗ്ഗീസ് : മരണം കൂടുതൽ ഉണ്ടായിട്ടുള്ളതു് ഇതിൽ പ്രവേശിച്ചിട്ടുള്ളവർക്കല്ല. ശബരിമലയിൽ ഉണ്ടായ ആപത്തിൽ നൂറ്റൻപേർ മരിക്കുകയും വളരെ പേർക്കു പൊള്ളൽ ഏൽക്കുകയും ചെയ്തു. കൊച്ചിയിൽ ഒല്ലൂരിലും തൃശ്ശൂരും വിയ്യൂരും ആപത്തുണ്ടായതു് ഈ പ്രവൃത്തി നടത്തിക്കൊണ്ടിരുന്നപ്പോഴാണ്. മേലാൽ ഇങ്ങനെയുള്ള ആപത്തുകൾ ഉണ്ടാകാതിരിക്കാൻ കൂടുതൽ ശ്രദ്ധിക്കണമെന്നു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. ചാക്കോ : അമ്പലങ്ങളിലും പള്ളികളിലും നടത്തുന്ന ഈ വെടിക്കെട്ട് ഒരു നിയമംമൂലം നിറുത്തുവാൻ ദയവുണ്ടാകുമോ?

Mr. Speaker : There are already some provisions of law for controlling the issue of licenses.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : അപകടസാദ്ധ്യത ഉണ്ടെന്നുവച്ച് ഈ വെടിക്കെട്ട് നിറുത്തുവാൻ സാദ്ധ്യമാണോ?

Mr. Speaker : Yes, that is the other side of the question.

ശ്രീ. ടി. കെ. ദിവാകരൻ : ശബരിമലയിൽ ഉണ്ടായ സംഭവത്തെപ്പററി അന്വേഷിക്കുന്നതിനു കേന്ദ്രത്തിൽനിന്നു വല്ല ഉദ്യോഗസ്ഥന്മാരും വന്നിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഇൻഡ്യൻ എക്സ്പ്ലോസീവു ആക്ററു പ്രകാരം തന്നെ അവർക്കു അന്വേഷണം നടത്തേണ്ട ചുമതല ഉണ്ടു്. അതുകൊണ്ടു അവർ അതിനെപ്പററി അന്വേഷിച്ചിട്ടുണ്ടു്. അവർക്കു വേണ്ട അറിവു കൊടുക്കേണ്ട സ്ഥാനത്തു് അതു കൊടുക്കുകയും ചെയ്തിട്ടുണ്ടു്.

Printing of Civil List.

*481 (20) **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) is there a Civil List for the Travancore-Cochin State ;

(*b*) when was the last date of publication of Civil List of the Travancore-Cochin State ;

(*c*) is the Civil List available for sale ; and

(*d*) will the Government be pleased to supply a copy to the Members of the Assembly ?

Chief Minister (**Shri A. J. John**) :

(*a*) No. A Civil List corrected upto 1-10-1951 is under print.

(*b*) The last publication of the Civil List of Travancore was on 1-7-24, and that of Cochin was 1-1-1124.

(*c*) It will be available for sale after publication.

(*d*) Yes. Copies of the Civil List will be supplied to the members of the Assembly free of cost when it is published.

അദ്ധ്യാപകന്മാരുടെ അവധി.

* ൪൭൨. [൨൨] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഒരു വർഷത്തിൽ എത്ര ദിവസത്തെ അവധി അനുവദിക്കുന്നുണ്ട്;

(ബി) ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) തിരുവിതാംകൂർ വിഭാഗത്തിൽപെട്ടവർക്കു ൨൪ ദിവസത്തെ ക്യാഷ്വൽ അവധിയും അതിനുപുറമെ രണ്ടുകൊല്ലത്തിലൊരിക്കൽ പകുതി ശമ്പളത്തിൽ ഒരു മാസത്തെ പ്രിവിലേജ് അവധിയും അനുവദിക്കുന്നുണ്ട്. കൊച്ചി വിഭാഗത്തിൽ പെട്ടവർക്കു കൊച്ചി ഏഡ്യൂക്കേഷൻ കോഡ് വകുപ്പ് IX (൧) അനുസരിച്ചുള്ള അവധി അനുവദിക്കുന്നുണ്ട്.

(ബി) തിരുവിതാംകൂർ വിഭാഗത്തിൽപ്പെട്ടവരെ സംബന്ധിച്ചിടത്തോളം തിരുവിതാംകൂർ സർവ്വീസ് റഗുലേഷൻ മൂന്നാം ഭാഗമനുസരിച്ചും, കൊച്ചി വിഭാഗത്തിൽപെട്ടവരെ സംബന്ധിച്ചിടത്തോളം കൊച്ചി സർവ്വീസ് റഗുലേഷൻ XI മുതൽ XIII വരെ വകുപ്പുകൾ പ്രകാരവും.

ശ്രീ. സി. അച്യുതമേനവൻ : കൊച്ചിവിഭാഗത്തിൽപെട്ടവർക്ക് അതു് എത്രയാണെന്നു് പറഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൻ : കൊച്ചിയിലെ കോഡ് എൻെറ കൈവശമില്ല.

ശ്രീ. പി. ചാക്കോ : തിരുവിതാംകൂറിലേയും കൊച്ചിയിലേയും അദ്ധ്യാപകന്മാരുടെ അവകാശങ്ങൾ ഒരുപോലെയാക്കുവാൻ ഗവണ്മെൻറ് ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ : അതിനെപ്പററി ആലോചിക്കുന്നുണ്ട്.

അലവൻസ്.

* ൪൭൩. [൨൩] ശ്രീ. സി. അച്യുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് പ്രൈമറിസ്കൂളിൽ ഹെഡ്മാസ്റ്റർമാരുടെ അലവൻസ് എത്ര;

(ബി) ഏതാനും പ്രൈവറ്റ് പ്രൈമറിസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഹെഡ്മാസ്റ്റേഴ്സ് അലവൻസ് കുറവുചെയ്യുകയുണ്ടായിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) രണ്ടുരൂപാ

(ബി) ആൻറ് (സി) മിക്കവാറും സ്കൂളുകളോട് അനുബന്ധിച്ചു നടത്തിവരുന്ന പ്രൈമറിസ്കൂളുകളേ സംബന്ധിച്ചിടത്തോളം പ്രൈമറിസ്കൂളിന് പ്രത്യേകം ഹെഡ്മാസ്റ്ററുടെ ആവശ്യമില്ലാത്തതുകൊണ്ട് ആ തസ്തികയും അതിനുള്ള അലവൻസും നിർത്തൽചെയ്തിട്ടുണ്ട്.

കുടിയാൻ സംഘം നടത്തിയ സത്യാഗ്രഹം.

* ൪൨൪. [൨൪] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി കുടിയാൻ സംഘത്തിന്റെ ആഭിമുഖ്യത്തിൽ മുഖ്യമന്ത്രിയുടെ വസതിയുടെ മുമ്പിൽ നടത്തിക്കൊണ്ടിരുന്ന സത്യാഗ്രഹം ഏതു വ്യവസ്ഥയിലാണു പിൻവലിച്ചത്;

(ബി) മന്ത്രി ശ്രീ. പനമ്പിള്ളി കുടിയാൻ സംഘത്തിനെന്തെങ്കിലും ഉറപ്പുകൊടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവയെന്തെന്നു വ്യക്തമാക്കുമോ;

(ഡി) കുടിയാൻ സംഘത്തിന്റെ ആവശ്യങ്ങളുടെയും സത്യാഗ്രഹത്തിന്റെയും നേക്കുള്ള ഗവണ്മെൻറ മനോഭാവമെന്തെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ചീഫ്മിനിസ്റ്ററുടെ വസതിയുടെ മുൻപിൽ സത്യാഗ്രഹം അനുഷ്ഠിച്ചതായി ഐ. ജി. യുടെ ഒരു റിപ്പോർട്ടുണ്ട്. (ചിരി) യാതൊരു വ്യവസ്ഥയുമില്ലാതെയാണ് അതു് അവസാനിച്ചത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) കുടിയാൻസംഘം പുറപ്പെടുവിച്ചിട്ടുള്ള അവകാശവാദങ്ങൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുന്നു. സത്യാഗ്രഹപരിപാടികൾ നിരുത്സാഹിപ്പിക്കുക എന്നാണ് ഗവണ്മെൻറിന്റെ നയം.

ശ്രീ. സി. കെ. വിശ്വനാഥൻ: കുടിയാൻ സംഘത്തിൽ നിന്നുള്ള നിവേദനത്തിന് ഗവണ്മെൻറ് കൊടുത്ത മറുപടി എന്താണ്?

ശ്രീ. എ. ജെ. ജാൻ: അതിനെപ്പററി ആലോചിക്കുന്നതാണെന്നു ഗവണ്മെൻറ് മറുപടി കൊടുത്തു.

ശ്രീ. എ. താണുപിള്ള: സത്യാഗ്രഹം എത്രപ്രാവശ്യം നടന്നു?

ശ്രീ. എ. ജെ. ജാൻ: രണ്ടോ മൂന്നോ പ്രാവശ്യം നടന്നു എന്നു ഐ. ജി. യുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: സത്യാഗ്രഹം തുടങ്ങിയതിനു ശേഷമാണോ അതോ അതിനു മുൻപാണോ നിവേദനം തന്നത്?

ശ്രീ. എ. ജെ. ജാൻ : സത്യാഗ്രഹം തുടങ്ങുന്നതിനു മുൻപ് നിവേദനം തന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സത്യാഗ്രഹം തുടങ്ങുന്നതിനു മുമ്പ് സത്യാഗ്രഹം തുടങ്ങുവാൻ പോകുന്നുവെന്ന് ഗവണ്മെൻറിനെ അറിയിച്ചിരുന്നോ?

ശ്രീ. എ. ജെ. ജാൻ : അതിനുമുമ്പ്, നിവേദനം ചെയ്ത അവസരത്തിൽ, അവകാശവാദങ്ങൾ അനുവദിച്ചില്ലെങ്കിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതാണെന്ന് പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി : സത്യാഗ്രഹം മാർഗ്ഗനിരോധനം ആയിരുന്നോ?

ശ്രീ. എ. ജെ. ജാൻ : ഒരു ദിവസം വൈകുന്നേരം ആണ് സത്യാഗ്രഹം തുടങ്ങിയത് ഉടനെതന്നെ അവരെ അറസ്ററു ചെയ്തു കൊണ്ടുപോകയും ചെയ്തു.

ശ്രീ. ടി. കെ. ദിവാകരൻ : ചീഫമിനിസ്റ്ററുടെ വസതിക്കുമുമ്പിൽ സത്യാഗ്രഹം അനുഷ്ഠിക്കുന്നതായി ചീഫ്മിനിസ്റ്റർ അറിഞ്ഞോ?

ശ്രീ. എ. ജെ. ജാൻ : ഇല്ല.

ശ്രീ. ജെ. രാഘവൻപിള്ള : ചീഫ്മിനിസ്റ്ററുടെ വസതിയിൽ താമസിക്കുന്നത് ഐ. ജി. ആണോ എന്ന് അറിഞ്ഞാൽ കൊള്ളാം?

ശ്രീ എ. ജെ. ജാൻ : ചീഫ്മിനിസ്റ്ററുടെ വസതിയിൽ താമസിക്കുന്നത് ചീഫ്മിനിസ്റ്ററാണ്, ഐ. ജി. അല്ല

ശ്രീ. ജെ. രാഘവൻപിള്ള : പിന്നെ എന്തുകൊണ്ടാണ് ചീഫ്മിനിസ്റ്ററുടെ വസതിക്കുമുമ്പിൽ സത്യാഗ്രഹം അനുഷ്ഠിച്ചത് ചീഫ്മിനിസ്റ്റർ അറിഞ്ഞില്ലാ എന്നും ഐ. ജി. അറിഞ്ഞു് റിപ്പോർട്ടു ചെയ്യുകയാണ് ഉണ്ടായതെന്നും പറയാൻ കാരണം?

ശ്രീ. എ. ജെ. ജാൻ : ചീഫ്മിനിസ്റ്റർ കെട്ടിടത്തിനു വെളിയിൽ ഗേററിൽ നിൽക്കുകയല്ലാ ചെയ്യുന്നത്. കെട്ടിടത്തിനു് അകത്താണ് ചീഫ്മിനിസ്റ്റർ ഇരിക്കുന്നത്?

ശ്രീ. ജെ. രാഘവൻപിള്ള : മന്ത്രിയുടെ വസതിയുടെ മുമ്പിൽ ഇരിക്കുന്ന ആളുകളെ മന്ത്രിയോടു ചോദിക്കാതെ പോലീസ് പിടിച്ചു കൊണ്ടുപോകുന്നത് ശരിയാണോ?

ശ്രീ. എ. ജെ. ജാൻ : പടിക്കൽനിന്ന് സത്യാഗ്രഹം ചെയ്യുന്നവരെ പിടിച്ചു കൊണ്ടുപോകുന്നതിനു് ചോദിക്കേണ്ട ആവശ്യം ഇല്ല. അതിനുള്ള അവകാശം പോലീസിനുണ്ട്.

വർദ്ധിച്ചുവരുന്ന മോഷണഭീതി.

* ൪൭ ൩. [൨ ൫] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(ഏ) സംസ്ഥാനത്തങ്ങോളമിങ്ങോളം മുമ്പെങ്ങുമുണ്ടാകാത്തവിധം മോഷണക്കേസുകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനു അടിയന്തിരമായി ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറുഗീസ്) : (ഏ-ബി.) ഫസ്റ്റ് ഇയർ-ൽ കഴിഞ്ഞ മുന്നുകൊല്ലങ്ങളെ അപേക്ഷിച്ച് കേസുകളുടെ എണ്ണം പൊതുവെ വർദ്ധിച്ചിട്ടില്ല. എന്നാൽ മോഷണം സംബന്ധിച്ച് കൂടുതൽ പ്രതിവിധികൾ നടപ്പാക്കുന്നതിലേക്കു സ്റ്റേററിലുള്ള പ്രധാന പട്ടണങ്ങളിലെല്ലാം സെൻട്രൽ ക്രൈംസ്റ്റേഷനുകൾ സ്ഥാപിക്കുന്നതിലേക്കു ഗവണ്മെൻറ് ആലോചിച്ചു വരുന്നുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ : ഐ. ജി. യുടെ ആഫീസിൽ നിന്നു മൂവായിരംരൂപാ മോഷണംപോയതായി ബഹുമാനപ്പെട്ട മന്ത്രിക്കു അറിവുണ്ടോ ?

ശ്രീ. ടി. എം. വറുഗീസ് : ഓരോ മോഷണങ്ങളുടേയും വിവരങ്ങൾ പ്രത്യേകമായി അറിവില്ല. ഏതെങ്കിലും കാര്യത്തെപ്പററി പ്രത്യേകം ഒരു ചോദ്യം അയച്ചാൽ അതിനെപ്പററി അന്വേഷിച്ചു മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : മുൻകൊല്ലങ്ങളെക്കാൾ കൂടുതൽ മോഷണം തിരുവനന്തപുരം പട്ടണത്തിൽ നടന്നിട്ടുണ്ടോ ?

ശ്രീ. ടി. എം. വറുഗീസ് : മോഷണങ്ങൾ കൂടുതൽ ഇ. എന്നാൽ ഭവനഭേദനം ഉൾക്കൂടിയ മോഷണങ്ങൾ കുറെ വർദ്ധിച്ചിട്ടുണ്ട്. സാധാരണ മോഷണങ്ങൾ കുറഞ്ഞിരിക്കുകയാണ്.

WRITTEN ANSWERS.

Promotions for V. S. L. C. holders.

*486 (29) **Dr. P. T. Thomas :** Will the Minister for Home Affairs be pleased to state :

(*a*) are the V. S. L. C. holders who at present serve as copyists in the Judicial Department given promotion as clerks ;

(*b*) if not, why they are not given promotions as clerks ;

(*c*) is it a fact that V. S. L. C. holders who serve as copyists in departments other than Judicial are given promotion ;

(*d*) if so, why this distinction is made ;

(*e*) is it a fact that the clerks in the Sub Registrar's Office and the copyists in the Judicial Department, do the same work *i. e.* copying work ;

(*f*) is there any difference in the scale of pay given to copyists in the Cochin area and the Travancore area ; and

(*g*) what is the scale of pay of a copyist in the Travancore area and the Cochin area ?

Minister for Home Affairs **(Shri T. M. Varghese) :**

(*a*) No.

(*b*) The minimum qualification prescribed for a clerk's place is E. S. L. C. or S. S. L. C. with endorsement of eligibility for College admission or any other examination as may be recognised as equivalent thereto. As V. S. L. C. holders do not possess the minimum qualification they are not being promoted as clerk.

(*c*) Yes.

(*d*) In view of the nature of the work in the Land Revenue Department copyists are promoted as clerks up to the grade of Rs. 30-45.

(*e*) No. Transcription work done in a Sub Registry Office is distinct from the copying work in the Judicial Department. The clerk in a Sub Registry Office prepares the original record which is to be preserved for ever. The work is superior in quality involving very careful application and knowledge of Registration and Stamp Laws. In addition to copying very important items of work involving very high responsibilities like preparation of indexes, searches of registers and preparation of encumbrance certificates have to be done by a clerk in the Sub Registry Office. The copyists in the Judicial Department prepare copies from the records which is already in existence and hence it is wrong to take the work of a clerk in the Sub Registry Office and that of a copyist in the Judicial Department as similar and of the same category.

(*f*) Yes.

(*g*) The scale of pay of a copyist in the Travancore area is Rs. 20-1-25. In Cochin area copyists get a scale of pay of Rs. 25-1½-40.

വിളവുണക്കം.

* ൪൭൬. [൩൦] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ മകരവിളയ്ക്ക് ഉണക്കം സംഭവിച്ചതായും അതിനുവേണ്ട ആശ്വാസനടപടികളെടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും തൃശ്ശൂർ ഡിസ്ട്രിക്ടിൽനിന്നു കൃഷിക്കാരുടെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം പ്രദേശങ്ങളിൽ നിന്നാണവ;

(സി) വിളവുണക്കം ബാധിച്ച കൃഷിക്കാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) ഏതു നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

(ബി) ചിറവൂർ, തലപ്പള്ളി, തൃശിവപേരൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിൽനിന്ന്.

(സി) ഭൂമികളുടെ മുണ്ടകൻ നിഷ്കൃതി വിളവുനാശത്തിൻെറ തോതനുസരിച്ച് ഇളവുചെയ്തുകൊടുപ്പാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ലെവി കുറവുചെയ്യുന്നതിനും, വിത്തു വേണ്ടവർക്ക് അതു നിയന്ത്രിതവിലക്കു കൊടുക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിട്ടുമുണ്ട്.

Action on Interpellations.

*488 [32] **Shri R. Ponnappa Nadar :** Will the Chief Minister be pleased to state whether timely and suitable actions are taken by the Government on matters after the interpellations are answered on the floor of the House ?

Chief Minister (**Shri A. J. John**) : Yes.

UNSTARRED QUESTIONS

കുടിയിറക്ക്.

ചന്ദ്രശ. [5] ശ്രീ. കെ. സദാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വട്ടിയൂർക്കാവിൽ കാഞ്ഞിരംപാറ എന്ന സ്ഥലത്ത് വ്യ. ഫ. ഇനത്തിൽ ഇരുപതോളം സാധുകുടുംബങ്ങളെ കുടിയിറക്കിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനെപ്പററി ഗവണ്മെൻറ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിൽ എത്ര കുടിക്കാർ പുറംപോക്കിൽ താമസിച്ചിരുന്നു;

(സി) ഇതിനകം എന്ത് നടപടി നടത്തി ?

ഉത്തരം.

(എ) ഉണ്ട്. ഇതിനെപ്പററി ഗവണ്മെൻറ് അന്വേഷണം ഒന്നും നടത്തിയിട്ടില്ല.

(ബി) ഇതിൽ ആരുംതന്നെ പുറംപോക്കിൽ താമസിച്ചിരുന്നവരല്ലാ.

(സി) പ്രസ്തുത കുടിയിറക്ക് കോർട്ട് ഡിക്രി മുഖേന നടത്തിയതാകകൊണ്ട് ഗവണ്മെൻറ് അതിൽ ഇടപെടേണ്ട ആവശ്യമില്ലാ

കായൽ പതിവ്.

൨൯൫. [൮] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് റെവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫൻ൮ ൧-നുശേഷം കായംകുളം കായലിന്റെ ഏതെങ്കിലും ഭാഗം ആർക്കെങ്കിലും യാതനാ പ്രതിഫലമായി പതിച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ്; എത്ര ഏക്കർ ?

ഉത്തരം.

ഇല്ലാ.

കൃഷിനാശം.

൨൯൬. [൯] ശ്രീ. വാഴച്ചാൽ പുളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തിൽ മുണ്ടകവിളവിറക്കുന്ന കാലത്ത് മുകുന്ദപുരം, തലപ്പിള്ളി, ചിറവർ എന്നീ താലൂക്കുകളിൽ ഉണക്കമൂലം കൃഷിക്ക് സാരമായ ദോഷം ഭവിച്ചിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിനറിയാമോ ;

(ബി) നിവാരണനടപടികൾ എന്തെങ്കിലും എടുക്കുവാൻ ഗവണ്മെൻറിന് സാധിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്താണ് ചെയ്തത് ?

(ഡി) ഉണക്കബാധിച്ച സ്ഥലങ്ങളിലെ കൃഷിക്കാർക്ക് നികുതി ഇളവുചെയ്തുകൊടുക്കുമോ ?

ഉത്തരം.

(എ) അറിയാം.

(ബി) ഉണ്ട്.

(സി) തൃശ്ശൂർ, ചിറവർ, മുകുന്ദപുരം, തലപ്പിള്ളി ഈ താലൂക്കുകളിലെല്ലാം പമ്പുകൾ ഉപയോഗിച്ച് ജലസേചനം നടത്തിയിട്ടുണ്ട്. കൂടാതെ മുകുന്ദപുരംതാലൂക്കിൽ കരുവന്നൂർ ആറിൽ പി. ഡബ്ലിയു. ഡി. യിൽ നിന്നും ചിറയിട്ട് ജലസേചനം നടത്തിയിട്ടുമുണ്ട്.

(ഡി) ഇക്കാര്യത്തിൽ ഡിസ്ട്രിക്റ്റ് കളക്ടർ വേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പോലീസ് സബ് ഇൻസ്പെക്ടർ മി. രാമനാഥൻ.

൨൯൭. [൧] ശ്രീ. ടി. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യ കുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പോലീസ് സബ്ഇൻസ്പെക്ടർ മി. രാമനാഥൻ ലാക്കപ്പിൽവച്ചും പുറത്തുവച്ചും ആളുകളെ ദേഹോപദ്രവം ഏൽപ്പിച്ചതായി കഴിഞ്ഞ ഒരു കൊല്ലത്തിനകം എത്ര പരാതികൾ കിട്ടിയിട്ടുണ്ട് ;

(ബി) പരാതികൾ കിട്ടിയിട്ടുള്ളതാരിൽ നിന്നെല്ലാം;

(സി) ഈ ഇൻസ്പെക്ടരുടെ മർദ്ദന ിൽ പ്രതിഷേധിച്ചു കഴിഞ്ഞ ഒരു കൊല്ല ിനുള്ളിൽ എത്ര യോഗങ്ങൾ കൂടിയതായി പോലീസ് റിപ്പോർട്ടു ലഭിച്ചിട്ടുണ്ട്;

(ഡി) മി. രാമനാഥന്റെ പേരിലുണ്ടായിട്ടുള്ള പരാതികളെ പ്പററി എന്തെങ്കിലും അന്വേഷണം ഗവണ്മെൻറിൽനിന്നും നടത്തിയി ട്ടുണ്ടോ ;

(ഈ) ഉണ്ടെങ്കിൽ അന്വേഷണഫലമെന്തു് ?

ഉത്തരം.

(എ) പത്തു്.

(ബി) 1. ശ്രീ. ടി. കെ. ദിവാകരൻ എം. എൽ. എ.
2. ട്രാവൻകൂർ ഇഞ്ചിനിയറിങ്ങ്‌വർക്സ് യൂണിയൻ സിക്രട്ടറി.
3. ശ്രീ. ശ്രീകണ്ഠൻനായർ, എം. പി.
4. റവല്യൂഷനറി സോഷ്യലിസ്റ്റുപാർട്ടി സിക്രട്ടറി.
5. ശ്രീ. അപ്പുക്കുട്ടൻനായർ, കൊല്ലം.
6. കൊല്ലം ചെറുതൊഴിലാളി യൂണിയൻ ജനറൽ സിക്രട്ടറി, ശ്രീ. കരുണാകരൻ.

(സി) ആറു്.

(ഡി) ഉണ്ടു്.

(ഈ) അന്വേഷണത്തിൽ പരാതികൾ അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

തൊഴിൽത്തർക്കങ്ങൾ.

1099. [വ] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ തർക്കങ്ങളെ തുടർന്നു് തൊഴിലാളിപ്രവർത്തകരുടെ പേരിൽ സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽനിന്നും ചാർജ്ജുചെയ്തിട്ടുള്ള എത്ര കേസുകൾ ഇന്നു വിചാരണയിലിരിക്കുന്നു;

(ബി) ഓരോ സ്റ്റേഷനിലെയും കേസ്സുകളും അതിലുൾപ്പെട്ട പ്രതികളും എത്ര ;

(സി) ഈ കേസുകൾ പിൻവലിക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ കാരണമെന്തു് ;

(ഈ) ഈ കേസുകളിൽ വാദികൾ ഹാജരാകാതിരിക്കുന്നതുമൂലം വിചാരണ നടക്കാതിരിക്കുന്ന കേസ്സുകൾ എത്ര ?

ഉത്തരം.

(എ) ൧൭.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) (ഡി) കേസുകളെല്ലാം ഒന്നടങ്കം പിൻവലിക്കുന്നതു് സ്വീകാര്യമായ ഒരു നടപടി ആണെന്നു് ഗവണ്മെന്റ് കരുതുന്നില്ല. കേസുകൾ ഓരോന്നും അവയുടെ ഗൗരവമനുസരിച്ചു് പരിഗണിക്കേണ്ടതാണു്.

(ഇ) ഒന്നും തന്നെയില്ല.

ഹരിജനങ്ങൾക്കു് തിരിച്ചിടപ്പെട്ട സ്ഥലങ്ങൾ.

ചോദ്യം. [൯] ശ്രീ. എം. പി. വർഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

മൂവാറ്റുപുഴ താലൂക്കിൽ ഹരിജനങ്ങൾക്കു് കുടിപാർപ്പിനും മറ്റുമായി പ്രത്യേകം തിരിച്ചിടപ്പെട്ടിട്ടുള്ള സ്ഥലങ്ങളുടെ വിസ്തീർണ്ണവും സർവ്വേനമ്പരും പകുതി തിരിച്ചു് മേശപ്പുറത്തു വയ്ക്കുമോ ?

ഉത്തരം.

ആവശ്യപ്പെട്ട വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.†

Anglo Indians in the Police Department.

270 (10) **Shri A. A. D Luiz:** Will the Minister for Home Affairs be pleased to state :

(*a*) the number of Anglo-Indians in the Police Department of this State at present and their grades of pay ; and

(*b*) the number of Anglo-Indians that have been entertained in the Police Department during the last five years ?

Answer.

(*a*) A list containing the number of Anglo-Indians in the Police Department at present and their grades of pay is placed on the table.

(*b*) Nil.

വെള്ളം പമ്പുചെയ്യുന്നതിനു കൂലി.

ചോദ്യം. [൯൨] ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* Please See Appendix I I.

† Please See Appendix IV.

(എ) മുകുന്ദപുരംതാലൂക്കിൽ മററത്തൂർവില്ലേജിൽ മററത്തൂർപാടത്ത് മുണ്ടകകൃഷിക്ക് ഗവ്ണ്മെൻറിൽനിന്ന് വെള്ളം പമ്പുചെയ്യുന്നതിന് എൻജിൻ അനുവദിച്ചുകൊടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഒരേക്കർ നിലത്തിന് പമ്പിംഗ് കൂലി ഇപ്പോൾ എന്താണ് വസൂലാക്കുന്നത് ;

(സി) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുമുൻപ് എന്തായിരുന്നു വസൂലാക്കിയിരുന്നത് ;

(ഡി) എൻജിൻ കൂലി കൃഷിക്കാർ ബാക്കിവച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതു് വസൂലാക്കാൻ ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഏക്കറിന് ൨ ൫ രൂപ.

(സി) ൧ ൫ രൂപ.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. റവന്യൂ റിക്കവറി ആക്ടനുസരിച്ചു നടപടി നടത്തിവരുന്നു.

പുറംപോക്കുസ്ഥലം.

൨ ൭൨. [൧൩] ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്കിൽ പരിയാരത്തിനുസമീപം മേട്ടിപാടത്തു ആലുവാ സെററിൽമെൻറിനു എത്ര ഏക്കർ പുറംപോക്കു സ്ഥലം കൃഷിക്ക് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ട് ;

(ബി) എന്തുവ്യവസ്ഥയിലാണ് ഈ സ്ഥലം ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതു് ;

(സി) ഈ സ്ഥലത്തു ഇപ്പോൾ കൃഷി നടത്തുന്നുണ്ടോ ?

ഉത്തരം.

(എ) കോടശേരിവില്ലേജ് സർവ്വെ രജിസ്റ്റർ നിന്നും ൧൯൯൫ ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ട്.

(ബി) നാലുകൊല്ലത്തിനകം ഒരു അധ്യക്ഷതകാളനി സ്ഥാപിക്കണമെന്ന വ്യവസ്ഥയിലാണ്, ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതു്.

(സി) നടത്തുന്നുണ്ട്.

Encroachment.

273 [14] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(*a*) the name of the person on whom maximum number of encroachment cases were taken during the last six years in the taluks of Thovala, Agastiswaram, Kalkulam and Vilavancode ; and

(*b*) whether he was evicted from the encroached Government lands ?

Answer.

(*a*) Thovala Taluk—Shri Kumaraswamy, Proprietor, Pioneer Motor Company, Nagercoil.

Agastiswaram Taluk—Shri Arunachalam Pillai Raman Pillai of Eraviputhur.

Kalkulam Taluk—Shri Sivasubramonia Pillai Kuttalam Pillai of Eraniel and Shri David Immanuel of Midalam.

Vilavancode Taluk—Shri Samuel Nadar Thomas Nadar.

(*b*) Encroachers in the Thovala and Kalkulam Taluks not evicted. Steps are in progress to evict them. In Vilavancode Taluk, the encroacher has been evicted. In Agastiswaram Taluk, the encroachment has been evicted in two cases.

Kuthagapattom.

274 (17) **Dr. N. S. Pillai :** Will the Minister for Revenue be pleased to state :

(*a*) the total area of lands leased out on Kuthagapattom basis in the year 1952-53 in the whole of the State ; and

(*b*) district-war figures of the same ?

Answer.

(*a*) 3051 acres 62.175 cents.

		Acre.	Cent.
(*b*)	Trivandrum	487	62.717
	Quilon	1050	91.703
	Kottayam	1321	4.331
	Trichur	192	3.424

മാലിപ്പുറം ഫിഷ്ഫാം.

൨ ൧൪. [ഫൻ] ശ്രീ. രാമകൃഷ്ണൻ : താഴെപറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(൧) ഞാറക്കൽ, മാലിപ്പുറം ഫിഷ്ഫാം—ൽ നിന്നു ഫൻ൪ ൦—൪ ഫ സാമ്പത്തികവർഷങ്ങളിൽ ഏക്കർ ഒന്നിന് ശരാശരി എന്തു വരവുണ്ട് ;

(ബി) മാലിപ്പുറം ഫിഷ്ഫാമിന്റെ ആകെ വിസ്തീർണ്ണം എത്ര ; ൧൯൫൦-൫൧ സാമ്പത്തികവർഷത്തിൽ ടി കളത്തിൽനിന്നു ആകെ വരവ് എത്ര ; അതിനുവേണ്ടിയുള്ള ചിലവ് ?

ഉത്തരം.

(എ) ൧൦൨ രൂപ ൧൪ അണ.

(ബി) വിസ്തീർണ്ണം ൫൦ ഏക്കർ ൫൦-൫൧-ലെ വരവ് ൩ ൧൨൭ രൂപ, ൧൪ അണ, ചിലവ്, ൨ ൪൪൩ രൂ. ൨ ണ. ൩ സ.

Primary Schools.

276 [20] **Shri E. P. Varghese :** Will the Minister for Education be pleased to state :

(*a*) the annual expenditure on departmental primary schools during the years 1951 and 1952 ;

(*b*) the annual expenditure on grants to primary schools during the years 1951 and 1952.

(*c*) are the teachers in private primary schools brought under the system of provident fund ;

(*d*) are the lady teachers in private primary schools allowed grant during the period of maternity leave ?

Answer.

(*a*) Rs. 95,36,190 for the financial year 1950-51.
Rs. 1,01,79,433 for the financial year 1951-52.

(*b*) Rs. 39,73,625 for the financial year 1950-51.
Rs. 45,33,267 do. 51-52.

(*c*) Yes. in the Cochin area, but not in the Travancore area.

(*d*) Permanent lady teachers in private Primary Schools in the Cochin area are allowed grant during the period of maternity leave while such a concession is not allowed now to those employed in schools in Travancore area.

പോലീസുദ്യോഗസ്ഥന്മാർ.

൨൭൭. [൨൧] ശ്രീ. സി. അച്ചുതമേനോൻ : താഴെപറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമവർമ്മപുരം റിസർവ്വ് ക്യാമ്പിലെ പോലീസുദ്യോഗസ്ഥന്മാർ നാട്ടുകാരുടെ പശുക്കളെ ഉപദ്രവിച്ചതായി ഒരു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിനെപ്പററി അന്വേഷിക്കാനായി ഒരു കമ്മററിയെ വണ്ണമെന്റു നിയമിച്ചിട്ടുണ്ടോ ;

(സി) കമ്മിററിയിലെ അംഗങ്ങൾ ആരെല്ലാം ;

(ഡി) കമ്മിററി റിപ്പോർട്ട് സമർപ്പിച്ചോ ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ ചുരുക്കമെന്ത് ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) (ഡി) ചോദ്യം ഉദിക്കുന്നില്ല.

സ്കൂളുകൾക്കുള്ള അപേക്ഷ.

൨൭൭. [൨൨] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തിൽ പുതിയസ്കൂളുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര അപേക്ഷകൾ ഗവണ്മെന്റിലേയ്ക്കു ലഭിച്ചിട്ടുണ്ട് ;

(ബി) അവയിൽ പ്രൈമറി സെക്കണ്ടറി ഹയർ എന്നിവ ഇനം തിരിച്ച് ഓരോന്നിലും എത്രവീതം അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(സി) ഇവയിൽ അനുവദിച്ചതെത്ര ;

(ഡി) പുതിയ സ്കൂളുകൾ അനുവദിക്കുന്നതിനുള്ള പരിഗണനകൾ എന്തെല്ലാം ;

(ഇ) സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തിൽ വ്യത്യസ്തമാനദണ്ഡങ്ങൾ സ്വീകരിച്ചതായി പരാതികിട്ടിയിട്ടുണ്ടോ ?

ഉത്തരം.

(എ) ൪൨൪.

(ബി) പ്രൈമറി സ്കൂളുകൾക്ക് ൧൧൩ അപേക്ഷകളും ലോവർ സെക്കണ്ടറി സ്കൂളുകൾക്ക് ൧൩൭ അപേക്ഷകളും ഹൈസ്കൂളുകൾക്ക് ൧൪൧ അപേക്ഷകളും ലഭിച്ചിട്ടുണ്ടായിരുന്നു.

(സി) ൩൭ പ്രൈമറി സ്കൂളുകളും ൪൦ ലോവർ സെക്കണ്ടറി സ്കൂളുകളും ൪൭ ഹൈസ്കൂളുകളും അനുവദിച്ചു.

(ഡി) ഓരോ സ്ഥലത്തുമുള്ള വിദ്യാഭ്യാസ സംബന്ധമായ ആവശ്യകതയും സ്കൂൾതുടങ്ങാനുള്ള സൗകര്യവും.

(ഇ) ഇല്ല.

Training Schools.

279 (24) **Shri M. William :** Will the Chief Minister be pleased to state :

(*a*) whether there is any Training school for Tamil students in Vilavancode taluk ; and

(*b*) if any whether Tamil students are admitted in them ?

Answer.

(*a*) There is a Training school at Vilavancode which is open to pupils with Malayalam as their Second Language.

(*b*) One pupil with Tamil as Second Language was admitted in the school in the current academic year.

അദ്ധ്യാപകന്മാരുടെ ശമ്പളം.

൨൯൦. [൨൫] ശ്രീ. എം. സി. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞിരമററം സെൻറ് അലോഷ്യസ് ഇംഗ്ലീഷ് ഹൈസ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളബില്ലിൽ മാററിയിട്ട് സമയത്തു ശമ്പളം കൊടുത്തില്ല എന്ന് അദ്ധ്യാപകരിൽ നിന്നും പരാതിയുണ്ടായിട്ടുണ്ടോ?

(ബി) മാനേജിംഗ് കമ്മററിയുടെ ട്രഷററുടെ പേരിലേക്ക് സർക്കാർ ഖജനാവിലെ കണക്ക് മാററണമെന്നും ബില്ലുകൾ മാറുന്നതിന് ട്രഷററെ അധികാരപ്പെടുത്തണമെന്നും മാനേജിംഗ് കമ്മററിയുടെ അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത അപേക്ഷയിന്മേൽ എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഉണ്ട്.
(ബി) ഉണ്ട്.
(സി) അന്വേഷണത്തിൽ ഇരിക്കുകയാണ്.

മുത്തക്കുന്നം എം. പി. സ്കൂൾ.

൨൯൧. [൨൬] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുത്തകുന്നം ക്ഷേത്രത്തിനു സമീപമുള്ള എം. പി. സ്കൂൾ ഏതു് കൊല്ലത്തിൽ പണിതതാണ് ;

(ബി) ഈ അടുത്തകാലത്തെ ഞാറാഴ്ച അതിന്റെ അററകുററപ്പണികൾ തീർത്തിട്ടുണ്ടോ;

(സി) സ്കൂൾകെട്ടിടം അപകടകരമായ രീതിയിൽ ജീർണ്ണിച്ചു നിൽക്കുകയാണെന്നറിയാമോ?

ഉത്തരം.

(എ) ൧൯൧൬-ൽ.

(ബി) വാർഷിക സംരക്ഷണവേലകൾ ചെയ്തുവരുന്നു്. വിശേഷാൽ അററകുററ വേലകൾ ഈ ആണ്ടിൽ ചെയ്തു തീരത്തക്കവണ്ണം ഏർപ്പാടു ചെയ്തിട്ടുണ്ട്.

(സി) അപകടകരമായ നിലയിൽ ജീർണ്ണിച്ചു നിൽക്കുകയല്ലാ എന്നാണ് അറിയുന്നതു്.

പീച്ചിഅണ.

൨൭൨. [൨൯] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചിഅണക്കെട്ടിന്റെ പണിക്ക് ആകെ എസ്റ്റിമേറ്റുചെയ്ത ചെലവെത്ര;

(ബി) ഇതുവരെ അണക്കെട്ടിന്റെ പണിക്ക് എന്തു ചെലവായിട്ടുണ്ട്;

(സി) പണി എന്നേക്കു പൂർത്തിയാകും?

ഉത്തരം.

(എ) ൨൯ ൫ ൦ ൦ ലക്ഷം രൂപാ.

(ബി) ൧൯൫൩ നവംബർമാസം അവസാനിക്കുന്നതുവരെ ൧൦൫. ൧൫ ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) ൧൯൫൪ ൫-ൽ പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു്.

ഗുണാനം.

൨൭൩. [൩൦] ശ്രീ. പി. വി. അവിരാഅരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) കണയന്നൂർ താലൂക്കിലെ ഹിന്ദുക്കളായവർക്ക് അവരുടെ മൃതദേഹം സംസ്കരിക്കുന്നതിന് ഒരു പ്രത്യേക സ്ഥലം അനുവദിച്ചുകൊടുക്കണമെന്നു ഒരു മെമ്മോറാണ്ഡം ലഭിച്ചിട്ടുണ്ടോ ;

(ബി) അങ്ങനെ ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ ഗവണ്മെന്റ് എന്തു നടപടി നടത്തി?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

Mr. Speaker : Order, order, please. The time for interpellations is over.

12 Noon.]

Adjournment motion re : the conduct of the Kattakada Police.

ശ്രീ. വി. ശ്രീധരൻ : സർ, ഒരു പ്രായിൻറ് ആഫ് ആർഡർ കാട്ടാക്കട പോലീസ് ഇൻസ്പെക്ടർ ആത്മാറാം ഏതാനുംപേരെ അറസ്റ്റു ചെയ്തു മർദ്ദിച്ചതിനെ സംബന്ധിച്ചു ഞാനൊരു അടിയന്തിരപ്രമേയം തന്നിട്ടുണ്ട്.

Mr. Speaker : Yes. I have received an adjournment motion. Evidently the purpose of the point of order is to make it known that the hon. Member brought an adjournment motion and it was ruled out of order. It refers to the arrest and manhandling by the police at Kattakada. If an arrest is made in some part of Travancore Cochin, it cannot form the subject matter of an adjournment motion. It must be a matter of public importance so far as the Travancore-Cochin State is concerned. A single action by the Police in some corner of the Travancore-Cochin territory should not be made the subject of a motion for the adjournment of the House.

Voting of Demands for Grants in the Budget for 1953-54 (*contd.*)

Demand I—Agricultural Income Tax and Sales Tax.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) : Sir, I move that a sum of Rs. 7,05,000 be granted to Government under demand I—Agricultural Income Tax and Sales Tax.

Chief Minister (**Shri A. J. John**) : I second the motion.

Shri N. Raghava Kurup : Sir, I move

to "reduce the allotment of Rs. 2,34,000 for Taxes on income other than Corporation tax by Re. 1.

സർ, ഞാനിവിടെ നിൽക്കുന്നതു ശകലം ഭയത്തോടെ". കാരണം, ഇന്നലെ ബഹുമാനപ്പെട്ട പെരുമ്പാവൂർ മെമ്പർ സഖാവു ഗോവിന്ദപ്പിള്ള ചില കാര്യങ്ങൾ ഈ അസംബ്ലിയുടെ മുമ്പിൽ കൊണ്ടുവന്നപ്പോൾ അതിനു മറുപടിയായി ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ ഒരു ഭീഷണി പുറപ്പെടുവിക്കയുണ്ടായി. സഖാവു ഗോവിന്ദപ്പിള്ളയുടെ പ്രസംഗം, അദ്ദേഹത്തിന്റെ മേലധികാരിയായ പോപ്പു തിരുമേനിയുടെ മുമ്പിലേയ്ക്കു അയച്ചുകൊടുക്കാൻ പോകുകയാണെന്നു്.

Mr. Speaker : What exactly is the relevancy ? You refer to what took place yesterday. We have got more business to be done. If you are going to retort to something that took place yesterday, that will be simply wasting the time of the House.

Shri N. Raghava Kurup : It is not a retort.

Mr. Speaker : Yesterday, we were discussing Education, and today we are dealing with Agricultural Income Tax and Sales Tax,

ശ്രീ. എൻ. രാഘവവാരിയർ: ഇതെല്ലാം അങ്ങനെ റിപ്പോർട്ട് ചെയ്താൽ ഞങ്ങൾ വെള്ളപൂശിലാകുകയില്ലേയെന്നാണു ഞാൻ ചോദിക്കുന്നതു്. അതു കൊണ്ടു് അങ്ങനെയുള്ള റിപ്പോർട്ടുകൾ അയയ്ക്കരുതെന്നു ഞാൻ അദ്ദേഹത്തോടു പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

ആഗ്രിക്കൾച്ചറൽ ഇൻകംടാക്സിനെപ്പററി ഒന്നുരണ്ടു സംഗതികൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാനാഗ്രഹിക്കുന്നു. ആഗ്രിക്കൾച്ചറൽ ഇൻകംടാക്സിൻെറ തത്വത്തോടു ഞങ്ങൾ വിയോജിക്കുന്നില്ലെങ്കിലും ഇന്നു ആ ഡിപ്പാർട്ടുമെൻറിൻെറ നടപടികളിൽ ചില കുഴപ്പങ്ങൾ ഉണ്ടെന്നു പറയുന്നതിനെ ദക്ഷിണബഞ്ചിലിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരാരും നിഷേധിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ആഗ്രിക്കൾച്ചറൽ ഇൻകംടാക്സ് കൊടുക്കേണ്ട പല വ്യക്തികളേയും ഇന്നു അതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടു്. അതേയവസരത്തിൽ ഒട്ടും ഇൻകംടാക്സ് കൊടുക്കേണ്ടാത്ത ആളുകളെ പല കാരണങ്ങളാൽ അസ്സസ്സ് ചെയ്തുവരുന്നുവെന്നുള്ളതും ഒരു പരമാർത്ഥമാണു്. ഇങ്ങനെയുള്ള അസ്സസ്സ്മെൻറിൻെറ മേൽ അപ്പീൽ കൊടുത്താൽതന്നെയും അപ്പീൽ കൊടുക്കുന്നതിനു മുമ്പായി അസ്സസ്സ് ചെയ്തിട്ടുള്ള സംഖ്യ കെട്ടിവയ്ക്കേണ്ടിയിരിക്കുന്നു. ഇങ്ങനെ സംഖ്യ മുൻകൂറായി കെട്ടിവയ്ക്കണമെന്നു ഫൻഡ് ഒ—ലെ ആക്ടിൽ പ്രത്യേകം പറയുന്നില്ലെങ്കിലും അസ്സസ്സ്മെൻറ് ആർഡറിൻെറ പകർപ്പു കിട്ടുന്നതിനു തുക കെട്ടിവയ്ക്കണമെന്നുള്ള പിശകായ ഒരു നടപടി ഇവിടെ നടപ്പിലിരിക്കുന്നുണ്ടു്. ഒരു കൊല്ലത്തെ അസ്സസ്സ്മെൻറിൽ എന്തെങ്കിലും കുഴപ്പമുണ്ടെന്നുകണ്ടു് ഒരു അപ്പീൽ കൊടുത്താൽ അതേ രീതിയിൽതന്നെ രണ്ടു മൂന്നു പ്രാവശ്യവുംകൂടി അസ്സസ്സ്മെൻറ് കഴിഞ്ഞു ആ തുകകൾ കൂടി കെട്ടിവച്ചതിനുശേഷമെ ആദ്യത്തെ അപ്പീലിനു ഒരു തീരുമാനമുണ്ടാകയുള്ളു എന്നൊരു പതിവും ഈ രാജ്യത്തുണ്ടു്. ഈ അസ്സസ്സ്മെൻറിൻെറ കാര്യത്തിൽ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. കൂടുതൽ സത്യസന്ധതയും ജോലിചെയ്യുന്നതിൽ പ്രത്യേകം താല്പര്യവുമുള്ള ആളുകളെ ഈ ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്നാണു ഞാൻ പറയുന്നതു്. അതോടൊപ്പം തന്നെ അപ്പീൽകേസുകൾ പെട്ടെന്നു തീരുമാനിക്കുന്നതിനുള്ള ഏർപ്പാടുകളും ചെയ്യേണ്ടതാണു്. ഫൻഡ് ഒ—ലെ ആക്ട് നടപ്പിൽ വന്നതിനു ശേഷം അപ്പീൽ കേൾക്കുന്നതിനുള്ള അധികാരികളെ വളരെ ചുരുക്കിയിരിക്കുകയാണു്. മുമ്പു ഓരോ ഡിസ്ട്രിക്ട് ഹെഡ്ക്വാർട്ടേഴ്സിലും അസിസ്റ്റൻറ് കമ്മീഷണറന്മാർക്കു അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം കൊടുത്തിരുന്നു. അവർക്കു സെയിൽസ് ടാക്സിൻെറ കാര്യത്തിലും അപ്പീൽ കേൾക്കുന്നതിനുള്ള അധികാരമുണ്ടായിരുന്നു. അതു ചെറിയ തുകകൾ ആദായനികുതിയായും സെയിൽസ്ടാക്സായും കൊടുക്കുന്ന ആളുകൾക്കു ഏററവും പ്രയോജനപ്രദമായ ഒരു കാര്യമായിരുന്നു. എൻെറ ഓർമ്മ ശരിയാണെങ്കിൽ ഇന്നു തിരുവനന്തപുരത്തും എറണാകുളത്തും മാത്രമെ രണ്ടു അപ്പലേററ് അതോർട്ടികൾ ഉള്ളു. ചെറിയ ചെറിയ തുകകൾ സെയിൽസ്ടാക്സ് കൊടുക്കേണ്ടിവരുന്ന കച്ചവടക്കാരും ചെറിയതോതിൽ ആദായനികുതി കൊടുക്കുന്ന ചെറിയ കൃഷിക്കാരും അപ്പീൽ കൊടുക്കുന്നതിനു വേണ്ട നടപടികൾ നടത്തുന്നതിനു ഇപ്പോൾ വളരെ വിഷമിക്കുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണു്. മുമ്പുണ്ടായിരുന്ന ആഗ്രിക്കൾച്ചറലും സെയിൽസ്ടാക്സും അസിസ്റ്റൻറ് കമ്മീഷണറന്മാരുടെ ലാവണങ്ങൾ

ഇന്നും ഉണ്ട്. മുമ്പു കൊടുത്തുകൊണ്ടിരുന്ന ശമ്പളമാണ് ഇപ്പോഴും കൊടുത്തുവരുന്നതെന്നു ബഡ്ജററിൽനിന്നും ഏറക്കുറെ മനസ്സിലാക്കാൻ കഴിയും. സാധാരണ ആളുകളെ സംബന്ധിച്ചിടത്തോളം ഈ ഉദ്യോഗസ്ഥന്മാരുടെ അധികാരം കുറച്ചതു് ഏററവും തെററായ ഒരു നടപടിയാണെന്നാണു എനിക്കു പറയാനുള്ളതു്. അതുകൊണ്ടു ഗവണ്മെൻറു കഴിയുന്നതും വേഗം ആ ഉദ്യോഗസ്ഥന്മാർക്കും അപ്പീൽ കേൾക്കുന്നതിനുള്ള അധികാരം കൊടുത്തു ഇടത്തരക്കാരായ കൃഷിക്കാരെയും ചെറിയ ചെറിയ കച്ചവടക്കാരെയും സഹായിക്കണമെന്നു എനിക്കഭിപ്രായമുണ്ട്.

മറെറാരു സംഗതികൂടി ഗവണ്മെൻറിൻെറ മുമ്പിൽ കൊണ്ടുവന്നുകൊള്ളുന്നു. ഈ ഗവണ്മെൻറു മററു പല ഡിപ്പാർട്ടുമെൻറുകളിലെന്നപോലെ തന്നെ നിയമലംഘനം ഈ ഡിപ്പാർട്ടുമെൻറിലും നടത്തുന്നുണ്ടെന്നുള്ളതു ഒരു പരമാർത്ഥമാണ്. ഈ സമയത്തു സെയിൽസ് ടാക്സു ആക്ടിലെ ഒരു വകുപ്പു സഭയുടെ മുമ്പിൽ വയ്ക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഇന്നു ഈ രാജ്യത്തു പല നിയമങ്ങളും ഉണ്ട്. ആ നിയമങ്ങളെ എല്ലാം ലംഘിക്കുന്നതിനു ഇവിടെ ഗവണ്മെൻറു യാതൊരു മടിയും കാണിക്കുന്നില്ലെന്നുള്ളതു ഏററവും പരമാർത്ഥമാണ്. സെയിൽടാക്സിൽനിന്നും ചില സാധനങ്ങളെ ഒഴിവാക്കുന്ന ഒരു പ്രൊവിഷൻ ഇവിടെ സെയിൽസ്ടാക്സ് ആക്ടിലുണ്ട്.

Shri P. S. Nataraja Pillai : On a point of information, Sir. The hon. Member is speaking about Sales tax. Can he discuss about sales-tax in this cut motion ?

Mr. Speaker : The hon. Member should understand that this motion is for reduction of total allotment of Rs. 2,34,000 for taxes on income other than Corporation tax. It may include agricultural tax but not sales-tax. The hon. Member should confine his remarks to the relevant facts. I will call upon the hon. Member to speak on another cut motion which may throw open the whole Department for discussion on all aspects.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഞാൻ ടേബിൾ ചെയ്തിട്ടുള്ള കട്ട് മോഷൻ ഉള്ള ഈ വിഷയം വരുകയില്ലെന്നു അറിഞ്ഞുകൊണ്ടാണു സഭയുടെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും അനുവാദത്തോടുകൂടി ഈ കാര്യം ഞാനെഴുതി രണ്ടു വാക്കു പറയണമെന്നു വിചാരിക്കുന്നതു്.

Mr. Speaker : Leave it to some other Member. The hon. Member must understand what exactly the cut motion is. Some other Members will move and discuss about that.

ശ്രീ. എൻ. രാഘവക്കുറുപ്പ് : പറഞ്ഞുവന്ന ഒരു പോയിൻറു പൂർത്തിയാക്കാൻ അനുവദിക്കണം.

സെക്ഷൻ നാലിൽ ചില സാധനങ്ങളെ സെയിൽസ്ടാക്സിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. എക്സൈസ് ഡ്യൂട്ടി കൊടുക്കുന്ന സാധനങ്ങളെ

ഒഴിവാക്കിയിട്ടുള്ളതായി കാണാം. അതുപോലെതന്നെ ഇന്നയിന്ന സാധനങ്ങൾക്കു സെയിൽസുടാക്സ് ഈടാക്കാമെന്നും പറഞ്ഞിട്ടുണ്ട്. കള്ള് എക്സൈസ് ഡ്യൂട്ടി കൊടുക്കുന്ന ഒരു സാധനമാണ്. ഇന്നു കള്ളിനു സെയിൽസുടാക്സ് ഈടാക്കിവരുന്നുണ്ട്. ഇതുസംബന്ധിച്ചു ചില കേസുകൾ നടന്നുവരുമ്പോൾ നിയമപ്രകാരം സെയിൽസുടാക്സു ഈടാക്കാൻ പാടില്ലെങ്കിലും ഞങ്ങൾക്കുള്ള ഇൻസ്ട്രക്ഷൻ അങ്ങനെയാണ് എന്നാണു അധികാരികൾ പറയുന്നതു്. തിരുവിതാംകൂർ അബ്കാരിആക്ട് സെക്ഷൻ ഏന്നു-ൽ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണ്;

> "In the case of toddy, or spirits manufactured from toddy, by a tax on each tree from which toddy is drawn, to be paid in such instalments and for such period ....."

വളരെ വ്യക്തമായിട്ടു കള്ളിനു സെയിൽസ്ടാക്സ് ഈടാക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ട്. അതിനെ ഏതെല്ലാം വിധത്തിൽ വ്യാഖ്യാനിച്ചാലും കള്ളിനു സെയിൽസുടാക്സ് ഈടാക്കിവരുന്നുണ്ട്. ഇത്രയും പറഞ്ഞതുകൊണ്ടു കള്ളിനു സെയിൽസുടാക്സ് ഈടാക്കുന്ന നയത്തോടു ഞാൻ യോജിക്കുന്നില്ലെന്നു അർത്ഥമില്ല. എന്നാൽ ഒരു നിയമം ഉണ്ടാക്കിയിട്ടു അതിനെ വകവയ്ക്കാതെ ടാക്സ് ഈടാക്കുന്ന സമ്പ്രദായം ശരിയല്ലെന്നാണു ഞാൻ പറയുന്നതു്. പോലീസുകാർ മർദ്ദനം നടത്തരുതെന്നു നിയമമുണ്ടാക്കിയിട്ടു മർദ്ദിക്കുന്നു; അതുപോലെതന്നെ ഇവിടെ പ്രസംഗസ്വാതന്ത്ര്യവും നാടകം അഭിനയിക്കുന്നതിനുള്ള സ്വാതന്ത്ര്യവും ഉണ്ടെന്നു പറഞ്ഞിട്ടു അതിനെയെല്ലാം തടയുന്ന സമ്പ്രദായം ഗവണ്മെൻറിനുണ്ട്. ഈ സമ്പ്രദായങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ അപകടമാണെന്നാണു എനിക്കു പറയുവാനുള്ളതു്. ഈവക കാര്യങ്ങളെല്ലാം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തി നിയമത്തിനു എതിരായി ഈടാക്കിയിട്ടുള്ള സെയിൽസുടാക്സ് മടക്കിക്കൊടുക്കണമെന്നാണു ഞാൻ പറയുന്നതു്.

ശ്രീ. ഏ. கணபதி: Paddy க்கு incometax போடக்கூடாது என்று நீங்கள் ரொம்ப interest எடுக்கிறீர்களே! அதற்கு காரணமென்ன?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതു നിയമവുമായി സംബന്ധിച്ചു കാര്യങ്ങളാണ്. പറഞ്ഞാൽ മെമ്പർക്കു മനസ്സിലാകുകയില്ലായിരിക്കാം. നിയമവിരുദ്ധമായ പ്രവൃത്തികൾ ബഹുമാനപ്പെട്ട ഗവണ്മെൻറ് എങ്കിലും കഴിയുന്നതും കുറച്ചു് കാര്യങ്ങൾ കഴിയുന്നിടത്തോളം ഭംഗിയായി ചെയ്യണമെന്നാണു എനിക്കു പറയാനുള്ളതു്. ഇന്നുള്ള നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടെങ്കിലും ഭരണം മുന്നോട്ടുകൊണ്ടുപോകണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Shri C. Achutha Menon : Sir, I move :

> "To reduce the allotment of Rs. 4,71,000 for other taxe and duties by Re. 1"

സർ, ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിന്റെ പ്രധാന ഉദ്ദേശം, ഗവണ്മെൻറിന്റെ ഈ വില്പനനികുതി ഈടാക്കുന്ന നയത്തെ സംബന്ധിച്ചു രണ്ടുവാക്കു പറയുവാനാണ്. ഗവണ്മെൻറിന്റെ വരവിന-

ങ്ങൾ പരിശോധിച്ചുനോക്കിയാൽ, വളരെ വ്യക്തമായി കാണാൻ സാധിക്കുന്ന ഒരു സംഗതി ഈ വില്ലനനികുതി വളരെ പ്രാധാന്യം വഹിക്കുന്ന ഒരിനമാണെന്നാണ്. ഉദ്ദേശം പതിനേഴുകോടി രൂപയോളം വരവുള്ളതിൽ, രണ്ടരകോടിയോളം രൂപാ ഈയിനത്തിൽനിന്നാണു ലഭിക്കുന്നതു്. ഫൻഡ് ഫ-ഒഫ-ലെ "ആക്.ച്ചൽസ്" എടുക്കുകയാണെങ്കിൽ, ഫ ഒന്നര ലക്ഷംരൂപാ വരവുണ്ടായിരുന്നതിൽ, ഇരുന്നൂററിനാല്പത്തിനാലുലക്ഷവും ഈ വില്ലന നികുതിയിനത്തിൽനിന്നാണു ലഭിച്ചിട്ടുള്ളതെന്നു കാണാം. ഇതു കണക്കാക്കിനോക്കുമ്പോൾ ഫ്ന.ന്നു ശതമാനത്തിൽ കൂടുതൽ വരുന്നുണ്ടു്. മററു യാതൊരു നികുതിയും ഒററയിനം എന്ന നിലയിൽ ഇതിനോടു കിടപിടിക്കത്തക്കതായി ഈ ബഡ്ജററിലില്ല. ഇത്ര അധികം പ്രാധാന്യം ഈയിനത്തിനു് നമ്മുടെ ഫൈനാൻസു വ്യവസ്ഥയിൽ ലഭിച്ചിട്ടുണ്ടു്. അപ്പോൾ ഈ നികുതി പിരിക്കുന്നതു എത്രത്തോളം ശരിയാണു്, ജനങ്ങളുടെ ക്ഷേമത്തിനു് എത്രത്തോളം ഉതകുന്നതാണു് എന്നുള്ള കാര്യത്തെപ്പററിയാണു എനിക്കു സംസാരിക്കുവാനുള്ളതു്. ഈ നികുതി ജനാധിപത്യപരമായിട്ടുള്ള പുരോഗമനപരമായിട്ടുള്ള ഒരു നികുതിയല്ലാ എന്നു എല്ലാ സാമ്പത്തികശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്ന ഒരു വസ്തുതയാണു്. ഈ അഭിപ്രായത്തെ സോഷ്യലിസ്ററു അഭിപ്രായഗതിയുള്ളവരും, കമ്മ്യൂണിസ്ററു അഭിപ്രായഗതിയുള്ളവരും, മാത്രമല്ല ക്യാപ്പിററലിസത്തിന്റെ കൊടുമുടിയിൽ നിൽക്കുന്ന ആളുകളും മുക്തകണ്ഠം ഉൽഘോഷിച്ചിട്ടുള്ളതാണു്. ഈ നിയമം മദ്രാസു് നിയമസഭയിൽ ഫൈനാൻഷ്യൽ ശ്രീ. രാജഗോപാലാചാരി അവതരിപ്പിച്ചപ്പോൾ, അതിനെപ്പററി വിമർശിച്ച ആളുകളിൽ ഒരാൾ ഡാക്ടർ. പി. ജെ. തോമസ് ആയിരുന്നു. അദ്ദേഹം ഒരു പ്രശസ്തനായ സാമ്പത്തികവിദഗ്ദ്ധനാണെന്നുള്ള കാര്യം ഞാൻ പറയേണ്ടതില്ലല്ലോ. അദ്ദേഹം ഇൻഡ്യാഗവണ്മെൻറിന്റെ സാമ്പത്തികോപദേഷ്ടാവായിരുന്നു. നമ്മുടെ ഗവണ്മെൻറിനും വളരെ സമ്മതനാണു്, വലിയ ഉത്തരവാദിത്വമുള്ള പല ജോലികളും നമ്മുടെ ഗവണ്മെൻറു അദ്ദേഹത്തെ ഏൽപ്പിക്കുകയുണ്ടായിട്ടുണ്ടു്. അദ്ദേഹം ഈ സംഗതിയെപ്പററി ഒരു ലേഖനത്തിൽ എഴുതിയിരുന്നതു് ഇതു് റിഗ്രസീവു് ആയിട്ടുള്ള ഒരു ടാക്സ് ആണെന്നു ആണു്. യാതൊന്നിനെ നിത്തലാക്കുവാൻവേണ്ടിയാണോ ശ്രീ. രാജഗോപാലാചാരി ഈ നികുതി ചുമത്തിയതു് അതു്, അതായതു മദ്യത്തിന്മേലുള്ള നികുതി, ഇതിനേക്കാൾ എത്രയോ റിഗ്രസ്സീവ്നസ്സ് കുറഞ്ഞതാണെന്നാണു് അദ്ദേഹത്തിന്റെ അഭിപ്രായം. പുരോഗമനപരമായ ഒരു നികുതി എന്നുവച്ചാൽ അതിന്റെ അടിസ്ഥാനതത്വം, നികുതികൊടുക്കാൻ കഴിയുന്ന ആളുകളിൽനിന്നും കൂടുതൽ നികുതി ഈടാക്കുകയും, സാധിക്കാത്ത ആളുകളെ അതിൽനിന്നു ഒഴിവാക്കണമെന്നുമാണു്. ഇൻകം ടാക്സ് ആ അടിസ്ഥാനത്തിലാണു ഉണ്ടാക്കിയിട്ടുള്ളതു്. അതു്, ഒരു നിശ്ചിതവരുമാനത്തിൽ കൂടുതൽ ഉള്ള ആളുകളിൽനിന്നും ഈടാക്കുന്നതാണു്. വില്ലനനികുതിയുടെ കാര്യം അതല്ല. ഉപഭോഗത്തിനാണു് വില്ലനനികുതി ചുമത്തപ്പെടുന്നതു്. പാവപ്പെട്ട ആളുകളുടെ നിത്യോപയോഗസാധനങ്ങൾക്കു്, അതായതു് വസ്ത്രം, ഉപ്പു്, ഭക്ഷണസാധനങ്ങൾ, തീപ്പെട്ടി, മണ്ണെണ്ണ, സോപ്പു് മുതലായ സാധനങ്ങളിന്മേലാണു് ഈ നികുതിഭാരം വീഴുന്നതു്. പക്ഷെ ചില സാധനങ്ങൾ വില്ലനനികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്നു പറയുമായിരിക്കാം. അതിനെപ്പററി ഞാൻ പിന്നീടു പ്രതിപാ

ദിക്കാം. ൻ ഠ്ശതമാനം സാധനങ്ങൾക്ക് ഈ നികുതി ഈടാക്കുന്നുണ്ട്. അതേസമയം ഒരു പണക്കാരന് ഇതുകൊണ്ടു വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നില്ല. പണക്കാരന് ഈ വക സാധനങ്ങൾ അവന്റെ ഉപഭോഗത്തിൽ ഒരു ചെറിയ ഭാഗം മാത്രമാകയാൽ അവനെ ഇതു അത്രതന്നെ ബാധിക്കുകയില്ല. അതുകൊണ്ട് ഈ നികുതി വളരെ വളരെ പിൻതിരിപ്പനായിട്ടുള്ള ഒരു നികുതിയാണെന്നു മിക്ക സാമ്പത്തികവിദഗ്ദ്ധന്മാരും അഭിപ്രായപ്പെട്ടിട്ടുള്ളതാണ്. ഇതിനെപ്പററി മി. ദാസ് ഗുപ്താ 'പ്രൊവിൻഷ്യൽ താക്സേഷൻ അണ്ടർ അററാണമി' എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതു ഞാൻ ഇവിടെ വായിക്കാം.

> "It is common experience that expenditure does not increase in proportion to one's income. The poorest man spends all his income on goods and sometimes even more, as when he runs into debt for buying food and cloth etc. The less poor man probably succeeds in restricting his expenditure on goods within the limits of his income. At the next stage a man begins to spend something on service, he may keep a servant or a cook or may rent a house. At the next stage people begin to spend money on travel, on better houses, and so on. At the next stage they begin to save and their expenditure on services and other amenities of life, other than goods, begins to increase with their income. After a certain stage most of the increase in one's income is saved. Thus the richer the man, the smaller is the ratio of his expenditure to income, and still smaller is the ratio of his expenditure on goods alone to his total income. A tax which is proportionate to expenditure is therefore very regressive in character and a tax which is proportionate to expenditure on goods alone is still more regressive. The poorest man is taxed on more than hundred per cent of his income whereas the rightest man may be taxed on less than one per cent of his income. As the rate is the same for all, the burden of the tax lies much more heavily on the poor man than on the rich. The calculation is simple."

ഇതിൽനിന്നും ഈ നികുതി സാധുക്കളെ ദ്രോഹിക്കുന്നതും, പണക്കാരെ സഹായിക്കുന്നതുമാണെന്നു വളരെ വ്യക്തമായി കാണാൻ കഴിയും. ഇതു താത്പരികമായിട്ടുള്ള ഒരു നിഗമനം മാത്രമല്ല. ഇതു നടപ്പിലാക്കിയതിനുശേഷം, ഉണ്ടാക്കിയിട്ടുള്ള ചില ഭേദഗതികളെപ്പററിയും ഞാനിനി പറയാനുണ്ട്. ഇതു് ഇവിടെ നടപ്പിലാക്കാൻ പ്രേരകമായിട്ടുള്ളതുതന്നെ ഫിനാൻഷ്യൽ ഇൻറഗ്രേഷന്റെ ഫലമായി ഇവിടുന്നു പ്രധാനപ്പെട്ട ചില വരവിനങ്ങൾ കേന്ദ്രഗവണ്മെൻറിനു വിട്ടുകൊടുത്തതുകൊണ്ടാണെന്നു നമുക്കറിയാം.

സർ, വീണ്ടും വീണ്ടും ഫിനാൻഷ്യൽ ഇൻറിഗ്രേഷനെപ്പററി ഇവിടെ പരാമർശിക്കേണ്ടിവരുന്നതിൽ ഞാൻ ഖേദിക്കുന്നു. ഫിനാൻസുകമ്മിററി റിപ്പോർട്ടിൽ ഇതിനെ സംബന്ധിച്ചു പറഞ്ഞിട്ടുണ്ട്, പ്രധാനപ്പെട്ട വരുമാനങ്ങൾ കേന്ദ്രത്തിനു വിട്ടുകൊടുത്തുകൊണ്ടു ഇവിടുത്തെ വരവു കൂട്ടുന്നതിന് ചില മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഏററവും പ്രധാനമായിട്ടുള്ള നിർദ്ദേശം മദ്രാസിൽ നിലവിലിരിക്കുന്ന നിരക്കിനു തുല്യമായി ഇവിടുത്തെ വിൽപ്പനനികുതി ഉയർത്തണമെന്നുള്ളതാണ്. തിരുവിതാംകൂറിലും കൊച്ചിയിലും അപ്രകാരം ഉയർത്തുകയും ചെയ്തു. അതുകൊണ്ടാണ് ഇത്രയധികം വർപിച്ച തുക സാധുക്കളിൽനിന്നും പിരിച്ചെടുക്കാൻ സംഗതിയായിട്ടുള്ളത്. ഈ നികുതിഭാരം കുറക്കാൻ വേണ്ടിയുള്ള പ്രക്ഷോഭണം ഇന്നു ഇൻഡ്യയൊട്ടുക്കെ ഉയർന്നിട്ടുണ്ട്. കച്ചവടസംഘങ്ങളും പ്രക്ഷോഭണം തുടങ്ങിയിട്ടുണ്ട്. സൗരാഷ്ട്രായിൽ ഇതിനെപ്പററി വലിയ പ്രക്ഷോഭണം ഉണ്ടായതിന്റെ ഫലമായി ഗവണ്മെൻറിന് പെടിവയ്പ് നടത്തേണ്ടതായ ഒരു ഘട്ടം വന്നുവെന്നുള്ളത് ഇതിനെപ്പററിയുള്ള സാധാരണക്കാരുടെ പ്രതിഷേധത്തിന്റെ ഊക്കിനു ഒരു തെളിവാണ്. കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ, ഗവണ്മെൻറു അവതരിപ്പിച്ചു പാസ്സാക്കിയിട്ടുള്ള ഒരു നിയമത്തിൽ, ചില പ്രത്യേക സാധനങ്ങളെ ഇതിൽ ഉൾപ്പെടുത്താനുള്ള ഒരു വ്യവസ്ഥയുണ്ടായിരുന്നു. പാവപ്പെട്ടവന്റെ നിത്യോപയോഗത്തിനുള്ള സാധനങ്ങൾ ഈ നികുതിയിൽനിന്നും ഒഴിവാക്കി അവരുടെ നികുതിഭാരം കുറയ്ക്കാൻ ഗവണ്മെൻറു ശ്രമിക്കണം. ഭരണഘടനയിലെ വകുപ്പു—ാം വകുപ്പനുസരിച്ച്, ചില സാധനങ്ങൾ എസൻഷ്യൽ ആർട്ടിക്കിൾസ് ആയി പ്രസിഡൻറ് ഡിക്ലെയർ ചെയ്തിട്ടുണ്ട്.

ഇവിടത്തെ ഗവണ്മെൻറിനു ഈ വക സാധനങ്ങളിൽ മേലാൽ നികുതി ചുമത്തുന്നതിനുള്ള അധികാരത്തിന് ലോപം സംഭവിക്കുമെന്നു ഇവിടത്തെ ഗവണ്മെൻറു മുൻകൂട്ടി മനസ്സിലാക്കി. ഈ സാധനങ്ങളിൽ നികുതി ചുമത്തണമെങ്കിൽ പ്രസിഡൻറിന്റെ അനുവാദത്തോടുകൂടി മാത്രമേ ഈ ഗവണ്മെൻറിനു സാധിക്കുകയുള്ളു. ആ ഒരു നില ഇവിടത്തെ ഗവണ്മെൻറു മുൻകൂട്ടി മനസ്സിലാക്കി, അങ്ങിനെ പ്രസിഡൻറിന്റെ അധികാരം ആവശ്യമുള്ള സാധനങ്ങളെ അദ്ദേഹത്തിന്റെ അധികാരപരിധിയിൽനിന്നും ഒഴിവാക്കിക്കൊണ്ടു ഈ ഗവണ്മെൻറു ഒരു നിയമം പാസ്സാക്കുകയാണുണ്ടായതു്. ഈ ഗവണ്മെൻറു അപ്രകാരം ഒരു നിയമം പാസ്സാക്കിയതിനുശേഷമാണു ഇൻഡ്യാഗവണ്മെൻറു ഈ എസൻഷ്യൽ ആർട്ടിക്കിൾസിനെ സംബന്ധിച്ചിടത്തോളം ഒരു നിയമം പാസ്സാക്കിയിട്ടുള്ളതു്

"The Essential Goods (Declaration and Regulation of Tax on Sale or Purchase) Act 1952."

ഈആക്ടിൽ മൂന്നു വകുപ്പുകൾമാത്രമേയുള്ളു.

"The goods specified in the Schedule are hereby declared to be essential for the life of the community."

എന്നാണ് രണ്ടാമത്തെ സെക്ഷൻ. മൂന്നാമത്തെ സെക്ഷൻ:

"No law made after the commencement of this Act by the legislature of a State imposing, or authorising the imposition of, a tax on the sale or purchase of any goods declared by this Act to be essential for the life of the community shall have effect unless it has been reserved for the consideration of the President and has received his assent."

അതായതു ഈ നിയമം നടപ്പിലായതിനുശേഷം അതിന്റെ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും സാധനങ്ങളിന്മേൽ വിൽപ്പനനികുതി ചുമത്തണമെങ്കിൽ അതിനുള്ള നിയമം ഇവിടെ പാസ്സാക്കി പ്രസിഡന്റിന്റെ അനുമതിക്കു റിസർവ്വ് ചെയ്യണമെന്നാണ് ആർട്ടിക്കിൾ പറയുന്നതു്. എന്നാൽ അതിനുമുമ്പുതന്നെ ഈ ഗവണ്മെന്റു ഇതൊരു നിയമമായി കൊണ്ടുവരികയാണുണ്ടായതു്. ഇൻഡ്യാഗവണ്മെന്റിന്റെ ഈ നിയമത്തിൽ എല്ലാ ഭക്ഷണസാധനങ്ങളേയും ഒഴിവാക്കിയിട്ടുണ്ടു്.

"Cereals and pulses in all forms, including bread and flour..... Fresh and dried fruits, sugarcane, cocoanuts, vegetables, milk products and meat etc."

ഇങ്ങനെ വലുതായ ഒരു പട്ടികതന്നെ ഇതിൽകൊടുത്തിട്ടുണ്ടു്. കാൺസ്റ്റിറ്റ്യൂഷൻ പാസ്സാക്കുന്ന അവസരത്തിൽതന്നെ ധാരാളം ആളുകൾ ഉപഭോഗസാധനങ്ങൾക്കു വിൽപ്പനനികുതി ചുമത്തുന്നതിനെ എതിർത്തു. ശക്തിയായ അത്തരമൊരു അഭിപ്രായം കാൺസ്റ്റിറ്റ്യൂവന്റെ അസംബ്ലിയിൽപോലും ഉണ്ടാകുകയും അതിന്റെ ഫലമായി വ്യവസ്ഥ ആർട്ടിക്കിൾ അതിൽ എഴുതിച്ചേർക്കുകയും ചെയ്തു. അതു് ആശാസ്യമായിട്ടുള്ള ഒരു നിയമനിർമ്മാണമായിരുന്നു. എന്നാൽ അങ്ങനെ ഇൻഡ്യയിലെ എല്ലാ ആളുകൾക്കും പൊതുവെ ബാധകമാകുന്ന രീതിയിൽ എല്ലാവർക്കും ഗുണം കിട്ടത്തക്ക രീതിയിൽ അവർ ഒരു മുൻകരുതൽ ആ കാൺസ്റ്റിറ്റ്യൂഷനിൽ കൊണ്ടുവന്നിട്ടുണ്ടു്. ആ നല്ല വകുപ്പിനെ പരാജയപ്പെടുത്തിക്കൊണ്ടു നമ്മുടെ ഗവണ്മെന്റു ഒരു നിയമം പാസ്സാക്കിയതു വ്യസനകരമായ ഒരു വസ്തുതയാണെന്നു ഞാൻ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു.

സെയിൽസ്ടാക്സ് ജനദ്രോഹപരമായ ഒരു നികുതിയാണു്. അതു കൊണ്ടു തീർച്ചയായും അതിനെ ഒഴിവാക്കേണ്ടതാണു് എന്നുള്ള എന്റെ അഭിപ്രായം ഞാൻ ശക്തിപൂർവ്വം അറിയിക്കുകയും ചെയ്യുന്നു. എന്നാൽ താൽക്കാലികമായി, അല്പകാലത്തേക്കു ഇതു അനിവാര്യമാണെങ്കിൽ തന്നെ അതിനെ ലഘൂകരിക്കാവുന്നതാണു്. അതുമാത്രമല്ല ഭക്ഷണസാധനങ്ങൾക്കു യാതൊന്നിനും തന്നെ നികുതി ചുമത്താതെ ഈ നികുതിയിൽ നിന്നും അവയെ ഒഴിവാക്കാം.

കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിനു കുടിൽവ്യവസായോൽപ്പന്നങ്ങളേയും ഇതിൽനിന്നും ഒഴിവാക്കേണ്ടതാണു്. മുൻ കരവസരത്തിൽ അതേപ്പററി ധനകാര്യമന്ത്രി ഇവിടെ പരാമർശിക്കുകയു

ണ്ടായി. കൈത്തറി തുണികൾക്കും നൂലിനും ഇവിടെ വിൽപ്പനനികുതി ഈടാക്കുന്നുണ്ട്. നൂലിന്റെ അരശതമാനവും കൈത്തറിതുണികൾക്ക് ഒരു പായിൻറിൽ മൂന്നു പൈസ വീതവും ആണ്. എന്നാൽ എസൻഷ്യൽ ആർട്ടിക്കിൾസ് ആക്ടിന്റെ ഷെഡ്യൂളിൽ ഇതിനെ എക്സംപ്റ്റ് ചെയ്തിട്ടുണ്ട്. നമ്പർ വ, നോക്കുക.

"All cloth, woven on hand-looms, coarse and medium cotton cloth made in mills or woven on power-looms."

കോഴ്സ് ക്ലാത്ത്, അതായതു പരുക്കൻ തുണികൾ—അതു മാത്രമല്ല. മീഡിയം ക്ലോത്ത് അതായതു് ഇടത്തരം തുണികളെപ്പോലും അതിനെ ഒഴിവാക്കണമെന്നാണ് പാർലമെൻറ് ഉദ്ദേശിച്ചിട്ടുള്ളതു്. ഇതിന്റെ കാരണം എന്താണെന്നുവച്ചാൽ അതുകൊണ്ട് സാധാരണക്കാരായ ആളുകൾക്ക് ഏററവുംകൂടുതൽ ഗുണം കിട്ടുമെന്നതാണ്. മിനുസമുള്ളതും വിലകൂടുതലുള്ളതുമായ തുണികളെക്കാൾ പരുക്കനും ഇടത്തരം തുണികളുമാണ് സാധാരണക്കാരായ ജനങ്ങൾക്ക് കൂടുതൽ ആവശ്യമായിട്ടുള്ളതു്. അതുകൊണ്ടാണ് ഇൻഡ്യാഗവണ്മെൻറ് അങ്ങനെ എക്സംപ്റ്റ ചെയ്തിരിക്കുന്നതു്. എന്നാൽ ഇവിടെ അതിന്മേൽ ടാക്സു ചുമത്തിയിരിക്കുന്നതു വളരെ ജനദ്രോഹപരമാണ്. ആക്ഷേപകരമാണ്. ഇങ്ങനെ കൂടുതൽ കൂടുതൽ ടാക്സു പിരിക്കുന്നതു വളരെ കഠോരമാണ്. അതു നിർത്താൻ സാദ്ധ്യമല്ലെങ്കിൽഒന്നു ലഘൂകരിക്കയെങ്കിലും വേണം എന്നാണു എനിക്കു ഈ ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്.

അവസാനമായി ഒരു സംഗതികൂടി എനിക്കു പറയാനുണ്ട്. ഈ ആക്ടിൽതന്നെ ഫാക്ടറി കാൻടീൻസിനെ ഈ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കാമെന്നു വ്യവസ്ഥയുണ്ട്. ഗവണ്മെൻറ് ഫസ്റ്റ് ഒ ക്ടോബർ ഫ ൭—ാംതീയതി ഇറക്കിയിട്ടുള്ള നോട്ടിഫിക്കേഷൻപ്രകാരം ഫാക്ടറി കാൻറീനുകളിലെ വിൽപ്പന ഒഴിവാക്കുന്നുണ്ട്.

"Exempting cooked food including coffee and tea when served at a refreshment room when the total turnover does not exceed Rs. 15,000/ and when notices are displayed prominently at such places that no Sales Tax is payable in respect of the food, coffee or tea served there (Boarding houses and hotels conducted for the exclusive use of students and canteens run by factories exclusively for their employees completely exempted)."

ഇതാണ് അതിൽ പ്രസ്താവിച്ചിട്ടുള്ളതു്. ഫാക്ടറി കാൻടീൻസിന്, ഫ ൭ ൦ ൦ ൦ രൂപായ്ക്കുമേൽ ടേൺഓവർ ഉണ്ടെങ്കിൽപോലും അവിടെ തൊഴിലാളികൾക്കു കൊടുക്കുന്ന ചായ കാപ്പി ഇവക്കു നികുതി ഈടാക്കരുതെന്നു ഗവണ്മെൻറ് നടപ്പിലാക്കിയിട്ടുള്ള ആക്ടിലെ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഇന്നു ഇതുപോലും വാസ്തവത്തിൽ പ്രായോഗികമായി അനുഭവത്തിൽ ഇല്ല. ഫാക്ടറി ആക്ടനുസരിച്ചു ഫ ൭ ൦—ൽ കൂടുതൽ തൊഴിലാളികൾ ജോലിചെയ്യുന്ന ഫാക്ടറികളിൽ

കാൻറീൻ വേണമെന്ന വ്യവസ്ഥയുണ്ട്. അങ്ങിനെ എല്ലായിടത്തും കാൻറീൻസു ഉണ്ടെങ്കിൽതന്നെ അതു ഫാക്ടറി ഉടമസ്ഥന്മാർ അല്ല നടത്തുന്നത്. പല സ്ഥലങ്ങളിലും വ്യക്തികളാണു അതു നടത്തുന്നത്. അങ്ങിനെ നടത്തുമ്പോൾ സെയിൽസ് ടാക്സ് ഉദ്യോഗസ്ഥന്മാർ ഈ നിയമത്തിൻെറ അക്ഷരത്തിൽ പിടിച്ചു തൂങ്ങിക്കൊണ്ട് അവരിൽനിന്നും സെയിൽസ് ടാക്സ് ഈടാക്കുന്നു. കാരണം, ഫാക്ടറി ഉടമസ്ഥന്മാർതന്നെ നടത്തുന്ന കാൻറീൻകളെമാത്രമേ ഒഴിവാക്കിയിട്ടുള്ളു എന്നാണ് അവർ ഇതിനു നൽകുന്ന വ്യാഖ്യാനം. അപ്പോൾ ഈ കാൻറീൻകൊണ്ടുള്ള ഗുണം തൊഴിലാളികൾക്കു ലഭിക്കുകയില്ല. അതുകൊണ്ടു ഫാക്ടറി കാൻറീൻസിൽനിന്നും സെയിൽസ്ടാക്സ് ഈടാക്കിവരുന്നതു നിറുത്തൽ ചെയ്യണം. അതിനുവേണ്ടിയുള്ള നടപടികൾ ഗവണ്മെൻറു സത്വരമായി സ്വീകരിക്കണം. ഇത്രമാത്രമേ എനിക്കു പറയാനുള്ളു.

Mr. Speaker: Mr. Nataraja Pillai, do you move motion No. 80?

Shri P. S. Nataraja Pillai: Yes, Sir. I move:

To reduce the total allotment of Rs. 7,05,000 under Demand I by Re. 1

It is human nature to fight shy of taxation. No one is willing to shoulder financial burdens. The natural tendency of man is to be free from these burdens. Even if that be so, we are here discharging a duty to see that Government is carried on. And the Government is one which caters to the needs of the common people. From that point of view, it would not be exaggerating to say that it is the financial blood which keeps up the body politic of the State. I am of the view, Sir, the tax on income is the most important, the most vital taxation which the Government can exact with equity. When we say that it is a taxation on income it is on the surplus of the income-net income-that Government is taxing. When we remember that we are apt to get the impression that taxation is made only on people who are capable of bearing that burden. But, Sir, one disturbing factor is seen to emerge in the budget proposals. In the statement of receipts under this item nearly Rs. 24 lakhs are estimated to be less than what it was in 1950-51. Perhaps the present estimate is based on the revised estimate. But that is not a correct estimate according to me. The estimate for 53-54 is given at 73 lakhs of rupees. I do not know whether the present economic condition would warrant such an under-estimating. Even now the administration of the Income Tax Department is not carried out efficiently. There are also certain leakages as it were. Certain people are left unassessed. I for one believe that that the income under this income can be substantially increased. At the same time I am not unaware of what the public opinion in the country is. There is a general feeling among the public that taxation on income is vexatious. If

people with insufficient incomes are assessed, if it is not vexatious, it is illegal; and there must be legal remedies to remedying or to rectify it. It is an illegal exaction on the part of the Government if they realise income tax from people who have no taxable income. It is something like the police authorities detaining a person without a warrant from the Magistrate, which is illegal. In the same way if a man has no taxable income and if the Income Tax authorities tax him, it is illegal. And it depends upon the people and the Government to see that rules are enforced correctly in this matter. If a particular Income Tax officer has done an illegal thing, the public need not be saying that that kind of authority should not exist. Suppose a Policeman illegally takes a man into custody, we cannot say that the Police should be abolished. That will be unreasonable. Therefore what I suggest is that the Income-Tax Department requires toning up. They must tax people who have got taxable incomes. Poor people can never be taxed. Now there are instances where the authorities have neglected to tax people who have large incomes. That is not right on the part of Government. I cannot appreciate this kind of procedure. Agricultural income is increasing. Some expression of opinion against it is also available in the country. I, for one, think Sir, that it can be properly assessed like any other income. There can be no great difficulty. There are many big land lords with very large agricultural incomes. But the Department has not assessed all persons with assessable incomes from agriculture. Now our Government have fixed the minimum assessable income as Rs. 3000. In certain States it is somewhere about Rs. 6000. The land holders are allowed a margin to meet the expenditure for cultivation, management etc. Very often we hear about the difficulties and the loss sustained. It was stated here our State will get a share of 8 crores of rupees from export duty on pepper. If that is so, what is the total worth of the pepper exported from the country ? Pepper cultivation is carried on by almost all the people in the country side. A substantial number of people have to sell more than two candies of pepper every year which will at the present rate bring Rs. 600. Has the Department any statistics to show the number of pepper producers. Do they have any idea or the return to show all the major pepper producing areas as in the case of rubber ? Has the land revenue authorities any idea of the productive capacity of an acre of land under pepper? Have they called for these returns. Have they made any attempt? What is the price of pepper now? Under other crops there will be only a very small margin left for the poor cultivator. Big holders of land are enjoying the opportunity. Their margin is high. They are benefitted

by the inflation also. The margin of profit left for the small land holder is very limited. The middle-class people are affected, not the rich. My point is that, there are a substantial number of people who are earning a high taxable agricultural income. The adminstrative machinery should be directed in such a way as not to allow any person with taxable income to escape. I would plead that illegal taxation should be severely punished. It can never be tolerated. Government should not offer a free hand to the Income Tax Authorities to do as they like. Whenever a case is found it must be severely dealt-with.

There is another point. We have abolished super tax. We can revise the rates for the higher slabs. In the field of social justice equality of income is one of the fundamental principles. These inequalities can be remedied by progressive taxation. I, for one, would not believe that there is anything obnoxious or wrong or illegal if we increase the rate of tax for the higher incomes. The ministers often complain that we have not sufficient resources to meet the growing expenditure. They raise this cry even when they are asked to increase one or two rupees in the pay of the starving sweepers of the towns. It is for them to look up and see whether they cannot increase the rate of assessment for the higher incomes. These are the few points which I would like to place before this House for their earnest consideration.

Coming to the other item in the Demand on Sales Tax, it is a classical theory of Economics that Sales Tax is not related to the tax paying capacity of the payer. But there are certain taxes which have to be borne by every citizen, even if it is not according to his capacity to pay . When we concede the fact that the Sales Tax is a regressive tax, we are conceding the strongest argument against the imposition of it. At the same time, it is an imperative necessity for the sound finances of the State. We may also say, as my friend pointed out, that the Sales Tax is, to a certain extent, a misnomer. It is really a consumer's tax, and can easily be shifted to the consumer . According to me the incidence is upon the consumer. Even admitting that, the only possibility of easing the burden is by exemption, exemption to articles of primary necessities of life, articles of food and some of the cottage industry products. To relieve the hardship consequent upon the imposition of the tax, at the time when the tax was introduced, certain exemptions were provided and much care was taken to see that it does not work hardship. Now we hear complaints that it is being increased to a very high level. We have also the problem of unemployment increasing. And therefore, the average man is not at all able to

bear this burden which is now imposed on the necessities of life. I think it is a very just complaint and the Government must solve the problem by scrutinising the schedule, providing for exemption as much as possible. I, for one, would plead that in the peculiar circumstances of the economic condition of the country, that the Government should exempt all food stuffs from the purview of the Sales Tax. Already there is provision for exempting of articles of food. There are other articles as well which have to be excluded, for the simple reason that they are articles of daily consumption. Take the case of jaggery. I do not know exactly the amount consumed in the country. It is an industry in which many people are engaged. It is a cottage industry. Again it is an important article of diet in the country. It ought to be exempted from the purview of the tax.

In the same way, the handloom industry is a vital industry which, in the pecuilar circumstances of the country, and due to the unreasonable competition which it has to face from the mills, is fast declining. A large number of people are depending upon that industry. Therefore, I would say that even the 3 pies in the Rupee they now imposed must be taken. It is for the Government to scrutinise the items and exclude similar articles from taxation, so as to give satisfaction to the people.

There has been a lot of talk about the financial integration and the attitude of the Central Government towards this State. With regard to that matter, I am forced to submit that before the federal financial integration under the present constitution, the representatives of India emphasised the need for a strong centre with the residuary powers with the centre. The old conception of the expert committees, conferences and the Round Table Conferences, and the like, they were thinking of a federation with residuary powers to the State. Here, actually, after the partition, when the people of India sat together to draft the new Constitution, they thought of a more powerful central organization where the residuary powers will be vested with the Union. So, certian portions of our revenue had to be integrated with the centre and now we can only legitimately agitate to redress the inequalities we find now, if there are any difficulties or defects in the actual working of the scheme of financial integration. I do not go further into the matter.

The House rose for lunch at 1. P. M. and reassembled at 2. P. M. with Mr. Speaker in the Chair.

ശ്രീ. ഒ. സി. മൈനൊൻ : സർ, ഈ രാജ്യത്തു ആദ്യമുണ്ടായിരുന്നതു വസ്തുവിന്മേൽ സ്ഥാപിച്ചുള്ള കരമായിരുന്നു. കുറെ കഴിഞ്ഞ

2 P. M. പ്പോൾ വസ്തുവിന്മേൽ സ്ഥാപിച്ചുള്ള നിസ്സാരമായ തുക കൊണ്ടു ഗവണ്മെൻറ ആവശ്യങ്ങൾ നടക്കുന്നില്ലെന്നും, കൂടുതൽ പണം ആവശ്യമാണെന്നും കണ്ടതുകൊണ്ടു മറെറാരുതരത്തിലുള്ള കരം ഏർപ്പെടുത്തുവാൻ തുടങ്ങി. അതാണ് ഇൻകം ടാക്സ് മുതലായവ. വസ്തുവിൽനിന്നും കിട്ടുന്ന ആദായത്തിൻെറ തോതിനെ നോക്കാതെ മററിനങ്ങളിൽ നിന്നും ഉള്ള വരുമാനത്തിനെ ഗവണ്മെൻറിലേക്കു കൊടുക്കുന്ന ഒരു നികുതിയാണ് ഇൻകം ടാക്സ്. ഗവണ്മെൻറിനുള്ള ആവശ്യങ്ങൾ വരവുകൊണ്ടു സാധിക്കുന്നില്ലെന്നു കണ്ടു അതിനു പരിഹാരം ഉണ്ടാക്കുന്നതിലേക്കുവേണ്ടി വ്യവസായം, കച്ചവടം, ഉദ്യോഗം എന്നിവകളിൽ നിന്നുള്ള ആദായംകൂടി കണക്കാക്കി അതിനുകൂടി കരം ചുമത്തപ്പെട്ടു അതിനെയും ഇൻകം ടാക്സു എന്നു പറയാം. ആ കാലത്തെ ഭൂനികുതിയുടെ തുക താരതമ്യേന വളരെ കുറഞ്ഞിരിക്കുകയായിരുന്നു. ഭൂമിയിൽ നിന്നും വൻതരം കൃഷികൾ നടത്തുന്നതിൽ നാട്ടുകാർക്കു ധാരാളം പണം കിട്ടിത്തുടങ്ങി. അതു ഗവണ്മെൻറു മനസ്സിലാക്കിയതിൻെറ ഫലമായിട്ട്, അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്ന പേരിൽ ഒരു കരം land tax-നും പുറമെ ഏർപ്പെടുത്തി. എന്നാൽ വസ്തുവിൽനിന്നും ആദ്യം കരമായി ഒരു തുക ഈടാക്കുകയും, അതേ സമയത്ത് ആ വസ്തുവിൽനിന്നും കിട്ടുന്ന കാർഷികോല്പന്നങ്ങൾക്കു വേണ്ടി മറെറാരു കരം ഈടാക്കുകയും ചെയ്യുന്നതു നീതിവിരുദ്ധമാണന്നു ജനങ്ങളുടെ ഇടയിൽ പല പരാതികളും ഉണ്ടായി. എങ്കിലും ഗവണ്മെൻറു കാർഷികാദായ നികുതി നടപ്പിൽ വരുത്തുകതന്നെചെയ്തു. എന്നാൽ, ഈവിധ കരങ്ങൾ ജനങ്ങളിൽനിന്നും ഈടാക്കിവരുന്നതു അവർക്കു ദുസ്സഹമാണെന്നു ഗവണ്മെൻറു മനസ്സിലാക്കിയതിൻെറ ഫലമായി വസ്തുവിന്മേൽ ചുമത്തപ്പെട്ടിരുന്ന കരം അല്പം ലഘൂകരിച്ച് ബേസിക് ടാക്സായി രൂപാന്തരപ്പെടുത്തി. ആ കാരണം കൂടി പറഞ്ഞാണ് Agricultural income tax ഏർപ്പെടുത്തിയതു്. അതായതു്, ഒരു സെൻറിനു നാലുകാശാക്കി. അതാണു basic tax. മുൻപ്, ഒരു സെൻറിനു് ഇതിൻെറ വളരെ വളരെ ഇരട്ടിയായിരുന്നു കരം. അങ്ങനെ മുൻപു വസ്തുക്കൾക്കു നിശ്ചയിച്ചിരുന്ന കരത്തിൽനിന്നും ബേസിക് ടാക്സു വന്നതോടുകൂടി land tax-നു സാരമായ കുറവു സംഭവിച്ചു. അങ്ങനെ സംഭവിച്ചതു ജനങ്ങൾക്കു ഒരാശ്വാസംതന്നെ. ലാൻറു ടാക്സു കുറച്ചതും ബേസിക് ടാക്സു ഏർപ്പെടുത്തിയതും അഗ്രികൾച്ചറൽ ഇൻകം ടാക്സു നടപ്പിലാക്കിയതും തക്ക കാരണംപറഞ്ഞാണ്. കാരണം വിശദപ്പെടുത്തി ഗവണ്മെൻറു G. O. ഇറക്കിയിട്ടുണ്ട്. Land tax നാമമാത്രമായി വച്ചു. land tax, basic tax ആക്കി. അപ്രകാരം ആ ഇനത്തിൽ ജനങ്ങൾക്കു വളരെ ആശ്വാസം കിട്ടി. അതു നല്ലതാണ്. രാജ്യമൊട്ടാകെ ബേസിക് ടാക്സ് ഏർപ്പെടുത്തിയതുകൊണ്ടു് രാജ്യവാസികൾക്കെല്ലാം ഒരുപോലെ അതിൻെറ നന്മ അനുഭവിക്കാൻ ഇടവരേണ്ടതാണ്. എന്നാൽ, പഴയകാലത്തെപ്പോലെ സെററിൽമെൻറു ടാക്സ് ചുമത്തിയിരുന്ന സ്ഥലങ്ങളിൽ ഒന്നായ കുല്ലപ്പാറ എന്ന സ്ഥലത്തു ഈ ബേസിക് ടാക്സ് ഏർപ്പെടുത്തി കരത്തിനു് ആശ്വാസം കൊടുത്തില്ല. അവർക്കു അതുകൊണ്ടു് ഒരു നന്മയും ഉണ്ടായിട്ടില്ല. അതേസമയം കുല്ലപ്പാറക്കാരെ അഗ്രികൾച്ചറൽ ഇൻകംടാക്സിൽ നിന്നും ഒഴിവാക്കിയി

ട്ടുമില്ല. ഇതാണു എന്റെ പരാതി. അഗ്രികൾച്ചറൽ ഇൻകം ടാക്സ് എന്റെ കാൺസ്റ്റിറ്റുവൻസിയായ കല്ലപ്പാറ നിവാസികളെ എപ്രകാരം ബാധിക്കുന്നു എന്നു് ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയാണു് ഞാൻ ഈ ഖണ്ഡനോപക്ഷേപം ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. സർ, ലാൻഡ് ടാക്സിനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ പഴയ സെററിൽമെൻറ് വ്യവസ്ഥയനുസരിച്ചുള്ള കരം ഇപ്പോഴും കൊടുക്കേണ്ടിയിരിക്കുന്നു. ഇൻകം ടാക്സിനെ സംബന്ധിച്ചാണെങ്കിൽ എപ്പോഴെല്ലാം എങ്ങനെയെല്ലാം നിശ്ചയിക്കുന്നോ ആ രീതികളിലെല്ലാം ഈ ആളുകൾ കരം കൊടുക്കേണ്ടിയിരിക്കുന്നു. രാജ്യത്തിന്റെ ഒരു മൂലയിലുള്ള ജനതതി മാത്രം വ്യത്യസ്ഥമായി കൂടുതൽ കരംകൊടുക്കേണ്ടിവന്നതിനെപ്പററി ഇതിനു മുമ്പും പലരും ഞാൻതന്നെയും പരാതികൾ ഈ നിയമസഭയിൽ ബോധിപ്പിച്ചിട്ടുണ്ടു്. ലാൻഡ് ടാക്സിൽ കുറവുവരുത്തുന്നതിനുവേണ്ടി ബേസിക് ടാക്സ് ഏർപ്പെടുത്തിയ നാൾമുതൽക്കു് മറെറല്ലാവരും ബേസിക് ടാക്സ് കൊടുക്കുകയും കല്ലപ്പാറക്കാർമാത്രം കൂടുതൽ കരം പഴയകാലത്തേപ്പോലെ കൊടുക്കേണ്ടിവരുകയുമാണു് ചെയ്തിട്ടുള്ളതു്. സർ, ഇതു നീതിയാണൊ എന്നു ഞാൻ ചോദിക്കുന്നു? പരാതി പറയുമ്പോഴെല്ലാം സമാധാനത്തിനുവേണ്ടി ഓരൊ മുടന്തൻ ന്യായം പറഞ്ഞു് സമാധാനപ്പെടുത്തുകയാണു് ഗവണ്മെൻറ് ചെയ്തിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചി സംയോജനം കഴിഞ്ഞതിനുശേഷം കരത്തെ സംബന്ധിച്ചിടത്തോളം ഇനിയും ഇപ്രകാരം അനീതിപരമായ ഒരു നിലപാടു് ഈ രാജ്യത്തധിവസിക്കുന്ന കുറെയാളുകളുടെ പേരിൽ മാത്രം വച്ചുപുലർത്തുന്നതു് ഒരിക്കലും അഭിമാനകരമല്ല. എന്തു പരിഹാരമാണു് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് ചെയ്യാൻ പോകുന്നതെന്നു് എന്റെ കാൺസ്റ്റിറ്റുവൻസിയിലുള്ളവർ നോക്കിക്കൊണ്ടിരിക്കുകയാണു്. രാജ്യവാസികളിൽ നിന്നും രണ്ടുതരത്തിലുള്ള നികുതി പിരിച്ചെടുക്കാൻ ഗവണ്മെൻറ് തുനിയുന്നതു ഒരിക്കലും ശരിയല്ല. ഒരുപക്ഷെ ബേസിക് ടാക്സിൽ വന്നുപോയിട്ടുള്ള കൂടുതൽ കുറവു അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽ വകവെച്ചുതന്നാൽപ്പോരെ എന്നു ഗവണ്മെൻറ് ഒരു ചോദ്യം ചോദിച്ചേക്കാം. ഇതു നടപ്പുള്ള കാര്യമല്ലാ എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനു പ്രത്യേകം അറിവൊന്നും ഉദ്യോഗസ്ഥന്മാർക്കു കൊടുത്തിട്ടില്ല. ഇപ്പോൾ ഇൻകംടാക്സു ഉദ്യോഗസ്ഥന്മാർ ഈവക കാര്യങ്ങൾ ഒന്നും നോക്കാതെയാണു് കരത്തിനുവേണ്ടി തീർപ്പെഴുതുന്നതു്. ഭൂമിയിലെ ആദായം ഒരാണ്ടിൽ ശരാശരി എത്ര രൂപാ കിട്ടുമെന്നുള്ളതിലേക്കു് അവർക്കു യാതൊരു അറിവും ഇല്ല. തെളിവു എടുക്കുന്നതിനൊ നോക്കുന്നതിനൊ അവർ ഒരുമ്പെടുകയില്ല. ഒരാഫീസർ ഒരു കണക്കുമില്ലാതെ ആദായം നിശ്ചയി

[ശ്രീ. ഒ. സി. നൈനാൻ]

ക്കുകയും അതിനൊരു ടാക്സു ഏർപ്പെടുത്തുകയും ആ ടാക്സ് ഒരു കാശു പോലും കുറയാതെ വസ്തു ഉടമസ്ഥന്മാർ കൊടുക്കുകയുമാണു ചെയ്യുന്നതു്. എന്റെ നിയോജകമണ്ഡലത്തിലുള്ള നിവാസികളിൽ നിന്നുതന്നെ അനധികൃതമായി ചുമത്തുന്ന ഈവക കരങ്ങൾ എല്ലാം അവർ കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്റെ സ്നേഹിതൻ മി. നടരാജപിള്ള പറഞ്ഞതു പോലെ യഥാർത്ഥത്തിൽ ആദായനികുതി കൊടുക്കേണ്ടവരിൽ നിന്നും അതനുസരിച്ച് കരം വസൂലാക്കേണ്ടതാണ്. യഥാർത്ഥത്തിൽ ആദായക്കുറവുള്ള ഭൂമികളിൽ നിന്നും കൂടുതൽ കരം വസൂൽചെയ്യുക ആണു ഇപ്പോഴും ചെയ്തു വരുന്നതു്. ക്രമവിരുദ്ധമായ യാതൊരു സഹായവും ആക്കും ചെയ്യണമെന്നു ഞാനപേക്ഷിക്കുന്നില്ല. വലിയ തോതിൽ കൃഷിയിൽനിന്നും ആദായം കിട്ടുന്നവരുടെ പക്കൽനിന്നും അതനുസരിച്ചു ആദായനികുതി വസൂൽചെയ്യേണ്ടതാണ്. വസ്തുവിന്റെ നൽപ്പുതിൽപ്പനുസരിച്ചു ആദായം കണക്കാക്കുന്നതിനു പകരം വിസ്തീർണ്ണം മാത്രം കണക്കാക്കി ആദായം നിശ്ചയിച്ചുവരുന്നതു തെററാണ്. ഈ ഏർപ്പാടു പല സാധുക്കളേയും വിഷമിപ്പിക്കുന്നുണ്ടു്. നിശ്ചയമായും ക്രമക്കേടായ ഈ രീതി മേലാൽ തുടരാൻ അനുവദിക്കുന്നതു് കഷ്ടമാണ്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് ആദായനികുതിയെ സംബന്ധിച്ചിടത്തോളവും ഇപ്പോൾ അനുവർത്തിച്ചുവരുന്ന നയം നിറുത്തലാക്കുകയും പ്രയോഗത്തിൽ എക്കറേജ് എന്നുള്ള കണക്കു് എടുക്കുന്നതിനു പകരം ആദായം മാത്രം കണക്കാക്കി കരം നിശ്ചയിക്കുകയും ചെയ്യുന്നതിനു വേണ്ട നിർദ്ദേശം ഇൻകംടാക്സു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർക്കു് കൊടുക്കണമെന്നാണ്. ഇതാണു നിയമപ്രകാരമുള്ള നടപടി എന്നു പറയാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിൽ നിന്നും ഭാനീതിപരമായി basic tax ഏർപ്പെടുത്താതെ Agricultural income tax കൂടി പിരിച്ചെടുക്കുന്ന നടപ്പു നിറുത്തൽ ചെയ്യുന്നതിനു എത്രയും വേഗത്തിൽ ഗവണ്മെൻറ് നടപടികൾ കൈക്കൊള്ളണമെന്നപേക്ഷിച്ചുകൊണ്ടു് ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. കെ. മത്തായി : സർ, ഫസ്റ്റ് ഒ ഠ—ലെ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് വ്യവസ്ഥയനുസരിച്ചു് ഒരാണ്ടിൽ ൩.൦൦൦ രൂപയിൽ കുറഞ്ഞതായ ആദായം ഉള്ളവരെയെല്ലാം ആദായനികുതിയിൽ നിന്നും ഒഴിവാക്കിയിരിക്കുകയാണ്. ഈ ഒരു വ്യവസ്ഥ അംഗീകരിച്ചതുകൊണ്ടു് ഒട്ടേറെ കൃഷിക്കാർക്കു ആശ്വാസം ഉണ്ടായിട്ടുണ്ടെന്നു പറയാമെങ്കിലും ഇൻകംടാക്സു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾ നിമി[illegible]ം ഈ സാധുക്കൾക്കു അർഹിക്കുന്ന നന്മയൊന്നും കിട്ടുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ആദായത്തിൻമേൽ നികുതി നിശ്ചയിക്കുന്നതിനു ഇവക്കു യാതൊരു അടിസ്ഥാനവുമില്ല. തൻമൂലം നികുതിയിൽ പല

വ്യത്യാസങ്ങളുമുണ്ടാകുന്നു. ഭൂമിയിൽനിന്നും കിട്ടുന്ന ആദായം ൩൦൦൦ രൂപയിൽ കുറവാണെന്നു കണ്ടാൽ, മനപൂർവ്വം കെട്ടിടങ്ങൾക്കു വേണ്ടി ആയിരമോ ആയിരത്തഞ്ഞൂറോരൂപ കൂടി കണക്കാക്കി എങ്ങിനെയെങ്കിലും ൩൦൦൦ രൂപയിൽ കൂടുതൽ വരുത്തി നികുതി ഈടാക്കുന്നു. ഇങ്ങനെ നിവർത്തിയുള്ളിടത്തോളം അവർ ഒരുപൈസയും വിടാതെ സൂക്ഷിക്കുന്നുണ്ട്. സർ, ൧൯൪൭-൪൮-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു അനുസരിച്ചു് ആകെ ഇൻകം ടാക്സ് വകയിൽ ഗവണ്മെൻറിനു ഈടായിട്ടുള്ളതു് ൯൯൯൯൫൭൦ രൂപ ൯ അണ ൩ പൈസയും, അതിൽ റീഫണ്ടു് ചെയ്തിട്ടുള്ളതു് ൯൧൩൭൩ രൂപ ൫ അണ ൭ പൈസയും നീക്കി ബാക്കി നെററ് കളക്ഷൻ ൯൯൫൭൯൪൪ രൂപ ൭ അണ ൯ പൈസയാണെന്നു കാണുന്നു. ഇത്രയും ഒരു വലിയ തുക റീഫണ്ടു ചെയ്യേണ്ടിവരുന്നതു തന്നെ ഈ ഉദ്യോഗസ്ഥന്മാർ അനധികൃതമായി കരം ചുമത്തിയതിന്മേൽ വസ്തുഉടമസ്ഥന്മാർ സഹിക്കവയ്യാതെ അപ്പീൽ കൊടുത്തു തിരിയ്ക്കു വാങ്ങിയതാണെന്നു മനസ്സിലാക്കാവുന്നതാണ്. ഒരു രീതിയും അവലംബിക്കാതെ പല സാധുക്കളുടേയും ഭൂമിയിൽ ഇവർ ആദായനികുതി ചുമത്തിയിട്ടുള്ളതായി എനിക്കറിയാം. അതുമാത്രമല്ല. ഇൻകംടാക്സ് ഉദ്യോഗസ്ഥൻ ഒരു വ്യക്തിയിൽ ആയിരത്തിൽ ചിലപ്രാവശ്യം രൂപ ആദായനികുതി ചുമത്തുകയും അയാൾ അപ്പീലുകൊടുത്തു് അനീതിയായി ചുമത്തിയ തുക തിരിയ്ക്കു വാങ്ങുകയും ചെയ്യുമ്പോൾ അയാളിൽനിന്നും ഇൻകം ടാക്സിന്റെ പേരിൽ ൧൦൦൦ രൂപ അഡ്വാൻസായി നിർബന്ധപൂർവ്വം വാങ്ങിക്കുകയും ചെയ്യുന്നു. ഇതു് എനിക്കു നേരട്ടറിയാവുന്ന ഒരു സംഗതിയാണ്. ഈവിധത്തിൽ പല സ്ഥലങ്ങളിലും ഇക്കൂട്ടർ മനഃപൂർവ്വമായി ജനങ്ങളെ ഉപദ്രവിക്കുന്നുണ്ട്. അതുകൊണ്ടു് ഇവരിൽനിന്നും പൊതുജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി, ഓരോ സ്ഥലത്തുമുള്ള കാർഷികവിഭവങ്ങളെ ശരിയായ രീതിയിൽ തിട്ടപ്പെടുത്തി ആദായനികുതി നിശ്ചയിക്കുകയും അങ്ങനെ നിശ്ചയിക്കുന്ന ആദായനികുതി ഓരോ വ്യക്തിയിൽനിന്നും ലാൻഡ് ടാക്സിനോടുകൂടി ചേർത്തു പിരിച്ചെടുക്കുകയും ചെയ്യുന്നതിനു് വേണ്ട നിർദ്ദേശങ്ങൾ ഗവണ്മെൻറിൽ നിന്നും നൽകേണ്ടതാണ്. തൻമൂലം ഡിപ്പാർട്ടുമെൻറിലെ ചെലവു കുറയുകയും പരാതികൾക്കു് സാരമായ ആശ്വാസം ഉണ്ടാകയും ചെയ്യുന്നതാണ്. ഇത്തരത്തിലുള്ള ഒരു പ്രോഗ്രസിവ് ടാക്സേഷൻ സംസ്ഥാനത്തു ഏർപ്പെടുത്തുന്നതു് എല്ലാംകൊണ്ടും നന്നായിരിക്കുമെന്നു് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

ശ്രീ. എ. താണുപിള്ള : ഒരു ചോദ്യം.

Shri M. K. Mathai : I am not yielding. സർ, മറെറാരു സംഗതി ഈയവസരത്തിൽ പറയാനുള്ളതു് സെയിൽസ് ടാക്സിനെപ്പററിയാണ്. അമേരിക്കയിലും റഷ്യയിലും മററും ഈ ടാക്സ് നിലവിലിരിക്കയാണ്. ഇവിടെയും ഉണ്ട്. ഇവിടെയാണെങ്കിൽ ൧൦,൦൦൦ രൂപയിൽ കൂടുതൽ ടേണോവറുള്ളവർ ഈ ടാക്സു കൊടുത്താൽ മതിയെന്നാണ് വ്യവസ്ഥചെയ്തിരിക്കുന്നതു്. അതോടുകൂടി ൭൫൦൦ രൂപയിൽ കൂടുതൽ ടേണോവർ ഉള്ളവർ പേരുകൾ രജിസ്റ്റർചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകളിലും അതിലേക്കു നിയോഗിക്കപ്പെട്ടി

[ശ്രീ. എം. കെ. മത്തായി]

ട്ടുള്ള ഉദ്യോഗസ്ഥന്മാർ ധാരാളം അഴിമതികൾ കാണിക്കുന്നുണ്ട്. ഒരാൾക്കു വ 0 0 0 രൂപയുടെ ടേണോവറെയുള്ളവെന്നു കണക്കുകൾ ബോധ്യപ്പെടുത്തിയാലും ആഫീസറന്മാർ വിസമ്മതിച്ചുകൊണ്ടു് ടാക്സ് ഈടാക്കി വരുന്നു. ഈ കാര്യം പറയുന്നതിനിടയിൽ എനിക്കു മറെറാരുകാര്യം ഓർമ്മയിൽവരുന്നു. അതായതു്, ടാക്സു എർപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാരെ ചില രാഷ്ട്രീയപ്രബുദ്ധന്മാർ സമീപിച്ചു് പ്രേരണചെലുത്തി മുതലെടുക്കുന്നു എന്നു് എന്റെ ഒരു മാന്യസ്നേഹിതൻ പറഞ്ഞതിനെയാണു്.

ശ്രീ. രാഘവക്കുറുപ്പു് പറയുകയുണ്ടായി അവരുടെ കാര്യങ്ങളെല്ലാം തുറന്നുപറഞ്ഞാൽ അവരുടെ കാര്യങ്ങൾ വെള്ളത്തിൽ ആകുമെന്നു്. വടക്കൻ തിരുവിതാംകൂറിൽ ഐക്യമുന്നണി പ്രവർത്തകന്മാരായിരിക്കുന്ന ആളുകൾ സെയിൽസ് ടാക്സ് ആഫീസറന്മാരുടേയും മററും പുറകെ നടന്നു് അന്വേഷത്തിനു് പല വിവരങ്ങളും കൊടുത്തു് പലക്കും നോട്ടീസുകൾ അയപ്പിച്ചുവരുന്നുണ്ടു്. പലരുടേയും പക്കൽനിന്നു് പണം വാങ്ങിച്ചു് സെയിൽസ്ടാക്സ് ആഫീസർക്കു് അവർ കൊടുത്തുവരുന്നുണ്ടു്. സെയിൽസ് ടാക്സിനു് അർഹതയില്ലാത്ത പലക്കും നോട്ടീസുകൾ അയപ്പിച്ചു് സെയിൽസ്ടാക്സ് ആഫീസക്കു് കൊടുക്കാനാണെന്നും പറഞ്ഞു് അവർ പലരുടേയും പക്കൽനിന്നു് പണം പിരിക്കുന്നുണ്ടു്. കർഷകരുടെ ആത്താണിയാണെന്നു് പറയുന്ന ഈ കൂട്ടരുടെ പ്രവർത്തി ഇപ്രകാരമാണു്. ഈ വകകാര്യങ്ങൾ തുറന്നുപറഞ്ഞാൽ ഐക്യമുന്നണിയുടെ കാര്യം വെള്ളത്തിലാകുമെന്നു പറഞ്ഞ എന്റെ സ്നേഹിതനോടു് എനിക്കു് സഹതാപമാണു് ഉള്ളതു്. സാധാരണക്കാരായ കർഷകരുടെ രക്തം ഊററിക്കുടിക്കുന്നവരാണു് ഇവരെന്നു് സാധാരണക്കാർ മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടു്. എണ്ണയില്ലാത്ത വിളക്കു് എങ്ങിനെ മങ്ങി മങ്ങി ഇരിക്കുന്നുവോ അപ്രകാരമാണു് ഐക്യമുന്നണിക്കാരുടെ പ്രവർത്തനം ഇപ്പോൾ നടക്കുന്നതു്. ആ ദീപത്തിന്റെ അവസാന ആന്തലാണു് ഇപ്പോൾ കാണുന്നതു്. പ്രതിഫലേച്ഛ കൂടാതെ അവർ സാധാരണക്കാർക്കുവേണ്ടി പ്രവർത്തിച്ചിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

ഈ സഭയിൽ ഇരിക്കുന്ന ആളുകളെപ്പററിയും എനിക്കു് ചിലതു പറയുവാനുണ്ടു്. ഇവിടെ എം. എൽ. എ. മാരായിട്ടുള്ള ചില വക്കീലന്മാരുണ്ടു്. ചില കാര്യങ്ങൾ ഗവണ്മെൻറിന്റെ അടുത്തു് റപ്രസൻറു ചെയ്യുവാൻ വക്കാലത്തുമായി ചില വക്കീലന്മാരായ എം. എൽ. എ. മാർ ഗവണ്മെൻറിനെ സമീപിക്കാറുണ്ടു്. ചെയ്യുവാൻ പാടില്ലാത്ത ചില കാര്യങ്ങളുടെ വക്കാലത്തുപിടിച്ചു് ഗവണ്മെൻറിനെ സമീപിച്ചു് സാറേ, അതു് എനിക്കുവേണ്ടി ചെയ്യുതരണം എന്നുപറഞ്ഞു് ഗവണ്മെൻറിനെക്കൊണ്ടു് പല ആവശ്യങ്ങളും പണത്തിനുവേണ്ടി ചെയ്യിക്കാറുണ്ടു്. അതുകൊണ്ടു് എനിക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു പറയുവാനുള്ളതു് ഇങ്ങനെയുള്ള വക്കീലന്മാരായ എം. എൽ. എ. മാരെ അടുപ്പിച്ചുപോകരുതു് എന്നാണു്. അവരുടെ രാഷ്ട്രീയ സ്വാധീനശക്തിക്കും ഗവണ്മെൻറു് ഒരിക്കലും വഴങ്ങിക്കൊടുക്കരുതെന്നു് ഞാൻ അപേക്ഷിക്കുന്നു.

Shri P. S. Nataraja Pillai : On a point of order. Sir, I would request that a ruling may be made as to whether the reflection cast upon any particular party in the House, would amount to a reflection upon the Members of the House as a whole.

Mr. Speaker: Occasional outbursts about the activities of political parties in this House are not very rare.

Shri P. S. Nataraja Pillai: But that should not—

Mr. Speaker: Of course, I do not approve of it. But the hon. Member should understand that when he is preparing to give a cut he must be prepared to get a thrust. But such attacks should not be made within the House, they may be made outside the House.

ശ്രീ. കെ. എം. ജാജ്ജ് : സർ, ഈ രാജ്യത്തെ മുതലെടുപ്പിനെ സാരമായി ബാധിക്കുന്ന കാർഷികാദായനികുതിയേയും വില്പനനികുതിയേയും കുറിച്ചാണ് ഞാൻ പറയുന്നത്. ആ നികുതി വസൂലാക്കുന്നതിൽ കണ്ടുവരുന്ന ചില ക്രമക്കേടുകളെ ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. സർ, വില്പനനികുതി ഇവിടത്തെ ഉല്പാദകനേയും ഉപഭോക്താവിനേയും ഒരുപോലെ ബാധിക്കുന്ന ഒന്നാണ്. ഈ നികുതി സമ്പ്രദായംകൊണ്ട് ഉല്പാദകന് അവൻ ഉദ്ദേശിക്കുന്ന രീതിയിൽ സാധനങ്ങൾ വില്ക്കുവാൻ സാധിക്കുന്നില്ല. കുറച്ചുകൂടി വില താങ്ങിമാത്രമേ വില്ക്കുന്നതിനുള്ള സാഹചര്യം അവന് സിദ്ധിക്കുന്നുള്ളൂ. അതുപോലെ തന്നെ ഉപഭോക്താവിനും ന്യായമായിട്ട് അവൻ കൊടുക്കേണ്ട വിലയിൽ അല്പം കൂടുതൽ കൂട്ടിക്കൊടുത്ത് വാങ്ങിക്കേണ്ടിവരുന്നു. അത് ഇന്ന് ഈ രാജ്യത്തിൽ അങ്ങോളമിങ്ങോളം വിഷമമുണ്ടാക്കുന്ന ഒരു പ്രശ്നമാണ്. വില്പന നികുതിയില്ലാതെ ഇന്നത്തെ നമ്മുടെ സാമ്പത്തികവ്യവസ്ഥിതിയിൽ ഒരുപക്ഷേ മുന്നോട്ടു പോകുവാൻ സാദ്ധ്യമല്ലാതായിരിക്കാം. ആ വസ്തുത മറന്നുകൊണ്ടല്ലാ ഞാൻ പറയുന്നത്. എന്നാൽ അതിന് ഇന്നത്തെ രീതിയിൽ പലപ്രാവശ്യം നികുതി ഈടാക്കുന്നതുകൊണ്ട് വളരെ ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. മാർട്ടിപ്രായിൻറിൽ നികുതി ഈടാക്കുന്നതുകൊണ്ടുവരുന്ന ദോഷത്തെപ്പററി ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഏതെങ്കിലും ഒരു സാധനം ഒരിടത്ത് ഉല്പാദിപ്പിക്കുന്ന ആ ഉല്പാദകൻ അത് മാർക്കററിന് വില്ക്കുന്നു. ആ സാധനം ഉല്പാദകസ്ഥലത്തുനിന്ന് വളരെ അകലെയുള്ള ഒരു സ്ഥലത്തുചെന്ന് എത്തുന്നതിനിടയ്ക്ക് അനേകം ആളുകളുടെ കയ്യിൽക്കൂടി കടന്നു പോകേണ്ടതുണ്ട്. അനേകം ആളുകളുടെ കയ്യിൽക്കൂടി കടന്നാണ് ആ സാധനം മാർക്കററിൽ എത്തുന്നത്. ആ വില്പനകൾക്ക് എല്ലാം നികുതി ഈടാക്കുന്നതുകൊണ്ട് സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നു. അത് ഇന്നത്തെ മാർട്ടിപ്രായിൻറെ സൈയിൽസ്ടാക്സിലുള്ള ഒരു ദോഷമാണ്. അത് സിങ്കിൾ പ്രായിൻറിലായി നിർത്തുകയാണെങ്കിൽ എല്ലായിടത്തും ഒരുപോലെയുള്ള വിലയ്ക്കുതന്നെ സാധനങ്ങൾ കിട്ടുവാൻ സാദ്ധ്യമാകുന്നതാണ്. അത് ഇല്ലാത്തപക്ഷം എല്ലാ സാധനങ്ങൾക്കും ഒരു റേഷൻവില നിശ്ചയിക്കേണ്ടതായി വരുന്നതാണ്. അങ്ങനെയില്ലാത്തിടത്തോളം കാലം തീർച്ചയായും ഇന്നത്തെ ഈ മാർട്ടിപ്രായിൻറെ വ്യവസ്ഥ വളരെ

[ശ്രീ. കെ. എം. ജാജ്ജ്]

അധികം ഉപദ്രവം നാട്ടുകാക്ക് ചെയ്യുന്നുണ്ടെന്ന് നമുക്ക് കാണാവുന്നതാണ്. ഈ നികുതി അല്പം കൂടിയിരുന്നാൽതന്നെയും അതു് സിങ്കിംപായിൻറിൽ ആക്കുകയാണെങ്കിൽ തീർച്ചയായും അതു് പൊതുജനങ്ങളോടു ചെയ്യുന്ന ഒരു നീതി മാത്രമായിരിക്കുമെന്നാണ് സാധാരണ ജനങ്ങൾ വിശ്വസിക്കുന്നതു്. ഗവണ്മെൻറിന് കിട്ടേണ്ട ന്യായമായ ആദായം ഒരു വിധത്തിലും തടയണമെന്നുള്ള വിധത്തിലല്ലാ ഞാൻ പറയുന്നതു്. ന്യായമായ ആദായം ഇതിൽനിന്നു കിട്ടത്തക്ക വിധത്തിൽ സിങ്കിംപായിൻറിൽ ഒരു നികുതി ഏർപ്പെടുത്തുന്നതായാൽ ഇന്ന് ജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിഷമം പരിഹരിക്കാമെന്നാണ് ഞാൻ വിചാരിക്കുന്നതു്. ഈ നാട്ടിലെ സാധാരണക്കാർ അതിന് ആഗ്രഹിക്കുന്നുണ്ടെന്നുള്ള വസ്തുതയും ഞാൻ ഈ അവസരത്തിൽ ഇപ്പിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

അടുത്തതായി കാർഷികാദായനികുതി ഈടാക്കുന്നതിൽ കണ്ടുവരുന്ന ചില ക്രമക്കേടുകളെപ്പററിയാണ് എനിക്ക് ഇവിടെ സൂചിപ്പിക്കുവാനുള്ളതു്. സർ, നമ്മുടെ നാട് പ്രായേണ കർഷകരെക്കൊണ്ടു് നിറഞ്ഞിരിക്കുന്ന ഒന്നാണ്. ഈ രാജ്യത്തെ ചെറുകർഷകരെ സ്ഥാനത്തും അസ്ഥാനത്തും കാർഷികാദായനികുതി ഉദ്യോഗസ്ഥന്മാർ ഉപദ്രവിക്കുന്നുണ്ടെന്നുള്ള വസ്തുത എല്ലാവർക്കും പരക്കെ അറിവുള്ളതാണ്. ചെറുകർഷകർക്ക് അവർ അർഹിക്കാത്ത തരത്തിലുള്ള നികുതി ഈടാക്കുന്നതിനുള്ള നോട്ടീസ് ചെല്ലുന്നുണ്ടു്. അതിൽനിന്ന് ഒഴിവാക്കുന്നതിന് സാധാരണഗതിയിൽ അവർ കൈക്കൂലി കൊടുക്കുകയാണ് ചെയ്യുന്നതു്. ചില ചെറുകർഷകരിൽനിന്ന് കൈക്കൂലി കിട്ടുന്നതിനുള്ള അവസരം ഉണ്ടാക്കുന്നതിനുവേണ്ടി അങ്ങനെയുള്ളവരെ തിരഞ്ഞുപിടിച്ച് കാർഷികാദായനികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാർ പലയിടത്തും വക്കാണങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ഈ സ്ഥിതി ഗവണ്മെൻറ് വളരെ ശ്രദ്ധയോടുകൂടി മനസ്സിലാക്കേണ്ട ഒന്നാണ്. ഈ രാജ്യത്തെ ചെറുകർഷകർ കാർഷികാദായനികുതി പിരിക്കുന്ന ഉദ്യോഗസ്ഥന്മാരിൽനിന്ന് വളരെ വളരെ അവശതകൾ അനുഭവിക്കുന്നുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. വലിയ കർഷകരെ അവർ അർഹിക്കുന്ന തരത്തിലുള്ള നികുതിയിൽനിന്ന് ഒഴിവാക്കുന്നതിനുള്ള ശ്രമം ഒരുവശത്തു നടക്കുന്നുണ്ടു്. അതേസമയം ഈ നികുതി വേണ്ടിടത്തോളം ഗവണ്മെൻറിന് കൊടുക്കുന്നതിന് താല്പര്യമുള്ള ചെറുകർഷകരിൽനിന്ന് അമിതമായ നികുതി ഈടാക്കുന്നതിനുള്ള ഒരു ശ്രമം നടക്കുകയുംചെയ്യുന്നുണ്ടു്. ഗവണ്മെൻറിനെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറിന് അർഹിക്കുന്ന രീതിയിലുള്ള ഒരു നികുതി ഈടായി കാണുന്നുണ്ടെങ്കിൽ അതു് സാധാരണയായി സാധുകർഷകരെ വഞ്ചിച്ചുകൊണ്ടും അവരെ വിഷമിപ്പിച്ചുകൊണ്ടുമാണ് ഈടാക്കുന്നതു് എന്നുള്ള പരമാർത്ഥം ഗവണ്മെൻറ് മനസ്സിലാക്കണം. ഇവിടെയുള്ള വലിയ കർഷകരെ അവർ അർഹിക്കുന്ന തരത്തിലുള്ള നികുതി ചുമത്താതെ ഈ നികുതിയിൽനിന്ന് ഒഴിവാക്കുന്നുണ്ടു്. അങ്ങനെയുള്ള ശ്രമത്തിൽ എല്ലാസ്ഥലങ്ങളിലും ഉള്ള വൻകിടക്കാർ കുറെ ഒക്കെ കൈക്കൂലി ഈ ഉദ്യോഗസ്ഥന്മാക്ക് കൊടുത്തിട്ടുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. ഈ രാജ്യത്തെ ചെറുകർഷകരെ വേണ്ടവിധത്തിൽ സഹായിക്കുന്നതിന് ഉതകത്തക്ക വിധത്തിൽ ഗവണ്മെൻറ് സശ്രദ്ധം ഈ നടപടികൾ സൂക്ഷിക്കേ

ണ്ടതു് അത്യാവശ്യമാണു്. സാധാരണയായി ഇതിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥന്മാർക്കു് ജീവിക്കുന്നതിനു് തക്കതായ ശമ്പളം കിട്ടാതിരുന്നതുകൊണ്ടായിരിക്കാം അവർ കൈക്കൂലിക്കു് വിധേയരാകുന്നതു്. അങ്ങനെയുള്ള ഒരു പരിതഃസ്ഥിതിയിൽനിന്നു് അവരെ ഒഴിച്ചുനിർത്തിയാൽ ഒരുപക്ഷേ നമ്മുടെ നാട്ടിൽ അനീതി നടക്കുവാൻ സാദ്ധ്യമില്ലാതെവന്നു എന്നുവരാം. സെയിൽസ്ടാക്സിലും അഗ്രികൾച്ചർ ഇൻകംടാക്സിലും പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ ഇന്നത്തെ വ്യവസ്ഥിതിയിൽ ജനതാമധ്യത്തിൽ വളരെ വളരെ സ്ഥാനമർഹിക്കുന്ന ഉദ്യോഗസ്ഥന്മാരായിട്ടാണു് പരിണമിച്ചിരിക്കുന്നതു്. അവരുടെ ഉദ്യോഗവലിപ്പമല്ല അതിനുകാരണം. അവർക്കു് പൊതുജനങ്ങളെ ഉപദ്രവിക്കുന്നതിനുള്ള കഴിവാണു് ഈ വലിപ്പത്തിനു് കാരണമായിരിക്കുന്നതു്. ഈ വസ്തുത ഗവണ്മെൻറ് വേണ്ടവിധത്തിൽ മനസ്സിലാക്കി അതിൻെറ നിവാരണത്തിനായി നല്ല മര്യാദക്കാരായ ഉദ്യോഗസ്ഥന്മാരെ ആ വകുപ്പിൽ നിയമിച്ചു് ഈ നാട്ടിലെ പൊതുജനങ്ങളെ വേണ്ടവിധത്തിൽ സഹായിക്കണമെന്നഭ്യർത്ഥനയോടുകൂടി ഞാൻ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. മാധവനുണ്ണിത്താൻ : സർ, ആദായനികുതി സംബന്ധമായി പൊതുജനങ്ങൾക്കു് നേരിടുന്ന വിഷമങ്ങളെപ്പററി പല ബഹുമാനപ്പെട്ട മെംബറന്മാരും പ്രസ്താവിച്ചു അഭിപ്രായങ്ങൾ ഞാനും യോജിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് അതിനെപ്പററി കൂടുതലൊന്നും പറയണമെന്നു് ഞാൻ വിചാരിക്കുന്നില്ല. ഇപ്പോൾ ആദായനികുതി കണക്കാക്കുന്നതു് അതാതു സ്ഥലത്തെ ഡിപ്പാർട്ടുമെൻറ ഉദ്യോഗസ്ഥന്മാരാണു്. അതാതു സ്ഥലത്തു് നികുതി അസസ്സ്ചെയ്യുന്നതു് കുറച്ചും കുറഞ്ഞുപോകരുതെന്നും കഴിയുന്നത്ര ആദായം വർദ്ധിപ്പിക്കണമെന്നും നിർദ്ദേശം കൊടുത്തുകൊണ്ടിരിക്കുന്ന ആളുകളാണു് അപ്പീലുകൾ കേൾക്കുന്നതു്. അങ്ങനെയിരിക്കെ മിക്കവാറും എന്തെങ്കിലും സൗകര്യങ്ങളുണ്ടെങ്കിൽ അപ്പീൽ തള്ളണമെന്നുള്ള മനോഗതി അല്ലാതെ അതിൻെറ ന്യായവശത്തെ അടിസ്ഥാനമാക്കി ഒരു തീരുമാനം ചെയ്യണമെന്നുള്ള ആഗ്രഹം അവർക്കു് ഉണ്ടാകുകയില്ലെന്നുള്ളതു സ്വാഭാവികമാണു്. ആ നിലയിൽ അപ്പീൽ കൊടുക്കുന്നതിൽ ൯൦ ശതമാനവും തള്ളുന്നതായിട്ടാണു കണ്ടുവരുന്നതു്. അതിനു പരിഹാരമായി എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാനുള്ളതു് ഒരു നിഷ്പക്ഷമായ സമിതിയെ, അതായതു് ഈ പിരിവു സംബന്ധമായ നടപടിയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു ബോർഡു് ഈ ആദായനികുതി സംബന്ധിച്ചുള്ള അപ്പീലുകൾ കേൾക്കുന്നതിനു് രൂപീകരിക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ അപ്പീലുകൾ കൊടുക്കുന്നവർക്കു് അവരുടെ കേസുകളുടെ ന്യായമനുസരിച്ചു് നീതി ലഭിക്കുന്നതിനു സാധിക്കും. പിന്നൊന്നുള്ളതു് അപ്പീൽ കൊടുക്കണമെന്നുവരികിൽതന്നെയും താഴ്ന്ന ഉദ്യോഗസ്ഥന്മാർ ചുമത്തിയിരിക്കുന്ന നികുതി മുഴുവൻ മുൻകൂറായി അടയ്ക്കേണ്ടിയിരിക്കുന്നു. മുഴുവൻ തുകയും നിവൃത്തിവച്ചില്ലെങ്കിലും സമ്മതിക്കുന്ന തുക ഒഴിച്ചു് ബാക്കിയുള്ള തുകയെങ്കിലും അടയ്ക്കുന്നതിനു് സാവകാശം കൊടുക്കയാണെങ്കിൽ അപ്പീൽ കഴിഞ്ഞശേഷംമാത്രം വേണമെങ്കിൽ കൊടുത്താൽ മതിയെന്നു വരുന്നതു് ആളുകൾക്കു കുറെ ആശ്വാസകരമായിരിക്കുമെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഇത്രയും കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടു് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : കഴിഞ്ഞ രണ്ടു സെഷനിൽ വളരെ ശക്തിയായി സഭയുടെ പലഭാഗത്തു നിന്നും സെയിൽടാക്സിനു് എതിരായുള്ള വാദഗതികൾ ഉണ്ടായിട്ടുണ്ടു്. അതിനു സമാധാനമായി ധനകാര്യമന്ത്രി ചില സംഗതികൾ ഇവിടെ പ്രസ്താവിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വാദഗതികളെല്ലാം ശരിയായിരിക്കാം, അല്ലെങ്കിൽ അതു് മറവുള്ളവർക്കു സ്വീകാര്യമായി തോന്നിയിരിക്കാമെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ധരിക്കുന്നതുപോലെയാണു് ബഡ്ജറവ് എസ്റ്റിമേറവ് നോക്കിയപ്പോൾ മനസ്സിലാകുന്നതു്. അടുത്ത മൂന്നുകൊല്ലത്തെ ബഡ്ജറവ നോക്കിയാൽ ൨൪൪ ലക്ഷം, ൨൪൦ ലക്ഷം, ഈ കൊല്ലം ൨൫൫ ലക്ഷം ഇങ്ങനെയാണു് എസ്റ്റിമേറവ് ചെയ്തിട്ടുള്ളതു്. കഴിഞ്ഞകൊല്ലത്തെ റിവൈസ്ഡ് എസ്റ്റിമേറവ് ൨൨൩ ലക്ഷത്തിൽ ചില്ലാനമാണു്. ക്വാൺസ്റ്റിട്യൂഷനിലെ ആർട്ടിക്കൾ ൨൨൭ അനുസരിച്ചു് ചില വലിയ മുതലാളികളിൽ നിന്നും തുക ഈടാക്കാൻ കഴിയാത്തതുകൊണ്ടാണു്, ഈ പ്രാവശ്യത്തെ എസ്റ്റിമേററിൽ കുറവു വന്നിട്ടുള്ളതെന്നും പറഞ്ഞിട്ടുണ്ടു്. സാമ്പത്തികക്കുഴപ്പവും ഈ കുറവിനൊരു കാരണമായി സമ്മതിക്കാതെയിരുന്നിട്ടുമില്ല. പക്ഷെ ഇതെല്ലാം തള്ളിക്കളഞ്ഞാലും ഇക്കൊല്ലം ൨൫൫ ലക്ഷം രൂപ സെയിൽസ്ടാക്സ് ഇനത്തിൽ കിട്ടുമെന്നു ഗവണ്മെൻറപ്രതീക്ഷിക്കുന്നു. തീർച്ചയായും ഇത്ര വലിയൊരു തുക ഇന്നത്തെ സാമ്പത്തിക വൈഷമ്യങ്ങളെ പരിഗണിച്ചുനോക്കിയാൽ കിട്ടുന്നതല്ല. ഇന്നു വിൽപ്പന വളരെ കുറഞ്ഞിരിക്കയാണു്. കടകമ്പോളങ്ങളിലെല്ലാം ഇന്നു വില്പന തീരെ ഇടിഞ്ഞുതാന്നിട്ടുണ്ടു്. പിന്നെ എന്തൊരടിസ്ഥാനത്തിലാണു് ഇത്രത്തോളം ഒരു തുക ഈയിനത്തിൽ ഉണ്ടാക്കാൻ കഴിയുമെന്നു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഉദ്ദേശിക്കുന്നതെന്നു് നമുക്കു ഊഹിക്കാവുന്നതേയുള്ളു. എന്തു ചെയ്തും അറഞ്ഞുവച്ചു് അസസ്ചെയ്തു കളയാമെന്നുള്ള ഒരു ചട്ടുറവം മാത്രമെ ഇതിൽ എസ്റ്റിമേറവ കൊണ്ടുവരുവാനുള്ള ഒരു കാരണമായി കാണുന്നുള്ളു. കഴിഞ്ഞ സെഷനിൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ച നീതികരണങ്ങൾ ഒന്നുംതന്നെ വഹിക്കത്തക്കതല്ല. അദ്ദേഹം പറഞ്ഞു സോവിയററ യൂണിയനിൽ വളരെ കൂടുതൽ ടാക്സേഷൻ ഉണ്ടെന്നു്. ഉൽപ്പാദനോപകരണങ്ങൾ (means of production) മുഴുവൻ സ്റ്റേററിന്റെ വകയായുള്ള സോവിയററ യൂണിയനെപോലുള്ള ഒരു രാജ്യവുമായി നമ്മുടെ രാജ്യത്തെ താരതമ്യപ്പെടുത്തുന്നതു് ഒരിക്കലും ശരിയല്ല. എല്ലാ വ്യവസായങ്ങളും കൃഷിയും അവിടെ സ്റ്റേററിന്റെ വകയാണു്. അവിടുത്തെ പ്രത്യേക പരിതസ്ഥിതികളെ പരിഗണിച്ചാൽ അവിടെ ആകെയുള്ള വരവിന്റെ ഏററവും പ്രധാനമായ ഒരുഭാഗം ൯൦ ശതമാനം ഈ നികുതിമൂലമാണു് ഉണ്ടാകുന്നതു്. ഇതൊരു ഉപഭോഗനികുതിയെന്ന നിലയിലല്ല, നികുതി പിരിക്കുവാനുള്ള കേവലമായ ഒരു ഉപാധി എന്ന നിലയിൽ മാത്രമാണു് അവിടെ ഉപയോഗപ്പെടുത്തുന്നതു്. എന്നാൽ അസന്മാർഗ്ഗികമായ ഒരു നികുതിയല്ല അവിടെ വാങ്ങിക്കുന്നതു്. മറെറാരു തരത്തിൽ നികുതി വസൂലാക്കാൻ ഒരു മാർഗ്ഗമെന്നുള്ളതിൽ കവിഞ്ഞു അവിടത്തെ നികുതി പിരിവിൽ ഒരു ദോഷമില്ലെന്നു അദ്ദേഹത്തിനു തന്നെ അറിയാമെന്നുള്ളതാണു്. അദ്ദേഹം ചില കണക്കുകൾ ഇവിടെ ഉദ്ധരിക്കയുണ്ടായിട്ടുണ്ടു്. നമ്മുടെ പ്ലാന്റേഷൻ തൊഴിലാളികൾക്കു് വ൨ രൂപ അടിസ്ഥാനശമ്പളം കൊടുക്കുന്നുണ്ടെന്നോ കൊടുക്കേണ്ടതാ

ണെന്ന് ആരോ ശുപാർശ ചെയ്തിട്ടുണ്ടെന്നോ ഒക്കെ സങ്കൽപ്പിച്ചുകൊണ്ടാണ് അദ്ദേഹം സംസാരിച്ചിട്ടുള്ളത്. അരിക്കു ഇത്ര വില, തുണിക്കു ഇത്രവില എന്നൊക്കെ ഇവിടെ പറയുകയുണ്ടായി. അദ്ദേഹം പറയുന്നതുപോലെ അരിയും തുണിയും മറ്റുസാധനങ്ങളും അവിടെ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യാതെ ഒരു ഗവണ്മെന്റു ഇപ്രകാരം പറയുന്നതിൽ എന്തു് അർത്ഥമാണ് ഉള്ളതെന്നാണ് ഞാൻ ചോദിക്കുന്നതു് അതിൽ ഉൾപ്പെടാത്ത അനേകം കാര്യങ്ങൾ ഉണ്ടെന്നു നാം അറിയേണ്ടിയിരിക്കുന്നു. വൈദ്യസഹായം വേണം, തോട്ടംതൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഇന്ന് സർക്കാർ ഉണ്ടാക്കുന്ന കൃത്രിമകേസ്സുകൾക്ക് അവധി തോറും പോകുന്നതിന് എത്ര രൂപ വേണമെന്നു ധനകാര്യമന്ത്രി അറിയുന്നില്ലായിരിക്കാം. ഇതെല്ലാം പോകട്ടെ നമ്മുടെ നാട്ടിൽ തൊഴിലില്ലാത്ത എത്രയോ ആളുകളുണ്ട്. അവർ വാങ്ങിക്കുന്ന സാധനങ്ങൾക്കെല്ലാം വിലയേറിയ ഇന്നികുതിമൂലം ഉണ്ടാകുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള നികുതിസമ്പ്രദായം വേണ്ടേയെന്നു ചോദിച്ചാൽ അതു മുഴുവനും വേണ്ടെന്നു ഞാൻ പറയുകയല്ല ചെയ്യുന്നതു്. സെയിൽസ്ടാക്സ് ഒരു പായിൻറിലെ ഏർപ്പെടുത്താവു എന്നാണ് ഞാൻ പറയുന്നതു്. മറ്റുള്ള പായിൻറു ടാക്സേഷൻ ഏററവും വിപൽക്കരമണ്. മൈസൂറിലും മദ്രാസിലും മററും ഇന്ന നികുതി ഉള്ളതുകൊണ്ടാണ് ഇവിടെയും ഏർപ്പെടുത്തിയിട്ടുള്ളതെന്നു പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ലോകത്തിൻെറ പല ഭാഗങ്ങളിൽ പലതും കാണും. അവിടെയുള്ളതെല്ലാം നമുക്ക് ഇവിടെയും പകർത്താൻ കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നതു്. റേഷനിംഗിൻെറ കാര്യം തന്നെ എടുത്തുനോക്കാം. മദ്രാസിലും മററും ഡീറേഷനിംഗ് നടപ്പിലാക്കിയിരിക്കുന്നതു നമുക്കിവിടെ സ്വീകരിക്കാൻ നിവൃത്തിയില്ല. അതുകൊണ്ടു മററു സ്ഥലങ്ങളെ അനുകരിക്കുന്നതു ഒരിക്കലും ശരിയല്ലെന്നാണ് ഞാൻ പറയുന്നതു്. ടാക്സേഷൻ തൊഴിലാളികളെയും കൃഷിക്കാരെയുമല്ല സമ്പന്നന്മാരെയാണ് ബാധിക്കുന്നതെന്നു പറയുന്നതു കേവലം അടിസ്ഥാനരഹിതമാണ്. ഇന്നു നമ്മുടെ ജീവിതത്തിൻെറ ഏതു് തുറയിലാണ് മറ്റുള്ളിപോയിൻറ് ടാക്സേഷൻ ആക്രമിക്കാത്തതെന്നു ബഹുമാനപ്പെട്ട സഭ കുന്നാലോചിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഇന്നു പാവപ്പെട്ടവരുടുക്കുന്ന മുണ്ടിൻെറ ഓരോ ഇഴയിലും വലിക്കുന്ന ഓരോ ബീഡിയുടേയും പുകച്ചുരുളിലും നികുതി ചേർന്നിരിക്കുന്നതായി കാണാൻ കഴിയും. ഒന്നു മുറുക്കാൻ വാങ്ങിക്കുന്നവർ ഉപയോഗിക്കുന്ന ഓരോ പുകയിലക്കഷണത്തിലും നികുതി പതിയിരിക്കയാണ്. ഇങ്ങനെ എല്ലാത്തിനും നികുതിയുണ്ട്. മറ്റുള്ളിപോയിൻറ് നികുതി എങ്ങനെയാണ് നമ്മെ ഉപദ്രവിക്കുന്നതെന്നു ഞാൻ പറയാം. എൻെറ വീട്ടിൽ ഇരുന്നുകൊണ്ട് ഒരു സാധനം വാങ്ങുന്നുവെന്നു വയ്ക്കുക. കൊച്ചിയിൽ നിന്നു വരുന്ന തുണി ആലപ്പുഴയെത്തുമ്പോൾ രൂപയ്ക്കു നു പൈസ നികുതിയെടുക്കും. അവിടെ നിന്നും അതു് കായംകുളത്തുവരും. അപ്പോൾ പിന്നെയും നു പൈസയായി. കായംകുളത്തുനിന്നും വാങ്ങി കരുനാഗപ്പള്ളിയിൽ കൊണ്ടുവരുമ്പോൾ അതിനും രൂപയ്ക്കു നു പൈസാവെച്ചു നികുതിയെടുക്കും. അവിടെ നിന്നുവേണം എൻെറ സ്ഥലത്തുള്ള കടയിൽ വരാൻ. അപ്പോഴും ഒരു നികുതികൊടുക്കണം. അങ്ങനെ സാധനങ്ങൾ കയ്യിൽ ചലിക്കുന്നതിനൊപ്പം ഓരോ ചലനത്തിനും രൂപയ്ക്കു നു പൈസാ വീതം നൽകേണ്ട ഒരു ഇടപാടാണിതു്. തീർച്ചയായും ഇതു് വളരെ ഖേദകരമായ ഒരു

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

അവസ്ഥയാണ്. ഒരു മനുഷ്യന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം ജനനം തൊട്ട് മരണംവരെ ബാധിക്കുന്ന ഒരു സംഗതിയാണിതു്. ഒരു കുട്ടി ജനിച്ചുകഴിഞ്ഞാൽ ഒരു പാവപ്പെട്ടവൻ ആദ്യമായി വയസ്സ് ഉരച്ചാണ് കൊടുക്കുന്നതു്. അതിനും സെയിൽടാക്സുണ്ട്. മരിക്കുമ്പോൾ കൂടി കോടിത്തുണിയിടണം അതിനും സെയിൽടാക്സുണ്ട്. അങ്ങനെ ജനനംതൊട്ട് മരിച്ച് കഴുവേറിയാലും ടാക്സുണ്ട്. ഇങ്ങനെയുള്ള ഒരു പരിതസ്ഥിതിയാണ് നമുക്ക് അനുഭവപ്പെട്ടിരിക്കുന്നതു്. ഉപഭോഗസാധനങ്ങൾക്ക് ടാക്സ് ചുമത്താതെ മനുഷ്യക്ക് ജീവിക്കുന്നതിന് ഒരു നികുതി ചുമത്തിയാൽ അതായിരിക്കും ഇതിനേക്കാൾ ഏളുപ്പവും ലഘുവും എന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. ഈ മർട്ടിപോയിൻറ് ടാക്സേഷൻ എവിടെയാക്കയാണ് ചുമത്തുന്നതു് എന്നുള്ളതു് ഇതുവരെ ഒരു ക്ലിപ്തമുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്? കയറിനു രണ്ടുപോയിൻറിലേ ടാക്സുചെയ്യാവു എന്നു നിർദ്ദേശമുള്ളതായി എനിക്കറിയാം. പക്ഷേ എവിടെയാണ് ടാക്സു ചുമത്തേണ്ടതെന്നു ഗവണ്മെൻറു നിർദ്ദേശിച്ചിട്ടുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇങ്ങനെയാണ് തേങ്ങാക്കച്ചവടക്കാരിൽനിന്നു തുടങ്ങുന്ന ലൈസൻസു. പച്ചതൊണ്ടു കച്ചവടക്കാർക്കും ലൈസൻസുണ്ട്. ചീക്കക്കാണ്ടുകാരെയും വിടുന്നില്ല. വെള്ളിക്കോൽകാരനും ടാക്സുകൊടുക്കണം. അങ്ങനെ ഇടത്തരം കച്ചവടക്കാരായ എല്ലാവരും തന്നെ ടാക്സു കൊടുക്കുന്നുണ്ട്. തീർച്ചയായി ഇന്ന പോയിൻറിൽ മാത്രമെ നികുതി ചുമത്താവുയെന്നു ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ടോ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. ഇല്ലതന്നെ. സെയിൽസ്ടാക്സു ഉദ്യോഗസ്ഥന്മാരോടു ചോദിച്ചാൽ അവർക്ക് അതിനെപ്പററി അറിവില്ല. അവർ കാണുന്നവരെയെല്ലാം പിടിച്ചു ടാക്സു ചെയ്യുകയാണു ചെയ്യുന്നതു്. ആഗ്രിക്കൾച്ചറൽ ഇൻകംടാക്സു ആയാലും ശരി, സെയിൽസ്ടാക്സായാലും ശരി അതാതുസ്ഥലത്തെ ആഫീസറന്മാർക്ക് ഒരു ടാർജററ് ഉണ്ട്. അതനുസരിച്ചു അവർ അസസ് ചെയ്യുകയാണു ചെയ്യുന്നതു്. സ്വന്തമുള്ളവരെ ടാക്സിൽനിന്നു ഒഴിവാക്കുന്നതായും കാണാം. ഇങ്ങനെ നടപടി പിശകുകൾ ധാരാളം നടക്കുന്നുണ്ട്. ഇതിനു ഒരു പരിഹാരമുണ്ടാക്കണം. അതിനു കഴിവില്ലെങ്കിൽ മർട്ടി പോയിൻറു ടാക്സേഷൻ പരിപൂർണ്ണമായി ഉപേക്ഷിക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു്. അങ്ങനെ പറയുമ്പോൾ തോട്ടവെട്ടുന്നതിനും, റോഡുവെട്ടുന്നതിനുമെല്ലാം പണം വേണ്ടേയെന്നു ചോദിച്ചാൽ ആ മാർഗ്ഗം നിർദ്ദേശിക്കുന്നതു് ഞങ്ങളുടെ ജോലിയല്ലായെന്നു പറയാനെ കഴിയുകയുള്ളൂ. ഒന്നു നോക്കിയാൽ അതിനൊരു വഴി കണ്ടുപിടിക്കേണ്ട ബാദ്ധ്യത എനിക്കുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. മുമ്പിൽവരുന്ന കാര്യങ്ങളെപ്പററി ശരിയായ അഭിപ്രായം പറയേണ്ടതു ഒരു ചുമതലയായിട്ട് ഞാൻ കരുതുന്നുണ്ട്.

കുറെ സാധനങ്ങൾ മർട്ടിപോയിൻറു ടാക്സേഷനിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ചില ഭക്ഷ്യസാധനങ്ങളാണവ. അതിനെയെല്ലാം തന്നെ ഒഴിവാക്കിയിട്ടുണ്ടെന്നു പറയുന്നതു വാസ്തവമല്ല. ഹോട്ടലുകളെ പററി പറയുകയാണെങ്കിൽ ൧ ൫,൦൦൦ രൂപയിൽ കവിഞ്ഞു കച്ചവടമുള്ള ഹോട്ടലുകൾ സെയിൽസ്ടാക്സു കൊടുക്കുന്നുണ്ട്. സെയിൽസ് ടാക്സു ആഫീസറന്മാരുടെ മനോധർമ്മമനുസരിച്ചാണ് ഇങ്ങനെ

ഹോട്ടലുകളിൽനിന്നും ടാക്സു ഈടാക്കിവരുന്നതു്. ആററിങ്ങലുള്ള ഒരു കട അടച്ചിട്ടിരിക്കുന്നതു ഞാൻ തന്നെ കണ്ടതാണു്. ആ കച്ചവടക്കാരനു് ൧ ൭ ൦ ൦ ൦ രൂപാ "ടേൺ ഓവർ" ഉണ്ടെന്നു കണക്കാക്കി എഴുനൂറോ എഴുനൂററിഅൻപതോ രൂപ ടാക്സു അസസ്ചെയ്തിരിക്കയാണു്. അയാൾക്കു് പണം കൊടുക്കാനും നിവർത്തിയില്ല. കട തുറക്കാനും നിവൃത്തിയില്ല. ഇങ്ങനെയെല്ലാം ടാക്സു അസസ് ചെയ്യുന്നുണ്ടു്. ചെറിയതരം കച്ചവടക്കാർക്കു സെയിൽസ്ടാക്സു കൊടുക്കുന്നതിനു പ്രായോഗികമായി വളരെ വൈഷമ്യങ്ങളുണ്ടു്. ഒരു പക്ഷെ, ഒരു പായിൻറിലേ ടാക്സു ഉള്ളുവെന്നിരിക്കട്ടെ. എങ്കിൽ തന്നെയും ൩ ൦ രൂപാ മൂലധനം മുടക്കി കയറു തൂക്കിയെടുക്കുന്ന ഒരാൾ തന്നെയും ടാക്സു കൊടുക്കാൻ നിർബന്ധിതനാണു്. പതിനായിരം രൂപയുടെ "ടേൺ ഓവർ" ഒരുകൊല്ലത്തിലുണ്ടെങ്കിൽ ടാക്സു് കൊടുക്കേണ്ടിവരും. ദിവസം ഒരു ൩ ൦ രൂപയ്ക്കു് അയാൾ കച്ചവടം ചെയ്യുകയാണെങ്കിൽ പതിനായിരം രൂപയിൽ കൂടുതൽ "ടേൺ ഓവർ" വരും. ആണ്ടു് അവസാനത്തിൽ ഒരു എഴുനൂറോ എണ്ണൂറോ രൂപ ടാക്സു അസ്സസ്ചെയ്യുകയും ചെയ്യും. അയാളുടെ കയ്യിലാണെങ്കിൽ ഒരു കാശു പോലും കാണുകയുമില്ല. ഒരു ചിട്ടിക്കു കൊടുക്കാനുള്ള സൗകര്യം പോലും ഇല്ലാത്ത ആളായിരിക്കും ഇങ്ങനെ ചെറിയ ഒരു മൂലധനം കൊണ്ടു തൊഴിൽ ചെയ്തുവരുന്നതു്. ഈ തുക ഓരോ മാസത്തിലും ചേർത്തുവച്ചു് കൊടുക്കുക എന്നുള്ളതും പ്രായോഗികമല്ല. അതു സാദ്ധ്യമാകുമായിരുന്നെങ്കിൽ അവരുടെ അടുക്കൽ വളരെവളരെ സമ്പാദ്യം ഇപ്പോൾ കാണുമായിരുന്നു. നേരെമറിച്ചു് അന്നന്നു കിട്ടുന്നതുകൊണ്ടു ഓരോ ദിവസവും തള്ളിവിടുകയാണു അവർ ചെയ്യുന്നതു്. ഒന്നാമതായി എനിക്കു പറയാനുള്ളതു ഗവണ്മെൻറിനു ടാക്സേഷൻ സംബന്ധമായി വ്യക്തമായ ഒരു നയവുമില്ലെന്നാണു്. കീഴ്സിൽബന്ധികൾക്കു ഒരു രൂപവുമില്ലാതെയാണിരിക്കുന്നതു്. കീഴ്സിൽബന്ധികളെ സംബന്ധിച്ചിടത്തോളം അവർക്കു കിട്ടുന്നസൗകര്യം ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നെങ്കിൽ അതൊരു കുററമല്ല. അവർ കുറെ ഏറെ അഴിമതി കാണിക്കുന്നുണ്ടു്. മുകളിൽനിന്നു അവർക്കു കൊടുത്തിരിക്കുന്ന സൗകര്യം പലപ്പോഴും അവർ ഉപയോഗപ്പെടുന്ന ഗവർമെൻറിൻെറ സ്വഭാവത്തെയാണു കാണിക്കുന്നതു്. ഞാൻ ഈയവസരത്തിൽ ബൽസാക്കിൻെറ പെയിൻറർ എന്ന പുസ്തകത്തിലെ ഒരു കഥാപാത്രത്തിൻെറ കാര്യമാണു് ഓർക്കുന്നതു്. യേശുക്രിസ്തുവിനെ ക്രൂശിക്കുന്നതിൻെറ തലേദിവസം രാത്രിയിലെ പെസഹാഅത്താഴമുട്ടിൻെറ ഒരു ചിത്രം വരയ്ക്കണമെന്നു് രാജാവു് ഒരു ചിത്രകാരനോടു് ആവശ്യപ്പെട്ടു. ചിത്രം വരയ്ക്കാൻ ആ ചിത്രകാരൻ കുറച്ചുകാലം ശ്രമംനടത്തി. പതിനൊന്നുശിഷ്യന്മാരുടെ പടംവരച്ചു. പക്ഷേ ക്രിസ്തുവിൻെറ രൂപമുള്ള ഒരാളെ എങ്ങും കണ്ടെത്തിയില്ല. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഒരു തേജോമയനായ യുവാവിനെ അയാൾ കണ്ടെത്തി. അയാളെ പിടിച്ചുകൊണ്ടുപോയി യേശുക്രിസ്തുവിൻെറ രൂപം വരച്ചെടുത്തു. അതുകഴിഞ്ഞു യൂഡാസിൻെറ ചിത്രംവരയ്ക്കുന്നതിനു രൂപസാദൃശ്യമുള്ള ആളുകിട്ടാതെ പത്തുകൊല്ലം കഴിക്കേണ്ടിവന്നു. ഒരിടത്തും പാറിയ രോളിനെ കണ്ടില്ല. ഒടുവിൽ ജയിലുകളിലെല്ലാം പോയി നോക്കിയപ്പോൾ അവിടെ ഭയങ്കരനായ ഒരു ക്രിമിനൽ പുള്ളിയെ കാണുകയുണ്ടായി. അയാളെ കൊണ്ടുവന്നു മുൻപു് ക്രിസ്തു-

[ശ്രീ. കാമ്പിശ്ശേരി കരുണാകരൻ]

വിന്റെ രൂപമുള്ള ആളെ ഇരുത്തിയ കസേരയിലിരുത്തി ചിത്രം വരച്ചെടുത്തു. അതുകഴിഞ്ഞു ചിത്രകാരൻ അയാളോടു നന്ദി പറഞ്ഞപ്പോൾ അയാൾ പറഞ്ഞു "അതൊന്നുംവേണ്ട, പത്തുകൊല്ലംമുമ്പു ഞാൻ ഈ കസേരയിൽ ഒരിക്കൽ നിങ്ങൾക്കു് ഇരുന്നുതന്നിട്ടുണ്ടു്. അന്നു ഞാൻ ക്രിസ്തുവായിട്ടാണു് ഇരുന്നുതന്നതു്. പക്ഷേ ഇന്നു ജൂഡാസായിട്ടാണു് ഇരിക്കുന്നതു്. ക്രിസ്തു ജൂഡാസാകുന്ന ഒരു പരിതസ്ഥിതിയാണു ഇവിടെയുള്ളതു്." അതുപോലെ, ക്രിസ്തുവിനെ ജൂഡാസാക്കുന്ന ഒരു ഭരണമാണു് ഇവർ ഇവിടെ നടത്തുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ഇവിടെ കാഷ്ടികാദായനികുതിയെ സംബന്ധിച്ചു ബഹുമാനപ്പെട്ട മെംബറന്മാർ പലരും സംസാരിക്കുകയുണ്ടായി. കാഷ്ടികാദായ നികുതിയെ ആക്ഷേപിച്ചു ആരുംതന്നെ ഒന്നും പറയുകയുണ്ടായില്ല. നികുതി പിരിക്കുന്ന രീതിയിലാണു് പലക്കും അഭിപ്രായ വ്യത്യാസമുണ്ടായതായി കണ്ടതു്. നികുതി പിരിക്കുന്ന കാര്യത്തിലും, അസ്സെസ്സുമെന്റു കാര്യത്തിലും കാലതാമസമുണ്ടാകുന്നുവെന്നു പലമെംബറന്മാരും പരാതി പറഞ്ഞു. അതിനെപ്പററി അന്വേഷണംനടത്തി വേണ്ടതുചെയ്യാമെന്നു ഞാൻ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

ഇവിടെ ൫ ൦ ൦ ൦–നും, ൬ ൦ ൦ ൦–നും മദ്ധ്യേ വരുന്ന കാഷ്ടികാദായനികുതിദായകന്മാരാണുള്ളതു്. അവരിൽ, ടാക്സു കൊടുക്കാനുള്ളവരാണധികംപേരും. ചിലർ കേസുകൾ കൊടുത്തിട്ടുണ്ടു്. ഈ കേസുകളിൽ ചിലതു ബാർഡർ ലൈൻ സംബന്ധിച്ചു കേസുകളാണു്. അതായതു്, ൫൫ ൦ ൦ രൂപാ വരുമാനമുള്ളതായി ഒരാൾ, അയാളുടെ വരുമാനം ൫ ൫ ൦ ൦ അല്ല, ൫ ൯ ൦ ൦ ആണു് എന്നു, അസ്സെസ്സു ചെയ്യുമ്പോൾ, തർക്കം പുറപ്പെടുവിക്കും. അതിനെപ്പററി തീരുമാനമെടുക്കുന്നതിനു് "അപ്പലേററ ട്രൈബ്യൂണൽസ്" ഇവിടെയുണ്ടു്. ഒന്നുകിൽ അങ്ങോട്ടോ, അല്ലെങ്കിൽ ഇങ്ങോട്ടോ അല്ലം ചില പ്രമാദങ്ങൾ വന്നിട്ടുണ്ടാകാം. അതു വച്ചുകൊണ്ടു ഡിപ്പാർട്ടുമെൻറിലെ പ്രവർത്തനം മുഴുവനും തെററാണെന്നു പറയുന്നതു ശരിയല്ല. എങ്കിലും ഇതുസംബന്ധമായി ബഹുമാനപ്പെട്ട മെംബറന്മാർ സഭയുടെ ദൃഷ്ടിയിൽ കൊണ്ടുവന്ന ബുദ്ധിമുട്ടുകളെപ്പററി ആലോചിക്കാമെന്നു ഞാൻ ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഇവിടെ വില്പനനികുതിയെപ്പററിയാണു് അധികം വിമർശനമുണ്ടായതു്. തിരുവാർപ്പു മെംബർ പുറപ്പെടുവിച്ചു ആക്ഷേപം കള്ളുമേൽ വില്പനനികുതി ചുമത്തിയിരിക്കുന്നതിനെപ്പററിയാണു്. ആ നികുതി ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണു്. അതു നിറുത്തുന്ന കാര്യത്തെപ്പററിയുള്ള അവസാന തീരുമാനമായിട്ടില്ല. വില്പനനികുതിയെ സംബന്ധിച്ചു ഇഞ്ചിവപേരൂർമെംബർ പറഞ്ഞിട്ടുള്ള കാര്യങ്ങളെ എനിക്കു പരാമർശിക്കേണ്ടിയിരിക്കുന്നു. പ്രതിപക്ഷത്തുനിന്നും സാമ്പത്തികവും, ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻ സംബന്ധിച്ചവയുമായ കാര്യങ്ങളെപ്പററി കൂടക്കൂടെ ഈ സഭയിൽ സംസാരിക്കുന്നതു് എന്റെ സ്നേഹിതൻ ഇഞ്ചിവപേരൂർ മെംബറാണു്. ഇക്കുറിയും അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളിൽ പിശകുവന്നിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഈ സെയിൽസ് ടാക്സ് ഇവിടെ തുടങ്ങിയതു്, ഫെഡറൽ ഫിനാൻഷ്യൽ ഇൻറിഗ്രേഷൻ നടപ്പിൽ വന്നതിന്റെ ഫലമായിട്ടാണെന്നു പറഞ്ഞു.

ശ്രീ. സി. അച്ചുതമേനോൻ : അങ്ങനെ ആ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊച്ചിയിൽ ആദ്യമായ സെയിൽസ് ടാക്സ് ഏർപ്പെടുത്തിയതു ൧൯൨൯-ലാണ്., തിരുവിതാംകൂറിൽ ൧൯൨൮-ൽ ആണ്. അതു തിരുവിതാംകൂർ, തിരുവിതാംകൂർ ആയിരുന്ന കാലത്താണ്. ൧൯൨൮ മിഥുനമാസം ൧ ൦-ാംനു- യാണല്ലോ സംയോജനം നടപ്പിൽ വന്നതു്. സംയോജനം കഴിഞ്ഞു വളരെ കഴിഞ്ഞതിനു ശേഷമാണ് ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻ നടന്നതു്. സെയിൽസ്ടാക്സു ഇവിടെ നടപ്പിൽവന്നു് വളരെ കഴിഞ്ഞതിനുശേഷമാണ് ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻ നടന്നതെന്നു ഞാൻ വ്യക്തമാക്കി കൊള്ളട്ടെ. മാത്രമല്ല, ഫൈനാൻഷ്യൽ ഇൻറിഗ്രേഷനും, വില്പന നികുതിയും തമ്മിൽ യാതൊരു ബന്ധവുമില്ല.

"മൾട്ടി പോയിൻറ ടാക്സ്" നിറുത്തിയിട്ട് "സിങ്കിൾ പോയിൻറ ടാക്സ്" ഏർപ്പെടുത്തുന്നതിൻെറ ആശാസ്യതയെപ്പററി പ്രസ്താവിക്കാനാണ് തുഞ്ചിവപേരൂർ മെംബർ ഇവിടെ ഉപക്ഷേപം അവതരിപ്പിച്ചതു്. പക്ഷെ, അദ്ദേഹം അതിനെപ്പററി ഒന്നും തന്നെ ഇവിടെ സംസാരിച്ചില്ല. വേറെ ചില മെംബറന്മാർ അതിനെപ്പററി സംസാരിച്ചു. ഇന്ന ബഹുമുഖവില്പനനികുതി മാററി സിങ്കിൾ പോയിൻറ ടാക്സ് ആക്കണമെന്നു പറയുന്നതിൽ ചില കൺഫ്യൂഷൻ ഉണ്ടെന്നു് എനിക്കു തോന്നുന്നു. സിങ്കിൾ പോയിൻറ സെയിൽസ് ടാക്സു വേണമെന്നു പറയുന്നതു് സാധാരണക്കാരനു് ടാക്സിൻെറ ഭാരം കുറയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല, വലിയ തരത്തിലുള്ള വ്യാപാരികൾക്കു ബുദ്ധിമുട്ടുണ്ടെന്നുള്ള കാരണംകൊണ്ടാണെന്നുതോന്നുന്നു. ഓരോ സാമാനത്തിനും ടാക്സു കൊടുക്കേണ്ട പല point-കൾ ഉണ്ടു്. റവന്യൂവിൽ യാതൊരു കുറവും വരാതെ ഏതെങ്കിലും ഒരു point-ൽ മാത്രം നികുതി ചുമത്തത്തക്കവിധം ആക്കേണ്ടതാണെന്നാണ്; അതായതു് "multy point tax verses single point tax" എന്നുള്ളതാണ് ഇതിൻെറ ബീജമായകാര്യം.

തിരുവിതാംകൂർ കൊച്ചിയിൽ നിലവിലിരിക്കുന്ന വില്പനനികുതി നിയമം പരിശോധിച്ചുനോക്കിയാൽ, ഈ [illegible]ിന പ്രസക്തിയില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഈ നിയമത്തിനു് "സെയിൽസ് ടാക്സു ആക്ററ്" എന്നു പേരുകൊടുത്തിട്ടുണ്ടെങ്കിലും വാസ്തവത്തിൽ ഇതൊരു "ടേൺ ഓവർ ടാക്സ്" ആണെന്നാണ് എനിക്കു പറയുവാനുള്ളതു്. ഈ ആക്ററിലെ മൂന്നാമത്തെ പാരഗ്രാഫിൽ പറയുന്നതു്;

"every dealer shall pay for each year a tax on his total turnover for such year"

എന്നാണ്. ബഹുമാനപ്പെട്ട തുഞ്ചിവപേരൂർ മെംബർ ഇവിടെ പ്രസ്താവിച്ചു, ക്യാപ്പിററലിസ്റ്റ്സ്കൂളി ഇതിനു ആക്ഷേപം പറയുന്നു എന്നു്. പക്ഷെ, എനിക്കു പറയാനുള്ളതു് ക്യാപ്പിററലിസ്റ്റ്സുമാത്രമാണ് ഇതിനു ആക്ഷേപം പറയുന്നതെന്നാണ്. അവർമാത്രമാണ് ഇതിനെ എതിർക്കുന്നതു്.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ഇന്നു സോഷ്യലിസ്റ്റ് സ്റ്റേറ്റുകളിലെല്ലാം ഈ സെയിൽസ്ടാക്സ് നിയമം രൂപം പ്രാപിച്ചിട്ടുണ്ട്. അതിനെസംബന്ധിച്ചു പുതുപ്പള്ളി മെംബർ പറഞ്ഞ സംഗതികൾ എന്റെ വാദഗതിയെ അനുകൂലിക്കുകയാണ് ചെയ്യുന്നതു്.

ഏതു സ്റ്റേറ്റിലായാലും, ഏതെല്ലാം സാധനങ്ങൾക്കു നികുതി ചുമത്തുന്നുവോ, ആ സാധനങ്ങൾ വാങ്ങിക്കുന്നവരെല്ലാം നികുതി കൊടുക്കേണ്ടി വരും. റഷ്യയിൽപോലും സാധനങ്ങൾ കൺസ്യൂമർക്കു നൽകുന്ന അവസരത്തിൽ നികുതി ഈടാക്കിവരുന്നുണ്ട്. അവിടെ ഇവിടത്തെപ്പോലെ രൂപയ്ക്കു മൂന്നു പൈസ എന്ന കണക്കിലല്ല. വിലയുടെ അറുപതോ, എഴുപതോ, ശതമാനംപോലും ഉണ്ടെന്നു കാണാൻ കഴിയും. റഷ്യയിൽപോലും ഈ നിയമം ക്ഷന്തവ്യമാണ്. എന്നാൽ എന്റെ ബഹുമാന്യസ്നേഹിതന്മാർ പ്രതിപക്ഷത്തിരിക്കുന്നവർ കൂടക്കൂടെ ഈ നികുതിക്കാര്യത്തെപ്പററി ഇങ്ങനെ അയവിറക്കുന്നതെന്താണെന്ന് എനിക്കു മനസ്സിലാകുന്നില്ല. സിങ്കിൾ പോയിന്റ് ടാക്സ് മതിയെന്നു പറയുന്നതു മുതലാളിമാരുടെ ആനുകൂല്യം സമ്പാദിക്കാൻ എടുത്തിട്ടുള്ള ഒരു അടവാണെന്നാണു ഞാൻ മനസ്സിലാക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: ചെറുതരം വ്യാപാരികൾ ആരും പരാതിപ്പെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരിക്കാം.

പുതുപ്പള്ളി മെംബർ ഇവിടെ ചെയ്ത പ്രസംഗത്തിന്റെ കള്ളി എന്താണെന്നു തെളിഞ്ഞിട്ടുണ്ട്. ഞങ്ങൾക്കു ആക്ഷേപിക്കേണ്ട ചുമതല മാത്രമെയുള്ളു, നിർമ്മാണപരമായി ഒന്നും നിർദ്ദേശിക്കാനുള്ള ചുമതല ഞങ്ങൾക്കില്ലെന്നും അതു ഗവർമ്മെന്റിന്റേതാണെന്നും മററും അദ്ദേഹം ഇവിടെ പ്രസ്താവിച്ചു. അവർ ആരുടെയെങ്കിലും ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി എന്തു വേണമെങ്കിലും പ്രസംഗിക്കട്ടെ, എന്തു വിമർശനവും ഇവിടെ നടത്തട്ടെ എന്നുമാത്രമേ ഞാൻ അതിൽനിന്നും മനസ്സിലാക്കുന്നുള്ളു.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ : ഞങ്ങളുടെ നിർദ്ദേശങ്ങളെല്ലാം ഗവർമ്മെന്റു സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ചിലതു സ്വീകരിക്കും.

സർ, ഈ നികുതി പാവങ്ങൾക്കു ഒരുതരത്തിലും ഒരു ഭാരമായിരിക്കുകയില്ലെന്നും, അവർക്കു ബാധകമാകുകയില്ലെന്നും ഞാൻ പറയുന്നു.

തുഞ്ചിവപേരൂർ മെംബർ, ദാസ് ഗുപ്തയുടെ ഒരു പുസ്തകത്തിൽനിന്നും ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചുകൊണ്ടു ഇതു പാവങ്ങളെ ബാധിക്കുമെന്നു് പറയുകയുണ്ടായി. ഇതു സിസ്റ്റമാററിക്കാണോ എന്നു സംശയിക്കുന്നതായും പറഞ്ഞു. അതിനു ശരിയായ മറുപടി പറയുന്നതിനു നിവൃത്തിയില്ല. ഇവിടെ സാധാരണക്കാരന്റെ നിത്യോപയോഗത്തിനുള്ള സാമാനങ്ങൾ എന്തെല്ലാമാണെന്നും അവയിൽ ഈ നികുതി എത്രത്തോളം ബാധിക്കുമെന്നും നോക്കണം.

ശ്രീ. സി. അച്യുതമേനോൻ : ബാംബെയിലെ സെയിൽസ്ടാക്സ് നിയമം നോക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്. നമ്മുടെ നാട്ടിൽ സാധാരണക്കാരന്റെ ഫാമിലി ബഡ്ജററിൽ ഏതെല്ലാം ഇനങ്ങളാണുള്ളതെന്ന് നോക്കുന്നതു നന്നായിരിക്കും. ഇതിനെപ്പററി Report of the Minimum wages committee for Plantations എന്നപുസ്തകത്തിന്റെ 10-ാംപേജിൽ, ഒരു സാധാരണക്കാരന് ഒരാഴ്ചയിൽ 12 രൂപ ചെലവുണ്ടെന്നു കാണുന്നുണ്ട്. ഒരാഴ്ചയിൽ 12 രൂപയെന്നുള്ളതു മാസത്തിൽ 52 രൂപയെന്നു കണക്കാക്കാം. ഈ 52 രൂപയിൽ, 17 രൂ. 12 അണ ഭക്ഷണസാധനങ്ങൾക്കുവേണ്ടിയുള്ളതാണ്. അതിന്നു ടാക്സ് ഇല്ല. പിന്നീടു ക്ലോത്തിംഗ് ആൻറ് ബെഡ്ഡിംഗിന് പത്തു രൂപ 9 ണ. 'വസ. ഫ്യൂവൽ ആൻറ് ലൈററിംഗ്, ഹൗസ്ഹോൾഡ് റെക്വിസിററ്സ് ഇവയ്ക്കു രണ്ടുരൂപയും, മിസലേനിയസിന് 1 17 രൂ. 12 അണ, 52 പൈസയും ആണു കണക്കാക്കിയിട്ടുള്ളതു്. ഇത ൽ പ്രധാന ചെലവിനമായ ഭക്ഷണസാധനങ്ങൾക്ക് നികുതിയില്ല. ഏകദേശം പത്തുരൂപയിൽ കുറവായി വരുന്ന ചെലവിനങ്ങൾക്കു മാത്രമേ ടാക്സു ചുമത്തേണ്ടിവരികയുള്ളു എന്നു കാണാം.

52 രൂപയോളം മാസം ചെലവുചെയ്യുന്ന ഒരു സാധാരണക്കാരന്റെ കുടുംബത്തിൽ ഉദ്ദേശം 52 രൂപയോളം വരുന്ന സാധനങ്ങൾ വാങ്ങിക്കുന്നതിന് സെയിൽസ് ടാക്സ് കൊടുക്കേണ്ടതായിട്ടില്ല. ആ സാധനങ്ങളെല്ലാം എക്സംപ്ററു ചെയ്തിട്ടുണ്ടെന്നു കാണിക്കാനാണ് ഞാൻ ഇതു ഇവിടെ പറഞ്ഞതു്.

ശ്രീ. സി. അച്യുതമേനോൻ : ഭക്ഷണസാധനങ്ങൾ മുഴുവനും എക്സംപ്ററു ചെയ്തിട്ടില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം. ആ വാദവും സ്വീകരിക്കാം.

18 രൂപാ ചെലവാക്കുന്ന ഒരു കുടുംബത്തിനു പത്തോ പതിനഞ്ചോ രൂപായ്ക്കു വാങ്ങുന്ന സാധനങ്ങൾ മാത്രമേ സെയിൽസ് ടാക്സിനു വിധേയമാകുകയുള്ളു. ബാക്കിയുള്ള സാധനങ്ങൾ എല്ലാം എക്സംപ്ററു ചെയ്തിട്ടുണ്ട്. അതുകൊണ്ടു ടാക്സ്ഇന്ക്വായുടെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള സംഗതി ഇവിടെ ബാധകമാകുകയില്ല. ഷുഗർകൂടി എക്സംപ്ട് ചെയ്യണമെന്നു പറഞ്ഞിട്ടുള്ളതു് ആലോചിക്കാവുന്ന കാര്യമാണ്. ഇപ്പോൾ ഒരു ഏൻക്വയറി കമ്മററിയെ വച്ചിട്ടുണ്ട്. അവരെ നിയമിച്ചിരിക്കുന്നതിന്റെ പ്രധാനമായ ഉദ്ദേശം സെയിൽസുടാക്സുമൂലം ജനങ്ങൾക്കുണ്ടാകുന്ന എല്ലാ ഹാർഡ്ഷിപ്പുകളും തീർക്കുന്നതിനും കുഴപ്പം വല്ലതുമുണ്ടെങ്കിൽ പരിഹരിക്കുന്നതിനും ആണ്. അതുമാത്രമല്ല ഈ കമ്മിററിയുടെ തീർപ്പനുസരിച്ച് ചില കുഴപ്പങ്ങൾ ഉള്ളതു് തീർക്കാനും സാധിക്കും. സെയിൽസ് ടാക്സിന്റെ പ്രവർത്തനത്തിൽ ഉള്ള കുഴപ്പങ്ങൾ എല്ലാം എതാനും ആഴ്ചകൾക്കുള്ളിൽ തീരുന്നതുമാണ്. അവരുടെ റിപ്പോർട്ടു എതാനും ആഴ്ചകൾക്കുള്ളിൽ വരുന്നതാണ്.

3. P. M.

Mr. Speaker: Order. order, Do you wish to press your motion, Mr. Raghava Kurup?

Shri N. Raghava Kurup: Yes, Sir.

The motion was put and lost.

Mr. Speaker: Mr. Achyutha Menon, do you press your motion?

Shri C. Achyutha Menon: Yes, Sir, I press my motion.

The motion was put and lost.

Mr. Speaker: What about Mr. Nataraja Pillai? Do you press your motion?

Shri P. S. Nataraja Pillai: I don't press.

The motion was, by leave, withdrawn.

The question that a sum of Rs. 7,05,000 be granted under Demand I—Agricultural Income Tax and Sales Tax — was put and carried.

The grant was made.

Demand V—Forest.

Minister for Revenue **(Shri A. Chidambaranatha Nadar):** Sir, I move for a grant of Rs. 75,12,000 under Demand V-Forest.

Shri Panampilli Govinda Menon: I second it.

Shri N. Neelakantaru Pandarathil: Sir, I move:

"To reduce the allotment of Rs. 97,000 for Chief Conservator's office by Rs. 100."

സർ, ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററിയുള്ള എണ്ണമററ വൈകല്യങ്ങളിൽ ചിലവ ചൂണ്ടിക്കാണിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നത്. ഈ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി എന്തെങ്കിലും പറയാൻ ഓർക്കുമ്പോൾ എനിക്കു ഓർമ്മവരുന്നത് പണ്ടു ബാലനായിരുന്ന മേല്പത്തൂർ നാരായണഭട്ടതിരിയോ എഴുത്തച്ഛനോ പറഞ്ഞിട്ടുള്ള ഒരു കഥയാണ്. അദ്ദേഹം ബാലനായിരുന്നപ്പോൾ ക്ഷേത്രദർശനത്തിനു പോയ അവസരത്തിൽ അവിടെ മണ്ഡപത്തിലിരുന്ന് തെററായി ചില ബ്രാഹ്മണർ വേദം ഉച്ചരിക്കുന്നതു കേട്ട് വേദോച്ചാരണം മുഴുവൻ തെററാണെന്നുള്ള അർത്ഥത്തിൽ കാട്ട് കാട്ട് എന്നു പറയുകയുണ്ടായി. അതുപോലെ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനത്തെപ്പററി പ്രസ്താവിക്കുമ്പോൾ ഈ ഡിപ്പാർട്ടുമെൻറ് ഭരണം മുഴുവൻതന്നെ തെററാണെന്നും വെറും കാടാണെന്നും പറയാൻ സാധിക്കും.

സർ, നമ്മുടെ വനം വകുപ്പിൻെറ പ്രവർത്തനത്തെപ്പററി ഇക്കഴിഞ്ഞ കൊല്ലം അത്രയും ഉള്ള ആരോപണം നമ്മുടെ നാട്ടിലുള്ള വനങ്ങളെല്ലാം കണ്ടമാനം വെട്ടി ഭഴിക്കുന്നു എന്നുള്ളതാണ്. എന്നാൽ ഇപ്പോഴത്തെ

വനരാജൻ മന്ത്രി നമ്മുടെ മുമ്പിലായി ഇരിക്കുന്ന ആ തനി കാട്ടുമന്ത്രി ചാർജ്ജെടുത്തതോടുകൂടി ഒരു വകുപ്പിസെറ പ്രവർത്തനം കഴിഞ്ഞ കാലത്തുണ്ടായിരുന്ന എല്ലാ സീമകളേയും അതിലംഘിച്ച് കുംഭകോണംവരെ എത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. അതിനു ഈ നാട്ടിലെ യഥാർത്ഥ വനപ്രിയരായ കാടന്മാർ എങ്കിലും അദ്ദേഹത്തെ അഭിനന്ദിക്കേണ്ടതാണ്. ഒരു പക്ഷെ അപ്രകാരം അഭിനന്ദിക്കുന്നുമുണ്ടായിരിക്കും. ഇന്നു നമ്മുടെ നാട്ടിൽ അങ്ങിങ്ങായി നാം കേൾക്കാറുള്ള കീജെ വിളികളും രാത്രിയുടെ യാമസന്ധികൾതോറും ഈ തിരുവനന്തപുരം പട്ടണത്തിൽ പോലും നാം കേൾക്കാറുള്ള നീണ്ട കീജെ വിളികളും ഒരു പക്ഷെ ഇങ്ങനെയുള്ള അഭിനന്ദനങ്ങളാണെന്നു വരാം. അതുപോകട്ടെ, സാർ, കണക്കുകളിലേക്കു കടക്കാം. ഈ ഡിപ്പാർട്ടുമെൻറിൽ ഫസ്റ്റ് ഇയർ—ഇ ര—ൽ ഫസ്റ്റ് ഇ ലക്ഷം രൂപായുടെ റവന്യൂ ആണ് പ്രതീക്ഷിക്കുന്നതു്. എന്നാൽ ഇതു് ഫസ്റ്റ് ഇ—ഇ വ ആണ്ടിലെ ചാർജ്ജിൽനിന്നും ഏവ ലക്ഷം രൂപാ കുറവാണ്. വരവു കുറഞ്ഞതുകൊണ്ടെന്നായിൽ പ്രധാന ഐറ്റം timber and other produce removed from forest by Consumers or purchasers എന്നതാണ്. അതായതു്, ടിംബറും മററു ഫാറസ്റ്റു പ്രൊഡ്യൂസിൽനിന്നും കിട്ടുന്ന തുമാനത്തിൽ മാത്രം ആ ഐറ്റം പ്രകാരം മാത്രം ആറു ലക്ഷത്തിഅറുപതിനായിരത്തിമുന്നൂറു രൂപാ ചിലവാനം കുറവുണ്ട്. അതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. ബഡ്ജററു മെമ്മോറാണ്ടം ഒന്നും തന്നെ പറയുന്നുമില്ല. ഈ കുറവ് തടിയുടെ വിലക്കുറവുകൊണ്ടോ, ആവശ്യക്കാരുടെ എണ്ണം മൂലമോ ആയിരിക്കാൻ ഇടയില്ല. ഒരുപക്ഷെ അനധികൃതമായ തടിക്കടത്തൽ കൂടുതൽ കൊണ്ടായിരിക്കാം എന്ന് ഇഴഹിക്കേണ്ടതുണ്ട്.

ഫസ്റ്റ് ഇ—ഇ വ—ലെ ഭരണറിപ്പോർട്ടനുസരിച്ച് ആകെ രണ്ടായിരത്തി തൊള്ളായിരത്തി എഴുപത്തിനാലു് ചതുരശ്രമൈലും ൭൯൦ ഏക്കറുമാണ് വനഭൂമിയുള്ളതെന്നു കാണാം. ഇതിൽനിന്നും ഭക്ഷ്യവർദ്ധനപദ്ധതിക്കു നൂറു൭൯൦ ഏക്കർ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുണ്ട്. ഫസ്റ്റ് ഇ—ഇ—നു ശേഷം വീണ്ടും കൂടുതൽ ഭൂമി കൊടുത്തുകാണും. ആ വർഷത്തിൽ മാത്രം ഏഴുനൂറ് ഫാറസ്റ്റുകേസുകൾ നമ്മുടെ ഫാറസ്റ്റു ഡിപ്പാർട്ടുമെൻറിൽ രജിസ്റ്റർ ചെയ്തതായി കാണുന്ന സ്ഥിതിക്കു ഇവിടത്തെ വനനശീകരണക്കൂടുതൽ നമ്മെക്കുറിച്ചു വനനശീകരണത്തിന്റെ ഉഗ്രത എത്രമാത്രമുണ്ടെന്നു കാണാൻ സാധിക്കും.

ഏററവും പ്രാധാന്യമുള്ള പല വ്യവസായങ്ങൾക്കും അസംസ്കൃതമായ റാ മെററീരിയൽസ് ലഭ്യമാക്കുന്ന ഒന്നാണ് നമ്മുടെ പച്ചക്കാടുകളും മാമലകളും. പേപ്പർ, പ്ലൈവുഡ്, മാച്ച്ഫാക്ടറി തുടങ്ങിയ വ്യവസായങ്ങൾക്കു ആവശ്യമായ അസംസ്കൃതസാധനങ്ങളും ഏലം തുടങ്ങിയ സുഗന്ധദ്രവ്യങ്ങളും കുന്തിരിക്കം മുതലായ നിരവധി സാധനങ്ങളും നൽകുന്ന ഏററവും ഉറവായ ഈ വനങ്ങളെ സംരക്ഷിക്കേണ്ടതു ഈ രാജ്യത്തിന്റെ ആവശ്യം മാത്രമാണ്. പക്ഷെ അരസിനകത്തും കലാകൊലപാതകികളുമായ ഈ മന്ത്രിമാരുണ്ടോ ഈ വനശ്രീയെ പരിലാളിക്കാൻ പോകുന്നു. അംഗവിഛേദവും നാംഗവിക്ഷേപവുമാണ് ഫലം. മററു കാര്യങ്ങൾ പറയാനുള്ളതു് പ്ലാന്റേഷനെപ്പററിയാണ്. "Jungle wood and Cashew Plantation" എന്നീ ഇനത്തിൽ ഒട്ടനവധി സ്ഥലങ്ങൾ വനങ്ങ

[ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ

ളിൽ ഉണ്ട്. അതു് ചുററും അധിവസിക്കുന്ന ഭൂമിയില്ലാത്തവർക്കും സ്വന്തം വീടില്ലാത്തവർക്കും കൃഷിക്കായി പതിച്ചുകൊടുക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലമായ നെടുമങ്ങാട്ടു താലൂക്കിൽതന്നെ വലിയമല, പച്ചമല മുതലായ സ്ഥലങ്ങൾ ഇങ്ങനെ കിടപ്പുണ്ട്. അതുപോലെ തന്നെ തോന്നക്കൽ Cashew Reserve ഉണ്ട്. അവയെല്ലാം അവിടത്തെ ഭൂമിയില്ലാത്ത കർഷകത്തൊഴിലാളികൾക്കു പതിച്ചുകൊടുക്കുന്നതിനു ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും അൻറുദിക്കേണ്ടതാണ്. ചുററും ജനവാസമുള്ളതും വനം കളഞ്ഞു് കൃഷിക്കു വിധേയമാക്കിയിട്ടുള്ളതും ആയ ഈ കുട്ടിവനങ്ങൾ അങ്ങനെ നൽകുന്നതു് വനം ഡിപ്പാർട്ടുമെൻറിന് ദോഷകരമാവുകയില്ലെന്നുമാത്രമല്ല ഭൂമിക്കു ദാഹിക്കുന്ന ഭൂമിയില്ലാത്ത കർഷകനു രക്ഷ നൽകുകയും ചെയ്യുന്ന ഒന്നാണ്. ഈ അടുത്ത കാലത്തുതന്നെ ഇപ്രകാരം കൃഷിക്കായി വലിയമല എന്ന സ്ഥലത്ത് .....

ശ്രീ. ടി. കെ. ദിവാകരൻ : വനങ്ങളിലെ സ്ഥലം കൃഷിക്കു കൊടുക്കുന്നതു ഫാറസ്ററ്ഡിപ്പാർട്ടുമെൻറിൽ നിന്നാണോ അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൽനിന്നാണോ?

ശ്രീ. എൻ. നീലകണ്ഠരു പണ്ടാരത്തിൽ : ഞാൻ പറയുന്ന സ്ഥലങ്ങൾ ഫാറസ്ററ്ഡിപ്പാർട്ടുമെൻറതന്നെ നൽകിയ Taungia Cultivation സ്ഥലങ്ങളാണ്. അതായതു് തോന്നക്കൽ Cashew Reserve. ഞാൻ പറഞ്ഞുവന്നതു് എന്റെ നിയോജകമണ്ഡലത്തിൽ നെടുമങ്ങാട്ട് കരിപ്പൂര് വലിയമല, കരിങ്ങവനം എന്നീ സ്ഥലങ്ങളിൽ ചിറയിൻകീഴ് താലൂക്കിൽനിന്നും മററും കൃഷിവർദ്ധനപദ്ധതിയനുസരിച്ച് പാട്ടത്തിനു വനഭൂമി മൂന്നുകൊല്ലത്തേക്കു വാങ്ങി അവിടെ വീടുകെട്ടി താമസിച്ച് കൃഷി ചെയ്തുവന്ന ആറോളം പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികളെ കാലാവധി അവസാനിച്ചതിന്റെ പേരിൽ ഒരു വർഷം മുൻപ് അവർ സ്ഥിരമായി താമസിച്ച് കൃഷിചെയ്തുവന്നിരുന്ന ഭൂമിയിൽനിന്നും ഇറക്കിവിടാൻ ഫാറസ്ററ്ഡിപ്പാർട്ടുമെൻറിൽനിന്നും അനധികൃതമായി ശ്രമം നടന്നു. എന്നാൽ അവർ നടത്തിയ നിവേദനങ്ങളിന്റെ ഫലമായി ഒരു കൊല്ലത്തേക്കുകൂടി കാലാവധി നീട്ടിക്കൊടുത്തു. വീണ്ടും കാലാവധി അവസാനിച്ചപ്പോൾ ഇറക്കിവിടാൻ ശ്രമം തുടങ്ങിയിട്ടുണ്ട്. അതുപോലെ തിരുവനന്തപുരത്തുനിന്നും ചെങ്കോട്ടയ്ക്കു പോകുന്ന വഴിക്ക് പാലോട് എന്ന സ്ഥലത്ത് ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിൽ പാലോട്ടു മുതൽ കുളത്തുപ്പുഴവരെയുള്ള റോഡിൽ ഭക്ഷ്യസംവർദ്ധനത്തിനായി പതിച്ചുകൊടുത്തിട്ടുള്ള സ്ഥലത്ത് റോഡരുകിൽ കുറെ മൈൽ നീളത്തിലുള്ള ഭാഗത്ത് വീടുകെട്ടി താമസിക്കുന്ന ഒട്ടനവധി ആളുകൾ ഇന്നുമുണ്ട്. ഭക്ഷ്യസംവർദ്ധന പരിപാടി അനുസരിച്ച് കൃഷിക്കു സ്ഥലം വാങ്ങിക്കഴിഞ്ഞു് കുറെ കൊല്ലങ്ങളായി സ്ഥായിയും സ്ഥിരവുമായ ഗേഹങ്ങൾ അനവധി ചെയ്തിട്ടുള്ള മററ് കുടിയിരിക്കിടക്കാൻ ഇടംപോലുമില്ലാത്ത രണ്ടായിരത്തോളം കുടുംബങ്ങളേയും ഇറക്കിവിടാൻ ഫാറസ്ററ്ഡിപ്പാർട്ടുമെൻറുകാർ വേണ്ട ശ്രമങ്ങൾ നടത്തിവരികയാണ്.

മറെറാരു കാര്യംകൂടി ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഇപ്പോഴത്തെ ഫാറസ്ററ്ഡ് മിനിസ്റ്റർ അല്ലെങ്കിലും മുൻ ഫാറസ്ററ്ഡ് മിനിസ്റ്ററും ഇപ്പോഴത്തെ ചീഫ്മിനിസ്റ്ററും

ഫാറസ്റ്റ് കൺസർവേറ്റർ Colonisation രജിസ്ട്രാർ ഫൈനാൻസ് സെക്രട്ടറിയും തിരുവിതാംകൂർ-കൊച്ചി ഡീമാബിലയിസ്ഡ് അസോസിയേഷൻ പ്രതിനിധികളും (ex-Service Men Association) കൂടിയ ഒരു കാൺഫറൻസിൽ വച്ച് തിരുവിതാംകൂർ-കൊച്ചിയിൽനിന്നും പിരിച്ചുവിടപ്പെട്ട മൂവായിരത്തിൽ ചിലപ്രാനം ഏക്കർ സർവ്വീസുകാർക്ക് ഇരുപതു ഏക്കർ ഭൂമി നൽകുന്നതാണെന്നു തീരുമാനിക്കുകയുണ്ടായി. അവർ അവിടെ പ്രവേശിച്ച് കൃഷി നടത്തിവരവെ ഫാറസ്റ്റധികൃതർ അവരിൽ ൪ ൫ ആളുകളുടെ പേരിൽ കൂട്ടിയിരുന്ന forest കേസും പിൻവലിക്കാമെന്നു തീരുമാനിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം ഏതാണ്ടൊരു കൊല്ലക്കാലം കഴിഞ്ഞു. എന്നാൽ അന്നത്തെ കാൺഫറൻസിൽ ചെയ്ത തീരുമാനങ്ങൾ നടപ്പിൽ വരുത്തുകയോ കേസു പിൻവലിക്കുകയോ ചെയ്തിട്ടില്ല. ആ കേസു തീർന്നിരുന്നുവെങ്കിൽ അവർ ഇങ്ങനെ കോടതി കംകേടുണ്ടായിരുന്നു. പണച്ചെലവും സഹിക്കേണ്ടായിരുന്നു. ഇമ്മാതിരി കാര്യങ്ങളിൽ ഫാറസ്റ്റഡിപ്പാർട്ടുമെന്റിന്റെ അനാസ്ഥ വളരെയുണ്ട്. ഇനിയെങ്കിലും കേസു പിൻവലിക്കാനും ഭൂമി transfer ചെയ്തു കൊടുക്കുന്നതിനും സത്വരനടപടികൾ സ്വീകരിച്ചാൽ കൊള്ളാം.

സർ, ഞാൻ നിർത്തുകയാണ്. അവസാനമായി ഒരു കാര്യംകൂടി ഓർമ്മപ്പെടുത്തുവാനുണ്ട്. ഈ രാജ്യത്ത് ആകമാനംതന്നെ ഇന്ന് ജനങ്ങളുടെ ഒരു ഇരമ്പിക്കയറ്റം അലതല്ലുന്നുണ്ട്. അതിനെ നേരിടാൻ ഈ ഭരണകക്ഷിക്കു കെൽപ്പില്ലാതെ വന്നിട്ടുണ്ട്. നാട്ടിലിരിക്കാൻ തരമില്ലാത്തതുമൂലം കാട്ടിൽ കയറാമെന്നു ഇവർ വിചാരിച്ചാൽ അവിടെയുണ്ട് പ്രതിബന്ധങ്ങൾ ഇവർക്ക്. അവിടുള്ള വന്യമൃഗങ്ങൾ വനനശീകരണത്തിനു പകവീട്ടാൻ ഇവരെ കാണുന്ന മാത്രയിൽ ചാടിവീഴും. ആ സമയത്തിൽ രക്ഷ നേടുവാൻവേണ്ടി ഉപകരിക്കുന്ന സാധനമെന്ന നിലക്കെങ്കിലും ശേഷിച്ച മരങ്ങൾ മുറിക്കാതെയിരുന്നാൽ കൊള്ളാം. ഈ വനനശീകരണത്തിനെതിരെ വരുത്തുകയും തടികടത്തൽ പ്രസ്ഥാനത്തിനു പൂർണ്ണവിരാമമിടുകയും ചെയ്യുന്നതിനു വേണ്ട നടപടികൾ എടുക്കണമെന്നുമറിയിച്ചുകൊണ്ട് ഞാൻ എന്റെ ഖണ്ഡനോപക്ഷേപത്തെ അവതരിപ്പിക്കുകയാണ്.

Shri T. K. Krishnan: Sir, I move:

To reduce the allotment of Rs. 1,26,800 for General direction by Re. 1.

Sir, our forests ought to play a prominent role in the economy of our state. From time immemorial our rich forest produce has attracted the attention of all people of the civilised world. Students of history know how traders of the west came in search of of our Forest produce.

It is a pity that our revenue from this perennial source of income is progressively dwindling year by year.

A cursory glance of the budget memorandum will reveal this monstrous fact. The estimated revenue for 53-54 is Rs, 165.75 lakhs. In 51-52 the revenue was 184-58 lakhs. Budget estimate for 52.53 was 166,00 lakhs. Revised estimate for 52-53 reveals further de-

[Shri T. K. Krishnan]

terioration as it is only Rs. 165.85 lakhs and the present budget estimate is 165.75 lakhs. That means within two years the revenue has gone down by 20 lakhs.

Why is there this phenomenal fall? It is because of the unwise and unimaginative policy of deforestation pursued by the party in power. Indiscriminate felling of trees is the order of the day. Contractors and forest Officials go hand in hand in their craze for extracting timber in the most illegal manner. Our forests are being systematically denuded.

Sir, I do not know whether our Ministers have of late developed a liking for nudism. If will be small wonder if these votaries of Holly-wood culture and the 'American Way of Life'' have taken to the philosophy of nudism. But what should it be extended to our innocent forest?

It is a pitiable sight to see that the rich splendour or our sylvan beauty is fast disappearing. If the present state of affairs is allowed to continue our dense forests will soon become baild hillocks and patches of shrubs and desert - like planes.

How this Government plan to develop our forest resources ? Something is mentioned in the Five Year plan. But that is not even a skeleton outline. We have no details of the plan. Anyway Rs. 60 lakhs has been allotted for five years to develop the forest and what is allotted this year is Rs. 3,24,700. Is this pittance of Rs. 60 lakhs adequate to develop our forests ? Some two years ago our Government had a plan to develop the Forests. An amount of Rs. 90 lakhs had been allotted for this purpose. I like to draw your attention to page 24 of the Development plan of the Travancore-Cochin State. The title of the Book published by the Government in 1951 is "The Two Year and the Five Year Plans". It reads as follows : "*Forest Development Scheme* : The main scheme under the head is conservation and regeneration. The idea is to re-afforest the places from which large quantities of timber were extracted to meet the demand during the war period. The work consists of the following items :

(1) Rearing of nursery plants.
(2) Cutting and burning and soil preparation.
(3) Living work.
(4) Planting work.
(5) Weeding, etc.

A sum of Rs. 20 lakhs will be required for the 1st year and Rs. 15 lakhs for each of the succeeding years. The total expenditure will be about Rs. 90 lakhs."

Sir, you will please note that two years ago our Government

was ready to spend Rs. 90 lakhs. But when the Five Year Plan was adumbrated the amount has been cut down to Rs. 60 lakhs for this important development plan. That is a sorry commentary on the wisdom of these pandits of planning.

Sir, we must have a bold policy of afforestation.

I do not know whether our hon. Minister for Forests is aware of what has been stated about afforestation in the Five Year Plan. On page 69 of the Five Year Plan it is said "Effort has also to be directed towards afforestation to prevent soil erosion, planting of trees along the banks of canals, roads and railway tracks and the establishment of village plantations for fuel and timber. Along with the development of village plantations for fuel, the use of soft coke has to be encouraged as a cheap form of fuel for household purposes."

Is our Minister capable of implementing a bold plan like this?

It will not do if we do something or other in the name of afforestation. We know the notorious "*Vanamahotsavam*" of Shri Munshi. Lakhs of rupees were wasted for planting some "Thulasis" or a few saplings. Planting Thlasis is not afforestation.

I like to bring to your notice, Sir, how the afforestation plan works in other countries. Com. Saburov, a first rank Communist leader of the Soviet Union in his report on the directives of the XIX party Congress relating to the fifth Five Year Plan for the development of the U.S.S.R. in 1951-1955 says :

"The fifth Five Year Plan makes provisions for the planting of forest belts on the fields of collective farms, and State farms, not only in the steppe and forest steppe areas of the European part of the Soviet Union, but also in the steppe areas of Siberia, Central Asia and elsewhere. It is prepared during the five years to plant shelter belts on a total area of not less than 2.5 million hectares of collective farm and state farm land, and nearly 2.5 million hectares of State forests are to be sown or planted."

This is how serious people map out plans. Tall talk of Five Year Plan in season and out of season will not make forests.

Another thing I like to bring to your notice, Sir, is the corruption in the Forest Department. There are innumerable complaints about the high-handedness and bribery that prevails in the Forest Department.

I shall give one instance. A Forest Official at Peechi, Trichur District told the people of the locality: "Good folk, the Government have ordered to distribute lands to you. Lands will be measured and given to you". Lands were measured and each parcel was assigned to each person and the Forest Official while so assigning, took from

[Shri T. K. Krishnan]

the illiterate people money ranging from Rs. 5 to Rs. 100. After a few days the fellow was transferred and when his successor arrived, people came to know that all the transactions were sham and fake.

Shri A. Chidambaranatha Nadar : May I request the hon. Member to give such instances of corruption ?

Shri T. K. Krishnan : I shall give instances. Will the Minister be prepared to take action ?

Mr. Speaker : All these are stock questions. You may go on.

Shri T. K. Krishnan : Another instance I like to bring to the notice of the House is the one in Malayattur Division. There thousands of acres have been given on lease to F.I.T.L.A. Of this 4,000 acres are cultivable land. Some people have taken this for paddy cultivation. The Forest Guard and officials are harassing them in various ways. The Forest officials want to plant saplings rooting out the paddy. The cultivators are not allowed even to reap the paddy unless they bribe the officials. I ask the hon. Minister to take serious action against such people.

Another thing I like to say is this. For many poor people who live in the neighbourhood of forests, taking headloads of firewood and selling it in the nearby towns is the means of livleihood. They were formerly given passes to collect firewood and only a nominal fee was charged from them. Even then they had to bribe these Forest officials. But now even the system of giving passes has been stopped. Why should the Government deprive them of this means of livelihood ?

In the same way collecting green leaves from forests has also been restricted. It is the poor people who are hard hit by these restrictions. I request the hon. Minister to consider all these with the seriousness they deserve.

Now, I like to place some suggestions before the hon. Minister who is hungry for constructive suggestions :

The Forest Department must open firewood depots in all villages and towns. Fire wood is as important as food ration. Firewood must be made available for the public at cheap rate especially for people who are engaged in the jaggery industry and arecanut curing. Opening such depots in the villages and towns will go a long way to solve the firewood problem of our people.

Another suggestion, Sir, I like to bring to your notice is that the Forest Department must deem it its duty to plant trees on both sides of the roads, railway tracks and banks of rivers. Formerly it was the practice of the Government to plant trees in this way. Now all that is gone. It seems the Ministers are otherwise engaged.

My next suggestion is that every village must have plantations for fuel. Even the Planning Commission has recommended this.

I hope the hon. Minister will implement these plans with all his zeal:

Shri K. J. Thomas : I move:

To reduce the allotment of Rs. 60,83,000 for Conservancy and Works by rupee one hundred.

സർ, വനപ്രശ്നം സംബന്ധിച്ച് സംസാരിക്കുമ്പോൾ എനിക്കു ആവത്തിച്ചു പറയുവാനുള്ളതു് ഗവണ്മെൻറിനു് ഈ പ്രശ്നത്തെ സംബന്ധിച്ചു സുസ്ഥിരവും, സുദൃഢവും, സത്യസന്ധവും, നീതിപൂർവകവുമായ ഒരു നയം ഇല്ലെന്നാണു്. നമ്മുടെ വനത്തിൽ അനേകായിരം ഏക്കർസ്ഥലം ഹഡ്സ് പ്രൊഡക്ഷൻ സ്കീം അനുസരിച്ചും റിക്ലമേഷൻ സ്കീം അനുസരിച്ചും കാളനൈസേഷൻ സ്കീം അനുസരിച്ചും മററും അനേകായിരം പേക്കു ഗവണ്മെൻറുതന്നെ കുത്തകപ്പാട്ടവ്യവസ്ഥയിൽ പതിച്ചുകൊടുത്തിട്ടുണ്ടു്. അവിടെ പ്രവേശിക്കുവാൻ അതുപോലെ അനവധി ആളുകൾക്കു അനുവാദവും കൊടുത്തിട്ടുണ്ടു്.

Mr. Speaker : Order, order, please. The hon.Member's motion is a cut on Rs. 60,83,000 for Conservancy and Works. The speech should be confined to that.

ശ്രീ. കെ. ജെ. തോമസ് : ഞാൻ വനസംരക്ഷണം സംബന്ധിച്ചാണു് പറഞ്ഞുവരുന്നതു്. ഇന്നു ഗവണ്മെൻറിനു സ്ഥിരമായ ഒരു നയം ഇല്ലാത്തതിനാൽ വനത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാ ആളുകളും അവരുടെ ഭാവിയെപ്പററി വളരെ ആശങ്കയോടുകൂടി കഴിയേണ്ടിയിരിക്കുന്നു. ഇപ്പോൾ ഇവരിൽ പലർക്കും കൃഷിചെയ്യാനുള്ള അനുവാദം ഗവണ്മെൻറു കൊടുത്തിട്ടില്ല. ഡിസംബർ 31 ന് കഴിഞ്ഞാൽ യാതൊരു കൃഷിയും ഈ സ്ഥലങ്ങളിൽ ചെയ്യുകൂടെന്നാണു് ഗവണ്മെൻറു എല്ലാവരോടും ആവശ്യപ്പെട്ടിരിക്കുന്നതു്. എന്നാൽ ഇവരോടു പത്തു കൊല്ലത്തേക്കും ഇരുപതുകൊല്ലത്തേക്കും കൃഷി ചെയ്യുവാൻ അനുവാദം കൊടുക്കാമെന്നു ഗവണ്മെൻറുതന്നെ വാഗ്ദാനം ചെയ്തിരുന്നതായി എനിക്കു സൂക്ഷ്മമായി അറിയാം. അതു കൊണ്ടാണു് അവർ ഇതിലേയ്ക്കു് ഇറങ്ങിത്തിരിച്ചതു്.

Mr Speaker : The very same topic has been discussed more than once in this House.

ശ്രീ. കെ. ജെ. തോമസ്: ഇതു സംബന്ധിച്ചു ഗവണ്മെൻറിന്റെ സുസ്ഥിരമായ നയം രൂപവല്ക്കരിക്കുന്നതിനുവേണ്ടി ഈ സഭയിലെ എല്ലാ അഭിപ്രായക്കാരെയും ഉൾപ്പെടുത്തി ഒരു കമ്മിററിയെ നിയമിക്കുകയായിരുന്നുവെങ്കിൽ, വളരെ പ്രയോജനപ്പെടുമായിരുന്നു. താരതമ്യേന ഇതിനെക്കാൾ നിസ്സാരമായ പ്രശ്നങ്ങൾക്കുപോലും കമ്മിററികളെ നിയമിക്കാറുള്ള ഈ ഗവണ്മെൻറു ഏററവും പ്രാധാന്യം അർഹിക്കുന്ന ഈ കാര്യത്തിൽ ഇത്ര അജാഗ്രത കാണിക്കുന്നതു എന്താണെന്നു മനസിലാകുന്നില്ല.

[ശ്രീ. കെ. ജെ. തോമസ്സ്]

നമ്മുടെ വനങ്ങളിൽനിന്നും, അനേകലക്ഷം രൂപയ്ക്കുള്ള തടികളും, മററു വനവിഭവങ്ങളും മോഷണം നടന്നുകൊണ്ടിരിക്കുന്നു. ഈ കാര്യത്തിൽ ഫോറസ്ററു ഡിപ്പാർട്ടുമെൻറു അധികൃതരുടെ ആനുകൂല്യവും ചില പ്രാവശ്യം ഉണ്ടാകാറുണ്ട്. പീരുമേട്ടിൻെറയും ദേവികുളത്തിൻെറയും അതിർത്തികളിലുള്ള വനങ്ങളിൽനിന്നും കുറുപ്പുതോറും അനേകായിരം രൂപ വിലവരുന്ന തടികളാണ് മോഷണംപോകുന്നത്. ഈ മോഷണം നടത്തുന്നത് പാണ്ടിയിൽനിന്നും വരുന്ന തോട്ടക്കാർ എന്നൊരുകൂട്ടം ആളുകളാണ്. ഇവരുടെ അക്രമങ്ങൾ തടയുന്നതിനുവേണ്ടി പൊലീസുകാരും മററും ശ്രമിച്ചിട്ടുണ്ടെങ്കിലും പറയത്തക്ക ഫലമൊന്നും ഉണ്ടായിട്ടില്ല. സംഘടിതമായി വരുന്ന ഇവരുടെ അക്രമങ്ങളെ തടുക്കാൻ നമ്മുടെ ഗവൺമെൻറിനു ശക്തിയില്ലാത്ത ഒരവസ്ഥയിൽ എത്തിയിരിക്കയാണ്. ഈ കാര്യത്തിൽ ഇനിയും ഗവൺമെൻറു അലസത കാണിക്കാതെ കർക്കശമായ നടപടികൾ കൈക്കൊള്ളണമെന്നു ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു. മാത്രമല്ല, വനം കൺട്രാക്ടറന്മാർതന്നെ പല വഴികളിലായി തടികൾ ധാരാളമായി മോഷ്ടിച്ചുകൊണ്ടുപോകുന്നുണ്ട്. ഈ കാര്യത്തിലും ഗവൺമെൻറിൻെറ ശ്രദ്ധ പതിയേണ്ടതാണ്. അനധികൃതമായി കുടിയേറിപ്പാർത്തവരെ ഇറക്കിവിടാൻ വേണ്ടി എത്രയോ വലിയ ഒരു സംഖ്യയാണ് ചെലവാക്കുന്നത്. എന്നാൽ അതിനേക്കാൾ പ്രാധാന്യമുള്ള ഈ കാര്യത്തിനെ സംബന്ധിച്ചിടത്തോളം വളരെ അലസതയാണ് പ്രകടിപ്പിച്ചുവരുന്നത്. ഈ വക അനീതികൾ തടയുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ പാർട്ടിയെ നിയോഗിക്കണം. ഞാൻ നിർദ്ദേശിച്ച മാതിരി ഒരു കമ്മിററിയെ നിയോഗിക്കയാണെങ്കിൽ ഒരു വർഷത്തിനകമൊ, അല്ലെങ്കിൽ ആറുമാസത്തിനകമൊ ഈ കാര്യത്തിൽ ഗവൺമെൻറിന് സുസ്ഥിരമായ ഒരു നില കൈക്കൊള്ളുകയും എല്ലാററിനും പരിഹാരം ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. ഞാൻ മുൻപു പറഞ്ഞ മോഷണങ്ങളെ ശാശ്വതമായി തടയുന്നതിനുവേണ്ടി പീരുമേട്ടു, ദേവികുളം ഈ താലൂക്കുകളുടെ അതിർത്തിപ്രദേശങ്ങളിൽ ഒരു ബോർഡർ ലൈനായി കുറെ ഏക്കർ സ്ഥലം നമ്മുടെ ആളുകൾക്കു പണിതു പരിച്ചുകൊടുക്കുന്ന മാർഗ്ഗമാണ് ഗുണകരമെന്നു നിർദ്ദേശിക്കപ്പെടുന്നത്. അതിർത്തിപ്രദേശങ്ങളിൽ നമ്മുടെ ആളുകൾ ധാരാളമായി താമസം തുടങ്ങിയാൽ പാണ്ടിയിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്ന കൊള്ളകൾക്കും മോഷണങ്ങൾക്കും സാരമായ കുറവുണ്ടാകുമെന്നു ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ട് എൻെറ കട്ട് മോഷൻ അവതരിപ്പിക്കുന്നു.

Shri P. S. Nataraja Pillai : I move : To reduce the total allotment of Rs. 75,12,000 under Demand V by Re. 1.

Sir, the forest is one of the principal sources of revenue for this State. It is a national asset as well. For some reason or other, there is now a tendency in the receipts from that Department to fall. Today, I do not wish to go into the details of revenue of that Department or the reasons for the fall that is being manifested during the last few years. One thing which I would like to mention before the House is that it is high time that we thought of final settlement o areas that were granted for the grow more food campaign from the

reserves. You know, Sir, in the Forest Act there is a mandatory provision that if a reserve forest area is to be declared not to be a reserve area or an unreserved area—if I may say so—it should be notified to that effect with definite boundaries. To constitute a reserve in the forests we want also a notification defining the boundaries. For an unreserved area, the Government have to publish a notification declaring that area to be not a portion of the reserve. Now, whatever may have been the reasons which led the Government to allow reserved areas to be granted to grow more food and to allow people to get it. The question whether it is justified or not is a matter which need not be discussed now. As a matter of fact, reserved areas are now under the possession of private individuals. The forests have been cleared or rather, the trees have been cut and removed from that area and permanent cultivation has been done in that area and people have put up houses and have begun to live in that area. Such being the case, Sir, why should this pretence be kept up that there is a reserve there? Why should an open violation of the statutory provisions be made and connived at by the Government and this House ? If the Government have come to the conclusion that it is better to unreserve a certain portion of the reserves let us declare that that area is not a reserve area. We have on various occasions heard from the spokemen of the Government that there are vast tracts of land in the reserved forests which have been occupied by people with or without permission. It may be right occupation or *bona fide* occupation under the law or it may be encroachment. For the purpose of my argument here, the way in which the particular people came into possession of those lands is not of course germane. My position now is, as a matter of fact, vast tracts of reserve area are in the possession of private citizens. Taking note of that fact, I would request this House and the Government to take steps to see that those areas are properly demarcated and properly settled. If by enquiry, the Government and the authorities concerned come to the conclusion that there are unauthorised encroachments and the occupants are not entitled to get those lands, the law must be set in motion and they must be evicted. If, on the other hand, they come to the conclusion that the occupants are entitled to get possession of the lands , on some basis, that must be allowed according to the land policy which the Government may lay down.

In this connection, Sir, I would like to make one observation. When I say that land must be resumed if there is unauthorised encroachment, a charge may be made by any erudite scholar on socialism that a member of the Socialist Party is saying that people must be evicted and that is not socialism. I may at the outset confess that

[Shri P. S. Nataraja Pillai]

I am not a master of any theory of socialism nor, for that matter, any economic theory nor can I follow the hon. Member in his remarks. I am an ordinary citizen reacting to the existing conditions. Learned people, erudite people and people who are thorough masters of economic facts and theories may postulate that, but that is not a charge to which I lay myself open, but at the same time, I have to say that if the encroachment is found to be illegal, then it is the duty of the Government to resume those lands and have them settled. That is a course which I think this Government should take now, and the Government must do it in the interests of the country.

Then, Sir, I refer to the preservation of forests. It is a very great danger if the reserved area is not marked out and demarcated and if the rules are not properly enforced. Under the Forest Act, any man entering a reserve without permission of the forest authority is liable to prosecution and punishment. Now, reserved area is neither reserved area nor private area. If you leave it like that, people would enter the reserves and commit mischief. That danger must be taken note of. If, suppose, inside the reserve area a particular area is being occupied by some people, they will have necessarily to go to their houses and return to the reserve, and thus have access to the public. That means they will be setting up a road through the reserve. They cannot be proceeded against according to the rules that they are encroaching or trespassing on reserve lands. So, they are not liable to punishment, or it will be impossible for the Department to enforce the rules as they exist today. Therefore, if they survey the encroached area or the occupied land and declare it to be unreserved area and have proper allocation for the way also it will be alright. Therefore, to avoid further waste and encroachment on the reserve, this settlement must be begun early and must be done. For doing that, we have provisions made in the budget for the last two years, for a special survey party to survey the area and provision even for additional staff for this purpose has been made. Let something be done. Let not things hang fire. It is in the interests of this country. It is not a matter for any particular individual. Whether such things are connived at by an individual who may be a party to the injustice or not, at this moment, it is the duty of the Members of this House and every citizen of the State to see that our national wealth is preserved and protected.

Then, Sir, as regards one or two other points also, I would like to say a few words. As far as Forest development is concerned,—I was trying to look up the report of the Department for the last financial year, but unfortunately it is not available—I find, Sir, out of the provision for development of roads and bridge construction in the forest not much is being properly attended to. When w

have gone to the extent of unreserving forest areas and allowing occupation there and permitting regular cultivation and settlement in those areas, it becomes all the more necessary to construct roads. If we open up our forests by roads, that will be an easier method of exploiting forest wealth—I mean timber and other produce. That work is a very important work as the Public Works Department is doing for the public roads of the State. That is a very important thing for the development of the forests. A large extent of our forest is uneconomic for exploitation at present simply because of the difficulties of transportation. If easier, better methods of transportation are developed, the forest wealth of our country in the shape of timber and firewood could be more advantageously used for the benefit of the nation. Emphasis must be placed on this aspect of the question, and the development of forests by constructing roads or bridges—whatever they may be—must be taken up—after thorough investigation. For this, adequate provision must be made in the budget and it is one aspect of the forest administration which should be undertaken and improved. I hope, Sir, the Government will think of doing what they can on these lines.

Then I have to say a word on the difficulties which the cities are facing on account of the scarcity of fuel. It was said by my friend here that Government should itself arrange for the supply of fuel by opening fuel depots. What I have to say in that regard is that a planned policy should be adopted. We had fuel coups planted by the department for sometime, but that work has been neglected during the last two or three years. It is necessary that we should devise a scheme by which fuel could be made available in the towns.

Along with that, the regeneration or rather planting of new areas in the forests as fuel reserves is a matter which has to be undertaken by the Department. The Forest Department has grown in strength and ramification with separate branches. At the same time one regrettable fact we notice here is that on the side of regeneration of forests, very little is being done. Attention has to be concentrated on that aspect of the work, so that not only forests may be regenerated for timber but also for fuel.

Government should not depend upon market price when they supply fuel. They must open supply depots or organise co-operative societies and sell fuel at a normal price.

In this connection, I want to say a word on the subject of timber supply. At present, timber from the forest is exploited by the Government and the department sells it in auction. I admit that prices have gone high. The Department also is not selling the timber at the tariff rates which the Government have fixed for the local consumers. The necessity of building more houses is a very important

[Shri P. S. Nataraja Pillai]

matter at the present day . In this matter, it is the duty of Government to see that it renders all possible help to the people to construct more houses. It will be good if the Government can devise a scheme to supply timber to bonafide consumers for the construction of their own houses at a cheaper or at least at the tariff rates, preferably at a lesser rate than what prevails in the market. As regards export of timber, we can hold it as a marketable commodity and the department can make a profit out of it, but as regards utilising the national wealth of the country for the benefit of the citizens of the country, a right to which the citizens are entitled, they should not be asked to pay a higher rate. I can see that there will be some difficulties in this matter. For instance, a person may apply and get 100 c. ft. of timber at concessional rate and then he may sell it at a profit. I concede there will be such difficulties. But it is certainly not beyond the ingenuity of the department to frame rules in such a way that the timber which a man gets at a concessional rate is utilised for the purpose for which he got it. With these words, I conclude.

ஸ்ரீ. என். கணபதி: ஸர், இந்தியாவின் தென் பாகத்திலே, மரங்களும், சோலைகளும் மிகவும் அதிகமாக அடர்ந்து வளர்ந்து அழகாகக் காட்சியளிப்பது நமது திருவிதாங்கூர்-கொச்சி ராஜ்யத்திலாகும் என்பதில் சந்தேகமில்லை. இந்தியாவிலே காஷ்மீருக்கு அடுத்தபடியாக இந்த மரங்களும் சோலைகளும் அடர்ந்து வளர்ந்து கண்ணுக்கு இனிமையான காட்சி தருவது நமது ராஜ்யத்திலேயாகும். பெரியார் லேக், தேக்கடி போன்ற பிரதேசங்கள் உலகிலே மிக அழகான இடங்களாகும்: இந்த சந்தர்ப்பத்தில் குறிப்பாக ஒரு சில வார்த்தைகள் உதாரணமாக கூறுகிறேன். ஏலத்தோட்டப் பிரதேசங்களை எடுத்துக் கொண்டால் அங்கு இந்த ரெவன்யூ இலாகாவும், வன இலாகாவும் அதிகாரம் செலுத்திக்கொண்டு வருகிறது. ஆதலால் ஒரு இலாகாவிற்கும் ஒரு விதமான முடிவான நடவடிக்கைகளும் இவைகளின் மேல் எடுக்க முடியாமல் போய்விடுகிறது. இவைகள் சம்பந்தித்து ஏதாவது நடவடிக்கைகள் எடுக்க வேண்டுமானால் அது வன வகை இலாகாவா அல்லது ரெவன்யூ இலாகாவா என்று வரும்போது அது யாருடைய பொறுப்பாகும் என்று தெரியாமல் இது சம்பந்தப்பட்ட பல கேஸ்கள் தீர்க்கப்படாமல் போய் கொண்டிருக்கிறது. எங்கள் தாலூகாவிலுள்ள ஒவ்வொரு பிரதேசத்திலும், சரியானபடி சர்வே செய்து இன்னின்ன பிரதேசங்கள் அல்லது பாகங்கள் வன இலாகாவின் நிர்வாகத்தில் பட வேண்டும், இன்னின்ன பகுதிகள் ரெவன்யூ இலாகாவில் உள்பட வேண்டும் என்று தீர்மானிக்கப்பட வேண்டும். எங்கள் பிரதேசத்திலுள்ள வனங்களில் தேக்கு, ஈட்டி போன்ற விலையுயர்ந்த மரங்கள் பல பல இருக்கின்றன. எனது சினேகிதர் ஸ்ரீ. கே. ஜே. தாமஸ் அவர்கள் சொன்னது போல் அந்த பாகங்களில் பல திருடுகளும் நடக்கின்றன: மதுரைபோன்ற இடங்களிலிருந்து சிலர் வந்து இப்படிப்பட்ட மரங்களை வெட்டிக் கொண்டு போவதோடு மட்டுமல்லாமல் இவர்களுக்கும் இந்த வன இலாகா அதிகாரிகள் சிலருக்கும், ஒரு ரகசிய ஒப்பந்தம் இருக்கிறதோ என்னவோ, தெரியாது. சுமார் ஆறு வருடங்களுக்கு முன்பாக ஒரு கேஸ் அங்கு நடந்திருக்கிறது. ஒரு யானையைத் துப்பாக்கியால் சுட்டு, அதைக் கொன்று அந்த யானையின் வாயில் தீ வைத்து அதிலுள்ள தந்தங்களை மதுரைக்கு கொண்டு போய் விற்றதாகக் கேள்விப்பட்டிருக்கிறோம். இப்படிப்பட்ட காரியங்களில் வன இலாகா மிகவும் சிரத்தையுடன் நடவடி எடுத்துக் கொள்ளவில்லை என்பது வருந்தத்தக்கது. அடுத்தபடியாக, மலைஜாதியாரின் முன்னேற்றத்திற்கும், பருமரிப்பிறகும், வன இலாகாவிற்கு ஒரு பொ

றுப்புண்டு. இந்த இலாகாவின் அதிகாரிகளின் கீழ் இம்மக்களை வைத்தால் இவர்கள் எத்தனை வருடங்கள் ஆனாலும் முன்னேற்றம் அடைய முடியாது. ஒரு விஷயத்தைப் பற்றி நான் எடுத்துக் கூற விரும்புகிறேன். நமது திருவிதாங்கூர் சமஸ்தான இளைய ராஜா அவர்கள் தேவிகுளம் தாலூகாவிற்கு வந்த போது, இந்த மலைஜாதி மக்களுக்கு சாப்பாடு போடுவதற்கு 300 ரூபாய் பள்ளிவாசலில் வைத்து அங்குள்ள பாரஸ்ட் ஆபீஸரிடம் கொடுத்தார்கள். அவர் 100 ரூபாய் எடுத்துக் கொண்டு மீதி 200 ரூபாயை தமது கீழிலுள்ள இன்னொரு உத்தியோகஸ்தரிடம் கொடுத்தார். அந்த ஆபீஸர் அதில் 100 ரூபாயை எடுத்துக் கொண்டு மீதி 100 ரூபாயை ரேஞ்சரிடம் கொடுத்தார். ரேஞ்சர் அதில் ஐம்பது ரூபாயை எடுத்துக் கொண்டு மீதி 50 ரூபாயை வைத்துக் கொண்டு அந்த மலைஜாதி மக்களுக்கு சாப்பாடு போட்டதாகக் கேள்வி. இந்த சம்பவத்தைக் குறித்து ஒரு மன்னுவிடமிருந்து நான்கு நாட்களுக்குப் பின் அறிந்து, அதைக் குறித்து ஒரு தந்தியும் ஒரு மனுவும் இளைய ராஜாவுக்கு அனுப்பினதால் திரும்ப பழையபடி 300 ரூபாய் அவர் களுக்குக் கொடுக்கப்பட்டு ஷை மலை ஜாதியினரை சமாதானப்படுத்தினார்கள். இப்படிப்பட்ட காரியங்களெல்லாம் இன்றும் அங்கு நடைபெறுகிறது. அங்கு ரெவன்யூ இலாகா மந்திரியைப் போன்றவர்கள் சென்று விட்டால் அந்தக் காடுகளில் வசிக்கக் கூடிய மக்கள் இவர்களை எஜமான் என்றும் பாரஸ்ட் கார்டை தம்பிரான் என்றெல்லாம் சொல்வது தான் வழக்கம். அவர்களுக்கு அங்குள்ள பாரஸ்ட் கார்ட் தான் பெரிய அதிகாரி. அதற்கு மேல் ஒரு அதிகாரியும் இந்த ராஜ்யத்தில் இல்லை என்ற நினைப்புதான் அங்குள்ள முதுவான் போன்ற மக்களின் இடையில் இருக்கிற அபிப்பிராயம். இப்படிப்பட்ட அபிப்பிராயங்களை அவர்களின் மனதிலிருந்து மாற்றும்படிச் செய்யவேண்டும். கடந்த இரண்டு வருடங்களுக்கு முன்பு ஸ்ரீ. ஸி. கேசவன் அவர்கள் முக்கிய மந்திரியாய் இருந்த போது அங்கு வந்திருந்தார்கள், அதாவது தேவிகுளத்திற்கு. ஸ்ரீ. கேசவன் அவர்களை, அந்த முதுவான், மண்ணான் போன்ற இன மக்கள் சந்தித்து தங்களது குறைகளைப் பற்றி எல்லாம் சொன்னார்கள். திருவனந்தபுரத்திற்குச் சென்றதும் அவர்களின் குறைகளை நிவர்த்தி செய்கிறேன் என்று சொன்னார்கள். ஆனால் இதுவரையிலும் ஒன்றுமே நடக்கவில்லை. மலைப்பிரதேசங்களில், ஆஸ்பத்திரி போன்ற எந்த வசதியும் கிடையாது. இதைப்பற்றி கூடுதல் சொல்லப்போனால் நேரம் அதிகமாகி விடும். ஆதலால் அதைப்பற்றி கூடுதலாக ஒன்றும் சொல்ல நான் விரும்பவில்லை. இந்தப் பிரதேசங்களில் உள்ள ரிசர்வ் வனங்களில் ஏராளமாக ஏலம் இயற்கையாகக் கிடக்கிறது. இந்தியாவிலேயே ஏலம், விலை கூடிய பொருளாகும். இந்த ரிஸர்வ் வனங்களிலுள்ள ஏலத்தை எடுப்பது இந்த வன இலாகா ஆபீஸர்களின் பொறுப்பாகும். பத்தாயிரம், பதினைந்தாயிரம் ரூபாய் மதிப்புள்ள ஏலம் எடுத்தால், இரண்டாயிரம் ரூபாய்க்குள்ள ஏலந்தான் எடுத்ததாக கணக்கை நமது சர்க்காரிடம் காண்பிப்பது வழக்கம். பாக்கியுள்ள ரூபாயை அந்தந்த ஆபீஸர்கள் எடுத்துக் கொள்வது தான் வழக்கமாக யிருக்கிறது. இன்னும் ஒரு விஷயம் கூட சொல்ல விரும்புகிறேன். இந்த வனங்களில் ஈட்டி, தேக்கு போன்ற உயர்ந்த ரக மரங்களெல்லாம் சும்மா தரையில் விழுந்து கிடப்பதைக் காணலாம். ரோடு ஒன்றும் இல்லாத இடங்களில் இம்மரங்கள் விழுந்து யாரும் கவனியாமல் கிடக்கும். இதனால் நமது சர்க்காருக்கு எவ்வளவோ ரூபாய்கள் நஷ்டம் வருகிறது. பின்னர் சில இடங்களில் இம்மரங்களை விறகுக்காக வெட்டிச் செல்வதும் வழக்கமாகும். இந்த முறையில் லட்சக்கணக்கான ரூபாய் வருமானம் கிடைக்கும் இந்த மரங்களானது இங்ஙனம் நூர்வினியோகிக்கப்பட்டும், கவனிப்பாரற்றும் போகின்றன. ஆதலால் இதைக் குறித்து இந்த வன இலாகா உத்தியோகஸ்தர்கள் கவனிப்பார்கள் என்று நம்புகிறேன். இதேமாதிரி மஞ்சள், இஞ்சி, காட்டுமிளகு, புல்லைதலம் முதலியவைகள் இந்தப் பிரதேசங்களில், இந்த வன இலாகா அதிகாரிகளின் அதிகாரத்தில் தான் உட்பட்டிருக்கிறது. இவைகளெல்லாம் சும்மா அழிக்கப்பட்டு போகிறதே தவிர, அவையை சேமிப்பது கிடையாது. அங்குள்ள மக்களுக்கு கொடுத்தாவது உதவி செய்யலாம். அதுவும் செய்யப்படவில்லை. ஒரு சில எஸ்டேட்டுகளில், அதாவது சூரியநெலை பிரதேசத்தில் புல் அறுத்தால் அங்ஙனம் அறுப்பவர்களுக்கு ஒரு வரி போடுகிறார்கள். இதைப் பற்றி எவ்வளவோ பராதிகள் வந்து கொண்டே யிருக்கிறது. இந்த வரி, மலை

[ஸ்ரீ. என். கணபதி]

யாளிகளுக்குப் போடுவதில்லை. ஆனால் தமிழர்களுக்கு மட்டுமே இந்த வரி விதிக்கப்படுகிறது என்ற பராதி இருந்து கொண்டிருக்கிறது. இது ஸ்ரீ. தேவியப்பன் அவர்களுக்கும் தெரியும். ஒரே தேசத்தில் வாழும் மக்களில் ஒரு பகுதியினருக்கு மட்டும் வரி போடுவது நியாயமல்ல. இதைக் குறித்து, ரெவன்யூ மந்திரி அவர்கள் சிந்தித்து நியாயம் செய்ய வேண்டும் என்றும், இந்த இலாகாவின் கீழ் உள்ள எல்லா இடங்களையும் நன்கு சர்வே செய்யவேண்டுமென்றும், இவ்விலாகா நல்ல முறையில் நிர்வகிக்கப்பட வேண்டுமென்றும் சொல்லிக் கொண்டு, முடித்துக் கொள்கிறேன்.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ : സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള സമ്മതിദായകന്മാർ ഇന്ന് അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഈ സഭ മുമ്പാകെ എടുത്തു കാണിക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ നാട്ടിലുള്ളവർക്ക് ഇന്ന് കെട്ടിടങ്ങൾ വയ്ക്കുന്നതിന് തടിയും തീകത്തിക്കുന്നതിനു വിറകും കിട്ടാത്തതുകൊണ്ട് വളരെ ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ചിറവൂർ, തൃശിവപേരൂർ, തലപ്പള്ളി ഈ മൂന്നു ഭാഗങ്ങളിലുള്ളവർ കെട്ടിടങ്ങൾ പണിയുന്നതിനുള്ള തടിയും തീകത്തിക്കാനുള്ള വിറകും കിട്ടാതെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആ ഭാഗങ്ങളിലുള്ള കാടുകളിൽ ഉള്ളതായ തടികൾ എല്ലാം അവിടെ നിന്നു കൊണ്ടുപോയി കഴിഞ്ഞു. വനങ്ങളിൽ വൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാനും നിവൃത്തിയില്ലാത്ത തരത്തിലാണ് അവിടത്തെ വനങ്ങളിലെ ഇപ്പോഴത്തെ സ്ഥിതി. അവിടെയുള്ള ആളുകൾക്ക് തടിയും വിറകും കിട്ടുന്നതിന് സഹായകമായ യാതൊരു പദ്ധതിയും ഗവണ്മെൻറിനില്ല. അവിടെ വിറകിനുള്ള തടി കിട്ടാതെ ആളുകൾ വിഷമിക്കുന്നു. സംയോജനത്തിനുശേഷം അവിടെ വിറകിന് വില വളരെക്കൂടി. എന്നുമാത്രമല്ല വിറക് കിട്ടാൻ നിവൃത്തിയില്ലാതെയും വന്നു. ശ്രീ. സി. കേശവൻ ഇവിടെ ചീഫ്മന്ത്രിയായിരുന്നപ്പോൾ അവിടെ വിറകിനുള്ള ക്ഷാമത്തെപ്പററിയും, വിറകിനുള്ള വിലകൂടുതലിനെപ്പററിയും അദ്ദേഹത്തിന്റെ ശ്രദ്ധയിൽ ഞങ്ങൾ പെടുത്തുകയുണ്ടായി. അദ്ദേഹം അവിടെ കുറഞ്ഞ വിലയ്ക്കു വിറക് കിട്ടുന്നതിനുള്ള ഏർപ്പാടുചെയ്യാമെന്ന് ഞങ്ങൾക്ക് ഉറപ്പു തന്നിരുന്നു. അപ്പോൾ തന്നെ കൺസർവേററെ വിളിച്ച് അതു ഏർപ്പാടുചെയ്തു. പക്ഷേ സംയോജനത്തിനു മുമ്പുണ്ടായിരുന്നതിലും രണ്ടുരൂപാ കൂടിയിട്ടേ കിട്ടിയുള്ളൂ. ആ ഏർപ്പാടും ഇപ്പോൾ അവസാനിച്ചു. ഇന്ന് അവിടെ വിറക് കിട്ടാൻ യാതൊരു മാർഗ്ഗവുമില്ല. വിറകിന്റെ കാര്യത്തിൽ വളരെ വലുതായ ഒരു ദുരവസ്ഥയാണ് ആ നാട്ടുകാർക്ക് വന്നു ചേർന്നിരിക്കുന്നത്. ഗവണ്മെൻറിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇതു് ഒരു ചെറിയ കാര്യമാണ്. അതുകൊണ്ട് ഗവണ്മെൻറ് ദയവുചെയ്ത് ചിറവുള്ള ആളുകൾക്ക് വിറക് കിട്ടുന്നതിനുള്ള ഒരു ഉത്തരവ് ഉടനടി പുറപ്പെടുവിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, നമ്മുടെ ചില വ്യവസായങ്ങൾക്കു ആവശ്യമായ തടി കിട്ടേണ്ട ആവശ്യത്തെപ്പററി സംസാരിക്കുന്നതിനാണ് ഞാൻ ഉദ്ദേശിക്കുന്നത്. മുമ്പ് സർ. സി. പി. രാമസ്വാമിഅയ്യർ ദിവാനായിരുന്ന കാലത്തു ഇവിടെ നിന്നും തടി വെളിയിലേയ്ക്കു അയയ്ക്കുന്നതിനെ നിയന്ത്രിച്ചിരുന്നു. ഒരു നിയന്ത്രണവും ഇല്ലാതെ തടികൾ കയററി അന്യസ്ഥലങ്ങളിലേക്കു അയയ്ക്കുന്നതുകൊണ്ടു നമ്മുടെ സംസ്ഥാനത്തെ ചില പ്രധാനപ്പെട്ട വ്യവസായങ്ങൾ ഇപ്പോൾ സ്തംഭനാവ

സ്ഥയിൽ എത്തിയിരിക്കുകയാണ്. ശിവകാശിയിലെ തീപ്പെട്ടി വ്യവസായത്തിനെ ആശ്രയിച്ച് കൊല്ലത്തു സ്ഥാപിച്ചിരുന്ന പല തീപ്പെട്ടിനിർമ്മാണവ്യവസായ ശാലകളും, തീപ്പെട്ടിക്കാവശ്യമായ സാഫ്റ്റ് വുഡ് ആവശ്യംപോലെ വെളിയിൽ കൊണ്ടുപോകുന്നതുകൊണ്ട്, പൂട്ടിയിരിക്കുകയാണ്. അതുപോലെതന്നെ, വടക്കൻ പ്രദേശങ്ങളിലുണ്ടായിരുന്ന പല തീപ്പെട്ടിക്കമ്പനികളും അടയ്ക്കേണ്ടിവന്നിട്ടുണ്ട്. ഈ വ്യവസായശാലകളിൽ വളരെയധികം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്നു. ഈ വ്യവസായശാലകൾക്കു ആവശ്യമായ സാഫ്റ്റ് വുഡ് ഏററവും കുറഞ്ഞ ഒരു വിലയ്ക്കു കിട്ടുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ട ആവശ്യകതയെ ഞാൻ ബഹുമാനപ്പെട്ട ഫാറസ്റ്റ് മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിക്കൊള്ളുന്നു. മററു കേന്ദ്രങ്ങളുമായി മത്സരിക്കുന്നതിന് നിവൃത്തിയില്ലാതിരുന്നതുകൊണ്ടാണു ഈ കമ്പനികൾ അടയ്ക്കേണ്ടി വന്നതു്. സാഫ്റ്റ്‌വുഡ് പൊതുവെ കിട്ടുന്നതിനുള്ള വിഷമം വർദ്ധിച്ചിരിക്കുകയാണ്. ഈ സാഫ്റ്റ് വുഡ് കിട്ടാത്തതുകൊണ്ടു, അതിനെ ആശ്രയിച്ച് കഴിയേണ്ട മറെറാരു വ്യവസായമായ സംമിൽ വ്യവസായത്തിനും വളരെ വിഷമം നേരിടുന്നുണ്ട്. വിദേശങ്ങളിൽ നിന്നും വളരെ അധികം ധനം നമ്മുടെ നാട്ടിലേക്കു ഇറക്കുമതി ചെയ്യുന്ന ഒരു വ്യവസായമാണു കത്തുവണ്ടിവ്യവസായം. ഇപ്പോൾ ആ കത്തുവണ്ടി കയററുമതിചെയ്യുന്നതിന് ആവശ്യമായ പാക്കിംഗ്കേസു (പെട്ടി) കളുണ്ടാക്കുന്നതിന് സാഫ്റ്റ് വുഡ് ന്യായമായ വിലയ്ക്കു കിട്ടാതെ ആ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർ വിഷമിക്കുന്നുണ്ട്. നൂറു പൌണ്ടു കയററുമതി ചെയ്യേണ്ട പെട്ടിക്ക് ഇപ്പോൾ ഒന്നര രൂപവരെ വിലവരും. അങ്ങനെ പാക്കിംഗ് കേസിന് വില കൂടുന്നുവെന്നുമാത്രമല്ല, അതിനാവശ്യമായ മാറേറാ, മററു സാഫ്റ്റ് വുഡ് കളോ നാട്ടിൻപുറങ്ങളിൽ നിന്ന് കിട്ടുന്നുമില്ല. ഓപ്പൺ ആക്ഷൻ ചെയ്യുമ്പോൾ വെളിയിലുള്ള ആളുകൾ ഇവിടെ വന്ന് കൂടിയ വിലയ്ക്ക് തടികൾ പിടിച്ചു അവർ കൊണ്ടുപോയി വ്യവസായം നടത്തുകയാണു ചെയ്യുന്നതു്. മുൻപ് തടി കയററി അയയ്ക്കുന്നതിന് നിയന്ത്രണമുണ്ടായിരുന്ന കാലത്തു് ഈ വിഷമം ഉണ്ടായിരുന്നില്ല. ഈ നിയന്ത്രണം ഒരു രീതിയിൽ അല്ലെങ്കിൽ മറെറാരുരീതിയിൽ ഉണ്ടായിരിക്കേണ്ടതു പലവിധത്തിലും ആവശ്യമാണ്. നിയന്ത്രണം ഏർപ്പെടുത്തുന്നതുമൂലം നമ്മുടെ വ്യവസായശാലകൾ നടക്കുന്നതോടൊപ്പം, വിറകിന്റെ പ്രശ്നത്തിനും ഒരു പരിഹാരം കാണാൻ കഴിയും. തടി ഉരുളനായി വെളിയിലേയ്ക്കു അയയ്ക്കാതെ ഈ നാട്ടിൽ അറുത്ത് സൈസാക്കി, അയയ്ക്കുകയാണെങ്കിൽ ഈ നാട്ടിൽ കൂടുതൽ വ്യവസായശാലകൾ ഉണ്ടാകുന്നതിനും ഈ അറുപ്പു തടികളിൽനിന്നും കിട്ടുന്ന സൈസല്ലാത്ത ഭാഗങ്ങൾ വിറകിനുവേണ്ടി ഉപയോഗിക്കുന്നതിനും കഴിയും. വിറകിനെ ആശ്രയിച്ചു കഴിയുന്ന ഒരു വ്യവസായമാണ് ഓട്ടു വ്യവസായം, അവർക്കു ന്യായമായ വിലയ്ക്കു വിറക് കിട്ടുന്നില്ലെന്നു ഒരു പരാതിയുണ്ട്. ടണ്ണിന് ഇരുപതോ ഇരുപത്തിരണ്ടോ രൂപാ ഉണ്ടായിരുന്ന വിറകിന് ഇപ്പോൾ മുപ്പത്തഞ്ചുരൂപവരെ വിലയായിട്ടുണ്ട്. അതിനനുകൂലമായി ഓട്ടിന്റെയും വില കൂടിയിട്ടുണ്ട്. നമ്മുടെ നാട്ടിൽ, വളരെയധികം മേച്ചിലോടുകളും തടികളും മാനനിർമ്മാണത്തിനായി സാധാരണജനങ്ങൾക്ക് ആവശ്യമുള്ളതാണ്. എന്നാൽ അവർക്ക് താങ്ങാൻ വയ്യാത്ത വിലക്കയററം ഈ സാധനങ്ങൾക്ക് ഉണ്ടായിരിക്കുന്നതുകൊണ്ടു വളരെയധികം ക്ലേശം ജനങ്ങൾ അനുഭവിക്കുന്നുണ്ട്,

[ശ്രീ. ടി. കെ. ദിവാകരൻ]

ഇതിലേക്കു ഗവണ്മെൻറു ഒരു നയം രൂപീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെ, ആവശ്യത്തിനനുസരണമായി ചില നിയന്ത്രണങ്ങളോടുകൂടി തടി വിതരണംചെയ്യുന്നതിന് ഒരു പദ്ധതി ഗവണ്മെൻറിനുണ്ടായിരിക്കേണ്ടതാണ്. സാഫ്റ്റ്‌വുഡ് മൂലം നടത്തിക്കൊണ്ടുപോകുന്ന വ്യവസായശാലകൾക്കും, ഏററവും കുറഞ്ഞ ചെലവിൽ ഭവനനിർമ്മാണത്തിന് യഥാർത്ഥ ആവശ്യക്കാർക്കും തടി കൊടുക്കുന്നതിനും അതോടൊപ്പംതന്നെ വ്യവസായശാലകൾക്കു ആവശ്യമായ വിറകു സപ്ലൈ ചെയ്യുന്നതിനും ഗവണ്മെൻറിന് പദ്ധതി ഉണ്ടായിരിക്കണം. ഈവക കാര്യങ്ങളിൽ ബഹുമാനപ്പെട്ട ഫാറസ്റ്റു മന്ത്രിയുടെ സ്വതന്ത്രശ്രദ്ധയെ ക്ഷണിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ്: സർ, രാജകീയ വൃക്ഷങ്ങളെസംബന്ധിച്ചു രണ്ടുമൂന്നു സംഗതികൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതു്. രാജകീയ വൃക്ഷങ്ങളായ തേക്ക്, ഈട്ടി, റോസുവുഡ്, മുതലായ വൃക്ഷങ്ങൾ റിസർവ്വ് ഫാറസ്റ്റിന് പുറത്താണ് നിൽക്കുന്നതെങ്കിലും, അതിന്റെ അവകാശം പണ്ടു ഗവണ്മെൻറിനായിരുന്നു. ഫസ്റ്റ്–ലാണെന്നുതോന്നുന്നു, ട്രാക്റ്റ് നു ഒഴിച്ചുള്ള രാജകീയ വൃക്ഷങ്ങളുടെയെല്ലാം അവകാശം ഗവണ്മെൻറു ഒഴിഞ്ഞതായി പ്രസ്താവിച്ചതു്. കൊച്ചിയിൽ, വളരെ മുൻപുതന്നെ വെളിയിലുള്ള രാജകീയ വൃക്ഷങ്ങളുടെ അവകാശം ഗവണ്മെൻറു ഉപേക്ഷിച്ചിട്ടുണ്ട്. ട്രാക്റ്റു നു–ലുള്ള വൃക്ഷങ്ങൾ ഫാറസ്റ്റിൽനിന്ന് വെട്ടിയെടുക്കുന്നതുപോലെ അവകാശപ്പെടാമെന്നാണ് റസ്ലൂലേഷനിൽ പ്രസ്താവിച്ചിട്ടുള്ളതു്. അതേ റസ്ലൂലേഷനിൽ തന്നെ രണ്ടുമൂന്നു വർഷങ്ങൾക്കകം ട്രാക്റ്റു നു–ലുള്ള രാജകീയ വൃക്ഷങ്ങൾ ഗവണ്മെൻറു വെട്ടിയെടുത്തുകൊള്ളാമെന്നും അതു കഴിഞ്ഞാൽ, അതിനു ഗവണ്മെൻറിനു അവകാശം ഉണ്ടായിരിക്കുന്നതല്ലെന്നും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. അപ്രകാരം പ്രസ്താവിച്ചിരുന്നെങ്കിലും ഇപ്പോഴും ഗവണ്മെൻറു ആ അവകാശം ഒഴിഞ്ഞുകൊടുക്കാതിരിക്കുകയാണു ചെയ്തിട്ടുള്ളതു്. അതുസംബന്ധിച്ചു് പല പ്രക്ഷോഭണങ്ങളും, പല പരാതികളും ഗവണ്മെൻറിന്റെ മുൻപിൽ വന്നിട്ടുണ്ടെങ്കിലും ഇന്നും ഒരു തീരുമാനവും എടുക്കാതെ ഫസ്റ്റ്–ഡിസംബർ അവസാനത്തോടുകൂടി ഗവണ്മെൻറിനുള്ള അവകാശം ഒഴിഞ്ഞുകൊള്ളാമെന്നു അററ അവധി പറഞ്ഞിരുന്നതു നീട്ടിക്കൊണ്ടുപോകുകയാണു ചെയ്യുന്നതു്. മലയാററൂർ ഡിവിഷനിൽ എം. സി. റോഡിന്റെ കിഴക്കുഭാഗത്തുള്ള പ്രദേശമാണ് ട്രാക്റ്റു നു എന്നു പറയുന്നതു്. ഇപ്പോൾ ആ സ്ഥലത്തുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് ഗവണ്മെൻറിൽനിന്നും കൺട്രാക്റ്റു കൊടുത്തിരിക്കുകയാണു ചെയ്യുന്നതു്. ഫസ്റ്റ്–ലെ റസ്ലൂലേഷനിൽ പറഞ്ഞിരിക്കുന്നതിനു വിപരീതമായി കാലം നീട്ടിക്കൊണ്ടുപോകുന്നതും അവിടെയുള്ള വൃക്ഷങ്ങൾ മുറിക്കുന്നതിന് കൺട്രാക്റ്റു കൊടുത്തിട്ടുള്ളതും ന്യായമായിട്ടുള്ള കാര്യങ്ങളല്ലെന്നാണ് ഞാൻ പ്രസ്താവിക്കുന്നതു്.

ശ്രീ. വാസുദേവൻ പിള്ള: എം. സി. റോഡിന്റെ കിഴക്കു വശത്തുള്ളതു ട്രാക്റ്റു നു ആണെന്നറിയാമോ?

ശ്രീ. എൻ. പി. വർഗ്ഗീസ്: മലയാററൂർ ഡിവിഷനിൽ എം സി. റോഡിന്റെ കിഴക്കുഭാഗത്തെപ്പററിയാണ് ഞാൻ പറഞ്ഞതു്. വേറെഭാഗത്തു് ട്രാക്ററ് 2 എന്നും പേരുണ്ടായിരിക്കാം. മലയാററൂരെ സംബന്ധിച്ചിടത്തോളം ട്രാക്ററ് 2 എന്നാണ് പറയുന്നതു്. ഈ വൃക്ഷങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റിന് യാതൊരവകാശവും ന്യായമായും നീതിയായും ഇല്ലാത്തസ്ഥിതിക്ക് അതു നേരത്തെതന്നെ സ്വകാര്യഉടമകൾക്കു വിട്ടുകൊടുക്കേണ്ടതായിരുന്നു. അതു ചെയ്യാതെ ഇന്നു തടികൾ മുറിക്കുന്നതിന് കൺട്രാക്ററ് കൊടുക്കുകയാണ് ചെയ്തിരിക്കുന്നതു്. ഫർണ്ണ 0-ൽ രാജകീയ വൃക്ഷങ്ങളായിരുന്ന എല്ലാ വൃക്ഷങ്ങളും തന്നെ ഗവണ്മെൻറിൽനിന്നും വെട്ടിയെടുക്കുകയും തീരെ വണ്ണം കുറഞ്ഞ തടികൾമാത്രം നിറുത്തിയിരിക്കുകയുമാണുണ്ടായിട്ടുള്ളതു്. ഇരുപത്തിനാലു ഇഞ്ചിനു താഴെ വണ്ണമുള്ള തടികൾ മാത്രമെ നിറുത്തിയിരുന്നുള്ളു. അന്ന് ആ തടികൾ എല്ലാം ഉപേക്ഷിച്ചിരിക്കുകയായിരുന്നു. ഇന്നാണെങ്കിൽ, അതിന് അറുപതു ഇഞ്ചു തെ വണ്ണം ഉണ്ടായിട്ടുണ്ട്. ഇന്ന് അവയെല്ലാം വെട്ടിയെടുക്കുന്നതിന് കൺട്രാക്ററ് കൊടുത്തിരിക്കുന്നു. പല പരാതികളും അതുസംബന്ധമായി ഗവണ്മെൻറിന്റെ മുൻപിൽ നൽകിയിട്ടുണ്ട്. ഈ വൃക്ഷങ്ങളിലെല്ലാം കുരുമുളക് മുതലായ ചെടികൾ വച്ചുപിടിപ്പിച്ചു സ്ഥലത്തിന്റെ ഉടമസ്ഥർ വളർത്തിവരുന്നുണ്ട്. പത്തോ, മുപ്പതോ രൂപയുടെ തടി വിലയുള്ളപ്പോൾ ആണ്ടിൽ 30 രൂപ വരെയുള്ള വലിയൊരു തുകയാണ് കുരുമുളകിൽ നിന്നും മററും വസ്തു ഉടമസ്ഥന്മാർ നഷ്ടപ്പെടേണ്ടിവരുന്നതു്. ഈ വിവരം കൺട്രാക്ടർമാർ മനസ്സിലാക്കി, വളരെ ഭീമമായ സംഖ്യയാണ് ഈ തടികൾ വെട്ടിയെടുക്കാതിരിക്കുന്നതിലേക്കു വസ്തു ഉടമസ്ഥന്മാരോടു ആവശ്യപ്പെടുന്നതു്. അതുസംബന്ധിച്ചു പരാതിയുണ്ടായതിന്റെ ഫലമായി, കൺസർവേററർ ഒരു കൂടിയാലോചന നടത്തി. കൺട്രാക്ടർമാർ ലേലത്തിൽ പിടിച്ചിരിക്കുന്ന വിലയ്ക്കു തടി അതാതു വസ്തു ഉടമസ്ഥന്മാർക്കു വാങ്ങുന്നതിന് ആപ്ഷൻ നൽകാമെന്നു സമ്മതിക്കുകയും, അപ്രകാരം ഇതുവരെ നടന്നുവരികയും ചെയ്തു. ഈ അടുത്ത ദിവസംതന്നെ കൺട്രാക്ടറന്മാരുടെ കാലാവധി അടുത്ത ഡിസംബർമാസംവരെ നീട്ടുകയും, അങ്ങനെ കാലാവധി നീട്ടിയതുകൊണ്ട് തടി വെട്ടിയെടുക്കാനുള്ള പൂർണ്ണാവകാശം അവർക്കുണ്ടെന്നും പറഞ്ഞു്, അവർക്കു ഇഷ്ടമുള്ള ചില കൊടുത്തിൽമാത്രമെ വസ്തു ഉടമസ്ഥന്മാർക്ക് തടി കിട്ടുകയുള്ളു എന്നുള്ള ഒരു നില വരുത്തുകയും ചെയ്തിരിക്കുകയാണ്. ഗവണ്മെൻറ് ഇപ്രകാരം ഒരു നില സ്വീകരിച്ചിരിക്കുന്നതു് വളരെ പിശകാണ്. മലയാററൂർ ഡിവിഷനിൽനിന്നും പതിനായിരം രൂപയാണ് കൺട്രാക്ടന്മാരിൽനിന്നും കിട്ടുന്നതു്. വളരെയധികം ആളുകൾക്ക് കുരുമുളക് നഷ്ടപ്പെടുന്ന ഒരവസ്ഥയുണ്ടാക്കാതെ അവരെ സഹായിക്കേണ്ട ചുമതല ഗവണ്മെൻറിന് ഉണ്ടെന്നാണ് എനിക്കു പറയാനുള്ളതു്. അതുകൊണ്ട് കൺട്രാക്ടർമാർ ഗവണ്മെൻറിന് കൊടുക്കാമെന്നു് പറഞ്ഞിരിക്കുന്ന വിലവച്ചു ഉടമസ്ഥന്മാർക്ക് തടികൾ വിട്ടുകൊടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ഇനിയൊരു കാര്യം പറയാനുള്ളതു്, ഫാറസ്റ്റിൽനിന്നും കൃഷിക്ക് ഭൂമി വിട്ടുകൊടുത്തിട്ടുള്ളതിനെപ്പററിയാണ്. പല ബഹുമാനപ്പെട്ട മെംബറന്മാരും ഇവിടെ അതിനെപ്പററി സംസാരിക്കുകയുണ്ടായി. മുപ്പ

[ശ്രീ. എൻ. പി. വർഗ്ഗീസ്.]

അയ്യായിരം ഏക്കറാണ് കൃഷിക്കായി ഫ ഫ വ നു—ൽ ഫാറസ്റ്റിൽനിന്നു കൊടുത്തിരുന്നതു്. അതിൽനിന്നും, ആറുലക്ഷത്തി എഴുപത്തയ്യായിരം പറ നെല്ല് ഇപ്പോൾ ഉല്പാദിപ്പിക്കുന്നുണ്ട്. ജി. എം. എഫ്. സ്കീം അനുസരിച്ച് വിട്ടുകൊടുത്തിട്ടുള്ള സ്ഥലമാണതു്. അവിടെ ആളുകൾ ഒരേക്കറിന് അഞ്ഞൂറും ആയിരവും രൂപാവരെ ചെലവാക്കി ആ സ്ഥലങ്ങൾ ഇപ്പോൾ ഇരുപ്പൂനിലം ആക്കിയിട്ടുണ്ട്. മൂന്നു വർഷമായ്ക്കാണ് അനുവദിച്ചിരുന്നെങ്കിലും ഇപ്പോൾ ഓരോ കൊല്ലത്തേക്കുകൂടി കാലാവധി നീട്ടിക്കൊടുത്തിരിക്കുകയാണു ചെയ്തിരിക്കുന്നതു്. അങ്ങനെ ആണ്ടുതോറും കാലാവധി പുതുക്കുന്നതുകൊണ്ട് ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിലെ കീഴ്സിൽബന്ധികൾക്ക് കുറെ സൗകര്യം കിട്ടുമെന്നല്ലാതെ ഗവണ്മെൻറിനു യാതൊരു പ്രയോജനവും ഉണ്ടാകുന്നതല്ല. ഈ വിഷയത്തിൽ ഗവണ്മെൻറ് വ്യക്തമായ ഒരു നില സ്വീകരിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അവിടെ കൃഷി ചെയ്യുന്നവർക്കുതന്നെ ആ സ്ഥലം കൊടുക്കണമെന്നാണ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതെങ്കിൽ, പന്ത്രണ്ടുവർഷത്തേക്ക് കുത്തകപ്പാട്ടമായി വിട്ടുകൊടുക്കണം. ആണ്ടുതോറും ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ ശുപാർശയനുസരിച്ച് കാലാവധി നീട്ടിക്കൊടുക്കുന്നപക്ഷം, ആ ഉദ്യോഗസ്ഥന്മാരുടെ ആനുകൂല്യം സമ്പാദിക്കുന്നതിനു വേണ്ടി കൃഷിക്കാർ ശ്രമിക്കേണ്ടതായിട്ടാണിരിക്കുന്നതു്. അതുകൊണ്ട് ഗവണ്മെൻറ് വ്യക്തമായ ഒരു നയം സ്വീകരിച്ച് ജി. എം. എഫ്. സ്കീം അനുസരിച്ച് ഫ ഫ വ നു—ൽ കൊടുത്തിരിക്കുന്ന വസ്തുക്കൾ വളരെ പണച്ചെലവു ചെയ്ത് ബുദ്ധിമുട്ടി ദേഹണ്ഡിച്ചിട്ടുള്ള ആളുകൾക്കുതന്നെ കുത്തകപ്പാട്ടമായി കൊടുക്കണമെന്ന് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അവരുടെ പ്രയത്നംകൊണ്ട് ആണ്ടിൽ ആറുലക്ഷത്തിഎഴുപത്തയ്യായിരം പറ നെല്ല് ഉല്പാദിപ്പിക്കുന്നതിനു് സാധിച്ചിട്ടുള്ള സ്ഥിതിക്ക് അവർക്കുതന്നെ ആ സ്ഥലം കൊടുക്കണമെന്നാണ് എനിക്കു അവസാനമായി ഗവണ്മെൻറിനോട് അഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. പി. എസ്. നടരാജപിള്ള : ഈ നു ൫ ൦ ൦ ൦ ഏക്കർ എന്നു പറഞ്ഞതു് അയ്യപ്പൻകോവിൽ, വണ്ടൻമേട് ഈ സ്ഥലങ്ങളും ചേർത്താണോ ?

ശ്രീ. എൻ. പി. വർഗ്ഗീസ് : ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിന്റെ അധീനതയിലുള്ള സ്ഥലങ്ങളാണ് ഞാൻ പറഞ്ഞതു്.

ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും കൂടുതൽ കൊടുത്തിട്ടില്ല. മററു സ്ഥലങ്ങളിൽ റവന്യൂഡിപ്പാർട്ടുമെൻറുമുഖേനയാണ് കൊടുത്തിട്ടുള്ളതു്. കൊല്ലത്തിൽ ആറുലക്ഷത്തിഎഴുപത്തയ്യായിരം പറ നെല്ല് കൂടുതലായി കിട്ടുന്ന സ്ഥിതിക്ക് കുത്തകപ്പാട്ട വ്യവസ്ഥയനുസരിച്ചായാലും, ജി. എം. എഫ്. പദ്ധതിയനുസരിച്ചായാലും, ഇന്ന് അവിടെ കൃഷി ചെയ്യുന്ന കൃഷിക്കാർക്കുതന്നെ കൊടുക്കുന്നതു നന്നായിരിക്കുമെന്നാണ് എനിക്കു പറയാനുള്ളതു്.

മറെറാന്നു് മന്നാംകണ്ടത്തിലെ മന്നാന്മാരുടെ കാര്യമാണ്. ആ സ്ഥലത്തു് മന്നാന്മാരുടെ മുന്നൂറു കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവർക്ക് അവിടെ ഏലത്തോട്ടമുണ്ട്. അതു് ഏകദേശം മുന്നൂറു ഏക്കർവരും.

ഇവക്ക് ഈ സ്ഥലം കുത്തകപ്പാട്ടമായി പതിച്ചുകൊടുക്കണം. അല്ലെങ്കിൽ ആ സ്ഥലത്തു് അവക്ക കൃഷിയൊന്നും ചെയ്യാൻ സാധിക്കുകയില്ല. ഇപ്പോഴുംതന്നെ ഈ സ്ഥലത്തെ സംബന്ധിച്ചു പല കേസുകളും തക്കങ്ങളുമുണ്ടു്. മന്നാന്മാരുടെ കൈവശത്തിലിരിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ചു്, ഒരു വർഷത്തിനുമുമ്പു് മന്നാന്മാരും ഫാറസ്റ്റ് മൈനർപ്രൊഡ്യൂസ്സ് കൺട്രാക്ടർമാരുംതമ്മിൽ തക്കമുണ്ടാകുകയും, അതിനെ സംബന്ധിച്ചു ഒരു പരാതി കൊടുക്കുകയും, അന്വേഷണം നടത്തി മന്നാന്മാക്കാണു് അവകാശമെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്. എന്നിട്ടും അവക്ക പതിച്ചു കൊടുത്തിട്ടില്ല. ഒരു വർഷംകഴിഞ്ഞു വീണ്ടും കൺട്രാക്ടർ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിൻെറ ആനുകൂല്യത്തോടുകൂടി ആ സ്ഥലത്തുനിന്നും ഏലം എടുക്കാൻ ശ്രമിച്ചു.

മുന്നൂറു കുടുംബങ്ങളുള്ള മന്നാന്മാക്ക് സ്വന്തമായി സ്ഥലമില്ല. ഏലക്കാടു കൊടുത്താലും ഒരേക്കറിൽക്കൂടുതൽ സ്ഥലം ഒരു കുടുംബത്തിനു കിട്ടുകയില്ല. അതിനാൽ ആ സ്ഥലം അവക്ക് കുത്തകപ്പാട്ടമായൊ വേറെ എന്തെങ്കിലും നിയമം അനുസരിച്ചോ കൊടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുത മേനോൻ : അടുത്ത അവസരത്തിൽ റിവൈസ് ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഈ സംസ്ഥാനത്തിലെ പ്രതിനിധിയായിട്ട് നാളികേരക്കമ്മിററിയിൽ ആരേയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : ആരേയും നിയമിച്ചിട്ടില്ല

ശ്രീ. ടി. കെ. ദിവാകരൻ : കയർ വ്യവസായത്തിന് ദോഷം വരത്തക്കവിധം കയറിൻെറ വില കുറഞ്ഞുപോയിരിക്കുന്നതായി വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : അതിനു മാത്രമായിട്ട് ഒരു ചോദ്യം ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. ടി. കെ. ദിവാകരൻ : വെളിച്ചെണ്ണയുടെ വിലക്കുറവിനെ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വെളിച്ചെണ്ണവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൊപ്രായുടെ വിലക്കുറവും ഇറക്കുമതിയും സംബന്ധിച്ചുള്ള പരിഹാരം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കേന്ദ്രഗവണ്മെൻറിനോട് അപേക്ഷിക്കുകയും ഈ സംസ്ഥാനത്തെ കാർഷികോൽപ്പന്നങ്ങളുടെ ഒരു സർവ്വേ എടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ സംഗതിയിപ്പോൾ ഇൻഡ്യാ ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇതു് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായതുകൊണ്ടു് കഴിയുന്നതും വേഗം ഇൻഡ്യാ ഗവണ്മെൻറിനോട് ഈ ഗവണ്മെൻറ് ശക്തിയായി നിവേദനം നടത്തുകയും എഴുതി അയയ്ക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്ന വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതൊക്കെ പറയുമ്പോൾ ശബ്ദത്തിന് ശക്തികൂട്ടാമെന്നല്ലാതെ എഴുതുമ്പോൾ അതിനു നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : എന്തെങ്കിലും നടപടി നടത്തുവാൻ ദയവുണ്ടാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കാം.

ശ്രീ. പി. വി. അവിരാതരകൻ : കോക്കനട്ട് കമ്മിററിയിൽ ഗവണ്മെൻറിൻെറ പ്രതിനിധി ആരാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിൽനിന്നും കേരവ്യവസായത്തിൻെറ പ്രതിനിധിയായ ശ്രീ. ബി. എം. പീററിനെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : കോക്കനട്ട് കമ്മിററി ആക്ടനുസരിച്ച് തിരുവിതാംകൂറിനേയും കൊച്ചിയേയും പ്രതിനിധീകരിക്കുവാൻ പ്രത്യേകം ആളുകളെ വച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല, ഒരാളുണ്ട്. അതു് അഡീഷണൽ ഗവണ്മെൻറ് സെക്രട്ടറിയാണ്.

ശ്രീ. പി. വി. അവിരാതരകൻ : ആ അഡീഷണൽ സെക്രട്ടറി ഈ കാര്യത്തിൽ നമ്മുടെ ഗവണ്മെൻറുമായി വല്ല കാര്യങ്ങൾക്കും വേണ്ടി കൺസൾട്ടു ചെയ്യാറുണ്ടോ ?

ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിൽനിന്നും അദ്ദേഹത്തിന് നിർദ്ദേശങ്ങൾ കൊടുക്കാറുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : അതനുസരിച്ച് കോക്കനട്ട് കമ്മിററിയിൽ കൊപ്രായുടേയും വെളിച്ചെണ്ണയുടേയും വില നിയന്ത്രിക്കാറുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. പി. വി. അവിരാത്തരകൻ : ഇപ്പോഴത്തെ വിലക്കുറവ് പരിഹരിക്കണമെങ്കിൽ എത്ര കൊല്ലം വേണ്ടിവരും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : നോട്ടീസുവേണം.

ശ്രീ. എൻ. രാജഗോപാലൻ നായർ : കേന്ദ്രത്തിന്റെ കാമേഴ്സ് മിനിസ്റ്ററുമായി Interview വേണമെന്ന് മിനിസ്ട്രിക്ക് എഴുതി അയച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : ഒന്നും എഴുതി അയച്ചിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെ എഴുത്തുകയുണ്ടായി എന്നുള്ള എന്റെ കേൾവി ശരിയാണോ എന്നറിയുവാനാണ് ചോദിക്കുന്നത് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : എനിക്കറിഞ്ഞുകൂടാ. നിങ്ങൾ കേട്ടിട്ടുണ്ടെന്നു പറയുന്നത് ശരിയാണോ എന്ന് എനിക്കെങ്ങനെ അറിയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇപ്പോഴെങ്കിലും കേട്ടില്ലേ ?

Mr. Speaker : What is the question, please ?

Shri N. Rajagopalan Nair : That is a very serious question.

Mr. Speaker : But the question, whether serious or not, has been answered.

Shri N. Rajagopalan Nair : Sir, on a point of information. കേന്ദ്രത്തിലെ കാമേഴ്സ് മിനിസ്ട്രി രണ്ടുതവണ അനുവാദം നിഷേധിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ : അങ്ങനെ നിഷേധിച്ചതായി അറിവില്ല.

Mr. Speaker : Without seeking for an interview, how could that be allowed ?

Doctors in Government Service.

* 498. [10] **Shri A. Samraj :** Will the Minister for Medicine and Public Health be pleased to state :

(*a*) the number of doctors in Government service in the State ;

(*b*) the number of qualified private doctors in the State ;

(*c*) the proportion of population per qualified doctor in the State and

(*d*) whether the Government are taking steps to give medical training to increase the number of students in future ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) 410.

(*b*) 386.

(*c*) It is not possible to give an exact answer to this question because registration of Medical Practitioners has not been completed;

(*d*) A medical College has been started.

Shri A. Samraj: May I know from Government whether the number of doctors will be increased?

ശ്രീ വി. മാധവൻ : കൂടുതൽ ആളുകളെ ചേർക്കുവാൻ ഇപ്പോൾ ആലോചിച്ചു വരികയാണ്. ആദ്യം ന്യ ാ ആയിരുന്നു. ഇനി വ്യ ാ ആക്കും. അതിൽനിന്ന് ഫ ാ ാ ആക്കാമോ എന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. പ്രാക്കുളം ഭാസി : സർവ്വീസിൽനിന്ന് റിട്ടയർചെയ്ത ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : എത്രാനുചിലരെ നിയമിച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : വീണ്ടും നിയമിക്കുമ്പോൾ അവർക്കു ശമ്പളം കൊടുക്കാറുണ്ടോ?

ശ്രീ. വി. മാധവൻ : വീണ്ടും നിയമിക്കുമ്പോൾ അവർക്ക് മുൻപു കിട്ടിവന്നിരുന്ന ശമ്പളംതന്നെയാണ് കൊടുക്കുന്നത്.

ശ്രീ. പ്രാക്കുളം ഭാസി : പെൻഷനും ശമ്പളവും കൊടുക്കുമോ?

ശ്രീ. വി. മാധവൻ : പെൻഷൻ കൊടുക്കുകയില്ല. ശമ്പളം മാത്രമേ കൊടുക്കുകയുള്ളൂ.

ശ്രീ. കണപതി: *திருவிதாங்கூர்கொச்சி சமஸ்தானத்திற்கு மொத்தம் எத்தனை டாக்டர்கள் வேண்டுமென்று கணக்கு எடுத்திருக்கிறீர்களா?*

ശ്രീ. വി. മാധവൻ : എത്ര ഡാക്ടറന്മാർ വേണമെന്ന് കണക്കാക്കിയിട്ടില്ല.

ശ്രീ ടി. കെ. ദിവാകരൻ : പെൻഷൻവ് ഡാക്ടറന്മാരെ നിയമിക്കുന്നതിനുപകരം ഡാക്ടറന്മാരുടെ പെൻഷൻ കാലാവധി വർദ്ധിപ്പിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. വി. മാധവൻ : ഈ രണ്ടുചോദ്യത്തിനും ഉള്ള ഉത്തരം ഇതിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : ഡാക്ടറന്മാരുടെ പെൻഷൻ വയസ്സെങ്കിലും വർദ്ധിപ്പിക്കുവാൻ ഗവണ്മെൻറിന് ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ : ഡാക്ടറന്മാരുടെ വയസ്സ് എത്രയാക്കണമെന്നുള്ളതു് സെൻട്രൽഗവണ്മെൻറുതന്നെ ആലോചിച്ചുവരുന്നുണ്ട്.

ശ്രീ. എ. താണുപിള്ള : ഡാക്ടറന്മാരുടെ കൂട്ടത്തിൽ അലോപ്പതി ഡാക്ടറന്മാരും ആയുർവ്വേദഡാക്ടറന്മാരും ഹോമിയോപ്പാതി ഡാക്ടറന്മാരും ഉൾപ്പെടുമോ? ഇവരെല്ലാംകൂടി ചേർന്നുള്ള കണക്കാണോ പറഞ്ഞിരിക്കുന്നതു്?

ശ്രീ. വി. മാധവൻ : അലോപ്പതി ഡാക്ടറന്മാരുടെ കണക്കാണു് ഇവിടെ പറഞ്ഞതു്.

ശ്രീ. എ. താണുപിള്ള : ഡാക്ടറന്മാർ എന്നു പറഞ്ഞാൽ അലോപ്പതി മാത്രമാണോ? ആയുർവ്വേദത്തിലും ഹോമിയോപ്പതിയിലും ഡാക്ടറന്മാരില്ലേ?

ശ്രീ. വി. മാധവൻ : ഡാക്ടറന്മാർ എന്നുപറയുമ്പോൾ അലോപ്പതി ഡാക്ടറന്മാരുടെ കണക്കുമാത്രം മതിയെന്നാണു് കരുതുന്നതു്?

ശ്രീ. എ. താണുപിള്ള : ജനസംഖ്യയിൽ പതിനായിരത്തിനു് ഒന്നു് എന്നോ അയ്യായിരത്തിനു് ഒന്നു് എന്നോ ഡാക്ടറന്മാരുടെ കണക്കുണ്ടോ?

ശ്രീ. വി. മാധവൻ : നമുക്കിപ്പോൾ പന്തീരായിരം ജനങ്ങൾക്കു് ഒരു ഡാക്ടർ എന്നനിലയിലേ ഉള്ളു.

ശ്രീ. എ. താണുപിള്ള : പന്തീരായിരത്തിനു ഒരു അലോപ്പതി ഡാക്ടർ എന്നകണക്കിനു് ആയുർവ്വേദത്തിലും ഡാക്ടറന്മാരില്ലേ?

ശ്രീ. വി. മാധവൻ : ആയുർവ്വേദവൈദ്യന്മാർ എന്നാണു പറയുന്നതു്. ഗ്രാൻഡവൈദ്യന്മാർതന്നെ ഇവിടെ ഉണ്ടെന്നു തോന്നുന്നു. ആയുർവ്വേദആശുപത്രികളുണ്ടു്. അതിലും വൈദ്യന്മാരുണ്ടു്.

ശ്രീ. ആർ. കേശവപിള്ള : ഹരിജനങ്ങളുടെയിടയിൽ ക്വാളിഫൈഡു് ഡാക്ടർമാർ ഇല്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ : എന്റെ അറിവിൽ ഇല്ലെന്നറിയാം.

ശ്രീ. ടി. കെ. കൃഷ്ണൻ : പന്തീരായിരത്തിനു് ഒരു ഡാക്ടറെ വച്ചിട്ടുള്ളതിൽ ട്രെയിനിംഗ് കഴിച്ചിട്ടുള്ളവർ എത്രയുണ്ടു്?

ശ്രീ. വി. മാധവൻ : അങ്ങനെ ഒരു കണക്കില്ല.

ശ്രീ. ജെ. രാഘവൻപിള്ള : സെന്ട്രൽ ഗവണ്മെന്റ് ആലോചിച്ചു വരുന്നുണ്ടെന്നുപറഞ്ഞു. അവരുടെ തീരുമാനമനുസരിച്ചു് ഇവിടെ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ : സെൻട്രൽ ഗവണ്മെന്റ് തീരുമാനമെടുത്ത തിനുശേഷം ഇവിടെ ആലോചിക്കുന്നതാണു്.

ശ്രീ. ഇ. കൃഷ്ണൻനായർ : അലോപ്പതി ഡാക്ടർമാരുടെ മിനിമം ക്വാളിഫിക്കേഷൻ എന്താണു്?

ശ്രീ. വി. മാധവൻ : എൽ. എം. പി. യാണു്.

ശ്രീ. ഇ. കൃഷ്ണൻനായർ : വാർസർവ്വീസിൽ പോയി എന്നുള്ളതു് ഒരു ക്വാളിഫിക്കേഷനായി കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : അതിന്റെ വിവരം കൈവശമില്ല.

ശ്രീ. എം. വി. ചെറിയാൻ : പെൻഷൻപററിയ ഡാക്ടർമാരെ വച്ചു് കൊണ്ടിരിക്കുന്നതു പ്രത്യേകപരിതസ്ഥിതിയിലാണോ?

ശ്രീ. വി. മാധവൻ : പ്രത്യേക പരിതഃസ്ഥിതിയിലാണു്.

ശ്രീ. എം. വി. ചെറിയാൻ : ആ പ്രത്യേക പരിതഃസ്ഥിതി എന്താണു്?

ശ്രീ. വി. മാധവൻ : ജനങ്ങളുടെ ആവശ്യങ്ങളെ നേരിടുവാൻ തക്കയോഗ്യതയുള്ള പ്രശസ്തന്മാരായ ആളുകളല്ലായിരിക്കും.

ശ്രീ. പി. വി. അവിരാത്തരകൻ : സെൻട്രൽ ഗവൺമെൻറ് ആലോചന തീരുന്നതിനുമുമ്പുതന്നെ ഡാക്ടർമാരുടെ വയസ്സു നീട്ടിക്കൊടുക്കുവാൻ ആലോചനയുണ്ടോ?

ശ്രീ. വി. മാധവൻ : ഇല്ല.

ശ്രീ. പി. വി. അവിരാത്തരകൻ : എത്ര പെൻഷൻകാരെ ഇതുവരെ സർവ്വീസിൽ എടുത്തിട്ടുണ്ടു്?

ശ്രീ. വി. മാധവൻ : ഇപ്പോൾ പറയുവാൻ സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ആ കൂട്ടത്തിൽ ഒരു ഹരിജൻ ഡാക്ടരുണ്ടായിരുന്നുവെന്നും അദ്ദേഹം മരിച്ചുപോയതായിട്ടും ഗവണ്മെൻറിനു് അറിയാമോ?

Mr. Speaker : That is a past event; why probe into it?

ശ്രീ. കുഞ്ഞിത്തൊമ്മൻ : പതിനായിരം ജനസംഖ്യക്കു് ഒരു ഡാക്ടർ എന്നു പറഞ്ഞതു് ടൌണിലല്ലാതെ ഗ്രാമപ്രദേശങ്ങളിൽ ഒരു ലക്ഷം ജനങ്ങൾക്കുപോലും ഒരു ഡാക്ടർ ഇല്ലെന്നു ഗവണ്മെൻറിനു അറിയാമോ?

ശ്രീ. വി. മാധവൻ : അങ്ങിനെയുള്ള സ്ഥലങ്ങളും കണ്ടേക്കാം.

ശ്രീ. കുഞ്ഞിത്തൊമ്മൻ : അതു പരിഹരിക്കുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടി എടുക്കുവാൻ വിചാരിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ : അതു പരിഹരിക്കുന്നതിനു ഇവിടെ ഒരു മെഡിക്കൽ കാളേജ് ആരംഭിച്ചിട്ടുണ്ടു്. അവിടെ ആളുകൾ പഠിച്ചു് പാസായി വരുമ്പോൾ ഇപ്പോഴുള്ള ദൌർലഭ്യം തീരും.

ശ്രീ. കുഞ്ഞിത്തൊമ്മൻ : മെഡിക്കൽ കാളേജിൽ നിന്നു പാസായി പുറത്തുവരുന്നവർ അധികവും ടൌണിലേക്കല്ലാതെ ഗ്രാമപ്രദേശങ്ങളിലേക്കു വരികയില്ലെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. വി. മാധവൻ : ധാരാളം ആളുകൾ പഠിച്ചുപാസായി വന്നു കഴിഞ്ഞാൽ ടൌണിൽതന്നെയല്ല ഗ്രാമപ്രദേശങ്ങളിലേയ്ക്കും വരും.

ശ്രീ. പി. സി. ആതിച്ചൻ : ൧൨൦൦൦ ജനസംഖ്യയ്ക്ക് ഒരു ഡാക്ടർ ഉള്ളപ്പോൾ ഏട്ടുലക്ഷത്തോളം വരുന്ന പട്ടികജാതിക്കാരിൽ നു ഡാക്ടറന്മാരെങ്കിലും ഉണ്ടായിരിക്കേണ്ടതല്ലേ?

(ഉത്തരം ഇല്ല)

ശ്രീ. എ. കെ. ചെല്ലയ്യാ : പെൻഷൻപററിയ ഡാക്ടർമാരെ വീണ്ടും നിയമിച്ചിട്ടുള്ളതിൽ ലേഡി ഡാക്ടർമാർ ആരെങ്കിലും ഉണ്ടോ?

ശ്രീ. വി. മാധവൻ : ഒരു ലേഡി ഡാക്ടർ ഉണ്ടെന്നാണ് ഓർമ്മ.

ശ്രീ. സി. സി. അയ്യപ്പൻ : പെൻഷൻകാരെ നിയമിക്കുന്നതു് ബ്രേക്ക്ആഫ് സർവ്വീസോടുകൂടിയല്ലേ?

ശ്രീ. വി. മാധവൻ : റിട്ടയർ ചെയ്തതിനുശേഷം അവരെ കുറെകാലത്തേയ്ക്കു സർവ്വീസിൽ വച്ചിരിക്കുകയാണ്.

ശ്രീ. സി. സി. അയ്യപ്പൻ : നിയമപ്രകാരം അവർക്ക് സ്റ്റാർട്ടിംഗ് പേ അല്ലേ കൊടുക്കേണ്ടതു്?

ശ്രീ. വി. മാധവൻ : ഒരു കാൺട്രാക്ററ് ബേസ്സിൽആണ് അവർക്കു ശമ്പളം കൊടുക്കുന്നതു്.

സെൻസസ്സ്.

* ൪൯൯. [൧൧] ശ്രീ. ടി. കെ. ദിവാകരൻ : താഴെപ്പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് നിലവിലിരിക്കുന്ന റേഷൻകാർഡുകൾക്കുള്ള സെൻസസ്സ് ഏതു വർഷമാണ് എടുത്തിട്ടുള്ളതു്;

(ബി) പുതുതായി സെൻസസ്സ് എടുക്കണമെന്നു ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) പല റേഷൻകാർഡ് ഉടമസ്ഥരും കൃത്രിമമായി അനേകം യൂണിററ് അരിക്കുള്ള റേഷൻ കാർഡുകൾ സൂക്ഷിച്ചുവരുന്ന വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ വിഭാഗത്തു് ൧൯൪൯-ലും, കൊച്ചി വിഭാഗത്തു് ൧൯൪൭-ലും എടുത്ത സെൻസസ്സ് അനുസരിച്ചുള്ള കാർഡുകളാണ് നിലവിലിരിക്കുന്നതു്.

(ബി) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

(സി) ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ സെൻസസ്സ് എടുത്തതിനുശേഷം സ്ഥലംവിട്ടുപോയിട്ടുള്ളവരുടേയും, മരിച്ചുപോയിട്ടുള്ളവരുടേയും റേഷൻ ഇപ്പോഴും തുടർന്നു കൊടുക്കുന്നുണ്ടെന്നു് ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടാണ് പുതിയതായിട്ട് ഒരു ലൈസൻസസ് എടുക്കുന്നകാര്യം ഗവണ്മെൻറ് ആലോചിച്ചു വരുന്നത്.

ഉരുളൻതടി കയററുമതി.

* ൭൦൦. [൧൨] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിനകത്തിനും പുറത്തിലേയ്ക്ക് അനിയന്ത്രിതമായി ഉരുളൻതടി കയററുമതി ചെയ്യുന്നതുമൂലം ഇവിടെയുള്ള സാമില്ലുകളിലും, തീപ്പെട്ടിക്കമ്പനികളിലും തൊഴിലില്ലായ്മയുണ്ടായിട്ടുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉരുളൻതടി കയററുമതി നിയന്ത്രിക്കണമെന്ന് ഗവണ്മെൻറിലേയ്ക്ക് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ് ഇക്കാര്യത്തിൽ എന്തു നടപടി നടത്തി ?

ദേവസ്വം ഇലാകാമന്ത്രി (ശ്രീ. എ. ചിദമ്പരനാത നാടാർ) :

(എ) സമസ്താനത്തിലിരുന്നു വെളിയേ കട്ടുപ്പാടിന്റെ ഉരുളൻതടി ഏററുമതി ചെയ്വതിന് മൂലം ഇങ്കേയുള്ള മരഅറുപ്പു മില്ലുകളിലും തീപ്പെട്ടി കമ്പെനികളിലും വേലയില്ലാത്തിണ്ടാട്ടം ഏറ്പട്ടുള്ള വിവരം അരചാങ്കത്തിൽ കവനത്തിൽ പട്ടതുണ്ടു.

(ബി) ഉരുളൻതടി ഏററുമതിയെക്കട്ടുപ്പടുത്ത വേണ്ടുമെന്നു അരചാങ്കത്തിറ്കു മനുക്കൾ കിടൈത്തതുണ്ടു.

(സി) ഇക്കാരിയം അരചാങ്കത്തിൻ ആലോചനൈയിൽ ഇരുക്കിറതു.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കാര്യത്തിലുള്ള നടപടിക്ക് പോരാത കൂട്ടുവാൻ ഗവണ്മെൻറിന് മനവുണ്ടാകുമോ ?

Shri A. Chidambaranatha Nadar : Many representations have been received by this Government, especially from Shri T. K. Divakaran, M. L. A., President, Quilon Saw Mill Workers Association, and from the Travancore Splinters Association. They are now engaging the attention of Government, and a decision will be expedited.

കുത്തകാണ്ടി വ്യവസായം.

* ൭൦൧. [൧൩] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുഅണ്ടിവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി ഗവണ്മെന്റിൽനിന്നു എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്തു പ്രവർത്തിച്ചിട്ടുണ്ട് ;

(സി) വ്യവസായികൾ തമ്മിൽ തോട്ടണ്ടി വാങ്ങുന്നതിലും, കശുഅണ്ടിപ്പരിപ്പ് വിൽക്കുന്നതിലുമുള്ള അനാരോഗ്യകരമായ മത്സരം ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഈ മാത്സര്യം കുറയ്ക്കുന്നതിന് ഗവണ്മെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെന്റിൽനിന്ന് ഈ വ്യവസായത്തിന്റെ അഭിവൃദ്ധിയ്ക്കു പദ്ധതി ഒന്നും രൂപീകരിച്ചിട്ടില്ല. പക്ഷെ കൊട്ടാരക്കരയിൽ കശുഅണ്ടിയ്ക്കു ഒരു റിസർച്ച് സ്റ്റേഷൻ വേണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വ്യവസായികൾ തമ്മിൽ തോട്ടണ്ടി വാങ്ങുന്നതിലും കശുഅണ്ടിപ്പരിപ്പ് വിൽക്കുന്നതിലും അനാരോഗ്യകരമായ മത്സരമുണ്ടെന്നുള്ള സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ പെട്ടിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : കൊട്ടാരക്കരയിൽ റിസർച്ച് സ്റ്റേഷന്റെ ആവശ്യത്തിന് സ്ഥലം എടുത്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് തീരുമാനത്തിൽ ഇരിക്കുകയാണ്. സ്ഥലം എടുത്തിട്ടുണ്ടോയെന്നു് അറിയാൻ തരമില്ല.

ശ്രീ. ടി. കെ. ദിവാകരൻ : രണ്ടുകൊല്ലമായി അതിനു കൊള്ളിച്ചിട്ടുള്ളതുക ചിലവാകാതിരിക്കുകയാണെന്ന് ഗവണ്മെന്റിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ടി. കെ. ദിവാകരൻ : വ്യവസായികൾ തമ്മിൽഉള്ള അനാരോഗ്യകരമായ മത്സരംനിമിത്തം വ്യവസായങ്ങൾ അധഃപതിച്ചിട്ടുണ്ടെന്ന് ഗവണ്മെന്റിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മത്സരം ഉണ്ടാകാം. പക്ഷെ അതു് ഔദ്യോഗികമായി ഗവണ്മെന്റിന് അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ : ഈ വ്യവസായികൾ തമ്മിൽ അനാരോഗ്യകരമായ മത്സരംനിമിത്തം വ്യവസായങ്ങൾ അധഃപതിച്ചിട്ടുണ്ടെന്ന് ഉള്ള പ്രസ്താവന ഗവണ്മെന്റ് ദൃഷ്ടിയിൽപെട്ടിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ ചില യോഗങ്ങളിൽ പ്രസ്താവിച്ചതായികേട്ടിട്ടുണ്ട്.

ശ്രീ. പ്രാക്കുളം മോസി : ഈ വ്യവസായം ദേശീകരിക്കുവാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉദ്ദേശമില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : തോട്ടണ്ടി കിട്ടാത്തതു കൊണ്ടാണ് ഇരിങ്ങാലക്കുടയിലെ അണ്ടിക്കമ്പനി പൂട്ടിയിട്ടിരിക്കുന്നതെന്ന് ഗവണ്മെൻറിന് അറിയാമോ ? ആ കമ്പനി ഇക്കൊല്ലം തുറപ്പിക്കുവാൻ എന്തെങ്കിലും നടപടി ഗവണ്മെൻറ് എടുക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അണ്ടി കിട്ടാത്തതുകൊണ്ടല്ല ഇരിങ്ങാലക്കുടയിലെ കമ്പനി പൂട്ടിയിട്ടതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അണ്ടി കിട്ടാത്തതുകൊണ്ടാണ് കമ്പനി പൂട്ടാൻ ഇടയായതെന്ന് അവർ ഗവണ്മെൻറിലേയ്ക്കു് മെമ്മോറാണ്ടം തന്നിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അണ്ടി കിട്ടാത്തതുകൊണ്ടാണ് കമ്പനി പൂട്ടിയതെന്ന് ഗവണ്മെൻറിന് അറിഞ്ഞുകൂടാ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ആ കമ്പനി തുറന്നു പ്രവർത്തിപ്പിക്കേണ്ട കാര്യത്തിൽ ഗവണ്മെൻറ് വല്ലതും ചെയ്തിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലതും ചെയ്തിട്ടുണ്ട് പല ത്രികക്ഷിസമ്മേളനങ്ങളും രണ്ടുകക്ഷിസമ്മേളനങ്ങളും നടത്തി കമ്പനി തുറപ്പിക്കുവാൻ മാനേജരന്മാരെ പ്രേരിപ്പിച്ചിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അതു് ഫലപ്രദമാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫലപ്രദമാകാനുള്ള ലക്ഷണമല്ല കാണുന്നതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ഈ വ്യവസായികൾ തമ്മിലുള്ള പിണക്കംകൊണ്ടാണ് ആ കമ്പനി പൂട്ടാൻ ഇടയായതെന്നു ഗവണ്മെൻറിന് അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികളുടെ കുഴപ്പം മൂലം അവർക്കു വ്യവസായം നടത്തുവാൻ സാദ്ധ്യമല്ലെന്നു പറഞ്ഞതായിട്ടാണ് ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : വ്യവസായത്തിന് പണം ഇറക്കുവാൻ വിഷമം നേരിട്ടതുകൊണ്ടാണ് കമ്പനി പൂട്ടിയതെന്നും കുറെ പണം ഗവണ്മെൻറ് കൊടുത്താൽ കമ്പനി തുറന്നു പ്രവർത്തി തുടങ്ങാമെന്നും അവർ ഗവണ്മെൻറിലേക്ക് മെമ്മോറാണ്ഡം തന്നിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഈ മുതലാളികൾ പറഞ്ഞതു്, ഞങ്ങൾക്കു് കുറെ പണം കയ്യിലുണ്ടു്, അതുകൊണ്ടു് അണ്ടിവാങ്ങി വ്യവസായം നടത്തുകയാണെങ്കിൽ ഒരുവിധത്തിലും ആ വ്യവസായം നടത്തുന്നതിനു് നിവൃത്തിയില്ലാത്ത വിധത്തിൽ, അവിടത്തെ തൊഴിലാളികൾ ചില നേതൃത്വത്തിന്റെ കീഴിൽ, കമ്പനി നടത്തുന്നതിനു് വിരോധമായി പ്രവൃത്തിച്ചതുകൊണ്ടാണു് അവർ വ്യവസായം മുടക്കിയതെന്നും അപ്രകാരം തൊഴിലാളികളുടെ ഉപദ്രവം ഉള്ളതുകൊണ്ടു് കമ്പനി തുറന്നു ആ വ്യവസായം ചെയ്യുവാൻ തങ്ങളെ നിർബ്ബന്ധിക്കരുതെന്നും ആണു് അവർ പറഞ്ഞതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : ഏതെങ്കിലും അടിസ്ഥാനത്തിൽ കമ്പനി തുറന്നു പ്രവൃത്തിക്കുന്നതിനു് ഗവണ്മെൻറിന്റെ സഹകരണം വേണമെന്നു് അവർ അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിനു് ആ കമ്പനി തുറന്നു പ്രവൃത്തിപ്പിക്കണമെന്നാണു് ഉദ്ദേശം. നമ്മുടെ രാജ്യം ഒരു സ്വതന്ത്രരാജ്യമായതുകൊണ്ടു് വ്യവസായം നടത്തുവാൻ അവർക്കു് സാദ്ധ്യമല്ലെന്നും അതിനു് അവരെ നിർബന്ധിക്കരുതു് എന്നും പറയുമ്പോൾ അവരുടെ അഭിപ്രായത്തിനു് എതിരായി ഒരു നടപടി എടുക്കുന്നതിനു് ഗവണ്മെൻറിനു് നിവൃത്തിയില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ : അവർക്കു് ആ വ്യവസായം നടത്തുവാൻ സാദ്ധ്യമല്ലെങ്കിൽ അതു് വേറെ ആൾക്കെങ്കിലും കൊടുത്തു നടത്തിക്കുവാൻ ഗവണ്മെൻറിനു് ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ഗവണ്മെൻറിന്റെ കയ്യിലിരിക്കുന്ന ഒരു കമ്പനിയല്ല. അവ പറയുന്നതു് അവിടെയുള്ള തൊഴിലാളി യൂണിയൻ നേതൃത്വംകൊണ്ടു് ഉണ്ടാകുന്ന ഉപദ്രവംമൂലം അതു് തുറന്നു നടത്തുവാൻ സാദ്ധ്യമല്ലെന്നാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : തോട്ടണ്ടിയും കശുഅണ്ടിയും തമ്മിലുള്ള വ്യത്യാസമെന്തെന്നു് അറിഞ്ഞാൽ കൊള്ളാം.

(ഉത്തരം ഇല്ല.)

ശ്രീ. എൻ. രാജഗോപാലൻ നായർ : നമ്മുടെ സംസ്ഥാനത്തു് കശുഅണ്ടി വ്യവസായം നടത്തുന്ന സ്ഥാപനങ്ങൾ എത്രയുണ്ടു് എന്നുള്ളതിനു ഗവണ്മെൻറിനു് കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : എത്രയുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസു വേണം.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഈ കഴിഞ്ഞ കൊല്ലത്തിൽ എത്ര കശുഅണ്ടി വ്യവസായം നടത്തുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടിയിട്ടുണ്ടു് എന്നുള്ളതിനു് ഗവണ്മെൻറിനു് കണക്കുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കണക്കുണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ : എത്ര വർഷം അടച്ചു പൂട്ടിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു നോട്ടീസു കൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : കഴിഞ്ഞ രണ്ടുകാലം അടച്ചു പൂട്ടിയ കമ്പനികളിൽ ഏതെങ്കിലും ഒന്നു അടച്ചുപൂട്ടിയതിനു കാരണമെന്താണെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അറിയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ : ആ കാരണം വച്ചുകൊണ്ടു ഈ കമ്പനികൾ തുറന്നു വ്യവസായം നടത്തിക്കുവാൻ ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ? ഈ വ്യവസായം നശിക്കുന്നതു് രാജ്യത്തിനു് ദോഷമല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു വ്യവസായവും നശിക്കുന്നതു് രാജ്യത്തിനു് ദോഷമാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ : രാജ്യത്തെ വ്യവസായം നശിക്കുന്നതു് രാജ്യത്തിനു് ദോഷമായതുകൊണ്ടു് ഈ വ്യവസായം നശിപ്പിക്കാതിരിക്കുന്നതിനു് വേണ്ട നടപടികൾ എടുക്കുന്നതിനു് ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രാജ്യത്തെ വ്യവസായങ്ങൾ നശിപ്പിക്കരുതെന്നു് എല്ലാ കക്ഷികളും ആലോചിക്കണം.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇവിടെ വ്യവസായങ്ങൾ നശിക്കാതിരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററി ആലോചിക്കേണ്ടതു് ഗവണ്മെൻറിൻെറ കടമയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനുള്ള ശ്രമമാണു് ഗവണ്മെൻറു ചെയ്യുന്നതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി : ഇരിങ്ങാലക്കുടയിലെ കമ്പനി പൂട്ടുന്നതിനു് കാരണമാക്കിയ തൊഴിലാളി കുഴപ്പത്തിനു് നേതൃത്വം കൊടുത്തതു് ആരാണെന്നു് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ യൂണിയൻെറ നേതാവു് ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ ശ്രീ. കെ. വി. കെ. വാര്യർ ആണു്.

ശ്രീ. സി. അച്യുതമേനോൻ : അവിടെ ഫാദർ സഖറിയ വാഴപ്പിള്ളിയുടെ നേതൃത്വത്തിലുള്ള ഒരു യൂണിയൻ ഇല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ഒരു യൂണിയനും ഉണ്ടായിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : ആ യൂണിയനിൽപ്പെട്ട തൊഴിലാളികളും ഇപ്പോൾ പുറത്തല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തൊഴിലാളികൾ എല്ലാം പുറത്തായതിനുശേഷം ഉണ്ടായ ഒരു യൂണിയൻ ആണ് അത്.

Shri A. A. D. Luiz: On a point of order, Sir.

Mr. Speaker: Relating to which question?

Shri A. A. D. Luiz: The point of order refers to question No. 14. The Travancore Bank Ltd., is a public limited company. Shares in this Company are owned by the public and not exclusively by the Government. If financial institutions are subjected to discussion in this House, there is every danger of causing unnecessary scare among the public and it may be detrimental to the proper working of such institutions. If you allow such questions here about this institution under some pretext or other questions about other financial institutions will also come up here for discussion. As a matter of fact, the information sought to be obtained by these questions can be obtained from the Bank's annual balance sheets, stock and share reports and other public documents. Again, it is provided for in the Legislative Assembly Rule 20 that a question put to a Minister must relate to a matter for which he is responsible. If you allow these questions to be discussed here, I am afraid you will have to allow several other questions relating to financial institutions. It is not safe for financial institutions like Banks to be discussed here. I would like to have a ruling on this matter.

Mr. Speaker: So far as the interests of the Travancore Bank are concerned, if the Minister thinks that he is not in a position to give an answer, then he will say so. We will leave it to the Minister.

Travancore Bank.

* 502. [14] **Shri T. S. Ramaswami :** Will the Minister for Finance be pleased to State :

(*a*) the years in which the market value of Travancore Bank shares was the highest and lowest;

(*b*) the respective values;

(*c*) the reasons for the fall in value of shares, if any;

(*d*) whether the Reserve Bank of India have communicated their opinion regarding the working of the Bank;

(*e*) if so, what is their main recommendation;

(*f*) whether the Government have taken any steps to improve the position of the Bank; and

(*g*) if so, what steps ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): (*a*) to (*e*) I must refuse to disclose any information on these matters.

(*f*) and (*g*) This Government have requested the Reserve Bank of India to appoint the Travancore Bank as their agents in Travancore-Cochin and there has been a satisfactory reply on that matter.

Shri T. S. Ramaswami : Was there any recommendation from the Reserve Bank to the effect that the overhead charges of this Bank are extremely high ?

Shri Panampilli Govinda Menon : No such recommendations have been received by this Government.

Shri T. S. Ramaswami : May I know the total emoluments per month of the Managing Director and the General Manager of the Bank.

Shri Panampilli Govinda Menon : Officially, Government have no information.

Shri T. S. Ramaswami : May I know whether the head office of this Bank was transferred from Trivandrum to any other place ?

Shri Panampilli Govinda Menon: Not that I know of

Shri T. S. Ramaswami: May I know the percentage of shares owned by the Government in this Bank, and also the deposits of the Government therein ?

Shri Panampilli Govinda Menon: That information has already been given in this session.

Shri T. S. Ramaswami: Having taken such a large number of shares in the Bank, is it not the duty of the Government to see that the institution is properly run?

Shri Panampilli Govinda Menon: That is why the Government have asked the Reserve Bank to set the Bank as their agent in Travancore-Cochin.

Shri T. S. Ramaswami: Is there any parallel bank in which the Managing Director and the General Manager are given such huge emoluments?

Shri Panampilli Govinda Menon: If the hon. Member wants my opinion on this matter, there are various other banks where higher salaries are given.

Shri T. S. Ramaswami: Is there any special agreement with the Managing Director with regard to his emoluments?

Shri Panampilli Govinda Menon: Not with the Government.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മാനേജിംഗ് ഡയറക്ടരുടെ ആഫീസ് മദ്രാസിലാണെന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി എനിക്കറിവില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ബാങ്കിന്റെ ഷെയർവാല്യു 2 രൂപയിൽനിന്നും 10 രൂപയായി ചുരുങ്ങിയിട്ടുണ്ടെന്നു അറിയുന്നതു ശരിയാണോ?

Mr. Speaker: In the light of the answer given by the Finance Minister, that question does not arise.

ശ്രീ. പ്രാക്കുളം മാസി: മന്ത്രിമാരുടെ ബന്ധുക്കളെ ആ ബാങ്കിൽ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മന്ത്രിമാർക്കു ബന്ധുക്കളില്ല.

ശ്രീ. സി. അച്യുതമേനോൻ: ഈ ബാങ്കിലെ ഡയറക്ടർ ബോർഡിലെ ഒരു അംഗമല്ലേ ഫൈനാൻഷ്യൽ സെക്രട്ടറി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. സി. അച്യുതമേനോൻ: ഈ ബാങ്കിന്റെ ഡയറക്ടർ ബോർഡിലെ ചെയർമാനായിരുന്ന ശ്രീ. കരയാളർ ബോർഡിൽനിന്നും രാജി വച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി എനിക്കു ഒരു വിവരവുമില്ല.

ശ്രീ. സി. അച്യുതമേനോൻ: ഈ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടർ ബാങ്കിന്റെ താല്പര്യത്തിനു വിരുദ്ധമായി സ്വന്തം പാക്കററു വീർപ്പിക്കുന്നതിനു ശ്രമിക്കുന്ന കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

Shri Panampilli Govinda Menon: Government have no information.

ശ്രീ. സി. അച്യുതമേനോൻ: ഗവണ്മെന്റു 51 ശതമാനം ഷെയർ എടുത്തിട്ടുള്ളതും 2 കോടി രൂപയോളം ഡിപ്പോസിററു ചെയ്തിട്ടുള്ളതും റിസർവു ബാങ്കിന്റെ ഏജൻറായി എടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതുമായ ഈ ബാങ്കിന്റെ കാര്യങ്ങളെപ്പററിയെല്ലാം ഗവണ്മെന്റു ശ്രദ്ധിക്കേണ്ടതല്ലേ? അദ്ദേഹത്തിന്റെ ഭാര്യയുടെ പേരിൽ നടത്തുന്ന ഒരു കമ്പനിയിൽ ഈ ബാങ്കിനെ ഇൻഷ്വർ ചെയ്തിട്ടുണ്ടെന്നുപറയുന്നതു ശരിയാണോ?

Shri Panampilli Govinda Menon : These matters do not come under the Government.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഗവണ്മെൻറിനു ഈ ബാങ്കിൽ ഒരു കൺട്രോളുമില്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബോർഡ് ആഫ് ഡയറക്ടറന്മാരിൽ ഗവണ്മെൻറിന്റെ ആളും ഉണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഗവണ്മെൻറിനെ പ്രതിനിധീകരിച്ചു ആരാണു ആ ബോർഡിലുള്ളതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫൈനാൻഷ്യൽ സെക്രട്ടറി.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഫൈനാൻഷ്യൽസെക്രട്ടറി ബോർഡ് ആഫ് ഡയറക്ടേഴ്സിലുള്ള ഏതെങ്കിലും സ്ഥാപനം ശരിയായി നടക്കുന്നതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഫൈനാൻസു ഡിപ്പാർട്ട്മെൻറു വളരെ ഭംഗിയായി നടക്കുന്നുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഫൈനാൻഷ്യൽ സെക്രട്ടറിക്കു ബാങ്കിന്റെ നടത്തിപ്പിൽ ഏതെങ്കിലും ഉത്തരവാദിത്വം ഇണ്ടെന്നു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു ഡയക്ടരെന്ന നിലയിലുള്ള ഉത്തരവാദിത്വമുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ : നഷ്ടം വരാതെ സൂക്ഷിക്കുന്നതിനുള്ള പ്രത്യേക ഉത്തരവാദിത്വം വല്ലതും അദ്ദേഹത്തിനുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പ്രത്യേക ആർഡറുകളില്ലാതെ പ്രത്യേക anxiety ഉണ്ടാവുകയില്ല.

Shri P. S. Nataraja Pillai : May I know whether the Reserve Bank has approved the working of this Bank?

Shri Panampilli Govinda Menon : That is why they said they will constitute the Travancore Bank as their agent in Travancore-Cochin just as the Imperial Bank is the agent of the Reserve Bank in Part B States.

ശ്രീ. ടി. കെ. ദിവാകരൻ : റിസർവു ബാങ്കിന്റെ ഏജൻറായി ഈ ബാങ്കിനെ നിശ്ചയിച്ചു കഴിഞ്ഞതാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : രണ്ടു കൊല്ലത്തിനകം നിശ്ചയിക്കുമെന്നാണു പറഞ്ഞിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ : അങ്ങനെ റിസർവു ബാങ്കിന്റെ ഏജൻറായി നിശ്ചയിക്കുന്നതുകൊണ്ടു നമ്മുടെ ബാങ്കിന്റെ status ഉയരുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : തീർച്ചയായും.

ശ്രീ. എ. താണുപിള്ള : ഏജൻറായി ഈ ബാങ്കിനെ സ്വീകരിക്കുന്നതിനു ഇങ്ങനെയൊരു കാലാവധി വച്ചിരിക്കുന്നതു് എന്തുകൊണ്ടാണെന്നു പറയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബാങ്കിംഗ് കമ്പനീസ് ആക്ട് വന്നതിനുശേഷം റിസർവ് ബാങ്ക് ഇൻഡ്യയിലുള്ള എല്ലാ ബാങ്കുകൾക്കും ചില സ്പെസിഫിക്കേഷൻസ് കൊടുത്തിട്ടുണ്ട്. അതായതു്, ഇത്ര രൂപാ ക്യാഷായി റിസർവുവേണമെന്നൊക്കെ പറഞ്ഞിട്ടുണ്ട്. അതനുസരിച്ചു ഇൻഡ്യയിലുള്ള എല്ലാ ബാങ്കുകളും ആ ഒരു നിലയിലെത്തുന്നതിനുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കയാണു്.

ശ്രീ. എ. താണുപിള്ള : ആ ശ്രമം രണ്ടു കൊല്ലത്തിനകം ഫലിക്കുകയാണെങ്കിൽ ഏജൻറാക്കാമെന്നാണോ പറഞ്ഞിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയല്ല. രണ്ടു കൊല്ലത്തിനകം ഏജൻറാക്കാമെന്നാണു പറഞ്ഞിരിക്കുന്നതു്.

ശ്രീ. എ. താണുപിള്ള : ഈ ചോദ്യത്തിനുത്തരം പറയാതിരിക്കുന്നതു പറയുന്നതിനേക്കാൾ ദോഷമാണെന്നു അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉത്തരം പറയാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാക്കി അക്കാര്യം അവസാനിപ്പിക്കുമെന്നാണു് ഉദ്ദേശിച്ചതു്. ബഹുമാനപ്പെട്ട അംഗങ്ങളുടെ അഭിപ്രായത്തിൽ രാജ്യശ്രേയസിനു ആവശ്യമല്ലാത്ത ഒരു ബാങ്കാണെന്നു വിചാരിക്കുന്നതു പോലെ തോന്നിയതുകൊണ്ടാണു ഞാനുത്തരം പറയുന്നതു്.

ശ്രീ. പി. വി. അവിരാത്തരകൻ : ഓപ്പൺ മാർക്കററിൽ ഇതിൻെറ ഷെയർവാല്യു പബ്ളിഷ് ചെയ്തിരിക്കുന്ന സ്ഥിതിക്കു അതു ഇവിടെ പറയുന്നതിൽ എന്താണു വിരോധം ?

Mr. Speaker: That is already there.

Shri P. S. Nataraja Pillai: May I put a question, Sir ?

Mr. Speaker: You put a question, and you had a turn. So cannot allow you to put any more questions.

ശ്രീ. പി. വി. അവിരാത്തരകൻ : എത്രകൊല്ലത്തേയ്ക്കാണു ഈ ജനറൽ മാനേജരെ നിയമിച്ചിരിക്കുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസുകൂടാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഇപ്പോഴത്തെ ജനറൽ മാനേജർ ഇംപീരിയൽ ബാങ്കിൽനിന്നും ഡിസ്മിസ് ചെയ്ത ആളാണോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി എനിക്കറിവില്ല.

ஸ்ரீ. ஏ. ஸாம்ராஜ் : இந்த பாங்கின் மானேஜிங் டைரக்டர் இங்கில்லாமல் வெளியில் தாமசிக்கிறாரென்றும், குடும்பத்துடன் போய் வருவதால் இந்தச் செலவுகளை பாங்கு தான் ஏற்றுக்கொள்கிறதா ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബാങ്കിൻെറ മാനേജുമെൻറായിട്ടാണ് ഏർപ്പാടുമെൻറ്. അതിനെപ്പററി ഗവണ്മെൻറിന് ഒന്നും പറയാൻ കഴിയുകയില്ല.

Nagercoil–Aramboly Road.

* 503. [15] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state :

(*a*) the date on which the concreting of the Nagercoil Aramboly Road was sanctioned by the Government; and

(*b*) the date on which actual work commenced ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) 25-11-1952.

(*b*) From January 1953.

ശ്രീ. ആർ. പൊന്നപ്പനാടാർ : ഈ ജോലി ചെയ്യുന്നതിന് ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : പ്രത്യേകമൊരു ചോദ്യമായി ചോദിച്ചാലേ അതിനുത്തരം പറയാൻ നിവൃത്തിയുള്ളൂ.

ശ്രീ. ആർ. പൊന്നപ്പനാടാർ : ഉദ്ദേശം എത്ര കൊല്ലങ്ങൾക്കുമുമ്പാണ് ഈ ജോലികൊടുത്തതെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

ஸ்ரீ. ஸி. சங்கர் : எஸ்டிமேட் எத்தனை மைல்களுக்குப் போடப்பட்டிருக்கிறது ?

ശ്രീ. കളത്തിൽ വേലായുധൻനായർ : 10 മൈൽ.

ஸ்ரீ. ஏ. ஸாம்ராஜ் : டிப்பார்ட்மெண்ட் மூலமாக நடத்தப்படுகிறதா அல்லது கான்ட்ராக்ட் கொடுத்து நடத்தப்படுகிறதா ?

ശ്രീ. കളത്തിൽ വേലായുധൻനായർ : കാൺട്രാക്ട്കൊടുത്ത് നടത്തുകയാണ്.

ஸ்ரீ. ஏ. ஸாம்ராஜ் : இவ்வளவு நாளாகியும் இதுவரையில் ஒன்றும் நடக்கவில்லை என்று அரசாங்கத்திற்கு தெரியுமா ?

ശ്രീ. കളത്തിൽ വേലായുധൻനായർ : സാമാനങ്ങൾ ശേഖരിച്ചു സർവ്വെ ചെയ്തുതുടങ്ങിയെന്നാണ് റിപ്പോർട്ട് കിട്ടിയിരിക്കുന്നത്.

ஸ்ரீ. ஏ. ஸாம்ராஜ் : சாமான்கள் வந்துசேருவது பூர்த்தியாகி விட்டதா ?

ശ്രീ. കളത്തിൽ വേലായുധൻനായർ : സാമാനങ്ങളുടെ സപ്ലൈ പൂർത്തിയായിയെന്നു പറയാൻ പാടില്ല. സപ്ലൈചെയ്തുകൊണ്ടിരിക്കുന്നു വെന്നാണു റിപ്പോർട്ടു കിട്ടിയിട്ടുള്ളതു്.

ശ്രീ. എ. താണുപിള്ള : ഇതിന്റെ എസ്റ്റിമേറ്റു കാസ്റ്റു എത്ര യാണെന്നു പറയാമോ ?

Shri Kalathil Velayudhan Nair : 9.47 lakhs.

ശ്രീ. എ. താണുപിള്ള : കാൺട്രാക്ടറാണോ ചെയ്യുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതെ.

Shri P. S. Nataraja Pillai : May I know whether this road is intended to be extended up to the frontier?

Mr. Speaker: Till the 10th mile.

ശ്രീ. കളത്തിൽ വേലായുധൻനായർ : പത്തു മൈൽ എവിടെ അവസാനിക്കുന്നു അവിടം വരെ കാണും.

Shri P. S. Nataraja Pillai: My question is whether it will extend up to the frontier ?

Mr. Speaker : The question is whether it is to be continued up to the frontier.

Shri Kalathil Velayudhan Nair : I am not in a position to answer that. I understand the implication. There is some road beyond Aramboly. If a separate question is put, I will answer that question.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇതിന്റെ ചെലവു വഹിക്കുന്നതു് റോഡ് ഡെവലപ്പുമെന്റ് ഫണ്ടിൽ നിന്നാണോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതെ.

Milk Powder.

* 504. [16] **Shri T. S. Ramaswami :** Will the Minister for Medicine and Public Health be pleased to state:

(*a*) whether the Government is distributing milk powder for the benefit of school children ;

(*b*) if so the quantity per year ;

(*c*) the number of children benefited ; and

(*d*) the total expenses incurred by the Government on this scheme ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) Yes.

(*b*) 2,25,800 lbs of skim milk powder in 1951-52.

(*c*) 28,960 children.

(*d*) Rs. 7,000 per year.

ശ്രീ. ടി. എസ്സ്. രാമസ്വാമി : എങ്ങനെയാണ് ഇതു കൊടുക്കുന്നതെന്നു പറയാമോ? തെക്കു ഭാഗത്തു കുന്നം കൊടുക്കാറില്ല.

ശ്രീ. വി. മാധവൻ : പള്ളിക്കൂടം കുട്ടികൾക്കാണ് പാൽപ്പൊടി വിതരണം ചെയ്യുന്നതു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ഹോട്ടലുകൾക്ക് ഈ പാൽപ്പൊടി കൊടുക്കുന്നുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. വി. മാധവൻ : ഇതുവരെ ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടില്ല. സ്കൂളുകൾക്കും ധർമ്മസ്ഥാപനങ്ങൾക്കുമാണ് കൊടുക്കുന്നതു്.

ശ്രീ. ടി എസ്സ്. രാമസ്വാമി : എല്ലാ സ്കൂളുകൾക്കും കൊടുക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ : എല്ലായിടത്തും കൊടുക്കാൻ തികയുകയില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : വിദ്യാഭ്യാസാധികൃതർ മുഖേനയാണോ വിതരണം നടത്തുന്നതു്?

ശ്രീ. വി. മാധവൻ : സ്കൂളുകളിൽ അതേ.

ശ്രീ. പി. എസ്സ് നടരാജപിള്ള : അസിസ്റ്റൻറ് ഇൻസ്പെക്ടർമാരെയാണോ, ഹെഡ്മാസ്റ്ററന്മാരേയാണോ ഈ പൊടി വിതരണം ചെയ്യുന്നതിന് ഏൽപ്പിക്കുന്നതു്?

ശ്രീ. വി. മാധവൻ : ഹെഡ്മാസ്റ്ററന്മാർ മുഖേനയാണ് വിതരണം നടത്തുന്നതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : എത്ര പള്ളിക്കൂടത്തിൽ വിതരണം ചെയ്യുന്നുവെന്നുള്ളതിന് ഒരു കണക്കുണ്ടോ?

ശ്രീ. വി. മാധവൻ : പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ അതിനു മറുപടി പറയാം. ഫസ്റ്റ് ഫോറം മുതലുള്ള കണക്കാണ് ഞാൻ ആദ്യം പറഞ്ഞതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : എത്ര ശതമാനം പള്ളിക്കൂടങ്ങളിലും എത്ര ശതമാനം ധർമ്മസ്ഥാപനങ്ങളിലും വിതരണം ചെയ്യുന്നുവെന്നുള്ളതിന് ഒരു കണക്കുണ്ടോ?

ശ്രീ. വി. മാധവൻ : അതിനെപ്പററിയും അന്വേഷിച്ചു പറയാവുന്നതാണ്.

ശ്രീ എ. താണുപിള്ള : ഇതിനു ൭,൦൦൦ രൂപയാണ് ചെലവ് എന്നുള്ളതു് ശരിയാണോ?

ശ്രീ. വി. മാധവൻ : അതേ.

ശ്രീ. ഏ. താണുപിള്ള : ഇത്രയും തുകകൊണ്ട് ഏൻ, ൦ ൦ ൦ കുട്ടികൾക്ക പാൽപ്പൊടി കൊടുക്കാമെന്നാണോ പറയുന്നത് ?

ശ്രീ. വി. മാധവൻ : പൊടിക്ക വിലകൊടുക്കേണ്ട കാര്യമില്ല. അവ വന്നിറങ്ങുന്ന സ്ഥലത്തുനിന്നും ഓരോ സ്ഥലങ്ങളിലും എ ിക്കുന്നതിനുള്ള ചെലവാണ് ഇത്.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി : പാൽവിതരണവുമായി സംബന്ധിച്ച് എന്തെങ്കിലും പരാതികൾ കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. ററി. ററി. കേശവൻ ശാസ്ത്രി : ആരെയെങ്കിലും ഈ കാര്യം സംബന്ധിച്ച് സസ്പെൻറ ചെയ്തിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ അന്വേഷിച്ച് മറുപടി പറയാം.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഈ പാൽപ്പൊടി എവിടെനിന്നാണ് കിട്ടുന്നതെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : യൂണിസെഫിൽ നിന്നാണ് കിട്ടുന്നത്.

ശ്രീ. ഏ. കെ. ചെല്ലയ്യാ : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വിതരണം ചെയ്യുന്നതെന്നു പറയാമോ ?

ശ്രീ. വി. മാധവൻ : ഒരു പ്രത്യേക ചോദ്യമയച്ചാൽ അതിനു ഉത്തരം പറയാം.

ശ്രീ. ഏ. കെ. ചെല്ലയ്യാ : തെക്കൻ തിരുവിതാംകൂറിലുള്ള പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് പാൽപ്പൊടി വിതരണം ചെയ്യുന്നില്ലെന്നു പറഞ്ഞാൽ ബഹുമാനപ്പെട്ട മന്ത്രി വിശ്വസിക്കുമോ ?

ശ്രീ. വി. മാധവൻ : പ്രൈമറി അല്ലാത്ത സ്കൂളുകൾക്ക കൊടുക്കുന്നുണ്ടെന്നു കൂടി അറിയേണ്ടതുണ്ട്.

Shri C. Sankar : Through what agency is milk powder supplied ?

* **Mr. Speaker** : The answer has already been given. He has answered it to Mr. N. P. Varghese's question.

WRITTEN ANSWERS.

കയർ വ്യവസായസംഘങ്ങൾ.

* ൪൦൪. [൧൭] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗ..ണ്മെൻറ് പുതിയ സ്കീം അനുസരിച്ച് രജിസ്റ്റർ ചെയ്ത കയർ വ്യവസായ സംഘങ്ങൾ എത്ര ; അവയിൽ പ്രാഥമികസംഘങ്ങൾ എത്ര ; സെൻട്രൽ സംഘങ്ങൾ എത്ര ;

(ബി) അവയിൽ എത്രയെണ്ണം ഇപ്പോൾ പ്രവർത്തനം നടത്തുന്നവയുണ്ട് ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) പുതിയ പ..തിയനുസരിച്ച് രജിസ്റ്റർ ചെയ്ത കയർ വ്യവസായ സഹകരണസംഘങ്ങൾ ഇരുപ..ി അഞ്ചെണ്ണം. ഇവയിൽ പ്രാഥമികസംഘങ്ങൾ ഇരുപ..ിനാലു്. കേന്ദ്ര സംഘം ഒന്ന്. മുൻ കൊച്ചി ഗവണ്മെൻറിൻെറ കീഴിൽ രജിസ്റ്റർ ചെയ്ത പ്രവർത്തനം നട..ിവന്ന നാലു പ്രാഥമിക സംഘങ്ങളെയും ഒരു കേന്ദ്ര സംഘത്തെയും കൂടി പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) എല്ലാ സംഘങ്ങളും പ്രവർത്തനം നടത്തുന്നുണ്ട്.

കയർ വ്യവസായ സംഘങ്ങൾ.

* ൦൦൭. [൨൦] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കയർ വ്യവസായസംഘങ്ങൾ കഴിഞ്ഞയാണ്ടിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തു് ;

(ബി) ആകെ നടത്തിയ വ്യാപാരമെത്ര ;

(സി) വ്യാപാരത്തിൽ മൊത്തം ലാഭമോ നഷ്ടമോ എത്ര ?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) അംഗങ്ങളെ ചേർക്കുക, ഓഹരി വിൽക്കുക, മൂലധനം ഉണ്ടാക്കുക, തുന്നിയ്ക്കുക പുറമേ പച്ചയ..ാണ്ടു് വാങ്ങി അഴക്കി വിൽക്കുക, കയർ ഉൽപ്പാദിപ്പിക്കുക, കയർ സ്വന്തനിലയിലും കമ്മീഷൻ വ്യവസ്ഥയിലും ശേഖരിച്ചു വിൽക്കുക ആദിയായ പ്രവർത്തനങ്ങൾ കഴിഞ്ഞയാണ്ടിൽ നട..ിയിട്ടുണ്ട്.

(ബി) ആകെ ൧൦,൭൯, ൩൫൭ രൂപയുടെ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്തിട്ടുണ്ട്.

(സി) മൊത്തം നഷ്ടം ൫ ൪,൯ ൫ ൪൭ രൂപ.

General Hospital.

* 507. [20] **Dr. N. S. Pillai:** Will the Minister for Medicine and Public Health be pleased to state;

(*a*) Was not the custom in the Trivandrum General Hospital for experts in Surgery and Medicine to attend the out-patient Department at least for an hour daily;

(*b*) Why this very useful practice was recently stopped;

(*c*) Do the Government know that the poor out-patients are put to great difficulties by this new system; and

(*d*) Will the Government re-introduce the old system without any delay?

Minister for Medicine & Public Health (**Shri V. Madhavan**):

(*a*) Yes.

(*b*) Because it was found that by this arrangement the Unit Medical Officers could not devote enough time to the in-patients.

(*c*) No.

(*d*) This is not considered necessary now as the present system is working satisfactorily.

ഭക്ഷ്യസബ്സിഡി.

* ൪ ൦ വ്വ. [൨ ൧] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽനിന്നും നൽകുന്ന അരിയുടെ വിലവർദ്ധനവിനനുപാതികമായി ഭക്ഷ്യസബ്സിഡി ഇനത്തിൽ നമുക്കു നൽകിവരുന്ന തുക വർദ്ധിപ്പിച്ചു തരേണ്ടതിന്റെ ആവശ്യകത കേന്ദ്രഗവണ്മെന്റ് ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്നെന്തു മറുപടി ലഭിച്ചു ;

(സി) ഇല്ലെങ്കിൽ അതിനുവേണ്ടി അടിയന്തിരനടപടികൾ കൈക്കൊള്ളുമോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) സബ്സിഡി വർദ്ധിപ്പിച്ചുതരേണ്ട കാര്യത്തിൽ കേന്ദ്രഗവണ്മെൻറിനോട് പലപ്പോഴും നിവേദനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) നിലവിലുള്ള വിൽപ്പനവില തുടർന്നു പോകയാണെങ്കിൽ സംസ്ഥാന ബഡ്ജററിൽ സബ്സിഡിവകയ്ക്കു് കൊള്ളിച്ചിട്ടുള്ള രണ്ടുകോടി രൂപയിൽ കവിഞ്ഞ നഷ്ടം വരാത്തവണ്ണം സംസ്ഥാനത്തേയ്ക്കുള്ള അരി കേപ്പാട്ടാ തന്നുകൊള്ളാമെന്നു കേന്ദ്രഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊല്ലം—എറണാകുളം റെയിൽവേ.

* ൪൦൯. [൨൨] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ടുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം—എറണാകുളം റെയിൽവേ മീററർ ഗേജോ ബ്രോഡ് ഗേജോ ഇതിൽ ഏതായിരിക്കണമെന്നു അവസാനമായി തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് ;

(സി) തീരുമാനത്തിനു സഹായകമായ നിർദ്ദേശങ്ങൾ സ്റ്റേറ്റു ഗവണ്മെൻറ്നോടാ ശ്യപ്പെട്ടിരുന്നോ ;

(ഡി) സ്റ്റേറ്റു ഗവണ്മെൻറ് ഈ കാര്യത്തിൽ എന്തെങ്കിലും അഭിപ്രായങ്ങൾ സെൻട്രൽ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടോ ;

(ഇ) റെയിൽവേ പണിയാരംഭിക്കുന്നതു ദുരിതനിവാരണ പ്രവർത്തനങ്ങൾക്ക് സഹായകമാകുന്നതുകൊണ്ട് ഉടനെ പണിയാരംഭിക്കുവാൻ കേന്ദ്രഗവണ്മെൻറിനോട് നിർബ്ബന്ധിക്കുവാൻ ഗവണ്മെൻറ് അടിയന്തിരമായി ശ്രദ്ധിക്കുമോ ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ട്.

(ബി) മീററർ ഗേജ്.

(സി) ഇല്ല.

(ഡി) കൊല്ലം—എറണാകുളം റെയിവേ ബ്രോഡ്ഗേജായിരിക്കണമെന്ന് ഈ ഗവണ്മെൻറ് സെൻട്രൽ ഗവണ്മെൻറിനോട് ആവശ്യപ്പെട്ടിരുന്നു.

(ഇ) ഒരു ദുരിതനിവാരണപ്രവർത്തനം എന്ന നിലയ്ക്ക് ഈ റയിൽവേയുടെ ജോലി ഉടനെ ആരംഭിക്കണമെന്ന് ഈ ഗവണ്മെൻറ് ആവശ്യപ്പെട്ടതനുസരിച്ച് ജോലി ആരംഭിച്ചു കഴിഞ്ഞു.

വൈദ്യന്മാരുടെ നിയമനങ്ങൾ.

* ൪൧൦. [൨൩] ശ്രീ. പി. എസ്. വാസുദേവൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൽനിന്നും പുതിയ ആയുർവ്വേദ ആശുപത്രികളും, ഡിസ്പെൻസറികളും തുടങ്ങുമ്പോൾ ഗ്രാൻറു വൈദ്യന്മാരിൽനിന്നും സർവീസും, യോഗ്യതയുംനോക്കി ഗവണ്മെൻറ് നേരിട്ടു നിയമനങ്ങൾ നടത്തണമെന്ന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ ഗ്രാൻറു വൈദ്യന്മാർക്ക് പ്രത്യേക പരിഗണന നൽകുവാൻ വ്യവസ്ഥകൾ ചെയ്യുമോ?

പൊതുജനാരോഗ്യ കുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ നിയമനം നടത്തുമ്പോൾ ഗ്രാൻറ വൈദ്യന്മാരിൽ യോഗ്യതയുള്ളവരെ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ തിരഞ്ഞെടുക്കുന്ന പക്ഷം നിയമിക്കുന്നതാണ്.

വിമുക്തഭടന്മാരുടെ സഹായധനം.

* ൧൧൧. [൨ ൪] ശ്രീ. പി. എസ്. വാസുദേവൻ പിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാരെ സംബന്ധിച്ചുള്ള ഭാവിപദ്ധതികൾക്ക് വേണ്ടി കേന്ദ്രഗവണ്മെൻറിൽനിന്നും എത്രതുക സഹായധനം ലഭിച്ചിട്ടുണ്ട് ;

(ബി) ഈ തുക ആരുടെ മേൽനോട്ടത്തിലാണ് വിനിയോഗിക്കുന്നത് ;

(സി) ഈ തുകയുടെ വിനിയമനത്തെപ്പററി പരാതികൾ ലഭിച്ചിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) കേന്ദ്രഗവണ്മെൻറിൽനിന്നും സഹായധനം ലഭിച്ചതുക ൪ ൧,൩൨,൨ ൧ ൧ രൂപ.

(ബി) എസ്. പി. ഡബ്ലിയു. ആർ. ഫണ്ട് കമ്മിററിയുടെ റസല്യൂഷനെ അടിസ്ഥാനപ്പെടുത്തിയുള്ള ഗവണ്മെൻറ് ആർഡർ അനുസരിച്ച് ഈ തുക വിനിയമനം ചെയ്യുന്നു. ഈ സംഖ്യ കംട്രോളുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിരിക്കുകയാണ്.

(സി) ഇല്ല.

പിരിച്ചുവിടപ്പെട്ട എക്സൈസ് ഗാർഡുകൾ.

* ൧൧൨. [൨ ൫] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യ-൧൦-൧൯ ൪൯-ൽ പിരിച്ചു വിടപ്പെട്ട എക്സൈസ് ഗാർഡുകളിൽ പരീക്ഷായോഗ്യതയുണ്ടായിരുന്നവരെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരായി മുൻഗണന നൽകി നിയമിക്കാൻ ൩൦-വ്യ-൧൯ ൫൨-ൽ ഒരു ഗവണ്മെൻറ് ആർഡർ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തദനുസരണം നിയമനം നൽകപ്പെട്ടവരുടെ ആകെ എണ്ണം എത്ര ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഗവണ്മെൻറിൽനിന്നും അപ്രകാരം ഒരു ആർഡർ പാസ്സാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത ആർഡർ പബ്ലിക്ക് സർവ്വീസു കമ്മിഷനു് അയച്ചെങ്കിലും കമ്മിഷൻ ഉന്നയിച്ച ചില പ്രശ്നങ്ങൾ ഗവണ്മെൻറിന്റെ പര്യാലോചനയിൽ ഇരിക്കുകയാണു്. അതിനാൽ ആ ഉത്തരവനുസരിച്ചു് ആരെയും ഇതു വരെ നിയമിച്ചിട്ടില്ല.

റേഷൻ ധാന്യങ്ങൾ.

*ഇ ഫ. [൨൭] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറു ഡിപ്പോകളിൽനിന്നു വീട്ടെയിൽ വ്യാപാരികൾക്കു് റേഷൻധാന്യങ്ങൾ അളന്നു കെട്ടിനൽകുന്നതുകൊണ്ടു് വ്യാപാരികൾക്കു് ഭീമമായ നഷ്ടം ഉണ്ടാകുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അളവിൽ കുറവുണ്ടാകാതിരിക്കത്തക്കവിധം ധാന്യങ്ങൾ മുൻപതിവനുസരിച്ചു് തൂക്കിക്കൊടുക്കുവാൻ ഉടനടി ഏർപ്പാടുചെയ്യുമോ?

ധനകാര്യവും സിവിൾസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഇല്ല.

(ബി) അതിനെപ്പററി ഗവണ്മെൻറു് ആലോചിച്ചുവരുന്നുണ്ടു്.

Processing of Oils.

*514 (27) **Shri M. K. Mathai:** Will the Minister for Finance be pleased to state:

(*a*) has the Government got any development schemes for the production and processing of Essential Oils other than Lemon Grass Oil;

(*b*) If so who is in-charge of that scheme at present;

(*c*) what are the special qualifications of the staff employed under this scheme;

(*d*) what is the nature of the work so carried out under this scheme;

(*e*) does the Government intend to send abroad anybody for further training in the processing of essential oils;

(*f*) what amount has been so far spent for this scheme;

(*g*) has the Government got any plan to control the quality of essential oils produced in the State; and

(*h*) has the Government ever enquired about the possibility of producing essential oils other than Lemon Grass oil in a commercia scale in this State ; if so, what are they ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) Yes.

(*b*) The Director of Industries and Commerce.

(*c*) One Chemist with M.Sc. in chemistry and research experience and one Laboratory Assistant with B.Sc. in chemistry.

(*d*) Experimental investigations to identify the minor constituents in lemon grass oil and analysis of soil are being carried out.

(*e*) No.

(f) Rs. 5,308—15—0.

(*g*) Yes.

(*h*) The matter is under the consideration of Government.

കൊപ്രാ ഇറക്കുമതി.

*516. [വൻ] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെങ്ങുകൃഷിക്കാരെ ബാധിക്കത്തക്കവിധം വീണ്ടും കൊപ്രായും, തേങ്ങയും സിലോണിൽനിന്നും ഇൻഡോനേഷ്യയിൽനിന്നും ഇൻഡ്യയിലേക്കു ഇറക്കുമതി ചെയ്യുന്നതിനുള്ള ഉടമ്പടികൾ ചെയ്യുമ്പോൾ ഇൻഡ്യാ ഗവണ്മെൻറ് തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറിന്റെ അഭിപ്രായങ്ങൾ അന്വേഷിക്കയുണ്ടായോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഇല്ല.

Assistant Engineers.

*516. (30) **Shri O. C. Ninan :** Will the Minister for Works and Transport be pleased to state :

(*a*) with reference to the question No. 523 reported at page 1088 Vol. VII, dated 8th November 1952, what are the reasons for not fixing the proportion for promotion from the Supervisor's to Assistant Engineer's grade between graduates and under-graduates ; and

(*b*) whether any recommendation is pending with the Government ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) & (*b*) Recommendations have been received from the Chie Engineer, P.W.D. and they are under the consideration of Government.

Ration to Plantation labourers.

*517. (31) **Shri N. Ganapathi :** Will the Minister for Civil Supplies be pleased to state :

(*a*) whether it is a fact that the rations given to the plantation labourers through A.P.T is far below the quantity fixed by the Government and issued to the public by ration shops ;

(*b*) will the Government consider increasing the rice content in rations issued to plantation labourers ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) No. But recently the Association of Planters of Travancore have requested Government to sanction additional quota of foodgrains to them.

(*b*) Yes.

അടയ്ക്കാ.

*ഇവ്വ. [൩൪] ശ്രീ. ടി. കെ. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അടയ്ക്കാ വിദേശങ്ങളിൽനിന്നു ഇറക്കുമതിചെയ്യുന്നതിൽ നൂറു ശതമാനം കുറവുചെയ്യണമെന്നു ഈ ഗവണ്മെന്റ് കേന്ദ്രഗവണ്മെന്റിലേക്കു അപേക്ഷിച്ചിട്ടുണ്ടോ ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

ഇല്ല.

UNSTARRED QUESTIONS.

ഫണ്ട്.

ഇവ്വ. [൨] ശ്രീ. ആർ. ഗംഗാധരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാരുടെ സഹായാർത്ഥമുള്ള ഫണ്ടിൽനിന്നും ൧൯൫൧-൫൨-ാം ശേഷം എത്ര രൂപ ചെലവായിട്ടുണ്ട് ;

(ബി) ചെലവായിട്ടുണ്ടെങ്കിൽ ആക്കാലങ്ങളിൽ എപ്പോഴെല്ലാം എത്ര നിരക്കിൽ ചെലവഴിച്ചു ?

ഉത്തരം.

(എ) വിമുക്തഭടന്മാരുടെ സഹായാർത്ഥമുള്ള ഫണ്ടിൽനിന്നും ൧൯-൧൧-൪ ൧-സശേഷം ൩൧-൧-൪൩ വരെയുള്ള മൊത്തച്ചെലവ് രൂപ ൧൨,൧൪,൦൪ അണ ൧൪ പൈസ ൪ ആണ്.

(ബി) ൧. കൊച്ചിൻ എക്സ്സർവ്വീസ്സ് എൻജിനീയേഴ്സ് ദംബായിൻ കോ. സൊ. ലി. ഏറണാകുളം.

൧൯-൭-൪൨ ൨ ൦ ൦ ൦ ൦ രൂപ ൦ അണ ൦ പൈസ

൨. സെൻട്രൽ ട്രാവൻകൂർ ഇൻഡസ്ട്രിയൽ ആൻറ് ആൻസ്റ്റോർട്ട് കോ. സൊ. ൨ ന്യൂ ൭ ഹരിപ്പാട്.

൧൭-൯-൪൨ ൧൪ ൦ ൦ ൦ രൂപ ൦ അണ ൦ പൈസ

൩. ൧൨൩ വിമുക്തഭടന്മാർക്ക് വിദ്യാഭ്യാസ സൗജന്യം.

൪൯൪ ൧ രൂപ ൧൧ അണ ൦ പൈസ

൪. വിമുക്തഭടന്മാരുടെ ആവശ്യാർത്ഥം നൂറനാട് ആശുപത്രി പണിയുവാൻ മുമ്പ് കൊടുത്തതിനു പുറമേ

൨൯-൩-൪൨ ൭ ൦ ൦ ൦ രൂപ ൦ അണ ൦ പൈസ

൫. വിമുക്തഭടന്മാരുടെ ആവശ്യാർത്ഥം ചേർത്തലയിൽ ആശുപത്രി പണിയുവാൻ മുമ്പ് കൊടുത്തതിനു പുറമേ

൨-൩-൪൨ ൩൭൦൦ രൂപ ൦ അണ ൦ പൈസ

൬. ആഫീസു ജീവനക്കാരുടേയും പരസ്പരസഹായസംഘം സെക്രട്ടറിമാരുടേയും ഇൻസ്പെക്ടർമാരുടെയും ശമ്പളം

൧൪വ്വൻവ്വ രൂപ ൪ അണ ൨ പൈസ

൭. സ്റ്റാമ്പ്, സ്റ്റേഷനറി, കെട്ടിടവാടക മുതലായവയ്ക്ക്

൧൨ ൭ ൪ രൂപ ൧൭ അണ ൩ പൈസ

ആകെ ൧൨,൧൪,൦൪ രൂ ൧൪ അണ ൪ പൈസ

ഗതാഗതം.

൨൭൭. [൩] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും കൂപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറയ്ക്കോട്ടിൽക്കൂടിയുള്ള ഗതാഗതത്തിനു വൈഷമ്യമുള്ളതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നാവികതൊഴിലാളികളുടെ വല്ല നിവേദനവും ഇക്കാര്യത്തെക്കുറിച്ച് ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ ;

(സി) വേണ്ട സത്വരനടപടികൾ ഉടനടി നടത്തുമോ ;

(ഡി) അഖിലകേരളനാവികതൊഴിലാളിസംഘം ഇക്കാര്യത്തെക്കുറിച്ച് മെമ്മോറിയൽ അയച്ചിരുന്നത് കിട്ടിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അതിൻപ്രകാരം വല്ല നടപടികളും നടത്തിയോ ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) വേണ്ടനടപടികൾ നടത്തിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) നടത്തി.

Paddy procured in the State.

286. (4) **Shri A. Samraj :** Will the Minister for Finance and Civil Supplies be pleased to state :

(*a*) The amount of paddy procured in the whole of the State for the last four years ; and

(*b*) District-war figures of procurement ?

Answer.

(*a*) & (*b*) The information is furnished in the statement appended. †

Amount spent by the P.W.D.

287. (5) **Shri A. Samraj :** Will the Minister for Works and Transport be pleased to state :

(*a*) the total amount spent by the P.W.D. in the financial year 1952-53 ; and

(*b*) District-war figures.

Answer.

(*a*) & (*b*) Rs. 2,54,03,764 till the end of January 1953. This includes expenditure on works and expenditure on Establishment. A statement showing the amounts spent in the different Divisions is appended. ‡

---

†*Please see Appendix II.*

‡*Please see Appendix III.*

ഇലക്ട്രിക്ക് വകുപ്പുകൾ.

൨൭൭. [൩] ശ്രീ. വാഴണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക്ക് വകുപ്പിൽനിന്നും അനുവദിച്ചിട്ടുള്ള പണികൾ ചെയ്തുതീർക്കുന്നതിൽ, ആദ്യമായി അനുവദിച്ച പണികൾ ആദ്യമായി നിറവേറുക എന്ന ഒരു പൊതു തത്വം അംഗീകരിക്കാറുണ്ടോ;

(ബി) തൃശ്ശൂർ ഡിസ്ട്രിക്ടിൽ വരന്തപ്പിള്ളി വില്ലേജിലേക്ക് ഇലക്ട്രിസിറ്റി നീട്ടുവാൻ അനുവദിച്ചിട്ട് എത്ര കാലമായി;

(സി) ടി പണി നടക്കാത്തതു എന്തുകൊണ്ടാണ്; താമസിയാതെ ചെയ്തുതീർക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഉദ്ദേശം പതിനൊന്നുമാസം.

(സി) സാമഗ്രികളുടെ അഭാവവും ഉദ്യോഗസ്ഥന്മാരുടെ കുറവും ആണ് പണിനടക്കാനുള്ള താമസത്തിനു കാരണം. ഉവ്വ്.

വ്യവസായസ്ഥാപനങ്ങൾ.

൨൭൮. [൧൦] ശ്രീ. എം. പി. വർക്കീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗവണ്മെൻറ് ഷയറുകളുള്ള എത്ര വ്യവസായസ്ഥാപനങ്ങൾ ഈ രാജ്യത്തുണ്ട്;

(ബി) ഓരോന്നിലും എത്രമാത്രം ഷയറുകൾ ഈ ഗവണ്മെൻറിലുണ്ട്;

(സി) ൧൯൪൮-൪൯ലും ൧൯൪൯-൫൦ലും ഈ സ്ഥാപനങ്ങളിൽ ഓരോന്നിൽനിന്നും ഗവണ്മെൻറിലേക്ക് എന്തു തുകവീതം ആദായം കിട്ടിയിട്ടുണ്ട്?

ഉത്തരം.

(എ) ൨൩.

(ബി) ഓരോ കമ്പനിയിലുമുള്ള ഷയറുകളുടെ വിവരം പട്ടികയായി അനുബന്ധിച്ചിട്ടുണ്ട്.

(സി) ഈ വർഷങ്ങളിൽ ഡിവിഡൻറ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിൽനിന്നും ഗവണ്മെൻറിന് കിട്ടിയിട്ടുള്ള തുകകളുടെ പട്ടിക അനുബന്ധിച്ചിട്ടുണ്ട്.†

† Please see Appendix IV.

Minor Irrigation Projects.

290. (13) **Shri T. S. Ramaswami :** Will the Minister for Works and Transport be pleased to state :

(*a*) whether the Government have made an enquiry into the possible Minor Irrigation Projects in South Travancore ;

(*b*) if so, when ; and

(*c*) the possible minor Projects recommended in the Enquiry Report ?

Answer.

(*a*) Government have made enquiry into the following minor irrigation projects in South Travancore.

(*i*) construction of a reservoir at Mambalathurai ;

(*ii*) construction of a reservoir at Poigai hills ;

(*iii*) Diversion of Chungam Odai.

(*b*) Mambalathurai in the year 1938, Poigai reservoir in the year 1935, Chungam Odai in the year 1942.

(*c*) The Mambalathurai and Poigai Schemes were found to be very costly and of doubtful benefits. The diversion of the Chungam Odai was found to be feasible.

Supply of Electricity

291 (14) **Shri M. V. Cheriyan:** Will the Minister for Works be pleased to state:

(*a*) whether any representation has reached the Government for drawing up an electric line from Kakkadu near Piravom to Pampakuda market along the Uzhavoor thodu; and

(*b*) whether Government would condescend to include the above under rural electrification scheme and be implemented without delay?

Answer.

(*a*) Yes.

(*b*) The question can be considered next year if the load prospects of the localities improve.

ജലസേചനപദ്ധതി.

൨൪൨. [൧ ൫] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ജലസേചന പദ്ധതികൾ ഈ സ്റ്റേറ്റിൽ പൂർത്തിയാകാതെ കിടക്കുന്നു;

(ബി) എന്തു കാലയളവിൽ ഇവ പൂർത്തിയാക്കാൻ കഴിയും;

(സി) ഓരോന്നിനും, ഇതുവരെ എന്തു ചിലവായി; എന്തുകൂടി ചിലവാക്കിയാൽ പൂർത്തിയാകും;

(ഡി) എത്ര ഏക്കർ കൃഷിസ്ഥലങ്ങൾക്ക് ഓരോന്നുകൊണ്ടും പ്രയോജനം ഉണ്ടാകും?

ഉത്തരം.

(എ) ആറ് ജലസേചന പദ്ധതികൾ പൂർത്തിയാകാനുണ്ട്. അതായതു്, കെ. ഇ. പി., വാഴാനി, ചാലക്കുടി, പീച്ചി, കുട്ടനാട്, നെയ്യാർ.

(ബി) കെ. ഇ. പി. യുടെ ജോലികൾ ആറുമാസത്തിനകം കഴിയും, വാഴാനി, പീച്ചി, ചാലക്കുടി എന്നീ പദ്ധതികളുടെ ജോലികൾ ൧൯൫൪-ലും, നെയ്യാർ, കുട്ടനാട് എന്നീ പദ്ധതികളുടെ ജോലി ൧൯൫൫-ലും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി)		൧൯൫൩ നവംബർവരെ ചിലവായതുക.	ഇനിയും ചിലവാകേണ്ടതുക.
(൧)	പീച്ചി ശ്രീ	൧൫.൫ ലക്ഷം.	൧൩.൦൭ ലക്ഷം.
(൨)	ചാലക്കുടി ടി	൫൧.൩൩ ലക്ഷം.	൧൫൭.൩൬ ലക്ഷം
(൩)	വാഴാനി ടി	൨൨.൦൭ ലക്ഷം.	൩൫.൫൨ ലക്ഷം.
(൪)	കുട്ടനാട് ടി	൩൪.൨ ലക്ഷം.	൧൦൦.൬൩ ലക്ഷം.
(൫)	നെയ്യാർ ടി	൧൧.൩൫ ലക്ഷം.	൨൫൪.൩൫ ലക്ഷം.
(൬)	പെരുഞ്ചാണിടി	൩൦.൩൫ ലക്ഷം.	൬.൩൫ ലക്ഷം.

(ഡി)	പദ്ധതിയുടെ പേര്.	പ്രയോജനപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം.
(൧)	കെ. ഇ. പി.	൧൦,൦൦൦ ഏക്കർ.
(൨)	വാഴാനി	൧൧,൦൦൦ ,,
(൩)	ചാലക്കുടി	൫൦,൦൦൦ ,,
(൪)	പീച്ചി	൪൭,൭൦൦ ,,
(൫)	കുട്ടനാട്	൧,൨൧,൦൦൦ ,,
(൬)	നെയ്യാർ	൩൧,൦൦൦ ,,
	ആകെ	൨,൭൦,൭൦൦ ,,

ജനറൽ ആശുപത്രി കാൻറീൻകെട്ടിടം.

ചോദ്യം. [൧ ൭] ഡാക്ടർ എൻ. എസ്സ്. പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം ജനറലാശുപത്രിയിൽ കാൻറീനുവേണ്ടിയുള്ള കെട്ടിടം പൂർത്തിയായിട്ട് ഏ ത്രകാലമായി; അവിടെ കാൻറീൻ ഇതുവരെ തുടങ്ങാത്തതിനു കാരണമെന്തു്;

(ബി) ഈ കെട്ടിടത്തിൽ പട്ടാപ്പകൽ ഒരു രോഗി തൂങ്ങിച്ചാകാൻ ഇടയായതെങ്ങിനെ; ഏകദേശം ഒന്നരമാസത്തിനുമുമ്പ് വീണ്ടും ഒരു രോഗി അവിടെ തൂങ്ങിമരിച്ചതായി അറിയാമോ;

(സി) ഈ മാതിരി അത്യാഹിതങ്ങൾ ജനറലാശുപത്രി കമ്പൌണ്ടിൽ ഉണ്ടാകുന്നതിനു് പ്രത്യേക കാരണങ്ങൾ ഉണ്ടോ;

(ഡി) ഈ മാതിരി സംഭവങ്ങൾ മേലാലെങ്കിലും ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികൾ നടത്താൻ ഗവണ്മെൻറ് ശ്രദ്ധിക്കുമോ?

ഉത്തരം.

(എ) കാൻറീനുവേണ്ടിയുള്ള കെട്ടിടം പൂർത്തിയാകാത്തതുകൊണ്ടാണ് കാൻറീൻ തുടങ്ങാത്തതു്.

(ബി) ഈ കെട്ടിടത്തിൽ പട്ടാപ്പകൽ ആരും തൂങ്ങിമരിച്ചിട്ടില്ല. എന്നാൽ രാത്രികാലങ്ങളിൽ ഇത്തരം രണ്ടു സംഭവങ്ങൾ അവിടെ ഉണ്ടായിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ശ്രദ്ധിക്കാം.

ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

ചോദ്യം. [൧ ൭] ശ്രീ. പി. എസ്സ്. വാസുദേവൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്ധ്യതിരുവിതാംകൂറിൽ പമ്പാതീരത്തു് കിടങ്ങന്നൂർ പുഞ്ച മുതലായ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കണമെന്നു് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഇപ്പ- ൪-ൽ ഈ പദ്ധതി തിരുവിതാംകൂറിൽ ഏവിടെയെല്ലാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടു്;

(സി) അപ്രകാരം ഉദ്ദേശിക്കുന്നുവെങ്കിൽ അതിൽ കിടങ്ങന്നൂർ കൂടി ഉൾപ്പെടുത്തുവാൻ ദയവുണ്ടാകുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഇപ്പ- ൪-ൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കണമെന്നു് തീരുമാനിക്കപ്പെട്ടിട്ടില്ല. ബഡ്ജറ്റ് പാസ്സായതിനുശേഷമെ അക്കാര്യം ആലോചിക്കുവാൻ നിവൃത്തിയുള്ളു.

(സി) കിടങ്ങൂർ സ്കീം അന്വേഷണത്തിലിരിക്കുന്നതേയുള്ളൂ. അന്വേഷണം പൂർത്തിയാകുമ്പോൾ അക്കാര്യം തീർച്ചപ്പെടുത്തുന്നതാണ്.

Bus Route.

295 (20) **Shri Ganapathi:** Will the Minister for Transport be pleased to state:

(*a*) why no bus route is allowed in Vandamed-Shanthapara road although it is an year since the road was completed; and

(*b*) whether any bus owner has applied for same?

Answer

(*a*) The P. W. D. Authorities have reported that the road is not yet fit for bus traffic.

(*b*) A few applications have been received.

സീനിയാറിട്ടി പ്രശ്നം.

ചോദ്യം. [ചോ ഫ] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

ആയുർവ്വേദ ഡയറക്ടറാഫീസിലെ മാനേജരുടെ നിയമനംമൂലം ഈ വകുപ്പിലെ മററാരുടെയെങ്കിലും സീനിയാറിട്ടി അവഗണിച്ചിട്ടുണ്ടോ ?

ഉത്തരം.

ഇപ്പോഴത്തെ നിയമനം താൽക്കാലികമാണ്. സർവ്വീസു സംയോജനം പൂർത്തിയായിട്ടില്ല. അതുവരെ വ്യക്തമായ ഒരു ഉത്തരം നൽകുന്നതിന് നിവൃത്തിയില്ല.

ഭക്ഷ്യോൽപ്പാദന കമ്മിററി.

ചോ ൭. [ചോ ചോ] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കുതോറും സംഘടിപ്പിച്ചിട്ടുള്ള ഭക്ഷ്യോൽപ്പാദന കമ്മററിയുടെ പ്രവർത്തനം എന്താണ്.

(ബി) ൧൯൫൪-൫൫-ൽ ഓരോ താലൂക്കിലേക്കും അലോട്ടുചെയ്തതുക എത്രയാണ്; ഇതു കൊടുത്തോ ;

(സി) ൧൯൫൪-൫൫-ൽ പറവൂർതാലൂക്കിൽ എത്ര പണികൾ താലൂക്ക് ഫുഡ് പ്രൊഡക്ഷൻ കമ്മിററി റെക്കമെൻറു ചെയ്തയച്ചിട്ടുണ്ട് ; എത്ര തവണ ആകെ കമ്മിററി കൂടി; റെക്കമെൻറു ചെയ്ത പണികൾക്ക് അനുവാദം കൊടുത്തിട്ടുണ്ടോ ;

(ഡി) ഫർ ദ്ദ – ഇസ്-ൽ പുതിയതായി എത്ര അപേക്ഷകൾ താലൂക്ക് (പറവൂർ) ഫുഡ് കമ്മിററിക്ക് കിട്ടിയിട്ടുണ്ട്; മുൻ കൊല്ലങ്ങളിലെ എല്ലാംകൂടി ഇതുവരെ തീരുമാനമുണ്ടാകാത്തതും, നടപ്പിലാകാത്തതുമായ എത്ര അപേക്ഷകളുണ്ട്; ഈ മാന്ദ്യത്തിന് കാരണം എന്താണ്?

ഉത്തരം.

(എ) അതതു താലൂക്കുകളിൽ ഭക്ഷ്യോൽപ്പാദനം ത്വരിതപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ശുപാർശ ചെയ്യുകയാണ് ഈ കമ്മിററികളുടെ ചുമതല.

(ബി) താലൂക്കടിസ്ഥാനത്തിൽ ഫണ്ടു വിഭജനം നടത്താറില്ല. ഓരോ പദ്ധതികൾക്കാണ് ഫണ്ടു വിഭജിക്കുന്നത്.

(സി) പണികൾ റെക്കമെൻറ്ചെയ്ത രണ്ടുതവണ കമ്മിററിക്കു്. റെക്കമെൻറ ചെയ്ത പണികൾക്കൊന്നിനും അനുവാദം കൊടുത്തിട്ടില്ല.

(ഡി) പുതിയതായി രണ്ട് അപേക്ഷകൾ താലൂക്ക് കമ്മിററിക്ക് ലഭിച്ചിട്ടുണ്ട്. അപേക്ഷകൾ ലഭിച്ചതിൻ പ്രകാരം ഏൻ പണികൾ നടത്തുവാനുണ്ട്. തന്നാണ്ടിൽ പണമില്ലായ്കയാലും, അന്വേഷണം പൂർത്തിയാകാത്തതിനാലും ഈ പണികൾ നടക്കാതെ കിടക്കുന്നു.

പാലംപണി.

ഏൻവ [ഏനു] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) പറവൂർ–വരാപ്പുഴ റോഡിൽ ചെറിയപ്പിള്ളി കടത്തുകടവിൽ പാലം പണിയുന്നതിന് ഈ ഗവണ്മെൻറിന് വല്ല പ്ലാനുമുണ്ടായിരുന്നോ;

(ബി) ഏതു കൊല്ലത്തിലാണ് ഇതിനുവേണ്ട പ്രാരംഭ അന്വേഷണങ്ങൾ നടത്തിയതു്;

(സി) ഇന്ന് ആ പ്ളാൻ ഏതു നിലയിലിരിക്കുന്നു;

(ഡി) ചെറിയപ്പിള്ളി വഴിയും കോട്ടുവള്ളിവഴിയും (ചെമ്മായം കടത്തു്) ഉള്ള പറവൂർ-വരാപ്പുഴ റൂട്ടിൽ ഏതു കടവിലാണ് പാലം പണിയുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു്; ഇതെപ്പററി പൊതുജനങ്ങളിൽനിന്നും വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) തൽക്കാലം ഒന്നും തീരുമാനിച്ചിട്ടില്ല. പൊതുജനങ്ങളിൽനിന്നും ഓരോ കടവിലും ഓരോ പാലം ആവശ്യമാണെന്നു കാണിച്ചുള്ള നിവേദനം കിട്ടിയിട്ടുണ്ട്. എന്നാൽ സബ്ഡിവിഷൻ വർക്സ് കമ്മററി തൽക്കാലം പാലം പണിയണ്ടെന്നു തീരുമാനിച്ചു.

പാലംപണി.

൨൯൯. [൨൪] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലങ്ങാട്ട് പകുതിയിൽ ശ്രീ ചിത്രാ റോഡിൽ നീറിക്കോട്ട് പാലം പണിക്ക് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം.

ഇല്ല.

ആശുപത്രി പണി.

൩൦൦. [൨൫] ശ്രീ സി. പി. ശ്രീവല്ലഭമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേന്ദമംഗലം വില്ലേജിൽ തോട്ടുങ്ങലിൽ (ചാത്തേടംതുരുത്തി പ്പുറം) ഒരു ആശുപത്രി പണിയുവാൻ ഏതെങ്കിലും സംഘടനകൾ ഉദ്ദേശിക്കുന്നതായി അറിയാമോ ;

(ബി) ആരാണ് ; എന്നു തുടങ്ങും ?

ഉത്തരം.

(എ) അറിവില്ല.

(ബി) ഉദിക്കുന്നില്ല.

കുറപ്പുഴ തോട്

൩൦൧. [൨൬] ശ്രീ. പി. ചാക്കോ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലാ സബ്ബ് ഡിവിഷനിൽപ്പെട്ട കുറപ്പുഴ ഇറിഗേഷൻ തോട്വെട്ടുന്നതിനു ൧൯൫൫–൫൬ സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള തുകയെന്ത് ;

(ബി) ഈ തുക ഈ ആവശ്യത്തിലേക്കായി ചെലവു ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത തോട് പുത്തിയാക്കുന്നതിനായി ബഡ്ജററ ചെയ്ത തുക ചെലവാക്കാതിരിക്കുന്നതിൻെറ കാരണമെന്ത് ?

ഉത്തരം.

(എ) അൻപതിനായിരം രൂപാ.

(ബി) നാളിതുവരെ ൨൭൫ രൂപ ചെലവായിട്ടുണ്ട്.

(സി) ന്യായമായ റേററിൻ ഈ ജോലി ചെയ്യുവാൻ കൺട്രാക്ടറന്മാരെ കിട്ടാൻ വന്ന താമസംകൊണ്ട്.

Scarcity of Tapioca

302 (27) **J. T. Moraes:** Will the Minister for Finance and Civil Supplies be pleased to state:

(*a*) Whether the attention of Government has been drawn to the fact that acute scarcity of tapioca for food is prevailing in the coastal areas of Neyyattinkara and Vilavancode taluks; and

(*b*) what measures, if any, have been taken by Government to ensure adequate supply of tapioca for food in these regions?

Answer

(*a*) There is no acute scarcity but some difficulty in moving the stuff from the interior to the coastal areas has been reported to Government.

(*b*) Government are taking necessary steps to make the stuff available in coastal areas at reasonable prices.

റയിൽവേ.

ന ാ ന്ന. [റവ്] ശ്രീ. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുന്നങ്കുളത്തു ഒരു റെയിൽവേ ഔട്ട് ഏജൻസി സ്ഥാപിക്കുന്നതിന് ഗവണ്മെൻറ വല്ല നടപടിയും എടുത്തിട്ടുണ്ടോ ?

ഉത്തരം.

ഇല്ല.

12 NOON]

Mr. Speaker: The time for interpellations is over.

Papers laid on the Table.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): Sir, I beg to lay on the Table of the House a copy each of the Reports of the Estimates Committee for 1952-1953 on the Agriculture Department and the Civil Supplies Department.

Motion re. Election to State Aid to Industries Board.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): Sir, I beg to move that the House do proceed to elect in such manner as the Speaker may direct 3 members from

among themselves to serve on the Travancore-Cochin State Aid to Industries Board as required by sub-section (3) of Section 3 of the Travancore-Cochin State Aid to Industries Act (Act XIX of 1952)

The motion was adopted.

Election to Committees

Mr. Speaker: I have to inform hon. Members that the following dates have been fixed for receiving nominations and scrutiny in connection with the election of members to the following Committees:

1. Six members for the Estimates Committee for the financial year 1953-54;
2. Six members for the Public Accounts Committee for the financial year 1953-'54
3. Three members for the State Aid to Industries Board according to the State Aid to Industries Act.

The nominations to all the three Committees must be received before 2 P.M.on the 25th March. The nomination papers will be scrutinised on the 25th March in the Speaker's Chamber after the House rises for the day. Any nomination may be withdrawn before 12 noon on the 26th March. Election will take place on the 27th March. The elections, if found necessary, will be conducted in accordance with the system of proportional representation by means of the single transferable vote and will be held in the Committee room on the first floor of the Legislative Chamber between the hours of 2 P. M. and 4. 30 P. M. That is the only change now made. The elections used to be conducted in the Council Chamber. The Assistant Secretary will conduct the elections. Hon. Members are free to go and record their votes at any time.

VOTNG ON DEMANDS FOR GRANTS (Contd.)
DEMAND VIII-IRRIGATION.

Minister for Works and Transport (**Shri Kalathil Velayudhan Nair :**) Sir, I move for a grant of Rs. 73, 79,000 under Demand VIII—Irrigation.

Shri K. Kochukuttan: I second it.

Shri K. Balakrishna Menon: Sir, I move:

To reduce the allotment of Rs. 3,50,000, for Irrigation etc. Productive Works, Working expenses by Re/-

It looks like Government are laying more emphasis upon major irrigation works and not attaching the importance it deserves to minor irrigation which is necessary for giving immediate and speedy relief of the agriculturists. Take, for instance, the big schemes like the Peechi scheme, the Chalakudy scheme, the Wadakkancherry scheme etc., under the Five Year plan. At any rate, some of them would take a few more years for completion. But in the meanwhile there is the question of the scarcity of water and it is up to the Government to find out what exactly they can do in connection with that. I have already brought to the notice of the House even during last session that Government should have a classification of the brooks and other water sources to be found in the various parts of the country and then chalk out a definite plan that during the course of so many years they will complete, renovate or dig up new tanks where there is absolutely no water. Along with this Government should supply pumping sets about which mention has been made in the report submitted by the Estimates Committee. With regard to this they say that some pumps are with the P. W. D.. and some with the Punja Special Officer. In fact there is no sort of co-ordination whatsoever. Therefore, I would suggest to Government that with regard to pumping facilities, in the first place, Government should purchase more pumps and then centralise by keeping them under one Department. I do not think it will be out of place if I suggest to give the pumping sets on loan if the agriculturists are not able to purchase them.

One other suggestion I would like to make is with regard to supply of electricity. Government should extend their electric lines as far as possible.

Then a word with regard to silting up. The rivers sometimes overflow and leave behind sand. This has to be removed. This could be achieved by giving loans to the agriculturists to divert the water rather than allow it to be silted up and ultimately damage the property.

Usually when electrical extensions are carried out from one village to another they are taken by road side. But if these extensions are carried along the river side and where there is facility for lift irrigation, people can use motor pumps or steam engines for irrigation purposes.

According to me, it is absolutely necessary so far as the ryots are concerned that something definite should be done so far as the renovation of tanks is concerned. In the hope that Government will immediately take into consideration these aspects of the irrigation problem, I move this motion.

Shri Baby John : Sir, I move:

To reduce the total allotment of Rs. 73,79,000 under Demand VIII by Rs. 10.

സർ, ഏതു ഗവണ്മെൻറുകളും പദ്ധതികൾ അസൂത്രണം ചെയ്യുന്നതു്, ദീർഘകാലപദ്ധതികളും, ഹ്രസ്വകാലപദ്ധതികളുമായി തരംതിരിക്കാം. ദീർഘകാലപദ്ധതികൾക്കു്, ഇവിടെ കൃഷിക്കു് പരമാവധി പണം ചെലവുചെയ്യുന്നുണ്ടു്, എന്നാൽ ഹ്രസ്വകാല പദ്ധതികൾക്കു് പണം ചെലവു ചെയ്യുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. പെട്ടെന്നു് പൊതുജനങ്ങൾക്കു് ഉപയോഗപ്രദമാകാവുന്ന പദ്ധതികൾ ഗവണ്മെൻറു് അസൂത്രണം ചെയ്യണം. മദ്ധ്യതിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഒരു അലസമനോഭാവമാണു് ഗവണ്മെൻറു് കൈക്കൊണ്ടിരിക്കുന്നതു്. ഇരുപതു വർഷത്തിനുമുമ്പു ചിറമല എന്ന സ്ഥലത്തു തോടു വെട്ടുന്നതിനു് എസ്റ്റിമേറു ഇട്ടിട്ടുണ്ടായിരുന്നു. ഇതേവരെ ആ പണി നടന്നിട്ടില്ല. പല പ്രാവശ്യവും പൊതുജനങ്ങളുംമററും പരാതിപ്പെട്ടതിൻെറ ഫലമായി, ഒടുവിൽ അവിടെ തോട്ടിനു പകരം ഒരു കിണർ വെട്ടി. ഇന്നു് ആ സ്ഥലം ഒരു സർപ്പക്കാവാണു്. ആർക്കും ഒരു പ്രയോജനവും അതുകൊണ്ടുണ്ടാകാനില്ല. ഇതേവരെയായിട്ടും, ഇരുപതു വർഷം കഴിഞ്ഞിട്ടും, ആ തോടു വെട്ടിയിട്ടില്ല. ആ തോടു വെട്ടിയിരുന്നെങ്കിൽ സമീപസ്ഥലത്തുള്ള നിലങ്ങൾക്കെല്ലാം വെള്ളം ലഭിക്കുമെന്നുമാത്രമല്ല കൂടെക്കൂടെ കല്ലടയാറിലെ വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന നാശം തടയുവാനും സാധിക്കും. വെള്ളപ്പൊക്കംകൊണ്ടു് പൊതുജനങ്ങളുടെ സ്വത്തുക്കൾക്കും, ജീവനും നാശമുണ്ടാകുന്ന ഒരു സ്ഥലമാണതു്. പൊതുജനങ്ങൾക്കു് വളരെ പ്രയോജനകരമായ ആ തോടുവെട്ടിനെ സംബന്ധിച്ചു് ഗവണ്മെൻറു ഇതേവരെയാതൊരു നടപടിയും എടുത്തിട്ടില്ല.

ബഹുമാനപ്പെട്ട മന്ത്രി ഈയിടെ പെരിനാടു സന്ദർശിച്ചപ്പോൾ, പ്രാദേശികാവശ്യങ്ങളെക്കുറിച്ചു് പൊതുജനങ്ങളുമായി നേരിട്ടു സംസാരിക്കുകയും, അവിടെ കൃഷിക്കാവശ്യമുള്ള കുളം വെട്ടിക്കുകയും, ചിറ കെട്ടുകയുംമററും ചെയ്തുകൊടുക്കാമെന്നും പറയുകയുണ്ടായി. പക്ഷെ, യാതൊന്നുംതന്നെ ഇതേവരെ ചെയ്തിട്ടില്ല. അവിടെ മതലിൽച്ചിറ പണിതീർത്തു കിട്ടേണ്ട ആവശ്യം മന്ത്രിക്കുതന്നെ ബോദ്ധ്യം വന്നിട്ടുള്ള ഒരു കാര്യമാണു്. ഇറിഗേഷനുവേണ്ടി ഇവിടെ ധാരാളം പണം ചെലവാക്കുന്നുണ്ടെന്നു് ഗവണ്മെൻറു് അവകാശപ്പെടുന്നുണ്ടു്. ചെറിയ ചെറിയ കർഷകർക്കു് ഉപയോഗമുള്ള രീതിയിൽ മൈനർ ഇറിഗേഷൻ നടത്തുന്നതിനു് ഗവണ്മെൻറു് അലസത കാണിക്കുന്നുണ്ടു്.

രണ്ടുകൊല്ലത്തിനുമുമ്പു് മൺട്രോ തുരുത്തിൽ ഒരു തോടു വെട്ടുന്നതിനു് അനുവദിച്ചു പണി തുടങ്ങി. അവിടെ ഒരു ബണ്ടു കെട്ടിയതുകൊണ്ടു് ഉദ്ദേശിച്ച പ്രയോജനം ഉണ്ടായിട്ടില്ലെന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഈ രീതിയിലാണു ജോലികളെല്ലാം നടത്തുന്നതു്. ഒരു ജോലിയും ശരിയായി നടക്കുന്നില്ല. ജോലികൾ ചെയ്താലും അവകൊണ്ടു് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുന്നില്ല. ഈ രണ്ടു പ്രത്യേക ജോലികളുടേയും കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരണമെന്നാണു് എൻെറ ഉദ്ദേശം. സാധാരണക്കാർക്കു് പ്രയോജനമുണ്ടാകത്തക്ക രീതിയിലുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനു് ഗവണ്മെൻറു് ശ്രദ്ധ ചെലുത്തണമെന്നു ഞാൻ ഗവണ്മെൻറിനെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

Shri A. Thanu Pillai: Sir, I wish to say a word on this motion. We are all aware that large amounts are being spent on account of irrigation; probably, considering the expenditure incurred by Government, there may be ground for satisfaction. But what is doubtful is whether Government really pay sufficient attention to the real requirements of the State in respect of irrigation. As stated by Mr. Balakrishna Menon, these big irrigation schemes are bound to take time and we are spending large amounts on these schemes. Whether these schemes they are going to embark upon have been investigated in all their aspects, I can't say. For instance, have they calculated what would be the cost of irrigating one acre of land ? I think a question relating to this was put to the Treasury Benches even in this session and no definite answer was forthcoming. The cost of irrigation for an additional production of one ton of rice was found to be Rs. 250. That is considered to be the proper rate of expendiure by some experts. Now, what idea our Government have in that matter, I do not know. It would be well they have some clear idea in regard to that. Without knowing the actual results how can they justify such large expenditure they are now incurring ? Not that I condemn Government. probably, they have got some ideas only, and those ideas are not divulged in this House. Then again, nobody knows how far these schemes would be really successful. They do not know whether the areas that are contemplated to be brought under irrigation by a particular work or a project would be really benefited. How far there is scarcity of water, how that scarcity will affect cultivators from time to time; particularly, if the cultivators are induced to improve the land or convert garden land into paddy land, and then, if they find water is not available in sufficient quantity the result would certainly be calamitous. Whether sufficient investigation has been made into all these projects that have been undertaken, I am not in a position to say, because I know the hon. Minister will tell us that Government are expected to do things properly. There is that comprehensive and round way of answering to our enquiries. The point I wish to make out here, Sir, is in respect of minor irrigation works to which we should pay much more attention. The Minister may be in a position to give us a large figure—some 40 lakhs or so—provided in this year's budget. But I want to lay emphasis on this. Now, we want to speed up food production. Of course there are two views in that matter of how far Travancore-Cochin will be able to solve our food problem, and whether at any time we are going to solve our food problem. That is a matter of doubt. There are friends who entertain rather a desperate view on that matter. Personally, I

[Shri. A. Thanu Pillai]

think that we should try to produce as we can, particularly in view of the fact that the Finance Minister recently told us that even though there might be enough paddy in India, there is the very insurmountable difficulty of the question of transport. If as a result of big irrigation projects they produce enough rice in Orissa or in Bihar, the difficulty of transport is still there and that will affect the price of rice. But so far as we are concerned, wherever paddy is produced in India, that must be made available to us at a reasonable rate. And at the same time, let us try to produce as much paddy as possible. Moreover, these big irrigation projects undertaken by the Government of India and other State Governments would take time to mature and we cannot indefinitely wait until these schemes bear fruit. The Food Minister told us that Rs. 17 a maund of rice is not a high price. We know definitely that it is too high a price for the ordinary citizen to pay. We must get rice at a much reduced rate and as quickly as possible. For that what we can do in respect of irrigation, the most essential thing for us to do, is to speed up all minor irrigation works. This Government is not doing that. That is a deliberate statement that I make. My standpoint is that you are spending crores of rupees on projects which would take for their completion another two or three years. Let the period be extended to six years, provided you should find enough funds to speed up all minor irrigation works. In regard to this also there must be some definite schemes. But at present there is no scheme with the Department for Minor Irrigation Works. The schemes connected with Irrigation Works were under the consideration of the Government even many years ago. But have they any definite scheme before them now? Take, for instance, the South Travancore area comprising Chirayinkil, Neyyattinkara, Nedumangad and Vilavancode and the other southern taluks. How many irrigation tanks were repaired and brought under good condition? Even for repairing certain tanks how many years they took to begin the work? I ask, Sir, what scheme the Government have at present in respect of minor irrigation works. It is all slipshod work they are doing. Some supervisor may make some recommendation and the Executive Engineer may tell him to do as he recommended. Some other supervisor may recommend something also and his boss may assent and order the work to be executed according to his recommendation. What I say is that there must be definite schemes for this kind of work and necessary funds should be found for that. This is what is happening not merely in South Travancore, but in other parts of the State as well.

ശ്രീ. പി. സദാശിവൻപിള്ള : കുളങ്ങൾ കുഴിച്ചാൽ കുറച്ചുകൊല്ലംകൊണ്ടു എക്കൽ വന്നു നിറഞ്ഞുപോകുമെന്നറിയാമോ ?

Shri A. Thanu Pillai : I am coming to that. I emphasize South Travancore because the ryots in South Travancore depend very largely on irrigation tanks. I know that in some parts of Cochin and in some areas in the Kottarakara taluk cultivators depend much on irrigation tanks. You make a complete list of all the irrigation tanks which can be restored and the new ones to be constructed. Make an estimate of the total cost involved and see to it that in two or three years all these minor irrigation works are completed. That will be useful and well-considered work. Are the Government prepared to do it ? They may spend 20 lakhs or 40 lakhs in a way which leads us nowhere. Let there be a definite plan and enough money allotted, and for this purpose even if some big projects are delayed, that won't do any harm.

In regard to the question raised by my friend, Mr. Sadasivan Pillai, I may say that what is being done now is that you improve some tanks and then leave them. That is a very irresponsible way of doing things. There is no agency to maintain these tanks when once they are repaired. You leave the responsibility of maintaining them to the cultivators ; but they have nothing to do with it. That is the attitude of the Government. Government do not think that it is their duty to maintain these tanks in good condition. That is not what we should do. There must be an agency charged with the duty of maintaining tanks and other minor irrigation works in good condition. There must be enough officers for that and they must be asked to attend to this. Also, there must be regular inspection of these tanks from time to time. Whenever a tank is found to be out of repair that must be speedily attended to. You must not allow tanks to be silted up or to lie in complete disrepair. That is not the way how these things should be done. If you want our rice production speeded up and that to be continuously satisfactory there must necessarily be an agency to look after this. Sir, not only tanks, any number of rivulets are traversing our State to the sea. All these rivulets may be bounded up at proper places for irrigational purposes. Mr. Balakrishna Menon referred to pumping sets. I have had experience of how arrangements are made for pumping water for cultivation purposes. The level of the water in the stream may be a few feet lower than that of the paddy fields. Even this water can be pumped out to the fields. What I suggest is that there must be enough pumping sets. But they should not be concentrated in one part of the State owing to influence exercised by cultivator-

[Shri A. Thanu Pillai]

on the powers that be. There must be fair distribution in every district. Electricity may be made available wherever possible. Of course, that will come more or less early.

Mr. Speaker : What about the cost of operation of these pumping sets ?

Shri A. Thanu Pillai : The cost of operation—of course, if electricity is made available, the cost will not be very high. That will depend upon the circumstances. If the State can spend crores and crores on big irrigation projects, to take water available to cultivators of a particular area, I don't see any reason why Government should not be prepared to meet the cost from time to time. Any way, I am not at the question of cost. After all, it is not going to cost a terrifying amount. If water is really made available by constructing dams across rivulets and by repairing and maintaining tanks, the cost for pumping out water may be partly recovered from the ryots and partly met by Government. That is a matter for the Government to consider. We are at the question of supplying water. The question of cost is a minor detail. Of course, the resourceful Irrigation Minister should be able to make necessary suggestions to solve this problem. I am of the view, Sir, that the cultivators should be made to pay.

Then, in regard to lift irrigation, Sir, of course, various views have been expressed in this House. Some say that lift irrigation is not successful. There may be difficulties in this process and those difficulties are to be overcome and overcome by experts. So, I am of the opinion that wherever possible and wherever it would be helpful lift irrigation should be resorted to. With these words, I support the motion.

ശ്രീ. ആർ. കേശവപിള്ള : വലിയ പദ്ധതികൾക്കു മാത്രമേ ഗവണ്മെൻറ് പരിഗണന കൊടുക്കുന്നുള്ളു എന്നുള്ളതു മാത്രമാണ് എനിക്കുള്ള ഒരു പരാതി.

Mr. Speaker: Order, order. The hon. Member will continue his speech after lunch. The House will now rise and meet again at 2-30 p. m.

The House adjourned for lunch at 12-30 p. m. and reassembled at 2-30 p. m. with Mr. Speaker in the Chair.

ശ്രീ. ആർ. കേശവപിള്ള : (തുടർച്ച) സർ, ഇവിടെ ചില വലിയ പദ്ധതികൾക്കായി ധാരാളം പണം ചെലവാക്കുന്നുണ്ടെങ്കിലും വളരെ ഉപയോഗയോഗ്യമായ ചെറിയ പദ്ധതികൾക്കുവേണ്ടി ആവശ്യമുള്ളിടത്തോളം പണം ചെലവാക്കുന്നില്ല എന്നാണ് ഞാൻ പറഞ്ഞതു്. നമ്മ

പ്പുവർഷത്തെ ബഡ്ജററിൽ പീച്ചി, ചാലക്കുടി, വാഴാനി മുതലായ വലിയ പദ്ധതികൾക്കായി ൧൭൭-വ്വ ലക്ഷം രൂപയും, വേമ്പനാട്ട്, നെയ്യാർ, പെരുഞ്ചാണി മുതലായവയ്ക്കായി ൧൧൧-൭൭ ലക്ഷം രൂപയും ചെലവായി, ഈ ബഡ്ജററിൽ ക്യാപ്പിററൽ ഔട്ട്ലേക്കണക്കിൻപടി ൪൪,൭൭,൦൦൦ രൂപയും, കമ്മ്യൂണിററി പ്രോജക്ററിലെ കണക്കിൻപടി ൪൪,൪൭,൦൦൦ രൂപയും കൊള്ളിച്ചിട്ടുണ്ട്. ഈ എല്ലാ കണക്കുകളിലും ചെറിയ പദ്ധതികൾക്കായുള്ള തുക കൊള്ളിച്ചിട്ടില്ല. ക്യാപ്പിററൽ ഔട്ട്ലേ ഇനത്തിൽ കാണുന്ന ചില കാര്യങ്ങൾ കമ്മ്യൂണിററി പ്രോജക്ററിൽ കൊള്ളിച്ചിട്ടുള്ളതായി തോന്നുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ക്യാപ്പിററൽ ഔട്ട്ലേയിൽ പണം കൊള്ളിച്ചിട്ടുള്ള പണികൾക്ക് കമ്മ്യൂണിററിപ്രോജക്ററിലും പണം കൊള്ളിച്ചിട്ടുണ്ടെന്നുതോന്നുന്നതു് ?

ശ്രീ. ആർ. കേശവപിള്ള: അങ്ങനെ കാണുന്നുണ്ട്. Capital outlay-ൽ ചാലക്കുടി പ്രോജക്ററ് കൊള്ളിച്ചിട്ടുള്ളതു് കമ്മ്യൂണിററിപ്രോജക്ററിലും കൊള്ളിച്ചിട്ടുള്ളതായി കാണുന്നു.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഏതു പദ്ധതിയെപ്പററിയാണ് പറയുന്നതു് ?

ശ്രീ. ആർ. കേശവപിള്ള: കുന്നത്തുനാട്, ചാലക്കുടി ഈ രണ്ടു കണക്കുകളിലും ചില പണികൾക്കായി കൊള്ളിച്ചിരിക്കുന്ന തുകകൾ എവിടെയാണ് ഏതുഭാഗത്താണ് പണി തുടങ്ങുന്നതെന്നു നിശ്ചയിക്കുവാൻ നിവൃത്തിയില്ലാത്തവിധത്തിലാണ് കൊള്ളിച്ചിരിക്കുന്നതു്. ഡിമാൻഡ് എട്ടിൽ മൈനർ ഇറിഗേഷനുവേണ്ടി ൧൧,൧൭,൦൦൦ രൂപാ കൊള്ളിച്ചിട്ടുണ്ട്. കുട്ടനാട് സ്കീമിനുവേണ്ടി ൧൭ ലക്ഷം രൂപയും നെയ്യാർ സ്കീമിനുവേണ്ടി ൧൭ ലക്ഷം രൂപയും വടക്കാഞ്ചേരി സ്കീമിനുവേണ്ടി ൧൦ ലക്ഷം രൂപയും ബഡ്ജററിൽ കൊള്ളിച്ചപ്പോൾ മൈനർ ഇറിഗേഷനുവേണ്ടി കൊള്ളിച്ചിട്ടുള്ള തുക ൧൧,൧൭,൦൦൦ രൂപ മാത്രമാണ്. ഈ രാജ്യത്തു് നൂറ്റി താലൂക്കുകളുള്ളതിൽ ഈ വലിയ പദ്ധതികൾകൊണ്ടു് കൂടിയാൽ ആറോ ഏഴോ താലൂക്കുകൾക്കു മാത്രമേ ഗുണമുണ്ടാകുകയുള്ളു. മററുള്ള താലൂക്കുകളിൽ മൈനർ ഇറിഗേഷൻകൊണ്ടാണ് പ്രയോജനം ഉണ്ടാകേണ്ടതു്. ആ പ്രദേശങ്ങളിൽ ചെറിയ പദ്ധതികൾമൂലമാണ് ജലസേചനം നടത്തേണ്ടതു്. ബാക്കിയുള്ള താലൂക്കുകളുടെ എണ്ണം പരിഗണിക്കുമ്പോൾ ഇപ്പോൾ മൈനർ ഇറിഗേഷനുവേണ്ടി അനുവദിച്ചിട്ടുള്ള തുക വളരെ തുച്ഛമാണെന്നു കാണാൻകഴിയും. വലിയ പദ്ധതികൾക്ക് പണം ചെലവാക്കുന്നതിലോ ഏതെങ്കിലും താലൂക്കുകളിലേക്ക് കൂടുതൽ ചെലവാക്കുന്നതിലോ ആർക്കും പരാതിയില്ല. ഇഷ്ടംപോലെ പണം ചെലവാക്കിക്കൊള്ളുക. പക്ഷെ അതോടൊപ്പം മററുള്ള താലൂക്കുകളിലും കുറെക്കുറെ പണം ചെലവാക്കുന്നുമെന്നേയുള്ളു. ൧൧ ലക്ഷം രൂപ ഇതിലേക്കു അനുവദിച്ചിരിക്കുന്നതു കണക്കാക്കുമ്പോൾ താലൂക്കൊന്നിന് ശരാശരി അൻപതിനായിരം രൂപാപോലും വരുകയില്ല. ഈ പദ്ധതിക്ക് ഏതെല്ലാം താലൂക്കുകളിൽ ഏതെല്ലാം ജലസേചനങ്ങളാണ്

[ശ്രീ. ആർ. കേശവപിള്ള]

നടത്തേണ്ടതു്; എവിടെയെല്ലാമാണു് ഇതുമൂലം ജലസേചനത്തിനായി ഉപയോഗിക്കാവുന്നതു് എന്നൊരന്വേഷണം നടത്തി ഒരു പട്ടിക ഗവണ്മെൻറു തയ്യാറാക്കണം. അതിനുശേഷം എത്രയും എളുപ്പത്തിൽ ഇതു കൊണ്ടു് കൂടുതൽ പ്രയോജനം ഉണ്ടാക്കാവുന്നതും കൂടുതൽ നെല്ലു് സമ്പാദിക്കുവാൻ കഴിയുന്നതും ആയ പണികൾക്കു് പ്രാധാന്യം നൽകി ഒരു പ്ലാൻ വക്കുചെയ്താൽ ഈ രാജ്യത്തെ ക്ഷാമപ്രശ്നത്തിനു് വളരെ എളുപ്പം പരിഹാരം ഉണ്ടാക്കുവാൻ കഴിയും. ചില ആളുകൾക്കു് സമൃദ്ധിയായിട്ടുള്ള ആഹാരവും മററുചിലക്കു് ഒട്ടുംതന്നെ ആഹാരം ഇല്ലായ്മയും വരുത്തുന്ന ഇന്നത്തെ വ്യവസ്ഥിതിയെപ്പോലെ ആണു് മൈനർ ഇറിഗേഷൻെറ കാര്യത്തിലും ഗവണ്മെൻറു് കൈക്കൊണ്ടിരിക്കുന്ന നയം എന്നു തോന്നുന്നു. ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാരിൽ അധികംപേരും ചില പള്ളിക്കൂടങ്ങളും, ചില തോടുകളും, ചില അണകളും, ചില ജലസേചനപദ്ധതികളും ഒക്കെയാണു് ചോദിച്ചുകൊണ്ടിരിക്കുന്നതു്. ഇതൊക്കെ കിട്ടിയാൽ അവർക്കു വലിയ തൃപ്തിയായി. ഈ അവസരത്തിൽ എനിക്കു് ഒരു സങ്കടമാണു് പറയുവാനുള്ളതു്. ഞങ്ങളെ വെറും കൈ പൊക്കികളാക്കി കരുതുന്നതു് വലയിക്ഷ്യമാണു്. സ്പീക്കർ, അനുകൂലിക്കുന്നവർ കൈ പൊക്കാൻ പറയുമ്പോൾ കുറെപ്പേർ കൈ പൊക്കും. പ്രതികൂലിക്കുന്നവർ കൈ പൊക്കാൻ പറയുമ്പോൾ കുറെപ്പേർ കൈ പൊക്കും. ഒടുവിൽ ഞങ്ങളിൽ കുറെപ്പേർ കൈ പൊക്കിയിരിക്കുന്നതനുസരിച്ചു് അതു പാസ്സാകും. അതുകൊണ്ടു് ആളുകൾ ഞങ്ങളെപ്പോലെയുള്ളവരെ ധരിച്ചുവച്ചിരിക്കുന്നതു് വെറും കൈ പൊക്കിയന്ത്രങ്ങളാണെന്നാണു്. ആ നിലയിൽ ഞങ്ങളെപ്പോലെയുള്ള മെംബറന്മാരെ രൂപാന്തരപ്പെടുത്തണമെന്നു മാത്രമാണു് എനിക്കു് ഈ ഘട്ടത്തിൽ ഗവണ്മെൻറിനോടു പറയുവാനുള്ളതു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറോടു കൈ പൊക്കാൻ പറയരുതെന്നാണോ പറയുന്നതു് ?

ശ്രീ. ആർ. കേശവപിള്ള : പക്ഷെ കൈ പൊക്കേണ്ടതു് ഒരു കടമയാണു്. കൈ പൊക്കുന്നതിൽ വിരോധമില്ല. എന്നാൽ ഞങ്ങൾക്കും കൂടി വല്ലതും ഒക്കെ തരണം.

ശ്രീ. ഇ. പി. വർഗ്ഗീസ് : വല്ലതും മേടിക്കണമെന്നുണ്ടെങ്കിൽ കൈ നീട്ടുകയല്ലേ വേണ്ടതു്; പൊക്കുകയല്ലല്ലോ ?

ശ്രീ. ആർ. കേശവപിള്ള : കൈ പൊക്കുന്നതുകൊണ്ടും പ്രയോജനമുണ്ടു്.

ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: സർ, എനിക്കു മൈനർ ഇറിഗേഷനെപ്പററിയാണു് ഒന്നുരണ്ടു വാക്കുകൾ പറയുവാനുള്ളതു്. മൈനർ ഇറിഗേഷനു വേണ്ടിയാകട്ടെ, മേജർ ഇറിഗേഷനു വേണ്ടിയാകട്ടെ ഗവണ്മെൻറിനു ഒരു പദ്ധതിയില്ലാതെയാണു് ഗവണ്മെൻറു പണം ചെലവാക്കുന്നതും, പ്രവർത്തനം നടത്തുന്നതും. നാട്ടിൻപുറത്തുള്ള കൃഷിക്കാർക്കു് കുളം നന്നാക്കിക്കൊടുക്കുന്നതുപോലെ അത്രയധികം അനുഗ്രഹപ്രദമായ മറെറാരു കൃത്യവും ഇല്ല. നമുക്കു് ലഭ്യമാകുന്ന വെള്ളത്തെ വേണ്ടിടത്തോളം ഉപയോഗപ്പെടുത്തുന്നില്ല എന്നുള്ളതാണു് നാട്ടുകാരുടെ പരാതി,

കുളങ്ങളെ സംബന്ധിച്ചിടത്തോളം ൧൦൦ വർഷങ്ങൾക്കുമുമ്പ് ചെയ്തു കൊണ്ടിരുന്നതുപോലും ഇപ്പോൾ ചെയ്യുന്നില്ല. മണ്ണെടുപ്പാണിന്നത്തെ നമ്മുടെ വിപത്ത്. പത്തു അൻപതു കൊല്ലങ്ങൾക്കുമുമ്പ് സ്ഥലങ്ങളെല്ലാം കൃഷിചെയ്യാതെ തരിശായി കിടക്കുകയായിരുന്നു. ഇപ്പോൾ എല്ലാ സ്ഥലവും മണ്ണിളക്കി ജനങ്ങൾ കൃഷിചെയ്യുകയാണ്. ഇപ്പോൾ ഒരു മഴ പെയ്താൽ ഈ മണ്ണെല്ലാം കുത്തിഒലിച്ച് ഈ കുളങ്ങളിലും ചുററുമുള്ള തോടുകളിലും ആണ് ചെന്നുവീഴുന്നത്. തന്നിമിത്തം കുളങ്ങൾ മിക്കവാറും ഉപയോഗശൂന്യമായിത്തീരുകയാണ്. മണ്ണൊലിപ്പിനെ തടയുകയും, കുളത്തെ ആവുന്നത്ര ഉപയോഗപ്പെടുത്തുകയും വേണം. പ്രമുഖമായ ഒരു പ്രവർത്തനപദ്ധതിയാണ് അതിനാവശ്യമായിരിക്കുന്നത്. ഈ കുളങ്ങളെ രണ്ടായി തരംതിരിക്കണം. മണ്ണൊലിപ്പുള്ളതും, ഇല്ലാത്തതും പ്രത്യേകം തിരിക്കണം. മണ്ണൊലിപ്പില്ലാത്ത കുളങ്ങൾക്ക് മുൻഗണന നൽകി കഴിക്കണം. മണ്ണൊലിപ്പുള്ളവയിൽ, മണ്ണൊലിപ്പു മാററാൻ വേണ്ടതു ചെയ്യണം. എന്നാലിതൊന്നും ഗവണ്മെൻറ് നോക്കുന്നില്ല. സ്ഥലത്തിൻെറ പ്രാധാന്യം അനുസരിച്ചല്ല മൈനർ ഇറിഗേഷൻെറ കാര്യത്തിൽ ഗവണ്മെൻറ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും ഒരാഫീസർ ഗവണ്മെൻറിലേക്കെഴുതും. അതിൻെറ പ്രാധാന്യത്തേയോ, പ്രയോജനത്തേയോപ്പററി നോക്കുകയില്ല. സർ, ഈ സ്ഥലങ്ങളെല്ലാം ഞാൻ സഞ്ചരിച്ചു കണ്ടിട്ടുള്ളവനാണ്. ശരിയായ നിലയിൽ തൃപ്തികരമായ വിധത്തിൽ ഒരൊററ കുളംപോലും നന്നാക്കുന്നതായി ഞാൻ കണ്ടിട്ടില്ല. ചില കുളങ്ങൾക്ക് ഷട്ട്ലററില്ല. ചിലതിന് ഇൻലററില്ല. മററു ചില കുളങ്ങൾ കുറേഭാഗം വെട്ടി നന്നാക്കും. എങ്ങനെയെങ്കിലും കുറേ ജോലി നടത്തണം എന്നുള്ള മനോഭാവത്തോടുകൂടിയാണ് പ്രവർത്തിച്ചുപോരുന്നത്. ആണ്ടോടാണ്ടു ഗവണ്മെൻറ് കുളം നന്നാക്കുന്നതിനും മററുമായി കുറേ പണം ചെലവാക്കുന്നുണ്ട്. എന്നാൽ, ചെലവാക്കുന്നതിനനുസരണമായ പ്രയോജനം ഉണ്ടാകുന്നുണ്ടോ എന്നുള്ളതിനെപ്പററി ഗവണ്മെൻറ് ശ്രദ്ധിക്കുന്നില്ല. തഹസിൽദാർമാർ കുളങ്ങൾ എല്ലാം നോക്കി പരിശോധന നടത്തിയിട്ടുണ്ടെന്നു അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ പ്രസിദ്ധപ്പെടുത്താറുണ്ട്. പക്ഷെ, യാതൊരു ഗുണവും നാട്ടിനോ, നാട്ടുകാർക്കോ ഉണ്ടാകുന്നില്ല. അപ്രകാരം ആരും പരിശോധിക്കുന്നുമില്ല. ഇക്കാര്യത്തിൽ ഗവണ്മെൻറ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

രണ്ടാമതായി പറയുവാനുള്ളത് നെയ്യാററിൻകര താലൂക്കിലുള്ള രണ്ടു തോടുകളെ സംബന്ധിച്ചാണ്. ആറയൂർ തോട്ടും, വെണ്ടാന്തൂർ തോടും. ഈ രണ്ടു തോടുകളും വളരെ പ്രാധാന്യം അർഹിക്കുന്ന തോടുകളാണ്. ഏകദേശം അൻപതിനായിരം രൂപ ചെലവാക്കുമെങ്കിൽ ഈ തോടുകൾ നന്നാക്കി കൃഷിക്ക് ഉപയോഗയോഗ്യമാക്കിത്തീർക്കാം. തന്നിമിത്തം വളരെ അധികം നിലങ്ങളിൽക്കൂടി കൃഷിക്ക് കൂടുതൽ സൗകര്യം ഉണ്ടാക്കിക്കൊടുക്കുവാൻ സാധിക്കുന്നതാണ്.

കമ്മ്യൂണിററിപ്രോജക്ട് ഏരിയായിലെ പി. ഡബ്ളിയു. ഡി. വർക്ക്സും, ഇറിഗേഷൻ വർക്ക്സും നടത്തുന്നതിനു അവരെ ഏല്പിക്കാനുള്ള നയം കൈക്കൊള്ളുന്നതാണ് കൊല്ലംകോട്ടു ഒരു പാലം വളരെക്കാലമായി ജീർണ്ണിച്ചു കിടക്കുകയായിരുന്നു. വളരെ അപായകരമായ നിലയിലാണ് ആ പാലം കിടന്നത്. അതിൻെറ പണിക്കായി ഗവണ്മെൻറ് ഒൻപതിനായിരം രൂപ സാംക്ഷനാക്കിയിട്ടുണ്ട്. എന്നാൽ അതിനു

[ശ്രീ. എം. കുഞ്ഞൻനാടാർ.]

ടെൻഡർ വിളിച്ചപ്പോൾ ലാഭം ഇല്ലായ്മകൊണ്ടു ആരും വന്നില്ല. എന്നാൽ, കമ്മ്യൂണിറ്റി പ്രാജക്റ്റിനെ ആ തുക ഏൽപ്പിക്കയും രണ്ടു മൂന്നാഴ്ചകൾകൊണ്ട് അവർ പാലം ഭംഗിയായി കുറതീർക്കുകയും ചെയ്തു. പൊതുമരാമത്തിലും, ഇറിഗേഷനും അനുവദിച്ചിട്ടുള്ള തുക മുഴുവനും അവരെ ഏൽപ്പിക്കുന്നപക്ഷം വേലകൾ വളരെ എളുപ്പ ത്തിലും ഭംഗിയായും തീരുന്നതാണെന്നു ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്.

നെയ്യാറിൻകര താലൂക്കിൽ വണ്ടിച്ചിറ കുളം നന്നാക്കിയാൽ അതു വളരെ പ്രയോജനകരമായിരിക്കും.

ഇനി എനിക്കു പമ്പിംഗിനെപ്പററിയാണു പറയുവാനുള്ളതു്. അതിനെപ്പററി കൃഷിക്കാർ അന്വേഷിക്കാൻ തുടങ്ങുന്നതു് കൃഷി ഏററവും ആപൽക്കരമായ നിലയിലെത്തുമ്പോഴാണ്. വളരെ അധികം വലിയ കൃഷിക്കാർക്കു മാത്രമേ പമ്പു കൊണ്ടുവന്നു ഉപയോഗിക്കുവാൻ കഴിയുകയുള്ളു. അതിനുള്ള ധനശേഷി ഉണ്ടാകുകയുള്ളു. ചിലപ്പോൾ ആഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെൻറിൽനിന്നു പമ്പു കൊടുക്കുന്നുണ്ട്. പക്ഷെ, കൃഷിസ്ഥലത്തു കൊണ്ടുപോകണമെങ്കിൽ ലോറി വേണം, ഡ്രൈവറെയും അന്വേഷിക്കണം ഇങ്ങനെ പല ബുദ്ധിമുട്ടുകളും ഉണ്ട്. അഥവാ, ഇതെല്ലാം സഹിച്ചു് പമ്പുകൾ കൊണ്ടുപോയാൽതന്നെ അതിനേതെല്ലാം പാർട്ടുകൾ ഉണ്ട്, ഏതെല്ലാം പാർട്ടുകൾ ഇല്ല, എന്നറിയുവാൻ എക്സ്പ്പർട്ടുകളെ ആക്കണം. ഇങ്ങനെയുള്ള കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുവാൻ പമ്പിംഗിൽ ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറിനെ ചുമതലപ്പെടുത്തി കൃഷിക്കാർക്ക് തക്കസമയത്തിനു സുലഭമായ രീതിയിൽ കിട്ടത്തക്കവിധത്തിൽ ഏർപ്പാടു ചെയ്യണം.

വെള്ളംയണിക്കായൽ പമ്പിംഗിനെപ്പററിയാണ് എനിക്കു ഈ അവസരത്തിൽ ഓർമ്മവരുന്നതു്. ആ സ്ഥലം യഥാർത്ഥ കൃഷിക്കാർക്ക് കൊടുക്കാത്തതിനെപ്പററി വളരെ പരാതിയുണ്ട്. ൪൫൦ ഏക്കർ റിക്ലെയിം ചെയ്തിട്ടുണ്ട്. ഇതിൽ ൭൫ ഏക്കറോളം കൃഷിചെയ്യുവാൻ സൗകര്യം ഇല്ലാത്ത വെള്ളക്കെട്ടാണ്. ഈ ൭൫ ഏക്കർ സ്ഥലം നീക്കിയാൽ ബാക്കി വരുന്നതു് ൩൫൦ ഏക്കർ സ്ഥലമാണ്. ഇത്രയും സ്ഥലം റിക്ലെയിംചെയ്തു എടുത്തിട്ടുണ്ട്. അവിടത്തെ വെള്ളം വററിക്കുവാൻ കാൺട്രാക്ട് കൊടുത്തിരിക്കുകയാണ്. ഏക്കറിനു ൨൦ രൂപ വച്ചാണ് യാതനയുടെ പേരിൽ ഒരാളിനു് കാൺട്രാക്ട് കൊടുത്തിട്ടുള്ളതു്. കഴിഞ്ഞ ആണ്ടിൽ ഏക്കറിനു ൧൫ രൂപ വച്ചാണു കാൺട്രാക്ട് കൊടുത്തിരുന്നതു്. ഈ കാൺട്രാക്ട് വ്യവസ്ഥയിൽ പല പരാതികൾ ഉണ്ടാകുകയും സമയത്തിനു വെള്ളം വററിച്ചു കൃഷിചെയ്യാനുള്ള സൗകര്യം എല്ലാവർക്കും ഉണ്ടാകാതിരിക്കുകയും ചെയ്യുന്ന ഒരവസ്ഥയാണു ഇപ്പോൾ നിലവിലിരിക്കുന്നതു്. ഇത്രയും സ്ഥലം പമ്പുചെയ്യുന്ന കാൺട്രാക്ടുക്ക് ൧,൦൦൦ ഏക്കറിനുള്ള രൂപയാണു കൊടുക്കുന്നതു്. ഈ തുകകൊണ്ടു് സ്ഥിരമായി രണ്ടു പമ്പു് അവിടെ സ്ഥാപിക്കുകയും ആ പമ്പുകൾമൂലം ഗവർണ്മെൻറിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വെള്ളം വററിച്ചുകൊടുക്കുകയും ചെയ്യുന്നതായാൽ ഈ വകയ്ക്കു നേരിടുന്ന ചെലവുകൾക്കു ഗണ്യമായ കുറവുണ്ടാകുന്നതിനു പുറമെ വലിയ പരാതികൾക്കു് ശമനം ഉണ്ടാകുന്നതുമാണ്. ഗവർണ്മെൻറിന്റെ സത്വരദൃഷ്ടി ഈ കാര്യത്തിൽ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

ഡാക്ടർ എൻ. എസ്സ്. പിള്ള : ഇറിഗേഷന്റെ അഭാവം മൂലം വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഒരു നിയോജകമണ്ഡലത്തിലെ മെംബറാണു ഞാൻ. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു ആകെയുള്ള ഏഴു നിയോജകമണ്ഡലങ്ങൾ ഉള്ളതിൽ ഏതു നിയോജകമണ്ഡലത്തിലാണു ഒരു ഗവണ്മെന്റ ആശുപത്രിയൊ ഡിസ്പെൻസറിയോ ഇല്ലാത്തതു് എന്നു് ചോദിച്ചാൽ അതിനുത്തരം ആററിങ്ങൽ നിയോജകമണ്ഡലം—അതായതു് ചിറയിൻകീഴ് താലൂക്കിൽ ഉൾപ്പെട്ട അതിപ്രധാനമായ ഒരു സ്ഥലവിഭാഗമാണു് ആററിങ്ങൽ. വേണ്ടിടത്തോളം ഗതാഗതസൗകര്യമില്ലാത്ത നിയോജകമണ്ഡലമേതെന്നു ചോദിച്ചാൽ അതിനുത്തരം, ആററിങ്ങൽ. ഏററവും കൂടുതൽ കരം കൊടുക്കുന്നതു് ഏതു നിയോജകമണ്ഡലത്തിലുള്ളവർ എന്നു ചോദിച്ചാൽ, ആററിങ്ങൽ. റോഡുകളും തോടുകളും നന്നാക്കാതെയിട്ടിരിക്കുന്ന നിയോജകമണ്ഡലമേതെന്നു ചോദിച്ചാൽ, ആററിങ്ങൽ. ആണ്ടുതോറും നിലംകൃഷിയിൽ കരിവു സംഭവിക്കുന്നതു ഏതു നിയോജകമണ്ഡലത്തിൽ എന്നു ചോദിച്ചാൽ, ആററിങ്ങൽ. വിവിധ തരങ്ങളിലായി കൂടുതൽ കരം ഈടാക്കിവരുന്നതു് അതായതു്, തിരിപ്പുവാരം മുതലായ പാട്ടപ്രകാരം പറയ്ക്കു ആറും ഏഴും പാട്ടം കൊടുക്കേണ്ടിവരുന്നവർ എവിടെയുള്ളവരെന്നു ചോദിച്ചാൽ, അതിനും ഉത്തരം ആററിങ്ങൽ എന്നുതന്നെ. ഇങ്ങനെ എല്ലാ ബുദ്ധിമുട്ടിനും ഒന്നാംകിട സ്ഥാനം പിടിച്ചിരിക്കുന്ന എന്റെ നിയോജകമണ്ഡലത്തിലെ നിവാസികളുടെ സങ്കടപരിഹാരം ചെയ്യുന്നതു് എന്നാണെന്നു ദൈവത്തിനോടു തന്നെ ചോദിക്കേണ്ടിയിരിക്കുന്നു. കാൺഗ്രസ്സ് ഗവണ്മെന്റ് അധികാരത്തിൽ വരുന്നതുവരെ ഇപ്പോഴത്തെ നിലപാടിൽനിന്നും ഒരുവിധം മാനം മര്യാദയോടുകൂടിയും വലിയ പട്ടിണിയില്ലാതേയും ഞങ്ങൾ ജീവിതം കഴിച്ചുകൂട്ടുകയായിരുന്നു. അതിനുശേഷം ഏതു കണ്ണുകൾ വച്ചുനോക്കിയാലും കാൺഗ്രസ്സ് ഗവണ്മെന്റിന്റെ ഭരണപരമായ നയചാതുര്യം കൊണ്ടു് ആററിങ്ങൽ നിവാസികൾക്കു് പറയത്തക്ക യാതൊരു ഗുണവും ഉണ്ടാകുന്നില്ല. അവിടത്തെ പൊതുജനങ്ങളുടെ കൂടെക്കൂടെയുള്ള പരാതികൾക്കെങ്കിലോ, അതോ കാൺഗ്രസ്സ് ഗവണ്മെന്റിന്റെ ആവിർഭാവത്തിൽ ഒരു പരിഷ്കൃതനയം സ്വീകരിക്കണമെന്നുള്ള ഉദ്ദേശംകൊണ്ടോ ഗവണ്മെന്റ് സംസ്ഥാനം ഒട്ടുക്കു് കുറെ കുളങ്ങൾ കുഴിപ്പിക്കാൻ തുടങ്ങി. ആ കൂട്ടത്തിൽ എന്റെ നിയോജകമണ്ഡലത്തിലും ഏകദേശം നന്നാക്കേണ്ടതും കുഴിപ്പിക്കേണ്ടതും ഉൾപ്പെടെ നൂറിൽ ചില്വാനം കുളങ്ങൾ ഉണ്ടു്. പല സ്ഥലങ്ങളിലും കൃഷിക്കുപയുക്തമായ രീതിയിൽ കുളം കുഴിപ്പിച്ചുകൊടുക്കേണ്ടതും കുളങ്ങളിൽ ആവശ്യത്തിനുവേണ്ടി വെള്ളം കെട്ടിനിറുത്തേണ്ടതും ആയ സ്ഥിതി വളരെയുണ്ടു്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽ ഗവണ്മെന്റിൽനിന്നും കുഴിപ്പിച്ചിട്ടുള്ള കുളങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നു് ബഹുമാനപ്പെട്ട ഇറിഗേഷൻമന്ത്രി നേരിൽ കണ്ടറിയേണ്ടതാണു്. കുളങ്ങളുടെ സ്ഥിതിഗതികളെപ്പററി അറിയാൻ ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നിട്ടുണ്ടോ എന്നു എനിക്കു തോന്നുന്നില്ല. ഇനിയും ഒരുപക്ഷെ അവിടെയെങ്ങാനും വരണമെന്നു വിചാരിക്കുന്നുവെങ്കിൽ എന്നെ അറിയിച്ചാൽ ഞാൻ കൂടി വന്നു് ഈ സ്ഥലങ്ങളെല്ലാം കാണിച്ചുതരാം.

സർ, എന്റെ നിയോജകമണ്ഡലത്തിലെ നിലങ്ങളെ സംബന്ധിച്ചിടത്തോളം അവയുടെ കൃഷികൾക്കുവേണ്ടി പൂർവികന്മാർ പലവിധ

[ഡാക്ടർ എൻ. എസ്സ്. പിള്ള]

സൗകര്യങ്ങളും ചെയ്തിട്ടുണ്ടായിരുന്നു. ആ സൗകര്യങ്ങൾ, അതായതു്, കുളങ്ങൾ കുഴിച്ചിട്ടുണ്ടു്, തോടുകൾ വെട്ടിച്ചിട്ടുണ്ടു്, നിലങ്ങളിൽ ചില സ്ഥലത്തു് കിണറുകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഇങ്ങനെ പല സൗകര്യങ്ങളും വെള്ളം കെട്ടി നിൽക്കുന്നതിനുവേണ്ടി അവർ ചെയ്തിരുന്നു. അവർ ഉണ്ടാക്കിക്കൊടുത്തിട്ടുള്ള സൗകര്യത്തെ അല്പസ്വല്പം പണം കൂടി ചെലവാക്കി നന്നാക്കിയിരുന്നുവെങ്കിൽ അടിയുള്ള വർക്കു് വലിയ ഒരനുഗ്രഹമായി തീർന്നേനെ. കാൺഗ്രസ്സു് ഗവർണ്മെൻറു് വന്നതിനുശേഷം ആറ്റുണഞ്ചേരി എന്ന സ്ഥലത്തു ഒരു കുളം കുഴിപ്പിക്കുകയുണ്ടായി. ആ കുളത്തിൽ വെള്ളം കെട്ടിനിൽക്കുന്നതിനുവേണ്ടി കുട്ടികൾ മണ്ണു കുഴച്ചു കളിക്കുന്നതുപോലെ കുളത്തിൻെറ ഏതാനും ഭാഗത്തു് കുറെ മണ്ണു വെച്ചിട്ടുണ്ടു്. കൂടാതെ, ഒരു മടയും അതിൽക്കൂടി പണി തീർത്തിട്ടുണ്ടു്. മട തുറന്നാൽ വെള്ളം കീഴോട്ടു പോകാത്ത തരത്തിലാണു അതു പണി ചെയ്തിരിക്കുന്നതു്. കുളത്തിൽ കെട്ടിക്കിടക്കുന്ന വെള്ളം മട തുറക്കുമ്പോൾ അതുകൊണ്ടു കീഴോട്ടു പോകുന്നില്ല എന്നു പരിശോധിച്ചപ്പോളാണു് മട വെച്ചിരിക്കുന്നതു് മേൽപ്പോട്ടാണെന്നു കണ്ടതു്. ബഹുമാനപ്പെട്ട മന്ത്രി ഈ കുളത്തിനെ ഒന്നു സന്ദർശിക്കണമെന്നു എനിക്കുപക്ഷയുണ്ടു്. ഈയാണ്ടും കീഴാററിങ്ങലിലുള്ള നിലങ്ങളിൽ കരിവു സംഭവിക്കുകയാണുണ്ടായതു്. നഗ്രരും കരിഞ്ഞുപോയി. അതുകൊണ്ടു് മനുഷ്യർക്കുപയോഗപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നതിനു നിർദ്ദേശം കൊടുക്കേണ്ടതാണു്. ഇറിഗേഷനുവേണ്ടി ആണ്ടുതോറും തുകയനുവദിക്കുകയും അതിൻെറ സിംഹഭാഗവും ചെലവാക്കാതെ ലാപ്സാക്കുകയുമാണു ചെയ്തുവരുന്നതു്. ഇറിഗേഷൻ പ്രവർത്തനങ്ങളുടെ നടത്തിപ്പിനുവേണ്ടി ഒരു കമ്മിററി പ്രവർത്തിക്കുന്നുണ്ടു്. ശ്രീമാൻ ഉദിയന്നൂർ കേശവപിള്ളയാണു് അതിൻെറ പ്രസിഡൻറു്. കൊട്ടാരക്കര സ്വദേശിയും ചടയമംഗലം മെംബറുമായ ശ്രീമാൻ ഉദിയന്നൂർ കേശവപിള്ളയെ ആററിങ്ങൽ നടത്തേണ്ടി വരുന്ന ഇറിഗേഷൻ വർക്ക്സിൻെറ ചെയർമാനായി അവരോധിച്ചതു്,—എന്തു് ഔചിത്യത്തോടുകൂടിയാണെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഏതെങ്കിലും ഒരു ജോലിക്കുവേണ്ടി പണം ആവശ്യപ്പെടുകയാണെങ്കിൽ ആദ്യമായിട്ടു ടെക്ക്നിക്കൽ സാങ്ഷൻ വേണം, അഡ്മിനിസ്ട്രേററീവു് സാങ്ഷൻ വേണം, ഇങ്ങനെ തുടങ്ങി പല സാങ്ഷനുകളും വാങ്ങിയശേഷമാണു് പണം അനുവദിക്കാറുള്ളതു്. ചിലപ്പോൾ ഈ സാങ്ഷനെല്ലാം വരുന്നതിനുമുമ്പു് ആണ്ടവസാനിച്ചു് പുതിയ വർഷം തുടങ്ങുകയും അതോടുകൂടി ലാപ്സായിപ്പോകുകയുമാണു് ചെയ്യുന്നതു്. എൻെറ നിയോജകമണ്ഡലത്തിലുള്ള നൂറിൽ ചിലപ്പോൾ കുളങ്ങളിൽ അവിടവിടെ ഒരു കുളങ്ങളെങ്കിലും ജലസേചനത്തിനു സൗകര്യപ്പെടുത്തി കൊടുക്കുന്നപക്ഷം എൻെറ നിയോജകമണ്ഡലത്തിലെ നിവാസികൾക്കു അല്പമെങ്കിലും കഞ്ഞികുടിച്ചു ജീവിക്കാൻ സാദ്ധ്യതയുണ്ടാകും. അതല്ലെങ്കിൽ നിത്യപട്ടിണിയിലേക്കു് അവരെ തള്ളിവിടുന്നതായിരിക്കും ഫലം. അതുപോലെതന്നെ കവിലൂർ, മണമ്പൂർ, പുളിമാത്തു് എന്നിവിടങ്ങളിൽ നിലങ്ങളോടു സമീപിച്ചുകിടക്കുന്ന തോടുകളിൽ ക്രാസ്സുബാർ കെട്ടിക്കൊടുക്കുന്നപക്ഷം ജലസേചനത്തിനു സൗകര്യമുണ്ടായിരിക്കും. കഴിഞ്ഞ കന്നിമാസത്തിൽ മാത്രം ആററിൽ ഉണ്ടായ കൊല്ലയും കെട്ടിക്കൊടുക്കണം: അതുകൊണ്ടു് ഞാൻ ഇപ്പറഞ്ഞ കാര്യങ്ങളെയെല്ലാം ആസ്പദമാക്കി, ബഹുമാനപ്പെട്ട മന്ത്രി ഞങ്ങളോടു കരുണ കാണിക്കണമെന്നു് അപേക്ഷിക്കുന്നു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഇറിഗേഷനെ സംബന്ധിച്ച് ശ്രീ. ബേബി ജാൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങുന്നു. സർ, ഇൻഡ്യൻ സംസ്ഥാനം മൊത്തമായി എടുത്തുനോക്കുന്ന പക്ഷം ചരിത്രപരമായി ഇറിഗേഷന്റെയാവശ്യം കേരളത്തിൽ വളരെ പുരാതനകാലംമുതലേ ഉണ്ടായിരുന്നില്ലെന്നു കാണാവുന്നതാണ്. ഇതു പോലെ ഉണക്കം ബാധിച്ചിട്ടുള്ളതായി ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു ചരിത്രം നോക്കിയാൽ കാണാവുന്നതാണ്. ഇറിഗേഷൻ വകുപ്പിലേക്ക് സംസ്ഥാനത്തുനിന്നും ധാരാളം പണം ചെലവാക്കി പണികൾ തുടങ്ങിയിരിക്കുകയാണ്.

ശ്രീ. എം. വി. ചെറിയാൻ: കോതയാർ അണ കെട്ടിയിട്ട് ഏകദേശം ൧൪ കൊല്ലമേ ആയിട്ടുള്ളുവെന്നറിയാമോ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: ശരിയായിരിക്കാം. സർ, ൧൦൭൫-ലെ മൂന്നാം റെഗുലേഷൻപ്രകാരം മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, പെററി ഇറിഗേഷൻ എന്നീ മൂന്നു തരമായി ഇറിഗേഷൻ പദ്ധതികളെ തരംതിരിച്ചിട്ടുണ്ട്. ൨൦൦ ഏക്കറിൽ കൂടുതൽ പ്രയോജനപ്പെടുന്നതു മേജറും, അഞ്ചു ഏക്കറിൽ താഴെ പെററിയും, മററുള്ളവ മൈനറുമാണ്. മൈനർ ഇറിഗേഷനെ അവഗണിച്ചും മേജർ പദ്ധതികളുടെ പുറകെ പായുന്ന നയമാണു സർക്കാർ തുടരുന്നത്. മേജർ ഇറിഗേഷനെ ഉപേക്ഷിക്കണമെന്നു ഞാൻ പറഞ്ഞതിനു അർത്ഥമില്ല. ദീർഘവീക്ഷണത്തോടുകൂടി, ദീർഘകാലത്തേക്കു പ്രയോജനപ്പെടുന്ന പദ്ധതികൾ നമുക്കു വേണം. നമ്മുടെ സംസ്ഥാനത്തുള്ള എല്ലാ താലൂക്കുകളിലുംതന്നെ ഉണക്കം ബാധിക്കുന്ന സ്ഥലങ്ങളുണ്ട്. അവിടങ്ങളിലെല്ലാം മേജർ ഇറിഗേഷൻ നടപ്പാക്കാൻ സാദ്ധ്യമല്ല. വളരെ ചെറിയ തോതിലുള്ള കർഷകർക്കു കൂടി ആശ്വാസമുണ്ടാകണമെങ്കിൽ സംസ്ഥാനത്ത് അവിടവിടെ മൈനർ ഇറിഗേഷൻ പ്രസ്ഥാനം ആരംഭിക്കാതെ തരമില്ല. സാമ്പത്തികമായി നോക്കുന്ന പക്ഷം മേജർ ഇറിഗേഷനെക്കാൾ പണച്ചെലവ് കുറവും അതേസമയം ഉപയോഗം കൂടുതലും ഉള്ളതു മൈനർ ഇറിഗേഷനാണ്. ഉടനടി ഫലപ്രദമാകുന്ന മൈനർ ഇറിഗേഷൻ പദ്ധതികൾക്ക് മേജർ ഇറിഗേഷനേക്കാൾ താരതമ്യേന ചെറിയ ചെലവേ വരൂ എന്നു കണക്കുകൾ കൊണ്ടു കാണാം. ഇതു എത്രത്തോളം ശരിയാണെന്നുള്ളതു ഞാൻ ഉദാഹരിക്കാം. സർ, ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കാണുന്നതു ഇപ്രകാരമാണ്. ൧൯൫ ലക്ഷത്തിൽ ചിലവാകുന്ന രൂപാ ചെലവാക്കി നിർമ്മിക്കുന്ന നെയ്യാർ സ്കീം കൊണ്ട് ൫൦൦൦ ഏക്കർ സ്ഥലത്തെ കൃഷിക്ക് ഉപകാരപ്പെടുമെന്നും, ശരാശരി ഒരേക്കറിന് ൪൪൫ രൂപാ വീതം ചെലവാകുമെന്നും കാണുന്നു. ൧൫൦൦൦ ഏക്കർ സ്ഥലം കൃഷി ചെയ്യാൻ സാധിക്കുന്ന വാഴാനി സ്കീമിനുവേണ്ടി ൪൪ ലക്ഷത്തിൽ ചിലവാകുന്ന രൂപാ ചെലവാകുമ്പോൾ ശരാശരി ഒരേക്കറിന് ൫൪൦ കൂടുതൽ രൂപയാകുന്നു. വല്ലാർപ്പാടത്തുള്ള ലിഫ്റ്റ് ഇറിഗേഷന്റെ ചെലവ് ൧,൧൧,൦൦൦ രൂപയും കൃഷി ചെയ്യാൻ സാധിക്കുന്നതു ൪വ്വ൪ ഏക്കറും, അങ്ങനെ ഒരേക്കറിന് ൨൫൦ രൂപാ ചെലവു വരുന്നതുമാകുന്നു. അതുപോലെ ഏത്രൂർ ഒരു പദ്ധതിയുടെയിൽ ശരാശരി ഒരേക്കറിന് ൪൯ രൂപാവരെ ചെലവു വരുന്നു. ശരാശരി ഒരേക്കറിന് ൧൦൪ രൂപാ. ഇങ്ങനെ മേജർ ഇറിഗേഷൻ പദ്ധതിയുടെ ചെലവ് ഭീമമാണെന്നു

[ശ്രീ. പി. ഗോവിന്ദപ്പിള്ള.]

കാണാം. ഇതുകൊണ്ടു പ്രയോജനമില്ലെന്നല്ല ഞാൻ പറയുന്നതു്. നിശ്ചയമായിട്ടും പ്രയോജനമുണ്ടു്. എന്നിരുന്നാലും നാട്ടിന്റെ നാനാഭാഗത്തും അവിടവിടെ മൈനർ ഇറിഗേഷൻ സ്ഥാപിച്ചാലുണ്ടാകുന്ന ഗുണംപോലെ ഈ വമ്പിച്ച പദ്ധതികൾക്കുണ്ടാകയില്ലെന്നു പറയാൻ സാധിക്കും. എസ്റ്റിമേറ്റ് കമ്മിററിയുടെ റിപ്പോർട്ടിൽനിന്നും നമുക്കു് ആകെ മൊത്തം എത്ര ഏക്കർ സ്ഥലം കൃഷി ചെയ്യാൻ സാധിക്കുമെന്നും ബാക്കിയുള്ള കൃഷിസ്ഥലങ്ങൾക്കു മുഴുവനും മൈനർ ഇറിഗേഷൻ ആവശ്യമാണെന്നും കാണാം. സർ, ഫാ ഏ—ലെ ന—ാംറെഗുലേഷൻ അനുസരിച്ചു് ഉള്ള ഇറിഗേഷൻ തരം തിരിച്ചാണോ ഇന്നു അംഗീകരിക്കപ്പെട്ടിട്ടുള്ളതു് എന്നു രൂപമില്ല. അതോ പദ്ധതിക്കു ചെലവാകുന്ന മൊത്തം തുകയാണോ തരംതിരിവിനുള്ള മാനദണ്ഡം. നേരെ പറഞ്ഞതാണെങ്കിൽ പല ലിഫ്റ്റ് ഇറിഗേഷനുകളും മേജർ ഇറിഗേഷനാണു്. അവ പലതും മുന്നൂറു നാനൂറു ഏക്കർ നിലങ്ങൾക്കു് പ്രയോജനപ്പെടുന്നുണ്ടു്. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും പ്രവൃത്തിയിൽ കൊണ്ടുവരുന്നതും ഇന്നു തത്വത്തെ ആസ്പദമാക്കിയാണെന്നു അറിഞ്ഞുകൂടാ. നാലുവർഷം മുമ്പു് ആസൂത്രണം ചെയ്തു പ്രവർത്തനം ആരംഭിച്ചു മൂവാററുപുഴ റിവർവാലി സ്കീം ഇന്നു പകുതിയാകുന്നതിനുമുമ്പു പാടെ ഉപേക്ഷിച്ചപോലെയാണു നിലകൊള്ളുന്നതു്. അവിടെ ഉണ്ടായിരുന്ന ഇറിഗേഷൻ സബ്ഡിവിഷൻ ആഫീസു് ആരുമറിയാതെ അപ്രത്യക്ഷപ്പെടുകയും ചെയ്തിരിക്കുന്നു. ഇതുകാരണം മൂവാററുപുഴ താലൂക്കിൽ വമ്പിച്ച അമർഷവും അസംതൃപ്തിയും ഉള്ള വിവരം സപ്ലിമെന്ററി ബഡ്ജററിന്റെ സമയത്തു ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. കുന്നത്തുനാടു താലൂക്കിലും മററും നടക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ ഭരണം അത്തരത്തിലുള്ളതാണു്. എന്തിനു്, എല്ലായിടത്തും അങ്ങനെയാണെന്നു കാണുന്നു. കമ്മിററി ചൂണ്ടിക്കാണിച്ചിട്ടുള്ള അഭിപ്രായംകൂടി ഞാൻ ഈ അവസരത്തിൽ വായിക്കാം.

> "The Committee found that there were several works in the list which had been sanctioned but had not been taken up. Further, the order in which works were being undertaken did not appear to be satisfactory. In the opinion of the Committee some procedure has to be laid down regarding the order in which sanctioned works should be taken up for execution every year."

ഈ അഭിപ്രായം സ്വാഗതാർഹമാണെന്നും അവ അംഗീകരിച്ചു പ്രവർത്തിക്കേണ്ടതു് ഏററവും ആവശ്യമാണെന്നും ഇറിഗേഷൻ പദ്ധതികളുമായി പരിചയമുള്ളവർക്കെല്ലാം അറിയാവുന്നതാണു്. നെൽക്കൃഷിക്കു് വെള്ളത്തിന്റെ ആവശ്യം നേരിടുമ്പോൾ സുലഭമായി കിട്ടത്തക്കവണ്ണം ഉള്ള വ്യവസ്ഥയാണു നമുക്കാവശ്യം. വെള്ളം ഇല്ലെന്നുള്ള പരാതിയുംകൊണ്ടു് മരാമത്തുഡിപ്പാർട്ടുമെന്റിൽ പോയാൽ, ഇവിടെയല്ലാ, ഇറിഗേഷൻ വകുപ്പിലാണെന്നുംപറഞ്ഞു അങ്ങോട്ടു തള്ളിവിടുന്നു. സാധുക്കൾ അവിടെ പോകുമ്പോൾ വേറൊരിടത്തേക്കു പറഞ്ഞയയ്ക്കുന്നു. ഇങ്ങനെ ഓടിനടക്കുന്നതല്ലാതെ യാതൊരു ഫലവുമുണ്ടാകുന്നില്ല. അതുകൊണ്ടു എനിക്കു പറയാനുള്ളതു്, എസ്റ്റിമേററു കമ്മിററിയുടെ അഭിപ്രായമനുസരിച്ചു് ഇന്നത്തെ ഇറിഗേഷൻ ഭരണത്തിലുള്ള ക്രമക്കേടുകൾ പരിഹരിക്കണം.

ഈ പമ്പുകളുടെ പ്രവർത്തനം ശ്രദ്ധക്കുറവ്, ചുവപ്പു നാടയുടെ ശല്യം തുടങ്ങി നിരവധി കാരണങ്ങളാൽ കൃഷിക്കു കിട്ടുന്നില്ല. സർ, ഈയിടെ ഉണ്ടായ ഉണക്കമൂലം കൃഷി നശിക്കാൻ തുടങ്ങിയപ്പോൾ വെള്ളാരപ്പള്ളിയിലെ കർഷകർ പരാതിപ്പെടുകയും അതനുസരിച്ച് പമ്പ് അനുവദിച്ചു കൊടുത്തതു് ഈ കന്നി ക്ഷാംബുക്കം ആയിരുന്നു. എന്നാൽ ആ ഭാഗങ്ങളിൽ കൃഷി തുടങ്ങുന്നതു് ചിങ്ങം ക്ഷാംബുയാണ്. കന്നി ക്ഷാംബുയോടുകൂടി കൃഷി ഇറക്കിക്കഴിയും അതുകൊണ്ടു പ്രവർത്തനം നടത്താതിരുന്ന പമ്പുതന്നെ സമയത്തിനു വരാതിരുന്നതിനാൽ അവിടെ കൃഷിക്കു ദോഷം സംഭവിച്ചു. ഇപ്രകാരം നഷ്ടം സംഭവിച്ചിട്ടുള്ള പരാതികൾ എത്രയാണ് ഉണ്ടായിട്ടുള്ളതു് എന്നുള്ളതിന് കണക്കില്ല. ഇത്ര വിപുലമായ ഒരു പരിതഃസ്ഥിതിയിൽ പൊതുജനാഭിപ്രായത്തിനു ആവശ്യമായ കാര്യങ്ങൾ നടപ്പാക്കുവാൻ സാധിക്കാതെയാണിരിക്കുന്നതു്. ഇതിനു പരിഹാരമായി എസ്റ്റിമേറ്റു കമ്മിററിക്കാർ പറയുന്നതു് പൊതുജനപ്രതിനിധികളും അധികാരികളും അടങ്ങുന്ന ഡിസ്ട്രിക്ററ് അതോറിട്ടികൾ സ്ഥാപിക്കണമെന്നാണ്. അതുകൊണ്ടു് എനിക്കു പറയുവാനുള്ളതു്, ഇപ്രകാരം സ്റ്റാററ്യൂട്ടറി കമ്മിററികൾ സ്ഥാപിച്ചു് അവരുടെ നിർദ്ദേശങ്ങളനുസരിച്ചു് പ്രവർത്തിച്ചാലല്ലാതെ ഇതിനു യാതൊരു പരിഹാരവും ഉണ്ടാകയില്ലെന്നാണ്. കഴിഞ്ഞകൊല്ലം ൧ ലക്ഷം രൂപാ ചെലവുള്ള പണിചെയ്യുവാൻ ൫ ലക്ഷം രൂപാ ചിലവായി ഇത്ര വമ്പിച്ച എസ്റ്റാബ്ലിഷ്മെൻറ് ചാർജ് ആവശ്യമില്ലെന്നു് എസ്റ്റിമേറ്റുകമ്മിററിക്കാരും കുറിച്ചിട്ടുണ്ടു്. അതായതു് പത്തുശതമാനത്തിൽ കൂടുതൽ എസ്റ്റാബ്ലിഷ്മെൻറ് ചാർജ് വരും. ഇതിനു പരിഹാരം എസ്റ്റാബ്ളിഷ്മെൻറുകൾ വെട്ടിക്കുറയ്ക്കുകയല്ല, പ്രധാനവക്കുകൾ വർദ്ധിപ്പിക്കുകയാണ്. അതിലേക്കുവേണ്ടി പൊതുജനസാന്നിദ്ധ്യമുള്ള ഒരു കമ്മിററി ഏർപ്പെടുത്തി ഇതു നടത്തുവാനുള്ള നടപടികൾ ഉടനാരംഭിക്കണം.

ഇനി നീർവാരം—വെള്ളക്കരം—സംബന്ധിച്ചാണ് ഒരു കാര്യം പറയുവാനുള്ളതു്. കൃഷിക്കാവശ്യമുള്ള വെള്ളം വേണമെന്നു ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുകാരോടു് ചോദിക്കണമെന്നു്, പബ്ളിക്ക്വർക്സ് ഡിപ്പാർട്ടുമെൻറുകാരോടു് ചോദിക്കണമെന്നു്. പബ്ളിക്ക്വർക്സ്കാരോടു ചോദിച്ചാൽ ഞങ്ങൾക്കു് അറിഞ്ഞുകൂടാ, ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ ചോദിക്കണം എന്നു പറഞ്ഞു് അവർ ഒഴിയും. ആകപ്പാടെ ബന്ധമില്ലാത്ത ഡിപ്പാർട്ടുമെൻറുകാരുടെ മത്സരംമൂലം ഇതു വളരെ കുഴഞ്ഞു മറിഞ്ഞ ഒരു പ്രശ്നമായി തീരുകയും വെള്ളം കിട്ടുവാൻ സാദ്ധ്യമില്ലാതെ വിഷമിക്കേണ്ടിവരികയും ചെയ്യുന്നുണ്ടു്. വെള്ളക്കരം ചുമത്തുന്നതാരാണ്, പിരിക്കുന്നതാരാണ്, വെള്ളം കിട്ടുന്നസ്ഥലമാണോ എന്നു് പരിശോധിക്കുന്നതാരാണ്, ആരോടാണ് ഇതു സംബന്ധിച്ചു പരാതികൾ പറയുന്നതു്, ഇതൊന്നിനും ഒരു ക്ലിപ്തവുമില്ല. മുമ്പു് റെവന്യൂ ഡിപ്പാർട്ടുമെൻറുകാർ അസ്സസ്-ചെയ്തിരുന്നതു് ഇപ്പോൾ ഇറിഗേഷൻ കരമായി എന്നു തോന്നുന്നു. എന്തായാലും അസ്സസ്മെൻറ് അങ്ങേയററം അരാജകമായ രീതിയിലാണ്. ഒരു തരത്തിലും സ്ഥാപിച്ചിരിക്കുന്ന പമ്പിൽ നിന്നു് വെള്ളം ചെല്ലുവാൻ നിവൃത്തിയില്ലെന്നു് ആക്കും മനസ്സിലാക്കാവുന്ന സ്ഥലങ്ങളിൽ നീർവാരം ചുമത്തിയിട്ടുണ്ടു്. എൻെറ നിയോ

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

ജകമണ്ഡലത്തിൽ, താന്നിപ്പുഴയിൽ വെള്ളം ഒഴുകുന്ന നിരപ്പിൽ നിന്ന് വളരെ ഉയർന്ന ഒരു വലിയ വെളിപ്രദേശത്തിന് ഏക്കറിന് ൨൫ രൂപാവച്ച് പിരിയ്ക്കുന്നുണ്ട്. പരാതിബോധിപ്പിച്ചിട്ട് യാതൊരു ഫലവും ഉണ്ടായിട്ടില്ല.

വീണ്ടും ഈ പരാതികളെപ്പററി ഒരു പുനഃപരിശോധന നടത്തുകയും അത്യാവശ്യമായ പദ്ധതികൾ ഉടനടി നടപ്പാക്കുകയും ചെയ്യ്. ഒരു പരിഹാരം ഉണ്ടാക്കേണ്ടതാണ്. വെള്ളക്കരം ൨ ൫ രൂപയെന്നുള്ളതു കൂടുതലാണ് എന്നാണ് എന്റെ അഭിപ്രായം. സംയോജനത്തിനു മുമ്പ് കൊച്ചിയിൽ ഒരുപ്പുവു കൃഷിചെയ്തിരുന്ന നിലത്തിന് ഏക്കറിന് പത്തു രൂപാ വച്ച് മാത്രമേ പിരിച്ചിരുന്നുള്ളു. അങ്ങനെ അങ്ങേയററം ൨൦ രൂപയിൽ കൂടുതലാകാറില്ല. ഇപ്പോൾ സംയോജനത്തിനു ശേഷവു പിരിവ് ഓരോ പൂവിനുമായിട്ടാണ്. പക്ഷെ ൨൫-൦൨൫-൦൫൦ രൂപാ. അതെ സമയത്ത് തിരുവിതാംകൂർ വിഭാഗത്തിൽ ആണ്ടിൽ എല്ലാ പൂവിനുംകൂടി ൨൫ രൂപാ കൊടുത്താൽ മതി. ഇങ്ങനെ കൊടുത്താലും വലിയ ഭാഗം സ്ഥലങ്ങളിൽ വെള്ളം കിട്ടാതെ, നിർവാരവും കൊടുത്ത് വിളവു ണങ്ങിക്കരിയുന്നതും നോക്കി കൃഷിക്കാരന് ഇരിക്കണമെന്നതോ പോകട്ടെ. സംയോജനത്തിനു ശേഷം ഇവരെ ഇങ്ങനെ പ്രത്യേകം ശിക്ഷിക്കുന്നതെന്തിന്? അതിന്റെ കാരണം എന്താണെന്നു മനസ്സിലാകുന്നില്ല. ശരിയായ വിധത്തിൽ നോക്കിയാൽ ഇതു ചില അഡ്ജസ്ററുമെൻറുകൾ ചെയ്യുവാൻ മാത്രമേയുള്ളു. വെള്ളക്കരം വാസ്തവത്തിൽ വളരെ കൂടുതലാണെന്നും അതു കുറയ്ക്കേണ്ടതു് വളരെ ആവശ്യമാണെന്നുമാണ് എന്റെ അഭിപ്രായം. ഞാൻ ഇൻഡ്യയിലെ മററു പല ഭാഗങ്ങളിലും നിലവിലുള്ള വെള്ളക്കരത്തിന്റെ റേററുനോക്കിയതിൽ തിരു-കൊച്ചിയിലാണ് ഏററവും കൂടുതൽ എന്നു കാണാൻ കഴിഞ്ഞു. ഈ കാര്യങ്ങളെല്ലാം ആലോചിച്ചു കൃഷിക്കാരുടെ കഷ്ടപ്പാടുകൾക്ക് ഉടനടി ഒരു പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളതു്.

3 P M.

ஸ்ரீ. கெ. சட்டநாத கரயாளர்: ஸர், இந்த வெட்டுப் பிரேரணையை ஆதரித்து சில வார்த்தைகள் பேசலாமென்று நினைக்கிறேன். நமது சமஸ்தானத்தில் நீர்ப்பாசனத் திட்டங்களுக்கு இப்பொழுது அளிக்கப்பட்டிருக்கும் தொகையைவிட இன்னும் கூடுதல் தொகை அளிக்க வேண்டுமென்று நான் அபிப்பிராயப்படுகிறேன். இந்த நீர்ப்பாசனத் திட்டங்களை ஒரு குறுகிய கால அளவில் எவ்வளவு செய்யமுடியுமோ அவ்வளவும் செய்வது தான் பயன் தரக் கூடியதாய் இருக்கும். அதை விட்டுவிட்டு பத்து வருட காலத்தில் சுமார் பத்துக் கோடி ரூபாய் செலவு செய்வதைக் காட்டிலும், அதே பணத்தை சுமார் இரண்டு அல்லது மூன்று வருடங்களில் செலவு செய்தால், அதன் பயனாக நமக்கு கூடுதல் வருமானம் கிடைக்கும் என்று நான் சொல்ல வேண்டிய அவசியமில்லை. ஒரு திட்டம் வகுக்கும் போது அந்தத் திட்டம் எந்த அளவிற்கு, எவ்வளவு குறைந்த செலவில், எவ்வளவு கூடுதல் பலன் தரக்கூடும் என்பதைப் பற்றி எல்லாம் பரிசீலனை செய்து தான், திட்டம் வகுக்கப்பட வேண்டும். அப்படிப் பார்க்க போனால் நமது சமஸ்தானத்தில் தற்காலத்தில் வகுக்கப்பட்டிருக்கக் கூடிய திட்டம் எதுவுமே, நான் மேற் சொன்ன அடிப்படையில் செய்யப்படவில்லை என்பதைக் காணலாம். குறைந்த செலவில் கூடுதல் உற்பத்தியைப் பெருக்கக் கூடிய நோக்கம் நமது சர்க்காருக்கு இருந்தால் செங்கோட்டை தாலூகாவை இச்சர்க்கார் ஒரு காலத்திலும் உதாசீனப்படுத்தியிருக்க முடியாது. செங்கோட்டை தாலுகாவில் சுமார் 9000 ஏக்கர் நஞ்சை நிலங்களும், சுமார் 26,000 ஏக்கருக்கு அதிகமான புஞ்சை நிலங்களும் இருக்கின்றன. இந்த நஞ்சை நிலங்கள், தஞ்சாவூர் மகாராஜாக்களின் காலத்தில், இரு பூ நிலங்களாக இருந்தன; ஆனால் தற்பொழுது அப்படியல்ல; இப்பொ

முது அங்குள்ள நஞ்சை நிலங்களில் இரு பூ கிருஷி உள்ளது, நூற்றில் இரு பது சதமானமேயாகும். அதற்கு காரணங்கள் உண்டு. செங்கோட்டை தாலூகாவில் நீர்ப்பாசன வசதிக்காக சுமார் 200 குளங்கள் உள்ளன. இந்த குளங்களில் மிகவும் பெரிய குளம், இலத்தூர் குளம் சுமார் 250 ஏக்கர் விஸ்திரணமுள்ளதாகும். குறைந்தது ஒரு ஏக்கரும் அதற்குக் குறைவாகவும் விஸ்திரணமுள்ள குளங்கள் பல இருக்கின்றன. இந்தக் குளங்கள் அத்தனை யையும் எடுத்துக் கொண்டால் சமீப காலத்தில் அங்கு எந்த வித உருப் படியான மராமத்தும் செய்யப்படவில்லை என்று நான் மிகவும் வருத்தத்து டன் சொல்லிக்கொள்கிறேன். இதுதான் இருப்பூ நிலங்கள் குறைந்ததற்கு முக்கியகாரணம். செங்கோட்டைத் தாலுகாவைப் பொறுத்தளவில், அங் கிருந்து எந்த அளவிற்கு கூடுதல் நெல் கொள்முதல் செய்ய முடியும் என்ற கருத்து மட்டுமே இச்சர்க்காருக்கு இருக்கிறதேயொழிய அந்தத் தாலுகா விற்கு ஏதாவது பிரதியுபகாரம் செய்ய வேண்டும் என்ற எண்ணம் நமது சர்க்காருக்கு எள்ளளவும் இல்லை என்று தான் அங்குள்ள மக்கள் கருதுகி றார்கள். நாஞ்சில்நாட்டு மக்களுக்கு ஓரளவு நன்மை செய்யவேண்டும் என்றமனப்பான்மை இந்த சர்க்காருக்கு இருந்தபோதிலும், செங்கோட்டை மக்களுக்கு அவ்விதம் ஏதாவது உதவி அளிக்க வேண்டும் என்ற மனப் பான்மை இச்சர்க்காருக்கு இல்லை என்று எடுத்துக் கூற நான் விரும்புகி றேன். இந்த மனப்பான்மை, கழிந்த பூவில் செங்கோட்டை தாலுகாவில் பெருவாரியான நிலங்கள் கரிந்தபோது நன்கு தெரிய வந்தது. பேச்சிப் பாறையிலிருந்து, அதன் ஸ்லூயிஸ்-க்கு கீழ் உள்ள தண்ணீரை பம்ப் செய்து கொடுக்க மிகவும் அவசரமாக இச்சர்க்கார் நடபடி எடுத்தார்கள். அதே சமயத்தில் செங்கோட்டை யில் சில குளங்களில் அவ்விதம் செய்ய வேண்டு மென்று கோரிய போது அங்ஙனம் யாதொன்றுமே செய்ய முன் வரவில்லை. இப்போழுது இச்சர்க்கார் நாஞ்சில்நாட்டுக்கு பட்டணங்கால் போன்ற திட்டங்களை வகுக்கிறார்கள், குட்டநாட்டிற்கு அதிக பணச்செலவில் பல திட்டங்கள் வகுக்கப்பட்டுள்ளது. ஆனால் செங்கோட்டை தாலூகா வைப் பொறுத்த மட்டில் அங்கு கல்லார், பரமனேரி, பாலருவி போன்ற திட்டங்கள் எதுவும் செய்வது பற்றி இச்சர்க்கார் சிந்திப்பதாகத் தெரிய வில்லை. இவ்விதம் செங்கோட்டை தாலூகாவிலுள்ள மக்களின்மேல் இச்சர்க்கார் ஒரு மாற்றுன்தாய் மனப்பான்மையை கைக்கொண்டிருப்ப தால், எவ்வளவு சீக்கிரம் இந்த சர்க்காரின் ஆட்சியிலிருந்து பிரிந்து செல்ல முடியுமோ அவ்வளவு சீக்கிரம் பிரிந்து செல்ல வேண்டும் என்ற அவா அங்குள்ள மக்களின் மத்தியில் இருக்கிறது. ஒரு வேளை நாஞ்சில் நாட்டி லுள்ள மக்கள் இந்த திருவிதாங்கூர்-கொச்சி சர்க்காரோடு சேர்ந்திருக்க நினைக்கலாம். ஆனால் செங்கோட்டை மக்கள் எந்த காலத்திலும் அங்ஙன் னம் சிந்திப்பதற்கு இடம் இல்லை. செங்கோட்டை தாலூகாவில் உள்ள நீர்ப்பாசன விஷயத்தில் வேறு ஒரு சிக்கலும் உண்டு. இத்தாலூகா ஒரு எண்கிளேவ்-ஆய் திட்டுப் பிரதேசமாய் இருப்பது. இந்த சமஸ்தா னத்தில் உற்பத்தியாகக்கூடிய நதிகள் மதராஸ் சமஸ்தானத்திற்குச் சென்று திரும்பி நம் ராஜ்யத்தில் பிரவேசிக்கின்றன. இதனால் பல கஷ் டங்கள் நேரிடுகிறது. இக்கஷ்டங்களெல்லாம், நமது சர்க்காரும் மத ராஸ் சர்க்காரும் பேசி முடிவு செய்யவேண்டிய விஷயங்களாகும். நான் இங்கு ஒரே ஒரு விஷயத்தைப் பற்றி பிரத்தியேகமாக எடுத்துக் கூற விரும்புகிறேன். 3000 ஏக்கரா நிலங்களுக்குத் தண்ணீர் அளிக்கக் கூடிய தொண்டமான் குளம், கருங்குளம், வண்ணான்குளம், மலுக்கன் குளம் என்ற நான்கு குளங்கள் செங்கோட்டை தாலூகாவில் சாம்பூர்வட கரை பகுதியில் இருக்கின்றன. இந்தக் குளங்களிலிருந்து வரக்கூடிய கால்கள் திருவிதாங்கூரில் உற்பத்தியாகி சென்னை மாகாணத்தைச் சேர்ந்த தென்காசி தாலூகாவிற்குச் சென்று திரும்பியும் நமது சமஸ்தானத்திற்கு வருகிறது. அப்படி வரும்போது, அங்குள்ள நிலச்சுவான்தார்கள் சட்ட ரீதிக்கு விரோதமாக, அந்தத் தண்ணீரை தடுத்து நிறுத்தி அவர்களின் உபயோகத்திற்காகக் கொண்டு போகிறார்கள். அதற்கு அங்குள்ள உத்தி யோகஸ்தர்களும் அவர்களுக்கு சகாயமாய் இருக்கிறார்கள். தண்ணீர் பிரியக் கூடிய இடத்தில் ஒரு அணை கட்ட வேண்டும் என்று பல தடவைகள் நமது சர்க்காரிடம் சுட்டிக் காட்டியதுண்டு. இந்த விஷயம், வேடிக்கை யும், வேதனையும் கலந்ததாகும். பழைய தஸ்தாவேஜுகளில் சொல்லப்

[ஸ்ரீ. கெ. சட்டநாத கரயாளர்]

பட்டிருக்கிறது, நமக்கு அந்த வெள்ளத்தில் பாதி உண்டென்று. மலையாளத்தில், வெள்ளம் என்றால் வாட்டர் (தண்ணீர்) என்று பொருள்படும். ஆனால் தமிழில் அதற்கு வேறொரு அர்த்தம் இருப்பதை அங்குள்ளவர்கள் பயன்படுத்திக் கொண்டு தர்க்கம் செய்கிறார்கள். வெள்ளம் என்று சொல்வது மழைத் தண்ணீரைத் தான் குறிக்கும் என்று. அந்த மழைத் தண்ணீருக்கு மாத்திரம் தான் உங்களுக்கு அருகதையுண்டு, என்று அவர்கள் வாதாடி அதைத் தடுத்து நிறுத்துகிறார்கள். இதை, எத்தனையோ தடவைகள் நமது சர்க்காரிடம் நேரிலும் மனுக்கள் மூலமும் கூறியதுண்டு. நான் மந்திரி அவர்களிடம் பல தடவை ஞாபகப்படுத்தியிருக்கிறேன். 1942-ம் வருடம் வரை சென்னை சர்க்காருக்கும் இச்சர்க்காருக்கும் தம்மில் இது பற்றி கடிதப் போக்குவரத்து நடந்ததுண்டு. அதற்கு பிறகு எந்த விதமான நடபடியும் எடுக்காமல் அப்படியே இருக்கிறது. சுமார் ஆறு மாதங்களுக்கு முன்னர் செங்கோட்டைக்கு நமது மந்திரி அவர்கள் வந்திருந்த போதும் அதற்கு முன்பும் இதைச் சுட்டிக் காட்டியிருக்கிறேன். ஆனால் இந்தப் பிரச்னையைப் பற்றி இது வரையிலும் எந்த விதமானதொரு அக்கரையும் இச்சர்க்கார் எடுத்ததாகத் தெரியவில்லை. ஆக, நல்ல அளவில் நெல் உற்பத்தி செய்ய அருகதையுள்ள இந்த தாலூகாவை ஏன் நீங்கள் புறக்கணிக்கிறீர்கள்? நான் இச்சர்க்காரை மீண்டும் வேண்டிக் கொள்கிறேன், பாரபட்சமின்றி, நேர்மையான முறையில் செங்கோட்டை தாலூகாவில் உள்ள உற்பத்தியைப் பெருக்க வேண்டுமென்ற ஒரே நோக்கத்தோடு நீங்கள் திட்டம் வகுத்து வேலை செய்ய வேண்டும். அதை விட்டு விட்டு தமிழ் பகுதி, மலையாளம் பகுதி என்ற பாகுபாட்டின் அடிப்படையில் வேலை செய்தால், இந்த சமஸ்தானம் எந்த காலத்திலும் தனது சுய தேவையைப் பூர்த்தி செய்து கொள்ள முடியாது. இந்த சந்தர்ப்பத்தில் எனக்கு தமிழில் உள்ள ஒரு பழமொழிதான் ஞாபகத்திற்கு வருகிறது. அது, ''கடைத்தேங்காயை எடுத்து வழிப் பிள்ளையாருக்கு உடைப்பது'' என்பதாகும். ஆனால் இங்கு நடப்பதைப் பார்த்தால், கடைத் தேங்காயை எடுத்து வீட்டிற்கு கொண்டு போவதுபோல் தான் இருக்கிறது; அது சரியல்ல என்று மட்டும் சொல்லிக்கொண்டு எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. ഒ. സി. നൈനാൻ: സർ, ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചും മൈനർ ഇറിഗേഷനെ സംബന്ധിച്ചും വേലയിൽ ഉള്ള കാലതാമസം ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ വണ്ടനോപക്ഷേപം അയച്ചിട്ടുള്ളത്. പബ്ളിക്ക് വർക്ക്സിലെ സിവിൽ വർക്ക്സിനും മററും കാലതാമസം നേരിടുന്നതു ഒരു വിധത്തിൽ ക്ഷന്തവ്യമാണെങ്കിലും, ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ചും മൈനർ ഇറിഗേഷനെ സംബന്ധിച്ചും ഉള്ള വേലകൾക്ക് കാലതാമസം നേരിടുക എന്നുള്ളത് വളരെ കഷ്ടതരമായിട്ടുള്ള ഒരു കാര്യമാണ് എന്നു പറയാതെ തരമില്ല. എന്റെ നിയോജകമണ്ഡലത്തിൽ രണ്ടുമൂന്നു കാര്യങ്ങൾക്ക് മുമ്പ് പാലപ്പയൽ, കീഴ്വായിപ്പൂർ എന്നു രണ്ടു ചെറിയ ലിഫ്റ്റ് ഇറിഗേഷൻ വേല ഗവണ്മെൻറിൽ നിന്നും അനുവദിച്ചു. അതിലേക്ക് ആവശ്യമായ എസ്റ്റിമേററു ഉണ്ടാക്കി സിവിൾവർക്ക്സ് ചെയ്യുന്നതിന് ടെൻറർ വിളിച്ചു. ടെൻറർ വിളിച്ചപ്പോൾ ഗവണ്മെൻറ് എസ്റ്റിമേററു ചെയ്തിട്ടുള്ള സംഖ്യകൊണ്ട് ഒരു തരത്തിലും ആ വേല നടത്തുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് ആരും ടെൻറർ വച്ചില്ല. അങ്ങിനെ വന്നപ്പോൾ അവിടെ ഒരു അനുദ്യോഗസ്ഥ കമ്മിററി രൂപീകരിച്ച് ആ വേല നടത്തുന്നതുകൊണ്ട് നഷ്ടം വരികയാണെങ്കിൽ നഷ്ടം വരുന്ന സംഖ്യ ആളുകളിൽ നിന്ന് പിരിച്ചു കൊടുത്തുകൊള്ളാമെന്ന് പറഞ്ഞ് ഒരാളെക്കൊണ്ട് ടെൻറർവെയ്പിച്ച് ആ വേല നടത്തിച്ചു. അയാൾക്ക് ആ വേലയിൽ വന്നിട്ടുള്ള നഷ്ടം കമ്മററിക്കാർ പൊതുജനങ്ങളിൽ നിന്നു പിരിച്ച് കൊടുക്കുകയും ചെയ്തു. അങ്ങനെ ആ വേല നടത്തി. ആ വേല

നടത്തിയതു് ഒന്നരക്കൊല്ലത്തിനു മുമ്പാണു്. ഇങ്ങനെ സിവിൽവർക്ക്സ് തീർത്തുകൊണ്ടു് ഇക്കൊല്ലം എലക്ട്രിക്വേലകൾ കൂടി ഉടനെ തീർത്തു ഒരു ഭാഗത്തേയ്ക്കു വെള്ളം കിട്ടും എന്നു വിചാരിച്ചു് അവിടെയുള്ള ആളുകൾ കൃഷിനടത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്തു. കൃഷിയിറക്കുന്നതിനുള്ള പണച്ചിലവു ചെയ്താൽ എലക്ട്രിസിററി വേലകഴിഞ്ഞു അവിടെ വെള്ളം തക്കകാലത്തു കിട്ടുമോന്നു പല പ്രാവശ്യവും എന്നോടു് ആളുകൾ ചോദിക്കുകയുണ്ടായി. ൯ മാസത്തിനു മുമ്പു് ഞാൻ ഈ കാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുണ്ടെന്നും ഇപ്പോൾ നിലവിലിരിക്കുന്ന ബഡ്ജററിൽ ഇതിലേക്കു് ആവശ്യമുള്ള സംഖ്യ അനുവദിച്ചിട്ടുണ്ടെന്നും നേരിട്ടു് അവരോടു് പറഞ്ഞതിൻെറ ഫലമായി അവർ കൃഷിയിറക്കി. ഉടൻതന്നെ ഇതിൻെറ വേലകൾ ചെയ്തുതീർക്കണമെന്നു ഗവണ്മെൻറിൽ അറിയിച്ചു. ഉടനെ വേല തീർക്കുന്നതാണെന്നു് എലക്ട്രിസിററി ഡിപ്പാർട്ടുമെൻറിലുള്ള ആളുകൾ കൃഷിക്കാരെ വിശ്വസിപ്പിച്ചു. കടുവിൽ വെള്ളത്തിൻെറ ആവശ്യം വന്നപ്പോൾ ആ വേല ചെയ്തുതീർക്കുവാൻ എലക്ട്രിസിററി ഡിപ്പാർട്ടുമെൻറിനു് സാധിച്ചില്ല. അതിനുള്ള സാധനങ്ങൾ വന്നിട്ടില്ല, അല്ലെങ്കിൽ അതു് ഗ്രോമോർഫഡ് ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ളതാണു്, അവരാണു് ആ ജോലി നടത്തേണ്ടതു്, ഗവണ്മെൻറിൻെറ സാംഗ്ഷൻ കിട്ടിയിട്ടില്ല ഇങ്ങനെ പല മുടന്തൻ സമാധാനം പറഞ്ഞു് അവർ വേല തീർക്കാതിരിക്കുകയാണു്. ആ വേല നടത്തി വെള്ളം കിട്ടാത്തതുമൂലം ൨ ൦ ൦ ഏക്കർ നിലത്തിലെ കൃഷി മുഴുവൻ ഇക്കൊല്ലം നഷ്ടത്തിൽ കലാശിച്ചു. ഇക്കൊല്ലം ഇതിലേയ്ക്കു് ബഡ്ജററിൽ Part II-ൽ ൨൫–൨ന്നു നമ്പരുകളായി കൊള്ളിച്ചിട്ടുള്ള ന്നു ൦, ൦ ൦ ൦ രൂപാ എന്തു ചെയ്തു എന്നു ഞാൻ ചോദിക്കുന്നു? ഇതേവരെയും ആ ജോലി ആരംഭിക്കാ അതുകൊണ്ടു് ഈ ഏപ്രിൽ ഒന്നാംതീയതിയോടുകൂടി ഈ തുകതന്നെയും ലാപ്സായിപോകുവാനിടയുള്ളതാണു്. ഇങ്ങനെ ഇറിഗേഷനു് വേണ്ടിയുള്ള വേലയ്ക്കു് സിവിൽവർക്ക്സിനായി ഗവണ്മെൻറിൽ നിന്നും അനുവദിച്ച സംഖ്യ പോരാതെ വന്നിട്ടു് ആ പോരാതെ വന്ന സംഖ്യ പൊതുജനങ്ങളിൽ നിന്നു പിരിച്ചുകൊടുത്തു. സിവിൽ വേലചെയ്തു തീർക്കയായിരുന്നു. അങ്ങനെ പൊതുജനങ്ങൾ വളരെ ആഗ്രഹപ്പെട്ടുകൊണ്ടിരിക്കുന്ന ആ വേലയ്ക്കു് ഇക്കൊല്ലം എലക്ട്രിസിററി ഭാഗത്തേയ്ക്കു അനുവദിച്ച ന്നു ൦,൦ ൦ ൦ രൂപാ ലാപ്സായിപോകുന്ന ലക്ഷണമാണു് കാണുന്നതു്. ലിഫ്ററ് ഇറിഗേഷൻ സംബന്ധിച്ചും മൈനർ ഇറിഗേഷൻ സംബന്ധിച്ചും ഉള്ള വേലകൾ അതാതുകാലം തന്നെ ചെയ്തുതീർക്കാതെ അടുത്തകൊല്ലത്തേയ്ക്കു വയ്ക്കുന്നതു് ഒരിക്കലും ശരിയല്ല. ഒരു പ്രകാരത്തിലും ലാപ്സാകാൻ അനുവദിക്കുന്നതല്ല. ഏതായിരുന്നാലും ഇങ്ങനെയുള്ള വേലകൾ എത്രയും എളുപ്പം ചെയ്തുതീർക്കുന്നുവോ അത്രയും എളുപ്പം നമ്മുടെ രാജ്യത്തെ ക്ഷേമക്ഷാമത്തിനു് പരിഹാരം ഉണ്ടാകുന്നതാണു്. അതുകൊണ്ടു് ഇറിഗേഷൻ സംബന്ധിച്ച വേലകളിൽ ഗവണ്മെൻറിൻെറ ശ്രദ്ധ കൂടുതലായി പതിയണമെന്നു് ഞാൻ അപേക്ഷിക്കുന്നു. അതിനു് പ്രത്യേകം ഒരു കാരണമുണ്ടു്. മുമ്പു് ചില മെംബറന്മാർ ചൂണ്ടിക്കാണിച്ചുപോലെ ലിഫ്ററ് ഇറിഗേഷനായാലും മൈനർ ഇറിഗേഷൻ ആയാലും ഒരു കോഓർഡിനേഷൻ ഇല്ലാതെയാണു് ആ വേലകൾ എല്ലാം ചെയ്തുവരുന്നതു്. ചില സ്ഥലത്തു് ആ വേലകൾ നടത്തുന്നതു് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറിൽ നിന്നാണു്

[ശ്രീ. ഒ. സി. നൈനാൻ]

ചില സ്ഥലത്ത് അത് നടത്തുന്നത് ഭക്ഷ്യോൽപ്പാദന ഡിപ്പാർട്ടുമെൻറിൽ നിന്നാണ്; ചില സ്ഥലത്ത് റ്റ്യൂറഗുലർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നുതന്നെനടത്തും. ചില സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറിൽനിന്നാണ് ഈ വേലകൾ നടത്തുന്നത് എന്നു അറിഞ്ഞുകൂടാ. അത്രക്ക് കുറഞ്ഞതാണു കാര്യങ്ങൾ ചെയ്യുന്നത്. ഈ വക വേലകൾ യഥാകാലം നടത്തുവാൻ താമസം നേരിടുന്നതിനെ സംബന്ധിച്ച് ഗവണ്മെൻറിലേയ്ക്ക് എഴുതി അയച്ചാൽ അതിനെപ്പററി ശരിയായ ഒരു അറിവു തരുന്നതിനു തന്നെ ആറുമാസം താമസം സാധാരണ വേണ്ടിവരുന്നുണ്ട്. കഴിഞ്ഞകൊല്ലം ബഡ്ജററു പാസാക്കിയതിനുശേഷം ഈ വേല ഉടനെ ചെയ്തു തീർക്കണമെന്നുപറഞ്ഞു അതിൻെറ ആവശ്യവും ന്യായവും കാണിച്ചു ഞാൻ ചീഫ്സെക്രട്ടറിക്കുതന്നെ എഴുതി അയക്കുകയുണ്ടായി. അതു കഴിഞ്ഞ് ഒരു മാസത്തിനുശേഷം അതിനെപ്പററി ആലോചിക്കുന്നതാണെന്ന് മറുപടി തന്നു. അതുപ്രകാരം വേലനടത്തുകാണാഞ്ഞതിനാൽ അതിനുശേഷം വീണ്ടും എഴുതിയിട്ടുള്ള പല എഴുത്തുകൾക്ക് ഒന്നിനും ഒരു മറുപടി തരികയോ വേല ചെയ്തുതീർക്കുകയോ ചെയ്തിട്ടില്ല. ഒന്നുകിൽ സാമാനം വന്നിട്ടില്ല, അല്ലെങ്കിൽ വേല ആരംഭിക്കുന്നതിന് ഗവണ്മെൻറിൻെറ അനുവാദം കിട്ടിയിട്ടില്ല എന്നു പറഞ്ഞു് ഇതിന് കാലതാമസം വരുത്തുകയാണ് ചെയ്യുന്നതു് എന്നുള്ള സ്ഥിതി ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഉടനെ ഈ വേല ആരംഭിക്കേണ്ടതാണെന്നു ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളുന്നു.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : സർ, ഈ ബഡ്ജററു പരിശോധിച്ചതിൽ ചില ന്യൂനതകൾ കാണുന്നതു് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ തുനിയുന്നതു്. തിരുവനന്തപുരത്തിനു വടക്ക് തുശിവപേരൂരിന് തെക്ക് തോട്ടപ്പള്ളി സ്പിൽവേയും മൂന്നുനാലു് ചാനലുകളും തോടുകളും കഴിഞ്ഞാൽ വളരെ തുച്ഛമായ വേലകളെ ഈ സ്റ്റേററിൻെറ മററു പ്രദേശങ്ങളിൽ ചെയ്യുന്നതായിട്ട് കാണുന്നുള്ളു. മൈനർ ഇറിഗേഷനു വേണ്ടി ചിലവു ചെയ്യുന്നതു് പ്രാദേശികമായ പരിഗണനയുടെ അടിസ്ഥാനത്തിൽ മാത്രം വരുന്നതു് ശരിയല്ല. പ്രാദേശികമായ പരിഗണനകളുടെ അടിസ്ഥാനത്തിൽ മാത്രം ചെലവുചെയ്യേണ്ട ഒരു കാര്യമല്ല അതു്. മൈനർ ഇറിഗേഷൻ കാര്യത്തിൽ അനാസ്ഥമൂലം നമ്മുടെ ഭക്ഷ്യോല്പാദനത്തിൽതന്നെ സാരമായ കുറവു സംഭവിച്ചുകൊണ്ടിരിക്കുന്നു. ഞാൻ ഉദാഹരണത്തിന് ഒരു സ്ഥലത്തെ കാര്യം മാത്രം ചൂണ്ടിക്കാണിക്കാം. പണ്ടുമുതൽക്കുതന്നെ ഓണാട്ടുകര പ്രദേശം നെൽകൃഷിക്ക് വളരെ പ്രശസ്തി നേടിയിട്ടുള്ള ഒരു സ്ഥലമാണ്. കായംകുളം രാജാവ് രാജ്യം ഭരിച്ചിരുന്ന കാലത്തു് ചില ജലസേചനപദ്ധതികളെല്ലാം അവിടെ ഉണ്ടായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. എന്നാൽ അതു് ഇപ്പോൾ ആകെപ്പാടെ നികത്തിയതുമൂലം കൃഷിക്കാർക്ക് കൃഷിക്ക് ആവശ്യമായ വെള്ളം കിട്ടാതെ വളരെ ബുദ്ധിമുട്ടു ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആറാട്ടുകടവുതോട് കോടിയൂർ ചാനലും അച്ചൻകോവിൽആറും തമ്മിൽ ഘടിപ്പിക്കുന്ന ഒരു തോടാണ്. ഒന്നരലക്ഷത്തോളം രൂപാ ചിലവുചെയ്താൽ ആ തോടുകളിലെ വെള്ളം ഓണാട്ടുകര കൃഷിക്ക് എത്തിച്ചു കൊടുക്കുവാൻ സാധിക്കുന്നതാണ്. ബഹു

മാനപ്പെട്ട തിരുവനന്തപുരം മെംബർ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഗവണ്മെൻറ ജലസേചനപദ്ധതികൾക്ക് ചിലവാക്കുന്ന സംഖ്യയും അതുമൂലമുണ്ടാകുന്ന കൃഷി വർദ്ധനവും വെച്ചുനോക്കിയാൽ ഒരു ടൺ നെല്ലിന് ഏകദേശം ൨൫ രൂപാ ചിലവാകുന്നുണ്ടെന്ന് ഒരു നൂറു രൂപാ ചിലവാക്കിയാൽ ഒരു ടൺ അരിയിൽ കൂടുതൽ ഉല്പാദിപ്പിക്കത്തക്ക പദ്ധതിയാണ് അറാട്ടുകടവ് വെട്ടുകടവ് തോട്ടുപദ്ധതി. ഏതാണ്ട് ൩൦൦൦ ഏക്കർ സ്ഥലം ഈ തുച്ഛമായ ചിലവുകൊണ്ട് നല്ല കൃഷിസ്ഥലമാക്കി അഭിവൃദ്ധിപ്പെടുത്തുവാൻ സാധിക്കും. അതുപോലെ അറാട്ടുപുഴതോട് മറെറാരുതോടുമായി ഘടിപ്പിച്ചാൽ ഏതാണ്ട് നാലുലക്ഷംപറ നെല്ല് കൂടുതൽ ഉല്പാദിപ്പിക്കുവാൻ കഴിയും. ഇതു് പല പ്രാവശ്യവും ഇവിടെ പല വർക്ക്സ് കമ്മററികളിലും കൊണ്ടുവരികയും കമ്മററി അംഗീകരിക്കയും ചെയ്തിട്ടുള്ളതാണ്. എന്നാൽ അനുവദിക്കേണ്ട ഘട്ടം വരുമ്പോൾ ഗവണ്മെൻറ് അതു് തള്ളിക്കളയുകയാണ് ചെയ്യുന്നതു്. അതുപോലെ ൨൫൦൦൦ പറയിൽ കൂടുതൽ ഉള്ള ഒരു നിലമാണ് കരിങ്കാലിൻപുഞ്ച. ഏൻെറ കുട്ടിക്കാലത്തു് തുടങ്ങിയതാണ് അവിടെ ഒരു ബണ്ട് കെട്ടുന്ന ജോലി. രാമേശ്വരത്തെ ക്ഷൗരം എന്ന വാക്ക് അതിനെ സംബന്ധിച്ചാണ് അന്വർത്ഥമായിരിക്കുന്നതു്. തിരുവനന്തപുരത്തുതന്നെ ആനത്താഴ് ചിറ എന്ന ചിറ ൧൭ഏക്കർ വിസ്താരമുള്ളതും ഏതാണ്ട് ഒരുലക്ഷംപറ നെല്ല് വിളയിക്കാവുന്നതുമായ ഒരു നിലമാണ്. കുറച്ചു കാലത്തിനുമുമ്പ് ഇറിഗേഷൻ ശ്രദ്ധിച്ചതിൻെറ ഫലമായി ഏഴായിരം രൂപാ ഗവണ്മെൻറ് ചിലവാക്കി. എന്നാൽ ഇപ്പോൾ അതു് നികന്നിരിക്കുകയാണ്, തോട്ടുവെട്ടിയതുകൊണ്ട് മണ്ണെല്ലാം അതിൽ വീണ് നികന്നിരിക്കുകയാണ്. അതു് മന്ത്രിതന്നെ നേരിട്ട് കണ്ടിട്ടുള്ള ഒരു സ്ഥലമാണ്. ചിറയിൻകീഴിൽതന്നെ വളരെ അധികം സ്ഥലം ഈ വിധത്തിൽ മണ്ണുവീണ് കൃഷിചെയ്യുവാൻ നിവൃത്തിയില്ലാത്ത തരത്തിൽ ആയിപ്പോയിട്ടുണ്ട്. വളരെ തുച്ഛമായ ഒരു തുക ചെലവാക്കിയിരുന്നെങ്കിൽ അവിടത്തെ കൃഷി രക്ഷിക്കുവാൻ സാധിക്കുമായിരുന്നു. ചെങ്ങന്നൂർ, പമ്പയാറ്, പന്തളം എന്നിവിടങ്ങളിൽ ഗവണ്മെൻറിൻെറ അശ്രദ്ധമൂലം പതിനായിരം ഏക്കറോളം സ്ഥലത്തെ കൃഷി വെള്ളംകിട്ടാതെ കരിഞ്ഞുപോയി. ഇങ്ങനെ മൈനർ ഇറിഗേഷൻ കാര്യത്തിൽ ഗവണ്മെൻറ് കാണിക്കുന്ന അശ്രദ്ധമൂലം ഭക്ഷ്യകാര്യത്തിൽ വളരെ കുറവു സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ കാര്യങ്ങൾ ഗവണ്മെൻറ് ശ്രദ്ധയിൽ പല പ്രാവശ്യവും കൊണ്ടുവന്നിട്ടുണ്ടെങ്കിലും ഗവണ്മെൻറ് വേണ്ടത്ര ശ്രദ്ധ ഈ കാര്യത്തിൽ പതിപ്പിക്കാതിരിക്കുകയാണ്. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഗവണ്മെൻറ് വൻകിട പദ്ധതികൾ ഉണ്ടാക്കുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി, ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിൻെറ കാര്യം പറയുമ്പോൾ പെരിഞ്ചാണി പദ്ധതിയുടേയും പീച്ചി പദ്ധതിയുടേയും കാര്യമാണ് പറയുന്നതു്. അങ്ങനെയുള്ള വൻ പദ്ധതികളെ കൊണ്ടുമാത്രം ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്ന ലക്ഷ്യത്തിൽ നമുക്ക് എത്തിച്ചേരുവാൻ സാദ്ധ്യമല്ല. തൊമ്മൻ മറകുമ്പോൾ ചാണ്ടി അയയും എന്നു പറയുന്നതുപോലെ നിങ്ങൾ ജലസേചന പദ്ധതിയിൽകാണിക്കുന്ന ഉപേക്ഷമൂലം അതായതു് പഴയപദ്ധതികളെല്ലാം നിറുത്തിവച്ചു് പുതിയ പദ്ധതിയിൽകൂടി നിങ്ങൾ നെല്ലുണ്ടാക്കുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ കഴിവെല്ലാം മോശത്തിലാവുകയാണ് ചെയ്യുന്നതു്. അങ്ങനെ വരുമ്പോൾ നമ്മുടെ ഭക്ഷ്യോല്പാദനത്തിൻെറ രോതു് കീഴ്പോട്ടു പോകും.

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

പിന്നെ ഇവിടെ ലിഫ്റ്റ് ഇറിഗേഷനെ സംബന്ധിച്ച് പറയുവാനുണ്ട്. പല ബഹുമാനപ്പെട്ട അംഗങ്ങളും പറയുകയുണ്ടായി ഇവിടെ വരുത്തിയിട്ടുള്ള പമ്പുകൾ കൃഷിക്കാർക്ക് ഉപകാരപ്രദമായ നിലയിൽ ആകുന്നില്ലാ എന്ന്, അതിനുള്ള കാരണം വരുത്തിയ പമ്പുകൾ ഉപയോഗപ്രദം അല്ലാതായി തീർന്നിരിക്കുന്നു എന്നുള്ളതാണ്. ഗവണ്മെന്റ് വരുത്തിയ പമ്പുകളിൽ ഉപയോഗപ്രദമല്ലാതായി തീർന്നിരിക്കുന്ന പമ്പുകൾ വരുത്തിയതിനുശേഷം ഒരു പ്രാവശ്യമെങ്കിലും അതു ഉപയോഗിച്ചു നോക്കിയതിനു ശേഷമാണോ അത് ഉപയോഗപ്രദമല്ലെന്നു കണ്ടത് എന്നു ഞാൻ ചോദിക്കുന്നു. പമ്പുകളെല്ലാം ഒരൊററദിവസംപോലും ഉപയോഗിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അത്ര മോശമായിട്ടുള്ള പമ്പുകളായിരുന്നു എന്നാണ് ഞാൻ അറിയുന്നത്. ഇങ്ങനെ മോശമായിട്ടുള്ള പമ്പുകൾ വരുത്തുന്നതിനു ഉത്തരവാദിയായ ആൾ ആരാണ്. ഏത് കമ്പനിക്കാരിൽ നിന്നാണ് അത് വരുത്തിയത് എന്ന് പ്രത്യേകം അന്വേഷിക്കേണ്ടതാണ്. ഇവിടെ അസോസിയേററഡ് ഇഞ്ചിനീയറിംഗ് കാർപ്പറേഷൻ എന്ന ഒരു കാർപ്പറേഷൻ ഉണ്ട്. അവരിൽ കൂടിയാണ് പൊതു മരാമത്തു വകുപ്പിലേക്കും ഇലക്ട്രിസിററി ഡിപ്പാർട്ടുമെന്റിലേക്കും ആവശ്യമുള്ള സാധനങ്ങൾ വരുത്തുന്നത്. ആ കാർപ്പറേഷനിൽ ചില ആളുകൾക്കു താല്പര്യമുണ്ട്. താല്പര്യങ്ങളുടെ അടിസ്ഥാനത്തിൽ വമ്പിച്ച തുകകൾ പമ്പുകൾ വരുത്തുന്ന കാര്യത്തിൽ ഗവർണ്മെന്റിന് നഷ്ടം സഹിക്കേണ്ടിവന്നിട്ടുണ്ട്, എന്നു ഞാൻ കേട്ടിട്ടുണ്ട്. അത് ശരിയാണോ തെററാണോ എന്ന കാര്യത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം തരുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അതുപോലെ ഈ മൈനർ ഇറിഗേഷൻ കാര്യത്തിൽ ഗവണ്മെന്റ് വേണ്ടിടത്തോളം ശ്രദ്ധിക്കുകയാണെങ്കിൽ, ഞാൻ ഇവിടെ ആദ്യം പറഞ്ഞ സ്ഥലങ്ങളിലെ ഇറിഗേഷൻ സൗകര്യത്തിനുവേണ്ടി ശരാശരി ആറുരൂപാ വീതം ചെലവഴിച്ചാൽ ഒരു ടൺ നെല്ല് ഉല്പാദിപ്പിക്കുന്നതിനും നൂറുരൂപാ ചിലവഴിച്ചാൽ മധ്യതിരുവിതാംകൂറിൽ കൂടുതൽ നെല്ലും ഉല്പാദിപ്പിക്കുവാനും കഴിയുമെന്ന് ഞാൻ ഉറപ്പുതരുന്നു. കൃഷിക്കാരുടെ ഇടയിൽ ചെന്നാൽ അവർ എത്രയോ കാലമായി ആഗ്രഹിക്കുന്ന ചെറിയ പദ്ധതികൾ കാണാം. അങ്ങനെയുള്ള പദ്ധതികളെല്ലാം നടപ്പിൽ വരുത്തുന്നതിന് പര്യാപ്തമായ പദ്ധതികൾ ആസൂത്രണം ചെയ്തു. അത് ഫലപ്രദമാകുന്ന വിധത്തിൽ വേണ്ട സഹായം ഗവണ്മെന്റ് ചെയ്തു കൊടുക്കുകയാണെങ്കിൽ ഇവിടെ ഭക്ഷ്യോല്പാദനം കൂടുതൽ വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്.

ശ്രീ. സി. സി. അയ്യപ്പൻ : സർ, മൈനർ ഇറിഗേഷൻ വർക്സിനെപ്പററിയാണു എനിക്കു രണ്ടുവാക്കു പറയുവാനുള്ളത്. കഴിഞ്ഞ മൂന്നു കൊല്ലങ്ങളിലായി ഈ വർക്സിനുവേണ്ടി ൧൭ ലക്ഷത്തിലധികം രൂപാ ചെലവഴിച്ചിട്ടുണ്ട്. പക്ഷെ, പറയത്തക്ക യാതൊരു പ്രയോജനവും അതുകൊണ്ടുണ്ടായിട്ടില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഈ ജോലികൾ മേജർ ഇറിഗേഷൻ വക്കിനെപോലെതന്നെ പ്രാധാന്യമർഹിക്കുന്നതാണ്. എന്നാൽ മുൻകൊല്ലങ്ങളിൽ ഗവണ്മെന്റ് അംഗീകരിച്ചു പോന്നിട്ടുള്ള കാട്ടുകയറൽ പദ്ധതിമൂലം വളരെയധികം വിഷമങ്ങൾ ഉണ്ടായിട്ടുണ്ട്. അതായതു്, ഭക്ഷ്യോൽപ്പാദനത്തിന്റെ പേരിൽ കാട്ടിൽ

കൃഷി നടത്തിയതുമൂലം നാട്ടിലുള്ള കുളങ്ങളും, തോടുകളും, കിണറുകളുമെല്ലാംതന്നെ നികന്നു വെള്ളം തീരെ കെട്ടിനിൽക്കാതെ തരത്തിലായിട്ടുണ്ട്. അതേയവസരത്തിൽ ഈ കാട്ടിലുള്ള കൃഷികൊണ്ടു പറയത്തക്കയാതൊരു മെച്ചവും ഉണ്ടാകുന്നുമില്ല. വർഷത്തിന്റെ ആരംഭത്തിലാണ് ആളുകൾ കാട്ടിൽ കയറി കൃഷിചെയ്യുന്നത്. ഒന്നുരണ്ടു കൊല്ലക്കാലത്തേയ്ക്കു കാട്ടിൽ അല്പസ്വല്പം നെല്ലുണ്ടാകുമെന്നല്ലാതെ അതു കഴിഞ്ഞാൽ ആ പ്രദേശം യാതൊന്നിനും കൊള്ളരുതാത്തതായി തീരുന്നതാണ്. വളരെയധികം മലകളും, കുന്നുകളുമുള്ള തലപ്പുള്ളി താലൂക്കിൽ മൈനർ ഇറിഗേഷൻ വർക്ക് നടത്തേണ്ടതു ഏററവും അത്യാവശ്യമായ ഒരു കാര്യമാണ്. അവിടെയുള്ള കാടുകളിൽ കൃഷിചെയ്തുകൊണ്ടു നാട്ടിലുള്ള കുളങ്ങളും, മററും, നികന്നു കിടക്കുകയാണു ചെയ്യുന്നത്. അതുകൊണ്ടു വേനൽക്കാലത്തു അശേഷം വെള്ളം കിട്ടാതെ കൃഷിക്കാർ വളരെ വിഷമം അനുഭവിച്ചുവരുന്നുണ്ട്. അവിടെ വിളവുണക്കു നോക്കാൻവന്ന മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും ഈ സംഗതികളെല്ലാം അറിഞ്ഞിട്ടുള്ളതാണ്. എന്നാൽ വടക്കാഞ്ചേരി പുഴയുടെ രണ്ടുവശത്തുമുള്ള നെല്ല് ഉണങ്ങിയിരുന്നില്ല. അതിനുള്ള കാരണം വടക്കാഞ്ചേരി പുഴയിൽ അങ്ങിങ്ങായി ചിറകെട്ടി വെള്ളം തടഞ്ഞു നിറുത്തിയിരുന്നു. അതിനാലാണു അവിടെ മററസ്ഥലത്തെപ്പോലെ അത്രയേറെ കഴപ്പും ഉണ്ടാകാതിരുന്നത്. അതുപോലെതന്നെ ഈ താലൂക്കിന്റെ വടക്കുഭാഗത്തു ചീരക്കുഴിപ്പുഴ എന്നൊരു പുഴയുണ്ട്. ആ പുഴയുടെ രണ്ടുവശത്തുമുള്ള നെല്ലുമുഴുവൻ ഉണങ്ങിപ്പോകുകയാണു ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രിമാർ അവിടെ വന്നപ്പോൾ ആ പുഴ ചെന്നു കാണുകയുണ്ടായില്ലെന്നു പറയേണ്ടിയിരിക്കുന്നു. ചീരക്കുഴി പുഴയിൽ പല സ്ഥലത്തും ചിറ കെട്ടുന്നതായാൽ ഒഴുകിപോകുന്ന വെള്ളം തടഞ്ഞുനിറുത്തി ഉണക്കുവരാത്തവിധത്തിൽ കൃഷി നടത്താൻ സാധിക്കും. ഏതായാലും കാട്ടിൽ ആളുകൾ കയറി കൃഷി ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നാണു എന്റെ അഭിപ്രായം. അതെ അവസരത്തിൽ ഒരു ഇഞ്ചുപോലും സ്വന്തം ഭൂമിയില്ലാത്ത ആളുകൾ കാട്ടിൽ കയറി താമസിക്കുന്നുണ്ടെന്നുള്ള കാര്യം ഞാൻ മറക്കുന്നില്ല. അങ്ങനെയുള്ളവർക്കു ഒരേക്കറോ അര ഏക്കറോ വീതം ഭൂമികൊടുത്തു ബാക്കി ഭൂമികൾ കൈവശം വച്ചിരിക്കുന്ന ആളുകളിൽനിന്നും പിടിച്ചെടുത്തു ഈ കാടുകയററം അവസാനിപ്പിക്കണമെന്നാണു എനിക്കു പറയാനുള്ളത്. ഈ കാട്ടിലെ കൃഷിമൂലം മണ്ണെല്ലാം കൂടി ഒലിച്ചുവന്നു നാട്ടിലുള്ള തോടുകളേയും, കുളങ്ങളെയുമെല്ലാം നികത്തിക്കളയുകയാണ് ചെയ്യുന്നത്. അതുകൊണ്ടു കാടുകയറൽ നിറുത്തി നാട്ടിൽ നികന്നുകിടക്കുന്ന കുളങ്ങളും കിണറുകളുമെല്ലാം കൃഷിക്കുപയോഗയോഗ്യമാക്കിത്തീർക്കണമെന്നു എനിക്കപേക്ഷയുണ്ട്. ചീരക്കുഴി പുഴയുടെ കാര്യം ഞാൻ പ്രത്യേകം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു. വളരെ ചിലവുകൂടാതെ തന്നെ അവിടെ ചിറകെട്ടി വെള്ളം തടഞ്ഞുനിറുത്താൻ സാധിക്കുന്നതാണ്. അതുമൂലം ഒരു ൧൦,൦൦൦ത്തിൽ ചില്വാനം ഏക്കർ സ്ഥലത്തു ഫലപ്രദമായി കൃഷിചെയ്യുന്നതിനുവേണ്ട വെള്ളം എടുക്കുന്നതിനു സാധിക്കുന്നതാണ്. ഈ വക കാര്യങ്ങളിൽ ഗവണ്മെൻറിന്റെ പ്രത്യേകശ്രദ്ധ ചെലുത്തണമെന്നു അപേക്ഷിച്ചുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, നമ്മുടെ ബഡ്ജററിൽ ഇന്നയാണ്ടിൽ മൈനർ ഇറിഗേഷൻ ജോലികൾക്കായി ര ലക്ഷത്തോളം രൂപാ കൊള്ളിച്ചിട്ടുണ്ടെന്നു ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണ്. അതു എങ്ങനെ ചെലവാക്കണമെന്നുള്ളതു ഈ സഭയുടെയും, ഗവണ്മെൻറിന്റെയും ചിന്തക്കു വിഷയമാക്കേണ്ട ഒരു കാര്യമാണ്. രണ്ടുമൂന്നു കൊല്ലങ്ങൾകൊണ്ടു ധാരാളം മൈനർ ഇറിഗേഷൻ വർക്കുകൾ ഇവിടെ നടപ്പിലാക്കിയിട്ടുണ്ട്. ഇതെല്ലാം നടത്തിയിട്ടുണ്ടെന്നു വരികിലും അതിന്റെ ഉപയോഗം നിലനിൽക്കത്തക്കവണ്ണം ഏതെങ്കിലും ഒരേർപ്പാടു സംവിധാനം ചെയ്തു കഴിഞ്ഞിട്ടുണ്ടോ എന്നുള്ളതു സംശയാസ്പദമായ ഒന്നാണ്. കാരണം ഈ കുളങ്ങളും മററും കുഴിച്ചു രണ്ടുവർഷം കഴിയുന്നതോടുകൂടി വീണ്ടും മണ്ണുകയറി നികന്നുപോകുന്നതായിട്ടാണു അറിയുന്നതു്. മാവേലിക്കര താലൂക്കിൽതന്നെ അൻപതിനായിരം രൂപാ ചെലവാക്കി ഒരു ജോലി നടത്തിയതിനു ഇപ്പോഴും അറുപതിനായിരം രൂപകൂടി ചെലവാക്കേണ്ടിവരുമെന്നു പറയുന്നു. ഇങ്ങനെ ഏതെങ്കിലും ഒരു ജോലി തുടങ്ങിയാൽ അതു നിലനിറുത്തികൊണ്ടുപോകുന്നതിനു ആണ്ടുതോറും ആദ്യം ചെലവാക്കിയ മാതിരിയുള്ള ഒരു തുകതന്നെ ചെലവാക്കുകയെന്നുള്ളതു സാദ്ധ്യമല്ല. ആ കാര്യത്തെപ്പററി സംസാരിച്ചപ്പോൾ നിങ്ങൾതന്നെ അതിന്റെ ഉത്തരവാദിത്വം വഹിക്കണമെന്നു പറയുകയും ചെയ്തു. ഇങ്ങനെ എല്ലാ സ്ഥലത്തും ചെയ്ത ജോലികൾക്കെല്ലാം നിരുപയോഗത വന്നിട്ടുണ്ടെന്നാണു എനിക്കറിയാൻ കഴിഞ്ഞിട്ടുള്ളതു്. ഏതെങ്കിലും ഒരു കുളം കുഴിച്ചു കഴിഞ്ഞാൽ ശരിയായി അതിൽനിന്നും വെള്ളം കിട്ടണമെങ്കിൽ അതു സംബന്ധമായ മെയിൻറനൻസ് ചെയ്യുന്നതിനുകൂടി നിർബന്ധിതമായി ഏർപ്പാടുകൾ ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളതു്. റിപ്പോർട്ടിൽ മൈനർ ഇറിഗേഷനെപ്പററി പറയുന്ന ഭാഗത്തു ഇതു വ്യക്തമാക്കിയിട്ടുണ്ട്. മൈനർ ഇറിഗേഷൻ വക്കിനു രൂപാ ചെലവാക്കി ജോലികൾ തീർത്തു കഴിഞ്ഞാൽ പിന്നീട് അതു അതേ രീതിയിൽതന്നെ നിൽക്കുന്നതിന് വേണ്ട ഏർപ്പാടുചെയ്യണമെന്നു പ്രത്യേകം പറയുന്നുണ്ട്. ഇന്നും കാര്യക്ഷമമായി അതു നടത്തുന്നതിനു ഒരു ഏജൻസിയും ഉണ്ടായിട്ടില്ലെന്നാണു എനിക്കു അറിയിക്കാനുള്ളതു്. അതിലേക്കു ഏതെങ്കിലും ഒരു ഏജൻസി ഉണ്ടാക്കുകതന്നെ വേണം. ഒരു ഇറിഗേഷൻ കമ്മിററിയുണ്ടാക്കി, പിന്നെ അതു മാററി. ഇങ്ങനെയൊക്കെ ആയിട്ടും ഉപയോഗപ്രദമായ പ്രവർത്തനത്തിനുവേണ്ട ഒരു നടപടിയും നടന്നിട്ടില്ല. പക്ഷെ, പൊതുജനങ്ങളുടെ സഹകരണം ഇല്ലാത്തതുകൊണ്ടായിരിക്കാം. ഏതായാലും ഒന്നും നടന്നിട്ടില്ലെന്നു തന്നെ പറയേണ്ടിയിരിക്കുന്നു. ആ റിപ്പോർട്ടിൽതന്നെ പറയുന്നുണ്ട്, പഞ്ചായത്തു് തെരഞ്ഞെടുപ്പു കഴിഞ്ഞാൽ ഇതെല്ലാം ഉപയോഗപ്രദമായ രീതിയിൽ നടത്താൻ കഴിയുമെന്ന്. അടുത്തുവരുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പു കഴിഞ്ഞു ഈ ജോലികൾ അവരെ ഏൽപ്പിക്കുന്നതു കൂടുതൽ ഉപയോഗപ്രദമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അടുത്തതായി എനിക്കൊരു കാര്യം പറയാനുള്ളതു ഇവിടുത്തെ വലിയ ജലസേചനപദ്ധതികളെപ്പററിയാണ്. പമ്പാതട പദ്ധതിയെപ്പററി ഇവിടെ പറഞ്ഞിട്ടുണ്ട്, ഗവണ്മെൻറിൽ അതിനെപ്പററി ഒരു

റിപ്പോർട്ടും ഉണ്ട്. നെയ്യാറണ, കോതയാറണ എന്ന അണകളിൽ പോലും വെള്ളമില്ലാതെ വന്നാൽ ഈ പദ്ധതിമൂലം വെള്ളം സപ്ലൈ ചെയ്യാൻ സാധിക്കുമെന്നാണ് ശ്രീ. കൃഷ്ണയ്യർ ഇവിടെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അവിടെ വിശാലമായ ഒരു തടാകം നിർമ്മിക്കാൻ കഴിയുമെന്നും അതിലെ വെള്ളം ഒരിക്കലും വറക്കയില്ലെന്നും പറഞ്ഞിട്ടുണ്ട്. ഒരു മുപ്പതുകോടി രൂപാകൊണ്ട ആ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പുതിയ എസ്റ്റിമേററിൽനിന്നു ഞാൻ അറിയുന്നത്. അതിനെ സംബന്ധിച്ചു അനേകം നിവേദനങ്ങൾ ഉണ്ടായിട്ടും അതു പ്ലാനിംഗ്കമ്മീഷനിൽ ഉൾപ്പെടുത്താതിരുന്നതു വളരെ ഖേദകരമായ ഒരു കാര്യമാണ്. ആ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ എടുക്കണമെന്നാണ് എനിക്ക് ഗവണ്മെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്.

മാവേലിക്കരയിലെ ഒരു ചെറിയ പദ്ധതിയുടെ കാര്യംകൂടി പറഞ്ഞിട്ട ഞാൻ അവസാനിപ്പിച്ചുകൊള്ളാം. തൊടിയൂർ ആറാട്ടുകടവു തോട് എന്നൊരു തോട് അവിടെയുണ്ട്. അതിനു പതിനാലുമൈലാണു നീളമുള്ളത്. ആ തോട് ഇപ്പോൾ മണ്ണു ഇടിഞ്ഞു നികന്നു കിടക്കുകയാണ്. വളരെയധികം നിലങ്ങളിൽ ഇരുപ്പുകൃഷി ചെയ്യുന്നതിനു സൗകര്യമുള്ള ഒരു തോടാണത്. അതുകൊണ്ടു ഈ വർഷത്തിൽതന്നെ ബഡ്ജററിൽ കൊള്ളിച്ചോ, സപ്ലിമെൻററി ഗ്രാൻറുകൊണ്ടോ ആ തോട് കൃഷിക്കു ഉപയോഗയോഗ്യമാക്കിതീർക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. ഒന്നരയോ രണ്ടോ ലക്ഷം രൂപയുടെ ചെലവു മാത്രമെ ആ തോട് ശരിപ്പെടുത്തുന്നതിനു വരികയുള്ളു. അതുകൂടി ചെയ്യണമെന്നു പ്രത്യേകം അപേക്ഷിച്ചുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഇറിഗേഷൻ വകുപ്പിനു ധനാഭ്യർത്ഥന അവതരിപ്പിച്ചതിൽ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചുകൊണ്ടു സൃഷ്ടിപരമായ നിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട അംഗങ്ങളോട് ഞാൻ കൃതജ്ഞനാണ്. ഇന്നു ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങളിൽനിന്നും വളരെ വ്യക്തമായി കാണാൻ കഴിഞ്ഞതു ഗവണ്മെൻറ് മൈനർ ഇറിഗേഷൻ വർക്കുകൾക്കു ആവശ്യമുള്ളിടത്തോളം ധനം വ്യയം ചെയ്യുന്നില്ലെന്നും, ദീർഘകാലപദ്ധതിയായ മേജർ ഇറിഗേഷൻ പദ്ധതിക്കു ചെലവുചെയ്യുന്നപണം അല്പം കുറച്ചെങ്കിലും മൈനർ ഇറിഗേഷൻ പദ്ധതികൾക്കു ചെലവാക്കി ഉടൻതന്നെ ആ ജോലികൾ പൂർത്തിയാക്കണമെന്നു മിക്കവാറും എല്ലാ അംഗങ്ങളും ആഗ്രഹിക്കുന്നുവെന്നുമാണ്. ആ ആഗ്രഹത്തിൻെറ വെളിച്ചത്തിൽ ഇറിഗേഷൻ ചെലവുകൾ ചെയ്യാൻ സാധിക്കുമെന്നാണു ഞാൻ പ്രതീക്ഷിക്കുന്നത്. മൈനർ ഇറിഗേഷൻ കാര്യങ്ങളെ ഗവണ്മെൻറ് അവഗണിക്കുന്നുവെന്നു ചില ബഹുമാനപ്പെട്ട മെംബറന്മാർ സൂചിപ്പിച്ചതു ശരിയല്ല. കഴിഞ്ഞ തവണ ബഡ്ജററു അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്നതിനെക്കാൾ കൂടിയ ഒരു തുക മൈനർ ഇറിഗേഷനുവേണ്ടി ഗവണ്മെൻറ് ചെലവുചെയ്തിട്ടുണ്ട്. മൈനർ ഇറിഗേഷനെ സംബന്ധിച്ചിടത്തോളം ഒരു ചെറിയ തെററിധാരണ സഭാംഗങ്ങൾക്കുണ്ടെന്നു ഞാൻ സംശയിക്കുന്നു. കഴിഞ്ഞ എത്താനും വർഷങ്ങൾക്കു മുമ്പു ഈ രാജ്യത്തിൽ നടപ്പിലാക്കിയ ജി. എം. എഫ്,

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

സ്കീം ഇവിടെ നിലവിലിരുന്ന ഇറിഗേഷൻ ആക്ടനുസരിച്ചായിരുന്നു. ആ ആക്ടനുസരിച്ചാണെങ്കിൽ മൈനർ ഇറിഗേഷൻ കാര്യങ്ങൾക്കു ചെലവുചെയ്യേണ്ട തുകയുടെ ഒന്നു പകുതി ഈ മൈനർ ഇറിഗേഷൻ കൊണ്ടു ഗുണം സിദ്ധിക്കുന്ന വസ്തു ഉടമസ്ഥന്മാരും ഒന്നു പകുതി ഗവണ്മെൻറും ചെലവു ചെയ്യേണ്ടതാണ്. അങ്ങനെയാണു ആക്ടിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു്. അതുപോലെതന്നെ സംരക്ഷണചെലവും ഈ പദ്ധതി കൊണ്ടു ഗുണം സിദ്ധിക്കുന്ന വസ്തു ഉടമസ്ഥന്മാർ ചെയ്യേണ്ടതാണെന്നാണു ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു്. ആ വ്യവസ്ഥകൾ അനുസരിച്ചായിരുന്നു ഈ രാജ്യത്തു ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കികൊണ്ടിരുന്നതു്. എന്നാൽ ഗ്രോ മോർ ഫുഡ് സ്കീം വന്നപ്പോൾ എന്തു ബുദ്ധിമുട്ടുകൾ സഹിച്ചും അതിനുവേണ്ട കാര്യം ഗവണ്മെൻറു പ്രവർത്തിക്കേണ്ടതാണെന്നുള്ള അടിസ്ഥാനത്തിൽ ഇറിഗേഷൻ പദ്ധതികൾക്കു വേണ്ടിവന്നപണം മുഴുവൻ ഗവണ്മെൻറ് ചെലവുചെയ്യുന്ന ഒരു സമ്പ്രദായം ഈ രാജ്യത്തു സ്വീകരിച്ചിരുന്നു. ൧൯൫൧ മുതൽ ൧൯ ൫൨ വരെ ആ തരത്തിൽ തന്നെയാണു ഇറിഗേഷൻ പ്രവർത്തനങ്ങൾ ഈ രാജ്യത്തു നടപ്പിലാക്കികൊണ്ടിരുന്നതു്. നാം ഇവിടെ മൈനർ ഇറിഗേഷനുവേണ്ടി ചെലവു ചെയ്യുന്ന തുകയുടെ ൫൦ ശതമാനം ഗ്രാൻറു ഇൻഡ്യാഗവണ്മെൻറിൽ നിന്നും നമുക്കു ലഭിച്ചുകൊണ്ടിരുന്നു. എന്നാൽ ൫൨-൫൩ വർഷത്തിൽ ഗ്രാൻറായി ഇവിടെ ചെലവാക്കിയതിൻെറ ൨൫ ശതമാനം മാത്രമെ കിട്ടിയുള്ളു. ൫൩-൫൪-ൽ ഇവിടെ ചെലവാക്കുന്ന തുകയുടെ പന്ത്രണ്ടര ശതമാനം മാത്രമെ ഇൻഡ്യാഗവണ്മെൻറു തരികയുള്ളുവെന്നും, ബാക്കി പന്ത്രണ്ടര ശതമാനം ഈ ഗവണ്മെൻറിൽനിന്നു ചെലവാക്കണമെന്നും ഇതു രണ്ടും കഴിച്ചുള്ള ൭൫ ശതമാനം ഇതുകൊണ്ടു പ്രയോജനം കിട്ടുന്ന വസ്തുഉടമസ്ഥന്മാരിൽനിന്നും ഈടാക്കണമെന്നുമാണു ഇൻഡ്യാഗവണ്മെൻറു നിർദ്ദേശിച്ചിട്ടുള്ളതു്.

അതു് ഏതുതരത്തിലാണ് ഈ നാട്ടിൽ പെട്ടെന്നു നടപ്പിലാക്കാൻ കഴിയുന്നതെന്നുള്ളതിനെപ്പററി ഗവണ്മെൻറാലോചിച്ചുകൊണ്ടിരിക്കുകയാണ്. പണ്ടു് ൫൦ ശതമാനം ചെലവുകൊടുത്തുവന്നിരുന്ന പാരമ്പര്യം പോലും വസ്തു ഉടമസ്ഥന്മാർ മറന്നിരിക്കുന്നു. എന്നാൽ ഇപ്പോൾ അതിനു വേണ്ടിവരുന്ന മുഴുവൻ ചെലവുകളും വഹിക്കേണ്ടതു കർഷകർതന്നെയായിരിക്കണമെന്നുള്ളതിലേക്ക് ഒരു പദ്ധതിയാണ് ഇപ്പോൾ ഗവണ്മെൻറ് ആലോചിച്ചുവരുന്നതു്. ആ നിലയിൽ ഇതിൻെറ ൭൫ ശതമാനം കർഷകർ വഹിക്കണമെന്നു ഇൻഡ്യാഗവണ്മെൻറു പറഞ്ഞതിനെക്കുറിച്ചു.

ശ്രീ. എ. താണുപിള്ള : ഈ കാര്യത്തിൽ ഇൻഡ്യാഗവണ്മെൻറിൻെറ നിർദ്ദേശം ഈ ഗവണ്മെൻറു സ്വീകരിച്ചേ കഴിയൂ എന്നു നിർബന്ധമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സ്വീകരിച്ചേ കഴിയൂ എന്നു നിർബന്ധമില്ല. പക്ഷെ പന്ത്രണ്ടരശതമാനമേ അവർ തരികയുള്ളു എന്നുള്ളതിപ്പോൾ സ്വീകരിച്ചേ മതിയാവൂ.

ഈ മൈനർ ഇറിഗേഷൻ പദ്ധതികൾക്കാവശ്യമുള്ള തുകകൾ ഒരു കാലത്തും ഈ ഗവണ്മെൻറിനു ചിലവാക്കാൻ സാധിക്കുന്നില്ല എന്നുള്ളതിനു കണക്കുകൾ ഉദ്ധരിച്ചുകൊണ്ടു ബഹുമാനപ്പെട്ട മാവേലിക്കര മെംബർ സംസാരിക്കയുണ്ടായി. അതായതു് നാലോ അഞ്ചോ കൊല്ലം മുമ്പ് കഴിച്ചിട്ടുള്ള കുളങ്ങൾ ഇപ്പോൾ വീണ്ടും നികന്നുപോയിരിക്കുകയാണ്. ഇപ്പോൾ അതു് വീണ്ടും കഴിപ്പിക്കേണ്ട ഒരു പരിതഃസ്ഥിതിയിലാണ് നാം വന്നുചേർന്നിരിക്കുന്നതു്. ഇങ്ങനെ ഈ രാജ്യത്തുള്ള കുളങ്ങൾ എല്ലാക്കാലത്തും കഴിപ്പിക്കുക എന്നുള്ളതു ഗവണ്മെൻറിനു സാധിക്കുമെന്നുള്ള കാര്യമല്ല. പഴയ കാലത്തേക്കാൾ വളരെ വേഗത്തിൽ ഈ കുളങ്ങൾ നികന്നുപോകുന്നതിൻെറ കാരണം ബഹുമാനപ്പെട്ട പാറശാല മെംബർ ചൂണ്ടിക്കാണിക്കയുണ്ടായി. കാരണം ഈ നാട്ടിൻെറ മിക്ക ഭാഗങ്ങളിലും കൃഷി വർദ്ധിപ്പിച്ചതോടുകൂടി ആ നിലങ്ങളിലുള്ള സായിൽ മുഴുവൻ തോടുകൾ വഴി ഒലിച്ചുവന്നു കുളങ്ങൾ നികന്നുപോകുകയാണ് ചെയ്യുന്നതെന്നാണ്. അതുകൊണ്ടു മേലാൽ ഈ കുളങ്ങൾ നന്നാക്കുന്നതിൻെറ ചുമതല കൃഷ്കർതന്നെ വഹിക്കേണ്ടതായിവരുമെന്നാണ് ഗവണ്മെൻറു കരുതുന്നതു്. ഇപ്പോൾ അതിൻെറ ക്യാപ്പിററൽ എക്സ്പെൻറിച്ചർ ഗവണ്മെൻറു ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. താണുപിള്ള : ഏതെല്ലാം മൈനർ ഇറിഗേഷൻ ജോലികൾ ചെയ്തു തീർക്കുന്നതിനു് എന്തു തുക വേണ്ടിവരുമെന്നു ഗവണ്മെൻറിനു കണക്കുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കണക്ക് എടുത്തിട്ടില്ലി മൈനർ ഇറിഗേഷൻ പ്രവർത്തനങ്ങളോടുകൂടിതന്നെ ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും അടുത്തകാലത്തു് ആരംഭിച്ചിട്ടുണ്ട്. ചില പദ്ധതികൾക്കു അഡ്മിനിസ്ട്രേററീവ് സാംഗ്ഷൻ കഴിഞ്ഞു് ഇരിപ്പുണ്ട്. അതുകൂടാതെ ഒന്നുരണ്ടു സംഗതികളെ സംബന്ധിച്ചു മാത്രമേ ഇൻവെസ്റ്റിഗേഷൻ കഴിയേണ്ടതായിട്ടുള്ളു. ചാലക്കുടി, മൂവാററുപുഴയാറ് മുതലായവയെ സംബന്ധിച്ചു് ഇൻവെസ്റ്റിഗേററു ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പദ്ധതികൾ എല്ലാം അടുത്തകാലത്തു തുടങ്ങിട്ടുള്ളതുകൊണ്ടു് അതിലേക്കു് എന്തു തുക വേണ്ടിവരുമെന്നുള്ളതിനു കണക്കെടുത്തിട്ടില്ല.

ശ്രീ. എ. താണുപിള്ള : അഞ്ചാറുകൊല്ലംകൊണ്ടു് നികന്നുപോകുന്നു എന്നറിഞ്ഞിട്ടു് അതിനുള്ള സംരക്ഷണനടപടി എടുക്കാതിരിക്കുന്നതെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ആ ജോലി ചെയ്യാം എന്നാണ് വിചാരിച്ചതു്. എന്നാൽ അപ്പോഴേയ്ക്കും ജി. എം. എഫ്. സ്കീം വന്നതുകൊണ്ടു കുളങ്ങൾ കഴിപ്പിക്കുന്നതിനുള്ള ചിലവിൽ 60 ശതമാനം ഇൻഡ്യാഗവണ്മെൻറു തരുമെന്നു വിചാരിച്ചു് ഈ കാര്യം പരിശോധിക്കാതെ ചിലവു ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : കാട്ടിൽ കൃഷിചെയ്യുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം അതു ഗവണ്മെൻറിനു നിർത്തരുതോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വനത്തിലുള്ള അനിയന്ത്രിതമായ കൃഷി തടയണമെന്നാണു ഗവണ്മെൻറിൻെറ നിശ്ചയം.

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

പിന്നീടുണ്ടായിരുന്ന ആരോപണം പല അംഗങ്ങളും ചൂണ്ടിക്കാണിച്ചതു പമ്പിന്റെ കാര്യം സംബന്ധിച്ചു ഗവണ്മെന്റിനു ശരിയായ തരത്തിലുള്ള നിയന്ത്രണമില്ല എന്നുള്ളതാണ്. വസ്തുവമാണെന്നു ഞാനും സമ്മതിക്കാം. ഇന്ന് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ട്മെന്റിലും പി. ഡബ്ല്യു. ഡിപ്പാർട്ടുമെന്റിലും ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിലും ഈ ആവശ്യത്തിനായി പമ്പുകൾ സൂക്ഷിക്കുന്നുണ്ട്. എന്നാൽ അതു് കൃഷിക്കാർക്ക് ആവശ്യമായ സമയത്തു കൊടുക്കുന്നതിനും അതുപയോഗിക്കുന്നതിനും ഇങ്ങനെ വിവിധ ഏജൻസികളുടെ ചുമതലയിൽ വച്ചിരിക്കുന്നതു സൗകര്യമായിരിക്കുകയില്ല എന്നു കരുതി ഒരു പ്രത്യേക മെക്കാനിക്കൽ ആർട്സ് ഡിവിഷനെ ഏർപ്പെടുത്തുന്നതിനു ഗവണ്മെന്റു തീരുമാനിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുകൊണ്ടു് ഈ വർഷത്തിൽ ഉണ്ടായതുപോലുള്ള അസൗകര്യങ്ങൾ ഇനി ഉണ്ടാകയില്ല എന്നാണ് ഗവണ്മെന്റു പ്രതീക്ഷിക്കുന്നതു്.

ഗവണ്മെന്റു വാങ്ങിയിട്ടുള്ള പമ്പുകളെ സംബന്ധിച്ചു ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ ഏതോ ആരോപണങ്ങൾ പറയുകയുണ്ടായി. അതായതു് അസോസ്യേറ്റഡ് കാർപ്പറേഷനിൽ നിന്നും ചില പമ്പുകൾ വാങ്ങിച്ചു എന്നും അതു് വർക്കുചെയ്യുന്നതിനു മുമ്പുതന്നെ കേടുവന്നതായും ചില ഊഹാപോഹങ്ങൾ പുറപ്പെടുവിക്കയുണ്ടായി.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : തിരുവനന്തപുരത്തുള്ള സംസാരംകൊണ്ടു പറഞ്ഞതാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സംസാരമുണ്ടെങ്കിൽപോലും അതേപ്പററി പരിശോധന നടത്തേണ്ടതാണ്. ഈ പമ്പുകൾ ഏതെങ്കിലും കേടുവന്നുപോയി എന്നെനിക്കറിവില്ല. അതു് അസോസ്യേറ്റഡ് കാർപ്പറേഷനിൽ നിന്നും വാങ്ങിയിട്ടുള്ള പമ്പുകൾ ആണോ എന്നും എനിക്കിപ്പോൾ അറിയാൻ പാടില്ല. അതു സംബന്ധിച്ചു് ഒരു സംശയം ഈ സഭയിൽ ഉന്നയിച്ചിരിക്കുന്ന സ്ഥിതിക്ക് ആ കാര്യത്തെപ്പററി പരിശോധന നടത്താൻ ഗവണ്മെന്റു തയാറാണ്. ഉപയോഗിക്കുന്നതിനു മുമ്പുതന്നെ അതു് കേടുവന്നുപോയിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായിട്ടുള്ള ആളുകളുടെ പേരിൽ നടപടി എടുക്കുന്നതിനും തയാറാണ്. എന്നാൽ അതു കേവലം കിംവദന്തിയാണെന്നുള്ളതുകൊണ്ടാണ് ഈ ആരോപണത്തെപ്പററി ഗവണ്മെന്റു് അന്വേഷിക്കാതിരുന്നതു്. ഈ പമ്പുകൾ കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ചും ചില് വ്യവസ്ഥകൾ ഗവണ്മെന്റുണ്ടാക്കുന്നതാണ്. ഇത്രയും കാലം ഈ പമ്പുകൾ കൊണ്ടുപോകുന്നതിനു ആവശ്യമുള്ള കർഷകർ മിക്കവാറും അതിന്റെ പന്ത്രണ്ടാം മണിക്കൂറിൽ ഓടിവരുന്ന ഒരു പതിവായിരുന്നു ഗവണ്മെന്റിനനുഭവിക്കാനിടയായതു്. അതായതു നിലം ഉണങ്ങി എന്നു പറഞ്ഞു ഏതെങ്കിലും കർഷകർ ഓടിവരുമ്പോൾ അവർക്കു പമ്പുകൊടുത്തയക്കണം, അല്ലെങ്കിൽ ആവശ്യമായ വെള്ളം കൊടുക്കണം. എന്നാൽ അതിലേക്കു വേണ്ടിവരുന്നതായ ചിലവു വഹിക്കുന്ന കർഷകരിൽ നിന്നും അതീടാക്കുന്നതിനുള്ള സാവകാശം ഇല്ലാത്തതരത്തിലാണ് അവർ പമ്പുകൾ ആവശ്യപ്പെടുന്നതും ഉപയോഗിക്കുന്നതും. അതു് പരിഹരിക്കുന്നതിനായി ഓരോ

പിരിഗേഷനിൽപ്പെട്ടതായ ഞ്ചയിൽപമ്പുകളും എലക്ട്രിക്ക് പമ്പുകളും എത്രയെണ്ണം ഗവണ്മെൻറിന്റെ കൈവശമുണ്ടെന്നും ഓരോന്നും കൊണ്ടു പോകുന്നതിനുള്ള വ്യവസ്ഥകളും ഗവണ്മെൻറ് വളരെ നേരത്തെതന്നെ പ്രസിദ്ധപ്പെടുത്തി കർഷകരെ അറിയിക്കുന്നതാണ്. ഈ പമ്പുകൾ കർഷകർക്കു കൊടുക്കുന്നതിനു ഗവണ്മെൻറ് സ്വീകരിച്ചിരിക്കുന്ന നടപടി നോലാസ്സ് നോ പ്രാഫിറ്റ് ബേസിസിൽ തന്നെയാണ്.

പിന്നീട് ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെംബർ പറഞ്ഞതു് എലക്ട്രിസിറ്റി എക്സ്റ്റൻറ് ചെയ്യുന്ന കാര്യത്തെപ്പററിയാണ്. ഇന്ന് എലക്ട്രിസിററി റോഡുകളിൽ കൂടിയാണ് എക്സ്റ്റൻറ് ചെയ്തുകൊണ്ടു പോകുന്നതു്. അതു നദീതടങ്ങളിൽകൂടി കൊണ്ടുപോകുന്നതായാൽ ലിഫ്റ്റഇറിഗേഷന് കൂടുതൽ പ്രയോജനമുണ്ടെന്നും സൗകര്യമായിരിക്കുമെന്നാ അദ്ദേഹം പറഞ്ഞു. അങ്ങനെ ലിഫ്റ്റ് ഇറിഗേഷനു സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ കൂടുതൽ പ്രയോജനമുണ്ടാകുമെന്നു കാണുന്ന സ്ഥലത്തു് ഈ പദ്ധതി നടപ്പിലാക്കാൻ ഗവണ്മെൻറ് ശ്രമിക്കുന്നതാണ്.

ബഹുമാനപ്പെട്ട പെരിനാട്ടു മെംബർ ഒരു തോട്ടുണ്ടാക്കുന്നതിനു ഗവണ്മെൻറ് ശ്രമിക്കയും അതു് ഇപ്പോൾ ഒരു കിണറായിത്തീർന്നു പാമ്പിന്റെ അധിവാസസ്ഥാനമായിട്ടുണ്ടെന്നും പറഞ്ഞു. അതു സംബന്ധിച്ചും ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണ്. ആ സ്ഥലത്തു് ഒരു ടണൽ ഉണ്ടാക്കുന്നതിനു ആ സ്ഥലത്തെ സായിലിനു് ഉറപ്പുണ്ടോ എന്നു നോക്കുന്നതിനായി ഒരു കുഴി കുഴിച്ചു നോക്കുകയാണു ചെയ്തതു്. എന്നാൽ ടണൽ ഉണ്ടാക്കുന്നതിനു സായിലിനു് ഉറപ്പില്ല. ആ കാര്യവും ഗവണ്മെൻറിന്റെ ശ്രദ്ധയിലുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ടണൽ ആക്കാൻ സാധിക്കാത്തതു മണ്ണിന്റെ കുററം കൊണ്ടാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു മണ്ണിന്റെ സ്വഭാവമാണ്. മണ്ണിന്റെ കുററംകൊണ്ടല്ല. മണ്ണിനുപോലും കുററം ആരോപിക്കുന്നല്ലോ?

ഇന്നു മേജർ പദ്ധതികൾക്കു എക്കറിനു കാസ്റ്റ് ആഫ് എക്സ്പെൻറിച്ചർ ൪൦൦ രൂപ ചിലവാകുന്ന അവസരത്തിൽ മൈനർ ഇറിഗേഷൻ പദ്ധതി അനുസരിച്ചു് എക്കറിനു വ ൪൦ രൂപ ചിലവാകുന്നുള്ളു എന്നും പറയുകയുണ്ടായി. അതു് ക്യാപ്പിററൽ എക്സ്പെൻറിച്ചർ മാത്രമാണ് കണക്കാക്കിയതു്. ക്യാപ്പിററൽ എക്സ്പെൻറിച്ചറിനേക്കാൾ വർക്കിംഗ് എക്സ്പെൻറിച്ചർ വളരെ കുറവാണ്. എന്നാൽ ലിഫ്റ്റ് ഇറിഗേഷനു മിക്ക സ്ഥലത്തും വർക്കിംഗ് എക്സ്പെൻറിച്ചർ വ ൦ രൂപവരെ യാകുന്നുണ്ട്. ഇങ്ങനെ റെക്കറിംഗ് എക്സ്പെൻറിച്ചർ വ ൦ രൂപയോളം വരുന്നതു വളരെ പ്രയോജനകരമായ പദ്ധതിയാണെന്നു ഗവണ്മെൻറ് കരുതുന്നില്ല. അതിന്റെ റെക്കറിംഗ് എക്സ്പെൻറിച്ചർ നോക്കുമ്പോൾ അതു നഷ്ടമാണ് എന്നാണ് ഗവണ്മെൻറ് തീരുമാനിച്ചിരിക്കുന്നതു്.

പിന്നെ ചില മെംബറന്മാർ ഇതു സംബന്ധിച്ചു് ഗവണ്മെൻറിന്റെ ഒരു വ്യക്തമായ പദ്ധതിയില്ലെന്നു പ്രസ്താവിക്കയുണ്ടായി. ഈ ഗവണ്മെ

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

ൻറിനു വളരെ വ്യക്തമായ പദ്ധതികൾ വളരെ മുമ്പുതന്നെ ഉണ്ടായിരുന്നു. എന്നാൽ ഇടക്കാലത്തു ജി. എം. എഫ്. സ്കീംസ് വന്നപ്പോൾ ചില പ്രതീക്ഷകൾ ഗവണ്മെൻറിനുണ്ടായിരുന്നു. അതിനു മുമ്പുതന്നെ വ്യക്തമായ ചില പദ്ധതികൾ ഇറിഗേഷൻ ആക്ടനുസരിച്ച് നടപ്പിലാക്കാൻ കഴിയുന്നിടത്തോളം ഗവണ്മെൻറിനു ഉണ്ടായിരുന്നു. ഈ ആക്ടനുസരിച്ചു എന്തെല്ലാം സൗജന്യങ്ങൾ കർഷകർക്കു ചെയ്യാൻ കഴിയുമോ അതെല്ലാം ചെയ്യണമെന്നും അങ്ങിനെ ഈ പദ്ധതി മുമ്പോട്ടുകൊണ്ടുപോകണമെന്നുമാണ് ഗവണ്മെൻറാലോചിക്കുന്നത്.

ബഹുമാനപ്പെട്ട കൊട്ടാരക്കരമെംബർ ഇതിനകത്തു പ്രാദേശിക സ്വഭാവം മാററണമെന്നും മേജർ ഇറിഗേഷൻ പദ്ധതികൾ കൊട്ടാരക്കരക്കൂടി നടപ്പിൽ വരുത്തണമെന്നും കൊട്ടാരക്കരക്കാരുടെ പണംകൂടി മററു സ്ഥലങ്ങളിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾക്കുവേണ്ടി ചിലവാക്കുന്നുണ്ടെന്നും അങ്ങിനെ രാജ്യത്തിൻെറ ഏതാനും ഭാഗങ്ങൾമാത്രം സ്വയം പര്യാപ്തമാക്കുന്നതു ശരിയല്ലെന്നും പറയുകയുണ്ടായി. അതു ശരിയല്ല. ഇപ്പോൾ ഏതാനും മേജർ ഇറിഗേഷൻ പദ്ധതികൾ മാത്രമേ ഗവണ്മെൻറ നടപ്പിലാക്കാൻ ആഗ്രഹിക്കുന്നുള്ളൂ. മാത്രമല്ല കൊട്ടാരക്കര ഇതുപോലെയുള്ള മേജർ ഇറിഗേഷൻ പദ്ധതിയുടെ ആവശ്യവും സൗകര്യവുമില്ല. കൊട്ടാരക്കരയും കൃഷിക്കാവശ്യമുള്ള ചെറിയ ചെറിയ കുളങ്ങൾ കഴിക്കുന്നതിനും ഗവണ്മെൻറ് ശ്രദ്ധിക്കുന്നതാണ്.

ബഹുമാനപ്പെട്ട പാറശ്ശാലമെംബർ ഒരു നിർദ്ദേശം ഇവിടെ വയ്ക്കുകയുണ്ടായി. അതായതു സിൽററു കേറാൻ സാദ്ധ്യതയുള്ള കുളങ്ങൾ ആദ്യം ആദ്യം കഴിക്കണമെന്നുള്ളതാണ്. ഏതു കുളമാണ് ആദ്യം എടുക്കേണ്ടതു എന്നുള്ളതു അതിൻെറ ആവശ്യവും ഉപയോഗവും അനുസരിച്ച് ആദ്യം എടുക്കുക എന്നുള്ളതാണ് ഗവണ്മെൻറിൻെറ പദ്ധതി.

പിന്നീടു ആററിങ്ങലിനെ സംബന്ധിച്ചിടത്തോളം വളരെ അപാകതകൾ ഉണ്ടെന്നു എന്നു ബഹുമാനപ്പെട്ട ആററിങ്ങൽ മെംബർ സൂചിപ്പിക്കുകയുണ്ടായി. അതു വളരെ ശരിയല്ലെന്നുള്ളതു അദ്ദേഹത്തെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അദ്ദേഹം പറഞ്ഞതു ആദ്യമായിതന്നെ ആററിങ്ങലിനെ സംബന്ധിച്ചിടത്തോളം പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറ് തീരെ അവഗണിച്ചിരിക്കുന്നു എന്നാണ്. തീർച്ചയായും അക്ഷരം നോക്കിയാൽ കുററങ്ങൾ എന്നുള്ളതു (ഏ) എന്നുള്ള അക്ഷരംകൊണ്ടു് ആദ്യമായി വന്നേക്കാമെന്നല്ലാതെ ഗവണ്മെൻറിനു ആററിങ്ങലിനെ സംബന്ധിച്ചിടത്തോളം യാതൊരു അവഗണനയുമില്ല. അദ്ദേഹം പറഞ്ഞതു ആററങ്ങൽ സബ് ഡിവിഷൻ കമ്മിററിയിലേയ്ക്കു പ്രസിഡൻറായി കൊട്ടാരക്കരക്കാരനെ കൊണ്ടുവന്നു എന്നാണ്. ആററിങ്ങൽ സബ്ഡിവിഷനിലേയ്ക്കു ചടയമംഗലത്തുനിന്നും ഒരാളെ പ്രസിഡൻറായി കൊണ്ടുവന്നതിൽ എന്താണു തെററായിട്ടുള്ളതു? അതും ആ സ്ഥലത്തുള്ളപ്പെട്ടതല്ലേ? അല്ലാതെ ചിറയിൻകീഴിൽ ആളുകൾ ഇല്ലാഞ്ഞിട്ടല്ല. അതുകൊണ്ടു ചിറയിൻകീഴിൽ ആൾ ഇല്ലാത്തതുകൊണ്ടു കൊട്ടാരക്കരക്കാരനെ കൊണ്ടുവന്നു എന്നു പറഞ്ഞതു അബദ്ധമാണ്.

ശ്രീ. എ. താണുപിള്ള : മൈനർ ഇറിഗേഷൻ വർക്കുകൾ പുരോഗമിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ട സൗകര്യങ്ങൾ ചെയ്യാൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടോ? അതു എപ്പോൾ നടപ്പിൽവരും?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഇപ്പോൾ ആലോചിക്കുന്നുണ്ട്. വിത്തിന്റെ സംരക്ഷണ ചുമതലകൾ പഞ്ചായത്തിനു വിട്ടുകൊടുക്കുന്നതിൽ എന്തുണ്ടെന്നുള്ള കാര്യവും ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുന്നു.

4 P. M.

Mr. Speaker : Order, Order. The time allotted for the Demand is over.

The motion moved by Shri K. Balakrishna Menon was, by leave of the House, withdrawn.

The motion moved by Shri Baby John was deemed to have been withdrawn as the Member was not in his seat to press it.

The question that Government be granted a sum of Rs. 73,79,000 under Demand VIII—Irrigation—was put and carried.

The grant was made.

Demand XIV—Jails.

Minister for Home Affairs **(Shri T. M. Varghese) :**

Sir, I move for a grant of Rs. 6,87,000 under Demand XIV-Jails.

Shri A. J. John : I second the motion.

Shri J. Raghavan Pillai: Sir, I move:

To reduce the allotment of Rs. 5,53,000 for Jails by Re. 1.

സർ, ജയിലിനെ സംബന്ധിച്ചുള്ള ഡിമാൻറിന്മേൽ സംസാരിക്കുമ്പോൾ ജയിലിൽ നടക്കുന്ന മർദ്ദനങ്ങളെക്കുറിച്ചു രണ്ടുവാക്കു പറയണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഞാൻ ഈ ഭേദഗതികൊണ്ടു ഉദ്ദേശിക്കുന്നതു്. ജയിൽ ഉണ്ടായകാലം മുതലുള്ള ഒരു സംഗതിയാണ് ഈ മർദ്ദനം നടക്കുന്നതു്. ബഹുമാനപ്പെട്ട ജയിൽമന്ത്രി ജയിലിൽകിടന്നിട്ടുണ്ട്. അദ്ദേഹം അവിടെ നടക്കുന്ന ഈ മർദ്ദനം കണ്ടിട്ടുണ്ട്. അതു മറച്ചു കാണുകയില്ല. അവിടെ കിടക്കുന്ന അവസരത്തിൽ, ജയിലിലെ ഈ മർദ്ദനം അവസാനിപ്പിക്കും, എന്നു് എല്ലാവരും പറയുക പതിവാണ്. പക്ഷെ അവർക്കു അതിനുള്ള അധികാരം കിട്ടുമ്പോൾ അതു ചെയ്യുന്നില്ല. നിറുത്തുവാനുള്ള ആഗ്രഹം ഉണ്ട്; പക്ഷെ അതിനുള്ള തന്റേടം അവർക്കില്ല. ജയിലധികാരികളുടെ പെരുമാററത്തെപ്പററി ഇന്നത്തെ ജയിൽമന്ത്രിക്കുതന്നെ അറിയാം. ജയിലിൽ തീററാൻ കൊടുത്ത മന്ത്രിയുടെ ഒരു പശുവിനെ ഒടുവിൽ കറന്നു തീരുന്നതുവരെ മന്ത്രിക്കു തിരിച്ചുകൊടുത്തില്ല. ജയിൽ മന്ത്രിയോടുതന്നെ ഇപ്രകാരമാണു പെരുമാറുന്നതെങ്കിൽ, സാധാരണക്കാരോടു് എങ്ങനെ പെരുമാറും എന്നു നമുക്കു മനസ്സിലാക്കാം. അവിടെയുള്ള ഉദ്യോഗസ്ഥന്മാർ പറയും, നിങ്ങളെ മർദ്ദിച്ചാൽ മാത്രമേ ഞങ്ങൾക്കു പ്രമോഷൻ കിട്ടാൻ വഴിയുള്ളു, അതുകൊണ്ടു് നിങ്ങളെ മർദ്ദിക്കാൻ പോവുകയാണ് എന്നു്.

[ശ്രീ. ജെ. രാഘവൻപിള്ള.]

ഈയിടെ സെൻട്രൽ ജയിലിൽ കുറെ പരിഷ്കാരങ്ങൾ വരുത്തണമെന്നുദ്ദേശിക്കുന്നുണ്ട്. അതിലേക്കുവേണ്ടി രണ്ടോ മൂന്നോ ജയിൽ ഉദ്യോഗസ്ഥന്മാരെ ബാംബയിൽ അയച്ചിട്ടുണ്ടായിരുന്നു. അതിലേക്കു രണ്ടായിരത്തി എണ്ണൂററിഅൻപ [illegible] അഞ്ചു രൂപ ചെലവാക്കിയിട്ടുണ്ട്. അവർ അവിടെനിന്നും വന്നതിനുശേഷം ചെയ്തിട്ടുള്ള ഒരു പരിഷ്കാരം രാത്രി ഏഴുമണിക്കു് വാട്ടർപൈപ്പ് ക്ലോസ്ചെയ്യും എന്നുള്ളതാണ്. അതായതു് രാത്രി ആരുംതന്നെ ദാഹിച്ചാൽ വെള്ളംപോലും കുടിക്കരുതു് എന്നൊരു പരിഷ്കാരമാണ് നടപ്പിൽ വരുത്തിയിട്ടുള്ളതു്.

മറെറാരുകാര്യം സന്ദർശകരെ സംബന്ധിച്ചാണ്. ആഴ്ചമാസത്തിലൊരിക്കൽ തടവുകാരുടെ ബന്ധുക്കളുമായി ഇൻറർവ്യൂ ചെയ്യാൻ അനുവദിച്ചിട്ടുണ്ട്. അതിലേക്കു് ഒരു പ്രത്യേകസ്ഥലമാണ് നിശ്ചയിച്ചിട്ടുള്ളതു്. ഒരു ജനലിനുസമീപം. ജനലിൻെറ രണ്ടുവശവും ഇരുമ്പുവല അടിച്ചിട്ടുണ്ട്. സന്ദർശകർ ജനലിൻെറ ഒരു വശത്തുള്ള ഇരുട്ടുമുറിയിലും തടവുകാർ മറുവശത്തും ആയി നിന്നാണ് സംസാരിക്കുന്നതു്. ബന്ധുക്കളെ നേരിട്ടുകണ്ടു് മനസ്സിലാക്കാൻ സാധിക്കുകയില്ല. ഞാൻ ഇതിൻെറ ഒരു അനുഭവസ്ഥനാണ്. എന്നെക്കാണുവാനായി ചില സന്ദർശകർ വന്നപ്പോഴും, മന്ത്രിയുടെ അനുവാദത്തോടുകൂടിയാണ് ഇവർ വന്നതു്. കാര്യം ഇങ്ങനെതന്നെയായിരുന്നു.

ജയിലിൽ ഉള്ള തടവുകാർ അവർക്കു പുകവലിക്കാൻ അനുവാദം കൊടുക്കണമെന്നു ഉന്നയിച്ചിട്ടുണ്ട്. ഈ അനുവാദം കൊടുത്തില്ലെങ്കിൽ ബീഡി കുരിഞ്ഞന്ത വ്യാപാരം ജയിലിനകത്തു നടക്കുമെന്നുള്ളതല്ലാതെ യാതൊരു വിശേഷവും ഉണ്ടാകുവാൻ പോകുന്നില്ല. ഒരു ഗ്രൂപ്പിന്നു രണ്ടര കെട്ടു ബീഡി അതിനകത്തു കിട്ടും. നാലു ചക്രത്തിനു വെളിയിൽ കിട്ടുന്ന കെട്ടിനു പന്ത്രണ്ടു ചക്രം കൊടുക്കണമെന്നേയുള്ളു. ഇതു ജയിലിലെ ഉദ്യോഗസ്ഥന്മാർക്കു കിട്ടുന്ന ഒരാദായമാണ്.

ഇതൊരു മതേതര രാഷ്ട്രമാണ് എന്നു മന്ത്രിമാരും ഗവണ്മെൻറും പറയുന്നുണ്ട്. ഇവിടെ ജാതിവ്യത്യാസമില്ല, മതവ്യത്യാസമില്ല എന്നും പ്രസംഗിക്കാറുണ്ട്. എന്നാൽ ഇവിടത്തെ ജയിലിനകത്തു സവർണ്ണഹിന്ദുക്കൾക്കു മാത്രമേ പാചകംചെയ്യാൻ പാടുള്ളു എന്നൊരു നിയമമുണ്ട്. ഈ നിയമം എടുത്തുകളയണം.

ഇനി റേഷനെപ്പററി സങ്കടമുള്ള ഒരു കാര്യമാണ് എനിക്കു പറയാനുള്ളതു്. പതിനഞ്ചു ഔൺസാണ് ഒരു തടവുകാരന് റേഷൻ അനുവദിച്ചിരിക്കുന്നതു്. അതിൽ ഉദ്യോഗസ്ഥന്മാരുടെയും, കൺട്രാക്ടർമാരുടെയും മററും ചൂഷണം കഴിഞ്ഞശേഷം നാല്ഔൺസു സാധനങ്ങളാണ് ഒരു തടവുകാരനു കിട്ടുന്നതു്. ഈ നാല്ഔൺസു എന്നു പറഞ്ഞതു തന്നെ അരിയോ, ഗോതമ്പോ എല്ലാംകൂടിയോ ആയിരിക്കും. ഈ നാലൗൺസു റേഷനിൽനിന്നും കിട്ടുന്ന കഞ്ഞിയും കുടിച്ചുകൊണ്ടാണ് തടവുകാർ ജോലിക്കുപോകുന്നതു്. അതു ഒരു മണിക്കൂർ ജോലിചെയ്യുമ്പോൾ, ദഹിച്ചുപോകും. പിന്നീടു ജോലിചെയ്യുകയാണെങ്കിൽ തല കറങ്ങി വീഴുകയും ചെയ്യും. അതുകൊണ്ടു് റേഷൻ വർദ്ധിപ്പിച്ചു ആറൗൺസെങ്കിലുമാക്കണം. ഇതുകൊണ്ടു സർക്കാരിന് ലാഭമല്ലാതെ നഷ്ടമുണ്ടാ

കുകയില്ല. അതായതു്, തടവുകാരെക്കൊണ്ടു് രണ്ടോ, മൂന്നോ മണിക്കൂർ കൂടുതൽ ജോലിചെയ്യിക്കാൻ കഴിയും. അങ്ങനെ കൂടുതൽ ജോലിചെയ്യിക്കുകയാണെങ്കിൽ സർക്കാരിനു കൂടുതൽ ലാഭമുണ്ടാകും.

കൊച്ചിയിലുള്ള തടവുകാർ പതിനെട്ടുപേരോളം ഇവിടത്തെ ജയിലിലുണ്ടു്. അവരെ കൊച്ചിയിലെ ജയിലിലേക്കു് കൊണ്ടുപോകണമെന്നു് അവർ ജയിലധികൃതരോടു് ആവശ്യപ്പെടുകയും, ഗവണ്മെൻറിലേക്കു നിവേദനം നടത്തുകയുംചെയ്തു. ആ അവസരത്തിൽ ഐ. ജി. ചോദിച്ചു് ഇവിടത്തെ ജയിലിൽ എന്താണു അസൗകര്യമെന്നു്. അവരുടെ ബന്ധുക്കൾക്കു് അവരെ കാണാൻ വരണമെങ്കിൽ, കൊച്ചിയിൽനിന്നും ഇവിടെ വന്നുചേരണമെങ്കിൽ, അതിലേയ്ക്കു കൂടുതൽ രൂപ ചെലവുവരും. അപ്രകാരം വന്നാൽതന്നെയും, ചിലപ്പോൾ കാണാൻ സാധിച്ചില്ലെന്നും വരും. അതാണു് അവർക്കു കൊച്ചിയിൽ പോയാലുള്ള സൗകര്യങ്ങളിലൊന്നു്.

സെൻട്രൽ ജയിൽ കമ്പൗണ്ടിനകത്തു അവിടത്തെ നാലോ, അഞ്ചോ ഉദ്യോഗസ്ഥന്മാർ താമസമുണ്ടു്. ഓരോ ഉദ്യോഗസ്ഥൻെറ വീട്ടിലും, പല തടവുകാർ വീതം രാവിലെ ജോലിക്കുപോകണം. ആ ഉദ്യോഗസ്ഥന്മാരിൽ ചിലർ അവർ താമസിക്കുന്ന കെട്ടിടങ്ങൾക്കു ചുററുമുള്ള ഒന്നോ രണ്ടോ ഏക്കർ സ്ഥലം കൃഷിചെയ്തു വെളിയിൽ കച്ചവടം നടത്തുന്നുണ്ടു്.

ഏററവും വികാരത്തോടുകൂടി ഇവിടെ പ്രസ്താവിക്കാനുള്ള മറെറാരു കാര്യം, പുന്നപ്ര–വയലാർ കേസിലെ സഖാക്കളെ സംബന്ധിച്ചാണു്. അവർ ഇന്നും ജയിലിൽ കിടക്കുകയാണു്. സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് 'അമേരിക്കൻ മാഡൽ അറേബ്യൻ കടലിൽ' എന്നു വിളിച്ചുകൊണ്ടു് സമരംചെയ്ത ആളുകളാണവർ. അവരുടെ ശ്രമംകൊണ്ടാണു് ഇന്നു ഇവിടെ അധികാരത്തിലിരിക്കുന്നവർ ഈ കസേരകളിൽ ഇരിക്കുന്നതു്. എന്നിട്ടും ജയിലിൽ കിടക്കുന്ന സഖാക്കളോടു ഇവർ നന്ദിപൂർവ്വം പെരുമാറുന്നില്ല. യാതൊരാനുകൂല്യങ്ങളും ചെയ്തുകൊടുക്കുന്നില്ല. സർ, പട്ടിക്കുപോലും നന്ദികാണും.

ശൂരനാട്ടുകേസിലെ പ്രതികൾ അവിടെയുണ്ടു്. അവർക്കു യാതൊരാനുകൂല്യവും ചെയ്തുകൊടുക്കുന്നില്ല. അവരെ മററു തടവുകാരുടെ കൂട്ടത്തിൽ തന്നെ ഇട്ടിരിക്കുകയാണു്. അതായതു് ഭ്രാന്തന്മാരുടെയും, കുഷ്ഠരോഗികളുടെയും മററും കൂട്ടത്തിൽ. ഇവരെ രാഷ്ട്രീയതടവുകാരായി ഗണിച്ചില്ലെങ്കിലും, ഈ ഭ്രാന്തന്മാരുടെയും കുഷ്ഠരോഗികളുടെയും കൂട്ടത്തിൽ നിന്നു മാററിയിടുകയെങ്കിലും ചെയ്യണം.

പള്ളി പൊളിക്കുന്ന കാര്യത്തെപ്പററി ഇന്നൊരു പ്രസ്താവന കണ്ടു. ഇൻസ്പെക്ടർ ജനറൽ ആഫ് പ്രിസൺസിൻെറ അനുവാദം ഇല്ലെങ്കിലും പള്ളി വയ്ക്കും എന്നും മററും ഞാൻ കണ്ടു. അമേരിക്കൻ മാഡൽ അറബിക്കടലിൽ പോയതിനുശേഷം, വെന്തിങ്ങാ മാഡൽ വന്നിട്ടുണ്ടു്. വെന്തിങ്ങാമാഡൽ വരുമെന്നു വിചാരിച്ചല്ല അവർ ജീവൻ ബലികഴിച്ചതു്. ഈ വെന്തിങ്ങാ മാഡൽ അറേബ്യൻകടലിൽ പോയാലല്ലാതെ ജയിലിൽ കിടക്കുന്ന രാഷ്ട്രീയ തടവുകാർക്കു് മോചനം സാദ്ധ്യമല്ല.

Shri C. K. Viswanathan : I move.

To reduce the total allotment of Rs. 6,87,000 under Demand XIV by Re. 1.

സർ, ബഡ്ജററിന്റെ പൊതുവിമർശനവേളയിൽ ജയിൽവകുപ്പിനെക്കുറിച്ചു സംസാരിക്കുവാനുള്ള എന്റെ അർഹതയ്ക്കു് ഒരു സാക്ഷിപത്രം ശ്രീ. ചെറിയാൻ കാപ്പൻ ഈ സഭയിൽ അവതരിപ്പിക്കുകയുണ്ടായല്ലോ. അദ്ദേഹം ജയിലിലെ പ്രയാസങ്ങളെക്കുറിച്ചു് മുതലക്കണ്ണുനീർ വീഴ്ത്തി. അധികാരത്തിൽ ഇരിക്കുന്ന കക്ഷിയിലെ അംഗമെന്ന നിലയ്ക്കു് സ്വന്തം കക്ഷിയെക്കൊണ്ടു് ജയിൽപരിഷ്കരണത്തിനാവശ്യമായ പരിപാടികൾ അംഗീകരിപ്പിക്കാൻ നിർബന്ധിക്കാതെ വെറും കാഴ്ചക്കാരനെപ്പോലെ പറഞ്ഞൊഴിഞ്ഞതു ശരിയായില്ല.

സർ, ഇവിടുത്തെ തൊഴിലില്ലായ്മയെപ്പററി, പട്ടിണിയെക്കുറിച്ചു്, പോലീസ് ഗുണ്ടാമർദ്ദനങ്ങളെക്കുറിച്ചു് നടത്തിയ വാഗ്മിയേറിയ വാദഗതി ജയിലിന്റെ കാര്യത്തിലും ഞങ്ങൾ ഉന്നയിക്കുന്നതു ചിലക്കു് അത്ഭുതമുളവാക്കാൻ ഇടയുണ്ടു്. ചിലർ ഇതിന്റെ അർത്ഥം പെട്ടെന്നു മനസ്സിലാക്കിയെന്നുവരും. "നാട്ടിൽ കുഴപ്പമുണ്ടാക്കി ജയിലിൽ പോകുവാനാണല്ലോ കമ്മ്യൂണിസ്ററുകാർ ആഗ്രഹിക്കുന്നതു്. അങ്ങിനെ പോകുമ്പോൾ അവിടെ സുഖസൗകര്യങ്ങൾ കൂടുതൽ ലഭിച്ചാൽ അതു തങ്ങൾക്കും കൂടി ലഭിക്കുമല്ലോ" അതുകൊണ്ടാണു ഞങ്ങൾ ഈ വാശി പിടിക്കുന്നതെന്നു കരുതുന്ന അംഗങ്ങൾ കാൺഗ്രസ്സു് ബഞ്ചുകളിലുണ്ടു്.

എന്നാൽ, സർ, രാഷ്ട്രീയതടവുകാരുടെ സുഖസൗകര്യങ്ങൾ പ്രത്യേകം പരിഗണിക്കപ്പെടണമെന്നു നിർബന്ധിക്കുന്നതോടൊപ്പം ക്രിമിനൽതടവുകാരുടെ സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണു് വാദിക്കുന്നതു്. ജയിലുകളുടെ കവാടങ്ങൾ ഞങ്ങൾ ഞങ്ങൾക്കുവേണ്ടി തുറക്കപ്പെട്ടേക്കും; അങ്ങിനെ ഞങ്ങളിനിയും തടവുപുള്ളികളായെന്നും വരാം. അതല്ലാ പ്രശ്നം. ആരാണീ തടവുകാർ? മോഷ്ടാക്കൾ, കൊലപാതകികൾ, കള്ളനോട്ടുകാർ, കള്ളക്കച്ചവടക്കാർ, അന്യരെ വഞ്ചിച്ചവർ, ഒരു ഭൂമി മണ്ണിനു് അയൽപക്കക്കാരുടെ തല തല്ലി പൊളിച്ചവർ എന്തിനു് രാഷ്ട്രീയതടവുകാർവരെ ഇന്നത്തെ സാമൂഹ്യവ്യവസ്ഥിതിയുടെ സൃഷ്ടിയാണു്. അങ്ങിനെ സമൂഹത്തിന്റെയും സ്റ്റേററിന്റെയും കൃത്യവിലോപംകൊണ്ടു് തെററുകളിലേയ്ക്കു് ക്ഷണിക്കപ്പെട്ടവരോടു് നീതിയും മനുഷ്യത്വവും കാട്ടേണ്ടതു് കേവലം പ്രാഥമികമാണു്. കുററക്കാരനെ ശിക്ഷിക്കുന്നതു പകരംവീട്ടാനല്ല; തെററുകൾ തിരുത്തുവാനുള്ള മാനസിക പ്രേരണയ്ക്കു വളംവയ്ക്കാൻതന്നേ്ദേശിച്ചാണു്. എന്നാൽ നമ്മുടെ ജയിലുകളിൽ ഏതെങ്കിലും നിസ്സാരമായ കുററത്തിനു ആരെയെങ്കിലും ശിക്ഷിച്ചാൽ അവൻ അവന്റെ കുററകൃത്യത്തിൽ ഉപരിവിദ്യാപരിചയത്തോടുകൂടി സർവ്വജ്ഞനായേ വെളിയിൽ വരൂ. എല്ലാം അസന്മാർഗ്ഗികനടപടികളും വികസിക്കുവാനുള്ള പ്രേരണയാണു് മനഃശാസ്ത്രജ്ഞാനമില്ലാത്ത ജയിൽ അധികൃതരുടെ ഇടപെടലുകളും നിലവിലുള്ള ജയിൽനിയമങ്ങളും കൊണ്ടുളവാകുന്നതു്.

സർ, ഇതിനു മതിയായ തെളിവാണു് ഈ ബഡ്ജററിൽ വിദ്യാഭ്യാസത്തിനു കൊള്ളിച്ചിരിക്കുന്ന തുക. റിവാർഡിനും വിദ്യാഭ്യാസത്തിനും

കൂടി കൊള്ളിച്ചിരിക്കുന്നതു് ൨ ൦ ൦ രൂപയാണു്. ഇതിൽ എത്ര റിവാർഡിനെന്നും എത്ര വിദ്യാഭ്യാസത്തിനെന്നും വ്യക്തമാകുന്നില്ലെങ്കിൽ തന്നെയും എത്ര തുച്ഛമായ തുകയാണിതിനു കൊള്ളിച്ചിരിക്കുന്നതു്. ജയിലിനകത്തു സിനിമാ കാണിച്ചു, റേഡിയോ ഉണ്ടു് എന്നൊക്കെ പറയുമ്പോൾ അവിടത്തെ വിവരങ്ങൾ അറിയാവുന്നവർക്കു് ചിരി വരും. ജയിലിൽ കൊടുക്കുന്ന ആഹാരം അളവിലും ഗുണത്തിലും പോരാത്തതാണു്. ൧൧ ഔൺസു് അരിയുടെ ആഹാരമാണു് കണക്കെങ്കിലും അതിലൊക്കെ വലിയ കൊള്ള നടക്കുന്നുണ്ടു്. അത്യല്പാനവും അപര്യാപ്തമായ ആഹാരവുംകൊണ്ടു് തടവുകാരുടെ ആരോഗ്യം പൊതുവെ തകർന്നിട്ടുണ്ടു്. ൧൯൫൫-൫൬-ലെ ബഡ്ജററിൽ ൨൫൫ ൦ ൦ ൦ രൂപാ Dieting charges-നു നീക്കിവച്ചിരുന്നെങ്കിൽ ൧൯൫൬-൫൭-ലെ ബഡ്ജററിൽ അതു് ൨ ൫൫ ൦ ൦ രൂപാ ആക്കിയിട്ടുണ്ടു്. അങ്ങനെ ൧ ൦ ൦ ൦ ൦ രൂപാ കുറവാണു്. ഇതിന്റെ അർത്ഥം മെച്ചപ്പെടാൻപോകുന്നില്ലെന്നുമാത്രമല്ല, കുറയാൻപോകുന്നുവെന്നുകൂടി അല്ലേ?

ഇതു് വ്യക്തമാക്കുന്ന മറ്റൊരു കണക്കു് ഞാൻ ചൂണ്ടിക്കാണിച്ചു കൊള്ളട്ടെ. കഴിഞ്ഞ വർഷം ഹോസ്പിററൽ ചാർജ്ജസ്സിനു ൧ ൧ ൦ ൦ രൂപാ ആയിരുന്നതു് ഈയാണ്ടിൽ ൧ ൫ ൦ ൦ ൦ ആക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഇതിന്റെ അർത്ഥം ജയിലിൽ നല്ല വൈദ്യസഹായം കൊടുക്കാൻ പോകുന്നുവെന്നല്ല, മറിച്ചു് ആഹാരക്കുറവും അത്യല്പാനവുംകൊണ്ടു് രോഗികളുടെ സംഖ്യ പെരുകുന്നുവെന്നാണു്. ൧൯൫൫-൫൬-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ മുൻവർഷത്തിൽ വ൨൫ രോഗികളെ ജയിലാശുപത്രിയിൽ ചികിത്സിച്ചെങ്കിൽ റിപ്പോർട്ടുവർഷത്തിൽ ൧ ൦൩ ൦ ആയി വർദ്ധിച്ചു. അങ്ങിനെ ആണ്ടുതോറും രോഗികളുടെ സംഖ്യ വർദ്ധിച്ചുവരുകയാണു്. രോഗികളായ രാഷ്ട്രീയതടവുകാർക്കു് യാതൊരു വൈദ്യസഹായവും നൽകുകയില്ലെന്നുള്ളതു് കർത്താവിന്റെ പരസ്യമായ നയമാണു്. സഖാക്കൾ എസ്സു്. രാഘവൻ, അലിയാർ തുടങ്ങിയവരും കഠിനമായ രോഗബാധയിൽ കഴങ്ങുകയാണു്. ഹൃദ്രോഗിയായ ഒരു തടവുകാരൻ ആ വിവരം പറഞ്ഞപ്പോൾ ജയിലധികൃതർ പറഞ്ഞതു് "കമ്മ്യൂണിസ്റ്റുകാരനു ഹൃദയവും കരളും ഒന്നും വേണ്ടടാ" എന്നാണു്. ഇങ്ങനെയാണു വൈദ്യസഹായം നൽകുന്നതു്.

സർ, ജയിലിൽ ഏഴു മണിക്കൂർ പണിയെടുക്കണമെന്നാണു ചട്ടം. എന്നാൽ അതിൽ കൂടുതൽ ൯— ൦, ൧ ൦—ം മണിക്കൂർവരെ വേലയ്ക്കായും അതിനുവേണ്ടി കാത്തുനിന്നും തടവുകാർ ബുദ്ധിമുട്ടണം. കഴിഞ്ഞ വർഷത്തേക്കാൾ തടവുകാരെക്കൊണ്ടു് അത്യദ്ധ്വാനം ചെയ്യിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നുള്ളതിനു് ബഡ്ജററിന്റെ കണക്കുകൾതന്നെ തെളിവാണു്. ൧൯൫൫-൫൬-ലെ ബഡ്ജററിൽ ജയിലിലെ വരവു് ൧൫൫ ൦ ൦ ൦ ആയിരുന്നെങ്കിൽ ൧൯൫൬-൫൭-ൽ ൧൭ ൫ ൦ ൦ ൦ ആണു്. ഇങ്ങനെ അതികഠിനമായി കായക്ലേശം ചെയ്യുന്ന തടവുകാരനു് അവന്റെ വിയർപ്പിന്റെ വില കൊടുക്കേണ്ടുള്ള ഏർപ്പാടില്ല; അതുണ്ടാകണം.

സർ, അവസാനമായി ജയിലിലെ മർദ്ദനത്തെക്കുറിച്ചാണു് പറയുവാനുള്ളതു്. ശിക്ഷിച്ചു ജയിലിൽ അടയ്ക്കപ്പെടുന്നതുതന്നെ ശിക്ഷയാണു്. എന്നാൽ തടവുകാരോടു് നിയമവിരുദ്ധമായ മനുഷ്യത്വമില്ലാത്ത പെരുമാ

[ശ്രീ. ഇ. കെ. വാസുദേവൻ]

ററത്തിനു നമ്മുടെ ജയിലധികൃതർ കുപ്രസിദ്ധരാണ്. തടവുകാരുടെനേരെ പൊതുവിലും രാഷ്ട്രീയതടവുകാരുടെ നേരെ പ്രത്യേകിച്ചും ക്രൂരവും മൃഗീയവുമായ മർദ്ദനം അഴിച്ചുവിടപ്പെട്ടിട്ടുണ്ടെന്നുള്ളതിനു നിരവധി തെളിവുകൾ ഉണ്ട്. ഉല്ലലകേസിലെ ഒരു പ്രതിയായ സ: പി. എസ്. ശ്രീനിവാസൻ ആശുപത്രിയിൽ ചികിത്സയിലിരിക്കുമ്പോൾ കഠിനമായി മർദ്ദിപ്പിക്കുകയുണ്ടായി. സമയച്ചുരുക്കത്താൽ മർദ്ദനങ്ങളുടെ ഇരുണ്ട പട്ടിക ഇവിടെ നിരത്തുന്നില്ല. കുറഞ്ഞതുപക്ഷം ന്യൂമാസത്തിലൊരിക്കൽ ഏതു കുററക്കാരനും ബന്ധുക്കളെ ദർശിക്കുവാൻ ജയിൽനിയമങ്ങൾ സമ്മതിക്കുന്നുണ്ട്. എന്നാൽ സ: വേലായുധൻതമ്പിയെ കാണാൻ ചെന്ന അദ്ദേഹത്തിന്റെ പ്രിയപ്പെട്ട വൃദ്ധമാതാവിനേയും സഹോദരിയേയും കർത്താവിന്റെ ജയിലിൽ അനുമതി നിഷേധിച്ചു മടക്കി അയക്കുകയാണു ചെയ്തത്. അങ്ങനെ മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത പെരുമാററങ്ങൾകൊണ്ടും അഴിമതികൊണ്ടും നാറുമയമാണ് നമ്മുടെ ജയിലുകൾ. സബ്ജയിലുകളെക്കുറിച്ചും ലാക്കപ്പുകളെക്കുറിച്ചും സമയച്ചുരുക്കത്താൽ വിസ്തരിക്കുന്നില്ല.

സർ, അവസാനമായി രാഷ്ട്രീയതടവുകാരുടെ മോചനത്തെക്കുറിച്ച് രണ്ടു വാക്കുകൾകൂടി പറഞ്ഞുകൊണ്ട് ഞാൻ ഇതു് അവസാനിപ്പിച്ചുകൊള്ളാം. എണ്ണത്തിൽ രാഷ്ട്രീയതടവുകാർ അധികമില്ലാത്തതുകൊണ്ട് അവരുടെ മോചനപ്രശ്നം കാര്യമായി എണ്ണാത്തവരോടു ഒരു പഴയ കാര്യം ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ൧൯൪൭-ൽ അന്നു ആ ബഞ്ചുകളിലിരിക്കുന്നവരിൽ അധികവും കാൺഗ്രസ്സിനെതിരായിരുന്നു. ജയിലിൽ രാഷ്ട്രീയതടവുകാരുടെ എണ്ണം കുറവായിരുന്നുവെങ്കിലും അവരുടെ ആഹാര-ആരോഗ്യപ്രശ്നങ്ങളിലും മോചനത്തിലും നമ്മുടെ ജനങ്ങൾ എന്തൊരു ഉല്ക്കണ്ഠാകുലരായിരുന്നുവെന്നോ! ഇന്നും നാട്ടിലെ സ്ഥിതി അതുതന്നെയാണ്. പുന്നപ്ര—വയലാർ തടവുകാരുടെയും ജയിലിലുള്ള എല്ലാ തടവുകാരുടേയും മോചനം നമ്മുടെ ജനങ്ങളുടെമുമ്പിലുള്ള സജീവപ്രശ്നമാണ്. കാൺഗ്രസ്സുകാരെ അധികാരത്തിലേയ്ക്ക് അവരോധിച്ച ഐതിഹാസികസമരങ്ങളുടെ നേതാക്കളാണിവരിൽ ചിലരെങ്കിൽ ജനദ്രോഹികാൺഗ്രസ്സ് ഭരണത്തെ ജനങ്ങളുടെ ചേരിയിൽനിന്നുകൊണ്ടു ധീരമായി എതിർത്തവരാണ് മററുചിലർ. അവരുടെ മോചനം നിങ്ങൾക്ക് വലിയ കാര്യമില്ലായിരിക്കാം. എന്നാൽ ജനങ്ങൾ അധികാരികളുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കിനില്ക്കുവാൻപോകുകയല്ല. അനതിവിദൂരഭാവിയിൽ അവരെ ബന്ധിച്ചിരിക്കുന്ന ഇരുമ്പുചങ്ങലകൾ ജനസമ്മർദ്ദംമൂലം പൊട്ടിച്ചിതറുമെന്നും അതിന്റെ അററം പിടിച്ചിരിക്കുന്ന മന്ത്രിപുംഗവന്മാരെ തട്ടിത്തെറിപ്പിക്കുമെന്നും ഓർമ്മിപ്പിച്ചുകൊണ്ടും അവരുടെ മോചനത്തിനു വേണ്ടതു് അടിയന്തിരമായി ചെയ്യുവാൻ അഭ്യർത്ഥിച്ചുകൊണ്ടും ഇതവസാനിപ്പിക്കുന്നു.

Mr. Deputy Speaker in the Chair.

ശ്രീ. ആർ. സുഗതൻ : സർ, സഖാവ് സി. കെ. വിശ്വനാഥൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

ഈ രാജ്യത്തിലെ നിയമങ്ങളിലെ പല വകുപ്പുകൾക്കും എതിരായി കുററംചെയ്തതുകൊണ്ട് ശിക്ഷിക്കപ്പെട്ട് ജയിലിൽ അയയ്ക്കപ്പെട്ടവരാണ് ജയിൽപ്പുള്ളികൾ. ഇവരുടെ ശിക്ഷാകാലം കഴിയും വരെ ഇവർക്ക് ആഹാരം, മരുന്ന് ഇവ കൊടുത്ത് ശിക്ഷണയുക്തരാക്കി സൂക്ഷിക്കുകയാണ്, ജയിലധികൃതരുടെ ജോലി.

ജയിലിൽ ശിക്ഷ അനുഭവിക്കുന്നവരെ ഇരട്ട ശിക്ഷയ്ക്കു വിധേയരാക്കുന്ന സമ്പ്രദായം ഈ ജയിലിലുണ്ട്. ഇതു് എത്രയും അപരിഷ്കൃതമാണ്. തിരുവനന്തപുരത്തു പൂജപ്പുരയിലും, കൊച്ചിയിൽ വിയ്യൂരിലും ഓരോ ജയിലുണ്ട്. ഇവരണ്ടു സ്ഥലത്തും ജയിൽ ഡിസിപ്ലിൻ ലംഘിച്ചാൽ നിരവധി ശിക്ഷകൾ കൊടുക്കാറുണ്ട്.

ശിക്ഷ കുററകൃത്യത്തിനു ചേർന്നതായിരിക്കണമെന്നും കുററംചെയ്തവരെ നൂറുപേരെ വെറുതെ വിട്ടാലും, കുററം ചെയ്തവരെ ശിക്ഷിക്കേണ്ടി വരുന്നതു് എത്രയും നീചമായ മുറയാണെന്നും നിയമസംഹിതയിൽ പറയുന്നു. ഈ നിലയ്ക്കു് ഒരു ശിക്ഷ അനുഭവിക്കുന്നവരെ ഇരട്ട ശിക്ഷയ്ക്കു വിധേയരാക്കുന്നതു് നീതിയല്ല.

ജയിലിനകത്തു ഡിസിപ്ലിൻ ലംഘിക്കുന്നവരെ ശിക്ഷിക്കണം. അതു മനുഷ്യത്വത്തിനു നിരക്കുന്ന മട്ടിലായിരിക്കണം. സെൻട്രൽ ജയിലിലെ ഒന്നു തടവുകാരിൽ ഇരുപതു പേർ ഇക്കഴിഞ്ഞ കൊല്ലം പലതരം ശിക്ഷകൾക്ക് വിധേയരായതായി ജയിൽഭരണ റിപ്പോർട്ടിൽ പറയുന്നു.

ജയിലിലെ വർക്ക് ഓവർസിയരുടെയും കാൺവിക്ററ് വാർഡറന്മാരുടെയും കള്ളറിപ്പോർട്ടിനു വിധേയരായവരാണ് ഈ ശിക്ഷ അനുഭവിച്ചിട്ടുള്ളതു്. ഈ "പുള്ളി വാർഡറന്മാരു"ടെ ഹിതത്തിനു വിപരീതമായി പ്രവർത്തിക്കുന്നവരാണ് ഈ ശിക്ഷകൾ അനുഭവിച്ചവർ എന്നതിനു തർക്കമില്ല. സർ, ഈ ജനാധിപത്യസർക്കാർ ഭരിക്കുന്ന ഇവിടെ പരിഷ്കൃത ജയിലാണെന്നും ജയിൽ പരിഷ്ക്കാരം ഗവണ്മെന്റിന്റെ മുഖ്യ കടമയാണെന്നും ഒക്കെ പറയാറുണ്ട്. രാജപ്രമുഖന്റെ പ്രസംഗത്തിലും ഇതൊക്കെ പറഞ്ഞു. ഇവിടത്തെ ജയിലിലെ ശിക്ഷകൾ എന്തൊക്കെയാണ്? തൂക്കു വിലങ്ങ്, തടിവിലങ്ങ്, മുക്കാലികെട്ടിയടി, ഇടറോഡ് ചുററിക്കൽ, ഒററ മുറിയിൽ വെപ്പ്, ഉപ്പും ചോറും തീററിക്കൽ തുടങ്ങിയവയാണ്. വല്ല പുള്ളിക്കാരും ചീത്ത പറഞ്ഞതുകൊണ്ട് റിപ്പോർട്ടു കിട്ടിയാൽ അവർക്കു കൊടുക്കുന്ന ശിക്ഷയെപ്പററി ഞാൻ കൂടി അംഗമായിരിക്കുന്ന ഈ സഭയുടെ അന്തസ്സ് വിചാരിച്ചാൽ പറയാൻ നാണമാകും. മനുഷ്യന്റെ ഉൽപ്പാദകാവയവം മരംകൊണ്ടു പണിതു് വായിൽ വെച്ചുകെട്ടി കൊടുക്കുകയാണു ശിക്ഷ. ഇത്ര അപരിഷ്കൃതവും കിരാതോചിതവുമായ ഒരു ശിക്ഷാരീതി എവിടെയാണുള്ളതു്? മനുഷ്യത്വത്തെ മാനിക്കുന്നവർക്ക് സ്മരിക്കാൻ കഴിയുകയില്ല.

ജയിൽ പുള്ളികളെ പഴക്കുലപോലെയാണ് ടൗവ്വറിനു ചുററും കെട്ടിത്തൂക്കുന്നതു്. മൂന്നു മണിക്കൂർ കെട്ടിത്തൂക്കിക്കഴിഞ്ഞാൽ ഇറക്കി വിടുമ്പോൾ കൈനിവരുകയില്ല. അശോകചക്രാങ്കിതമായ കൊടി ജയിൽ വാതുക്കൽ പാറിപ്പറക്കുമ്പോൾ അകത്തു് നടക്കുന്ന മനുഷ്യ'ഹിംസ'

[ശ്രീ. ആർ. സുഗതൻ]

Mr. Speaker : It is for the Minister to answer that the question has already been answered in reply to question No. such and such of a previous day.

ശ്രീ. ജി. ചന്ദ്രശേഖര പിള്ള : ഒരേ ചോദ്യംതന്നെ ദിവസവും ചോദിക്കുകയാണെങ്കിൽ എന്താണിതിനൊരു നിവൃത്തി ?

Mr. Speaker : In spite of the fact that all these questions have been answered more than once on the floor of the House, the hon. Member is persisting in putting the question.

ശ്രീ. ആർ. ഗംഗാധരൻ : മുനിസിപ്പൽ അതിർത്തിക്കുള്ളിലല്ലാത്ത ഭവനനിർമ്മാണജോലികൾ കോവാപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തിരമാണോ നടത്തുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചിറയിൻകീഴ് താലൂക്കിൽ തൽക്കാലം മുനിസിപ്പാലിറ്റിയുടെ മാത്രമെ ഭവനനിർമ്മാണത്തിനു അറേഞ്ചു ചെയ്തിട്ടുള്ളൂ.

ശ്രീ. ആർ. ഗംഗാധരൻ : ഈ പണികൾ കോവാപ്പറേറ്റീവ് സൊസൈറ്റികൾ മുഖാന്തിരം നടത്തുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷിച്ചാൽ അതിനെപ്പറ്റി ആലോചിക്കാം.

Shri A. A. D. Luiz: Sir, I rise to a point of order. It refers to repetition of questions in this House.

Mr. Speaker : You raise the point of order.

Shri A. A. D. Luiz: A question fully answered may not be asked again in the same session. I have to refer you to House of Commons—Manual of Procedure—Public Business—Chapter VI—Rule 57—Sub-clause (17).

Mr. Speaker : That is exactly my difficulty. I could have ruled the question out of order, but there is some slight change in the wording. Though the substance of the question is the same, there will be some slight change in the wording with regard to one part or the other. Therefore the Speaker is not enabled to rule them out of order because it will be argued that it will affect the privileges of the House.

Shri A. A. D. Luiz: It is not one part. The whole question has been answered.

Mr. Speaker : That is what I said. Some part of the question may not have been answered.

കാളനൈസേഷൻ പദ്ധതി.

* ൪൨൦. [൨] ശ്രീ. ആർ ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ചിറയിൻകീഴ് താലൂക്കിൽ അഴൂർ റിസർവ്വ് വനം കാളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എത്രത്തോളം പുരോഗമിച്ചിട്ടുണ്ട് ;

(സി) എത്ര അപേക്ഷകൾ കിട്ടിട്ടുണ്ട് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ട്.

(ബി) തടികൾ വെട്ടിമാറ്റുക, സ്ഥലം അളന്നു തിരിക്കുക മുതലായ പ്രാരംഭജോലികൾ മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. അധികം താമസിയാതെ കാളനി പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉദ്ദേശം ൧,൦൦൦ അപേക്ഷകൾ.

ശ്രീ. ആർ. ഗംഗാധരൻ: ഓരോ അപേക്ഷകർക്കും എത്ര സെൻറ സ്ഥലംവീതം കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ട് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കാളനൈസേഷൻ പദ്ധതിയനുസരിച്ചു സ്ഥലം കൊടുക്കുന്ന കാര്യത്തെപ്പററി ഇതിനുമുൻപു പലതവണയും ഇവിടെ പറഞ്ഞിട്ടുണ്ട്. ഒരിക്കൽക്കൂടി പറയാം; മൂന്നുമുതൽ അഞ്ചു ഏക്കർവരെയാണ്.

Employees under the Travancore University

*521. [3] **Shri K. Bhanu :** Will the Chief Minister be pleased to state :

(*a*) whether the employees under the Travancore University are Government servants ;

(*b*) if so, who is the authority competent to make those appointments ; and

(*c*) whether those appointments are to be regulatad as per rules framed under Article 16 (4) of the Constitution ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Under the present laws of the University appointments to posts carrying a pay above Rs. 325 are made by Government on the recommendation of the Syndicate. Appointments to posts carrying a pay not exceeding Rs. 325 per mensem are made by the University.

(*c*) Appointments to the teaching staff are made on the basis of selection and competitive merit. In the case of recruitment to Ministerial and inferior service due consideration is given to the need for encouraging un-represented or inadequately represented communities.

Shri K. Bhanu : Are these appointments made under the T.S.R. Rules ?

Shri A. J. John : They comply with the University Rules.

മലയാളം ലിപിയുടെ പരിഷ്കരണം.

* ൪൨൨. [൭] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

മലയാളം ലിപി പരിഷ്ക്കരിക്കുന്ന ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ നിയമിച്ചത്; കമ്മിററിയിൽ ആരെല്ലാം ഉൾപ്പെടുന്നു ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): ഒരു കമ്മിററിയെ യൂണിവേഴ്സിററി നിയമിച്ചിട്ടുണ്ട്; ഫസ്റ്റ് ഒക്ടോബർ ൧൯൫൩ തീയതി; ഡാക്ടർ കെ. ഭാസ്കരൻനായർ, ഡാ. എൽ. എ. രവിവർമ്മ, ശ്രീ. ഗുരനാട്ടു പി. എൻ. കുഞ്ഞൻപിള്ള, ശ്രീ. അമലനാഥൻ, ശ്രീ. മാത്യു എം, കുഴിവേലി. പരേതനായ ഡാ. കെ. ഗോദവർമ്മയും ഈ കമ്മിററിയിൽ ഉണ്ടായിരുന്നു.

ശ്രീ. കെ. കുട്ടപ്പൻ : ഈ കമ്മിററിയുടെ പ്രവർത്തനം തീർന്നിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ : കമ്മിററിയുടെ റിപ്പോർട്ട് വന്നിട്ടുണ്ട്. അതു "ഒറിയൻറൽ സ്റ്റഡീസ് ആൻഡ് ഫൈൻ ആർട്ട്സ് ഫാക്കൽററിയിൽ" കൂടുതൽ അന്വേഷണത്തിനായി വച്ചിരിക്കുകയാണ്. റിപ്പോർട്ട് വന്നതിനുശേഷം, സിൻഡിക്കേററ ഒരു ചെറിയ കമ്മിററി കാൺസ്റ്റിററ്യൂട്ട് ചെയ്യുകയും, ആ കമ്മിററിയുടെ നിർദ്ദേശം അനുസരിച്ചു പരിഷ്കരിച്ച ലിപിയിൽ മൂന്നുനാലു പേജ് അച്ചടിക്കുകയും ചെയ്തു. അതു എന്റെ കൈവശമുണ്ട്. ബഹുമാനപ്പെട്ട മെംബറന്മാർക്കു കാണണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഈ കമ്മിററിയിൽ മലയാളം അറിഞ്ഞുകൂടാത്തവർ ആരെങ്കിലുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മി. അമലനാഥനുണ്ട്; അച്ചടിസംബന്ധമായിട്ടുള്ള കാര്യങ്ങൾക്കു വേണ്ടിയാണ് അദ്ദേഹത്തെ കമ്മിററിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. സി. അച്ചുതമേനോൻ: മലയാളക്കരയിൽ തിരുവിതാംകൂർ-കൊച്ചിക്കു പുറമെയുള്ള ആളുകൾക്കുംകൂടി ഈ ലിപി പരിഷ്കരണം സ്വീകാര്യമായി വരുമോ എന്നുള്ളതിനെപ്പററി മദ്രാസ്ഗവണ്മെൻറുമായി ആലോചിക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: മദ്രാസ്ഗവണ്മെൻറുമായി ഇതേവരെ ആലോചിച്ചിട്ടില്ല. മദ്രാസ്ഗവണ്മെൻറുമായിട്ട് എഴുത്തുകുത്തുനടത്തേണ്ട വിവരം യൂനിവേഴ്സിററിയെ അറിയിക്കാം.

ശ്രീ. സി. അച്ചുതമേനോൻ: ലിപിയിൽ പറയത്തക്ക വ്യത്യാസം വല്ലതും വരുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ വായിച്ചുനോക്കിയിട്ട് വലിയ വ്യത്യാസമൊന്നും ഉള്ളതായിട്ടു കാണുന്നില്ല. അതിനെപ്പററി വിശേഷജ്ഞന്മാർ വേണം അഭിപ്രായം പറയുവാൻ.

ശ്രീ. ഈ. കൃഷ്ണൻനായർ: ഹിന്ദി രാഷ്ട്രഭാഷയായിരിക്കുന്ന സ്ഥിതിക്ക് നാഗരലിപി ആക്കുന്നതു്, അതായതു് സംസ്കൃതലിപി, നന്നായിരിക്കുമെന്ന് ഒരു അഭിപ്രായം ഉള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഞാൻ അങ്ങിനെ ഒരു അഭിപ്രായം കേട്ടില്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: പരിഷ്കരിച്ചതനുസരിച്ച് അക്ഷരങ്ങളുടെ എണ്ണം കൂടുകയാണോ കുറയുകയാണോ?

ശ്രീ. എ. ജെ. ജാൺ: എനിക്കറിയാവുന്ന വിവരങ്ങൾ ഞാൻ മുമ്പേ പറഞ്ഞു.

ശ്രീ. എ. തങ്കപ്പിള്ള: അക്ഷരങ്ങൾ ഏകദേശം രണ്ടു പുറത്തിൽ കൂടുതൽ വരുമോ?

Shri A. J. John : The Syndicate considered the recommendation of the Committee and constituted a special Committee consisting of the following persons for preparing a reformed script :

(1) Dr. K. Goda Varma.
(2) Dr. K. Bhaskaran Nair,
(3) Shri G. F. Amalanathan and
(4) Shri Mathew M. Kuzhivelil.

The drawings of the new symbols and modified characters were prepared by the Committee and the matter printed in the improved script was considered by the Syndicate at its meeting held

on 14th July 1952, and the Syndicate resolved that the matter be referred to the Faculty of Oriental Studies and Fine Arts for advice. The matter is under the consideration of the Faculty.

ശ്രീ. എ. താണുപിള്ള : ഇതു സ്വീകരിക്കുകയാണെങ്കിൽ പത്തു പുറം അച്ചടിക്കാനുള്ള മാററർ ഇതിൽ എത്ര പുറം വരും?

ശ്രീ. എ. ജെ. ജാൺ : ഞാൻ നോക്കിയിട്ടു പത്തു പുറംതന്നെ വേണ്ടിവരുമെന്നു തോന്നുന്നു.

ശ്രീ. എ. താണുപിള്ള : കടലാസിനുംമററും ലാഭമുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ : വലിയ ലാഭം ഉണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. ഭാനു : ഈ കമ്മിററിക്കുവേണ്ടി എന്തു ചെലവായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Panchayats.

* 523 (6) **Shri A. Samraj** : Will the Minister for Local Self-Government be pleased to state :

(*a*) the number of panchayats in the State; and

(*b*) the number of Municipalities in the State?

Minister for Local Self-Government (**Shri K. KochuKuttan**) :

(*a*) 277 at present.

(*b*) 26 Municipalities and one Corporation.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഒരു പഞ്ചായത്ത് അതിർത്തിയിൽ ഉൾപ്പെടുത്തേണ്ട ഭാഗം മറെറാരു പഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പരാതി കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : കാട്ടൂർ വില്ലേജുപഞ്ചായത്തിന്റെ ഒരു ഭാഗം വേളൂർക്കര പഞ്ചായത്ത് അതിർത്തിയിൽക്കൂടി ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി യാതൊരു വിവരവും അറിവില്ല. വല്ല പരാതിയുമുണ്ടെങ്കിൽ പഞ്ചായത്തധികൃതരെ അറിയിച്ചാൽ പരിഹാരമുണ്ടാക്കിത്തരുന്നതാണ്.

Shri A. A. D. Luiz : Is the Government contemplating to form Ernakulam and Mattancherry into a Corporation?

Shri K. Kochukuttan : At present there is no such proposal.

ശ്രീ. എസ്. ജി. ദേവിയപ്പൻ: ദേവികുളം താലൂക്കിൽ കണ്ണൻദേവൻ കമ്പെനി ഏരിയാവിൽ പഞ്ചായത്തു എന്നവാനതു? ഒന്നും നടക്കാമലിരുന്താൽ അതിനുക്കു കാരണമെന്ന?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ ഏറെക്കുറെ പഞ്ചായത്തുകൊണ്ടു നിവ്വഹിക്കേണ്ട കാര്യങ്ങളെല്ലാം, ഈ കമ്പനിതന്നെ നിവ്വഹിക്കുന്നുണ്ട്.

ശ്രീ. എസ്. ജി. ദേവിയപ്പൻ: അപ്പടി ഒരു മുതലാളി ചെയ്യുന്നതു കേട്ടുക്കൊണ്ടു ഒരു ഗവർന്മെന്റു സമ്മതിക്കലാമാ? ഇങ്കു 36,000 ജനത്തൊകയല്ലവാ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു് തല്ക്കാലത്തേക്കു വേണ്ടെന്നു വച്ചിരിക്കുകയാണു്. സ്ഥിരമായ ഒരു തീരുമാനമല്ല.

ശ്രീ. പി. സി. ആതിച്ചൻ: റിസവ്വേഷൻ ഇല്ലാത്ത പഞ്ചായത്തുകളുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അഞ്ചു ശതമാനം പട്ടികജാതിക്കാരുള്ള പഞ്ചായത്തുകളുണ്ടെങ്കിൽ, അവിടെ റിസവ്വേഷൻ ഉണ്ടായിരിക്കും.

ശ്രീ. ടി. എ. മജീദ്: ഒറവൂർപഞ്ചായത്തിൽ ഇപ്രകാരം റിസവ്വേഷൻ കൊടുത്തിട്ടില്ലെന്നു ആക്ഷേപം ഉണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിവില്ല. ഏകദേശം അഞ്ഞൂററി അൻപതോളം പഞ്ചായത്തുകളുള്ളതുകൊണ്ടു്, ഒരു പ്രത്യേക പഞ്ചായത്തിനെപ്പററി ശരിയായ വിവരങ്ങൾ പറയാൻ സാദ്ധ്യമല്ല. പ്രത്യേകം ഒരു ചോദ്യം അയച്ചാൽ വിവരം അന്വേഷിച്ചു പറയാം.

ശ്രീ. ഓ. സി. നൈനാൻ: അഞ്ചുശതമാനം പട്ടികജാതിക്കാരില്ലാത്ത സ്ഥലങ്ങളിൽ റിസർവേഷൻ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തീർച്ചയായും കൊടുക്കാൻ ഇടയില്ല.

ശ്രീ. ഓ. സി. നൈനാൻ: അങ്ങനെ കൊടുത്തതായി കണക്കുകൊണ്ടു ബോദ്ധ്യപ്പെട്ടാൽ അതു ഭേദപ്പെടുത്തുമോ?

മി. സ്പീക്കർ: അതു കൊടുത്തതിൽപിന്നീടാണു ചെയ്യേണ്ടതു്. ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ഇനി സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പട്ടികജാതിക്കാരല്ലാത്തവർ റിസർവേഷൻ സീററിൽനിന്നു മൽസരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു കേസുപോലും അറിവില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അങ്ങനെ ജയിച്ചിട്ടുള്ളതായി ഈ സഭയിൽതന്നെ പ്രസ്താവിക്കയുണ്ടായി. കൊല്ലം മുനിസിപ്പാലിററിയിൽ ഒരാൾ റിസർവേഷൻ സീററിൽ മൽസരിച്ചു ജയിച്ചിട്ടു് അതു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഒരു ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ വന്നിട്ടില്ല. അങ്ങനെയുണ്ടെങ്കിൽ അതു് ഇലക്ഷൻ കേസുകൊണ്ടു ഭേദപ്പെടുത്താവുന്നതാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : അങ്ങനെയുള്ള ക്രമക്കേടുകൾ വരാതിരിക്കാൻ ഗവണ്മെൻറു ശ്രദ്ധിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെ ഉണ്ടാകാതിരിക്കാൻ വേണ്ടതു ചെയ്തിട്ടുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജ പിള്ള : കണ്ണൻദേവൻ കമ്പനിക്കാർ ആ പകുതിയിൽ പഞ്ചായത്തു പ്രവർത്തനം നടത്തുമെന്നാണോ ഗവണ്മെൻറു വിചാരിച്ചിരിക്കുന്നതു് ?

ശ്രീ കെ. കൊച്ചുകുട്ടൻ : അവിടെ ഒരു പ്രത്യേക പഞ്ചായത്തിന്റെ ആവശ്യമുണ്ടെന്നു ഗവണ്മെൻറു കണ്ടിട്ടില്ല.

ശ്രീ. പി. എസ്സ്. നടരാജ പിള്ള : അവിടെയുള്ള ജനങ്ങൾക്കു ഒരു സ്വയംഭരണസ്ഥാപനം വേണമെന്നാവശ്യപ്പെടുന്നതു അവരുടെ പ്രാഥമിക അവകാശമല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവർക്കു ഒരു സ്വയംഭരണസ്ഥാപനം വേണമെന്നാവശ്യപ്പെടാൻ അവകാശമുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജ പിള്ള: പിന്നെ എന്താണു് അതു ചെയ്യാത്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അവിടെ കണ്ണൻദേവൻ കമ്പനിയിൽനിന്നും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടു്. അവിടെയുള്ള തൊഴിലാളികൾ വെളിയിൽനിന്നും വന്നു ജോലിചെയ്യുകയാണു്.

ശ്രീ. പി. എസ്സ്. നടരാജ പിള്ള : അവിടെ ഒരു പഞ്ചായത്തു വേണ്ടെന്നാണോ വിചാരിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അക്കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു്. എന്നാൽ തൽക്കാലം അതു നിർത്തിവച്ചിരിക്കുകയാണു്.

ശ്രീ. പി. എസ്സ്. നടരാജ പിള്ള : എല്ലാ സ്ഥലത്തും പഞ്ചായത്തു അനുവദിക്കുന്ന സ്ഥിതിക്കു കണ്ണൻദേവൻ പകുതിയിലും ഒരു പഞ്ചായത്തിന്റെ ആവശ്യത്തെപ്പററി പരിചിന്തിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറു് അതു് ഗാഢമായി ആലോചിക്കുന്നതാണു്.

ശ്രീ. കെ. കരുണാകരൻ : അവിടെ തോട്ടം തൊഴിലാളികളും അല്ലാത്തവരുമായ ജനങ്ങൾ അധിവസിക്കുന്ന സ്ഥിതിക്കു് അവർക്കു ഒരു സ്വയംഭരണസ്ഥാപനം വേണമെന്നുള്ള കാര്യം മേലാലെങ്കിലും ഗവണ്മെൻറാലോചിക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതുതന്നെയാണു ഞാൻ പറഞ്ഞതു്.

D. A. to Government servants

*524. [7] **Shri K. Sattanatha Karayalar :** Will the Chief Minister be pleased to state :

(*a*) what is the percentage of D.A. that is being given to the Government servants now ;

(*b*) is there any proposal to integrate at least a portion of the same with their pay ; and

(*c*) if not, why not ?

Chief Minister **(Shri A. J. John) :**

(*a*) A statement showing the existing rates of Dearness allowance sanctioned to Government servants is appended.†

(*b*) Yes. This has been announced by the Finance Minister in his Budget Speech.

(*c*) The question does not arise.

ശ്രീ. ടി. എ. മജീദ് : ഡിയർനസ് അലവൻസിന്റെ ഇ ഠ ശതമാനം ശമ്പളത്തിൽ ചേർക്കണമെന്നു കേന്ദ്രഗവണ്മെന്റിൽ ആലോചനയുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : പത്രത്തിൽ കണ്ടു.

ശ്രീ. ടി. എ. മജീദ് : അതനുസരിച്ചു ഇവിടെ കൂട്ടാൻ ആലോചനയുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ക്ഷാമബത്ത.

* ഇ ഫ ഇ. [വ] ശ്രീ. ടി. കെ. ദിവാകരൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂറിലേയും കൊച്ചിയിലേയും പെൻഷൻകാരുടെ ക്ഷാമബത്ത (ഡിയർനസ് അലവൻസ്) ഏകീകരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) കൊച്ചിയിലെപ്പോലെ ക്ഷാമബത്ത തിരുവിതാംകൂർ പെൻഷൻകാർക്കും നൽകുന്നതിന് എത്ര രൂപ വേണ്ടിവരും ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) ഇല്ല.

(ബി) പ്രതിവർഷം ൧ ഠ, ൧ ൩, ൪ ഠ ഠ രൂപ കൂടുതൽ ചെലവ് ഈ ഇനത്തിലുണ്ടാകും.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂറിലേയും കൊച്ചിയിലേയും പെൻഷൻകാരുടെ ക്ഷാമബത്ത എന്താണ് ?

---

†Vide Appendix I.

ശ്രീ. എ. ജെ. ജാൺ : തിരുവിതാംകൂറിലെ ക്ഷാമബത്ത ൨ ൯ ശ്ര. ൭ അണ വരെ ൩ ശ്ര. ൧ ൫ അണയും ൨ ൯ ശ്ര. മുതൽ ൯ വ്വ ശ്ര. ൪ അണ വരെ ൫ ശ്ര. ൧ ൪ അണയും ൯ വ്വ ശ്ര. മേൽ ൧ ൦ ൪ ശ്ര. ൨ അണയ്ക്കുമേൽ പഴയ ക്ഷാമബത്തയും കൊടുക്കുന്നു. കൊച്ചിയിൽ പെൻഷൻ ൫ രൂപയാണെങ്കിൽ അലവൻസ് ൫ ശ്ര. തന്നെ. ൫ ശ്ര. മുകളിൽ ൨ ൦ രൂപയ്ക്കുതാഴെ ൧ ൦ രൂപയും ൨ ൦ രൂപയ്ക്ക് മുകളിൽ ൫ ൦ രൂപയ്ക്കുതാഴെ ൧ ൧ ശ്ര ൪ അണയും അതിനുമുകളിൽ പെൻഷന്റെ അഞ്ചുശതമാനവും ആണ്.

ശ്രീ. ടി. കെ. ദിവാകരൻ : തിരുവിതാംകൂറിൽ പെൻഷണർമാരുടെ ക്ഷാമബത്ത കൊച്ചിയിലേക്കാൾ കുറവല്ലേ ?

ശ്രീ. എ. ജെ. ജാൺ : അതേ.

ശ്രീ. ടി. കെ. ദിവാകരൻ : സംയോജനത്തിനുശേഷം ഈ വ്യത്യാസം നിലനിർത്തിക്കൊണ്ടുപോകുന്നതിന് കാരണമെന്താണ് ?

ശ്രീ. എ. ജെ. ജാൺ : അതു് ഏകീകരിക്കുന്നതിന് ൧ ൦ ലക്ഷത്തിൽ കൂടുതൽരൂപ ചെലവാകും.

ശ്രീ. ടി. കെ. ദിവാകരൻ : ഇതുസംബന്ധിച്ച് വല്ല നിവേദനങ്ങളും കിട്ടിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : അതിനു അവർക്ക് എന്തു മറുപടി നൽകിയിട്ടുണ്ട് ?

ശ്രീ. എ. ജെ. ജാൺ : തൽക്കാലം അതു സാദ്ധ്യമല്ലെന്നാണു മറുപടി നൽകിയിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ അൻപതു രൂപായ്ക്കു താഴെ പെൻഷൻ ഉള്ളവരുടെ ക്ഷാമബത്ത ഏകീകരിക്കുന്ന കാര്യത്തിൽ ഗവണ്മെന്റു ശ്രദ്ധിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അവരുടെ കാര്യം പരിഹരിക്കുന്നതിനാണു പത്തുലക്ഷത്തിൽ കൂടുതൽ രൂപാ വേണ്ടിവരുമെന്നു പറഞ്ഞതു്. ഏതായാലും അതേപ്പററി ആലോചിക്കാവുന്നതാണ്.

ശ്രീ. എ. തണുപിള്ള : കൊച്ചി സെക്ഷനിൽ ഇന്നു ആകെ കൊടുക്കുന്ന പെൻഷൻതുക എത്രയാണെന്നും അലവൻസ് എത്രയാണെന്നും തിരുവിതാംകൂറിൽ എത്രയാണെന്നും കണക്കെടുത്തിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കണക്കെന്റെ കൈവശമില്ല. മൊത്തം ൨ ൦ ലക്ഷം രൂപായോളം വരും.

ശ്രീ. കെ. ഭാനു : കൊച്ചിയിലേയും ഇവിടത്തേയും ജീവിതത്തോതു വ്യത്യാസമുണ്ടെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അതു ജീവിതത്തിന്റെ തോതനുസരിച്ചിരിക്കും.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ : തിരുവിതാംകൂറിനേം കൊച്ചിയിലും ക്ഷാമബത്ത വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു.

National Waterways.

*526. [9] **Shri T. K. Krishnan :** Will the Minister for Planning be pleased to state :

(*a*) whether it is a fact that the Government of India is preparing a scheme of national waterways;

(*b*) whether the Government has submitted to the Central Government a list of waterways to be developed in order to benefit this State ; and

(*c*) whether the Government has any plan to extend the Kanoli Canal to Kunnamkulam ?

Chief Minister **(Shri A. J. John) :**

(*a*) There was a proposal to declare certain waterways in India as National Waterways. This Government do not know whether the Government of India has accepted the proposal.

(*b*) No ; but this Government has proposed to the Government of India the inclusion of Trivandrum-Shoranur Canal in the list of National Waterways.

(*c*) Not at present.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇവിടത്തെ വാട്ടർവേസ് നാഷനൽ വാട്ടർവേസിൽ ഉൾപ്പെടുത്തുന്നതുകൊണ്ടുള്ള ബെനിഫിറ്റ് എന്താണ്?

ശ്രീ. എ. ജെ. ജോൺ : അതു സ്വീകരിക്കണമോ എന്നുള്ളതിനെപ്പററി തീരുമാനമൊന്നും ചെയ്തിട്ടില്ല അതുകൊണ്ട് അതേപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതല്ല ഞാൻ ചോദിച്ചത്, അതു കൊണ്ടു നമുക്കുണ്ടാകുന്ന ബെനിഫിറ്റ് എന്താണെന്നാണ്?

ശ്രീ. എ. ജെ. ജോൺ : ഇപ്പോൾ നാഷനൽ ഹൈവേസിൽ നിന്നും ലഭിച്ചുവരുന്ന ബെനിഫിറ്റ് ഉണ്ടായിരിക്കും. അതേപ്പററി തീരുമാനമൊന്നും ചെയ്തിട്ടില്ല.

ശ്രീ. രാഘവക്കുറുപ്പ് : ഈ സ്കീം ഇവിടത്തെ ഗവണ്മെൻറ്ണോ സബ്മിറ്റ് ചെയ്തത്?

ശ്രീ. എ. ജെ. ജോൺ: അവിടത്തെ പ്രൊപ്പോസൽ അനുസരിച്ച് ഈ ഗവണ്മെൻറ് സബ്മിറ്റ് ചെയ്തിട്ടുള്ളതാണ്. അതനുസരിച്ച് നാഷനൽ വാട്ടർവേസും കൂടി ഉൾപ്പെടുത്തിയാൽ കൊള്ളാമെന്നു എഴുതി അയച്ചിരുന്നു.

കമ്മ്യൂണിററി പ്രോജക്ട്.

* ൪൨൧. [൧൦] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിന് അഡ്മിനിസ്ട്രേററീവ് ചുമതലകൾ നൽകിക്കൊണ്ട് A Community Project for Fishery Development ഈ സംസ്ഥാനത്തു സ്ഥാപിച്ച് പ്രവർത്തനം നടത്തുന്നതിനു യുണൈററഡ് നേഷൻസും, ഇൻഡ്യാ, നാർവ്വേ ഗവണ്മെൻറുകളും ചേർന്ന ഒരു tripartite agreement ഒപ്പുവയ്ക്കുകയുണ്ടായിട്ടില്ലെ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ ഈ ഗവണ്മെൻറുമായി ആലോചിച്ചിട്ടുണ്ട്;

(സി) ഗവണ്മെൻറ് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു;

(ഡി) ഇതിന്റെ ടെക്ക്നിക്കൽ പേർസനലിന്റെ നിയമനകാര്യത്തിൽ ഈ ഗവണ്മെൻറിന് എന്തെല്ലാം അധികാരങ്ങളുണ്ട്;

(ഇ) പ്രോജക്ടിന്റെ ചെലവു എത്രയെല്ലാം ഗവണ്മെൻറുകൾ ചേർന്ന എങ്ങനെയാണ് വഹിക്കുക?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ): (എ) ഉണ്ട്.

(ബി) പദ്ധതിയുടെ നാനാവശങ്ങളെപ്പററി ഈ ഗവണ്മെൻറുമായി ആലോചിച്ചിട്ടുണ്ട്.

(സി) പ്രോജക്ടിന്റെ ഉദ്ദേശങ്ങൾ, പ്രവർത്തനങ്ങൾ, ഇതിലേക്ക നാർവ്വേ ഗവണ്മെൻറു ചെയ്യുന്ന സംഭാവനകൾ മുതലായവയെപ്പററി മേൽ പറഞ്ഞ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ ഈ ഗവണ്മെൻറിന്റേയും, നാർവ്വേ, ഇൻഡ്യാ ഗവണ്മെൻറുകളുടേയും പ്രതിനിധികൾ തമ്മിൽ നടത്തിയ കൂടിയാലോചനകളിൽ നിശ്ചയിച്ചവയാണ്.

(ഡി) ഇവിടെനിന്നും നടത്തേണ്ട നിയമനങ്ങൾ ഈ ഗവണ്മെൻറാണ് ചെയ്യുന്നതു്.

(ഇ) ഫൻഡ്സ്-ഓഫ്-ദ്-ൽ നാർവ്വേയുടെ ഭാഗത്തേക്ക ൧൦,൩൦,൦൦൦ രൂപായുമാണ് ചെലവാകുമെന്നുദ്ദേശിക്കുന്നതു്. ഇൻഡ്യയുടെ ഭാഗത്തു നിന്നുള്ള ചെലവ് ഇൻഡ്യാ ഗവണ്മെൻറും സംസ്ഥാനഗവണ്മെൻറും തമ്മിൽ എങ്ങനെ ഭാഗിക്കുമെന്നുള്ള കാര്യം തീരുമാനിച്ചിട്ടില്ല.

ശ്രീ. സി. ജി. സദാശിവൻ: ഇതു സംബന്ധിച്ചുള്ള ഉടമ്പടി കഴിഞ്ഞ ഒക്ടോബർ മാസത്തിൽ ന്യൂയാക്കിൽ വച്ചാണു നടന്നതെന്നറിയാമോ?

Mr. Speaker : It is imparting Information. It is not a question.

ശ്രീ. സി. ജി. സദാശിവൻ: ഈ പ്രോജക്ട്കൾ ആരംഭിക്കുന്ന സ്ഥലം സംബന്ധിച്ച് ഈ ഗവണ്മെൻറു വല്ല സ്കീമും സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇതിനുത്തരം മുന്നുനാലു പ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. അവരുടെ ആളുകൾകൂടി ഇവിടെ വന്ന് ഈ ഗവണ്മെൻറുംകൂടി ചേർന്നാണ് തീരുമാനിച്ചതു്.

ശ്രീ. സി. ജി. സദാശിവൻ : വിദേശശക്തികൾക്കു പലവിധത്തിൽ താല്പര്യമുള്ളതുകൊണ്ടാണ് ആ പ്രദേശം തെരഞ്ഞെടുത്തത് എന്നുള്ളതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ : അവർക്കു ആ സ്ഥലത്തിന് പ്രത്യേകമായി യാതൊരു താല്പര്യവുമില്ലായിരുന്നു. അവർ നാർവേയിൽനിന്നും വരികയായിരുന്നു.

ശ്രീ. സി. ജി. സദാശിവൻ : അതിനു സമീപമായി മിനറൽ കമ്പനിയുള്ളതുകൊണ്ടും അവർക്കു അതു വളരെ അത്യാവശ്യമുള്ള സാധനമായതുകൊണ്ടും ചവറയ്ക്കു അടുത്ത സ്ഥലം തെരഞ്ഞെടുത്തതല്ലേ?

ശ്രീ. എ. ജെ. ജാൺ : ചവറ അതിനടുത്ത സ്ഥലമാണ്.

ശ്രീ. സി. ജി. സദാശിവൻ : ൧൦ സ്ക്വയർ മൈലിനു അകത്താണ് ചവറ എന്നാണറിവ്.

ശ്രീ. എ. ജെ. ജാൺ : ചവറ അതിൽ ഉൾപ്പെടുകയില്ല. അവർ മിനറൽസിൽ ഉല്ലാടനം മുതലായ സംഗതികളിൽ കുഴപ്പം ഉണ്ടാകുന്ന പ്രവൃത്തികൾ ചെയ്യുമെന്നു തോന്നുന്നില്ല. ചെയ്യാൻ അനുവദിക്കയുമില്ല.

വളം വിതരണം.

* ൭൫൨. [൧൧] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലിരുന്നിരുന്ന വളം വിതരണസമ്പ്രദായത്തിൽ ഈ അടുത്തകാലത്ത് എന്തെങ്കിലും മാററം വരുത്തിയിട്ടുണ്ടോ ;

(ബി) ആ മാററം വരുത്തുവാൻ ഉണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) വളം വിതരണസമ്പ്രദായത്തിൽ യാതൊരു മാററവും വരുത്തിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. ജി. സദാശിവൻ : സഹകരണസംഘങ്ങൾക്ക് ഗവണ്മെൻറിൽനിന്നും കടമായി കൊടുക്കുന്നില്ലേ?

ശ്രീ. എ. ജെ. ജാൺ : ശരിയായിട്ടു അടയ്ക്കുന്നവർക്ക് കൊടുക്കുന്നുണ്ട്.

ശ്രീ. സി. ജി. സദാശിവൻ : ശരിയായിട്ട് അടച്ചുകൊണ്ടിരിക്കുന്ന സംഘങ്ങൾക്ക് കടംകൊടുക്കാതെയുണ്ടോ ; മുഹമ്മയിൽ ൧ എന്ന ൦-ാം നമ്പർ സംഘത്തിന് യാതൊരു കുടിശ്ശികയും ഇല്ലാതിരുന്നിട്ടും കൊടുക്കുന്നില്ല എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. സി. ജി. സദാശിവൻ : രൊക്കം പണം കൊടുത്തു വാങ്ങിക്കാൻ നിവൃത്തിയില്ലാത്ത കൃഷിക്കാർക്ക് വളം കടമായി കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ ചെയ്തിരുന്നു.

ശ്രീ. എൻ. രാജഗോപാലൻ നായർ : വളം വിതരണം ചെയ്യുന്നതിനുള്ള അവകാശം ഓരോ കൊല്ലത്തേയ്ക്കാണോ കൊടുക്കുന്നത് ?

ശ്രീ എ. ജെ. ജാൻ : അതിന്നു ലൈസൻസ് എടുക്കേണ്ടതുണ്ട്. അത് ഓരോ വർഷത്തിലും എടുക്കേണ്ടതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : അങ്ങനെ ലൈസൻസു കൊടുക്കുന്നതു് സംഘങ്ങൾക്ക് ആയിരിക്കണമെന്ന് പ്രത്യേകമായി ഒരു നയം ഗവണ്മെൻറിനുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : പ്രത്യേക നയമൊന്നുമില്ല. ഗവണ്മെൻറ്വകുപ്പുകൾ ഉണ്ട്. അതുകൂടാതെ സഹകരണസംഘങ്ങളും സ്വകാര്യവ്യക്തികളും വിതരണം നടത്തുന്നുണ്ട്. വിതരണം ശരിയായിട്ടു നടത്തുന്നുണ്ട് എന്നാണ് അറിവ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഗവണ്മെൻറ് ഡിപ്പോകൾ വഴിയും സഹകരണസംഘങ്ങൾ വഴിയും കഴിയുന്നതും വിതരണം നടത്താൻ ശ്രമിക്കുന്നതാണെന്ന് കഴിഞ്ഞ നിയമസഭയിൽ പ്രസ്താവിച്ചിട്ടുള്ളതായി ഓർക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അതുതന്നെയാണ് ഗവണ്മെൻറിന്റെ ഉദ്ദേശം.

ശ്രീ. എൻ. രാജഗോപാലൻ നായർ : കഴിഞ്ഞ വർഷം കുറെ സ്വകാര്യവ്യക്തികൾക്ക് ഈ അവകാശം കൊടുത്തിരുന്നതു് മാററാൻ ശ്രമിക്കുന്നു എന്നു പറഞ്ഞതു് ശരിയാണോ ?

ശ്രീ. എ. ജെ. ജാൻ : അതേപ്പററി തീരുമാനിച്ചിട്ടില്ല. എസ്റ്റിമേററ്സ് കമ്മിററിയുടെ റിപ്പോർട്ട് മേശപ്പുറത്തു വച്ചിട്ടുണ്ട്. അവരുടെ ശുപാർശകൾ ഗവണ്മെൻറ് കാര്യമായി ആലോചിക്കുന്നതാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ : അടുത്ത വർഷത്തേയ്ക്കുള്ള അനുവാദം നൽകിക്കഴിഞ്ഞോ ?

ശ്രീ എ. ജെ. ജാൻ : അതു് കൃഷിയുടെ ആവശ്യമനുസരിച്ചാണ് കൊടുക്കുന്നതു്.

ശ്രീ കെ. എം. കോര : വളത്തിന് വെളിയിൽ വിലയ്ക്കു വ്യത്യാസമുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അതാതു കാലത്തെ മാർക്കററനുസരിച്ചാണ് വില തീർച്ചപ്പെടുത്തുന്നതു്. അമോണിയം സൽഫേററ് മുതലായവയ്ക്ക് വില കൂടിയും കുറഞ്ഞും വരുന്നുണ്ട്.

ശ്രീ. കെ. എം. കോര : സബ്സിഡിയിൽ വ്യത്യാസം ഈ ഗവണ്മെൻറ് വരുത്തിയിട്ടുണ്ടോ ?

ശ്രീ എ. ജെ. ജാൺ : 33⅓ ശതമാനമായിരുന്നതു് 25 ശതമാനമാക്കിയിട്ടുണ്ടു്.

ശ്രീ. ററി. കെ. ദിവാകരൻ : ബോൺ മീൽസിനെ സംബന്ധിച്ചു ചില സ്ഥലങ്ങളിൽ മോശമാണെന്നു കാണിച്ചു് പരാതികൾ ഉണ്ടായിട്ടുള്ളതായി അറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ചില പരാതികൾ ഉണ്ടായിട്ടുണ്ടു്. ബോൺ മീൽസിൽ സ്വല്പം ചില കണ്ടൻറ്സ് കുറവാണെന്നു് പരാതി വന്നിട്ടുണ്ടു്. ഗവണ്മെൻറ് അതു് ലാബറട്ടറിയിലയച്ചു് പരിശോധിപ്പിക്കുകയും ചില കുറവുകൾ കണ്ടുപിടിക്കുകയും ചെയ്തു. അങ്ങനെ മോശമാണെന്നു ബോദ്ധ്യപ്പെട്ട ബോൺ മീൽസിനു് അതനുസരിച്ചുള്ള വില മാത്രമേ കൊടുത്തിട്ടുള്ളു.

ശ്രീ. ററി. കെ. ദിവാകരൻ : ബോൺ മീൽസിൽ മണ്ണുകൂടി ചേർക്കുന്നുണ്ടെന്നു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അങ്ങനെ പരാതിപ്പെട്ടിട്ടുണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : ഗവണ്മെൻറ് ഡിപ്പോകളിൽനിന്നും കൃഷിക്കാർക്കു് വളം വിതരണം ചെയ്യുന്ന രീതിയിൽ വല്ല മാററവും വരുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : വിതരണസമ്പ്രദായത്തിൽ യാതൊരു മാററവും വരുത്തീട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : കഴിഞ്ഞ പഞ്ചക്കൃഷിക്കാലത്തു്, അമോണിയം സൽഫേററ് മുതലായ വളങ്ങൾ കുട്ടനാട്ടു കൃഷിക്കാർക്കു് ലോൺ ബേസിസ്സിൽ കൊടുത്തുകൊണ്ടിരുന്നതായ ഏർപ്പാടു് ഇന്ന ഇടക്കാലത്തു നിറുത്തിയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : നിശ്ചയമില്ല.

ശ്രീ. ആർ. കേശവപിള്ള : വളം വിതരണം ചെയ്യുന്നതിൽ ഗവണ്മെൻറിനു് വല്ല ലാഭവും ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : എട്ടുപത്തു ലക്ഷം രൂപ നഷ്ടമാണുള്ളതു്.

ശ്രീ. കെ. കെ. കുമാരപിള്ള : ലോൺ ബേസിസ്സിൽ കൊടുത്തുകൊണ്ടിരുന്നവളം ഏതാനം സഹകരണസംഘങ്ങൾക്കു് വിതരണം ചെയ്യുന്നതിനായി അനുവദിക്കുകയും തൽസമയം ഡിപ്പോകളിൽനിന്നുമുള്ള വിതരണം നിറുത്തിവയ്ക്കുകയും ഡിപ്പോ മുഖേന വിതരണം നടത്തണമെന്നു് ആളുകൾ നിവേദനം നടത്തിയതിന്റെ ഫലമായി വീണ്ടും ഒരാൾ മുഖേന വിതരണം തുടങ്ങുകയും പിന്നീടു നിറുത്തിവയ്ക്കുകയും അല്ലേ ചെയ്തതു് ?

ശ്രീ. എ. ജെ. ജാൺ: ഇതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ക്രാപ്പ് ലോൺ ബേസിസ്സിലാണു് വളം വിതരണം ചെയ്തുകൊണ്ടിരുന്നതു്. വിളവു തീരുമ്പോൾ ലോൺ കൊടുക്കുന്ന പതിവും നിറുത്തും.

റൂറൽ അപ്ലിഫ്റ്റ് കമ്മിറ്റികൾ.

* ൭൨൯. [൧൨] ശ്രീ. കെ. കെ. കുമാരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റൂറൽ അപ്ലിഫ്റ്റ് കമ്മിറ്റികളുടെ പ്രവർത്തനം എന്താണ്;

(ബി) അവക്കാവശ്യമായ പണം ഏതു അടിസ്ഥാനത്തിലാണ് നൽകുന്നത്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) റൂറൽ അപ്ലിഫ്റ്റ് കമ്മിറ്റി എന്നൊന്നില്ല. വില്ലേജ് അപ്ലിഫ്റ്റ് കമ്മിറ്റികളുണ്ട്. പൊതുമരാമത്തുപണികൾ, പൊതുജനാരോഗ്യസംരക്ഷണത്തിനുവേണ്ട പ്രവർത്തനങ്ങൾ, വിദ്യാഭ്യാസവും, അതിനുവേണ്ട പ്രചാരണങ്ങളും, കൃഷിയുടെയും, കുടിൽ വ്യവസായത്തിന്റെയും പുരോഗതിക്കു വേണ്ടതു ചെയ്യുക, ഇവയാണ് ഈ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ.

(ബി) പ്രവർത്തനത്തിന്റെ വ്യാപ്തിയനുസരിച്ചും, ഡിപ്പാർട്ടുമെന്റിന്റെ ധനസ്ഥിതിയനുസരിച്ചുമാണ് പണം കേന്ദ്രങ്ങൾക്കു നൽകുന്നത്.

ശ്രീ. കെ. കെ. കുമാരപിള്ള : ഇപ്പോൾ എത്ര കമ്മിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലായിടത്തുംകൂടി ൩൫ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. കെ. ഭാസ്കരൻ : ഈ കമ്മിറ്റികളുടെ പ്രവർത്തനം ഇപ്പോഴും തുടർന്നു നടക്കുന്നുണ്ടോ?

ശ്രീ. കെ കൊച്ചുകുട്ടൻ : ചില കമ്മിറ്റികൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : എങ്ങനെയാണ് ഈ കമ്മിറ്റികൾ രൂപവൽക്കരിച്ചിരിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : കമ്മിറ്റി മെമ്പറന്മാരെ ഗവണ്മെന്റ് നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. പ്രസിഡൻറിനെ കമ്മിറ്റി തെരഞ്ഞെടുത്തിട്ടുമുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : തെരഞ്ഞെടുപ്പിന് സ്വീകരിച്ചിട്ടുള്ള വോട്ടിംഗ് സംപ്രദായം എന്തായിരുന്നു?

ശ്രീ. കെ. കൊച്ചുകുട്ടൻ : വോട്ടിംഗ്സംപ്രദായം എന്തായിരുന്നാലും ഇപ്പോൾ അതെല്ലാം അവസാനിക്കാറായിരിക്കുന്നു. എല്ലായിടത്തും പഞ്ചായത്തുകളായി രൂപാന്തരപ്പെടുത്തിവരുന്നു. പുതിയ വോട്ടിംഗും നടപ്പിൽവരുന്നു.

ശ്രീ. ആർ. കേശവപിള്ള : ഇപ്പോൾ ഈ കമ്മിററികൾക്കാവശ്യമായ പണം ചെലവാക്കുന്നതു് ഏതു ഡിപ്പാർട്ടുമെൻറിൽനിന്നുമാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : പഞ്ചായത്തു ഡിപ്പാർട്ടുമെൻറിൽനിന്നുമാണു്.

ശ്രീ. ടി. കെ. ദിവാകരൻ : കാൺഗ്രസ് അധികാരത്തിൽ വന്നതിനുശേഷമാണോ ഈ കമ്മിററികളെല്ലാം ഉണ്ടായിട്ടുള്ളതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അല്ല; ൧൯൨൮-൨൯-൨൪ ഈ കൊല്ലങ്ങളിലാണു് ഈ കമ്മിററികൾ ഉണ്ടായിട്ടുള്ളതു്.

ശ്രീ. പി. എസ്. നടരാജപിള്ള : ഇപ്പോൾ ഉള്ളതു് വില്ലേജ് കമ്മിററികളാണോ, അതോ ടൗൺ കമ്മിററികളാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എല്ലാം വില്ലേജ് കമ്മിററികളാണു്.

ശ്രീ. கணபதி : இவைகள் இல்லாத தாலுகா இருக்கிறதா?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് അന്വേഷിച്ചു പറയാമെന്നു നിവൃത്തിയുള്ളു.

കണ്ടുകൃഷി ഭൂമികൾ.

* ൩൯൦. [൧൯൫] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ രാജകുടുംബത്തിൽനിന്നു കണ്ടുകൃഷിഭൂമികൾ ഗവണ്മെൻറിലേക്കു വിട്ടുതന്നിട്ടുള്ളതു് ഏതു് വ്യവസ്ഥകളിന്മേലാണു് ;

(ബി) രാജകുടുംബത്തിനു എന്തെങ്കിലും പ്രതിഫലം ഈ വകയിൽ നൽകുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) കണ്ടുകൃഷി വസ്തുക്കളിൽനിന്നുമുള്ള ആദായത്തിൽനിന്നും ൩ ലക്ഷം രൂപാക്കൂടി പ്രിവിപേഴ്സിൽചേർത്തു; ൧൨ ലക്ഷം രൂപാവീതം പ്രിവിപേഴ്സായി രാജപ്രമുഖനു ലഭിക്കുന്നുണ്ടു്. ഇതിനും പുറമെ പ്രസ്തുത ഭൂമികൾ വിട്ടുതന്നതു് രാജപ്രമുഖന്റെ ജീവിതകാലത്തേക്കു ആണ്ടുതോറും ൪൦൦൦ പറ നെല്ലും. ൧൧൦ പറ ഞാവര അരിയും ഒന്നര പറ ഉഴുന്നു അരിയും വില കൂടാതെ പാലസ്സിലേക്കു് ഗവണ്മെൻറിൽനിന്നും കൊടുത്തുകൊള്ളാമെന്നു് ഉള്ള വ്യവസ്ഥയിലാണു്.

(ബി & സി) മേൽപറഞ്ഞ നെല്ലും അരിയും പാലസ്സിലേക്കു് നൽകുന്നുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഈ വ്യവസ്ഥ രാജപ്രമുഖന്റെ ആജീവനാന്തകാലത്തേയ്ക്കും ബാധകമാകുമോ?

ശ്രീ. എ. ജെ. ജാൺ : അതാണു് പറഞ്ഞതു്, രാജപ്രമുഖന്റെ ജീവിതകാലത്തേക്കു നാലായിരപറനെല്ലും നൂററിപത്തുപറ ഞാവര അരിയും കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : പണമോ?

ശ്രീ. എ. ജെ. ജാൺ : പണം രാജപ്രമുഖൻ ആയിരിക്കുന്നിട ത്തോളം കാലം ലഭിക്കുന്നതാണ്. അതു ഇൻഡ്യാ ഗവണ്മെൻറാണ് നല്കുന്നതു്. രാജപ്രമുഖൻ അല്ലാതെയിരിക്കുന്ന കാലത്തു ഈ പണം ലഭിക്കുമോ ഇല്ലയോ എന്നതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. വർഗ്ഗീസ് : രാജപ്രമുഖസ്ഥാനം അദ്ദേഹത്തിൻെറ രാജപ്രമുഖത്വം ഇല്ലാതെയാകുമ്പോൾ ഈ പണം നമ്മുടെ ഗവണ്മെൻറിലേക്കു ലഭിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതും ഇൻഡ്യാഗവണ്മെൻറുമായി ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ കണ്ടുകൃഷി ഭൂമികൾ രാജപ്രമുഖൻ എങ്ങനെയാണു സമ്പാദിച്ചതെന്നറിയാമോ?

Mr. Speaker : It is a matter of ancient history.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : സർ, ഇവിടെ മാത്രമേ ഇങ്ങനെ ഒരേർപ്പാടുള്ളു. അതുകൊണ്ടാണ് അതു ഞാൻ ചോദിച്ചതു്?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. ജോസഫ് വാഴപ്പിള്ളി : കണ്ടുകൃഷി ഭൂമി ആകെ എത്ര ഏക്കർ വരും?

ശ്രീ. എ. ജെ. ജാൺ : അതിനു ഉത്തരം മുമ്പു പലതവണ പറഞ്ഞിട്ടുണ്ട്.

ശ്രീ. ഗണപതി : ഈ ഭൂമികളിൽനിന്നും ലാൻഡ് ടാക്സ് വസൂൽ ചെയ്യുന്നുണ്ടോ?

Mr. Speaker : It has not been finally settled.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : മൂന്നു ലക്ഷം രൂപാ രാജപ്രമുഖൻ ആയിരിക്കുന്ന കാലത്തു മാത്രമേ കൊടുക്കുകയുള്ളു എന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ : രാജപ്രമുഖൻ ആയിരിക്കുന്ന കാലമാണ് ഈ തുക പ്രീവിപേഴ്സിൽ ചേർത്തു കൊടുക്കുന്നതു്. രാജപ്രമുഖൻ അല്ലാത്ത കാലത്തു പ്രീവിപേഴ്സിൽ ചേർക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ആർ. കേശവപിള്ള : കണ്ടുകൃഷിയെ സംബന്ധിച്ചു് ഇപ്പോൾ രാജപ്രമുഖന് എന്താദായം ലഭിക്കുന്നുണ്ടു്?

Mr. Speaker : That has been answered—four and a half lakhs of rupees.

കണ്ടിൻജൻറ ജീവനക്കാർ.

* ൪൩. [൧൪] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടിൻജൻറെ ജീവനക്കാർക്ക് പ്രാവിഡൻറഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്;

(ബി) കണ്ടിൻജൻറെ ജീവനക്കാർക്ക് ക്ഷാമബത്ത അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്കാണു്; എന്തു തുക അനുവദിച്ചിട്ടുണ്ടു്; എന്നു മുതൽ അതു കൊടുത്തുവരുന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) (എ) ഫുൾടൈംകണ്ടിൻജൻസി ജീവനക്കാർക്കു് പ്രാവിഡൻറഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടു്.

(ബി) ഉ. ഉണ്ടു്.

2. ഇപ്പോൾ നൽകിവരുന്ന നിരക്കു് 2വ്വ-ഉ2-ദി ഉ മുതൽക്കാണു് അനുവദിച്ചതു്.

3. 2 0 രൂപയിൽ കുറഞ്ഞ ശമ്പളമുള്ളവർക്കു് 2 0 രൂപയും, അടിസ്ഥാനശമ്പളത്തിൻെറ 12/3 ഏതാണു് കുറഞ്ഞതു് ആ തുകയും, 2 0 രൂപയും, അതിൽ കൂടുതലും ശമ്പളമുള്ളവർക്കു് സ്ഥിരസർവീസ് (Permanent Establishment) ഉള്ളവർക്കു് കൊടുത്തുവരുന്ന നിരക്കു് അനുവദിച്ചിട്ടുണ്ടു്. പാർട്ടു് ടൈം കണ്ടിൻജൻറെ ജീവനക്കാർക്കു് 71/2 രൂപയും അനുവദിച്ചിട്ടുണ്ടു്.

4. 2വ്വ-ഉ2-ഉ൯ ദി ഉ മുതൽക്കു്.

ശ്രീ. കെ. കരുണാകരൻ: ഫുൾടൈം കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൻ: അതെപ്പററി ഗവണ്മെൻറു് ആലോചിച്ചുകൊണ്ടിരിക്കുകയാണു്. ആ പോസ്ററുകൾ തന്നെ സ്ഥിരപ്പെടുത്തണമോ വേണ്ടയോ എന്നു് ആലോചിച്ചുവരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ഫുൾടൈയും കണ്ടിൻജൻസിയിൽ അല്ലാത്ത കണ്ടിൻജൻറു് ജീവനക്കാർക്കു് എന്തു ശമ്പളം കൊടുത്തുവരുന്നു?

ശ്രീ. എ. ജെ. ജാൻ: അവർക്കു് ഏഴര രൂപാ കൊടുക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുള്ള ഫുൾടൈം കണ്ടിൻജൻസി ജീവനക്കാർക്കു് പ്രാവിഡൻറഫണ്ടു് ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൻ: അവർക്കും കാണും

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴുള്ള കണ്ടിൻജൻസി ജീവനക്കാരിൽ കൂടുതൽ സർവ്വീസുള്ളവർക്കു് എത്ര കൊല്ലത്തെ സർവീസുണ്ടു്?

ശ്രീ. എ. ജെ. ജാൻ: കുറെ കൊല്ലത്തെ സർവീസുകാണും. അവരുടെ പോസ്ററുകൾ സ്ഥിരപ്പെടുത്തീട്ടില്ലാത്തതുകൊണ്ടു് ഇപ്പോഴും അവരെ കണ്ടിൻജൻസി എംപ്ലോയിസ് എന്നാണു് പറയുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ അവർക്കു് പെൻഷനു് അവകാശമുണ്ടോ?

ശ്രീ. എ. ജെ. ജാൻ: ഇല്ലെന്നാണു് തോന്നുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: കണ്ടിൻജൻസിക്കാരെ നിയമിക്കുന്നതാരാണു്?

ശ്രീ. എ. ജെ. ജാൺ : ചിലപ്പോൾ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർ നിയമിക്കും. ചിലപ്പോൾ ഗവണ്മെൻറും നിയമിക്കും.

ശ്രീ. ടി. കെ. ദിവാകരൻ : ഇവരെ പിരിച്ചുവിടുന്നതിനു മുമ്പ് ഗവണ്മെൻറുമായി ആലോചിച്ചുകൊണ്ടാണോ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർ ഇവരെ പിരിച്ചുവിടുന്നത്?

ശ്രീ എ. ജെ. ജാൺ : ചിലപ്പോൾ ഗവണ്മെൻറുമായി ആലോചിക്കാതെയും പിരിച്ചുവിട്ടേയ്ക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ചിലപ്പോൾ മേലധികാരികൾ വിരോധം നിമിത്തം ഇവരെ പിരിച്ചുവിടുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി അന്വേഷിക്കാതെ പറയാൻ നിവർത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ദീർഘകാലമായി സർവ്വീസിലിരിക്കുന്ന കണ്ടിൻജൻസി ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ : അതെപ്പററി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ് : അവർ എല്ലാംകൂടി എത്ര പേർ വരും

ശ്രീ. എ. ജെ. ജാൺ : കുറെ ആയിരം പേർ വരും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : സെക്രട്ടറിയേററ കണ്ടിൻജൻസി ജീവനക്കാരെ വ്യയനൂനീകരണത്തിനുവേണ്ടി പിരിച്ചുവിടാൻ പോകുന്നതായി അറിയുന്നതു വാസ്തവമാണോ?

ശ്രീ. എ. ജെ. ജാൺ: കുറച്ചുപേരെ പിരിച്ചുവിട്ടേക്കാൻ ഇടയുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കുറെക്കാലമായി സർവീസിലിരിക്കുന്നവരെ പിരിച്ചുവിടുന്നതു കഷ്ടമാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കണ്ടിൻജൻസി ജീവനക്കാർ കൂടുതൽ ഉണ്ടെന്നുകണ്ടാൽ കുറെപ്പേരെ പിരിച്ചുവിടാതെ നിവർത്തിയില്ല. ഇപ്പോൾ സർവ്വീസിലിരിക്കുന്നവർക്കു കൊടുത്തുവരുന്ന ശമ്പളം പോരെന്നും കൂടുതൽ ശമ്പളം കൊടുക്കണമെന്നും ഒരു ശ്വാസത്തിലും ഇപ്പോൾ ഇരിക്കുന്നവരെ ആരെയും പിരിച്ചുവിടരുതെന്നു മറെറാരു ശ്വാസത്തിലും പറയുന്നതു ഒരു പോലെ നടപ്പിൽ വരുത്തുവാൻ ഒക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇങ്ങനെ പിരിച്ചുവിടുന്നവർക്കു പത്തു പതിനഞ്ചും കൊല്ലം സർവീസുണ്ടെങ്കിൽ അവരെ മററു ജോലികളിൽ നിയമിക്കുവാൻ ശ്രമിക്കുമോ?

ശ്രീ. എ. ജെ. ജാൺ : അതു മററു പരിഗണനകളെക്കൂടി ആശ്രയിച്ചു ചെയ്യേണ്ട ഒരു കാര്യമാണ്.

ശ്രീ. എൻ. പി. വർഗ്ഗീസ് : ഇങ്ങനെ പിരിച്ചുവിടുന്നവർക്ക് ഗ്രാററുവിററി കൊടുക്കുവാൻ ഗവണ്മെൻറു തീരുമാനിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി ആലോചിച്ചിട്ടില്ല.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : സെക്രട്ടറിയേററിൽ പ്രായം പതിനഞ്ചും കൊല്ലം സർവ്വീസുള്ളവരെ പിരിച്ചുവിട്ടിട്ടു വെളിയിൽ നിന്നും റാഹാൻഡ്സിനെ നിയമിച്ചിട്ടുള്ളതായി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ എ. ജെ. ജാൺ : അങ്ങനെ പരാതി ഉണ്ടായിട്ടുണ്ടോ എന്നു ഓർമ്മയില്ല. പരാതികൾ വന്നാൽ അതെപ്പററി ശ്രദ്ധിക്കുന്നതാണ്.

Engines and pumps with the Agricultural Department.

*532. [15] **Shri O. C. Ninan :** Will the Minister for Agriculture be pleased to state :

(*a*) what is the total number of engines and pumps in the possession of the Agricultural Department ;

(*b*) how many of them have been used in 1952 and on what condition ;

(*c*) what is the total cost of these machines ; and

(*d*) what is the income derived in 1952 ?

Chief Minister **(Shri A. J. John) :**

(*a*) 42 pump sets at present.

(*b*) Twenty. 19 pump sets were hired out to the ryots according to the prescribed rules and one set was used in a Government farm.

(*c*) Rs. 3,21,372 approximately.

(*d*) Rs. 3,949 realised as hire charges of the above 19 pump sets.

ശ്രീ. ഒ. സി. നൈനാൻ : ബാക്കി പമ്പിംഗ് സെററുകൾ ഉപയോഗിക്കാഞ്ഞതു എന്തുകൊണ്ടാണ് ?

ശ്രീ. എ. ജെ. ജാൺ : അവ ശരിയായ വർക്കിംഗ് ആർഡറിലല്ലായിരുന്നു.

ശ്രീ. ഒ. സി. നൈനാൻ : എത്രനാളായി ഇങ്ങനെ വർക്കിംഗ് ആർഡറിലല്ലാതെ കിടക്കുന്നു എന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ഈ പമ്പുകൾ വാങ്ങിയതു് ൧൯൫൨ വർഷത്തിലാണ്. എപ്പോഴാണ് കേടുവന്നതെന്നുള്ളതിനെപ്പററി സൂക്ഷ്മമായ വിവരം കിട്ടാൻ സാധിച്ചിട്ടില്ല.

ശ്രീ. ഒ. സി. നൈനാൻ : വളരെ നാളായി വർക്കിംഗ് ആർഡറിലല്ലാതെ മെഷീൻസ് ഇരിക്കുന്നതുകൊണ്ട് ഗവണ്മെൻറിന് നഷ്ടമുണ്ടെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിയാം.

ശ്രീ. ഒ. സി. നൈനാൻ : അതിലേക്കു വേണ്ട നടപടിനടത്താൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറ നടപടിനടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഏതു ഡിപ്പാർട്ടുമെൻറുകൾ വേറെ പമ്പുകൾ ഗവണ്മെൻറ വാങ്ങിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഏതു കമ്പനിമുഖേനയാണ ഈ പമ്പുകൾ വരുത്തിയിരിക്കുന്നത് ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Pumping Machines

*533. [16] **Shri O. C. Ninan :** Will the Minister for Agriculture be pleased to state :

(*a*) from what all departments can agriculturists get pumping machines ;

(*b*) what are the conditions on which they are given ;

(*c*) will the Government repair the unserviceable machines ;

(*d*) what is the total number of unserviceable machines in the possession of the department ; and

(*e*) what is the proposal of the Government with reference to them?

Chief Minister **(Shri A. J. John) :**

(*a*) Agriculture and Electricity Departments.

(*b*) Pump sets are issued on hire and hire purchase basis.

(*c*) Yes ; up to a stage beyond which it is not economical to repair them.

(*d*) Nil.

(*e*) This question does not arise in view of the answer to part (*d*).

ശ്രീ. പി. വി. അവിരാതരകൻ : എത്ര Horse power ഉള്ള എൻജിനുകൾ ആണ ഡിപ്പാർട്ടുമെൻറിൽ ഉള്ളത് ?

ശ്രീ. എ. ജെ. ജാൺ : ഡിപ്പാർട്ടുമെൻറിൽ ൪ ഹോഴ്സ് പവ്വർ ഉള്ളതും ൭ ഹാഴ്സ് പവ്വർ ഉള്ളതും ൧൦ ഹാഴ്സ് പവ്വർ ഉള്ളതും ഇങ്ങനെ മൂന്നുവിധത്തിലുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ : വലിയ വിസ്താരത്തിലുള്ള നിലങ്ങളിലെ വെള്ളം വററിക്കാൻ ൧൦ ഹാഴ്സ് പവ്വറുള്ള എൻജിൻ കൊടുക്കാറുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കൊടുക്കാറുണ്ടോ എന്നു നിശ്ചയമില്ല. അതു് സാധാരണയായി ഡിപ്പാട്ടുമെൻറിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നതു്.

ശ്രീ. പി. വി. അവിരാതരകൻ : മററു എൻജിനുകൾ ഈ ആണ്ടിൽ എത്ര പേക്ക് കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : അതിൻെറ കണക്ക കൈവശമില്ല.

ശ്രീ. കെ. മാധവനുണ്ണി ഖാൻ : പമ്പിംഗ് സെററുകൾ ഡിപ്പാർട്ടുമെൻറിൽ നിന്നും വിലയ്ക്കു കൊടുക്കുന്നുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : വിലയ്ക്കു കൊടുക്കുന്നുണ്ട്. കൂടാതെ ഹയർ പർച്ചേസിംഗ് സിസ്റ്റത്തിലും കൊടുക്കുന്നുണ്ട്.

ശ്രീ. ടി. എ. മജീദ് : ഹയർപർച്ചേസിംഗ് സിസ്റ്റമനുസരിച്ചു കൊടുത്തതിൽ വല്ല കുടിശ്ശികയും ഗവണ്മെൻറിനു കിട്ടാനുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : കുറെ കിട്ടാനുണ്ടെന്നു തോന്നുന്നു.

ശ്രീ. ടി. എ. മജീദ് : പമ്പിംഗ്സെററ കൊടുക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനാരാണ് ?

ശ്രീ. എ. ജെ. ജാൺ : ആ ഡിപ്പാർട്ടുമെൻറ മേധാവിയാണ്.

D. A. of Government Servants.

*534. [17] **Dr. N. S. Pillai:** Will the Chief Minister be pleased to state :

(*a*) whether the Government are aware of the recommendation of the Gadgil Committee seport on the amalgaamtion of D.A. with pay of Government servants of the Central Government ; and

(*b*) if so, whether the State Government is prepared to implement those recommendations in this State services also ?

Chief Minister **(Shri A. J. John) :**

(*a*) This Government have not received any official information about the report.

(*b*) In the light of the above, this question does not arise.

Rice Cultivation.

*535. [18] **Dr. N. S. Pillai :** Will the Chief Minister be pleased to state :

(*a*) whether the Government is aware of the propagation of improved Japanese method of rice cultivation in various parts of India ;

(*b*) whether the Government has already introduced the system in any part of this State ; and

(*c*) if so, the name of the centres ?

Chief Minister **(Shri A. J. John) :**

(*a*) Yes.

(*b*) Steps are being taken to introduce the system in this State.

(*c*) It is proposed to try the system at the Government farms at Nagercoil, Adoor, Alwaye and Ollukkara and also in 200 centres in the fields of ryots in different parts of the State.

ഡാക്ടർ എൻ. എസ്. പിള്ള : മുമ്പ് ഇവിടെ കൃഷി ഡയറക്ടരായിരുന്ന ഡാക്ടർ കുഞ്ഞൻപിള്ളയുടെ പരിഷ്കരിച്ച കൃഷിസമ്പ്രദായങ്ങളോട് എന്തെങ്കിലും ബന്ധം ഈ ജപ്പാൻ കൃഷിസമ്പ്രദായത്തിനുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : എനിക്കറിഞ്ഞുകൂടാ.

ശ്രീ. നെടുമങ്ങാട്ടു ആർ. കേശവൻ നായർ : ജപ്പാൻ സിസ്റ്റം പ്രചരിപ്പിക്കുന്നതിനുവേണ്ടി ഉള്ള ഉദ്യോഗസ്ഥൻ തിരുവിതാംകൂർകാരനാണോ ?

ശ്രീ. എ. ജെ. ജാൻ : അറിഞ്ഞുകൂടാ.

സൊസൈററികൾ.

* 536. [ഫ്ൻ] ശ്രീ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ ;

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര ഫിഷ്മാർക്കററിംഗ് സൊസൈററികൾ ഉണ്ട് ?

(ബി) ഈ സൊസൈററികൾ വഴി മത്സ്യവിൽപ്പന നടത്തുന്നുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ഫ 0.

(ബ) അതിലൊരെണ്ണം മാത്രം മത്സ്യവിൽപ്പന നടത്തുന്നുണ്ട്.

ശ്രീ. രാമകൃഷ്ണൻ : മത്സ്യം ധാരാളമായി കിട്ടുമ്പോൾ അവ കേടുകൂടാതെ സൂക്ഷിക്കുന്നതിനും മററും വല്ല പദ്ധതിയും ഉണ്ടോ ?

ശ്രീ. എ. ജെ. ജാൻ : ആ കാര്യങ്ങളെ സംബന്ധിച്ച് ഉള്ള പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീ, ടി. കെ. ദിവാകരൻ : ബാക്കിയുള്ള ൻ സൊസൈറ്റിയുടെ ജോലി എന്താണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൻ : അവ മാർക്കറ്റിംഗ് നടത്തുന്നില്ലെന്നു പറയാനെ സാധിക്കുകയുള്ളൂ.

മത്സ്യപ്പിടിത്തം.

ഇനം. [21] ശ്രീ. രാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യോൽപാദനം വർദ്ധിപ്പിക്കുവാനായി യന്ത്ര വാഹനങ്ങളുപയോഗിച്ച് തീരദേശക്കടലുകളിൽനിന്നും മത്സ്യം പിടിക്കുന്നതിനുള്ള വല്ല ആലോചനയും നവണ്മെൻറിനുണ്ടോ ;

(ബി) ഏതെങ്കിലും വിദേശക്കമ്പനികളുമായി ഇതു സംബന്ധിച്ചു വല്ല കരാറും ചെയ്തിട്ടുണ്ടോ ?

Mr. Speaker : The question has already been answered previously. Hence, it need not be answered once again now.

Republic Day.

*538. [21] **Shri E. Krishnan Nair :** Will the Chief Minister be pleased to state :

(*a*) whether there is any circular that the Republic Day should be celebrated only at the headquarters of taluks ; and

(*b*) whether there is any understanding as to how the funds for the celebration have to be raised ?

Chief Minister **(Shri A. J. John) :**

(*a*) No.

(*b*) The understanding is that the funds, if any, required for the celebrations in mofussil areas should be collected by voluntary contribution by the public who are enthusiastic in celebrating the Republic Day which is such a significant occasion.

ശ്രീ. ഈ. കൃഷ്ണൻ നായർ : ഒരു താലൂക്കിൻെറ എന്തെങ്കിലും ഭാഗത്തു ഈ സെലിബ്രേഷൻ നടത്തുന്നതിലേക്കുവേണ്ടി നിർബന്ധമായും ഫണ്ടു പിരിച്ചുകൊള്ളണമെന്നു വ്യവസ്ഥയുണ്ടോ ?

ശ്രീ. എ. ജെ. ജാൻ : അങ്ങനെ നിർബന്ധമാക്കുന്നതല്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: താലൂക്കധികാരികൾ ഈ കാര്യത്തിനു വേണ്ടി ജനങ്ങളെ സമീപിച്ച് നിർബന്ധം ചെലുത്തുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൻ: അങ്ങനെ അറിഞ്ഞുകൂടാ.

അദ്ധ്യാപികമാർക്ക് പ്രസവകാലവേതനം.

* ൬൯൪. [൨൭] ശ്രീ. സി. അച്ചുതമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പ്രൈവേറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപികമാർക്ക് പ്രസവകാല വേതനം അനുവദിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

Mr. Speaker: The question has already been answered previously. Hence it need not be answered once again now.

ടൈപ്പിസ്റ്റുകളുടെ അവശതകൾ.

* ൬൯൫. [൨൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ഡിപ്പാർട്ടുമെൻറുകളിൽ സേവനമനുഷ്ഠിക്കുന്ന ടൈപ്പിസ്റ്റുകളുടെ ശമ്പളസ്കെയിൽ ക്ലാർക്കുമാരുടേതിനേക്കാൾ കുറവാണെന്നുള്ളതു ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ക്ലാർക്കുമാർക്ക് വിവിധ ഗ്രേഡുകളുള്ളപ്പോൾ ടൈപ്പിസ്റ്റുകൾക്ക് ഒരേയൊരു ഗ്രേഡുമാത്രമാക്കിട്ടുള്ളതിനു പ്രത്യേകകാരണം വല്ലതുമുണ്ടോ ഇല്ലെങ്കിൽ ഈ അവശതകൾ അടിയന്തിരമായി പരിഹരിക്കുവാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) ഇല്ല. ടൈപ്പിസ്റ്റുകളുടെ ശമ്പളം ക്ലാർക്കുമാരുടെ ശമ്പളത്തെ അപേക്ഷിച്ച് കുറവല്ല.

(ബി) ടൈപ്പിസ്റ്റുകൾക്ക് ക്ലാർക്കുമാർക്കുള്ളതുപോലെ വിവിധ ഗ്രേഡുകൾ ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഒരു ടൈപ്പിസ്റ്റിന്റെ ഏററവും വലിയ ശമ്പളസ്കെയിൽ എന്താണ്?

ശ്രീ. എ. ജെ. ജാൻ: ഏററവും വലിയ ശമ്പളസ്കെയിൽ വ൦-ദ-൨൨൦ രൂപാ.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഒരു ക്ലാർക്കിന്റേതാണെങ്കിലോ?

ശ്രീ. എ. ജെ. ജാൻ: ക്ലാർക്കിനാണെങ്കിൽ ൨൨ ദ-൨൫ ൦ രൂ.

ശ്രീ. എൻ. രാജഗോപാലൻ നായർ: നമ്മുടെ സംസ്ഥാനത്തുള്ള ടൈപ്പിസ്റ്റുകളുടെ വിവിധ ഗ്രേഡുകൾ എങ്ങനെയെല്ലാമാണ്?

ശ്രീ. എ. ജെ. ജാൺ : ൩ ൦. ൪ ൫ ത്രുപാവരെ.

൪ ൫. ൭ ൫ ,,

൨൦. ൧൨ ൦ ,,

ശ്രീ. എൻ. രാജഗോപാലൻ നായർ : ഇവയിൽ ആദ്യത്തെ ഗ്രേഡ് മാററാൻ വല്ല ആലോചനയും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ ആലോചനയൊന്നുമില്ല.

ശ്രീ ടി. എ. മജീദ് : സ്റ്റെനോടൈപ്പിസ്ററുകളുടെ സ്കെയിലിനു വ്യത്യാസമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : അൽപ്പവ്യത്യാസമുണ്ട്.

ദേവസ്വം കൊട്ടാരങ്ങൾ.

* ൫൪൧. [൨൫] ശ്രീ. പി. എസ്. വാസുദേവൻപിള്ള : തഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

ദേവസ്വം കൊട്ടാരങ്ങൾ തിരികെ വിട്ടുകൊടുക്കുന്നതു സംബന്ധിച്ച് അന്വേഷിച്ചു റിപ്പോർട്ട് ചെയ്യാൻ നിയുക്തമായ കമ്മററിയുടെ റിപ്പോർട്ട് ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

കമ്മററിയുടെ റിപ്പോർട്ട് ഇതുവരെ ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

ശ്രീ. പി. എസ്. വാസുദേവൻപിള്ള : കമ്മററി ഇപ്പോഴും പ്രവത്തനം നടത്തുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രവത്തനം നടത്തുന്നുണ്ട്.

ശ്രീ. പി. എസ്. വാസുദേവൻപിള്ള : ആരാണ് കമ്മററിയുടെ ചെയർമാനെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹൈക്കോടതി ജഡ്ജിയായി പെൻഷൻ പററിയ ഒരു മി. പറവൂർ നാരായണപിള്ളയാണ്.

ശ്രീ. പി. എസ്. വാസുദേവൻപിള്ള : ഈ കമ്മററിയെ നിയമിച്ചതു് ഗവണ്മെൻറാണോ, അതോ ദേവസ്വം ബോർഡാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറുതന്നെയാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഇതുവരെ റിപ്പോർട്ടു സമർപ്പിക്കാത്തതു് എന്തുകൊണ്ടാണെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വേണ്ടത്ര തെളിവു ശേഖരിച്ചിട്ടില്ലാത്തതുകൊണ്ടാണ്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : കമ്മററിക്കാർ ഒരു ഇൻററിം റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ കമ്മററിയിലെ അംഗങ്ങൾ ഇതുവരെ പ്രവത്തനം തുടങ്ങിയിട്ടില്ല എന്നു കേൾക്കുന്നതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പ്രാരംഭമായി കുറച്ചുകാലത്തേക്ക് കമ്മററിയുടെ ചെയർമാൻ മാത്രം ജോലി ചെയ്താൽമതി.

ശ്രീ. കെ. മാധവനുണ്ണിത്താൻ : ഈ കമ്മററിയുടെ പ്രവത്തനം സംബന്ധിച്ചു കൂടുതൽ നിദ്ദേശങ്ങളാവശ്യപ്പെട്ടുകൊണ്ടു് ഗവണ്മെൻറിലേക്കു് എഴുതിയിട്ടുണ്ടായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എഴുതിയിട്ടുണ്ടായിരുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഈ കമ്മററി രൂപീകരിക്കാനുണ്ടായ സാഹചര്യമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ : നീതി നടത്തണമെന്നുള്ള ഗവണ്മെൻറിൻെറ നിർബന്ധബുദ്ധിയൊന്നുകൊണ്ടുമാത്രം.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ആരോടാണു നീതി നടത്തണമെന്നു വിചാരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : രാജ്യത്തുള്ളവരോടു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : എൻെറ ചോദ്യം ബഹുമാനപ്പെട്ട മന്ത്രിക്കു് മനസ്സിലായില്ലെന്നു തോന്നുന്നു. ഞാൻ ഒന്നുകൂടി ചോദിക്കാം. ഈ കമ്മററി രൂപീകരിക്കാൻ ഉണ്ടായ സാഹചര്യം ഏതെങ്കിലും മതവിഭാഗക്കാരുടെ അഭിപ്രായം നിമിത്തമാണോ?

ശ്രീ. കൊച്ചുകുട്ടൻ : അതെ. ഹിന്ദുവിഭാഗക്കാരുടെ അഭിപ്രായം നിമിത്തമാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മുമ്പു് ഈ കൊട്ടാരങ്ങളെ സംബന്ധിച്ചിടത്തോളം ദേവസ്വങ്ങൾക്കു് അധികാരമുണ്ടായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയുണ്ടായിരുന്നുവെന്നുള്ള ഒരവകാശവാദം ഉന്നയിച്ചതുകൊണ്ടാണു് കമ്മററി രൂപീകരിച്ചതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : മുമ്പു് എന്തെങ്കിലും അവകാശം ഉണ്ടായിരുന്നോ എന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുമ്പു മുതൽക്കേ ദേവസ്വത്തിനാണു് അധികാരമുള്ളതെന്നു ദേവസ്വം ബോർഡ് പറയുന്നു. അതല്ലാതെ ഗവണ്മെൻറിനു് ഈ കാര്യത്തിൽ അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ കമ്മററിക്കുവേണ്ടി വരുന്ന ചെലവു വഹിക്കുന്നതു് എവിടെ നിന്നുമാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിൽ നിന്നുമാണു്?

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഗവണ്മെൻറിന് ദേവസ്വം കൊട്ടാരങ്ങളെ സംബന്ധിച്ച് അധികാരവും നിയന്ത്രണവുമില്ലെങ്കിൽ എന്തിനാണ് കമ്മററിയുടെ ചിലവ് ഗവണ്മെൻറിൽനിന്നു വഹിക്കുന്നത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കമ്മററിയെ നിയമിച്ചത് ഗവണ്മെൻറിൽ നിന്നുമായതുകൊണ്ട്.

ശ്രീ. ടി. ടി കേശവൻശാസ്ത്രി : ഇപ്പോൾ ദേവസ്വം കൊട്ടാരങ്ങളെന്നു പറയുന്നതു തെററല്ലേ ?

ശ്രീ കെ. കൊച്ചുകുട്ടൻ : തെററാണോ ശരിയാണോ എന്നറിയുന്നതിനു വേണ്ടിയാണ് കമ്മിററിയെ നിയമിച്ചിരിക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ : ദേവസ്വം കൊട്ടാരങ്ങൾ എത്ര എണ്ണം ഉണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൩൪ കൊട്ടാരങ്ങൾ ഉണ്ട്.

ശ്രീ. പി. എസ്. നടരാജപിള്ള : ദേവസ്വം വസ്തുക്കൾ ദേവസ്വം ബോർഡിൻെറ അധീനതയിൽ വിട്ടു കൊടുക്കണമെന്നല്ലേ പ്രൊക്ലമേഷൻ ഉണ്ടായിട്ടുള്ളത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങിനെതന്നെയാണ്.

ശ്രീ. പി. എസ്. നടരാജപിള്ള : അതനുസരിച്ച് ചില കൊട്ടാരങ്ങൾ വിട്ടുകൊടുത്തിട്ടില്ല എന്നുള്ളതറിയാമോ ;

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില കൊട്ടാരങ്ങളുടെ കാര്യത്തിൽ ആക്ഷേപമുണ്ടെന്നറിയാം.

ശ്രീ. പി. എസ്. നടരാജപിള്ള : ദേവസ്വം ആക്ടും പ്രൊക്ലമേഷനും വന്നപ്പോൾ കൊട്ടാരങ്ങളുടെ ഒരു ഭാഗം മാത്രമേ വിട്ടുകൊടുത്തിട്ടുള്ളു എന്നു വല്ല പരാതിയും ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : പരാതിയുണ്ടായിട്ടുണ്ട്. അവയെപ്പററി അന്വേഷണം നടത്തുകയാണ്.

ശ്രീ. എ. താണുപിള്ള : കമ്മററിയെ രൂപീകരിച്ചതു മുതൽ ഇതുവരെ പ്രസിഡൻറിൻെറ ജോലിയെന്താണ് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കമ്മിററിയുടെ പ്രസിഡൻറ് ഈ കൊട്ടാരങ്ങൾ സംബന്ധിച്ചുള്ള റിക്കാർഡുകൾ പരിശോധിച്ചു വരുകയാണ്.

ശ്രീ. എ. താണുപിള്ള : റിക്കാർഡുകൾ പരിശോധിക്കുന്നതിനു വേണ്ടി കമ്മററി അംഗങ്ങളുംകൂടി ഉണ്ടായിരിക്കണമെന്നില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വേണമെന്നില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : കമ്മിററിയെ നിയമിച്ചിട്ടുള്ളത് ഗവണ്മെൻറിൻെറ അഭിപ്രായപ്രകാരമോ അതോ ഇൻഡ്യാ ഗവണ്മെൻറാവശ്യപ്പെട്ടതുകൊണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ . ഈ ഗവണ്മെൻറിന്റെ അഭിപ്രായ പ്രകാരമാണ്.

ശ്രീ. എ. താണുപിള്ള : ഈ കമ്മിററിയെ നിയമിച്ചിട്ടുള്ളത് പ്രധാനമായിട്ട് എന്തുദ്ദേശത്തിനുവേണ്ടിയാണ് ;

ശ്രീ. കെ. കൊച്ചുകുട്ടൻ : ദേവസ്വം കൊട്ടാരങ്ങളുടെ സകല റിക്കാർഡുകളും പരിശോധിച്ച് തെളിവു ശേഖരിക്കാൻവേണ്ടി മാത്രമാണ്.

ശ്രീ. എ. താണുപിള്ള : അവസാന തീരുമാനം ചെയ്യാൻ ഈ കമ്മിററിക്കധികാരമുണ്ടോ ;

ശ്രീ. കെ. കൊച്ചുകുട്ടൻ : അവസാന തീരുമാനം ചെയ്യുന്നതിന് കമ്മിററിക്കധികാരമില്ല. കമ്മിററി ഒരു Advisory Body മാത്രമാണ്.

പെൻഷൻകാരുടെ ഡിയർനെസ് അലവൻസ്.

* ൪൯൨. [൨൩] ശ്രീ. പി. എസ്. വാസുദേവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ—കൊച്ചിയിലെ, തിരുവിതാംകൂർ വിഭാഗത്തിലും കൊച്ചിൻ വിഭാഗത്തിലും പെൻഷൻകാരുടെ ഏററവും കുറഞ്ഞ അലവൻസു തുകകളെത്ര ;

(ബി) സംയോജനത്തിനുശേഷം ഈ വ്യത്യാസം പുലർത്തിക്കൊണ്ടു പോകാൻ കാരണമെന്തു് ?

(സി) പെൻഷൻ തുക തിരുവിതാംകൂർ നാണയത്തിൽ കണക്കാക്കിയതല്ല ഇന്നും കൊടുത്തുവരുന്നതു് ?

(ഡി) ൧൦൦ രൂപായ്ക്കുമേൽ പെൻഷൻ വാങ്ങുന്ന എല്ലാ ഉദ്യോഗസ്ഥന്മാർക്കും അലവൻസുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : (എ) തിരുവിതാംകൂർ വിഭാഗത്തിൽ ൨൦ രൂപാ ൧ അണയിൽ കവിയാത്ത പെൻഷന് ൩ രൂപാ ൧൫ അണയും, കൊച്ചി വിഭാഗത്തിൽ ൫ രൂപയിൽ താഴെയുള്ള പെൻഷന് അതേ തുകയും ൫ രൂപാ മുതൽ ൨൦ രൂപായിൽ താഴെയുള്ള പെൻഷന് ൧൦ രൂപയും ഡിയർനെസ് അലവൻസ് നൽകുന്നുണ്ട്.

(ബി) ഈ ഘട്ടത്തിൽ വ്യത്യാസം പുലർത്തി പോകാതിരിപ്പാൻ നിവൃത്തിയില്ല.

(സി) സർവ്വീസിൽനിന്നും പിരിഞ്ഞപ്പോൾ തിരുവിതാംകൂർ നാണയത്തിൽ ശമ്പളം വാങ്ങിയിരുന്ന ഉദ്യോഗസ്ഥന്മാരുടെ പെൻഷൻ തിരുവിതാംകൂർ നാണയത്തിൽ കണക്കാക്കിയിരുന്നതിനാൽ ആ തുകയ്ക്കുള്ള സമവില ഇപ്പോൾ ഇൻഡ്യൻ നാണയത്തിൽ കൊടുത്തുവരുന്നു.

(ഡി) ഇല്ല, തിരുവിതാംകൂർ വിഭാഗത്തിൽ പെൻഷനും ഡിയർനെസ് അലവൻസും ചേർന്നു ൧൦൫ രൂപാ ൨ അണയിൽ കൂടാൻ പാടില്ല. കൊച്ചിൻ വിഭാഗത്തിൽ ൩൦൦ രൂപായിൽ കൂടാൻപാടില്ല.

WRITTEN ANSWERS.

Backward Community.

*543. [27] **Shri M. William :** Will the Chief Minister be pleased to state whether Nadars and S.I.U.C. Christians are for the purpose of recruitment to civil service regarded as backward communities ?

Chief Minister **(Shri A. J. John) :** Yes.

പഞ്ചവൽസരപദ്ധതി.

* ൪൮൯. [൨൯] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചവൽസര പദ്ധതി അനുസരിച്ച് തിരുവിതാംകൂർ കൊച്ചിയിൽ നടപ്പാക്കാൻ പോകുന്ന പദ്ധതികളുടെ പൂർണ്ണ രൂപം തയ്യാറാക്കിക്കഴിഞ്ഞോ ;

(ബി) ഉണ്ടെങ്കിൽ അതു എന്താണ് ;

(സി) ഇതിനു വേണ്ടിവരുന്ന പണം എങ്ങിനെ ഉണ്ടാക്കുന്നു ?

(ഡി) ഇതുവരെയായി ഈ പദ്ധതിയിൽ എന്തെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഉവ്വ്.

(ബി) ഒരു പ്രതി മേശപ്പുറത്തു വച്ചിട്ടുണ്ട്. **

(സി) ൨൦-൩൫ൻ കോടി രൂപാ ഈ സംസ്ഥാനത്തെ റവന്യൂവിൽ നിന്നും ഒകോടി രൂപാ കേന്ദ്ര ഗവണ്മെന്റിൽനിന്നും ഉണ്ടാക്കണമെന്നാണ് വച്ചിട്ടുള്ളത്.

(ഡി) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ഉപതിരഞ്ഞെടുപ്പു പ്രചരണം.

* ൪൮൭. [൩൦] ശ്രീ. ആർ. സുഗതൻ : താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂരിൽ തെരഞ്ഞെടുപ്പുപ്രചരണത്തിനു സ്റ്റേറവകാശകൾ ഉപയോഗിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : തിരഞ്ഞെടുപ്പ് സംബന്ധിച്ച് ആ നിയോജകമണ്ഡലത്തിൽ സഞ്ചരിച്ചിരുന്ന മന്ത്രിമാർ അവർക്കു നൽകിയിട്ടുള്ള സ്റ്റേറവകാശകൾ ഉപയോഗിച്ചുകാണും.

**Placed on the Library table.

UNSTARRED QUESTIONS

Irrigation facilities.

304. [2] **Shri Prakkulam Bhasi :** Will the Minister for Local Self Government be pleased to state :

(*a*) what irrigation facilities and tank improvements have been completed under rural development in Karunagappalli Taluk in the year 1952 ; and

(*b*) what measures under the above head are going to be started this year in the Taluk ?

Answer.

(*a*) No irrigation facilities and tank improvements have been taken up under rural development in Karunagapally Taluk during 1952.

(*b*) There are no proposals for any work under irrigation schemes to be taken up this year.

കുടിയിറക്ക്.

൩൦൪. [൨]. ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനവധി വർഷങ്ങളായി നെടുമങ്ങാട് താലൂക്കിന്റെ വടക്കുഭാഗത്തു മടത്തറ എന്ന സ്ഥലത്ത് കുടികെട്ടി കൃഷി ചെയ്തു ജീവിച്ചു വരുന്ന ൨൦൦൦-ൽ പരം കുടുംബങ്ങളെ കുടിയിറക്കുന്നതിന് ഗവണ്മെന്റ് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ നടപടി നിവൃത്തിവരുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇവരിൽനിന്നും വല്ല നിവേദനവും ഗവണ്മെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം.

(എ) ഇല്ലാ.

(ബി) യും, (സി) യും ചോദ്യം ഉദിക്കുന്നില്ല.

Owners of land.

306. (4) **Shri A. Samraj :** Will the Minister for Revenue be pleased to state :

(*a*) the number of owners of land who own hundred acres and above in the State in general and in Trivandrum in particular ;

(*b*) the number of acres owned by Hindu Mutts in South Travancore ; and

(*c*) the names of those persons who own more than hundred acres of land in Trivandrum Division ?

Answer.

(*a*) 1319 in the State and 43 in the Trivandrum District.

(*b*) 679 acres and 90 cents.

(*c*) A list showing the names is laid on the table.*

Grow More Food Schemes.

307. [5] **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) The total amount received so far by the State from the Centre for the Grow More Food Schemes ;

(*b*) the amount spent out of this in the agricultural Taluks of Thovala, Agasteeswaram, Kalkulam and Vilavancode ; and

(*c*) for what purpose ?

Answer.

(*a*) Rs. 41,72,000.

(*b*) Rs. 27,03,832.

(*c*) For (1) Minor irrigation works.
(2) Line extension.
(3) Intensive manuring.
(4) Seed multiplication and distribution.
(5) Well sinking.
(6) Paddy crop competition.

വിറകുഡിപ്പോ.

൩൦൭. [൩] ശ്രീ. വാഴണ്ണി പള്ളിക്കൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതി കുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംയോജനത്തിനുമുമ്പ് കൊച്ചി വിഭാഗത്തിൽപ്പെട്ട പട്ടണങ്ങളിൽ ഗവണ്മെൻറിൽനിന്നും മിതമായ നിരക്കിനു വ്ർക്ക് ഗവണ്മെൻറുഡിപ്പോകൾ മുഖേന വിതരണം ചെയ്തിരുന്നുവോ;

(ബി) എന്തു കാരണത്താലാണ് ടി ഡിപ്പോകൾ നിറുത്തൽ ചെയ്തതു്;

* Please see Appendix II.

(സി) ഏതെങ്കിലും പട്ടണത്തിൽ ഇപ്പോഴും നിലവിലുണ്ടോ; ഉണ്ടെങ്കിൽ എവിടെ;

(ഡി) ഇരിഞ്ഞാലക്കുട പട്ടണവാസികൾ അവിടെ നിറുത്തിയ ഡിപ്പോകൾ വീണ്ടും തുറക്കണമെന്നു അപേക്ഷിക്കുകയുണ്ടായോ; മറുപടി എന്താണ്;

(ഈ) പൊതുജനങ്ങൾക്ക് പ്രത്യേകിച്ച് സാധുജനങ്ങൾക്ക് കുറഞ്ഞ വിലയ്ക്ക് വിറകു് കിട്ടാറാകത്തക്കവണ്ണം ഒരു പുതിയ പദ്ധതി രൂപീകരിക്കാൻ ശ്രമിക്കുമോ?

ഉത്തരം.

(എ) ഉവ്വ്.

(ബി) വ്യയസംക്ഷേപണാർത്ഥം വിറകു് വിതരണത്തിനു് നിയുക്തരായിരുന്ന സ്റ്റാഫ് കുറവുചെയ്തതുകൊണ്ടു്.

(സി) തൃശ്ശൂരിൽ.

(ഡി) അപേക്ഷിച്ചിട്ടുണ്ടു്. ഇരിഞ്ഞാലക്കുട പട്ടണത്തിലെ ആവശ്യത്തിലേക്കു് വിറകുവില്പന നടത്തത്തക്കവണ്ണം രണ്ടു കരാറുകൾ ഇപ്പോൾ നിലവിലുണ്ടു്.

(ഈ) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കയാണ്.

പുത്തൻചിറ പകുതി.

നമ്പർ. [൭] ശ്രീ. വാരണ്ണി പുളിക്കൽ : താഴെ കാണുന്ന ചോദ്യത്തിനു് റവന്യൂകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം പുത്തൻചിറ പകുതി മുകുന്ദപുരം താലൂക്കിനോടു് ചേർക്കണമെന്നു് ആ നാട്ടുകാരുടെ നിവേദനം കിട്ടിയിട്ടുണ്ടോ?

ഉത്തരം.

ഉണ്ടു്.

കുടിയിറക്ക്

നമ്പർ. [൭൦] ശ്രീ. എം. സി. മാത്യു : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി റിസർവ്വിൽപ്പെട്ട പുലിക്കുന്നു എന്ന സ്ഥലത്തു് താമസക്കാരായിരുന്ന ഏതാനും മലവേട്ടക്കാരെ അവരുടെ പുരകൾ പൊളിച്ചു നശിപ്പിച്ചു് കുടിയിറക്കിവിട്ടതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചോ;

(ബി) ഇപ്രകാരം ഇറക്കിവിട്ടവരെ അവിടെ കയറി താമസിപ്പിക്കുന്നതിനു് അനുവദിക്കണമെന്നു ഗവണ്മെൻറ് ഉത്തരവുണ്ടായോ;

(സി) ആ ഉത്തരവിന്റെ തീയതി;

(ഡി) അതനുസരിച്ച് അവരെ കയററി താമസിപ്പിച്ചതെന്ന്;

(ഈ) ഗവണ്മെൻറുത്തരവുണ്ടായിട്ടും കുടിയിറക്കപ്പെട്ടവരായ മലവള്ളക്കാരെ കയററി താമസിപ്പിക്കാതെ ഫാറസ്റ്റ് ഉദ്യോഗസ്ഥന്മാർ തടസ്സമുണ്ടാക്കിയതായി പരാതിയുണ്ടായോ;

(എഫ്) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥന്മാരുടെമേൽ എന്തെങ്കിലും നടപടി നടത്തിയോ;

(ജി) കുടിയിറക്കപ്പെട്ടവർക്കു സംഭവിച്ച നഷ്ടത്തിനു എന്തെങ്കിലും പരിഹാരം ചെയ്തിട്ടുണ്ടോ?

ഉത്തരം.

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഉത്തരവായി.

(സി) ൩-൧ ൧-൫ ൨.

(ഡി) ൧൦ ൧-൫ ൨-ലും, ൨൫- ൧ ൧-൫ ൨-ലും.

(ഈ) ഉണ്ടായി.

(എഫ്) അന്വേഷണത്തിൽ ശിക്ഷാർഹമായി യാതൊന്നും കാണാത്തതിനാൽ അതിന്റെ ആവശ്യം ഉണ്ടായില്ല

(ജി) നടപടിക്രമത്തിനു വിരുദ്ധമായി നഷ്ടമൊന്നുമുണ്ടായിട്ടില്ല.

വണ്ടൻമേട് കുടിയിറക്ക്.

൩. ൧൧ [൧൧] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൻമേട് കുടിയിറക്ക് ഒഴിപ്പിക്കൽ പ്രസ്താവനത്തിനു എത്ര തുക ഇതിനകം ചിലവായിട്ടുണ്ട്;

(ബി) എത്ര ഉദ്യോഗസ്ഥന്മാർ അവിടെയുണ്ട്;

(സി) ഈ പ്രവർത്തനം ഏതു നിലയിൽ ഇരിക്കുന്നു;

(ഡി) എത്ര കർഷകരെ ഇതിനകം ഒഴിപ്പിച്ചു;

(ഈ) എത്ര ഏക്കർ ഓരോരുത്തർക്കും ഉണ്ടായിരുന്നു?

ഉത്തരം.

(എ) അനധികൃതപ്രവേശനസ്ഥലം സർവ്വെ നടത്തുന്നതിനായി ൧൯൫൨ അവസാനംവരെ ൧ ന്യ, ൨ വ്യ ന്യ രൂപ ചെലവായിട്ടുണ്ട്.

(ബി) ൭൨ പേർ.

(സി) അനധികൃതപ്രവേശനസ്ഥലം സർവ്വെ നടന്നുകൊണ്ടിരിക്കുന്നു.

(ഡി) സർവ്വെ പൂർത്തിയാകാത്തതുകൊണ്ട് ഒഴിവാക്കുവാനുള്ള നടപടി എടുത്തിട്ടില്ല.

(ഈ) സർവ്വെ പൂർത്തിയാകാത്തതുകൊണ്ട് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മീൻചാപ്പകൾ.

നമ്പർ. [൧൩] ശ്രീ. രാമകൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൪൦-൪൧ സാമ്പത്തികവർഷത്തിലെ ഫിഷറി വകുപ്പിന്റെ ഭരണറിപ്പോർട്ടിൽ കാണിച്ചിട്ടുള്ള തിരുവിതാംകൂർ-കൊച്ചിയിലെ ൨൪ മീൻചാപ്പകൾ നടത്തുന്നതിന് ആ സാമ്പത്തികവർഷത്തിൽ (൧൯൪൦-൪൧) എന്തു ചിലവു വന്നിട്ടുണ്ട് ;

(ബി) ഈ ചാപ്പകളിൽ മത്സ്യക്കച്ചവടക്കാർക്ക് ഉപ്പുവിതരണം ചെയ്യുക എന്നതിൽ കവിഞ്ഞുള്ള മറ്റൊരു പ്രവൃത്തിയും നടക്കുന്നില്ലെന്ന വസ്തുത പരമാർത്ഥമാണോ ?

ഉത്തരം.

(എ) ൪൨൨൦൦ രൂപാ.

(ബി) അല്ല. ഉപ്പുവിതരണം കൂടാതെ, ശാസ്ത്രീയമായ രീതിയിൽ മത്സ്യം കഴുകി ഉപ്പിട്ടു പാകപ്പെടുത്തി എടുക്കുന്നതിന് തൊഴിൽക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുക, മീൻപിടിത്തക്കാർക്ക് ആവശ്യമായ നൂൽ വിതരണം ചെയ്യുന്ന സഹകരണസംഘങ്ങളെ സഹായിക്കുകയും, അതിന്റെ വിതരണക്രമത്തെ പരിശോധിക്കുകയും ചെയ്യുക, മത്സ്യപിടിത്തക്കാർക്ക് കട്ടാമരങ്ങൾക്കും വള്ളങ്ങൾക്കും സൗജന്യനിരക്കിൽ തടി കൊടുക്കുന്നതിനുള്ള അപേക്ഷകളെ സംബന്ധിച്ച് വേണ്ട അന്വേഷണം നടത്തുക, മത്സ്യത്തൊഴിലാളികളുടെ സാമ്പത്തികവും, സാംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി അതാതുകാലത്തു നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവൃത്തനത്തെ സഹായിക്കുക, മത്സ്യം വളർത്തൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ള സ്ഥലങ്ങളിൽ അതിന്റെ ചുമതല വഹിക്കുക മുതലായ ജോലികളും ചാപ്പ ഉദ്യോഗസ്ഥന്മാർ നടത്തി വരുന്നുണ്ട്.

ലേബർ യൂണിററുകളിൽപോയി മരിച്ചവരുടെ നഷ്ടപരിഹാരം.

നമ്പർ. [൧൪] ശ്രീ. സി. അച്ചുതമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുദ്ധകാലത്തു ആസാം മുതലായ സ്ഥലങ്ങളിലേയ്ക്കു ലേബർ യൂണിററുകളിൽപോയി മരിച്ചവരുടെ അവകാശികൾക്ക് ഇതേവരെയും നഷ്ടപരിഹാരം കൊടുക്കാത്ത എത്ര കേസുകൾ നിലവിലുണ്ട് ;

(ബി) കൊച്ചിൻ ലേബർയൂണിററിൽപോയി മരിച്ച പാലക്കാട് താലൂക്കിൽ ഇലവംപാടദേശത്ത് പുഴക്കൽ തീതമ്പായ്യുവള്ളിക്ക് നഷ്ടപരിഹാരം കൊടുത്തുവോ ;

(സി) നഷ്ടപരിഹാരം കൊടുക്കുന്നതിൽ ഇത്രയും കാലതാമസം വരാൻ കാരണമെന്തു് ?

ഉത്തരം.

(എ) എട്ട്.

(ബി) ഇല്ല.

(സി) സംയോജനത്തിനുശേഷം ഉണ്ടായിട്ടുള്ള മാററങ്ങൾ നിമിത്തം നഷ്ടപരിഹാരത്തിനുള്ള സംഖ്യ സോൾജേഴ്സ് ബോർഡ് സെക്രട്ടറിയുടെ പേരിൽ മാററുന്നതിനുണ്ടായ താമസംമൂലവും മലബാറിലുള്ള പാർട്ടിയുടെ അവകാശികളുടെ വിവരങ്ങൾ കിട്ടുന്നതിലുള്ള താമസം മൂലവും ആണ്.

തൃമ്പൂർ പുത്തൻചിറ റോഡ്.

൩൧൪. [൨൦] ശ്രീ. സി. അച്യുതമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ചാലക്കുടി കമ്മ്യൂണിററി പ്രോജക്ററിൻ കീഴിലുള്ള പുത്തൻചിറയിൽ തെരഞ്ഞെടുക്കപ്പെട്ട വില്ലേജ് കമ്മിററിയുടെ നിർദ്ദേശങ്ങളെ ധിക്കരിച്ച് പ്രോജക്ററാഫീസർ സ്വന്തം അഭിപ്രായപ്രകാരം തൃമ്പൂർ പുത്തൻചിറ റോഡ് വെട്ടിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) റോഡുകൾ നാട്ടുകാർ സ്വയം സ്ഥലമെടുത്ത് വെട്ടിക്കുകയും പാലം മാത്രം ഗവണ്മെൻറ് പണിയിക്കുകയും എന്നതാണോ സർക്കാരിൻെറ നയം;

(സി) ഈ നയത്തിനു വിരുദ്ധമായി തൃമ്പൂർ പുത്തൻചിററോഡു വെട്ടിൽ പ്രവർത്തിക്കാൻ കാരണമെന്തു്;

(ഡി) ഈ റോഡു വെട്ടിക്കാൻ സർവ്വേ കഴിച്ചതു് ഒരൊററ ദിവസംകൊണ്ടാണോ ;

(ഇ) നാട്ടുകാർ തുടങ്ങിവെച്ച ഏതെങ്കിലും റോഡുകൾ പുത്തൻചിറയിൽ വെട്ടിക്കാതിരാതെ ഇതേ അവസരത്തിൽ കിടപ്പുണ്ടോ ?

ഉത്തരം.

(എ) ഇല്ല.

(ബി) അല്ല.

(സി) ബി യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

(ഡി) അല്ല.

(ഇ) ഉണ്ടു്.

Houses for Harijans.

315. [20] **Shri N. P. Varghese :** Will the Minister for Local Self Government be pleased to state :

(*a*) whether there is a proposal to construct houses for Harijans in Mannamkandam area ;

(*b*) what is the estimate sanctioned by Government for a house ;

(*c*) is it a fact that no contractor is forthcoming to construct houses for the offered amount ; and

(*d*) what do Government propose to implement the scheme this year ?

Answer.

(*a*) Yes.
(*b*) Rs. 1,680.
(*c*) Yes.
(*d*) The matter is under consideration of the Government.

തോടുപണി.

൩൯൭. [൨൩] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ കോൾപാടത്തിനു കരയിൽക്കൂടി താഴ്ത്തുവാനാരംഭിച്ച ഹൈലവൽ കനാലിന്റെ പണി നിറുത്തിവയ്ക്കുവാൻ കാരണമെന്തു് ;

(ബി) കൃഷിക്കു പ്രസ്തുത തോടിന്റെ ആവശ്യകതയെക്കുറിച്ച് തൃശ്ശൂർ കോൾകൃഷി അതാറിട്ടിയും തൃശ്ശൂർകോൾകൃഷിസംഘവും അനുകൂലമായി റിപ്പോർട്ടുചെയ്തിട്ടുണ്ടോ ;

(സി) അന്തിക്കാട്ടു ഭാഗത്തു ഹൈലവൽ കനാലിന്റെ പണി ആരംഭിക്കാത്തതെന്തുകൊണ്ടു് ?

ഉത്തരം.

(എ) ചില കൃഷിക്കാർ ഈ കനാൽ താഴ്ത്തുന്നതിനെതിരായി നിവേദനങ്ങൾ ഗവണ്മെൻറിലേക്കു സമർപ്പിച്ചതിനാലും പിച്ചിപദ്ധതിയിൽനിന്നു കോൾ നിലങ്ങളിലേക്കു ഇപ്പോൾതന്നെ വെള്ളം കിട്ടുന്നതുകൊണ്ടും ആണു് കനാൽപണി വേണ്ടെന്നുവച്ചതു്.

(ബി) ഉണ്ടു്.

(സി) ഏയുടെ ഉത്തരം നോക്കുക.

விவசாய அபிவிருத்தி.

317. [24] ஸ்ரீ. என். கணபதி : கீழ்காணும் வினாக்களுக்கு தலைமை மந்திரி அவர்கள் விடை பகர்வார்களாக :

(எ) தேவிகுளம்–பீர்மேடு தாலுகாவில் விவசாய அபிவிருத்தி (Grow More Food) விஷயமாக சர்க்கார் இதுவரை என்னென்ன வேலைகள் செய்திருக்கிறது ;

(பி) அப்படி இல்லையானால் ஏன் செய்யவில்லை ?

Answer.

(*a*) (*i*) Allotment of 4000 acres of land in the Vandanmedu Pakuthy for the cultivation of paddy and other food crops.

(*ii*) Assignment of nearly 12,973 acres of land in the Deviculam Taluk for the cultivation of paddy, and

(*iii*) Execution of works as per list placed on the table* for facilitating food production in the taluks.

(*b*) The question does not arise in view of the answer to (*a*).

Mr. Speaker : Order, order, time for interpellations is over.

12 NOON.

VOTING OF DEMANDS FOR GRANTS—(*contd.*)

Demand No.XIV—Jails—(*contd.*)

Shri Nedumangad R. Kesavan Nair : (*contd.*)—I was just addressing the House on the desirability of looking after the criminals in prison in a better way. Now the prisons in our State are being ignored. Once a prisoner is convicted, it appears that the prison authorities are only intent on seeing that he is kept in custody for the duration of the period of imprisonment. That is not what is expected in a cultured country. The criminal in prison is to be reformed. The prison should be a corrective institution. I would invite the attention of the House to an observation made by Mahatma Gandhi. This is what Gandhiji says :

> "Criminals should be treated as patients in hospitals, and the jails should be hospitals admitting such patients for treatment and cure. The outlook of the jail staff should be that of physicians in a hospital. The prisoners should feel that the officials are their friends. The popular Government has to issue the necessary orders, but meanwhile the jail staff could do not a little to humanize the administration. No one committed crime for the fun of it. It was the sign of a diseased mind. The cause of a particular disease should be investigated and removed."

This observation is worthy of consideration by this House. Just as we appoint Welfare Officers in Labour Centres, there is no harm in appointing Welfare Officers in prisons as well. They should keep themselves in intimate touch with the prisoners, should know their shortcomings, and act as a kind of liaison officers between the prisoner and the jail authorities. Likewise the prisoner should not be made to feel that he is an outcast in society. His services are deprived from society, because he has committed in indiscretion, but the circumstances under which the act was done, his mental

* Placed on the Library table.

[Shri Nedumangad R. Kesavan Nair.]

condition, the scope for improving the prisoner and the possibility of returning him to society as a better man—these have to be considered by no less a person than the officer in charge of the prison. It is unfortunate that the practice in our State is always to see that some senior police officer who knows only to guard the prisoner is appointed as Superintendent of Prisons. It will be worthwhile considering why we should not appoint persons who are qualified and can explore the possibilities of reforming the criminals. Persons with better qualification—psychic qualifications—have to chose.

Likewise, the persons who are employed in the prisons who are always in contact with the prisoners must themselves set an example to the prisoner. They must be able to advise the prisoner, put him in the right tract, tell him and convince him that it is wrong to commit a crime and see that he is returned back to society in a far better condition than he was when he came to the prison.

It may be asked as to why I make this plea for the criminal in prison ? It is a matter of common knowledge that many persons who are committing crimes do not find their way to prison, because they are able to influence the authorities. There may be a number of reasons where certain persons are able to escape the clutches of the law. The "white-collared" criminals—they say so in America—about dignified criminals. Just as you have crimes involving offences against property, you have crimes in other fields. There are crimes in politics. The administrator who is corrupt is committing a crime, but all the while, he is able to prosper. I do not see any reason why a distinction should be made between him and the criminal who stands in a less advantageous position, who happens to be detected because he is not astute enough or is not able to command influence or is not moneyed. Again, there is the black-marketeer who escapes with his money. The officer who is corrupt also escapes. Several other persons also escape because the complainants might be afraid of giving complaints against him ; so that it cannot be said that all persons who commit crimes are in prison. A larger number are outside prison. It is only a minority of these unfortunate persons who are incapable of evading the clutches of law that are in prison. So, under the present set-up, you are making society lose the services of a few.

I would also make another suggestion, so far as the prison reforms are concerned. And that is that greater chances should be afforded to the prisoners to mingle in society. If a long term imprisonment is given, he is allowed to see persons only at long intervals,

Hence he becomes hardened. He is deprived of the finer feelings of life. He becomes a recluse from society and his life, after discharge becomes miserable to him. That is an unfortunate state of affairs. After the lapse of one or two years, he should be allowed to go on parole. There must be somebody to supervise him. And if his conduct appears to be satisfactory, there is no reason why he should not be allowed to go back to society as a better man.

Likewise, in the matter of making an association between these prisoners also, it would be advisable if a sort of discrimination is made. There might be certain hardened criminals who are incapable of improvement. That is a matter of psychic treatment which requires an expert to see. If it is found that a person is incapable of improvement it would be positively dangerous to allow him to mingle with the others because it is quite possible that he might use his influence in turning others also as bad as he is. So it would always be better if a more intelligent way is adopted in tackling the criminal in prison. For that, my suggestion, is that a committee has to be appointed to enquire into the conditions particularly of the prisons in Travancore-Cochin, so that they might consider the possibilities of improving the life of the criminal in prison—which, to say the least of it is miserable.

Shri N. P. Varghese : The hon. Member has not answered the question put by the hon. Member for Trivandrum.

Shri Nedumangad R. Kesavan Nair : I should have answered the hon. Member from Trivandrum, as to how advocates can reform them. The hon. Member himself is an advocate.....

Mr. Speaker : And he has understood it properly by this time.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ : സർ, ജയിലുകൾ പരിഷ്കരിക്കുവാൻ പോകുന്നുണ്ടെന്ന് രാജപ്രമുഖന്റെ പ്രസംഗത്തിൽ പ്രസ്താവിക്കുകയുണ്ടായി. ഇവിടത്തെ ജയിലുകൾ, സെൻട്രൽ ജയിലുകളും സബ് ജയിലുകളും എല്ലാംതന്നെ, വാസ്തവത്തിൽ മനുഷ്യത്വത്തിന്റെ കണികപോലും തൊട്ടുതെറിപ്പിച്ചിട്ടില്ലാത്ത സ്ഥാപനങ്ങളാണെന്ന് ആ സ്ഥാപനങ്ങളിൽ പോകുവാൻ ഇടയായിട്ടുള്ള ഏതൊരാൾക്കും അറിയാവുന്നതാണ്. ആ ഭാഗത്തിലിരിക്കുന്നവരിലും, ഈ ഭാഗത്തിലിരിക്കുന്നവരിലും പല ആളുകളും ഇവിടത്തെ സെൻട്രൽ ജയിലുകളിലും, സബ് ജയിലുകളിലും കിടന്നിട്ടുള്ളവരാണ്. എന്നാൽ, കാൺഗ്രസ്സ് അധികാരത്തിൽ വന്നതിനുശേഷം ഈ ജയിലുകളുടെ രീതിക്കു യാതൊരു മാററവും വരുത്തിയിട്ടില്ല. പല കാര്യങ്ങളിലും പണ്ടത്തെക്കാൾ എല്ലാം ഭയങ്കരമായ മർദ്ദനസംവിധാനങ്ങൾ അവിടെ നടക്കുവാൻ അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഒന്നാമതായി, ഇവിടെ പ്രസ്താവിച്ചപോലെ, ജയിലുകളെ ഭരിക്കുന്നതിന് നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥന്മാർ ഒരുതരം സാഡി

[ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ.]

സ്റ്റിക്ക് മനോഭാവക്കാരായിട്ടാണ് അനുഭവത്തിൽ കാണുന്നതു്. പോലീസുകാരിൽനിന്ന് എടുക്കപ്പെടുന്ന ഈ ഉദ്യോഗസ്ഥന്മാർ, ജനങ്ങളെ മർദ്ദിച്ച് ഒരു പാരമ്പര്യമുള്ള ആളുകൾ, എന്ന നിലയിൽ അവരുടെ കയ്യിൽ സൂക്ഷിക്കുവാൻ ഏൽപ്പിക്കുന്ന പുള്ളികളോട് പെരുമാറുന്ന രീതി പോലീസുരീതിയിൽ തന്നെയാണ്. പ്രത്യേകിച്ചും പോലീസ് ഡിപ്പാർട്ട്മെൻറിൽനിന്നു ജയിലിലേക്ക് പ്രമോട്ടുചെയ്യ അയയ്ക്കുന്നവർ പിന്നെയും പോലീസ്ഡിപ്പാർട്ടുമെൻറിലേക്ക് വരേണ്ടവരാണ് എന്നു മനസ്സിലാക്കിക്കൊണ്ടു പോലീസ് മേധാവികളുടെ ആജ്ഞാനുവർത്തികളായിരിക്കുകയെന്നതു സ്വാഭാവികമാണ്. ജയിലിലെ ഉദ്യോഗസ്ഥന്മാർ ഏതുതരത്തിലാണ് അവിടെയുള്ള പുള്ളികളോടു പെരുമാറുന്നതെന്ന് അവിടെ പോയിട്ടുള്ളവർക്കു അനുഭവമായിട്ടുള്ളതാണ്. അവിടെ പുള്ളികളോടു പെരുമാറുന്നതു് അങ്ങേ അററം മൃഗീയമായതരത്തിലാണ്. പരിശോധന എന്ന പേരിൽ മനുഷ്യത്വത്തെപ്പോലും ചോദ്യംചെയ്യുന്ന തരത്തിലുള്ള ചില നടപടികൾ അവിടെ തുടർന്നുവരുന്നുണ്ട്.

അവിടത്തെ വൈദ്യസഹായത്തിൻെറ കാര്യം പറയാതിരിക്കയാണു ഭേദം. അത്ര ഭയങ്കരമാണ്. വീയൂർ സെൻട്രൽ ജയിലിൽ തടവുകാരെക്കൊണ്ടു നെല്ലുകുത്തിക്കുന്ന ഏർപ്പാടുണ്ട്. രാഷ്ട്രീയതടവുകാരാണെങ്കിലും നെല്ലു കുത്തണം. തിരുവനന്തപുരം സെൻട്രൽ ജയിലിൽ അതില്ല എന്നാണു എൻെറ അറിവ്. വീയൂർ സെൻട്രൽ ജയിലിൽ സഖാവ് അച്യുതമേനോൻ ഉൾപ്പെടെയുള്ള എത്രയോ രാഷ്ട്രീയതടവുകാർ നെല്ലുകുത്തിയിട്ടുണ്ട്. വീയൂർ സെൻട്രൽ ജയിലിൽ പുള്ളികൾക്കു മൂത്രം ഒഴിക്കുന്നതിനു അവരുടെ മുറിയിൽതന്നെ ഒരു കലം വയ്ക്കുകയാണ്. നേരം വെളുത്താൽ പുള്ളികൾതന്നെ അതു പുറത്തേക്കു കൊണ്ടുപോകണം, അവിടത്തെ ആശുപത്രിയുടെ കാര്യം പറയുകയാണെങ്കിൽ അവിടത്തെ സ്ഥിതി വളരെ പരിതാപകരമാണ്. എല്ലാ രോഗത്തിനും "സോഡ സാലിസ്" എന്നൊരു വെള്ളമാണു കൊടുക്കുക. അതു കൊടുക്കുന്നതിനു തന്നെ പുള്ളികളിൽ ഒരാളെയാണ് കമ്പൗണ്ടറായി വച്ചിട്ടുള്ളതു്. അവിടെ പല തടവുകാരും ആയുർവ്വേദചികിത്സ വേണമെന്നു ആവശ്യപ്പെട്ടു. ആസ്മയുള്ള ചില രാഷ്ട്രീയതടവുകാർ അവിടെയുണ്ട്. അവർക്ക് ആയുർവ്വേദചികിത്സ വേണമെന്നു ആവശ്യപ്പെട്ടു.

എൻെറ ഒരു സ്നേഹിതനും പരിയാരം കേസ്സിലെ പ്രതിയുമായ സഖാവ് കോരപ്പനു ആയുർവ്വേദ ചികിത്സകൊണ്ടു പ്രയോജനമുണ്ടാകുകയുള്ളുവെന്നു തുടർച്ചയായി നിർബന്ധിച്ചതിൻെറ ഫലമായി തൃശ്ശൂർ ആയുർവ്വേദ ആശുപത്രിയിൽ മാറ്റുന്നതിനു ജയിലധികൃതർ അനുവദിക്കയുണ്ടായി. അവിടെ ചെന്നപ്പോൾ ചില പ്രത്യേക മരുന്നുകൾ അയാൾക്കു വേണമെന്ന് അവിടത്തെ വൈദ്യൻ അഭിപ്രായപ്പെട്ടു. പക്ഷെ, അതിനെപ്പററി ജയിൽസൂപ്രണ്ടു ഐ. ജി. ക്ക് എഴുതിയപ്പോൾ പ്രത്യേകം അതിലേക്കു പണമൊന്നും ചെലവാക്കാൻ സാദ്ധ്യമല്ലെന്നാണു മറുപടി കൊടുത്തതു്. അതിൻെറ ഫലമായി ഒരുമാസം അവിടെ കിടന്നിട്ടും യാതൊരു പ്രയോജനവുമുണ്ടായില്ല. രോഗം വർദ്ധിക്കുകയാണു ചെയ്തതു്. അതുകൊണ്ട് എനിക്കു പറയാനുള്ളതു തടവുകാരോടു മനുഷ്യത്വമായി

പെരുമാറണമെന്നും, അവക്ക് ആവശ്യമായ വൈദ്യസഹായം നൽകണമെന്നും, നല്ല ആഹാരങ്ങൾ കൊടുക്കണമെന്നുമാണ്. ഇതെല്ലാം ചെയ്താൽ തന്നെ എത്രയോ ഭേദമുണ്ടാകുമായിരുന്നു. പക്ഷെ, ഈ വക കാര്യങ്ങളിൽ വളരെ കക്കശമായിട്ടാണ് ജയിലധികൃതർ പെരുമാറിവരുന്നത്. അതു പോലെതന്നെ നിരോധിക്കാത്ത പുസ്തകങ്ങൾ തടവുകാർക്ക് വായിക്കാൻ കൊടുക്കുന്നതിൽ എന്താണു വിരോധമെന്നു എനിക്കു മനസ്സിലാകുന്നില്ല. എത്രയോ പത്രങ്ങളും മാസികകളുമെല്ലാം തടവുകാരുടെ സുഹൃത്തുക്കൾ ജയിലിൽ അയച്ചുകൊടുക്കുന്നുണ്ട്. എന്നാൽ, അതൊന്നും തടവുകാർക്കു വായിക്കാൻ കൊടുക്കുന്ന പതിവില്ല. അങ്ങനെ സാംസ്കാരികമായി ബുദ്ധിയെ വികസിപ്പിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിനു പകരം കൂടുതൽ കക്കശമായ ഒരു നിലയാണു അവരോടു സ്വീകരിച്ചിരിക്കുന്നത്. ജയിലിൽ നടക്കുന്ന അധികം കുഴപ്പങ്ങൾക്കും കാരണം ബീഡിയാണ്. വീയൂർ സെൻട്രൽ ജയിലിൽ കിടക്കുന്ന ഒരാൾ ഒരു പുകയില സമ്പാദിച്ചുകഴിഞ്ഞാൽ അയാൾ ഒരു സമ്പന്നനായി തീരും. ഒരു പുകയില കൈവശമുണ്ടെങ്കിൽ അയാൾക്കു അവിടെ എന്തുകാര്യവും സാധിക്കാൻ കഴിയും. എത്രയോ അസാന്മാർഗ്ഗികമായ നടപടികൾ നടക്കുന്നതു ഈ ബീഡിയുടെയും, പുകയിലയുടെയും കാര്യത്തിലാണ്. ചില തടവുകാർ ജയിലധികാരികളുടെ നല്ലപുള്ളികളായിരിക്കും. അങ്ങനെയുള്ളവർക്കു ജയിലധികാരികൾ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കും. അത്തരം പുള്ളികളാണു ഇന്നു യഥാർത്ഥത്തിൽ ജയിൽ ഭരിക്കുന്നത്. വാസ്തവത്തിൽ കുറച്ചു ബീഡി ഈ തടവുകാർക്ക് കൊടുക്കുകയാണെങ്കിൽ അവരെക്കൊണ്ടു ജോലികൾതന്നെ വളരെ ഉത്സാഹത്തോടുകൂടി ചെയ്യാൻ സാധിക്കും എന്നാണു എന്റെ അഭിപ്രായം. അങ്ങനെ ജോലി നിർവ്വഹിപ്പിക്കുന്നതിനോടൊപ്പംതന്നെ മററു പല കുഴപ്പങ്ങളും ഇല്ലാതാക്കാൻ കഴിയുന്നതുമാണ്.

ജയിൽ പരിഷ്കരണം സംബന്ധിച്ച് ഇൻഡ്യയിൽ പല സ്ഥലത്തും പല ഏർപ്പാടുകളും ഉണ്ടായിട്ടുണ്ട്. മദ്രാസിൽ അതിനെ സംബന്ധിച്ച് ഒരു റിപ്പോർട്ടുണ്ടായിട്ടുണ്ട്. അവിടെ ജയിൽപുള്ളികളെ പരോളിൽ വിടണമെന്നു ശുപാർശ ചെയ്തിട്ടുണ്ട്. ബാംബെയിലും പുള്ളികളെ ഇങ്ങനെ പരോളിൽവിടുന്ന തത്വം അംഗീകരിച്ചിട്ടുണ്ട് എന്നാണ് എന്റെ അറിവ്. ഈവക കാര്യങ്ങൾ ഇവിടെയും അംഗീകരിക്കേണ്ടതാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നത്. ഇൻഡ്യയിൽ മററു പല ജയിലുകളിലും സ്വീകരിച്ചിട്ടുള്ള ഒരു കാര്യം വീയൂർ ജയിലിൽ സ്വീകരിച്ചിട്ടില്ലെന്നു പ്രത്യേകം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ശിക്ഷയുടെ കാലാവധിയിൽ മൂന്നിൽ രണ്ടുഭാഗം അനുഭവിച്ചുകഴിഞ്ഞാൽ ഒരു ബോർഡിന്റെ റെക്കമെൻറേഷൻ അനുസരിച്ചു പുള്ളികളെ വിടാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ കാര്യം. ഇവിടത്തെ സെൻട്രൽ ജയിലിലും ആ വ്യവസ്ഥ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ, വീയൂർ ജയിലിൽമാത്രം ഇതുവരെ അതു നടപ്പാക്കിയിട്ടില്ല. അതു അവിടെയും ഉടൻതന്നെ നടപ്പാക്കേണമെന്നു ഞാൻ വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

ജയിലുകൾ സന്ദർശിക്കുന്നതിനു ചില വിസിറ്റർമാരുണ്ടെന്നാണു വയ്പ്. എന്നാൽ, അവർ പുള്ളികളെക്കണ്ടു സംസാരിക്കുകയോ, അവരുടെ ആക്ഷേപങ്ങളെപ്പററി അന്വേഷിക്കുകയോ ചെയ്യുന്ന പതി

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ.]

വില്ല. അവർ ജയിൽ സൂപ്രണ്ടിന്റെ മുറിയിൽപോയി ഒപ്പിട്ടിട്ട് പോകുന്നതല്ലാതെ പള്ളികളെ കാണുന്ന പതിവില്ല. ഈ നാട്ടിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുള്ള എത്രയോ ധീരദേശാഭിമാനികൾ ഇന്നും ജയിലിൽ കിടക്കുകയാണ്. അവരോടു അങ്ങേയറ്റം മൃഗീയമായ രീതിയിലാണ് ജയിൽ അധികൃതർ പെരുമാറിവരുന്നതു്. ക്ഷയരോഗം വരെയുള്ള രോഗങ്ങൾ ബാധിച്ച് പ്രാഥമിക ചികിത്സാസൗകര്യങ്ങൾ പോലും ലഭിക്കാതെ അവരിൽ പലരും ഇഞ്ചിഞ്ചായി മരിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മനുഷ്യത്വമുള്ള ആളുകളെ ഉൾപ്പെടുത്തി ജയിൽ പരിശോധനകമ്മിററി ഉണ്ടാക്കണമെന്നും, ജയിലിൽ ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വിഷമങ്ങൾ പരിഹരിക്കത്തക്കവിധം ജയിലുകൾ പരിഷ്കരിക്കുന്നതിനു വേണ്ട നടപടികൾ ഗവണ്മെന്റു സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ജയിൽ നവീകരിക്കുന്നതിനും നന്നാക്കുന്നതിനും ഒരു പദ്ധതി ഈ ഗവണ്മെന്റു സ്വീകരിക്കാൻ പോകുന്നുവെന്ന് രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതിനെ ഞാൻ സ്വാഗതംചെയ്യുന്നു. ജയിലുകൾ നന്നാക്കുന്നതിനുവേണ്ടി ശരിയായ പദ്ധതികൾ ആസൂത്രണംചെയ്തു പ്രവർത്തിക്കണമെന്ന് ഇവിടെ പല്ബഹുമാനപ്പെട്ട മെമ്പറന്മാരും പ്രസ്താവിക്കുകയുണ്ടായി. ജയിൽപ്പള്ളികളെ ശിക്ഷകൊണ്ടുമാത്രം നന്നാക്കാമെന്നു വിചാരിക്കുന്ന സംപ്രദായം മാററി അവരുടെ സ്വഭാവരൂപീകരണത്തിനു ആവശ്യമായ നടപടികൾ ജയിലിനകത്തു അവർക്ക് നൽകി അവരെ ഉത്തമപൗരന്മാരാക്കി പുറത്തുവിടുന്നതിനുള്ള പദ്ധതികൾകൂടി സ്വീകരിക്കേണ്ടതാണെന്നും ഇവിടെ പറയുകയുണ്ടായി. പള്ളികളെ ശരിയായ പൗരന്മാരാക്കി പുറത്തേക്കു വിടണമെന്നു ആഗ്രഹമുണ്ടെങ്കിൽ തീർച്ചയായും നാം സ്വീകരിക്കേണ്ട ഒരു സംഗതി അവർക്ക് ശരിയായ മതബോധനം കൊടുക്കുകയെന്നുള്ളതാണ്. ഇതു് എന്റെ അഭിപ്രായമാണ്: എതിർപക്ഷത്തിരിക്കുന്ന പലരും ഞാൻ ഇതു പറയുമ്പോൾ ചിരിക്കുന്നുണ്ടാവാം. പക്ഷെ അതിന്റെ പ്രാധാന്യം അവർക്ക് മനസ്സിലാക്കാൻ കഴിയാതെപോയതിൽ ഞാൻ സങ്കടപ്പെടുകയാണു ചെയ്യുന്നതു്. ഫൻഡ്-ൽ മദ്രാസ് ഗവണ്മെൻറിൽ നിന്നും നിയമിച്ച ജയിൽ റിഫാംസ് കമ്മിററി ഈ വിഷയത്തെപ്പററി പഠിച്ച് ജയിലുകളിൽ ശരിയായ മതബോധനം നൽകേണ്ടതു് ആവശ്യമാണെന്നാണ് പറഞ്ഞിരിക്കുന്നതു്. ഈ വിഷയത്തെപ്പററി പഠിച്ചിട്ടുള്ളവരും എഴുതിയിട്ടുള്ളവരും ഇതിന്റെ ആവശ്യകതയെപ്പററി പ്രത്യേകം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സർ, എന്നാൽ നമ്മുടെ ജയിലിൽ നടക്കുന്നതെന്താണ്? കഴിഞ്ഞ എഴുപതു എൺപതുകൊല്ലങ്ങളായി മതബോധത്തിനു കൊടുത്തിരുന്ന സൗകര്യങ്ങൾ ഇന്ന് നമ്മുടെ ജയിലിൽ നിഷേധിച്ചിരിക്കുകയാണ്. ഈ ജയിലിൽ ഞാൻ കിടന്നിട്ടുണ്ട്. സർ, ഈ രാജ്യത്തെ ബഹുഭൂരിപക്ഷം ആളുകളും മതവിശ്വാസികളാണ്. മതവിശ്വാസിയായ ഒരാൾ അയാളുടെ കുടുംബത്തേയും, ഭാര്യയേയും കുഞ്ഞുങ്ങളേയുമെല്ലാം വിട്ടു ജയിലിൽ ഏകാന്തമായി താമസിക്കുന്ന കാലത്തു് ഒരാശ്വാസത്തിനുള്ള സൗകര്യം മതബോധനം മാത്രമായിരിക്കും. അങ്ങനെയുള്ള ആ സൗകര്യം എന്തിനാണ് നിഷേ

ധിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. നിർദ്ദോഷികളായ പലരും ജയിൽശിക്ഷ അനുഭവിക്കുന്നുണ്ടെന്നു് ഒരു ക്രിമിനൽകോടതിയിൽ വ്യവഹരിക്കുന്ന അഭിഭാഷകനെന്ന നിലയിൽ എനിക്കു ധൈര്യമായി പറയാൻ കഴിയും. അങ്ങനെ വരുന്നവർ മതത്തിൽ വിശ്വസിക്കുന്നവരാണെങ്കിൽ അവർക്കെന്താശ്വാസമാണു കൊടുത്തുകൊണ്ടിരിക്കുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. സർ, ജയിലിൽ കഴിഞ്ഞിരുന്നകാലത്തു് മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നു. അവിടെ അതിലേക്കു് ഒരു ദേവാലയംതന്നെ ഉണ്ടായിരുന്നു. ശ്രീമാൻ സി. കേശവനും മററും അറിവുള്ള ഒരു സംഗതിയാണ് ഇതു്. ഇന്നു് അതു പൊളിച്ചുകളഞ്ഞു് ആ സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുകയാണ് ചെയ്യുന്നതു്. ഈ അവസരത്തിൽ എതിർപക്ഷത്തിരിക്കുന്ന ആളുകളോടു എനിക്കു ഒന്നു പറയാനുണ്ടു്. അവർ മററുള്ളവരുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനു കൂട്ടുനിൽക്കാതെ ആ അവകാശങ്ങൾ ന്യായമായിട്ടുള്ളതാണെങ്കിൽ അനുവദിച്ചുകൊടുക്കുന്നിനു കൂട്ടുനിൽക്കണമെന്നാണ് എനിക്കു അവരോടു പറയാനുള്ളതു്. ഈവക കാര്യങ്ങളെപ്പററി നാം വർഗ്ഗീയമായി ചിന്തിക്കാൻ പാടില്ല. വർഗ്ഗരഹിതമായ ഒരു ഉന്നതതലത്തിൽ നിന്നുകൊണ്ടു വേണം ഈവക കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. സർ, എന്തിനാണ് ആ ദേവാലയം പൊളിച്ചുകളഞ്ഞതു്? ജയിൽപുള്ളികൾക്കു് ആശ്വാസം നൽകുന്ന ആ സൗകര്യം എന്തിനുവേണ്ടി നിഷേധിക്കണമെന്നു നാം പ്രത്യേകം ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളതു്. ഇന്നു പൊളിച്ചുകളഞ്ഞിരിക്കുന്നതു വീണ്ടും സ്ഥാപിച്ചു കുറെ ആളുകളെങ്കിലും ആശ്വസിച്ചുകൊള്ളുന്നതിനു് സൗകര്യം നൽകേണ്ടതാണ്. നിർദ്ദോഷികളായവർ ശിക്ഷിക്കപ്പെട്ടു് ജയിലിൽ വന്നിട്ടുണ്ടെന്നുള്ളതിനു അനേകം തെളിവുകൾ ഉണ്ടു്. അതിലേക്കൊന്നും ഞാൻ ഇപ്പോൾ പ്രവേശിക്കുന്നില്ല. കേസുകൾ പോരാം തീരുമാനിക്കുന്നില്ലെന്നു് ഈ സഭയിലെ പല ബഹുമാനപ്പെട്ട മെമ്പറന്മാരും തുടർച്ചയായി എല്ലാപ്രാവശ്യവും ഇവിടെ പറയാറുണ്ടു്. ഇതിൻെറ അനുഭവം എന്താണെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നതു്. അതിൻെറ ഫലമായി മജിസ്ട്രേട്ടന്മാരും മുനിസിഫന്മാരും സത്യാവസ്ഥ ശരിയായി മനസ്സിലാക്കാതെ തീരുമാനിക്കുന്ന കേസുകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നു ആഗ്രഹിച്ചു വളരെ നിർദ്ദോഷികളായ ആളുകളെ ശിക്ഷയ്ക്കു് വിധേയരാക്കിയിട്ടുണ്ടെന്നു കാണാൻ കഴിയും. ഉദാഹരണങ്ങൾ പറയുന്നതിനു് ഞാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല.

ശ്രീ. ടി. വി. തോമസ്സ് : കേസുകൾ നീട്ടിക്കൊണ്ടു പോകുന്നതുകൊണ്ടും, നിർദ്ദോഷികൾ ശിക്ഷയനുഭവിക്കാൻ ഇടയുള്ളതായിരിയാമോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ : അതും തെററാണെന്നു സമ്മതിക്കാം. നിർദ്ദോഷികളായ ആളുകളെ അഞ്ചും ആറും കൊല്ലത്തേക്കു ശിക്ഷിച്ചുവരുന്നുവെന്നു് നിങ്ങൾക്കറിയാം. അതുപോലെതന്നെ ജയിലിലും ലാംക്കപ്പുകളിലും മർദ്ദനം നടത്തുന്നുവെന്നും നിങ്ങൾക്കറിയാം. നിർദ്ദോഷികൾ അങ്ങനെയുള്ള മർദ്ദനങ്ങൾക്കു വിധേയരാകുന്നതിനെക്കാൾ

[ശ്രീ. ചെറിയാൻ ജെ. കാപ്പൻ.

കേസുകൾ അൽപ്പം നീട്ടിക്കൊണ്ടുപോയിട്ടെങ്കിലും സത്യാവസ്ഥ മനസ്സിലാക്കി കേസ്സുകൾ തീരുമാനിക്കുന്നതായിരിക്കും നല്ലതെന്നാണ് ഞാൻ കരുതുന്നത്. ലാക്കപ്പുകളിലെ സ്ഥിതിയെപ്പററി ഞാനിപ്പോൾ വർണ്ണിക്കാൻ ഒരുങ്ങുന്നില്ല. പല ലാക്കപ്പുകളുടെയും കാര്യം എനിക്കറിയാം. മീനച്ചൽ ലാക്കപ്പിൻെറ കാര്യം ഇവിടെയൊന്നു പറയണമെന്നു വിചാരിക്കുന്നു. അവിടത്തെ മുറികളിലൊന്നും വെളിച്ചം കിട്ടുകയില്ല. പള്ളികൾക്കു മൂത്രം ഒഴിക്കാനുള്ള സൗകര്യംപോലും അവിടെയില്ലാതാണിരിക്കുന്നത്. അങ്ങനെയുള്ളവയെല്ലാം നന്നാക്കി അവിടെയും കിടക്കുന്നവർ മനുഷ്യരാണെന്നു വിചാരിക്കത്തക്ക ഒരു നടപടിയും ഇതുവരെ ചെയ്തിട്ടില്ല. നമ്മുടെ വീടുകളിൽ വളർത്തുന്ന മൃഗങ്ങളോടും, പട്ടിയോടും കാണിക്കുന്ന സ്നേഹംപോലും ലാക്കപ്പിലും ജയിലിലും കിടക്കുന്ന പള്ളികൾക്കു കിട്ടുന്നില്ല. നമ്മുടെ വീട്ടിൽ വളർത്തുന്ന പട്ടിക്കാണെങ്കിൽ സമയത്തു ആഹാരം കൊടുക്കണമെന്നു നാം ആഗ്രഹിക്കുന്നുണ്ട്. എന്നാൽ അത്രപോലും താൽപര്യത്തോടുകൂടി ഈ തടവുകാരോട് ഉദ്യോഗസ്ഥന്മാർ പെരുമാറിവരുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇത്തരുണത്തിൽ ഒരു കാര്യം ഗവണ്മെൻറു വളരെ ശ്രദ്ധയോടുകൂടി നിർവഹിക്കണമെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. നാം ഒരു വലിയ ശാപം വലിച്ചു തലയിൽ വയ്ക്കുകയാണു ചെയ്യുന്നത്. ആ ശാപം ഏൽക്കാതിരിക്കുന്നതിലേക്കു ജയിലുകളിൽ പാർപ്പിക്കപ്പെട്ടിരിക്കുന്നവരെ സന്മാർഗ്ഗചാരികളായി പുറത്തേക്കു വിട്ടു രാജ്യത്തിനു ഉപകാരപ്പെടുന്ന പൗരന്മാരാക്കി തീർക്കുന്നതിലേക്കു എന്തു ചെലവുവന്നാലും സഹിക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. അതിനു വേണ്ട സൗകര്യങ്ങൾ ജയിലിനകത്തു ഉണ്ടാക്കികൊടുക്കേണ്ടതു വളരെ ആവശ്യമാണ്. ഇപ്പോഴത്തെ ജയിൽസൂപ്രണ്ടിൻെറ കാര്യത്തെപ്പററി പറഞ്ഞാൽ അദ്ദേഹം പോലീസു ഇൻസ്പെക്ടരായിരുന്നപ്പോൾ തന്നെ മർദ്ദനത്തിൽ വളരെ താൽപര്യമുള്ള ഒരാളാണെന്ന് എനിക്കറിയാം.

ശ്രീ. ടി. വി. തോമസ്: ജയിലിലെ ചാപ്പൽ പൊളിച്ചുകളഞ്ഞതു് ആരാണെന്നു പറയാമോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ജയിലധികൃതരാണ്. ഈ അടുത്തകാലത്തു പൊളിച്ചുകളഞ്ഞതുവന്നാണറിയുന്നത്. ഇന്നവിടെ മതബോധനത്തിനുള്ള ഒരു സൗകര്യവുമില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്.

ശ്രീ. ടി. വി. തോമസ്: രണ്ടാംകെട്ടിൽ അങ്ങനെയൊന്നുണ്ടായിരുന്നു. ആ സൗകര്യമാണോ ഇപ്പോൾ എടുത്തു കളഞ്ഞതു്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞാൻ അവിടെ താമസിച്ചിരുന്ന കാലത്തു അവിടെയുള്ള ഒരു ചെറിയ കെട്ടിടംതന്നെ ചാപ്പലായി ഉപയോഗിച്ചുകൊണ്ടിരുന്നു.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: പുരോഹിതന്മാർ ഉണ്ടായിരുന്നോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ഞായറാഴ്ചതോറും അവിടെ മതപുരോഹിതന്മാർ വന്നുകൊണ്ടിരുന്നു. അതും ഇന്നു ഇല്ലാതായിരിക്കയാണ്. ഒരു മാസമായിട്ടു പുരോഹിതൻ അവിടെ പോകുന്നില്ല.

ശ്രീ. ജെ. ററി. മൊറായിസ്: പുരോഹിതനെ നിരോധിച്ചതു ഗവണ്മെൻറാണോ, ജയിലധികൃതരാണോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ആരും നിരോധിച്ചിട്ടില്ല. പുരോഹിതന് അവിടെ നിർവഹിക്കേണ്ടകാര്യം നിർവഹിക്കാനുള്ള സൗകര്യം ഇല്ലാതായപ്പോൾ അദ്ദേഹം അവിടെ പോകാതെയായി.

ശ്രീ. കുഞ്ഞിക്കൊമ്മൻ: പുരോഹിതൻ അവിടെ പോകാതായിട്ടു നാലഞ്ചുമാസമായെന്നു അറിയാമോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: എത്രയെന്നു നല്ല നിശ്ചയമില്ല. മെംബർ പറഞ്ഞതുപോലെ അഞ്ചുമാസമായിരിക്കാം.

ശ്രീ. കുഞ്ഞിക്കൊമ്മൻ: ഏതു ഉദ്യോഗസ്ഥനാണ് പുരോഹിതൻെറ ജോലി നിർവഹിക്കുന്നതിനെ തടസ്സപ്പെടുത്തിയതെന്നു പറയാമോ ?

ശ്രീ. ചെറിയാൻ ജെ. കാപ്പൻ: ജയിൽ സൂപ്രണ്ടാണ്. മദ്രാസു ജയിൽ റിഫാംസ് കമ്മിററിയുടെ റിപ്പോർട്ടിൽ ൪ഛ മുതൽ ൪ദ വരെയുള്ള പാരഗ്രാഫിൽ ഇക്കാര്യത്തെപ്പററി വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിൻെറ ഒരു ചുരുക്കം ഇവിടെ വായിക്കണമെന്നു ഞാൻ വിചാരിക്കുന്നു;

> "The Committee emphasise the importance of religious instruction in penal institutions as a potent element in a programme of corrective treatment."

സർ, ഞാൻ എൻെറ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. അതുകൊണ്ടു എല്ലാ ബഹുമാനപ്പെട്ട മെംബറന്മാരോടും താഴ്മയോടുകൂടി എനിക്ക് അപേക്ഷിക്കുവാനുള്ളതു് വളരെ നീതിബോധത്തോടുകൂടി ആലോചിച്ചു്, ഏഴു പതുകൊല്ലമായി, സ്വേച്ഛാധിപത്യ ഭരണകാലം മുതൽക്കേ സ്ഥാപിച്ചു കിട്ടിയിട്ടുള്ള അവകാശം നിരോധിക്കാതെ, ജയിൽപുള്ളികൾക്ക് മതബോധനം നടത്താനുള്ള സൗകര്യങ്ങൾ അനുവദിച്ചുകൊടുക്കണമെന്നാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ജയിൽ പരിഷ്കരിക്കേണ്ട ആവശ്യകതയെപ്പററി ചില കാര്യങ്ങളാണ് എനിക്കു ഇവിടെ പറയാനുള്ളതു്. തിരുവനന്തപുരത്തെ സെൻട്രൽ ജയിലിൽ മതബോധനത്തിനുള്ള സൗകര്യം നിഷേധിച്ചിരിക്കുന്നതായി എൻെറ ബഹുമാന്യസ്നേഹിതൻ ശ്രീ. കാപ്പൻ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെപ്പററി എനിക്കു ചില കാര്യം ഇവിടെ പറയേണ്ടതുണ്ട്. മതബോധനം മനുഷ്യക്കാണു നടത്തേണ്ടതെന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകാനിടയില്ല. ആ നിലയിൽ നമ്മുടെ ജയിലുകളിൽ താമസിക്കുന്നവർ മനുഷ്യരായിട്ടാണോ കഴിയുന്നതു അതോ, അതിലും കേവലമായ ഒരു ജീവിതമാണോ നയിക്കുന്നതെന്നു മതബോധനത്തിനു വേണ്ടി വാദിച്ചപ്പോൾ എൻെറ സ്നേഹിതൻ അറിയേണ്ടിയിരുന്നു. ശിക്ഷകൊണ്ടു ഉദ്ദേശിച്ചിട്ടുള്ള യാതൊരു പ്രയോജനവും ഇന്നു ജയിലിൽ

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

കിടക്കുന്നവർക്ക് ഉണ്ടാകുന്നില്ലെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഒരു കുററക്കാരനെ തിരുത്താൻ കഴിയും. അല്ലെങ്കിൽ ഭയപ്പെടുത്തി കുററങ്ങളിൽനിന്നു പിൻതിരിപ്പിക്കാൻകഴിയും. എന്നാൽ ഇന്നത്തെ ജയിലിൽ നടക്കുന്ന പെരുമാററംകൊണ്ടു അതു സാദ്ധ്യമാകുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. സർ, ഞാൻ അതിനൊരു ഉദാഹരണം പറയാം. ഒന്നു രണ്ടു മരച്ചീനികിഴങ്ങു മോഷണംനടത്തിയെന്നുള്ളതിനെ ആസ്പദമാക്കി ഒരാളെ രണ്ടുമൂന്നുമാസത്തേക്കു ശിക്ഷിച്ച് ജയിലിൽപോയി കിടന്നുകഴിഞ്ഞാൽ, ആ മനുഷ്യൻ ഏററവും വലിയ ഒരു കുററവാളിയായിത്തീരുകയാണുചെയ്യുന്നതു്. അതായതു് അയാൾ ഒരോന്നാന്തരം കള്ളപ്പുള്ളിയായിത്തീരും. മരച്ചീനി മാന്തിയെടുത്തപ്പോൾ എങ്ങനെയൊ ആളുകൾ കണ്ടുപിടിച്ചതുകൊണ്ടാണു ശിക്ഷ അനുഭവിക്കേണ്ടിവന്നതു്. പക്ഷെ, ശിക്ഷയനുഭവിച്ചുകഴിഞ്ഞാൽ, അയാൾ മരച്ചീനികിഴങ്ങുമാത്രമല്ല, ഈ രാജ്യത്തിൻെറ ഏററവും വലിയ ധനംവരെ ആരും അറിയാതെ മോഷ്ടിക്കാനുള്ള പഠിപ്പു ഈ മൂന്നുമാസത്തെ ജയിൽജീവിതംകൊണ്ടു അയാൾക്കുണ്ടാകും. സർ, അതിനുള്ള കാരണം ഞാൻ പറയാം. സാധാരണ മനുഷ്യർ എന്നനിലയിൽ ഈ കുററംചെയ്തു ജയിലിൽ വരുന്നതിനു് മുൻപുതന്നെ മനുഷ്യസഹജമായ കുറെ സ്വഭാവങ്ങളെല്ലാം പഠിച്ചിട്ടുണ്ടാവും. ആ സ്വഭാവങ്ങൾ പലതും തെററായിരിക്കാം. ആരോഗ്യപരമായി ശരിയല്ലാതെയുമിരിക്കാം. എങ്കിലും പലതും നാം ശീലിച്ചുപോയിട്ടുണ്ടു്. ഞാൻ സൂചിപ്പിക്കുന്നതു പുകവലിയെപ്പററിയാണു്. ജയിലിൽ പുകവലി നിഷേധിച്ചിരിക്കുകയാണു്. അതിനു് എന്തെങ്കിലും കാരണം പറയാൻ കണ്ടേക്കാം. പക്ഷെ, നമ്മുടെ നാട്ടിൽ പുകവലി ഒരു സാധാരണ സംഭവമാണെന്നു് നമുക്കെല്ലാം അറിയാം. ഒരാൾക്കു് ആദ്യമായി ജയിലിൽ പ്രവേശിച്ചു് അവിടുത്തെ വലിയ മതിലും, ചെറിയ വാതിലും അവിടെയുള്ള ഉദ്യോഗസ്ഥന്മാരെയും എല്ലാം കാണുമ്പോൾ സാധാരണയിൽ കവിഞ്ഞ ഒരു ഭീതി ഉണ്ടായേക്കും. ഒരു മൂന്നുനാലുദിവസത്തേക്കു് ആ ഭീതി അങ്ങനെതന്നെ നീണ്ടുനിന്നുവെന്നും വന്നേക്കാം. അങ്ങനെയുള്ള ഒരാളിനു് അത്യാവശ്യമായി കരുതുന്ന ഈ പുകവലിക്കുവേണ്ടി അവിടെ എന്തെല്ലാം വൃത്തികേടുകളാണു നടക്കുന്നതെന്നു ഈ പുകവലി നിരോധിക്കാൻ വളരെവളരെ പെമ്പൽകാണിച്ചിട്ടുള്ള ജയിൽ അധികൃതർക്കു അറിയാൻ കഴിഞ്ഞിട്ടില്ലെന്നാണു് എൻെറ വിശ്വാസം. അതിനെസംബന്ധിച്ചു വിവരങ്ങൾ മുഴുവൻ ഇവിടെ പ്രസ്താവിച്ചാൽ പക്ഷെ കൂടുതൽ നിയന്ത്രണം അവിടെ ഉണ്ടായേക്കാം. എന്നുവരികിലും എങ്ങനെയാണു് മനുഷ്യരുടെ മനുഷ്യത്വം നശിപ്പിക്കുന്നതെന്നുള്ളതിനെപ്പററി ഇവിടെ സൂചിപ്പിക്കണമെന്നു് എനിക്കാഗ്രഹമുണ്ടു്. അതു അശ്ലീലമാണെന്നു നിങ്ങൾ വിചാരിക്കരുതു്. ജയിലിൽ 'ആസാം ബീഡി' എന്നൊരു സംപ്രദായമുണ്ടു്. ജയിലിനകത്തു പോയിട്ടുള്ളവർക്കെല്ലാം അതു മിക്കവാറും കാണാൻ കഴിഞ്ഞിരിക്കുമെന്നാണു ഞാൻ വിചാരിക്കുന്നതു്. വിലയ്ക്കു വാങ്ങാൻ ജയിലിനകത്തു കിട്ടുകയില്ല. വെളിയിൽപോയിട്ടു തിരിച്ചു വരുന്ന അവസരത്തിൽ വാങ്ങിക്കൊണ്ടുവരാമെന്നുവച്ചാൽ അകത്തു കടക്കുന്ന അവസരത്തിൽ ചില പരിശോധനകളെല്ലാം ഉണ്ടു്. സർവ്വ

വിധ വേഷസംവിധാനങ്ങളും അഴിച്ച് കളഞ്ഞിട്ടുള്ള സർച്ചുകൾ നടത്തുന്നുണ്ട്. ഈ തടവുപുള്ളികളെ വെളിയിലേക്ക കൊണ്ടുപോയി പ്രസ്സിലും തോട്ടത്തിലുമെല്ലാം ജോലിചെയ്യിച്ചു തിരിച്ചു അഞ്ചുമണിക്ക അകത്തേക്ക കയററുന്ന ഒരു നടപടിയുണ്ട്. മനുഷ്യരെ എണ്ണി അകത്തേക്ക കയററി ഒടുവിൽ ഇത്രയെണ്ണം അകത്തേക്കുപോയി എന്നാണ കണക്കെടുക്കുന്നത്. അതുകേട്ടാൽ തോന്നും അകത്തു പോയതു മനുഷ്യരല്ലെന്നും ഏതോ സാധനമാണെന്നും. അങ്ങനെ മനുഷ്യത്വമില്ലാത്ത ഒരു പെരുമാററമാണ് അവിടെ കാണുന്നത്. മനുഷ്യർ ഏററവും കൂടുതൽ മാനിക്കുന്ന മാനം നശിപ്പിച്ച് അവരെ പുച്ഛിച്ചു തള്ളുന്നതു ജയിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു കൗതുകമായിട്ടാണ കണ്ടുവരുന്നത്. ഈ പരിശോധനയിൽനിന്നും പിടി കൊടുക്കാതെ ഒരു മനുഷ്യന്റെ അത്യാവശ്യ സാധനമായ ബീഡി അകത്തേക്ക കടത്തിക്കൊണ്ടുപോകുന്ന ഒരേർപ്പാടുണ്ട്. ആരൊക്കെ എന്തൊക്കെ ശ്രമിച്ചാലും അതു കണ്ടുപിടിക്കാൻ സാധിക്കുകയില്ല. ആ നിലയിൽ ജയിലിനകത്തു പുകവലി നിരോധിക്കാൻ കഴിയുകയില്ലെന്നു തീർത്തു പറയാവുന്നതാണ്. പുതിയ മാർഗ്ഗങ്ങൾ ഇതിന്റെ നിരോധനത്തിനു ഏർപ്പെടുത്തിയാൽ, പുതിയ മാർഗ്ഗങ്ങൾ ജയിൽപുള്ളികളും കണ്ടുപിടിക്കും. ആ നിലയിൽ ജയിലിനകത്തു പുകവലി നിരോധിക്കാൻ സാദ്ധ്യമല്ലെന്നാണ എനിക്ക പറയാനുള്ളത്. അതുകൊണ്ട് ജയിലധികൃതർ കുറച്ചുകൂടി മനുഷ്യത്വമായി പുള്ളികളോടു പെരുമാറണമെന്ന് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

മറെറാന്ന് എനിക്ക പറയാനുള്ളത്, ജയിലാശുപത്രിയിലെ കാര്യമാണ്. അവിടെ ഒരു ഡാക്ടരുണ്ട്. വെളിയിലുള്ള ആശുപത്രികളിലെ ഡാക്ടർമാർ സുഖക്കേടുകാരോടു മനുഷ്യത്വമായി പെരുമാറിയെന്നുവരാം. എന്നാൽ, ജയിലിൽപോയി, ജയിലും പുള്ളികളുമായുള്ള സമ്പർക്കംമൂലം ജയിൽ ഡാക്ടർക്കുകൂടി മനുഷ്യത്വം നശിക്കുകയാണചെയ്യുന്നത്. ആ ആശുപത്രിയിൽ വൈദ്യശുശ്രൂഷ നടത്തുന്നതും ജയിൽപുള്ളികൾക്ക മരുന്നുകൾ എടുത്തുകൊടുക്കുന്നതുമെല്ലാം ക്രിമിനൽ പുള്ളികളാണ്. ജയിലിനകത്ത് പുള്ളികൾക്കുതന്നെ ചില പ്രത്യേക തട്ടുകളുണ്ട്. ഓരോ കുററം ചെയ്തിട്ടുള്ളവർക്കും പ്രത്യേകം സ്ഥാനം കൊടുക്കുന്നുണ്ട്. ജയിലിനകത്തു സ്വതന്ത്രമായി നടക്കാനും, ജയിൽപുള്ളികളുടെ ഭരണം നിർവ്വഹിക്കുന്നതിനുതന്നെയും കൊലപാതകപ്പുള്ളികൾക്ക പങ്കുണ്ട്. മററു പുള്ളികളെ ഇവരെക്കൊണ്ടു തല്ലിക്കാറുമുണ്ട്. അങ്ങനെ കൊലപാതക പുള്ളികൾക്ക ഒരു നല്ല സ്ഥാനമാണ് ജയിലിനകത്തുള്ളത്. നേരേമറിച്ച് കള്ളനോട്ടടിച്ചതിന് ശിക്ഷിക്കപ്പെട്ടുവന്നാൽ അതിനു സ്ഥാനമൊന്നു വേറെയാണ്. അങ്ങനെ കുററത്തിന്റെ ശക്തിയനുസരിച്ചാണ് സ്ഥാനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. ഇങ്ങനെയെല്ലാമാണ് ജയിലിനകത്തു കാര്യങ്ങൾ നടക്കുന്നതെന്ന് വളരെ വേദനയോടുകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

സർ, മനുഷ്യർക്കെല്ലാം sex instinct ഉള്ളതാണ്. അതു മാറാനുള്ള അവസരമെങ്കിലും കൊടുക്കേണ്ടതാണ്. അതിനെ ആസ്പദമാക്കി എന്തെങ്കിലും എൻറർടെയിൻമെൻറ്സിനുള്ള സൗകര്യങ്ങൾ തീർച്ചയായും ജയിലിനകത്തു നൽകേണ്ടതാണ്. ഇപ്പോൾ അവിടെ എന്തെല്ലാം വൃത്തികേടുകളാണ് നടക്കുന്നതെന്നു പറയാൻതന്നെ വിഷമമുണ്ട്,

[ശ്രീ. എൻ. രാജഗോപാലൻ നായർ]

അതുകൊണ്ടു ആവക ചിന്തകൾ മറക്കാനുള്ള അ-സരം ജയിൽ പുള്ളികൾക്കു കൊടുക്കേണ്ടതു ഏററവും അത്യാവശ്യമാണ്,

സർ, മറെറാന്നു പറയാനുള്ളതു് വാർഡറന്മാരുടെ കാര്യമാണ്. തിരുവനന്തപുരത്തുള്ളവരെ കൊച്ചിയിലേക്കും, കൊച്ചിയിലുള്ളവരെ തിരുവനന്തപുരത്തേക്കും സ്ഥലംമാററുന്നുണ്ട്. ഈ ഇടപാടു അവർക്കു വളരെ വിഷമമുണ്ടാക്കുന്ന ഒന്നാണെന്നു് ഞാൻ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

അടുത്തതായി, എനിക്കു ജയിലിനകത്തുള്ള വിദ്യാഭ്യാസത്തെപ്പററിയാണു പറയാനുള്ളതു്. ജയിലിനകത്തു കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതു ജയിലധികൃതരാണ്. ഇതിലേക്കു അവിടെ ഒരു ഉപദേശകസമിതിയുണ്ടെങ്കിലും അവർ ആരും തന്നെ അവിടെ ചെല്ലാറില്ല. ഈ കാര്യത്തിൽ ഗവണ്മെൻറിന്റെ പ്രത്യേക ശ്രദ്ധ പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു. മതപ്രചരണം വെളിയിൽ നടത്തിയിട്ടും കുറെയാളുകൾ ജയിലിൽ പോകുന്നുണ്ട്. അതിൽനിന്നും മതപ്രചരണത്തിന്റെ കുറവുകൊണ്ടല്ല മൗലികമായ മററചില കാര്യങ്ങൾകൊണ്ടാണ് ആളുകൾ ജയിലിൽപോകുന്നതിനിടയാകുന്നതെന്നു് നമുക്കു മനസ്സിലാക്കാൻ കഴിയും. ഏതായാലും മതപ്രചരണത്തിന്റെപേരിൽ മററുകാര്യങ്ങളൊന്നും ജയിലിൽ നടത്താൻ അനുവദിക്കരുതെന്നാണ് എനിക്കു പറയാനുള്ളതു്.

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്) : ഇവിടെ പല മെംബറന്മാരും പ്രധാനമായി ജയിൽഭരണവുമായി സംബന്ധിക്കുന്ന സംഗതികളെപ്പററിയാണ് സംസാരിച്ചതു്. ജയിൽഭരണം വളരെ തൃപ്തികരമാണെന്നും, യാതൊരു വിധത്തിലുമുള്ള ഇംപ്രൂവുമെൻറ്സും അവിടെ വരുത്തേണ്ട ആവശ്യമില്ലെന്നും, ഇവിടെ ഉന്നയിച്ചിട്ടുള്ള വാദമുഖങ്ങളെല്ലാം അസ്ഥാനത്താണെന്നും അഭിപ്രായമില്ല. ജയിൽ പരിഷ്കരണം ആവശ്യമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്. മദ്രാസിൽ ഒരു ജയിൽ റിഫാംസുകമ്മിററി ഉണ്ടായിരുന്നു. അവിടെ ഏതു അടിസ്ഥാനത്തിലാണ് പരിഷ്കാരങ്ങൾ നിർദ്ദേശിച്ചതും നടപ്പിയതും എന്തെല്ലാം കാര്യങ്ങളിലാണ് ഗവണ്മെൻറ ശ്രദ്ധപതിച്ചതു്, ഒരു കമ്മിററി ഉണ്ടാക്കിയാൽ അതിനു് എന്തെല്ലാം റഫറൻസ് കൊടുക്കണം എന്നെല്ലാമുള്ള കാര്യങ്ങളെപ്പററി വേണ്ട അന്വേഷണം നടത്തി ആവശ്യമുള്ള നിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഇവിടെയും ഒരു റിഫാംസുകമ്മിററിയെ നിയമിക്കണമെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ട്.

അതുപോലെതന്നെ ജയിലിൽ പല പരിഷ്കാരങ്ങളും ആവശ്യമാണ് ഏന്നു് പല ബഹുമാനപ്പെട്ട മെമ്പറന്മാരും പറയുകയുണ്ടായി. ആ പരിഷ്കാരങ്ങളിൽ പലതും കഴിവുള്ളിടത്തോളം നടപ്പിൽ വരുത്തേണ്ടതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ടെന്നും അതിനു വേണ്ടതു ചെയ്യുന്നതാണെന്നും പ്രസ്താവിച്ചുകൊള്ളുന്നു. നമ്മുടെ ജയിലിൽ മുമ്പുണ്ടായിരുന്ന നടപടികൾ എങ്ങിനെയെല്ലാമായിരുന്നു ഏന്നും എന്തെല്ലാം പതിവുകളാണ് അവിടെ ഉള്ളതെന്നും അവിടെയുള്ള അനുഭവങ്ങൾ എന്തെല്ലാമാ

യിരുന്നു എന്നും മററുമുള്ളതു് ഇവിടെ ഇരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാരിൽ പലക്കും നേരിട്ടറിയാവുന്ന സംഗതികൾ ആണല്ലോ. എന്നാൽ അതിൽനിന്നും ഗണ്യമായ വ്യത്യാസങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ടെന്നാണു് അറിയുന്നതു്. ഇവിടെ പ്രസംഗിച്ചിട്ടുള്ള എല്ലാ മെമ്പറന്മാരും ഇത്തരം സംഗതികളെപ്പററി മിക്കവാറും ഒന്നുപോലെ ഒരേ ഉദ്ദേശസാദ്ധ്യതെക്കരുതി പറഞ്ഞിരിക്കുന്ന സ്ഥിതിക്കു് അതിനെല്ലാംകൂടി പൊതുവായ ഒരു മറുപടി പറയുന്നതു നന്നായിരിക്കും.

ബഹുമാനപ്പെട്ട പല മെമ്പറന്മാരും പറഞ്ഞു അവിടെ പുള്ളികളെക്കൊണ്ടു് ക്രമത്തിലധികം ജോലി ചെയ്യിക്കുന്നു എന്നു്. യഥാർത്ഥത്തിൽ ദിവസവും ഏഴു മണിക്കൂറിൽ കൂടുതൽ ഒരു ജയിൽപ്പുള്ളിയും ജോലി ചെയ്യേണ്ടതില്ലെന്നാണു് അറിയുന്നതു്, മാത്രമല്ല, അവരവക്കു് ഇഷ്ടപ്രകാരമുള്ള ജോലിയാണു് കഴിയുന്നതും കൊടുത്തുവരുന്നതു്.

ശ്രീ. ടി. വി. തോമസ്സു് : സർ, ജയിലിൽ—

ശ്രീ. ടി. എം. വർഗ്ഗീസു് : ചോദ്യങ്ങൾക്കെല്ലാം ഉത്തരം അവസാനം പറഞ്ഞുകൊള്ളാം. ഇപ്പോൾ ഏ ാ മിന്നിട്ടുകൊണ്ടു് അത്യാവശ്യമായി തോന്നുന്ന ചില സംഗതികൾ സഭയെ അറിയിച്ചുകൊള്ളുന്നു. അവിടെയുള്ള ജോലിയിൽ ഇന്ന ജോലിയായാൽ കൊള്ളാമെന്നു് അവക്കു താല്പര്യമുണ്ടെങ്കിൽ അവരവരുടെ അഭിലാഷം അനുസരിച്ചുള്ള ജോലിയാണു് നിവൃത്തിയുള്ളിടത്തോളം കൊടുത്തുവരുന്നതു്.

അതുകൂടാതെ അവിടെ മുമ്പില്ലാതിരുന്ന വിധത്തിൽ വ്യായാമത്തിനും വിനോദത്തിനുമായി വാളിബാൾ മുതലായ കളികൾ ക്രമമായി നടത്തിവരുന്നുണ്ടു്. കൂടാതെ ഒരു ലൈബ്രറി അവിടെ ഉണ്ടു്. അതു പൂർണ്ണമായി തൃപ്തികരമാണെന്നു് ഞാൻ പറയുന്നില്ല. അവിടെ ആവശ്യമുള്ള പുസ്തകങ്ങൾ എല്ലാം ഉണ്ടെന്നും അഭിപ്രായപ്പെടുന്നില്ല. ഇപ്പോൾ ആണ്ടിൽ ൨ ൦ ൦ രൂപക്കുള്ള പുസ്തകങ്ങൾ അവിടെ വാങ്ങുന്നുണ്ടു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ൨ ൦ ൦ രൂപ അനുവദിച്ചിട്ടുള്ളതിൽ അവക്കു റിവാർഡിനും മററു ചിലവുകൾക്കുമാണു് ചെലവാക്കുന്നതെന്നു് അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസു് : മിക്കവാറും പുസ്തകങ്ങൾക്കും മററു ആവശ്യങ്ങൾക്കും ഉപയോഗിക്കും. എന്നാൽ അതേപ്പററി വാദിച്ചു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു ശരിയല്ല എന്നു വരുത്താൻ ശ്രമിക്കുന്നില്ല. അതു ഏറെക്കുറെ എല്ലാവക്കും അറിയാവുന്ന കാര്യമാണു്. ൨ ൦ ൦ രൂപയ്ക്കു് മുഴുവൻ പുസ്തകങ്ങൾതന്നെ വാങ്ങിക്കുന്നു എന്നു് കണക്കാക്കണമെന്നില്ല. ലൈബ്രറി നന്നാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും ഗവണ്മെൻറു വേണ്ടത്ര ശ്രദ്ധ പതിപ്പിക്കുന്നതാണു്.

അടുത്തതായി ഇപ്പോൾ അവിടെ മർദ്ദനം പൂർവ്വാധികം നടത്തുന്നുണ്ടു് എന്നു പറഞ്ഞു. ആ ആരോപണം ശരിയാണെന്നു തോന്നുന്നില്ല. കണ്ടും കേട്ടും ഔദ്യോഗികമായും അല്ലാതെയും അറിവായിടത്തോളം മർദ്ദനം ഉണ്ടെന്നുള്ള ആരോപണം ശരിയല്ലെന്നാണു് ബോദ്ധ്യം.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഒരു ശതമാനം ആളുകളുടെ പേരിൽ ഡിസിപ്ലിനറി ആക്ഷൻ എടുത്തു ശിക്ഷിച്ചിട്ടുണ്ട് എന്നു പറഞ്ഞിരിക്കുന്നു.

ശ്രീ. ടി. എം. വർഗ്ഗീസ് : അവിടെ ഡിസിപ്ലിനറി ആക്ഷൻ എടുക്കേണ്ടതു് വളരെ ആവശ്യമായിട്ടുവരുന്നതാണ്. ജയിലിൽ ഡിസിപ്ലിനറി ആക്ഷൻ ഇല്ലെങ്കിൽ ഈ നിലയിൽ ൧൦൦-ൽ ചിലപ്പോൾ ആളുകളെ അവിടെ സൂക്ഷിക്കുന്നതിനും എന്തെങ്കിലും ജോലി അവിടെ നടത്തുന്നതിനും സാദ്ധ്യമല്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ജയിലിൽ—

Shri T. M. Varghese : I shall give answers to the questions towards the close of my speech which will necessarily be very short.

വേറൊരു വിഷയം പത്രം കൊടുക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ ൪൦ ആളുകൾക്ക് ഒരു പത്രമിതം കൊടുക്കുന്നുണ്ട്. മുമ്പ് ൧൦൦ ആളുകൾക്ക് ഒരു പത്രമായിരുന്നു പതിവ്. കൊച്ചിയിൽ ൩൦൦-ം, ഇവിടെ ൧൦൦-ം തടവുകാരുടെ ശരാശരി ഉണ്ട്. അപ്പോൾ ഇരുപതോളം പത്രങ്ങൾ വരുത്തുന്നുണ്ടല്ലോ. ഒരേ വളപ്പിനകത്ത് അടുത്തടുത്തു താമസിക്കുന്നതുകൊണ്ട് ഇവർക്കെല്ലാവർക്കും ഈ എല്ലാ പത്രങ്ങളും മാറിമാറി വായിക്കുന്നതിനു സൗകര്യമുണ്ട്. കുറേ കുറ്റങ്ങളും കുറവുകളും വല്ലതും പറയാനുണ്ടോ എന്നു തിരിഞ്ഞു നോക്കിയ കൂട്ടത്തിൽ പത്രക്ഷാമവും ഒന്ന് ഉന്നയിച്ചേക്കാമെന്നു കരുതി എന്നല്ലാതെ ഇതിനു അടിസ്ഥാനമൊന്നും ഇല്ലെന്നുള്ളതു് വ്യക്തമാണല്ലോ.

അതുകൂടാതെ പുസ്തകങ്ങൾ മുമ്പ് ജയിലിൽകൊണ്ടുപോയി കൊടുക്കുന്നതിനെ തടഞ്ഞിരുന്നതിനെ മാററി പുസ്തകങ്ങൾ വെളിയിൽനിന്നും കൊണ്ടുവന്നു വായിക്കുന്നതിന്, നിരോധിക്കപ്പെട്ട പുസ്തകങ്ങളല്ലെങ്കിൽ യാതൊരു വിരോധവും തടസ്സവുമില്ല. അതു കൊണ്ടുവന്നു കൊടുക്കുന്നതിന് ജയിൽഅധികൃതരുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാണല്ലോ. ഏതെങ്കിലും അവസരത്തിൽ അങ്ങിനെ കിട്ടേണ്ട വല്ല പുസ്തകവും കിട്ടാതിരുന്നിട്ടുണ്ടെങ്കിൽ അതിനു തക്കതായ കാരണം ഉണ്ടായിരിക്കും. വിശദമായി വിവരം പറഞ്ഞാൽ കാരണം അറിയിക്കാം. ഈ അടുത്ത കാലത്തു് സാധാരണ പതിവില്ലാത്ത വിധത്തിൽ ഇവിടെയുള്ള ൩൦൦ പുള്ളികളെ ജയിൽ അധികൃതരുടെ നിയന്ത്രണത്തിൽ എക്സ്സിക്യൂഷൻ കാണുന്നതിനു ജയിൽസൂപ്രണ്ടിന്റെ ഉത്തരവാദിത്വത്തിൽ കൊണ്ടുപോകേണ്ടതായി. ഇങ്ങനെ ശിക്ഷമാത്രംകൊണ്ട് നിയമം നിറവേററിയും ശിക്ഷണത്തിനു വേണ്ടി ഭയപ്പെടുത്തിയും നാമമാത്രമായി നിയമശാസനം നിർവ്വഹിക്കണം എന്നല്ല, നേരേമറിച്ച് ജയിൽപുള്ളികളുടെ യഥാർത്ഥമായ മാനസാന്തരത്തെക്കൂടി ലക്ഷ്യമാക്കി അവർക്ക് മനസംസ്കാരം ഉണ്ടാക്കുകയും കുററകൃത്യങ്ങൾക്കുള്ള ആസക്തി ഇല്ലാതാക്കുകയും അവരെ ശിക്ഷണബോധമുള്ളവരാക്കുകയും ചെയ്യണമെന്നും അവരുടെ ശരീരാരോഗ്യം നന്നാകണമെന്നുംകൂടി

യാണ് പള്ളികളുടെ ജയിൽ ജീവിതംകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഉദ്ദേശത്തിന്റെ പൂർണ്ണമല്ലെങ്കിലും ഏകദേശമായ സാദ്ധ്യതയ്ക്കുവേണ്ടി ഈ ജയിലിൽ ചെയ്യുന്നതു എന്തെല്ലാമാണെന്നു ചുരുക്കമായി കാണിക്കുന്നതിന് ഈ സംഗതികൾ പ്രസ്താവിച്ചു എന്നേ ഉള്ളൂ. കൂടാതെ വേണ്ടതു പോലെ എണ്ണ കൊടുക്കുന്നില്ലന്നു പ്രസ്താവിച്ചു. അതു ശരിയാണ്. ആഴ്ചയിൽ ഒരു ഔൺസ് എണ്ണയാണ് കൊടുക്കുന്നതു്. അതു് മതിയാകയില്ലെന്നാണ് അറിയുന്നതു്. കൂടുതൽ എണ്ണ സപ്ലൈ ചെയ്യുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

വിപ്പിംഗിനെപ്പററിയാണെങ്കിൽ കഴിഞ്ഞ മൂന്നോ നാലോ വർഷമായിട്ട് അവിടെ അങ്ങിനെ ഒരു ശിക്ഷ ഉണ്ടായിട്ടേ ഇല്ല. അതുകൊണ്ട് പ്രായോഗികമായി ഒരു വിഷമത സംഭവിക്കുന്നില്ലെന്നു പ്രത്യക്ഷമാണല്ലോ.

പിന്നെ അവിടത്തെ സാനിട്ടേഷൻകാര്യമാണെങ്കിൽ അതു വളരെ തൃപ്തികരമായിട്ടുണ്ട്. എല്ലാ മുറികളിലും വെള്ളം കിട്ടുന്നതിനും ലൈററു കിട്ടുന്നതിനും മുമ്പുണ്ടായിരുന്നതിനേക്കാൾ സൗകര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. മിക്കവാറും എല്ലാ മുറികളിലും ഫ്ളഷ്ഔട്ട് ലാട്രിൻസ് ഉണ്ട്. ഇപ്പോൾ സ്ക്രാവഞ്ചിംഗ് മുമ്പുണ്ടായിരുന്ന രീതിയിലല്ല നടക്കുന്നതു്. ഇപ്പോൾ ഫ്ളഷ്ഔട്ട്സിസ്റ്റം എല്ലാവക്കും ഉപയോഗപ്പെടത്തക്കവിധത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ട് അതിനെപ്പററി യാതൊരു പരാതിക്കും കാരണമില്ല.

അതുകൂടാതെ പള്ളികളുടെ സംസ്കാരസംബന്ധമായ കാര്യമാണെങ്കിൽ കഥാകാലക്ഷേപം സംഗീതം മുതലായ ലളിതകലകളിൽ പരിശീലനം സിദ്ധിച്ചിട്ടുള്ളവക്ക് അതു പോഷിപ്പിക്കുന്നതിനുള്ള സൗകര്യവും അതിൽ താല്പര്യമുള്ള മററുള്ളവക്ക് അതു ആസ്വദിക്കുന്നതിനുള്ള സൗകര്യവും ഉണ്ടാക്കികൊടുത്തിട്ടുണ്ട്. അവിടെ മയ്ക്കും ആംബ്ലിഫയറും റേഡിയോവും മററും വച്ചിട്ടുണ്ട്. ഈവക സൗകര്യങ്ങളെല്ലാം അവിടെ ചെയ്തു കൊടുത്തിരിക്കുന്നതു് അതുകൾമൂലം അവരുടെ വീക്ഷണഗതിയ്ക്കും മനഃസ്ഥിതിക്കും ഉയർച്ച ഉണ്ടാകും എന്നു വിചാരിച്ചാണ്. മററുപല ജയിലുകളിലെപ്പോലെ ഇവിടേയും ശിക്ഷിക്കപ്പെട്ടതിന്റെ ഫലമായി സ്വാതന്ത്ര്യമില്ലാത്ത ജയിൽവാസം അനുഭവിക്കുന്നതിനെക്കാൾ അവരവരുടെ ജോലിചെയ്തു് ജീവിതം മാനമായി നയിക്കുന്നതാണ് നല്ലതെന്നു ഒരു അഭിമാനബോധവും പൊതുവേ ധർമ്മബോധവും പള്ളികളിൽ ഉണ്ടാക്കണമെന്നാണ് ശിക്ഷണനടപടികളുടേയും മററു ജയിൽവ്യവസ്ഥകളുടേയും അടിസ്ഥാനതത്വം എന്നു പറയാം.

ജയിൽകാര്യങ്ങളെപ്പററി വിദഗ്ദ്ധമായ പരിജ്ഞാനം സമ്പാദിക്കുന്നതിനായി ഇവിടെ നിന്നും രണ്ടു ജയിൽ ഉദ്യോഗസ്ഥന്മാരെ ബാംബയിൽ അയച്ചിട്ടുണ്ട്. അവരുടെ പരിശീലനഫലമായി കിട്ടുന്ന അറിവുകളെ ഇവിടെ കഴിവുള്ളിടത്തോളം പ്രയോഗത്തിൽ വരുത്തണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളതു്. അതായതു് യു. എൻ ഓ. യിൽനിന്നും ബാംബയിൽ എത്തിയ ക്രിമിനോളജി ആൻഡ് സോഷ്യോളജി സംബന്ധിച്ച് വിദഗ്ദ്ധനായ ഡാക്ടർ റക്ക്പസ് എന്ന ആളിന്റെ കീഴിൽ അഭ്യസനത്തിനും പരിശീലനത്തിനും മററു സ്റ്റേററുകളിൽനിന്നും അയച്ചിട്ടുള്ളതു പോലെ രണ്ടു ഉദ്യോഗസ്ഥന്മാരെ ഇവിടെനിന്നും നിയോഗിച്ചിട്ടുള്ള

[ശ്രീ. ടി. എം. വർഗ്ഗീസ്സ്]

താണ്. കൂടാതെ ഞാൻ മുമ്പു പറഞ്ഞിട്ടുള്ള കമ്മിററിയുടെ റിപ്പോർട്ട് വന്നതിനുശേഷം പരിഷ്കാരങ്ങൾ എന്തെല്ലാം എങ്ങിനെയെല്ലാം എന്നു് ആലോചിച്ചു് തീരുമാനിക്കാവുന്നതാണ്.

പിന്നെ ജയിലിൽ ശിക്ഷ അനുഭവിക്കുന്ന ആളുകൾ അവർ ഉൾപ്പെട്ടിട്ടുള്ള കേസുകൾ രാഷ്ട്രീയസ്വഭാവമുള്ളതായിരുന്നെങ്കിൽ അവരെ എല്ലാം നിരുപാധികം വിട്ടയയ്ക്കേണ്ടതാണെന്നു പറയുകയുണ്ടായി. ആവശ്യപ്പെട്ടിരിക്കുന്ന ഈ മോചനത്തിൽ അന്തർഭവിച്ചിട്ടുള്ള പല സംഗതികളെപ്പററിയും ആലോചിക്കേണ്ടതുണ്ട്. അവരെ നിരുപാധികമായി വിട്ടയയ്ക്കണമെന്നുള്ള അഭിപ്രായം ന്യായത്തിനോ, നീതിക്കോ, നീതിന്യായപരിപാലനത്തിനു തന്നെയുമോ അനുയോജ്യമാണെന്നു തോന്നുന്നില്ലാത്തതുകൊണ്ടു് ആ അഭിപ്രായം സ്വീകാര്യമല്ല.

ശ്രീ. സി. അച്യുതമേനോൻ : പള്ളിപൊളിച്ചകാര്യത്തെപ്പററിയുള്ള സംഗതികൾ അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ടി. എം. വർഗ്ഗീസ്സ് : ബഹുമാനപ്പെട്ട കരുനാഗപ്പള്ളി മെമ്പർ പള്ളി മതം, മതാരാധന ഇവയും തന്നിമിത്തം സംജാതമാകുന്ന വർഗ്ഗീയതയും പാടില്ലെന്നു് ഒരു ആക്ഷേപം പുറപ്പെടുവിക്കയുണ്ടായി. മതങ്ങളും, മതാരാധനകളും പാടില്ലെന്നുള്ള അഭിപ്രായത്തോടു് യോജിക്കുവാൻ ഗവണ്മെൻറിനു നിവൃത്തിയില്ല. ശ്രീ. കാപ്പൻ പറഞ്ഞതുപോലെ ജയിലിൽ മതപരമായ ആരാധനകളും മതബോധനങ്ങളും ജയിലിലെ ശിക്ഷണക്രമങ്ങൾക്കു് ഹാനിസംഭവിക്കാത്തവിധത്തിൽ പണ്ടുതന്നെ അനുവദിച്ചിട്ടുള്ളതനുസരിച്ചു് അവ തുടരുന്നതും അതിലേക്കു വേണ്ട സൗകര്യങ്ങൾ അവിടെ മേലും ഉണ്ടായിരിക്കുന്നതുമാണ്. ആരാധനകളെ വിഘാതപ്പെടുത്തുകയോ മുൻപതിവിനു വിരുദ്ധവും ആരാധകന്മാരുടെ മതബോധത്തെ വ്രണപ്പെടുത്തുന്നവയുമായ നിയന്ത്രണങ്ങൾ നൂതനമായി ഏർപ്പെടുത്തി ആരാധന സുസാദ്ധ്യമല്ലാതാക്കി തീർക്കുകയോ ചെയ്യാതിരിക്കുന്നതിനു ഗവണ്മെൻറു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്.

ഒരു പശുകറവക്കാര്യത്തെപ്പററി പറയുന്നതു കേട്ടു. ജയിൽസൂപ്രണ്ടു് മന്ത്രിയുടെ ഒരു കറവപ്പശുവിനെ ജബ്ബലാൽക്കാരമായി കുറെമാസങ്ങൾ നിറുത്തി പാൽ കറന്നെടുത്തുകളഞ്ഞു എന്നു്. ഒന്നാമതു് ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ല. ആദ്യമായിട്ടു് ഈ കഥ കേൾക്കുകയും അറിയുകയും ചെയ്യുന്നതു് ഇപ്പോഴാണ്. കൂടാതെ അന്യന്മാരുടെ പശുവിനെ മന്ത്രി കറക്കാൻ ഒരുമ്പെടാത്തതുപോലെ മന്ത്രിയുടെ പശുവിനെ അന്യന്മാർ കറക്കാതെ സൂക്ഷിക്കണം. മന്ത്രിക്കു് അറിയാം. ആരെയും എന്തിനും എപ്പോഴും കറക്കുന്നവർക്കു് എന്താണ് പറയുവാൻ പാടില്ലാത്തതെന്നേ എനിക്കു് ചോദിക്കുവാനുള്ളൂ.

Mr. Speaker : Do you press your motion No. 23, Mr. Raghavan Pillai?

Shri J Raghavan Pillai : Yes.

The motion was put and lost.

Mr. Speaker: Do you Press your motion No. 46, Mr. Viswanathan?

Shri C. K. Viswanathan: Yes.

The motion was put and lost.

The question that Government be granted a sum of Rs. 6,87,000 under Demand XIV-Jails-was put and carried.

The grant was made.

The House adjourned for lunch at 1 P. M. and re-assembled at 2 P. M., with Mr. Speaker in the Chair.

DEMAND XIX—MEDICAL.

2 p. m.

Minister for Medicine and Public Health **(Shri V. Madhavan) :** Sir, I move for a grant of Rs. 1,01,76,000 under Demand No. XIX—Medical.

Shri A. Chidambaranatha Nadar : I second it.

Mr. Speaker : Mr. Nataraja Pillai, do you move motion No. 41 ?

Shri P. S. Nataraja Pillai : Yes. Sir, I move :

To reduce the allotment of Rs. 2,34,900 for Medical Establishment by Re. 1.

Sir, this is a demand for Medical Establishment, Superintendence, Direction and so on. One difficulty that is felt in this country regarding this Department today is about the overcrowding in hospitals. In almost all hospitals there is overcrowding and that, to an extent that the outpatients who resort to the dispensaries have to wait for hours and hours together before they are able to get medicine. In the same way, people who get themselves admitted into the hospitals have to be satisfied with verandahs for their shelter. That kind of overmcrowding has become chronic in this country. Unless some comprehensive plan is devised to relieve this kind of overcrowding in the hospitals it would be really difficult for the sick to get adequate medical aid. Two methods are open to relieve this congestion--one, by opening new dispensaries and the other by providing further accomodation in the existing hospitals. If you look at it in that aspect, you could see that it is the duty of each District Medical Officer to submit a definite plan for relieving this congestion in the hospitals in their respective areas. If Government were apprised of this difficulty, by a Five or Ten Year Plan or Scheme it would have been possible for the Government to provide further accommodation in the existing hospitals

[Shri P. S. Nataraja Pillai]

or start new dispensaries. In the Trivandrum City,—Sir, Iam not exaggerating when I say—in the General Hospital, the condition is this : an outpatient if he goes to get his medicine, will be able to return only after a stay of a minimum of 4 hours. I have seen old men, out-patients, returning from the hospital after 1 p. m. In the same way, the overcrowding in the in-patients' section is very great. There was a time when people used to get accommodation in the in-patient section by some influence, or, rather, the richer class of people used to get admission in the in-patient section. I don't think that kind of thing has been completely eliminated in the General Hospital today. The present conditions there are such that even very acute cases are not being admitted into the in-patient sections because of the real want of accommodation. Every bit of place available is being occupied. That is more due to the negligence of the District Medical Officers than the Officer in charge of the General Hospital. In the Trivandrum City itself we have got four hospitals ,one at Valiathurai, another at Karamanai, a third one at Perurkada and the fourth at the Fort. If sufficient attention is paid to see that adequate equipment is given to these hospitals and adequate medical attention is also given there, certainly, the pressure in the General Hospital can be minimised to a great extent. Unfortunately, those hospitals are being starved. As for the Karamanai Hospital, it is accommodated in a rented building and there is absolutely no convenience there. That is why no one wants to resort to that Hospital. Suppose it is put on a better basis which will cater to the needs of the sick , that will automatically relieve pressure in the General Hospital. That is exactly the case with the Valiathurai Hospital and the Perurkada Hospital. The Perurkada Hospital is situated in a compound measuring more than 18 acres ; but all the verandahs there are overcrowded. The Government have not realised the necessity of putting up further buildings for that hospital. Neither has that hospital been provided with the very ordinary amenities. At present there are many female in-patients in the hospital. If my memory is correct, in reply to one of my interpellations, the Minister in charge stated that the average number of labour cases attended to in that hospital was more than 60 or 70 a month. Yet there is no labour ward there. There is no enclosed room in the Hospital for attending to labour cases. Also, Sir, no operation is done in the hospital as it is not provided with surgical apparatus or equipment. Government have provided 4 doctors for that hospital and a District Medical Officer-in-charge. Yet there is no equipment there. This kind

of want of thought in providing adequate facilities has created much unnecessary congestion in the General Hospital.

There is another matter which I wish to submit. From the Budget I see, Sir, that Rs. 2,75,000, a lump sum, has been provided for the appointment of staff etc. for the new General Hospital at Olloor. We have got already the Avittam Thirunal Hospital at Olloor and the General hospital attached to the Medical College there. I can appreciate very well if that Hospital is further developed and made a first class hospital not only of South India but even of the whole India. I will only be glad if we can make that Olloor Hospital attached to the General Hospital a really first class hospital, My difficulty comes in when it is said that a lump sum is provided for the "New General Hospital." Then what is the status of the old General Hospital ? Now, in the heart of the City, you have got a hospital with certain facilities and certain equipments to treat the sick people in the City. Does this proposal to create a new General Hospital mean that all the facilities and provisions available in the old institution in the City are going to be reduced. I can probably appreciate the creation of a hospital attached to the Medical College and that hospital being equipped with the latest appliances and other necessities for the proper treatment of the sick. But it should not, in any way, go to reduce the amenities and the conveniences of the people in the City get from the old institution that is in existence today in the heart of the City. That is one aspect of the matter which I hope the hon. Minister will be kind enough to explain in his reply, particularly regarding the new proposal now under consideration, whether the Hospital at Olloor is to supplement the existing one in the City or to supplant it. If it is the latter, what will be the position and condition of the old institution under the new order of things which is now envisaged. Also, whether it is the intention of Government that there should be a new hospital with all modern equipments attached to it, and whether the existing General Hospital will also continue to function as it is now functioning.

Mr. Speaker : Does the hon. Member wish that the Perurkada Hospital also should be brought in line with the present General Hospital ?

Shri P. S. Nataraja Pillai : I should certainly welcome that idea. I shall only be glad if the present hospitals at Valiathura, Karamanai, Perurkada and the Fort are equipped with all modern appliances and amenities and brought on a par with the General Hospital.

[Shri P. S. Nataraja Pillai]

Then, Sir, there is one other aspect of the matter which some of my friends were telling me. That is about the hydrophobia injection that is being done at the Public Health Laboratory here. In the Public Health Laboratory, for the preparation of the vaccine, they take it from some animal. The carcass of these animals are burnt in that compound thereby polluting the atmosphere around. That is a complaint I had occasion to hear from my friends. If that is a fact, we should devise more reasonable methods for disposing of those bodies without causing nuisance to the neighbouring public as the locality is thickly populated. It would be better to adopt electrocution or some other method instead of burning.

Then, about the drainage, I don't want to speak at present as we had sufficient discussion on it the other day.

Sir, another matter to which I am compelled to refer here is about the Ayurveda College. Now, under the new scheme of things the Ayurveda College is being developed and the Government are putting up a costly structure to accommodate the College.

Mr. Speaker : I think the hon. Member is straying away from the purview of his motion. This is a cut on the 'direction.'

Shri P. S. Nataraja Pillai : Sir, what I want to stress is that the course of study prescribed for the Ayurveda should be more or less co-ordinated with the course of study of the modern system of medicine, I mean allopathic system. The Ayurvedic students also will have to take a basic training in physiology, anatomy etc. as is given in the allopathic system. In this connection I would also point out that if the college for Ayurveda was near the Medical College it would have been much helpful for this. The present building that they are now putting up for the Ayurveda College is about 4 or 5 miles away from the Medical College. The students who are studying the Western system of medicine and the Eastern system have common subjects to learn, *viz.*, physiology, anatomy and so on. Could not the existing Medical College be made available to the Ayurveda students for these studies ? Moreover if we are going to appoint separate professors to teach physiology and anatomy in the Ayurveda College that would entail unnecessary additional expenditure. But if we make an arrangement that the Ayurveda students can undergo training in these courses in the Medical College, that would save money for the Government. So, if a building for the Ayurveda College is constructed near the Medical College as a separate block that would be cheaper, easier,

and best. I leave that proposition to the hon. Minister for Medicine to consider. With these words I commend my motion for the acceptance of the House.

Mr. Speaker: Mr. Kuttappan may now move his motion no. 54.

ശ്രീ. കെ. കുട്ടപ്പൻ: സർ, എന്റെ മോഷൻ ഇതാണ്. Sir I move:

To reduce the allotment of Rs. 84,99,300 for Hospitals and Dispensaries by Re. 1.

ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊണ്ട് ഏററവും പ്രധാനമായ ചില കാര്യങ്ങൾ പറയണമെന്നു വിചാരിക്കുന്നു. ഡിസ്പെൻസറികളുടേയും ആശുപത്രികളുടേയും അപര്യാപ്തത നമ്മുടെ സംസ്ഥാനത്ത് വളരെ ഉണ്ടെന്നുള്ള കാര്യം ഈ നിയമസഭയിലെ എല്ലാ ബഹുമാനപ്പെട്ട മെംബറന്മാരും സമ്മതിക്കുന്ന ഒന്നാണ്. ഉള്ള ഡിസ്പെൻസറികളിലും ആശുപത്രികളിലും തന്നെ രോഗികൾക്ക് സഹായപ്രദമായ വൈദ്യസഹായം ലഭിക്കുന്നതിനു വേണ്ടി, പ്രവർത്തിക്കുന്ന ഡാക്ടറന്മാരും അതുപോലെതന്നെ ഉപകരണങ്ങളും ഇല്ലെന്നുള്ളതും പ്രാധാന്യമുള്ള മറെറാരു കാര്യമാണ്. അതും എല്ലാവരും സമ്മതിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഡിസ്പെൻസറികളുടേയും അതുപോലെതന്നെ ഡാക്ടറന്മാരുടേയും അഭാവം നമ്മുടെ സംസ്ഥാനത്തു ധാരാളമുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിതന്നെ കഴിഞ്ഞദിവസത്തെ ചോദ്യോത്തരവേളയിൽ സമ്മതിക്കുന്നുണ്ട്. മാത്രമല്ല, ഗവണ്മെന്റിൽനിന്നും പ്രസിദ്ധീകരിച്ചിട്ടുള്ള അഡ്മിനിസ്ട്രേഷൻ റിപ്പോർട്ട് പരിശോധിച്ചാൽ ഈ വിവരം കാണാവുന്നതാണ്. കഴിഞ്ഞ ദിവസം ഒരു ചോദ്യത്തിനുത്തരമായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതു് ഈ രാജ്യത്ത് ആകെ ൪൫൦ ഡാക്ടറന്മാർ ഉണ്ടെന്നാണ്. എന്നാൽ ഡിസ്ട്രിക്ററ് ആഫീസറന്മാരും പ്ലേഗ് സിവിൾ സർജന്മാർ ആയിട്ടു ൩൪൯ ഡാക്ടറന്മാർമാത്രമെ ബഡ്ജററിൽ കാണുന്നുള്ളൂ. അതുപോലെതന്നെ അദ്ദേഹം പറയുകയുണ്ടായി, ൨൫,൦൦൦ ആളുകൾക്ക് ഒരു ഡാക്ടർ എന്ന നിലയ്ക്കു നമ്മുടെ രാജ്യം ഉയർന്നിട്ടുണ്ട് എന്ന്. അദ്ദേഹത്തിന്റെ പ്രസ്താവനയിലുള്ള ആത്മാർത്ഥതയെ ഞാൻ ചോദ്യം ചെയ്യുന്നില്ല എങ്കിലും, യാഥാർത്ഥ്യവുമായിട്ടു പൊരുത്തപ്പെടാത്ത ഒരു കണക്കാണ് ഇതു്. ൨൫,൦൦൦-ൽപരം ആളുകൾക്ക് ഒരു ഡാക്ടർ വീതമാണ് യഥാർത്ഥത്തിൽ സംസ്ഥാനത്തുള്ളതു്. ശരിയായി കണക്കെടുക്കുന്നപക്ഷം ഇതു വാസ്തവമാണെന്നു ബോദ്ധ്യപ്പെടും.

ശ്രീ. എൻ. പി. വർഗ്ഗീസ്: പ്രൈവററ ഡാക്ടറന്മാരെ കൂടി ഉൾപ്പെടുത്തിയാണോ ഈ കണക്കു പറഞ്ഞതെന്നറിയാമോ?

ശ്രീ. കെ. കുട്ടപ്പൻ: ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയാണ് പറഞ്ഞതെന്നു ഞാൻ വിചാരിക്കുന്നില്ല. സർ, സംസ്ഥാനത്തുള്ള രോഗികൾക്ക് വേണ്ടത്ര ചികിത്സാസൗകര്യം ലഭിക്കുന്നില്ല എന്നുള്ളതു് ഇപ്പോഴത്തെ ഒരു പരാതിയല്ല. കുറച്ചുകാലംകൊണ്ട് ഈ പരാതി ഉന്നയിക്കുകയാണ്. കൂടുതൽ കൂടുതൽ ഡാക്ടറന്മാരും ചികിത്സാസൗക

[ശ്രീ. കെ. കുട്ടപ്പൻ.]

രൃങ്ങളും ഉണ്ടാക്കിത്തരണമെന്നു നാട്ടുകാർ പറയുമ്പോഴൊക്കെ ഗവ:ണ്മെൻറ പറയുന്നതു് കെട്ടിടത്തിനും ഉപകരണങ്ങൾക്കും പണം ഉണ്ടാക്കിയാൽ മററു സൗകര്യങ്ങൾ ഗവണ്മെൻറ നിർവ്വഹിക്കാമെന്നാണ്. പൊതുജനങ്ങളിൽ നിന്നും ഒരു തുക പിരിച്ചു് ഗവണ്മെൻറിനെ ഏല്പിക്കുന്നതായാലും ആശുപത്രിനിർമ്മാണത്തിൽ ഗവണ്മെൻറ വളരെ ഒരു അലസമനോഭാവമാണ് കാണിക്കുന്നതു്. ഉദാഹരണമായി പറയുകയാണെങ്കിൽ കായംകുളത്തു് ആശുപത്രിയുടെ നിർമ്മാണത്തിനുവേണ്ടി അവിടത്തെ പൊതുജനങ്ങളിൽനിന്നും ഒരു വലിയ തുക പിരിച്ചെടുത്തു ഗവണ്മെൻറിനെ ഏല്പിക്കുകയുണ്ടായി. ഗവണ്മെൻറ് മൂന്നു നാലു വർഷം കഴിഞ്ഞാണ് ആശുപത്രി അവിടെ ഉൽഘാടനം ചെയ്തതു്. പ്രസവക്കേസുകളെ സംബന്ധിച്ചാണെങ്കിൽ കായംകുളത്തു് ഒരു പ്രസവവാർഡില്ല. ആശുപത്രിയിൽ പ്രസവത്തിനുവരുന്ന ഗർഭിണികളോടു് ഒരു പ്രത്യേക രീതിയിലുള്ള മനോഭാവത്തോടുകൂടിയാണു ഡാക്ടറന്മാർ പെരുമാറുന്നതു്. അതായതു്, കോടതികളിലും മററും കേസുകൾ അവധിക്കുമാററുന്നതുപോലെ പ്രസവിക്കാൻ വരുന്ന സ്ത്രീകളോടു് അവധി പറഞ്ഞു് അയയ്ക്കുകയാണു പതിവു്. ബഹുമാനപ്പെട്ട മന്ത്രി ആ ആശുപത്രി ഉൽഘാടനം ചെയ്യാൻ വന്ന സമയത്തിനു് ഒരു മണിക്കൂർ മുമ്പു് ഒരു ഗർഭിണിയെ, വളരെ സാധുവാണ്, പ്രസവവേദനയുമായി ആശുപത്രിയിൽ കൊണ്ടുവന്നു. രോഗിയെ ഡാക്ടർ കണ്ടു. ഒരു പ്രതിഫലം കൊടുക്കുന്നതിനും ഗർഭിണിക്കു് നിവൃത്തിയില്ലെന്നു ഡാക്ടർ മനസ്സിലാക്കിയതിൻെറ ഫലമായി ഒരു ദിവസം കഴിഞ്ഞേ പ്രസവം നടക്കുകയുള്ളു എന്നും അതുകൊണ്ടു് ഇപ്പോൾതന്നെ വീട്ടിലേക്കു് പോകേണ്ടതാണെന്നും പറഞ്ഞു് ആ സ്ത്രീയെ അവിടെനിന്നും അയയ്ക്കുകയാണുണ്ടായതു്. അശരണയായ ആ സ്ത്രീയെകൊണ്ടു വന്നതു് വള്ളത്തിലായിരുന്നു. ആശുപത്രിയിൽനിന്നും മടങ്ങിപ്പോകുമ്പോൾ കായങ്കുളം കായലിൻെറ നടുവിൽ വള്ളത്തിൽവെച്ചു പ്രസവിക്കുകയാണു ചെയ്തതു്. ആളുകൾ ഈ കാര്യം പുറത്തറിഞ്ഞു ഡിസ്ട്രിക്ററാഫീസർക്കു് പരാതികളും മററും അയയ്ക്കുകയുണ്ടായി. സർ, കായങ്കുളം നിവാസികളിൽനിന്നും പണം പിരിച്ചെടുത്തു ഉണ്ടാക്കിയ ഒരാശുപത്രിയാണ് ഇതു്. ഈ ആശുപത്രിയിൽ നിയമിതരായിട്ടുള്ള ഡാക്ടറന്മാർക്കു് സാധുക്കളുടെ പേരിൽ യാതൊരു അനുകമ്പയും ഉണ്ടാകുന്നില്ലെന്നു ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. സർ, ഇന്നു കായങ്കുളത്തുള്ള ആശുപത്രിയിൽ ഉ ര് കിടക്കകളാണുള്ളതു്. നൂ ര് രോഗികളാണ് അവിടെ കിടന്നു ചികിത്സിക്കപ്പെട്ടുവരുന്നതെന്നു റിപ്പോർട്ടിൽ കാണുന്നു. കൊല്ലം ഡിസ്ട്രിക്ററിൽ മററു ഡിസ്പെൻസറികളെ അപേക്ഷിച്ചു് കൂടുതലാളുകളാണ് കായങ്കുളം ആശുപത്രിയിൽ ദിവസേന വന്നുകൊണ്ടിരിക്കുന്നതു്. ഏകദേശം ആയിരത്തോളം ജനങ്ങൾ രോഗികളായിട്ടും മരുന്നു വാങ്ങുന്നതിനായിട്ടും മററും അവിടെ ദിനംപ്രതി വന്നുകൂടുന്നു. അവിടെ വന്നാൽ ഇവർക്കു് ഇരുന്നുകൊണ്ടു നിൽക്കുന്നതിനുപോലും സൗകര്യമില്ലാത്ത ഒരു സ്ഥിതിയാണു അവിടെയുള്ളതു്. വയറുകടി, സന്നിപാതജ്വരം മുതലായ രോഗങ്ങൾക്കു് അവിടെ കിടന്നു ചികിൽസിക്കുന്ന പ്രത്യേകമുറികളില്ല. അത്തരം രോഗികൾ മററുവല്ല ഡാക്ടറന്മാരേയും അഭയം പ്രാപിക്കേണ്ടിയിരിക്കുന്നു. ആശുപത്രികെട്ടിടം വിപുല

പ്പെടുത്തുന്നതിന് ഇനിയും ധനസഹായം ചെയ്യാൻ കായങ്കുളം നിവാസികൾ തയാറാണ്. സ്ഥലം മാത്രം ഗവണ്മെൻറിൽ നിന്നും അനുവദിച്ചു കിട്ടിയാൽ മതിയായിരുന്നു. ഓരോ ദിവസം കഴിയുംതോറും രോഗികളുടെ സംഖ്യ വർദ്ധിച്ചുകൊണ്ടിരിക്കയാണ്. സർ, കരുനാഗപ്പള്ളി, കാർത്തികപ്പള്ളി ഈ താലൂക്കുകളിൽ തൊഴിലില്ലാതായിത്തീർന്നതുനിമിത്തം ഉണ്ടായിട്ടുള്ള പട്ടിണിയുടെ ഫലമായിട്ടാണ് രോഗികൾ ഇത്രവളരെ കൂടിയിട്ടുള്ളത്. നിവൃത്തിയില്ലാത്ത പാവങ്ങൾക്കുവേണ്ടി സൗജന്യമായി ചികിത്സിക്കാൻ ഏർപ്പെടുത്തിയിരിക്കുന്ന ഈ ആശുപത്രിയിൽ പണമില്ലാത്തവർക്കു യാതൊരു സ്ഥാനവുമില്ല. ഇതേ അവസരത്തിൽ തന്നെ എൻെറ നിയോജകമണ്ഡലത്തിലെ മററ് ഒരു ആശുപത്രിയുടെ കാര്യം കൂടി പറഞ്ഞുകൊള്ളട്ടെ. സർ, നമ്മുടെ സംസ്ഥാനത്തു കുഷ്ഠരോഗികളുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുഷ്ഠരോഗ ആശുപത്രികൾ ഒന്നു കുരട്ടിയിലും മറെറാന്നു നൂറനാട്ടുമാണുള്ളത്. ഈ രണ്ടു ആശുപത്രികളുടേയും സ്ഥിതിഗതികൾ നല്ലതുപോലെ ബഹുമാനപ്പെട്ട മന്ത്രിക്കു അറിയാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. സർ, വ ൦ ൦ രോഗികൾ നൂറനാട്ട് ഇപ്പോൾത്തന്നെയുണ്ട്. ഈ വ ൦ ൦ രോഗികളിൽ കിടക്കപ്പിട്ടിയിട്ടുള്ളത് വെറും ൨ ൦ ൦ പേർക്കു മാത്രമാണ്. ബാക്കിയുള്ളവർ ആശുപത്രിയുടെ വരാന്തയിലും മററും മഴയും വെയിലും ഏററുകൊണ്ടു കഴിച്ചുകൂട്ടി വരുന്നു. മരുന്നുകൾ കിട്ടുന്നില്ലായെന്നു ഡാക്ടർ തന്നെ പറഞ്ഞിട്ടുണ്ട്. അടിസ്ഥാനപരമായ യാതൊരു മരുന്നും ഇന്നവിടെയില്ല. അവിടെ സപ്ലിമെൻററി മെഡിസിൻസ് ഏന്നൊരു ഫണ്ടു് ഉണ്ടെന്നും അറിയുന്നു. പുറത്തുനിന്നും മരുന്നു വാങ്ങിച്ചുകൊണ്ടു ചെന്നാൽമാത്രമെ ചികിത്സ നടത്താൻ സാധിക്കയുള്ളുവെന്നുമാണ് ഡാക്ടർ പറയുന്നത്. അല്പസ്വല്പം നിവൃത്തിയുള്ള രോഗികൾ ഈ മരുന്നുവാങ്ങി ചികിത്സ നടത്തുകയും മററുള്ളവർ അവിടെ ഔഷധരഹിതരായി കഴിഞ്ഞുകൂടുകയുമാണ് ചെയ്യുന്നത്.

ആപ്പറേഷനുവേണ്ടിയുള്ള ഉപകരണങ്ങൾതന്നെ ആശുപത്രിയെ സംബന്ധിച്ചിടത്തോളം വേണ്ടത്രയില്ലെന്ന് പലപ്പോഴും എനിക്ക് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പ്രാവശ്യം ഈ നിയമസഭയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പർ പറഞ്ഞതുപോലെ ആശുപത്രികളിൽ ആപ്പറേഷൻെറ പ്രാഥമികമായ കാര്യങ്ങൾക്ക് ഉപയോഗിക്കേണ്ടതായ ഉപകരണങ്ങൾ പോലും ഇല്ലെന്നുള്ളതു് വളരെ ലജ്ജാകരമായ ഒന്നാണെന്ന് പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ആശുപത്രിയിലെ രോഗികളുടെ ആഹാരകാര്യത്തെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതും കൺട്രാക്ട് കൊടുത്തിരിക്കുകയാണ്. പ്രതിമാസം ഇരുപത്തിരണ്ടുരൂപയോളമാണ് ഒരു രോഗിയുടെ ഭക്ഷണത്തിനുവേണ്ടി സർക്കാർ ചിലവു ചെയ്യുന്നത്. ഒരു രോഗിക്ക് കാൽറാത്തൽ മാംസങ്ങളും, ൧ ൪ ഔൺസ് ഭക്ഷ്യധാന്യങ്ങളുമാണ് അനുവദിച്ചിട്ടുള്ളത്. അവരുടെ പ്രധാന ആഹാരം മത്സ്യങ്ങളായാണെന്നുള്ള സംഗതി ഇവിടെ പറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങനെയാണ് ഒരു രോഗിക്ക് ഒരു മാസത്തിൽ ൨ ൨ രൂപായുടെ ആഹാരം കൊടുക്കുന്നത്. മാസത്തിലൊരിക്കൽ മത്സ്യവും ഇറച്ചിയും കൊടുക്കുന്നുവെന്നും കേൾക്കുന്നുണ്ട്.

Mr. Speaker : Has it been found good for the particular disease ?

ശ്രീ. കെ. കുട്ടപ്പൻ : പ്രധാന ആഹാരം മരുന്നുകളയാണ് എന്നു പറയുകയാണ്. മരുന്നും ശരിയായിട്ടുള്ള ആഹാരവും ലഭിക്കുമെങ്കിൽ ഇപ്പോഴുള്ളതിൽ ൯ ൦ ശതമാനം രോഗികളെ ഒരു കൊല്ലംകൊണ്ടു സുഖമാക്കി പറഞ്ഞു വിടാവുന്നതാണ്. രോഗികളുടെ തന്നെ വകയായി ഒരു പ്രത്യേക സൊസൈററിയുണ്ട്. രജിസ്റ്റർ ചെയ്തതല്ല. പല കാര്യങ്ങളിലും സർക്കാരിനെ സഹായിച്ചുകൊണ്ടിരിക്കുന്ന ഒരു സൊസൈററിയാണ് അതു്. അവിടെയുള്ള രോഗികൾതന്നെയാണ് സൊസൈററി വക പല സ്ഥലങ്ങളും കൃഷിചെയ്യുകയും പല ആഹാരസാധനങ്ങളും ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നതു്. പാൽ വിതരണം ചെയ്യുന്നതും ആ സൊസൈററിയാണ്. ഒരു മെഡിക്കൽ സ്റ്റോർതന്നെ ആ സൊസൈററി നടത്തുന്നുണ്ട്. മരുന്നുകൾ മിതമായവിലയ്ക്ക് ആ സൊസൈററിയിൽനിന്ന് വിൽപ്പന നടത്തുന്നുണ്ട്. ആഹാരം പാകംചെയ്തു കൊടുക്കുന്നതിനും മററുമുള്ള അവകാശം കൺട്രാക്ട് കൊടുക്കാതെ ഈ സൊസൈററിയെ ഏൽപ്പിക്കുന്നതു നന്നായിരിക്കും. കുഷ്ഠരോഗികളുടെ സംരക്ഷണാർത്ഥം അവരുടെ പിച്ചപ്പാളയിലേക്കിടുന്ന സംഖ്യയിൽ ഒരു ചില്ലറ കാശുപോലും പുറത്തു പോകാത്തവിധത്തിൽ അതിൽ നിന്നെങ്കിലും കൊള്ളയടിക്കാത്ത വിധത്തിൽ സർക്കാർ മച്ചമ്പികളുടെ ചുഷണം അവസാനിപ്പിക്കുന്നതിന് ഉടൻ വേണ്ടതു ചെയ്യണം. കൺട്രാക്ട് സൊസൈററിക്കുതന്നെ കിട്ടത്തക്ക വണ്ണം അവരെ ഏൽപിക്കുന്നതു് നന്നായിരിക്കുമെന്നാണ് എനിക്കു പറയുവാനുള്ളതു്. അവിടെയുള്ള കുഷ്ഠരോഗികളെ കൊണ്ടുതന്നെ ആ മതിൽ കെട്ടിനകത്തുള്ള പല ജോലികളും ചെയ്യിക്കുന്നുണ്ട്. കക്കൂസു വെടിപ്പാക്കുക, കുളിമുറി വൃത്തിയാക്കുക റോഡുകൾ ഉണ്ടാക്കുക നന്നാക്കുക മുതലായ പല ജോലികളും അവരെക്കൊണ്ടാണ് ചെയ്യിക്കുന്നതു്. അതിലേക്ക് അവക്ക് വ അണ മുതൽ ഒന്നരരൂപാവരെയാണ് പ്രതിമാസം ശമ്പളം കൊടുത്തുവരുന്നതു്. ശമ്പളം കുറയുന്നതിന് കാരണമായി സർക്കാർ പറയുന്ന മറുപടി അവക്ക് ആഹാരം കൊടുക്കുന്നുണ്ട്, മരുന്നുകൾ കൊടുക്കുന്നുണ്ട്, എന്നൊക്കെയാണ്. അതു ശരിയല്ല. കുഷ്ഠരോഗികൾ ചെയ്യുന്ന ജോലിക്കും പ്രതിഫലം കൊടുക്കത്തക്ക സർക്കാരിന്റെ ഈ വ്യവസ്ഥകെട്ടു നയം മാറണം. ഇനിയും മററൊരുകാര്യംകൂടി എനിക്ക് പറയുവാനുണ്ട്. കുഷ്ഠരോഗികൾ സമുദായമദ്ധ്യത്തിൽ നിഷ്കിഞ്ചനരാണെന്നുള്ള കാരണംകൊണ്ട് അവർ മററുള്ളവരെ ഉപദ്രവിക്കാതെ ഈ ആതുരപത്രിയിൽ കഴിയുകയാണ്. അവരെ മനുഷ്യരായി ഗണിക്കാനും അവക്ക് ആവശ്യമായ വസ്ത്രങ്ങൾ നൽകിവരാറില്ല. ആണ്ടിൽ ഒരു പ്രാവശ്യം ഒരു മുണ്ടും ഒരു ജമുക്കാളവും ആണ് ഒരു രോഗിക്കു കിട്ടുന്നതു്. ഇങ്ങനെ ആണ്ടിൽ ഒരു പ്രാവശ്യം മാത്രം വസ്ത്രങ്ങൾ കൊടുക്കുന്ന നയം മാറേണ്ടതു് ആവശ്യമാണ്. അതുപോലെതന്നെ അവക്ക് ചെരിപ്പുകൊടുക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ അതുംകൊടുക്കുന്നില്ല. രണ്ടുകൊല്ലംമുമ്പ് ദേവസ്വം ഡിപ്പാർട്ടുമെൻറിൽനിന്ന് ആറനാട്ടിലെ കുഷ്ഠരോഗികൾക്ക് ചെരിപ്പു നൽകിയിട്ടുണ്ട്. ഇതാണവിടത്തെ സ്ഥിതി. അതിൽനിന്നും യാതൊരു വ്യത്യാസവുമില്ലാത്ത ഒരു അവസ്ഥയാണ് കൊരട്ടിയിലെ രോഗികൾക്കുള്ളതു്. സാൽവേഷൻ ആർമിയിൽനിന്നാണ് അവിടെ ഭരണം നടത്തുന്നതു്. ചിലവെല്ലാം സർക്കാരിൻേറതും. അടുത്തകാലത്തു് രോഗികൾ ആഹാരത്തിനുവേണ്ടി ശബ്ദമുണ്ടാക്കിയെന്ന കാരണത്താൽ ചിലരെയെല്ലാം അവിടെനിന്നും പുറത്താക്കി കുഷ്ഠരോഗികളെ കേസിൽ

കൂട്ടക്കി പോലീസ് കണ്ടമാനം അവരെ തല്ലിച്ചുതച്ച്. കുഷ്ഠരോഗി കളെപ്പോലും നമ്മുടെ പോലീസു വിടുകയില്ല. ഒടുവിൽ, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവോടുകൂടി വീണ്ടും, അവിടെ പ്രവേശനത്തിനു ചെന്നപ്പോൾ സാൽവേഷൻ ആർമിയിലെ ആളുകൾ അവക്ക് പ്രവേശനം കൊടുത്തില്ല. ഈ രാജ്യത്തെ ആളുകളെ പെട്ടെന്ന് ബാധിക്കുവാൻ ഇടയുള്ള സാംക്രമിക രോഗമുള്ള ഈ കൂട്ടരെ വെളിയിൽ അലഞ്ഞുനടക്കുവാൻ വിടാതെ അവക്ക് ഉടനെ പ്രവേശനം കൊടുക്കേണ്ടതു് സർക്കാരിന്റെ ചുമതലയാണ്. കൊരട്ടിയിലും ആറനാട്ടിലുമുള്ള ഈ വക അനാശാസ്യ സമ്പ്രദായങ്ങളെമാററി, അവക്ക് ആവശ്യമുള്ള മരുന്നും ആഹാരവും വസ്ത്രവും വിതരണംചെയ്യുവാൻ ഒട്ടുംതന്നെ അമാന്തിക്കരുതു്. ആശുപത്രിയിൽ പണിയെടുക്കുന്ന അവക്ക് ന്യായമായ ശമ്പളം കൊടുക്കുവാനും സർക്കാരിന്റെ ദയാദൃഷ്ടിപതിയേണമെന്നും അപേക്ഷിക്കുകയാണ്. കുഷ്ഠരോഗികളുടെ പിച്ചച്ചട്ടിയിൽ കയ്യിടുന്ന സമ്പ്രദായം മാററുകതന്നെ വേണം. സർ, സമയമില്ലാത്തതിനാൽ ഞാൻ നിറുത്തുന്നു. ഞാനെന്റെ ഉപക്ഷേപം അവതരിപ്പിക്കുന്നു.

Mr. Speaker : Mr. Karunakaran may move his motion No 113.

Shri Kambisseril Karunakaran : I move :

To reduce the total allotment of Rs. 1,01,76,000 under Demand XIX by Re. 1.

Mr. Speaker : Hon. Members will kindly see that they keep to their time- ten minutes for a mover and 5 minutes each for those who speak in support of the motion.

ശ്രീ. കാമ്പിസ്സേരിൽ കരുണാകരൻ : സർ, എനിക്ക് മെഡിക്കൽ വകുപ്പിലെ ആയുർവ്വേദ വിഭാഗത്തെപ്പററിയാണ് പറയുവാനുള്ളതു്. നമ്മുടെ രാജ്യത്തു് വളരെക്കാലമായിട്ട് സ്വീകരിക്കപ്പെട്ടിട്ടുള്ള ഒന്നാണ് ആയുർവ്വേദ ചികിത്സാസംപ്രദായം. അടുത്തകാലത്തായി നമ്മുടെ ഗവണ്മെൻറ് ആയുർവ്വേദത്തിന് ചില പ്രോത്സാഹനങ്ങളെല്ലാം നൽകിവരുന്നുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ തന്നെയും ആയുർവ്വേദ ഡിപ്പാർട്ടുമെൻറിന്റെ ഭരണം വളരെ മോശമായി വരികയാണ്. ഈ രാജ്യത്തെ ജനങ്ങൾക്ക് ആയുർവ്വേദ വൈദ്യസംപ്രദായത്തോട് കൂടുതൽ താൽപര്യം ഉണ്ടെങ്കിലും അതിനുതക്ക വിധത്തിലുള്ള പ്രോത്സാഹനങ്ങൾ ഗവണ്മെൻറ് ചെയ്തുകൊടുത്തു വരുന്നില്ലെന്നുള്ളതു് വളരെ വ്യക്തമായ ഒരു സംഗതിയാണ്. അതിനെ സംബന്ധിച്ച് ചില കണക്കുകൾ ഞാൻ ഇവിടെ പറയാം.

൧൯൫൫-൫൬ വർഷത്തിലെ ബഡ്ജററിൽ മെഡിക്കൽ ഡിപ്പാർട്ട്മെൻറിൽ അലോപ്പതി സംപ്രദായത്തിന് വ്വൻ, ൫൭, ൭൯ രൂപാ ആണ് അനുവദിച്ചിട്ടുള്ളതു് എന്നിരിക്കെ ആ ബഡ്ജററിൽ ആയുർവ്വേദത്തിന് ൫, ൭൫, ൯൫ രൂപാ മാത്രമാണ് കൊള്ളിച്ചിരിക്കുന്നതു്. അലോപ്പതി സമ്പ്രദായത്തിന് ഇതിലും കൂടുതൽ തുക അനുവദിച്ചാലും അതു് അധികമാണെന്ന് ഞാൻ പറയുകയില്ല. പക്ഷേ അതേ സമയത്തു് ഗവണ്മെൻറ്, ആയുർവ്വേദത്തിന് അനുവദിച്ചിട്ടുള്ള തുക വളരെ കുറവാണ്

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ.]

ഫ൯ ൫ ഫ-൫ഗ വർഷങ്ങളിൽ മൊത്തം ൪ഗ,ഗ ൭,൦൩ഫ ഔട്ട്പേഷ്യൻറ്സിനെയാണ് അലോപ്പതി സമ്പ്രദായപ്രകാരം ചികിത്സിച്ചിട്ടുള്ളത്. എന്നാൽ കേരളം ൫ ലക്ഷത്തോളം മാത്രം രൂപാ ചിലവ് ചെത്തിരുന്ന ആയുർവ്വേദ സ്ഥാപനങ്ങൾ മൊത്തം ചികിത്സിച്ച ഔട്ട്പേഷ്യൻറ്സിന്റെ എണ്ണം ഫ൩,൫ഗ,൦ ൫ഗ ആണ്. ആയുർവ്വേദചികിത്സാസമ്പ്രദായംകൊണ്ട് ഭൂരിപക്ഷം ജനങ്ങൾക്ക് പ്രയോജനമുണ്ടാകുന്നുണ്ട് എന്നുള്ളതു് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ നിന്നുതന്നെ കാണാം. ഫ൯ ൫ ഫ-൫ഗ-ൽ അലോപ്പതി ചികിത്സാപ്രകാരം രോഗിയൊന്നിന് ശരാശരി ചിലവ് രണ്ടുരൂപാ ന്യ പൈസായും ആയുർവ്വേദത്തിന് ഏകദേശം ന്യ അണയും മാത്രമാണ്. ഇതു് സാമാന്യമായ ഒരു കണക്കാണ്. ആയുർവ്വേദത്തിനും അലോപ്പതിക്കും തമ്മിൽ ഉള്ള ഈ വ്യത്യസ്തതമൂലം ആയുർവ്വേദത്തിന് സാമ്പത്തികമായ കുഴപ്പമുണ്ട് എന്നുമാത്രമല്ല അതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാക്കുവാൻ കഴിയുന്നുമില്ല. ഇനിയും മറെറാരു തരത്തിൽ നോക്കാം. നമ്മുടെ ജനറലാശുപത്രിയിൽ ഫ൯ ൫ ഫ-൫ഗ-ൽ ഫ,൦ ഫ,൩വ്വഗ ഔട്ട്പേഷ്യൻറ്സും ആയുർവ്വേദ ആശുപത്രിയിൽ ന്യവ്വ,ന്യ ൭ഗ ഔട്ട്പേഷ്യൻറ്സും ഉണ്ടായിരുന്നു എന്ന് മറെറാരു കണക്കുകൊണ്ട് കാണുന്നു. ജനറൽ ആശുപത്രിയിലെ ഡെയിലി ആവറേജ് ഫ,ഗ൯൩, ൪-൦ ആയുർവ്വേദാശുപത്രിയിലെ ഡെയിലി ആവറേജ് ൭ ൫ ൯ ൪-൦ ആണ്. ആയുർവ്വേദാശുപത്രിയിൽ ഔട്ട്പേഷ്യൻസിന്റെ എണ്ണം മുമ്പിലത്തേതിനേക്കാൾ വളരെ കുറവാണ്. ആറേഴു വർഷത്തിനു മുമ്പ് ഒരു ലക്ഷത്തോളം ഔട്ട്പേഷ്യൻസുണ്ടായിരുന്നിട്ടുണ്ട്. കഴിഞ്ഞ വർഷം ആയുർവ്വേദാശുപത്രിയിൽ വ്വ ൦,ന്യ ൦ ൦ ഔട്ട്പേഷ്യൻസുണ്ടായിരുന്നു, അവരുടെ ഡെയിലി ആവറേജ് വ്വഗ ന്യ,൩ ആണ്. ഇങ്ങനെ ഡെയിലി ആവറേജിന്റെ കണക്കു നോക്കുമ്പോൾ ആയുർവ്വേദ സമ്പ്രദായം കൊണ്ടുള്ള പ്രയോജനം ജനങ്ങൾക്ക് കുറഞ്ഞു കുറഞ്ഞു വരുന്നതായി കാണാം. ഇതിന് ഒന്നുരണ്ടു് ഉദാഹരണങ്ങൾകൂടി ഞാൻ ചൂണ്ടിക്കാണിക്കാം. ആയുർവ്വേദ സ്ഥാപനങ്ങളിലെ രോഗികളുടെ കാര്യമാണു പറയുന്നതു്. തൃശ്ശൂർ രാമവർമ്മ സെൻട്രൽ ആയുർവ്വേദ ആശുപത്രിയിൽ ൫ ൦-൫ ഫ വർഷങ്ങളിൽ ഡെയിലി ആവറേജ് അററൻറൻസ് ഫ ഫവ്വ ആയിരുന്നതു് ൫ ഫ-൫ഗ-ൽ ഫ ൦ ൦൩ ആയി കുറഞ്ഞിട്ടുണ്ട്. അതുപോലെ കണ്ണു ചികിത്സയ്ക്കു് വന്നിട്ടുള്ളവരുടെ എണ്ണം ൭ന്യവ്വ ൦-ൽനിന്ന് ന്യ ൪ ൭ ൦ ആയി കുറഞ്ഞിട്ടുണ്ട്. വിഷ ചികിത്സയ്ക്കുള്ള രോഗികളുടെ എണ്ണവും ഫ ഫ ന്യ ഫ-ൽനിന്ന് ഫ ഫ ൦വ്വ-ആയി കുറഞ്ഞിട്ടുണ്ട്. കോഴിക്കോട്ടും ആശുപത്രിയിൽ ഡെയിലി ആവറേജ് ഇതുപോലെ ഗ വ്വ ഗ-ൽനിന്ന് ഗ ഗ ൭ ആയിട്ടും നെയ്യാററിൻകരയിൽ ഉള്ള ആശുപത്രിയിൽ ഫ വ്വ ൩-ൽനിന്ന് ഫ ൭ ൭ ആയിട്ടും കുറഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ആയുർവ്വേദാശുപത്രിയിൽ ഒരു രോഗിക്ക് ദിവസംപ്രതി ഔഷധത്തിനുള്ള ചിലവ് ഫ അണ ൯ പൈസാ ആണ്. മരുന്നു ചിലവുവകയ്ക്കു് വിലമരുന്നിന്റെ കഥ പോകട്ടെ. കഷായത്തിന് മാത്രമായാലും ഒരു ദിവസം വ്വ ഔൺസ് കഷായം വേണം, ദിവസം ഗ അണയെങ്കിലും ചെലവുവരും. അതിനു പോലും, അനുവദിച്ചിട്ടുള്ള തുക മതിയാകുന്നില്ല. പിന്നെ ഡയററ് ചിലവിന് ആയുർവ്വേദാശുപത്രിയിൽ ന്യ അണ വീതം കണക്കുവയ്ക്കുന്നതെങ്ങ

ങ്കിലും വിഭജിച്ചു കഴിഞ്ഞാൽ അതു് പലക്കും കിട്ടാതേയും വരുന്നുണ്ടു്. ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം നേരിട്ടുപോയി കാണുന്നുണ്ടെന്നു് ഞാൻ വിശ്വസിക്കുന്നു അൻപതു ബെഡ്ഡുകൾ അവിടെയുണ്ടെങ്കിലും അതിലെ രോഗികൾക്കെല്ലാംകൂടി ഒരു ദിവസത്തേയ്ക്കു് രണ്ടിടങ്ങഴി പാലാണു് അനുവദിച്ചിട്ടുള്ളതു്. ഇവിടത്തെ ആയുർവ്വേദാശുപത്രിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ വളരെ അപമാനകരമായ ഒരു അനുഭവം പറയുവാനുണ്ടു്. നമ്മുടെ ഏററവും അത്യാവശ്യവും പ്രധാനപ്പെട്ടതുമായ ആയുർവ്വേദ ആശുപത്രി ഇന്നു സ്ഥിതിചെയ്യുന്നതു് പുത്തൻചന്ത പോലീസ് സ്റ്റേഷന്റെ വരാന്തയിലാണു്. ഇതു് നമ്മുടെ രാജധാനിയിൽ ഏററവും പ്രധാനപ്പെട്ട പട്ടണത്തിൽ സ്ഥാപിച്ചിട്ടുള്ള ആശുപത്രിയാണു്. നമ്മുടെ ചില പ്രാചീന തറവാടുകളിലെ ഏഴിമടിച്ചു തേങ്ങാക്കൂട്ടു പോലെയുള്ള ഒരു കൂട്ടിനകത്താണു് ഇന്നു് ഈ ആശുപത്രി നടത്തുക. അതിലെ ഔട്ടുപേഷ്യൻറ്സ് വാർഡിൽ പെണ്ണുങ്ങൾക്കു് ചെല്ലാൻതന്നെ വളരെ പ്രയാസമുണ്ടു്. അതുകൊണ്ടു് പോലീസ്സ്റ്റേഷൻ അവിടെനിന്നു് മാററുകയോ അല്ലാത്തപക്ഷം ആശുപത്രി മറേറതങ്കിലും സ്ഥലത്തേയ്ക്കു് മാററി സ്ഥാപിക്കുകയോ ചെയ്യേണ്ടതാണു്. ഇപ്പോൾ രോഗികൾക്കു് അവിടെ കിടക്കുവാൻ വയ്യായെന്നുള്ള പരാതികൾ ഉണ്ടു്. കാരണം പോലീസ്സ്റ്റേഷനിൽനിന്നുള്ള ഇടിയും കരച്ചിലും ഒരററത്തു്. മൂത്രം മുതലായ മാലിന്യങ്ങൾ ആശുപത്രിയുടെ മുററത്താണു് കൊണ്ടുവന്നു നിക്ഷേപിക്കുന്നതു്. അതുനിമിത്തം ആയുർവ്വേദാശുപത്രിയിൽ വരുന്ന ആളുകൾക്കു് ഉദ്ദ്രേകം സഹിക്കേണ്ടിവരുന്നു. ഏതായാലും ഈ സംഗതി നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം ശ്രദ്ധിക്കണമെന്നു് അപേക്ഷിക്കുന്നു.

ഇനി എനിക്കു് ഒന്നു രണ്ടു സംഗതികൾകൂടി ഇവിടെ പറയുവാനുണ്ടു്. തൃശിവപേരൂർ എസ്സ്. കെ. വി. ഏ. ഫാർമാസിയെപ്പററി പറയാം. എസ്സ്. കെ. വി. ഏ. ഫാർമസിയും തിരുവനന്തപുരത്തു ഫാർമസിയും നമുക്കുള്ള രണ്ടു പ്രധാന ഫാർമസികളാണു്. എസ്സ്. കെ. വി. ഏ. ഫാർമസിക്കു സർക്കാരിൽ നിന്നു ക്യാപിററൽ ഔട്ട്ലേയും അഡ്വാൻസും ഇനത്തിൽ കുറെ അധികം പണം കൊടുത്തിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഏതായാലും അതിൽനിന്നു നല്ല ഒരു വരുമാനം നമുക്കു് ഉണ്ടാകുന്നുണ്ടു് എന്നു വിചാരിക്കുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. ഇക്കൊല്ലംതന്നെ അവിടെനിന്നു വരവു പ്രതീക്ഷിക്കുന്നതു് ൧൯,൦൦൦ രൂപയാണു്. ൧,൯൯,൦൦൦ രൂപ അതിന്റെ ചെലവിലേയ്ക്കു് ഇക്കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. തിരുവനന്തപുരത്തുള്ള ആയുർവ്വേദഫാർമസിയിലേയ്ക്കു് ഇക്കൊല്ലം ൪൪,൫൦൦ രൂപ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. എന്നാൽ അതിൽ നിന്നു ശവണ്ണെന്റെ പ്രതീക്ഷിക്കുന്ന വരവു ൫,൦൦൦ രൂപയാണു്. കഴിഞ്ഞ ചില കൊല്ലങ്ങളിൽ ഈ ഫാർമസിയിൽ നിന്നു ശവണ്ണെന്റെ പ്രതീക്ഷിച്ച വരവു ശവണ്ണെന്റിനുണ്ടായിട്ടില്ല. അതു് അവസാനം നഷ്ടത്തിലാണു് കലാശിച്ചതു്. എസ്സ്. കെ. വി. ഏ ഫാർമസിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ അതിന്റെ ഗതി കീഴ്പോട്ടായിട്ടാണു് കാണുന്നതു്.

ആയുർവ്വേദവിധിപ്രകാരമുള്ള മരുന്നുകൾ ഉണ്ടാക്കുന്നതിനു പണ്ടുണ്ടായിരുന്നതിൽ കൂടുതൽ കൂലിനിരക്കാണു് ഇപ്പോൾ അവിടെ കണക്കെഴുതിയിട്ടുന്നതു്. ഇപ്പോൾ യന്ത്രസഹായം കൊണ്ടുകൂടിയാണു്

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ]

മരുന്നുപൊടിക്കുന്നതു്. വിലപ്രതി ചൂർണ്ണം ഉണ്ടാക്കുന്നതിനു് വൻ തോതിൽ ക്രമത്തിനു മരുന്നുപൊടിക്കാൻ ആവ് തൊഴിലാളികളെ ആവശ്യമുള്ളു. അതിനു് ഇന്നു വാസ്തവത്തിൽ അവിടെ ഏഴുതിവച്ചിരിക്കുന്നതു് ൪ ൪ തൊഴിലാളികൾ വേണമെന്നാണു്. അതുപോലെ ബലാസവചരാദി ൫ ൦ തോതിൽ ക്രമ ിൽ ഉണ്ടാക്കുന്നതിനു് ൧൩ തൊഴിലാളികൾ വാസ്തവത്തിൽ ആവശ്യമുണ്ടു്. എന്നാൽ അതിനു ൩ ൦ തൊഴിലാളികൾ വേണമെന്നു് ഏഴുതിവച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മന്ത്രിയുടെ അറിവിനു വേണ്ടി ഞാൻ ഇതു പറഞ്ഞു് എന്നു മാത്രമേയുള്ളു. തൃശ്ശിവപേരൂരുള്ള എസ്സ്. കെ. വി. ഏ. ഫാർമസിയിലെ മരുന്നിന്റെ വില്പന നോക്കിയാൽ രണ്ടുമൂന്നുകൊല്ലക്കാലമായി ചിലവു വളരെ താഴ്ന്നുവരികയാണു്. നമ്മുടെ ഫാർമസികൾ നല്ല വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു നടത്തിയാൽ ഗവണ്മെൻറിനു് അതുകൊണ്ടു് കൂടുതൽ വരുമാനം ഉണ്ടാകുകയും നാട്ടുകാക്കു് നല്ലമരുന്നുകൾ കിട്ടുകയും ചെയ്യും. അങ്ങനെയായാൽ ആ ഫാർമസിയിൽ നിന്നു് രാജ്യത്തുള്ള എല്ലാ വൈദ്യശാലകളിലേയ്ക്കും ആശുപത്രികളിലേയ്ക്കും ആവശ്യമുള്ള മരുന്നുകൊടുക്കുവാൻ കഴിയും. ഇപ്പോൾ എസ്സ്. കെ. വി. ഏ. ഫാർമസിയിൽനിന്നു് പബ്ലിക്കിനു് ലഭിച്ചുകൊണ്ടിരിക്കുന്ന മരുന്നിനു് വിലതന്നെ കൂടുതലാണു്. എസ്സ്. കെ. വി. ഏ. ഫാർമസിയിലും അതിനടുത്തുള്ള സീതാറാം ഫാർമസിയിലും ചെലവാകുന്ന മരുന്നിന്റെ ചെലവു നോക്കിയാൽ സീതാറാം ഫാർമസിയിൽ ചെലവാകുന്ന മരുന്നിന്റെ പകുതിപ്പോലും എസ്സ് കെ. വി. ഏ. ഫാർമസിയിൽ ചിലവാകുന്നില്ല എന്നു കാണാം. എസ്സ്. കെ. വി. ഏ. ഫാർമസിയിൽ ഉണ്ടാക്കുന്ന മരുന്നിന്റെ വില തന്നെ കൂടുതലാണു്. എസ്സ്. കെ. വി. ഏ. ഫാർമസിയിൽ ൨ ൦ ഔൺസുള്ള ഒരു കുപ്പി ദശമൂലാരിഷ്ടത്തിനു് ൩ രൂപ ൧൪ അണയാണു് വില. സീതാറാം ഫാർമസി ഒരു പ്രൈവറ്റ് ഫാർമസിയാണു്. ആ ഫാർമസിയിൽ ൨൪ ഔൺസുള്ള ഒരു കുപ്പി ദശമൂലാരിഷ്ടത്തിനു നാലു് രൂപയാണു് വില. ചില സ്ഥലങ്ങളിൽ രണ്ടുരൂപ നാലു് അണയ്ക്കു് ദശമൂലാരിഷ്ടം വിൽക്കുന്നതായും നമുക്കറിയാം. എനിക്കു പറയുവാനുള്ളതു് ഗവണ്മെൻറ് നടത്തിവരുന്ന ഈ ഫാർമസികൾ പരിപൂർണ്ണമായി വളർത്തുവാനുള്ള കർശന നടപടികൾ ഗവണ്മെൻറ് സ്വീകരിക്കണമെന്നാണു്. ആയുർവ്വേദാശുപത്രികളുടെ ആവശ്യത്തിനു് ഫാർമസികൾ വളർത്തേണ്ടതു് അത്യാവശ്യമാണു്. ഗവണ്മെൻറിനു് എല്ലാ പകുതികളിലും വൈദ്യശാലകൾ സ്ഥാപിക്കുവാനുള്ള ഒരു പദ്ധതിയുണ്ടു് എന്നു പറഞ്ഞു.

Mr. Speaker : You have already exceeded the time.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : പകുതികൾതോറും ഡിസ്പെൻസറികൾ സ്ഥാപിക്കുവാൻ ഉള്ള പദ്ധതി ഗവണ്മെൻറ് ഫലപ്രദമായി നടത്തുകയും അതോടൊപ്പം നമ്മുടെ ഫാർമസികൾ ഒരു വ്യാവസായിക വീക്ഷണത്തോടുകൂടി സംഘടിപ്പിച്ചു നടത്തുകയും ചെയ്യണം. അതോടുകൂടി ഫാർമസിയിൽ ഉണ്ടാക്കുന്ന മരുന്നു നാട്ടിൽ എല്ലാസ്ഥലത്തും പബ്ലിക്കിനു വിൽക്കാനുള്ള ഏർപ്പാടും ചെയ്യണം. വേറെ ഒന്നു് എനിക്കു പറയുവാനുള്ളതു് അലോപ്പതിആശുപത്രി കളെ സംബന്ധിച്ചാണു്.

Mr. Speaker : That again will take some more time.

ഡാക്ടർ എം. ശിവരാമൻ നായർ : സർ, കഴിഞ്ഞവർഷം മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഒരു ഖണ്ഡനോപക്ഷേപം ഞാൻ ഹാജരാക്കി ചില നിർദ്ദേശങ്ങൾ ചെയ്യുകയുണ്ടായി. സൃഷ്ടിപരമായ ആ നിർദ്ദേശങ്ങളെപ്പററി ഗവണ്മെൻറ് ഇതേവരെ പര്യാലോചിച്ചിട്ടില്ലെന്നു പറയേണ്ടിവന്നതിൽ ഞാൻ ഖേദിക്കുന്നു. ഈ വർഷമെങ്കിലും അപ്രകാരമുള്ള നിർദ്ദേശങ്ങൾ സ്വീകാര്യങ്ങളായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. വേണ്ടിവന്നാൽ ഒരു കമ്മിററിയെ വിളിച്ചുകൂട്ടി നിർദ്ദേശങ്ങൾ പറപ്പെടുവിക്കുന്ന ആളെക്കൂടി ചേർത്ത് അവയെക്കുറിച്ചു പര്യാലോചിക്കുന്നതിനു വേണ്ടതു ചെയ്യേണ്ടതാണ്. കഴിഞ്ഞപ്രാവശ്യം ഞാൻ ചെയ്ത ചില നിർദ്ദേശങ്ങളിൽ ഒന്ന് ഇന്നു പരിശീലനം സിദ്ധിച്ചിട്ടുള്ള ഡാക്ടർമാരുടെ കുറവ് പരിഹരിക്കാൻവേണ്ടി പ്രൈവററായി പ്രാക്ററീസ് ചെയ്യുന്ന, ധാരാളം പരിചയമുള്ള ഡാക്ടർമാരെ, മററു രാജ്യങ്ങളിലും സ്റ്റേററുകളിലും ചെയ്യുന്നമാതിരി, ആണ്ടിററി സർജൻസായി എടുക്കണം എന്നായിരുന്നു. അതിന് ഒരുപക്ഷെ ചില ഭാഗത്തുനിന്നും എതിർശബ്ദം ഉണ്ടായേയ്ക്കാം. ആ എതിർശബ്ദം ഉണ്ടാക്കുന്ന ആളുകളോടും ഗവണ്മെൻറിനോടും എനിക്കു പറയുവാനുള്ളത് മററു പ്രദേശങ്ങളിൽ പരീക്ഷിച്ചു നോക്കിയതിൽ വളരെ നല്ല കാര്യമാണെന്ന് ഉത്തമബോദ്ധ്യം വന്നിട്ടുള്ള ഒരു സംഗതിയാണ് അത് എന്നാണ്.

എൻെറ സ്നേഹിതൻ ബഹുമാനപ്പെട്ട മെംബർ ശ്രീ. കുട്ടപ്പൻ കോയിക്കൽ കായംകുളത്തെ ഒരു ഡാക്ടരുടെ പേരുമാററത്തെപ്പററി പറഞ്ഞു. എനിക്ക് അതിന് സമാധാനം പറയേണ്ട കടമയില്ലെങ്കിലും ഞാൻ ആ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഒരാളായതുകൊണ്ട് എനിക്കുള്ള അനുഭവം വച്ചുകൊണ്ട്, അതിനു സമാധാനമായി ഒരു സംഗതി ചൂണ്ടിക്കാണിക്കുവാൻ ആഗ്രഹിക്കുന്നു. ഒരു ഡിസ്പെൻസറിയിൽ അനേകശതം രോഗികൾ വരും. ഒരു ഡാക്ടർ മാത്രമെ അവിടെ സാധാരണ ഉണ്ടാകയുള്ളൂ. അതുകൊണ്ട് ആ ഡാക്ടർക്ക് എല്ലാവരെയും ഒരുപോലെ പരിശോധിക്കുവാൻ സാധിച്ചില്ലെന്നുവരും. എന്നുതന്നെയല്ല എല്ലാവരേയും ചികിത്സിക്കത്തക്കവിധത്തിൽ ആവശ്യമായ ഉപകരണങ്ങൾ ആശുപത്രിയിൽ ഉണ്ടായി എന്നും വരികയില്ല. അതുകൊണ്ട് ചില സ്ഥലങ്ങളിൽ ഇങ്ങനെയൊക്കെ ചില തടസ്സങ്ങൾ വരുന്നുണ്ട്. അതിനും കൂടി പരിഹാരമായിട്ടാണ് ഞാൻ പറഞ്ഞതു്, കൂടുതൽ ഡാക്ടർമാരെ ഡിസ്പെൻസറികളിൽ നിയമിക്കണമെന്നും അതിന് ആണ്ടിററി ഡാക്ടർമാരായിട്ട് ആളുകളെ എടുക്കണമെന്നും.

മററു ചില നിർദ്ദേശങ്ങളും ഞാൻ ഇവിടെ വയ്ക്കുകയുണ്ടായി. അതു് നാട്ടുകാർക്ക് അവരുടെ അടുക്കൽ ചികിൽസ എത്തിച്ചുകൊടുക്കുന്ന ഒരു പദ്ധതിയാണ്. Mobile Dispensary വലിയ ചെലവില്ലാത്തതും വളരെ പ്രയോജനമുള്ളതുമായ ഒരു പദ്ധതിയാണ് അതു്. കൂടാതെ കുഗ്രാമങ്ങളിൽ ഉള്ള ഡിസ്പെൻസറികളിൽ ജോലിനോക്കുന്ന ഡാക്ടർമാർ പലരും ഉണ്ട്. നാട്ടിൻപുറങ്ങളിൽ ആധുനിക ചികിത്സ നടത്തുന്നതിന് വൈദഗ്ദ്ധ്യം ഉള്ള ഡാക്ടർമാരും നമുക്കില്ലാതെയാണിരിക്കുന്നതു്. അതു പരിഹരിക്കുന്നതിന് ഒരു റിഫ്രഷർകോഴ്സ് ഏർപ്പെടുത്തി

[ഡാക്ടർ എം. ശിവരാമൻ നായർ]

ധാരാളം ആളുകൾക്ക് പരിശീലനം കൊടുക്കാനുള്ള ഒരു പരിശ്രമം ഇവിടെ നടത്തേണ്ടതാണെന്നു ഞാൻ നിർദ്ദേശിക്കയുണ്ടായി. റിഫ്രഷർ കോഴ്സ് ഏർപ്പെടുത്തുന്നതിനു ശ്രമിക്കുകയോ ഒരു സക്ക്യൂലേററിംഗ് ലൈബ്രററി ഉണ്ടാക്കുകയോ ഇതുവരെ ചെയ്തിട്ടില്ല. റിഫ്രഷർ കോഴ്സ് ആരംഭിച്ച് ആളുകൾക്കു പരിശീലനം കൊടുക്കുകയും പ്രയോജനപ്രദമായ രീതിയിൽ ഒരു സക്ക്യൂലേററിംഗ് ലൈബ്രററി ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. കഴിഞ്ഞകൊല്ലം ഞാൻ മറെറാരു കാര്യംകൂടി പറഞ്ഞതായി ഓർക്കുന്നു. മെഡിക്കൽ വകുപ്പുകളുടെ സംയോജനത്തെപ്പററിയാണ് ഞാൻ പറയുന്നത്. സർ, ഇന്ന് പബ്ലിക്ക്ഹെൽത്ത് ഡിപ്പാർട്ടുമെൻറും മെഡിക്കൽ ഡിപ്പാർട്ടുമെൻറും പ്രത്യേകം പ്രവർത്തനം നടത്തുകയാണ്. ഒരേ അവസരത്തിൽ പല സ്ഥലത്തും ഈ രണ്ടു ഡിപ്പാർട്ടുമെൻറും ഒരേ പ്രവൃത്തി നടത്തുന്നുണ്ട്. അതു് രണ്ടുംകൂടി ചേർത്ത് ഒരു ഡിപ്പാർട്ടുമെൻറായി പ്രവർത്തിക്കുകയാണെങ്കിൽ അതിൻെറ സൂപ്പർവിഷൻചാർജ് കുറയ്ക്കാമെന്നുമാത്രമല്ല അതിൻെറ പ്രയോജനം കൂട്ടുവാനും കഴിയും. അതിനെപ്പററിയും വളരെ കാര്യമായി ഗവണ്മെൻറു ചിന്തിക്കണമെന്ന് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടു പറയുവാനുണ്ട്. ശ്രീ. കുട്ടപ്പൻ കോയിക്കൽ പറഞ്ഞു ഇവിടെയുള്ള ആശുപത്രികളിൽ ആവശ്യമായ ഉപകരണങ്ങൾ ഒന്നും ഇല്ലെന്ന്. അതിനെപ്പററിയും ഒരു വാക്ക് ഞാൻ പറഞ്ഞുകൊള്ളട്ടെ. ആശുപത്രികളിൽ ആവശ്യമുള്ള ഉപകരണങ്ങൾ മുഴുവൻ ഉണ്ടാക്കുക എന്നുള്ളത് വളരെ ചെലവുള്ള ഒരു സംഗതിയാണ്. അതിൻെറ ചെലവ് ഗവണ്മെൻറു മാത്രം വഹിക്കുക എന്നു പറഞ്ഞാൽ അസാദ്ധ്യമാണ്. അതുകൊണ്ട് അതതു സ്ഥലത്തെ പൊതുജനങ്ങൾ ദയാപുരസ്സരം സഹകരിച്ച് ഇങ്ങനെയുള്ള കുറവു കുറെയൊക്കെ നികത്തണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇത്രയും പൊതുവായി പറഞ്ഞുകൊണ്ട് ഡിപ്പാർട്ടുമെൻറിൻെറ ഓരോ വിഭാഗത്തിലേയ്ക്കു ഞാൻ കടന്നുകൊള്ളട്ടെ.

അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു അനുസരിച്ച് ഇപ്പോൾ ഏതാണ്ട് ൨൦൦ ആശുപത്രികൾ ഗവണ്മെൻറു നടത്തിവരുന്നുണ്ട്. അതിൽ വലിയ ആശുപത്രികളും വളരെയുണ്ട്. ഇതിൻെറയെല്ലാം പരിശോധന നടത്തുന്നതു് സർജൻ ജനറലാണ്. അദ്ദേഹത്തിൻെറ പേഴ്സനൽ അസിസ്റ്റൻറ് ഒരു ഡാക്ടർ ആയിരിക്കണമെന്ന് കഴിഞ്ഞ തവണ ഞാൻ ഇവിടെ പറയുകയുണ്ടായി. ഇപ്പോൾ ഉള്ള ൨൦൦ ആശുപത്രികളെ കൂടാതെ മെഡിക്കൽ കാലേജിനോടു് അനുബന്ധിച്ച് വലിയ ഒരു ആശുപത്രിയും ഉണ്ടാകുന്നുണ്ട്. ഈ സ്ഥാപനങ്ങളെല്ലാം പരിശോധിക്കുക എന്നുള്ളതു തന്നെ ഒരാൾക്ക് ഭീമമായ ജോലിയാണ്. അദ്ദേഹത്തിൻെറ ഈ ഭാരിച്ച ചുമതല നിർവ്വഹിക്കുന്നതിന് അദ്ദേഹത്തിന് ഒരു സഹായഹസ്തംകൂടി ഗവണ്മെൻറു നൽകിയില്ലെങ്കിൽ അതിൽ പല കുറവുകളും വരുവുന്നതാണ്. അതു പരിഹരിക്കാതെ അദ്ദേഹത്തിൻെറ കൃത്യനിർവ്വഹണത്തിൽ വല്ല കുറവും വന്നാൽ അതിന് അദ്ദേഹത്തെ കുററം പറഞ്ഞിട്ടു കാര്യമില്ല. ഒരു ഡാക്ടറെ തന്നെ അദ്ദേഹത്തിൻെറ പേഴ്സനൽ അസിസ്റ്റൻറായി നിയമിച്ച് ആഫീസുകാര്യങ്ങൾ നിർവ്വഹിക്കണമെന്ന് വളരെ ശക്തിയായി എനിക്കു ഗവണ്മെൻറിനോടു് പറയേണ്ടതുണ്ട്. ഇപ്പോഴത്തെ ജനറൽ

ആശുപത്രി പുതിയതായി പണിയുന്ന കെട്ടിടത്തിലേയ്ക്കു മാററുന്ന അവസരത്തിൽ ഇപ്പോഴത്തെ കെട്ടിടങ്ങളിൽ ചിലതു് ഒഴിയുന്നതാണു്. ജനറൽ ആശുപത്രി പുതിയ സ്ഥലത്തേയ്ക്കു മാററുമ്പോൾ ഇപ്പോൾ ഇരിക്കുന്ന ആശുപത്രിയിലുള്ള സകല ഉപകരണങ്ങളും അവിടെത്തന്നെ ഉണ്ടായിരിക്കണമെന്നു് ശ്രീമാൻ നടരാജപിള്ള അവർകൾ പറയുകയുണ്ടായി. അതിനെപ്പററി എനിക്കു പറയുവാനുള്ളതു് ഇപ്പോൾ ഇരിക്കുന്ന നിലയിൽ തന്നെ അതായതു് രണ്ടു ജനറൽ ആശുപത്രികൾ നടത്തുവാൻ സാദ്ധ്യമല്ല എന്നാണു്. ജനറൽ ആശുപത്രി അവിടെനിന്നു് പുതിയ സ്ഥലത്തേയ്ക്കു മാററുന്ന അവസരത്തിൽ ഡിസ്ട്രിക്ടു് ആശുപത്രിയ്ക്കുള്ള സ്ഥലം ഒഴിച്ചിട്ടുള്ള സ്ഥലത്തു് സർജൻ ജനറലിന്റെ ആഫീസു് മാററണമെന്നാണു് പറയുവാനുള്ളതു്. ഇപ്പോൾ സർജൻ ജനറൽ ആഫീസു് സ്ഥാപിച്ചിരിക്കുന്ന കെട്ടിടത്തിൽത്തന്നെ ആ ആഫീസു് തുടർന്നുകൊണ്ടുപോകുന്നതു് അപര്യാപ്തവും ആക്ഷേപാർഹവുമാണു്. സർജൻ ജനറൽ ആഫീസു് ഇപ്പോൾ ജനറൽ ആശുപത്രി ഇരിക്കുന്ന സ്ഥലത്തേയ്ക്കു മാററുന്നതോടൊപ്പം മെഡിക്കൽ സ്റ്റോർ അവിടെത്തന്നെ തുടരേണ്ടതുമാണു്. അതുപോലെ തന്നെ രോഗവിവരങ്ങൾ ശേഖരിച്ചു് അതു് തിട്ടപ്പെടുത്തിവയ്ക്കുന്നതിനു് ഒരു സ്റ്റാററിസ്റ്റിക്കൽ സെക്ഷനുംകൂടി തുടരുന്നതു് ഉപകാരമായിരിക്കും. മെഡിക്കൽ സ്റ്റോറിനെപ്പററി പറയുകയാണെങ്കിൽ Store keeper-നെ കൂടാതെ ഇപ്പോൾ ഒരു ചീഫ് അക്കൌണ്ടൻറു് ൨൦൦-൩൦൦ രൂപ സ്കെയിലിൽ മെഡിക്കൽ സ്റ്റോറിൽ ഉണ്ടു്. Store keeper-നും ചീഫ് അക്കൌണ്ടൻറിനും തമ്മിൽ ശമ്പളത്തിന്റെ ഈ വ്യത്യാസം മനസ്സിലാകുന്നില്ല. സ്റ്റോർ കീപ്പക്കായിരിക്കണം ഈ മെഡിക്കൽ സ്റ്റോറിന്റെ ചുമതല ഉണ്ടായിരിക്കേണ്ടതു്. ആ സ്റ്റോർകീപ്പർ ഒരു മെഡിക്കൽമാൻ ആയിരിക്കണം. അസിസ്റ്റൻറു് സ്റ്റോർ കീപ്പക്കു് കെമിസ്റ്റ് ആൻഡ് ഡ്രഗ്ഗിസ്റ്റ് ഡിപ്ലോമ ഉണ്ടായിരിക്കണം.

അടുത്തതായി എനിക്കു മെഡിക്കൽ കാളേജിനെപ്പററി രണ്ടുവാക്കു പറയുവാനുണ്ടു്. മെഡിക്കൽ കാളേജിൽ പഠിപ്പിക്കുന്നതിനായി ഏതാനും ആളുകളെ ഗവണ്മെൻറു തിരഞ്ഞെടുത്തു് അവരെ വെളിയിൽ ഡെയിനിംഗിനു അയച്ചിട്ടുണ്ടു്. ഏതുതരത്തിലുള്ള ആളുകളെയാണു് ഗവണ്മെൻറു എടുത്തതെന്നും എന്തു മാനദണ്ഡം വെച്ചാണു് എടുത്തതെന്നും എനിക്കു നിശ്ചയമില്ല. ഏതായാലും വളരെ ഗൌരവമായി ആലോചിച്ചു് ചെയ്യേണ്ട ഒരു കാര്യമാണിതു്. ഏററവും കൂടുതൽ സാമർത്ഥ്യവും വാസനയും ഉള്ള ആളുകളെ മാത്രമേ ഇതിലേയ്ക്കു എടുക്കാവാൻ പാടുള്ളു എന്നാണു് ഞാൻ പറയുന്നതു്. പ്രഫസറന്മാരാകാൻ പോകുന്ന ഇവരുടെ ശിക്ഷണത്തിൽ മെഡിക്കൽ കാളേജിൽ പഠിച്ചു് പുറത്തുവരുന്ന വിദ്യാർത്ഥികൾ ജനങ്ങളുടെ രക്ഷയ്ക്കു പര്യാപ്തമായി തീരത്തക്കവിധത്തിലുള്ള ചികിത്സാവൈദഗ്ദ്ധ്യമുള്ളവരായിത്തീരേണ്ടവരാണു്.

കാളേജു് അഡ്മിഷനെപ്പററി ഇന്നലെ ഇവിടെ പ്രസ്താവിക്കയുണ്ടായി. വളരെ സൂക്ഷിച്ചു നടത്തേണ്ട ഒരു കാര്യമാണു്
3 P. M. അതെന്നു് ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ഒരു മെഡിക്കൽകാളേജ് നടത്തുകയെന്നു പറയുന്നതു ഒരു നിസ്സാരകാര്യമല്ല. സാമർത്ഥ്യമുള്ള അദ്ധ്യാപകന്മാരും ഉപകരണങ്ങളും അതുപോലെതന്നെ ആധുനികസജ്ജീകരണങ്ങളോടുകൂടിയ വിവിധ ആശുപത്രികളും ഉണ്ടെ

[ഡാക്ടർ എം. ശിവരാമൻ നായർ]

ങ്കിലേ ഒരു കാളേജ് വിജയപ്രദമായി നടത്തുവാൻ സാധിക്കയുള്ളൂ. എത്ര ആളുകൾക്കു ആശുപത്രികളിൽ പരിശീലനത്തിനു സൗകര്യം കൊടുക്കാൻ സാധിക്കുമോ അതനുസരിച്ചായിരിക്കണം അഡ്മിഷൻ നൽകേണ്ടതെന്നു വളരെ ശക്തിയായി ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു. അതുപോലെതന്നെ അടുത്ത കൊല്ലം വിവിധ ആശുപത്രികളിൽ വിദ്യാർത്ഥികൾക്കു പരിശീലനത്തിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണ്. ആശുപത്രികൾ വിദൂരസ്ഥിതമായതുകൊണ്ടു് വിദ്യാർത്ഥികൾക്കു് പ്രത്യേകം വാഹനസൗകര്യമുണ്ടാക്കിക്കൊടുക്കേണ്ടതാണ്. കഴിഞ്ഞ വർഷത്തിൽ ഞാൻ സൂചിപ്പിക്കയുണ്ടായി എല്ലാ ഡിസ്ട്രിക്ട് ആശുപത്രികളും വികസിപ്പിക്കണമെന്നു്. ഡിസ്ട്രിക്ട് ആശുപത്രികൾ ഒരു ഡിസ്ട്രിക്ടിന്റെ കേന്ദ്ര ആശുപത്രിയായി വികസിപ്പിക്കേണ്ടതു ജനരക്ഷയ്ക്കു അത്യാവശ്യമാണ്. ആംബുലൻസുകളുടെ കുറവുകളും, ലാബറട്ടറികളും മററു സൗകര്യങ്ങളും നൽകി നല്ലനിലയിൽ ഡിസ്ട്രിക്ട ആശുപത്രികൾ നടത്തേണ്ടതാണ്. അടുത്തതിൽ അവകളെ വികസിപ്പിക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിച്ചുകൊള്ളുന്നു.

ഡിസ്പെൻസറികളുടെ സൂപ്പർവിഷൻ അത്ര ശരിയായി നടക്കുന്നുണ്ടായെന്നു എനിക്കു നിശ്ചയമില്ല. എല്ലാ ഡിസ്പെൻസറികളിലും ശരിയായി സൂപ്പർവിഷൻനടത്തുക്കു നിർദ്ദേശങ്ങൾ നൽകണമെന്നു പ്രത്യേകം ഓർമ്മപ്പെടുത്തുന്നു. പല ആശുപത്രികളിലും ചെന്നുകഴിഞ്ഞാൽ പേപ്പട്ടിവിഷത്തിനു് കുത്തി വയ്ക്കുവാൻ മരുന്നില്ലെന്നു പറഞ്ഞു അയയ്ക്കുകയാണ് ചെയ്യുന്നതു്. അതിനു ശരിയായ നിർദ്ദേശം കൊടുക്കുന്നുണ്ടെങ്കിലും ആ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കാത്ത സംഭവങ്ങൾ ഉണ്ടായിട്ടുണ്ടു്. അങ്ങനെയുള്ള ആശുപത്രികളിൽ രോഗികൾ,ചെന്നാൽ തൽക്കാലം അവിടെ മരുന്നില്ലെങ്കിലും ഉടൻതന്നെ പബ്ലിക്ക്ഹെൽത്തു് ലാബറട്ടറിയിൽനിന്നു് മരുന്നു വരുത്തി അവർക്കു കൊടുക്കത്തക്കവണ്ണമുള്ള ഏർപ്പാടുകൾ ചെയ്യണമെന്നു എനിക്കപേക്ഷയുണ്ടു്.

മറെറാന്നെനിക്കു ഗവണ്മെൻറിനോടു നിർദ്ദേശിക്കാനുള്ളതു് നേഴ്സിങ്ങിനെപ്പററിയാണ്. കൂടുതൽ മെയിൽ നേഴ്സുകളേയും ഫീമെയിൽ നേഴ്സുകളേയും എടുത്തു ആ വിഭാഗം ഒന്നുകൂടി വികസിപ്പിക്കേണ്ടതാണ്. അതുപോലെതന്നെ അവരുടെ ശമ്പളവും ഉയർത്തണമെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. സ്പെഷ്യൽ ആശുപത്രികളെപ്പററി പറയുകയാണെങ്കിൽ പലെടത്തും സൂപ്രണ്ടന്മാർ പല ഗ്രേഡുകാരാണ്. നാഗരുകോവിലിലും നൂറനാട്ടും ഉള്ള ആശുപത്രികളിലെ സൂപ്രണ്ടൻറന്മാർക്കു അസിസ്റ്റന്റ് സർജന്റെ ഗ്രേഡാണു കൊടുത്തിരിക്കുന്നതു്. തിരുവനന്തപുരം കണ്ണാശുപത്രി സൂപ്രണ്ടിനു ഒരു സ്പെഷ്യലിസ്റ്റ് കാഡർ കൊടുത്തിട്ടുണ്ടു്. ഞാൻ പറയുന്നതു സീനിയാറിട്ടിയും ജോലിയുടെ രീതിയും പരിഗണിച്ചു് അവർക്കു വേണ്ട എല്ലാ പ്രോത്സാഹനവും നൽകണമെന്നാണ്.

നാഗരുകോവിൽ ക്ഷയരോഗാശുപത്രിയിൽ രോഗികൾക്കു അഡ്മിഷനും മററും നിയന്ത്രിക്കുന്നതു ഒരു ബോർഡാണ്. അഡ്മിററ്ചെയ്തു ഭേദമാക്കാവുന്ന അപേക്ഷകരെ ഒരു കൊല്ലംകഴിഞ്ഞു വരാൻ പറഞ്ഞു

തിരിച്ചു അയച്ചാൽ മിക്കവാറും അവർ തിരികെ വരാതെ രോഗം മൂർ ന്നാവസ്ഥയിലെ ി മരിക്കാൻ ഇടയാകുന്നതാണ്. അപ്രകാരം സംഭ വിക്കുന്നതു് അപൂർവ്വമല്ല. ഈ റെഡ്ടേപ്പിസം നിറു ണമെന്നാണ ഞാൻ പറയുന്നതു്. അതുകൊണ്ടു് ബോർഡിനു കൊടുത്തിട്ടുള്ള അധി കാരം സൂപ്രണ്ടിനു കൊടുക്കേണ്ടതാണ്. സൂപ്രണ്ടിനെ ഗവണ്മെൻറിനു വിശ്വാസമില്ലെങ്കിൽ ആ സ്ഥാനത്തുനിന്നും മാററി വേറൊരാളെ നിയമി ക്കയാണു വേണ്ടതു്. ഏതായാലും സൂപ്രണ്ടിനു പരിപൂർണ്ണമായ അധി കാരം കൊടുക്കണമെന്നു ഞാൻ ശക്തിയായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. അല്ലാ ത്തപക്ഷം ആ ആശുപത്രി, ജീവനെ രക്ഷിക്കുന്നതിനു പകരം നശി പ്പിക്കുന്ന ഫലം ചെയ്യുമെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. സാനിട്ടറി ഏർപ്പാടുകൾ വളരെ മോശമായ രീതിയിലാണ് അവിടെയുള്ളതു്. അതു ഉടനെ പരിഹരിക്കേണ്ടതാണ്. വാർഡുകൾ പണി കഴിപ്പിച്ച് ചികി ത്സയുടെ പ്രയോജനം കൂടുതൽ ആളുകൾക്ക് നൽകേണ്ടതാണ്. മററു ഡിസ്ട്രിക്ട് ആശുപത്രികളിലും ക്ഷയരോഗവാർഡുകൾ ഉണ്ടാക്കി ഏറെ ക്കുറെ രോഗശമനം വന്ന രോഗികളെ നാഗർകോവിൽ ആശുപത്രിയിൽ നിന്നും മാററാവുന്നതാണ്.

ചെങ്ങന്നൂർ ആശുപത്രിയിൽ ഒരു ലേഡി അസിസ്റ്റൻറ് സർജനെ നിയമിക്കാൻ അനുവദിച്ചതിൽ ഗവണ്മെൻറിനോടു നന്ദി പ്രദർശിപ്പിച്ചു കൊള്ളുന്നു. ചെങ്ങന്നൂർ ഡിസ്പെൻസറിയെ പേരു് മാററി ഒരു ആശുപ ത്രിയുടെ സ്ഥാനം കൊടുക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു. അതു പോലെതന്നെ കുളക്കടയുള്ള പാർട്ടൈം ഡിസ്പെൻസറി ഒരു ഫുൾടൈം ഡിസ്പെൻസറി ആക്കി കൊടുക്കണമെന്നും എനിക്കപേക്ഷയുണ്ടു്. പുതു തായി ഡിസ്പെൻസറികൾ ഉണ്ടാക്കുന്ന കൂട്ടത്തിൽ മെഴുവേലിയും പാണ്ട നാട്ടും ഓരോ ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്നും അപേക്ഷിച്ചു കൊള്ളുന്നു.

ആയുർവ്വേദഡിപ്പാർട്ടുമെൻറിനെപ്പററി കൂടുതലായി ഞാനൊന്നും പറ യണമെന്നു വിചാരിക്കുന്നില്ല. വിഷവൈദ്യശാലകളും മററു വൈദ്യ ശാലകളും കഴിവുള്ളിടത്തോളം നാട്ടിൻെറ പല ഭാഗങ്ങളിലും വൈദ്യ സഹായം ലഭ്യമാകാത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചാൽ നന്നായിരിക്കുമെന്നു പ്രസ്താവിച്ചുകൊണ്ടു ഞാൻ വിരമിക്കുന്നു.

ശ്രീമതി. കെ. ആർ. ഗൗരി : സർ, ആശുപത്രികളുടെയും, ഡിസ്പെ ൻസറികളുടെയും കാര്യത്തെപ്പററി സംസാരിക്കുന്നതിനാണ് ഞാനാഗ്ര ഹിക്കുന്നതു്. കഴിഞ്ഞ കൊല്ലം ബഡ്ജററ് അവതരിപ്പിച്ചപ്പോഴും വൈദ്യ സഹായം പോരെന്നും, മരുന്നു കിട്ടുന്നില്ലെന്നും ഡാക്ടറന്മാർ പോരെന്നു മെല്ലാം പ്രസ്താവിച്ചിട്ടുള്ളതാണ്. ഇക്കൊല്ലവും അതുതന്നെയാണു പറ യാനുള്ളതു്. എന്തെന്നാൽ കഴിഞ്ഞകൊല്ലം ഇതെല്ലാം സംസാരിച്ചു പ്പോൾ മെഡിക്കൽ മന്ത്രി പറഞ്ഞു കഴിഞ്ഞകൊല്ലത്തെക്കാൾ കൂടുതൽ തുക ഇക്കൊല്ലം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടെന്നു്. ഇന്നടത്തു് ഇത്ര ഡാക്ടറന്മാരുണ്ടു്, ഇത്ര നഴ്സുകളുണ്ടു്, ഇത്ര മിഡ്വൈഫുകൾ ഉണ്ടു്, ഇത്ര ആശുപത്രികൾ കൂടുതലായി ഉണ്ടാക്കിയിട്ടുണ്ടെന്നെല്ലാം ബഹുമാന പ്പെട്ട മന്ത്രി പറഞ്ഞേയ്ക്കാം. പക്ഷെ ഇന്നു് കാൺഗ്രസ് ബെഞ്ചിലിരി

[ശ്രീമതി കെ. ആർ. ഗൌരി]

ക്കുന്ന മെംബറന്മാർ തന്നെ സമ്മതിക്കുന്ന ഒരു കാര്യമാണ് കഴിഞ്ഞകൊല്ലങ്ങളെ അപേക്ഷിച്ച് ഓരോ കൊല്ലം കഴിയും തോറും സുഖക്കേടുകാരുടെ എണ്ണം വർദ്ധിച്ചുവരുകയാണെന്നുള്ളതു്. ജനങ്ങൾ കാൺഗ്രസ് ഗവണ്മെൻറ അധികാരത്തിൽ വന്നതോടുകൂടി ജീവിക്കാൻ നിവൃത്തിയില്ലാതെയും ശരിയായ ആഹാരം കിട്ടാതെയും ദിവസംചെല്ലുംതോറും ആരോഗ്യമില്ലാത്തവരായി തീർന്നുകൊണ്ടിരിക്കുകയാണ്. ഫർദ്ദ ഫ-ദ്ദവ-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽ ഒട്ട്പേഷ്യൻറ്സ് ര,വ്വ, ൈന്ന ആണെന്നും ഇൻപേഷ്യൻറസ് ഫ,വ്വ,വ്വ ൦ ന്ന ആണെന്നും കാണുന്നുണ്ട്. ഈ കണക്കിൽ നിന്നും ഈ നാട്ടിലുള്ള ജനങ്ങളിൽ പകുതിയോളം സുഖക്കേടുകാരായി മാറി ചികിത്സിക്കുന്നതിനായി മുമ്പോട്ടു വന്നിരിക്കുന്നുവെന്നു നമുക്കു മനസ്സിലാക്കാൻ കഴിയുന്നതാണ്. ഈ കാര്യം പറയുമ്പോൾ പോലീസുഡിപ്പാർട്ടുമെൻറിനു ചെലവാക്കുന്നതിനേക്കാൾ കൂടുതൽ തുക ഈ ഡിപ്പാർട്ടുമെൻറിലേയ്ക്കു ചെലവാക്കുന്നുണ്ടെന്നും അതുകൊണ്ടു ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നുണ്ടെന്നും പറയുമായിരിക്കും. ഒരു കോടി രൂപ ചെലവാക്കുന്നതുകൊണ്ടു മുൻകണക്കിൻപ്രകാരം ഒരു സുഖക്കേടുകാരൻെറ ആവശ്യത്തിലേയ്ക്ക് ൨ രൂപയേ ചെലവ് ചെയ്യുന്നുള്ളുവെന്നു നമുക്കു അറിയാൻ കഴിയും. ഈ വർഷം കൂടുതൽ തുക അലാട്ടു ചെയ്യുന്നുണ്ടെന്നു പ്രസംഗത്തിൽ പറയുന്നുണ്ട്. നാൺഗസററഡ് ആഫീസേഴ്സിൻെറ കുടുംബക്കാരേയും ബന്ധുക്കളേയും ഗവണ്മെൻറ സൗജന്യമായി ചികിത്സിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്; അതു ചെയ്യുണ്ടതാണ്; ഇനിയും കൂടുതൽ സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുമാണ്. അതിൽ എനിക്കു അഭിപ്രായവ്യത്യാസമില്ല. എന്നാൽ ജനങ്ങൾക്കുവേണ്ടി അലാട്ടുചെയ്തുവച്ചിരിക്കുന്ന തുകയിൽ നിന്നും എടുത്താണ് അവർക്കു സൗജന്യങ്ങൾ നൽകാൻ തീരുമാനിച്ചിരിക്കുന്നതു്. ഏകദേശം ൧൦,൦൦൦ രൂപയാണ് ഇപ്പോൾ കൂടുതലായി ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. ഇപ്പോഴാണെങ്കിൽ ആശുപത്രികളിൽ ചെന്നാലും മരുന്നില്ലെന്നു പറഞ്ഞു കുറിപ്പെഴുതുന്നതായിട്ടാണ് കണ്ടുവരുന്നതു്. ഇതുനോക്കുമ്പോൾ പ്രൈവററ് ആശുപത്രികളാണ് നല്ല തരത്തിൽ നടക്കുന്നതെന്നു കാണാൻ കഴിയും. ഒരു എൺപതോളം കൊല്ലം പഴക്കമുള്ള ഒരു ഗവണ്മെൻറ് ആശുപത്രി ചേർത്തലയുണ്ട്. ആ ആശുപത്രി ഇന്ന് ഒരു വിജനസ്ഥലം പോലെയാണ് കാണാൻ കഴിയുന്നതു്. അവിടെത്തന്നെ ശ്രീനാരായണ മെഡിക്കൽ മിഷൻ എന്ന ഒരു പ്രൈവററ് ആശുപത്രി നടക്കുന്നുണ്ട്. അവിടെ മരുന്നിനു വില കൊടുക്കണം, പക്ഷെ ഡാക്ടറന്മാർക്കു കൈക്കൂലി കൊടുക്കേണ്ട കാര്യമില്ല. അവിടത്തെ ഡാക്ടന്മാർ പ്രസവക്കേസുകൾ വളരെ ശുഷ്കാന്തിയോടുകൂടി അറൻഡു ചെയ്യുന്നുണ്ട്. ഗവണ്മെൻറ് ആശുപത്രിയിലാണെങ്കിൽ പ്രസവത്തിനു ഒരു മുറിയേയുള്ളു. ഒരാൾ പ്രസവിച്ചുകിടക്കുമ്പോൾ മറെറാരാൾ വന്നാൽ അവരേയും ആ മുറിയിൽ തന്നെ പ്രവേശിപ്പിക്കും. മരുന്നില്ലെന്നുള്ളതു് പണ്ടുമുതലേ ഉള്ള ഒരു കാര്യമാണ്. അതുകൊണ്ട് അതു ഇപ്പോൾ പ്രത്യേകവിധിയായി ഞാൻ പറയുന്നില്ല. ഇതെല്ലാം വച്ചുനോക്കുമ്പോൾ ഇന്ന് അലാട്ട് ചെയ്തിരിക്കുന്ന തുക കുറവെന്നാണ് ഞാൻ പറയുന്നതു്. അതുകൊണ്ട് കൂടുതൽ തുക അലാട്ടു ചെയ്യേണ്ടതാണ്.

സർ, ആശുപത്രികളിൽ കഞ്ഞി കൊടുക്കുന്ന സംപ്രദായത്തെപ്പററി കൂടി രണ്ടു വാക്കു പറയേണ്ടതുണ്ട്. ജയിലിൽ ഇതിൽ കൂടുതൽ നന്നായി കഞ്ഞി കൊടുക്കുന്നുണ്ടെന്നാണ് പൊതുവേ എനിക്കു പറയാനുള്ളത്. ആശുപത്രികളിൽ പ്രവേശിപ്പിക്കുന്നവരിൽ ൧൦ ശതമാനത്തിനേ കിടക്ക കാണുകയുള്ളു. കിടക്കുന്ന ആളുകൾക്കു തന്നെ ഒരു തൊഴിൽ നടത്തുകയെന്നോണം കഞ്ഞി കൊടുക്കുകയാണ് ചെയ്യുന്നത്. ഓരോ സുഖക്കേടുകൾക്കും എന്താഹാരമാണ് കൊടുക്കേണ്ടതെന്ന നോട്ടമൊന്നുമില്ല. ദിവസവും എല്ലാവർക്കും ഒരു കഞ്ഞിയൊഴിപ്പു ആർക്കോ വേണ്ടി നടത്തുന്നുണ്ട്. ഇതെല്ലാം ഓർക്കുമ്പോൾ സമ്പന്നന്മാർക്ക് ചികിത്സിക്കുന്നതിനുള്ള ഒരു സ്ഥാപനമായിട്ടാണ് ഗവണ്മെൻറ ആശുപത്രികൾ തീർന്നിരിക്കുന്നതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

കഴിഞ്ഞ പ്രാവശ്യവും മെറേറർനിററി കാര്യത്തെപ്പററി പറയുകയുണ്ടായി. അന്നും മുറവിളി കൂടിയിട്ടുള്ള ഒരു കാര്യമാണ് നേഴ്സുകളും മിഡ്വൈഫ്കളും പോരെന്നുള്ളകാര്യം. എന്നാൽ ഈ അടുത്ത കാലത്തു ഒരു സംഗതി ഉണ്ടായിട്ടുണ്ട്. എറണാകുളം ആശുപത്രിയിൽ നേഴ്സിംഗ് പരിശീലനം നൽകിക്കൊണ്ടിരുന്നതു ഇപ്പോൾ നിവൃത്തിയാക്കുകയാണ്. എറണാകുളം ആശുപത്രി എന്നു പറഞ്ഞാൽ അതു കൊച്ചിക്കാർക്കു മാത്രമല്ല കോട്ടയം മുതൽ വടക്കോട്ടുള്ള സ്ഥലങ്ങളിലെ എല്ലാവർക്കും സംരക്ഷണപ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരാശുപത്രിയായിരുന്നു. ഈ നേഴ്സിംഗ് പരിശീലനം നിറുത്തിയതോടുകൂടി അവിടത്തെ ഡാക്ടറന്മാർക്കുതന്നെ ഒരു തോന്നലുണ്ടായിട്ടുണ്ട് അവരെ അവഗണിക്കുന്നു എന്ന്. നമുക്കാണെങ്കിൽ നെഴ്സുകളും മിഡ്വൈഫ്കളും ആവശ്യത്തിനു തികയാതെയാണിരിക്കുന്നത്. ശ്രീ. കാമ്പിശേരിയുടെ ഭാഷയിൽ പറയുകയാണെങ്കിൽ ഒരു പ്രസവസ്തംഭനം തന്നെ വരാൻപോകുന്നു എന്നു പറയാം. നെഴ്സുകളും മിഡുവൈഫ്കളുമെല്ലാം രജിസ്റ്റർ ചെയ്യിക്കത്തക്കവിധത്തിൽ പരീക്ഷായോഗ്യതകളുള്ളവരായിരിക്കണമെന്നു ശക്തിയായി വാദിച്ചിട്ട് അതിനു പരിശീലനം കൊടുത്തുകൊണ്ടിരുന്ന ഒരു സ്ഥാപനത്തെ നിറുത്തലാക്കുകയാണു ചെയ്തിരിക്കുന്നത്. ഇതിൽ അവിടെയുള്ള നാട്ടുകാർക്കു ശക്തിയായ പ്രതിഷേധമുണ്ട്.

ശ്രീ. വി. മാധവൻ: അവിടെ നെഴ്സിംഗ് സ്കൂൾ നിറുത്തി എന്നുള്ളതു ബഹുമാനപ്പെട്ട മെംബർ എങ്ങനെയാണറിഞ്ഞത്?

ശ്രീമതി കെ. ആർ. ഗൗരി: പത്രങ്ങളിൽ നിന്നും കിട്ടിയ അറിവാണ്. നിറുത്തിയിട്ടില്ലെങ്കിൽ വളരെ സന്തോഷം.

മെഡിക്കൽ കാളേജിൽ പ്രവേശനം നൽകുന്നതിൽ സ്ത്രീകൾക്കു ഒരു ശതമാനം നിശ്ചയിച്ചിട്ടുണ്ട്. സ്ത്രീകൾ എത്ര മിടുക്കികളായി പഠിച്ചു പാസ്സായി വന്നാലും അവർക്കു ഒരു നിശ്ചിതശതമാനമേ പ്രവേശനം കിട്ടുകയുള്ളു എന്നാണു കാണുന്നത്. കഴിഞ്ഞപ്രാവശ്യം ൧൭ പേർക്കാണ് പ്രവേശനം കൊടുത്തത്. അതിനുമുമ്പ് ൨൦ പേരെ പ്രവേശിപ്പിച്ചിരുന്നു. ഏകദേശം ൭൦—൮൦ പേരെ എടുക്കുമ്പോഴാണ് ഒരു പതിനേഴുപേർക്കു അവിടെ പ്രവേശിക്കാൻ കഴിയുന്നത്. ഇന്നാണെങ്കിൽ ലേഡീ ഡാക്ടറന്മാരുടെ ആവശ്യം കൂടുതലായിരിക്കുന്ന ഒരു കാലമാണ്. ദിവസം ചെല്ലുംതോറും ജനസംഖ്യ വർദ്ധിച്ചുവരികയാണു ചെയ്യുന്നത്. അതു

[ശ്രീമതി. കെ. ആർ. ഗൗരി.]

സംബന്ധിച്ചുള്ള കണക്ക നോക്കിയാൽ ഏകദേശം ൨൫ ശതമാനം വർദ്ധനവ് കൂടിയിട്ടുണ്ടെന്നു കാണാം. ഇതിൽനിന്നും പ്രസവസൌകര്യം ചെയ്തു കൊടുക്കുന്നതിലേയ്ക്ക് ഡാക്ടറന്മാർക്കുകൂടുതലുണ്ടായിരിക്കണമെന്നും അതിനു ലേഡീഡാക്ടർന്മാർ തന്നെയാണ് വേണ്ടതെന്നും ഞാൻ അഭിപ്രായപ്പെട്ടു കൊള്ളുന്നു.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : പുരുഷഡാക്ടറന്മാരുടെ സഹായത്തോടുകൂടി പ്രസവം നടക്കുകയില്ലേ ?

ശ്രീമതി കെ. ആർ. ഗൗരി : നടക്കും; പക്ഷെ ലേഡീഡാക്ടറന്മാരുടെ സഹായത്തോടുകൂടി പ്രസവം നടത്തുന്നതിനെയാണ് സ്ത്രീകൾ ഇഷ്ടപ്പെടുന്നത്. അതുകൊണ്ട് തീർച്ചയായും സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം തന്നെ Medical College-ൽ Admission കൊടുക്കേണ്ടതുണ്ട്. ഈ നിബന്ധന Medical College constitution-ൽ ചേർത്തിരിക്കുന്നതു തന്നെ നമ്മുടെ constitution–ലെ fundamental rights–നു് എതിരാണ്. കൂടുതൽ Lady Doctor മാരെ train ചെയ്യിക്കുവാനുള്ള സൗകര്യംകൊടുക്കുന്നതു് നമ്മുടെ സാമൂഹ്യജീവിതത്തോടുതന്നെ ചെയ്യുന്ന ഒരു നന്മിപ്രകടനമായിരിക്കും. ഈ കാര്യത്തിൽ ശ്രീ റാവുത്തറെപോലുള്ളവർ എതിക്കും, പക്ഷെ അതു ഗവണ്മെൻറവകവയ്ക്കരുതു്.

കണ്ടിൻജൻസി ആക്റ്റ് ഫൻ ഒറ ആഗസ്റ്റിലാണ് ഇവിടെ വന്നതു്. ഈ ആക്ട് പ്രകാരം കൊച്ചിയിൽ മാത്രം ൨൦൭ പേർ കണ്ടിൻജൻസി ജീവനക്കാരായുണ്ടെന്നാണു പറയുന്നതു്. ആറോ, എട്ടോ വർഷം സർവ്വീസുള്ളവരാണു അവരിൽ പലരും. കൊച്ചിയിൽ ഈ വ്യത്യാസം ഇല്ലായിരുന്നു. അപ്പോഴാണ് ഈ ആക്ട് ഇവിടെ പാസ്സാക്കിയതു്. പെട്ടെന്നു ഒരു ആർഡർ വന്നതിനുശേഷം വളരെക്കാലമായി ജോലിചെയ്തുകൊണ്ടിരുന്ന കണ്ടിൻജൻസിക്കാരെ ൨ കൊല്ലംവരെ സർവീസ് ഉള്ള ആളുകളെ ഒരു ദിവസം കൊണ്ടു പിരിച്ചുവിടണമെന്നു തീരുമാനിക്കുന്നതു കഷ്ടമാണ്.

ശ്രീ. സി. സി. അയ്യപ്പൻ : ൨ വർഷത്തിലധികം സർവ്വീസുള്ള കണ്ടിൻജൻസി ജീവനക്കാർ ഉണ്ടെന്നു അറിയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : എനിക്കു അറിഞ്ഞുകൂടാ. ഈ കണ്ടിൻജൻസി ജീവനക്കാർ ആശുപത്രികളിൽ സാധാരണ നന്നു മണിക്കൂർ ജോലിചെയ്യുന്നുണ്ട്. ഈ വിധത്തിലുള്ള ചില കണ്ടിൻജൻസി ജീവനക്കാർ ഇവിടെ ഉണ്ട്, അവർക്കു വേണ്ട ആനുകൂല്യങ്ങൾചെയ്തുകൊടുക്കണം എന്നാണെന്റെ അഭിപ്രായം.

ഈ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലുള്ള കണ്ടിൻജൻസിജീവനക്കാർക്കു എല്ലാവർക്കും യൂണിഫാറം കിട്ടുന്നില്ല എന്നൊരു പരാതിയും ഉണ്ട്. അക്കാര്യവും ഗവണ്മെൻറു ശ്രദ്ധിക്കണം. നന്നു മണിക്കൂർ ജോലിയാണു ഇവരിൽ മിക്കവാറും പേർ ചെയ്യാനുള്ളതു്. കുഞ്ഞുങ്ങൾ ഉള്ള സ്ത്രീകൾക്കു ഇങ്ങനെ നന്നു മണിക്കൂർ ജോലിചെയ്യുക എന്നുള്ളതു് വളരെ കഷ്ടമാണ്. കാലത്തുമുതൽ ഉച്ചവരെ എന്നൊ, അഥവാ രാവിലെമുതൽ വൈകുന്നേരംവരെ എന്നൊ സമയം നിശ്ചയിച്ച് അവർക്ക് ജോലി സമയം എട്ടുമണിക്കൂർ ആക്കി കുറച്ചുകൊടുക്കണം.

ഇനി എനിക്കു പറയുവാനുള്ളതു് നെഴ്സുകൾക്കു കല്യാണംകഴിക്കാൻ പാടില്ലാ എന്നുള്ള നിയമം മാററിയിട്ടു് അവക്കു കഴിക്കാനുള്ള അനുവാദം കൊടുക്കണമെന്നുള്ള സംഗതിയാണു്. അതിൽ അവക്കു ശക്തിയായ പ്രതിഷേധം ഉണ്ടു്. അതിനാൽ ഇന്നു വച്ചിരിക്കുന്ന ഈ നിരോധനം നീക്കണമെന്നും Nurses and Midwives Bill-നു് rule frame ചെയ്യുമ്പോൾ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കേണ്ടതാണെന്നുകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ശ്രീ. പ്രാക്കുളം ഭാസി : സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഫൻ ഡ്രസ്—ഡ്രസ്-ൽ പത്തു ആശുപത്രികൾ പുതിയതായി തുടങ്ങുന്നതിനു് ബഡ്ജററിൽ വ്യവസ്ഥ ചെയ്തു കാണുന്നു. ഈ അവസരത്തിൽ ചില പ്രാദേശികാവശ്യങ്ങൾ മെഡിക്കൽമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തണമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

ചവറയിൽ കോഴിക്കോട്ടുള്ള ഗവണ്മെൻറ് ഡിസ്പെൻസറി ഇന്നു ഒരു വാടകക്കെട്ടിടത്തിലാണു് നടന്നുപോരുന്നതു്. ഒരു പുതിയ കെട്ടിടത്തിലേക്കു മാററി സ്ഥാപിക്കാനായി കെട്ടിടംപണി നടന്നുവരികയാണു്. ഈയവസരത്തിൽ എനിക്കു മെഡിക്കൽമന്ത്രിയോടാവശ്യപ്പെടാനുള്ളതു് ആ പുതിയ കെട്ടിടത്തിലേക്കു മാററുന്നതോടെ ഒരു ഡിസ്പെൻസറി ആശുപത്രിയായി ഉയർത്തിത്തരണമെന്നാണു്.

പൊന്നാനിതീരപ്രദേശത്തേക്കു് മിഡൈഫിനെ നിയമിച്ചുതരുവാൻ പലതവണ ഗവണ്മെൻറിനോടു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതാണു്. ഏററവും കൂടുതൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആ തീരപ്രദേശത്തു് ഒരു മിഡൈഫിനെ നിയമിക്കാത്തതുകൊണ്ടുള്ള വൈഷമ്യങ്ങൾ വളരെ വർദ്ധിച്ചതാണു്. ഉടനടി ആ കാര്യം നടപ്പിൽ വരുത്തുവാൻ ഞാൻ ഗവണ്മെൻറിന്റെ ശ്രദ്ധയെ ക്ഷണിക്കുന്നു.

ഇന്നു്, നാടകത്തിൽ അഭിനയിക്കുന്ന സ്ത്രീകൾക്കും, മിഡൈഫു്, നഴ്സു് തുടങ്ങിയ സ്ത്രീകൾക്കും സമുദായമദ്ധ്യത്തു പൊതുവെ ആക്ഷേപമുള്ളതായിട്ടാണു് കണ്ടുവരുന്നതു്. ആ കാരണത്താൽ, ഈ ഉദ്യോഗത്തിനു് മുന്നോട്ടു വരാൻതന്നെ ഭേദപ്പെട്ട കുടുംബത്തിലുള്ളവരും വിദ്യാസമ്പന്നരും മടിക്കും. കഴിഞ്ഞ തവണ പബ്ലിക്കു്സർവ്വീസുകമ്മിഷൻ നഴ്സുകളുടെ പരിശീലനത്തിനു് അപേക്ഷ ക്ഷണിച്ചപ്പോൾ മുന്നൂറോളം അപേക്ഷകർ മുന്നോട്ടു വന്നു. അതിൽ വെറും മുപ്പതുപേരെ തെരഞ്ഞെടുത്തു. അതിൽതന്നെ ഏതാനുംപേർക്കുമാത്രമെ സ്റ്റൈപ്പൻറ് കൊടുക്കുകയുണ്ടായിട്ടുള്ളു. ബാക്കിയുള്ളവർ സ്വന്തം ചെലവിൽ പരിശീലനം നടത്തിക്കൊള്ളണമെന്നായിരുന്നു വന്നതു്. എന്നാൽ ഇവരുടെ സാമ്പത്തികസ്ഥിതിയെപ്പററി പബ്ലിക്കു്സർവ്വീസുകമ്മിഷൻ അല്പംപോലും ചിന്തിച്ചില്ല. കുടുംബത്തിൽ സാമ്പത്തികഭദ്രതയുണ്ടായിരുന്നെങ്കിൽ, നിശ്ചയമായും അധിക്ഷേപിക്കപ്പെടുന്ന ഈ ഉദ്യോഗത്തിനുവേണ്ടി പരിശീലനത്തിനായി ഇവർ മുന്നോട്ടു വരികയില്ലായിരുന്നു. ഈ വസ്തുത വേണ്ടവണ്ണം പബ്ലിക്കുസർവ്വീസ്കമ്മിഷൻ മനസ്സിലാക്കിയിട്ടില്ലെന്നാണു് തോന്നുന്നതു്. എനിക്കു പറയാനുള്ളതു് ആണ്ടുതോറും സെലക്ററു് ചെയ്യുന്ന എല്ലാപേർക്കും സ്റ്റൈപ്പൻറ് കൊടുക്കണമെന്നാണു്.

[ശ്രീ. പ്രാക്കുളം ഭാസി]

കരുനാഗപ്പള്ളിയിൽ ഒരു ഡിസ്പെൻസറിയുണ്ട്. അതിനു തൊട്ടടുത്ത കാമ്പൗണ്ടാണ് ആ നാട്ടിലെ മിക്കയാളുകളും മലമൂത്ര വിസർജ്ജനത്തിന് ഉപയോഗിക്കുന്നത്.

എനിക്കിനി പൊതുവെ പറയാനുള്ളത് നമ്മുടെ നാട്ടിലെ ആശുപത്രികളെസംബന്ധിച്ചാണ്. ഇന്നു ആശുപത്രികളിൽനിന്ന് രോഗികൾക്കു ശരിയായവിധം മരുന്നു ലഭിക്കുന്നില്ല. കിട്ടുന്നതോ, 'ഗവണ്മെൻറു വെള്ളം.' ഇതു നാട്ടിലങ്ങോളമിങ്ങോളം ജനങ്ങളിൽനിന്നുമുണ്ടായിട്ടുള്ള പരാതിയാണ്. പെൻസിലിൻ തുടങ്ങിയ വിലയുള്ള മരുന്നുകളെല്ലാം, പാവപ്പെട്ട രോഗികളെ സംബന്ധിച്ചിടത്തോളം നിഷേധിച്ചിരിക്കയാണ്. അതെല്ലാം പണക്കാർക്കുവേണ്ടിമാത്രമായിട്ടാണ് അനുഭവപ്പെട്ടുപോരുന്നത്. ശരിയായ ചികിത്സാവിധികൾ ഇന്നു പണക്കാർക്കു മാത്രമാണ് ആശുപത്രികളിൽനിന്നു ലഭിക്കുക. പാവപ്പെട്ട ആളുകൾ ആശുപത്രിയിൽ ചെല്ലുമ്പോൾ, വെളിയിൽനിന്നു മരുന്നു വാങ്ങാനായി ഭാഗ്യവാന്മാരായ ഡാക്ടർമാർ ചിററുകൊടുത്താൽ എങ്ങനെയാണ് സർ, അവർ അതു വാങ്ങി രോഗശമനം വരുത്തുക? ഇതു് ഞാൻ എല്ലാ ഡാക്ടർമാരെയും സ്പർശിച്ചു പറയുന്നതല്ല, അഖിലലോകപ്രശസ്തി ആർജ്ജിച്ചിട്ടുള്ള നീതിമാന്മാരായ പലരും ഇന്നും സർവ്വീസിലുണ്ടെന്നു സ്മരിച്ചുകൊണ്ടുതന്നെയാണ്.

ചില സ്ഥലങ്ങളിൽ മെഡിക്കൽ ആഫീസറന്മാരുടെ അധീനതയിൽ മെഡിക്കൽസ്റ്റോറുള്ളതുകൊണ്ടു അവിടെ വ്യാപാരം വർദ്ധിപ്പിക്കാനാണ് ഈ 'ചിററു കൊടുപ്പുനയം' തുടരുന്നതെന്നും പരാതിയുണ്ട്. ഈ വിധത്തിലുള്ള സ്റ്റോറുകളെപ്പററി മെഡിക്കൽമന്ത്രി ശ്രദ്ധിക്കുമോ?

ഇനി എനിക്കു പ്രധാനമായി ചൂണ്ടിക്കാണിക്കുവാനുള്ളത്, പെൻഷൻപററി പിരിഞ്ഞ ഡാക്ടർമാരെ വീണ്ടും സർവ്വീസിൽ നിയമിച്ച് സർവ്വീസുള്ളഡാക്ടർമാരുടെ അവകാശങ്ങൾ ഹനിക്കുന്നതിനെപ്പററിയാണ്. ഈ കാര്യത്തിൽ സർവ്വീസുള്ള ഡാക്ടർമാർക്ക് വലുതായ അമർഷവും അതൃപ്തിയുമുണ്ട്. ഇന്നു സർവ്വീസിലുള്ള വലിയ പരീക്ഷായോഗ്യതയുള്ളവർ വിഗണിക്കപ്പെട്ടുകൊണ്ടാണ് ഡാക്ടർ തളിയത്തിനെ പെൻഷൻ പററിയശേഷവും, സർവ്വീസിലെടുത്തിരിക്കുന്നത്. ഉദാഹരണമായി ഡാക്ടർ ഗോവിന്ദൻ, ഡാക്ടർ തളിയത്തിനേക്കാൾ പ്രാപ്തനും പ്രസിദ്ധനുമായ ഒരു ഡാക്ടരാണ്. ഇന്നു അദ്ദേഹത്തിന് വേണ്ടത്ര പ്രോത്സാഹനം ഈ ഗവണ്മെൻറ് നൽകുന്നില്ല. സർവ്വീസിലുള്ള ഡാക്ടർമാർക്കു പ്രോത്സാഹനം നൽകുകയാണ് ഈ ഗവണ്മെൻറു ചെയ്യേണ്ടത്. ഡാക്ടർ തളിയത്തിനെ പെൻഷൻ പററിയശേഷം, സർവ്വീസിൽ പ്രവേശിപ്പിച്ചതുകൊണ്ടു മൂന്നു മാസത്തേക്കു അദ്ദേഹത്തിൻെറ ശമ്പളബിൽ പാസാക്കാതെ ആഡിററ് ഡിപ്പാർട്ടുമെൻറിൽനിന്നും തടഞ്ഞുവച്ചിരുന്നുവെന്നും, ഒടുവിൽ കാംപ്ട്രോളറുടെ വീട്ടിൽ ഡാക്ടർ തളിയത്ത് ചികിത്സിക്കാൻ പോയതിനുശേഷം ആ ബിൽ പാസ്സാക്കി കൊടുത്തുവെന്നും ഇന്നു കേൾക്കുന്നു. വീണ്ടും നിയമിക്കുന്ന ഡാക്ടർമാർക്ക് പെൻഷൻ പററുന്ന സമയത്തുണ്ടായിരുന്ന ശമ്പളംതന്നെയാണ് പിന്നീടും നൽകുന്നത്. അതുമല്ല ഇവരെ വീണ്ടും നിയമിച്ചപ്പോൾ അവർക്കു അഡ്മിനിസ്ട്രേററീവ്

കൺട്രോൾ കൊടുക്കരുതെന്നു ആർഡറുണ്ടായിരുന്നിട്ടും അവയെ അവഗണിച്ചുകൊണ്ടു അതിനു വിപരീതമായാണ് തുടർന്നുവരുന്നതു്. (ബെൽ)

സർ, സംയോജനം കഴിഞ്ഞതിനുശേഷം, എറണാകുളം ആശുപത്രിയുടെ നില വളരെയേറെ അധഃപതിച്ചുപോയതായി ഇന്നു അവിടെയുള്ള ജനങ്ങളുടെ ഇടയിൽ അഭിപ്രായമുണ്ട്. തെക്കെഇൻഡ്യയിലെ ഒന്നാം കിടയിൽപെട്ട ഒരാശുപത്രിയായിരുന്നു അതെന്നുള്ളതു ഒരു പരമാർത്ഥം മാത്രമാണ്. ഇപ്പോൾ ആ ആശുപത്രി അധഃപതിക്കാനുണ്ടായ സാഹചര്യവും കാരണങ്ങളും എന്താണെന്നു മന്ത്രി അന്വേഷിച്ചറിഞ്ഞു വേണ്ട പരിഹാരമാർഗ്ഗങ്ങൾ കൈക്കൊള്ളേണ്ടതാണ്.

എന്റെ ജനനസ്ഥലമായ പെരിനാട്ട് പെരുമൺ എന്ന സ്ഥലത്തു് ഒരാശുപത്രിക്കുവേണ്ടി അപേക്ഷിച്ചു. അതിലേക്കു വേണ്ട സ്ഥലവും കെട്ടിടവും നാട്ടുകാർ നൽകാമെന്നു സമ്മതിച്ചിട്ടുണ്ട്. ആ കാര്യത്തിൽ ഉദാസീനത കൈവെടിഞ്ഞു് സത്വരനടപടികൾ എടുക്കണമെന്നു ഞാൻ മെഡിക്കൽമന്ത്രിയോടാവശ്യപ്പെടുന്നു.

സർ, ആയുർവ്വേദആശുപത്രികളോടു് ഗവണ്മെന്റ് കാണിക്കുന്ന ചിറമ്മനയം ഉപേക്ഷിക്കണമെന്നാണ് എനിക്കു ശക്തിയായ ഭാഷയിൽ ഈ ഗവണ്മെൻറിനെ അറിയിക്കുവാനുള്ളതു്. ഈ നാട്ടിലെ സാധുക്കളായ ആളുകൾക്കു ആയുർവ്വേദചികിത്സയിൽ അതിയായ താല്പര്യമുണ്ട്. അലോപ്പതിക്കാണെങ്കിൽ കൂടുതൽ ധനവ്യയം വേണമെന്നിരിക്കെ, അതിനു കഴിവില്ലാത്ത പാവപ്പെട്ട ആളുകൾ ആയുർവ്വേദചികിത്സാസംപ്രദായംകൊണ്ടാണ് രക്ഷ നേടുന്നതു്. കഷായം, അരിഷ്ടം, തുടങ്ങിയ വിലകുറഞ്ഞ മരുന്നുകൾ ലഭിക്കാനുള്ള സൗകര്യതയാണ് ഇവരെ ആയുർവ്വേദചികിത്സയ്ക്കു പ്രേരിപ്പിക്കുന്ന ഉപാധി. ആയുർവ്വേദചികിത്സാസംപ്രദായങ്ങളുടെനേരെ, ഈ ഗവണ്മെൻറ് കാണിക്കുന്ന അനാസ്ഥയും പക്ഷപാതബുദ്ധിയും ഈ നാട്ടിലെ പാവപ്പെട്ടവരോടു കാണിക്കുന്ന അനാസ്ഥയും അവഗണനയുമാണ്. നേരെമറിച്ചു് ആയുർവ്വേദത്തോടു കാണിക്കുന്ന താല്പര്യം സാധുജനങ്ങളോടു കാണിക്കുന്ന കരുണയുമാണ്.

൯൨ ലക്ഷത്തോളമുള്ള ഈ സംസ്ഥാനത്തെ ജനങ്ങളിൽ ൪൫ ലക്ഷത്തിൽ ചിലപ്രാന്തം ആളുകൾ ആശുപത്രികളെ, ഔട്ട്പേഷ്യൻറായും, ഇൻപേഷ്യൻറായും ശരണം പ്രാപിക്കുന്നുണ്ടെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നതു്. അലോപ്പതി സംപ്രദായത്തെക്കാൾ ചുരുങ്ങിയ തോതിൽ അനുഷ്ഠിക്കാവുന്ന ആയുർവ്വേദവൈദ്യസംപ്രദായത്തിനു് കൂടുതൽ പ്രോത്സാഹനം നൽകണമെന്നു ഞാൻ ഒരിക്കൽകൂടി പറഞ്ഞുകൊള്ളട്ടെ.

സർ, ഇന്നത്തെ ആയുർവ്വേദവൈദ്യന്മാരെ എ, ബി, സി എന്നു മൂന്നു വകുപ്പുകളായി തരംതിരിച്ചിട്ടുണ്ട്. അതു നിറുത്തിയിട്ടു് എല്ലാ വൈദ്യന്മാരെയും ഒരേ വകുപ്പിൽ പരിഗണിക്കണം. എല്ലാപേരെയും എ. ക്ലാസിലേക്കു ഉയർത്തി ഈ തരംതിരിപ്പു് വ്യവസ്ഥ അവസാനിപ്പിക്കണം. കൂടാതെ എ. ക്ലാസുകാർക്കു് കൊടുക്കുന്ന ഗ്രാൻറ് എല്ലാപേർക്കും കൊടുക്കുകയും വേണം.

ശ്രീ. എൻ. ഏ. നൂർമുഹമ്മദു: *സർ, முக்கியமான இரண்டொரு காரியங்களைப் பற்றி மாத்திரம் நான் இந்த சந்தர்ப்பத்தில் எடுத்துக்கூற விரும்புகிறேன். முதலாவதாக இன்று நமது மெடிக்கல் வகுப்பில் நடக்கும் டிரான்ஸ்பர் சம்பந்தமாக அனுஷ்டிக்கப்படும் கொள்கையைப்பற்றி நான் இரண்டொரு வார்த்தைகள் கூறித்தான் ஆக வேண்டும். ஸர், இன்று*

[ஸ்ரீ. என். ஏ. நூர்முகம்மது]

நமது மெடிக்கல் வகுப்பை எடுத்துக் கொண்டால், மந்திரிமார்களுக்கு யார் யாரெல்லாம் சொந்தக்காரர்களோ அல்லது சர்ஜன் ஜெனரலுக்கு யார் யாரெல்லாம் சொந்தக்காரர்களோ அல்லது அரசியல் துறையில் செல்வாக்கு உள்ளவர்களுக்கு யார் யார் எல்லாம் சொந்தக்காரர்களோ அவர்களுக்கு ஒரு ஆஸ்பத்திரியிலேயே இரண்டும், மூன்றும், நான்கும் வருடங்கள் கூட இருப்பதற்குள்ள சந்தர்ப்பம் உண்டு. ஆனால் எங்களைப் போன்ற சிறு பான்மை வகுப்பினருக்கு, அரசாங்கத்தினிடம் ஆணித்தரமாக எடுத்துச் சொல்வதற்குள்ள ஆட்கள் இல்லாத காரணத்தினால் ஒரு வருடத்திலேயே மூன்றும், நான்கும் இடங்களுக்கு மாறி மாறிப் போகவேண்டியிருக்கிறது என்று மிகவும் வருத்தத்துடன் சொல்லிக் கொள்கிறேன். நான் இங்கு ஒரு காரியத்தை மட்டும் கூறிக் கொள்ள விரும்புகிறேன். அதாவது நாகர்கோவிலில் கழிந்த வருடம் இந்த சமயத்தில் ஒரு முஸ்லீம் டாக்டர் இருந்தார். சாதாரணமாக நாகர்கோவிலைப் பொறுத்த வரையில் சாமர்த்தியம் உள்ள அல்லது அனுபவம் உள்ள டாக்டர்கள் வருவது மிகவும் துர்லபமாய் தான் இருக்கிறது. இடைக்காலத்தில் இவ்வளவு சாமர்த்தியமான ஒரு டாக்டர் அங்கு வந்ததில்லை. அங்குள்ள பொது மக்கள் இந்த டாக்டரை அங்கு கொஞ்ச நாள் கூட வைத்துக் கொண்டிருக்க வேண்டுமென்று நினைத்து அதைக் குறித்து அரசாங்கத்தினிடம் ஒரு ரெப்ரசென்டேஷன் அனுப்பினார்கள். அதில் நானும் கையொப்பம் செய்ததுண்டு. அதற்கு ஒரு பதில் கிடைத்தது. அதாவது, அரசாங்கத்தின் அலுவல்கள் காரணமாக அவரை அங்கிருந்து வேறொரு இடத்திற்கு அனுப்புகிறோம்; அவரை அங்கேயே வைத்துக்கொண்டிருக்க முடியாது என்று ஒரு பதில் கிடைத்தது. ஆனால் சில வாரங்கள்கழிந்தவுடன் நான் பத்திரிகையில் ஒரு செய்தி படித்தேன். அங்குள்ள பொது மக்களை இளக்கிவிட்டு அங்கேயே இருக்கலாம் என்று நினைக்கிறீர்களா? இது உங்கள் இளக்குதலால் தான் வந்தது. ஆதலால் இதைக் குறித்து ஒரு வாரத்திற்குள் எக்ஸ்ப்ளனேஷன் தர வேண்டுமென்று அவரிடம் கேட்கப்பட்டது. நான் பல டிப்பார்ட்மென்ட் தலைமை உத்தியோகஸ்தர்களைப் பார்த்திருக்கிறேன், பல டிப்பார்ட்டுமென்டுகளிலும் சென்றிருக்கிறேன். நான் மாத்திரமல்ல, எங்கள் கட்சியைச் சார்ந்தவர்கள் மாத்திரமல்ல, இங்குள்ள அநேக எம். எல். ஏக்களும், உத்தியோகஸ்தர்களிடமும், மந்திரிமார்களிடமும் சென்று பொது மக்களின் அபிப்பிராயங்களைப் பற்றி கூறுவது வழக்கமாகத் தான் இருந்து வருகிறது. அந்தத் தோரணையினால் தான் இந்தக் காரியத்தில் இறங்கினோம். ஆனால் பொது மக்கள் சமர்ப்பித்த ஒரு ரெப்பிரசென்டேஷனுக்காக ஒரு டாக்டரின் மேல் இது போன்ற நடவடிக்கைகள் எடுப்பது என்பது மெடிக்கல் வகுப்பின் சரித்திரத்திலேயே இப்பொழுது தான் முதன் முதலாக நடந்திருக்கிறது. இதன் காரணமாக இவரை, நாகர்கோவிலிலிருந்து கொல்லத்திற்கும் இரண்டு மாதங்கள் கழிந்து சேர்த்தலைக்கும் அனுப்பி இருக்கிறார்கள் என்றால் இதைவிட மோசமானதொரு மனோநிலை வேறு இருக்குமா ? ஸர், சில ஜாதியாருக்கு மந்திரி சபை வருவதற்கோ அல்லது அரசாங்க இலாகாக்களில் தலைமை ஸ்தானம் வகிப்பதற்கோ முடியாது என்று வரலாம். அதே போல் அரசியல் துறையிலும் செல்வாக்கு வாய்ந்தவர்களாக இருப்பதும் துர்லபமாய் இருக்கலாம். ஆகையினால் இந்த முறையில் சிறுபான்மை வகுப்பினரை ஹிம்சிக்கும் கொள்கையை இந்த அரசாங்கம் கையாளுமேயானால் ஜனநாயகத் துறையில் இதைவிட மோசமாய் ஒன்றுமே இருக்க முடியாது.

ஸர், அடுத்த படியாக சித்த வைத்தியத்தைப் பற்றி ஒரு சில வார்த்தைகள் கூற விரும்புகிறேன். சித்த வைத்தியத்தைப் பற்றி இங்கு பல பெரியார்களும் இதற்கு முன் பேசியிருக்கிறார்கள். சமீபத்தில் ஆயுர்வேத காலேஜ் கட்டுவதற்கு, புதிதாக ஒரு கட்டிடம் நிறுவப்பட்டு வருகிறது என்று நான் கேள்விப் படுகிறேன். இந்த ஆயுர்வேதத்திற்கு எவ்வளவு மகத்துவம் கொடுக்கப்பட்டு வருகிறதோ அதே போன்று சித்த வைத்தியத்திற்கும் கொடுக்க வேண்டும். எங்கள் பகுதியில் சித்த வைத்திய முறை எவ்வளவு மும்முரமாக அனுஷ்டிக்கப்படுகிறது என்று நான் கூற வேண்டிய தேவை இல்லை என்று நினைக்கிறேன். ஏனெனில் இதற்கு முன் இதைப்பற்றி பல பெரியார்களும் இங்கு எடுத்துரைத்து இருக்கிறார்கள். ஆயுர்வேத காலேஜில் சித்த வைத்தியம் படிப்பித்துக் கொடுப்பதற்குள்ள ஒரு சந்தர்ப்பம் அளிக்க வேண்டும் -என்று கூற நான் விரும்புகிறேன்.

அத்தகைய ஒரு அபிப்பிராயம் நமது மெடிக்கல் வகுப்பு மந்திரி அவர்களுக்கு இருப்பதை அறிய நான் மிகவும் சந்தோஷப்படுகிறேன். ஆயுர்வேதத்திற்கு என்று ஒரு தனி கௌண்சில் இருக்கிறது. அதில் சித்த வைத்தியத்திற்கும், யுனானிக்கும் இடம் கொடுக்கப்பட்டிருக்கிறது. ஆகையால் நான் சொல்வதென்னவெனில், சித்த வைத்தியத்தில் தகுந்த அனுபவம் வாய்ந்தவர்களை இக்காலேஜில் லெக்சரர்களாகவும், ப்ரபஸர்களாகவும் நியமித்து அதற்கு வேண்டிய ஆக்க வேலையை இந்த அரசாங்கம் செய்யும் என்று நான் எதிர்பார்க்கிறேன்.

அடுத்த படியாக இந்த சித்த வைத்தியத் தொழிலில்ஈடுபட்டிருப்பவர்களுக்கு, தகுந்த முறையில் கிறுண்ட் கொடுக்கப்படுவதில்லை என்ற பராதி இருந்து கொண்டிருக்கிறது. நாகர்கோவில் பாகத்தை எடுத்துக் கொண்டால் அங்கு சுமார் இருபதும் முப்பதும் பேர்கள் ஆயுர்வேதத்திற்கு கிறுண்ட் பெற்று வருகிறுர்கள். ஆனுல் அதே சமயத்தில் சித்த வைத்தியத்திற்கு இங்ஙனம் கிறுண்ட் கொடுப்பது இரண்டும் மூன்றும் பேர்களுக்குத் தான். ஆகையால் சித்த வைத்தியத்திற்கு, ஆயுர்வேதத்திற்கு அளிக்கப்பட்டிருக்கும் முன்னேற்றம் இதற்கும் அளிக்க வேண்டுமென்று இந்த அரசாங்கம் கருதுமேயானுல், சித்த வைத்தியத்திற்கு தகுந்தபடி கிறுண்ட்கள் வழங்க வேண்டும் என்று நான் கேட்டுக் கொள்கிறேன்.

அடுத்தபடியாக நாகர்கோவிலிலில் இருக்கும் ஆஸ்பத்திரியைப் பற்றி ஒன்றிரண்டு வார்த்தைகள் சொல்ல விரும்புகிறேன். ஆஸ்பத்திரிகள், டிஸ்பென்சரி, ஹாஸ்பிட்டல்ஸ், டிஸ்ட்ரிக்ட் ஹாஸ்பிட்டல்ஸ் என்று மூன்று விதமாக பிரிக்கப்படுகின்றன. நாகர்கோவிலை எடுத்துக் கொண்டால் அங்குள்ள ஆஸ்பத்திரி சில காலங்கள் முன்பு வரை ஒரு டிஸ்ட்ரிக்ட் ஆஸ்பத்திரியாக இருது வந்தது. ஆனுல் இப்பொழுது அதன் ஸ்டாட்டஸ்-ஐக் குறைத்து .அந் ஒரு வெறும் ஆஸ்பத்திரியாகத் தான் வைத்துக் கொண்டிருக்கிறுர்கள். அங்குள்ள ஜனத்தொகையைப் பற்றிக் கூற வேண்டியதில்லை. தோவாளைக்கும் அகஸ்தீஸ்வரத்திற்கும் சேர்ந்துள்ள ஒரு பெரிய ஆஸ்பத்திரியாய் இருந்து வரும் அந்த ஆஸ்பத்திரியை, அதன் ஸ்டாட்டஸ்-ஐ குறைத்து வெறும் ஒரு ஆஸ்பத்திரியாக ஆக்கியிருப்பது, அங்குள்ள மக்களுக்குச் செய்யும் ஒரு அநீதியாகும். நாகர்கோவிலைப் பொறுத்த மட்டில் அங்கு எத்தனையோ பெரிய பெரிய, சிறந்த டாக்டர்கள் இருக்கிறுர்கள். அங்கு பிரைவெட் ஆஸ்பத்திரிகளும் இருக்கின்றன. அந்த ஆஸ்பத்திரிகளில் பணக்காரர்களுக்கும் ஏழைகளுக்கும் சரியான முறையில் எல்லா வசதிகளும் செய்து கொடுக்கப்படுகிறது என்று எங்களுக்குத் தெரியும். ஆனுல் இந்த பிரைவெட் ஆஸ்பத்திரிகளில் ஸ்பெஷலிஸ்ட்களுக்கு இடமில்லை. ஆகையால் நாகர்கோவிலில் எல்லா ஸ்பெஷலிஸ்டுகளும் அடங்கிய ஒரு ஆஸ்பத்திரியை நிறுவுவது அங்குள்ள, அதாவது தோவாளை அகஸ்தீஸ்வரம், கல்குளம் முதலிய இடங்களில் உள்ள மக்களுக்கு மிகவும் பிரயோஜனகரமாக இருக்கும். நாகர்கோவிலில் இப்பொழுது Eye Specialists, Ear & Nose Specialists, -யே கிடையாது. இந்தக் குறையை நீக்க, Eye Specialists, Ear & Nose Specialist, போன்றவர்களை அங்கு நியமித்துத் தந்தால் அங்குள்ள மக்களுக்கு மிகவும் பிரயோஜனமாய் இருக்கும். கொல்லம் டிஸ்ட்ரிக்ட்டை எடுத்துக் கொண்டால் அங்கு ஒரு பெரிய டிஸ்ட்ரிக்ட் ஹாஸ்பிட்டல் உண்டு. ஆலப்புழையை எடுத்துக் கொண்டால் அங்கும் ஒரு பெரிய டிஸ்ட்ரிக்ட் ஹாஸ்பிட்டல் இருக்கிறது. ஆனுல் நாகர்கோவிலில் உள்ள மக்கள், அங்கு ஒரு ஹாஸ்பிட்டல் இருந்தாலும் கூட சில சமயங்களில் அவர்களுக்கு திருவனந்தபுரத்திற்கு ஜனரல் ஹாஸ்பிட்டலுக்குத் தான் வரவேண்டியிருக்கிறது. இந்த நிலைமையை மாற்றி அங்கு, நாகர்கோவிலில், பல ஸ்பெஷலிஸ்ட்களையும் நியமித்து அங்குள்ள ஹாஸ்பிட்டலை ஒரு நல்ல டிஸ்ட்ரிக்ட் ஹாஸ்பிட்டல் ஆக ஆக்க வேண்டும் என்று கூற நான் ஆசைப்படுகிறேன்.

நாகர்கோவில் டவுணில் உள்ள ஆஸ்பத்திரியில் நாலே நாலு பேவார்டுகள் தான் இருக்கின்றன. அந்த காம்பவுண்டில் ஒரு இரண்டு நிலை கட்டிடம் இருக்கிறது. அது, நர்ஸ்களுக்கு தாமதிக்கக்கூடிய கட்டிடம் ஆகும். அங்கு தற்பொழுது முனிசிப்பல் நர்ஸ்கள் தாமதத்திற்கு வாட

[ஸ்ரீ. என். எ. நூர்முகம்மது]

கைக்குக் கொடுக்கப்பட்டிருக்கிறது. ஆதலால் அதை இந்த ஆஸ்பத்திரியின் உபயோகத்திற்காக எடுத்துக் கொள்ளலாம். இதைப் பற்றி கழிந்த அசம்பிளியில் நான் அனுப்பிய ஒரு இன்டர்பிலேஷனுக்கு பதிலாகச் சொல்லப்பட்டது என்னவென்றால், ஒரு காலத்தில் நர்ஸ்கள் தாமதிக்க வேண்டியதாய் வந்தால் கொடுக்க வேண்டி வரும் என்று. அவர்களுக்கு தாமதிக்க நாகர்கோவில் பட்டணத்தில் வேண்டிய வீடுகள் வாடகைக்கு கிடைக்கும். ஆதலால் அந்தக் கட்டிடத்தை, பொது மக்களுக்கு சௌகரியப்படும்படி, பே வார்டுகளாக ஆக்கிக் கொடுக்க வேண்டும் என்றும், அதற்கு வேண்டிய முயற்சிகளை இவ்வரசாங்கம் செய்யும் எனறும் நம்பிக்கொண்டு நான் எனது பேச்சை முடித்துக் கொள்கிறேன்.

ശ്രീ. സി. സി. അയ്യപ്പൻ: സർ, ഇന്ന് ഒരുപത്രികളിൽ പോയാൽ മരുന്നില്ല, ഡാക്ടറന്മാർ ശരിയായി രോഗികളെ പരിശോധിക്കുന്നില്ല, അതിലും ഉപരിയായി അവിടെ രോഗികൾക്ക് കിടക്കാൻപോലും ഉള്ള സൗകര്യങ്ങൾ ഇല്ലാ എന്നുള്ളസംഗതി ഇവിടെ സവിസ്തരം പറഞ്ഞുകഴിഞ്ഞു. ഇപ്പോൾ പ്രത്യേകിച്ച് എന്റെ നിയോജകമണ്ഡലത്തിലുള്ള ആശുപത്രിയുടെ കാര്യമാണ് എനിക്കിവിടെ ചൂണ്ടിക്കാണിക്കുവാനുള്ളത്. ഈ ആശുപത്രിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി അവിടെ വന്നിരുന്ന സമയത്തും ഞാൻ അദ്ദേഹത്തോടു നിവേദനം നടത്തിയിട്ടുള്ളതാണ്. അവിടെ ആരു പോയാലും മരുന്നുകിട്ടാൻ വളരെ പ്രയാസമാണ്. എന്റെ നിയോജകമണ്ഡലത്തിലുള്ള ആളുകൾ അഞ്ചും ആറും നാഴിക പുറത്തുള്ള സ്ഥലങ്ങളിൽ പോയി ജോലിചെയ്തു ജീവിക്കുന്നവരാണ്. കഞ്ഞികുടിക്കാൻ നിവൃത്തിയില്ലാത്ത ഇവർ ഈ ആശുപത്രിയിൽ പോയാൽ അവിടെനിന്നും മരുന്നു കിട്ടുകയില്ല. അവിടെയുള്ള ഒരു മരുന്നുകച്ചവടക്കാരനെ വലിയ മുതലാളിയാക്കുക എന്നുള്ളതാണ് ആശുപത്രികൊണ്ടു സാധിക്കുന്നത് അവിടെ പ്രസവിക്കുവാൻ ചെല്ലുന്ന സ്ത്രീകൾക്കുപോലും കട്ടിലില്ല. അവരെല്ലാം നിലത്താണു കിടക്കുന്നത്. ശരാശരി അവിടെ പുതുപേർ ഇൻപേഷ്യൻറ്സായി ചെല്ലുന്നവർ തറയിലാണു കിടക്കുന്നത്. ആശുപത്രിയിൽ ചെന്നു തറയിൽ കിടന്നാൽ രോഗം കൂടുതലാകുകയല്ലാതെ കുറയുകയില്ല. ഇതു സംബന്ധിച്ച് മന്ത്രിയുടെ അടുക്കൽ നിവേദനം നടത്തിയപ്പോൾ കൂടുതൽ കട്ടിലിനു ആർഡർ ചെയ്തിട്ടുണ്ടെന്നു പറഞ്ഞു. പക്ഷെ ഈ ബഡ്ജറ്റുനോക്കിയതിൽ ഒരൊററക്കാര്യപോലും അനുവദിച്ചിട്ടുള്ളതായി കാണുന്നില്ല.

ഇനി, മുളകുന്നത്തുകാവിൽ ഉള്ള ടി. ബി. സാനിറേറാറിയത്തിൽ രോഗികൾക്ക് അഡ്മിഷൻ കിട്ടാൻ വളരെ വിഷമം അനുഭവിക്കേണ്ടി വരുന്നു എന്നുള്ളതാണ്. കൈക്കൂലി കൊടുക്കാൻ സാധിക്കാത്ത ആളുകൾക്കു ഈ ആശുപത്രിയിൽ അഡ്മിഷൻ കിട്ടാൻ വളരെ പ്രയാസമാണ്. മറെറാരുകാര്യം എനിക്കിവിടെ പറയാനുള്ളത് നാഗർകോവിൽ ടി. ബി. ആശുപത്രിയുടെ കാര്യമാണ്. ഒരു ടി. ബി. പേഷ്യൻറായ രാമകൃഷ്ണൻ എന്ന അവശസമുദായത്തിൽപ്പെട്ട ഒരാൾ അവിടെപ്പോയി നാലുമാസം ശ്രമിച്ചിട്ടും അഡ്മിഷൻ കിട്ടാൻ സാധിച്ചില്ല. ഈ സഭയിലെ തന്നെ ഒരു ബഹുമാനപ്പെട്ട മെമ്പറുടെ കത്തോടുകൂടി പോയിട്ടും അഡ്മിഷൻ കിട്ടാതെയാണിരിക്കുന്നത്. അങ്ങിനെ സാധ്യ

ക്കളായിട്ടുള്ളവരെ പ്രത്യേകിച്ചും അവശസമുദായത്തിൽപ്പെട്ട ആളുകളെ സംബന്ധിച്ച് പ്രത്യേക പരിഗണനതന്നെ നൽകണമെന്നാണ് എനിക്കു പറയാനുള്ളത്. മറ്റൊരു ആസ്പത്രിയുടെ കാര്യം പറയാനുള്ളത് പഴയന്നൂർ ആസ്പത്രിയുടെ കാര്യമാണ്. വടക്കാഞ്ചേരി ആസ്പത്രിയുടേതു പോലെതന്നെയാണ് ഈ ആസ്പത്രിയുടേയും സ്ഥിതി. ഇവിടെ ചിലേടത്തു കൾ ഉള്ള വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ആകെ രണ്ടു ആശുപത്രികളാണുള്ളത്. ഈ രണ്ടാശുപത്രികളിൽനിന്നും സാധുക്കളായിട്ടുള്ളവർക്ക് മരുന്നു കിട്ടാതേയും ഇൻപേഷ്യൻറായി കിടക്കാൻകൂടി സൗകര്യമില്ലാതേയുമാണ് ഇരിക്കുന്നത്. അവിടെ മററു പല സ്ഥലങ്ങളിലും ഡിസ്പെൻസറികൾ ആവശ്യമുണ്ട്. എന്നാൽ ഗവൺമെൻറു നിശ്ചയമനുസരിച്ചുള്ള കെട്ടിടങ്ങളോ സ്ഥലമോ സാമഗ്രികളോ ഉണ്ടാക്കത്തക്ക പണപ്രാപ്തിയുള്ള ആളുകൾ അവിടെ കുറവായതുകൊണ്ട് രണ്ടോ മൂന്നോ ആശുപത്രികൂടി അവിടെ സ്ഥാപിക്കണമെന്നും, അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് പ്രത്യേക പരിഗണന നൽകണമെന്നുമാണെനിക്കു പറയാനുള്ളത്.

ശ്രീ. വി. മാധവൻ : സർ, വളരെ പൊതു പ്രാധാന്യമർഹിക്കുന്ന ഈ ഡിപ്പാർട്ടുമെൻറിനെസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറന്മാർ പല നിർദ്ദേശങ്ങളും ഇവിടെ പറഞ്ഞിട്ടുള്ളതിനു ഞാൻ ആദ്യമായി എൻെറ നന്ദി പ്രകടിപ്പിക്കുകയാണു ചെയ്യുന്നത്. ഈ പ്രയോജനകരമായ നിർദ്ദേശങ്ങൾ കിട്ടീട്ടുള്ളതുമുഴുവൻ തന്നെ പ്രയോഗത്തിൽ വരുത്താൻ സാധിച്ചില്ലെങ്കിലും ഗവണ്മെൻറിൻെറ കഴിവനുസരിച്ച് ചെയ്യാം എന്നുമാത്രമേ എനിക്കിപ്പോൾ പറയാൻനിവർത്തിയുള്ളൂ.

ആദ്യമായി സംസാരിച്ചതു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറാണ്. അദ്ദേഹം പറഞ്ഞിട്ടുള്ള പല സംഗതികളും മുഴുവൻ ശരിയല്ലെങ്കിലും അതിൽ പല പ്രധാനകാര്യങ്ങളും അടങ്ങിട്ടുണ്ട്. ഈ പരിമിതമായ സമയത്തിനുള്ളിൽ എല്ലാ മെമ്പറന്മാരും പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങളെ പരാമർശിച്ച് ഒരു മറുപടി പറയാൻ വളരെ പ്രയാസമുള്ള കാര്യമാണ്. ഏതാനും ചില കാര്യങ്ങളെപ്പററി മാത്രമേ എനിക്കു സംസാരിക്കുവാൻ നിവർത്തിയുള്ളൂ.

ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറുടെ അഭിപ്രായത്തിൽ രോഗികളുടെ സംഖ്യ വളരെ വർദ്ധിച്ചു എന്നും ഈ ആശുപത്രികളിൽ ഇടം ഇല്ലാതെ ആളുകൾ വളരെ കഷ്ടപ്പെടുന്നു എന്നുള്ള പരാതിയുണ്ടെന്നും കട്ടിലുകൾ ഇല്ലെന്നും രോഗികൾ തറയിൽ കിടക്കുന്നുഎന്നും മററും പറഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുമുഴുവൻ ശരിയല്ല. ഓരോ ആശുപത്രിയിലും നിയമപ്രകാരം അനുവദിച്ചിട്ടുള്ളതിൽ കവിഞ്ഞു രോഗികളെ അവിടെ പ്രവേശിപ്പിക്കേണ്ടതായ പല സന്ദർഭങ്ങളും ഉണ്ടായിട്ടുണ്ട്. അതു ആ രോഗികളുടെ രോഗത്തിൻെറ കാഠിന്യം കാണുമ്പോൾ കാരുണ്യസ്വഭാവമുള്ള ഡാക്ടറന്മാർ ഉള്ള സൗകര്യം കൊടുത്തു അവരെക്കൂടി ചികിത്സിക്കുന്നതുകൊണ്ടാണ് എന്നുള്ള സംഗതി അറിയുമ്പോൾ കുറെയെല്ലാം അസൗകര്യങ്ങൾ വരുന്നതു ക്ഷമിക്കുമെന്നാണു ഞാൻ വിശ്വസിക്കുന്നത്. സ്ഥലസൌകര്യക്കുറവ് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെടാതെയിരിക്കുന്ന ഒരുകാര്യമല്ല. സ്ഥലസൗകര്യമുണ്ടാക്കുന്നതിനു ഗവണ്മെൻറിൻെറ കഴിവുകൾ എല്ലാം തന്നെ പ്രയോഗിച്ചു ഈ

[ശ്രീ. വി. മാധവൻ]

ഡിപ്പാർട്ടുമെൻറ് പ്രവർത്തനം നടത്തുന്നുണ്ട്. നമ്മുടെ നാട്ടിൽതന്നെ ഗവണ്മെൻറ നേരിട്ടു നടത്തുന്ന ഇരുന്നൂറു സ്ഥാപനങ്ങൾ ഉണ്ട്. ഒൻപതിനായിരം ചതുരശ്രമൈലുള്ള ഈ സംസ്ഥാനത്തിൻെറ മൂന്നിലൊന്നു ഭാഗം വനം നിറഞ്ഞിരിക്കുകയാണ്.

ഇത്ര ചുരുങ്ങിയ വിസ്തീർണ്ണത്തിനകത്തു ഇത്രയധികം അലോപ്പതി ആശുപത്രികളും, അതുകൂടാതെ ആയുർവ്വേദ ആശുപത്രികളും, വൈദ്യശാലകളും ഉള്ള ഒരു രാജ്യം ഉണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഇത്രയേറെ സ്ഥാപനങ്ങളുള്ള ഒരു രാജ്യം ഇൻഡ്യയിൽ മറെറങ്ങുംതന്നെയില്ല. ആകെയുള്ള റവന്യൂവിൻെറ പതിനഞ്ചിലൊന്നോ, പതിനാറിലൊന്നോ വരുന്ന തുക ഈ ഡിപ്പാർട്ടുമെൻറിനുവേണ്ടി വിനിയോഗിക്കുന്നുണ്ടെന്നു കാണാൻ കഴിയും. ഇത്ര ഭീമമായ ചെലവ് ഈ ഡിപ്പാർട്ടുമെൻറ് ചെയ്തുകൊണ്ടിരിക്കുമ്പോൾ ഗവണ്മെൻറിനെക്കൊണ്ടു ചെയ്യാവുന്നതെല്ലാം ചെയ്യുന്നുണ്ടെന്നു സമാധാനിക്കാവുന്നതാണ്.

ഒരാണ്ടിൽ പത്താശുപത്രികളാണ് ഇപ്പോൾ പുതുതായി അനുവദിക്കുന്നത്. അങ്ങനെ ഏതാനും വർഷങ്ങൾകൊണ്ട് രാജ്യത്തിൻെറ എല്ലാ ഗ്രാമപ്രദേശങ്ങളിലും അലോപ്പതി വൈദ്യസമ്പ്രദായം അനുസരിച്ചുള്ള വൈദ്യസഹായം എത്തിച്ചുകൊടുക്കുവാൻ സാധിക്കുമെന്നാണു ഗവണ്മെൻറ കരുതുന്നത്. തിരുവനന്തപുരത്തെ ആശുപത്രിയെപ്പററി ചില കാര്യങ്ങൾ ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പറയുകയുണ്ടായി. മെഡിക്കൽ കാളേജിനോടനുബന്ധിച്ച് അവിട്ടംതിരുനാൾ ആശുപത്രി, ജനറൽ ആശുപത്രി ഇങ്ങനെയുള്ള ആശുപത്രികളുടെ ഒരു സമൂഹംതന്നെ ഏററവും ഉന്നതമായ തോതിൽ അടുത്ത ഭാവിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സജ്ജീകരണങ്ങൾ തയാറാക്കി വരുന്നുണ്ട്. അടുത്തകാലത്തുതന്നെ ജനറലാശുപത്രിയിൽ നാന്നൂറു കിടക്കകൾ തയാറാകും. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ മെഡിക്കൽ കാളേജിനോടുചേർന്ന ജനറലാശുപത്രി തുടങ്ങുമ്പോൾ, ഇപ്പോൾ ഇവിടെയുള്ള ജനറൽ ആശുപത്രിയുടെ നിലയെപ്പററി ആശങ്ക പ്രകടിപ്പിക്കുകയുണ്ടായി. അങ്ങനെ ആശങ്കിക്കേണ്ട കാര്യമില്ല. ഉള്ളൂരിൽ ജനറലാശുപത്രി സ്ഥാപിച്ചുവരുന്നതുകൊണ്ടു ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന ഇവിടത്തെ ജനറലാശുപത്രി കളയാൻ പോകുന്നില്ല. അതു സർവ്വസജ്ജീകരണങ്ങളോടുകൂടി ഇന്നത്തെപ്പോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകതന്നെ ചെയ്യും. പക്ഷെ, അതു ഒരു ഡിസ്ട്രിക്ട് ഹാസ്പിററലായി മാറിയേക്കും. അവിടെയുള്ള എല്ലാ കെട്ടിടങ്ങളും മററു സൗകര്യങ്ങളും പഴയപോലെ ഉപയോഗപ്പെടുത്തിക്കൊണ്ടു ജനങ്ങൾക്കു മേലും ആതുരസേവനം ചെയ്യുന്ന ഒരു മന്ദിരമായി അതു നിലകൊള്ളുന്നതാണ്. അദ്ദേഹത്തിൻെറ മററു നിർദ്ദേശങ്ങൾ വളരെ പ്രാധാന്യം അർഹിക്കുന്നവയാണെന്നു ഗവണ്മെൻറ കരുതുന്നുണ്ട്. അതും വച്ചുകൊണ്ടു ഗവണ്മെൻറിൻെറ ഭാവി പരിപാടികൾ രൂപീകരിക്കുന്നതായിരിക്കും.

ശ്രീ. കുട്ടപ്പൻ കോയിക്കൽ കായംകുളം ആശുപത്രിയെപ്പററി പറഞ്ഞു. കായംകുളം ആശുപത്രിക്കു വേണ്ടി ഇപ്പോൾതന്നെ ഗവണ്മെൻറ ഒരു നല്ല തുക ചെലവാക്കിക്കഴിഞ്ഞു. എൻെറ അറിവു ശരിയാണെങ്കിൽ

അവിടെ ഒരു പഴയ ആശുപത്രിയായിരുന്നു ഉണ്ടായിരുന്നത്. അതു പുതുക്കി പണിയിച്ചതിൽ ഗവണ്മെൻറിനു വലിയ ചെലവുണ്ട്. കായംകുളത്തെ ജനങ്ങൾ, മററു സ്ഥലങ്ങളെ അപേക്ഷിച്ചു ധനമുള്ളവരാണ്. ധനാഢ്യന്മാരായ വളരെ ആളുകൾ അവിടെയുണ്ട്. മററു സ്ഥലങ്ങളിലെ ജനങ്ങൾ ചെയ്യുന്നതുപോലെ കുറേക്കൊക്കെ സൗജന്യവും പൊതുജനങ്ങളുടെ സഹകരണവും ഡാക്ടർ ശി രാമൻനായർ അഭിപ്രായപ്പെട്ടതുപോലെയുള്ള പിൻതുണയും കായംകുളത്തുള്ള പൗരന്മാർ കാണിക്കുമെങ്കിൽ ഇതിനെക്കാൾ മെച്ചമായ നിലയിൽ അവിടെ ഒരാശുപത്രി നട ിക്കൊണ്ടുപോകുവാൻ കഴിയും;

ശ്രീ. ടി. വി. തോമസ്: സംഭാവനകൾ നൽകുകയും ഗവണ്മെൻറ് അതു സ്വീകരിക്കുകയും ചെയ്തതിനുശേഷവും ഗവണ്മെൻറ് യാതൊരു നടപടികളും ഇതുവരെ സ്വീകരിച്ചിട്ടില്ലെന്നു അറിയാമോ?

ശ്രീ. വി. മാധവൻ: സംഭാവനകിട്ടിയ തുക വളരെ തുച്ഛമാണ്. അതിലെത്രയോ കൂടുതൽ തുകയാണ് ഗവണ്മെൻറ് ചെലവാക്കിയിരിക്കുന്നത്.

ശ്രീ. ടി. വി. തോമസ്: ഞാൻ പറഞ്ഞതു് കായംകുളത്തെ കാര്യമല്ല. ആലപ്പുഴയിൽ ചെയിംബർ ആഫ് കാമേഴ്സുകാർ ഇരുപതിനായിരം രൂപയും, അവിടത്തെ മുനിസിപ്പാലിററിക്കാർ ഇരുപതിനായിരം രൂപയും സംഭാവന ചെയ്തിട്ടും ഇതുവരെ അവിടത്തെ വാർഡുപണി നടന്നിട്ടില്ല.

ശ്രീ. വി. മാധവൻ: അതിനെ സംബന്ധിച്ചു ഗവണ്മെൻറ് നടപടി നടത്തിക്കൊണ്ടിരിക്കുകയാണ്. അതിൻെറ ഇപ്പോഴത്തെ അവസ്ഥ എങ്ങനെയിരിക്കുന്നു എന്നു അന്വേഷിക്കാതെ പറയാൻ നിവൃത്തിയില്ല. ഏതായാലും അക്കാര്യത്തിൽ ഗവണ്മെൻറ് അലസത കാണിക്കുന്നില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ പ്രധാനമായി സംസാരിച്ചതു് ആയുർവ്വേദ ആശുപത്രികളുടെ ശോചനീയാവസ്ഥയെപ്പററിയാണ്. ആയുർവ്വേദ ആശുപത്രികളെ സംബന്ധിച്ചും, ആയുർവ്വേദവിഷയമായ വൈദ്യസമ്പ്രദായത്തെ സംബന്ധിച്ചും തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികൾ ഇൻഡ്യയിൽ മറെറാരു ഗവണ്മെൻറും എടുത്തിട്ടില്ലെന്നു എനിക്കഭിമാനപൂർവ്വം പറയാൻ കഴിയും. ഉയർന്ന രീതിയിലുള്ള ഒരു കാളേജ് തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ പോകുന്നുണ്ട്. അതിലേക്കുള്ള കെട്ടിടങ്ങൾതന്നെ ഏകദേശം പൂർത്തിയായി വരികയാണ്. ഡിപ്ലോമാ ഡിഗ്രിക്കുള്ള അഭ്യസനവും നടത്തിവരുന്നു. എസ്. കെ. വി. ഫാർമസി, ഇവിടെയുള്ള ഫാർമസി എന്നിങ്ങനെയുള്ള ഫാർമസികളും നട ിവരികയാണ്. നമ്മുടെ സംസ്കാരം പുലർത്തണമെന്നും, ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കണമെന്നുള്ള ആകാംക്ഷയോടുകൂടിയാണ് ഗവണ്മെൻറ് ഇക്കാര്യത്തിൽ പെരുമാറുന്നതു്. അലോപ്പതി സമ്പ്രദായത്തിൻെറ പ്രചാരം കാണുമ്പോൾ ആയുർവ്വേദത്തിൻെറ പ്രചാരത്തെപ്പററിയും അതിൻെറ ഭാവിയെപ്പററിയും ഗവണ്മെൻറിനുതന്നെ സംശയമുണ്ടെങ്കിലും, സാംസ്കാരികമായ അഭിവൃദ്ധിയെ ലാക്കാക്കി ആയുർവ്വേദത്തെ പ്രചരിപ്പിക്കേണ്ട കർത്തവ്യം ഗവണ്മെൻറിനുണ്ടെന്നുള്ള ബോധത്തോടുകൂടി കഴിവുള്ളത്ര പ്രവർത്തനങ്ങൾ ഗവണ്മെൻറ് ചെയ്തുപോരുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: ആയുർവ്വേദത്തിൽ ഡിപ്ലോമാ കോഴ്സു ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറഞ്ഞല്ലോ. ആക്കെങ്കിലും ഇതിനകം ഡിഗ്രി കൊടു ിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: കോഴ്സു ഇപ്പോൾ തുടങ്ങിയിട്ടേയുള്ളു. ഡിഗ്രി കൊടുക്കാനുള്ള സമയം ആയിവരുന്നതേയുള്ളു.

ഡാക്ടർ ശിവരാമൻനായർ പല പ്രധാനമായ കാര്യങ്ങളെപ്പററി പറഞ്ഞു. അദ്ദേഹം ആ ലൈനിൽ ഏർപ്പെട്ടിരിക്കുന്ന ആളാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അദ്ദേഹം ഇവിടത്തെ സർവ്വീസിലുള്ള ഒരു ഡാക്ടരായിരുന്നു എന്നറിയാമോ?

ശ്രീ. വി. മാധവൻ: വളരെ നല്ലതു്.

ആശുപത്രികളിൽ മരുന്നില്ലെന്നുള്ള അപവാദം ധാരാളമായി കേൾക്കുന്നുണ്ടെന്നു ഡാക്ടർ പറയുകയുണ്ടായി. പരമാർത്ഥത്തിൽ അങ്ങനെയൊരു കെട്ടുകഥ, ഒരു വർത്തമാനം ജനങ്ങളുടെ ഇടയിലുണ്ടെന്നല്ലാതെ അതിൽ യാതൊരു സത്യവുമില്ല. ഒരുപക്ഷെ ഏതെങ്കിലും ഒരു പ്രത്യേക മരുന്നു ഏതെങ്കിലും ഒരാശുപത്രിയിൽ ഒരുദിവസമോ മററോ ഇല്ലാതെപോയിയെന്നുവരാം. കൊച്ചി വിഭാഗത്തിലെ കഥയാണെങ്കിൽ അവിടേക്കാവശ്യമുള്ള മരുന്നുകളെല്ലാം എറണാകുളത്തു ഡിസ്ട്രിക്ടാശുപത്രിയിൽ സൂക്ഷിച്ചിട്ടുണ്ടു്. ദൃഷ്ടാന്തത്തിനു് കുന്നംകുളത്താശുപത്രിയിൽ മരുന്നില്ലാതെ വന്നാൽ എറണാകുളത്തുനിന്നും മരുന്നു കൊണ്ടുവരണമെന്നേയുള്ളു. ഒരു വർഷത്തേക്കുള്ള മരുന്നു മാത്രമല്ല, പതിനഞ്ചു മാസത്തേക്കുള്ള മരുന്നാണു ഓരോ ആശുപത്രിയിലേക്കും വിതരണം ചെയ്തുവരുന്നതു്. മരുന്നു വന്നു ചേരുവാനോ എടുത്തു കൊടുക്കുവാനോ കാലതാമസം വരുമെന്നുണ്ടെങ്കിൽക്കൂടി അതുകൊണ്ടു് തരക്കേടൊന്നുമുണ്ടാകരുതെന്നു കരുതി പതിനഞ്ചു മാസത്തേക്കുള്ള മരുന്നാണു ഓരോ ആശുപത്രിക്കും സപ്ലൈ ചെയ്യുന്നതു്. മരുന്നില്ലെന്നുള്ള പരാതി മിക്കവാറും അതിന്റെ യഥാർത്ഥ സ്ഥിതി അന്വേഷിക്കാതെ പറയുന്നതാണു്. മുമ്പു് കുന്നംകുളം ആശുപത്രിയിൽ മരുന്നില്ലെന്നു അന്നത്തെ മെഡിക്കൽ മന്ത്രിയായിരുന്ന ഇപ്പോഴത്തെ ചീഫ്മിനിസ്റ്റർക്കു് ലഭിച്ച പരാതിയനുസരിച്ചു് അദ്ദേഹം കുന്നംകുളത്തു ചെന്നന്വേഷിച്ചു. അപ്പോൾ ആവശ്യമുള്ള മരുന്നുകളെല്ലാം അവിടെ ഉണ്ടെന്നു കണ്ടു. കുന്നംകുളത്തു മെംബറായിരുന്ന ശ്രീ. സി. വി. ഇയ്യുണ്ണി ആണു പരാതിപ്പെട്ടതു്. മന്ത്രി അദ്ദേഹത്തെ വിളിച്ചു് മരുന്നു ഇവിടെയുണ്ടല്ലോ എന്നു കാണിച്ചുകൊടുത്തപ്പോൾ ആളുകളങ്ങനെ പറഞ്ഞുകേട്ടതുകൊണ്ടാണു ഞാൻ പരാതിപ്പെട്ടതെന്നു അദ്ദേഹം മന്ത്രിയോടു പറഞ്ഞു. ഈ നിലയിൽ അയഥാർത്ഥമായ ഒരാരോപണം മാത്രമാണു് ആശുപത്രികളിൽ മരുന്നില്ലെന്നുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പരാതി ഉണ്ടാകുന്നതു്, ആശുപത്രികളിൽ ചെല്ലുന്ന രോഗികൾക്കു് മരുന്നുകൾക്കു് ചീട്ടുകൊടുക്കുന്നതുകൊണ്ടാണു്. പുറത്തു ഷാപ്പുകളിൽപ്പോയി മരുന്നു വാങ്ങിച്ചുകൊണ്ടുവരാൻവേണ്ടി ചീട്ടുകൾ കൊടുക്കുകയെന്നുള്ളതു് ഇപ്പോഴത്തെ ഒരു സാധാരണ പതിവാണു്.

ശ്രീ. വി. മാധവൻ: വളരെ വിലകൂടിയതും ഒരുപക്ഷെ ആശുപത്രിയിൽ അത്ര സുലഭമല്ലാത്തതുമായ ഏതെങ്കിലും മരുന്നുകൾ, അതുകൊണ്ട് പെട്ടെന്നു രോഗശമനം ഉണ്ടാകുമെന്നു കാണുന്നപക്ഷം, ഷാപ്പുകളിൽ നിന്നും വാങ്ങിക്കുവാൻ കഴിവുള്ള രോഗികൾക്ക് ഡാക്ടറന്മാർ ചീട്ടുകൾ കൊടുത്തു എന്നു വരും. അല്ലാതെ സാധാരണ മരുന്നുകൾ ഇല്ലാതെവന്നതിനാൽ ഷാപ്പുകളിൽനിന്നും മരുന്നു വാങ്ങിക്കൊണ്ടുവരുവാൻ ചീട്ടു കൊടുത്തതായി ആരെങ്കിലും ഉ രവാദിത്വപ്പെടുത്തുകൂടി ഗ ണ്മെൻറിനെ അറിയിക്കുന്നപക്ഷം അതിന്മേൽ നടപടികൾ എടുക്കുന്നതായിരിക്കും. ഒരിക്കലും ആശുപത്രികളിൽ മരുന്നുകൾ ഇല്ലാതെ വരാൻ ഇടയില്ല.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ഇൻജക്ഷൻ ചെയ്യുന്നതിനുള്ള മരുന്നുകൾ ഒന്നുംതന്നെ ആശുപത്രികളിൽ ഇല്ല. എല്ലാം ഷാപ്പുകളിൽ നിന്നാണു വാങ്ങിക്കുന്നത്.

ശ്രീ. വി. മാധവൻ: സാധാരണ ഇൻജക്ഷനുള്ള മരുന്നുകളെല്ലാം മിക്കവാറും എല്ലാ ആശുപത്രികളിലും കാണും. വിശേഷാൽ ഉള്ള ചില മരുന്നുകൾ ചിലപ്പോൾ ഷാപ്പുകളിൽനിന്നു വാങ്ങിക്കുവാൻ ഡാക്ടറന്മാർ ആവശ്യപ്പെട്ടു എന്നു വരാനിക്കാം. അതിൽ തെററില്ല.

ശ്രീമതി ഗൗരി എറണാകുളത്തു നഴ്സിംഗ്സ്കൂൾ നിറുത്തിയതായി അറിഞ്ഞതുകൊണ്ടു പറയുകയുണ്ടായി. അടുത്തകാലത്തു എങ്ങനെയോ അങ്ങനെ ഒരു വർത്തമാനം പരന്നു എന്നല്ലാതെ അതിൽ ഒരു പരമാർത്ഥവുമില്ല.

നെഴ്സുകളുടെ വിവാഹക്കാര്യത്തെപ്പററിയും ശ്രീമതി ഗൗരി വളരെ അധികം പറഞ്ഞു.

Mr. Speaker : That is an important matter.

ശ്രീ. വി. മാധവൻ: ഉദ്യോഗത്തിൽ പ്രവേശിച്ച് രണ്ടുകൊല്ലം കഴിഞ്ഞാൽ അവർക്ക് വിവാഹം ചെയ്യാം. അതുവരെ ക്ഷമിക്കുന്നതുകൊണ്ട് യാതൊരു തരക്കേടും വരാനില്ലെന്നാണെനിക്കു തോന്നുന്നത്.

Mr. Speaker : Mr. Nataraja Pillai, do you press your motion ?

Shri P. S. Nataraja Pillai : No, Sir. I don't press the motion.

The motion was, by leave ,withdrawn.

Mr. Speaker : Messrs. Kuttappan and Kambisseril Karunakaran who have moved their motions are not in their seats. I would tell the hon. Members that when a motion has been moved and a particular department has been criticised those members who have moved such motions should remain in their seats when the Minister in charge of the Department gives his reply to those criticisms. Does the House permit all the cut motions to be withdrawn ?

The motions moved by Shri K. Kuttappan and Shri Kambisseril Karunakaran were deemed to have been withdrawn.

The question that a sum of Rs. 1,01,76,000 be sanctioned under Demand No. XIX-Medical-was put and carried.

The grant was made.

DEMAND XXVI—LABOUR AND MISCELLANEOUS.

4 p. m.

Shri Panampilli Govinda Menon : Sir, I move for a grant of Rs. 24,61,000 under Demand No. XXVI—Labour and Miscellaneous.

Shri A. J. John : I second it.

Mr. Speaker : I call upon Mr. Kumara Pillai to move, Cut Motion No. 62.

Shri K. K. Kumara Pillai : Sir, I move :

To reduce the allotment of Rs. 23,49,000 for Miscellaneous Departments by rupee one.

സർ, ഈ രാജ്യത്തു തൊഴിൽപരമായിട്ടോ, വാണിജ്യപരമായിട്ടോ, അല്ലെങ്കിൽ ഗവണ്മെൻറിന്റെ ഭരണത്തിലുണ്ടാകുന്ന അനാസ്ഥമൂലമായിട്ടോ ഉണ്ടാകുന്ന പരിവർത്തനങ്ങൾക്കെല്ലാം കാരണം, തൊഴിലാളികളുണ്ടാക്കുന്ന കുഴപ്പമാണെന്നു ലേബർമന്ത്രിയുൾപ്പെടെ പല മെംബറന്മാരും കഴിഞ്ഞ ഒന്നുരണ്ടുദിവസങ്ങളിൽ നടന്ന സമ്മേളനങ്ങളിൽ പറയുകയുണ്ടായി. തൊഴിലാളിയും മുതലാളിയും തമ്മിൽ ഉണ്ടാകുന്ന അഭിപ്രായവ്യത്യാസങ്ങൾ പറഞ്ഞൊതുക്കി രഞ്ജിപ്പിക്കാൻ ബാദ്ധ്യതപ്പെട്ട ഒരു ഡിപ്പാർട്ടുമെൻറാണ് ലേബർ ഡിപ്പാർട്ടുമെൻറ്. ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു നടത്തിയ ചർച്ചാവേളകളിൽ ഇതൊരു മൈനർ ഡിപ്പാർട്ടുമെൻറാണെന്നും ഒരു മേജർ ഡിപ്പാർട്ടുമെൻറായിട്ടു ഉയർത്തേണ്ടതു ഏററവും അത്യാവശ്യമാണെന്നും ഞങ്ങളുടെ പാർട്ടിയിൽനിന്നും ഏകകണ്ഠമായി അഭിപ്രായപ്പെടുകയുണ്ടായി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മേജർ ഡിപ്പാർട്ടുമെൻറെന്നും മൈനർ ഡിപ്പാർട്ടുമെൻറ് എന്നും പറയുന്നതിൽ എന്ത് ഉദ്ദേശമാണുള്ളതെന്നു പറയാമോ ?

ശ്രീ. കെ. കെ. കുമാരപിള്ള : ഞാൻ പലതും ഉദ്ദേശിക്കുന്നുണ്ട്. കഴിഞ്ഞ യാണ്ടിൽ നടന്ന ബഡ്ജററ് സമ്മേളനങ്ങളിൽ ഇതൊരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്താമെന്നു ഒരു ഹമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുള്ളതാണ്. അങ്ങനെയിരിക്കെ ഇപ്പോൾ ആ വ്യത്യാസം അറിയില്ല എന്നു പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളോട് ഉള്ള ആത്മാർത്ഥത തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. ആ സ്ഥിതിക്കു അന്നു മന്ത്രി പറഞ്ഞതായ മറുപടികളെല്ലാം തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. അതല്ല,

അറിവു പരിശോധിക്കാനാണെങ്കിൽ, അതു നമുക്ക് പുറത്തുപോയി സ്വന്തമായി പരീക്ഷിച്ചുനോക്കിയാൽ പോരേ ?

Mr. Speaker : The hon. Member is evidently not clear on this matter. The question is in what way the Member defines the Labour Department as a minor department because a sum of Rs. 19 lakhs and odd is spent on the department. What is the criterion which enables the Member to call it a minor department ?

ശ്രീ. കെ. കെ. കുമാരപിള്ള : സർ, ഞാൻ അതിനു ഒരു ഉദാഹരണം പറയാം. തൊഴിൽ തർക്കം തീർക്കുന്നതിനു വേണ്ടി നിയമിച്ചിട്ടുള്ള ട്രിബ്യൂണലിലെ ജഡ്ജിമാർക്കു ഡിസ്ട്രിക്ട് ജഡ്ജിയുടെ സ്റ്റാറ്റസുപോലും കൊടുക്കുന്നില്ല. മറ്റൊന്ന്, വളരെ ദുർബലമായ അധികാരങ്ങൾ മാത്രമാണ് ഈ ഡിപ്പാർട്ടുമെൻറു മേധാവിക്കു കൊടുത്തിരിക്കുന്നത്. ഇങ്ങനെ നോക്കിയാൽ ലേബർ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾക്കു സഹായകമായ സാഹചര്യം സൃഷ്ടിക്കാതിരിക്കുന്ന ഒരു പതിവാണു ഈ ഗവണ്മെൻറിനുള്ളത്. അതായതു്, അനാവശ്യമായിട്ടു പോലീസിനെ തൊഴിൽതർക്കത്തിനിടയിൽ ഇടപെടുത്തുക, തൊഴിലാളിയും മുതലാളിയും തമ്മിൽ അഭിപ്രായ വ്യത്യാസം പറഞ്ഞൊതുക്കി ഒത്തുതീർപ്പിൽ എത്തിക്കാതിരിക്കുക തുടങ്ങി പല പ്രതിബന്ധങ്ങളും ഗവണ്മെൻറുമുഖേന ചെയ്യുവരികയാണ്. സർ, തൊഴിൽതർക്കത്തിനെപ്പററി നെഗോഷിയേററു ചെയ്യാൻപോലും ഉള്ള അധികാരം ഡിപ്പാർട്ടുമെൻറിനു കൊടുക്കാതെ നിഷേധിച്ചിരിക്കയാണ്. കൺസിലിയേഷൻ വർക്കിനുള്ള ചുമതല ഏടുക്കുന്നതിനുള്ള സ്വാതന്ത്ര്യംകൂടി നിഷേധിക്കപ്പെട്ടിരിക്കയാണ്. ഏതു നീതിയേയും തത്വത്തേയും അടിസ്ഥാനപ്പെടുത്തിയാണ് ഇവകൾ നിഷേധിച്ചിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. പറഞ്ഞൊതുക്കി തീർത്തിട്ടുള്ള കേസ്സുകൾ വളരെ ചുരുക്കമാണെന്നു ഇവിടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടു നോക്കിയാൽ മനസ്സിലാകുന്നതാണ്. അതിനു കാരണവുമുണ്ട്. ഒത്തുതീർപ്പിനുവേണ്ടി ഒരു അസിസ്റ്റൻറു ലേബർകമ്മീഷണർ ഒരു മുതലാളിയെ ഹാജരാകണമെന്നു അപേക്ഷാരൂപത്തിൽ അറിയിച്ചാൽതന്നെയും മുതലാളി ആ അപേക്ഷയെ നിരസിക്കയാണ് ചെയ്യുന്നതു്. തർക്കം പറഞ്ഞുതീർക്കാനായി ഡിപ്പാർട്ടുമെൻറിൽ നിന്നും അപേക്ഷിച്ചിട്ടും മുതലാളി മനഃപൂർവ്വം അതു നിരസിക്കുന്നതു ഈ ഡിപ്പാർട്ടുമെൻറിനുള്ള അധികാരക്കുറവുകൊണ്ടല്ലേയെന്നാണ് ഞാൻ ചോദിക്കുന്നതു്. തൊഴിലാളികളെ ഗുണപ്പെടുത്തണമെന്നും വ്യവസായത്തെ പ്രോൽസാഹിപ്പിക്കണമെന്നും യഥാർത്ഥത്തിൽ ഗവണ്മെൻറു വിചാരിക്കുന്നുണ്ടെങ്കിൽ ഈ രീതിയിൽ ഒരു നിസ്സഹകരണം അനുഷ്ഠിക്കുന്ന മുതലാളിയോടു് എന്തുകൊണ്ടു കർശനമായ രീതിയിൽ നടപടിയെടുക്കുന്നില്ലാ എന്നാണെനിക്കറിയേണ്ടതു്. ഗവണ്മെൻറു ഒരു അലസമനോഭാവമാണ് കാണിക്കുന്നതു്. അതുപോലെ മറ്റൊരു കാര്യംകൂടി പറയാം. സർ, മങ്കൊമ്പിൽ ഒരു ലേബർ ആഫീസു ഉണ്ട്. ൩ താലൂക്കുകളിലെ ഒരു നല്ല ഭാഗത്തു് ഉള്ള കർഷകതൊഴിലാളികളെ ഉദ്ദേശിച്ചുകൊണ്ടു സ്ഥാപിച്ചിട്ടുള്ള ഒരു ആഫീസാണ് ഇതു്. തൊഴിൽസംബന്ധമായി എന്തെങ്കിലും ഡിസ്പ്യൂട്ടു ഉണ്ടായാൽ അന്വേഷിക്കുന്നതിനു ആ

[ശ്രീ. കെ. കെ. കുമാരപ്പിള്ള]

ശ്യമായത്ര വെൽഫയർ ആഫീസറന്മാർ അവിടെയില്ല. അവിടങ്ങളിൽ തൊഴിൽക്കുഴപ്പം ഉണ്ടാകുമ്പോൾ പോലീസാണ് ഇടപെടുന്നത്. അതു പോലെ, ചങ്ങനാശേരി ടൗൺ ഷാപ്പ് ആക്ട് നടപ്പാക്കാനുള്ള ഒരു സ്ഥലമാണ്. ആറേഴുവർഷം നല്ലതുപോലെ തുടർച്ചയായി പരിശോധന നടത്തിയാൽ മാത്രമെ അവിടങ്ങളിലുള്ള ഷാപ്പുകൾ മുഴുവനും തീരുകയുള്ളൂ. എത്രമാത്രം ഓവർവർക്ക് ചെയ്താലും ഈ കാലാവധിക്കുള്ളിൽ ഇൻസ്പെക്ഷൻ തീരുമൊ എന്നു സംശയമാണ്. ഈ കാര്യങ്ങൾ ശരിയായി നിർവഹിക്കുന്നതിലേക്ക് അവിടെ പ്രത്യേകം ഒരു ഓഫീസു രൂപീകരിക്കണമെന്നു മുറവിളികൂട്ടിയാലും ഗവണ്മെൻറു മൗനം അവലംബിക്കുന്നത് എന്തൊ ചില ഉദ്ദേശംകൊണ്ടായിരിക്കുമെന്നു തോന്നുന്നു. മാത്രമല്ല, ലേബർ ഡിപ്പാർട്ടുമെൻറിലെ മൂന്നാംഗ്രേഡിലുള്ള വെൽഫെയർ അസിസ്റ്റൻറന്മാരെ പിരിച്ചുവിടാൻകൂടി നിശ്ചയിച്ചിരിക്കുന്നു എന്നു കേൾക്കുന്നു. ഇപ്പോഴുള്ളവരെക്കൊണ്ടുതന്നെ ജോലികൾ ശരിയായവിധം നിർവ്വഹിക്കുവാൻ സാധിക്കാതെയിരിക്കുന്ന സ്ഥിതിക്ക്, ഇവരിൽനിന്നും കുറെപ്പേരെക്കൂടി പിരിച്ചുവിട്ടാലുണ്ടാകുന്ന അവസ്ഥയെന്തായിരിക്കുമെന്നു ഊഹിക്കേണ്ടതാണ്. വെൽഫയർ ആഫീസെന്നും ലേബർ ഡിപ്പാർട്ടുമെൻറെന്നും പറഞ്ഞു കുറെയാളുകളെ അതിൽ നിയമിക്കയും ശരിയായ രീതിയിൽ ജോലിചെയ്യാൻ സൗകര്യംകൊടുക്കാതെ ഒരുമാതിരി ഫാഴ്സ് നടത്തുന്നതും ശരിയല്ല. സർ, അതുപോലെ കൊല്ലം ട്രിബ്യൂണലിൽ ഒരു ഹെഡ്ക്ലാർക്കുണ്ട്, കുറെക്കാലമായി അവധിയിലാണ്. തൽസ്ഥാനത്തു പകരം ആളെ നിയമിച്ചു ജോലിനടത്താൻ ശ്രമിക്കാതെ ഡിപ്പാർട്ടുമെൻറിലെ ഒരു സ്റ്റെനോഗ്രാഫറെ ആ ജോലികൂടി നോക്കിക്കൊള്ളാൻ ആജ്ഞാപിച്ചിരിക്കയാണ്. ഒരാൾ രണ്ടു ജോലി ചെയ്യുകയാണെങ്കിൽ ഏത്രത്തോളം കാര്യക്ഷമതയുണ്ടായിരിക്കുമെന്നു ചിന്തിക്കേണ്ടതാണ്. ഏതൊ ചില സമ്മർദ്ദത്തിൻെറ ഫലമായിട്ടു ഒരു ലേബർ ഡിപ്പാർട്ടുമെൻറു ഉണ്ടാക്കിയെന്നല്ലാതെ അതുകൊണ്ടു ഉദ്ദേശിക്കുന്ന ഫലമുണ്ടാകണമെന്നുള്ള വിചാരം ഉണ്ടെന്നുതോന്നുന്നില്ല. തന്മൂലം തൊഴിൽതർക്കങ്ങളിൽ പല കുഴപ്പങ്ങളും ഉണ്ടാകുന്നു. എവിടെയെങ്കിലും തൊഴിൽ കുഴപ്പമുണ്ടായാൽ അതു ഒരു ഒത്തുതീർപ്പുണ്ടാക്കി അവസാനിപ്പിക്കുന്നതിനു പകരം അവിടങ്ങളിൽ ഐ. എൻ. ടി. യു. സി. ഉണ്ടാക്കാൻ ശ്രമിക്കയാണ്. ബഹുമാനപ്പെട്ട മെംബർ ശ്രീ. നടരാജപിള്ള തിരുവനന്തപുരത്തു അടച്ചിട്ടിരുന്ന ഒരു ഡിപ്പോയുടെ കാര്യം പറഞ്ഞു. തൊഴിലാളികൾക്കു മനഃപൂർവ്വം ജോലികൊടുക്കാതിരിക്കാൻവേണ്ടിയാണ് ഈ ഡിപ്പൊ അടച്ചിട്ടിരിക്കുന്നതെന്നും ഒരു ഐ. എൻ. ടി. യു. സി. തുടങ്ങാൻ പോകുന്നുവെന്നും അദ്ദേഹം പ്രസ്താവിക്കയുണ്ടായി. ഈ രീതിയിൽ തൊഴിൽതർക്കം ഉണ്ടാകുന്ന സ്ഥലങ്ങളിൽ എല്ലാം ഇപ്പറഞ്ഞ സംഘത്തെക്കൊണ്ടു പ്രവർത്തിപ്പിക്കാമെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നത്. ഗവണ്മെൻറിൻെറ ഈ നയം എത്രത്തോളം സാധിതപ്രായമാകുമെന്നു കണ്ടുതന്നെയറിയേണ്ടതാണ്. സർ, അതുകൊണ്ടു് എനിക്കു പറയുവാനുള്ളത്, ഒരു തൊഴിലാളിപ്രവർത്തകനും കൂടിയായ ബഹുമാനപ്പെട്ട മന്ത്രി തൊഴിൽ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം തൊഴിലാളികൾക്കു അനുഗുണമായ തരത്തിൽ ഡിപ്പാർട്ട്

മെൻറിനെക്കൊണ്ടു പ്രവർത്തനം നടത്തുന്നതിനു വേണ്ട നിർദ്ദേശം കൊടുത്തു തൊഴിലാളികളെ സഹായിക്കണമെന്നു് എനിക്കു് ഒരപേക്ഷയുണ്ടു്. കർഷകതൊഴിലാളികളുടെ കാര്യത്തിൽ ഇൻഡ്യാ ഗവണ്മെൻറ നേരിട്ടു ഇടപെടുകയും അതിലേക്കു് ഒരു കമ്മിററിയെ ഉണ്ടാക്കാൻ പോകുന്നതെന്നും കേൾക്കുന്നു. കർഷകതൊഴിലാളികളുടെ Minimum Wages കമ്മിററി രൂപീകരിക്കാൻ ഇൻഡ്യാഗവണ്മെൻറ് ആലോചിച്ചുവരുന്നു; അതിൻെറ അടിസ്ഥാനത്തിൽ കമ്മിററി ഉണ്ടാക്കുന്നതെന്നു പറഞ്ഞാലും കർഷകതൊഴിലാളികളുടെ പ്രത്യേക പ്രാതിനിധ്യം അതിലുണ്ടായിരിക്കത്തക്കവണ്ണം കുറച്ചു ദയാദൃഷ്ടിയോടുകൂടി പെരുമാറണമെന്നു് ബഹുമാനപ്പെട്ട മന്ത്രിയോടു് എനിക്കപേക്ഷിക്കാനുണ്ടു്.

Shri Panampilli Govinda Menon : May I put a question even at this stage ? May I know from the Member what he means by a minor department and a major department ? He did not answer it.

Mr. Speaker : He gave an instance. You can draw any inference.

Shri K. P. Prabhakaran : Sir, I move : To reduce the total allotment of Rs. 24,61,000 under Demand XXVI by Re. 1.

സർ, തൊഴിൽ കുഴപ്പങ്ങളിലും പണിമുടക്കുകളിലും സർവ്വോപരി ട്രെയിഡുയൂണിയൻ സ്വാതന്ത്ര്യത്തിനെതിരായും ഇവിടത്തെ ലേബർ വകുപ്പും അതിൻെറ ചുമതലക്കാരനായ തൊഴിൽകാര്യമന്ത്രി പ്രത്യേകിച്ചും അനുവർത്തിച്ചുവരുന്ന തൊഴിലാളിവിരുദ്ധനയത്തെ പരാമർശിക്കുന്നതിനാണു് ഞാനീഖണ്ഡനോപക്ഷേപം അവതരിപ്പിക്കുന്നതു്. തൊഴിൽ തർക്കങ്ങളുടെ സംഖ്യ ക്രമാതീതമായി വർദ്ധിച്ചുവരുന്ന ഒരു കാലഘട്ടമാണിതു്. അതുതന്നെ അധികവും പിരിച്ചുവിടലുകളും ലാക്കൌട്ടുകൾ മൂലവും ബോണസ്സും കൂലിയും നിഷേധിക്കുന്നതിൽ നിന്നുമാണു് ഉത്ഭവിക്കുന്നതു്. എല്ലാ വ്യവസായങ്ങളിലുംതന്നെ തൊഴിലാളികൾക്കെതിരായി മുതലാളിമാർ അഴിച്ചുവിട്ടിട്ടുള്ള സാർവ്വത്രികമായ ആക്രമണമാണിതുകാണിക്കുന്നതു്. ഈ ആക്രമണങ്ങളിൽ നിന്നു തൊഴിലാളികൾക്കു് രക്ഷനൽകേണ്ടതു്, അവരുടെ തൊഴിലിനും കൂലിക്കും ജീവിതാവകാശങ്ങൾക്കും പരിരക്ഷണം നൽകേണ്ടതു് ലേബർ ഡിപ്പാർട്ടുമെൻറിൻെറ കർത്തവ്യമാണു്. ഒരു ജനാധിപത്യഗവണ്മെൻറിൻെറ ഒഴിച്ചുകൂടാൻ പാടില്ലാത്ത കടമയാണതു്.

മിനിമംവേജസ് ആക്ടു് എല്ലാ വ്യവസായങ്ങളിലും നടപ്പാക്കിക്കൊണ്ടും ത്രികക്ഷിസമ്മേളനങ്ങൾ നടത്തിയും തൊഴിൽതർക്കങ്ങൾക്കും തൊഴിൽ രംഗത്തെ അസ്വാസ്ഥ്യങ്ങൾക്കും കുറെയൊക്കെ പരിഹാരം ഉണ്ടാക്കാൻ സാദ്ധ്യമാണു്. എന്നാൽ അത്തരം നടപടികൾ ഫലപ്രദമായും ശക്തമായും തുടരാൻ തയ്യാറില്ലെന്നു മാത്രമല്ല തീരെ നിർത്തിക്കളയാനാണു് ഈ ഗവണ്മെൻറ് ഉദ്ദേശിക്കുന്നതെന്നാണു് ബഡ്ജററിലെ കണക്കുകൾ സൂചിപ്പിക്കുന്നതു്. Lump sum for the enforcement of Minimum Wages Act എന്നുള്ള ഇനത്തിൽ ഫൻ ദ്ധ ഉ—ദ്ധ—ലെ ബഡ്ജററ്

[ശ്രീ. കെ. പി. പ്രഭാകരൻ]

എസ്റ്റിമേറവ് ൩ ൦ ൦ ൦ ക. യായിരുന്നതു റിവൈസ്ഡ് എസ്റ്റിമേററിൽ ൨൩ ൦ ൦ ക. ആയി ചുരുങ്ങി. ൧൯ ൫൩-൫ ൪-ലേക്കു ഒരു പൈസപോലും ചേർത്തുകാണുന്നുമില്ല. രണ്ടു വ്യവസായങ്ങളിൽ മാത്രമേ മിനിമം വേജ് നിശ്ചയിച്ചിട്ടുള്ളു. അതുതന്നെ നടപ്പാക്കിക്കഴിഞ്ഞിട്ടില്ല. അതിനധികാരപ്പെട്ട ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുമില്ല. നാലോ അഞ്ചോ വ്യവസായങ്ങളിൽ കമ്മിററികൾ പ്രവർത്തനത്തിലിരിക്കയാണ്. അവയുടെ എല്ലാം പ്രവർത്തനം പൂർത്തിയാക്കാനുള്ളപ്പോൾ, ഇനിയും എത്രയോ വ്യവസായങ്ങളിൽ കമ്മിററികൾ ഏർപ്പെടുത്താൻ ബാക്കിയുള്ളപ്പോൾ മിനിമംവേജസ് ആക്ടിന്റെ പ്രവർത്തനത്തിനു പണം ചേർത്തുകാണാത്തതു പ്രതിഷേധാർഹമാണ്. ഗവണ്മെൻറ് അതിന്റെ പ്രവർത്തനം നിർത്തിവെച്ചെന്നാണോ മനസ്സിലാക്കേണ്ടതു്?

ഇതേ നിരുത്തരവാദിത്വം തന്നെയാണ് തൃകക്ഷിസമ്മേളനങ്ങളുടെ കാര്യത്തിൽ ബഡ്ജററ് വെളിപ്പെടുത്തുന്നതു്. ൧൯ ൫൩-൫ ൪-ലേ Tripartite Conference കൾക്കുള്ള റിവൈസ്ഡ് എസ്റ്റിമേറവ് ൩ ൦ ൦ ൦ രൂപ ഉള്ളപ്പോൾ ൫൩-൫ ൪-ലേക്കുള്ള ബഡ്ജററ് എസ്റ്റിമേറവ് ൨ ൦ ൦ ൦ രൂപ മാത്രമാണ്. ഇങ്ങനെ Tripartite Conference and Minimum Wages Act എന്നുള്ള ഇനത്തിൽ ൫൩-൫ ൪-ൽ ആകെ റിവൈസ്ഡ് എസ്റ്റിമേറവ് ൩ ൦ ൦ ൦ രൂപ ആണെങ്കിൽ പുതിയ എസ്റ്റിമേറവ് വെറും ൨ ൦ ൦ ൦ രൂപയാണ്. അതായതു് ൧൨ ശതമാനം കുറവാണ്.

സർ, ലേബർ ഡിപ്പാർട്ടുമെൻറിനേക്കാൾ മുമ്പ് പോലീസാണിന്ന് ഏതു തൊഴിലാളിസമരങ്ങളിലും ഇടപെടുന്നതു്. പോലീസിനെക്കൊണ്ടു അടിച്ചമർത്താൻ കഴിയാത്ത പരിതഃസ്ഥിതിയിൽ മാത്രമേ ലേബർ ഡിപ്പാർട്ടുമെൻറ് എത്തിനോക്കാറുള്ളു. ഈ അനുഭവം വച്ചുനോക്കുമ്പോൾ പോലീസുബഡ്ജററിൽ സ്റ്റാഫിനെ വർദ്ധിപ്പിക്കുവാനുള്ള പ്രൊവിഷൻ കൂടുതൽ ഭയാശങ്കനൽകുന്നുണ്ട്. ഇനിമേൽ തൃകക്ഷിസമ്മേളനങ്ങളും മിനിമം വേജസ്കമ്മിററികളും വേണ്ടെന്നായിരിക്കാം ഈ ഗവണ്മെൻറ് തീരുമാനിച്ചിട്ടുള്ളതു്. എല്ലാം പോലീസിനെക്കൊണ്ടുതന്നെ അടിച്ചമർത്താമെന്നായിരിക്കാം പ്ലാൻ. തൃകക്ഷിസമ്മേളനങ്ങൾക്കും മിനിമം വേജസ് ആക്ട് പ്രവർത്തനങ്ങൾക്കും ൧൫% പണം കുറച്ചപ്പോൾ പോലീസ് ഫോഴ്സ് Temporary Staff ൪൫% വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതു് വളരെ അർത്ഥഗർഭമാണ്.

സർ, ഇന്നു തൊഴിൽത്തർക്കങ്ങളിൽ ലേബർ ഡിപ്പാർട്ടുമെൻറ് ഇടപെടുന്ന രീതിയെപ്പററി പറയുമ്പോൾ അന്തിക്കാട്ടെ ചെത്തുതൊഴിലാളികളുടെ പണിമുടക്കും, അതിന്നിടവരുത്തിയ സാഹചര്യങ്ങളും, അതിൽ ഇവിടത്തെ ലേബർഡിപ്പാർട്ടുമെൻറും, വിശേഷിച്ചും ഈ ലേബർമന്ത്രിയും കൈക്കൊണ്ട നടപടികൾ ഇവിടെ എടുത്തുപറയുന്നതു പ്രസക്തമായിരിക്കുമെന്നു ഞാൻ കരുതുന്നു. എന്റെ നിയോജകമണ്ഡലത്തിലുണ്ടായ ഒരു സംഭവമാണെന്നുള്ളതുകൊണ്ടോ പ്രസ്തുത യൂണിയന്റെ പ്രസിഡൻറ് ഞാനായതുകൊണ്ടോ അല്ല ഞാനാ പ്രശ്നം ഇവിടെ ഉന്നയിക്കുന്നതു്. ആ നിലയിൽ അതൊരു പ്രാദേശികപ്രശ്നമായി അതിന്റെ ഗൌരവം കുറച്ചുകാണരുതെന്നു് എനിക്ക് അപേക്ഷയുണ്ട്. ഈ രാജ്യത്തു സാധാരണ

ഗതിയിലുള്ള ട്രെയിഡ്‌യൂണിയൻ പ്രവർത്തനത്തെപ്പോലും, ഇൻഡ്യൻ ഭരണഘടനയിൽ ഉറപ്പുനൽകിയിട്ടുള്ള ഒരു മൌലികാവകാശമാണതെന്നിരുന്നിട്ടും ഈ ഗവണ്മെൻറ് തികച്ചും ഫാസിസ്റ്റുരീതിയിൽ അടിച്ചുമർത്താൻ തുടങ്ങിയിരിക്കുന്നുവെന്നാണ് അന്തിക്കാട്ടെ സംഭവം തെളിയിച്ചത്. അതുകൊണ്ടാണ്, ഈ സംഭവം വളരെ ഗൌരവമായി നമ്മെ പരിഗണിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടാണ് ഞാനതിവിടെ പ്രസ്താവിക്കുന്നത്. അന്തിക്കാട്ടെ ചെത്തുതൊഴിലാളിയൂണിയൻ അടിയന്തിരാവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടു ജൂൺ ൨൪-ാംതീയതി ഗവണ്മെൻറിലേക്കു ഒരു മെമ്മോറാണ്ടം സമർപ്പിച്ചതാണ്. അതിനെത്തുടർന്നു പല നിവേദനങ്ങളും നടത്തി. ആദ്യം അസിസ്റ്റൻറ് ലേബർ കമ്മീഷണർ ഒരു ത്രികക്ഷി സമ്മേളനം നടത്തി. മുതലാളിമാർ യാതൊന്നും വഴിപ്പെടാതെ അതലസിപ്പിരിഞ്ഞു. വീണ്ടും വളരെക്കാലത്തെ പ്രക്ഷോഭണത്തിനു ശേഷം ഡിസംബർ ൩ ൧-ാം തീയതി ലേബർ കമ്മീഷണർ ഒരു ത്രികക്ഷി സമ്മേളനം നടത്തി. തൊഴിലാളികളുടെ ആവശ്യങ്ങൾ ഏററവും ന്യായമാണെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടതാണ്. ഒരു തൊഴിലാളിക്കുദിവസത്തിൽ ൧൨ണ പോലും കൂലികിട്ടുന്നില്ലെന്നു അദ്ദേഹത്തിൻെറ സ്വന്തം കണക്കു കൂട്ടലുകൊണ്ടുതന്നെ വ്യക്തമായതാണ്. എന്നാൽ മുതലാളിമാർ കൂലികൂടുതൽ അനുവദിക്കാൻ തയ്യാറാവാതെ ആ ത്രികക്ഷിസമ്മേളനവും പരാജയപ്പെട്ടു. എന്നാൽ ഒരു കാര്യം ലേബർ കമ്മീഷണർ എന്നോടു വാഗ്ദത്തം ചെയ്തിരുന്നു. ഉടൻ ഞാനിതു ഗവണ്മെൻറിലേക്ക് റിപ്പോർട്ടുചെയ്തു, ഒരു അഡ്ജുഡിക്കേഷനു വെപ്പിച്ച് പെട്ടെന്നു തീരുമാനമുണ്ടാക്കിക്കാം എന്ന്. അതനുസരിച്ച് ഞങ്ങൾ കാത്തു. പിറേറ ആഴ്ചതന്നെ ലേബർ കമ്മീഷണർ ഗവണ്മെൻറിലേക്കു റിപ്പോർട്ടുചെയ്തിട്ടുള്ളതായി അദ്ദേഹത്തിൻെറ കത്ത് എനിക്കു ലഭിച്ചു. എന്നാൽ പിന്നീടു ഗവണ്മെൻറു യാതൊന്നും ചെയ്തിട്ടില്ല.

സർ, നിയമപ്രകാരം രജിസ്റ്റർചെയ്ത ഒരു യൂണിയൻ ഗവർണ്മെൻറിലേക്കു ഒരു മെമ്മോറാണ്ടം സമർപ്പിച്ചാൽ, ലേബർകമ്മീഷണർ വരെയുള്ള ലേബർ അധികാരികളുടെ പരിശ്രമങ്ങൾ അതിൽ പരാജയപ്പെട്ടാൽ ഈ ഗവണ്മെൻറിനു അതിൽ ഒന്നും ചെയ്യാൻ ബാദ്ധ്യതയില്ലേ? ലേബർ മന്ത്രി ഇക്കാര്യത്തിൽ എടുത്ത നിലപാട് അങ്ങേയററം ആക്ഷേപാർഹമാണ്. തൊഴിലാളികളെ ഏതുവിധമെങ്കിലും പണിമുടക്കിലേക്കു ചാടിച്ചു പോലീസിനെക്കൊണ്ടു അടിച്ചുമർത്തണമെന്നായിരുന്നു അദ്ദേഹത്തിൻെറ ഉദ്ദേശം. ഈ പ്രശ്നത്തെ സംബന്ധിച്ച് കഴിഞ്ഞ നവംബർ ൩ ൦-ാം തീയതി പണിമുടക്കിനു രണ്ടുമാസംമുമ്പ് ഞാനദ്ദേഹത്തെ കണ്ടു് നിവേദനം നടത്തിയപ്പോൾ അദ്ദേഹം പ്രകടിപ്പിച്ചമനോഭാവം അതാണ്. മെമ്മോറാണ്ടം അച്ചടിച്ചതിനദ്ദേഹം എൻെറനേരെ കയർക്കുകയാണുചെയ്തത്. നിയമപ്രകാരം രജിസ്റ്റർചെയ്തു പ്രവർത്തിക്കുന്ന ഒരു യൂണിയൻ മെമ്മോറാണ്ടം അച്ചടിച്ചു എന്നുള്ള ഏക കാരണത്താൽ "നിങ്ങൾക്കു പ്രൊപ്പഗാൻറ നടത്തുകയല്ലേവേണ്ടതു്. ഞാൻ ഇതിൽ യാതൊന്നും ചെയ്യുകയില്ല" എന്നുപറഞ്ഞു ധിക്കാരപൂർവ്വം മെമ്മോറാണ്ടം വലിച്ചെറിഞ്ഞ മനുഷ്യനാണു സർ, ഈ ഇരിക്കുന്ന തൊഴിൽകാര്യമന്ത്രി. അദ്ദേഹമാണു പണിമുടക്കുണ്ടാക്കിയതിനും അതിനെ മർദ്ദിച്ചുമർത്തിയതിനും സമാധാനം പറയേണ്ടതു്. തെക്കൻതിരുവിതാംകൂറിലെ ഒരു

[ശ്രീ. കെ. പി. പ്രഭാകരൻ]

പണിമുടക്കിൽ പോലീസിടപെട്ടതിനെപ്പററി ഈ സഭയിൽ പരാമർശനം വന്നപ്പോൾ തൊഴിലാളികൾ മെമ്മോറാണ്ടം കൊടുക്കാൻ തീരുമാനിച്ചു. പിറെറന്നു തന്നെ പ്രത്യക്ഷസമരം തുടങ്ങിയെന്നാക്ഷേപിച്ചു തൊഴിൽകാര്യമന്ത്രിക്ക് അന്തിക്കാട്ടുചെന്നു തൊഴിലാളികൾ മെമ്മോറാണ്ടം കൊടുത്തു ഏഴുമാസംവരെ കാത്തിരുന്നിട്ട് എന്തുചെയ്തുവെന്നാണു പറയാനുള്ളതു്? അങ്ങനെ ഗത്യന്തരമില്ലാത്ത പണിമുടക്കിലാണ് തൊഴിലാളികൾക്കെതിരായി പോലീസിനെ അഴിച്ചുവിട്ടതു്. പോലീസു നടത്തിയ ക്രൂരമായ മർദ്ദനങ്ങളെ സംബന്ധിച്ച് പലപ്രാവശ്യം ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞതുകൊണ്ടു് ഞാനതാവർത്തിക്കുന്നില്ല. എന്നാൽ ഒരു കാര്യം എടുത്തുപറയേണ്ടതുണ്ടു്. "ചെന്തുതൊഴിലാളികളെ സംഘടിപ്പിച്ചു അവരുടെ ആവശ്യങ്ങൾക്കുവേണ്ടി പ്രക്ഷോഭണം നടത്തി പണിമുടക്കു ബാലറെറടുത്തു പണിമുടക്കാൻ തീരുമാനിച്ചു" എന്നീകാരണങ്ങൾ പറഞ്ഞുകൊണ്ടാണ് എന്റെ പേരിൽ നല്ല നടപ്പിനു കേസു ചാർജ്ജു് ചെയ്തിരിക്കുന്നതു്. സർ, ഇങ്ങനെ ഒരു ട്രെയിഡ് യൂണിയനിൽ പ്രവർത്തിച്ചു എന്ന ഏകകാരണത്തിനു നിയമപ്രകാരമുള്ള അതിന്റെ ഫങ്ഷനിംഗ് നടത്തി എന്നതുകൊണ്ടുതന്നെ ഒരു ജനപ്രതിനിധിയായ എനിക്കുപോലും നല്ലനടപ്പിനു ജാമ്യം കൊടുത്തുവേണം ജീവിക്കാനെന്നു പറയുന്ന ഈ രാജ്യത്തു എന്തു ട്രെയിഡ്യൂണിയൻ സ്വാതന്ത്ര്യമാണുള്ളതു്? അതുപോലെതന്നെ ശ്രദ്ധേയമായ മറെറാരു സംഗതികൂടിയുണ്ടു്. അന്തിക്കാട്ടെ ചെന്തുതൊഴിലാളികൾ എത്രയും ജനാധിപത്യപരമായ രീതിയിലാണ് പണിമുടക്കു തീരുമാനിച്ചതു്. മുഴുവൻ തൊഴിലാളികളുടേയും സ്വതന്ത്രമായ അഭിപ്രായം ആരായുന്നതിനുവേണ്ടി യൂണിയൻ പണിമുടക്കു ബാലറെറടുത്തു് നടന്ന ശതമാനം തൊഴിലാളികൾ പണിമുടക്കിനു അനുകൂലമായി വോട്ടുചെയ്തു. അതു പോരാതെ യൂണിയന്റെ രജിസ്റ്റർ ചെയ്ത ഭരണഘടനയുടെ ൧൭–ാം വകുപ്പനുസരിച്ചു് ജനറൽബോഡി കൂടി ൩ ൦% അനുകൂലമായി വോട്ടുചെയ്താൽ പണിമുടക്കു പ്രഖ്യാപിക്കാമെന്നാണ് ഭരണഘടനയിലെ വ്യവസ്ഥയെങ്കിൽ ജനറൽ ബോഡി ൧൦൦% വും അനുകൂലിച്ചുകൊണ്ടാണ് ഏകകണ്ഠമായി പണിമുടക്കു തീരുമാനിച്ചതു്. ഇതെല്ലാം അതാതവസരത്തിൽ ഗവണ്മെന്റിനെ അറിയിച്ചിട്ടും, ഇത്രത്തിലുള്ള ഒരു പണിമുടക്കിനെതിരായി നിർദ്ദയമർദ്ദനം അഴിച്ചുവിട്ട ഇവർക്ക് എന്തു ജനാധിപത്യദീക്ഷയാണുള്ളതെന്നാണു സർ, എനിക്കുചോദിക്കുവാനുള്ളതു്.

ഇങ്ങനെ മർദ്ദനം നടത്തിയതുകൊണ്ടു് ഇവരുടെ പ്രതികാരതൃഷ്ണ അടങ്ങിയിട്ടില്ലെന്നതാണു വാസ്തവം. ൧൯൫൦ തൊഴിലാളികളോടും ഇന്നവിടെ പിരിച്ചു വിടപ്പെട്ടിരിക്കുകയാണ്. ഏപ്രിൽ ൧–ാം തീയതി തുടങ്ങുന്ന പുതുവർഷത്തിൽ ൫൦൦–ൽ അധികംപേരെ തൊഴിൽ കൊടുക്കാതെ നിർത്തിയിട്ടുണ്ടു്. ഇതിനെസംബന്ധിച്ചു് പല പ്രാവശ്യം ഇവ ലേബർ ഡിപ്പാർട്ടുമെന്റിനേയും ഗവണ്മെന്റിനേയും അറിയിച്ചിട്ടു് അവർ യാതൊരു പരിഹാരവും ഉണ്ടാക്കിയിട്ടില്ല. ഇന്നു് അന്തിക്കാട്ടെ ചെന്തുതൊഴിലാളികളെ ഇരുപതും മുപ്പതും കൊല്ലം ജോലിചെയ്ത ഗവണ്മെന്റിന്റെ ഖജനാവിൽ മുതൽക്കൂട്ടിയിട്ടുള്ള തൊഴിലാളികളെ

ഇങ്ങനെ പിരിച്ചുവിടുന്ന അവസരത്തിൽ മദ്രാസ് സംസ്ഥാനത്തിലെ മദ്ധ്യാർജ്ജനമേഖലകളിൽനിന്നു തമിഴന്മാരെകൊണ്ടുവന്നു ചെയ്യിക്കാൻ മുതലാളിമാരെ അനുവദിച്ചിരിക്കയാണ്. ഇവിടെതന്നെ ഇത്രയും ഭയങ്കരമായ തൊഴിലില്ലായ്മയുള്ളപ്പോൾ ഈ സ്റ്റേററിന് പുറത്തുനിന്നും ഇങ്ങനെ തൊഴിലാളികളെ കൊണ്ടുവരുന്നതിനെ കർശനമായി തടഞ്ഞിട്ടില്ലെങ്കിൽ യാതൊരു സമാധാനവും തൊഴിലാളിരംഗത്തുണ്ടാകുവാൻ പോകുന്നില്ലെന്നു മുന്നറിയിപ്പുനൽകിക്കൊള്ളുന്നു. അന്തിക്കാട്ടുമാത്രമല്ല, മുകുന്ദപുരത്തും ഇതുതന്നെയാണു സ്ഥിതി. ഏദ്ദേ തൊഴിലാളികളെയാണവിടേയും പിരിച്ചുവിടാൻ പോകുന്നത്. അവിടേയും തമിഴന്മാരെ കൊണ്ടുവന്നു ചെത്തിക്കാൻ പോവുകയാണ്. പറവൂരാണെങ്കിൽ അഞ്ചുമാസമായിട്ടും ഡിസൈഡിങ്ങ് കമ്മിററിയുടെ തീരുമാനം നടപ്പാക്കുകയുണ്ടായില്ല. അതിനെപ്പററി ബഹുമാനപ്പെട്ട പറവൂർ മെമ്പരുടെ ചോദ്യത്തിന്നു മേശപ്പുറത്തുവെച്ച മറുപടിയിൽ മന്ത്രി പറഞ്ഞതു് അതു നടപ്പാക്കുന്ന പ്രശ്നം ഇനി ഉദിക്കുന്നില്ലെന്നാണുപോലും.

സർ, ഞാനവസാനിപ്പിക്കുകയാണ്. തിരുവിതാംകൂർ—കൊച്ചിയിലെ ൨൦൦൦൦—ത്തോളം വരുന്ന ചെത്തുതൊഴിലാളികളുടെ കൂലിക്കു ഒരു ഏകീകരണം വരുത്തുന്ന പ്രശ്നം കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഞാൻ ഉന്നയിച്ചതാണ്. തിരുവിതാംകൂർ-കൊച്ചി ചെത്തുതൊഴിലാളി ഫെഡറേഷൻ അതിനെപ്പററി ഒരു മെമ്മോറാണ്ടം കൊടുത്തിട്ട് ഇതുവരെ ഗവണ്മെൻറു യാതൊന്നും ചെയ്യുകയുണ്ടായിട്ടില്ല. അപേക്ഷ അയച്ചു് ൩ മാസമായിട്ടും ഫെഡറേഷനെ രജിസ്റ്റർ ചെയ്യാൻപോലും ലേബർ അധികാരികൾ തയ്യാറായിട്ടില്ല. ഈ ഗവണ്മെൻറിന്റെ മുതൽക്കൂട്ടിൽ കാര്യമായ ഒരു പങ്കുവഹിക്കുന്ന ഈ ബഡ്ജററ് വർഷത്തിൽ തന്നെ ഒന്നേകാൽലക്ഷം രൂപാ ഗവണ്മെൻറിന് ലാഭം ഉണ്ടാക്കികൊടുക്കുന്ന ഒരു വ്യവസായത്തിലെ ൨൦൦൦൦ തൊഴിലാളികളോടുകാണിക്കുന്ന ഈ അനീതി അക്ഷന്തവ്യമാണ്. ചെത്തുതൊഴിലാളികളുടെ കൂലി ഈ സ്റ്റേററിന്റെ പലഭാഗത്തും ഇന്നു പലവേററിലാണ്. അവയ്ക്കൊരു പൊരുത്തംപോലുമില്ല. മട്ടാഞ്ചേരിയിൽ ഒരുകുപ്പിക്കള്ളിന്നു ൩ അണ ആണെങ്കിൽ ആലപ്പുഴയിലും കൊല്ലത്തും ടിന്നിൽ രണ്ടേകാൽ ആണയും നാട്ടിൻപുറത്ത് ൨ അണയും അന്തിക്കാട്ടും മുകുന്ദപുരത്തുമാണെങ്കിൽ തെങ്ങുപാട്ടംകഴിച്ചാൽ ഒന്നേകാൽ ആണയും ആണ് വിലകിട്ടുന്നതു്. ഈ കൂലിനിരക്കുതു് ഏകീകരിക്കാൻ ഇനിയും ഒട്ടും വൈകിച്ചുകൂടാത്തതാണ്. ചെത്തുതൊഴിലാളി ഫെഡറേഷന്റെ മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ ഫെഡറേഷൻ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകകക്ഷിസമ്മേളനം നടത്തി ഏപ്രിൽ ൧—ാം തീയതി മുതൽ ന്യായമായ ഒരു തീരുമാനം നടപ്പിലാക്കാൻ ഗവണ്മെൻറ് ശ്രദ്ധിക്കണം. അടുത്ത ബഡ്ജററു സമ്മേളനത്തിലും ഈ പ്രശ്നം വീണ്ടും ആവർത്തിക്കാൻ ഇടവരുത്താതെ ഇതിനൊരു പരിഹാരമുണ്ടാക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. സദാനന്ദൻ: സർ, സഖാവു് പ്രഭാകരൻ അവതരിപ്പിച്ച ഖണ്ഡനോപക്ഷേപത്തെ ഞാൻ പിന്താങ്ങുന്നു. ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെൻറിന്റെ മേലദ്ധ്യക്ഷനായി ഇന്നു് ഒരാളുണ്ട്. വളരെ നല്ല മനുഷ്യനാണ്. എന്നാൽ ഈ രാജ്യത്തെ പ്രധാനമായി

[ശ്രീ. കെ. സദാനന്ദൻ]

ബാധിക്കുന്ന മുതലാളി തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഈ മാന്യന് അതു കൈകാര്യം ചെയ്യുവാനുള്ള പ്രാപ്തിയില്ലെന്ന് എനിക്ക് ഈ സഭയെ അറിയിക്കുവാനുണ്ട്. ഒരു പെൺപള്ളിക്കൂടത്തിന്റെ ഹെഡ്മാസ്റ്ററാക്കി അദ്ദേഹത്തെ നിയമിച്ചാൽ ഒരു പക്ഷെ വളരെ സമാധാനപരമായും വളരെ ഭംഗിയായും അദ്ദേഹം അതു നയിച്ചുകൊണ്ടു പോകും. എന്നാൽ ലേബർ ഡിപ്പാർട്ട്മെൻറിന്റെ മേലദ്ധ്യക്ഷനായിരുന്ന് ആ ഡിപ്പാർട്ട്മെൻറ കൈകാര്യം ചെയ്യുന്നതിനു അദ്ദേഹം തികച്ചും അപ്രാപ്തനാണ്. ഇതു പറയുമ്പോൾ തൊഴിലാളി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിനു ഏററവും സമർത്ഥനായ ഒരാളുടെ സേവനം ആവശ്യമുള്ള അവസരത്തിൽ വെറും പാവകളായിട്ടുള്ള ആളുകളെ നിയമിക്കുകയാണ് ഗവണ്മെൻറ ചെയ്യുന്നതെന്നു പറയേണ്ടിയിരിക്കുന്നു. ഇതിനു മുമ്പ് ലേബർ കമ്മീഷണരായിരുന്ന ശ്രീ. പി. എൻ. കൃഷ്ണപിള്ള തൊഴിലാളി കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമർത്ഥനായിരുന്നു. അദ്ദേഹം ഏതു നിലയിലുള്ള തൊഴിൽ തർക്കങ്ങൾ ഉണ്ടായിരുന്നാലും അതിൽ ഇടപെട്ട് ആ കാര്യങ്ങൾ മദ്ധ്യസ്ഥതയിൽ കൊണ്ടുവന്നിരുന്നു. മുതലാളികളും തൊഴിലാളികളും തമ്മിൽ തർക്കമുണ്ടായാൽ മുതലാളികൾ അനുസരിച്ചാൽ ആ തർക്കം തീരുമെങ്കിൽ തൊഴിലാളികളേയും അനുസരിപ്പിക്കുന്നതിന് അദ്ദേഹം പ്രവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ രാജ്യത്ത് സമാധാനംകൈവരണം എന്ന ലക്ഷ്യം വച്ച് അദ്ദേഹം പ്രവർത്തിക്കുമായിരുന്നു. അങ്ങനെയുള്ള ഒരാളുടെ സേവനം ഈ ഗവണ്മെൻറ വലിച്ചെറിഞ്ഞു. അതുപോലെ സമർത്ഥമായി തൊഴിലാളി പ്രശ്നങ്ങളെ കൈകാര്യം ചെയ്യുവാൻ പ്രാപ്തിയുള്ള ആളുകളെയെല്ലാം ഈ ഗവണ്മെൻറ വലിച്ചെറിയുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോൾ ഗവണ്മെൻറിൽ നിന്നും പണം ചിലവു ചെയ്തു ലേബർ കമ്മീഷണർ സ്ഥാനത്തു നിയമിക്കുവാൻ ട്രെയിനിംഗ് കഴിപ്പിച്ചു വരുത്തിയ ശ്രീ. ഷക്കൂറിനെ ഈ ഗവണ്മെൻറിന്റെ സേവനം ഉപേക്ഷിച്ചു പോകുന്നതിനു ഗവണ്മെൻറ അനുവദിച്ചിരിക്കുന്നു. അതിന്റെ പിന്നിൽ ഉള്ളത് ശ്രീ. ഷക്കൂറിന്റെ സേവനം ഈ രാജ്യത്തിന് ആവശ്യമില്ലാ എന്നുള്ളതാണല്ലോ? ഗവണ്മെൻറിന് അദ്ദേഹത്തിന്റെ സേവനം ആവശ്യമില്ലെങ്കിൽ പിന്നെ എന്തിനാണ് ഗവണ്മെൻറിന്റെ പണം ചിലവാക്കി അദ്ദേഹത്തെ പഠിപ്പിച്ചത്. ഗവണ്മെൻറിന്റെ പണം ചിലവാക്കി പഠിപ്പിച്ചുകൊണ്ടുവരുത്തിയ ഒരാളുടെ സേവനം എന്തുകൊണ്ടാണ് ഗവണ്മെൻറ് ഉപേക്ഷിച്ചത് എന്നു ഞാൻ ചോദിക്കുന്നു. ഇന്നത്തെ ധനകാര്യമന്ത്രിക്കു താൽപ്പര്യമുള്ള ആളെ ആ സ്ഥാനത്തു നിയമിക്കുവാനാണ് ഇതൊക്കെ ചെയ്യുന്നത്. ഇന്നത്തെ ലേബർ കമ്മീഷണർ സ്വഭാവശുദ്ധിയുള്ള ആളാണ് എന്നുള്ളതിൽ പക്ഷാന്തരമില്ല. അദ്ദേഹം മദ്ധ്യസ്ഥതയ്ക്കു ഏത്ര മണിക്കൂർ വേണമെങ്കിലും ഇരിക്കും. അത്ര ക്ഷമയും സ്വഭാവശുദ്ധിയും ഉള്ള ആളാണ്. പക്ഷെ ലേബർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് സമർത്ഥനാണോ എന്നു നോക്കിയാൽ നിശ്ചയമായും അല്ലെന്നാണ് എന്റെ അഭിപ്രായം. ഇന്നത്തെ ലേബർ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം ഇവിടെയുള്ള തൊഴിലാളികൾക്ക് കൂടുതൽ കൂലി കൊടുക്കണം എന്നുള്ള തരത്തിലല്ല. നേരെ മറിച്ച്

ഇവിടത്തെ കാൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള തൊഴിലാളി യൂണിയനിലെ തൊഴിലാളികൾക്കും കോൺഗ്രസ്സിന്റെ പിണിയാളുകളായ ആളുകൾക്കും ആണ് അദ്ദേഹം ആനുകൂല്യം ചെയ്തുകൊണ്ടിരിക്കുന്നത്. അതിന് എത്രവേണമെങ്കിലും തെളിവുകൾ തരാൻ ഞാൻ തയ്യാറാണ്. ഒരു വർഷത്തിനു മുമ്പ് ഈ തിരുവനന്തപുരത്തുണ്ടായ പച്ചത്തൊണ്ടു തൊഴിലാളി പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെന്റ് തീരെ പക്ഷപാതപരമായ ഒരു നിലയാണ് എടുത്തത് എന്നു പറയാതെ തരമില്ല. അന്നു ഇവിടത്തെ പോലീസിനെക്കൊണ്ടു എത്തെല്ലാം അക്രമങ്ങൾ നടത്തിക്കുവാൻ കഴിയുമൊ അത്രയും അക്രമങ്ങൾ പച്ചത്തൊണ്ടു തൊഴിലാളികളുടെ നേരെ ഗവണ്മെന്റ് നടത്തി. ൨൦൦ ആളുകളുടെ മേൽ കേസെടുക്കുകയും ചെയ്തു. ലേബർ മന്ത്രി തന്നെ ഞങ്ങളോടു പറഞ്ഞു നിങ്ങളെപ്പോലെയുള്ള ആളുകൾ എല്ലാവരും കോൺഗ്രസ്സിലേക്കു വരണം, ഈ വക തൊഴിൽ പ്രശ്നങ്ങളെപ്പറ്റി നമുക്കു ആലോചിക്കാം എന്ന്. കാൺഗ്രസ്സിന്റെ നേതൃത്വത്തിലല്ലാത്ത യൂണിയനെ ഉപദ്രവിക്കണം എന്ന മനഃസ്ഥിതിയുള്ള ഒരു ധനകാര്യമന്ത്രിയാണ് ഇവിടെയുള്ളത് എന്ന് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതരകക്ഷികളുടെ പ്രവർത്തനത്തെയും പ്രതിയോഗികളുടെ അസ്തിത്വത്തെയും മാനിക്കാത്ത ഒരാളാണ് ഇവിടത്തെ തൊഴിൽ മന്ത്രി എന്നു പറയാതെ തരമില്ല. ഐ. എൻ. ടി. യു. സി യിൽ തൊഴിലാളികളുടെ സംഖ്യ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കിക്കൊടുക്കുകയാണ് അദ്ദേഹം ചെയ്തത്. ഗവണ്മെന്റിനു പ്രത്യേകം താൽപര്യമുള്ള തൊഴിലാളികളുടെ കാര്യത്തിൽ വ്യവസായികൾക്കു എതിരായി ഗവണ്മെന്റ് പ്രവർത്തിക്കുന്നുണ്ട്. രണ്ടു പേരെ ടാററാ കമ്പനിയിൽ നിന്നു പിരിച്ചുവിടുന്നതിന്റെ പേരിൽ ഒരു തർക്കം വന്നപ്പോൾ ഗവണ്മെന്റ് ഉടനെ അതു അഡ്ജുഡിക്കേഷന്റെ തീരുമാനത്തിനു വച്ചു. അഡ്ജുഡിക്കേഷൻ ഈ രണ്ടു പേരേയും പിരിച്ചുവിടരുതെന്നു തീരുമാനിച്ചു. അഡ്ജുഡിക്കേഷന്റെ തീരുമാനത്തിനു എതിരായി മാനേജുമെന്റ് അപ്പീലേറ്റ് ട്രിബ്യൂണലിൽ അപ്പീൽ കൊടുത്തു. അപ്പീലേറ്റ് കോടതിയിൽ നിന്നു മാനേജുമെന്റ് അവരെ പിരിച്ചുവിടുന്നതിന് അനുകൂലമായ വിധി സമ്പാദിച്ചു. അപ്പീലേറ്റ് കോടതി വിധിപ്രകാരം പിരിച്ചുവിടുന്നതിനെ ഗവണ്മെന്റ് സ്റ്റേ ചെയ്തിരിക്കുകയാണ്. മാനേജുമെന്റ് ധനകാര്യമന്ത്രിയെക്കാൾ സാമർത്ഥ്യമുള്ള ആളുകളായതുകൊണ്ട് അവർ ഇപ്പോൾ ഈ രണ്ടു ആളുകളേയും ഇൻഡ്യയുടെ നാനാഭാഗങ്ങളിലേയ്ക്കും മാററിയിരിക്കുകയാണ്. ധനകാര്യമന്ത്രി തന്നെ ടാററാ സ്റ്റാഫ് അസോസിയേഷന്റെ പ്രസിഡൻറായിരുന്ന ആളാണ്. ഇതുപോലെയുള്ള പിരിച്ചുവിടലുകൾ എഫ്. എ. സി. ടി. യിലും മററനേകം കമ്പനികളിലും നടക്കുന്നുണ്ട്. എന്നാൽ അദ്ദേഹം അതിനുവേണ്ടി മുന്നും ചെയ്യുന്നില്ല. ധനകാര്യമന്ത്രിക്കു താൽപര്യമുള്ള രണ്ടു ആളുകളുടെ കാര്യത്തിൽമാത്രം നടപടി എടുക്കുകയും അതേസമയത്തു ആയിരവും ലക്ഷവും വരുന്ന ആളുകളുടെ കാര്യത്തിൽ അദ്ദേഹം യാതൊരു ഉത്സാഹവും ചെയ്യാതിരിക്കുകയും ചെയ്യുന്നു. ഇവിടെയുള്ള മററു രാഷ്ട്രീയ കക്ഷികൾക്കും തൊഴിലാളി യൂണിയനുകൾ നടത്തുവാനുള്ള സ്വാതന്ത്ര്യവും അധികാരവും ഉണ്ട്. അതിനുള്ള അധികാരവും സ്വാതന്ത്ര്യവും കാൺഗ്രസ്സ് കക്ഷിക്കുമാത്രമല്ലുള്ളത്. ഇവിടെ ഉണ്ടാകുന്ന തൊഴിൽതർക്കങ്ങളിൽ പോലീസിനെ ഇടപെടുവിക്കൊണ്ടാണ് ഇവിടെ സമാധാനം ഉണ്ടാക്കുവാൻ

[ശ്രീ. കെ. സദാനന്ദൻ]

പോകുന്നതെങ്കിൽ ഗവണ്മെൻറിന്റെ ആ ഉദ്ദേശം സാധിക്കുവാൻ പോകുന്നില്ല എന്നു ഗവണ്മെൻറിനെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കോൺഗ്രസ്സിന്റെ നേതൃത്വത്തിലല്ലാത്ത യൂണിയനുകൾ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് അനാവശ്യമായ കാലതാമസം വരുത്തിക്കൊണ്ടിരിക്കുന്നു. അതേ അവസരത്തിൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ടീച്ചേഴ്സ്സ് അസോസിയേഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള അനുവാദം കൊടുത്തതു് ഒരു രാത്രിയിലാണു് എന്നു ഞാൻ വിശ്വസിക്കുന്നു. എറണാകുളം ഓയിൽമിൽ വർക്കേഴ്സ് യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനു് ഗവണ്മെൻറ് ഇതേവരെയും അനുവാദം കൊടുത്തിട്ടില്ല. അതു കേരളാസോഷ്യലിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള ഒരു തൊഴിലാളി യൂണിയനാണു്. ധനകാര്യമന്ത്രിക്കു താൽപര്യമുള്ള യൂണിയനാണെങ്കിൽ രജിസ്ട്രേഷനു അപേക്ഷിച്ചു ഉടനെ, അല്ലെങ്കിൽ അർദ്ധരാത്രിയിൽ, രജിസ്റ്റർ ചെയ്യുവാൻ വിരോധമില്ല.

ശ്രീ. കെ. കരുണാകരൻ: യൂണിയൻ രജിസ്റ്റർ ചെയ്യുന്നതു ധനകാര്യമന്ത്രിയോ ലേബർ കമ്മീഷണരോ?

ശ്രീ. കെ. സദാനന്ദൻ: ഇന്നു ധനകാര്യമന്ത്രിക്കു പ്രത്യേകം വാത്സല്യമുള്ള ആളാണു്, ലേബർകമ്മീഷണരാണു്, അധികാരത്തിൽ ഇരിക്കുന്നതു്.

ശ്രീ. കെ. കരുണാകരൻ: രാത്രിയിൽ ഒരു യൂണിയൻ രജിസ്റ്റർ ചെയ്യുന്നതിനു് അനുവാദം കൊടുത്ത അവസരത്തിൽ ശ്രീ. പി. എസ്സ്. കൃഷ്ണപിള്ളയായിരുന്നു ലേബർ കമ്മീഷണർ എന്നു് അറിയാമൊ?

ശ്രീ. കെ. സദാനന്ദൻ: ഒരു ചെറിയ കാര്യം ലേബർകമ്മീഷണർ ചെയ്യുന്നതിനു് തീരുമാനിക്കണമെങ്കിൽ ധനകാര്യമന്ത്രിയുടെ സമീപത്തു് ആളുകൾ ചെന്നാൽ മാത്രമേ അതു ചെയ്യുന്നതിനു് അദ്ദേഹം തീരുമാനിക്കുകയുള്ളു. അതുപോലെതന്നെ ധനകാര്യമന്ത്രിക്കു് ഈ കാര്യങ്ങൾ വേണ്ടതുപോലെ കൈകാര്യം ചെയ്യുവാൻ സൗകര്യമില്ലാതെവരുന്ന സന്ദർഭത്തിൽ ചീഫ് ലേബർ കമ്മീഷണർമാരെ നിയോഗിക്കാറുണ്ടു്. ഇതെല്ലാം കോൺഗ്രസ്സുകാരുടെ, ധനകാര്യമന്ത്രിക്കു് താല്പര്യമുള്ള ആളുകളുടെ, കാര്യങ്ങൾ കൈകാര്യം ചെയ്യുവാൻവേണ്ടി ആണെങ്കിൽ മാത്രമാണു്. ചില കാര്യങ്ങളിൽ ധനകാര്യമന്ത്രിക്കു് പ്രത്യേക താല്പര്യമില്ലാത്ത കാര്യങ്ങളിൽ, ലേബർ ആഫീസർമാരേയും മററും അയച്ചു് അന്വേഷിച്ചു് റിപ്പോർട്ടു് ഗവണ്മെൻറിലേക്കു വരുത്തും. ഇങ്ങനെ ചെയ്തിട്ടുള്ള അനേകം സംഭവങ്ങൾ എനിക്കു് അറിയാവുന്നതാണു്. വസ്തുവത്തിൽ ഇവിടത്തെ ഭരണാധികാരികൾ ഡിപ്പാർട്ടുമെൻറ മേലദ്ധ്യക്ഷന്മാർക്കു് വ്യക്തമായ നിർദ്ദേശങ്ങൾ ചില കാര്യങ്ങൾക്കു കൊടുക്കാറുണ്ടു്. പക്ഷെ അതു തെളിയിക്കുവാൻ സാദ്ധ്യമല്ല. ധനകാര്യമന്ത്രിക്കു് പ്രത്യേകം താല്പര്യമുള്ള ആളെ ലേബർ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്യുന്നതിനു വച്ചിരിക്കുന്നതു് ഇവിടെയുള്ള തൊഴിലാളികളുടെ കാര്യം സംരക്ഷിക്കുവാനല്ല. അതുകൊണ്ടു് ലേബർ ഡിപ്പാർട്ടുമെൻറിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ഗ്രാന്റിനെ ഞാൻ എതിർക്കുന്നു്.

ശ്രീ. സി. സി. അയ്യപ്പൻ : സർ, പട്ടികജാതിക്കാരെ സംബന്ധിച്ച ചില കാര്യങ്ങൾ പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടുള്ള ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ തന്നെ പറയുകയാണ്. "The advancement of Backward Communities and Scheduled castes is given the highest priority by this Government" എന്ന്. പട്ടികജാതിക്കാർ എന്ന ഭാഗത്തിൽ മുപ്പത്തു വിഭാഗക്കാരും മലവള്ളക്കാരായി പതിനാറു വിഭാഗക്കാരും മററു ഹിന്ദുക്കളുടെ കൂട്ടത്തിൽ ഇരുപത്താറു കൂട്ടക്കാരെയും ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്രയും ആളുകൾക്കു പ്രയോജനം കൊടുത്തിരിക്കുന്നു എന്നാണു ഗവണ്മെൻറ് പറയുന്നത്. ഈ പറയുന്നതിന്നു യാഥാർത്ഥ്യവുമായി യാതൊരു പൊരുത്തവും ഇല്ലാത്തതായാണിരിക്കുന്നത്. ഈ അവശസമുദായക്കാരുടെ ഉന്നമനത്തിനായി ഇ.ഡി.ഒ.-ൽ ഗവണ്മെൻറ് ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നതു ൧൨.൭൫ ലക്ഷം രൂപയാണ്. ഈ തുകയിൽനിന്ന് ആ കൊല്ലം വ്യ.ൻ ൧ ലക്ഷം രൂപാമാത്രം ചെലവാക്കിയശേഷം ബാക്കിവരുന്ന ൧൧.൭൫ ലക്ഷം രൂപാ ഗവണ്മെൻറ് ലാപ്സാക്കി കളയുകയാണു ചെയ്തിട്ടുള്ളത്. ഏതു പരിതഃസ്ഥിതിയിലാണ് ഇത്രയും രൂപാ ലാപ്സായിപ്പോയതെന്നുള്ളതിനെപ്പററി കഴിഞ്ഞ നിയമസഭയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ശരിയായി സ്റ്റൈപ്പൻറ് കൊടുക്കാതെയും, പുസ്തകങ്ങൾ വാങ്ങി കൊടുക്കാതെയും താമസിക്കുന്നതിന്നു ആളുകൾക്കു വീടുവെച്ചു കൊടുക്കാതെയും, കുടിക്കുന്നതിന്ന് വെള്ളത്തിന്ന് കിണറുകൾ കുഴിപ്പിച്ചു കൊടുക്കാതെയും മററുമാണ് ഇത്രയും തുക ലാപ്സാക്കിക്കളഞ്ഞിട്ടുള്ളതെന്നുള്ളതിന്ന് യാതൊരു സംശയവുമില്ല. കഴിഞ്ഞകൊല്ലം ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നത് അതിനു മുമ്പിലത്തെ കൊല്ലത്തിൽ ഉണ്ടായിരുന്നതിനെക്കാൾ കുറഞ്ഞ ഒരു സംഖ്യയായ ൧൫.൦൭ ലക്ഷം രൂപയായിരുന്നു. ഈ രൂപയിലും കുറച്ചുരൂപാ ലാപ്സാക്കിയിട്ടുണ്ട്. ഈ തുക ലാപ്സ് ചെയ്തത് ഏതു പരിതഃസ്ഥിതിയിലാണു വന്നിട്ടുള്ളതെന്നു ആലോചിക്കേണ്ടിയിരിക്കുന്നു. ഒന്നര ലക്ഷം രൂപയാണു കഴിഞ്ഞകൊല്ലം ലാപ്സാക്കിയിട്ടുള്ളത്. കഴിഞ്ഞ കൊല്ലം എറണാകുളം കമ്മേഴ്സ്യൽ ഇൻസ്റ്റററ്യൂട്ടിൽ പത്താംക്ലാസ്സുവരെ പഠിച്ചിട്ടുള്ളവർക്കും, പാസ്സായിട്ടുള്ളവർക്കും അഡ്മിഷൻ കൊടുക്കാമെന്നു പറഞ്ഞ് പല സ്ഥലത്തുനിന്നും വിദ്യാർത്ഥികളെ വിളിച്ചുവരുത്തി അഡ്മിഷൻ കൊടുത്തുകയും ആറുമാസം കഴിഞ്ഞ് സ്റ്റൈപ്പൻറ് തരാൻ നിവൃത്തിയില്ലെന്നു പറഞ്ഞു തിരിക്കെ അയയ്ക്കുകയും ചെയ്യുകയുണ്ടായി. പിന്നീടു സ്റ്റൈപ്പൻറ് കിട്ടുന്നതിലേക്കായി അവർ തിരുവനന്തപുരം പട്ടണത്തിൽ വന്ന് അലഞ്ഞുതിരിഞ്ഞിട്ടു പോകേണ്ടിവരികയും ചെയ്തു. ഈ കൊല്ലത്തെ ബഡ്ജറ്റു പരിശോധിച്ചാൽ ഒരു കാര്യം കാണാൻ കഴിയും. ഈ കൊല്ലത്തെ ബഡ്ജറ്റിൽ ൧൫.൦൭ ലക്ഷം രൂപയാണു കൊള്ളിച്ചിട്ടുള്ളത്. അങ്ങനെ ൫ ൽ ലക്ഷം രൂപാ ഇക്കൊല്ലം കൂടുതൽ കൊള്ളിച്ചിട്ടുണ്ട്. പ്രത്യക്ഷത്തിൽ ഇതു വളരെ അഭികാമ്യമായി തോന്നിയേക്കാം. എന്നാൽ ഈ തുക ആകെ ചെലവിടുന്ന സംഖ്യയുടെ ൧൫ ശതമാനം മാത്രമെ വരുന്നുള്ളു എന്നു നമുക്കു കാണാൻകഴിയും. ഈ കൂടുതൽ തുക കൊള്ളിച്ചിട്ടുള്ളതിന്റെ കാരണത്തെപ്പററി നോക്കിയാൽ ബഡ്ജറ്റ് മെമ്മോറാണ്ടത്തിൽനിന്നും അറിയാൻ കഴിയും, ഒരു ദശവൽസരപദ്ധതി

[ശ്രീ. സി. സി. അയ്യപ്പൻ]

യനുസരിച്ച് കൊള്ളിച്ചിട്ടുള്ളതാണെന്ന്. വസ്തുവം പറയുകയാണെങ്കിൽ ഈ ഗവണ്മെൻറിന് ഒരു പദ്ധതിയും ഇല്ലാതെയാണ് ഇരിക്കുന്നത്. പദ്ധതി ഇല്ലാത്ത ഒരു പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടിയാണ് ഈ സംഖ്യ കൊള്ളിച്ചിട്ടുള്ളത്. ഈ സംഖ്യ മുഴുവൻ ചെലവിടുമെന്നുള്ളതിനു എന്തു ഉറപ്പാണുള്ളതെന്നാണു ഞാൻ ചോദിക്കുന്നത്. കഴിഞ്ഞ കൊല്ലത്തെയും, അതിനു മുമ്പിലത്തെ കൊല്ലത്തെയും കാര്യങ്ങൾ നോക്കുകയാണെങ്കിൽ ഒരലങ്കാരത്തിനുവേണ്ടി ഈ സമുദായങ്ങളുടെ പേരിൽ ഒരു തുക കൊള്ളിച്ചിരിക്കുകയാണെന്നു പറയാനെ നിവൃത്തിയുള്ളു. പക്ഷെ, ആർക്കും അറിയാൻപാടില്ലാത്ത വല്ല പദ്ധതിയും ഗവണ്മെൻറിനുണ്ടായിരിക്കാം. അല്ലാതെ പദ്ധതികൾ ഉണ്ടെന്ന് വിചാരിക്കത്തക്കവിധത്തിൽ വല്ല കണക്കുകളും ശേഖരിച്ചിട്ടുള്ളതായി ഞാൻ അറിയുന്നില്ല. ഇവ്വക കാര്യങ്ങളെപ്പററി യാതൊരു വിവരവുമില്ലാത്ത ഒരാളാണ് ഡിപ്പാർട്ടുമെൻറിലെ കമ്മിഷണരായിരിക്കുന്നത്. അദ്ദേഹത്തിൻെറ തലയിൽ അവ്യക്തവും അസ്പഷ്ടവും അർത്ഥശൂന്യവുമായ ചില തോന്നലുകൾ ഉദിക്കുന്നതനുസരിച്ചുള്ള ചില പരിപാടികൾ ഉണ്ടാകും. അങ്ങനെയുള്ള ഒന്നാണ് ഈ ദശവത്സരപദ്ധതി. ബഡ്ജററ് പ്രസംഗത്തിൽ അവശസമുദായക്കാർക്കുവേണ്ടി ചെയ്യാൻ പോകുന്ന കുറെ കാര്യങ്ങളെപ്പററി പറഞ്ഞിട്ടുണ്ട്. അതിൽ ഒന്നുരണ്ടെണ്ണം ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുന്നു. "Establishment of colonies, houses, common buildings, and prayer-halls" ഇതു് നോക്കിയാൽ ഇത്രയും പരിഹാസ്യമായിട്ടുള്ള ഒന്നുണ്ടോ എന്നാണു തോന്നിപ്പോകുന്നത്. എൻെറ നിയോജകമണ്ഡലത്തിൽ ഒരു കാമൺ ബിൽഡിംഗ് പണിയുന്നുണ്ട്. അതു് നോക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി അവിടെ വന്നിരുന്നു. ആ കാമൺ ബിൽഡിംഗ് പണിയുന്നതിനു തൊട്ടടുത്തു ഒരു കിണറുണ്ട്. ആ കിണറ് അവിടെയുള്ള മൂന്നു കാളനികളിൽ താമസിക്കുന്നവർ കുടിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്നതാണ്. ആ കിണറിൻെറ അടുത്തുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി ബിൽഡിംഗ് നോക്കാൻ പോയതു്. ആ അവസരത്തിൽ ആ കിണറിൽ ഒരു തുള്ളി വെള്ളം പോലും ഉണ്ടായിരുന്നില്ല. ആ പ്രദേശത്തുള്ളവർ വല്ല പാടത്തുംപോയി ചെളിവെള്ളം മുക്കിക്കൊണ്ടുവന്നാണ് കുടിക്കുന്നതു്. അങ്ങനെയുള്ളവർക്കാണ് പ്രെയർ ഹാൾ കെട്ടുന്നതിന് തുടങ്ങിയിരിക്കുന്നതു്. അത്യാവശ്യമായി കുടിക്കാനുള്ള വെള്ളമൊ വീടൊ ഉണ്ടാക്കുന്നതിനുവേണ്ടി യാതൊന്നും ചെയ്യുന്നതായി അറിയുന്നില്ല. ഈ സെഷനിൽതന്നെ എൻെറ ഒരു ചോദ്യത്തിനുത്തരമായി കഴിഞ്ഞകൊല്ലം അവശസമുദായക്കാർക്കായി വീടുകളൊന്നും ഉണ്ടാക്കിയിട്ടില്ലെന്നു മന്ത്രി പറഞ്ഞിട്ടുണ്ട്. വീടു് ഉണ്ടാക്കിക്കൊടുക്കാൻ ആലോചനയുണ്ടെന്നുമാത്രമെ അതിൽനിന്നും മനസ്സിലാകുന്നുള്ളു. എൻെറ നിയോജകമണ്ഡലമായ തലപ്പിള്ളി താലൂക്കിൽ ഏതാണ്ടു് നൂറിൽ ചില്വാനം കാളനികളുണ്ട്. ഗവണ്മെൻറ് വീടു് കെട്ടിക്കൊടുത്തു് താമസിക്കുന്ന കാളനികളല്ല അവ. ഗവണ്മെൻറ സ്ഥലത്തു് കുടികൾ വച്ചുകെട്ടി താമസിക്കുകയാണ് ചെയ്യുന്നതു്. അവിടെ രണ്ടുമൂന്നു സ്ഥലത്തൊഴിച്ചു് ഒരിടത്തും കുടിക്കാൻ വെള്ളം ഇല്ലാതെയാണി

രിക്കുന്നതു്. ഒരു വീട്ടിലുള്ള ഒന്നുരണ്ടുപേർ ജോലിക്കുപോകുമ്പോൾ ഒന്നുരണ്ടുപേർ വെള്ളംകൊണ്ടുവരുന്നതിനും പോകേണ്ടിയിരിക്കുന്ന ഒരവസ്ഥയാണു് അവിടെ ഇന്നുള്ളതു്. ഏതാണ്ടു രണ്ടുമൂന്നു നാഴികകൾ കലെ പോയിവേണം വെള്ളംകൊണ്ടുവരാൻ. ധാരാളമാളുകൾ വെള്ളം കൊണ്ടുപോകാൻ വരുന്നതുകൊണ്ടു ടേൺ അനുസരിച്ചേ വെള്ളം എടുത്തു കൊണ്ടുവരാൻ സാധിക്കുകയുള്ളു. ഇങ്ങനെയെല്ലാമാണു കുടിക്കാനുള്ള വെള്ളത്തിന്റെ കാര്യത്തിൽപോലും ഈ അവശസമുദായക്കാർ ബുദ്ധിമുട്ടുന്നതു്. അങ്ങനെയിരിക്കെ, വെള്ളം കിട്ടുന്നതിനു് ഒന്നുംചെയ്യാതെ പ്രൈയർ ഹാൾ പണിയുന്നതു പരിഹാസ്യമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. ബഡ്ജറ്റ് പ്രസംഗത്തിൽ മറെറാരിടത്തു ഇങ്ങനെ പറയുന്നുണ്ടു് "Awarding grants to institutions and organisations working for the benefit of backward communities." ഇതു വേറെ ഒരു തട്ടിപ്പാണു്. അവശസമുദായക്കാരുടെപേരിൽ ഏതെങ്കിലും സംഘടനയുടെ പേരു പറഞ്ഞു് നടത്തുന്ന ഒരു തട്ടിപ്പാണു് ഇതെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഗവണ്മെൻറിനു പ്രത്യേകമായി ഒരു പദ്ധതിയും ഇല്ലെന്നു തീർച്ചയായും വിളിച്ചു പറയുന്നുണ്ടു്. മറെറാരു ഭാഗത്തു ഇങ്ങനെ പറയുന്നുണ്ടു്. "Provision of street-lighting etc." ഏതെങ്കിലും ഒന്നോ രണ്ടോ സ്ഥലത്തു കാഴ്ചബംഗ്ലാവിൽ എന്തെങ്കിലും കാഴ്ചസാധനം വച്ചിരിക്കുന്നതുപോലെ എന്തെങ്കിലും ചെയ്തു കാണുമായിരിക്കാം. പക്ഷെ, തിരുവിതാംകൂർ–കൊച്ചി ഒട്ടുക്കു എടുത്തുനോക്കിയാൽ പുതുതായി യാതൊന്നും ഉണ്ടാക്കിയിട്ടില്ലെന്നുമാത്രമല്ല, ഇവിടെ മുമ്പു് ഉണ്ടായിരുന്നതു കൂടി നശിപ്പിച്ചിട്ടുണ്ടെന്നാണു കാണാൻ കഴിയുന്നതു്. കുറെ വിദ്യാർത്ഥികൾക്കു ഫീസു സൗജന്യം നൽകുന്നുണ്ടെന്നുള്ളകാര്യം വിസ്മരിച്ചിട്ടല്ല ഞാൻ ഇതു പറയുന്നതു്. എന്തെങ്കിലും കൊടുക്കുകയാണെങ്കിൽ അതു ഉപകരിക്കത്തക്കവിധത്തിൽ ചെയ്യുന്നില്ലെന്നു ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുന്നു. അതിനൊരുദാഹരണം ഞാൻ ഇവിടെ പറയാം. ചിറവൂർ കാളേജിൽ ബി. കോമിനു പഠിക്കുന്ന ഒരു ഹരിജനവിദ്യാർത്ഥിക്കു് കാളേജടയ്ക്കുന്നതു ഈമാസം ൨൦-ാംനു-യാണു്. പരീക്ഷ തുടങ്ങുന്നതു ൨൫-ാംനു-യാണു്. പരീക്ഷ അവസാനിക്കുന്നതു് അടുത്തമാസം ൨-ാംനു-യാണു്. എന്നാൽ സ്റ്റൈപ്പൻറു കൊടുക്കുന്നതു ഈമാസം ൨൦-ാംനു-വരെയുള്ള കാലത്തേയ്ക്കാണു്. പിന്നെ ആ വിദ്യാർത്ഥി എങ്ങനെയാണു് അടുത്ത മാസം ൨-ാംനു-വരെ അവിടെ ജീവിക്കുന്നതെന്നാണു് ഞാൻ ചോദിക്കുന്നതു്. ൨-ാംനു-വരെ അവിടെ താമസിച്ചാൽമാത്രമെ പരീക്ഷ എഴുതാൻ സാധിക്കുകയുള്ളു. ഈ മാതിരി പല വിദ്യാർത്ഥികളും കഷ്ടപ്പെടുന്നുണ്ടെന്നുള്ളകാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്തിക്കൊള്ളുന്നു.

സൃഷ്ടിപരമായ ചില കാര്യങ്ങളെല്ലാം ഗവണ്മെൻറിന്റെ മുൻപിൽ വയ്ക്കണമെന്നു് എനിക്കാഗ്രഹമുണ്ടെങ്കിലും സമയച്ചുരുക്കമായതുകൊണ്ടു ഞാൻ ഇപ്പോൾ അതിനൊരുമ്പെടുന്നില്ല. ഇതു സംബന്ധിച്ചു് പലതും ബഹുമാനപ്പെട്ട മന്ത്രിയുടെ അടുക്കൽ നിവേദനം ചെയ്തിട്ടുള്ളതാണു്. പക്ഷെ അതുകൊണ്ടു യാതൊരു ഗുണവും ഉണ്ടായിട്ടില്ല.

ഒരു അഡ്വൈസറിക്കമ്മിററി ഉണ്ടാക്കിയിട്ടുണ്ടു്. ആ കമ്മിററി വിളിച്ചുകൂട്ടി എന്തെങ്കിലും സൃഷ്ടിപരമായ പരിപാടികൾ തുടങ്ങുന്നതിലേയ്ക്കു മന്ത്രി ഇതുവരെ ശ്രമിച്ചിട്ടില്ല. ഈ ഗവണ്മെൻറു് അവശസ

[ശ്രീ. സി. സി. അയ്യപ്പൻ]

ക്കാരുടെ മേൽ കൂടുതൽ അടിമത്വം അടിച്ചേല്പിക്കുന്നതിന് തന്ത്ര പരമായ ചില നടപടികളാണ് എടുത്തുകൊണ്ടിരിക്കുന്നതെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല. ഒരു മന്ത്രിപദത്തിനുവേണ്ടി, അധ്വാനിക്കുന്ന സമുദായത്തിന്റെ കാര്യങ്ങൾ ആഗ്രഹിതി ചെയ്യപ്പെടുകയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. ദിവാൻ ഭരണകാലത്തുണ്ടായിരുന്ന ആനുകൂല്യങ്ങൾ കൂടി ഒന്നൊന്നായി ഇപ്പോൾ എടുത്തുകളഞ്ഞിരിക്കുകയാണ്. അതിന് പല ഉദാഹരണങ്ങൾ ഉണ്ട്. അവശസമുദായക്കാർക്ക് എക്സിക്യൂട്ടീവ് അധികാരമുള്ള ഉദ്യോഗങ്ങൾ കിട്ടാൻ യാതൊരു നിവൃത്തിയുമില്ലാതിരുന്നതുകൊണ്ട് അവരെ പ്രത്യേകം തിരഞ്ഞെടുത്തു ട്രെയിനിംഗ് കൊടുത്തു നിയമിക്കണമെന്നൊരു വ്യവസ്ഥയുണ്ടായിരുന്നു. കാൺഗ്രസ്സ് ഗവണ്മെന്റു വന്നപ്പോൾ അതില്ലാതെയായി. ഇവിടത്തെ ഉദ്യോഗകാര്യങ്ങളെപ്പററി പറയുമ്പോൾ ഈ നിലയിലാണെങ്കിൽ അവശസമുദായക്കാർക്ക് ഒരിക്കലും ഉയർന്ന ഉദ്യോഗത്തിൽ പ്രവേശിക്കാൻ സാദ്ധ്യമല്ലെന്നു കാണാം. അതുകൊണ്ടു ഇവർക്കു വേണ്ടി ഉയർന്ന ഉദ്യോഗങ്ങൾ റിസർവു ചെയ്യേണ്ടതാണെന്നാണ് ഞാൻ പറയുന്നതു്. അങ്ങനെ ചെയ്തില്ലെങ്കിൽ അവശസമുദായക്കാർക്ക് ഉയർന്ന ഉദ്യോഗങ്ങളിൽ പ്രവേശിക്കാൻ യാതൊരു നിവൃത്തിയുമില്ലാതെവരുന്നതാണ്. ഇക്കാര്യം ഗവണ്മെന്റു മനസ്സിലാക്കി അവർക്ക് ഉയർന്ന ഉദ്യോഗങ്ങളിൽ റിസർവേഷൻ അനുവദിക്കണമെന്നു പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker : The discussion will continue on this Demand day after tomorrow. Now we will proceed with Legislative Business.

5 p. m.

The Holdings (Stay of Execution proceedings) Act (Amendment) Bill (*contd.*)

Clause 2.

Mr. Speaker : The first amendment stands in the name of Shri M. Gopalan Nair. The member is not in his seat. The second amendment is in the name of Dr. Sivaraman Nair.

Dr. M. Sivaraman Nair : I don't wish to move my amendment.

Shri R. Gangadharan : Sir, I move.

In Section 2 Explanation, insert after the words 'include kanapattom' the following :

"Otti of barren land which has been improved by the mortgagee who has been dwelling there for not less than twelve yeers."

സർ, തരിശു ഭൂമികളിൽ ഉദ്യാനം ചെയ്തു വീടുവച്ചു താമസിക്കുന്നവരെ അധികം ആളുകൾ ഈ രാജ്യത്തുണ്ട്. അങ്ങനെയുള്ളവരെക്കൂടി

ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ് എൻെറ ഭേദഗതിയുടെ ഉദ്ദേശം. ഇങ്ങനെയുള്ളവർ പ്രവേശനകാലം മുതൽ പന്ത്രണ്ടു വർഷത്തിൽ കുറയാതെയുള്ള ഒരു കാലപരിധിയെങ്കിലും പ്രസ്തുത ഭൂമികളിൽ താമസിച്ചിരിക്കുകയും ചെയ്യേണ്ടതാണ്.

ഈ ഭേദഗതിയെസംബന്ധിച്ച ചില ആക്ഷേപങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇതു് ഒററിയിൽ പെടുന്നതാകയാൽ ഈ ബില്ലിൽ ചേർക്കുവാൻ പാടില്ലെന്നുള്ളതു ഒരു വാദഗതിയാണ്. ഫസ്റ്റ് ഷെഡ്യൂളെ എട്ടാം ആക്ടിൻെറ പ്രിയാംബിളിൽ പറയുന്നതു് "to stay Proceedings in executions of Certain decrees in Civil Courts" എന്നാണ്. ഇതിൽ ഇന്നതരത്തിലുള്ള ലക്ഷണങ്ങളോടുകൂടിയ വസ്തുക്കളെന്നു നിർദ്ദേശിക്കപ്പെട്ടിട്ടില്ല. അതിനാൽ ഒററികൾ ഈ ആക്ടിൻെറ പരിധിയിൽ വരാൻ പാടില്ലെന്നു പറയുന്നതിൽ അർത്ഥമില്ല. ഫസ്റ്റ് മാർച്ചിൽ ആണ് ഈ ആക്ട് ആദ്യമായി പാസ്സാക്കപ്പെട്ടതു്. അതിൽ ഒററിക്കൂടി ഉൾപ്പെടുത്തിയിരുന്നു. അതിനുശേഷമുണ്ടായ ആക്ടുകളിലാണ് 'ഒററി' എടുത്തുകളഞ്ഞിട്ടുള്ളതു്. ഇതിൽനിന്ന് ഒററി ഉൾപ്പെടുത്തുന്നതു് ആക്ടിൻെറ ഉദ്ദേശത്തിന് വിപരീതമാണെന്നു പറയുവാൻ സാധിക്കുകയില്ല.

ഇപ്പോഴത്തെ സെലക്ട്കമ്മിററി റിപ്പോർട്ടിൽ ജന്മികുടിയാൻ ബന്ധങ്ങൾ ഉൾക്കൊള്ളുന്ന വസ്തുക്കളെ മാത്രമേ ഈ ബില്ലിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുള്ളു എന്നു പറഞ്ഞിട്ടുണ്ട്. അതിനൊരു ഭേദഗതി അവതരിപ്പിക്കാൻ പാടില്ലെന്നില്ല. എന്നാൽ എൻെറ ഭേദഗതി സെലക്ട് കമ്മിററി റിപ്പോർട്ടിന് എതിരല്ലെന്നു കാണാൻ പ്രയാസമില്ല. ഒററിയിൽ ഉത്തമർണ്ണനും അധമർണ്ണനും എന്നുള്ള നിലയാണുള്ളതു്. എന്നാൽ ഒററി എന്നുള്ള പേരുകൊണ്ടു് ഈ ബന്ധങ്ങൾ മാത്രമെ ഉൾപ്പെടാവൂ എന്നില്ല. വളരെ അധികം വസ്തുക്കളുള്ള ജന്മിമാർ കുറച്ചു ഭൂമി ദേഹണ്ഡം ചെയ്യുന്നതിന് ആൾക്കു വിട്ടുകൊടുക്കും? മിക്കവാറും തരിശുഭൂമികളാണ് ഇങ്ങനെ വിട്ടുകൊടുക്കുന്നതു്. വലുതായ കൺസിഡറേഷനൊന്നും ഈ വസ്തു കൈമാററത്തിൽ ഉണ്ടായിരിക്കയുമില്ല. തരിശായി കിടക്കുന്ന ഭൂമികൾ വെട്ടിത്തെളിച്ച് തെങ്ങ്, മാവ്, കുരുമുളക് മുതലായവയെല്ലാം വച്ചുപിടിപ്പിച്ച് ഒരു ചെറിയ വീടും ഉണ്ടാക്കി അവർ അവിടെ താമസമാണ്. അനേകം വർഷങ്ങളായി, സന്തതിപരമ്പരയായി ഇങ്ങനെ താമസിച്ചുകൊണ്ടിരിക്കുമ്പോഴാണ് ജന്മി കോടതി ഉത്തരവനുസരിച്ച് ഇവരെ ആ വസ്തുക്കളിൽനിന്ന് ഇറക്കിവിടുന്നതു്. ഇതു വളരെ കഷ്ടമാണ്. യഥാർത്ഥത്തിൽ ഇതു കുടിയിറക്കലെന്നു പറയാതെ തരമില്ല. പക്ഷെ, ഇതിന് നിയമസാധുത്വം ഉണ്ടെന്നുമാത്രം. ഒററി വാങ്ങുന്ന ആൾ കൊടുക്കുന്ന പണത്തിൻെറ പലിശയ്ക്കായി വസ്തുവിലെ ആദായമെടുത്തുകൊള്ളണമെന്നാണ് ഒററിയെസംബന്ധിച്ചുള്ള വ്യവസ്ഥ. എന്നാൽ ഈമാതിരിയുള്ള ഒററികളിൽ, വസ്തുക്കളിൽനിന്ന് ആദ്യകാലങ്ങളിൽ ഒരു ആദായവും ഉണ്ടായിരിക്കുന്നതല്ല. കാരണം ഈമാതിരി വസ്തുക്കളെല്ലാം തരിശുഭൂമികളാണ്. ഇതിൽനിന്നും എൻെറ ഭേദഗതിയിൽ ഉൾക്കൊള്ളുന്ന വസ്തുക്കൾ ഒററിയാണെന്നു പറയുവാൻ സാധിക്കുന്നതല്ല.

ശ്രീ. കെ. മാധവനുണ്ണിത്താൻ : ഈ തരിശുഭൂമി എന്താണെന്നു പറയാമോ?

ശ്രീ. ആർ. ഗംഗാധരൻ : തരിശുഭൂമിക്ക് ഒരു നിർവ്വചനം നൽകിയാൽ ചിലപ്പോൾ എന്റെ ഭേദഗതികൊണ്ട് ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പ്രയോജനം ലഭിച്ചില്ലെന്നു വന്നേക്കാം. അതിനാൽ തരിശ് എന്നുള്ള പദം എടുത്തുകളയാനും എനിക്കു സമ്മതമാണ്.

ഭേഹണ്ഡംചെയ്തു കുടിപാർത്തുകൊണ്ടിരിക്കുന്ന ഒററിക്കാരെ പെട്ടെന്നു ഇറക്കിവിടുന്നതിൽ, അവർ വഴിയാധാരമായിത്തീരുകയാണു ചെയ്യുന്നത്. കുടികിടപ്പുകാരെന്നുള്ള നിലയിൽ ഇവർ പേരു രജിസ്റ്റർചെയ്തിരിക്കയുമില്ല. അതിനാൽ അതുമൂലമുള്ള ഫലവും ഇവർക്കു ലഭിക്കാൻ സാധിക്കാതെവരികയാണു ചെയ്യുന്നത്.

ശ്രീ ഏ. താണുപിള്ള : ഈ അമൻഡുമെന്റു അനുസരിച്ചു ഒററിയും കുഴിക്കാണവുമായി കൊടുത്തിട്ടുള്ള യാതൊരു വസ്തുകളും ഒഴിപ്പിക്കാൻ സാധിക്കുകയില്ലെന്നു മെംബർക്കറിയാമോ?

ശ്രീ. ആർ. ഗംഗാധരൻ : ഭേഹണ്ഡംചെയ്ത് അതിൽ കുടിപാർക്കുന്ന വസ്തുക്കൾ ഒഴിപ്പിക്കാൻ പാടില്ലെന്നുള്ളതാണ് എന്റെ ഭേദഗതി. ഒററി എന്നുള്ള പേരുണ്ടെങ്കിലും ജന്മിയും കുടിയാനും എന്നുള്ള ബന്ധമുള്ള വസ്തുക്കൾ ഒഴിപ്പിക്കപ്പെടാൻ പാടുള്ളതല്ല. ചിറയിൻകീഴ് താലൂക്കിൽ ഈമാതിരിയുള്ള ധാരാളം വസ്തുക്കളുണ്ട്. ആററിങ്ങൽ കോടതിയിൽ ഇപ്രകാരമുള്ള വളരെ അധികം കേസുകൾ നടന്നുവരികയാണ്. തലമുറകളായി താമസിച്ച് ഫലപ്രദങ്ങളായ ഭേഹണ്ഡങ്ങൾചെയ്തു കഴിയുന്ന നിരവധി സാധുക്കളെ ഒരു സുപ്രഭാതത്തിൽ കോടതി ഉത്തരവനുസരിച്ച് ഇറക്കിവിടുന്നുണ്ട്. ഭൂവുടമബിൽ പാസ്സാകാൻപോകുന്നുവെന്നുള്ള ഒരു ധാരണയാണ് ഈമാതിരിയുള്ള കുടിയിറക്കുകൾ നടത്താൻ ജന്മിമാർക്കു പ്രേരണ നൽകിയിട്ടുള്ളത്. ഭൂവുടമയെ സംബന്ധിച്ച് ഒരു നിയമം അടുത്തുതന്നെ ഉണ്ടാകാൻപോകുകയാണെങ്കിൽ അതുവരെ ഈമാതിരിയുള്ള സാധുക്കൾക്കു ഒരു സൗജന്യം ചെയ്തുകൊടുക്കേണ്ടതു് എത്രയും അത്യാവശ്യമാണെന്നാണു എന്റെ അഭിപ്രായം.

എന്റെ ഭേദഗതി പാസ്സായാൽ അതു Transfer of Property Act-നെ ബാധിക്കുമെന്നും, അങ്ങനെ വരുമ്പോൾ ഇൻഡ്യൻ പ്രസിഡൻറിന്റെ അനുമതി ആവശ്യമാണെന്നും, ഒരു അഭിപ്രായഗതിയുണ്ട്. അഗ്രിക്കൾച്ചറൽ ലാൻഡ് ഒഴിച്ചുള്ള വസ്തുക്കളെ സംബന്ധിച്ച് മാത്രമെ ട്രാൻസ്ഫർ ആഫ് പ്രോപ്പർട്ടി ആക്ട് ബാധിക്കുകയുള്ളു എന്നാണ്. Seventh Schedule-ൽ പറഞ്ഞിരിക്കുന്നതു്. ഒരു പക്ഷെ അനുവാദം ആവശ്യമുണ്ടെങ്കിൽതന്നെ അതു ലഭിക്കുവാൻ അത്ര പ്രയാസമുണ്ടായിരിക്കുന്നതുമല്ല.

ശ്രീ. കെ. കരുണാകരൻ : ഈ ഭേദഗതിക്കു മുൻപു പ്രസിഡൻറിന്റെ അനുവാദം കിട്ടുമോ?

ശ്രീ ആർ. ഗംഗാധരൻ : അതിനുമുൻപുതന്നെ കിട്ടണമെന്നില്ല. എന്റെ ഭേദഗതിയെ സംബന്ധിച്ചിടത്തോളമുള്ള നിയമം പ്രസിഡൻറിന്റെ അനുവാദത്തിനുശേഷം, പ്രാബല്യത്തിൽ വരികയുള്ളുവെന്നു വ്യവസ്ഥപ്പെടുത്തിയിരുന്നാൽ മതിയാകുന്നതാണ്. അതിനാൽ എന്റെ ഭേദഗതിയെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും അനുകൂലിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

Mr. Deputy Speaker in the Chair.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ബഹുമാനപ്പെട്ട ആററിങ്ങൽ മെമ്പർകൊണ്ടുവന്ന ഭേദഗതി സ്വീകരിക്കുവാൻ പ്രായോഗികമായും നിയമസംബന്ധമായും ചില ബുദ്ധിമുട്ടുകൾ ഉണ്ട്. അതു് അദ്ദേഹത്തിനുതന്നെ അറിയാവുന്നതാണെന്നു് അദ്ദേഹം ചെയ്ത പ്രസ്താവനയിൽ നിന്നും തെളിയുന്നുമുണ്ട്. അതുകൊണ്ട്, ഈ ഭേദഗതി അവതരിപ്പിച്ചതിൻെറ ഉദ്ദേശം അതുകൊണ്ടു വലിയ ഗുണമൊന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും ഒരു ഭേദഗതി അവതരിപ്പിച്ചു എന്നു ഈ സഭയെ അറിയിക്കുന്നതിനുവേണ്ടിമാത്രമാണെന്നും ഞാൻ ഊഹിക്കുന്നു.

അദ്ദേഹം സെലക്ററുകമ്മിററിയിലെ ഒരു അംഗമായിരുന്നു. അങ്ങനെ സെലക്ടുകമ്മിററിയിലെ അംഗമായിരുന്നപ്പോൾ യാതൊരഭിപ്രായവ്യത്യാസവും കൂടാതെ അതു് ഒപ്പിട്ടിട്ടുള്ള ആളുമാണു്. സെലക്ടുകമ്മിററി റിപ്പോർട്ടിൽ ഉത്തമർണ്ണനേയും അധമർണ്ണനേയും ബാധിക്കുന്ന വ്യവസ്ഥകൾ ഈ നിയമത്തിൽ സ്പർശിക്കരുതെന്നു് ഉള്ള നിയമമോ, അദ്ദേഹം സ്വീകരിച്ചു് എന്നാൽ ഈ നിയമം ഈ വിധത്തിൽ വന്നാൽ എന്താണു് അതിൻെറ അർത്ഥം വസ്തു കൈവശമുള്ള മാർട്ടുഗേജി അഥവാ പണയം വാങ്ങിയ ആളായ ഉത്തമർണ്ണൻ വസ്തു നന്നാക്കുകയും ദേഹണ്ഡം ചെയ്യുകയും ഫസ കൊല്ലക്കാലം താമസിക്കുകയും ചെയ്യുന്നെങ്കിൽ അങ്ങനെയുള്ള ആളുകളെ ഒഴിപ്പിക്കാൻ ഉള്ള വിധി നിർത്തിവയ്ക്കണമെന്നാണു്. ഉത്തമർണ്ണനും വസ്തു കൈവശം വച്ചിരിക്കുന്നതുമായ ആൾ പന്ത്രണ്ടുകൊല്ലം അവിടെ താമസിച്ചിട്ടുണ്ട്. എന്നാണു് ഈ പന്ത്രണ്ടുകൊല്ലം എന്നു കണക്കാക്കുന്നതു്. അന്യായതീയതിക്കുമുമ്പോ വിധിക്കുമുമ്പോ അതോ വിധി തീയതിക്കുമുമ്പോ ഉള്ള പന്ത്രണ്ടുകൊല്ലമാണു്, എടുക്കേണ്ടതു്. വിധി തീയതിക്കു മുമ്പാണെങ്കിൽ അതു് ബില്ലിനു് അനുകൂലമായിട്ടുള്ള ഒരു ഭേദഗതിയാണു്. അതെങ്ങനെയാണെന്നു് ഈ ഭേദഗതിയിൽ സ്പഷ്ടമാക്കിട്ടില്ല. അതു് അദ്ദേഹം വളരെ ധൃതിയിൽ എഴുതിയുണ്ടാക്കിയതുകൊണ്ടു വന്നതാണു്. അങ്ങനെ പന്ത്രണ്ടുകൊല്ലക്കാലം അയാളുടെ പേരിൽ ഇരിക്കുകയാണെങ്കിൽ വിധി നടത്താൻ പാടില്ല എന്നു പറഞ്ഞതു് എന്തുദ്ദേശത്തോടുകൂടിയാണെന്നു മനസ്സിലാകുന്നില്ല. ഇതു് സിവിൾ പ്രൊസീഡിയർ കോഡിനേയും ബാധിക്കുന്ന ഒരു പ്രശ്നമാണു്. Transfer of property വസ്തു കൈവശമുള്ള ആളിനെ ബാധിക്കുമോ എന്നുള്ളതും Right for redumption fundamental rights-ലുള്ള ഏററവും പ്രധാനപ്പെട്ട ഒരു റൈററാണെന്നും ആററിങ്ങൽ മെമ്പറെപ്പോലെയുള്ള നിയമജ്ഞന്മാർക്കറിയാം. മാർട്ടുഗേജിനെ സംബന്ധിച്ചു് ഏററവും പ്രധാനപ്പെട്ട ഒരു സംഗതിയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള കാര്യമാണു് ഇതു്. ബഹുമാനപ്പെട്ട മെമ്പറുടെ ഈ ഭേദഗതിയുടെ ഗുണദോഷങ്ങളിലേക്കു ഞാൻ പ്രവേശിക്കുന്നില്ല. ആ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഈ ബില്ലുകൊണ്ടു് ഈ നാട്ടിലുള്ള ജനങ്ങൾക്കു് എന്തു ഗുണമാണു് ഉണ്ടാകാൻ പോകുന്നതു്. ഈബിൽ ഇവിടെ പാസ്സാക്കി രാജപ്രമുഖൻെറ അനുമതിയും വാങ്ങി ലാ ഡിപ്പാർട്ടുമെൻറിൽനിന്നും കേന്ദ്രഗവണ്മെൻറിലേക്കയച്ചു് അവിടത്തെ ഹോംമിനിസ്ററിയിൽ പരിശോധനകഴിഞ്ഞു് ക്യാബിനററുകൂടി ആലോചിച്ചു പ്രസിഡൻറിൻെറ സമ്മതത്തിനയച്ചു ഉദ്ദാംതീയതിക്കുമുമ്പു് ഈ നിയമം ഇവിടെ നടപ്പിലാക്കാൻ സാധ്യമല്ല.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

അതിന്റെ ഗുണദോഷ ങ്ങളിലേക്കു പ്രവേശിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഇതു് ഡെററർ ക്രെഡിററർ ഇവരെ ബാധിക്കുമെന്നുള്ള ആക്ഷേപമുണ്ടു്. ബഹുമാനപ്പെട്ട ആററിങ്ങൽ മെമ്പറുടെ ഭേദഗതി സ്വീകരിക്കുവാൻ വിഷമമുണ്ടു്. അദ്ദേഹം അതു പിൻവലിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

Mr. Deputy Speaker : Do you press your amendment, Mr. Gangadharan ?

Shri R. Gangadharan : Yes.

The amendment was put and lost.

Mr. Deputy Speaker : Amendment numbers 4, 5, 9 and 11 are similar. So, Mr. Krishnan may move his amendment and the other members can speak on it.

Shri T. K. Krishnan : Sir, I move :

> In explanation of clause 2, insert 'varam or pathivaram' after 'kanapattom' and delete the words 'but shall not include varam or pathivaram' in sub-clause (*b*).

സർ, ഈ ബില്ലുകൊണ്ടുണ്ടാകുന്ന പ്രയോജനം വാരക്കാർക്കും പാതിവാരക്കാർക്കും കൂടി ലഭിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഭേദഗതി അവതരിപ്പിക്കുന്നതു്. നമ്മുടെ നാട്ടിൽ കൃഷിക്കാരുടെ നിരവധി നിവേദനങ്ങളുടേയും പ്രക്ഷോഭണങ്ങളുടേയും ഫലമായി അവർക്കു് ആശ്വാസം ലഭിക്കുന്നതിനും ഗുണം സിദ്ധിക്കുന്നതിനുമായി ഏതാനും ചില നിയമങ്ങൾ പാസ്സായിട്ടുണ്ടെങ്കിലും ആ നിയമങ്ങൾ പരാജയപ്പെടാത്തവിധത്തിലുള്ള പല നടപടികളും എടുക്കുന്നതു് ഈ നാട്ടിലെ ജന്മികളുടേയും മുതലാളികളുടേയും പതിവായിത്തീർന്നിരിക്കയാണു്. കൊച്ചിയിൽ വെറംപാട്ടകുടിയാൻ നിയമം പാസ്സായതിനെ തുടർന്നു വെറമ്പാട്ടക്കാർക്കു് സ്ഥിരാവകാശം ലഭിച്ചപ്പോൾ അവിടത്തെ നിരവധി കുടിയാന്മാരെ വാരക്കാരും പാതിവാരക്കാരും ശമ്പളവാരക്കാരുമായി മാററുകയാണുണ്ടായതു്. ഈ വാരക്കാരും പാതിവാരക്കാരും വെറുള്ള പാട്ടക്കാരെപ്പോലെ വസ്തുവിൽ സ്ഥിരാവകാശം അർഹിക്കുന്നവരാണു്. ഇന്നുള്ള നിയമത്തിലാകട്ടെ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബില്ലിലാകട്ടെ വാരക്കാർക്കു സ്ഥിരാവകാശമില്ല. വാരക്കാരും പാതിവാരക്കാരും തുടർച്ചയായി വസ്തു കൈവശംവെച്ചു കൃഷി ചെയ്തുകൊണ്ടു വരുകയാണെങ്കിലും ഒരു കൊല്ലത്തെ കാലാവധിമാത്രം കരാറിൽ ഉൾപ്പെടുത്തിക്കൊണ്ടു്, മുതലാളിമാരുടേയും ജന്മിമാരുടേയും സ്വാധീനമുപയോഗിച്ചു് പുതിയ കരാറുകളുണ്ടാക്കി ഈ നിയമത്തിന്റെ തണലിൽ, വസ്തുവിന്മേൽ അവർക്കുള്ള സ്ഥിരാവകാശം നഷ്ടപ്പെടുത്തിയിരിക്കുന്നു. അങ്ങനെയാണു വാരക്കാർക്കും പാതിവാരക്കാർക്കും വസ്തുവിന്റെ യാതൊരു സ്ഥിരാവകാശവും ഇല്ലാതെ പോയതു്. ഈ അവസ്ഥ നമ്മുടെ കൃഷിക്കാരെ വളരെ അധഃപതിപ്പിക്കുന്നതും നാശത്തിലേക്കടുപ്പിക്കുന്നതുമായ ഒന്നാണു്. അതു

കൊണ്ടു് വാരക്കാർക്കും പാതിവാരക്കാർക്കുംകൂടി ചില രക്ഷാവ്യവസ്ഥകൾ നൽകേണ്ടതാവശ്യമാണു്. ഇവർ പാട്ടണാക്കി വരുത്തുന്നു എന്ന കാരണത്താലും ഇവർക്കു് വസ്തുവിന്മേൽ സ്ഥിരാവകാശമില്ലെന്നുള്ള കാരണത്താലും ഇവരെ ഒഴിപ്പിക്കുന്നതിനുള്ള പല കേസുകളും ഇന്നു കോടതികളിലുണ്ടു്. ഇന്നവരെ ഒഴിപ്പിക്കുന്നതിൽ നിയമസാധുത്വം കാണുന്നുമുണ്ടു്. അതിനാൽ വാരക്കാർക്കും പാതിവാരക്കാർക്കും ഈ ബില്ലിന്റെ ഗുണം ലഭിക്കത്തക്ക നിലയിൽ എന്റെ ഭേദഗതി സഭ സ്വീകരിക്കണമെന്നാപേക്ഷിക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ : സർ, ഞാൻ അയച്ചിട്ടുള്ള അഞ്ചാമത്തെ ഭേദഗതിയും നാലാമത്തെ ഭേദഗതിയും തമ്മിൽ വ്യത്യാസമില്ല. അതുകൊണ്ടു് സഖാവു കൃഷ്ണന്റെ ഭേദഗതിയെ അനുകൂലിക്കുവാൻ എനിക്കു സന്തോഷമുണ്ടു്. അദ്ദേഹം ഭേദഗതിയെ അവതരിപ്പിച്ചുകൊണ്ടു പറഞ്ഞ കാര്യങ്ങളിൽനിന്നും വളരെ അധികം വിഭിന്നമായ കാര്യങ്ങൾ എനിക്കു പറയാനില്ല. നമ്മുടെ നാട്ടിലെ കൃഷിക്കാരെല്ലാം ജന്മിമാരുടെ ചൂഷണത്തിനും മർദ്ദനത്തിനും വളരെ അധികം വിധേയരായി കഴിയുന്നവരാണു്. ഈ ഭേദഗതി പാസ്സാക്കുകയാണെങ്കിൽ യഥാർത്ഥ കർഷകരായ വളരെ അധികം ആളുകൾക്കു് അതുകൊണ്ടു് ഗുണം ലഭിക്കുമെന്നുള്ളതിനു സംശയമില്ല. നമ്മുടെ നാട്ടിൽ വിളവു വർദ്ധിപ്പിക്കണമെന്നും നെല്ല് ധാരാളം ഉൽപ്പാദിപ്പിക്കണം എന്നും ആഗ്രഹിക്കുന്ന എല്ലാ നല്ല മനുഷ്യരും ഈ ഭേദഗതിയെ സ്വാഗതം ചെയ്യും. ഇന്നത്തെ വ്യവസ്ഥയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു് ഏതെങ്കിലും നിയമം ഉണ്ടാക്കുകയാണെങ്കിൽ അതിന്റെ ഗുണത്തെ ചൂഷണം ചെയ്യുന്നതിനും നിയമംകൊണ്ടു് ഉദ്ദേശിക്കുന്ന ഫലം ഇല്ലാതാക്കുന്നതിനും വേണ്ടി ജന്മിമാർ ശ്രമിക്കും. അതിനുവേണ്ടി ചില ലൂപ്ഹോൾസ് ഉണ്ടാക്കുന്നതിന്നു് അവർ തീവ്രശ്രമം ചെയ്തുകൊണ്ടിരിക്കുമെന്നുള്ളതു് സാധാരണയാണു്. മുമ്പു് കൊച്ചിയിൽ, ൧൧൧൨-ൽ ഒരു വെറും പാട്ടക്കുടിയാൻ ബിൽ പാസ്സാക്കി. ഈ ബില്ലു കൊണ്ടുവന്ന സമയം വാരക്കാരെയു , പാതിവാരക്കാരെയും ആ ബില്ലിൽനിന്നു് ഒഴിവാക്കി. അതായതു് വാരക്കാരേയും പാതിവാരക്കാരേയും ഒഴിപ്പിക്കാമെന്നു് ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നു. ഇങ്ങനെ ഒരു വെറും പാട്ടക്കുടിയാൻ ബിൽ കൊണ്ടുവരാൻ പോകുന്നു എന്നു കണ്ടപ്പോൾ കൊച്ചിയിലെ ജന്മിമാർ ആ ബില്ലിന്റെ ഗുണത്തെ ടോർപ്പിഡോ ചെയ്യുവാനുള്ള ശ്രമം തുടങ്ങി. ഉടനെ തന്നെ പാട്ടം ഒഴിപ്പിക്കുവാനും വരം ഒഴിപ്പിക്കുവാനും അന്യകൈവശം പോയിട്ടുള്ള വസ്തുക്കളെല്ലാം കൈവശപ്പെടുത്തുവാനും അവർ ശ്രമിച്ചു. അതിന്റെ ഫലമായി പാട്ടമായും മററും കൈവശപ്പെടുത്തിയിരുന്നവരെല്ലാം പെട്ടെന്നു പങ്കുവാരക്കാരായും പാതിവാരക്കാരായും മാററി. കുടിയാന്മാർ ഒരുവിധത്തിലല്ലെങ്കിൽ മറെറാരു വിധത്തിൽ ജന്മിമാർക്കു വഴങ്ങി ജീവിക്കേണ്ടവരായതുകൊണ്ടു് അവർ പറയുന്ന വ്യവസ്ഥയ്ക്കു വഴിപ്പെട്ടു ജീവിച്ചു പോരുന്ന ആളുകൾ ഇന്നും അനവധി കൊച്ചിയിലുണ്ടു്. ഇങ്ങനെയുള്ള അനേകം വാരക്കാർ ഇന്നും ഉണ്ടു്. ഇവരെല്ലാം വളരെ വിഷമിച്ചു കഴിയുന്നവരും ആണു്. നിലവിലിരിക്കുന്ന നിയമം അനുസരിച്ചു് അത്തരത്തിലുള്ള വാരക്കാരേയും പാതിവാരക്കാരേയും ജന്മിക്കു ഒഴിപ്പിക്കാം. ഈ ഒഴിപ്പിക്കൽ വ്യവസ്ഥ കാരണം കൃഷിക്കാർക്കു് ശരിയായ നിലയിൽ വളം ചെയ്യുന്നതിനൊ കൃഷി ചെയ്യുന്നതിനോ ഉന്മേഷ

[ശ്രീ. സി. സി. അയ്യപ്പൻ]

മില്ലാതെ വരുന്നു. നിലത്തിൽ കൂടുതൽ വളം ചെയ്തു കൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്നതായി കണ്ടാൽ അടുത്ത കൊല്ലത്തിൽ ജന്മി പിന്നീടു വാരത്തിനു കൊടുക്കുവാൻ മടിക്കും. കൂടുതൽ ആദായം വാരക്കാരൻ എടുക്കുന്നതിലുള്ള കണ്ണുകടി ജന്മിക്കു് അത്രയുണ്ടു്. ഇന്നത്തെ സാമ്പത്തിക്കാധിപത്യംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും വളരെ കുറഞ്ഞ കൂലിക്കു് ആളുകളെ കിട്ടും. അവരെക്കൊണ്ടു് ജോലിചെയ്യിപ്പിച്ചു് നെല്ല് വിളയിപ്പിച്ചു് എടുക്കുകയാണെങ്കിൽ ഒരു പറ നെല്ലിനു് അഞ്ചും ആറും രൂപ വിലവച്ചു് വിൽക്കുവാൻ കഴിയും. അങ്ങനെ ജന്മിക്കു് വളരെ അധികം സമ്പാദിക്കുവാൻ കഴിയും. ഈ വക കാരണങ്ങളാൽ വാരക്കാർക്കും പാതിവാരക്കാർക്കും കൃഷി ചെയ്യുവാൻ ഉത്സാഹം തോന്നുകയില്ല. ഉത്സാഹം തോന്നണമെങ്കിൽ വസ്തുവിന്മേൽ അവർക്കുകൂടി അധികാരമുണ്ടെന്നുള്ള ഒരു ബോധം അവർക്കുണ്ടാകേണ്ടതാണു്. അതിനാൽ ഈ ബില്ലിന്റെ പരിധിയിൽ വാരക്കാരെയും പാതിവാരക്കാരേയും കൂടി ഉൾപ്പെടുത്തി അവർക്കു കൂടി രക്ഷനൽകേണ്ടതും വളരെ ആത്യാവശ്യമാണു്. അതുകൊണ്ടു് ഈ ഭേദഗതിയെ എല്ലാവരും അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : സർ, സഖാവു കൃഷ്ണൻ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ഈ ബില്ല് അവതരിപ്പിച്ചിട്ടുള്ളതു് ആധാനിക്കുന്ന കൃഷിക്കാർക്കു രക്ഷയുണ്ടാകുന്നതിനു വേണ്ടിയും ഭൂനയം സംബന്ധിച്ച നിയമം ഇവിടെ നടപ്പിലാക്കുന്നതിനുള്ള ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടിയും ആണു്. എന്നാൽ ഇതിനെ തോൽപ്പിക്കുന്നതിനുവേണ്ടി, താമസിയാതെതന്നെ ഭൂനയം സംബന്ധിച്ച ഒരു നിയമം ഇവിടെ കൊണ്ടുവന്നു പാസ്സാക്കുമെന്നു കണ്ടിട്ടു് ജന്മിമാർ പാവപ്പെട്ട കുടിയാന്മാരുടെ നേരെ പല അടവുകളും എടുക്കുന്നുണ്ടു്. അതിലൊന്നാണു് വെറുംപാട്ടക്കൃഷിക്കാരെയും അതുപോലെ ഈ ബില്ലിൽ ഉൾപ്പെടുന്ന മററു ടെനൻസികളെയും വാരക്കാരായി മാററുന്നതു്. കൊച്ചിയിൽ, സർ ഷൺമുഖം ചെട്ടി ദിവാനായിരുന്ന കാലത്തു്, ൧൧൫൭-ൽ ഒരു വെറും പാട്ട കുടിയാൻ നിയമം അവതരിപ്പിക്കുകയുണ്ടായി. ആ ബില്ലിന്റെ പോരായ്മകളെ സംബന്ധിച്ചു ശക്തിയായ വാദവും പ്രക്ഷോഭണവും ഉണ്ടായപ്പോൾ ഗവണ്മെൻറ് ആ ബില്ല് പിൻവലിച്ചു. ആ തക്കംനോക്കി ജന്മിമാർ വെറുംപാട്ടക്കാരെയെല്ലാം വാരക്കാരാക്കി മാററി. ൧൧൫൭-ൽ അതു് നിയമമായി. പക്ഷെ, അപ്പോഴേയ്ക്കും വെറുംപാട്ടക്കാർ ഭൂരിപക്ഷം പേരും വാരക്കാരായി മാറിക്കഴിഞ്ഞിരിക്കുന്നു. വെറുംപാട്ടക്കാർക്കു് ജന്മികളുടെ നിർബ്ബന്ധത്തിനു് വഴങ്ങേണ്ടി വന്നിട്ടുണ്ടു്. ജന്മികളുടെ ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും വിധേയരായി അനവധി കുടിയാന്മാർ വിശേഷിച്ചും വടക്കൻ താലൂക്കുകളിൽ വാരക്കാരായിത്തീരുവാൻ നിർബ്ബന്ധിതരായിട്ടുണ്ടു്. ചേത്തല, കുന്നത്തുനാടു് മുതലായ താലൂക്കുകളിൽ ഇതുപോലെയുള്ള സംഭവങ്ങൾ ധാരാളമുണ്ടായിട്ടുണ്ടു്. ചേത്തലയിലെ ഒരു ഭൂവുടമസ്ഥനായ 'കോച്ചു' ൧൧൫൭-ൽ അനവധി പാട്ടക്കാരെ വാരക്കാരാക്കിയിട്ടുണ്ടു്. പങ്കുവാരവും പാട്ടംപോലെയുള്ള ഒരേർപ്പാടാണു്. ഒരു പറ നിലത്തിനു് മൂന്നു പറ നെല്ല് പാട്ടവും, പിന്നെ കൂടുതലുള്ള വാരവും. ഇങ്ങനെയുള്ള

വിളഗോക്കൾക്ക് ഒന്നുംതന്നെ ഈ ബില്ലുകൊണ്ടു് ഗുണം കിട്ടുന്നില്ല. ഈ സഗകര്യം ഉപയോഗിച്ചുകൊണ്ടു് ജന്മിമാർ പാട്ടക്കാരെയും വാരക്കാരെയും കണക്കിലധികം ദ്രോഹിച്ചു വരുന്നു. ഇതിനെ സംബന്ധിച്ചു് ശിവസ്വാമി ക്കമ്മിററി റിപ്പോർട്ടിൽ ചില അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടു്. വാരക്കാരെ സംബന്ധിച്ചു് റിപ്പോർട്ടിൽ പറയുന്നതു് ഇങ്ങനെയാണു്.

"We will now examine the class of cultivators to whom fixity of tenure should be granted. There are various modes of leases, namely (1) crop-share, (2) panayam or usufructuary mortgage. Should or should not fixity of tenure be granted to these two groups ? We should always keep in mind the terms of reference of the Government in answering these questions. We are considering according to these terms the changes necessary in the tenancy laws of Cochin to improve the industry of agriculture. Older tenancy legislation everywhere in India thought more of rights in land. It created grades of tenants on the basis of the period of occupation, such as tenure-holders, statutory tenants, hereditary tenants, non-occupancy tenants and so on with varying rents and varying rights of transfer. It looked at the question as one of extracting rights on the land from a proprietor holding an absolute title to it. We have to view the question from the point of view of the agricultural industry. So long as the occupant functions efficiently, there is no need to limit his right of occupation through interference by a proprietor, nor need the occupancy right be limited to tenants according to the length of period of occupation, though many of the verumpattam tenants will certainly be entitled to occupancy rights owing to the cultivation of their holdings through many generations. The ground of ejection of an owner or a cultivating tenant should be that he is a misfit for the job. The State should have the right to resume the land when it is left fallow, or not efficiently used. The need for such restriction becomes all the more urgent as the penalising of sub-letting (proposed in the succeeding paras) will be circumvented by land-holders by keeping their lands fallow. Subject to State Control of proper land use, every cultivating tenant should get fixity of tenure. It is on the basis of this principle that the Cochin

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

'*Verumpattamdars*' Act has granted fixity of tenure to every *verumpattam* tenant without restricting it on the basis of duration of tenancy. But the Act excluded *kanoms* and *panku* or *varapattams*. One cannot understand how the lines is drawn in this respect. The use of the word "licensee" for a crop-share tenant cannot convert him into a labourer. A licensee is equally entitled to a fair remuneration for his work. Crop-share tenancy is the result of unsteady yields from certain lands which do not lend themselves to be let on a fixed kind rent irrespective of the quantum of yield from year to year. Small land owners enter into crop-share arrangements with their tenants when they want to get a greater share of produce by sharing it on the thrashing floor. Some others want it as they want to earn good profits for their advances of seed, cattle, credit, manure etc. The system benefits the land-owner in years of plenty and cuts into the profits of the tenant in years of crop failure or scarcity. We have elsewhere proposed the mode of fixing their rents for crop-share lands. If the crop-sharer is not a tenant, then what is he ? Is he a labourer ? If so, is it fair to pay wages for a labourer in the ratio of yields, reducing it in lean years and increasing it in years of plenty ? Is it fair again not to return to him his expenses of cultivation when they are not covered by the yield ? Is he a partner in cultivation ? This means he is a joint-owner. Then the land-owner should share both losses and gains with the tenant. In such case a crop-sharer is not a tenant. The system of crop-share had its importance when the tenant depended on the land lord's resources for cultivation, when cultivation expenses were little, when the produce had not sufficient value, when the area of holding was large, and Government too collected its land revenue as a share of the crop. The law therefore should define a tenant by including every person who is remunerated by a share of the crop. This is exactly what the Bombay Tenancy Act has done in the following words :—

'2A. (1) A person lawfully cultivating any land belonging to another person shall be deemed to be a

tenant if such land is not cultivated personally by the owner and if such person is not—

(*a*) a member of the owner's family, or

(*b*) a servant on wages payable in cash or kind but not in crop-share or a hired labourer cultivating the land under the personal supervision of the owner or any member of the owner's family.

This definition defines the persons who work on the land. They are (1) the owner (2) a member of the owner's family (3) a servant on wages payable in cash or kind but not in crop-share (4) hired labourer (5) tenant. If a person does not belong to the category of either the first four groups, he will be deemed to be a tenant. The onus of proving that a person is not a tenant lies on the land holder according to the provisions of the Bombay Tenancy Act. A suitable definition which will not exclude a crop-share tenant as a cultivating tenant will have to be devised, similar to the provision in the Bombay Tenancy Act."

ഇപ്പോൾ വാരക്കാരെ കുഴിവാക്കാൻ പാടില്ലെന്നാണു ബോംബെ ആക്ടിൽ പറയുന്നതു്. ശിവസ്വാമി കമ്മിററിയിപ്പോൾട്ടിലും ഇതുതന്നെ പറയുന്നുണ്ടു്.

"But both tenants and superior holders engage *Panku-pattakarans* or *Varapattakarans* and cultivate their lands. Since the time when protection to *Verum-pattam* tenants has been proposed by Government. *i.e.*, 1115 onwards, there has been a phenomenal increase in the number of *Panku* or *Varapattakarans*. This is particularly so in taluks as Talapalli where the Bar Association represented about such increases. The change—over from *Verumpattam* to this kind of tenure was due to the cleverness of land-holders to forestall legislation, the eviction through courts of tenants for non-payments of rent or surrender of the land by the tenants. This class of tenants requires also urgent relief. If no relief is granted to them, there will be the anomaly that while a *verumpattamdar* who is hardly a cultivating tenant in this case will benefit by rent reduction, and a superior holder will be asked to lose a portion of his rent,

[ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ]

the actual cultivator who is the *Panku* or *Varapattakaran* will get no relief at all. Also if relief is granted to this class under *Verumpattakarans* but not under others there will be the further anomaly of a section getting relief and not others of the same class. *Panku* or *Varapattakarans* too should therefore be deemed to be cultivating tenants for purposes of rent relief. "

പിന്നീട് പാട്ടക്കാർ വാരക്കാരായും പങ്കുപാട്ടക്കാരായും മാറുന്നതിനെപ്പററി പറയുന്നുണ്ട്.

" In the lands either surrendered by tenants or from which they have been evicted by courts, no landholder would like to let in tenants on *verumpattam* tenure as it would only deprive him of his right to change the tenants for getting a higher rent. One consequence of this position was an increase in mortf gages. Another was an increase in the number of crop-share tenants.

The abstract of evidence elsewhere published shows the rapid increase in "*pankupattam*" as a result of the *Verumpattamdars'* Act. In order to evade delivery of surplus grain, a jenmi may say that the land is held on "*pankupattam*" to the procurement officer but it may be actually held on verumpattam. Illustrations are also given of the change of "*verumpattam*" tenants into "*pankupattam*" tenants after the Act of 1118, who acquiesced in the new status possibly owing to their poverty, their inability to pay excessive rents, or ignorance of their rights. The following are the names of villages, where evidence was supplied to us during our visits of the change of *verumpattam* into *pankupattam*..... "

അനന്തരം തെളിവുകൾ എടുത്തതിനെപ്പററിയും പറയുന്നുണ്ട്.

" Witnesses who have submitted written evidence (Nos. 35, 41, 42, 43 and 98) refer to eviction of *verumpattam* tenants and the grant of these lands to *pankupattam* tenants. "

സർ, ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങളെല്ലാം ഇവിടെയും ബാധകമാണ്. പക്ഷെ, ഒരുകാര്യത്തിൽ കുറെയൊക്കെ വ്യത്യാസമുണ്ടെന്ന

ഞാനും സമ്മതിക്കുന്നു. കൊച്ചിയിലേയും, തിരുവിതാംകൂറിലേയും ഭൂവുടമ സമ്പ്രദായത്തിലും, കുടിയാന്മസമ്പ്രദായത്തിലും കുറച്ചു വ്യത്യാസമുണ്ട്. കൊച്ചിയിൽ തിരുവിതാംകൂറിനെ അപേക്ഷിച്ച് വലിയ ജന്മിമാർ കൂടുതലും, അതുപോലെ കുടിയാന്മാരുടെ എണ്ണം കൂടുതലുമുണ്ട്. തിരുവിതാംകൂറിലാണെങ്കിൽ ഗാരതമ്യേന ചെറുതരം കൃഷിക്കാരുടെ എണ്ണം കൂടുതലാണ്. വാരമായിട്ടും പാട്ടമായിട്ടും കൊടുക്കുന്ന സമ്പ്രദായത്തിനും അല്പസ്വല്പ വ്യത്യാസം ഉണ്ട്. അതുകൊണ്ട് ഈ ചെറുതരം കൃഷിക്കാർക്കു കൊച്ചിയിലെ വെറുംപാട്ട നിയമംപോലെയുള്ള ഒരു നിയമം പാസ്സാക്കുന്നതു കുറേയൊക്കെ ഉപദ്രവകരമായി വരുമെന്നു എനിക്കറിയാം. പാട്ടക്കാരെത്തന്നെ ഉൾപ്പെടുത്തി വസ്തുവിന്മേൽ അവർക്കു സ്ഥിരാവകാശം കൊടുക്കുന്ന ഏർപ്പാടുതന്നെ കുറേയൊക്കെ ഉപദ്രവകരമാണ്. ചില്ലറ ഉദ്യോഗസ്ഥന്മാർ, ഗത്യന്തരമില്ലാതെ കുറേക്കാലത്തേക്കു അന്യസ്ഥലങ്ങളിൽ താമസിക്കുന്നവർ മുതലായ അപൂർവ്വം ആളുകൾക്ക് അവരവരുടെ വസ്തുക്കൾ തൽക്കാലത്തേക്ക് പാട്ടത്തിനോ, വാരത്തിനോ കൊടുക്കാതെ നിവൃത്തിയില്ല. അങ്ങനെയുള്ളവർക്കു എന്തെങ്കിലും രക്ഷാവ്യവസ്ഥകൾ ചെയ്യുന്നതിനു ഞങ്ങൾ എതിരല്ല. എന്നാൽ, ഗാരിന്റെ മറവിൽ ഇവിടത്തെ ഭൂരിഭാഗം കൃഷിക്കാർക്ക് ഉപദ്രവം ഉണ്ടാക്കുന്ന നടപടികൾ ജന്മിമാർ സ്വീകരിക്കും. യഥാർത്ഥത്തിൽ സഹായം ലഭിക്കുന്നവർക്കു നിയമം കൊണ്ടു ഉദ്ദേശിക്കുന്ന ഫലം തന്മൂലം ലഭിക്കാതെപോകും. അതിനാൽ വാരക്കാരെയും, പാതിവാരക്കാരെയുംകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നുള്ള ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലിക്കുന്നു. എനിക്കു മുമ്പ് ഈ ഭേദഗതിക്കുവേണ്ടി സംസാരിച്ച എല്ലാ മെംബറന്മാരുടെയും അഭിപ്രായത്തോടു യോജിക്കുന്നു. അതിന്റെകൂടെ ഇതുകൂടി ചേർക്കണമെന്നാണ് ഞാൻ വിചാരിക്കുന്നതു്.

സർ, നമ്മുടെ നാട്ടിൽ ഭക്ഷ്യോൽപ്പാദനത്തിനുവേണ്ടി പല പ്രവൃത്തികൾ ചെയ്യുന്നതായി നാം കേൾക്കുന്നുണ്ട്. ഭക്ഷ്യ കമ്മീ സംസ്ഥാനമാണു നമ്മുടേതെന്നുവച്ചു് ഈ പദ്ധതിക്കായി ഗവണ്മെന്റ് വളരെ പണവും മുടക്കുന്നുണ്ട്. പക്ഷെ, ഈ പദ്ധതികൾമൂലം ഇന്നുവരെ എത്ര കൂടുതൽ നെല്ലുൽപ്പാദിപ്പിച്ചിട്ടുണ്ടെന്നു നമുക്കു കണക്കില്ല. കൂടുതൽ റേഷനും നമുക്കു കിട്ടുന്നില്ല. സർ, ഇതിന് ഒരു പ്രത്യേക കാരണമുണ്ട്. ഇന്നു നമ്മുടെ നാട്ടിലെ ഭൂമി അല്പംചിലരിൽ മാത്രമാണു ശേഷിച്ചിരിക്കുന്നതു്. അങ്ങനെയുള്ളവർ സ്വന്തമായി കൃഷിയിറക്കുക പതിവില്ല. അന്യരാണു കൃഷിയിറക്കുന്നതു്. എന്നാൽ, കൃഷിയിറക്കുന്നവർക്ക് സ്ഥിരതയും ഇല്ല. വാരം ഇടപാടു് മിക്കവാറും നെൽക്കൃഷി സ്ഥലങ്ങളെയാണു ബാധിക്കുന്നതു്. വാരംകൂടി ഈ ആക്ടിന്റെ പരിധിയിൽപ്പെടുത്താത്തതുകൊണ്ടു്, വാരക്കാരന് ഭൂമിയിൽ സ്ഥിരാവകാശം കിട്ടുന്നില്ല. എന്നു മാത്രമല്ല, ജന്മിക്ക് ഇഷ്ടമുള്ള ആളുകൾക്ക് മാറിമാറി നിലം കൊടുക്കുകയും ചെയ്യാം. ആ സ്ഥിതിക്ക് സ്ഥിരതയില്ലാതെപ്പോൾ, അടുത്ത കൊല്ലവും തനിക്കുതന്നെ നിലം കിട്ടുമെന്നു തീർച്ചയില്ലാത്ത സ്ഥിതിക്ക് കൃഷിക്കാർ നിലത്തു് വളമിടാൻ മടിക്കുന്നു. അങ്ങനെ വിളവു കുറയുന്നുണ്ട്. ഞങ്ങളുടെ നാട്ടിലെ കരിനിലങ്ങളിൽ ഒരേക്കർ സ്ഥലത്തു ഏഴു പറ നെല്ല് വിളഞ്ഞിരുന്ന സ്ഥലത്തു് ഇന്നു കഷ്ടിച്ചു് ഒരു പറ നെല്ലാണു

[ശ്രീമതി കെ. ആർ. ഗൌരി]

വിളയുന്നതു്. വിളവു് കൂട്ടണമെങ്കിൽ, ശാസ്ത്രീയമായി കൃഷി പരിഷ്കരിക്കണമെങ്കിൽ തീർച്ചയായും ഈ വാരക്കാർക്ക് വരുമാനമൊല്ലവും നിലം കിട്ടുമെന്നു തീർച്ചവരുത്തുക്കൂടി ഈ ആക്ടിന്റെ പരിധിയിൽ പെടുത്തണം.

സർ, വേറൊരു കാര്യംകൂടി പറയുകയാണ്. ചേർത്തല, അമ്പലപ്പുഴ തുടങ്ങിയ സ്ഥലങ്ങളിൽ ഇന്നു തൊഴിലില്ലായ്മ അങ്ങേയറ്റംവരെ എത്തിയിരിക്കുകയാണ്. കാർഷികോൽപ്പന്നമായ നാളികേരത്തിന്റെ വില കുറഞ്ഞു. ഇടനിലക്കാരും പാവപ്പെട്ട തൊഴിലാളിയും ഇന്ന് അങ്ങേയറ്റം പീഡിപ്പിക്കുകയാണ്. സർ, ഇന്നത്തെ ലെവി സമ്പ്രദായം നിലനിൽക്കുന്നതുകൊണ്ട് കൃഷി ഇന്നു ലാഭകരമായ തൊഴിലായതിനാൽ പല വ്യവസായികളും ഇന്നും കർഷകമുതലാളിമാരായി രൂപാന്തരപ്പെടുന്നുണ്ട്. ഇവർക്ക് കുറഞ്ഞ ചെലവിൽ കൃഷി ചെയ്യുന്നതിനു ഗവണ്മെന്റ് തന്നെ ട്രാക്ടറും-മററും വാങ്ങുന്നതിനു ലോണും മററും കൊടുക്കുന്നുമുണ്ട്. ഈ കർഷകമുതലാളിമാർ സാധുക്കളായ ഈ വാരക്കാർ നടത്തിയിരുന്ന കൃഷിനിലങ്ങളിൽനിന്ന് അവരെ ഒഴിപ്പിക്കുന്നതിനു ജന്മിമാരുമായി ചേർന്നു വേണ്ട നടപടികൾ നടത്തുന്നു. ഉദാഹരണമായി സർ, ഇന്നു ചേർത്തല തിരുമല ദേവസ്വത്തിലെ നിലങ്ങൾ വാരക്കാർ കൃഷിക്കാരായി നടത്തിയിരുന്നിടത്തുനിന്നു അവരെ ഒഴിപ്പിച്ച് കുട്ടനാട്ടിൽ ആയിരക്കണക്കിന് ഏക്കർ കൃഷിനിലം സ്വന്തമായി ഉള്ള ശ്രീമാൻമാർ പുതുക്കിക്കെട്ടിക്കും ജനാർദ്ദനപൈക്കും കൊടുക്കുന്നു. ഇന്നുതന്നെ ജോലിയില്ലാതെ കഴിയുന്ന സാധാരണക്കാരനു് രണ്ടുമൂന്നു മാസം കൃഷിചെയ്തു കഴിയാമെന്നു വച്ചാൽ അതും തരപ്പെടുത്തിക്കൊടുക്കുകയാണ്. ഈ സ്ഥിതി ഗവണ്മെന്റ് കാര്യമായി ശ്രദ്ധിക്കണം.

ഇനി അടുത്ത ഒരു വാദമുഖം ഈ ആക്ടിനെ തോൽപ്പിക്കുന്നതിനു വേണ്ടി വാരമേർപ്പാടു് ഇന്നു നിലവിൽ നടത്തുന്നുണ്ട്. നമ്മുടെ നാട്ടിൽ വാക്കാൽപ്പാട്ടം സാധാരണമാണ്. പാട്ടം കൊടുത്താൽ രസീതു കൊടുക്കുകയില്ല. അങ്ങനെയുള്ള കൂട്ടർ ഇപ്പാട്ടക്കാരെ പെട്ടെന്നവെ വാരക്കാരായി മാററുന്നുണ്ട്. ഇതിനു മതിയായ ഉദാഹരണമാണു ചേർത്തല താലൂക്കിൽ ശ്രീമാൻ കോച്ചു ചെയ്തതു്. അദ്ദേഹത്തിന്റെ കൈവശമുള്ള മൂന്നു നാലായിരം ഏക്കർ ഈ ആക്ടിന്റെ പരിധിയിൽപ്പെടുത്താതെ പെട്ടെന്നു വാരമാക്കി. അതുകൊണ്ടു് കൃഷിക്കാർക്ക് വലിയ ഒരു സംഖ്യ കൂടുതലായി (പാട്ടം) വാരം കൊടുക്കേണ്ടിവരികയും, അതേസമയം അവരുടെ നിലത്തിന്റെ സ്ഥിരത നശിക്കുകയും ചെയ്തു. ഈ കാരണംകൊണ്ടു് വാരം ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തണം.

സർ, ഇതു വാദിക്കുമ്പോൾ കാൺഗ്രസ്സ് ബഞ്ചിൽനിന്നു പറയും, ഈ ആക്ട് ഏക്സിക്യൂഷൻ പ്രൊസീഡിംഗ്സിനെ ബന്ധിക്കുകയുള്ളു; വാരത്തിനു ഡിക്രി കിട്ടുവാൻ പ്രയാസമാണ്; അതു റെക്കാർ ചെയ്യുന്നതു കുക്കുകയില്ല എന്ന്. ഈ കാര്യത്തെ സംബന്ധിച്ച് സഭയുടെ ശ്രദ്ധയെ Transfer of Property Act സെക്ഷൻ ൨൦൫-ലേക്ക് ക്ഷണിച്ചു കൊള്ളുന്നു. The Section says ;

"The lease of immovable property is a transfer of a right to enjoy such property made for a certain time express or implied, or in perpetuity, in consideration of a price paid or promised or of money, a share of crops, service, or any other thing of value to be rendered periodically or on specific occasion to the transferor by the transferee who accepts the transfer on such terms."

ഇവിടെ share of crops എന്നു പറഞ്ഞിരിക്കുന്നതു വാരത്തേയാണ്. വാരം അതുകൊണ്ടു് ലീസ്ഹോൾഡാണ്. ആ ലീസ്ഹോൾഡിന് തീർച്ചയായും ഡിക്രി ഉണ്ടാക്കാം. ആ ഡിക്രി സമ്പാദിക്കുന്നതു് ഐക്കവറി ആഫ് പ്രോപ്പർട്ടിയുമാണ്.

ശ്രീ. പി. വി. അവിരാത്തരകൻ : വാരത്തെ സംബന്ധിച്ചുള്ളതും വല്ല ഡോക്യുമെൻറ്സും ഉണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : ഒരു കൊല്ലത്തിനൊ അതിനു താഴെ കാലത്തേയ്ക്കോ ഇംമൂവബിൾ പ്രോപ്പർട്ടി ട്രാൻസ്ഫർ ചെയ്യുന്നതിനു ഡോക്യുമെൻറ് വേണമെന്നു നിർബന്ധമില്ല. വാരക്കാര്യത്തിൽ ചില പ്പോൾ ഡോക്യുമെൻറ് കാണും. ചിലപ്പോൾ ഡോക്യുമെൻറ്സ് ഉണ്ടായില്ല എന്നും കണ്ടേക്കാം. പക്ഷെ അതൊന്നും ഇതിനെ ലീസ്ഹോൾഡിൽ കൊള്ളിക്കാതിരിക്കുവാൻ കാരണമാകുന്നില്ല.

സർ, വാരക്കാരും പാതിവാരക്കാരും ജന്മികൾക്കു് നൽകുന്ന ഭോഗം Transfer of property Act-rent ആയിട്ടാണു് പറഞ്ഞിരിക്കുന്നതു്. അങ്ങനെ കൊടുക്കുന്ന റെൻറ് അല്ലെങ്കിൽ വാരം മുടങ്ങുകയാണെങ്കിൽ വാരക്കാരനു് വസ്തുവിൽ സ്ഥിരാവകാശമില്ലാത്തതുകൊണ്ടു് വസ്തു ഒഴിപ്പിച്ചെടുക്കുന്നതിനും സാധിക്കും. അപ്രകാരം കേസ് കൊടുക്കുകയും ഡിക്രി സമ്പാദിക്കുകയും എക്സിക്യൂഷൻ നടപടികൾ നടത്തുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ടു് വാരം, പാതിവാരം ഇവകൾ ലീസ്ഹോൾഡിൽ ഉൾപ്പെടുകയില്ലെന്നു പറയുന്നതു ശരിയല്ലാ എന്നും പാട്ടക്കാർക്കു വസ്തുവിന്മേലുള്ള അതേ ലീസ്ഹോൾഡ് അവകാശം തന്നെയാണു് വാരക്കാർക്കും പാതിവാരക്കാർക്കും സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്നും, സർ, ധനകാര്യമന്ത്രി പറയുകയുണ്ടായി. വലിയ ഒരു ലജ്ജയോടുകൂടിയാണു് ഈ ബിൽ ഞങ്ങളുടെ മുമ്പിൽ കൊണ്ടുവന്നതെന്നു പറഞ്ഞു. അദ്ദേഹത്തിൻെറ ലജ്ജ തീർക്കാൻവേണ്ടിയാണു് ഞാൻ ഈ വാദഗതി ഉന്നയിച്ചതു്. സർ, ഞാൻ മുമ്പു പറഞ്ഞ കാരണങ്ങളാൽ ചെറു കർഷകരുടെ പേരിൽ എന്തെങ്കിലും നന്മ ചെയ്യണമെന്നു് ഗവണ്മെൻറിനുദ്ദേശമുണ്ടെങ്കിൽ വാരവും പാതിവാരവുംകൂടി ലീസ്ഹോൾഡിൽ ഉൾപ്പെടുത്തേണ്ടതാണു്. ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

ധനകാര്യവും സിവിൾസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : ബഹുമാനപ്പെട്ട മെംബറന്മാർ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടു ഉന്നയിച്ച വാദമുഖങ്ങൾക്കു് ഒരു എതിർവാദം

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പുറപ്പെടുവിക്കുന്നതിനു എനിക്കു ഉൽസാഹമുണ്ടായെന്നാണെങ്കിൽ എനിക്കു് ഉൽസാഹമില്ലതന്നെ. ഈ ബിൽ വിധിനിർണ്ണയി വയ്ക്കുന്ന ഒരു ബില്ലാണു്. ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പറും അഭിപ്രായപ്പെടുകയുണ്ടായി, വാരക്കാർക്കും പാതിവാരക്കാർക്കും കൃഷിഭൂമിയിൽ സ്ഥിരാവകാശം കൊടുക്കേണ്ടതാണെന്നു്. എന്നാൽ ഈ ബിൽ അനുസരിച്ചു് ഈ രണ്ടു കൂട്ടർക്കും കൃഷിഭൂമിയിൽ സ്ഥിരാവകാശം കൊടുക്കാൻ സാധിക്കുന്നില്ല. ബില്ലിന്റെ Preamble-ൽ തന്നെ പറഞ്ഞിരിക്കുന്നതു ഇങ്ങനെയാണു്:

"Whereas it is deemed expedient to stay proceedings in the execution of certain decrees of Civil Courts, for eviction from holdings in Travancore"—

ഇതാണു നിയമം. അതായതു്, എവിക്ഷനു വേണ്ടിയുണ്ടായിട്ടുള്ള ചില കോടതിവിധികൾ നിർത്തിവയ്ക്കാൻ അധികാരം കൊടുക്കുന്ന ഒരു ബില്ലാണു് ഇതു്. എന്നാൽ വാരം ലീസ്ഹോൾഡാണെന്നു ശ്രീമതി ഗൗരി പ്രസ്താവിക്കുകയുണ്ടായി. മാത്രമല്ല, ശ്രീ. ഗോപാലകൃഷ്ണ മേനോൻ ശിവസ്വാമികമ്മിററിയിലെ ചില നിശ്ചയങ്ങൾ കൂടി ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ബില്ലിന്റെ പ്രീയാമ്പിൾ നോക്കുകയാണെങ്കിൽ Transfer of Property Act ന്റെ ഇ-ാം വകുപ്പിൻപ്രകാരമുള്ള കാരണങ്ങളല്ലെന്നു കാണാവുന്നതാണു്. ഈ വകുപ്പിൽ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്. Lease is a transfer of property from one person to another from the lessor to the lessee. വസ്തുവിന്റെ അന്യാധീനപ്പെടൽ സ്വഭാവമില്ലാത്ത ഒരു വ്യവസ്ഥയാണു വാരമെന്നും പാതിവാരമെന്നും പറയുന്നതു്. വാസ്തവത്തിൽ പാട്ടവസ്തുക്കൾ പാതിവാരമായും വാരമായും മാററിയിട്ടുണ്ടാവാം. അങ്ങനെ മാററിയിട്ടുള്ള വസ്തുക്കളുടെ കൈവശക്കാർക്കു് ഈ ബില്ലുകൊണ്ടു ഒരു പ്രയോജനവും ഉണ്ടാകുന്നില്ല. വെറുംപാട്ടവസ്തുക്കളെ സംബന്ധിച്ചിടത്തോളം അവയുടെ കുടിയാന്മാർ ആധാരം മാററി വാരമാക്കി എഴുതിയാൽ വസ്തു ഒഴിഞ്ഞുകൊടുക്കാൻ തയാറാകുന്നു എന്നും ജന്മിയും കുടിയാനും തമ്മിൽ പിന്നീടു് ഒരു പുതിയ ബന്ധത്തിൽ ഏർപ്പെടുന്നു എന്നുമാണു് അർത്ഥം. ഇങ്ങനെ എഴുതാനുള്ള കാരണങ്ങൾ മൂന്നുവിധത്തിലുണ്ടാകാം. സ്വമനസ്സാലെ എഴുതാറുണ്ടു്, വഞ്ചനഹേതുവായിട്ടു എഴുതാറുണ്ടു്, നിർബന്ധംകൊണ്ടും ഇങ്ങനെ മാററി എഴുതാറുണ്ടു്. കാരണമെന്തായാലും ഇങ്ങനെ മാററി എഴുതപ്പെട്ട ആധാരങ്ങൾ കോടതിയിൽ ഹാജരാക്കുമ്പോൾ അവ വാരംതന്നെയാണെന്നാണു് കോടതി വിധിക്കുന്നതു്. വാരത്തേയും പാതിവാരത്തേയും പാട്ടമായി ഗണിച്ചു് ഈ ബില്ലിന്റെ ഗുണം അവർക്കുകൂടി ഉണ്ടാകണമെന്നു് പറയുന്നതു് നിലവിലിരിക്കുന്ന നിയമത്തേയും ഇടപാടിന്റെ സ്വഭാവത്തേയും നോക്കുമ്പോൾ അത്ര എളുപ്പമല്ല. എന്റെ താലൂക്കിൽ വാരമെന്നു പറഞ്ഞാൽ വളം, വിത്തു്, കൃഷിച്ചെലവു് ഇവയെല്ലാം ജന്മിയും വാരക്കാരനും തമ്മിൽ പകുതിവീതം എടുക്കുകയാണു്. അതനുസരിച്ചു് വിളവെടുക്കുന്നതും രണ്ടു സമഭാഗങ്ങളായി വീതിച്ചാണു്. ഈയൊരേർപ്പാടു നമ്മുടെ രാജ്യത്തു മാത്രമല്ല ഉള്ളതു്. ബംഗാളിൽ നമ്മുടെ രാജ്യത്തുള്ളതുപോലെതന്നെ ഒരേർപ്പാടുണ്ടു്. വസ്തുക്കൾ വാരത്തിനു അവിടെയും കൊടുക്കുന്നുണ്ടു്. ഇവിടെ വാരക്കാർ എന്നു പറയുമ്പോൾ അവിടെ 'വർഗ്ഗർമാർസ്' എന്നാണു പറയു

ന്നത്. ഈ 'വജ്ജദാർസ്' ഏർപ്പാടുമൂലം കൃഷിനടത്തുന്നതിനെ സംബന്ധിച്ച് നിയമജ്ഞന്മാരുടെ നിയമവ്യാഖ്യാനം എന്തെന്നാൽ, വാരമെന്നു പറയുന്നത് ഒരു ടെനൻസിയല്ല, ടെന്യുവറം അല്ല. പിന്നയോ, അപ്പോഴപ്പോൾ കൂലികൊടുത്തു കൃഷിചെയ്യിക്കുന്നതിനു പകരം ഒരുമിച്ചു കൂലി കൊടുക്കുന്നു എന്നുള്ളതിൽ കവിഞ്ഞു് യാതൊരവകാശവും കൃഷിക്കാരനു ഭൂമിയിലില്ല എന്നാണ്. അങ്ങനെ നോക്കിയാൽ വാരക്കാരനെസംബന്ധിച്ചിടത്തോളം ഒരു ഏവിക്ഷൻ ഡിക്രിയുടെ ആവശ്യം ഇല്ലെന്നു കാണാവുന്നതാണ്. ജന്മിയും വാരക്കാരനുമായിട്ടു ഏതെങ്കിലും വിധത്തിൽ ഒരു കേസ് ഉണ്ടാകുന്നുവെങ്കിൽ തന്നെ It will be a suit on title and trespass വസ്തുവിന്റെ അവകാശത്തേയും കൈവശത്തേയും സംബന്ധിച്ചുള്ള ഒരു കേസായിരിക്കും അതു്.

ശ്രീ. സി. സി. അയ്യപ്പൻ : വാരച്ചീട്ടുണ്ട് എഴുതിയിട്ടുണ്ടെങ്കിൽ ട്രെസ്പ്പാസ് ആകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്നാലും ചിലപ്പോൾ അങ്ങനെ വരാം. വാരം ഒഴിപ്പിക്കുന്നതിനും പാട്ടം ഒഴിപ്പിക്കുന്നതിനും കൊടുക്കുന്ന കേസുകൾതന്നെ സ്വഭാവവ്യത്യാസം ഉണ്ട്. അങ്ങനെ ഉണ്ടാകുന്ന അന്യായങ്ങൾക്ക് കോർട്ടുഫീസുപോലും വ്യത്യാസമുണ്ട്. ഈ ബില്ലിന്റെ പ്രീയാമ്പിളിൽ പറഞ്ഞിരിക്കുന്നതു് 'Certain decrees for eviction' അതായതു്, ഏവിക്ഷനുവേണ്ടി ഉണ്ടായിട്ടുള്ള ഡിക്രിയിന്മേൽ നടത്തുന്ന നടപടികൾ നിർത്തിവെയ്ക്കുന്നതിനു വേണ്ടി, എന്നാണ്. അല്ലാതെ കൃഷിചെയ്ത എന്നുള്ളതോ, അതുപോലെ ഉള്ളതോ ആയ അവകാശത്തിന്റെ സംരക്ഷണത്തിനു വേണ്ടിയല്ല. അതുകൊണ്ട് ബഹുമാനപ്പെട്ട തുറവൂർ മെംബറും, വടക്കാഞ്ചേരി മെംബറും, കുന്നംകുളം മെംബറും വാരക്കാർക്കും പാതിവാരക്കാർക്കും വേണ്ടി വളരെ അനുഭാവപൂർവ്വം ഉന്നയിച്ചിട്ടുള്ള വാദഗതികൾ മുൻപറഞ്ഞ കാരണങ്ങളാൽ സ്വീകരിക്കാൻ നിവൃത്തിയില്ലാതെ വന്നതിൽ ഖേദിക്കുന്നു.

[6 p. m.]

Shri T. K. Krishnan : I do not press my amendment, Sir.

The amendment was, by leave, withdrawn.

Mr. Deputy Speaker : Amendment No. 6, Mr. Sadasivan Pillai.

Shri M. Gopalan Nair : Sir, on a point of order. Mr. Sadasivan Pillai's amendment relates to the latter portion of the clause, that is, "shall not include varam or pathivaram." My amendments relate to clauses (*a*) and (*b*) of the explanation and also to a bit of the explanation itself. So, I might move my amendment first.

Mr. Deputy Speaker : We will consider amendment No. 6 now and later on we will see to your amendments.

Shri M. Gopalan Nair : I want to know specifically what will be my position if Mr, Sadasivan Pillai's amendment is moved and discussion is allowed. That means I will be relegated to the second place. My point is that I must get priority.

Mr. Deputy Speaker : You will be allowed, after Mr. Sadasivan Pillai's amendment is disposed of.

Shri M. Gopalan Nair : With all respect to the Speaker, I must be allowed to move my amendment before Mr. Sadasivan Pillai's amendment is taken up. I want a ruling on that.

Shri G. Chandrasekhara Pillai : The point is this. Suppose the amendment of Mr. Sadasivan Pillai is accepted, then the amendment of Mr. Gopalan Nair cannot be moved. So, if Mr. Gopalan Nair's amendment is moved and voted out, Mr. Sadasivan Pillai's amendment can be moved. If Mr. Gopalan Nair's amendment is moved and voted out, it will not prejudice the amendment of Mr. Sadasivan Pillai. On the contrary, if the amendment of Mr. Sadasivan Pillai is moved first and accepted, Mr. Gopalan Nair's amendment cannot be moved. So, Mr. Gopalan Nair's amendment may be moved first.

Mr. Deputy Speaker : Yes, Mr. Gopalan Nair may move his amendment.

Shri M. Gopalan Nair : Sir, I move amendment No. 2. In Section 2, Explanation, delete the words 'either of' occurring after the words 'by whatever name called with.'

The explanation reads thus : "Holding shall also include *kanapattom*, and any other demise of immovable property by whatever name called with either of the following incidents, namely :— (*a*) renewal on the expiry of any specified period ; or (*b*) payment of customery dues ; but shall not include *varam* or *pathivaram*." My amendment is to delete the words "either of." In the original Act, the word "holding" shall also include *kanapattom* but shall not include *varam* or *pathivaram*."

In the original Act, there was a provision that the holding shall also include *kanapattom*, but shall not include *varam* or *pathivaram*, and all the rest of it, that is, "and any other demise of immovable property by whatever name called, namely, renewal on the expiry of any specified period or payment of customery dues." But this wording, "either of," is new. So, I object to this "either of," and I want to include all the incidents.

Yesterday, when we were arguing this matter, the learned Finance Minister who is himself an eminent lawyer said that they had before them the ruling in 1952 KLT (224) which I referred in my speech. I shall read the ruling again :

"*Kanom* is primarily a demise of land for enjoyment, although it is coupled with an advance of money by the person who takes the demise. But the income from the property will generally have no proportion to the interest the *kanom* tenant has to realise for the amount advanced by him. Usually a low *pattom* will be fixed as payable to jenmi. The relationship between the jenmi and the *kannamdar* is more of the nature of landlord and tenant than that of debtor and creditor. This feature of the transaction is recognised by the payment of customery dues to the jenmi by the tenant in the form of *kalcha* etc., during *onam* and other festivals in the jenmi's family. The right of the tenant to be in possession of the property for a period of not less than 12 years is an essential feature of the transaction, and when the demise is renewed at the expiry of the term the jenmi has to be paid a renewal fee. It will thus be seen that while a *kanom* transaction has the incident of a possessory mortgage the dominant feature of the transaction is that of a lease. The question whether a particular transaction is a *kanom* or a mortgage will have to be decided on the basis of the main features of the transaction. The nomenclature of the document will not be a decisive test. *Kanapattom* mentioned in the explanation to section 2 of the Act must be *kanapattom* not coming within the purview of the Jenmi and Kudiyan Act. It will not be proper to give the word *kanapattom* as used in Act VIII of 1950, the same meaning in which it is used in the Jenmi and Kudiyan Act. The word '*Kanapattom*' is used in Act VIII of 1950 in the ordinary sense in which the term is used, *viz.*, a transaction having the features of *kanom* tenure."

So, when the learned Finance Minister stated that they had before the Select Committee this decision, and also when they made this amendment, that is, "by whatever name called, namely, a renewal on the expiry of any specified period, or payment of customery dues but shall not include varam or pathivaram," I doubted very much whether the statement is *bona fide*, whether the statement is correct, because the fundamental incidents of *kanapattom* which were defined by their Lordships the Judges of the High Court—it was a full bench decision—have been lost sight of by the Select Committee. The first thing that I want to bring

[Shri M. Gopalan Nair.]

